ഭാസ്കരമേനോൻ

൧൦൮൧



രസികരഞ്ജിനി
൧൦൮൧
ചിങ്ങം
പുസ്തകം ൩
ലക്കം ൧
പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞൎക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി

രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, തൽക്കാലം മാനേജർ പി. എസ്സ്. രാമനാഥയ്യൻ അവർകളും ആകുന്നു.

ലേഖനങ്ങളും, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങളും, അതു സംബന്ധിച്ച എഴുത്തുകളും ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങളും, കാൎയ്യസംബന്ധമായ എഴുത്തുകളും ഇവ ടി. മാനേജൎക്കും മേൽവിലാസം വെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും രസിക സംബന്ധമായ എഴുത്തുകളിലൊ ലക്കോട്ടുകളിലൊ അതാതാളുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്
രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VARMA,
13th Prince of Cochin

എറണാകുളത്ത
കോവിലകം

ങ്ങളും സ്വീകരിക്കാത്ത ലേഖനങ്ങളും തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ ഇതിനോടൊന്നിച്ച് അയതിന്നു വേണ്ടുന്ന ബ്രിട്ടീഷ് സ്റ്റേമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം

യാതൊരു ലേഖനങ്ങളും ഈ

P. SUBBAROY'S

World-renowned and most efficacious Ayurvedic medicin[e]



പി. സുബ്ബരായിയുടെ ലോകപ്രസി ദ്ധങ്ങളും ഏറ്റവും ഫലപ്രാപ്തിയുള്ളതും ആയ ആയുർവ്വേദഔഷധാലയം.



൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി

ധാതുനഷ്ടം, [illegible], [illegible], [illegible], നെഞ്ചു, കൈ, കാൽ മുതലായവയുടെ [illegible], [illegible], [illegible], [illegible] മുതലായ പലവിധ വ്യാധികൾക്കും [illegible] [illegible].

[illegible] വില [illegible] [illegible]

൨. പ്രമേഹസംഹാരിണി.

[illegible]

൩. സർവ്വജ്വരസംഹാരി.

[illegible]


൪. [illegible]

[illegible]

പി. സുബ്ബരായി, പാലക്കാട്, [illegible]

൭. ലക്ഷ്മീകാ കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എല്ലാവരും [illegible] ഉപയോഗിക്കേണ്ടിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു ഇവ [illegible].



വെറുതെ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ [illegible] പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. [illegible] ഇതിൽ ചേർത്തിട്ടില്ല. [illegible] കസ്തൂരി [illegible] ഇതിൽ ചേർത്തിട്ടുണ്ട്. [illegible]

൮. ദന്തചൂർണ്ണം.

[illegible]

൯. [illegible]

[illegible]

൧൦. ലോകപ്രസിദ്ധമായ സുഗന്ധതൈലം.

[illegible]

൧൧. [illegible]

[illegible]

പി. സുബ്ബറാവു, പാലക്കാട്ട്, [illegible]

൨൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചെരിക്കുക, മലബന്ധം, വയറുവേദന, [illegible], അജീർണ്ണം, വയറുവീർത്തുകയറുക, നിദ്രാഭംഗം മുതലായ പല രോഗങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ [illegible] തപാൽകൂലി അണ ൩ വേറെ.

൨൧. കണ്ണുബിന്ദു.

ചീക്കണ്ണു, ചെങ്കണ്ണു, ചൊറിയട്ട, ഇറപ്പിൽ മുതലായ കണ്ണുരോഗങ്ങളെ [illegible] ഭേദപ്പെടുത്തും. [illegible]. [illegible] കുപ്പി [illegible] അണ [illegible] തപാൽ ചില്ലറ മൂന്നു കുപ്പികൾക്കു ൩ അണ വേറെ.

൨൨. സുധാകരഗുളികകൾ.

[illegible] ശമിപ്പിക്കുന്നതും അജീർണ്ണം, [illegible], [illegible], [illegible], അഗ്നിമാന്ദ്യം, [illegible] മുതലായ പല രോഗങ്ങളെയും ശമിപ്പിക്കും. [illegible] ഡപ്പി ഒന്നിനു [illegible] അണ. തപാൽ ചില്ലറ [illegible] ഡപ്പികൾക്കു ൩ അണ വേറെ.

൨൩. [illegible]ബിന്ദു.

[illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible] മുതലായ [illegible] രോഗങ്ങളെ ഭേദപ്പെടുത്തും. [illegible] ഡപ്പി ഒന്നിനു [illegible] അണ. തപാൽ ചില്ലറ മൂന്നു കുപ്പികൾക്കു ൩ അണ വേറെ.

൨൪. [illegible].

[illegible] ഉണ്ടാകുന്ന [illegible]. [illegible] ഡപ്പി ഒന്നിനു [illegible] അണ. തപാൽ ചില്ലറ ൩ [illegible] ഡപ്പികൾക്കു ൩ അണ വേറെ.

൨൫. [illegible].

[illegible] ഉണ്ടാകുന്ന [illegible]. [illegible] ചില്ലറ [illegible], [illegible] അറിയിക്കണം.

പി. സുബ്ബരായർ, പാലക്കാട്ടു, തെക്കെ മലബാർ ജില്ല.

൧൬. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു തന്നെ ഇതു ഒഴിച്ചാൽ ഉടനടി ആശ്വാസമുണ്ടാകും. ഒരു കുടുംബത്തിലെങ്കിലും ഇതു മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത്. വില കുപ്പി ൧ ക്കു ൨ ക. ൪ ണ. ൧൨. കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവർക്കു ഡസൻ ൧ ക്കു ൨. ക ൮ ണ മുതൽ വിലയിൽ കൊടുക്കുന്നതാണ്. വില കൂടാതെ വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇന്ത്യയിലും ബർമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ൫ ണ.

൧൭. വ്രണവിരോപണ തൈലം.

ഇതു കഴച്ചു പിണഞ്ഞുണ്ടായ മുതലായ എല്ലാ വിധ വ്രണങ്ങൾക്കും ഫലപ്രദ മായതാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശേഷിപ്പിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൧ ണ മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

൧൮. കണ്ഠശുദ്ധിഗുളിക.

ഇതു [illegible] [illegible] [illegible] അതിവിശേഷമായ [illegible]. [illegible] സംഗീതക്കാർക്കും, [illegible], [illegible], [illegible] [illegible] [illegible] ഇതു [illegible]. വില ൧ ണ വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൧൯. സ്നാനചൂർണ്ണം.

ഇതു [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible]. വില ൧ ണ വി. പി. കമ്മീഷൻ ൩ ണ.

൨൦. സഞ്ജീവഗുളിക.

[illegible] [illegible], [illegible], [illegible], [illegible], [illegible] [illegible], [illegible] [illegible] [illegible] മുതലായി എല്ലാ [illegible] [illegible] [illegible] [illegible] [illegible]. ഇതു [illegible] [illegible] [illegible]. വില ൧ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

---

൨൧. ഒന്നാംതരം ഗോരോചനാ ഗുളിക

എല്ലാവിധ പനികൾക്കും ഒരു സംബന്ധമായി പ്ലീഹ, കരൾ ഇവകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, [illegible], ഉറക്കമില്ലായ്മ, [illegible] മുതലായ എല്ലാ ഉപദ്രവങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൫ ണ. വി. പി. കമ്മീഷൻ ൩ കുപ്പിയ്ക്ക ൫ ണ.

൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ചോരപ്പൻ, ചൂട്, പുഴുക്കടി, [illegible], [illegible] മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൫ ണ.

ഒന്നാംതരം ഗോരോചനം തോല ൧-ക്ക വില ൫ ക. രണ്ടാംതരം കുങ്കുമകേസരി തോല ൧-ക്ക വില ൧ ക. രണ്ടാംതരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം [illegible] അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മറിക്കൊളുന്ത്, ജാതിമല്ലി, സുഗന്ധം, ഹിന, [illegible], അത്തർ മുതലായതുകളും എപ്പോഴും തയ്യാറുണ്ട്. ഇവ [illegible] ആവശ്യത്തിന്ന് [illegible].

	ക.	ണ.	പ.
ഒന്നാംതരം ഗോരോചനാ ഗുളിക ൧൦൦-ക്ക	൫	൦	൦
ടി രണ്ടാംതരം ടി ൧-ക്ക	൧	൦	൦
ടി പച്ചക്കർപ്പൂരം ടി ൧-ക്ക	൧	൦	൪

൨൩. രക്ഷാമൃതം.

ഇത ഒരു [illegible] സസ്യത്തിൽനിന്ന ഉണ്ടാക്കപ്പെടുന്ന [illegible] കൊണ്ടാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ട ഒരു [illegible] ആണ്. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ ഒന്നും ഇല്ല. [illegible] പ്രകാരം [illegible] ഇത ഒരു ദിവ്യ ഔഷധമാണ. ഇത [illegible] [illegible], [illegible], ക്ഷയം, ചുമ, [illegible], പനി, [illegible] മുതലായ രോഗങ്ങൾ മാറുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ [illegible] [illegible], [illegible] മുതലായ രോഗങ്ങളെ തീരെ [illegible] [illegible] ചെയ്യും. ഇത [illegible], [illegible], [illegible] എല്ലാ ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

[illegible] വി. പി. [illegible].

[illegible] ഇംഗ്ലീഷിലും [illegible] [illegible].

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

പള്ളിക്കൂടം മലയാളം ഇൻസ്പെക്ടർ എം. രാമവർമ്മ എം. എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നുക്കു വില അണ ൪

കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ൧-ക്കു വില അണ ൧ പൈ ൬

സാവിത്രി—

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാപുസ്തകം ൧-ക്കു വില അണ ൩.

മാധവനിദാനം—

സർക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സാരചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠം [illegible] മുഴുവൻ—

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ടു, (പദാർത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കീർത്തികേസരി—

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ ൧-ാമതായി പരിശോധിക്കപ്പെട്ടതുമായ, ൧-ാം ൨-ാം ഭാഗം അടങ്ങിയ പുസ്തകം ഒന്നുക്കു വില അണ ൧൪

മനോരമ—

[illegible] ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പഴഞ്ചൊല്ലു—

കി. രാമൻ ഉണ്ടാക്കപ്പെട്ടതു, പുസ്തകം ഒന്നുക്കു വില അണ ൨

ഉച്ഛിശിഫൽഗുനം—

കോതമംഗലം കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടതു സംഗീതരൂപം [illegible] വില അണ ൨ പൈ ൬

ബാലരാജൻ കഥ—

ടി. കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ ൨

[illegible]—

[illegible] എഴുതിയ ഒരു കഥ ഒന്നുക്കു അണ ൨. [illegible]

ഭദ്രമുനി—

മിസ്റ്റർ വി ... എഴുതിയ ഒരു പുതിയ കഥ ... അണ ൩.

ലീലാവതി—

മിസ്റ്റർ ലക്ഷ്മണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൩ ...

കൈവല്യശതകം—

മിസ്റ്റർ പത്മനാഭപിള്ള എഴുതിയത [illegible] അണ [illegible].

സന്താനവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ [illegible] വില അണ [illegible].

ശങ്കരകൃതി—

അം. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ബാല്യസമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേൎത്ത സംഗീതമായും തുള്ളൽകഥയായും അച്ചടിപ്പിച്ചിട്ടുള്ളത പുസ്തകം [illegible] അണ.

മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിക്കറ്റീവ് നോവൽ വില അണ ൨.

ദശാവതാരത്രയചരിതം—

സൌഭാഗ്യവതി ഇത്തിക്കാട്ട ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പുസ്തകം വില അണ ഒന്നര.

അദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യത്തിന്ന ഓരോ കാണ്ഡങ്ങളും പ്രത്യേകമായി അച്ചടിപ്പിച്ചുവരുന്ന ഇതിൽ പറഞ്ഞുകൂടെ വിവരണമായ അൎത്ഥം ഒരോ ശ്ലോകങ്ങളുടേയും സാരം ഇവകളും അടങ്ങിയിരിക്കും പുസ്തകം എല്ലാ കാണ്ഡങ്ങളും ഒന്നായും ബയന്റ ചെയ്യുവിപ്പെട്ടു.

മയൂരസന്ദേശം മണിപ്രവാളം—

കേരളവൎമ്മ സി. എസ്സ്. ഐ. എഫ. എം. യു. എം. ആർ. ഏ. എസ്സ്. എഫ. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതും എം. ആർ. രാജരാജവൎമ്മ എം. ഏ. എം. ആർ. ഏ. എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൽപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയൎന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന [illegible] ണ യും താണതരത്തിലുള്ളതിന്ന [illegible] യും വിലയാകുന്നു.

ദാക്ഷായിണി—

കോമത്തു കുഞ്ഞപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ [illegible]

കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളക്കഥ—

മലയാളം മഹാരാജാസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി. ഏ. അവർ

...ളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നുക്കു വില [illegible]

അ[illegible]ദേശം —

വി. കെ. കേരളവർമ്മൻ അവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളശ്ലോക പുസ്തകം ഒന്നുക്കു വില അണ ഒന്നു,

കാന്താപദേശം —

തിരുവിതാംകൂർ വിദ്വാൻ [illegible] അവർകളാൽ എഴുതപ്പെട്ടതു വില ൧ പൈ

മനുസ്മൃതി —

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ബാലപ്രകാശിക' എന്ന വ്യാഖ്യാനത്തോടു കൂടി എഴുതപ്പെട്ട പുസ്തകം ഒന്നുക്കു വില രൂപ ൧ അണ ൮

വിക്രമാദിത്യൻകഥ —

ടി യാളാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു വില ൧൦ അണ

മദനകാമരാജൻകഥ —

ടി യാളാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടതു വില ൧ ണ ടി. [illegible] പുസ്തകം ൧൦൦ക്കു വില ൮ ണ

കഥാസരിത്സാഗരം —

ടി യാളാൽ എഴുതപ്പെട്ട പുസ്തകം ൧൦൦ക്കു വില അണ ൩

സതാരാ —

ടി യാളാൽ എഴുതപ്പെട്ട പുസ്തകം ൧൦൦ക്കു വില അണ ൨ പൈ ൬

[illegible]ഭൂതകവിതകൾ —

പി. ജി. ലക്ഷ്മണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ ണ

[illegible]ലാസ്ഥലമാഹാത്മ്യം —

കണ്ണമ്പള്ളിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടതു വില ൩ ണ

സ്ത്രീകളെ പററിയ അപകടങ്ങൾ —

വില അണ ൨ പൈ ൬

[illegible]ലോകവിനോദകഥകൾ —

കണിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടതു ൧൦൦ക്കു അണ ൪ പൈ ൬

[illegible] —

കെ. ചിദംബരവാധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു [illegible] കഥ ൧൦൦ക്കു വില അണ ൪

[illegible] ഡയറി —

[illegible] ഒന്നുക്കു വില അണ ൪

മറവു പല പുസ്തകങ്ങളും ഇവിടെ വില്പാൻ ഉണ്ടാകും. [illegible] പുറമെ എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിയേണ്ടതിനു പുസ്തകവിവരം [illegible] ആവശ്യപ്പെടുന്നവർക്കു [illegible] അയച്ചു കൊടുക്കും.

എസ്. റി. റെഡ്ഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ.

സംഗതിവിവരം.

വി-ംവിൻസാമിന് അച്ചുകൂടം

പ്രത്യേകപരസ്യം.

കഴിഞ്ഞകൊല്ലം മിഥുനം കർക്കിടകം ഈ മാസങ്ങളിലായി പ്രസിദ്ധം ചെയ്ത പ്രത്യേക പരസ്യപ്രകാരമുള്ള കുറിയിൽ ചേരുന്നതിന്ന് അർഹന്മാരാകണമെങ്കിൽ കഴിഞ്ഞ കർക്കിടകം ൩൧-ാംനു-ക്കു മുമ്പു ബാക്കിയോടുകൂടി ഇക്കൊല്ലത്തെ വരിസംഖ്യ മുൻകൂറായി അടക്കണമെന്നായിരുന്നുവല്ലൊ ഞങ്ങളുടെ നിശ്ചയം. ഈ നിശ്ചയപ്രകാരമുള്ള അവധി കുറെ നീട്ടിവെച്ചാൽ കൊള്ളാമെന്നു വരിക്കാരിൽ പലരും ആവശ്യപ്പെട്ടിരിക്കുന്നു.

ആയതുകൊണ്ട് വരുന്ന കന്നിപതിനഞ്ചാംനു-ക്കു മുമ്പ് വരിക്കാർ അതാതു സംഖ്യകൾ ആപ്പീസിൽ എത്തിച്ചു തരികയൊ അല്ലാത്തപക്ഷം വരിക്കാരുടെ സൌകര്യത്തിന്നു വേണ്ടി ഞങ്ങൾ കന്നിയിലെ ലക്കം വി. പി യായി അയക്കണമെങ്കിൽ അപ്രകാരം ചെയ്വാൻ അനുവദിച്ച് ൧൦-ാംനു-ക്കു മുമ്പായി ഞങ്ങൾക്കു എഴുതി അയക്കുകയൊ ചെയ്താൽ മതിയെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. നറുക്ക് തുലാമാസത്തിലെ ആദ്യത്തെ ഞായറാഴ്ച എടുക്കുന്നതും അതിന്റെ വിവരം ആ മാസത്തിലെ രസികരഞ്ജിനിയിൽ പ്രസിദ്ധം ചെയ്യുന്നതും ആകുന്നു.

ര. ര. മാനേജർ

രസികരഞ്ജിനി

൧൦൭൮

പുസ്തകം ൧. ചിങ്ങമാസം ലക്കം ൧.

മംഗളം.

[illegible]
[illegible]
[illegible]
[illegible]

വെണ്മണി മഹൻ നമ്പൂരിപ്പാട്.

പ്രസ്താവന



കാലത്തിൻെറ ഗതിവേഗത്തെക്കുറിച്ചു വ്യസനിക്കാത്തവർ നരലോകത്തിലുണ്ടെങ്കിൽ അത് എത്രയോ ദുർല്ലഭം. എന്നാൽ കാലദുർവ്യയം ചെയ്യാതെകണ്ട് വല്ലവരും ഉണ്ടെങ്കിൽ അതും അത്രമാത്രം അപൂർവമാകുന്നു. അതുപോലെതന്നെ പരിമിതമായ പുരുഷായുസ്സു കാലചക്രംകൊണ്ടു കടഞ്ഞുകളയുമ്പോളുണ്ടാവുന്ന മനോവേദന ദിവസത്തിൽ ഒരു തവണയെങ്കിലും അനുഭവിക്കാത്തവരുണ്ടെങ്കിൽ അവർ മനുഷ്യവർഗ്ഗത്തിൽ ഉൾ

കപ്പെട്ടവരായിരിക്കയില്ല. എന്നാൽ ഉദിച്ച സൂൎയ്യൻ അസ്തമിക്കേണ്ടെന്നും അസ്തമിച്ച സൂൎയ്യൻ ഉദിക്കേണ്ടെന്നും വിചാരിക്കുന്നവരേയൊന്നാളും കാണുന്നില്ല. ഇങ്ങിനെ പരസ്പരവിരുദ്ധങ്ങളായ വികാരഭേദങ്ങൾ ജനസാമാന്യത്തിൽ പരക്കുവാൻ തക്കതായ കാരണവും ഇല്ലെന്നു പറഞ്ഞുകൂട. ത്രികാലമദ്ധ്യത്തിൽ ഇരുന്നുകൊണ്ട് ഇരുപുറവും തിരിഞ്ഞുനോക്കുന്ന ഒരുവൻ കഴിഞ്ഞകാലം നന്നായിട്ടും ഉള്ള കാലം അതിന്നു വിപരീതമായിട്ടും വരുവാൻ പോകുന്നത് സംശയഗ്രസ്തമായിട്ടും കാണുമ്പോൾ അവന്നു ഭൂതകാലത്തിൽ പ്രേമവും വൎത്തമാനകാലത്തിൽ വിരക്തിയും ഭാവിയിൽ ഉൽകണ്ഠയും ഒരേസമയത്തു തോന്നുന്നതിൽ അത്ഭുതമില്ല. ആശാഭംഗം കാലത്തിന്റെ ശീഘ്രഗതിയേയും ആശാബന്ധം അതിന്റെ മന്ദഗതിയേയുമാണ് ഓൎമ്മപ്പെടുത്തുന്നത്. ഉദ്ദിഷ്ടകാലത്തിനിടക്കു വിചാരിച്ചതു മുഴുവൻ സാധിക്കുവാൻ കഴിയാഞ്ഞതുകൊണ്ടു കഴിഞ്ഞകാലം ദീൎഘിക്കാതെയായിരുന്നുവെന്നും വിചാരിക്കുന്നതുമുഴുവനും സാധിച്ചുകാണുവാനുള്ള തിടുക്കംകൊണ്ടു ദൂരത്തിൽ മങ്ങികിടക്കുന്ന കാലം വേഗത്തിൽ സമീപിച്ചാൽകൊള്ളാമെന്നും തോന്നുന്നതു ലോകസ്വഭാവമാണല്ലോ. ഈ വസ്തുത നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളവൎക്കു രഞ്ജിനീഭാഗ്യൈഷികളുടെ താൽക്കാലികമായ ഉൽക്കണ്ഠാഭരത്തെ മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ളതല്ല.

രഞ്ജിനിയുടെ വളൎച്ചയുടെയോ തളൎച്ചയുടെയോ സാമാന്യസ്വരൂപത്തെ വൎണ്ണിക്കുന്നതിന്നു മുമ്പ് രഞ്ജിനിയുടെ ഈ നാലാമത്തെ ജന്മമാസാവസരത്തിൽ അതിന്റെ ആവിൎഭാവംമുതൽ സ്നേഹബുദ്ധിയോടുകൂടി ലേഖനപരമ്പരകൊണ്ടും മററു പലവിധത്തിലും അതിനെ നിരന്തരമായി സഹായിച്ചിട്ടുള്ളവരോടു ഞങ്ങളുടെ സൌഹാൎദ്ദബദ്ധമായ കൃതജ്ഞതയുടെ സ്വല്പസൂചകമായ വന്ദനം പറഞ്ഞുകൊള്ളുന്നു. അവരുടെ പേരുവിളിച്ചുപറഞ്ഞു പ്രത്യേകം അഭിനന്ദിക്കുവാനാണ് മനസ്സുവരുന്നത്, എങ്കിലും അതിപരിചയമുള്ള ദിക്കിൽ അല്പലൌകികംപോലും അലൌകികമായി കലാശിച്ചേക്കുമോ എന്ന ഭയത്താൽ ആയതിന്നു ഞങ്ങൾ ഉ

നിയുന്നില്ല. രഞ്ജിനിയുടെ ഇതേവരെയുള്ള സംഗതിവിവരപ്പട്ടിക പരിശോധിച്ച് ആ സഹൃദയന്മാരുടെ ഊരും പേരും പ്രയത്നവും അറിഞ്ഞു സന്തോഷിക്കുന്നവർ ഞങ്ങൾക്കൊരു പ്രത്യേകഉപകാരം ചെയ്യുവരായി നന്ദിപൂർവ്വം ഗണിക്കപ്പെടുന്നതാണ്.

പരഭാഷയിൽ പ്രതിപത്തിയുള്ളവർക്ക് സ്വഭാഷയിൽ വിരക്തി വേണമെന്നില്ലെന്നൊരു നിയമം സർവ്വകലാശാലയിൽനിന്നു പുറപ്പെടുകയും, പത്രപ്രവർത്തകന്മാർക്ക് അവരുടെ നിരന്തരസാഹസംകൊണ്ടും നിഷ്പക്ഷവൃത്തികൊണ്ടും പത്രങ്ങളുടെ ആനുഗുണ്യംകൊണ്ടും പത്രബന്ധുക്കളിൽ സ്ഥിരമായ വിശ്വാസം ജനിപ്പിക്കുവാൻ സാധിക്കുകയും ചെയ്യുന്നതുവരെ പത്രാധിപന്മാർക്കു മറ്റാർക്കും ചില, അഥവാ പല, കഷ്ടനഷ്ടങ്ങളും സംഭവിച്ചേക്കാം. ഈ സർവ്വാണിസ്സങ്കടത്തിൽ രഞ്ജിനിയുടെ ഓഹരി രഞ്ജിനിക്കു കിട്ടീട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു പ്രത്യേകിച്ചൊന്നും പറവാനില്ല. അതിനെ ഞങ്ങൾ വകവെക്കുന്നതുമില്ല. പത്രകളത്തിൽ കടന്നു കളിക്കുവാൻ കച്ചകെട്ടി പുറപ്പെടുന്നവർ തട്ടേണ്ടവയായ വൈഷമ്യങ്ങൾ കാണാതെപോയാൽ അതുകൊണ്ടു വരുന്ന ദോഷങ്ങൾക്കു മറ്റുള്ളവരെ കുററം പറഞ്ഞിട്ടു കാര്യമില്ല. മർമ്മംകണ്ടു കൊട്ടുവാൻ ശ്രമിക്കുന്നവർ മർമ്മംനോക്കി തട്ടുവാനും പഠിച്ചിരിക്കണം. അനുഭവമില്ലാത്തതുകൊണ്ടു വരുന്ന പരാജയം ഭാഗ്യക്കുറവല്ല, യോഗ്യക്കുറവാണ്. എന്നാൽ ചോതിക്കാരം പിടിക്കേണ്ടവർ പക്ഷം പിടിക്കുകയും ചേരിയിൽ ചേർന്നവർക്ക് ചാഞ്ചല്യം തുടങ്ങുകയും ചെയ്യുമ്പോൾ ആലോചിക്കുവാനുള്ള കാലമായി. ഈ ഘട്ടം രഞ്ജിനിക്കു വന്നുകൂടുക കഴിഞ്ഞിട്ടില്ലെങ്കിലും മാന്യലേഖകന്മാരുടെ സംഖ്യ കറുത്തപക്ഷത്തിലെ ചന്ദ്രനെ അനുകരിച്ചു കാണുന്നതു ശോചനീയംതന്നെ. ഇക്കാര്യത്തിൽ രണ്ടാംകൊല്ലത്തിലെ പ്രായം മൂന്നാംകൊല്ലത്തിൽ രഞ്ജിനിക്കു ചെന്നിട്ടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. എങ്കിലും ലേഖനങ്ങളുടെ ശരാശരിഗുണത്തെ പററി അനുകൂലങ്ങളായ പത്രാഭിപ്രായങ്ങളും അനുമോദനക്കുറികളും ഇതിനൊരു സമാധാനമായിട്ടാണ് ഞങ്ങൾ കരുതുന്നത്.

അടുത്തു കഴിഞ്ഞ കാലത്തിൽ രഞ്ജിനിക്കുണ്ടായിട്ടുള്ള വലുതായൊരാപത്ത് രഞ്ജിനിമൂലംതന്നെ വായനക്കാർ അറിവാൻ എടയായിട്ടുണ്ട്. എങ്കിലും ഈ സന്ദർഭത്തിൽ അതിനെ വീണ്ടും എടുത്തു പറയുന്നതു ഞങ്ങളുടെ കർത്തവ്യകർമ്മങ്ങളിൽ ഒന്നാണ്. 1077-ാമാണ്ട് കുംഭമാസം 14-ാംനു-യാണ് രഞ്ജിനി ഇറങ്ങുവാനുള്ള ആലോചന തുടങ്ങിയത്. അന്നുമുതൽ മരിക്കുന്നതുവരെ മനസ്സുകൊണ്ടും വചസ്സുകൊണ്ടും പ്രവൃത്തികൊണ്ടും രഞ്ജിനിയെ സർവ്വദാ സഹായിച്ചിട്ടുള്ള ഒരാളെ എങ്ങിനെയാണ് ഈ അവസരത്തിൽ ഓർക്കാതിരിക്കുന്നത്? എങ്ങിനെയാണ് അദ്ദേഹത്തിനെക്കുറിച്ചു രണ്ടക്ഷരം പറയാതിരിക്കുന്നത്? അദ്ദേഹം രഞ്ജിനിക്കുവേണ്ടി കഷ്ടപ്പെട്ടിട്ടുള്ളത് എത്രയെന്നും അദ്ദേഹത്തിനെക്കൊണ്ടു രഞ്ജിനിക്കുണ്ടായിട്ടുള്ള ഗുണം എത്രമാത്രമെന്നും അറിഞ്ഞവരോ അറിഞ്ഞുകൂടു. അദ്ദേഹത്തിൻെറ വേർപാടുനിമിത്തം രഞ്ജിനിക്കു വന്നിട്ടുള്ള നഷ്ടം അപരിഹാര്യമെന്നു തോന്നുന്നത് അദ്ദേഹത്തിൻെറ പേരിൽ ഞങ്ങൾക്കുള്ള പ്രത്യേകസ്നേഹശക്തികൊണ്ടുമാത്രമാണെന്ന് അറിഞ്ഞവരാരും പറയുന്നതല്ല.

എന്തുതന്നെ കഷ്ടാരിഷ്ടങ്ങളും ഇച്ഛാഭംഗങ്ങളും ഞങ്ങൾ അനുഭവിച്ചിട്ടുണ്ടായാലും ഇതുവരെ പത്രസുഹൃത്തുകൾ ഞങ്ങളുടെ പേരിൽ കാണിച്ചിട്ടുള്ള പ്രേമമാവും ആയതിനൊക്കെ പരിഹാരവും ഞങ്ങളുടെ പ്രയത്നങ്ങൾക്കു തക്കതായ പ്രതിഫലവും ആകുന്നു. ഈ ബന്ധം മേലിലും നിലനില്ക്കുന്നതായാൽ രഞ്ജിനിയുടെ ഭാവിശ്രേയസ്സു വർദ്ധിച്ചുവരുമെന്നു തന്നെയാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം. രഞ്ജിനിയുടെ നിരന്തരാഭിവൃദ്ധിക്കും സ്ഥിരപ്രചാരത്തിനുംവേണ്ടി വെട്ടിത്തുടങ്ങിയിട്ടുള്ള പരിഷ്കാരങ്ങളും ഇടച്ചു ഷായി തെളിയിച്ചുവരണമെന്നുതന്നെയാണ് ഞങ്ങളുടെ വിചാരവും.

രണ്ടുവാക്കുകൂടി ഞങ്ങൾക്കു പറവാനുണ്ട്. പതിവുപോലെ പതിനാലാംതിയ്യതിയോടുകൂടി രഞ്ജിനി പ്രസിദ്ധീകരിക്കുന്നതിനാൽ വരിക്കാരുടെ കാര്യനിർവ്വഹണത്തിനു ചില വിഘ്നങ്ങളും അ

സൌകൎയ്യങ്ങളും വരുവാൻ വഴിയുണ്ടെന്നു കണ്ടിട്ടാണ് ഇത്തവണ കുറച്ചുകാലം തെറ്റി പ്രസിദ്ധം ചെയ്യുവാൻ ഇടയായിട്ടുള്ളത്. ഇക്കാരണത്താൽ വായനക്കാരുടെ ക്ഷമയെ ഞങ്ങൾ ഭേദിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് ക്ഷന്തവ്യമാണല്ലൊ.

മുഖസ്തുതി ഭംഗിപറയുകയോ ഹിതംപിടിച്ചു പത്ഥ്യം വിടുകയോ ചെയ്യാതെ രഞ്ജിനിയുടെ ക്ഷേമകാംക്ഷികൾ അവരുടെ സദുപദേശങ്ങളെക്കൊണ്ടു രഞ്ജിനിയെ സന്മാൎഗ്ഗത്തിൽക്കൂടി നയിക്കുവാൻ കാലാനുസരണം വേണ്ട സഹായങ്ങൾ ഞങ്ങൾക്കു ചെയ്തുതരുമെന്നും വിശ്വസിച്ചുകൊണ്ട് അല്പം ദീൎഘിച്ചുപോയ ഈ പ്രസ്താവനയെ അവസാനിപ്പിക്കുന്നു.

സ്വയംപ്രകാശമുള്ള

ചില ജന്തുക്കൾ.



രാത്രികാലങ്ങളിൽ ചിലപ്പോൾ വൃക്ഷങ്ങളുടേയും മറ്റും നിഴൽനിമിത്തം ഇരുട്ടു കെട്ടിക്കിടക്കുന്ന ഇടവഴികളിൽക്കൂടി സഞ്ചരിക്കുമ്പോൾ ഓരോ ചെറിയ ദീപങ്ങൾ വഹിച്ചു നാലുപുറവും പറന്നുനടന്നുംകൊണ്ടു നമുക്കു വഴി കാണിച്ചുതരികയും, അവിടവിടെ തലപൊക്കി നില്ക്കുന്ന പുല്ക്കൊടികളുടേയും മറ്റും അഗ്രഭാഗങ്ങളിൽ പറ്റിപ്പിടിച്ചുനിന്നുംകൊണ്ടു ചില മുനിസിപ്പാലിറ്റികളുടെ സ്ഥൂലദീപങ്ങൾപോലെ ജ്വലിക്കുകയും, വേലിയരികിൽ നില്ക്കുന്ന ഇല്ലിപ്പട്ടിലുകളെ അനാവധി നക്ഷത്രമാലകൾകൊണ്ടലങ്കരിക്കുകയും ചെയ്യുന്ന മിന്നാമിനുങ്ങാണല്ലൊ ഈ ലേഖനത്തിന്റെ തലവാചകം വായിച്ചാൽ മുമ്പിൽ നമ്മുടെ ഓൎമ്മയിൽ വരുന്നത്. വീടുകളുടെ ചുമരുകളിലും ഉത്തരങ്ങളിലും ചിലപ്പോൾ നനഞ്ഞ തീപ്പെട്ടിക്കോലുരച്ചപോലെ

ഇത്രടത്ത് അരിച്ചുനടക്കുന്ന 'തൊട്ടാലൊട്ടി' എന്നു പറയുന്ന ചെവിപ്പാമ്പിനേയും സാമാന്യം വായനക്കാർ ഓർമ്മിക്കാതിരിക്കയില്ല. ഈ രണ്ടുവക ജന്തുക്കൾക്കും പുറമെ സ്വയംപ്രകാശമുള്ള വേറെ ഒരുതരം ജന്തുക്കളേക്കൂടി വളരെ പേർ കണ്ടിരിക്കും. പക്ഷെ അവരിൽ നൂറിൽ തൊണ്ണൂറ്റൊമ്പതുപേരും ആ ജന്തുക്കളുടെ പ്രകാശം മാത്രം കണ്ടിട്ടുള്ളതല്ലാതെ ആ ജന്തുക്കളെ കാണുകയോ ആ പ്രകാശത്തിനുള്ള കാരണം ചില ജന്തുക്കളാണെന്നെങ്കിലും ധരിച്ചിരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. രാത്രി കായലിൽ വഞ്ചി വലിച്ചുപോകുമ്പോൾ പങ്കായംകൊണ്ടു വെള്ളം ഇളകിമറിയുന്ന ഭാഗങ്ങളിൽ നക്ഷത്രങ്ങളെ നല്ലവണ്ണം പൊടിച്ചു കലക്കിയപോലെ സാധാരണ കാണുന്ന പ്രകാശത്തിനു കാരണമായ നാക്റ്റിലൂക്ക (Notiluca) എന്നു പേർപറയുന്ന ഒരുതരം അണുപ്രായങ്ങളായ ജലജന്തുക്കളെപ്പററിയാണ് ഒടുവിൽ പ്രസ്താവിച്ചത്. രാത്രികാലത്തു പ്രകാശമുള്ള കായൽവെള്ളം അല്പം എടുത്ത് ഏകദേശം അറുനൂറിരട്ടി വലുതാക്കി കാണിക്കുന്ന ഒരു ഭൂതക്കണ്ണാടിയിൽകൂടി നോക്കിയാൽ വേവിച്ച ഒരു മണി സാഗോഅരിയുടെ വലിപ്പത്തിലും ആകൃതിയിലും ഉള്ള അനേകായിരം ജന്തുക്കൾ ഓരോ ചെറിയ വാലിന്റെ സഹായത്തോടുകൂടി തവളക്കുഞ്ഞുങ്ങളെപ്പോലെ അങ്ങുമിങ്ങും പിടച്ചു നീന്തിനടക്കുന്നതായി കാണാകുന്നതാകുന്നു. ഇവ നാക്റ്റിലൂക്ക എന്നു പറഞ്ഞ ജന്തുക്കൾ ആകുന്നു. മേൽപ്രസ്താവിച്ച ജന്തുക്കളേക്കൂടാതെ കരയിലും കടലിലും പാർക്കുന്നവയായി മത്സ്യം, കക്ക, കാഞ്ഞിരപ്പൊത്ത്, ഞണ്ട്, പുഴു മുതലായ വർഗ്ഗങ്ങളിൽപ്പെടുന്ന അനേകതരം സ്വയംപ്രകാശമുള്ള ജന്തുക്കളുണ്ട്. ഈ ജന്തുക്കളുടെ വെളിച്ചം പുറപ്പെടുവിക്കുന്ന അവയവങ്ങൾക്കും, വെളിച്ചങ്ങളുടെ ശക്തിക്കും, വർണ്ണങ്ങൾക്കും, മററും തമ്മിൽതമ്മിൽ വളരെ വ്യത്യാസങ്ങൾ ഉണ്ട്. നാക്റ്റിലൂക്ക, കാഞ്ഞിരപ്പൊത്ത്, എന്നീജന്തുക്കൾക്കു വെളിച്ചം പുറപ്പെടുവിക്കുവാൻ പ്രത്യേക അവയവങ്ങൾ ഇല്ല. അവയുടെ പ്രകാശം അവയുടെ ശരീരത്തിന്റെ പുറമെയുള്ള എല്ലാഭാഗങ്ങളിൽനിന്നും ഒരുപോലെ പുറപ്പെടുന്നു.

എന്നാൽ കാഞ്ഞിരപ്പൊള്ളുവർഗ്ഗത്തിൽതന്നെ പെടുന്ന വേറെ ഒരു തരം ജന്തുക്കൾക്കു ശരീരത്തിന്റെ മററു ഭാഗങ്ങളെക്കാൾ അധികം പ്രകാശിക്കുന്നതായ ചില പ്രത്യേക അവയവങ്ങളുള്ളതായും കാണുന്നുണ്ട്. സമുദ്രത്തിന്റെ അടിയിൽ പാറകളിലും മററും പററിപ്പിടിച്ചു തൂവലിന്റെ ആകൃതിയിലുള്ള അനേകബാഹുക്കളെ ശാഖോപശാഖകളായി നീട്ടി സമീപത്തുകൂടി സഞ്ചരിക്കുന്ന വല്ല ചെറുപ്രാണികളെയും പിടിച്ചു ഭക്ഷിച്ചുകൊണ്ടു ചെടികളുടെ സമ്പ്രദായത്തിൽ വളരുന്ന "കടൽതൂവൽ" (Sea-Pen) എന്ന ഒരു ജലജന്തുവിശേഷത്തിന്റെ പ്രകാശം അതിന്റെ ശാഖോപശാഖകളിൽ വെള്ളിക്കെട്ടൻപാമ്പിന്റെ കെട്ടുകൾപോലെ പത്തിപത്തിയായി കാണാവുന്നതാണ്. നമ്മുടെ മിന്നാമിനുങ്ങുകളുടെ വെളിച്ചം അവയുടെ അടിവയററിൽ ഇടത്തും വലത്തും ഉള്ള രണ്ടു പ്രത്യേക അവയവങ്ങളിൽനിന്നാണ് ഉണ്ടാകുന്നത് എന്ന് അതിനെ പിടിച്ചു നോക്കീട്ടുള്ളവർ അറിഞ്ഞിരിക്കും. എന്നാൽ അമേരിക്കയിൽ മെക്സിക്കോ എന്ന ദിക്കിലെ ഒരുതരം മിന്നാമിനുങ്ങുകൾക്കു മേൽപ്രകാരം നാലു് അവയവങ്ങൾ ഉണ്ടത്രെ. ആ മിന്നാമിനുങ്ങുകൾക്കു നമ്മുടെ മിന്നാമിനുങ്ങുകളെക്കാൾ ഇരട്ടി പ്രകാശവുമുണ്ട്. അതുകൊണ്ട് അമേരിക്കയിൽ ചില പ്രദേശങ്ങളിലെ ദരിദ്രന്മാർ രാത്രി വെളിച്ചത്തിനു മിന്നാമിനുങ്ങുകളെ പിടിച്ചു കുപ്പികളിലിട്ടടച്ചു വിളക്കിനു പകരം ഉപയോഗിക്കുന്നുണ്ട്. കക്കുവാൻവേണ്ടി വല്ല ഗൃഹത്തിന്റെയും മുറികളിൽ കടന്നതിന്റെശേഷം ആ മുറിയുടെ സ്വഭാവവും അതിലുള്ള സാമാനങ്ങളുടെ വിവരവും അറിവാൻവേണ്ടി ചില കള്ളന്മാർ മിന്നാമിനുങ്ങുകളെ പിടിച്ചു ശേഖരിച്ചുകൊണ്ടുപോയി പറക്കുവാൻ വിടാറുണ്ടെന്നും മററും ചില കഥകൾ വളരെ ആളുകൾ കേട്ടിട്ടുണ്ടായിരിക്കണം. യൂറോപ്പിലുള്ള വേറൊരുതരം മിന്നാമിനുങ്ങിന്ന് അതിന്റെ മുഖത്തിൽനിന്നു കീഴ്പോട്ടു ഒരു തുമ്പിക്കൈപോലെ തൂങ്ങിനില്ക്കുന്ന ഒരു അവയവത്തിന്റെ അററത്താണ് വെളിച്ചം. ആ പ്രാണി പറക്കുന്നതു കണ്ടാൽ ഒരു റാന്തൽ വിളക്കു തൂക്കിപ്പി

ടിച്ചു പറക്കുകയാണെന്നു തോന്നും. അതുനിമിത്തം അതിന്നു 'റാന്തലീച്ച' (Lantern-fly) എന്ന് ആ പ്രദേശത്തുകാർ പേർ പറയുന്നു. ഈ ദിക്കിലുള്ള മിന്നാമിനുങ്ങുകളുടെ വെളിച്ചം ഒരു പച്ചവൎണ്ണമാണല്ലോ. എന്നാൽ ഇററാലിരാജ്യത്തു കാണുന്ന ഒരുതരം മിന്നാമിനുങ്ങുകളുടെ വെളിച്ചം നീലവൎണ്ണവും 'റാന്തലീച്ച'യുടെ വെളിച്ചം ഊതവൎണ്ണവും ആണ്. ഈ ജന്തുക്കളുടെ വെളിച്ചത്തിന്നു ദേശവ്യത്യാസങ്ങളനുസരിച്ച് അല്പമായ വൎണ്ണവ്യത്യാസങ്ങൾ വേറെ പ്രകാരത്തിലും കണ്ടുവരുന്നുണ്ട്.

ശരീരത്തിന്റെ ഉടൽനീളം അനേകഖണ്ഡങ്ങളായി വേർതിരിഞ്ഞുകാണുന്നതു വൎഗ്ഗസാമാന്യലക്ഷണമായി പ്രാണിശാസ്ത്രപണ്ഡിതന്മാർ വിചാരിക്കുന്ന ഒരു ജന്തുവൎഗ്ഗത്തിൽപെട്ടതാണ് ചെവിപ്പാമ്പ്. ഈ ജന്തുവൎഗ്ഗത്തിൽതന്നെ അവർ ചേൎത്തു തരംതിരിച്ചിട്ടുള്ളവയാണ് പഴുതാര, തേരട്ട, മുതലായ ചില ജന്തുക്കൾ. ചെവിപ്പാമ്പിനും അതിനോടുപോലെതന്നെ അതിന്റെ വൎഗ്ഗത്തിൽപ്പെട്ട മററു സ്വയംപ്രകാശമുള്ള ജന്തുക്കൾക്കും അവയുടെ രണ്ടു പള്ളയിലും ശരീരവും കാലുകളുംകൂടി ചേരുന്ന സന്ധികളിലായി ഓരോ അവയവങ്ങളുള്ളതിൽനിന്നാണ് പ്രകാശം ജനിക്കുന്നത്. ഈ വൎഗ്ഗത്തിൽ സാമാന്യം വലിപ്പമുള്ള ചില ജന്തുക്കൾ രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നതു കണ്ടാൽ എല്ലാ മുറികളിലും വിളക്കുകൾ കൊളുത്തിവെച്ച് രാത്രി ഓടുന്ന ഒരു തീവണ്ടിയുടെ സാമ്യം ആൎക്കും തോന്നിപ്പോകും. കക്കയുടെ വൎഗ്ഗത്തിൽപ്പെട്ടതും രാത്രികാലങ്ങളിൽ നക്ഷത്രങ്ങളെപ്പോലെ സമുദ്രത്തിന്റെ ഉപരിഭാഗങ്ങളിൽ കൂട്ടംകൂട്ടമായി അനേകചതുരശ്രനാഴിക സ്ഥലപ്പരപ്പിൽ ഇടതിങ്ങി സഞ്ചരിക്കുന്നതും ആയ ഒരുതരം ജന്തുക്കളെ ഉഷ്ണമേഖലയിൽപ്പെട്ട സമുദ്രഭാഗങ്ങളിൽ വളരെ പ്രാവശ്യം താൻ കണ്ടിട്ടുള്ളതായും ആവക അവസരങ്ങളിൽ ഈ ജന്തുക്കളുടെ വെളിച്ചത്താൽ കപ്പലിന്റെ തട്ടിലിരുന്നുംകൊണ്ടു പുസ്തകങ്ങളും വൎത്തമാനക്കടലാസ്സുകളും പ്രയാസംകൂടാതെ തനിക്കു വായിപ്പാൻ കഴിഞ്ഞിട്ടുള്ളതായും സർ വിവിലിതാംസൺ (Sir Wyville Thomson) എന്ന വി

ടോംസൻതൻെറ പ്രസിദ്ധപ്പെടുത്തീട്ടുള്ള 'സമുദ്രഗർഭപ്രദേശങ്ങൾ' (Depthsof the sea) എന്ന പുസ്തകത്തിൽ പ്രസ്താവിച്ചു കാണാം.

കടൽ ജന്തുക്കളിൽ വെച്ച് സമുദ്രത്തിൽ കാൽ നാഴികയിലധികം ആഴത്തിന്നടിയിൽ സ്ഥിരവാസമുള്ളവയായ ജന്തുക്കളിലാണ് സ്വയം പ്രകാശം നാനാപ്രകാരത്തിൽ കാണുന്നത്. സമുദ്രത്തിൽ കാൽ നാഴികയിലധികം ആഴമുള്ള പ്രദേശങ്ങളിൽ സൂര്യരശ്മി ഒട്ടുംതന്നെ പ്രവേശിക്കാത്തതുകൊണ്ട് എല്ലാ സമയത്തും ഇരുട്ടു പിടിച്ചു കിടക്കുന്ന ആ വക പ്രദേശങ്ങളിലാണല്ലോ ഈ വക ദീപങ്ങളുടെ പ്രയോജനവും അധികം ഉള്ളത്. ആ വക പ്രദേശങ്ങളിലെ ജന്തുക്കളിൽ ദേഹമാസകലം പ്രകാശമുള്ളവയും, പ്രത്യേക അവയവങ്ങൾക്കുമാത്രം പ്രകാശമുള്ളവയും, നിരന്തരമായി പ്രകാശം പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നവയും, ആവശ്യമുള്ളപ്പോൾ മാത്രം പ്രകാശം കാണിക്കുന്നവയും, മാറ്റം മാറിമാറി പ്രകാശിക്കുന്നവയും ആയി നാനാവിധ ജന്തുക്കളെ കണ്ടു പിടിച്ചിട്ടുണ്ട്. സമുദ്രത്തിൻെറ അടിയിൽ പോയി ഈ വക ജന്തുക്കളുടെ കാഴ്ച കണ്ട് ആനന്ദിപ്പാൻ കഴിയുമെങ്കിൽ തോന്നും ദേവനാഥനിലിക്കുന്നതിൻെറ പൊൻകൊടിയിലെ ചിത്രവിളക്കുകളെപ്പോലെ ശരീരത്തിൽ വെച്ചു വിട്ടിട്ടുള്ളവയും, ശരീരത്തിൻെറ ചില ഭാഗങ്ങളിൽ വ്യാഘ്രമുഖന്മാരെ പിടിച്ചു വെച്ചിട്ടുള്ളവയും ഒരു പങ്ക്തികളിലും വരി വരിയായി നക്ഷത്രങ്ങൾ പതിച്ചിട്ടുള്ളവയും ചോപ്പ്, പച്ച, നീലം മുതലായി പല നിറത്തിലുള്ള രത്നാപ്പൂകൾ ഇടകലർന്നു ശോഭിക്കുന്നവയും അങ്ങൊട്ടുമിങ്ങോട്ടും വെളിച്ചം വീശിക്കൊണ്ടു ചോരതാവ ചവിട്ടുവണ്ടിയുടെ വട്ടക്കണ്ണൻ വിളക്കും കയ്യിൽ വഹിക്കുന്നവയും ആയ നാനാവിധ സൃഷ്ടിവിശേഷങ്ങൾ കൂട്ടം കൂട്ടമായും ഒററ ഒററയായും അവിടവിടെ സഞ്ചരിച്ചുകൊണ്ട്, ആ പ്രകാശങ്ങളിൽ എന്നെന്നും ഗാഢാന്ധകാരത്തിൽ മുങ്ങിക്കിടപ്പാൻ സംഗതിയുള്ള ആ പ്രദേശങ്ങൾക്ക് ലോകത്തിൽ മററു യാതൊരു പ്രദേശത്തിന്നുമില്ലാത്തതായ ഒരു വിശേഷ ശോഭയെ ഉണ്ടാക്കിത്തീർക്കുന്നു എന്നും വ്യവസ്ഥ

കളം എഴുതപ്പെട്ടിട്ടുള്ള ഈശ്വരന്റെ മാഹാത്മ്യം ഓൎത്താൽ ആൎക്കാണ് വിസ്മയം തോന്നാത്തതു്?

സി. എസ്. ഗോപാലപണിക്കർ. ബി. എ.

അറിയുക

(അല്ലെങ്കിൽ മനസ്സിലാവുക)

നാം നമ്മുടെ ജനനം മുതൽ മരണം വരെ ഓരോ ക്ഷണത്തിലും ലോകത്തിലുള്ള എന്തെങ്കിലും ഒരു വിഷയത്തെപ്പററി നമ്മുടെ ഇന്ദ്രിയങ്ങൾ വഴിയായി ഓരോ അറിവുകളെ സമ്പാദിച്ചുകൊണ്ടു തന്നെയിരിക്കുന്നു എന്നുള്ള സംഗതി പെട്ടെന്നു പറയുമ്പോൾ ചിലർ മാത്രം വകവെക്കയില്ലായിരിക്കാമെങ്കിലും ആലോചിച്ചാൽ എല്ലാവരും സമ്മതിക്കുന്നതായിരിക്കും.

നാം എന്തെങ്കിലും അറിയുന്നതു് നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾ (കണ്ണ്, മൂക്ക്, ചെവി, നാവ്, തൊലി) വഴിയായിട്ടാണല്ലോ. എന്നാൽ പ്രതിബന്ധങ്ങൾ യാതൊന്നുമില്ലാത്തപക്ഷം ഇന്ദ്രിയങ്ങൾ എല്ലാം തത്തദ്വിഷയഗ്രഹണസാമൎത്ഥ്യം തുല്യമായിരിക്കുമെങ്കിലും ഓരോ ഇന്ദ്രിയദ്വാരേണയും നമ്മുടെ മനസ്സിൽ പതിയുന്ന വിഷയസംസ്കാരപദ്ധതിക്ക് പലപ്പോഴും പരസ്പരമുള്ളതുപോലെയോ താരതമ്യവിശേഷമോ ഗുണദോഷവ്യത്യാസമോ ഉണ്ടാകാറുണ്ടെന്നുള്ളത് അനുഭവസിദ്ധമാകുന്നു.

നാം അമ്മയുടെ ഉദരത്തിൽ നിന്നു ഭൂമിയിൽ പിറക്കുമ്പോൾ തന്നെ നമുക്കു ചക്ഷുരാദിജ്ഞാനേന്ദ്രിയങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നുണ്ടല്ലോ. എന്നാൽ 'ആദ്യമായി നമുക്കുണ്ടാകുന്ന ജ്ഞാനം ഏതു ഇന്ദ്രിയമാൎഗ്ഗേണ സിദ്ധിക്കുന്നതാകുന്നു?' എന്നുള്ള ചോദ്യത്തിനു തന്നെ ശരിയായ ഒരു ഉത്തരം സാധാരണക്കാൎക്ക് എളുപ്പത്തിൽ പ

റവാൻ കഴിയുന്നതാണെന്നു തോന്നുന്നില്ല. ജനനാനന്തരം ഒന്നോ രണ്ടോ മണിക്കൂറുകൊണ്ടോ, മൂന്നോ നാലോ ദിവസംകൊണ്ടോ, അഞ്ചോ ആറോ മാസംകൊണ്ടോ ഒരു കുട്ടി തന്റെ അമ്മയുടെ സ്തന്യരസത്തിന്റെയോ, അംഗസ്പർശത്തിന്റെയോ ദേഹഗന്ധത്തിന്റെയോ, താലോല (താരാട്ട്) ശബ്ദത്തിന്റെയോ സൂക്ഷ്മമായ ഭേദത്തെ ഗ്രഹിക്കുകയും, ക്രമേണ അമ്മയച്ഛന്മാരെ പ്രത്യേകം കണ്ടറികയും അവർ കുട്ടിയുടെ നേരെ കാണിക്കുന്ന വല്ല മുഖവികാരാദികളു കണ്ടു കുട്ടി ചിരിച്ചു തുടങ്ങുകയും, മാതാക്കൾ എടുക്കുകയോ മുല കൊടുക്കുകയോ മററു ചെയ്യുന്നതിൽ പരിചയക്കുറവുകൊണ്ടു കുട്ടിക്കു അസുഖം തോന്നുന്നതായാൽ അനിഷ്ടസൂചകമായി നിലവിളിക്കുകയോ നേരെ മററാരെങ്കിലും അവർ ബലമായി എടുപ്പാൻ ശ്രമിച്ചാൽ പിന്തിരിച്ചു വൈമുഖ്യം നടിച്ചു മാറുകയോ പോവുകയോ ചെയ്യുന്നതിനാൽ ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണശക്തി ഉത്പത്തികാലത്തിൽ തന്നെ പൂർണ്ണമായി ഉണ്ടാകുന്നില്ലെന്നും, ഓരോന്നും അനുക്രമമായും അഭ്യാസഭേദവശാൽ ഏററക്കുറവായി വൎദ്ധിച്ചും ഉണ്ടാകുന്നതാണെന്നും അനുഭവസിദ്ധമാകുന്നു.

ഇതുകൊണ്ടുതന്നെ ഓരോ വിഷയങ്ങളേയും അതതിന്ദ്രിയങ്ങൾക്കു ഗ്രഹിപ്പാനുള്ള ശക്തിയും അതിലുള്ള വേഗാധിക്യവും വൎദ്ധിച്ചുവരുന്നതു പ്രതിക്ഷണാഭ്യാസനിമിത്തമാണെന്നു സിദ്ധിക്കുന്നു. ഇങ്ങിനെ ക്ഷണംപ്രതി ഇന്ദ്രിയാർത്ഥസന്നികർഷജന്യമായ ജ്ഞാനം നിത്യാഭ്യാസംകൊണ്ടു വർദ്ധിക്കുന്തോറും ഓരോ വിഷയങ്ങളിലും അതിസൂക്ഷ്മങ്ങളായ അനേകം പ്രകാരഭേദങ്ങളെ അതിവേഗത്തിൽ ഗ്രഹിപ്പാനുള്ള ശക്തി അളവററ വിധം വർദ്ധിച്ചു വർദ്ധിച്ചു ഇന്ദ്രിയങ്ങൾക്കു തത്തദ്വിഷയഗ്രഹണത്തിനു വേണ്ടിവരുന്ന കാലദൈൎഘ്യം കുറഞ്ഞു കുറഞ്ഞു വന്നു ഏകക്ഷണത്തിൽതന്നെ പലേ ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിക്കേണ്ടവയായ പലേ വിഷയങ്ങളേയോ, അല്ലെങ്കിൽ ഒരിന്ദ്രിയത്തിന്റെ വിഷയത്തിൽതന്നെ അതിസൂക്ഷ്മങ്ങളായ വിവിധപ്രകാരഭേദങ്ങളേയോ ഇടകലർന്നു മാറിമാറി ഗ്രഹിക്കുകമുതലായ അനേകപരീക്ഷകളിൽ പൂർണ്ണജയം പ്രാപിക്കു

ത്തുകവെണ്ണാം നമ്മിൽ പലക്കും പാണ്ഡിത്യം സിദ്ധിച്ചിട്ടുണ്ടെന്ന് അല്പം ആലോചിച്ചാൽ ആരും സമ്മതിക്കാതിരിക്കുന്നതല്ല. എന്നാൽ എല്ലാരിലും എല്ലാ വിഷയങ്ങളിലും ഈ ശക്തി ഒരുപോലെ പ്രവൃത്തിക്കുന്നില്ലെന്നും ഓരോരുത്തനിലും ഓരോ വിഷയങ്ങളിലും അഭ്യാസാദി ഉപാധിഭേദവശാൽ താരതമ്യഭേദമുള്ളതായി കണ്ടുവരുന്നുണ്ടെന്നും സമ്മതിക്കേണ്ടുന്നതന്നെ. എങ്കിലും ആങ്ങിനെയുള്ളതിൽ പലതും ജന്മസിദ്ധമല്ലെന്നും അഭ്യാസഭേദവശാലുണ്ടാകുന്നതാണെന്നും പറഞ്ഞൊഴിപ്പാൻ നിവൃത്തിയില്ല.

എന്തെന്നാൽ സംഗീതരസികന്മാരുടെ സർവസാധാരണ കാരണമായ സപ്തസ്വരങ്ങൾ കേട്ടാൽ തദപരിചിതന്മാർ കേവലം ഒരു ശബ്ദമെന്ന മാത്രമല്ലാതെ അവയുടെ യാതൊരു വ്യത്യാസവും മനസ്സിലാകുന്നില്ലെങ്കിലും അവർ തങ്ങൾക്കു നിത്യപരിചയമുള്ള എട്ടോ പത്തോ സ്നേഹിതന്മാർ ഒന്നിച്ചുകാണാതെ ഒരു മുറിക്കകത്തോ മറ്റോ മറഞ്ഞുനിന്നു സംസാരിച്ചാൽ ഓരോന്നും ഇന്നിന്നവരുടെ ശബ്ദമാണെന്നു യാതൊരു താമസവും പ്രയാസവുംകൂടാതെ അറിയുന്നു.

അതുപോലെതന്നെ അഞ്ചായിരവും പതിനായിരവും വില പിടിക്കുന്ന വൈരക്കല്ലുകളും കാൽകാശുപോലും വിലയില്ലാത്ത സ്ഫടികക്കഷണങ്ങളും തമ്മിൽ സാധാരണ നാട്ടുപുറത്തുള്ള കൃഷിക്കാരനായ ഒരുവന്നു യാതൊരു ഭേദവും കാഴ്ചയിൽ തോന്നുന്നില്ലെങ്കിലും, ഒരു നല്ല കല്ലുനോട്ടക്കാരന്റെ കയ്യിൽ കിട്ടുമ്പോൾ അവയുടെ വ്യത്യാസത്തെ അവൻ അതിവേഗത്തിലും അതിസൂക്ഷ്മമായും കണ്ടെത്തുന്നു.

നല്ല കണ്ണുള്ളവർ തങ്ങൾക്കു നിത്യപരിചയമുള്ള വഴിയിൽ കൂടിത്തന്നെയും രാത്രികാലങ്ങളിൽ വെളിച്ചം കൂടാതെ അല്പം സഞ്ചരിക്കേണ്ടിവന്നാൽ എത്ര കല്ലിലും മുള്ളിലും കയറുന്നു? എത്ര കുണ്ടിലും കുഴിയിലും ചാടുന്നു? എന്നാൽ ഒരു ജാത്യാന്ധനാകട്ടെ, തന്റെ കയ്യിലുള്ള വല്ല കോലുകൊണ്ടും നിലത്തു കുത്തിക്കുത്തിക്കൊണ്ട് ആ വഴിയിൽ കൂടിത്തന്നെ യാതൊരപകടവും കൂടാതെ നടവും

പകലും ഒരുപോലെയായിസ്സഞ്ചരിക്കുന്നു. ഇതിനുള്ള കാരണം അന്ധൻ തന്റെ കയ്യിലുള്ള കോലുകൊണ്ടും കാലുകൊണ്ടും വഴിയിലുള്ള വൈഷമ്യങ്ങളെ സ്പർശവിശേഷത്താൽ നല്ലവണ്ണം അറിയുന്നതുമാത്രമല്ലാതെ വേറെ എന്തെങ്കിലുമുണ്ടോ? ഇങ്ങിനെ ഓരോ വിഷയത്തെക്കുറിച്ചും പ്രത്യേകം പ്രത്യേകം ഉദാഹരണം കാണിച്ചിട്ടാവശ്യമില്ലല്ലോ.

ഇതുവരെ പറഞ്ഞത് ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണശക്തിഭേദം, അഭ്യാസാധികാരണഭേദങ്ങളെ അനുസരിച്ച് ഭേദപ്പെട്ടു വരുന്നതാണെന്നാണല്ലോ. ഇനി ഈ ഗ്രഹണശക്തി ഇന്ദ്രിയങ്ങൾക്കു മാത്രം അധീനമായിട്ടുള്ളതോ അല്ലയോ എന്നും, വേറെ വല്ലതിന്റെയും സഹായം ഒഴിച്ചുകൂടാത്തതോ അല്ലയോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു. ഇന്ദ്രിയങ്ങൾക്കുതന്നെ അധീനമായിരുന്നു എങ്കിൽ ഉറക്കത്തിലും മോഹത്തിലുംകൂടി വിഷയജ്ഞാനം ഉണ്ടാകണ്ടതായിരുന്നുവല്ലോ. അതില്ലാത്തതിനാൽ ഇന്ദ്രിയമാത്രാധീനമല്ലെന്നു ഊഹിക്കേണ്ടിവരുന്നു എന്നുമാത്രമല്ല ഇന്ദ്രിയങ്ങൾക്കെല്ലാറ്റിനുംകൂടി സഹായിയായി വേറെ എന്തോ ഒന്നുണ്ടെന്നുകൂടി കല്പിക്കേണ്ടിവരുന്നു. അങ്ങിനെ ഇന്ദ്രിയങ്ങൾക്കെല്ലാംകൂടി വിഷയഗ്രഹണത്തിങ്കൽ ഏകസഹായിയായി നില്ക്കുന്ന ഒരു അന്തഃകരണമാകുന്നു 'മനസ്സ്'. അതുകൊണ്ട് ഇന്ദ്രിയങ്ങൾക്കു വിഷയസന്നികർഷമുണ്ടാകുമ്പോൾ മനസ്സിന്റെ സഹായവും സിദ്ധിച്ചാൽ മാത്രമേ 'ജ്ഞാനം' (അറിവ്) ഉണ്ടാകയുള്ളു. അതില്ലാത്തതുകൊണ്ടാണ് നിദ്രയിലും മോഹത്തിലും വിഷയജ്ഞാനമുണ്ടാകാത്തത്. ജാഗ്രത്തിൽ തന്നെയും ഓരോ ഇന്ദ്രിയങ്ങൾക്കും അതാതിന്റെ വിഷയസന്നികർഷമുണ്ടാകുമ്പോൾ അതോടുകൂടി മനസ്സിന്റെ പ്രവൃത്തിയും സിദ്ധിച്ചാൽ മാത്രമേ ജ്ഞാനമുണ്ടാകുന്നുള്ളു. അതിനാൽ ഒരു സമയത്തിൽ ഒരിന്ദ്രിയത്തിന്ന് അതിന്റെ വിഷയത്തോട് സന്നികൃഷ്ടമാവുകയും മനസ്സും അതോടുകൂടി പ്രവൃത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇതരേന്ദ്രിയങ്ങൾക്ക് അവയുടെ വിഷയങ്ങളിൽ സംബന്ധമുണ്ടായാലും മനസ്സിന്ന് അവയിൽ പ്രസക്തി ഉണ്ടാവാൻ കഴി

യാതിരിക്കുന്നതുകൊണ്ട് ആ വിഷയങ്ങളിൽ നിന്നുള്ള ജ്ഞാനം സിദ്ധിപ്പാനിടവരുന്നില്ല.

ഇതിന്നും പുറമെ മനസ്സിന്നു ബാഹ്യേന്ദ്രിയങ്ങളുടെ വ്യാപാരങ്ങളിൽ സാഹായ്യം ചെയ്യുക, എന്ന പ്രവൃത്തികൂടാതെ, മുമ്പിൽ ഏതെങ്കിലും പ്രകാരത്തിൽ അറിയപ്പെട്ടിട്ടുള്ള പല വിഷയങ്ങളിലും തന്നത്താൻ വ്യാപരിക്കുക എന്ന ഒരു ചുമതലകൂടി സ്വതന്ത്രമായി ചെയ്യാനുള്ളതിനാൽ മനസ്സു ചിലപ്പോൾ യാതൊരു ബാഹ്യേന്ദ്രിയവ്യാപാരത്തിലും സാഹായിക്കാതെ സ്വതന്ത്രമായി വ്യാപരിക്കുന്നതിനാൽ ആ സമയങ്ങളിൽ മറ്റുള്ള ഇന്ദ്രിയങ്ങൾക്കു തങ്ങളുടെ യാതൊരു വിഷയത്തെയും ഗ്രഹിപ്പാൻ ശക്തിയില്ലാതെയും വന്നുപോകുന്നു. ഇങ്ങിനെയുള്ള മനഃപ്രവൃത്തിയെയാകുന്നു നാം 'മനോരാജ്യം' എന്നു പറയുന്നത്.

അതിനാൽ മനസ്സ് തന്നത്താൻ പ്രവൃത്തിച്ചുകൊണ്ടിരിക്കയോ ബാഹ്യേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ പ്രവൃത്തിക്കു സഹായിച്ചുകൊണ്ടിരിക്കയോ ചെയ്യുന്ന സമയത്തിൽ ഇതരേന്ദ്രിയങ്ങൾക്ക് അവയുടെ വിഷയങ്ങളോടു സംബന്ധമുണ്ടായാലും അവയിൽ നിന്നു യാതൊരു ജ്ഞാനവും സിദ്ധിപ്പാനിട വരാത്തതുകൊണ്ടാണ് 'അതു ഞാൻ കണ്ടു' അല്ലെങ്കിൽ 'കേട്ടു' 'പക്ഷെ ഒന്നും മനസ്സിലായില്ല' എന്നു നാം പറയുന്നത്. ഇങ്ങിനെയുള്ള 'മനസ്സിന്റെ അന്യവിഷയാഭിനിവേശത്തെ' പരിഹരിപ്പാൻ വേണ്ടിയാകുന്നു 'മനസ്സിരുത്തിക്കൊള്ളു' 'മനസ്സിരുത്തിനോക്കു' എന്നൊക്കെപ്പറയുന്നത്.

ഇത്രയും പറഞ്ഞതുകൊണ്ട് മനസ്സിന്റെ ഐകാഗ്ര്യത്തോടുകൂടി ഇന്ദ്രിയാർത്ഥസന്നികർഷവും കൂടി ഉണ്ടായാൽ മാത്രമെ വിഷയജ്ഞാനമുണ്ടാവാൻ കഴിയൂ എന്നു സിദ്ധമായല്ലൊ.

അതിനാൽ ക്ഷണം പ്രതി വിവിധവിഷയേന്ദ്രിയസന്നികർഷമുണ്ടാകുമ്പോളൊക്കെയും മനസ്സിനെ അതാതു വിഷയങ്ങളിലേക്ക് അതിവേഗത്തിൽ മാറിമാറി പ്രവൃത്തിപ്പാനുള്ള ശക്തിയുണ്ടാക്കുകയാകുന്നു അഭ്യാസത്തിന്റെ ഫലം എന്നു വന്നുകൂടി.

(തുടരും) കുന്നെഴുത്ത് പരമുമേനോൻ.

കൊച്ചി

ചെറിയ ശക്തൻ തമ്പുരാൻ

---

1. തിങ്ങുംകിടാവെഴുമിടിയെച്ചാർത്തണിയും വാരണൊട്ടുള്ള-
ത്തിങ്കൾക്കെട്ടൊതകെത്തിയേച്ചൂട്ടുടൽ പാതിവാങ്ങി
തങ്കൽക്കെട്ടുംകടമിഴികയൊരാൾ തള്ളുപ്പോടം-
തങ്കൽക്കടൻതെളിവുതെല്ലുതരാൻ തൊഴുന്നേൻ.

2. ക്ഷേമപ്പുന്നിൽകനിവിയന്നിളപേരപടവിൽ
കേമപ്പെട്ടുംപടിയെഴുന്നചിലർത്തരത്
നാമപ്പടിപ്പിന്നിയമൊന്നതുടങ്ങുകൊന്ന
ന്നോമൽപ്പിടിയെട്ടുനാടപ്പുടയോരച്ചു.

3. മാനോടിടഞ്ഞമിഴിയാളിളചൊന്നനേരം
ഞാനോതികാർകുഴലി നീയെന്തേ വിസ്ലതെന്നോ
തേനോടിടുംമൊഴിയെഴുന്നവരിപ്പണിപ്പൂ
താനോതുകിൽപ്പലരിറങ്ങിയറിഞ്ഞതില്ലേ?

4. 'ഉള്ളൂർ, പീച്ചി, യൊട്ടവു, ണ്ണി, തുടങ്ങിയോർപ്പേ-
രുള്ളോരിലൊക്കെനിറയോരിതുതന്നെചെയ്യാൻ
ഉള്ളോരുനാളിതിനപാകവമെന്തിനാണീ-
യുള്ളവരുമിന്നവെറുതെവശളാകുവാനോ?'

5. നന്നായിവണ്ണമിവനോതിയതത്രനേരം-
ല്ലെന്നായികാർകുഴലി, നല്ലറിവാർന്നിടാതെ
തന്നാലുകടംകപ്പുകൾളുളപോയിമെന്നാ
ചൊന്നാലതെത്രവകചെയ്യുകയില്ലൊരാളും.

6. ചെന്തെങ്ങിനുള്ളൊരിളനീരിനൊടൊത്തുനല്ല
പൂന്തേൻതൊഴുംമൊഴിയിലുറ്റതെളിവൊട്ടുചേൎപ്പാൻ
എന്തെങ്കിലുംചിലതുചൊല്ലുകയെന്നുറച്ചു
ഞാനെല്ലിവണ്ണമവളോടുപറഞ്ഞുപിന്നെ.

7. വണ്ടാർകുഴലി! കേട്ടിടുകെങ്കിലോതാം
പണ്ടൊത്തുമുറ്റതെളിവെഴുംപടികൊച്ചിനാട്ടിൽ
ഉണ്ടായിരുന്നൊരുമന്നവനിങ്ങുകണ്ടു
രണ്ടാളുറക്കമൊഴിവിന്നായൎക്കോൻകണക്കെ.

8. കാളുന്നൊരൂഴ്മചുമൽ, വിരുതന്മാർ, നകരത്ത-
ക്കൊളുകയെന്തിലൊരുകളികലാൎന്നകൈകൾ,
കേളുകരിനാഗകനാകൎ, ലോകമ്പോലാമ.
ട്ടാളുകൾവിങ്ങലി! കാന്തറിവില്ലൊരഗ്രം.

9. നല്ലൊരമ്മയെവടിവിലിന്നൊത്തവനന്നുമച്ചാർ
തെല്ലോനിനക്കിലതിനൊത്തറിവാൎന്നിടുന്നു
അല്ലോടിടുംകുഴലി! വേലയതിന്നുമൊക്കു-
മല്ലോ, ഇടൎന്നപഴുതാംപണികൂടെയില്ലാം.

10. തന്നുള്ളമന്നവനാട്ടുപ്പുമതെന്ത്രതന്നൊ-
യാൎന്നുള്ളവന്നുമറിയില്ലകയില്ലതെല്ലും
തന്നുള്ളൊരൊറ്റുമറിയാതെതഴമകയൊങ്ങ-
ളെന്നുള്ളമട്ടുവിളികൊണ്ടുവിളങ്ങിവന്നാൻ.

11. പഞ്ഞില്ലനേവനമാററലുപേററമുണ്ടു
നെഞ്ഞൂരു, മെങ്കിലുമുയൎന്നുമൂകൈക്കൊണ്ടൊത്ത്
നൊഞ്ഞിൽപ്പിളൎക്കനിവാൎന്നുകൊണ്ടുമന്നൻ
മഞ്ഞിൽക്കുളൎത്തവെയിലാൎന്നൊരുനാളൊടൊത്തു.

12. കാണില്ലുകണ്ണുകടിയില്ലറിയാതെതെററു
കാണില്ലുവോരൊട്ടുകയർക്കുകയില്ലതെല്ലും,
കാണില്ലുമുൾക്കനിവുമാററലരോട്ടുമേവ-
ക്കാണില്ലുകില്ലവെറുതെയൊരുപേരിനായി.

13. മററാതൊരക്കറയെഴുന്നൊരുമാററലർക്കു-
മററങ്ങളററപലനന്മയണഞ്ഞുകണ്ടാൽ
തെററന്നകത്തളിരതന്നെതെളിഞ്ഞിടുന്നു
തെററാതനന്മയെഴുമായവനോമലാളേ!

14. നാട്ടിൽക്കഴിഞ്ഞിടുവതോതിടുമൊററകാരാൽ
കിട്ടീടുവോരറിവുകൊണ്ടവനപ്പൊഴൊന്നും
കാട്ടീടുകില്ലശരിയാണവയെന്നതിച്ച്-
പ്പെട്ടീടുമത്തെളിവുവേറെവരുംവരെയ്ക്കും.

15. നാട്ടിന്നനാചരണംതെളിവെന്നുമെൻറ
നാട്ടിൽപ്പുലർന്നിടുമവർക്കുവളർന്നിടേണം
കിട്ടില്ലൊരുൾത്തെളിവതിങ്ങനെയാസ്സിലെന്നുൾ-
ത്തട്ടിൽപ്പെടുംകനിവൊടെപ്പൊഴുമോർത്തുമന്നൻ.

16. വേണ്ടുന്നനന്മകൾവരുത്തിമുറയ്ക്കുകാക്ക-
ക്കൊണ്ടുള്ളിണങ്ങിയവനല്ലൊരുനാട്ടിലുള്ളോർ
കണ്ടുതനിയ്ക്കുടയൊരച്ഛനൊടൊത്തുതൻചൊൽ-
ക്കൊണ്ടുള്ളമന്നവനൊടേയവരൊന്നുപോലെ.

17. കാട്ടിൽക്കടന്നുപലക്രൂരരൊടൊത്തെഴുംനാ-
യാട്ടിന്നുമക്കുതിരകേറലുതൊട്ടുവയ്ക്കും
നാട്ടിൻറമൂപ്പനകമോദകിലുംകളിയ്ക്കു-
മ്പോട്ടിൻറമട്ടുതെളിവേകിയതില്ലതൊന്നും.

18. കോയിക്കൽനിന്നിംവിൽമന്നവർനാട്ടുകൊച്ചി-
ക്കരയിൽക്കവേണ്ടികയറിച്ചിലക്കുട്ടരൊത്തു്
പോയിക്കളിക്കുമവിടെക്കളിവായ്വെള-
ക്കായിക്കടപ്പുറമെയോട്ടിടയിൽക്കുളിക്കും.

19. ചൂതുകളത്തിലപ്പുകയിലക്കു പിരിക്കുമോരാം-
യത്നത്തിനൊട്ടുചതിയോട്ടുമടുത്തുമെന്നും
ഉകൊത്തുമുണ്ടുപിലരൊന്നുതറിഞ്ഞുകായ-
ലിംതൽത്തിരഞ്ഞുപലർവയുമറാൻപിടിച്ചു.

20. ഒറ്റിന്നയച്ചതിലൊരാൾപതിവായ്ക്കാരം
തെററിടെന്നറിയമന്നവർനാടൊരിക്കൽ
തെററിപ്പുറത്തിയിലിന്നാരച്ചുകൊം
കേററിപ്പുറപ്പെട്ടമിറങ്ങുകവെന്നുരച്ചു.

21. ഉന്നൻതഴക്കഴലിയിങ്ങുവർണ്ണമായനാ
ചൊന്നാറെവെന്നിയമാറിൽകെന്നുമുച്ചമന്നൻ
താന്നരപ്പുതിവുപോലൊരുവഞ്ചിതന്നിൽ
ചൊന്നാറിയപ്പെരിയകായലിലേക്കുപോയി.

22. പാട്ടിൽപ്പെരുതളുവുകണ്ടുപിടിക്കുവാനാ-
യിട്ടിങ്ങുമന്നവനറിഞ്ഞുവതുന്നവല്ലോ
കാട്ടിക്കൊടുപ്പതിനുമാനിനിയെന്തിനെന്നുമോ-
ത്തട്ടിൽകലാൽപ്പടിയനിളിപോക്കുറഞ്ഞു.

23. റാവുന്നകെട്ടിയവനിങ്ങിനെവിട്ടുതെത്തു
കൈവന്നൊരല്പലൊട്ടുമിന്നിയക്കുന്തൽപോലെ
ആവമ്പഴന്നൊരിടംകണ്ടതമന്നവൻതൻ
കാർവാർക്കിട്ടംമൂടിയെഴുംമടവാരെയോർത്തു.

24. അത്തികൾക്കെട്ടിയവരിൽച്ചിലർമണ്ണുമാവാ-
നത്തികൽനിന്നൊഴിയുവാൻമടിയാഞ്ഞുകൊണ്ട്
തത്തികളെല്ലുമൊത്തമാററലരാമിതട്ടി-
ലെത്തിക്കരച്ചതിനുചാവുകരച്ചനിന്നു.

25. മീനങ്ങമിങ്ങമിളകീട്ടിയലുംവെളിച്ച-
മാനല്ലകൂരിരുളൊടൊത്തെതിൎത്തുപാൎത്തനിൽ
മാനാത്തുതികളുടെമക്കളെന്നപോലെ
താനാമിന്നി,മലൎക്കുന്തലിലെന്നമട്ടം.

26. തന്നിൽക്കടന്നുതകരുന്നകലോചൊല്ലുതെന്നു
നിന്നീടുമെന്നതറിയാതെതുഴല്ലലാലെ
വന്നീടുവോരതനെട്ടവിപ്പുകളുതെനിതെന്നു
തോന്നീടുമാറലകളാലെഴുലാത്തകായൽ.

27. നോക്കാത്തതണ്ടുകൾവലിച്ചുതുഴൻമാരയാടി
തക്കത്തിലപ്പുരിയകായലിലായതോരം
പാൎക്കുന്നൊരാക്കമതിലേറെവളൎന്നുയൎന്നു
ള്ളക്കങ്ങളാകടലിലപ്പുവന്നുകട്ട.

28. വമ്പാന്നകാററിലുലയുംമടലായകുന്തൽ-
ത്തുമ്പാലെകാറതെട്ടമത്തലയിട്ടിളക്കി
അമ്പാകരണ്ണുകടലൊച്ചയലച്ച്യാക്കി-
യിമ്പാച്ചിപോലെയിതളിൽച്ചിലതെങ്ങുനിന്നു.

29. മന്നിൻമണ്ണോളമെട്ടുവള്ളചുവതോത്തുകായൽ-
തന്നിൽപരക്കമിതളൊഴിവിട്ടമാറാൻ
ചെന്നിട്ടനാലുപുറവുംകരയിൽത്തിരക്കി
നിന്നീടുമാനിലകലത്തമരങ്ങൾനിന്നു.

30. വൈകാതെയർക്കളെവൃചെയ്യവർകൾക്കുതെററി-
പ്പോകാതമട്ടിലൊരിടത്തുടനെത്തിയശ്ശേഷം
മാഴ്കാതെയഞ്ചിയതമാംവഴിനോക്കിമന്നിൽ-
പ്പേർകൾക്കിമിന്നിയൊരുമന്നവനന്നുപാർത്തു.

31. നേരായനേരമൊരുപാതിരയിൽക്കറിങ്ങൊ-
നേരത്തുമാവഴിയെയഞ്ചിതഭാഗ്യമന്നൻ
തീരാതമാലൊട്ടറിയാച്ചുചതിച്ചുകള്ള-
ന്മാരായിപ്പോയിതറിയാതവളൊന്നിവന്നു.

32. ഈമട്ടെഴുന്നാൾപാൽക്കരളിരുട്ടൊരാകെ-
കേമന്നപുഞ്ചിരിയതിൻവഴികാട്ടിയശ്ശേഷം
കാർമഞ്ഞുമായിതളിലൊട്ടകലത്തിൽ വെള്ള-
പ്പൂമേതിരിഞ്ഞുവെളിവായിവെളിച്ചമന്നു.

33. നന്നായിമാറിയിൽമാനത്തൊരുപട്ടിൽചാറ്റ
മിന്നാമിനുങ്ങിനടമിന്നലൊടൊത്തുമൊരെ
ത്താന്നാവെളിച്ചമിതുതന്നെവരെന്നമുള്ള-
ത്തിന്നാടൽതീർത്തിയമന്നവനാട്ടമച്ചു.

34. ഓരുള്ളനിറപ്പിടിച്ചെം മരിന്നതുവഞ്ചിയൊരാ-
പ്പോയുള്ളിണങ്ങിയൊരുപോലെവലിച്ചുകൊണ്ടു
ആരുള്ളവാർദ്ധ്യവതിനിന്നുമന്നതകെ-
ത്താരുള്ളപൊട്ടുയതിന്നൊരിരാകയില്ലാ.

8 . തികവൊപ്പണിഞ്ഞമലരിൻമകരന്ദമേറ്റു
സംകല്പതരളികളും, സമേതൊടൊത്തതൻ
തളികകളോമൊവിസ്തീട്ടേനാടിയനാൽ
തങ്കുന്നല്ലകരിന്നൊരുമട്ടിലൊക്കെ.

൩൬. പൂർവ്വാറവത്തോററപൂവുപുഞ്ചിരികൊണ്ടുന്നി-
ലാവോകിമന്നന്നിനിവൈകരുതെ'ന്നുരയ്ക്കു
കാർവേഴ്ക്കതേടുമിതളേറിയ കായലിക-
ലാവേസ്സമിട്ടുരിയൊരോടിമുഴങ്ങുനീങ്ങി.

37. തണ്ടുംതരത്തൊട്ടുചവിട്ടിവലിച്ചുനന്നാ-
ട്ടുണ്ടുന്നവഞ്ചിശരിയ്ക്കുതലതെററിടാതെ
വേണ്ടുംവഴിയ്ക്കുരചനന്നമരംപിടിച്ചു-
കൊണ്ടുകൊണ്ടൊത്തുമാവഞ്ചിയൊടന്നടുത്തു.

38. ഓട്ടുന്നമന്നനുടെയോടിയടുത്തുടൻമു-
ട്ടീടുന്നതിന്നിടയിലാമനവഞ്ചിയിലുള്ളോർ
കൂടുന്നപേടിയൊടുകൈകതറിക്കരഞ്ഞു
വട്ടന്നൊരാളെയുടനുകൊണ്ടെടുത്തുപൊക്കി.

39. 'അയ്യോകടുപ്പമതെ'ന്നിതുതണ്ടുവിട്ടു
കയ്യോടുമന്നനുടെയോടിവലിച്ചിടുന്നോർ
കയ്യാടെമററവരുമഞ്ഞിനെപൊക്കിയോടൽ-
ത്തിയ്യോടെഴുന്നവനെനീരിൽവലിച്ചെറിഞ്ഞു.

40. മന്നൻകനിഞ്ഞുപറയുംപടിവഞ്ചിനിൽക്ക-
പ്പിന്നങ്ങരിയ്ക്കുനെയൊരാളതിൽനിന്നുചാടി
ചെന്നങ്ങുനീരിൽമുഴുകുന്നവനെപ്പിടിച്ചി-
ട്ടന്നല്ലൽതീർത്തരചനേറിടുമോടികേററി.

41. ചുരുക്കത്തിലാക്കിയവനാണവനെന്നുമാരാ-
വികൽത്തരത്തിലവിടെച്ചിലകൂട്ടരെത്തി
വക്കയ്ത്തരിപ്പൊട്ടുമിടഞ്ഞുപിടിച്ചുകെട്ടി-
യക്കത്തിലെന്നുമുടനപ്പൊഴവൻപറഞ്ഞു.


42. തെല്ലായിടസ്സുകലുഷമോടിപിടിക്കുവാൻപി-
ന്നെല്ലാതമ്മക്കൊട്ടുവലിച്ചണയുന്നനേരം
വല്ലാത്തക്കൂട്ടരവർവരെയൊരാളെയിട്ടു
ചൊല്ലാന്മറന്നതടയോടിയതിൻെറമുമ്പിൽ.

43. ആയാളെയുംകനിവിയന്നുടനന്നുകേററി-
പ്പോയാടലാററചനങ്ങണയുന്നനേരം
പോയാസ്സുറഞ്ഞിടുകയല്ലവിനുള്ളിലല്പൽ-
ത്തീയാളുമാറുകൊടുതായയാതകാഴ്ചകണ്ടു.

(തുടരും)

കണ്ടൂര് നാരായണമേനോൻ, ബി. ഏ.

നായന്മാരോട ഒരു വാക്ക്



ഉദരപൂരണത്തിനുംകൂടി വകയില്ലാതെ ആരാനം തന്നാൽ ഭക്ഷിക്കാം ഇല്ലെങ്കിൽ പട്ടിണികിടക്കാമെന്നു വിചാരിച്ചു തെണ്ടിനടക്കുന്ന ദൃഢഗാത്രന്മാർ സർവ്വാനിന്ദ്യന്മാരും ജനക്ഷേമത്തിന്ന് ആധിക്യമാണെന്നുള്ളതിന്നു രണ്ടഭിപ്രായമില്ല. ഇങ്ങിനെ ഭിക്ഷതെണ്ടിനടക്കുന്നവർനായർസമൂഹത്തിൽ മുൻകാലത്തുണ്ടായിരുന്നില്ലെന്നുള്ളത് നായർജാതിക്കു മുഴുവനും അഭിമാനാസ്പദമായിരുന്നു. ഇക്കാലത്തു യാചകവൃത്തിയുടെ പ്രഥമപദമായ സഹായക്കുറി, കെട്ടുകല്യാണവരി, പുരകെട്ടുവരിമുതലായതും, തല്ക്കാലം ചുററിപ്പോയതായി വ്യാജംപറഞ്ഞ് ഊണിന്നിരക്കലും ദിവസംപ്രതി വർദ്ധിച്ചുവരുന്നതു നഗരവാസികൾക്കു നിത്യാനുഭവമാണല്ലൊ. ഇതിന്നുള്ള ഹേതുവും നിവൃത്തിയും നായർസമൂഹത്തിൽ തന്നെയാണ്.

ഏങ്ങാനും കിടക്കുന്ന ഒരു നായരുടെ കേമദ്രുമയോഗത്തിന്നു

ബ്രഹ്മാവിന്റെ വിധിയൊ ജന്മാന്തരകൎമ്മങ്ങളൊ ഹേതുക്കളായി വരുന്നതല്ലാതെ നായർസമൂഹം എങ്ങിനെ ഉത്തരവാദിയായി വരുമെന്നു ചിലൎക്കു് ആദ്യം ശങ്കയുണ്ടാവാം. ധനവാന്റെ കുലത്തിലൊ ദരിദ്രന്റെ കുലത്തിലൊ ജന്മം സിദ്ധിക്കുന്നതു ദൈവായത്തമൊ ജന്മാന്തരകൎമ്മപരിപാകമൊ ആയിരിക്കാം. ധനവും ദാരിദ്ര്യവും ജന്മംകൊണ്ടുമാത്രം നിശ്ചയിക്കപ്പെടുന്നതാണെങ്കിൽ ഒരുവനു ദാരിദ്ര്യം വരുമ്പോൾ ജന്മാന്തരത്തെയൊ ബ്രഹ്മാവിനെയൊ അധിക്ഷേപിക്കാം. ധനവും ദാരിദ്ര്യവും ഐഹികാവസ്ഥകളെ ലേശംപോലും അവലംബിക്കുന്നില്ലെന്നു പറവാൻ ഞാൻ ഒരുങ്ങുന്നില്ലെങ്കിലും ഏകദേശം അത്രത്തോളം പറയാവുന്ന നിലയിൽ അതുകൾ ജനനത്തിനുശേഷം ചെയ്യുന്ന ഉദ്യമത്തെ ആശ്രയിച്ചാണു് നില്ക്കുന്നതു്. ധനാൎജ്ജനത്തിനും ഉപജീവനത്തിനും ചെയ്യുന്ന പ്രവൃത്തികളിൽ ജനസമൂഹത്തിന്റെ വകയായി പ്രതിബന്ധങ്ങൾ ഉണ്ടായിവരുമ്പോൾ ദാരിദ്ര്യത്തിനുള്ള ഹേതു ദരിദ്രനൊ ജനസമൂഹത്തെയാണു് ആശ്രയിക്കുന്നതു്. കരുവാൻ, ആശാരി, തട്ടാൻമുതലായ കൈവേലക്കാർ നീചജാതിക്കാരാണെന്നും അവർ നായരെ തീണ്ടാതെ അകന്നു നടക്കേണ്ടവരെന്നും അവർ ചെയ്യുന്ന പ്രവൃത്തി നായരുടെ ജാതിശ്രേഷ്ഠതയ്ക്കു പോരാത്തതാണെന്നും മററുമുള്ള അനേകം ദുൎവ്വാസനകൾ നായർസമൂഹത്തിൽ വേരൂന്നി ഉന്നം തഴച്ചുനില്ക്കുന്നതുകൊണ്ടു് അനവധി ജീവനോപായങ്ങൾക്കു് അന്യജാതിക്കാർ അവകാശികളായിപ്പോയി. ഈ പറഞ്ഞതിൽ ഏതെങ്കിലുമൊരു പ്രവൃത്തിയിലാണു് ഒരു നായൎക്കു വാസനയെങ്കിൽ അന്യദേശത്തിലൊ അന്യസമൂഹത്തിലൊ ആ പ്രവൃത്തികൊണ്ടു ധനികനാവാൻ പ്രയാസമില്ലാത്ത ആ സാധുനായൎക്കു നായർസമൂഹത്തിൽ ഭിക്ഷാടനമല്ലാതെ മറെറന്തു ഗതി? ഇന്ത്യാരാജ്യത്തിൽ മുഴുവനും കലിബാധിച്ചപോലെ വ്യാപിച്ചിരിക്കുന്ന ജാതിവ്യത്യാസം നായർസമൂഹത്തെയും ബാധിച്ചിരിക്കകൊണ്ടു സീമയിൽപോയി വിദ്യ പഠിക്കുന്നതിനുള്ള വിഘ്നങ്ങൾക്കു നായർസമൂഹത്തിനും ഉത്തരവാദിത്വമുണ്ടു്.

മേൽപ്രകാരം ഉൽഗതിക്കും ഉപജീവനത്തിന്നും വിഘ്നങ്ങളുണ്ടാക്കിത്തീർക്കുന്നു എന്നുമാത്രമല്ല ദൈവഗത്യാ ധനികന്റെ കുലത്തിൽ ജനനം സിദ്ധിച്ചിട്ടുള്ളവരേയും ദരിദ്രന്മാരാക്കുന്നതിന്നു നായർസമൂഹം ഇടവിടാതെ ശ്രമിക്കുന്നുണ്ട്. ഇഹത്തിലും പരത്തിലും ആവശ്യമില്ലാത്തതും അർത്ഥമില്ലാത്തതുമായ കെട്ടുകല്യാണംമുതലായതു കഴിപ്പാൻ കലശലായി നിർബ്ബന്ധിക്കുന്നതുതന്നെ മാപ്പു കൊടുപ്പാൻ പാടില്ലാത്ത കുററമാണ്. ആവക അടിയന്തരങ്ങൾ അധികധനവ്യയംചെയ്തു കഴിക്കുന്നതിനെ നന്ദിച്ചു കൊണ്ടാടുന്നതും അടിയന്തരം കഴിക്കുന്നവനു സമൂഹക്കാർ ഉണ്ടെന്നു വിചാരിക്കുന്ന വൈഭവത്തിൽ കുറഞ്ഞുപോയാൽ നിന്ദിച്ചു പിറുപിറുക്കുന്നതും ജന്മാന്തരത്തിൽകൂടി പിന്തുടരുന്ന പാപമാണ്.

നിർബ്ബന്ധംകൊണ്ടും പ്രശംസാപവാദങ്ങളെക്കൊണ്ടും തങ്ങളുടെ ഇടയിൽ ദാരിദ്ര്യത്തിന്നിത്രത്തോളം അവകാശമുണ്ടാക്കി വെച്ചു നിവൃത്തിമാർഗ്ഗം ആലോചിക്കാതെ, എന്നുതന്നെയല്ല, ഇതിലൊരു ചുമതലയുണ്ടെന്നുള്ള ബോധം കൂടി ഇല്ലാതെ, വർത്തിക്കുന്നത് എത്രയും വ്യസനിക്കേണ്ടുന്ന ഒരവസ്ഥയാണ്. മററു ജാതികളിലുള്ളതിനേക്കാൾ തങ്ങളുടെ കൂട്ടത്തിൽ ഇംഗ്ലീഷ് പരീക്ഷകൾ ജയിച്ചിട്ടുള്ളവരുണ്ടെന്നോ ഇന്ത്യയിലെ ഏതു നഗരത്തിലും നോക്കിയാൽ നായരെക്കാണാമെന്നോ ചിലർ പറയുന്ന വാക്കു കേട്ട് ആരും സന്തോഷിക്കരുത്. ബി. എ. ജയിച്ചിട്ടുള്ളവർ നായന്മാരുടെ ഇടയിൽ ആധിക്യമുണ്ടെങ്കിൽ അതുതന്നെ നായർസമൂഹത്തിന്നു അക്ഷേമമാണെന്ന് ആലോചിച്ചാൽ എളുപ്പത്തിൽ അറിയാം. ഏതൊരു സാധനത്തിന്റെയും വില ആ സാധനത്തിന്റെ ആവശ്യവും സംഭരണവും നോക്കി നിജപ്പെടുത്തേണ്ടതാണ്. അതായത് സാധനം സംഭരിച്ചിട്ടുള്ളതിലധികം ആവശ്യക്കാരുണ്ടെങ്കിൽ വില കൂടിയും ആവശ്യത്തിൽ കവിഞ്ഞു സാധനമുണ്ടായാൽ വില കുറഞ്ഞുംവരും. ആ സ്ഥിതിക്ക് ആവശ്യത്തിലധികം ബി. എ. ക്കാരെ വാർത്തു വിടുന്നതുകൊണ്ട് അവരുടെ ഇടയിൽ ഇനിക്കിനിക്ക് ഉപജീവനമാർഗ്ഗം കിട്ടണമെന്നുള്ള സ്പർദ്ധ വർദ്ധിച്ചു കിടക്കുന്ന ലോകം വി

ളിച്ചുതുടങ്ങി പരസ്പരം വില കുറയ്ക്കാനുള്ളതാണെന്നു വ്യക്തമായി സിദ്ധിക്കുന്നുണ്ട്. അങ്ങിനെ വിലകുറയുമ്പോഴും അവരെ വാങ്ങുണ്ടാകുന്ന ചിലവിൽ കുറഞ്ഞതാണല്ലോ അവരുടെ ഉദ്യോഗംകൊണ്ടുള്ള വരവ്. ഒരു സാധനം സംഭരിക്കുന്നതിനുള്ള ചിലവിൽ കുറഞ്ഞ വില കിട്ടുമ്പോളാണ് കച്ചവടത്തിൽ പൊളിഞ്ഞു പാപ്പരാകുന്നത്.

കട്ടികഥോപദേശം ചെയ്യുംപോലെ ഇത്രയും പച്ചയായി പറഞ്ഞിട്ടുള്ളതിന്നു കാരണമുണ്ട്. ഒരു കൂട്ടർക്കു വിവേകമുണ്ടോ ഇല്ലയൊ എന്ന് മനുഷ്യരുടെ ഇടയിൽ സാധാരണയായി അനുമാനിച്ചു വരുന്നത് അവരുടെ പ്രവൃത്തിയിൽനിന്നാണ്. നായന്മാരെല്ലാം ഒരേ മാർഗ്ഗത്തിൽ വിദ്യാഭ്യാസം ചെയ്തുവരുന്നതുകൊണ്ടു മാത്രം കച്ചവടത്തിൽ പൊളിയുന്നതായി മുൻപറഞ്ഞ തത്വം അവർ അറിഞ്ഞിട്ടില്ലെന്നനുമാനിക്കുന്നതായാൽകൂടി അവരെ വളരെ അധിക്ഷേപിക്കാൻ തരമില്ല. അങ്ങിനെ ഇരിക്കെ നായന്മാരിൽ ഒരുവനെങ്കിലും ഗണിക്കത്തക്കതായ ഒരു കച്ചവടത്തിൽ പ്രവേശിച്ചോ വല്ലതും ചെയ്തോ കാണാത്ത സംഗതിയെക്കൂടി ആസ്പദിച്ചാണ് മുൻപറഞ്ഞ അനുമാനമെങ്കിൽ പിന്നെ സമ്മതിക്കാതെ നിവൃത്തി എന്താ? ഇതിലും വിശേഷിച്ച് അനാചാരങ്ങളാണെന്നറിഞ്ഞുംകൊണ്ടു ചില നടപടികളെ ലാളിച്ചു മുടിയുന്ന ആളുകളെ വിവേകമുള്ളവരോ വിശേഷബുദ്ധിയുള്ളവരോ ആണെന്നു വിചാരിക്കാൻ മററുള്ളവർക്ക് എങ്ങിനെ ധൈര്യം ഉറയ്ക്കും?


മേൽപറഞ്ഞ കാരണങ്ങളാൽ വിദ്യയിലും മററും തങ്ങൾക്കുണ്ടെന്നു ചിലർ പറയുന്നതും തന്നെത്താൻ വിചാരിച്ചു സന്തോഷിക്കുന്നതുമായ മായാവൈഭവത്തിന്റെ അന്തഃശൂന്യതയേയും അഭിവൃദ്ധി മുടക്കുന്നതിന്നും വിപത്തു വർദ്ധിക്കുന്നതിന്നും എത്രമാത്രം തങ്ങളുടെ വകയായിട്ടുണ്ടെന്നുള്ളതിനേയും സ്വമേധയായിട്ടെങ്കിലും അറിഞ്ഞു കർത്തവ്യകർമ്മങ്ങളെ നിശ്ചയപ്പെടുത്തേണ്ടതിന്നു കാലമായിരിക്കുന്നു. തമ്മിൽ തമ്മിലുള്ള ജാതിഭേദങ്ങളേയും ദുർവ്വാശികളേയും എല്ലാവരും ഒരുപോലെ നിർല്ലജ്ജം ബഹുമാനിച്ചു വരുന്ന ദുരാചാരങ്ങളേയും, ജീ

വർനോപായങ്ങളിൽ മിഥ്യാരോപം ചെയ്തിട്ടുള്ള ആളുകളെ സംബന്ധിച്ച് അന്യഥാ നന്നായി വരുന്നവരുടെ മൂലനാശത്തിനും അധോഗതിക്കുംവേണ്ടി സങ്കല്പിച്ചിട്ടുള്ള മനോവൈമനസ്യങ്ങളേയും, ഒരൊററ അടിക്ക് ഭസ്മീകരിച്ചു കയ്ത്തൊഴിലുകളിലും കച്ചവടത്തിലും ദൃഢനിശ്ചയത്തോടുകൂടി ഒരുങ്ങി പ്രവേശിക്കുന്ന തിയ്യതി മുതൽ ജപ്പാൻകാരെപ്പോലെ വേഗത്തിൽ ധനപുഷ്ടിയും കീർത്തിയും നായർ സമൂഹത്തിനു വർദ്ധിച്ചു വരുമെന്നുള്ളത് എന്തുകൊണ്ടു നോക്കിയാലും കാണുന്നുണ്ട്. ഉണരുവിൻ!

കാരാട്ട് അച്യുതമേനോൻ. ബി. ഏ. ബി. എൽ.

ഒരു വിളംബരം*

(൯൭൫-ാമാണ്ട് മകരമാസം ൨൭-ാം നം- നിർബ്ബന്ധ വിദ്യാഭ്യാസസംബന്ധമായി കൊച്ചി സർക്കാരിൽ നിന്നും പ്രസിദ്ധപ്പെടുത്തിയത്.)



ഈ രാജ്യത്തുള്ള കുടികളും നായന്മാര് മുതലായവർക്കു കണക്കെഴുത്ത് മുതലായ വിദ്യകൾ വശം ഇല്ലാതെയും ആ വിദ്യകൾ പഠിക്കാത്തതിനാൽ ഏററവും സങ്കടമായിട്ടും തീർന്നിരിക്കുന്നപ്രകാരം നാം കേൾവിപ്പെടുകകൊണ്ടു ഇനിമേൽ അതിന്നങ്ങനെ വരാതെ കുടികൾ സൗഖ്യമായിട്ടും അഭിവൃദ്ധിയായിട്ടും വരേണ്ടുന്നതിനുവേണ്ടി ഇപ്പോൾ വിളംബരം പ്രസിദ്ധപ്പെടുത്തുന്നു—എന്തെന്നാൽ,

൧-ാമത് ഈ രാജ്യത്തിൽ ഉള്ള കുട്ടികൾക്ക് ഒക്കെയും എഴുത്തും കണക്കും ജ്യോതിഷവും കാവ്യവും വശമാക്കിക്കൊടുക്കുന്നതിനു

* ഈ വിളംബരത്തിന്റെ പകർപ്പ് കെ. പി. പത്മനാഭമേനോൻ അവർകൾ ബി. ഏ. ബി. എൽ. ഞങ്ങൾക്കു സദയം അയച്ചു തന്നിട്ടുള്ളതാകുന്നു.

അതാതു കോവിലകത്തുംവാളുകൾ ചേൎന്ന വലുതായിട്ടുള്ള പ്രവൃത്തികളിലും ചെറുതായിട്ടുള്ള പ്രവൃത്തികളിലും സമൎത്ഥന്മാരായിട്ടു ഓരോരൊ എഴുത്താശാന്മാരെ ആക്കി എഴുതിച്ചുകൊള്ളത്തക്കവണ്ണം ഉത്തരവു കൊടുത്തിരിക്കുന്നു.

൨-ാമത്. അതാതു പ്രവൃത്തികളിൽ ഉള്ള കുടിയാനവന്മാര് അഞ്ചു വയസ്സിനു മേൽ ഇരുപതു വയസ്സിനകം ഉള്ള കുട്ടികളെ കാലത്തു ആറുമണിക്കു എഴുത്തിനായച്ചു പകൽ സമയത്തും രണ്ടുമണി സമയത്തു ഭക്ഷണത്തിനു വരുത്തി ഭക്ഷണം കഴിപ്പിച്ച് എഴുത്തിനയപ്പിച്ച് വയ്യിട്ടന്നരം ആറുമണിവരെക്കും എഴുതിച്ച് അവരവരുടെ വീടുകളിലേക്കുതന്നെ വരുത്തിച്ചുകൊള്ളുകയും വേണം.


൩-ാമത്. അതിനുള്ള കുട്ടികൾക്കു സൌകൎയ്യത്തിനും വിദ്യാഭിവൃദ്ധിക്കും പുഷ്ടിക്കും വേണ്ടി എഴുത്താശാന്മാരുടെ കയ്യിൽ നിന്നും ശമ്പളം കൊടുത്തു കുട്ടികളെ എഴുതിക്കത്തക്കവണ്ണം ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ ഇപ്പോൾ എഴുത്താശാന്മാരുടെ പ്രവൃത്തിയിൽ വെച്ച് എഴുതിക്കത്തക്കവണ്ണം മടങ്ങുവീട്ടിൽ ശമ്പളക്കാരനായിട്ടും അവന്റെ പ്രവൃത്തിയിൽ വെച്ച് എഴുതിക്കത്തക്കവണ്ണം കൊള്ളുന്നതാകുന്നപ്പിന്നെയും നിശ്ചയിച്ച് ആക്കിയിരിക്കകൊണ്ട് ആയവൎക്കു കുട്ടികളിൽനിന്നും ഒരു കാശുപോലും കൊടുപ്പാൻ ആവശ്യമില്ല.

൪-ാമത്. ഇപ്രകാരം കുട്ടികളെ എഴുതിച്ചു വരുന്നതിനെ എന്നും കാൎയ്യക്കാരനും തിരുമുഖംപിടിച്ച പിള്ളയും ശോധനചെയ്തു ഇന്നിന്ന വീട്ടിലെ ഇന്നിന്ന കുട്ടികൾക്കു ഇന്നിന്ന വിദ്യകൾ വശമായി എന്നു വിവരമായിട്ടു ഓരോ വൎത്തോല എഴുതി വാങ്ങിച്ചു ൩൰ ദിവസത്തിലൊരിക്കൽ ആ വൎത്തോല ഹജൂൎക്കു അയക്കുകയും വേണം.

൫-ാമത് കുട്ടികൾക്കു എഴുത്തു വശമാക്കിക്കൊടുക്കുന്നതും മേലെഴുതിയപ്രകാരം തന്നെ ൩൰ ദിവസത്തിലൊരിക്കൽ വൎത്തോല എഴുതി കാൎയ്യക്കാരന്റെ അടുക്കലും ഹജൂൎക്കും അയച്ചുകൊള്ളുകയും വേണം. ആപ്രകാരം ആ എഴുത്താശാന്മാര് അവൎക്കു വെച്ചിരിക്കുന്ന ശമ്പളം അല്ലാതെ യാതൊരു കുടിയാനവരോടെങ്കിലും യാതൊന്നെങ്കിലും വാങ്ങിച്ചു എന്നു കേൾവിപ്പെട്ടാൽ ഉടനെ ആയവനെ കോട്ടിൽ

ഏല്പിച്ച് അതിന്നു തക്ക ശിക്ഷ ചെയ്യിക്കുന്നതിന്നു ഇടവരികയും ചെയ്യും.

വ്യവസായവിദ്യാഭ്യാസം



വ്യവസായം ഉൽപാദകമെന്നും പ്രസാരകമെന്നും രണ്ടു വിധമാകുന്നു. ഉൽപാദകമെന്നാൽ ഇഷ്ടസാധനങ്ങളെ ഉണ്ടാക്കുക. പ്രസാരകമെന്നാൽ ആ സാധനങ്ങളെ ആവശ്യക്കാൎക്കു കിട്ടുന്നതും എളുപ്പത്തിൽ സമ്പാദിക്കത്തക്ക നിലയിൽ വ്യാപാരം ചെയ്യുക. ഉദാഹരണത്തിന്നുവേണ്ടി ഘടനിൎമ്മാണവ്യവസായത്തെ എടുക്കാം. വ്യവസായത്തിന്റെ സാമാന്യഗുണങ്ങളായ ഉൽപാദകത്വവും പ്രസാരകത്വവും ഘടനിൎമ്മാണത്തിലുണ്ട്. മണ്ണിന്മേൽ കുശവൻ എടുക്കുന്ന വേലയുടെ ഫലമായി ഇഷ്ടസാധനങ്ങളായ കുടങ്ങൾ ഉണ്ടാകുന്നു. ആ കുടങ്ങളുടെ ക്രയവിക്രയങ്ങളെക്കൊണ്ട് അവയ്ക്കു പ്രചാരവും ഉണ്ടാകുന്നു. ആയതുകൊണ്ടു വ്യവസായകവിദ്യാഭ്യാസം എന്നുവെച്ചാൽ നിൎമ്മാണത്തിന്നും വ്യാപാരത്തിന്നും ഉപയുക്തമായ വിദ്യാഭ്യാസം എന്നാണ് ധരിക്കേണ്ടത്.

നിൎമ്മാണ വ്യാപാരങ്ങൾക്കു ഉപയുക്തമായ വിദ്യാഭ്യാസം എന്നുവെച്ചാൽ എന്ത്? മേൽപറഞ്ഞ കുശവന്റെ ഉദാഹരണത്തെ തന്നെയെടുക്കാം. വയലുകളിൽ ആരും വകവെയ്ക്കാതെ കിടക്കുന്ന മണ്ണിനെ കുടമാക്കി തീൎക്കുന്നതിന് അതിന്മേൽ എന്തെല്ലാം പണികൾ ചെയ്യണമൊ ആ പണികളെ ശീലിപ്പിക്കയാകുന്നു നിൎമ്മാണവിദ്യാഭ്യാസം. അപ്രകാരംതന്നെ ഉണ്ടാക്കുന്ന കുടങ്ങളെ പ്രയത്നക്കൂലി മുതലായവറ്റേയും കാലദേശാവസ്ഥാദികൾക്കനുസരിച്ചുതായ ലാഭത്തെയും മററും കണക്കാക്കി, ആവശ്യക്കാരെ അറിഞ്ഞു വിൽ

കുവാൻ ശീലിക്കുകയാകുന്നു വ്യാപാരവിദ്യാഭ്യാസം. ഈ രണ്ടുതരം വിദ്യാഭ്യാസവും നമ്മുടെ ഇടയിൽ പ്രായേണ ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസത്തിൽനിന്നു വ്യത്യാസപ്പെട്ടതാണ്. ഭൂമിശാസ്ത്രവും ചരിത്രവും വ്യാകരണവും ഒട്ടേൻ ഉള്ളലും മററും പഠിക്കുന്നതു നിർമ്മാണവിദ്യാഭ്യാസമാവുന്നതല്ല. ഏഷ്യാഖണ്ഡത്തിന്റെ പരമോത്തരഭാഗത്തെ മുനമ്പ് ഏതെന്നോ, പാനിപ്പട്ടിലെ മൂന്നാം യുദ്ധത്തിൽ ആകെ എത്ര പേർ ഹതരായിയെന്നോ, കർമ്മണിപ്രയോഗത്തെ കർത്തരിപ്രയോഗമാക്കുന്നതിനുള്ള നിബന്ധനകൾ ഏതെല്ലാമെന്നോ, 'കേൾക്കടനല്ലിവനഞ്ഞോ നമ്മുടെ മകളെ മംഗലനിക്കിന്ന സംഗതി' എന്നത് ആര് എപ്പോൾ ആരോട് എവിടെവെച്ചു വേഗേ പറഞ്ഞത് എന്നോ അറിഞ്ഞതുകൊണ്ട് ഒരു കാര്യം ഉണ്ടാകുവാൻ സാധിക്കയില്ലെന്നു വായനക്കാർക്ക് അറിയാമല്ലോ. നിർമ്മാണവിദ്യാഭ്യാസവും വ്യാപാരവിദ്യാഭ്യാസവും ഒരു തരം പ്രത്യേകവിദ്യാഭ്യാസങ്ങളാണ്. ഇൻഡ്യാരാജ്യത്തിന്റെ അഭ്യുദയത്തിനും പ്രത്യേകിച്ചു കേരളത്തിന്റെ യോഗക്ഷേമത്തിനും വ്യവസായവിദ്യാഭ്യാസം അത്യാവശ്യമായി തീർന്നിരിക്കുന്ന ഈ കാലത്തു കേരളീയരായ നാം ഈ ഉപന്യാസത്തിന്റെ വിഷയത്തെപ്പററി പര്യാലോചന ചെയ്യേണ്ടതാണ്.

വ്യവസായത്തിൽ എന്നുവേണ്ട, മനുഷ്യർ ഏർപ്പെടുന്നതായ സകല പ്രവൃത്തികളിലും അതതിന്നനുരൂപമായ ഒരു പ്രത്യേകപരിശീലനം ഉണ്ടെങ്കിൽ മാത്രമെ ആവക പ്രവൃത്തികൾ വെടിപ്പായി നടത്തുവാൻ സാധിക്കയുള്ളു എന്നതു പ്രസിദ്ധമാണ്. ഇപ്പോഴത്തെ കാലാവസ്ഥകൊണ്ടും വ്യവസായവിഷയങ്ങളിൽ പ്രത്യേകപരിശീലനം അത്യാവശ്യമായിട്ടാണ് കാണുന്നത്.

ആയതുകൊണ്ടു സകല വ്യവസായങ്ങളിലും സുശിക്ഷിതപടുത്വവും ശാസ്ത്രീയജ്ഞാനവുംകൂടാതെ നിവൃത്തിയില്ലെന്നുമാത്രമല്ല ആവക പാടവവും ജ്ഞാനവും വർദ്ധിക്കുന്തോറും വ്യവസായങ്ങൾ പൂർണ്ണഫലപ്രദങ്ങളായിത്തീരുകയും ചെയ്യും. വ്യവസായങ്ങളുടെ പ്രധാനതത്വം ഇതാണ്. ഈ തത്വം യൂറോപ്പിലും അമേരിക്കയിലും

നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതിന്ന് ആ രാജ്യങ്ങളിൽ വ്യവസായവിദ്യാഭ്യാസത്തിന്നു വേണ്ട സകല ഏൎപ്പാടുകളും ആ നാട്ടുകാർ തന്നെ ചെയ്തിട്ടുണ്ടെന്നും അവയെ അതാതു ഗവൎമ്മെണ്ടു സഹായിക്കുന്നുണ്ടെന്നും ഉള്ള സംഗതികൾ ലക്ഷ്യങ്ങളാകുന്നു. സ്വീഡനിലെ 'സ്ലോജൽ' എന്നു പറയുന്ന പ്രസിദ്ധ കരകൌശലവിദ്യാലയത്തിൽനിന്നും അപ്രകാരം തന്നെ ബെൽജിയമിലെ 'അപ്രൻററിസേജ്' എന്ന വിദ്യാശാലയിൽനിന്നും, കൊളംബിയയിലെ ലോഹകരവിദ്യാലയത്തിങ്കൽനിന്നും, ഫ്രാൻസിലേയും ജൎമ്മനിയിലേയും കലാശാലകളിൽനിന്നും അവകളിലേക്കു വ്യവസായവിദ്യാൎത്ഥികളെ ഓക്സ്ഫോർഡ്, ദക്ഷിണകെൻസിങ്ങ്ടൻ ഈ നഗരങ്ങളിലെ കരകൌശലപള്ളിക്കൂടങ്ങളിൽനിന്നും, പ്രതിവത്സരം എത്ര വിദ്യാൎത്ഥികളെയാണ് ഓരോ കലാവിദ്യകളിൽ പരിശീലിപ്പിച്ചയക്കുന്നത്. ഈ വിദ്യാൎത്ഥികൾ പലതരക്കാരാണ്. ഈ നാട്ടിലെപ്പോലെ ഏതെങ്കിലും ഒരു പണി ഒരു ജാതിക്കാരേ പഠിക്കാവൂ എന്നോ കലാവിദ്യകൾ അഭ്യസിക്കുന്നതു നിന്ദ്യമാണെന്നോ ഒരു അഭിപ്രായം ആ നാടുകളിൽ ഇല്ല. ഒരുവൻ ഏതൊരു തൊഴിലിൽ പ്രവേശിക്കുന്നുവൊ അവന് ആ തൊഴിലിൽ ഉപയുക്തമായ ബുദ്ധിസാമൎത്ഥ്യം ഉണ്ടാക്കിക്കൊടുക്കുകയും തന്നിമിത്തം തനിക്കുതാൻ പോന്നവനാണെന്നുള്ള ഒരു വിശ്വാസവും ധൈൎയ്യവും അവനിൽ ജനിപ്പിക്കുകയും ആകുന്നു മേൽപറഞ്ഞ വിദ്യാലയങ്ങളിലെ പഠിപ്പുകൊണ്ടുണ്ടാകുന്ന ഫലം. എവിടെയെങ്കിലും വേല ചെയ്തു ദിവസം അരഉറുപ്പിക സമ്പാദിച്ചുകൊള്ളാമെന്നു ധൈൎയ്യമുള്ള വേലക്കാരൻ നമ്മുടെ രാജ്യത്തു നൂറിൽ ഒന്നൊ രണ്ടോ! യൂറോപ്പിലും അമേരിക്കയിലും, നേരെ മറിച്ച്, അങ്ങിനെ ധൈൎയ്യമില്ലാത്തവർ നൂറിൽ ഒന്നോരണ്ടോ! കച്ചവടക്കാരൻ, ഉണ്ടികക്കാരൻ, എൻജിനിയർ, ശില്പി എന്നിങ്ങിനെയുള്ള ഓരോരോവകക്കാരേയും അതാതു തരങ്ങളുടെ തൊഴിലുകളിൽ പരിചയിപ്പിക്കുക എന്നുവേണ്ട, ഓരോ തൊഴിലിന്റേയും തത്വങ്ങളേയും യന്ത്രങ്ങളേയും നിശ്ശേഷം അവരെ പഠിപ്പിച്ചു വിടുകയുമാകുന്നു മേൽപറഞ്ഞ വിദ്യാലയങ്ങളുടെ ധ

ത്ഥം. ഇതുകൊണ്ടാണ് യൂറോപ്പിലും അമേരിക്കയിലും എവിടെ നോക്കിയാലും വ്യവസായിയെ രാജ്യക്ഷേമപദ്ധതിയിൽ പുരോഗാമിയായും അവിടെയുള്ള കച്ചവടക്കാരനെ വാണിജ്യലോകനിയന്താവായും കാണുന്നത്.

വ്യവസായങ്ങളെ സംബന്ധിച്ച് ഇൻഡ്യാരാജ്യത്തിലും പ്രത്യേകിച്ചു കേരളത്തിലും ചില അഭിപ്രായഭേദങ്ങൾ ഇയ്യിടയിൽ കണ്ടു തുടങ്ങീട്ടുള്ളതു ശുഭസൂചകംതന്നെ. അങ്ങാടികളിൽ പൊതി കെട്ടിക്കളയാറുള്ള ഉണക്കവാഴപ്പോളകൾകൊണ്ടു മുണ്ടുകളും കളങ്ങളുടെ വക്കുകളിൽ പാറാവുകാരായി നിൽക്കാറുള്ള സംഭാരപ്പുല്ലുകളെക്കൊണ്ട് ഒരുതരം തൈലവും ഉണ്ടാകുന്നതു നന്നെന്ന് എപ്പോൾ നമ്മുടെ നാട്ടുകാരിൽ ഒരാൾക്കെങ്കിലും തോന്നിയോ അപ്പോൾതന്നെ നമ്മുടെ രാജ്യത്തിനു നല്ലകാലം വന്നുവെന്ന് പറയാം. ഇപ്പോൾ കേവലം വെളുത്തേടന്മാരും നാട്ടുവൈദ്യന്മാരും മാത്രം ഉപയോഗിച്ചുപോരുന്ന 'അമരി'യെന്ന ചെടിയിൽനിന്നു നീലം ഉണ്ടാക്കാൻ തുടങ്ങാത്തതും അപ്രകാരംതന്നെ ഈ കേരളത്തിൽ പല ദിക്കുകളിലും അന്തർഭവിച്ചുകിടക്കുന്ന 'ഇരുമ്പും', 'അലൂമിനിയം' എന്നീ ലോഹങ്ങളെ പുറത്തെടുക്കാൻ ശ്രമിക്കാത്തതും എന്തൊരു കഷ്ടമാണ്. ഇപ്പോളെങ്കിലും ഈവക വിഷയങ്ങളിൽ ബഹുജനങ്ങൾക്ക് ഒരു താല്പര്യം ജനിച്ചിട്ടുള്ളതിനെപ്പറ്റി സന്തോഷിക്കേണ്ടതാണ്. എന്നാലും ജപ്പാൻമുതലായ രാജ്യങ്ങളിൽ ഓരോ വ്യവസായങ്ങൾ എത്രയോ ചുരുക്കകാലംകൊണ്ടുണ്ടാവുകയും പരിപൂർത്തിയെ പ്രാപിക്കുകയും ചെയ്യുന്നതായി കാണുമ്പോൾ ദേശാഭിമാനംനിമിത്തം മനസ്സമാധാനം ഉണ്ടാവുന്നില്ല.

ഇയ്യിടയിൽ ഇൻഡ്യാരാജ്യത്തിന്റെ മിക്ക സംസ്ഥാനങ്ങളിലും വ്യവസായവിദ്യാഭ്യാസത്തിനുവേണ്ട ഏർപ്പാടുകളിൽ ചിലതെല്ലാം ചെയ്തിട്ടും ചെയ്തുവരുന്നും ഉണ്ട്. യന്ത്രകലാവിദ്യാലയങ്ങൾക്കും അരവൈദ്യാലയങ്ങൾക്കും കാർഷികവിദ്യാശാലകൾക്കും ശില്പവിദ്യാലയങ്ങൾക്കും പുറമെ കരകൗശലവിദ്യാഭ്യാസത്തിന്നായിതന്നെ വന്ന പള്ളിക്കൂടങ്ങളും അവയിൽ പഠിക്കുന്ന വിദ്യാർത്ഥികളും ഈ ഇൻഡ്യാരാ

ജ്യത്ത് ഇപ്പോൾ ഉണ്ട്. ഇവകളിൽ പ്രധാനമായി, പഞ്ചാബിൽ അഞ്ചു പള്ളിക്കൂടങ്ങളും നൂററ വിദ്യാർത്ഥികളും, യൂണൈറെറഡ് പ്രോവിൻസുകളിൽ നാലു സ്കൂളുകളും ൧൬൯ വിദ്യാർത്ഥികളും, ബെംഗാളത്തു നാലു സ്കൂളുകളും ൧൪൦ വിദ്യാർത്ഥികളും ഉണ്ടെന്നാണു കാണുന്നത്. ബെംഗാളത്തു മിക്ക കാളേജുകളിലും ആരോഗ്യവിദ്യ പഠിപ്പിക്കേണ്ടവർക്കുള്ള ഏർപ്പാടുകൾ ഉണ്ട്. അപ്രകാരംതന്നെ സെൻട്രൽ പ്രോവിൻസുകളിലും പക്ഷേ അവിടെ വ്യവസായ വിദ്യാലയങ്ങൾ ഇല്ലാത്തതിന്നുപകരം മിക്ക സ്കൂളുകളിലും ആശാരിപ്പണി പഠിപ്പിക്കുവാനായ ക്ലാസ്സുകൾ ഏർപ്പെടുത്തിട്ടുണ്ട്. മദിരാശി സംസ്ഥാനത്തിൽ വ്യവസായം തനിച്ചും ഇതരവിഷയങ്ങളോടു വ്യവസായം ചേർത്തും പഠിപ്പിച്ചുപോരുന്ന സ്കൂളുകൾ അനവധിയുണ്ട്. എങ്കിലും അവയിൽ പ്രധാനങ്ങളായി ആൺകുട്ടികൾക്കു ൨൦ഉം പെൺകുട്ടികൾക്ക് ൧൬ഉം സ്കൂളുകൾ ഉണ്ട്. ഇതിനു പുറമെ ആശാരിപ്പണി പൂരൽപ്പണി മുതലായവ പഠിപ്പിക്കാൻവേണ്ടി ഏർപ്പാടുകൾ ചില ഹൈസ്കൂളുകളിൽ ചെയ്തിട്ടും ഉണ്ട്. ബൊംബായിൽ വിക്ടോറിയാ ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ട് എന്ന മഹാപ്രസിദ്ധമായ വിദ്യാലയത്തിനു പുറമെ വേറെയും അനേകവിദ്യാലയങ്ങളിൽ വ്യവസായവിദ്യാഭ്യാസം നടത്തിപ്പോരുന്നുണ്ട്.

ഇൻഡ്യയിലെ മുപ്പതുകോടിയിൽപരം ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഇത്ര ചുരുക്കം പള്ളിക്കൂടങ്ങൾ മതിയാവുകയില്ല. ആയതുകൊണ്ടു വ്യവസായവിദ്യാഭ്യാസത്തിനു പാടുള്ളേടത്തോളം പ്രചാരം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതു ദേശാഭിമാനികളുടെ കർത്തവ്യകർമ്മമാണ്.

പ്രസാരകവ്യവസായത്തിനു ആവശ്യമായ വിദ്യാഭ്യാസത്തിൻെറ പ്രചാരം ഇതുവരെയായിട്ടും മതിയായിട്ടില്ല. ഈ കാര്യത്തിൽ മദ്രാസ് സംസ്ഥാനത്തിൻെറ കഥ വളരെ ഭേദമാണ്. പഞ്ചാബിൻെറ കഥയും ദോഷമില്ല. പ്രസാരകവ്യവസായം അല്ലെങ്കിൽ വാണിജ്യവിദ്യാഭ്യാസം ഇൻഡ്യയുടെ ഇപ്പോഴത്തെ തിടുക്കമായ ആവശ്യങ്ങളിൽ ഒന്നാണെന്നുള്ളതിന് ആക്ഷേപമില്ല. രസതന്ത്രം മുതലായ ശാസ്ത്രങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള ഈ കാലത്ത് മ

റവുള്ളവരോടു കിടപിടിക്കുവാൻ സകല വ്യാപാരങ്ങളിലും ശാസ്ത്രജ്ഞാനം അത്യാവശ്യമായിട്ടാണ് തീൎന്നിരിക്കുന്നത്. ശാസ്ത്രജ്ഞാനത്തിൻെറ അപേക്ഷയല്ലാതെ നമ്മുടെ നാട്ടിലെ വണിക്കുകൾക്കും ശില്പികൾക്കും ക്ഷേമാഭിവൃദ്ധിക്ക് മറെറന്താണ് ഗതി? വ്യവസായവിദ്യാഭ്യാസം തനിച്ചു പകുതിവഴി മാത്രമെ പോകയുള്ളൂ. എന്നു തന്നെയല്ല, വാണിജ്യവിദ്യാഭ്യാസത്തിൻെറ അഭാവത്തിൽ ചിലപ്പോൾ വ്യവസായവിദ്യാഭ്യാസം നിഷ്ഫലമായും തീരും. ശിക്ഷിതപ്പെട്ടതായുള്ള ശില്പികളും വണിക്കുകളും ഇവർ രണ്ടുപേരും നൂലും സൂചിയുംപോലെയിരിക്കണം. നൂലിനെ വേണ്ട വഴിക്കു സൂചിയെങ്ങിനെ കൊണ്ടുപോകുന്നുവോ അപ്രകാരം തന്നെ ശില്പവിദ്യയെ വേണ്ടവഴിക്കു കൊണ്ടുപോകുന്നതു വാണിജ്യമാണ്. വണിക്കിനു ശാസ്ത്രജ്ഞാനത്തിനു പുറമെ വാണിജ്യത്തിലുള്ള ആധുനികസമ്പ്രദായങ്ങളിൽ പരിചയവും ബുദ്ധിവൈഭവവും കാൎയ്യസ്ഥതയും ഉണ്ടെങ്കിൽ മാത്രമെ അവിടവിടെപ്പെട്ടുകിടക്കുന്ന വ്യവസായങ്ങളെ യോജിപ്പിക്കാനും തന്നിമിത്തം വിവിധങ്ങളായ കച്ചവടങ്ങളെ സംയോജിപ്പിക്കുവാനും ആകപ്പാടെ നാട്ടിനു ക്ഷേമത്തെ ഉണ്ടാക്കുവാനും സാധിക്കയുള്ളൂ. ഈ വിഷയത്തിൽ മററുള്ള നാട്ടിൽക്കാർ വക്കീലന്മാരാകട്ടെ ഉദ്യോഗസ്ഥന്മാരാകട്ടെ, എന്തുതന്നെ മിടുക്കന്മാരായാലും, പ്രവേശിച്ചിട്ടു പ്രയോജനമില്ല. അവർ അവരുടെ കുട്ടികളെ ഈ വിഷയം അഭ്യസിപ്പിക്കുകയോ അല്ലാത്തപക്ഷം ഈ വിഷയം അഭ്യസിക്കുന്നതിന്നായി പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തുകയോ ആ വക പള്ളിക്കൂടങ്ങൾക്കു ധനസഹായം ചെയ്കയോ ആകുന്നു വേണ്ടത്. വ്യവസായങ്ങളുടെ അപേക്ഷയുള്ള സ്ഥലങ്ങളെ കണ്ടുപിടിക്കുന്നതും അവിടെ അതിനുവേണ്ട ഏൎപ്പാടുകൾ കാലതാമസം കൂടാതെ ചെയ്യുന്നതും തൻെറ പരിശ്രമശീലംകൊണ്ടു ക്രമേണ അതിനെ വൎദ്ധിപ്പിച്ചു തനിക്കും മററുള്ളവൎക്കും പൂൎണ്ണോപകാരപ്രദമാക്കി തീൎക്കുന്നതും ഞങ്ങളുടെ വ്യവസായം തന്നെയാണ്.

പുത്തേഴത്തു ഗോവിന്ദമേനോൻ ബി. എ.

ഉണ്ണുനീലി
സന്ദേശം

[ഈ ലക്കംമുതൽ തുടൎച്ചയായി പ്രസിദ്ധംചെയ്യുവാൻ തുടങ്ങിയിരിക്കുന്ന 'ഉണ്ണുനീലിസന്ദേശം', എന്ന സന്ദേശകാവ്യത്തിന്റെ പകൎപ്പ് ഞങ്ങൾക്കു കോഴിക്കോട്ടുനിന്നു കിട്ടീട്ടുള്ളതാണ്. ഈ കൃതിയുടെ പ്രാചീനത്വം, അതിന്റെ അൎത്ഥപുഷ്ടി, രചനാഭംഗി, ഭാഷാരീതി ഇതുകളിൽനിന്നും ഊഹിക്കാവുന്നതിനു പുറമെ ആന്തരങ്ങളായ ലക്ഷ്യങ്ങളെക്കൊണ്ടും തെളിയുന്നുണ്ട്. ശുകസന്ദേശത്തിലെ 'ആസ്ഥാലോകേ വിപുലമനസാം', ഇത്യാദി ചില ശ്ലോകശകലങ്ങളും പരിഹാസരീതിയ്ക്ക് അനുസരിച്ചതോ എന്നു തോന്നുമാറ് ആ സന്ദേശകാവ്യത്തെ അനുകരിച്ചു ചില പ്രയോഗങ്ങളും ഇതിൽ കാണുന്നതുകൊണ്ട് അതിന്റെ കാലമായ നവഷന-ാമതു കലിവൎഷത്തിന്ന് ഇപ്പുറവും അതിന്റെ ചൂട് ആറുന്നതിനുമുമ്പും ആണ് ഈ കാവ്യം ഉണ്ടാക്കീട്ടുള്ളതെന്നും ഊഹിക്കാവുന്നതാണ്. വിശേഷിച്ച് ആരംഭത്തിലെ മംഗളശ്ലോകത്തിൽ 'അംഗരാഗാഭിരാമംകരകലി', എന്ന ഭാഗത്തിനു കരസ്ഥമായ കലി 'അംഗരാഗം'കൊണ്ട് അഭിരാമമാകുന്നു എന്ന അൎത്ഥം വിവക്ഷിക്കുവാൻ ന്യായമുള്ളതുകൊണ്ട് നവനവം-ാമത് കലിവൎഷത്തിലാണ് ഈ കാവ്യം ഉണ്ടാക്കിത്തുടങ്ങീട്ടുള്ളതെന്നും പൂൎവ്വാപരവിരോധം കൂടാതെ വിചാരിക്കുവാൻ വഴിയുണ്ട്.

പുസ്തകത്തിനു വിലയുള്ളതുകൊണ്ടു പകൎപ്പിലുള്ള അക്ഷരവ്യത്യാസത്തിനു യാതൊരു മാററവും ചെയ്യാതെയാണ് അച്ചടിപ്പിക്കുവാൻ ഞങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഈ ഗ്രന്ഥത്തിൽ ഒട്ടുമുക്കാലും ദിക്കുകളിൽ 'ന്ന' എന്നതിനു 'ൻറ' എന്നാണ് പ്രയോഗിച്ചു കാണുന്നത്. അതും ഞങ്ങൾ മാററുവാൻ ശ്രമിച്ചിട്ടില്ല. ഈ കാവ്യം രഞ്ജിനിമുഖേന ഖണ്ഡംഖണ്ഡമായി മുഴുവനും ഭാഷാഭിമാനികളുടെ ദൃഷ്ടിയിൽപ്പെടുത്തിയതിന്റെശേഷം അവരുടെ സഹായത്താൽ അൎത്ഥാദിശോധനങ്ങൾ അടങ്ങിയ ടിപ്പണിയോടുകൂടി പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്കു സുലഭവും സുഖവേദ്യവും ആക്കിത്തീൎക്കണമെന്നാണ് ഞങ്ങളുടെ മോഹം].

ര. രം. പ.

അസൃതകരകരോടീസ്വർദ്ധുനീബദ്ധചൂഡം
തിരളൊളിതിരുനീറാമംഗരാഗാഭിരാമം
കരകലിതകപാലംമംഗളംപിംഗളാക്ഷം
മലമകൾമുലപൂണുംദൈവതംവെൽവുതാക.

ശ്രീകണ്ഠസ്വയമാനയായ്കരിണിയായ്കാന്ത്യാമലക്കൊന്നിതാ-
നാബദ്ധപ്രണയേനചെന്നിരുവരുംതങ്ങിൽക്കളിച്ചോരുനാൾ
ഉണ്ടായോരുകരീന്ദ്രചാരുവദനോവന്ദിച്ചുഞാൻകോലിനേൻ
മുന്നെക്കൻത്തകമുണ്ണുനീലിവിഷയസന്ദേശമെന്നാളിതം. ൨

ഉന്തുക്കീരാളിരാമാമടിയൊടുതുംഗിരാ-
നായികാമായവണ്ണം
മന്ദപ്രജ്ഞോപിമാരജ്വരപരവശനായ്
കോലിനേൻഞാനിദാനീം
കണ്ടിക്കൊൾക്കുന്തൽക്കാലിൽതടവിനടവാൻ
നായികാവാട്ടവന്നായ്
മുന്നെക്കൽക്കൊൺമാമകംകരുതിനമറിമാൻ
കണ്ണിയാമുണ്ണുനീലീം. ൩

പൂമാതിൻനയനാന്തഭൃംഗനളിനീശ്രീമത്സുധാദീപികാ-
പൂണാരംമണികണ്ഠമുണ്ണുമഹീപാലൈകചൂഡാമണേഃ
പൂവാവൻകുലദേവതാപുകൾമികുമ്മുണ്ടെക്കലൊപ്പുറെറ്റും
പൂമാലക്കെഴുമുണ്ണുനീലിതിരുനാൾനിന്നാൾവിളങ്ങീടുക. ൪

വെള്ളിക്കുന്റിന്നടിപ്പുംവെളുവെളെവിളയി-
പ്പിക്കുമക്കീർത്തിവാർമേ
ലല്ലിത്താർമാതിനൊക്കൊന്തൊഴിവിളിപണിതൊ-
ഴുകുമെന്നുംപ്രലാപഃ

ഇല്ലത്തിന്നന്തിന്റെ ചിത്രത്തിനിതരം-
മാകയാലുള്ളൊന്നിലി
ചൊല്ലിന്റെനെങ്കിൽനീകെട്ടരുളുകദയയോടീ
സൂക്തിരത്നംമദീയം.

തണ്ടാർമാതൎണ്ട്യകപൊഴിയുമ്മികമുണ്ടെങ്കൽമേവും
വണ്ടാർകോലക്കുഴലികടംശിഖാമുള്ളൊന്നിലീമുദാരം
കൊണ്ടാടിക്കൊണ്ടുതണ്ണമണിവാകൊണ്ടുകൊണ്ടാതതാഗാ
പണ്ടേപ്പോലെപാരമനുഭവാൎകോപികാമീജഗാമ. ൭

വക്ഷോദേശസ്പൃതകലാപാവ്യാകലാന്താംവഹന്താം
യക്ഷീകാചിൽപുനരമൃതാങ്ങിന്റെനോമിന്നായ
രക്ഷാചാലച്ചതിയിൽമദനോനാദിനീരക്ഷിണോരാ
രക്ഷോരാജന്നിളയസഹജാലക്ഷ്മണംരക്ഷസീവ. ൮

സന്നാഹൂരമ്പെതപൂരവീരചൊൻനാൻനമത്തണാം-
നാനാദേന്താടിഫാവിരഹിതോനോപിതാന്നല്ലൊന്നിലി
ശോകോന്മാദമാനസികനമൂണ്ടാകിലുംമത്രോയത്ര്യ-
മൂഢേതാരൈവാൽപുനരവളുടേകഴ്വിൽനിന്റേവപകാമി. ൯

അല്ലിത്താർമതണായമവ്യംപൊന്മനാങ്ങനപാടോ
മെല്ലെത്താണഞ്ഞചനാചനിയിൽപ്പുഷ്പവേചെൻറിനിന്നാൻ
അല്ലൽപ്പെട്ടാൻപ്രിയസഹചരീവേറിനിന്നോരാമോറാൻ
മുല്ലപ്പൂവിൻപരിമളമെഴുംതെന്നൽതിണ്ണൻറപോലെ. ൰

ഓന്നാദേശംപുനരിവിടമേതെന്നുനാടെൻറമെല്ലാ
മിന്നമോഹാത്തംപുനരവനദേചിന്തമൂന്നലയന്ത്യ
നാണമക്കൈന്നിറിചിലജഗന്നാംപത്മനാഭമൂരാനേ
ചിന്മിടരേതിരന്നയനമെൻറൽഗതവോദിവാചേ. ൧൧

കാളംപോലെകനസുമധനന്മേഷാഹന്തപൃക്തേശിക്തകി
ചോളംപോലെചെതറിവിളറീതാരകണ്ണാംനികായം
താളംപോലെപുനരിവനിതജ്ഞാഗതെചന്ദ്രസൂര്യ്യൌ
നാളംപോലെനളിനകഹരാദ്ദൽഗതാളുംഗരാജിഃ. ൫

നീലക്കൻറിൻമണിമകടവൽദൃശ്യതേതാനാബിംബം
ചാലത്താണ്ടുകടലിലണിവെന്നിവന്നാവെൺറേപാ
കാലത്തെത്തുംവെയിലൊളികയിൽപ്പെട്ടപാടിൻറത്തുംകേടം
വേലപ്പെണ്ണിൻമുലയിലിതമൂറാമുമെൻതന്നുയെന്നോ. ൬

എന്നെൻറല്ലാംകേട്ടവനൊരുത്തനങ്ങുരേസാനിയൊൽറേനാ
കൻറിച്ചുണ്ടുംകയിൽനിനദവ്യങ്ങളുമൊക്കവേതാടാ
ഒൻറിച്ചൊച്ചെരഘുണരോൽനാടൊൾവാങ്ങിൻറിനാതെ-
കൊൻറല്ലപ്പോടൊത്തപടുതകളെല്ലാകാലിവാനാൻ വാസനാം. ൭

തേന്മാവിന്മേൽപ്പൂമുകുതകുലംതുംഗതാളോപമായാമെ
മാരന്നൂറായിരുൾവിലവുംചെമ്പകക്കാവുമേറേ
തെൻറൽകൻറിൽനിയമവകളുകിൽക്രൂരികകിൽക്കുകാളി
നാളീകത്താർനളിനിയിലവന്നെങ്ങുമാനാകംവൃന്ദം. ൮

കോകശ്രേണീവിരഹനിറതംതീരങ്ങളെൻറപോലെ
തുകിത്തുകിത്തുഹിനകണികാംതുന്നുപൂകവേറ്റേട
ന്നേർകോനീലനളിനതെളിതെൻകാളക്കൂടാംബ്യേകാടി-
തെങ്കിത്തൊകപ്പവനനായാനച്ചുൻറമാൻറാൻതരാനി. ൯

സംസ്ഥാനേരോരിശ്ചലോരാമാരണനെവെളിപുംസാം
ചിത്രത്താമേഷാരിസ്ഥാവിദ്രനാംപാരിൽനല്ലാതരുന്നാ
ഉപ്പൂറ്റുക്കൂർപ്പുകപൊടിയുംവീതനാതിച്ചുറങ്ങൾ
മുൽപ്പാട്ടങ്ങളുംവിതളുനഹസാതസ്യക്രൂരമെക്കൂൽ. ൰

കണ്ടാൽകണ്ടിപ്പൂരികഴലിമാർമാരനൊപ്പിന്നെമൂന്നാ
കൊണ്ടാടാവോചിലഗുണഗണംചേൎന്നപുണ്യാംബുരാശിം
തണ്ടാർമാതുംകവിവനിതയുംതണ്ടിയൻറൻവപുൽകാം
ചെണ്ടാൽവെൻറിക്കൊടിയെവെടിയിന്റെറാക്കുകല്യാന്തവാനിം. ൧൨

നീത്താനിന്നുപലമിവതെളിഞ്ഞാമ്പൽപോലേചിരിച്ചാ-
നാത്താൻവണ്ടിൻകുലമിവവളൎന്നാൻപരയാരാശിപോലേ
പീതപാത്രപാർശ്വതമിളകിനാരേനഷ്ടചാറ്റ്പ്പ്ത്തുപോലേ
കൃഷ്ണൻകാമീമദനനിവർ പാന്നാഗതവീചന്ദ്രേ. ൧൩

താന്താനേവാനയമുപഗതോദൈവയോഗാദിദാനീം
കാന്താമാരാന്താർമുലയിണപിരിഞ്ഞുള്ളതാപംവിഹന്തും
ഞാന്താനൊൻറങ്ങുവനടനാണത്തെന്തിനാനന്തരംഗം
ചെന്താർമാതിൻകുലനിലയമാംവീരവേണാടർക്കൊന്നേ, ൧൪

ആകല്പാവാണതുള്ളപകവകന്തകാഹന്തളമി-
ക്കാകല്പാന്നിമഴവർമണിയേ! വാണിയുംപൂവിൽമാതും
വീകിരേച്ചവനാഴകൊടുപൂണന്നിട്ടമാതിച്ചവൻമ്മാ!
മേഘലേതൊട്ടുംകൊണ്ടയിലിടയിൻറെറാതുകല്യാണസിന്ധോ! ൧൫

എണ്ണുന്നിലൊന്നുള്ളാംപടയിലെഴുനാള്ളത്തുകൊല്ലുന്നുനിന്റോ
കണ്ണിൽക്കൂടാതെടയതടൽക്കുറാളിതോവാളനിൻറാ
വണ്ണിച്ചീറൊരംഭുജഗശയനംകണ്ടുകൈക്കൂപ്പുവാനോ
പുണ്യത്തിന്റെപതമനപരംനിൻവതത്തൻവമന്യേ. ൧൬

ആറല്ലോചൊല്ലുമരസരണൗസംസ്കൃതപ്രാകൃതാനാം
മററില്ലല്ലോപുനരതിൽനിനക്കിൻവമംഗല്യകീർത്തേ!
ആറല്ലോമൂൻറവനിവിഷയേചാരുഭാഷാവിശേഷാ
വേറല്ലേനീപറകിലവയിററിങ്ങലുംവീരമൌലേ!. ൧൭

ഭ്രാന്തൻ കേശവപണിക്കർ

ഒന്നാമദ്ധ്യായം

"എന്താ മിഴിച്ചുനോക്കിക്കൊണ്ടിരിക്കുന്നത്? വായിക്കുന്നതോ?"

"ഇത് എന്താ ആ കൊച്ചപ്പന്റെ വിഡ്ഢിത്തങ്ങളിൽ ഒന്നാണ്. വായിച്ചു കേൾപ്പിക്കത്തക്കവണ്ണമൊന്നുമില്ല."

"ഇവിടെ കൊണ്ടുവാ, ഞാൻ വായിക്കാം" എന്നു പറഞ്ഞു കേശവപണിക്കർ തന്റെ പുതിയ ഭാര്യയുടെ മകനായ ഇട്ടിക്കോരന്റെ കയ്യിൽനിന്നു കടലാസു തട്ടിപ്പറിച്ചു. കണ്ണടവെച്ചു വായിപ്പാൻ തുടങ്ങി. വൃദ്ധപണിക്കരുടെ വക്രതയും, ഇകതി എന്ന മതിരിയിലുള്ള വായന മനസ്സിലാകുവാൻ വളരെ പ്രയാസമായിരിക്കും. അതിനാൽ അതിലെ സംഗതികളെ മുഴുവൻ ഇവിടെ ചേർക്കാം.

പരസ്യം

വൈരാഗ്യചിന്താമണിമാസികയുടെ

ഉടമസ്ഥൻവക

(പത്രബന്ധുക്കൾക്കു പ്രത്യേകം)

പ്രിയവായനക്കാരെ,

പത്രാധിപർ വലിയ രോഗിയും ഒരു കുടുംബബാധ്യസ്ഥനുമാണെന്നും അതിനാൽ മാന്യവായനക്കാരുടെ സഹായംകൂടാതെ മാസിക ക്രമമായി നടത്തുന്നതു് അസാദ്ധ്യമാണെന്നും ഇതിനുമുമ്പു പലപ്രാവശ്യവും നിലവിളിക്കൂട്ടിട്ടും ഞങ്ങളുടെ ൧൦൦. വരിക്കാരിൽ ഒരാളെങ്കിലും ൪. വയസ്സുകഴിഞ്ഞ് ൫-ാമത്തെ വയസ്സിൽ എത്തിയിരിക്കുന്ന ഈ മാസികയ്ക്കുള്ള വരിസംഖ്യയിൽ ഒന്നാമതെങ്കിലും എത്തിച്ചുതരാത്തതിന്മേൽ ഞങ്ങൾക്കു വലുതായ ഇച്ഛാഭംഗത്തിന്നിടയായിരിക്കുന്നു. വിശേഷിച്ചു പത്രാധിപർ ഒന്നൊന്നരമാസമായി ദീനത്തിൽ കിടപ്പായിരുന്നു. ഇതുവരെ ബുദ്ധിമുട്ടി സമ്പാദിച്ചു പ

ണം മുഴുവനും ചികിത്സയ്ക്കും മററുമായി ചിലവാക്കി. അതിനാൽ എനിക്കു മേലാലത്തേക്കു മാസിക നടത്തുന്നതു് അസാദ്ധ്യമാണെന്നു പറയേണ്ടതില്ലല്ലൊ. അച്ചുക്കൂടക്കാരുടെ ദയകൊണ്ടു തല്ക്കാലം പ്രതിഫലമൊന്നുംകൂടാതെ ഈ പരസ്യം അച്ചടിപ്പാൻ സമ്മതിച്ചു. പത്രാധിപർ ഇന്നലെ കാലത്തു് ഒരു ചോറുണ്ടതിൽപ്പിന്നെ ഇതേവരെ ജലപാനം കഴിച്ചിട്ടില്ല. വായനക്കാരുടെ സഹായമില്ലെങ്കിൽ വേലചെയ്വാൻകൂടി പ്രാപ്തിയില്ലാതായിത്തീർന്നിരിക്കുന്ന ഇയ്യുള്ളവൻ കഴിഞ്ഞുകൂടുവാൻ വളരെ ഞെരുങ്ങും. അതുകൊണ്ടു മാന്യവായനക്കാർ പത്രാധിപരുടെ ഇപ്പോഴത്തെ ദയനീയമായ അവസ്ഥയെ ഓർത്തിട്ടു് അവരവരടയ്ക്കേണ്ടുന്ന നാലുകൊല്ലത്തെ വരിസംഖ്യ മുഴുവനുമില്ലെങ്കിലും എന്തെങ്കിലും തന്നു രക്ഷിച്ചാൽ കൊള്ളാമെന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

എന്നു് വൈ. ചി. പത്രാധിപർ, കെ. കൊച്ചപ്പൻ പണിക്കർ.

ഇതു വായിച്ചിട്ടു പണിക്കർ കുറെനേരം ഒന്നുമിണ്ടാതെ ഇരുന്നു. ഒടുവിൽ ഇട്ടിക്കോരനോടായിട്ടു് ഇങ്ങിനെ പറഞ്ഞു. ഇട്ടിക്കോരൻ, നീ ഇന്നുതന്നെ പോയി അവനെ കൂട്ടിക്കൊണ്ടുവരണം. അവൻ എന്തുതെററു ചെയ്തിട്ടുണ്ടെങ്കിലും അവനെ പട്ടിണിയിട്ടുകൊന്നു എന്നുള്ള പേരു് എനിക്കു കേൾക്കേണ്ട.

ഇട്ടിക്കോരൻ—അച്ഛൻ കുറവുണ്ടോ. അച്ഛൻ അയാളെ പട്ടിണിയിട്ടു കൊന്നു എന്നു് ആരെങ്കിലും പറയുമോ. അച്ഛൻ കൊല്ലംതോറും അയാൾക്കു ൨൦൦ക. അയയ്ക്കാറില്ലേ? അതെല്ലാം അയാൾ ധൂർത്തുകൂട്ടിക്കളയുന്നതിന്നു് അച്ഛനാണോ പിഴച്ചതു്.

കെ. പ.—നീ പറയുന്നതു ശരിതന്നെയാണു്. പക്ഷെ ഞാൻ ചെയ്തതു ന്യായമായി എന്നു് എനിക്കു തോന്നുന്നില്ല. അവനെ ഇവിടുന്നു് ആട്ടിപ്പുറത്താക്കത്തക്കവണ്ണം അത്ര വലിയ ഒരു കുററം അവൻ ചെയ്തിട്ടുണ്ടോ എന്നു് സംശയമാണു്.

ഇ—അച്ഛൻ ചെയ്തതു വളരെ ഉചിതമായി എന്നല്ലാതെ ആരും പറകയില്ല. ഒരിക്കലും അച്ഛൻ ആ സ്ത്രീയെ കണ്ടിട്ടില്ലല്ലൊ. കണ്ടെങ്കിൽ ഇതിനെക്കുറിച്ചു് അച്ഛനു് ഒരിക്കലും പശ്ചാത്താപം

തോന്നുകയില്ല. കള്ളുകുടിച്ചമാതിരി എപ്പോഴും വായിൽ തോന്നിയതൊക്കെ പറഞ്ഞുകൊണ്ടിരിക്കും. സൌന്ദൎയ്യമുള്ളവളാണത്രെ. മന്ദഹാസം കണ്ടിച്ചാലും തലതല്ലി വന്നു പിടിച്ചപോലെന്നു ചമൎത്തിച്ചിട്ടും' എന്നുതന്നെ പറയണം. എന്നാൽ കൊച്ചപ്പന് അവളെ ഭാൎയ്യയാക്കാൻ തോന്നിയതിൽ എനിക്കു വല്ലാത്ത ആശ്ചൎയ്യം തോന്നുന്നുണ്ട്.

പ—'അച്ഛൻ അവളെക്കണ്ടിട്ടു തീൎച്ചയാക്കണം', എന്ന് അവൻ എന്നോട് വളരെ പ്രാവശ്യം പറഞ്ഞു. പക്ഷെ എന്റെ തൽക്കാലത്തെ ദേഷ്യംകൊണ്ട് അവൻ പറഞ്ഞതൊന്നും ചെവിക്കൊണ്ടില്ല.

ഇ—കാണാത്തതു നന്നായെ ഉള്ളൂ. കണ്ടെങ്കിൽ അച്ഛന്റെ ദേഷ്യം വൎദ്ധിക്കയെയുള്ളൂ. ഒന്നാലോചിച്ചുനോക്കു. ഇവിടുന്നു മരിച്ചിട്ട് ഇവിടത്തെ സൎവ്വസ്വവും അപഹരിക്കേണമെന്ന് എപ്പോഴും കരുതിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീ ഇവിടെ പെരുമാറുന്നത് അച്ഛന് എത്രത്തോളം രസമായിരിക്കും. അങ്ങിനെയുള്ള ഒരുവളെ അച്ഛനു വിഷംതന്നു കൊല്ലാൻ ശ്രമിക്കയില്ലെന്നു എങ്ങിനെയാണ് വിചാരിക്കുക.

പ—ശരി, മിണ്ടാതിരിക്കൂ. എനിക്കു അവന്റെപേരിൽ ചിലപ്പോഴും ദയ തോന്നാറുണ്ട്. നിന്റെ ഈ കെട്ടുനാവാണ് അതിനെ നശിപ്പിക്കുന്നത്.

ഇ—അച്ഛൻ ക്ഷമിയണം. അച്ഛനു നല്ലതു വരണമെന്നുവെച്ചാണ് ഞാൻ ഈ പറയുന്നത്. ഒരിക്കൽ അവരെ ഇവിടെ കയററിയാൽ പിന്നെ അത്രവേഗം ഇവിടുന്നു പറഞ്ഞയയ്ക്കുവാൻ സാധിക്കയില്ല. വിചാരിച്ചുനോക്കൂ, നാറികീറി മുഷിഞ്ഞ ഒരു മുണ്ടും ചുററി വൃത്തികെട്ട ഒരു പെണ്ണ്. അതുപോലെതന്നെ ഒരു വികൃതികുട്ടി. ഇവർ ഇവിടെ കടന്നുകൂടിയാലത്തെ കഥയെന്താണ്.

പ—ശരി നീ പറഞ്ഞതു ശരിയാണ്.

ഇ—അല്ല, ഞാൻ പറഞ്ഞതു പരിഹസിക്കേണ്ട. അച്ഛൻതന്നെ

ഒന്നു പരീക്ഷിച്ചുനോക്കാം. അടുത്തവീടുകളിൽ അടിച്ചുതളിക്കുന്ന വൃത്തികെട്ട സ്ത്രീകളിൽ ഒന്നിനെ ഇവിടെ പിടിച്ചുകൊണ്ടുവരു. അതുപോലെതന്നെ ക്രൂരം തെമ്മാടിയായ ഒരു ചെക്കനേയും കൊണ്ടുവരു. അവർക്ക് ഇവിടെവെച്ച് എന്തും പ്രവൃത്തിപ്പാനുള്ള സ്വാതന്ത്ര്യവും കൊടുക്കു. എന്നിട്ട് അച്ഛന് അതു രസമാണെന്നു തോന്നുന്നപക്ഷം ഞാൻതന്നെ പോയി കൊച്ചപ്പനേയും ജ്യേഷ്ഠയേയും കൂട്ടിക്കൊണ്ടുവരാം.

പ — ശരി, നീ പറഞ്ഞതുപോലെതന്നെ ഞാൻ പരീക്ഷിപ്പാൻ ഭാവമുണ്ട്.

ഇ — നേരംപോക്കല്ലല്ലൊ?

പ — കാര്യംപറഞ്ഞതന്നെ ആകുന്നു. നിന്റെ അഭിപ്രായമാണ്. അതുപോലെതന്നെ ചെയ്യാൻ ഞാൻ നിശ്ചയപ്പെട്ടിരിക്കുന്നു. നീ പോയി ഇന്നുതന്നെ അവന്ന ഉടനെ ക എത്തിച്ചുകൊടുക്കണം. എന്നുതന്നെ അവൻ എനിക്കു ദോഷമായി പ്രവൃത്തിച്ചിട്ടുണ്ടെങ്കിലും അറിഞ്ഞുകൊണ്ട് അവനെ പട്ടിണികിടത്തി ബുദ്ധിമുട്ടിച്ചു എന്ന് ആരെക്കൊണ്ടും പറയിക്കാൻ ഇടവരുത്തരുത്.

ഇ — അവനിപ്പോൾ അവിടെയില്ലെങ്കിലൊ. ഞാൻ അന്നുപോയപ്പോൾ അവൻ എങ്ങോട്ടോ പോയിരിക്കയായിരുന്നു.

കൈ. പ — അവൻ അവിടെയില്ലെങ്കിൽ അവന്റെ ഭാര്യ അവിടെ ഉണ്ടാകാതിരിക്കയില്ല. അവൾക്ക് എത്തിച്ചുകൊടുത്താൽ മതി— കഷ്ടം ഞാൻ അതിവാത്സല്യത്തോടുകൂടി വളർത്തിക്കൊണ്ടുവന്ന്, അവൻ ഈ വയസ്സുകാലത്ത് എന്നെ കൂട്ടാക്കാതെയായല്ലോ. ഈ മൂധേവിയെ കണ്ടെത്തുന്നതുവരെ അവന്റെ സ്വഭാവത്തിന്നു യാതൊരു തരക്കേടും ഉണ്ടായിരുന്നില്ല. അവളെക്കെട്ടിപ്പോയി കഴിഞ്ഞു.— കലി ബാധിച്ചതുപോലെയായി. ഇപ്പോഴും ഇതാ ഇവൻ ഈ കള്ളൻ നുണയും മുഖസ്തുതിയും പറഞ്ഞ് എന്റെ അടുത്തു കൂടിയിരിക്കുന്നു.

ഇ — അയ്യോ തെറ്റുപിഴച്ചു. ഞാൻ—

കെ. പ— പോ കടന്നു പുറത്തു പോ. നിന്റെ മുഖം കാണു മ്പോഴ് എനിക്കു ദ്വേഷ്യം വല്ലാതെ വൎദ്ധിക്കുന്നു. പോയി നാലു ന്നു ഉറുപ്പികകൊണ്ടു കൊടുത്തു വാ. എന്നോടു അല്പം കാരുണ്യ ങ്കിലും സ്നേഹം അവന്റെ ഉള്ളിൽ കിടക്കുന്നുണ്ടെന്നുള്ള ഒരു ദുൎന്നൊരാശാംശമാനമെങ്കിലും കൊണ്ടുവാ. അല്ലെങ്കിൽ എനി ക്കു ഭ്രാന്താലയത്തിൽ പോകേണ്ടി വരും.

ഈ അവസരത്തിൽ ഇട്ടിക്കോരനെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിക്കുന്നത് അനാവശ്യമായിരിക്കയില്ല. കേശവപണിക്കരുടെ ആദ്യത്തെ ഭാൎയ്യ വളരെ ചെറുപ്പത്തിൽതന്നെ മരിച്ചുപോയി. ആ ഭാൎയ്യയിലുണ്ടായ ഏകസന്താനമാണ് കൊച്ചപ്പപണിക്കർ. തനിക്കു വേറെ അടുത്ത ബന്ധുക്കളാരും ഇല്ലാതിരുന്നതിനാൽ തന്റെ സ്വത്തു മുഴുവനും മരണാനന്തരം കൊച്ചപ്പപണിക്കർ അനുഭവിച്ചുകൊള്ളത്തക്കവണ്ണമാണ് അദ്ദേഹം എഴുതിവെച്ചിരുന്നത്. പിന്നീട് ചിലരുടെ ഉപദേശപ്രകാരം പണിക്കർ ഇട്ടിക്കോരന്റെ അമ്മയുമായി സംബന്ധം തുടങ്ങി. ഇട്ടിക്കോരന് അക്കാലത്തു വയസ്സിൽ അധികം പ്രായമുണ്ടായിരുന്നു. ഇട്ടിക്കോരൻ തന്റെ അമ്മയോന്നിച്ചു പണിക്കരുടെ വീട്ടിൽ താമസം തുടങ്ങിയ മുതൽക്കു പണിക്കരുടെ മകനും സ്വത്തവകാശിയും ആയ കൊച്ചപ്പനെ അവിടുന്ന് അകത്തിക്കളവാനുള്ള ഉപായം ആലോചിച്ചുകൊണ്ടിരുന്നു. ഒടുവിൽ പണിക്കരുടെ ഇഷ്ടത്തിനു വിപരീതമായി കൊച്ചപ്പൻ ഒരുവളെ ഭാൎയ്യയാക്കിയപ്പോഴാണ് ഇട്ടിക്കോരന്റെ ഉദ്ദേശസിദ്ധിക്കു തക്കതായ അവസരം ഉണ്ടായത്. ഉടനെ കൊച്ചപ്പനെയും ഭാൎയ്യയേയും പറ്റി പല ദൂഷ്യങ്ങളും പറഞ്ഞു പണിക്കർക്ക് അവരുടെ പേരിൽ വലുതായ കോപമുണ്ടാക്കി തീൎത്തു. ഇങ്ങിനെയാണ് കൊച്ചപ്പൻ ഭാൎയ്യയോടുകൂടി വേറെ സ്ഥലത്തു പോയി താമസിക്കുവാൻ ഇടയായത്.

ഇട്ടിക്കോരന്റെ പേരിൽ അനുകമ്പയുള്ളതായിട്ടൊരാൾ ഇഷ്ടമുള്ളവൻ അവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടില്ല. ഓരോ ഉദ്യോഗസ്ഥന്മാരും കയ്യിൽ പിടിച്ച് അവിടുന്നു പുറപ്പെട്ടപ്പോഴും അവന്റെ ഉള്ളിലുള്ള

വിചാരങ്ങൾ ഇപ്രകാരമായിരുന്നു. 'നമുക്കു ശുക്രദശതന്നെ. കൊല്ലത്തിൽ ൧൦൦ ക. ഒന്നായി കയ്യിൽ കിട്ടും. പോരെങ്കിൽ വല്ല നുണയും പറഞ്ഞു പിന്നെയും പണം കയ്യിലാക്കാം. കിട്ടുവന് ബുദ്ധിക്കുതന്നെ നല്ല സ്ഥിരമില്ല. എന്തും പറഞ്ഞാൽ വിശ്വസിക്കും. ദായാദരുടെ സ്വത്തു മുഴുവനും കൈവശമാക്കിയില്ലെങ്കിൽ ഞാൻ ഉട്ടിക്കോരനല്ല'.

ഇങ്ങിനെ ഓരോന്നു വിചാരിച്ച് ഉട്ടിക്കോരൻ വഴിപോയത് അറിഞ്ഞില്ല. നാലഞ്ചുനാഴികയ്ക്കുള്ളിൽ ഇതിരിക്കോട്ടിൽ എത്തി. അവിടെ ഒരു സ്ഥലത്തു വലിയ ആൾക്കൂട്ടവും ബഹളവും കണ്ടതിനാൽ എന്തെന്നറിയുന്നതിനു ഉട്ടിക്കോരൻ അവിടെ കയറിച്ചെന്നു. സൂൎയ്യരശ്മി പ്രവേശിക്കുന്നതിനു വലുതായ പ്രതിബന്ധമൊന്നുമില്ലാത്ത ഒരു പഴയ കെട്ടിടത്തിൽ മേശാല, പുറം മുതലായ സാമഗ്രികളെക്കൊണ്ടുമാത്രം അലങ്കരിക്കപ്പെട്ടിരുന്ന ഒരു മുറിയിൽ ചില പൊളിഞ്ഞ കസേലകളും നാല്ക്കാലികളും ഇട്ടിരുന്നതിന്മേൽ കയ്യ്കുപ്പായവും ധരിച്ചു മലയാളവാക്കുകളുടെ ഇടയിൽ ചില ഇംഗ്ലീഷ്‌വാക്കുകൾ സധൈൎയ്യം തട്ടിമിനുക്കിക്കൊണ്ടിരിക്കുന്ന ഒരു തരം വകപ്രഭുക്കന്മാരെയാണ് അവിടെക്കണ്ടത്. എന്തോ ഒരു സംഗതി ആലോചിച്ചു തീൎച്ചയാക്കുന്നതിന് ഇപ്പോഴത്തെ സമ്പ്രദായം— അഥവാ ഫേഷൻ— അനുസരിച്ച് ഒരു യോഗം കൂടുന്നതിനുള്ള വട്ടമാണത്. ഈ വക യോഗങ്ങൾക്കു സാധാരണ പതിവുള്ള മതിരി ചില വഴക്കുകളും അനാവശ്യങ്ങളായ വാഗ്വാദങ്ങളും ഇവിടെയും അന്നേരം പ്രസ്താവിച്ചു പലക്കും നീരസത്തിനു ഇടയാക്കുന്നതു എന്തിനായിട്ടാണ്? എങ്കിലും ഒരു സംഗതി വിട്ടുകളവാൻ എനിക്കു ധൈൎയ്യമില്ല. ആദ്യം സഭാനായകനായി തിരഞ്ഞെടുക്കപ്പെട്ട ആൾക്കു കുറെ ജലദോഷത്തിന്റെ ഉപദ്രവം ഉണ്ടായിരുന്നു എന്നു തോന്നുന്നു. അദ്ദേഹം എഴുനേറ്റ് - 'ഇന്നു ദിവസം—ഹും. ഇന്ന് (ചുമക്കുന്നു) ഇപ്പോൾ (പിന്നെയും ചുമെക്കുന്നു) ഇപ്പോൾ—ഹ്ം, ഹും (രണ്ടുകൂടി ചുമക്കുന്നു) ഇങ്ങിനെ ചുമയുടേയും മറ്റും സഹായത്താൽ പ്രസംഗിപ്പാൻ ആരംഭിച്ചപ്പോൾ സദസ്യരിൽ ഒരാൾക്കു ക്ഷമയി

ല്ലാതായി ഇപ്പോഴും ഞാൻ അഗ്രാസനത്തിനു തിരഞ്ഞെടുത്ത ആൾ ആ സ്ഥാനം വഹിക്കുന്നതിനു യോഗ്യനാണെന്നു തോന്നുന്നില്ലാത്തതിനാൽ അയാളെ അവിടുന്നു ഇറക്കി ആ സ്ഥാനത്തേക്കു വേറെ ഒരാളെ നിശ്ചയിക്കണമെന്നാണ് എന്റെ അഭിപ്രായം' എന്നു ക്ലാസൽ കൂടാതെ എഴുനീറ്റു പറഞ്ഞു. പിന്നീട് അവിടെ വലിയ ഒരു ലഹളയുണ്ടായി. 'ഓർഡർ' എന്നും 'ഏറഡികെപാറ്' എന്നും ചില വാക്കുകൾ മാത്രമെ ഇതിനിടക്കു കേൾക്കാൻ സാധിച്ചുള്ളു. ഒടുവിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം വേറെ ഒരാളെ സഭാനായകനായി നിശ്ചയിക്കുകയും ചെയ്തു. പുതിയ സഭാനായകൻ എഴുനീറ്റ് ഇപ്രകാരം പ്രസംഗിച്ചു:—

മാന്യസഖാക്കളെ, ഇന്നു വിശേഷ നാമം ഇവിടെ കൂടുന്നതിന്റെ ഉദ്ദേശം ഞാൻ പറഞ്ഞറിയിക്കേണ്ടല്ലോ. വൈശ്യമിത്രമെന്ന ഒരു പത്രം ആരംഭിക്കുന്നതിനെപ്പറ്റി നാം ഒപ്പുവെച്ചു. നമ്മുടെ സമുദായത്തിൽ ഒരു മാസിക നടത്തേണ്ടത് ആവശ്യമായിട്ടുള്ളതാണ്. അതിനു വളരെ ചിലവുണ്ട്. തന്നെയുമല്ല പണം തികയില്ല. നാമിപ്പോൾ നമ്മുടെ സമുദായത്തിന് 'വൈശ്യമിത്രം' എന്ന പത്രം ലാഭമായിരുന്നു. അങ്ങനെ നാലുകൊല്ലത്തെ വരിസംഖ്യ ഇതുവരെ കൊടുത്തിട്ടില്ല. ആയതു ഇങ്ങിനെ പത്രം അടച്ചുതന്നതിനു പത്രാധിപർക്ക് എന്തെങ്കിലും ഒന്ന് നാം ചെയ്യേണ്ടതാണ്. എന്താണത് വേണ്ടതെന്ന് എല്ലാവരും കൂടി ആലോചിച്ചു തീർച്ചയാക്കുന്നതിനായിട്ടാണ് ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്നത്.

ഒരു സാമാജികൻ — എന്റെ പക്ഷത്തിൽ അദ്ദേഹത്തിനു ഒരു അനുമോദനപത്രം അയക്കേണ്ടതാണ്. പക്ഷെ അച്ചടിച്ചിട്ടു വേണോ, വേണ്ട എന്നുള്ള സംശയം എന്നാണ് ഇനി ആലോചിക്കേണ്ടത്.

വേറെ ഒരു സാമാജികൻ — അച്ചടിക്കുന്നതായാൽ വളരെ ചിലവുള്ളതുകൊണ്ട് ഞാൻ ഇപ്പോഴത്തെ അവസ്ഥക്കു ഈ സംഗതി

കൊണ്ടു വഹിക്കാൻ താമാകുമൊ എന്നു സംശയമാണ്. അതി നാൽ എഴുതുക മതി എന്നാണ് എന്റെ പക്ഷം.

മറെറാരു സാമാജികൻ—എഴുതുന്നതാണെങ്കിൽ അതിന്റെ പക ർപ്പുകൾ എടുത്തു പത്രാധിപന്മാൎക്കും യോഗ്യന്മാരായ മററനേകം ആളുകൾക്കും അയക്കേണ്ടതാണ്. അല്ലെങ്കിൽ നാം ഇങ്ങിനെ ഒന്നു ചെയ്തിട്ടുണ്ട് എന്ന് ആരും അറികയില്ല. അതിന്നും കുറെ ചിലവു ണ്ട്. പക്ഷെ അതു സാരമില്ല. തല്ക്കാലത്തിന്നു വേണ്ട പണം ഈ സഭയിൽ നിന്നു തന്നെ പിരിച്ചെടുത്തു പിന്നീട അദ്ദേഹത്തിന്റെ കയ്യിൽ നിന്നു തന്നെ വസൂലാക്കുന്നതായിരിക്കും നല്ലത്.

ഈ അഭിപ്രായം ഒരു സാമാജികന്നു അത്ര രുചിച്ചില്ല. അ യാൾ നെററി ഒന്നു ചുളിച്ചുവിടൎന്നു എഴുനേററ ഇപ്രകാരം പറ ഞ്ഞു— പിന്നീട് അദ്ദേഹത്തിന്റെ പക്കൽനിന്നു വസൂൽ ചെ യ്യാമെന്ന് ഒരു മഹാന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നി ല്ല. ശരീരത്തിലെ അംശവും പരോപകാരത്തിന്നായിട്ടാണ് ഈ ശ്വരൻ വെച്ചിട്ടുള്ളത്. 'പരോപകാരാൎത്ഥമിദം ശരീരം' എന്നാണ് മഹാസൂക്തി. അങ്ങിനെ ഇരിക്കെ ഈ കാൎയ്യത്തിൽ നമുക്കു കുറെ ന ഷ്ടം വന്നാൽ തന്നെ എന്താ. അതിനാൽ ഇതിന്നു വേണ്ട ചില വു ഞാൻ തന്നെ സഹിച്ചുകൊള്ളാമെന്നു സദയപൂൎവ്വം സമ്മതിച്ചു കൊള്ളുന്നു.

ഈ അഭിപ്രായം സഭാവാസികൾ സ്വീകരിച്ചതായി ഹസ്ത താഡനമൂലം അറിയിച്ചു. പിന്നീട് അനുമോദനത്തിന്നുള്ള വാ ചകത്തെപ്പററി വളരെ നേരം വാദമുണ്ടായി. ഒടുവിൽ, അനു മോദനപത്രത്തുകൊണ്ടുള്ള ചിലവു സഹിച്ചുകൊള്ളാമെന്നു പറഞ്ഞ ഉദാരബുദ്ധിയായ ആ മഹാൻ എഴുതി വായിച്ചതാണ് സഭാവാസി കൾ കയ്ക്കൊണ്ടത്. അദ്ദേഹം സംസ്കൃതവ്യുല്പന്നനും കവിയുമാണെ ന്ന് അവരിൽ പലക്കും പൂൎണ്ണബോദ്ധ്യമുണ്ടായിരുന്നു. അനുമോദ നപത്രത്തിലെ വാചകം ഇപ്രകാരമായിരുന്നു.

ശ്രീരസികാമൃതഭിഷയേ ഭവാൻ ചതുരാണ്ടോളം ഒരു മാസിക ലോകാഭിരാമമായും വിഘ്നം കൂടാതെയും നടത്തുകയും ആയതു പ്രി

ഭോഗസന്ദായിനി' സങ്കല്പം വൃഥാ ആയച്ചുതരികയും ചെയ്യുന്നവരുള്ള അത്ഭുതപൂർണ്ണമായ സന്തോഷത്തെ ഇപ്രകാരം പ്രത്യക്ഷമാക്കുന്നു. ഒലിലും ഇങ്ങിനെ ചെയ്യുന്ന ആ കണ്ണനാളൻ സഹായിക്കട്ടെ'

എഴുത്ത് എഴുതി തയ്യാറാക്കിയതിന്റെശേഷം [illegible] ന്നു നഷ്ടപ്പെടാതിരിക്കാൻ എഴുത്തു പത്രാധിപരുടെ അടുത്ത ബാന്ധവായ ഇട്ടിക്കോരൻ വശം കൊടുത്തയക്കുന്നതാണ് നല്ലത്' എന്ന് ഒരു സാമാജികൻ അഭിപ്രായപ്പെടുകയും ആ അഭിപ്രായത്തെ സഭാവാസികൾ സ്വീകരിക്കുകയും ചെയ്തു. എഴുത്തുംകൊണ്ട് ഇട്ടിക്കോരൻ കൊച്ചപ്പന്റെ വീട് അന്വേഷിച്ചുപോയി.

ശുദ്ധവായുകൂടി സഞ്ചരിക്കാൻ പ്രയാസമായിട്ടുള്ള ഒരു ചെറിയ കെട്ടിടത്തിൽ സാമാന്യം ഇരുട്ടുള്ള ഒരു മുറിയിൽ ഒരു ദിവസം വൈകുന്നേരം പടച്ചു മെലിഞ്ഞ ഒരാൾ മുഷിഞ്ഞുപൊളിഞ്ഞതും കഴിച്ചുകെട്ടിയതും ആയ ഒരു കസാലയിന്മേൽ ഇരുന്നുകൊണ്ട് എന്തോ ചിലതു കുത്തിക്കുറിക്കുന്നു. കുറെ കഴിഞ്ഞപ്പോൾ അയാൾ പെൻസിലും കടലാസ്സും താഴത്തു വലിച്ചെറിഞ്ഞു മനോരാജ്യം വിചാരിപ്പാൻ തുടങ്ങി. 'സർവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി' എന്നുള്ളത് ഈ ലോകത്തെ സംബോധിച്ചിടത്തോളം വളരെ ശരിയായിട്ടുള്ളതാണ്. സംശയമില്ല. ഐശ്വര്യം എന്ന വാക്ക വളരെ അർത്ഥവത്തായിട്ടുള്ളതുതന്നെ. മറ്റുള്ള ഗുണങ്ങളുണ്ടായാലും പണമില്ലെങ്കിൽ അവനെ ആരും ബഹുമാനിക്കില്ല. അതുള്ള കാലത്തോളം സ്നേഹിതന്മാരാണെന്നു നടിച്ച് അടുത്തുകൂടി മുഖസ്തുതി പറവാൻ ആളുകൾ വളരെ ഉണ്ടാവും. ദരിദ്രനായിത്തീർന്നു എന്നറിഞ്ഞാൽ കഴിഞ്ഞു. പിന്നെ ആരും തിരിഞ്ഞുനോക്കുകകൂടി ചെയ്കില്ല. കഷ്ടം, ലോകത്തിന്റെ സ്ഥിതി ഇങ്ങിനെയാണല്ലോ' ഇങ്ങിനെ ഓരോന്നു വിചാരിച്ചുംകൊണ്ടിരിക്കുന്നതിനിടയ്ക്കു വാതിൽ തുറന്ന് ഒരാൾ അകത്തേക്കു കടന്നുവന്നു. 'ഇട്ടിക്കോരനോ' എന്നു ചോദിച്ചുംകൊണ്ടു പെട്ടെന്നെഴുന്നേറ്റ് അയാളെ ചെന്നു കെട്ടിപ്പിടിച്ചു.

ഇട്ടിക്കോരൻ— ഞാൻ നിങ്ങൾക്കു തരുവാനായി ഒരു സാധനം കൊണ്ടു വന്നിട്ടുണ്ട്.

അച്ഛന്റെ ഭാഗത്തുനിന്ന് വല്ലതും കൊടുത്തയച്ചിട്ടുണ്ടായിരിക്കുമെന്നാണ് കൊച്ചുപ്പുര ആദ്യം കരുതിയത്. എഴുത്തു വായിച്ചപ്പോൾ ഇപ്പോഴുണ്ടായ സൂചകമായ ഒരു മനസ്ഥിതത്തോടുകൂടി ഞെട്ടിപ്പോയി. ഇത്രയെങ്കിലും ദയ തോന്നിയല്ലോ. എനിക്കു വളരെ സന്തോഷമായി. പരിസംഖ്യ ചോദിച്ചതിൽ പലപ്പോഴും മുഷിച്ചുപോയിരിക്കുമെന്നാണ് കരുതിയിരുന്നത്. അതില്ലെന്ന് അറിഞ്ഞതുകൊണ്ട് വളരെ ആശ്വാസം".

ഉ—നിങ്ങൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ.

കൊ—കഠിനമായ രോഗമായി ഞാൻ ദീനത്തിൽ കിടപ്പായിരുന്നു. ഇപ്പോൾ അസുഖം ഭേദമുണ്ട്. ക്ഷീണത്തിനു വളരെ ഭേദമൊന്നുമില്ല.

ഉ—നിങ്ങളുടെ ഭാര്യ എവിടെ. അവളെ ഇവിടെ കാണാനില്ലല്ലോ.

കൊ—അവളുടെ കഥയൊന്നും പറയേണ്ട. അവളുടെ അമ്മയ്ക്കു ദീനമാണെന്ന് എഴുത്തുവന്നിട്ടു ഞാൻ അവളെ വീട്ടിൽ കൊണ്ടുപോയിരുന്നു. രസികസംബന്ധമായി ചില എഴുത്തുകളും മറ്റും അയക്കുവാൻ പത്രാധിപന്മാർ പോരുകണ്ടിരുന്നതിനാൽ കുറെ കാലത്തോളം ഞാൻ ഈ ദിക്കിൽ ഉണ്ടായിരുന്നില്ല. ഇവിടെ വന്നതിന്റെ ശേഷം ഭാര്യയുടെ അമ്മ മരിച്ചു എന്നു കേട്ടു. ഉടനെ ഞാൻ അവളുടെ വീട്ടിലേക്കു പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ എന്റെ നിർഭാഗ്യത്തിന് അവളെ അവിടെ കാണാനില്ല. അന്വേഷിച്ചു ദിക്കുതോറും നടന്നു. ഒരു വിവരവും കിട്ടിയില്ല. അതുകൂടാതെ ഇതാ ഈ ദീനവും വന്നുപിടിപെട്ടു. ഇപ്പോൾ അവൾ എവിടെ കിടക്കുന്നു എന്ന് ഈശ്വരനുമാത്രം അറിയാം.

ഉ—നിങ്ങളിങ്ങനെ വ്യസനിക്കേണ്ട. അവളെപ്പോലെയുള്ള ഒരു സ്ത്രീ ഒരാളുടെ അടുക്കൽ സ്ഥിരമായിരിക്കയില്ലെന്ന് എനിക്കു പണ്ടേതന്നെ നല്ല നിശ്ചയമുണ്ട്. അവളിപ്പോൾ ഏതോ ഒരുവന്റെ ഭാര്യയായി സുഖമായിരിക്കയായിരിക്കും. അതുകൊണ്ട് നിങ്ങൾക്ക് വ്യസനിപ്പാനൊന്നുമില്ല.

കൊച്ചപ്പന്റെ മുഖം രക്തവർണ്ണമായി. ചെറുതെന്നിട്ടെന്താ? ഇട്ടിച്ചിരിയെന്റെ കണ്ഠത്തിൽ പിടികൂടി. എന്താ പറഞ്ഞത്! ഒന്നുകൂടി പറയൂ.

ഇ—(കുതറിവിടീച്ചു) അയ്യോ ഞാൻ നേരംപോക്കാണ് പറഞ്ഞത്. നിങ്ങൾ അതു കാര്യമായി ധരിക്കുമെന്നു ഞാൻ വിചാരിച്ചില്ല.

കൊ—അത് അങ്ങിനെ പറയൂ. ഹും, അവളെപ്പോലെ ഇത്ര പാതിവ്രത്യമുള്ള സ്ത്രീ ഈ ലോകത്തിൽ ഇല്ല.

ഇ—എനിക്കു സമ്മതമാണ്. നിങ്ങളുടെ ഭാവമറിയാൻ വേണ്ടി ഇങ്ങിനെ പറഞ്ഞു എന്നേ ഉള്ളൂ. അതുകൊണ്ടു നിങ്ങൾ മുഷിച്ചൽ വിചാരിക്കരുതേ.

കൊ—എനിക്കു മുഷിച്ചലൊന്നുമില്ല. എന്നാലും അച്ഛന്റെ വർത്തമാനമെന്താണ്.

ഇ—അച്ഛന്റെ വർത്തമാനമെന്താ? എന്നത്തേപ്പോലെതന്നെ. എപ്പോഴും ഓർമ്മയില്ലാതെ ശകാരിച്ചുകൊണ്ടിരിക്കും.

കൊ—എന്റെ വർത്തമാനം വല്ലതും പറയാറുണ്ടോ.

ഇ—ഓ ഒരു ഉവ്വ്, ദിവസത്തിൽ ഒരിക്കലെങ്കിലും നിങ്ങളെ ശകാരിക്കാതെകണ്ട് ഇരിക്കാറില്ല. എന്നാൽ രാത്രിസമയത്താണ് കരയും. അപ്പോഴും നിങ്ങളുടെ പൂർവ്വകഥകളൊക്കെ പറയുമ്പോഴും വൃദ്ധന് നിങ്ങളുടെ പേരിൽ കാരുണ്യം തോന്നാറുണ്ട്.

കൊ—അഹാ ഉവ്വേ! എന്റെ പേരിൽ അപ്പോഴും സ്നേഹമുണ്ട്.

ഇ—അതിനു സംശയമില്ല. നിങ്ങൾ ഒരു കാര്യം ചെയ്യുന്നതു നന്ന്. നിങ്ങളെ എന്റെ സ്വന്തം ജ്യേഷ്ഠനെപ്പോലെയാണ് ഞാൻ കരുതിയിരിക്കുന്നത്. അച്ഛനും നിങ്ങളും തമ്മിൽ യോജിപ്പിക്കേണ്ടതൽ കൊള്ളാമെന്ന് എനിക്കു വളരെ താല്പര്യമുണ്ട്. അതുകൊണ്ട് ഈ രാത്രി നിങ്ങൾ അങ്ങോട്ടുവരൂ. അത്താഴം കഴിഞ്ഞു പതിനൊന്നുമണിവരെ ഞങ്ങൾ ഓരോ വിഷയത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കാറുണ്ട്. ആ സമയത്തു ഞാൻ നിങ്ങളുടെ കാര്യമെടുത്തിടാം. പണ്ടത്തെ വർത്തമാനങ്ങളെല്ലാം പറയുമ്പോഴും വൃദ്ധനു പശ്ചാത്താപം തോന്നാതിരിക്കില്ല. അപ്പോഴും നിങ്ങ

അവിടെ വന്നാൽമതി. ഞാൻ വടക്കെ അകത്തിൻെറ ജനവാതിൽ തുറന്നിട്ടിരിക്കാം.

കെ— എന്നാൽ കാൎയ്യം പാറുമെന്നാണ് പറയുന്നത്?

ജു— അതിന്ന സംശയമില്ല. നിങ്ങൾ പറഞ്ഞമാതിരി ചെയ്യുമൊ?

കെ— നിശ്ചയമായും. പക്ഷെ കടത്തുകൂലിക്കുള്ളതു തരണം. എൻെറകയ്യിൽ ഒരു കാശുപോലുമില്ല.

ജു— എൻെറ കയ്യിലും വിശേഷിച്ചൊന്നുമില്ല. കിഴവച്ചാര് എനിക്കും ഒന്നും തരാറില്ല. എങ്കിലും കടത്തുകൂലിക്കുള്ളത് കഷ്ടിച്ച് ഉണ്ടാക്കാം.

എന്നു പറഞ്ഞു മൂന്നുചില്ലി എടുത്തു കൊച്ചുപ്പനക്കൊടുത്തു. ഇട്ടിരാമൻ പിറെറദിവസം കാലത്ത് നാട്ടിന്ന പുറപ്പെടുകയും ചെയ്തു.

രണ്ടാമദ്ധ്യായം

ചാത്തൂറത്തു തറവാട് ഒരുകാലത്തു സ്വത്തുകൊണ്ടു വളരെ കേൾവിപ്പെട്ട ഒന്നായിരുന്നു. എന്നാൽ ഒരോകാലത്തെ കൈകാൎയ്യകൎത്താക്കന്മാരുടെ ധൂൎത്തുകൊണ്ടും അപ്രാപ്തികൊണ്ടും അടുത്തകാലത്ത് ഈ തറവാടിന്ന വല്ലാത്ത ഇടിച്ചൽ തട്ടീട്ടുണ്ട്. ഈ കഥ നടന്നകാലത്ത് അവിടെ എകദേശം ൬൦. വയസ്സുപ്രായമുള്ള ജാനകി എന്ന ഒരു സ്ത്രീയും, മകൾ ൨൫. വയസ്സുപ്രായമുള്ള പാൎവ്വതി എന്ന ഒരു യുവതിയും, പാൎവ്വതിഅമ്മയുടെ മകനായി നാലഞ്ചുവയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിയും മാത്രമെ ഉണ്ടായിരുന്നുള്ളു. ജാനകിഅമ്മയുടെ ഭരണകാലത്തു തറവാട്ടുസ്വത്തിന്ന ക്രമേണ ക്ഷയമല്ലാതെ വൎദ്ധന ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. പൂൎവ്വബന്ധുത്വം ആലോചിച്ച് ഇവരുടെ എടവാടുകളധികവും പ്രസിദ്ധജന്മിയായ ചൊങ്ങഴിക്കൊട്ടു കൎത്താവായിട്ടായിരുന്നു. അദ്ദേഹമായി ഇടവാടു ചെയ്തിട്ടുള്ളവരാരും നെല്ലിപ്പടിച്ചോട്ട കാണാതെപോയിട്ടില്ല.

ജാനകിഅമ്മക്കു അദ്ദേഹത്തിൻെറപേരിൽ വിശ്വാസവും ബ

ല്ലാമനവും ഉണ്ടായിരുന്നു തറവാട്ടിന്റെ സുകൃതക്ഷയം എന്നെ പറയേണ്ടു.

ഇങ്ങിനെ ഇരിക്കുന്നകാലത്തു ജാനകിഅമ്മ കുറെകാലമായി പിടിപെട്ടിരുന്ന വാതരോഗത്താൽ പരഗതിയെ പ്രാപിച്ചു. ദീനം ഭേദമാകുമെന്ന് ആരും കരുതിയിരുന്നില്ല. എന്നുതന്നെയല്ല പാൎവ്വതിഅമ്മയുടെ സ്നേഹപൂൎവ്വമായ ശുശ്രൂഷകൊണ്ടും യോഗ്യന്മാരായ നാട്ടുവൈദ്യന്മാരുടെ ചികിത്സകൊണ്ടും അവർ പൂൎണ്ണസുഖത്തെ പ്രാപിച്ചു എന്നു തോന്നത്തക്കനിലയിലാവുകയും ചെയ്തിരുന്നു.

'പക്ഷെ ദൈവഗതിക്കഥവാ ഭുവനേശ്വിൻ മനോഗതത്തിന്നു നിരോധമെന്തേടം'. പാൎവ്വതി അമ്മയുടെ വ്യസനം പറഞ്ഞറിയിപ്പാൻ പ്രയാസം. അവരെ പറഞ്ഞു സമാധാനപ്പെടുത്തുവാൻകൂടി ഇപ്പോഴം ആരുമില്ല. 'ശോകം വരുന്നേരത്തു കൂട്ടത്തോടെ' എന്നുള്ളത് ഈ അവസരത്തിലും ശരിയാകുന്നു. മാതൃവിയോഗദുഃഖത്താൽ ആൎത്തയായിരിക്കുന്ന പാൎവ്വതിഅമ്മക്ക് അമ്മ മരിച്ചിട്ടു ഒരു ദിവസം കഴിഞ്ഞതിന്നുശേഷം തന്റെ പ്രിയതമനിൽനിന്നു താഴെ കാണിച്ച പ്രകാരം ഒരെഴുത്തു കിട്ടുവാൻ ഇടയായി.

ശ്രീ

ചില കാരണങ്ങളാൽ ഞാൻ ഈ ദിക്കവിട്ടു പോകുവാൻ നിശ്ചയിച്ചിരിക്കുന്നു. എനി മടങ്ങി വരുന്ന കാൎയ്യം സംശയമാണ്. ഇതിനെപറ്റി നിങ്ങൾ ഒട്ടും വ്യസനിക്കരുതു. അമ്മയെയും ശുശ്രൂഷിച്ചുകൊണ്ട് അവിടെ സുഖമായി ഇരുന്നാലും.

എന്നു സ്വന്തം.

പാൎവ്വതി അമ്മ എഴുത്തു നാലഞ്ചു പ്രാവശ്യം വായിച്ചു. എഴുത്തു വ്യാജമാണെന്നുവെച്ചു സമാധാനിപ്പാൻ നോക്കി. പക്ഷെ കാൎയ്യമില്ല. കയ്യക്ഷരം മാറ്റത്തിൽതന്നെ അല്ലെന്നു വിചാരിപ്പാൻ വഴിയില്ല. ഒപ്പും മറ്റൊരാളുടേതാണെന്നു വിചാരിപ്പാൻ തരമില്ല. 'വൈരാഗ്യചിന്താമണി ആപ്പീസ്' എന്ന മുദ്രയിൽ അച്ചടിച്ചിട്ടുള്ള ഒരു പ്രത്യേകം കടലാസ്സിന്മേലാണ് എഴുതീട്ടുള്ളതും. എന്നു തന്നെ

യില്ല ദേശസഞ്ചാരസുഖത്തെക്കുറിച്ചു പലപ്പോഴും തന്നോടു പറയാറുള്ളതും പാർവ്വതി അമ്മയ്ക്കു് ഓർമ്മവന്നു. എല്ലാംകൊണ്ടും പാർവ്വതി അമ്മയുടെ സംശയങ്ങളെല്ലാം തീരാറായി. കഷ്ടം ഭാഗ്യഹീനയായ ഞാൻ എന്തിനു ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു നിലത്തുവീണു നിലവിളിപ്പാൻ തുടങ്ങി. ഒന്നുമറിഞ്ഞുകൂടാത്ത നാലഞ്ചു വയസ്സായ കുട്ടിയും തള്ളയുടെ ദുഃഖം കണ്ടു് ഒപ്പം നിലവിളിച്ചു. കടക്കാരെക്കൊണ്ടു ബുദ്ധിമുട്ടി കൊച്ചുകൃഷ്ണപ്പണിക്കർ നാടുവിട്ടുപോയി എന്നു ഒരു ശ്രുതി എവിടെനിന്നോ പരന്നു. ദുഃഖസമുദ്രത്തിൽ മുഴുകിയും കരകാണാൻ യത്നിച്ചുകൊണ്ടിരിക്കുന്ന പാർവ്വതി അമ്മയെ സമാശ്വസിപ്പിക്കേണ്ടതിനു തൽസമയത്തു് ആരും വന്നില്ലതാനും. ആ ഗ്രാമ സമുദായക്കാർ ചെറിയ [illegible] കർത്താവായിരുന്നു. പക്ഷേ കർത്താവിന്റെ വാക്കുകൾ എത്രത്തോളം അവർക്കു സമാധാനമുണ്ടാക്കി എന്നു വഴിയേ അറിയാം.

ശകുനി മത സംബന്ധം കള്ളക്കൂട്ടം പിള്ളമാരിലധികമാളുകൾ ദുഷ്ടസംഘപൂർണ്ണമായ കാലമെന്നു് എന്നുള്ള ഒരു സാമാന്യകവിയുടെ പദ്യം നമ്മുടെ കർത്താവിനെ ഉദ്ദേശിച്ചുണ്ടാക്കിയതായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. സ്വന്തം ഭാര്യയോ പുത്രനോ തിണ്ണയിലോ മുറ്റത്തിലോ വീണു പിടയുന്നതു കണ്ടാൽക്കൂടി മനസ്സിനു ലേശംപോലും ചാഞ്ചല്യം കൂടാതെ പ്രാണവേദന കണ്ടു രസിക്കുന്ന തന്റെ വല്ലവരും അന്ത്യകാലത്തിന്റെ സ്വഭാവത്തിനു അത്ര കാഠിന്യമുണ്ടായിരുന്നു. സ്വന്തം സിദ്ധികൾ കൊണ്ടു കാലക്ഷേപം ചെയ്യുന്നതല്ലാതെ മറ്റുള്ളവരുടെ ദോഷങ്ങളെയും എന്തും പറയുന്നതിനും പ്രവൃത്തിക്കുന്നതിനും അദ്ദേഹത്തിനു യാതൊരു കൂസലുമില്ല. പാർവ്വതി അമ്മയുടെ അടുക്കെ ചെന്നു് ഉടനെ അവൾക്കു പിണഞ്ഞിട്ടുള്ള കഷ്ടതയും മേലിൽ അവൾക്കു കഴിഞ്ഞുകൂടുവാനുള്ള ബുദ്ധിമുട്ടുകളും പറ്റി ദീർഘമായ ഒരു പ്രസംഗം ചെയ്കയാണു് ഒന്നാമതുണ്ടായതു്. ദുഃഖപരവശന്മാരായവരെ സമാധാനപ്പെടുത്തുവാൻ പുറപ്പെടുന്നവർ അവരുടെ ദുഃഖത്തിനു ഹേതുഭൂതങ്ങളായ സംഗതികളെ മുഴുവനും ഓരോ കാര്യങ്ങളെ പറയുന്നതുകൊണ്ടു്

ത്തവരുടെ ശോകാഗ്നി ഒന്നുകൂടി ശക്തിയോടുകൂടി ജ്വലിക്കുക മാത്രമല്ല, അങ്ങിനെ പറയുന്നവരുടെ നേരെ ദുഃഖികൾക്കു് ഒരു വെറുപ്പും താനെ ജനിക്കുന്നതു ലോകസാധാരണമാണ്. അതിനാൽ സ്വതേതന്നെ കർത്താവിന്റെ നടവടികളെപ്പറ്റി അത്ര തൃപ്തിതോന്നാത്ത പാർവ്വതിഅമ്മയ്ക്കു് അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടു് ഉള്ളിൽ വ്യസനവും എന്തെന്നില്ലാതെ കണ്ടു് അദ്ദേഹത്തിന്റെ പേരിൽ ഒരു വെറുപ്പും ഒരുപോലെ മത്സരിച്ചു കളിച്ചതിൽ ലേശം അത്ഭുതപ്പെടുവാനില്ല. വളരെ നേരം അവരുടെ മനസ്സിനു് ആശ്വാസമുണ്ടാക്കിത്തീർക്കാൻ മാത്രം ഉതകുന്നതായ ചില സംഗതികളെക്കുറിച്ചു ഗൌരവമായി പ്രസംഗിച്ചതിന്റെ ശേഷം ഒടുക്കം അവരോടു ഇങ്ങിനെ പറഞ്ഞു.

ആകട്ടെ നിങ്ങൾ വിചാരപ്പെടേണ്ട. നമ്മൾ തമ്മിൽ പണ്ടേതന്നെ ബന്ധുക്കളാണല്ലൊ. നിങ്ങളുടെ ഇഷ്ടസ്ഥാനം വാദിച്ചു് ആ ബന്ധുത്വം നിലനിർത്തുന്നതു് എനിക്കു പൂർണ്ണസമ്മതമാണ്. അതിനാൽ നിങ്ങൾ എന്റെകൂടെ സുഖമായി താമസിച്ചോളൂ. ഞാൻ ഇരിക്കുന്ന കാലത്തോളം നിങ്ങൾക്കു യാതൊരു ബുദ്ധിമുട്ടിനും ഇടവരുത്തുന്നതല്ല.

പാർവ്വതിഅമ്മയ്ക്കു ഈ വാക്കുകൾ കേട്ടപ്പോൾ കഠിനമായ കോപവും വ്യസനവും ഉണ്ടായി. എങ്കിലും അതുകളെ പ്രയാസപ്പെട്ടു് അടക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു:—വേറെവിധത്തിൽ കഴിഞ്ഞുകൂടുവാൻ ഈശ്വരൻ വഴികാണിച്ചുതരാത്തപക്ഷം പട്ടിണികിടന്നു ചത്തോട്ടെ എന്നു മാത്രമെ ഞാൻ വിചാരിക്കുന്നുള്ളൂ. നിങ്ങളുടെ വാക്കു കൈക്കൊള്ളുവാൻ ഞാൻ തയ്യാറല്ല.

കർത്താവ്— ഭവിഷ്യത്ത് ഓർക്കാതെ ഇങ്ങിനെയെല്ലാം സ്ത്രീകൾ സാധാരണ പറയാറുണ്ട്. ഇതു ധീരകളുടെ ലക്ഷണമാണെന്നും ചിലർ കരുതീട്ടുണ്ട്. പക്ഷെ അതുനിമിത്തം അവർക്കു 'വരാൻപോകുന്ന ആപത്ത് ഇന്നതാണെന്ന് കാലെ അറിഞ്ഞിരുന്നെങ്കിൽ അവരുടെ ധൈര്യമൊക്കെ പോയേനെ;

പാ— ഞാൻ അഗതിയാണ്, അനാഥയാണ് ഇതു ഒരു കാരണ

ത്താൽ ഞാൻ എന്തും പ്രവൃത്തിപ്പാൻ ഒരുക്കമുള്ള കുലടകളുടെ കൂട്ടത്തിൽ ഒരുവളാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്കു തീരെ തെററിപ്പോയിരിക്കുന്നു. അതിനാൽ ഇതിനെക്കുറിച്ചു എനി അധികം സംസാരിക്കണ്ട.

ക— നിങ്ങൾ ഒരു സീതയൊ ദമയന്തിയോ അല്ല. നിങ്ങളുടെ ദുരഭിമാനം നിമിത്തം വരുവാനിടയുള്ള ആപത്തു തടുപ്പാൻ നിങ്ങളെക്കൊണ്ടു സാധിക്കയില്ല. ഞാൻ പറയുന്നതുപോലെ കേൾക്കുന്നതു നിങ്ങൾക്കു ഗുണകരമായിട്ടുള്ളതാണ്. അല്ലാത്തപക്ഷം അത്യാപത്തിന്നാണ് ഇടയുള്ളത്.

പാ— ആ ആപത്ത് ഞാൻ അനുഭവിച്ചുകൊള്ളാം. മാനവും മൎയ്യാദയും ഇല്ലാത്ത നിങ്ങളുടെ വാക്കുകൾ കേട്ട് സഹിച്ചിരിപ്പാനാണ് എനിക്കു ശക്തിയില്ലാത്തത്.

എന്നു പറഞ്ഞ് അവിടുന്നെഴുന്നേററു. കൎത്താവ് ഉള്ളിലുണ്ടായ കോപത്തെ ഒരുവിധം അടക്കി പിന്നെയും പല ഉപായങ്ങൾ പറഞ്ഞ് അവരെ വശീകരിപ്പാൻ ഉത്സാഹിച്ചു. പക്ഷെ അവരുടെ മൎമ്മച്ഛേദകങ്ങളായ വാക്കുകൾ തന്റെ കോപാഗ്നിയെ ഉജ്വലിപ്പിച്ചതിനാൽ ക്ഷമയില്ലാതെകണ്ട് ഒടുക്കം ഇങ്ങിനെ പറഞ്ഞു.

എന്നാൽ ഒരു കാൎയ്യംകൂടി പറയാം. നിങ്ങളുടെവക സകല സ്വത്തുക്കളും എനിക്കു പണയമാണ് എനിക്കു തരാനുള്ള കടത്തിന്നു ഞാൻ അന്യായപ്പെട്ടാൽ താമസിക്കുന്ന വീടുകൂടി എന്റെ കൈവശത്തിലായി. പിന്നെ തെണ്ടിനടക്കയല്ലാതെ വേറെ ഗതിയൊന്നുമില്ല. നിങ്ങളുടെ ധൈൎയ്യമൊന്നു കാണട്ടെ. സ്ത്രീയാണെന്നുവെച്ചു ഞാൻ ദയവിചാരിക്കുമെന്നു കരുതേണ്ട, ഈ കാൎയ്യം ഒന്നുകൂടി ആലോചിച്ചു പറഞ്ഞാലും.

പാൎവ്വതിഅമ്മ ഇതിനുത്തരമൊന്നും പറയാതെ അകത്തു പോയി വാതിലടച്ചിരുന്നു. പല്ലുകടിച്ചും പിറുപിറുത്തും കൎത്താവ് അവിടുന്ന് ഇറങ്ങി പോകയും ചെയ്തു. കൎത്താവു പോയതിന്റെ ശേഷം പാൎവ്വതിഅമ്മ പലവിധ വിചാരങ്ങളാൽ വ്യാകുലചിത്തയായി ഒരു ശിലാസ്തംഭംപോലെ നിശ്ചേഷ്ടയായി കുറെ നേരം ഇ

ന്നു. ദാരിദ്ര്യം ബന്ധുനാശം ഈ രണ്ടു കൂട്ടമാണ് മനുഷ്യരുടെ ജീവകാലത്തെ നികൃഷ്ടമാക്കി തീക്കുന്നത്. എന്നാൽ ക്രൂരനായ കത്താവിൽനിന്നു തനിക്കുവരാനിടയുള്ള ആപത്തിനെക്കുറിച്ചുള്ള ഭയം പാർവതിഅമ്മയുടെ മററു ദുഃഖത്തെ ഗ്രസിച്ചു കളഞ്ഞു. 'സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തെക്കാളുററവും പേടിക്കണം'. എന്തായാലും അവിടെ എനിയും താമസിക്കുന്നത് ആപൽക്കരമാണെന്നു കരുതി 'വരുന്നതു വരട്ടെ' എന്നു വെച്ചു ഒരു വിധത്തിൽ ധൈര്യത്തെ അവലംബിച്ച് പുത്രനേയും എടുത്ത് അവിടുന്നിറങ്ങിപ്പോയി. 'സമസ്തജനഹാസ്യ'മായ ദാസ്യത്തെ കൈക്കൊണ്ടോ ഭിക്ഷാടനം ചെയ്തോ വല്ല വിധവും കഴിച്ചുകൂട്ടാമെന്നാണ് കരുതി പുറപ്പെട്ടത്. എന്നാൽ തന്റെ ജീവനെ രക്ഷിക്കേണ്ടതിനെ പററിയല്ല പാർവതിഅമ്മയ്ക്കു വിചാരം ഉണ്ടായത്. നാലഞ്ചു വയസ്സു മാത്രം പ്രായമായ കുട്ടിയെ ഇങ്ങിനെ ബുദ്ധിമുട്ടിക്കേണമല്ലോ എന്നുള്ളത് ഓർത്തപ്പോഴാണ് പാർവതിഅമ്മയുടെ കണ്ണിൽനിന്നു താനെ വെള്ളം പുറപ്പെട്ടു. ഉൽകൃഷ്ടകുലത്തിൽ ജനിച്ച ഒരു സ്ത്രീരത്നം ഇപ്രകാരമുള്ള ദയനീയാവസ്ഥയെ പ്രാപിച്ചു നിസ്സഹായയായി സഞ്ചരിക്കുക എന്നുള്ള സംഗതി ഓർക്കുമ്പോൾ എവരുടെയും മനസ്സ് അലിയാതിരിക്കയില്ല. എന്തെല്ലാം കഷ്ടാരിഷ്ടതകളാണ് നമുക്ക് അനുഭവിപ്പാൻ ഇടയുള്ളത് എന്നു ഓർത്തു നമുക്കു കഠിനമായ വ്യസനം തോന്നുന്നുണ്ടെങ്കിലും 'അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം' എന്നുള്ളത് ഓർത്തു തൽക്കാലം സമാധാനിക്കുക തന്നെ. നമുക്കു വേറെ ഒരു ദിക്കിലെ കഥ അന്വേഷിക്കാം.

* * * *

കൊച്ചപ്പന്റെ വാസസ്ഥലത്തു പോയി മടങ്ങിവന്ന ഉട്ടിക്കോരൻ കേശവപ്പണിക്കരുടെ അടുക്കെ ചെന്നു മകനെക്കുറിച്ചു വർത്തമാനം പറഞ്ഞു.

ഉട്ടിക്കോരൻ— അയാളുടെ സ്വഭാവം പണ്ടത്തെപ്പോലെ ഒന്നുമല്ല. അതിലും വളരെ ചീത്തയായിരിക്കുന്നു.

കേശവപ്പണിക്കർ— നീ അവന്നു പണം കൊടുത്തുവൊ?

ഇ—ഉവ്വ്, ഉവ്വ്. അപ്പോൾ അയാൾ പറഞ്ഞ വാക്കു എനിക്കു അച്ഛന്റെ അടുക്കെ പറവാൻ ധൈൎയ്യമില്ല. എന്നുതന്നെയല്ല അയാളുടെ ഭാൎയ്യ പറഞ്ഞതൊ അതിലും വിശേഷം

കെ. പ— എന്നെക്കാണണമെന്നു മോഹമുണ്ടെന്നൊ ഒന്നും പറഞ്ഞില്ലെ?

ഇ— അയാൾക്കു അച്ഛനെക്കാണണമെന്നു മോഹമൊ ശിവ! പക്ഷെ ഇതൊന്നും സാരമില്ലല്ലൊ. ഞാൻ ഇങ്ങോട്ട് പോരുമ്പോളുണ്ടായ ഒരു സംഗതി— ഉല്ലൊ അതു ഞാൻ പറകയില്ല അച്ഛൻ വല്ലാതെ വ്യസനിക്കും.

കെ— പറ കേൾക്കട്ടെ. പൂൎണ്ണമായി മുഴുവൻ പറഞ്ഞൊ. എനിക്കു അതുകൊണ്ടു മുഷിച്ചലൊന്നുമില്ല.

ഇ— ഇങ്ങോട്ടു വരുന്ന വഴിക്കു ഞാൻ ഒരു വഴിയമ്പലത്തിൽ കയറി. അപ്പോൾ കൊച്ചപ്പൻ മൂന്നാലു ആളുകളും കൂടി അവിടേക്കു വരുന്നതു കണ്ടു. എന്തൊ എന്നറിഞ്ഞില്ല എനിക്കു അവരെ പേരിൽ പല സംശയങ്ങളും ജനിച്ചു. അവരെക്കാണാതെ ഒരു ദിക്കിൽ പതുങ്ങിനിന്നു അവർ സംസാരിക്കുന്നതു മുഴുവൻ കേട്ടു. അപ്പോളല്ലെ കാൎയ്യം മനസ്സിലായുള്ളു. അവർ ഒരു കൊള്ളക്കു ഉത്സാഹിക്കയാണ്.

കെ പ— എന്ത്! കൊള്ളക്കൊ എന്റെ മകൻ കൊള്ളക്കു ഒരുങ്ങെ?

ഇ— അതെ കേൾക്കു. എന്നുതന്നെയല്ല കൊള്ള ചെയ്യുവാൻ പോകുന്ന സ്ഥലത്തിന്റെ ഒരു ശരിയായ വിവരണം കൊച്ചപ്പൻ മറ്റുള്ളവൎക്കു പറഞ്ഞു കൊടുക്കുന്നതും കൂടി കേട്ടു.

കെ. പ— എതുവീടാണ് അവർ കൊള്ളചെയ്യുവാൻ പോകുന്നത്.

ഇ— മുല്ലക്കാട്ടു കേശവപ്പണിക്കരുടെ വീടുതന്നെ.

കെ. പ— എന്ത്, എന്റെ വീടൊ, എന്റെ മകൻ എന്റെ വീടു കൊള്ളചെയ്യുവാൻ ഉത്സാഹിക്കെ? ഇതു ഞാൻ ഒരിക്കലും വിശ്വസിക്കില്ല. നീ ഭോഷ്കുകളാണ് പറയുന്നത്.

ഇ— കളവൊ നേരൊ എന്നു ഈ എഴുത്തു വായിച്ചുനോക്കിയാൽ

അറിയാം. കൊച്ചപ്പൻ കുട്ടികാക്ക് എഴുതിയതാണ്. എങ്ങിനെയൊ വഴിയിൽ വീണുകിടന്നിരുന്നു. ഞാൻ ഇപ്പോൾ എടുത്തു കൊണ്ടുവന്നു. പണിക്കർ എഴുത്തു വാങ്ങി വായിച്ചു. എഴുത്ത് ഇപ്രകാരമായിരുന്നു.

'എന്റെ ശ്രമത്തെ നിങ്ങളും അഭിനന്ദിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഈശ്വരൻ തന്നെ പരസഹായംകൂടാതെയാണ് കാര്യം നടത്തിയിരുന്നത്. ഇനി ഇതിലേക്കു നിങ്ങളുടെ സഹായംകൂടാതെ സാധിക്കുന്നതല്ല'.

ഈ എഴുത്ത് വിദ്രോഹസന്ദായിനി സംഘക്കാരുടെ അനുമോദനത്തിനുള്ള കൊച്ചപ്പന്റെ മറുപടിയാണ്. 'കാര്യം നടത്തുക', 'എന്നും നിങ്ങളുടെ സഹായം വേണം' എന്നുമുള്ള കണ്ടപ്പോൾ സാധുപണിക്കർ കുട്ടിക്കാരൻ പറഞ്ഞതു സത്യമാണെന്നു വിശ്വസിച്ചു. 'എപ്പോഴാണ് ഈ കൃത്യം നടത്താൻ പോകുന്നത്?' എന്നു ചോദിച്ചു.

ഇ—ഇന്നു രാത്രി പന്ത്രണ്ടിന്. കൊച്ചപ്പൻ ഇവിടെ വരില്ല. അയാളെ ഇവിടെ എല്ലാവരും അറിയും. [illegible] മാത്രമെ ഇവിടെ വരുള്ളൂ.

കേ. പ—അവരുടെ ഇവിടെ വന്നാൽ ആളുകളെ [illegible] കാവൽ നിർത്തണം. സാധാരണ ഉപദ്രവിക്കുക മാത്രമെ ചെയ്യാവൂ. ശബ്ദത്തിന് ഉണ്ടയില്ലാതെ വെടിവെച്ചാൽ മതി. അതൊഴികെ മറ്റൊന്നും പ്രവൃത്തിക്കരുത്.

ഇ—അങ്ങിനെതന്നെ ആവാം.

കേശവപണിക്കർ കുറെനേരം ആലോചനയോടുകൂടി ഒന്നും മിണ്ടാതെ ഇരുന്നു. അപ്പോഴേക്കും വാലിയക്കാരനായിട്ടൊരുത്തൻ കൊച്ചുപെണ്ണു പടിക്കൽ വീണുകിടന്നിരുന്ന ഒരുത്തനെ കണ്ടിട്ട് ഇവിടെ കൊണ്ടുവന്നു കിടത്തിട്ടുണ്ട് എന്നു പറഞ്ഞു.

കേ. പ—അയാൾ എവിടുന്നാണ് വരുന്നത്?

വാലിയക്കാരൻ—അയാൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. ചോദ്യത്തിനൊന്നും ഉത്തരം പറവാൻ ശേഷിയില്ല.

കെ. പ—അവരെ വേണ്ടപോലെ നോക്കാൻ വാലിയക്കാരത്തിയോടു പറയണം.

ഉട്ടിക്കാരൻ—എന്ത്, ഇതു ദീനക്കാൎക്കു കിടപ്പാനുള്ള സ്ഥലമോ മറെറാ വല്ലതുമാണോ? അവർ വേണമെങ്കിൽ ആസ്പത്രിയിലൊ മറെറാ പൊയ്ക്കൊള്ളട്ടെ.

കെ. പ—ഈ രാത്രി ആസ്പത്രിയിലേക്കു പറഞ്ഞയക്കുകയില്ലെ. നല്ല സമയം, ശരി, എനിക്ക് ഓൎമ്മവന്നു, നി ഇന്നലെ പറഞ്ഞിട്ടുണ്ടല്ലോ. ഞാൻ അതു പരീക്ഷിപ്പാൻ ഭാവമുണ്ട്. ഗോവിന്ദാ അവരുടെ ക്ഷീണം മാറിയാൽ ഇങ്ങോട്ടുവരാൻ പറയൂ.

തന്റെ മുമ്പിൽ വരാൻ പോകുന്ന സ്ത്രീ ഉട്ടിക്കാരൻ വൎണ്ണിച്ച മട്ടിലുള്ള ഒരു സ്ത്രീയായിരിക്കുമെന്നാണ് പണിക്കർ ആദ്യം വിചാരിച്ചിരുന്നത്. കണ്ടപ്പോൾ അങ്ങിനെയൊന്നുമല്ല. സാമാന്യം സൌന്ദൎയ്യമുണ്ട്. പട്ടിണികൊണ്ടും മററും മുഖത്തു വല്ലാത്ത ക്ഷീണം തട്ടീട്ടുണ്ടെങ്കിലും ഭാവങ്ങളും പ്രവൃത്തികളും അവർ ഒരു നല്ല തറവാട്ടിൽ ജനിച്ചവളാണെന്നു കാണിക്കുന്നുണ്ട്.

അവളെക്കണ്ട ഉടനെ പണിക്കർ—ആ! നിങ്ങൾ ആരാണെന്നോ എവിടുത്തെതാണെന്നോ ഒന്നും എനിക്കറിയേണ്ട. നിങ്ങൾ ഇവിടെ താമസിച്ചോളൂ. ഇവിടെക്കാണുന്നവരെ ശകാരിക്കുകയോ തല്ലുകയോ എന്തു ചെയ്യുന്നതിനും നിങ്ങൾക്കു സ്വാതന്ത്ര്യം തരുന്നു. അങ്ങിനെ ചെയ്യുന്നതുകൊണ്ട് എനിക്കു യാതൊരു മുഷിച്ചലുമില്ല.

ആ സ്ത്രീ വല്ലാതെ പകച്ചു. വകതിരിവില്ലാതെകണ്ടു താൻ വല്ലതും അറിയാതെ പ്രവൃത്തിച്ചതിനാൽ പണിക്കർ മുഷിഞ്ഞുപറകയാണെന്നാണ് കരുതിയത്. എന്നിട്ട് ഇങ്ങിനെ പറഞ്ഞു:—'ഞാൻ ഒരു സാധു സ്ത്രീയാണ്. അനാഥയായ ഞാൻ ഇതിനു മുമ്പുതന്നെ മരിച്ചു പോകേണ്ടതായിരുന്നു. എന്തോ സംഗതിവശാൽ നിൎഭാഗ്യവതിയായ എനിക്കു കുറെ കാലംകൂടി ഈ ലോകത്തിൽ കിടന്ന് അരിഷ്ടിക്കാനുള്ള യോഗമുണ്ടെന്നു തോന്നുന്നു. എന്തെങ്കിലും ഞാൻ തെററു ചെയ്തിട്ടുണ്ടെങ്കിൽ ഇവിടുന്നു ക്ഷമിക്കണം'.

പണിക്കർ (ഇട്ടിക്കോരനോടു സ്വകാര്യമായിട്ട്) ഇവരുടെ മേൽ എനിക്ക് എന്തെന്നറിയാതെകണ്ടുള്ള ഒരു അനുകമ്പയാണ് തോന്നുന്നത്. (സ്ത്രീയോട്) — നിങ്ങൾ യാതൊരു തെറ്റും ചെയ്തിട്ടില്ലല്ലൊ. പിന്നെ നിങ്ങൾ എന്താണിങ്ങിനെ പറയുന്നത്. നിങ്ങൾ വന്നതുതന്നെ എനിക്കു വലിയ സന്തോഷമായി. ഇട്ടിക്കോരാ! ഇവർ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. അതുകൊണ്ടു വേഗത്തിൽ ഭക്ഷണം കഴിപ്പിക്കണം. എലയും പലകയും വെച്ചു തളിക്കൂ.

സ്ത്രീ — ഇവിടുന്ന് ആരാണെന്നു എനിക്കു മനസ്സിലായില്ലല്ലൊ.

കെ. പ — അതു ശരി, ഞാൻ സാക്ഷാൽ ഭ്രാന്തൻ കേശവപ്പണിക്കരാണ്.

സ്ത്രീ — കേശവപ്പണിക്കരോ?

കെ. പ — ആ! നിങ്ങൾ എന്നെപ്പറ്റി കേട്ടിട്ടുണ്ട് ഇല്ലെ? സാരമില്ല, വരട്ടെ ഇട്ടിക്കോരാ! വേഗമാകട്ടെ, നിനക്ക് ഇവർക്കു ചോറു വിളമ്പിക്കൊടുക്കണം.

ഇട്ടിക്കോരൻ പല്ലുകടിച്ചുംകൊണ്ട് അനുസരിച്ചു. പലേ വിചാരങ്ങൾകൊണ്ടു സ്ത്രീ വളരെ ഒന്നും ഭക്ഷിച്ചില്ല. കൂടെ ഉണ്ടായിരുന്ന കുട്ടി വിശപ്പുകൊണ്ടു കിട്ടിയതെല്ലാം ഭക്ഷിച്ചു. പണിക്കർ ഓരോ വെടികളുംപറഞ്ഞു ഭക്ഷണസമയം ദീർഘിപ്പിച്ചു. ഊണു കഴിച്ചതിന്റെശേഷം പണിക്കർ ഇട്ടിക്കോരനെ വിളിച്ച് ആളുകളെ വേണ്ടപോലെ നിർത്തിയൊ? എന്നു ചോദിച്ചു.

ഇ — ഉവ്വ്.

കെ. പ — എന്നാൽ നീ പൊയ്ക്കോ. കുറെനേരം ഞാൻ തനിച്ചിരിക്കട്ടെ — 'കഷ്ടം! നോക്കിപ്പോയതുകൊണ്ട് കാര്യമൊന്നുമുണ്ടായില്ല. എനിക്ക് അവരുടെപേരിൽ വലുതായ ഒരു അനുകമ്പയാണ് തോന്നുന്നത്, അവന്റെ വാക്കുകേട്ട് ഒരു പാവപ്പെട്ട സ്ത്രീയെ വെറുതെ കളിയാക്കി' ഇങ്ങിനെ പണിക്കർ ഓരോന്നു വിചാരിച്ചുംകൊണ്ടു കുറെനേരം ഇരുന്നു. അതിന്റെ ശേഷം ഗോവിന്ദാ എന്നു വിളിച്ചു. വാല്യക്കാരൻ ഓടിവന്നു.

കേ. പ — ആ സ്ത്രീ അവിടെപ്പോയി കിടന്നാട്ടെല്ലു, അവളെ കൎത്തൃനമ്പന്മാരായിരുന്ന യജമാനൻ പാൎത്തിട്ടുണ്ടെന്നു പറഞ്ഞു'

'അതുകളെ വരാൻ പറയു'

വലിയമ്മാൻ പോയി സ്ത്രീയെ കൂട്ടിക്കൊണ്ടുവന്നു.

കേ. പ — ഞാൻ ഒരു സാഹസം പ്രവൃത്തിച്ചു. അതു നിങ്ങൾ ക്ഷമിക്കണം. മുമ്പിച്ചുൽ തോന്നുന്നു, ഒരു ഭ്രാന്താലയത്തിലായിട്ടാണ് ഭാവിച്ചത്. ഒരു സാധ്വീസ്ത്രീയെ കളിയാക്കയാണെന്നുള്ള വിചാരം എനിക്ക് അപ്പോൾ അശേഷം ഉണ്ടായില്ല.

സ്ത്രീ — ഇവിടുന്ന് ഇനിയും ഉപദ്രവിക്കയല്ലേ ചെയ്യുന്നത്. അതുകൊണ്ട് എനിക്കു മുഷിച്ചിലില്ല എന്നോ വല്ലി. എന്നാ ഇതിൽ സാഹസപ്രവൃത്തി എന്നു എനിക്കു മനസ്സിലായില്ല.

കേ. പ — എനിക്കു ഒരു മകൻ ഉണ്ട്. അവൻ എന്റെ കണ്ണിലുണ്ണിയായിരുന്നു. ഇപ്പോൾ ഈ വയസ്സുകാലത്തു അവൻ എന്റെ പരമാനന്ദഭാജനമായിരിക്കുന്നു.

സ്ത്രീ — എങ്ങിനെയാണത്.

കേ. പ — ഞാൻ എന്റെ ഇഷ്ടത്തിനു വിരോധമായി എന്റെ ഒരു ഉപായം അവൻ നിനക്കു സഹോദരിയായ ഒരു സ്ത്രീയെ കല്യാണം കഴിച്ചിരിക്കുന്നു. അതിനാൽ എനിക്കു ഇവിടെ വന്നു താമസിപ്പിച്ചാൽ എനിക്കു സമാധാനം എന്നു വിചാരിച്ചിട്ടാണ് നിങ്ങളെ എന്റെ മരുമകളാണെന്നു വിചാരിച്ചു ചില ശോധ്യങ്ങളും കണ്ടിട്ടുള്ളത്. അവന്റെ ഭാൎയ്യ നിങ്ങളെപ്പോലെ ഒരു സ്ത്രീയായിരുന്നു എങ്കിൽ അവന്റെ കാൎയ്യത്തിൽ എനിക്കു സമാധാനപ്പെടാമായിരുന്നു.

സ്ത്രീ — (വിചാരം) ഇതു് എന്നെ ഉദ്ദേശിച്ചല്ലേ പറയുന്നത്. കേശവപ്പണിക്കൎക്കു ഒരു മകനേയുള്ളൂ എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. എന്തായാലും പേരു ചോദിക്കാം

അപ്പോഴേക്കും ഠൊ, ഠൊ എന്നു മൂന്നു നാലു വെടികളുടെ ശബ്ദവും 'അയ്യോ' എന്നു ഒരു നിലവിളിയും, 'പോടാ' എന്നു ഒരാൾ വിളിക്കുന്നതും കേട്ടു. പണിക്കർ ബദ്ധപ്പെട്ടു അകത്തേക്കു

ടിച്ചൂന്നു. പിന്നാലെ സ്ത്രീയും പോയി. മങ്ങിയ വെളിച്ചമുള്ള ഒരു അകത്തു ഒരാൾ മലൎന്നു വീണുകിടക്കുന്നതു കണ്ടു. പണിക്കർ വിളക്കിന്റെ തിരി അല്പം നീട്ടിയപ്പോഴേക്കും ആ സ്ത്രീ അദ്ദേഹത്തെ തട്ടിയിട്ടുംകൊണ്ട് അവിടെ കിടക്കുന്ന ദേഹത്തെ മുറുകെ പിടിച്ചു. 'അയ്യോ ഇത് അദ്ദേഹമാണ്' എന്നു നിലവിളിച്ചു പറഞ്ഞു. വീണുകിടക്കുന്ന ആൾ പതുക്കെ കണ്ണു മിഴിച്ചുനോക്കി 'കേട്ടോ നിന്നെ കാണാൻ സംഗതി വന്നല്ലോ' എന്നു ദീനസ്വരത്തിൽ ചോദിച്ചു.

പ— നിങ്ങൾ ആരാണെന്ന് മനസ്സിലായില്ലല്ലോ.

സ്ത്രീ— ഞാൻ ഇവിടത്തെ മകന്റെ ഭാൎയ്യയാണ്. ഇദ്ദേഹം കഴിഞ്ഞിട്ടേ ഉള്ളൂ. വേഗം [illegible] കൊണ്ടുവരട്ടെ.

പരീക്ഷിച്ചു നോക്കിയതിൽ [illegible] സംശയമില്ലെന്നു കണ്ടു. ശരീരത്തെ കട്ടിലേൽ കിടത്തിയതിന്റെ ശേഷം ആരാണ് ഈ വെടിവെച്ചതെന്നു അവിടെ കൂടിയവരോട് ചോദിച്ചു. 'ഞങ്ങൾ ഉറങ്ങിക്കിടക്കുമ്പോഴാണ് വെടികേട്ടത്. എന്നാൽ ഉണ്ണിക്കോരൻ ഉണൎന്നിട്ടാണ് വെടിവെച്ചത്. എന്നു തോന്നുന്നു' എന്ന് അവിടെയുണ്ടായിരുന്ന ഒരു ഭൃത്യൻ പറഞ്ഞു. 'ഉണ്ണിക്കോരൻ എവിടെ' എന്നു പണിക്കർ ചോദിച്ചു. പക്ഷെ ഉണ്ണിക്കോരൻ തന്റെ വെടികൊണ്ടു കൊച്ചുകുട്ടനെ കൊല്ലുവാൻ സാധിച്ചില്ലെന്നു കണ്ടപ്പോൾ ചാടിപ്പോയിക്കളഞ്ഞു. അപ്പോഴാണ് ഉണ്ണിക്കോരന്റെ കളവുകളും സൂത്രങ്ങളും ഒക്കെ പണിക്കൎക്കു മനസ്സിലായത്. 'മകനെ കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി അതിനെപ്പറ്റി വ്യസനിച്ചിട്ട് പ്രയോജനമൊന്നുമില്ല. മേലാൽ എന്റെ മകൻ ഭാൎയ്യയോടുംകൂടി ഇവിടെ സുഖമായി താമസിച്ചുകൊള്ളണം. [illegible] കേശവപണിക്കർ' എന്ന് [illegible] പറയിക്കാതിരിപ്പാൻ നോക്കണം' എന്നു പറഞ്ഞു പണിക്കർ മകനെ ഗാഢാലിംഗനം ചെയ്തു. [illegible] കൊച്ചുകുട്ടനും കൂടി ഒരു ദിവസം കഴിഞ്ഞു. [illegible] സന്തോഷിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് [illegible]

സം വെച്ചിട്ടുള്ള ഒരു എഴുത്തു കൊണ്ടുവന്നു കൊടുത്തു. പൊളിച്ചു നോക്കിയപ്പോൾ ചെങ്ങഴിക്കോട്ടു കൎത്താവിന്റെ മകൻ നാരായണക്കുറുപ്പ് അയച്ചതാണെന്നു കണ്ടു. എഴുത്ത് ഈ പ്രകാരമായിരുന്നു.

ശ്രീ

എന്റെ അച്ഛൻ ഇന്നലെ രാത്രി ൮ മണിക്കു മരിച്ചുപോയിരിക്കുന്നു. അച്ഛന്റെ ഭവനം കുത്തിത്തുറന്നു അനാവധി മുതലുംകൊണ്ടുപോയ ഒരു കള്ളനായി മല്ലിട്ടതിൽ കിട്ടിയ ഒരു മുറിയാണ് മരണത്തിനുള്ള കാരണം. മരണത്തിനു മുമ്പ് നിങ്ങളുടെ ഭാൎയ്യയേയും ഭാൎയ്യയുടെ തറവാട്ടുകാരേയും പലവിധത്തിൽ ദ്രോഹിച്ചിട്ടുണ്ടെന്നു പറഞ്ഞു. കള്ളപ്രമാണങ്ങൾ നിൎമ്മിച്ചും മറ്റും നിങ്ങളുടെ സ്വത്തുക്കൾ വളരെ കൈവശപ്പെടുത്തീട്ടുണ്ടത്രേ. ഒരു വ്യാജമായ എഴുത്തുമൂലം നിങ്ങൾ പുറപ്പെട്ടുപോയി എന്നു പാൎവ്വതിഅമ്മയെ ധരിപ്പിച്ച് അവൾക്കു പല ബുദ്ധിമുട്ടുകൾക്കും ഇടവരുത്തിയെന്നും മറ്റും പറഞ്ഞിരിക്കുന്നു. പാൎവ്വതിഅമ്മയുടെ കഥ എന്താണെന്നു നിശ്ചയമില്ലെങ്കിലും അവരെപ്പോലെയുള്ള ഒരു സ്ത്രീക്കു ഒരിക്കലും ആപത്തു വരാനിടയില്ലെന്നാണ് അച്ഛന്റെ വിശ്വാസം. പാൎവ്വതിഅമ്മയുടെ വകയായിട്ടുണ്ടായിരുന്ന സ്വത്തുക്കൾ മുഴുവനും അവൾക്കു തിരിയെ വിട്ടുകൊടുക്കണമെന്നാണ് അച്ഛൻ മരിക്കുംമുമ്പെ പറഞ്ഞിട്ടുള്ളത്. അതിനു ചില ഏൎപ്പാടുകൾ ചെയ്യേണ്ടതിന്നു നിങ്ങൾ ഇവിടുത്തോളം വരണം. അച്ഛൻ ചെയ്ത തെറ്റ് ക്ഷമിക്കത്തക്കതല്ലെങ്കിലും അതിനെക്കുറിച്ചു പശ്ചാത്താപമുണ്ടെന്നറിയുന്നതു തന്നെ വലിയ സമാധാനം.

ടി. നാരായണക്കുറുപ്പ്.

അവിടുന്ന് രണ്ടാഴ്ചവട്ടം കഴിഞ്ഞതിന്റെ ശേഷം ഗവൎമ്മെണ്ടു ഗെസററിൽ ഇങ്ങിനെ ഒരു പരസ്യം കണ്ടു.

വിളിച്ചറിയിപ്പ്.

൮൦൦ ക. സമ്മാനം.

ഇട്ടിക്കോരൻ എന്നു പേരായ ഒരുവൻ ചെങ്ങഴിക്കോട്ടു കൎത്താവിന്റെ ഭവനം കുത്തിത്തുറന്നു അനാവധി സ്വത്തും അപഹരി

ച്ചുകൊണ്ടു ചാടിപ്പോയിരിക്കുന്നു. ആയാളെ പിടികൂടുകയോ പിടിക്കേണ്ടതിനുള്ള അറിവുകൾ ഇവിടെ തരികയോ ചെയ്യുന്ന ആൾക്ക് ൧൦൦ ക. സമ്മാനം കൊടുപ്പാൻ തീർച്ചയാക്കിയിരിക്കുന്നു.

അടയാള വിവരം— മൂക്കുനീണ്ടതാണ്. കുറ്റിത്താടി. അഞ്ചടി പൊക്കം. ൫൦ വയസ്സിൽ താഴെ പ്രായം. സംസാരിക്കുമ്പോഴും കൂടെ കൂടെ കണ്ണടക്കും. മുല്ലക്കാട്ടു പണിക്കരുടെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. ആയാളുടെ ഭാര്യയുടെ മകനാണ്.

(ഒപ്പ്) ഡബ്ലിയു ഹെർബർട്ട്,
പോലീസ് സൂപ്രണ്ട്.

വി. കെ. രാമമേനോൻ ബി. എ.

കൊച്ചി രാജ്യത്തിന്റെ ഉൽപ്പത്തി*



സഹ്യാദ്രിയുടേയും പശ്ചിമസമുദ്രത്തിന്റേയും മദ്ധ്യത്തിൽ കന്യാകുമാരിമുതൽ ഗോകർണ്ണംവരെ തെക്കുവടക്കു നീളത്തിൽ കിടക്കുന്ന ഭൂഖണ്ഡത്തിനാണ് പൂർവ്വകാലങ്ങളിൽ കേരളമെന്നു പ്രസിദ്ധിയുണ്ടായിരുന്നത്. ഉത്തരകർണ്ണാടക ജില്ലയിലെ ഏതാനും ഭാഗവും ദക്ഷിണകർണ്ണാടകവും ബ്രിട്ടീഷ് മലയാളവും കൊച്ചിതിരുവിതാംകൂർ സാമന്തരാജ്യങ്ങളും കേരളത്തിൽ ഉൾപ്പെട്ടവയായിരുന്നു. കർമ്മഭൂമിയെന്നും പരശുരാമക്ഷേത്രമെന്നും നാമാന്തരങ്ങളുള്ള ഈ കേരളരാജ്യത്തിന്റെ ചരിത്രപ്രസിദ്ധി ആദികാലങ്ങ

* ഈ ലേഖനത്തിൽ താഴെ എഴുതുന്ന പുസ്തകങ്ങളെ കൂടി സഹായിച്ചിട്ടുണ്ട്.
1. Day's Land of the Perumals. 2. Visscher's Letters from Malabar. 3. Cochin Census Report for 1901. 4. Kerala Ulpathi. 5. Kerala Pazhama.

ളിൽതന്നെ ദേശാന്തരങ്ങളിൽ പ്രവേശിച്ചുതുടങ്ങി. ഇന്ത്യാരാജ്യത്തിൽവെച്ചു കേരളഭൂമിയാണ് പരിഷ്കൃതന്മാരായ കപ്പൽയാത്രക്കാരുടെയും കച്ചവടക്കാരുടെയും ദൃഷ്ടിയിൽ ആദ്യംപെട്ടിട്ടുള്ളത്. ക്രിസ്ത്വബ്ദം ൭൦-ാമത് ജൂദസംഹാരകാലത്തു സ്വദേശമായ യെരുസലേമിൽനിന്നു ഭയാക്രാന്തന്മാരായി നാടുവിട്ടുപോന്ന ജൂദന്മാർ (ജൂതന്മാർ) അഭയം പ്രാപിച്ചിട്ടുള്ളതും കേരളരാജ്യത്താണ്. ക്രിസ്ത്യാനികളുടെ ഇടയിൽ സെന്റ് തോമസ്സ് എന്നു പേരുകേട്ട ദൈവദൂതൻ സ്വമതപ്രസ്ഥാപനത്തിന്നായി ഇന്ത്യയിൽ കാലൂന്നിയതും, കേരളത്തിൽത്തന്നെയാകുന്നു. കൊച്ചിരാജ്യത്തിൽ ചേർന്ന തിരുവഞ്ചിക്കുളത്തിന്നു സമീപമുള്ള 'മാലങ്കര' എന്ന സ്ഥലത്താണ് സെന്റ്തോമസ്സ് വന്നിറങ്ങീട്ടുള്ളതെന്നുകൂടി ലക്ഷ്യങ്ങളെക്കൊണ്ടു ക്ലിപ്തപ്പെടുത്തീട്ടുണ്ട്. അറബികൾ അവരുടെ കച്ചവടസംബന്ധമായ യാത്രാക്ലേശത്തെ കുറെക്കുറയ്ക്കുവാനായി മൂന്നാംനൂറ്റാണ്ടിൽ രണ്ടു സൈന്യദളങ്ങളോട് താവളങ്ങളും ഇവിടെത്തന്നെയാകുന്നു. അറബിക്കച്ചവടക്കാർ മുളകുമുതലായ മലയാളച്ചരക്കുകൾക്കു പാശ്ചാത്യവാണിജ്യത്തിൽ ബഹുമാനം ചെയ്യുവാൻ തക്കതായ താര കണ്ടുപിടിച്ചതും ഇതുതന്നെയാകുന്നു. എന്നുവേണ്ട, യൂറോപ്പ്ഖണ്ഡത്തിൽനിന്നു ഇന്ത്യാരാജ്യത്തുവന്നു താമസിക്കുന്നവരായി നാം ഇപ്പോൾ കാണുന്ന പരിശ്രമശീലന്മാരായ സകലജാതിക്കാരുടെയും പൂർവന്മാർ രാജ്യം കൈക്കലാക്കുവാനായും, കച്ചവടം നടത്തുവാനായും, സ്വമതം പരത്തുവാനായും ആദ്യം വന്നിറങ്ങീട്ടുള്ളത് നമ്മുടെ കേരളഭൂമിയിലാകുന്നു. ഇപ്രകാരം ചരിത്രപ്രസിദ്ധങ്ങളായ വിശേഷസംബന്ധങ്ങളെക്കൊണ്ടും സമുദായാചാരവിശേഷങ്ങളെക്കൊണ്ടും കേരളരാജ്യത്തിന്നു ലോകമാന്യതയും കൊച്ചിരാജ്യത്തിന്നു പ്രത്യേകിച്ചും അതാതിന്റെ വലിപ്പത്തിന്നു് അടുത്തിട്ടുള്ള പ്രാധാന്യവും പ്രശസ്തിയുമെല്ലാം സിദ്ധിച്ചിട്ടുള്ളത്.

പരദേശങ്ങളിൽനിന്നും പല പരിഷയിലുള്ള ബ്രാഹ്മണരും കേരളത്തിൽ പോന്നുവന്നതിന്റെശേഷം ശ്രീപരശുരാമൻ അവരെ പലദിക്കിലും കുടിയിരുത്തി പലദേശത്തും പല സ്ഥാനങ്ങളും കല്പി

ച്ചുകൊടുക്കുകയും ദേശത്തിൽ ഓരോരോ ക്ഷേത്രം പണിചെയ്തു, ക്ഷേത്രമര്യാദ നിയമിക്കുകയും, ദേശത്ത് അടിമയും കുടിമയും ഉണ്ടാക്കി അടിയാരേയും കുടിയാരേയും രക്ഷിച്ചു, തറയും സങ്കേതവും ഉറപ്പിച്ച്, അവകാശത്തിന്നു താഴ്ചയും വീഴ്ചയും വരാതെ പരിപാലിക്കുകയും, ബ്രാഹ്മണാചാരവും ശൂദ്രമര്യാദയും കല്പിച്ചു നേരും ന്യായവും നടത്തി അറുപത്തിനാലുഗ്രാമത്തിലുള്ള വേദബ്രാഹ്മണരേയും മററുള്ളവരേയും ആനന്ദിപ്പിക്കുകയും, കേരളപ്രതിഷ്ഠകഴിച്ചതിൽപിന്നെ "ഇനിമേലിൽ ബ്രാഹ്മണർ തങ്ങളിൽ അന്യോന്യം ഓരോരോ കുറ ചൊല്ലിയും സ്വധർമ്മം ചൊല്ലിയും വിവാദിച്ചു കർമ്മവൈകല്യങ്ങളെ കർമ്മങ്ങളിൽ കലഹിച്ചുപോകരുത്" എന്നുകൂടി കല്പിച്ചിരുന്നു. ഒരേദ്രോഹം അന്തർദ്ധാനം ചെയ്തു എന്നു പറയുന്നുവെങ്കിലും, മറ്റു രാജ്യങ്ങളിലെന്നപോലെ കേരളത്തിലും രാജ്യഭരണസമ്പ്രദായത്തിന്നും സദാചാരത്തിന്നും ഭേദഗതികൾ വരാതിരുന്നിട്ടില്ല.

കേരളരാജ്യം പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തൊഴികെ ഒരു കാലത്തും ഒരു രാജാവിന്റെയോ അധിപതിയുടെയോ, സ്വാധീ...
...ർ ഉണ്ടായിട്ടില്ല. ആദ്യകാലങ്ങളിൽ തറകളെന്നും നാട്ട...
അവാന്തരവിഭാഗങ്ങളോടുകൂടിയ അറുപത്തിനാലു ഗ്രാമ...
...ക്കൂട്ടമായിത്തിരിഞ്ഞ് അതതു കൂട്ടത്തിലേക്ക് ഓരോ...
...ഷ്യ മൂന്നുകൊല്ലം വീതം ഭരിക്കുന്നതിന്നു നിയമിക്കുകയായി...
...രിവ്. തലയാതിരിയെ തിരഞ്ഞെടുക്കുവാനുള്ള അവകാ...
... ഗ്രാമങ്ങളിൽനിന്നും തല്ക്കാലം നിശ്ചയിക്കപ്പെട്ട ചില
... അധികാരികൾക്കായിരുന്നു. നാല്. ഗ്രാമങ്ങളിൽകൂടി
പള്ളൂർ, പയ്യന്നൂർ, പറപ്പൂർ, ചെങ്ങനിയൂർ, ഇങ്ങിനെ
[illegible] ങ്ങളാണ് (കൂട്ടവിഭാഗങ്ങൾ) ഉണ്ടായിരുന്നത്. ഈ കഴകങ്ങളിൽചേർന്ന പലരും വളരെക്കാലം രാജ്യം പരിപാലിച്ചതിന്റെ ശേഷം കാലക്രമത്താൽ നാട്ടിൽ ശിക്ഷാരക്ഷ കുറയുകയും സ്വാർത്ഥം വർദ്ധിക്കുകയും ചെയ്കനിമിത്തം ഛിദ്രങ്ങൾ തുടങ്ങി. അതിനെ പരിഹരിപ്പാൻ ബ്രാഹ്മണർ എല്ലാവരും ഒരുമിച്ചു തിരുനാവായ മണപ്പുറത്തുവച്ച് യോഗംകൂടി പരദേശത്തുനിന്നും പെരു

മാക്കന്മാരെ കൊണ്ടുവന്നു് പന്തിരാണ്ടുകാലം വീതം കേരളത്തിൽ ഏകഛത്രാധിപതിയായി വാഴിക്കുവാൻ തീർച്ചപ്പെടുത്തി. ഈ നിശ്ചയത്തെ അനുസരിച്ചു് ഏകദേശം ക്രിസ്ത്വബ്ദം മൂന്നു (ഭൂമൌ ഭൂപോയം പ്രാപ) മുതൽ നാലു (ഷോഡശാംഗസ്വരാജ്യം*) വരെ ചോഴമണ്ഡലത്തിൽനിന്നും ചേരരാജ്യങ്ങളിൽനിന്നും ഇരുപത്തഞ്ചു പെരുമാക്കന്മാരോളം കേരളം വാണിട്ടുണ്ടു്. ഇവരിൽ പലരും പല കാരണങ്ങളാൽ പന്തിരാണ്ടിൽ ഏറിയും കുറഞ്ഞും പരശുരാമക്ഷേത്രം പരിപാലിച്ചിട്ടു്, ഒടുവിലത്തെ ആളായ ഭാസ്കരരവിവർമ്മനെന്ന ചേരമാൻ പെരുമാൾ ഏകദേശം നൂറു കൊല്ലത്തോളം രാജ്യഭാരം വഹിച്ചതിന്റെ ശേഷം കേരളരാജ്യം പതിനാറു് ഭാഗമാക്കി ഭാഗിച്ചു് തന്റെ മക്കൾക്കും മരുമക്കൾക്കും മറ്റു വേണ്ടപ്പെട്ട ആളുകൾക്കുമായി കൊടുത്ത കൂട്ടത്തിൽ പ്രധാനപ്പെട്ടവയായിരുന്നു പെരുമ്പടപ്പു്, തൃപ്പാപ്പൂര്, നെടുവിരിപ്പു് എന്നീ മൂന്നു സ്വരൂപങ്ങൾ ചേർന്ന രാജ്യങ്ങൾ. ഈ പ്രകാരമാണു് പെരുമ്പടപ്പു് രാജ്യത്തിന്റെ അതായതു് ഇപ്പോഴത്തെ കൊച്ചി രാജ്യത്തിന്റെ ഉല്പത്തി, ശേഷം മേലാലങ്കങ്ങളിൽ വിവരിക്കുന്നതാണു്.

ആർ. വി.

പലവക

ഷഷ്ടിപൂർത്തിഷഷ്ടി.

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തി സ്മാരകമായി പ്രസിദ്ധ കവിയായ കെ. സി. കേശവപിള്ള അവർകൾ ഉണ്ടാക്കിയ അറുപതു ശ്ലോകങ്ങൾ അടങ്ങിയ ഒരു ചെറിയ പുസ്തകമാണു് ഇതു്. പിള്ള അവർകളുടെ കവിതയ്ക്കു പദശുദ്ധിയും അർത്ഥശബ്ദാലങ്കാരപുഷ്ടിയും, ചമൽക്കാരവും ഉണ്ടെന്നു

* ഒടുവിലത്തെ ചേരമാൻ പെരുമാളുടെ രാജ്യത്യാഗം താഴെ പറയപ്പെടുന്ന കലിദിനങ്ങളെക്കൊണ്ടു കാണാവുന്നതാകുന്നു. ൧. ഉദയിസ്വരാജ്യേ (312 A. D.) ൨. ചേരമാൻ ഭൂമിം പ്രാപ (343 A. D.) ൩. ചേരരാജ്യസ്വരാജ്യപ്രാപ (382 A. D.)

ള്ള ജനസ്വഭാവത്തെ ഈ കവിത ചാതുരി ഉൾപ്പിക്കുന്നുണ്ട്. ഉദാഹരണമായി മൂന്ന് ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

വൈദ്യുതങ്ങളാംഗങ്ങളിൽ-
കള്ളന്മാരുമാർത്ഥരാംസ്വാമിമാരും
കുത്സിതന്മാരാകുമത്ഭോവാ-
റത്തിന്നിതുമിരന്നുമുക്കൊരുത്തന്മാർ

* *

കരഞ്ഞിന്നിതുമൂന്നായി,
പുലമ്പിന്നിതുമുത്തിലകൾ നിഷ്പ്രഭമായ്;
വിളമ്പിന്നിതുവച്ചപ്പം,
നമ്മെപ്പോലിവിടന്മാരിന്നുസുഖമാണോ?

* * *

സന്തോഷമഹാസമുദ്രണാം-
ധനമേശാല്പ്പസമിളകിപ്പാറിടിൽ
കേരളത്തിനിക്കവിതാഭി-
പാരംനൽകിയവിളങ്ങുന്നുരായം.

കാദംബരീപരിണയം.

എന്നത് പല വൃത്തങ്ങളിലായി 111 ശ്ലോകങ്ങളുള്ള ഒരു ചെറിയ കവിതയാണ്. വിഷയത്തെപ്പറ്റി മുകളിലെ പുസ്തകത്തിന്റെ പേരിൽനിന്നു ഗ്രഹിക്കാവുന്നതാണ്. ഈ ഗ്രന്ഥകർത്താവായ കുറിപ്പുറത്തു കിട്ടുണ്ണിനായരുടെ സ്നേഹിതനും പുനശ്ശേരി നമ്പി അവർകളുടെ ശിഷ്യനുമായ ടി. സി. പരമേശ്വരൻ മൂസ്സതവർകളും ഇതിന്നൊരു മുഖവുര എഴുതീട്ടുണ്ട്. അതിൽ, ഈ പുസ്തകത്തിലെ കഥാബന്ധം അകൃത്രിമമായിരിക്കുമെന്നും എങ്ങോ വാസ്തവമായി നടന്ന വൃത്താന്തത്തെ പേരുകൾ മാത്രം മാറി ശ്ലോകീകരിച്ചതായിരിക്കാമെന്നും അദ്ദേഹം ഊഹിക്കുന്നുണ്ട്. അതെങ്ങിനെയെങ്കിലുമാവട്ടെ. കവി ചെറുപ്പക്കാരനാണെന്നു സ്നേഹിതനായ മൂസ്സതവർകൾ പറഞ്ഞിട്ടില്ലെങ്കിൽ അതും വിചാരിക്കില്ല. നാന

വധി ശ്ലോകങ്ങൾ ഉണ്ടാക്കിയ പഴക്കംകൊണ്ടു കവികൾക്കുണ്ടാകാവുന്ന ക്ലേശമില്ലായ്മയും, മനോധർമ്മത്തിന്നും വാക്കിന്നും സ്വച്ഛതയും, സാമാന്യം എല്ലാ ശ്ലോകങ്ങളിലും കാണുന്നുണ്ട്.

മരുമക്കത്തായ സംഗ്രഹം

എന്നതു മരുമക്കത്തായ ആചാരത്തെപ്പറ്റിയുള്ള ഹൈക്കോട്ടുവിധികൾ ഇംഗ്ലീഷ്ഭാഷയിലായതുകൊണ്ട് ആ ഭാഷയിൽ അറിവില്ലാത്തവരുടെ ഉപയോഗം കരുതി തിരുവിതാംകൂർ ഹൈക്കോട്ടിൽ ഒഫീഷ്യേറ്റിങ് ചീഫ്ജസ്റ്റിസ്' എ. ഗോവിന്ദപ്പിള്ള അവർകൾ ഉണ്ടാക്കിയ ഒരു ചെറിയ നിയമപുസ്തകമാണ്. പുസ്തകം മുഴുവനും അനുഷ്ടുപ്പ്ശ്ലോകത്തിലാണ്. വിധികൾ ഇന്നതാണെന്ന് അതാതു ശ്ലോകത്തിന്റെ താഴെ കൊടുത്തിട്ടുമുണ്ട്. ചില പരസ്പരവിരുദ്ധങ്ങളായ കോട്ടുവിധികളെ ശ്ലോകരൂപത്തിൽ പറഞ്ഞിട്ടുള്ളതിന്ന് ഒരു സമാധാനം പറയേണ്ടതാണെന്നു ഗ്രന്ഥകർത്താവിന്നു തന്നെ ബോദ്ധ്യമാണ്. തക്കതായ കാരണം പറയേണ്ടതാണെന്നു ഞങ്ങൾക്കും തോന്നുന്നുണ്ട്. ഗ്രന്ഥകർത്താവ് പറഞ്ഞിട്ടുള്ള കാരണങ്ങളിൽ വിഷയങ്ങൾ ഓർമ്മവെക്കുവാൻ ശ്ലോകത്തിലായാൽ അധികം നല്ലതാണെന്നുള്ള അഭിപ്രായത്തോടു ഞങ്ങൾ യോജിക്കുന്നുമുണ്ട്. പക്ഷെ, ഓർമ്മവെക്കേണ്ട വിഷയങ്ങളിൽ ശ്ലോകങ്ങളുടെ അടിയിൽകൊടുത്ത പ്രമാണങ്ങളെ ഗണിക്കാത്തതു ശരിയായിട്ടില്ല

അഭിപ്രായത്തിന്നയച്ചുകിട്ടിയ പുസ്തകങ്ങൾ

1. സ്വധർമ്മം— പി. വി. നാണുപിള്ള അവർകൾ ബി. എ.
2. യൂറോപ്യയിലെ മഹാന്മാർ— ടി. കെ. കൃഷ്ണമേനോനവർകൾ, ബി. എ. എം. ആർ. എ. എസ് എഫ് ആർ എച്ച് എസ്
3. വേദാന്തവ്യവഹാരം— വി. എൻ. ഗോവിന്ദപ്പിള്ള അവർകൾ
4. തൃശ്ശിവപേരൂർ 1081-ാമാണ്ട് കൊല്ലത്തെ പഞ്ചാംഗം.


ഈ ലക്കത്തിൽ 12 ഭാഗങ്ങൾ പതിവിൽ കൂടുതലുണ്ട്.

രസികരഞ്ജിനി

൲൮൰ കന്നി

പുസ്തകം ൩ ലക്കം ൨

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
സഭ്യതെക്കു കൊടുക്കട്ടേ
സദാ രസികരഞ്ജിനി



രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപൂതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസം വെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്കങ്ങളിലൊ അവരുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

എറണാകുളത്തു കോവിലകം } രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
13th Prince of Cochin

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചുതരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് അതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.


രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപൎക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്.

ര. ര. പ.

P. SUBBAROY'S
World-renowned and most efficacious Ayurvedic medicines



പി. സുബ്ബുറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവ്വേദൌഷധങ്ങൾ.



൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, ദേഹം, കൈ, കാൽ മുതലായവയുടെ വീക്കൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങൾക്കു ക്ഷണേന പരിഹരിച്ചു കൊള്ളുന്നതും.

കുപ്പി ഒന്നിനു വില രൂപ ൧. തപാൽ ചിലവു വകയ്ക്കു അണ ൬ വേറെ

൨. പ്രമേഹനിവാരണി.

സ്ത്രീമേഹം, ഉടപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മൂത്രം പഴുക്കുക, രക്തമോഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിന്നും ശമിപ്പിക്കും. കുപ്പി ൧-ന്നു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള പാർസലിനു തപാൽ ചിലവു അണ ൫.

൩. സർവ്വവ്രണസംഹാരി.

ഉഗ്രമെങ്കിലും അല്പം പിടിച്ചാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കടിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, കൺ മാംസങ്ങളുടെ കുത്തു, ഇഴപ്പുവേദന, പാർശ്വവായു, ദേഹവായു, തിമിർവ്വായു മുതലായ പല വ്യാധികളും ശമിപ്പിക്കും. കുപ്പി ഒന്നിനു വില രൂപ ൧. തപാൽ ചിലവു അണ ൫.


൪. ദേഹകുഷ്ഠസംഹാരി.

ദേഹകുഷ്ഠം, ചൊറികടി, തഴതണം, നവുങ്ങാണി എന്നീ രോഗങ്ങൾക്കു ഈ ഔഷധം സിദ്ധൌഷധമാണ്. ചൊറിരോഗങ്ങളും പലതും മാറും തേമൽ ദേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൧ അണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ അണ വേറെ.

പി. സുബ്ബുറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൫. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഞ്ചിയിൽ ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചും താംബൂലത്തോടുകൂടിയും ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ ഒരു ഉന്മേഷത്തെയും വീണ്ടെടുക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങളും ഇതിൽ ചേർത്തിരിക്കുന്നു. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങളും വസൂരിയുടെ പുറംകടച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ ഒരു ദിവസത്തിൽ കഴിക്കുന്നതായാൽ മതി. ൨൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില അണ ൪. ൫ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ പെട്ടി ൧-ന്ന തപാൽകൂലി ഇല്ല.

൬. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാവിധ ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩-അണ, തപാൽ ചിലവു ൨ കുപ്പിവരെ ൧ അണ വേറെ.

൭. ജ്വരസംഹാരി.

കുളിർപ്പനി, ഇടപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൩ അണ വേറെ.

൮. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മിക്ക ഇടതൂർന്നു പുഷ്ടിയായും നീണ്ടും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. നരച്ച രോമം കറുക്കും, രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൮ അണ. തപാൽ ചിലവു ൫ അണ വേറെ.

൯. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ അണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ.

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൧൦. അഗ്നിമാന്ദ്യസംഹാരി.

ഭക്ഷണമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുവേദന, വായനാററം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നക്കു അണ ൮ തപാൽകൂലി അണ ൧ വേറെ

൧൧. കൎണ്ണബിന്ദു.

ചീക്കൊളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧-ക്കു ൮ അണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ അണ വേറെ

൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിന ൮ അണ തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൧ അണ വേറെ

൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, ചൊല്ലം, നീൎക്കെട്ടു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, വെളുപ്പ്, പൂവു, ചൊറപ്പു, എരിച്ചിൽ, ഇമ, പുളികം ഇവയോടു വേറിവു കണ്ണിൽ ഉണ്ടാകുന്നതുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിന ൮ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ അണ വേറെ.

൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന ൮ അണ. തപാൽ ചിലവു ൪ വരെ ഡപ്പികൾക്കു ൧ അണ വേറെ.

൧൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നു വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ൧ ഉറുപ്പികത്തൂക്കത്തിന്നു ൪൫ ക. വില. ൫ ഉറുപ്പികമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം

പി. സുബ്ബറായി, പറക്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൧൭. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ചു സമയത്തു ഒന്നു ഉള്ളിൽ കഴിച്ചാൽ കൊടുന്നനെ ആശ്വാസം കാണാം. ഒരു കുപ്പിമരുന്നിൽ ഏകദേശം ഉള്ള മരുന്നു കൊണ്ടു കുപ്പി കരുതി വെക്കാതെ ഇരിക്കരുതു. വില കുപ്പി ൧ ക്കു ൩ റ ക വ്യ ണ. ൧൨ കുപ്പിയിൽ കുറയാതെ മേടിച്ചു വാങ്ങുന്നവർ ഡസൻ ൧ ക്കു ൨ റ ക വ്യ ണ ഉള്ള വിലയിൽ കൊടുക്കുന്നതാണ. വില ചുരുക്കുന്നതല്ല. വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇന്ത്യയിലും ബൎമ്മയിലും ൧൨ കുപ്പിക്കു വി. പി. കമ്മീഷൻ ൩ ണ. സിലോൺ ൭ ണ.

൧൮. വ്രണവിരോപണ തൈലം.

ഉണങ്ങാത്ത പഴുത്ത പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും ഒരു ഒറ്റമൂലിയാകുന്നു. ഇതു സകല കൃമികളെയും നശിപ്പിച്ചു എല്ലാ വ്രണങ്ങളെയും പിള്ളരോഗത്തിൽ ഉണ്ടാകുന്നതാകുന്നു. വില ൩ ണ മുന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

൧൯. കണ്ണൂരുധിഗുളിക.

ഇതു കണ്ണിനു തട്ടുന്ന സകല രോഗ നാശത്തിനു അതിവിശേഷമായ ഒരു ഔഷധമാകുന്നു. വൃദ്ധന്മാർ, സംഗീതക്കാർ, വ്യവസായക്കാർ, പാതിരിമാർ, ബുദ്ധിവ്യാപാരക്കാർ അത്യാവശ്യമായ ഔഷധമായും മറ്റുള്ളവൎക്കും വളരെ ഉപകാരമുള്ളതാകുന്നു. വില ൩ ണ വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൨൦. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിനു വിലയേറിയ സോപ്പിനെക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, ശുദ്ധവും പ്രകാശവും സുഗന്ധവും ഉണ്ടാകുന്നു. ഇതിനാൽ ശരീരത്തിനു സൌന്ദൎയ്യവും സുഖവും എല്ലായ്പോഴും ശോഭിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും യോഗ്യമാകുന്നു. വില ൩ ണ വി. പി. കമ്മീഷൻ ൩ ണ.

൨൧. സഞ്ജീവിനിഗുളിക.

കണ്ടുകൊണ്ടിരിക്കുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അജീൎണ്ണം, ഉറക്കമില്ലായ്മ, ഉദരശൂലം, തൊണ്ടവേദന മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഒരു ഔഷധമാകുന്നു. ഇതു ബാല്യക്കാരന്മാൎക്കും ഒരു പോലെ ഉപയോഗിക്കാവുന്നതാകുന്നു. വില ൧൦ ണ വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

---

൨൭. [illegible] ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഉരുക്കൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, [illegible], ഉരക്കല്ല്, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൧ ണ. വി. പി. കമ്മീഷൻ ൫ കുപ്പിവരെ ൧ ണ.

൨൮. [illegible]ഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങു, ചൊറി, [illegible], ചുട, പുഴുക്കടി, [illegible], കട്ടുവട്ട മുതലായ കടിയും ചൊറിച്ചിലും ഉള്ള എല്ലാ [illegible] നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്മേൽ പുറമേ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൧ ണ

ഒന്നാന്തരം ഗോരോചനം തോല ൧-ക്കു വില ൯ ക. രണ്ടാന്തരം [illegible] തോല ൧-ക്കു വില ൭ ക. ഒന്നാന്തരം പച്ചക്കർപ്പൂരം, [illegible] തോല ൧-ക്കു വില ൨ ക [illegible] രാമച്ചം അത്തർ, മുല്ലപ്പൂ അത്തർ, വെട്ടിവേർ, [illegible], മഞ്ഞക്കുങ്കുമം, ജാതിപ്പൂ, [illegible] എല്ലാവിധം [illegible]. ഇവ ഒരു തോല [illegible]

			ക	ണ.	സ.
ഒന്നാന്തരം ഗോരോചനം	തോല	൧-ക്കു	൯	൦	൦
ടി	രണ്ടാന്തരം ടി	൧-ക്കു	൭	൦	൦
ടി	പച്ചക്കർപ്പൂരം ടി	൧-ക്കു	൨	൦	൦

൨൯. [illegible].

ഇതു ഈ നാട്ടിലെ സസ്യങ്ങളിൽനിന്നു ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ്. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ട ഒരു [illegible]. ഇതിനു കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. [illegible] വൃദ്ധന്മാർക്കും പ്രമേഹരോഗക്കാർക്കും ഇതു ഒരു ദിവ്യ ഔഷധമാണ്. ഇതു [illegible] വയറ്റുകടിയും, പിത്തം, ക്ഷയം, ചുമ, വാതരക്തം, പനി, [illegible] മുതലായ രോഗങ്ങളും മാറുകയും ചെയ്യും. ദേഹത്തിലെ [illegible] രക്തം [illegible] ദുർഗ്ഗന്ധം, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ [illegible] വർദ്ധിപ്പിക്കുകയും ചെയ്യും. ഇതു [illegible], [illegible], [illegible] എല്ലാം ഉപയോഗിക്കാവുന്നതും [illegible].

[illegible] ൧-ക്കു [illegible].

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ [illegible] എഴുതണം.

പി. സുബ്ബറായി, [illegible], തെക്കേ [illegible] ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

[illegible] മലയാളം ഇൻസ്പെക്ടർ എം. രാജരാജവർമ്മ എം. എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നിനു വില അണ ൪

കഥാമഞ്ജരി, കാടകന്റെ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ഒന്നിനു വില അണ ൨ പൈ ൬

സാവിത്രി—

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാപുസ്തകം ഒന്നിനു വില അണ ൩.

മാധവനിദാനം—

സർക്കാർ വൈദ്യൻ പാറക്കൽ ബി. കൊച്ചുനാരായണനവർകളാൽ എഴുതപ്പെട്ടു, 'സംചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠം നോട്ടു മുതൽ—

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ടു. (പരാമർശം, വ്യാഖ്യാനം, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കിരാതികസാരി—

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ പരിശോധിക്കപ്പെട്ടതുമായ, ... ഉള്ളതും അടങ്ങിയ പുസ്തകം ഒന്നിനു വില അണ ൧൪

ദീനാമ—

[illegible] ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പാറൊല്ലു—

ടി. ...ൾ ഉണ്ടാക്കപ്പെട്ടതു, പുസ്തകം ഒന്നിനു വില അണ ൮

ഉർവ്വശീഫൽഗുനം—

കോതമംഗലം കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടതു സംഗീതനാടകം. വില അണ ൨ പൈ ൬

രസാലരാജൻ കഥ—

റി. കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ ൨.

സോമസുന്ദരൻ—

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നിനു അണ ൨ പൈ ൬

ഭദ്രമുനി—

മിസ്റ്റർ വി മമ്മു എഴുതിയ ഒരു പുതിയ കഥ. വില അണ ൩.

ലീലാവതി—

മിസ്റ്റർ ഒ.കൃഷ്ണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ. വില ൩ അ.

കൈവല്യശതകം—

മിസ്റ്റർ പരമുപിള്ള എഴുതിയത്. വില അണ ൧.

സന്താനവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ. വില അണ ൧.

ശോകരക്ഷ്യതി—

ആ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംഗീതമായും ഇമ്പമായും അച്ചടിപ്പിച്ചിട്ടുള്ളത. പുസ്തകം. വില ൪ അണ.

മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിക്കൻസിന്റെ നോവൽ. വില അണ ൨.

അവതാരത്രയചരിതം—

സൌഭാഗ്യവതി ഇത്തിക്കാട്ടു ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പുസ്തകം. വില അണ ൧.

അദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ മനസ്സിൽ പതിയത്തക്കവണ്ണം ഓരോ കാണ്ഡവും പ്രത്യേകമായി അച്ചടിപ്പിച്ചുവരുന്ന ഇതിൽ പാഠങ്ങളുടെ വിവരണമായ അർത്ഥം ശ്ലോകങ്ങളുടെയും സാരം ഉപകഥകളും അടങ്ങിയിരിക്കുന്നു. പുസ്തകം എല്ലാ കാണ്ഡങ്ങളും ഒന്നായും ബയൻഡു ചെയ്യപ്പെട്ടിട്ടും.

മയൂരസന്ദേശം മണിപ്രവാളം—

കേരളവർമ്മ സി. എസ്സ്. ഐ. എഫ്. എം. യു. എം. ആർ. എ. എസ്സ്. എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു എം. ആർ. രാജരാജവർമ്മ എം. ഏ. എം. ആർ. എ. എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മർമ്മപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഉയർന്നതരം കടലാസ്സിൽ അച്ചടിച്ചതിനു ൧൨ അണ യും സാധാരണ കടലാസിലുള്ളതിനു ൮ അണയും വിലയാകുന്നു.

ഭക്തമായിണി—

കൊമ്പത്തു കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടതു. വില അണ ൨.

കാർത്തവീര്യാർജ്ജുനവിജയം തുള്ളക്കഥ—

മലയാളം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി. ഏ. അവർകൾ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നക്കു വില അണ ൨.

താരാപരിശോധം —

വിശാഖത്തിരുനാൾ മഹാരാജാവവർകളാൽ എഴുതപ്പെട്ട ഒരു പുതിയ ഗണിതശാസ്ത്രക്രിയ പുസ്തകം ഒന്നക്കു വില അണ ഒന്ന.

ചന്ദ്രാപരിശോധം —

കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ അവർകളാൽ എഴുതപ്പെട്ടതു വില ൧ രൂപ

മനുസ്മൃതി —

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'മനുഭാഷ്യം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നക്കു വില രൂപ ൧ അണ ൨

വിക്രമാദിത്യൻകഥ —

ടി. ഡാനാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂട്ടത്തിൽ അച്ചടിക്കപ്പെട്ടതു വില ൪ അണ

മദനകാമരാജൻകഥ —

ടി. ഡാനാൽ എഴുതപ്പെട്ട മൂന്നാം പതിപ്പു വിദ്യാവിലാസിനി അച്ചുകൂട്ടത്തിൽ അച്ചടിക്കപ്പെട്ടതു വില ൪ അണ ടി. അച്ചുകൂട്ടത്തിൽ പുസ്തകം ഒന്നക്കു വില ൨ അണ

കാമസിദ്ധാന്തം —

ടി. ഡാനാൽ എഴുതപ്പെട്ട പുസ്തകം ഒന്നക്കു വില അണ ൩

സതാരാം —

ടി. ഡാനാൽ എഴുതപ്പെട്ട പുസ്തകം ഒന്നക്കു വില അണ ൨ കാശ ൬

അത്ഭുതകവിതകൾ —

വി. പി. കൃഷ്ണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ അണ

വഞ്ചിഭൂമിമാഹാത്മ്യം —

കണ്ടമ്പള്ളിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടതു വില ൨ അണ

ഏറിക്കു പററിയ അപകടങ്ങൾ —

വില അണ ൨ കാശ ൬

ശ്രീലോക വിനോദ കഥകൾ —

കണ്ടിയൂർ മഹാദേവശാസ്ത്രിയവർകളാൽ എഴുതപ്പെട്ടതു. വില അണ ൪ കാശ ൬

ചട്ടമ്പിത്തലവൻ —

കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു വിനോദ കഥ ഒന്നക്കു വില അണ ൪

ഒരു ഭ്രാന്തന്റെ ഡയറി —

ബാരൺമുഞ്ചൗസൻ. ഒന്നക്കു വില അണ ൨

മററു പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട്. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിവാൻ പുസ്തകങ്ങളുടെ ലിസ്റ്റു ആവശ്യപ്പെടുന്നവർക്കു അയച്ചുകൊടുക്കുന്നതാണ്.

എസ്. ടി. റെഡ്ഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ

[illegible]

[illegible]



MARQUIS OYAMA.



GENERAL NOGI.



GENERAL KUROKI.



GENERAL OKU.

രസികരഞ്ജിനി

പുസ്തകം ൨.	കന്നിമാസം	൧൦൮൦ ൧.

മംഗളം.

[illegible]
[illegible]
[illegible]
[illegible]

സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. ഏ.

അവനല്ല

ഭാഷാഗ്രന്ഥങ്ങൾ

ക്രിസ്തുവിനു [illegible] ശതവർഷത്തിന്റെ [illegible] ത്തിൽ ജീവിച്ചിരുന്ന എഡ്വിൻ [illegible] പ്രസിദ്ധനായ [illegible] അദ്ദേഹത്തിന്റെ [illegible] എന്ന വിശ്രുതനായ ചരിത്രകാരനും മലയാളഭാഷയ്ക്കു ഗ്രന്ഥസമൃദ്ധിയം' എന്നൊന്നില്ലെന്നു ഖണ്ഡിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ ഇരുപതാം [illegible] കേരളത്തിൽ

ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളുടെ സംഖ്യയും സ്വഭാവവും ധരിച്ചിട്ടുള്ളവർ ആരും ഈ അഭിപ്രായത്തോടു യോജിക്കുമെന്നു തോന്നുന്നില്ല. മലയാളഭാഷയിൽ ഇപ്പോഴും നല്ലതെന്നു നിസ്സംശയമായി പറയാവുന്ന പുസ്തകങ്ങൾ പലതും ഉണ്ട്. അവയിൽ ഉത്തമങ്ങളെന്നു എനിക്കു തോന്നീട്ടുള്ള ഏതാനും പുസ്തകങ്ങളുടെ പേരാണ് താഴെ എഴുതുവാൻ വിചാരിക്കുന്നത്. ഈ പട്ടികയിൽനിന്നു ഞാൻ മനഃപൂർവമായി ശാസ്ത്രീയ ഗ്രന്ഥങ്ങളെ ഒഴിച്ചിരിക്കുന്നു. ടി. കെ. കൃഷ്ണമേനോൻ, ബി. എ. അവർകളുടെ ജ്യോതിശ്ശാസ്ത്രം മുതലായ പുസ്തകങ്ങൾ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനമില്ലാത്ത മലയാളികൾ എല്ലാവരും വായിക്കേണ്ടതാണ്. എന്നാൽ അവ വായനക്കാരുടെ രസത്തിൽ എത്രയോ മടങ്ങധികം അവരുടെ അറിവിനെ ഉദ്ദേശിച്ചെഴുതപ്പെട്ടിട്ടുള്ളവയാകയാൽ അവയ്ക്കു സാഹിത്യഗ്രന്ഥങ്ങളുടെ ഒരു പട്ടികയിൽ പ്രവേശനത്തിന് അവകാശമുണ്ടെന്നു തോന്നുന്നില്ല. അതുപോലെതന്നെ മഹച്ചരിതസംഗ്രഹം, സന്മാർഗ്ഗസംഗ്രഹം, സന്മാർഗ്ഗവിവരണം, സന്മാർഗ്ഗപ്രദീപം, വിജ്ഞാനമഞ്ജരി, മുതലായ ബാലോപയുക്തങ്ങളായ ഗ്രന്ഥങ്ങളേയും ഞാൻ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തീട്ടില്ല. ഇതിന്റെ താല്പര്യം എളുപ്പത്തിൽ ഊഹിക്കാവുന്നതാണ്. വേറെ ഒരുകൂട്ടം പുസ്തകങ്ങളെ ഞാൻ ഒഴിച്ചിട്ടുള്ളതു നവീനസമ്പ്രദായത്തിൽ എഴുതപ്പെട്ടിട്ടുള്ള രാജശ്രീ ഗോവിന്ദപ്പിള്ള ജഡ്ജി അവർകളുടെ ഷേക്സ്പിയർ തർജ്ജമകൾതന്നെ. ഇവയ്ക്കു ഭാഷാസാഹിത്യമണ്ഡപത്തിൽ കല്പിക്കപ്പെടേണ്ട സ്ഥാനം ഇന്നതെന്നു ഇതുവരെ തീർച്ചപ്പെട്ടു കഴിഞ്ഞിട്ടില്ല. പക്ഷേ അവ കഴിഞ്ഞുപോയ സൂര്യനാരായണശാസ്ത്രികളുടെ ആംഗലകവിതാനുവാദങ്ങളായ തമിഴ് കൃതികൾപോലെ കേരളത്തിൽ ഒരു ഉത്കൃഷ്ടപദവിയെ അവലംബിക്കുന്നതിനും മതിയാകുന്നതാണ്. ഇവയൊഴിച്ചുള്ള ശേഷം ഭാഷയിലുള്ള പുസ്തകങ്ങളെ മുഴുവൻ ഞാൻ താഴെ കാണിച്ചിട്ടുള്ള പട്ടിക തയ്യാറാക്കുമ്പോൾ മനസ്സുകൊണ്ടു നിരൂപണം ചെയ്തിട്ടുണ്ട്. ലോകപരിചയമില്ലായ്കയാൽ ഞാൻ നല്ല പുസ്തകങ്ങളെന്നു വിചാരിക്കുന്നതു മറ്റുപലർക്കു അങ്ങിനെയല്ലെന്നു തോ

നവമാറിടയുണ്ട്. അതിലുമധികമായി ഇവിടെ ശങ്കപ്പെടുന്നതു ഞാൻ പട്ടികയിൽ ഉൾപ്പെടുത്തിട്ടില്ലാത്ത പുസ്തകങ്ങളെ കുറിച്ചു ചിലർ ഉൾപ്പെടുത്തണമെന്നു സിദ്ധാന്തിക്കയില്ലയോ എന്നാണ്. എന്നാൽ ഈ മാതിരി വിഷയങ്ങളിൽ സർവസമ്മതമായ ഒരഭിപ്രായമുണ്ടാകുവാൻ പ്രയാസമാണെങ്കിലും, സഹൃദയന്മാർ ഒട്ടുമുക്കാൽ ഭാഗവും എന്റെ അഭിപ്രായത്തെ ഖണ്ഡിക്കയില്ലെന്നുള്ള സമാധാനവുമുണ്ട്. അച്ചടിക്കപ്പെട്ടിട്ടില്ലാത്ത പുസ്തകങ്ങളെ ഇവിടെ വിചിന്തനം ചെയ്യുന്നത് അപ്രകൃതമാകയാൽ, ആ കൂട്ടത്തിൽ പല നല്ലഗ്രന്ഥങ്ങളും ഉണ്ടെങ്കിലും അവയെ ഞാൻ ലിസ്റ്റിൽ ചേർക്കുവാൻ ഉദ്യമിച്ചിട്ടില്ല. എല്ലാ പുസ്തകങ്ങളും വായിക്കുമ്പോൾ സംശയനിവൃത്തി വരുത്തേണ്ടതിനായി സമീപത്തിൽവച്ചുകൊള്ളേണ്ടുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ പറയത്തക്കവണ്ണം വളരെ ഇല്ല. എങ്കിലും ഏതു പുസ്തകങ്ങൾ സാഹിത്യപ്രിയന്മാരെല്ലാവരാലും പ്രത്യേകം ആദരിക്കപ്പെടേണ്ടവയായുണ്ട്. അവ (൧) ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളുടെ കേരളപാണിനീയം. (൨) കോവുണ്ണിനെടുങ്ങാടിയുടെ കൌമുദി. (൩) [illegible] ബി. എ. [illegible]കളുടെ പഴഞ്ചൊല്ലുകൾ. (൪) ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളുടെ വൃത്ത[illegible]. (൫) ആ പണ്ഡിതസാർവ്വഭൌമനാൽ തന്നെ ഉണ്ടാക്കപ്പെട്ട ഭാഷാഭൂഷണം. (൬) ഗോവിന്ദപിള്ള സർവാധികാര്യക്കാരവർകളുടെ മലയാളഭാഷാചരിത്രം. (൭) ബെയ്‌ലിസായ്‌വിന്റെ മലയാളനിഘണ്ടു. (൮) കൈക്കുളങ്ങര രാമവാര്യരവർകളുടെ വ്യാഖ്യാനത്തോടുകൂടിയ അമരകോശം ഇവയാകുന്നു. ഈ സന്ദർഭത്തിൽ കവികുലശ്രേഷ്ഠനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവർകൾ വിദ്യാവിനോദിനിയിൽ ഇടക്കാലങ്ങളിൽ എഴുതിക്കൊണ്ടിരുന്നതും മുഴുവനാകാതെ കിടക്കുന്നതുമായ അലങ്കാരഗ്രന്ഥത്തെ സ്മരിക്കാതിരുന്നുകൂട. അതു മാത്രം മുഴുവനായിരുന്നുവെങ്കിൽ ഭാഷക്ക് അതിലധികം മാനമായ ഒരു ഭൂഷണം വേറെ ഉണ്ടാകയില്ലായിരുന്നു. ഇടവെട്ടിക്കാട്ടു നാരായണൻ നമ്പ്യാരെഴുതി വരുന്ന ഉദയശങ്കരമെങ്കിലും അച്ചടിക്കേണ്ട പൂർണ്ണമായി

ക്കൊണ്ടാൽ ഭാഷാഭിമാനികൾ കൃതാർത്ഥന്മാരായി. മിസ്റ്റർ ഗോവിന്ദപിള്ളയുടെ കേരളസാഹിത്യചരിത്രത്തെപ്പററി നോക്കുകയാണെങ്കിൽ അത് ആ വിഷയത്തിലുള്ള ഒരു കുറിപ്പൊന്നല്ലാതെ മാത്രമെന്നു പറവാൻ പാടുള്ളതല്ല. അതിന്റെ അലകുംപിടിയും മാററി നവസമ്മതമായും സമഗ്രമായും ഉള്ള ഒരു സാഹിത്യചരിത്രം ഏതെങ്കിലും ഒരു പണ്ഡിതപരിഷത്തിനാൽ നിർമ്മിക്കപ്പെടേണ്ട കാലം ഏററവും അതിക്രമിച്ചുമിരിക്കുന്നു. എങ്കിലും തൽസ്ഥാനത്തിൽ ഇനിയൊരു പുസ്തകം പുറത്തുവരുന്നതു വരെ അതു തന്നെയാണല്ലോ നമുക്കാധാരം. എന്നാൽ ഇതൊന്നുമല്ല എന്റെ പക്ഷത്തിൽ മുഖ്യമായി ഒരു ന്യൂനതയായി തോന്നീട്ടുള്ളത്. ഉത്തമമായും സപ്രമാണമായും ഉള്ള ഒരു ഇംഗ്ലീഷുമലയാളനിഘണ്ടു എന്നൊന്ന് ഉണ്ടാവാൻ പോകുന്നതെന്നാണ് ഞാൻ വിചാരിച്ചു പരിതപിക്കുന്നത്. എന്റെ സ്നേഹിതന്മാരായ പലർക്കും ഇംഗ്ലീഷുപുസ്തകങ്ങളെ മലയാളത്തിലാക്കി തർജ്ജമ ചെയ്യണമെന്നു ഞാൻ പറയുമ്പോൾ സർവ്വസാധാരണമായി കേൾക്കാറുള്ള മറുപടി ഒരു നല്ല നിഘണ്ടുവുണ്ടാക്കിത്തന്നാൽ എളുതാം എന്നാണ്. ഈ മഹത്തായ പരിശ്രമത്തിന് ആരെയെങ്കിലും ഒരാളെ ഉത്സാഹിപ്പിക്കുവാൻ കോട്ടയത്തുണ്ടായിരുന്ന ആ ഭാഷാഭിമാനി നമ്മുടെ ദൗർഭാഗ്യവശാൽ പരേതനായ്പോയല്ലോ. ഇനി പണ്ഡിതന്മാർ തന്നെത്താൻ ഈ വിഷയത്തിൽ പരിശ്രമിക്കുക എന്നേ ഉള്ളു. ഇതിന്ന് ഇന്നു സർവ്വഥായോഗ്യതയുള്ളതിലേക്ക് ഒരു പുരുഷൻ കേരളത്തിലുണ്ടെങ്കിൽ, അതു വിദ്വദഗ്രേസരനായ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ തന്നെയാണ്. അവിടത്തെ വൈദുഷ്യവും ഉദ്യോഗസ്ഥാനത്തിനും അധീനന്മാരായി അനവധി ശിഷ്യന്മാരും അനുചരന്മാരും തന്നാലായത് എന്നപോലെ ശ്രമിക്കുന്നതിൽ വിരോധമില്ല. 'ചെമ്പേഴ്സ്' ഒഗില്വിന്റെ കൺഡൈസ്ഡ് ഡിക്ഷ്ണറി'യിലെ പദങ്ങളെങ്കിലും തർജ്ജമ മലയാളത്തിൽ ചേർത്ത് എന്റെ ബുദ്ധിക്ക് അത്യാവശ്യകമായി തോന്നുന്നു. ഓരോ ഇംഗ്ലീഷു പദത്തിനും മലയാളത്തിലുള്ള സമാനപദങ്ങൾ എഴുതുന്നതിൽ തർജ്ജമക്കാർക്കുണ്ടാകുന്ന സൌകര്യ

വും തജ്ജ്ഞന്മാൎക്ക് ആശാസ്യമായ ഐകരൂപ്യവും ഉണ്ടാകുന്നതിനു വേറെ ഒന്നും വേണ്ടി വരികയില്ല. ഇതുപരിഭാഗം ഒരോന്നത്തെയും തജ്ജ്ഞന്മാർ ചൊല്ലിയാലും ഈ പുസ്തകത്തെ ഒരു വൎഷത്തിനകം അച്ചടിപ്പിക്കുന്നതിനു വേണ്ടിടത്തോളം ഭാഷാഭിമാനികൾ ഇപ്പോൾ കേരളത്തിലുണ്ടെന്നാണ് എന്റെ പൂൎണ്ണമായ വിശ്വാസം. അഥവാ ഈ ശ്രമം ക്ഷിപ്രസാദ്ധ്യമല്ലെങ്കിൽതന്നെ കുറേകാലത്തിനു മുമ്പ് ആ തിരുമനസ്സുകൊണ്ടും, കേരളൻ പത്രാധിപർ രാമകൃഷ്ണപിള്ള അവർകളുംകൂടി എഴുതി വന്ന സാങ്കേതികശബ്ദനിഘണ്ടുവെങ്കിലും മുഴുവനാക്കി വെളിക്കാക്കിയാൽ ഭാഷയ്ക്കു അനൎഘവും അമൂല്യവുമായ ഒരു സമ്പത്തു തല്ക്കാലം സിദ്ധിച്ചു എന്നു പറയാം. ഈ യോഗത്തിൽ സമൎപ്പിപ്പിക്കുവാൻ ശ്രമിച്ച തിരുമനസ്സിലേക്കു സകലകേരളീയന്മാരുടേയും കൃതജ്ഞതക്ക് ഒന്നുകൂടി പാത്രീഭവിക്കട്ടെ.

ഈ പട്ടിക തയ്യാറാക്കുന്നതിൽ എനിക്കുണ്ടായിരുന്ന ചില ഉദ്ദേശ്യങ്ങളെയും ഇവിടെ പറഞ്ഞുകൊള്ളുന്നത് അവിഹിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഒന്നാമതായി നമ്മുടെ രാജ്യത്തിൽ പുസ്തകശാലകൾ അവയുടെ അഭാവത്താൽ മാത്രമാണ് ശോഭിക്കുന്നത്. കേരളത്തിലെ പ്രധാന പട്ടണങ്ങളായ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശിവപേരൂർ, കോഴിക്കോട്, തലശ്ശേരി ഇവയിൽ ഒന്നിലെങ്കിലും ഒരു യഥാൎത്ഥമായ ഭാഷാഗ്രന്ഥശാല ഉള്ളതായി എനിക്കറിവില്ല. ഭാഷയെപ്പറ്റി യാതൊരു ജ്ഞാനവുമില്ലാത്ത പാമരന്മാരുടേയും, ഭാഷയിലൊരു ചുക്കുമില്ലെന്നു കല്പിക്കുന്ന ജ്ഞാനലവദുൎവിദഗ്ദ്ധന്മാരുടെയും ഇടയിൽ അകപ്പെട്ടു അവിടവിടെ അങ്കുരിക്കുന്ന പല വായനശാലകളും നഷ്ടപ്രായങ്ങളായും ഭവിക്കുന്നുണ്ട്. മാളിയമ്മാവു കുഞ്ഞുവറിത് മുതലായ അച്ചുകൂടമുടമസ്ഥന്മാരിൽ ആരെങ്കിലും ഈ സാമാന്യപുസ്തകങ്ങളേയും സൌകൎയ്യംപോലെ പ്രസിദ്ധപ്പെടുത്തി ചുരുങ്ങിയ ആദായത്തിനു വില്ക്കുകയാണെങ്കിൽ അവയെ സ്വന്തത്തിൽ വാങ്ങുവാൻ വളരെ ആളുകൾ ഉണ്ടാകാതെയിരിക്കയില്ലെന്നാണ് ഞാൻ ഉറപ്പായി വിശ്വസിക്കുന്നത്. ഇതിലേക്കുമാത്രം വേണ്ട പ

കൎപ്പൂരപ്രകാശം ഭാഷയുടെ അഭ്യുദയത്തെ കാംക്ഷിക്കുന്നവർ ഒഴിഞ്ഞു കൊടുക്കേണ്ടതായിരിക്കയില്ല. ഈ വിധത്തിലുള്ള പട്ടികയെക്കൊണ്ടുണ്ടാകാവുന്ന വേറെ ഒരു ഗണനീയമായ ഗുണം, ഇത് ഭാഷാഗ്രന്ഥങ്ങളുടെ താരതമ്യവിവേചനത്തിന് അശക്തന്മാരായ ജനസാമാന്യത്തിനു സ്വല്പമെങ്കിലും ഉപകാരപ്രദമാകാതെയിരിക്കയില്ലെന്നുള്ളതാണ്. ശാസ്ത്രശുദ്ധമായ ഒരു ഗ്രന്ഥപട്ടികയുടെ ആവശ്യകത ഈ കാലത്തിന്റെയും പ്രത്യേകിച്ച് തിരുവിതാംകൂറിന്റെയും ആധുനികാവസ്ഥയെ പൎയ്യാലോചിക്കുമ്പോൾ ഇനിയും അധികമായും ഉദിക്കുന്നു. ദോഷദുഷ്ടങ്ങളായ പുസ്തകങ്ങളെ പ്രസിദ്ധീകരിക്കുവാൻ പ്രേരകന്മാരായ അച്ചുക്കൂടമുടമസ്ഥന്മാർ തിരുവിതാംകൂറിലെപ്പോലെ കേരളത്തിന്റെ മറ്റു ഭാഗങ്ങളിലില്ലെന്നുള്ളതു മറ്റും ചെയ്യാൻ ഇവിടെ യാതൊരു വിധത്തിലും പാടുള്ളതല്ലാത്ത ഒരു വാസ്തവമാകുന്നു. ഒരു ഭാഷയുടെ ഓരോ ദശയിൽ ഉള്ള പുസ്തകത്തിനും ഉണ്ടാകുന്ന പ്രചാരം, അത് സംബന്ധിച്ചു ചെയ്യപ്പെടുന്ന പരസ്യത്തെമാത്രം ആശ്രയിച്ചിരിക്കുന്നു എന്നുള്ളത് ഒരു പ്രസിദ്ധന്യായമാകുന്നു. അതിനാൽ ഈ ദുൎഗ്രന്ഥങ്ങളെ ജനങ്ങൾ വാങ്ങാതെയിരിക്കുന്നതായാൽ സദ്ഗ്രന്ഥങ്ങൾ ഉണ്ടാകുന്ന അവസരം കണ്ടുപിടിപ്പിക്കേണ്ടിയിരിക്കുന്നു. പിന്നെയൊരുപയോഗം ഈ വിധത്തിലുള്ള ഒരു പട്ടികകൊണ്ടു വരാവുന്നതായി എനിക്കു തോന്നുന്നത് സർവകലാശാലയിലും നമ്മുടെ ഗവൎമ്മെണ്ടുകളിലും കൊള്ളരുതില്ല ഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെട്ടുകാണാമെന്നുള്ളതാകുന്നു. ഗണപതിശാസ്ത്രികളുടെ സുഭാഷിതം എന്നൊരു ഗ്രന്ഥത്തിലെങ്ങുളിലൊരു 'ഭുവനവിക്രമ' എന്നോ ഇങ്ങനെ പലതും പദ്യസംഗ്രഹത്തിലും 'ശിവരാത്രിമാഹാത്മ്യം', 'ഗാനിശയന്മാർ നിലവിളിക്കുന്നു', സ്വിനാദിനിടെ കഥ ഗദ്യസമാഹാരത്തിലും ഇട്ടിക്കുറുപ്പിന്റെ പാഠപുസ്തകങ്ങളിൽ പഠിപ്പിച്ചിരുന്നവർ ഇവയൊഴിച്ചു കേരളഭാഷയിൽ വേറെ സാഹിത്യമില്ലെന്നു സംശയിച്ചുപോകും. അതുപോലെതന്നെ കിട്ടാവുന്നതും വായിച്ചിട്ടും സാരപ്രവേശം ഇല്ലല്ലോ, പോരെങ്കിൽ 'മാൎത്താണ്ഡവൎമ്മ' നോവലും നമ്മുടെ പാഠപുസ്തക ക

കമ്മിററിക്കാർ കണ്ടുപിടിക്കാതെ ഉണ്ടാകുന്നതിലേക്ക തിരഞ്ഞെടുക്കുന്നു. ഇവരോടുകൂടി മലയാളത്തിൽ പാഠപുസ്തകങ്ങളാകാവുന്ന ഭാഷാഗ്രന്ഥങ്ങളുടെ ലിസ്റ്റ് അവസാനിച്ചു പോയേക്കാം എന്നും ചിലർ ശങ്കിക്കുവാൻ അവകാശമുണ്ടാകുന്നു. ഈ മൂന്നും ഉത്തമഗ്രന്ഥങ്ങൾ തന്നെ എന്നു ഞാൻ തലകുലുക്കിക്കൊണ്ടു സമ്മതിക്കുന്നു. എന്നാൽ ഇവപോലെ ഉത്തമങ്ങളായി ഇനിയും പല ഗ്രന്ഥങ്ങളുണ്ടെന്നുള്ള ഭാഗം കമ്മിററിക്കാർ മറന്നുകളയരുതെന്നു മാത്രമേ ഇവിടെ അപേക്ഷയുള്ളു. ഭാഷാഗ്രന്ഥകാരന്മാർക്കു പൊതുവെ സങ്കടമുള്ള ഈ വിഷയത്തിന്മേൽ ഞാൻ ഇപ്പോൾ ചെയ്യുന്ന വ്യതിയാനം അത്യാവശ്യകമാണെന്നു തോന്നുന്ന മഹാജനങ്ങൾക്കു ഇതാ ആരംഭത്തിൽതന്നെ ക്ഷമായാചനവും ചെയ്തുകൊള്ളുന്നു.

പുസ്തകം.	നിർമ്മാതാവ്.
എ. മഹാഗാനങ്ങൾ.	
കൃഷ്ണഗാഥ	പൂനം നമ്പൂരി
അദ്ധ്യാത്മരാമായണം	തുഞ്ചത്തെഴുത്തച്ഛൻ
ശ്രീമഹാഭാരതം	ടി. എഴുത്തച്ഛൻ
ഹാലാസ്യമാഹാത്മ്യം	ചാത്തുക്കുട്ടി മന്നാടിയാർ
5 ശ്രീമദ്ഭാഗവതം	തുഞ്ചത്തെഴുത്തച്ഛൻ
നിരണവൃത്തം രാമായണം	കണ്ണശ്ശപ്പണിക്കർ
കേരളവർമ്മ രാമായണം	കേരളവർമ്മ രാജാവ്
നളചരിതം	കുഞ്ചൻ നമ്പിയാർ
കാവേരി മാഹാത്മ്യം	ഉള്ളൂപ്പൂരമേനോൻ
10 സേതുപുരാണം	രാമപ്പിഷാരടി
ഭദ്രോല്പത്തി	കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ
ചിന്താരത്നം	തുഞ്ചത്തെഴുത്തച്ഛൻ
ജ്ഞാനവാസിഷ്ഠം	വരവൂർ ശാമുമേനോൻ
ഉത്തരരാമായണം	കുഞ്ചൻ നമ്പിയാർ
15 സ്കാന്ദപുരാണം	സൂരി എഴുത്തച്ഛൻ

ശിവപുരാണം	തുഞ്ചത്തെഴുത്തച്ഛൻ
പഞ്ചതന്ത്രം	കുഞ്ചൻനമ്പിയാർ
ദേവീമാഹാത്മ്യം	തുഞ്ചത്തെഴുത്തച്ഛൻ
ബ്രഹ്മാണ്ഡപുരാണം	കരുണാകരൻ എഴുത്തച്ഛൻ
20 ഭാഗവതം (ഏകാദശം)	ഏഴുവത്തു നാണുക്കുട്ടിമേനോൻ
ഏകാദശീമാഹാത്മ്യം	കല്ലൂര്‍ രാഘവൻ നമ്പ്യാർ
അദ്ഭുതരാമായണം	വടവൂർ ശംഭുമേനോൻ
വൈരാഗ്യചന്ദ്രോദയം	കേരളവർമ്മരാജാവു്

ബി. ഖണ്ഡഗാനങ്ങൾ

കുഞ്ചൻനമ്പ്യാരുടെ തുള്ളക്കഥകൾ	(കിട്ടുന്നടത്തോളം)
25 ഇരുപത്തിനാലുവൃത്തം	തുഞ്ചത്തെഴുത്തച്ഛൻ
സന്താനഗോപാലം തുള്ളൽ	വിദ്വാൻ കോയിത്തമ്പുരാൻ
സന്താനഗോപാലം പാന	പൂന്താനം നമ്പൂരി
സുഭദ്രാഹരണം തിരുവാതിര പാട്ട്	ഇരയിമ്മൻ തമ്പി
ജ്ഞാനപ്പാന	പൂന്താനം നമ്പൂരി
30 കുചേലവൃത്തം വഞ്ചിപ്പാട്ട്	രാമപുരത്തു വാര്യർ
പത്തുവൃത്തവും പതിനാലുവൃത്തവും	കുഞ്ചൻനമ്പിയാർ
ശീലാവതി	കുഞ്ചൻനമ്പിയാർ
കിരാതം കുറത്തിപ്പാട്ട്	കുട്ടിക്കുഞ്ഞു തങ്കച്ചി

സി. ആട്ടക്കഥകൾ

അശ്വതിതിരുനാൾ മഹാരാജാവു തിരുമനസ്സിലെ നാലുകഥകളും	
35 കോട്ടയത്ത് രാജാവിന്റെ	നാലുകഥകളും
രാവണവിജയം	വിദ്വാൻ കോയിത്തമ്പുരാൻ
ഇരയിമ്മൻ തമ്പിയുടെ	മൂന്നുകഥകളും
നളചരിതം	ഉണ്ണായിവാര്യർ
ബാണയുദ്ധം	രാമശാസ്ത്രികൾ
40 ശാകുന്തളം	രാഘവൻ നമ്പിയാർ

കംസവധം	രവിവർമ്മകോയിത്തമ്പുരാൻ
ദുര്യോധനവധം	വയസ്കര മൂസ്സ്
ഹരിശ്ചന്ദ്രചരിതം	രാമൻപിള്ള ആശാൻ
ബാലിവിജയം	കല്ലൂർ നമ്പൂരിപ്പാട്
45 കാർത്തവീര്യവിജയം	പുതിയിക്കൽ തമ്പാൻ
നരകാസുരവധം	കാർത്തികയും അശ്വതിയും തിരുനാൾ മഹാരാജാക്കന്മാർ
സവ്യജ്ഞവിജയം	അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ
സുന്ദരീസ്വയംവരം	കാരാട്ട് സുബ്രഹ്മണ്യൻപോററി

ഡി. രൂപകങ്ങൾ

ഭാഷാശാകുന്തളം	വലിയകോയിത്തമ്പുരാൻ
ഉത്തരരാമചരിതം	ചാത്തുക്കുട്ടിമന്നാടിയാർ
50 കവിസമാരഞ്ജനം	ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ
ഉമാവിവാഹം	കൊച്ചുണ്ണിത്തമ്പുരാൻ
ജാനകീപരിണയം	ചാത്തുക്കുട്ടിമന്നാടിയാർ
കുചേലഗോപാലം	കൊട്ടാരത്തിൽ ശങ്കുണ്ണി
ചന്ദ്രിക	കുഞ്ഞിക്കുട്ടൻതമ്പുരാൻ
55 മധുവീരശേഖരം	ചക്രപാണിവാര്യർ
ഭഗവദ്ദൂത്	നടുവത്തച്ഛൻ നമ്പൂരി
മാലതീമാധവം	കൊട്ടാരത്തിൽ ശങ്കുണ്ണി
ആശ്ചര്യചൂഡാമണി	കുഞ്ഞിക്കുട്ടൻതമ്പുരാൻ
വിക്രമോർവ്വശീയം	കൊട്ടാരത്തിൽ ശങ്കുണ്ണി
60 ലക്ഷണാസംഗം	കുഞ്ഞിക്കുട്ടൻതമ്പുരാൻ
ദേവീവിലാസം	കൊട്ടാരത്തിൽ ശങ്കുണ്ണി
മാളവികാഗ്നിമിത്രം	കുണ്ടൂർനാരായണമേനോൻ, ബി. ഏ.

ഇ. കാവ്യങ്ങൾ.

മയൂരസന്ദേശം	വലിയകോയിത്തമ്പുരാൻ
രാധാകൃഷ്ണവിലാസം	കവിയൂർ രാമൻനമ്പ്യാർ

(കവനോദയത്തിൽ പ്രസിദ്ധീകരിച്ചുതീരാററല്ല്)

65 ഉഷാകല്യാണംചമ്പു	ചങ്ങനാശ്ശേരി രവിവർമ്മകോയിത്തമ്പുരാൻ	
ഭാരതചമ്പു	പുനംനമ്പൂരി	(?)
ഭാഷാനൈഷധചമ്പു	മഴമംഗലം നമ്പൂരി	
വെണ്മണിനമ്പൂരിപ്പാടന്മാരുടെ കൃതികൾ		
ഭാഷാഭോജചമ്പു	കമ്പുടനാട്ട കൃഷ്ണവാര്യർ	
70 ആര്യാശതകം	ച. രവിവർമ്മ കോയിത്തമ്പുരാൻ	
ഉത്തരരാമായണ ചമ്പു	പുനം നമ്പൂരി	(?)
രാമായണചമ്പു	പുനം നമ്പൂരി	(?)
		(കിട്ടിയേടത്തോളം)
ചന്ദ്രോത്സവം	മേപ്പത്തൂർ ഭട്ടതിരിപ്പാട്	(?)
കോമപ്പൻ (പുസ്തകമാകണം)	കണ്ടൂർ നാരായണമേനോൻ, ബി. ഏ.	
75 മഞ്ജുവിലാസം.	വള്ളത്തോൾ നാരായണമേനോൻ	
ഭാഷാനാരായണീയം	കെ. സി. കേശവപിള്ള	
അമരുകശതകം	വലിയ കോയിത്തമ്പുരാൻ	
രാജ കേശവദാസൻ	കൊട്ടാരത്തിൽ ശങ്കുണ്ണി	
അന്യാപദേശശതകം	വലിയ കോയിത്തമ്പുരാൻ	
80 ആസന്നമരണചിന്ത	കെ. സി. കേശവപിള്ള	
ഭാഷാകുമാരസംഭവം	ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ	
അന്യാപദേശമാല	ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാൻ	
ഷഷ്ടിപൂർത്തിഷഷ്ടി	കെ. സി. കേശവപിള്ള	
വെല്ലൂർ മാഹാത്മ്യം	പുനംനമ്പൂരി	

85 പ്രിയ വിലാപം — എ. ആർ. രാജ രാജവർമ്മരാജ എം. എ. ബി. എൽ

എഫ്. ഗദ്യകൃതികൾ

ഇന്ദുലേഖ — ചന്തുമേനോൻ
മാർത്താണ്ഡവർമ്മ — സി. വി. രാമൻപിള്ള ബി. എ.
കുന്ദലത — അപ്പുനെടുങ്ങാടി ബി. എ. ബി. എൽ.
ശാരദ — ചന്തുമേനോൻ
90 അക്‌ബർ — വലിയ കോയിത്തമ്പുരാൻ
മീനാക്ഷി — ചാത്തുനായർ
ചന്ദ്രഹാസൻ — ടി. കെ. കൃഷ്ണമേനോൻ ബി. എ.
സരസ്വതീവിജയം — പി. കുഞ്ഞമ്പു
കമല — സി. ഗോപാലൻനായർ
95 മീനകേതനചരിത്രം — ആയില്യം തിരുനാൾ മഹാരാജാവ്
രസലേശിക — ടി. കണാരൻ ബി. എ.
പറങ്ങോടീ പരിണയം — അജ്ഞാതനാമം
നാലുപേരിലൊരുത്തൻ — സി. അന്തപ്പായി ബി. എ.
ബേക്കന്റെ പ്രസംഗങ്ങൾ — കെ. സി. മാമ്മൻമാപ്പിള ബി. എ.
100 പ്രാചീനാര്യാവർത്തം — ടി. കെ. കൃഷ്ണമേനോൻ ബി. എ.

ആത്തൂരടിതിരിപ്പാട്, ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ മുതലായ ചില പണ്ഡിതസാർവ്വഭൌമന്മാർ അവരുടെ പ്രസിദ്ധ ഗ്രന്ഥങ്ങളെല്ലാം സംസ്കൃതത്തിൽ തന്നെയാണ് നിർമ്മിച്ചത്. കടത്തനാട്ടു വാസുനമ്പി മുതലായ ചില വശ്യവാക്കുകളായ കവികളുടെ വിഷയത്തിൽ അവർ എഴുതീട്ടുള്ള ഭാഷാകവിതകൾ കൂടിയും അപ്രസിദ്ധങ്ങളായി കിടക്കുന്നു. അയിത്തൂർ നാരായണൻ നമ്പൂതിരി, ഒറവങ്കര നീലകണ്ഠൻ നമ്പൂരി, മുതലായവർ ഒററ ശ്ലോകമല്ലാതെ ഒന്നുമുണ്ടാക്കുകയില്ലെന്നു ശപഥം ചെയ്തിരിക്കുന്നുവോ എന്നു തോന്നും. വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയുള്ള ചില വാസനാകവികളിൽനിന്നു ഭാവികാലത്തിൽ നമുക്കു വളരെ ആശി

ക്കുവാൻ അവകാശമുണ്ട്. എല്ലാററിനും മുകളിൽ ഉത്സാഹസ്ഥാനമായ കൊടുങ്ങല്ലൂരിലെ ഭാഷാവേദവ്യാസനും, അവിടത്തെക്കാരും മുകളിൽ ഭാഷാകവിരാജ്യത്തിന്റെ ഏകച്ഛത്രാധിപത്യം വഹിച്ച കേരള കാളിദാസനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും (അവിടുന്ന് ആയുരാരോഗ്യസൌഖ്യങ്ങളോടുകൂടി ഭാഷയുടെ ജീവനായി അനേക വർഷങ്ങൾ ഇനിയും ഇതുപോലെ ജയിക്കട്ടെ) സമുല്ലസിക്കുമ്പോൾ ഭാഷയിൽ പദ്യകാവ്യങ്ങൾക്ക് ഉൽഗതികല്ലാതെ മാർഗ്ഗമില്ലെന്നു പറയുവാൻ ആർക്കും ദിവ്യ ചക്ഷുസ്സു വേണ്ട. എന്നാൽ മലയാളഭാഷയിലുള്ള ഗദ്യഗ്രന്ഥങ്ങളെപ്പററി രണ്ടു വാക്കു ഈ അവസരത്തിൽ പറയാതെ നിവൃത്തിയില്ല താനും. ഇതു വഴിയെ ചെയ്തുകൊള്ളാം.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.

അറിയുക

(അല്ലെങ്കിൽ മനസ്സിലാവുക).

ഈ ന്ന ഘട്ടത്തിൽതന്നെ മേൽപ്രകാരമുള്ള അഭ്യാസത്തെക്കുറിച്ചുകൂടി അല്പം വിവരിക്കേണ്ടതാവശ്യമായി വന്നിരിക്കുന്നു. എന്തെന്നാൽ:— മനസ്സിന്റെ ഐകാഗ്ര്യത്തോടുകൂടി ഇന്ദ്രിയാർത്ഥസന്നികർഷമുണ്ടാകുമ്പോൾ വിഷയഗ്രഹണമുണ്ടാകുന്നു എന്നു പറഞ്ഞുവല്ലോ. അങ്ങിനെ ഓരോ ഇന്ദ്രിയങ്ങളും അതാതിന്റെ വിഷയങ്ങളെ ഗ്രഹിക്കുന്നത് എല്ലായ്പോഴും ഒരേ പ്രകാരത്തിലായിരിക്കയില്ല. നമ്മുടെ കണ്ണ് ഒരു രൂപത്തെ ഗ്രഹിക്കുമ്പോൾ ആ രൂപത്തിന്റെ എല്ലാ ഭാഗങ്ങളേയും സാമാന്യമായി അറിയുന്നതുകൂടാതെ ചില ഭാഗങ്ങളെ സവിശേഷമായി പ്രത്യേകം ശ്രദ്ധിച്ച് ആ ഭാഗങ്ങളിലുള്ള അതിസൂക്ഷ്മങ്ങളായ പല വിശേഷങ്ങളേയും കുറിച്ച് പ്രത്യേകമായ അറിവു സമ്പാദിക്കുന്നു.

എങ്ങിനെയെന്നാൽ, നാം ഒരു മനുഷ്യനെ ആദ്യമായി കണ്ടു പരിചയിച്ചതിന്നുശേഷം പിന്നീട് എപ്പോഴെങ്കിലും ആയാളെ കാണുന്നതായാൽ ഉടനെ ഇത് ഇന്ന ആൾ ആണെന്നു പ്രയാസം കൂടാതെ അറിയുന്നു. ഈ അറിവു നമുക്കുണ്ടാവാൻ കാരണം, ആയാളെ ആദ്യം കണ്ടപ്പോൾതന്നെ നമ്മുടെ കണ്ണുകൾവഴിയായി ആയാളുടെ ആകൃതിവിശേഷത്തിന്റെ ചില പ്രത്യേകഭേദങ്ങളോടുകൂടിയ വണ്ണം, പൊക്കം, നിറം മുതലായ ധർമ്മങ്ങളെയോ, കണ്ണ്, മൂക്ക്, കയ്യ്, കാല്, മുതലായ അവയവങ്ങളുടെ സംസ്ഥാനഭേദങ്ങളെയോ സന്തോഷം ദ്വേഷ്യം മുതലായ മനോവികാരങ്ങളിൽ പ്രദർശിപ്പിക്കുന്ന മുഖവികാരാദിഭേദങ്ങളെയോ കുറിച്ച് അതിസൂക്ഷ്മങ്ങളായ പല സംജ്ഞാഭേദങ്ങളും നമ്മുടെ മനസ്സിൽ ദൃഢമായി പതിഞ്ഞിട്ടുള്ളതാകുന്നു.

എന്നാൽ ആ മനുഷ്യനെത്തന്നെ മറെറാരവസരത്തിൽ മുഖമൊഴികെ ശരീരത്തിന്റെ മററു സകല ഭാഗങ്ങളും കണ്ടാലും തീരെ അറിയുന്നില്ല. ഈ അറിവുകേടിനുള്ള കാരണം എന്താകുന്നു? ആയാളെ കണ്ടപ്പോഴൊക്കെയും ആയാളുടെ മുഖത്തെ മാത്രമേ മനസ്സിരുത്തി നോക്കി സൂക്ഷ്മം ഗ്രഹിച്ചിട്ടുള്ളൂ. ശരീരത്തിന്റെ മററുള്ള ഭാഗങ്ങളെ എല്ലാം കണ്ടിട്ടുണ്ടെന്നു പറയാൻ മാത്രമല്ലാതെ മനസ്സിരുത്തി നോക്കി സൂക്ഷ്മമായി അറിഞ്ഞിട്ടില്ല എന്നുള്ളതുതന്നെ. (ഇതാണ് 'മുഖപരിചയം' എന്നു പറയുന്നത്. ചത്തവനെ അറിയാതിരിപ്പാൻവേണ്ടി കൊലപാതകികൾ മൃതശരീരത്തിന്റെ തല വെട്ടിക്കൊണ്ടു പോകുന്നതു പ്രസിദ്ധമാണല്ലോ).

ഇത്ര തന്നെയല്ല, ജീവികളിൽവെച്ച് മനുഷ്യരായ നാം നമ്മുടെ സജാതീയരായ മററു മനുഷ്യരെപ്പററി അറിയുന്നതുപോലെ അത്ര സൂക്ഷ്മത്തിലും വേഗത്തിലും എളുപ്പത്തിലും മററു യാതൊന്നിനേയും അറിയുന്നില്ല. എങ്ങിനെയെന്നാൽ, അനേകായിരം ജനങ്ങൾ കൂടുന്ന കൊടുങ്ങല്ലൂർ ഭരണി, ആറാട്ടുപുഴ പൂരം, വൈക്കത്തഷ്ടമി മുതലായ സ്ഥലങ്ങളിൽവെച്ച നാം മുമ്പിൽ കണ്ടിട്ടില്ലാത്ത ഒരു മനുഷ്യനെ യദൃച്ഛയായി കാണുകയും സംഭാഷണാദിക

ളാൽ തമ്മിൽ പരിചയിക്കുകയും ചെയ്തു പിരിഞ്ഞതിനുശേഷം കുറെ നാൾ കഴിഞ്ഞിട്ടു പിന്നെ ഒരിക്കൽ മറെറാരു സ്ഥലത്തുവെച്ച് ആയാളെ കാണ്മാൻ സംഗതി വന്നാൽ ഉടനെ അന്യോന്യം യാതൊരു സംശയവും കൂടാതെ അറിയുന്നു.

എന്നാൽ വാണിയംകുളം, പൊള്ളാച്ചി മുതലായ ഒരു ചന്തയിൽനിന്നു ഒരു കാളയെ വാങ്ങുവാനായി പ്രത്യേകം മനസ്സിരുത്തി നോക്കി അതിന്റെ ദേഹസ്ഥിതികളെക്കുറിച്ചും മററും വളരെ നേരം സൂക്ഷ്മപരിശോധന ചെയ്തറിഞ്ഞതിനുശേഷം വില ചേരായ്കയാൽ വാങ്ങാതെ മടങ്ങി പോരുവാനിടയാകട്ടെ. പിന്നെ ആ കാളയെത്തന്നെ വേറൊരവസരത്തിൽ അതുപോലെയുള്ള മറെറാരു ചന്തയിൽവെച്ചോ, അല്ലെങ്കിൽ നാം സവാരിക്കായി കയറിയ വണ്ടിക്കു പൂട്ടീട്ടോ കാണ്മാനിടവന്നാൽ നമുക്കതിനെ മററുള്ള കാളകളിൽനിന്നു വേർതിരിച്ചറിവാൻ തീരെ കഴിയുന്നില്ല. എങ്കിലും ആ കാളയെത്തന്നെ നാം ആദ്യം നോക്കിയ സമയം വാങ്ങി നമ്മുടെ വീട്ടിൽ കെട്ടി രക്ഷിച്ചു കുറച്ചു കാലം നാം തന്നെ അതിനെ നിത്യം പെരുമാറിക്കൊണ്ടിരിക്കുന്ന പക്ഷം എത്ര കാളകളുള്ള കൂട്ടത്തിൽനിന്നും അതിനെ വേർതിരിച്ചറിവാൻ പിന്നീടു നമുക്കു കഴിവുണ്ടാകയും ചെയ്യുന്നു. അങ്ങിനെ വരുവാനുള്ള കാരണം, ആദ്യം കണ്ടപ്പോൾ അല്പസമയത്തിനുള്ളിൽ നമുക്കു കണ്ടറിവാൻ കഴിയാത്ത അനേകം സൂക്ഷ്മഭേദങ്ങളെ കാലക്രമേണ കണ്ടറിവാനിടവരുന്നതാകുന്നു. എന്നാൽ ആദ്യം ചന്തയിൽവെച്ച് ആ കാളയെ നോക്കി വില പറഞ്ഞു വാങ്ങാതെ പോന്നത് ഒരു നല്ല വണ്ടിക്കാരനായിരുന്നാൽ പിന്നീട് ആ കാളയെ വേറൊരു കാളക്കൂട്ടത്തിൽവെച്ചു കണ്ടാലും അവൻ ക്ഷണത്തിൽ അറിഞ്ഞു എന്നു വന്നേക്കാം. അതിനുള്ള കാരണം, അവനു കാള ജാതിയിലുള്ള അനേകം വ്യക്തികളുടേയും വളരെക്കാലമായിട്ടുള്ള സൂക്ഷ്മപരിചയം നിമിത്തം ഏതെങ്കിലും ഒരു കാളയെക്കണ്ടാൽ അതിന്റെ ആകൃതി മുതലായവയിൽനിന്ന് അനേകസൂക്ഷ്മസ്ഥിതിഭേദങ്ങളെ എളുപ്പത്തിലും വേഗത്തിലും ധരിപ്പാനുള്ള ശക്തി, നിരന്തരാഭ്യാസംകൊണ്ടു വളരെ വർദ്ധിച്ചിട്ടുള്ളതാകുന്നു.

ഇതുപോലെതന്നെ പത്തോ മുപ്പതോ ആശാരിമാർ പണിചെയ്യുന്ന ഒരു സ്ഥലത്തുനിന്നു സന്ധ്യക്കു പണി നിൎത്തുന്ന സമയം ഓരോ ആശാരിയും അവനവന്റെ പണി ആയുധങ്ങളെ തെറ്റിപ്പോകാതെ തിരഞ്ഞെടുത്തു വെവ്വേറെ സൂക്ഷിക്കുന്നു. തട്ടാനും അതുപോലെതന്നെ ഒരേമാതിരിയിലുള്ള വളരെ പണ്ടങ്ങളിൽനിന്നും താൻ പണിചെയ്തിട്ടുള്ള ഒരു പണ്ടത്തെ അനായാസേന കണ്ടുപിടിക്കുന്നു. ഒരു സ്കൂൾകുട്ടി, സ്കൂൾവിട്ടു പോകുമ്പോൾ തന്റെ ക്ലാസ്സിലുള്ള കുട്ടികളുടെ ഒരേതരത്തിലുള്ള പുസ്തകങ്ങളിൽനിന്നും സ്ലേറ്റുകളിൽനിന്നും തന്റെ പുസ്തകങ്ങളേയും സ്ലേറ്റുകളേയും നിഷ്പ്രയാസമായി തിരഞ്ഞെടുക്കുന്നു.

എന്തിനേറെപ്പറയുന്നു? ഇതുപോലെ ആലോചിച്ചാൽ ഓരോ വിഷയങ്ങളിലും പ്രത്യേകാഭ്യാസംകൊണ്ടു നമ്മുടെ വിഷയഗ്രഹണശക്തി വൎദ്ധിച്ചുവരുന്നതുകൂടാതെ പ്രത്യേകമായി തിരിയുകയും ചെയ്യുന്നതാണ്. പ്രസിദ്ധനായ കോഴിക്കോട്ടിലിട്ടതിരി കുട്ടിയായിരിക്കുമ്പോൾ തന്റെ ഇല്ലത്ത് ഒരു നിത്യശ്രാദ്ധം നടന്നുവന്നിരുന്നതിൽ ദിവസേന പതിവായി പിണ്ഡം ഭക്ഷിപ്പാൻ വരുന്ന കാക്കകളേയും ചിലദിവസംമാത്രം വരുന്ന കാക്കകളേയും പ്രത്യേകം അടയാളത്തോടുകൂടി മറവുള്ളവരെ കാണിച്ചുകൊടുത്തിരുന്നു എന്നുള്ള പഴങ്കഥ ഈ ഘട്ടത്തിൽ ഓൎക്കേണ്ടതാണ്. അതിനാൽ ഇങ്ങിനെ മനസ്സിരുത്തലോടുകൂടി വിഷയപരിശോധന ചെയ്യുന്നതായാൽ ഈ ലോകത്തിലുള്ള ഓരോ വിഷയങ്ങളിൽനിന്നും ക്ഷണംപ്രതി പുതുതായി പുതുതായി അസംഖ്യം അറിവുകൾ നമുക്ക് സിദ്ധിപ്പാനിട വരുന്നതാണെന്നുള്ള ഉപദേശത്തോടുകൂടി ഈ വിഷയത്തെ ഉപസംഹരിക്കുന്നു.

കൂനത്ത് പാലമേലേക്കരമേനോൻ.

പേരില്ലാ

പ്രമേയം



നാലു പാദം വെക്കുന്നവർ സംഘക്കളിക്കാരൊ, മൃഗങ്ങളോ, കവിതക്കാരോ, ആരോ എന്തോ ആകട്ടെ. കാഴ്ചപ്പുറമേയുള്ള ഭംഗികൊണ്ടെടുത്തു മലത്തുരന്നപോലെ പല വണ്ടിമേദങ്ങളും, ഉത്സവാരംഭം വരിയൊത്ത പാദങ്ങളും, നോക്കുന്തോറും വെറുപ്പും, ഉൾക്കട്ടിക്കുറവും, ഉപദ്രവവുമുള്ള വസ്തുതോട്ടിയും, പഴന്താരിയും, ആരെന്നു ആരും ഓർക്കാതെ പറഞ്ഞുപോകരുത്. കവിതക്കാർ ഗ്രന്ഥകർത്താവും, പരിഷ്കാരപ്രിയന്മാർ പത്രാധിപതാവും സമ്പാദിപ്പാൻവേണ്ടി ചെയ്യുന്ന പരിശ്രമപ്രവാഹം അച്ചിൽതട്ടി ആവിർഭവിക്കുന്ന മൂർത്തിവിശേഷത്തിന്റെ ധ്യാനമാണ് ഇത് എന്നു മറന്നുപോകുന്നതായാൽ അതിനുള്ള പ്രായശ്ചിത്തമായി അവർ അനുമോദനപത്രം സമർപ്പിക്കേണ്ടിവരും. ‘പ്രഥമൻകടിമണിപ്രവാളപോയ,’ വില പൈ രണ്ട്, ‘കീർത്തിയം’ തപാൽകൂലിമാത്രം, ‘ധികഥനം’ മൂന്നുശ്ലോകം കുറച്ച് ഒരു അങ്കത്തിലുള്ള നാടകം, തപാൽകൂലി അടക്കം വില രണ്ടു പൈ, മൂന്നുപുസ്തകം ഒന്നിച്ച് വാങ്ങുന്നവർക്ക് അര അണ കുറച്ചു കൊടുക്കപ്പെടും, ‘കൃമന്റെ മൂലക്കം, അഥവാ കണക്കന്റെ തെരുക്കറം’ ഒരു പുതിയ നോവൽ, ഉടനെ പുറത്താകും; അനുമോദനപത്രം അയക്കുന്നവർക്കു വിലകൂടാതെ കിട്ടുന്നതും, സഹകാര്യങ്ങൾമൂലം വില തിരിയപ്പെടുത്തുന്നതും ആയ ഒരു വിശേഷഗ്രന്ഥം; ഇങ്ങിനെ എണ്ണംപറഞ്ഞ വിലപിടിച്ച പുസ്തകങ്ങളുടെ ഉടമസ്ഥനും, പ്രസാധകനും ഗ്രന്ഥകർത്താവുമായ ബാലകവി, ‘വിശല്യാകരണി’ എന്ന മാസികയുടെ പത്രാധിപസ്ഥാനം വഹിക്കുന്നതിനുമുമ്പു ‘കെവച്ചുവെച്ചു’താണെന്ന് ആ മാസികയിൽതന്നെ പ്രത്യേക പരസ്യംമൂലം അറിവിക്കുകയും ചെയ്യും.

ജനസമുദായത്തിന്ന് അഭിവൃദ്ധിയുണ്ടാകുന്നതിന്നുവേണ്ടി ഇപ്രകാരം യത്നിക്കുന്ന ഗ്രന്ഥകാരന്മാരുടെ കൃതികളെ പററിയുള്ള വൈതാളികവൃത്തി ഏടുമുറിയാതെ അനുഷ്ഠിക്കുന്ന പത്രാധിപന്മാരുടെ മുറവിളി നാട്ടുകാരുടെ ചെവിയിൽ കേറാത്തതു കാററിന്റെ മാററംകൊണ്ടോ, നാഗരികത്വം ആ നിലയിൽ എത്താത്തതുകൊണ്ടോ ആയിരിക്കാമെന്നല്ലാതെ ഹരിശ്രീതൊട്ടു മണിപ്രവാളംവരെ പഠിച്ചു വ്യുല്പന്നന്മാരായ ഗ്രന്ഥകാരന്മാരുടെ കർമ്മദോഷംകൊണ്ടല്ലെന്നുള്ളതിലേക്ക് ആ വക ഗ്രന്ഥങ്ങൾ ഉത്തരദേശത്തുള്ള വെള്ളക്കാരുടെ, അഥവാ വാത്മീകിഗോത്രക്കാരുടെ ഇടയിൽ കൊത്തിപ്പെരുകി അഴിച്ചിലുണ്ടാകുന്നതുകൊണ്ടു വെളിപ്പെടുന്നുണ്ട്. അയ്മ്പത്തൊന്നാം പെരുപ്പവും കഴിഞ്ഞാൽ പദ്യകൃത്തുക്കളാകുന്നവർ ലോകതത്വാന്വേഷണം കൂടാതെ കവിത്വം സമ്പാദിച്ചു 'കർത്താ ചൊല്ലുന്നവൻ, കർമ്മവാനിചരിച്ചതാണ്ടും. കർത്താവിനിഹകർമ്മത്തോടുള്ള ബന്ധം ക്രിയാപദം' എന്ന പ്രമാണം പിടിച്ചു കർത്തൃകർമ്മക്രിയകൾ തന്നിൽതന്നെ ആരോപിച്ചു കൃതിച്ചിട്ടുള്ള ഗ്രന്ഥങ്ങളെ ചാച്ചും ചെരിച്ചും ഉള്ള പത്രപംക്തികളിൽ കൂടി ജനസമക്ഷം എത്തിക്കുന്നതുകൊണ്ടു ലോകം മുഴുവൻ കവിതാമയമാകുന്നതിന്നോ കവിതകളെ ഗുണദോഷിക്കുന്നതിന്നോ തൊട്ടിൽതൊട്ടു കൂടിയവരാരെന്നു ജന്മംതൊട്ടു കർമ്മാവസാനംവരെയുള്ള അവരുടെ പ്രവൃത്തികളിൽനിന്ന് ആർക്കും അനുമാനിക്കാവുന്നതാണ്. പാദം സ്വാധീനമാകാത്ത ശിശുക്കൾ രണ്ടടിവെച്ച് ഉരുണ്ടുവീഴുന്നതു പാദപ്രയോഗത്തിനുള്ള മോഹംകൊണ്ടല്ലെങ്കിൽ പാദം സ്വാധീനമില്ലാത്ത കവികൾ പാദപ്രയോഗം തുടങ്ങുമ്പോൾ പല വീഴ്ചകളും പററിപ്പോകുമെന്ന് അവരെ ഉപദേശിക്കുകയായിരിക്കും. അല്ലാതെ കാൽപ്പെരുമാററത്തിന്നു മോഹിക്കുന്ന ശിശുക്കൾ ഉരുണ്ടു വീണു നിലവിളിക്കുന്നതു കവികളെ പരിഹസിച്ചു ചിരിക്കുകയാണെന്നു പറഞ്ഞുകൂട. കാലുറച്ചപ്രായത്തിൽ ഓടിനടന്നു കളിക്കുന്ന ബാലന്മാർ കാട്ടു കാട്ടുന്നതു കവിതയ്ക്കു ബാധകമാണെങ്കിൽ പാദപ്രയോഗമാത്രം സ്വാധീനമാണെന്നുവെച്ചു പാദംവെച്ചുകൂട്ടിട്ടുള്ള കൃതികളുടെ വികാരവിശേഷം

ഉണ്ടാകുന്നതല്ലായിരുന്നു. മൂക്കും താടിയും തമ്മിൽകൂട്ടിക്കഴിഞ്ഞു കഴിഞ്ഞവർ വടികുത്തി നടക്കുന്നതു പാദപ്രയോഗങ്ങളിൽ അലങ്കാരം വേണമെന്നു ദൃഷ്ടാന്തപ്പെടുത്തുകയൊ, അലങ്കരിച്ച് അംഗിവരുത്തുന്നതിൽ ഭേദം അലങ്കരിക്കാത്ത അംഗിയാണ് നല്ലതെന്നു ഉപദേശിക്കുകയൊ ആണെന്നു ചില അലങ്കാരങ്ങൾ കാണുമ്പോൾ തോന്നുന്നുണ്ട്. 'പൂവ്വമ്പന്റെ മൊട്ടമ്പുകൊണ്ടുള്ള തട്ടുകൊണ്ട് പന്തു ചാടി മാനത്തു കേറി ചന്ദ്രനായിത്തീൎന്നു കീഴ്പോട്ടു നോക്കിച്ചിരിക്കുന്നതാണെന്റെ നിലാവ്". വിനോദങ്ങൾ പരിഷ്കരിച്ചകാലത്തും മൊട്ടമ്പുകൊണ്ടു പന്തു തട്ടാമെന്നു കവിയും പൂവ്വമ്പനും മാത്രമെ അറിഞ്ഞിരുന്നുള്ളു. പക്ഷെ തട്ടുകൊണ്ടാൽ ചിരിക്കുന്നവരെ നേർവഴിക്കു ചാടിക്കാൻ പൂവ്വമ്പന്റെ മൊട്ടമ്പിനേക്കാൾ നല്ലതു പുളിമരത്തിന്റെ ചൊവള്ളുമ്പാണ്. 'പ്രഥമൻകൂടി മണിപ്രവാളപ്രായത്തിലെ' ഈ അലങ്കാരം അംഗിയായാലും അനംഗിയായാലും, ഡമ്മി ഒററച്ചിന്നു കടലാസ്സ് എട്ടുമടക്കി പതിനാറുഭാഗം ചെയ്തിട്ടുള്ള പുസ്തകത്തിന്റെ മുഖാലംശവും അനുമോദനപത്രങ്ങളെക്കൊണ്ടലങ്കരിച്ചിട്ടുണ്ട്. പ്രസാധകന്റെ ആമുഖോപന്യാസം പിന്നെ രണ്ടു ഭാഗംകൊണ്ടവസാനിപ്പിച്ചു. കഥാവസ്തുവിനു ഗൌരീശങ്കരത്വം സൂചിപ്പിക്കുവാൻവേണ്ടി എടത്തും വലത്തും, മടിയിലും മുടിയിലും, മാറിലും വായിലും വെച്ചു കളിക്കുന്ന ദേവിമാരോടുകൂടിയ ദേവന്മാരെ ഉദ്ദേശിച്ചുള്ള മംഗലാഷ്ടകം കഴിഞ്ഞാൽ കഥയിൽ കടക്കുകയായി. കവിയും, ഗ്രന്ഥകാരനും, പ്രസാധകനും, പത്രാധിപനുമായ നായകന്റെ പ്രിയതമ പട്ടിണികിടക്കുന്നതു പങ്കിക്കത്തമ്മ നവോഢയായ ദിവസം ആത്തിപിടിച്ച് അടപ്രഥമൻ വാരിപ്പുലത്തി ഇലത്തലക്കലിരുന്നു വില്പ്പുമുട്ടി കിതക്കുന്ന സമയം 'പൊരിഞ്ഞൊഴുന്ന പരന്തോടടർപൊയ ത്വക്കുകൊണ്ടു കൊരുച്ചയത്തെ' കണ്ടു പ്രിയതമന്റെ ഉൾക്കളത്തിൽ കിളൎന്നുണ്ടായ ശൃംഗാരരസം രണ്ടര പുറത്തോളം നിൎഗ്ഗമിച്ചതോടുകൂടി പുസ്തകവും സമ്പൂൎണ്ണമായി.

എ. എൻ. പി.

അത്യാസത്താൽ കിളൎത്തിട്ടിലവിരവു വളൎത്തവണ്ടവോളം കെപ്പതിരി-
കെല്ലേറുവോനനാവിൽ ബിഭാതി ബാചാമനെല്ലക്കണ്ണത്തിൽനിന്ന്
വാണ്ണിരന്നാക്കാരം മചെപ്പിഴകോപ്പിഴയാം പൊല്ലു ചിത്തിക്കുമെന്ന
ലിപ്പാരിൽസൽകൃതിക്കാതെ താനേ വിളവുമൂവാനെല്ലാകാവ്യകൃഷിക്കും

കെ. പരമേശ്വരമേനോൻ.

കൊച്ചി ചെറിയ

ശക്തൻതമ്പുരാൻ

---

44. നീണ്ടുള്ളൊരപ്പുകയിലപ്പൊതിമേൽകിടത്തി
വേണ്ടും പടിപ്പുരയിലിങ്ങനെവച്ചുകെട്ടി
കണ്ടാലൊരാൾക്കുമിവ കൂടിയതെന്നറിഞ്ഞാൽ
പൂണ്ടുള്ളൊരത്തലിതു ചെയ്തതിരുട്ടിതന്നിൽ.

45. പൊല്ലാപ്പിലിട്ടന്നവരോരോരുത്തരോരോ
ന്നല്ലാതെക്കണ്ടെന്നു പറഞ്ഞതിനാലുള്ളവൈകി
ാല്ലാതെ നിന്നവരുമക്കരിക്കുന്നതെല്ലാം-
ന്നുള്ളോരെക്കരുതുമന്നാവരുവെള്ളത്തിൽപ്പോയി,

46. കണ്ണോടുകൂടിയവരൊക്കെയുമായിരുന്ന-
പെണ്ണുന്നമന്നവനറിവാന്തമായതില്ല
ചിണ്ണുന്നതൻകൊള്ളിയുരവനുള്ളിലില്ലം-
വണ്ണാനിറങ്ങളോതം ലോട്ടകമെന്നറച്ചു.

47. തോർന്നുവച്ചതില്ലതതുക്കളതിങ്ങരപ്പാൻ
വാർന്നുകൂടിലിന്നിവർ തുടങ്ങിട്ടമിക്കപ്പോം
പൊന്നുങ്ങളുകല്ലുടനെയോതിരിച്ചിടാതിൽ
കട്ടൂട്ടമെന്നായിവർ കായലിലിട്ടുകൊല്ലും,

48. തോണിപ്പുറത്തിനിവരാസ്സരിപ്പിച്ചുകൊണ്ടു-
പ്പുണ്ണിളുറപ്പുനടൈത്തൊങ്ങലോണാഴിപ്പും-
കാണിച്ചുഭാവങ്ങളിവ കാട്ടുകതമ്പുരാൻതം-
നാമംവിളിച്ചെപ്പുകയിലപ്പുഴിയെച്ചെയ്തിടൊല്ല്യേ,

49. ആരാണതെന്തിതളിനാ പറിയാഞ്ഞിലുംനാ-
ല്ലാരാണതെന്നലയുമക്കരികൂന്തലാലും
നേരായമട്ടിടറിമാറിട്ടമൊച്ചയാലും
പാരാതറിഞ്ഞൊരു ചരാചരമിന്നിവാട്ടമോളും.

50. ചാലിന്നിതക്കിട്ടമന്നാകയൊമാണിതിങ്കൽ
ആലിട്ടവൊഴികിൽനിലകിട്ടകയില്ലതെല്ലാം
മേലിപ്പുരംപൊതിയൊടിങ്ങിവാണംവീണതാണെന്നാ-
ന്നാലിന്നകാലവേതിനാക്കുകക്കുടെവേണ്ടാ.

51. താരത്തൽതെട്ടമുടപോളിയലൂത്രമോശ-
ക്കാരത്തിയല്ലതിങ്ങളാകിലുമിങ്ങുകാണാം
ചാരത്തുചേരുവോരതുരിതങ്ങളവറ്റ-
തീരത്തൊരിഞ്ഞനാവിട്ടുമൂടിയെത്രകമം.

52. നോക്കാരനേന്തലമുറിഞ്ഞുതിരിഞ്ഞുവോരക്ക-
ങ്ങിരാണെവോഴ്കന്നിന്നിരംമൂടിയാലും
നേക്കാറിലാവുമൊഴുവൻമുഴുതികളിങ്കൽ
നീക്കാവതല്ലകരിയൊരൊരുതാമകാറകവക്കം.

53. പത്തൊന്നവിട്ടുപാഴിയുംമിഴിനീരൊട്ടുള്ള
കാണ്തന്നതളിഞ്ഞവടിവാറവിടത്തെയിപ്പോൾ
മഞ്ഞത്തുമാറ്റ്കമൊതതേരൾപോലെകണ്ടാൽ
നൊന്തതലലയെയുഷകാത്തവരാരപാരിൽ.

54. നില്ലാതെഴുന്നതൊട്ടവീപ്പകളാലെയൊന്ന
വല്ലാതെന്നിന്നിളകമിക്കളൂർകൊതുകരണ്ടും
തെല്ലാന്തിരിഞ്ഞുതഴ്കള്ളകഴ്ത്തുതിന്നി
നല്ലാരണിഞ്ഞപലകോപ്പുകളാലെകാണാം.

55. ഈമിന്നിട്ടുന്നൊരുടപ്പിൻ വടിവൊട്ടറിഞ്ഞീ
ടാമിന്നതെന്നിഹ ലിതെത്രമറച്ചിലുംതാൻ
ഇമിന്നലിൻതെളിവടക്കിട്ടവാൻ കറപ്പു
കേമിച്ചുകാർമുകിലിനാകഴിയുന്നതാണോ?

56. തേന്മാവിലേറിമലരുംതളിരും നുറുങ്ങു
തിന്മാൻ കിടച്ചിടിയൊരാച്ചതെളിഞ്ഞ നാളും
ഇന്മാതിരിക്കുവതൊകയിലൊച്ചതത്ത
ചൂന്മാതിരിക്കുഴലൊടിതു കാക്കിലൊന്നും

57. വേവുമന്നാരുള്ളൊടിതു പോലൊരു പെണ്ണുകണ്ടു
ചാവുന്നതിന്നുവഴിയാകണമെന്നിരിക്കെ
പോവുന്നതിന്നടനൊടായ്ടി തിരിഞ്ഞു ദൂരം
താവുന്നതെന്തിവിടെ ഞങ്ങൾക്കിനിവാര്യവാക്കു.

58. എമ്പോമമക്കടൽനിറംകലരുന്ന കണ്ണൻ
തമ്പുരാമിങ്ങിതന്നു പറഞ്ഞതു തട്ടിട്ടമ്പോൾ
അമ്പോ മഴിച്ചിവനു കോംകണമിക്കടപ്പം
വമ്പോരമിച്ചതിയർ ചെയ്തു ചിരിച്ചിടട്ടെ.

59. വിണ്ണോന്നതാരറ്റനടമാർമുടിചന്ദ്രമിന്നും
പെണ്ണാണയിട്ടുപറയുന്നതു ചൊല്ലുതന്നെ
കണ്ണാലെയിക്കളവു കണ്ടിവനാനിപ്പോൾ യാ-
കണ്ണൻകണക്കിനിനടക്കുന്നമെത്തുകാട്ടും.

60. ഈവണ്ണമോത്തുമറിമാൻമിഴിയാൾകളികളെ-
മാവണ്ണമൊത്തനടതാനപൊതിഞ്ഞുനീനാമി-
മെക്കവന്നാവല്ലൽകനിവിറയിലതാക്കെയറി-
ഞ്ഞവന്നപടയന്നുമോടിതിരിച്ചുപോയി.

61. ഓടിക്കഴിഞ്ഞു തലതിരിഞ്ഞു കണ്ടു നല്ലൂ-
രോടിക്കട്ടപ്പുറത്തു ചെയ്യുവർ കെട്ടഴിച്ചു
പേടിപ്പെട്ടോമതെളിക, ചെയ്യുകയില്ലേടേന്നി-
ന്നോടിയണ്ണെക്കൃതകാറിനിയൊന്നു'മെന്നാർ.

62. കന്നിനുവെള്ളരിയ്ക്കാവിലകത്തിലെത്താൻ
ഇന്നിതുമാളുന്നടന്നർദേവോടടുക്കെ
കന്നിപ്പൂവേ തെളിവകത്തണയാതെപൂട്ട
മിന്നിക്കെട്ടുപലർനിട്ടുടുന്നതുകണ്ടു.

63. ഒന്നായിവന്നണയുകില്ലുഴമോദകിലൊക്കെ
യെന്നായിവന്നണയുമെന്നുമുരപ്പുമന്നാൻ
ചെന്നാപ്പിടത്തിലുടനെത്തിയിതന്നു ചൊല്ലു
കെന്നായികത്തിട്ടുമൊരത്തൽമുഴുത്തുകൊണ്ട്.

64. അമ്മ! പറഞ്ഞിട്ടുകവാഴിവിടത്തതന്ന്യാ-
ലമ്മത്തിരത്തിലിടെത്തെണ്ടതോടന്നിട്ടുനു
നമ്മ ച്ചതിച്ചു ചിലകന്തിനിവേണ്ടതെന്നു
മേന്മലെഴുന്ന മിഴിനീരൊടെയൊട്ടുപറഞ്ഞു.

65. കന്നിവലെമഴപതിവുംപടിപ്പായിതഞ്ഞു
ചെന്നില്ലിടത്തുവിട്ടയാമടവാർമറഞ്ഞു
എന്നിങ്ങുനിന്നുടനായച്ചുവന്നങ്ങുപോയി
വന്നിട്ടുവാണ്ണുഴലോടിയിടെപ്പറഞ്ഞു.

66. എന്തെങ്കിലും തിരയുകെന്നു നിനച്ചുഞങ്ങൾ
പന്തങ്ങളേന്തിയിവിടങ്ങളിലൊക്കെയെത്തി
വെൺതിങ്കളൊത്തപുകഴുള്ളിവിടത്തെനല്ല
ചന്തക്കലൻമടവാരെയുടൻതിരഞ്ഞു.

67. വിട്ടില വീട്ടു [illegible]
തൊട്ടീയിടങ്ങളിലുടൻ [illegible]
കിട്ടിലാതെ [illegible]
കിട്ടിലതെല്ലു [illegible].

68. ചുററിച്ചു [illegible]
മിററിറ [illegible]
പററിച്ചു [illegible]
ട്ടററി [illegible].

69. മാലാർന്നിലാ [illegible]
മേല [illegible]
പാലായിടഞ്ഞ [illegible]
പോലായവൻ [illegible].

70. നീ [illegible]
[illegible]
നേരിട്ടു [illegible]
പാർ [illegible].

71. പാലഞ്ചിട്ടു [illegible]
നാലഞ്ചു തെല്ലു [illegible]
മാലഞ്ചു [illegible]
പോവഞ്ചൊടിച്ചു [illegible].

72. അക്കരെ [illegible]
കേട്ടു [illegible]
പോ [illegible]
[illegible].

73. മാൎന്നാടിടുംമിഴിയെമുമ്പിലെമട്ടുകൊല്ലു
ചാൎന്നാൽത്തിടുംപടിയെടുത്തവർപോകിലെന്നും
തേൎന്നാടിടുന്നമൊഴിമുമ്പിലുരച്ചപോലെ
താൎന്നോതിയല്ലലൊടടുക്കലെ തന്നിരുന്നു.

74. മന്നിന്നണോളനാളുകണ്ടുപറഞ്ഞതൊന്നി-
ല്പുണ്ണിന്നുവേണ്ടിയൊരുനാളലിവാൎന്നകന്നു
കണ്ണിന്നുനേൎക്കുകളവിങ്ങിനെകണ്ടൊഴിച്ചാൽ
വിണ്ണിന്നുവേണ്ടവഴിയിങ്ങുതുടങ്ങുമല്ലൊ

75. ഭല്ലാതകാരുതതിയിവൾക്കാകമതാട്ടെ,നാട്ടി-
ലെല്ലാൎക്കുമല്ലലണയാപണിനിൎമ്മിടേണം
വല്ലാത്തതാരിതപവാദകണ്ടപോലുമാനാം-
ഉല്ലാസനിന്നുള്ളിലിവനോടിയടുത്തിടട്ടെ

76. എന്നുൾക്കാഴ്ചയോനദിമുറയ്ക്കുതുള്ളു
ചെന്നു,വിളക്കടകനാനിയൊന്നു കളത്തിയാൾപ്പം
അന്നുറമേട്ടേമടയാളമായെച്ചുന്നുകറ്റി-
റിന്നുപിടിച്ചുമവശിയിലുള്ളകൂട്ടർ.

77. പാരത്ര്യംപുകഴ്ചാപരത്തിയമന്നവൻക-
ണ്ണീരുതിരാലേമഴപോലെപൊഴിച്ചുകൊണ്ട്
ചാരത്തുതൊട്ടുതുടൽവിളങ്ങുന്നതേകയാളെ
ച്ചാരത്തുറ്റിലുക്കന്നാളിനെയൊന്നുകണ്ടു.

78. പോരാതുപാലെമിന്നരേച്ചുടിപാടുതെന്ന
ഉൾപ്പാലമൈതത്തിയൊരുപൊന്നുവരിഞ്ഞതുപോലെ
പൊന്നാലിട്ടുവാനവല്ലിയെക്കയൎച്ചൊന്നുകാന്തിൽ
കണ്ണാളുമമ്മയ്ക്കടയ്ക്കപടിയിന്നുകണ്ടു.

79. കാർകൊണ്ടലൊത്തകചബന്ധമഴിഞ്ഞുകണ്ണാ-
നീർകൊണ്ടുനൽക്കവിളിലാനനതടംവിയർച്ച്
പേർകൊണ്ടപെണ്ണുങ്ങളിൽതൊടിയതങ്ങളിൽനി-
ന്നേർകണ്ടവുണ്ടൊരുവിപ്ലവിൽവരുന്നുവാണു.

80. ഓടിച്ചുവമ്പുലികളൊരുവിധമുറപ്പായും
കൂടിച്ചോടിച്ചുപിടികൂടിയമാൻകണക്കെ
പേടിച്ചുപേമഴകണ്ണുകളെവാർന്നകണ്ണീർ
ചാടിച്ചുമന്നവനെയന്നവളുന്നതായി.

81. ആവാകതന്റെരമലിഗ്രഹമയത്തിലെത്തി-
മാവാല്ലകാമ്യലയത്തിലമെഴുതിപ്പൂരം
നാവാകകാണുമറവുള്ളതകന്നകണ്ണുരം
പ്പൂവാകുമന്നവളിവാലുതകിതുടങ്ങി.

(തുടരും)

കരുവാട്ട് നാരായണമേനോൻ ബി. ഏ.

തേയില



തേയില, കാപ്പി, കൊക്കോ, ഇവ മൂന്നും ലോകത്തിൽ എല്ലാ സ്ഥലങ്ങളിലും പ്രസിദ്ധമായ ദ്രവ്യങ്ങളാണ്. ഇവയിൽ തേയിലയുടെ ഉപയോഗം കൊണ്ടു കാണപ്പെടുന്ന ഒരു ഗുണവിശേഷം സംബന്ധിയായ വസ്തു ഉണ്ടായിരിക്കുന്നു. തേയിലയിലുള്ള ആ വസ്തുവിന് തീയിനാ (Theine) എന്നു പേരുള്ള

ന് കാപ്പിയിനം (Coffeine) എന്നും കൊക്കോയിൽ ഉള്ളതിന് തീയോ ബ്രോമയിനം ;(Theo bromine) എന്നും പേരുപറഞ്ഞു വരുന്നു. കാപ്പിയിനം കാപ്പി അരിയിലുണ്ടെന്ന് അറിഞ്ഞത് 1820ലും തിയിനം തേയിലയിലുണ്ടെന്നു കണ്ടുപിടിച്ചത് 1827ലും ആകുന്നു. പതിനൊന്നുവൎഷം കഴിഞ്ഞതിനു ശേഷമാകുന്നു മേൽപറഞ്ഞ രണ്ടു വസ്തുക്കളും ഒന്നുതന്നെ ആണെന്നു ബോധപ്പെട്ടത്. അവയുടെ ഒരു അണു; (Molecule) എട്ടുഭാഗം ഇംഗാലവും പത്തുഭാഗം അബ്ജനകവും നാലുഭാഗം പാക്യജനകവും രണ്ടുഭാഗം അമ്ലജനകവും ഒരുഭാഗം ജലവും അടങ്ങിയിരിക്കുന്നു. ഏഴുഭാഗം ഇംഗാലവും എട്ടുഭാഗം അബ്ജനകവും നാലുഭാഗം പാക്യജനകവും രണ്ടുഭാഗം അമ്ലജനകവും ഉള്ള തിയോ ബ്രോമയിനം കൊക്കോയിൽ ഉണ്ടെന്നു കണ്ടുപിടിച്ചതു 1841-ൽ ആകുന്നു.

തീയിനം അഥവാ കാപ്പിയിനം ഗന്ധമില്ലാത്തതും ഏതാണ്ടു കടുരസത്തോടുകൂടിയതും ആയ ഒരു വസ്തുവാകുന്നു. ഇതു തേയിലയിൽ നൂറിന് രണ്ടുവീതവും കാപ്പിയിൽ നൂറിനു മുക്കാൽവീതവും കാണപ്പെടുന്നു. ഇതിന്റെ മിതമായ മാത്ര ഹൃദയത്തിന്റെ പ്രവൃത്തിക്കും ശ്വാസോച്ഛ്വാസത്തിനും ബലവും വേഗതയും ഉണ്ടാക്കുന്നു. തീയിനം സിരാചക്രത്തിനു ദാൎഢ്യവും പ്രവൃത്തിവേഗതയും ജനിപ്പിക്കുന്നതുകൂടാതെ തന്നിൽ വിശ്രമസുഖത്തെയും ഉത്സാഹത്തെയും ജനിപ്പിക്കയും ചെയ്യുന്നു. അതിനാൽ തേയിലച്ചാറിനെ അധികമായി ഉപയോഗിക്കുന്നവർ അതിനു വളരെ വില വയ്ക്കുന്നുണ്ട്. ഇതു വൃക്കങ്ങളുടെയും (Kidneys) ത്വക്കിന്റെയും പ്രവൃത്തികളിൽ അവയെ സഹായിക്കയും നിദ്രാലുത്വത്തെ നശിപ്പിക്കയും പലപ്പോഴും തലവേദനയെ ശമിപ്പിക്കയും ചെയ്യുന്നു; എന്നാൽ ഇതു ക്രമത്തിലധികമായി അകത്തു ചെല്ലുന്നപക്ഷം ബുദ്ധിക്ക് ഉൾഭ്രാന്തിയും, മാംസപേശികൾക്കു പ്രകമ്പനവും ശരീരത്തിനു വിറയലും ആകപ്പാടെ ഒരു അസ്വാസ്ഥ്യവും ഉളവാക്കുന്നതാണ്. തീയോ ബ്രോമയിനം എന്ന സാധനത്തിന്റെ പ്രവൃത്തിയും ഏകദേശം ഇപ്രകാരം തന്നെ ആകുന്നു.

തേയിലയിലും, കാപ്പിയിലും, കൊക്കോയിലും വാസനയുള്ള ഒരുമാതിരി തൈലം ഉണ്ടു്. ഈ തൈലമാണു് അവയ്ക്കു് പ്രത്യേകമുള്ള സുഗന്ധത്തിനും സ്വാദിനും കാരണം. ചെടിയിലും മരങ്ങളിലുംനിന്നു് അവയെ ആദ്യം ശേഖരിക്കുമ്പോൾ ഈ തൈലം അവയിൽ ഉണ്ടായിരിക്കയില്ല, അവയുടെ സംസ്കരണദശയിൽ അതു് ഉണ്ടായി വർദ്ധിച്ചു വരികയാണു് ചെയ്യുന്നതു്. തേയിലയുടെ സ്വാദു പരിശോധിക്കുന്ന പണിയിൽ പ്രവേശിക്കുന്നവർക്കു പലപ്പോഴും ഉണ്ടാകുന്ന തലവേദനയ്ക്കും തലതിരിച്ചിലിനും, തേയിലക്കെട്ടുകൾ കെട്ടുകയും അഴിക്കുകയും ചെയ്യുന്നതിൽ ഉദ്യോഗിച്ചിരിക്കുന്ന ആളുകൾക്കു വരാറുള്ള പക്ഷവാതത്തിനും ഈ തൈലംതന്നെയാകുന്നു കാരണം. ചീനത്തുകാർ ഒരു വർഷമെങ്കിലും പഴക്കം ചെല്ലാത്ത തേയില ഉപയോഗിക്കാറില്ല. അതിനിടയിൽ ഈ തൈലത്തിന്റെ ഒരു അംശം അതിൽനിന്നു വിട്ടുപോകുമെന്നു് അവർ വിശ്വസിക്കുന്നു.

കാപ്പിയിലും തേയിലയിലും വേറെ ഒരു മുഖ്യമായ പദാർത്ഥം കൂടി ഉണ്ടു്. അതാണു് അവ വെള്ളത്തിലിട്ടു സാവധാനത്തിൽ തിളപ്പിച്ചാൽ ആ വെള്ളത്തിനു കഠിനമായ ഒരു കയ്പുരസം ഉണ്ടാകുന്നതു. തേയിലയിലുള്ള ആ പദാർത്ഥത്തിനു് 'ടാനിൻ' എന്നു പേരു പറയുന്നു. ഉണങ്ങിയ തേയിലയിൽ അതു നൂറിനു പതിമൂന്നു മുതൽ ഇരുപതുവരെ ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. കാപ്പിയിലുള്ള ആ സാധനത്തിനു 'കാപ്പിയിക് ആസിഡ്' എന്നാണു പേരു. എന്നാൽ അതു കാപ്പിയിൽ വളരെ കുറച്ചേ ഉണ്ടായിരിക്കുന്നുള്ളു. തേയിലവെള്ളത്തിൽ കുറെ അയസ്ഗന്ധികം (Sulphate of iron) അലിച്ചു വെള്ളം ഒഴിച്ചാൽ ഒരു നിബിഡമായ കറുപ്പുനിറം അതിൽ വ്യാപിക്കുന്നതു കാണാം. ഇതു തേയിലയിൽ ടാനിൻ അധികമുണ്ടെന്നു കാണിക്കുന്നു; എന്നാൽ കാപ്പിവെള്ളത്തിൽ മേല്പറഞ്ഞ വെള്ളം ഒഴിച്ചാൽ ഈ നിറഭേദം ഉണ്ടാകുന്നില്ല. കൊക്കോയിൽ ടാനിൻ ഉണ്ടെങ്കിൽതന്നെ അതു വളരെ വളരെ കുറച്ചേ ഉള്ളു. മുൻ വിവരിച്ച മൂന്നു പ്രധാന പദാർത്ഥങ്ങൾ

കൂടാതെ ശൌക്ലീകങ്ങൾ (Albuminoids) പശ, ലക്ഷിണമണ്ഡം, (Detrin) കൊഴുപ്പു വേറെയും പല സാധനങ്ങൾ തേയിലയിലും, കാപ്പിയിലും, കൊക്കോയിലും ഉണ്ട്.

തേയിലച്ചെടിയുടെ ഉണങ്ങിയ ഇലയാണ് നാം ഈ പേരു പറഞ്ഞുവരുന്നത്. തേയിലച്ചെടികൾ മൂന്നു വിധത്തിലുണ്ട്. ഇവയിൽ രണ്ടുതരങ്ങൾ ചീനത്തും ബെങ്കാളത്തിലും ഉണ്ടാകുന്നു. അസ്സാം രാജ്യത്തുണ്ടാകുന്നതാകുന്നു മറ്റൊന്ന്. ഈ മൂന്നുമാതിരിയും നല്ല പച്ചനിറമുള്ള ഇലകളും ഭംഗിയുള്ള പുഷ്പങ്ങളും ഉള്ള ചെടികളാകുന്നു. തേയിലയുടെ ജന്മദേശം ബെങ്കാളമാണെന്നും അവിടെനിന്നു അതു ക്രിസ്തുവർഷം ആറാം നൂറ്റാണ്ടിൽ ചീനത്തു കൊണ്ടുപോയി കൃഷി ചെയ്തുതുടങ്ങി എന്നും വിശ്വസിക്കപ്പെടുന്നു.

തേയിലവിത്തു പാകുന്നതു സാധാരണ മാർച്ച് മാസത്തിലാണ്. അതിനുമുമ്പായി വിത്തുകൾ കുറേനാൾ നനഞ്ഞമണ്ണിൽ സൂക്ഷിക്കുന്നു. തൈകൾക്കു ഒരുവർഷം പ്രായമാകുമ്പോൾ അവയെ പറിച്ചെടുത്തു മൂന്നോ നാലോ അടി വീതം അകലെ ആയി വരിവരിയായി നടുന്നു. ഏകദേശം മൂന്നടി(പൊക്കം വളച്ചു ആകുമ്പോൾ)തായ്ക്കമ്പിന്റെ തല വെട്ടിക്കളയുന്നു. ഇതുകൊണ്ടു, ധാരാളം (ഉപശാഖകൾ മുളക്കയും) ചെടികൾ പടർന്നു വളരുകയും ചെയ്യുന്നു. അങ്ങനെ മൂന്നുവർഷം അവ സ്വച്ഛന്ദമായി വളരാൻ അനുവദിക്കുന്നു. നാലാമത്തെ കൊല്ലത്തിലാണ് ഇലകൾ പറിക്കാൻ ആരംഭിക്കുന്നത് ഒരുവർഷത്തിൽ മൂന്നോ നാലോ തവണ ഇലകൾ പറിക്കാം. ഇതു സാധാരണമായി ചെയ്തുവരാറുള്ളത് മാർച്ച്, മേ, ജൂൺ, ആഗസ്റ്റ് ഈ മാസങ്ങളിലാകുന്നു. ഇതിൽ മാർച്ച്മാസത്തിൽ ശേഖരിക്കുന്ന ഇലയാകുന്നു ഒന്നാന്തരം. മറ്റു സമയങ്ങളിൽ എടുക്കുന്നവയ്ക്കു കയ്പും നേർമ്മയില്ലായ്മയും കൂടും.

തേയില കറുത്തതും പച്ചയും ഇങ്ങനെ രണ്ടുവിധത്തിലുണ്ട്. ഈ വ്യത്യാസം അവയുടെ വജ്ജീകരണവിധിയെ ആശ്രയിച്ചിട്ടുള്ളതു മാത്രമാണ്. പച്ചനിറത്തിലുള്ള തേയില ഉണ്ടാക്കുന്നതിന് ഇലകൾ മുളകൊണ്ടുള്ള) പാത്ര കുട്ടകളിൽ നിരത്തി ഒന്നോ രണ്ടോ

മണിക്കൂറുനേരത്തെയ്ക്കു (ചെറുതായിട്ടൊന്നു) ഉണക്കുന്നു. പിന്നീടു അവയെ (അവ വറുക്കുന്നതിനുള്ള) പാത്രത്തിലിട്ടു) അടുപ്പത്തുവച്ചു നല്ലവണ്ണം തീക്കത്തിച്ചു വറുക്കുന്നു. അപ്പോഴും (സദാ) നല്ലവണ്ണം ഇളക്കിക്കൊണ്ടിരിക്കണം. ആ സമയത്തു അവ ഒരുമാതിരി പൊട്ടുന്ന ശബ്ദം പുറപ്പെടുവിക്കയും മൃദുവും ദ്രവാംശവും ആയിത്തീരുകയും ചെയ്യുന്നു. (ഇങ്ങനെ ഏതാനും വിനാഴികകൾ കഴിയുമ്പോൾ അവ) പാത്രങ്ങളിൽനിന്നും കോരി എടുത്തു (കൈകൊണ്ടു) ഉണ്ടകളായി ഉരുട്ടി വീണ്ടും പാത്രത്തിൽ ഇട്ടു ഒന്നോ രണ്ടോ മണിക്കൂറുനേരത്തെയ്ക്കു നല്ലവണ്ണം ഇളക്കുന്നു. അപ്പോഴേക്കു ഇലകൾ നല്ലവണ്ണം ഉണങ്ങി വരളുകയും അവയ്ക്കു ഒരു മങ്ങിയ പച്ചനിറം ഉണ്ടാകയും ചെയ്യുന്നു. ഹൈസൻ, ടാങ്കേ, ഗൺപൌഡർ, ഈ പേരുകളുള്ളവയാകുന്നു പച്ചത്തേയിലകളിൽ നന്മയേറിയവ.

കറുത്ത തേയിലകൾ ഉണ്ടാക്കുന്നതിനു കുറെനേരത്തേക്കു കൂമ്പലായി കൂട്ടിയിടുന്നു. അതിനിടയിൽ അവയ്ക്കു പുളിപ്പു വ്യാപിക്കയും ക്രമേണ ഒരു ഇരുണ്ടനിറം ഉണ്ടാകയും ചെയ്യുന്നു. പിന്നീടവയെ ഉണക്കി ഉരുട്ടി (തീക്കനലിൽകൂട്ടി സാവധാനത്തിൽ) വറുക്കുന്നു. കറുത്ത തേയിലയിൽ ഗുണംകൂടിയവ കാങ്ഗൂ, സൂചാങ്, ഊലോങ്, പിക്കോ കേപ്പർ ഇവ ആകുന്നു.

തെക്കെ അമേരിക്കയിൽ മെററ്, അല്ലെങ്കിൽ പരാഗ്വേ തേയില എന്നു പറയപ്പെടുന്ന ഒരു സാധനം ഉപയോഗിച്ചു വരുന്നുണ്ടു. അതു ബ്രസീലിയൻ ഹോളി എന്ന വൃക്ഷത്തിന്റെ ഉണങ്ങിയ ഇലകൊണ്ടാണു ഉണ്ടാക്കുന്നതു. അതിൽ അന്തർഭവിച്ചിരിക്കുന്ന വസ്തുക്കൾ തേയിലയിൽ ഉള്ളവ തന്നെയാകുന്നു.

(കണിങ്ഗ് എന്ന ആളിന്റെ അഭിപ്രായപ്രകാരം തേയിലയുടെ യോഗം താഴെ പറയുന്നപ്രകാരം ആകുന്നു.

	നൂറിന്		നൂറിന്
ജലം	11.49	കൊഴുപ്പ് പശ	10.75
തീയിനം	1.35	മറ്റുപാക്യജനകസംബന്ധമില്ലാത്ത വസ്തുക്കൾ	16.75
തൈലം	.67		
താനിനം	12.36	ദാരുവസ്തുമുതലായതു	20.30
പാക്യജനക പദാർത്ഥങ്ങൾ	21.22	ചാമ്പൽ	5.11
			100

മേല്പറഞ്ഞ യോഗം എല്ലാമാതിരി തേയിലക്കും പറയുന്നതല്ല. അതു പലതിനും പലവിധത്തിൽ ഇരിക്കുന്നു. ഈ വ്യത്യാസങ്ങെല്ലാം പ്രധാനമായി ഇലകൾ ഉണക്കുന്ന സമ്പ്രദായം ചെടികളുടെ ജാതിഭേദം, ഇലകൾ ശേഖരിക്കുന്ന കാലം ഇവയെ എല്ലാം അവലംബിച്ച് ഇരിക്കുന്നു.

ഭക്ഷണപദാർത്ഥങ്ങളിൽ തേയിലക്കുള്ള സ്ഥാനം.—മുൻകാണിച്ച പട്ടികയിൽനിന്നു കാണുന്നതുപോലെ തേയിലയിൽ പാക്യജനകസാധനങ്ങൾ ധാരാളം ഉള്ളതുകൊണ്ട് അത് ഒരു നല്ല ഭക്ഷണസാധനമാണെന്നു വിചാരിച്ചുപോകാൻ ഇടയുണ്ട്. എന്നാൽ അതു തെറ്റാകുന്നു. നാം തേയില വെള്ളം ഉണ്ടാക്കുന്നതു തേയിലയിൽ തിളക്കുന്ന വെള്ളം ഒഴിച്ചിട്ടാണല്ലോ; അതിനാൽ അതിലുള്ള ശൌക്ലികപദാർത്ഥങ്ങൾ ആ വെള്ളത്തിൽ ദ്രവിക്കുന്നില്ല. ഒരു വലിയ തേയിലക്കരണ്ടി (Tea spoon) നിറച്ചു തേയില ഇട്ടു ഉണ്ടാക്കിയ അരപ്പയിൻറ തേയിലവെള്ളത്തിൽ തേയിലയിൽനിന്ന് അതിൽ ചേരുന്ന സാധനങ്ങൾ ആകപ്പാടെ മുപ്പത്തേഴ ഗ്രെയിൻ മാത്രമേ ഉള്ളൂ. അതിൽ ഏഴര ഗ്രെയിൻ താനിനവും, രണ്ടര ഗ്രെയിൻ തീയിനവും ആറ ഗ്രെയിൻ ധാതുക്കളും ആകുന്നു. ശിഷ്ടമുള്ള ഇരുപത്തൊന്ന ഗ്രെയിൻ പശ, പഞ്ചസാര, പാക്യജനകസാധനങ്ങൾ ഇവ ആകുന്നു. അതിനാൽ വാസ്തവത്തിൽ ഒരു പാത്രം തേയിലവെള്ളത്തിൽ അതിൽ ചേൎക്കുന്ന പാലിലും പഞ്ചസാരയിലും ഉള്ളതല്ലാതെ ദേഹപോഷകങ്ങളായ യാതൊരു സാധനവും പറയത്തക്കവണ്ണം ഇല്ലെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ.)

(പാന സാധനങ്ങളുടെ കൂട്ടത്തിൽ തേയില നിസ്തുല്യമായ ഒരു പദാൎത്ഥമാണ് ആരോഹണം ചെയ്തിട്ടുള്ളത്) (അത്) ഇംഗ്ലാണ്ടു മുതലായ സ്ഥലങ്ങളിൽ ജനങ്ങൾക്കു മദ്യപാനത്തിൽ ഉള്ള ആസക്തിയെ കുറക്കുന്നതിനു വളരെ ഉപയോഗപ്പെട്ടിട്ടുണ്ട്. തേയില ബുദ്ധിക്കു ഉന്മേഷത്തെയും മനസ്സിനു ആഹ്ലാദത്തെയും ജനിപ്പിക്കുന്നു. എന്നാൽ അത് ലഹരിയുള്ള പാനീയങ്ങളെപ്പോലെ അനന്തരാവസാദത്തെ ഉണ്ടാക്കുന്നില്ല. തേയിലയുടെ ഈ ഗുണങ്ങൾ തന്നെ ദൗൎഭാഗ്യത്താൽ അത് അമിതമായി ഉപയോഗിക്കുന്നതിനു കാരണമായി ഭവിച്ചിരിക്കുന്നു. ഈ അമിതപാനം ജഠരാഗ്നിക്കു ബലക്ഷയത്തെയും തന്മൂലം ഉണ്ടാകുന്ന പല ദോഷഫലങ്ങളെയും ഉണ്ടാക്കുന്നു. ഒരു രോഗിക്കു കുറച്ചു തേയിലവെള്ളം വളരെ ആശ്വാസപ്രദമായിരിക്കും.

വളരെ വിശന്നിരിക്കുമ്പോൾ തേയില കുടിച്ചുകൂടാ; എന്നു മാത്രമല്ല അത്തുഭക്ഷണത്തിനിടയിൽ കൂടെക്കൂടെ കുറേശ്ശയായി കുടിക്കുന്നതും നന്നല്ല. മാംസഭക്ഷണം ചെയ്യുമ്പോൾ തേയില കുടിക്കേണ്ടതേ പാടില്ല. അത്തുഭക്ഷണത്തിന്റെ ഒടുവിൽ കുടിക്കുന്നതാകുന്നു ഏററവും നല്ലത്. ബുദ്ധിക്കു ഉത്സാഹം ജനിക്കുന്നതിനായി അതു കുടിക്കുമ്പോൾ മിതമായിരിക്കാൻ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാകുന്നു.

തേയില ഉണ്ടാക്കുന്നവിധം. ആദ്യമായി തേയിലപ്പാത്രം (Tea pot) ചൂടുപിടിക്കുന്നതിനു വേണ്ടി അതിൽ കുറെ കാഞ്ഞ വെള്ളം ഒഴിക്കണം. രണ്ടു മിനിട്ടു കഴിഞ്ഞാൽ ആ വെള്ളം കളഞ്ഞു വേഗം ആവശ്യമുള്ള തേയില അതിനകത്തിട്ടു മൂടികൊണ്ടു അടക്കണം. അങ്ങിനെ ഒരു മിനിട്ടു കഴിഞ്ഞാൽ മൂടി തുറന്ന് നല്ല തിളച്ച വെള്ളം ആവശ്യംപോലെ അതിലൊഴിച്ച് വീണ്ടും അടക്കണം. തേയില ആ വെള്ളത്തിൽ അഞ്ചുമിനിട്ടിലധികം നേരം കിടന്നുകൂട. അതു കുറെ നേരം വെക്കേണ്ടിവരുമ്പോൾ മറെറാരു പാത്രത്തിൽ ഊററി വച്ചുകൊള്ളണം. തേയില ആ വെള്ളത്തിൽ അധികം നേരം കിടക്കയാണെങ്കിൽ അധികം താന്നിൻ അതിൽ ദ്രവിക്കുന്നതിനും

ന്നതിനാൽ അതിന്റ കറുപ്പുനിറവും കയ്പും വൎദ്ധിക്കുന്നതിനും ഇടയാകും. തേയില ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വെള്ളം കുടിക്കുന്നതും മൃദുജലം ആയിരിക്കണം. അഥവാ കഠിനജലം മാത്രമേ കിട്ടുകയുള്ളു എങ്കിൽ അതു കുറെ നേരത്തേക്കു നല്ലവണ്ണം തിളപ്പിക്കുയോ ഒരു നുള്ളു സോഡപ്പൊടി അതിലിടുകയോ ചെയ്താൽ അതു മൃദുവാകുന്നതാണ്.

സി. എസ്സ്. സുബ്രഹ്മണ്യൻ പോററി.

ഒരു മരണപത്രം.



“മരണപത്രക്കേസ്സ്” വിധി പറഞ്ഞു കേട്ട ഉടനെ എനിക്കുണ്ടായ ആശ്ചൎയ്യവും പരിഭ്രമവും ഇന്ന വിധത്തിലാണെന്നു പറവാനില്ല. ഇതിനെപ്പററി ശരിയായ വിവരം അറിവാൻ എനിക്കുണ്ടായ ഉൽക്കണ്ഠതന്നെയാണ് എന്നെ ഈശ്വരമേനോന്റെ അടുക്കലേക്കു നടത്തിയത്. അച്ചാരത്ത് ഈശ്വരമേനോൻ, പെൻഷ്യൻ വാങ്ങി, അദ്ദേഹത്തിന്റെ കണ്ണിൽദ്ദണ്ഡം ഭേദമായി ഇരിക്കുന്ന കാലത്തു മിക്ക വലിയ കേസ്സുകളിലും പോലീസ്സുകാർ അദ്ദേഹത്തിന്റെ സഹായം ആവശ്യപ്പെടുക സാധാരണയാണ്. അങ്ങിനെ താൻ ഏൎപ്പെടാത്ത കേസ്സിൽക്കൂടി, രസകരമായി വല്ലതും ഉണ്ടെങ്കിൽ മേനോൻ, പോലീസ്സിന്റെ പ്രവൃത്തിയും, ജഡ്ജിമാരുടെ തീൎപ്പും കേസ്സിന്റെ തെളിവുകളും, ശരിയായി സൂക്ഷിച്ചു, എവിടെയാണ് തെററു, കുററമോ, കുറവോ, ഉള്ളതെന്നു മനസ്സിലാക്കും. മരണപത്രക്കേസ്സ് അദ്ദേഹം ആരംഭം മുതൽക്കേ വളരെ ശ്രദ്ധയോടുകൂടി സൂക്ഷിച്ചിരുന്നുവെന്നു ഞാൻ അറിയും. അതാണ് ഞാൻ കേസ്സ് കലാശിച്ചശേഷം മേനോനെ ചെന്നുകണ്ടത്. അദ്ദേഹ

ത്തിന്റെ വീട്ടിൽ എത്തുന്നതിന്നു മുമ്പിൽ കേസ്സിന്റെ ആരംഭം മുതൽ അവസാനംവരെ ഞാൻ മനസ്സുകൊണ്ടു ആലോചിച്ചു നോക്കി.

വെള്ളാട്ടിൽ അപ്പുനമ്പ്യാർ വലിയൊരു ദ്രവ്യസ്ഥനും പരിഷ്കാരിയും ആയിരുന്നു. ഉള്ള ദ്രവ്യമൊക്കെ സ്വന്തസമ്പാദ്യമാണ്. കേളുനായർ സബ് രജിസ്ട്രാരുടെ വീട്ടിൽ എഴുത്തുകൾ കൊണ്ടുപോകുകയും മടങ്ങി പറിക്കുകയും ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ജോലി. പിന്നീട് ആ സബ് രജിസ്ട്രാരുടെ സഹായത്താൽ ചെറിയൊരു കച്ചവടം തുടങ്ങി. അതു ക്രമേണ വർദ്ധിച്ചു ഭാഗ്യവശാൽ വലിയൊരു കച്ചവടക്കാരനായി ധാരാളം മുതൽ സമ്പാദിച്ചു. അദ്ദേഹത്തിന് ഇംഗ്ലീഷും കുറെ പഠിച്ചു സാമാന്യം നല്ല പരിഷ്കാരിയായി. കുടുംബത്തിൽ ആരും ഇല്ല. ഒരു ഉടപ്പിറന്നവൾ മാത്രമുണ്ടായിരുന്നതു മരിച്ചു. അതിന്നൊരു കുട്ടിയുണ്ടായിരുന്നു. അതാണ് നാരായണൻ നമ്പ്യാര്. മക്കളും അധികം ഉണ്ടായിട്ടില്ല. ഒരു പുത്രൻ മാത്രം. അതാണ് ശേഖരക്കുറുപ്പ്. ശേഖരക്കുറുപ്പ് ചെറുപ്പംമുതല്ലേ വലിയ വികൃതിയായിരുന്നു. തെമ്മാടികളുടെ സേവയും സ്നേഹവും ആണ് അധികവും. അതുകൊണ്ട് അപ്പുനമ്പ്യാർക്ക് അവനെ പറ്റെ ഇഷ്ടമില്ല. നാരായണൻ നമ്പ്യാർ കാരണവരോടു വലിയ ഭക്തിയായിട്ടാണ്. അപ്പുനമ്പ്യാർ മരിച്ചാൽ അവകാശക്രമവഴിക്ക് സർവ്വസ്വത്തും ലഭിക്കുന്നത് നാരായണൻ നമ്പ്യാർക്കായിരിക്കുമെന്നതിന്നു സംശയമില്ല. മകൻ അത്രമേൽ വികൃതിയായതിനെപ്പറ്റി അപ്പുനമ്പ്യാർക്കു കഠിനമായ വ്യസനമുണ്ട്. ആകൃതികൊണ്ട് അച്ഛനോടു ഏറ്റവും സാദൃശ്യമുള്ള ഈ ഏക പുത്രൻ ആ വിധമായിപ്പോയല്ലോ എന്നുള്ള സങ്കടമല്ലാതെ വലിയ നമ്പ്യാർക്കു വേറെ മനഃക്ലേശത്തിന്നു സംഗതിയായി യാതൊരു കാര്യവും ഉണ്ടായിരുന്നില്ല.

ഇങ്ങിനെ ഇരിക്കുന്ന നിലയിലാണ് ഒരു ദിവസം രാവിലെ അപ്പുനമ്പ്യാർ കഴിഞ്ഞുപോയിരിക്കുന്നുവെന്ന വിവരം കേട്ടു ജനങ്ങളൊക്കെ പരിഭ്രമിച്ചത്. സുഖക്കേടു വിശേഷിച്ചു യാതൊന്നും ഉണ്ടായിരുന്നില്ല. തലേ ദിവസം അപ്പുനമ്പ്യാരെ വെളിയിൽ കണ്ടു

വർ വളരെ ഉണ്ട്. പെട്ടന്നുണ്ടായ ഒരു ഹൃദ്രോഗത്താൽ മരിച്ചു പോയതാണെന്നാണ് പ്രസ്താവം.

ഈ വൎത്തമാനം അറിഞ്ഞു അധികം കഴിയുന്നതിനുമുമ്പെ അതിലും സങ്കടകരമായും ഭയങ്കരമായും ഉള്ള ഒരു വൎത്തമാനം കേട്ടു സകല ജനങ്ങളും വല്ലാതെ മിഴിച്ചുപോയി. അതു വക്കീൽ ശങ്കരമേനോൻ, പ്രാക്കുളത്തു നടയിൽ കൊല്ലപ്പെട്ടു കിടക്കുന്നതായി കണ്ടു എന്നുള്ള വൎത്തമാനമായിരുന്നു. പിന്നിൽനിന്നു ബലമുള്ള ഒരു വടികൊണ്ടു തലക്കടിച്ചിട്ടാണ് വക്കീലിനെ കൊന്നിട്ടുള്ളത്. വക്കീൽ തലേ ദിവസം രാത്രി അപ്പുനമ്പ്യാരുടെ വീട്ടിൽനിന്നു മടങ്ങി സ്വഗൃഹത്തിലേക്കു പോകുന്ന സമയമാണ് ഈ സംഭവം ഉണ്ടായതു. ശങ്കരമേനോൻ അപ്പുനമ്പ്യാരുടെ വക്കീലായിരുന്നു. അദ്ദേഹത്തിന്റെ എല്ലാക്കേസ്സുകളും നടത്തിയിരുന്നതും ആധാരങ്ങൾ മുതലായവ എഴുതിയിരുന്നതും നിയമസംബന്ധമായ ഉപദേശങ്ങൾ കൊടുത്തിരുന്നതും ഒക്കെ വക്കീൽ ശങ്കരമേനോനായിരുന്നു. അപ്പുനമ്പ്യാരും അദ്ദേഹത്തിന്റെ വക്കീലും ഇപ്രകാരം ഒരേ ദിവസം മരിച്ചതിനെപ്പററി, അതുതന്നെ, പെട്ടന്നു അത്യന്തം സംശയകരമായ വിധത്തിൽ മരിച്ചതിനെപ്പററി രാജ്യത്തെങ്ങും വലുതായ ബഹളവും ക്ഷോഭവും ഉണ്ടായി.

അപ്പുനമ്പ്യാരുടെ മരണശേഷം, അദ്ദേഹത്തിന്റെ വലിയ വീടും സ്വത്തുക്കളും കച്ചവടവും ഒക്കെ മരുമക്കത്തായവഴിക്ക് നാരായണൻ നമ്പ്യാൎക്കു കിട്ടുമെന്നും, മകൻ ശേഖരക്കുറുപ്പിനു ഒരു പൈ പോലും കിട്ടുകയില്ലെന്നും സകലരും വിചാരിച്ചുവെങ്കിലും, മരിച്ച നമ്പ്യാർ ഒരു മരണപത്രം എഴുതിവെച്ചിട്ടുണ്ടെന്നും അതിന്നനുസരിച്ചു അദ്ദേഹത്തിന്റെ സൎവ്വസമ്പാദ്യവും മകനു കിട്ടേണ്ടതാണെന്നും, മരുമകനു കൊല്ലത്തിൽ നൂറുറപ്പിക വരവുള്ള വസ്തുക്കൾമാത്രമെ കൊടുത്തിട്ടുള്ളു എന്നും കണ്ടു. ഈ മരണപത്രത്തെപ്പററി പലരും സംശയിച്ചു. അതുവരെ വളരെ ഭക്തിയോടുകൂടി കാരണവരെ സേവിച്ച നാരായണൻനമ്പ്യാൎക്കു യാതൊന്നും കിട്ടിയില്ലെന്നും, തെമ്മാടിയായി നടന്ന മകനാണ് ഒസ്യത്തുപ്രകാരം മ

ഒക്കെ കിട്ടിയതെന്നും ഉള്ള വർത്തമാനം പലൎക്കും അത്യാശ്ചൎയ്യമായി തോന്നി. രാജ്യമൊട്ടുക്കും അപ്പുനമ്പ്യാരുടെ മരണത്തെപ്പററിയും ഒസ്യത്തിനെപ്പററിയും ഉള്ള സംസാരമല്ലാതെ ഇല്ലാതായി.

വക്കീൽ ശങ്കരമേനോനെ കലപ്പെടുത്തിയത് ആരാണെന്നു യാതൊരു തുമ്പും ഉണ്ടായില്ല. നാരായണൻനമ്പ്യാർ മരുമക്കത്തായ വഴിക്ക് കാരണവരുടെ വസ്തുക്കളെല്ലാം അടക്കി. മരണപത്രപ്രകാരം ഒക്കെ തനിക്കു കിട്ടേണ്ടതാണെന്നു കാണിച്ചു ശേഖരക്കുറുപ്പ് നമ്പ്യാരെ പ്രതിചേൎത്തു അന്യായംകൊടുത്തു.

മരണപത്രം കളവായി നിൎമ്മിച്ചതാണെന്നും, മരുമക്കത്തായസമ്പ്രദായത്തിന്നനുസരിച്ചു തനിക്കാണ് അപ്പുനമ്പ്യാരുടെ ശേഷം അവകാശമെന്നും നാരായണൻനമ്പ്യാർ വാദിച്ചു.

കേസ്സ് വിചാരണകൊടുത്തു. നമ്പ്യാരുടെ ഭാഗം, ബാരിസ്റ്റർ മിസ്റ്റർ തോമാസ്സും, ഹൈക്കോർട്ടുവക്കീൽ ശേഷയ്യരവർകളും ഹാജരായി. കുറുപ്പ്, അയാളുടെ ഭാഗം ഹൈക്കോർട്ടുവക്കീൽ അനന്തക്കുറുപ്പ് അവർകൾ, വക്കീൽ കരുണാകരൻ അവർകൾ, എന്നിവരെയും ഏല്പിച്ചു. പ്രധാനസാക്ഷി മരിച്ചുപോയ അപ്പുനമ്പ്യാരുടെ കാൎയ്യസ്ഥൻ വേലപ്പുക്കിടാവായിരുന്നു. കിടാവിന്റെ കള്ളിത്ത് ഇങ്ങിനെയായിരുന്നു.

‘അപ്പുനമ്പ്യാർ മരിക്കുന്ന തലേരാത്രി ഞാൻ പുറത്തു കോലായിൽ ഇരുന്നു കണക്കെഴുതുകയായിരുന്നു. അപ്പോൾ മാളികമേൽനിന്നു നമ്പ്യാർ ഉച്ചത്തിൽ ദേഷ്യപ്പെട്ടു സംസാരിക്കുന്നതു കേട്ടു. ‘അവമാനം, ചതി, കള്ളൻ, വ്യഭിചാരി’ എന്നിങ്ങിനെ ചില വാക്കുകൾ അദ്ദേഹം പറയുന്നതു ഞാൻ കേട്ടിരുന്നു. അദ്ദേഹം തന്റെ മകനെ ചീത്ത പറയുന്നതു സാധാരണയാകയാൽ ഞാൻ അത്ര ശ്രദ്ധിച്ചില്ല. അല്പം കഴിഞ്ഞപ്പോൾ ശേഖരക്കുറുപ്പ് മുകളിൽനിന്നു എന്നെ ബദ്ധപ്പെട്ടു വിളിച്ചു: കിടാവെ, കിടാവെ, ഓടിപ്പോയി ഡാക്ടരെ വിളിച്ചുകൊണ്ടു വരൂ. അച്ഛന്നു എന്തോ സുഖക്കേടാണ് എന്നാണ് കുറുപ്പ് പറഞ്ഞത്. ഞാൻ ഉടനെ നമ്പ്യാരുടെ വണ്ടിക്കാരനെ ഡാക്ടരെ വിളിക്കാൻ പറഞ്ഞയച്ചു മുകളിൽ ചെന്നു

നമ്പ്യാർ നിലത്തു മൂർഛിച്ചു കിടക്കുന്നതും ശേഖരക്കുറുപ്പ് അദ്ദേഹത്തിന്റെ തല പൊക്കിപ്പിടിച്ചതും കണ്ടു. കുറുപ്പ് വളരെ പരിഭ്രമിച്ചു വിളറിയിരുന്നു. ഞങ്ങൾ രണ്ടുപേരും നമ്പ്യാരെ എടുത്തു കട്ടിലിന്മേൽ കിടത്തി. നാരായണൻ നമ്പ്യാർ ഒരു മണിക്കൂർ മുമ്പെ എവിടെയോ ഇറങ്ങിപ്പോയി. ഡാക്ടർ വന്നു നമ്പ്യാരെ പരിശോധിച്ചു പോയശേഷം നമ്പ്യാർ എന്നെ വിളിച്ചു, വക്കീൽ ശങ്കരമേനോനെ വരുത്താൻ പറഞ്ഞു. ശങ്കരമേനോൻ വന്നശേഷം രണ്ടാമതും എന്നെയും രാമൻനായരെയും വിളിച്ചു ഒരു കടലാസ്സിൽ നമ്പ്യാർ ഒപ്പിട്ടു ചോട്ടിൽ ഞങ്ങളോടു ഒപ്പിടാൻ പറഞ്ഞു. ഞാനും രാമൻനായരും അതിൽ ഒപ്പിട്ടു. നമ്പ്യാർ മരിച്ചശേഷം അദ്ദേഹത്തിന്റെ ശവം എടുക്കുമ്പോൾ തലയണയുടെ ചോട്ടിൽ ഒരു കടലാസ്സു കണ്ടു. അതു ഞങ്ങൾ ഒപ്പിട്ട കടലാസ്സാണെന്നു മനസ്സിലായി. അതെടുത്തു ശേഖരക്കുറുപ്പിനു കൊടുത്തു. കടലാസ്സു വായിച്ചു് കുറുപ്പ് വളരെ ആശ്ചര്യം നടിച്ചു.'

ബാരിസ്റ്റർ മിസ്റ്റർ തോമസ്സ്—'നിങ്ങൾ തലയണയുടെ ചോട്ടിൽ കണ്ട കടലാസ്സ് തലേദിവസം നമ്പ്യാരും നിങ്ങളും ഒപ്പിട്ട കടലാസ്സാണെന്നു എങ്ങിനെ മനസ്സിലാക്കി?'

ഈ ചോദ്യത്തിനു സാക്ഷി എന്തുത്തരമാണ് പറയുകയെന്നറിവാൻ കോടതിയിലുള്ളവരൊക്കെ ശ്രദ്ധയോടെ കാത്തുനിന്നു.

കിടാവ്—'ആ കടലാസ്സുതന്നെയാണെന്നു എനിക്കു തോന്നി'

ബാരിസ്റ്റർ—'നിങ്ങൾ ആ കടലാസ്സിൽ എഴുതിയിരുന്നതെന്താണെന്നു നോക്കിയിരുന്നുവോ?'

കിടാവ്—'ഇല്ല. ഒരിക്കലും ഇല്ല'.

ബാരിസ്റ്റർ—'ഒപ്പിടുമ്പോൾ നോക്കിയിരുന്നുവോ?'

കിടാവ്—'ഇല്ല. നമ്പ്യാരുടെ ഒപ്പുമാത്രമേ ഞാൻ നോക്കിയിരുന്നുള്ളൂ'.

ബാരിസ്റ്റർ—'എന്നാൽ കടലാസ്സിന്റെ പുറം കണ്ടിട്ടാണ് ആ കടലാസ്സാണെന്നു തീർച്ചയാക്കിയത്. അല്ലേ?'

കിടാവ്—'അത് ആ കടലാസ്സുതന്നെയായിരുന്നുവെന്നു എനിക്കു തോന്നി'.

ബാരിസ്റ്റർ—(മരണപത്രം എടുത്തുകാട്ടീട്ട്)—'ഇതാണോ ആ കടലാസ്സ്?'

കിടാവ്—'അതെ, സംശയമില്ല. അതുതന്നെ.'

ബാരിസ്റ്റർ—'നോക്കിൻ മിസ്റ്റർ കിടാവെ, നല്ലവണ്ണം നോക്കിൻ. അതിലുള്ള ഒപ്പു നിങ്ങളുടേതു തന്നെയാണെന്നു സത്യംചെയ്തു പറയാമോ?'

കിടാവ്—(ഒരു കണ്ണട എടുത്തുവെച്ചു നോക്കീട്ട്)—അല്ല. ഇതെന്റെ ഒപ്പല്ല.

ഇതു കേട്ടപ്പോൾ ശേഖരക്കുറുപ്പിന്റെ മുഖം കാർമ്മേഘംതന്നെയായിരുന്നു. അപ്പുനമ്പ്യാരുടെ മറ്റൊരു കാര്യസ്ഥനായിരുന്ന രാമൻനായരും ഒപ്പ് അദ്ദേഹത്തിന്റേതല്ലെന്നു പറഞ്ഞു. അതിൽപിന്നെ ഒപ്പു കള്ളയൊപ്പാണെന്നു തെളിയിക്കാൻ രണ്ടു സാക്ഷികളെ വിസ്തരിച്ചു. ശേഖരക്കുറുപ്പ് എത്രതന്നെ വികൃതിയായിരുന്നുവെങ്കിലും, സത്യം സ്വാതന്ത്ര്യബുദ്ധി, മുതലായി അപ്പുനമ്പ്യാരുടെ ചില ഗുണങ്ങൾ അദ്ദേഹത്തിനു ധാരാളം ഉണ്ടായിരുന്നുവെന്ന് അറിഞ്ഞ ജനങ്ങൾക്ക് ഈ കാര്യം വളരെ അത്ഭുതമായി തോന്നി. കുറുപ്പിന്റെ വാദം ഇങ്ങിനെ ആയിരുന്നു:—'ഞാൻ ഒസ്യത്തു കളവായി നിർമ്മിച്ചിട്ടില്ല. കിടാവ്, ആ കടലാസ്സ് എന്റെ കൈവശം കൊണ്ടുതന്നത് നേരാണ്. ഈ കടലാസ്സിൽ അച്ഛൻ ഒസ്യത്ത് എഴുതിയതിനെപ്പറ്റി ഞാൻ ആശ്ചര്യപ്പെട്ടു. ഒസ്യത്തിന്റെ സാരത്തെപ്പറ്റി എനിക്കു ആശ്ചര്യം ഉണ്ടായിരുന്നില്ല. അച്ഛന്റെ ഹിതം അങ്ങിനെ ആയിരുന്നുവെന്നു ഞാൻ അറിയും. എന്നാൽ ഒസ്യത്തു വക്കീൽ ശങ്കരമേനോനെ ഏല്പിച്ചിരിക്കുമെന്നായിരുന്നു ഞാൻ വിചാരിച്ചത്. ഈ കടലാസ്സ് അന്നുതന്നെ ഞാൻ വക്കീൽ കരുണാകരനെ ഏല്പിച്ചു. ഒപ്പുകൾ ഞാനത്ര സൂക്ഷിച്ചിട്ടില്ല. അച്ഛന്റെ ഒപ്പാണെന്നുതന്നെ തോന്നുന്നു. കാര്യസ്ഥന്മാരുടെ ഒപ്പ് ഞാൻ മുമ്പും പിന്നേയും കണ്ടിരുന്നില്ല.

ശേഖരക്കുറുപ്പ് ഇങ്ങിനെ ധൈൎയ്യസമേതം പറഞ്ഞതു കേട്ടവരിൽ അധികംപേരും അദ്ദേഹം നിൎദ്ദോഷിയാണെന്നു വിശ്വസിച്ചു. എങ്കിലും തെളിവിന്നനുസരിച്ചു ഒസ്യത്തു കളവായി നിൎമ്മിച്ചതു ആണെന്നു ജഡ്ജി വിധിച്ചു. കള്ളാധാരക്കുറ്റത്തിനു ശേഖരക്കുറുപ്പിൻെറ പേരിൽ അന്യായം നടത്താൻ സാംക്ഷനും കൊടുത്തു.

* * * * *

ഗവൎമ്മെണ്ടു കേസ്സായി. ആദ്യത്തെ തെളിവുകളെല്ലാം രണ്ടാമതും എടുത്തു. അപ്പുനമ്പ്യാരുടെ ശവം കട്ടിലിന്മേൽനിന്നു നീക്കിയതു രാവിലെ പതിനൊന്നുമണിക്കായിരുന്നുവെന്നും അപ്പോഴും തന്നെയാണ് താൻ കടലാസ്സെടുത്തു കുറുപ്പിൻെറ കൈവശം കൊടുത്തതെന്നും കിട്ടാവു പറഞ്ഞു. ഒസ്യത്തുപ്രകാരം ഉള്ള സൎവ്വധനവും ശേഖരക്കുറുപ്പിന്നാകയാലും അതിലെ ഒപ്പു കള്ളൊപ്പാണെന്നു തെളിഞ്ഞിരിക്കയാലും ഒസ്യത്തു നിൎമ്മിച്ചതു ശേഖരക്കുറുപ്പാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നുന്നതാകയാൽ അദ്ദേഹത്തിൻെറ പേരിൽ കുറ്റപത്രം തയ്യാറാക്കി.

പ്രതിഭാഗം സാക്ഷിയായി വക്കീൽ മിസ്റ്റർ കരുണാകരനെ വിസ്തരിച്ചതിൽ, അപ്പുനമ്പ്യാരുടെ ശവസംസ്കാരത്തിന്നുമുമ്പു താൻ അദ്ദേഹത്തിൻെറ വീട്ടിൽ ചെന്നപ്പോൾ ഏകദേശം പതിനൊന്നുമണിക്കു ശേഖരക്കുറുപ്പ് ഒസ്യത്തു തൻെറ കൈവശം കൊടുത്തിരുന്നുവെന്നു പറഞ്ഞു. കൊടുക്കുന്നതു കണ്ട് രണ്ടു യോഗ്യന്മാരും സാക്ഷിപറഞ്ഞു. ഏകദേശം ഒരുമണിക്കൂറിന്നുള്ളിൽ ഒരു കള്ള ഒസ്യത്തുണ്ടാക്കി, അച്ഛൻെറയും രണ്ടു കാൎയ്യസ്ഥന്മാരുടേയും ഒപ്പു കളവായി ചേൎക്കാൻ സാധിക്കയില്ലെന്നും അവർ പറഞ്ഞു. ഈ കാൎയ്യം തന്നെ പ്രതിഭാഗം വക്കീൽമാർ ഉറപ്പിച്ചു പറഞ്ഞെങ്കിലും ജഡ്ജിക്കു കുറുപ്പ് നിൎദ്ദോഷിയാണെന്നു വിശ്വാസം വന്നു തുടങ്ങീല്ല. ഒടുക്കം പ്രതിഭാഗത്തെ ശേഷം രണ്ടു സാക്ഷികളെ വിസ്തരിച്ചു.

ഒന്നു അപ്പുനമ്പ്യാരുടെ കുട്ടിപ്പട്ടരായിരുന്നു. വെങ്കിടേശ അയ്യർ അപ്പുനമ്പ്യർ മരിക്കുന്നതിനു തലേ ദിവസം രാത്രി അദ്ദേഹത്തിനു സുഖക്കേടായി കിടക്കുന്ന മുറിയിലേക്കു ചുക്കുവെള്ളവും എ

ടുത്തു കടക്കാൻ ഭാവിക്കുമ്പോഴും വക്കീൽ ശങ്കരമേനോൻ മുറിയിൽനിന്നു പുറത്തിറങ്ങാൻ ഭാവിക്കുന്നതു കണ്ടു, കുട്ടിപ്പട്ടർ വാതില്ക്കൽ അല്പം ഒഴിഞ്ഞുനിന്നു. അപ്പോൾ ശങ്കരമേനോൻ അപ്പുനമ്പ്യാരോടു, 'നിങ്ങളുടെ ഒസ്യത്ത് എന്റെ കൈവശയിൽ ഉണ്ട്. പരിഭ്രമിക്കണ്ട. അതു പോയ്പോകയില്ല' എന്നു പറയുന്നതു താൻ വ്യക്തമായി കേട്ടു. ഇതായിരുന്നു കുട്ടിപ്പട്ടരുടെ തെളിവ്. ഒരു കുട്ടിപ്പട്ടരുടെ തെളിവ് വിശ്വസിച്ച് ഈ വക കേസ്സിൽ വല്ലതും പ്രവൃത്തിക്കാമോ എന്ന കാര്യം വളരെ സംശയമുള്ളതാണല്ലോ. ഒടുവിലത്തെ സാക്ഷി, ഡാക്ടർ മേനോൻ ആയിരുന്നു. ഡാക്ടർ മേനോൻ വളരെ യോഗ്യനും സത്യവാനും ബഹുസമർത്ഥനായ വൈദ്യനുമായിരുന്നു. അപ്പുനമ്പ്യാർ പെട്ടെന്നുണ്ടായ വ്യസനം നിമിത്തം ഹൃദയം പൊട്ടി മരിച്ചതാണെന്നും താൻ ചെന്നുകണ്ടപ്പോഴും അദ്ദേഹത്തിനു സംസാരിക്കാൻ കഴിയുമായിരുന്നുവെന്നും, തനിക്കു ചാകുന്നതിനു വ്യസനമില്ലെന്നും, തന്റെ മരണപത്രം എഴുതിവെച്ചിട്ടുണ്ടെന്നും, അതു ശങ്കരമേനോനാണ് എഴുതിയതെന്നും, അതു അദ്ദേഹം കൊണ്ടുപോയിട്ടുണ്ടെന്നും മരിക്കുന്ന ദിവസം രാവിലെ തന്നോടു പറഞ്ഞിരിക്കുന്നതായി ഡാക്ടർ സാക്ഷിപറഞ്ഞു.

ഈ തെളിവു കഴിഞ്ഞപ്പോഴാണ് ജഡ്ജിയുടെ അഭിപ്രായം ചോദിച്ചതും പ്രതി കുററക്കാരനല്ലെന്നു വിധിയുണ്ടായതും.

• • • •

എനിക്ക് ആകപ്പാടെ അത്ഭുതമാണുണ്ടായത്. ഒസ്യത്തു കള്ളഒസ്യത്താണ്. അത് ആർ നിർമ്മിച്ചു? വക്കീൽ ശങ്കരമേനോനെ ആർ കൊന്നു? ഈ സംശയത്തോടുകൂടി ഞാൻ ഈച്ചരമേനോന്റെ അടുക്കൽ ചെന്നു. അദ്ദേഹം കേസ്സ് കഴിഞ്ഞ ഉടനെ എന്നേക്കാൾ മുമ്പിൽ കോടതിയിൽനിന്നു മടങ്ങി വീട്ടിലെത്തി തന്റെ ചുരുട്ടും വർത്തമാനക്കടലാസ്സുമായി സഹവാസിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ ചെന്നു കയറിയപ്പോൾ മേനോൻ ഒന്നു ചിരിച്ചു. എന്നിട്ട് ഇങ്ങിനെ പറഞ്ഞു. കേസ്സ് ബഹുരസമായി ഇല്ലേ?

ഞാൻ—'അല്ലാ, മേനോനെ ഈ ഒസ്യത്ത് ആരാണ് നിർമ്മിച്ചതെന്നു നിങ്ങൾക്കു മനസ്സിലായോ?'

മേനോൻ—'ഞാൻ പറയാം. ഡാക്ടർ മേനോന്റെയും കുട്ടിപ്പട്ടരുടെയും സാക്ഷി നിങ്ങൾ വിശ്വസിക്കുന്നില്ലേ? വളരെ വിശ്വാസയോഗ്യമായ തെളിവുകളാണ് അവരുടേത്. ബുദ്ധിമാനാണെങ്കിൽ ശങ്കരമേനോൻ കീശയിലിട്ടുകൊണ്ടുപോയ ഒസ്യത്ത് എവിടെ?'

ഞാൻ—'അത് അദ്ദേഹത്തെ കൊന്നവൻ കൈക്കലാക്കി'

മേനോൻ—'എന്നാൽ അതു കൈക്കലാക്കിയവനാണ് അദ്ദേഹത്തെ കൊന്നതെന്നു എന്തുകൊണ്ടു വിശ്വസിച്ചുകൂടാ?'.

ഞാൻ—'അതെ അതുതന്നെയാണല്ലോ അനുമാനം. ശേഖരക്കുറുപ്പ് ചെയ്യിച്ചതായിരിക്കണം'.

മേനോൻ—'ഒരു ക്ഷണം ഒരാളെ കുററപ്പെടുത്തരുത്. കള്ളവായി നിർമ്മിച്ച ഒസ്യത്തിലെ ഒപ്പ് എളുപ്പത്തിൽ കണ്ടുപിടിക്കത്തക്ക നിലയിലായിരുന്നു ഇട്ടതെന്നു നിങ്ങൾ മനസ്സിലാക്കിയോ? അതു എളുപ്പത്തിൽ തെളിയേണ്ടുന്ന ആവശ്യത്തിനു ചെയ്തതാണെന്നു ആലോചിക്കുന്നതോ?'

ഞാൻ—'എനിക്കു മനസ്സിലായില്ല'.

മേനോൻ—എനിക്കൊക്കെ മനസ്സിലായിരിക്കുന്നു. സാധു അപ്പുനമ്പ്യാർ മരിക്കുന്നതിനു തലെ ദിവസം രാത്രി ദേഷ്യപ്പെട്ടതു ശേഖരക്കുറുപ്പിനെയല്ല, നാരായണൻ നമ്പ്യാരെയാണ്. കള്ളൻ എന്നും, ചതിയനെന്നും കിഴവൻ പറഞ്ഞതു കിടാവ് കേട്ടതായി പറഞ്ഞതു ഓർമ്മയില്ലേ? ശേഖരക്കുറുപ്പ് അയാളുടെ അച്ഛനെ എന്തു ചതിച്ചിരിക്കുന്നു. അരികിൽ തടവികൂടിയ നാരായണൻ നമ്പ്യാർ ചതിച്ചിരിക്കാനാണ് വഴി. കുറുപ്പിന്റെ വികൃതികൊണ്ടു മറെറാരാൾക്കു ദോഷമില്ല. ആ കള്ളൻ നാരായണൻ നമ്പ്യാർ വലിയ ഉപായിയും കപടക്കാരനുമാണെന്നു നമുക്കറിഞ്ഞുകൂടെ. അവന് ആ വേശ്യയുടെ സേവയുള്ളതു കാരണവൻ അറിഞ്ഞിരിക്കണം. അതായിരിക്കണം ചീത്ത പറഞ്ഞത്. അപ്പുനമ്പ്യാർ സുഖക്കേടായിരിക്കുമ്പോൾ തന്റെ പ്രിയപ്പെട്ട മരു

മകൻ എവിടെ പോയിരുന്നു? കുറുപ്പല്ലേ സർവ്വശുശ്രൂഷകളും ചെയ്തത്. അപ്പുനമ്പ്യാർ മരിക്കുന്നവരെ നാരായണൻനമ്പ്യാർ അരികത്തു ചെന്നതായോ ആ വീട്ടിൽ ഉള്ളതായോ തെളിവിൽ ഉണ്ടോ? കാരണവർക്കു ദേഷ്യം പിടിച്ചതും, അദ്ദേഹം മരണപത്രം എഴുതാൻ നിശ്ചയിച്ചതും വക്കീലിനെ വിളിക്കാനയച്ചതും അവൻ അറിഞ്ഞിരുന്നു. വക്കീൽ പോകുന്ന വഴിയിൽ കാത്തുനിന്നു അദ്ദേഹത്തെ കൊന്നു. വക്കീൽ ഒരു ഒസ്യത്ത് എഴുതിയിരുന്നുവെന്നു എങ്ങിനെ എപ്പോ വെളിവിൽ വരും. അതുകൊണ്ട് ഒരു ഒസ്യത്തുണ്ടാക്കിയിരിക്കണം. ശരിയായി കയ്യൊപ്പിടുവാൻ സാധിക്കാതിരുന്നിട്ടുമാകാം. അതിനു സമയവുമില്ല. ഒരു ഒസ്യത്തു താൻ നിർമ്മിച്ചു. അതു കളവായി നിർമ്മിച്ചതാണെന്നു കണ്ടുപിടിക്കും. കണ്ടുപിടിച്ചാലുള്ള ദോഷം അതുകൊണ്ടു ഗുണമുള്ളവനായിരിക്കും. അതുകൊണ്ടാണ് കുറുപ്പിന്നനുകൂലമായ ഒരു ഒസ്യത്തുണ്ടാക്കിയത്. എങ്ങിനെ വിദ്യ? സമർത്ഥനല്ലേ നാരായണൻ നമ്പ്യാർ?

ഞാൻ—മിടുമിടുക്കൻ. ആ കള്ളനല്ലേ എനി ഈ വസ്തുവൊക്കെ അനുഭവിക്കുക?

മേനോൻ—ദൌർഭാഗ്യവശാൽ അപ്പുനമ്പ്യാരുടെ വിവാഹം രജിസ്റ്ററാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു കുറുപ്പിനു മൂന്നിൽ ഒരോഹരി കിട്ടും. എന്നാലും നാരായണൻനമ്പ്യാരെപ്പോലുള്ള കള്ളന്മാരെ കണ്ടുപിടിച്ചു ശിക്ഷിക്കാൻ നിയമത്തിനു സാധിക്കാത്തതു വലിയ കഷ്ടംതന്നെ.

മൂർക്കോത്തു കുമാരൻ.

ദേവീസ്തവം
(൧)

൧. ഫാലാന്തത്തിൽ ദ്വിപത്രാംബുജമുടിയതിലും
ചിൽപ്രകാശപ്രഭാവം
കോലുംനിൻപൂർണ്ണരൂപാത്ഭുതമതിലൊരാ
ചിത്തമെന്നെത്തിടുന്നു

കാലംവൈകാതകണ്ടായവനുടെമനവും
നിസ്ത്മയ്യപ്പുമപ്പും
പോലേറെയാജിച്ചിടുന്നതുദ്ധമവനുമനോ
മന്ന്യവസ്ഥാകരസ്ഥാ

൮. പ്രാണായാമക്രമത്തിൽപവനവിധൃതിയൈ
തുന്നനശ്രോത്രനേത്ര
ഘ്രാണംരോധിച്ചുരക്ഷശ്രുതിയിലകമണ
ച്ചുജ്ജ്ഢിരസ്സലഃഘലാഷം
വാണീടുന്നോക്കുനിസ്സാമൊരുചൈവരണിതം
കെട്ടിടാമംപ്രണാദ
ത്രാണംനാദാനുസന്ധാനമതമ്ലതമയം
തല്ലയംതപല്ലയംപോൾ

൯. തരത്തിൽകണ്ടിടുന്നതുചിലപെരിയജനം
നിത്യവുംനിന്നെമൂലാ
ധാരത്തിൽപിടന്നവേറെചിലരപരജനം
താമരത്താരിനുള്ളിൽ
സാരത്തെത്തേടിടുന്നോരൊരുപൊഴുതുമപേഛ
നിന്നയല്ലാതൊരന്യാ
കാരത്തെക്കണ്ടിടുന്നില്ലയിമധുരസമു-
ദ്രോതദാവള്ള്വാസപട

൰. നിസ്സാകന്യാപതിന്നാലുലകക്കളതലം
തൊട്ടുസത്യംവരെയും
ചെയ്യാകന്യതവാംമ്ലിപ്പുതുമലർമുതലം-
യ്യത്തമാംഗതിശലാളം
ഇസ്സീരഴുംഹിനച്ചായയാനകമലമവാ-
ണധത്തിലാരണാവമണ്ഡാ
പലയ്യണ്ണിത്തിച്ച്യാകുന്നതിനനവധിയു-
ണ്ടകനീയ്യേകയെല്ലും-

൧. ദേവാദ്യാർണ്ണോധിതത്തിരജ്ജരാദ്യുത്തരംഗപടലീ
സംഗരദ്വീപശൈല
വ്യാപ്തിക്കിന്നുബ്രഹ്മഗോളപ്രചുരശതകുലം
നിന്നകത്താകമൂലം
ആധാരാധാരമർമ്മേ തവ തനുചൈതന്യ-
ല്ലിന്ദ്രജാലം നിനച്ചാം-
ലാധേയാധേയവൃന്ദം നിരുണവിലുമയി തെ
നിത്യസാന്നിദ്ധ്യമല്ലോ

൨. സൃഷ്ടിക്കുന്നോൻ, പ്രതിഷ്ഠിക്കുന്നോൻ ഭുവനമഖിലം
സംഹരിപ്പോനെന്നരാളീ
മട്ടിൽക്കൂറിട്ടു മൂർത്തിത്രയബഹുലതയാം-
യിന്നു നിൻ പൂർവ്വപുത്രൻ
കട്ടിക്കൊരൻ ത്രിസൂത്രപ്പണിപ്പണതഴക്കോ-
ട്ടുള്ളതെല്ലാം മറച്ചി-
ട്ടൊട്ടുള്ളൂട്ടം ജഗൽക്കമ്പനിയുടെ മുതലാ-
ളത്തിനിശ്ശൃത്വദാരം

൩. തങ്കൾക്കുപ്രേമം സമസ്തോപരി വരുമഖില-
പ്രാണികൾക്കംബരാത്രിദശക-
ന്തികൾ സാമാന്യമാണീസ്ഥിതിയശുഭസകലം-
തമാവു നിശ്ശോകമൂലം
നികൽച്ചേർന്നലക്ഷ്മീഭഗവതി തവ സാം-
പാദനസ്ഥാപനത്തി-
ന്നങ്കം പെട്ടുന്ന ദേവാസുരഗണവുമതിൽ
കുററമില്ലാരുമെല്ലോ

൪. ഞാൻ നിന്നീഞ്ഞാനവിദ്യാതിമിരപിഹിതദൃ-
ക്കാകയാലീപ്പൃഥക്താം
തോന്നുന്നു വാസ്തവം നാമൊരു തരുവിനെഴും
ശാഖയും വേരുമെല്ലോ

സാന്ദ്രാനന്ദസ്വരൂപമമസുഖമഖിലം
നിൻപ്രസാദത്തിനായി-
ത്തീർന്നിടട്ടെ തവാശീഷ്പ്രിതമടിയനുമാ-
നന്ദമേറ്റുന്നിടട്ടെ

൯. പാത്ഥ്യം ഭക്തർക്കുനൽകും ചിലരവരതകമാ
വാഞ്ഛിതം വത്സലത്വാ
ലർത്ഥിച്ചീടുന്നതേകും ചിലരഹിതവിചാ-
രേതരം പ്രീതരായാൽ
ഇത്ഥം ദൈവസ്വഭാവം ഭവദയശകലം
തൊട്ടിതാതിഷ്ടമെല്ലാം
നിത്യശ്രീലോകർക്കു നൽകുന്നതിനൊരുസുകൃതി
പ്പിച്ചിതാനിശ്ശമത്തി


൰. മാതർകല്യാണചിന്താമണി സുരഭിസുധാ
ശുഭ്രഗംഗാപ്രസൂ
ശീതജ്യോതിഃകളക്കുപ്രകൃതിപരിസരാ-
യാദ്ഭവേയംബമേനി
ഭീതിച്ചു സംസാരനാളീകത്തരവിന്ദാ
സ്വരൂപം തൊന്നിയെന്നാൽ
ചോദിച്ചീടുന്നനിൻകണ്ണിടവഴിയിലെന്നും
ദൈവസ്വഭാവനാനുഭവയോഗം

൧൧. അമ്മേ നവാബ്ദിനിസ്തുംഗതിരമരെയോതേപ-
ദസ്ഥിതാവാഞ്ഛിതാർത്ഥം
സമ്മാനിപ്പാനൊരുണ്ണൻവാവമനിതകളെ
ദൈവാരത്താഴ്വോനും
അമ്മേനിരുപ്പിലെല്ലാം വ്യവഹാരവും
നികിതാവാകമൂലം
ധർമ്മപ്പ്രാപ്തിപ്രപഞ്ചങ്ങളിലുദധിസുത
പന്ന്യായന്ന്യനീതൈ

കാവുകര നീലകണ്ഠൻ നമ്പൂരി (രാജാ).

ജപ്പാനിലെ
പടനായകന്മാർ

മാർക്കിസ്സ് ഒയാമ



ജപ്പാൻസൈന്യത്തെ പേരുകേട്ട പടയാളികളിൽ ഏററവും പ്രസിദ്ധി സമ്പാദിച്ചവരിൽ ഒരാളാകുന്നു ഇപ്പഴത്തെ സൈന്യാദ്ധ്യക്ഷനായ മാർക്കിസ്സ് ഒയാമ. അദ്ദേഹത്തെ ഉദ്യോഗത്തിൽ നിയമിച്ചതായി റഷ്യാതലസ്ഥാനമായ സെൻറ് പിറേറഴ്സ്ബർഗ്ഗിൽ (St. Petersburg) അറിവു കിട്ടിയപ്പോൾ റഷ്യാക്കാരിൽ എല്ലാതരക്കാരുടെ ഇടയിലും എന്തെന്നില്ലാത്തതായുള്ള ഒരു സന്തോഷമുണ്ടായി. യുദ്ധകളത്തിൽ അതിസാമർത്ഥ്യത്തോടുകൂടി സൈന്യത്തെ നയിച്ചിരുന്ന ജനറാൽ കുറോക്കിക്ക് ഇതുനിമിത്തം അസൂയ ജനിക്കുമെന്നും അപ്പോൾ ജപ്പാൻസൈന്യത്തിൽ പല കുഴക്കുകൾ ഉണ്ടാകുമെന്നും ആണ് ജപ്പാൻകാരുടെ ശത്രുക്കൾ വിചാരിച്ചിരുന്നത്. പക്ഷെ ഒയാമയും കുറോക്കിയും തമ്മിലുള്ള വൈരത്തിൽനിന്നു തങ്ങൾക്കു ഗുണം സിദ്ധിക്കുമെന്നു വിചാരിച്ചിരുന്നവർ തീരെ നിരാശയന്മാരായി. കുറോക്കി ഒയാമയുടെ ബദ്ധവൈരി അല്ലെന്നു മാത്രമല്ല ഒയാമയെ കുറിച്ച് അതിയായ ബഹുമാനമുള്ള ഒരാളുമായിരുന്നു.

63 വയസ്സു പ്രായംചെന്ന ഒയാമ കാഴ്ചയിൽ ഒരു ജപ്പാൻകാരനാണെന്നുതന്നെ തോന്നുകയില്ല. അദ്ദേഹം കില്ലാറി രാജ്യങ്ങളിൽനിന്നോ മറേറാ വന്നതാണെന്നു തോന്നും. എ ആകൃതി ന്ന് അദ്ദേഹത്തെ കണ്ടിട്ടുള്ള പല ബ്രിട്ടൻ രാജ്യക്കാരും പറഞ്ഞിട്ടുണ്ട്. ജപ്പാൻകാർ അധികം പേരും ഒറ്റ [illegible]ന്മാരാണ്. ജപ്പാൻ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരും

അരക്ഷിനൊത്തതന്നെയാകുന്നു. എന്നാൽ ഒയാമ സാമാന്യം ഉയരവും ദേഹപുഷ്ടിയുമുള്ള ഒരാളാണ്. മററുള്ള ജപ്പാൻകാരെ വിചാരിക്കുമ്പോൾ ഒയാമ ഒരു ഒത്തപുരുഷനാണെന്നു പറയാം. അദ്ദേഹത്തിന്റെ മുഖം ഉരുണ്ടതും വലുപ്പമുള്ളതും ആകുന്നു. സാധാരണമായി ജപ്പാൻ ഉദ്യോഗസ്ഥന്മാരുടെ മുഖത്തെ അലങ്കരിക്കുന്ന താടിയും മീശയും അദ്ദേഹത്തിന് ഇല്ല. മുഖത്ത് എല്ലായ്പോഴും ഒരു പ്രസന്നതയുണ്ട്. കണ്ടാൽ ഒരു സൈനികനാണെന്നുതന്നെ തോന്നുകയില്ല.

ഒയാമയും അദ്ദേഹത്തിന്റെ കുടുംബവും

പ്രത്യേകമായി നോക്കുന്നതായാൽ ഒയാമയെ ഏററവും സൌന്ദൎയ്യമുള്ളവരുടെ കൂട്ടത്തിൽ ഗണിക്കുവാൻ പാടില്ല. എന്നാൽ അദ്ദേഹമായി ഒരു മണിക്കൂറെങ്കിലും ഇടപെട്ടിട്ടുള്ളവൎക്ക് അദ്ദേഹം ഒരു പച്ചപ്പരിഷ്കാരിയാണെന്നു തോന്നിപ്പോകുമത്രെ. അദ്ദേഹം സൌമ്യതയും സൌശീല്യവും ഒന്നിച്ചു മൂൎത്തീകരിച്ചതാണെന്നു പറയപ്പെടുന്നു. വാക്സാമൎത്ഥ്യത്തിൽ അദ്ദേഹത്തെ അതിശയിക്കുന്നവർ ജപ്പാനിൽ ആരും ഇല്ല. ഒയാമയുടെ ഭാൎയ്യ ജപ്പാനിലെ ഉൽകൃഷ്ടനാരീരത്നങ്ങളിൽ ഒരുവളും ഏററവും സൌന്ദൎയ്യമുള്ളവളും ആകുന്നു. ഉടുപ്പിലും നടപ്പിലും അദ്ദേഹം പാശ്ചാത്യരീതിയെയാണ് അനുകരിക്കുന്നത്. ബാല്യകാലം മുഴുവനും വിദ്യാഭ്യാസത്തിനായി പരന്ത്രീസുരാജ്യത്തിൽ കഴിച്ചുകൂട്ടിയതിനാൽ ഇങ്ങിനെ വന്നതിൽ അത്ഭുതമില്ല. ഇംഗ്ലീഷ് അവൾക്കു മാതൃഭാഷപോലെയായിട്ടുണ്ട്. ഇംഗ്ലീഷു സംസാരിക്കുന്നതു കേട്ടാൽ അവരുടെ സ്വരാജ്യം ഇംഗ്ലാണ്ടു എന്നല്ലാതെ ആരും പറകയില്ല. മൂന്നു കൊല്ലത്തോളം അവരുടെ സ്വരാജ്യക്കാരിയായ 'സിഞ്ചിനിയി' എന്ന ബാലിക ഒന്നിച്ചു താമസിച്ചു എങ്കിലും, അവർ തമ്മിൽ ജപ്പാൻ ഭാഷയിൽ ഒരിക്കലും സംസാരിക്കയുണ്ടായിട്ടില്ല. ആ ഭാഷയാണ് സംസാരിക്കുവാൻ അവൾക്കു ബുദ്ധിമുട്ടായി തോന്നിയിരുന്നത്. 'വാസ്സാറിൽ' ഇരിക്കുമ്പോൾ ക്രിസ്തുമതത്തിൽ ചേരുവാൻ മനസ്സുണ്ടോ എന്നു ആരോ ചോദിച്ചപ്പോൾ 'ഇങ്ങിനെയുള്ള

ധൈര്യം ചോദിക്കുവാൻ ഞങ്ങൾ പശുപ്രായന്മാരായ ചീനക്കാരാണെന്നു വിചാരിച്ചുപോയോ?' എന്നാണത്രെ മറുപടി പറഞ്ഞത്. ഒയാമക്കു പ്രായം ചെന്ന രണ്ടു പുത്രന്മാരും ഒരു പുത്രിയും ഇപ്പോൾ ഉണ്ട്. അവർ ഒയാമയുടെ സൈന്യത്തിന്റെ പേരിലും മക്കളുടെ പേരിലും ഒരുപോലെ സ്നേഹമുള്ളവരാകുന്നു. അവർ പുതിയ പരിഷ്കാരത്തെ അനുസരിക്കുന്ന ജപ്പാൻ സ്ത്രീകളുടെ ഒരു ഉത്തമമാതൃകയും ജപ്പാൻ സമുദായത്തിൽ വളരെ പ്രാബല്യമുള്ളവരും ആകുന്നു. എന്നാൽ പഴയ രാജ്യഭരണനിയന്താക്കൾ അവരെ അത്ര കൊണ്ടാടുന്നില്ല. ചക്രവർത്തിയുടെ സേവ നല്ലവണ്ണം ഉള്ളതുകൊണ്ടു അവനായിട്ടു ഇടവിടുന്നതു സൂക്ഷിച്ചിട്ടു വേണമെന്നുള്ള വിചാരത്താലാണ്.

അദ്ദേഹത്തിന്റെ ജനസ്വാധീനം

തെററു കാണിക്കുന്നവരുടെ നേരെ ദയയില്ലാത്തവനാണെങ്കിലും ഒയാമയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കും പട്ടാളക്കാർക്കും അദ്ദേഹത്തിന്റെ പേരിലുള്ള സ്നേഹത്തിനും ബഹുമാനത്തിനും കണക്കില്ല. ഒരു സ്വസ്ഥന്റെ നിലയിലും ഒരു പടനായകന്റെ നിലയിലും അദ്ദേഹത്തിന്റെ പേരിൽ അവർക്കുള്ള വിശ്വാസത്തിനു അതിരില്ല. അദ്ദേഹത്തിനുവേണ്ടി എന്തുതന്നെ ചെയ്യുവാനും എന്താപത്തിലും സന്തോഷത്തോടുകൂടി ഏർപ്പെടുവാനും എന്തുതന്നെ അരിഷ്ടവും ഉത്സാഹത്തോടുകൂടി അനുഭവിപ്പാനും അവർ ഒരുക്കമുള്ളവരാകുന്നു. അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർക്കു മാത്രമല്ല അദ്ദേഹത്തിന്റെ പേരിൽ ഇപ്രകാരം സ്നേഹമുള്ളു. സൈന്യങ്ങളുടെ ഇടയിൽ എത്രത്തോളം സ്വാധീനമുണ്ടോ അത്രത്തോളം സ്വാധീനം അദ്ദേഹത്തിനു പൊതുജനങ്ങളുടെ ഇടയിലും ഉണ്ട്. ജപ്പാൻകാരുടെ വിജയങ്ങളിൽ അവർക്ക് ഏററവും അഭിമാനഹേതുകമായിട്ടുള്ളത് 'ആർതർതുറമുഖം' പിടിച്ചുവെന്നതാണ്. അതിനു അദ്ദേഹം ഹേതുഭൂതനാണെന്നുള്ള സംഗതിയാണ് ഇതിനുകാരണം.

ഒയാമ ജപ്പാൻ ചക്രവർത്തിയുടെ ഉററ സ്നേഹിതന്മാരിൽ ഒരാളാണ്. ചക്രവർത്തിക്ക് അദ്ദേഹത്തിന്റെപേരിൽ അത്യാദരവ

ധ്യമനെന്നുണ്ട്. അദ്ദേഹം ജപ്പാൻ കാൎയ്യാലോചന സഭയിലെ ഒരു സാമാജികനാണ്. ചക്രവൎത്തിയുടെ ശ്രദ്ധക്കു വിഷയീഭവിക്കുന്ന പൊതുജനബാധകങ്ങളായ മുഖ്യസംഗതികളിൽ അദ്ദേഹത്തെ ഉപദേശിക്കുകയായിരുന്നു ഒയാമയുടെ കൃത്യം. ഇപ്രകാരം അദ്ദേഹം ഒരു യോഗ്യനായ പടനായകനാണെന്നു മാത്രമല്ല രാജ്യഭരണനിയന്താക്കളിൽ പ്രധാനിയും ആകുന്നു. സൈന്യാദ്ധ്യക്ഷനും യുദ്ധത്തിൽ ഏൎപ്പെടുന്നതിനു പ്രായാധിക്യത്താൽ ശേഷിയില്ലാത്തവനും ആയ യമഗാതനും ഒയാമയും ചക്രവൎത്തിയുടെ എടത്തെ കയ്യും വലത്തെ കയ്യുമാണെന്നു പറയപ്പെടുന്നു.

ഫ്രഞ്ചുകാരും ജൎമ്മൻകാരുമായി ഉണ്ടായ യുദ്ധത്തിൽ ആണ് അദ്ദേഹം ആദ്യം കൈവെച്ചു തുടങ്ങിയത്. അതിൽ അദ്ദേഹത്തിന്റെ സഹജമായ സാമൎത്ഥ്യം പ്രദൎശിപ്പിച്ചു എങ്കിലും യുദ്ധഫലം അദ്ദേഹത്തിനു വിശേഷവിധിയായ ആശാഭംഗത്തെ ഉണ്ടാക്കി. ജപ്പാനിലേക്കു മടങ്ങിയതിന്റെശേഷം അവിടത്തെ സൈന്യത്തിലെ ഒരു നായകസ്ഥാനം ഇദ്ദേഹത്തിനു ലഭിച്ചു. 1877-ൽ ഉണ്ടായ ജനക്ഷോഭത്തിൽ ഇദ്ദേഹം അതിധീരതയോടുകൂടി യുദ്ധംചെയ്തു. സമാധാനമുണ്ടായതിന്റെശേഷം ജപ്പാനിലെ പട്ടാളസംബന്ധമായ ചട്ടങ്ങളെ പരിഷ്കരിക്കേണ്ടുന്ന ഏറ്റവും മഹത്തായ ഉദ്യമത്തിൽ യമഗാതനെ സഹായിക്കേണ്ടതിനു യൂറോപ്പിലുള്ള സമ്പ്രദായങ്ങളെ കണ്ടു പഠിക്കുന്നതിന്നായി ഒയാമയെ അവിടേക്കയച്ചു. യൂറോപ്പിൽ നിന്നും മടങ്ങി വന്നതിന്റെ ശേഷം സൈന്യത്തെ പരിഷ്കരിക്കേണ്ടുന്ന കാൎയ്യത്തിൽ വളരെ ജാഗ്രതപ്പെടുകയും സൈനികവിദ്യാഭ്യാസത്തെ സംബന്ധിച്ചു ജപ്പാനിലുണ്ടായിരുന്ന ചട്ടങ്ങളിൽ മുഖ്യമായ ചില ഭേദഗതികൾ വരുത്തുകയും ചെയ്തു. അദ്ദേഹം ഏൎപ്പെട്ടിരുന്ന എല്ലാകാൎയ്യത്തിലും കാണിച്ച ശുഷ്കാന്തിയാലും ആ വക കാൎയ്യങ്ങളിലുണ്ടായിരുന്ന വാസ്തവമായ സാമൎത്ഥ്യത്താലും അദ്ദേഹം യമഗാതന്റെ പ്രീതിക്കും ബഹുമാനത്തിന്നും പാത്രീഭവിച്ചു. ചക്രവൎത്തി അദ്ദേഹത്തിനു* ആദ്യം 'കൌണ്ട്' എന്ന സ്ഥാനവും

അദ്ദേഹത്തിന്റെ ഉയൎച്ചകൾ.

പിന്നീട് 'മാക്പിസ്സ്' എന്ന സ്ഥാനവും നൽകി. ചീനയും ജപ്പാനും തമ്മിൽ യുദ്ധം ആരംഭിച്ചപ്പോൾ ഒയാമയായിരുന്നു യുദ്ധമന്ത്രി. പക്ഷേ തനിക്ക് ആ സ്ഥാനത്തുനിന്നു ഒഴിഞ്ഞാൽ കൊള്ളാമെന്നും യുദ്ധത്തിൽ പങ്കെടുക്കുന്നതാണ് തനിക്ക് അധികം സന്തോഷകരമായിട്ടുള്ളതെന്നും പറകയാൽ രണ്ടാംസൈന്യഗുല്മത്തിൽ അദ്ദേഹത്തിന്ന് അധിപസ്ഥാനവും നല്കപ്പെട്ടു. ആ സൈന്യത്തോടുകൂടി മഞ്ചൂറിയയിൽകൂടി പോയി 'ആർതർ' തുറമുഖത്തെ പിടിച്ചു. ചീനരാജ്യത്തെ ആക്രമിക്കുന്നതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യുവരുമ്പോൾ ജപ്പാനിലെ തെക്കുവശത്തുള്ള 'ഹിരോഷിമ' എന്ന പട്ടണത്തെയാണ് അദ്ദേഹത്തിന്റെ തലസ്ഥാനമായി സ്വീകരിച്ചത്. ഒരു പീടികയോടുചേൎന്ന രണ്ടു ചെറിയമുറികൾ അദ്ദേഹത്തിന്റെ സ്വകാൎയ്യവാസസ്ഥലമായി കല്പിക്കുകയും ചെയ്തു. സൈന്യങ്ങൾ ചൈനയിലേക്കു പുറപ്പെടുന്നതിന്റെ തലേദിവസം രാത്രി 'ഗവിൽ' എന്ന ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നപ്പോൾ അദ്ദേഹവും മാക്പിസ്സ് ഇറ്റൊ, ജനറൽ കവാകമി, ഇവരുംകൂടി ഒരു പടത്തിന്റെ ചുററും ഇരുന്ന് വളരെ ശ്രദ്ധവെച്ചുനോക്കിക്കൊണ്ടിരിക്കുന്നതായി 'ഗവി'ലിന്റെ ഒരു പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. പിറ്റേദിവസം ഗവിൽ സാമാനങ്ങൾ കയററിക്കൊണ്ടുപോകുന്ന ഒരു പാലത്തിന്മേൽ അദ്ദേഹത്തിന്റെ അടുക്കൽ നില്ക്കുമ്പോൾ ഒററക്കാരനായ ഒരു റഷ്യൻ ഒയാമയുടെ നേൎക്ക് ഒരു വെടിവെച്ചു. പക്ഷേ ഭാഗ്യവശാൽ അതു കൊള്ളാതെപോയി. ജപ്പാൻ പടനായകന്മാരുടെ ഇടയിലും കപ്പൽക്കാരുടെ ഇടയിലും വല്ലാത്ത ക്ഷോഭം ഉണ്ടായി. 'ഭീരു, രാജദ്രോഹി, നിന്റെ കഥ കഴിക്കാനുള്ള അവസരം ഇപ്പോൾവരും' എന്നു കൂട്ടമായി നിലവിളിച്ചുതുടങ്ങി. എന്നാൽ ഒയാമ ഒരക്ഷരംപോലും ഉച്ചരിച്ചില്ല. ചതിയനായ ആ റഷ്യൻ കാട്ടുന്നതുനോക്കി ഒന്നു പുഞ്ചിരിയിടുകയും പിന്നീടു കുറേനേരം ദീൎഘാലോചനയോടുകൂടി നില്ക്കുകയും ചെയ്തുവത്രെ. ഒയാമ പല യോഗ്യതകളും തികഞ്ഞ ഒരാളാണെന്നുള്ളതിലേക്കു സംശയമില്ല. എന്തെന്നാൽ മററുള്ളവൎക്കു ലഭിക്കാൻ പ്രയാസമായിട്ടുള്ള അനേകം

സ്ഥാനമാനങ്ങളും ലഭിച്ചിട്ടുണ്ടെന്നുമാത്രമല്ല അദ്ദേഹം പ്രവേശിച്ചിട്ടുള്ള എല്ലാ ഉദ്യോഗങ്ങളിലും അനന്യസാധാരണമായ പാടവം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കുറോക്കി

ഇദ്ദേഹം അടുത്തു കഴിഞ്ഞ യുദ്ധത്തിൽ ഒരു പ്രധാനസ്ഥാനം വഹിച്ചിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. 1845-ൽ 'സത്സുമ' എന്ന ദിക്കിലാണ് കുറോക്കിയുടെ ജനനം. 'ഇറ്റേയികുറോക്കി' എന്നാണ് അദ്ദേഹത്തിന്റെ പൂൎണ്ണനാമധേയം. സത്സുമക്കാരുടെ സകല ഗുണങ്ങളും തികഞ്ഞും ധൈൎയ്യം മൂൎത്തിമത്തായും ഒരാൾ ജപ്പാൻ സൈന്യത്തിൽ ഉണ്ടെങ്കിൽ അതു കുറോക്കിയാണ്. അദ്ദേഹം ജപ്പാൻകാരിൽതന്നെ സാമുരായി വൎഗ്ഗത്തിൽപ്പെട്ടവനാണ്. ചെറുപ്പംമുതൽക്കുതന്നെ ഒരു യോദ്ധാവും ആകുന്നു.

1868-ൽ രാജ്യാവകാശകലഹകാലത്ത് ഇപ്പോഴത്തെ ചക്രവൎത്തിയുടെ സൈന്യത്തിൽ ഒരു ഉപനായകനായിരുന്നു. 1877-ൽ ദക്ഷിണപശ്ചിമദേശക്കാർ തമ്മിലുണ്ടായ യുദ്ധത്തിൽ ഏറ്റവും ജനസ്വാധീനമുള്ള 'ടാകാമൊട്ടുസൈഗൊ' എന്നവന്നു വിരോധമായി ചക്രവൎത്തിയുടെ പക്ഷത്തിൽനിന്നു ഈ വീരൻ 180 ദിവസം മുഴുവൻ എടവിടാതെ പടപൊരുതീട്ടുണ്ട്. അതിന്റെശേഷം 1884-ൽ ജപ്പാൻരാജ്യം സന്ദൎശിപ്പാൻ വന്നിരുന്ന സ്വീഡൻരാജ്യകുമാരനെ സൈന്യനിയന്ത്രണത്തിലുള്ള വൈദഗ്ദ്ധ്യം കാണിച്ചു വിസ്മയാകുലചിത്തനാക്കിയതാണ് പിന്നത്തെ പുറപ്പാട്. 'മെക്കൽ' എന്നുപേരായ ജൎമ്മൻ പടനായകന്റെ യുദ്ധകൌശലങ്ങളിൽ ശ്രദ്ധവെച്ചുകൊണ്ടു കുറേകാലം ആ രീതിയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുണ്ട്. 189.-ലാണ് സ്വാധികാരത്തിൽ 'സൈഗൊ'ന്റെ നേരെ പിന്നെ യുദ്ധം നടത്തീട്ടുള്ളത്. പത്തുകൊല്ലം മുമ്പുണ്ടായ ചൈനായുദ്ധത്തിൽ ദീനക്കാരന്റെ നിലയിലായിരുന്നുവെങ്കിലും യുദ്ധംചെയ്യാനുള്ള ആഗ്രഹംകൊണ്ട് ഊണുമുറക്കവുമുപേക്ഷിക്കയു

ണ്ടായിട്ടുണ്ട്. യുദ്ധം മുഴുത്തിരുന്ന സമയത്തു യുദ്ധമദ്ധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞ വാക്ക് 'ഇപ്പോൾ ഇവിടെ യാതൊരു സുഖക്കേടും തോന്നുന്നില്ല' എന്നായിരുന്നു. അന്നു 'വൈഹൈവൈ' പിടിക്കുന്നതിന്ന് ഇദ്ദേഹത്തിന്റെ സൈന്യമാണ് മുമ്പിട്ടുനിന്നിരുന്നത്. 'കുറോക്കി', 'ഓകു', 'നോഗി' 'നോസു' ഇവർ ഒരുകാലത്തു യമഗാതയുടേയും ഓയാമയുടേയും മേലധികാരികളായിരുന്നിട്ടുണ്ട്. ഇക്കഴിഞ്ഞ മേമാസം ഒന്നാംതിയ്യതിയും പിന്നെ ഇടച്ചയായുണ്ടായ വിജയങ്ങളെപ്പററി വിശേഷിച്ചൊന്നും പറവാനില്ലല്ലൊ.

സ്ഥാനമുദ്രകളെക്കൊണ്ട് അലങ്കരിക്കപ്പെട്ട വിരിഞ്ഞമാറ്, കനത്ത താടിയെല്ല്, തീക്ഷ്ണങ്ങളായ നയനങ്ങൾ, നരച്ച കററിരോമം ഇതാണ് കുറോക്കിയുടെ ആകൃതി.

ഓകു

റഷ്യാജാപ്പാൻ യുദ്ധത്തിൽ ജപ്പാൻകാരുടെ രണ്ടാംപടക്കോപ്പിന്റെ അധിപനായിരുന്ന 'ഫോക്കിയോയാമാക്കെ' എന്ന പടനായകന്നു ഏകദേശം അറുപതുവയസ്സു പ്രായംകാണും. കയീഷിയുദ്വീപിൽ ശാന്തസമുദ്രത്തിന്റെ തീരത്തുള്ള 'ബൽഗോ' എന്ന സംസ്ഥാനത്തിലാണ് ഇദ്ദേഹത്തിന്റെ ജനനം. പ്രധാന സൈന്യാധിപന്മാരിൽ ഈ ദ്വീപിൽനിന്നു വേറെ ആരും ഈ യുദ്ധത്തിൽ ഉണ്ടായിരുന്നില്ല. 1877-ലെ യുദ്ധത്തിൽ ഇദ്ദേഹത്തിനാണ് ഏററവും ബഹുമതി സിദ്ധിച്ചിട്ടുള്ളത്. അന്ന് ഇദ്ദേഹം 'കേൺജോടാനി' എന്ന സൈന്യാധിപന്റെ കീഴിൽ ഒരു ഉപനായകൻമാത്രമായിരുന്നു. രാജദ്രോഹിയായ സൈഗോവിന്റെ ആളുകളാൽ 'കുമാമോട്ടോ' എന്ന ദുർഗ്ഗത്തിൽ ബന്ധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. ഈ കോട്ട 'സൈഗോ' കൈവശപ്പെടുത്തിയതിൽ 'ടോക്കിയോ' എന്ന തലസ്ഥാനവും ആ രാജദ്രോഹി പിടിച്ചുകൂട്ടത്തിലായി. പിന്നെ അവിടെയുള്ള സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് അയാൾ പറഞ്ഞപടി കേൾക്കുകയെ നിവൃത്തിയുള്ളു.

ഇതിനൊന്നും ഇടകൊടുക്കാതെ 'ഓകു' ധൈൎയ്യത്തോടുകൂടി തന്റെ സൈന്യത്തെ ചുററിയിരുന്ന ശത്രുവ്യൂഹത്തെ ഭേദിച്ച് രാജസൈന്യത്തോടു ചേൎന്നു മറുപക്ഷക്കാരെ പറപറപ്പിച്ചു. ഇപ്രകാരമുള്ള ഭയങ്കരഘട്ടത്തിൽ കൂസൽകൂടാതെ നടത്തിയ ഭയങ്കരകൃത്യത്തിന് അദ്ദേഹത്തിനു ലഭിച്ച ബഹുമതി മറെറാരാൾക്കും കിട്ടീട്ടില്ല. എന്നാൽ ഈ സംഭവം കഴിഞ്ഞിട്ട് പിന്നെ ചൈനായുദ്ധംവരെ ഇദ്ദേഹത്തിന്റെ പേര് പുറത്തുവന്നിട്ടില്ല. 'മിണ്ടാതിരിക്കിലും മണ്ടുംപരാക്രമി' എന്ന ജപ്പാൻ പഴമൊഴി യഥാൎത്ഥപ്പെടുത്തീട്ടുള്ളത് ഇദ്ദേഹമാണ്. സ്വസ്ഥനായിട്ട് ഇരുന്നിരുന്ന കാലത്തും രാജ്യരക്ഷക്കു വേണ്ട മാൎഗ്ഗങ്ങളും ആലോചിക്കുകയായിരുന്നു ഇദ്ദേഹത്തിന്റെ മുഖ്യജോലി. ചൈനായുദ്ധംകഴിഞ്ഞിട്ടു ജപ്പാൻ മൂന്നാക്കി വിഭാഗിച്ച് മൂന്നു സേനാമുഖങ്ങളെ ഓരോദിക്കിൽ സ്ഥാപിച്ചതിൽ കിഴക്കൻവീഥിയിൽ ഉള്ളതിന്റെ ആധിപത്യം ഓകുവിന്നായിരുന്നു. ഇദ്ദേഹമാണ് ഡെൽഹിഡർബാറിൽ ജപ്പാന്റെ പ്രതിനിധിയായിട്ടുവന്നിരുന്നത്. കഴിഞ്ഞകൊല്ലത്തിൽ ഇദ്ദേഹത്തിനെ സൈന്യാധിപസഭയിൽ ഒരു സാമാജികനായി നിശ്ചയിച്ചു. ഇദ്ദേഹം റഷ്യാജപ്പാൻ യുദ്ധത്തിലാണ് തന്റെ പരാക്രമം മുഴുവനും കാണിച്ചിട്ടുള്ളത്. ആർതർ തുറമുഖം പിടിക്കുന്നതിൽ പങ്കുകൊള്ളുവാനുള്ള യോഗം ഉണ്ടായിരുന്നില്ലെങ്കിലെന്താ? 'കിൻചൌ, ടേലിസ്സു' എന്നീ യുദ്ധങ്ങളിൽ വിജയം നേടുവാൻ ഭാഗ്യവും യോഗ്യതയും ഉണ്ടായത് ഓകുവിന്നല്ലേ. നോഗിയെക്കുറിച്ച അടുത്തകാലങ്ങളിൽ വൎത്തമാനപത്രങ്ങളിൽ പ്രസ്താവിച്ചിരുന്നതിന്നുപുറമെ വിശേഷിച്ചൊന്നും പറവാനില്ല.

ഒയമ, കുറോക്കി, ഓകു, നോഗി, നോസു മുതലായ മഹാരഥന്മാർ ജപ്പാൻസൈന്യത്തിൽ ഉള്ളകാലത്ത് റഷ്യാ എന്നുവേണ്ട ഏതു കൊലകൊമ്പന്മാർതന്നെ എതിരെത്തുന്നതാലെന്താ? ഒരുനോക്കിനു വകയുണ്ടോ?.]

വി. കെ. രാമൻമേനോൻ ബി. എ.

ഉണ്ണുനീലി
സന്ദേശം

രാജ്യാനാമങ്ങിനിയപതിനെട്ടിനുമിൻറാജധാനാം
വിദ്യാനാഞ്ചാപ്യപിപതിനെട്ടിന്മേൽവീരസംഗ്രാമഭൂമിം
നാലിനുമ്മാറവയതിനുമിൻറക്കലാകൗശലാനാം
ഗ്രാമാണാഞ്ചാപ്യധികമരുദിനം വാഴ്ക്ക വോരപ്പ്യബന്ധം. ൮

ശൌണ്ഡീ, വേണു, സ്സുനി, ശബരികാ, പക്ഷിതം, രാവണമൈക
സാരംഗം, നന്ദുണി, നിരമെഴുതുന്നി, വീണാ, പിനാകം
മററാവാദ്യാൽക്കമെന്നതരികിൽനിൻറവാദ്യാൾമൃതംഗേ
കേൾപ്പുണ്ടാവന്നിമയിലമരാധീശഗന്ധർവ്വസംഘാഃ. ൯

വട്ടത്തിൽ ചേർന്ന്ദയത്തടലിൽ ചേരമാർച്ചാർത്തിവെള്ളം
മുട്ടുമാറാകിരണ്മെഴ പറാകടിങ്ങൾ പ്രകാരം
വെട്ടിക്കീറിപ്പടയിലുടവാൾകൊണ്ടു ചെറിട്ടുപുറി.
ദ്ദ്വാരട്ടൊട്ടുടനഹ്വ! പറവതിനാവിന്നുമാരുമുണ്ടൊ. ൧൦

വ്യായാമക്കൊണ്ടുകിലുദിതമോദമുച്ചൈശ്ശ്രവാവി-
ന്നായാസം ചെയ്യുമലമുരംഗംനീകരാമശായം,
പ്രാണാപായാകരത്തിനുലികൾപടക്കൊപ്പിനെന്നും
ചൊൽവുണ്ടല്ലോ ഭൂപരിഷദാമപ്പോടിച്ചാർത്തചെൻറ്. ൧൧

മുററത്തെല്ലൊ മനസ്സംപേതന്നിൽ ലൃതക്കല്ല്യവൃക്ഷം
മൂററിക്കൊട്ടികൊരമ്പൊളിയും വാതണിപൂമയേന്ദ്ര
ചൊറിള്ളറിപ്പുറികിലുളകേശനമീശനിരംശ
ചുറവാനിയെവരിലുമിറലഴിൻറ കല്യാണമേഘം. ൧൨

ഇത്ഥംനാനാകുശലമവനോടാപ്തിപൂർവ്വംവിചാരി-
ച്ചോമ്പാലോർകവിപുലമനസാമെൻവരൂൽപ്പെട്ടുകട്ടി
പ്രാർത്ഥിച്ചാൻതൻകരുമമവനെപ്രാർത്ഥനീയാനുഭാവം
സ്വാർത്ഥംപ്രത്യർത്ഥികളിലെവിടെക്കാരുകാനാംവിവേകം. ൨൩

ആർത്തത്രാണപ്രവണ! കരുണാവാരിധേ! കാമുകാനാം
നേത്രശ്രേണീമധുപനളിനീംചോറിതന്നുന്നിലീം
വാത്സല്യപ്പെട്ടെനിഹവിരഹിണാംഞാൻഇലാമിൻവപാർമേൽ
കീർത്തിപ്പാനൊന്നൊരുതരുശാച്ചന്ദ്രികാചാരുകീർത്തേ! ൨൪

സിന്ധുദ്വീപെപരൻറാരപുരവരംബിംബലീപാലകാനാം
കേൾപ്പുണ്ടല്ലോജഗതിവിദിതംമേദിനീസംഖ്യബന്ധോ,
തസ്മിൻമാരന്നിനിയപടവീടുണ്ടുമണ്ടെങ്ങളെന്നോ
രില്ലംമല്ലക്കവലയമൃശംപൌരിലോത്രുദ്ധകീർത്തേ, ൨൫

കാമന്നാദൌൽക്കറിയൊട്ടുചമഞ്ഞുവ്ശീനിവിശങ്കാ
ഭൂമൌഭൂമീശപരനിൽമരുവീടിൻറനാൾചക്രമാഖ്യ
ഉണ്ടായീപോലഴകിലവാൾപാകത്തുനിൻറസ്ത്രദാരാ
ണ്ടാർമാതിൻകുലനിലയമാംവംശമേതൽപ്രഥിഷ്ഠ്യം. ൨൬

തസ്മിൻവംശേതരുണനയനങ്ങാംകൃപീയൂഷധാരാ
താരുണ്യനൊപ്പംജഗതിജനനീതാർചരന്നസ്മരാംഗാ,
താരാർമാതിന്നടിമതനസഖി,താമ്രബിംബാധരോഷ്ഠി,
താരാനാഥപ്രതിഭടമുഖി,തിണ്ണമെന്നുണ്ണുനീലി. ൨൭

ഞാനുംതന്നാവിതിലകമവളുംകൂടിവാഴുന്നകാന്ത്യാ-
കാമക്രീഡാചപലപലവപൂർവ്വചന്ദ്രംമശായം
കല്യാണാംഗീംകഥമപിവരിച്ചങ്ങനോത്താനറിഞ്ഞീ-
ലെന്നൊരൈക്കൈക്കണ്ടപഗതവതീകാപിയക്ഷീനിശായാം. ൨൮

കാതത്തിന്നല്പപരിഗതനാചേൻറന്നോളുണ്ണന്നോ-
നാതപ്പ്രാന്താനിഹ വിരഹിതോ വറിയന്നുണ്ണുനീലീം
പേടിച്ചുററം വിരവിൽ നരസിംഹാലയം ത്രാം ജപിച്ചു-
ഓടിപ്പാന്നാളുവഠമുറയുമിട്ടങ്ങു കൈവിട്ടുനമ്മെ, ൨൯

തൊണ്ടിത്താങ്ങിത്തടനഗ്ഗൂന്നാമാൎത്തന്നാനയാത്താ
മന്ദാമന്ദാ പുനരഹമിതൊറ്റകൃത്രൈദൈവാനുഗ്രഹാൽ,
സമ്മൂഢംമാമിവിടമറിയിപ്പിച്ചിതംഭോജനാഭിം
പാടിപ്പാടിപ്പുലരിപുകഴുംഗായകാനാംവചാംസി. ൩൦

ദേവംനതപാദഭുജഗശയനംവാതിൽമാടത്തിൽമേവി-
ത്താവുംപെണ്മാനിമിഴിയൊട്ടു പിരിഞ്ഞെററെന്നീറിട്ടമെന്നെ,
മേവുംപൂവില്ലവനുമൂടനികാലവുംവെണ്ണിലാവും
ക്കൂവുംകോലപ്പോഴയിലുമഴകിൽതേൻറലും കോൻറതെല്ലാ. ൩൧

മുണ്ടെക്കൊൾക്കൈമെറാരത്തിലകമാമുണ്ണുനീലിവിയോഗം
കൊണ്ടിപ്പൂമന്മനാ സിദ്ധരൈർജ്ജീവിതാപന്നമെന്നെ,
കണ്ടപ്പോഴ്കനിവൊടു ദൂണെത്തിപ്പുണർത്തിൻറനിന്നാ
ക്കണ്ടിട്ടിപ്പോഴയിബത! മഹാനന്ദമാസ്ത്യരീതിച്ചാതം. ൩൨

കാമാൎത്താനാംതുടിതിളതസഞ്ജീവനംപോരുനിനാക്കെ-
ൻറാമൽപ്പെൺമാൻമിഴികൾമദനാധിതറിന്നാരത്തങ്ങളെൻറാൽ,
നീയും വേണം നരവര! വിരഞ്ഞെത്തങ്ങാവാരത്തംമുണ്ണർത്തി
ക്കാമാപന്നാം കളഭഗമനാം പാററി! പോററീടുവാനായ്'. ൩൩

എൻറാൽനീയുമ്മൂടമതിയിൽച്ചെൻറകണ്ടുണ്ണുനീലീ-
മൊൻറൊൻറമച്ചരിതമറിയിപ്പിച്ചതെറ്റീടുവാനും
നൻറംനൻറാസ്സിളികതിരവുള്ളം വിനാചൈന്നിലെന്നും
മൻറിൽകീൎത്തിംമേളുമളുവിതച്ചീടുമാതിച്ചവൎഷം. ൩൪

അഞ്ചാംപുരാണവരമിതുള്ളോരു വാരവും വിരയേഷി!
നാളും നൻറനന്ദിനവന്ദിതകിന്നരനേ! മുമ്പിലോ,
ഭേദാലെ നാടിൽമകുടമേ! രാശിയും വാഗധീശൻ
നാനാർത്ഥതയുമുപരി തലൃതികമോദ്യയോഗം. ൩൬

എന്നാൽ കേളിപ്പുവഴിയിലിടെനിന്നക്കടെത്തുന്നതലാനന്ത
ചെന്നാൽ മലപ്പുഴലികടമണികണ്ണന്നത്തിന്നതും വീ,
എല്ലാമെററം നവരമറിയിക്കുന്നാക്കിമിൻവള്ളവല്ലം
കേട്ടാൽവാട്ടം മനസികരാഗം ചെയ്യുമസ്ഥാനമാണി. ൩൭

നാളീപതം നിഖിലഭുവനം ഞാനരെ പശ്യാതമയോന്നി
നാഗേന്ദ്രന്റെ ശ്വേതമതുമതപ്പള്ളികൊള്ള പിരമേനോ
നഗരാതിഥിസ്ഥാനംപരമുമ്പിൽനീകമ്പിടണ്ടാ
നാൽവേദത്തിൻ പരമപാതളാനന്ദടേതമ്പിരാമനം ൩൮

വേലപ്പുന്നിൻ മുഖയിൽമകവും ചാടനാമാക്കൾത്യ
ചാലച്ചിറാം പെരകിലുകിടിനിവിരപാംഭരായാർ
കോലങ്ങുന്നിൻ മുനകനാമകംപു കനിന്മാറിൽമാദം
നീലക്കല്ലാൽവില സിന്ദമണികൈസ്തൂഭം വെൽവുതാക. ൩൯

ക്ഷീരാബ്ധേമധ്യേ ഭുജഗവരനാമനന്തൻമേലെ നിദ്രാംഗം
താരാർമാതിൻ കുചമുകുളയുഗം പൂണ്ടുപൂത്തുന്നഭോഗം
പതേഴിന്നും ഇതിർകരവരപ്പോക്കവൻപള്ളികൊള്ളും
കാരുണ്യാബ്ധേ! തവ പദയുഗം പത്മനാഭ! തൊഴുന്നേൻ. ൩൯

ശ്രീനാഥേ ദാൻകരാരവപുഷാമന്ദരം ചെൻറിയല്ലോർ
നാകാധീശം നാരദാദിമാരാറിനാമാഴിയായും
ഇടുങ്ങസ്സ്ഥലിപു കലാരാമനാവ്ക്രൃഷ്ണനായും
ചെന്നാവെവാനിൽ കിലദുർഗ്ഗതിക്കുമില്ലിയായും നമസ്തു. ൪൦

പുതിയ പുസ്തകങ്ങൾ.



മരവടി കിട്ടുവാൻ തപ്രവൃത്തങ്ങൾക്കുകൂടി അയച്ച എഴുത്തിന്ന് വിചാരിച്ച കാലത്തു മരവടി കിട്ടാഞ്ഞതാലുണ്ടാവുന്ന സുഖക്കേട് മരവടി അയക്കേണ്ടുന്ന മുറയാണെന്ന് അറിഞ്ഞിരിക്കും, സംഗതിവശാൽ ആയതിന്നു സാധിക്കാത്തതുകൊണ്ടുണ്ടാവുന്ന സുഖക്കേടിനേക്കാൾ അധികമൊന്നുമില്ലാ കുറവല്ലാതെ കൂടുതലായി വരുന്നതല്ല. ഏതാണ്ടു ഈ പരലെ കെ. നാരായണമേനോൻ അവർകളുടെ മലയാളം റീഡേഴ്സ് (മലയാള പാഠമാല) ഒന്നും രണ്ടും മൂന്നും പുസ്തകങ്ങൾ പരിശോധിപ്പാൻ സംഗതിവരുന്നതാൽ ഇതുവരെയും സാധിക്കാത്തതുകൊണ്ടു ഞങ്ങൾക്ക് നാരായണമേനവർകളോടുള്ള കടപ്പാടു ഞങ്ങളുടെ അഭിപ്രായമറിവാൻ നാരായണമേനവന്ന് വല്ല തിടുക്കവുമുണ്ടെങ്കിൽ ആയതിനേക്കാൾ ഗുരുത്വം കൂടിയതാണെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഒളിവായും തെളിവായും രണ്ടു കാരണങ്ങളാൽ ഒരു കാൎയ്യത്തിന്നു വിഘ്നം വരുവാൻ വഴിയുള്ളപ്പോൾ കാണികൾക്കു വെളിവായ കാരണം പിടിച്ച് അഭിപ്രായം പറവാനേ തരമുള്ളു. പക്ഷെ അസ്പഷ്ടമായ കാരണംകൊണ്ടായിരിക്കാം വാസ്തവത്തിൽ കാൎയ്യത്തിന്നു വിഘ്നം സംഭവിച്ചിട്ടുള്ളത്. അങ്ങിനെ വരുമ്പോൾ സത്യം പറഞ്ഞാലും 'ചിണോട്ടംകൊണ്ടു വിദ്യയെടുക്കുക'യാണെന്നു വിചാരിക്കുവാനാണ് അധികമെളുപ്പം. ഇങ്ങിനെ മദ്ധ്യദൃഷ്ടിക്കൊരു വിഘ്നം വരുന്നതാകയാൽ അതിനുള്ള മരുന്ന് കൎമ്മവികലന്മാരും കാണികളും തമ്മിൽ അന്യോന്യം സ്ഥാനം മാറുകയല്ലാതെ മറ്റൊന്നുമല്ല. ഓരോരോ സ്ഥാനത്തിന്നു ഓരോരോ ചുമതലകളുണ്ട്. അതാതു സ്ഥാനത്തിരുന്നല്ലാതെ ആ ചുമതലകളുടെ ഗുണദോഷമറിവാനും പ

റവാനും കഴിയുന്നതും അസ്ഥിരതയുള്ളതുമല്ല. ഈ സ്ഥിതി മനസ്സിലാക്കീട്ടുള്ളവരോടും ഇല്ലാത്തവരോടും വാദിച്ചലിച്ച് വല്ലതും പറയേണ്ടതാവില്ലാത്ത തുല്യമാകുന്നു. ഈ അവസരത്തിലും ഇതുതന്നെയാണ് ഞങ്ങൾക്കൊരു സമാധാനം.

ബാലന്മാൎക്കുവേണ്ടി ഉണ്ടാക്കുന്ന പുസ്തകങ്ങളുടെ മുഖ്യഗുണങ്ങൾ ബാലന്മാൎക്കുള്ള ഗുണങ്ങൾ തന്നെയാകുന്നു. വാക്കിന്റെ സരളത, മനസ്സിന്റെ ചാഞ്ചല്യം അനുസരിച്ച് ഒരു വിഷയത്തിൽതന്നെ സ്ഥിരമായി നില്ക്കാത്ത കൌതുകം, ഗ്രഹിക്കുന്ന വിഷയങ്ങളിൽ മനസ്സിന്റെ സുഖപടിക്കുള്ള പ്രവേശം, ഗ്രഹിക്കേണ്ടവയാണെങ്കിലും രസിക്കാത്ത പദാൎത്ഥങ്ങളെ ആസ്വദിച്ചു ശീലമുള്ള സരസപദാൎത്ഥങ്ങളോടു കലൎത്തി കൊടുത്താൽ സ്വീകരിക്കുവാനുള്ള എളുപ്പം, അത്യാവശ്യമായ സൌകൎമാൎദ്ദവം, ബാലന്മാൎക്കു ഈ വക ഗുണങ്ങൾ തികഞ്ഞിട്ടുള്ള പുസ്തകങ്ങളാണ് ബാലന്മാൎക്കു പാഠപുസ്തകങ്ങളായിട്ടു നിയമിക്കുവാൻ യോഗ്യമായിട്ടുള്ളവ. 'സൂൎയ്യൻ ആകാശത്തിന്റെ മേൽപുറമുകളിൽ മേയപ്പെട്ടിരിക്കുന്നു. അവൻ ജലത്തിൽ പ്രതിഫലിച്ചു പ്രകാശിച്ചുകൊണ്ടിരുന്നു' എന്ന് ഒരു പുതിയ കഥയിൽ വായിച്ചുകൊണ്ടിരിക്കെ 'നമ്മുടെ വീട്ടിലെ ഓടിന്റെ വെളിച്ചം വെള്ളത്തിൽ കാണുന്നതുപോലെ, നല്ല രംഗീണ്ട്' എന്നു യദൃച്ഛയായിട്ട് ഒരു കുട്ടി മറെറാരു കുട്ടിയോടു പറയുന്നതു കേട്ടപ്പോൾ ഇപ്പോൾ നടപ്പുള്ള ബാലപാഠപുസ്തകങ്ങളെ ഓൎത്തു ഞങ്ങൾക്കു ചിരിവന്നുപോയി. ബാലന്മാൎക്കുവേണ്ടി നിൎമ്മിക്കുന്ന എല്ലാ പുസ്തകങ്ങളും സരസങ്ങളും സുഗമങ്ങളും ആയിരിക്കണം. അല്ലാത്ത പുസ്തകകൎത്താക്കന്മാരുടെ ബുദ്ധിവൈഭവവും പദപരിചയവും പ്രകടിപ്പിക്കുന്നതുകൊണ്ട് അവൎക്കു വേറെ വല്ല ഗുണവും സിദ്ധിച്ചേക്കാമെങ്കിലും ബാലന്മാൎക്കു യാതൊരുപയോഗവും ഉണ്ടാകുമെന്നു തോന്നുന്നില്ല. അട്ടകം––പുരി, ഒട്ടകം––പുരി, എന്നു ഏച്ചുകെട്ടി വലിച്ചുനീട്ടി നാലു ദിവസംകൊണ്ടു കാണാപ്പാഠമാക്കാവുന്ന ഒരു കഥ പറഞ്ഞുതുടങ്ങുമ്പോൾ തന്നെ കുട്ടികൾ ഉറങ്ങുവാൻ തുടങ്ങുന്നതും കുരങ്ങന്റെരാമൻ മരം ചാടിയതും പൂൎവ്വാഹ്നങ്ങളിലെ എളവെയിൽ കൊണ്ടതും മററുമുള്ള

ചില്ലറ കഥകൾ പറയുമ്പോൾ കുട്ടികൾ രസത്തോടുകൂടി കേട്ടുകൊള്ളുന്നതും അനുഭവമുള്ള ആളുകളോട് ബാലപാഠപുസ്തകങ്ങളിൽ ഒരു വിഷയത്തെത്തന്നെ പടുത്തുന്നതിനേക്കാൾ പല ചില്ലറ വിഷയങ്ങളെ വിതക്കുന്നതാണ് കാലാന്തരത്താൽ ഫലവത്തായിത്തീരുകയെന്നു പറഞ്ഞറിയിക്കേണ്ടതില്ല. പാത്രത്തിലെ വെള്ളം തീയിന്റെ ചൂടുകൊണ്ട് പൊങ്ങുമ്പോലെ ആവി പൊങ്ങിപ്പോകുന്ന മതിരി സമുദ്രത്തിലേയും മറ്റും വെള്ളം വെയിലിന്റെ ചൂടുകൊണ്ടു ആവിയായി മേല്പോട്ടു പോയിട്ടാണ് മേഘമുണ്ടാകുന്നത് എന്നു പറയുന്നതുപോലെ പ്രത്യക്ഷാനുഭവത്തിൽനിന്നു ഉദാഹരണങ്ങളെടുത്തു കാണിക്കുന്നതായാൽ എത്ര കഠിനവിഷയവും മനസ്സിലാക്കുന്നതിൽ എളുപ്പമുണ്ടാകുന്നതാണ്. കൈക്കുന്ന ഗുളിക പഞ്ചസാരയിൽ പൊതിഞ്ഞു കൊടുക്കുന്നതുപോലെ രുചിക്കാത്ത വിഷയങ്ങളെ രസിക്കുന്ന വിഷയങ്ങളോടു കൂട്ടിച്ചേർത്തു കൊടുത്താലുണ്ടാകുന്ന ഗുണവും പ്രത്യക്ഷമാകുന്നു. അലങ്കാരപ്രയോഗങ്ങളെക്കൊണ്ടും മറ്റും ഉണ്ടാകുന്ന ഭംഗിയേക്കാൾ സ്വാഭാവികമായ ലാളിത്യംകൊണ്ടുള്ള ഭംഗിക്കായിരിക്കും ബാലപാഠപുസ്തകങ്ങളിൽ അധികം യോജിപ്പായിരിക്കുക. ഇതിനൊക്കെപ്പുറമെ പുസ്തകം മടക്കാതെ വായിച്ചതിലുള്ള [illegible] വായിക്കേണ്ടതായ വിഷയങ്ങൾ തെളിഞ്ഞു [illegible] പിന്നെയും വായിപ്പാനാഗ്രഹം ജനിപ്പിക്കുന്ന [illegible].

മേൽപറഞ്ഞ സംഗതികൾ നാരായണമേനവൻ ഉദ്ദേശിച്ചിട്ടുള്ള ബാലവിദ്യാർത്ഥികളുടെ സ്ഥാനത്തിൽനിന്നു താഴെയുള്ള തരക്കാൎക്കുവേണ്ടിയുണ്ടാക്കുന്ന പുസ്തകങ്ങൾക്കാണ് അധികം യോജിക്കുന്നത് എങ്കിലും പൂൎവ്വ് തന്നെ ഫലമായ തീരുന്നതുപോലെയുള്ള സമ്പ്രദായഭേദങ്ങൾ ഇതിലുള്ളു എന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ഞങ്ങൾ വിചാരിക്കുന്ന ഗുണങ്ങൾ ഈ പുസ്തകങ്ങളിൽ പൂൎണ്ണമായിട്ടുണ്ടെന്നു പറവാൻ ഞങ്ങൾക്കു ധൈൎയ്യമില്ല. എങ്കിലും ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള ഗുണദോഷങ്ങളെ ഗ്രന്ഥകൎത്താവ് ഈ പുസ്തകമെഴുതുമ്പോൾ നല്ലവണ്ണം പൎയ്യാലോചിച്ചിട്ടുണ്ടെന്നാണ് ഞ

ങ്ങളുടെ വിശ്വാസം. അതുകൊണ്ട് ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളുടേയും, സി. അച്യുതമേനോൻ അവർകളുടേയും അഭിപ്രായങ്ങളെ ഞങ്ങളുടെ അഭിപ്രായവും അനുകൂലിക്കുന്നുണ്ട്.

ഒന്നും രണ്ടും മൂന്നും പുസ്തകങ്ങളിൽകൂടി 'വിദ്യാർത്ഥികളുടെ ശുറ്' തൊട്ടു 'നികതി'വരെ ഒന്നു വിഷയങ്ങളെ തരംതിരിച്ചിട്ടുള്ളതിൽ പുസ്തകക്രമത്തിനും വിഷയകാഠിന്യത്തിനും അനുസരിച്ച ചില ഭേദഗതികൾ വരുത്താമായിരുന്നു എന്ന് ഞങ്ങൾക്കൊരു പക്ഷമുണ്ട്. 'കേരനല്ല വൈദ്യനോ കച്ചവടക്കാരനോ ആവണമെങ്കിലും വാക്സാമർത്ഥ്യംതന്നെയാണ് വേണ്ടത്' എന്നു പറഞ്ഞിട്ട് ഉടനെതന്നെ 'വിദ്വാനും മൗനമേ പണ്ഡിതന്നാം' എന്നു പറയാതെ 'ഈ വാക്സാമർത്ഥ്യം ഇല്ലാത്തപക്ഷം' എന്നുകൂടി എടുക്കേ ചേർത്താൽ ഈ ശ്ലോകം അവിടെ യോജിപ്പിക്കാമായിരുന്നു. ഇമ്മാതിരി പ്രകൃതത്തിനു യോജിക്കാത്തവയും 'ബാലവൈധവ്യത്തെപ്പറ്റി കുലസ്ത്രീണാം കവചാവലി' എന്നു തൊട്ട് ബാലവിദ്യാർത്ഥികൾക്കു സൂക്ഷ്മാർത്ഥം പറഞ്ഞു മനസ്സിലാക്കുവാൻ ആചാര്യന്മാർ മടിക്കുന്നവയും ആയ ചില ഉദാഹരണങ്ങളും മററുചില ചില്ലറ സ്ഖലിതങ്ങളും വരും പതിപ്പിൽ പരിഷ്കരിച്ചുകാണ്മാൻ ആഗ്രഹമുണ്ട്.

പലവക

തൃശ്ശിവപേരൂർ 1081-ാമത കൊല്ലത്തെ പഞ്ചാംഗം.

മേൽപറഞ്ഞ പഞ്ചാംഗം ബ്രഹ്മശ്രീ. കോദ്ദ്വരി മനക്കൽ രാമൻ നമ്പൂരി അവർകളുടെ പരിശോധനയോടുകൂടിയും ചിലവിനേലും അദ്ദേഹത്തിന്റെ ശിഷ്യൻ കൃഷ്ണനമ്പി ഗണിച്ച് പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. കൊച്ചിപ്പഞ്ചാംഗമായി ഒത്തുനോക്കിയതിൽ നാൾപക്കങ്ങളിലും ലാടവൈധൃതങ്ങളിലും 30 വിനാഴികവരെ വ്യത്യാസം കാണുന്നുണ്ട്. ധ്രുവസംസ്കാരഹാരകംകൊണ്ടു സംസ്കരി

ച്ചിട്ടുണ്ടെന്നല്ലാതെ ആ സംസ്കാരക്രിയ മററു പഞ്ചാംഗങ്ങളിൽ ചെയ്യാറില്ലെന്നോ അതുനിമിത്തം വ്യത്യാസം കണ്ടേക്കാമെന്നോ പറഞ്ഞു കാണുന്നില്ല. ഗ്രഹസ്ഫുടങ്ങളിലും വ്യത്യാസം കാണുന്നുണ്ട്. പൂൎണ്ണമായി വിശ്വസിക്കാമെന്നു ജനബോദ്ധ്യം വന്നിരിക്കുന്ന കൊച്ചി, തിരുവിതാംകൂർ പഞ്ചാംഗങ്ങളോടു ഒക്കാതെയും വ്യത്യാസത്തിനു മതിയായ കാരണം പറയാതെയും പ്രസിദ്ധം ചെയ്യുന്ന പഞ്ചാംഗങ്ങൾ വാസ്തവത്തിൽ ശരിയായി ഗണിക്കപ്പെട്ടവയാണെങ്കിൽതന്നെ, ആ സംഗതിയെപ്പററി വ്യവഹരിച്ചു തീൎച്ചപ്പെട്ടല്ലാതെ നിലനില്ക്കാൻ തരമില്ല. ജനോപകാരമായിട്ടുള്ളതും കൊച്ചിപ്പഞ്ചാംഗത്തിലും മററും കാണുന്നതുമായ, മാസശേഷഫലം, നിത്യഗ്രഹഫലങ്ങൾ, ഗ്രഹചാരഫലം, ചന്ദ്രോദയാസ്തമനം, ഇതുകളെ ചേൎക്കാതെ വിട്ടുകളഞ്ഞതിനു കാരണം പറഞ്ഞിട്ടില്ല.

എന്നാൽ ഈ പഞ്ചാംഗത്തിൽ ദിനപ്രമാണവും ഗുളികനും താരാഗ്രഹസ്ഥിതിയും നേരെ ചേൎത്തതു വളരെ നന്നായി. ശകുനത്തെപ്പററി സാധാരണയായി പ്രസിദ്ധം ചെയ്തു കാണാത്തതായ ശ്ലോകങ്ങളും 'ജന്മനക്ഷത്രഫലവും' ആവശ്യംതന്നെ.

കൊല്ലംതോറും പ്രസിദ്ധം ചെയ്യാൻ ഭാവമുണ്ടെങ്കിൽ സംഗതിവിവരം ഒന്നായിട്ടു ഒരു ഭാഗത്തിൽ കൊടുക്കാതെ മാസവിവരത്തോടുകൂടി വെവ്വേറെ കൊടുക്കേണ്ടതാണ്. സംക്രമവിവരത്തിനുള്ള കള്ളിയിൽ ഇപ്പോൾ വെറുതെ കളഞ്ഞിട്ടുള്ള സ്ഥലം ഒരു രാശിചക്രത്തിനൊടുക്കത്തു് അതാതുമാസം 15-ാംനു-ത്തെ ഗ്രഹസ്ഥിതിയുംകൂടി കൊടുത്താൽ ഉപകാരമായിരിക്കും.

പ്രായം ഗണിക്കുന്നതു വയസ്സുകൊണ്ടല്ല. മനസ്ഥിതി നോക്കീട്ടാണ്. കാലഗതിയെ തടഞ്ഞു നിൎത്തുവാൻ ആൎക്കും കഴിയുന്നതല്ല. എന്നാൽ സജ്ജനസമ്പൎക്കത്താലും വിശിഷ്ടഗ്രന്ഥപാഠങ്ങൾകൊണ്ടും സല്പ്രവൃത്തികൊണ്ടും യൌവ്വനം ക്ഷയിപ്പിക്കാതെ നിലനിൎത്താം.

* * *

അന്യന്മാരുടെ മനഃസ്വഭാവങ്ങൾക്കുള്ള ദോഷഭാഗങ്ങളെ സം

പൂൎണ്ണമായി നാം എളുപ്പത്തിൽ മനസ്സിലാക്കുന്നു. നിഷ്പക്ഷമായി പരിശോധിച്ചാൽ ഈ ദോഷങ്ങൾ നമുക്കും ഉള്ളതാണെന്നു കാണാവുന്നതാണ്. ഒരുവന്നു ഓൎമ്മക്കുറവും, മറെറാരുവന്നു ഗ്രഹണശക്തിക്കുറവും, അന്യന് മനസ്സിരുത്തുവാനുള്ള അസാമൎത്ഥ്യവും, പരന്ന് മനനത്തിങ്കൽ സാമൎത്ഥ്യമില്ലായ്മയും, അപകടമായി യോജിച്ച് കാൎയ്യം നടത്തുവാനുള്ള പടുത്വക്കുറവു മറെറാരുവന്നും ഉണ്ടെന്നു നാം കണ്ടുപിടിക്കുന്നു. ഈ വക ദോഷങ്ങളെ കണ്ടറിഞ്ഞു പ്രതിവിധി ചെയ്യുകയാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ഭാഗം.

* * *

അല്പം ചെടിയുപ്പു കലക്കിയ വെള്ളത്തിൽ പുഷ്പങ്ങൾ സൂക്ഷിച്ചാൽ അവയുടെ പുതുമകൾ രണ്ടാഴ്ചയോളം യാതൊരു കുറവും വരുന്നതല്ലത്രെ.

* * *

വിദ്യാധനസമ്പാദ്യത്തിന്നും ഗ്രഹണശക്തിവൎദ്ധനക്കും ആലോചനപോലെ നന്നായി മറെറാന്നുമില്ല. ഒരു വിഷയത്തെപ്പററി ചിന്തിപ്പാനാണ് ആദ്യം പഠിക്കേണ്ടത്. സംഭാഷണംകൊണ്ടും ഗ്രന്ഥപാരായണംകൊണ്ടും കിട്ടുന്ന മററുള്ളവരുടെ അഭിപ്രായങ്ങളെ അനുഭവിക്കുന്നതു കൊള്ളാം. എന്നാൽ ഇതു സ്വാഭിപ്രായകല്പനകൾക്ക് പ്രതിബന്ധമായി തീരരുത്. പെയ്യുന്ന വെള്ളംകൊണ്ടുമാത്രം നിറയുന്ന ഒരു കുഴിപോലെയാവാതെ നമ്മുടെ ബുദ്ധി സ്വന്തം ഉറവുള്ളതായ ഒരു കിണറുപോലെയായിരിക്കണമെന്നാണ് ഇതിന്റെ താല്പൎയ്യം.

* * *

* രഞ്ജിനിയുടെ ഈ ലക്കത്തിൽ ആറു ഭാഗങ്ങൾ പതിവിലധികമുണ്ട്.

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും യഥാൎത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിനുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിനുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൮൨ മേടം മുതല്ക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിനു അഞ്ചുറുപ്പികമാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. വീരരായൻ രാജാ, ബി. ഏ.,

കോട്ടപ്പുറൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭഗവൽഗീത

(ഒരു കൊല്ലംകൊണ്ടവസാനിപ്പിക്കുന്ന മാസിക)

ശാങ്കരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

തപാൽ കൂലി ഉൾപ്പെടെ ഒരുകൊല്ലത്തേക്കു വരിസംഖ്യ 3 6 0
ആവശ്യമുള്ളവൎക്കു വി. പി. ആയും അയച്ചു കൊടുക്കും.

ടി. സി. പരമേശ്വരൻ മൂസ്സത്,
ആനന്ദാശ്രമകാൎയ്യദൎശി,
തൃശ്ശിവപേരൂർ,

വില്പാൻ തയ്യാർ

കൎമ്മയോഗം —	കെ. എം.	വില	0	12	0
ഭക്തിയോഗം —	ടി	ടി	0	12	0
ഭഗവൽഗീത —	ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യൻ ആൻഡ് സൺസ് തൃശ്ശിവപേരൂർ.

രസികരഞ്ജിനി

വരിസംഖ്യ

തപാൽകൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
„ ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽകൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
„ ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിനു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമൊ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് താരതമ്യംപോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകുന്നു. അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാററണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്നു—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ

ര. ര. മാനേജർ.

രസികരഞ്ജിനി

[illegible] ഇടവം
പുസ്തകം ൨ ലക്കം ൩

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾ നിറഞ്ഞിനി
രസജ്ഞർക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി



രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസം വെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്ഷ്യങ്ങളിലൊ അവരുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

എറണാകുളത്ത കോവിലകം

രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
13th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

“പത്രാധിപൎക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്” ര. ര. പ.

പണമടച്ചവരുടെ പേരുവിവരം.

൭൯-ലെ

ന. ൱. ൱. അവർകൾ ക. ണ.

സി. എസ്സ്. സുബ്രഹ്മണ്യൻപോററി	൰ ൦
കെ. പി. കട്ടിക്കുറപ്പണിക്കർ	൦ ൮
വി. ഗോപാലമേനോൻ	൰ ൦
പി. കേശവൻ പണിക്കർ	൫ ൫൮
എസ്സ്. ഗോവിന്ദപ്പിള്ള, പന്തളം	൰ ൦
ഉള്ളനാട്ട അരുണ്ണിപ്പണിക്കർ	൰ ൦
ഇട്ടിയണത്തു ശങ്കുണ്ണിമേനോൻ	൰ ൦
സി. പി. കുണ്ണിമേനോൻ	൰ ൦
എ. കുഞ്ചുനായർ, ഒററപ്പാലം	൫ ൮
വി. ചാത്തുകുട്ടി മേനോൻ	൰ ൦
ഞാറക്കാട്ട കേശവൻ നമ്പൂരി (തീർന്ന)	൦ ൫൨
പി. ശങ്കരമേനോൻ, മദ്രാസ്സ	൨ ൦
കേശവപിള്ള	൰ ൦
മണ്ണുമാട്ട് അനന്തപിള്ള	൰ ൦
ഗോവിന്ദപ്പിള്ള, പ്രവൃത്തി സ്കൂൾ, പറവൂർ (തീർന്ന്)	൫ ൮
പി. എസ്സ്. സുബ്രഹ്മണ്യൻ (ബാക്കി)	൨ ൦
ജി. കൊച്ചുകുഞ്ഞുക്കുറുപ്പ് (ബാക്കി)	൨ ൦
ഐ. ഐ. ഫാണ്ണാണ്ടിസ്സ (ബാക്കി)	൦ ൫൨

൮൦-ലെ

ഈശ്വരൻപോററി	൨ ൦
സി. അച്യുതമേനോൻ, ബി. എ.	൰ ൦
പി. പി. റാണ്ണിസ്സ്	൰ ൦
കസ്തൂരിരംഗൻ	൰ ൦
വക്കീൽ പരമേശ്വരൻപിള്ള	൰ ൦
എ. ജെ. ജോൺ, ബി. എ, എം. ജി, എ. ഹൈസ്കൂൾ വയനാശാലാ സിക്രട്ടരി	൫ ൫൦
കുഞ്ഞാലിപ്പറത്താഴത്ത നായർ	൰ ൦
കെ. മാധവനമ്പ്യാർ, സിക്രട്ടരി, ടീച്ചേർസ് അസോസിയേഷൻ, ഗവമ്മെണ്ട് ട്രെയിനിങ്ങ് സ്കൂൾ, വടകര	൦ ൮
പി. ഇട്ടിരാരിച്ചൻ നായർ	൦ ൫൨

ന. ൻ. ൻ.	അവർകറം	ക. ണ.
ഗോപാലമെപ്പ് കൃഷ്ണയ്യർ		൨ ൪
എ. കെ. ടി. കെ. എം. ചെറിയ നാരായണൻനമ്പൂരിപ്പാട്		൩ ൦
കെ. പി. കുട്ടിക്കൃഷ്ണപ്പണിക്കർ		൩ ൦
കോണോത്ത് കണ്ണൻ നമ്പ്യാർ		൨ ൦
മതിശി കൃഷ്ണൻ നമ്പൂരിപ്പാട്		൩ ൦
ഐ. എസ്സ്. നാരായണയ്യർ		൩ ൦
കെ. സി. മാനവേദൻ രാജാ		൨ ൮
അമ്പലത്ത് കണ്ണൻമേനോൻ, (എടവമുതൽ ൬ മാസം)		൰ ൰൦
മടസ്വാമി എല്ലമ്മ (എടവമുതൽ ൩ മാസം)		൦ ൰൨
കാളിപ്പുറയത്ത് മാധവിഅമ്മ		൩ ൦
കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		൩ ൦
എസ്സ്. ശങ്കരൻനായർ		൨ ൦
കൊച്ചി തിരുമലദേവസ്വം ഹൈസ്കൂൾ മലയാളപണ്ഡിതർ		൩ ൦
കെ. ഗോവിന്ദമേനോൻ		൩ ൦
കെ. എം. മാധവൻ		൩ ൦
കെ. കരുണാകരപ്പിഷാരോടി (വൃശ്ചികം തീർത്ത്)		൰ ൮
മങ്കായി രാമപ്പണിക്കർ		൩ ൦
പെരിഞ്ചേരി നാരായണൻ നമ്പൂരി		൩ ൦
പെരുമ്പിള്ളിൽ വടക്കേതിൽ ഗോവിന്ദപിള്ള		൩ ൦
പി. എസ്സ്. നാരായണപിള്ള (മീനമുതൽ മിഥുനംവരെ തീർത്ത്)		൰ ൦
സി. നീലകണ്ഠൻനായർ		൩ ൦
വെള്ളക്കുട്ടിമന്നാടിയാർ		൨ ൦
കെ. പി. തങ്കപ്പിള്ള		൩ ൦
കെ. എൻ. കൃഷ്ണവൈദ്യർ		൩ ൦
കക്കാട്ട് മനയ്ക്കൽ നാരായണൻനമ്പൂരി		൩ ൦
തറയിൽ ശ്രീധരമേനോൻ (മിഥുനം കർക്കടകം)		൦ ൮
ഇ. കെ. അബ്ദുൾക്കുട്ടി, ബി. എ.		൩ ൦
പാലിയത്ത് കൊച്ചു അച്ചൻ		൩ ൦
കോടങ്ങനാത്ത് കൊച്ചുണ്ണിപിഷാരോടി		൩ ൦
എ. ശങ്കരനാരായണയ്യർ ഉത്തരദേവസ്വം സൂപ്രണ്ട്		൩ ൦
മാണിക്കത്ത് നാരായണമേനോൻ		൩ ൦
നെടിയംവീട്ടിൽ ഉക്കോമമേനോൻ		൩ ൦
ഉക്കനാട്ട് അച്യുണ്ണിപ്പണിക്കർ		൩ ൦
ഉക്കനാട്ട് കുഞ്ഞിപ്പണിക്കർ		൩ ൦
പി. ചോനപ്പൻ, ചെല്ലഞ്ചേരി വായനശാല സിക്രട്ടറി		൩ ൦
രാമങ്കരത്ത് രാമപ്പൊതുവാൾ		൩ ൦

മ. രം. നം.	അവർകൾ	ക. ണ.
	പി. കോപ്പനായർ	൫ ൦
	കോന്തിമേനോൻ, ഗുരുവായൂർ ദേവസ്വം മാനേജർ	൫ ൦
	മണക്കുളം രാമുണ്ണി തിരുമനസ്സുകൊണ്ട്	൫ ൦
	പനയ്ക്കൽ മത്തു ഇട്ടാക്ക	൫ ൦
	പനയ്ക്കൽ ഐ. ജേക്കബ്	൧ ൨
	കെ. കേളുക്കുറുപ്പ്	൫ ൦
	കിഴക്കേത്രാമ്പിയിൽ കൃഷ്ണമേനോൻ	൫ ൦
	പടിഞ്ഞാറെത്രാമ്പിയിൽ കൃഷ്ണമേനോൻ	൫ ൦
	മായിലക്കണ്ടത്ത് ഗോവിന്ദമേനോൻ	൫ ൦
	നെമ്മിനിമംഗലത്ത് നമ്പൂരി	൫ ൦
	സി പി കൃഷ്ണമേനോൻ	൫ ൦
	മണക്കാട്ട രാമൻമേനോൻ	൫ ൦
	മാമ്പിള്ളി കൊച്ചുവാരിയത്ത്	൫ ൦
	എടക്കുന്നി ഉണ്ണിവാരിയർ	൫ ൦
	കൊടകാട്ട കിട്ടപ്പൻ എന്ന കൃഷ്ണമേനോൻ	൫ ൦
	സി വി സഹസ്രനാമയ്യർ	൫ ൦
	ബി രാഘവൻനമ്പ്യാർ, ബി എ ബി എൽ.	൫ ൦
	ആർ കൃഷ്ണവാരിയർ, ആലത്തൂർ (തീർന്നു)	൨ ൫൰
	പുളിയന്നിൽ വാല്യപ്പറമ്പിൽ മാണിക്കൻ പാണിക്കർ (പരിഷ്കാരം സംഘം വക തീർന്നു)	൧ ൫൰
	കളരിക്കൽമഠത്തിൽ വി. ശ്രീനിവാസഷേണായി (തീർന്നു)	൨ ൦
	തോട്ടപ്പിള്ളി അപ്പുൻ ശിവരാമകൃഷ്ണയ്യൻ	൫ ൦
	ബി. സി. ചാക്കോ ബി. എ.	൫ ൦
	പടിഞ്ഞാറ്റപ്പുറയിൽ നാരായണൻനായർ	൫ ൦
	കെ. രാമുണ്ണിമേനോൻ റെയിഞ്ചർ	൫ ൦
	ബി. കൃഷ്ണപിള്ള	൫ ൦
	എടപ്പിള്ളി അഭ്യുദയസംഘം സിക്രട്ടേറി നാരായണൻനമ്പ്യാർ (തീർന്നു)	൨ ൮
	എൻ നീലകണ്ഠപിള്ള, സർക്കാർ വൈദ്യൻ (തീർന്നു)	൧ ൫൰
	പി ഗോവിന്ദക്കുറുപ്പ്, ചെർപ്പുളശ്ശേരി (തീർന്നു)	൩ ൦
	എസ്സ് കൃഷ്ണയ്യൻ, ബി എ ബി എൽ	൫ ൦
	ബി നാരായണപ്പിള്ള (തീർന്നു)	൨ ൦
	എസ്സ് വെങ്കിടേശ്വരഷേണായി (തീർന്നു)	൨ ൦
	കെ മൊട്ടി രാമുണ്ണിവൈദ്യൻ	൫ ൦
	എ കണ്ണുനായർ, ഒറ്റപ്പാലം	൫ ൦
	കന്നിയൂർ അനന്തൻ ഭട്ടതിരിപ്പാട്	൫ ൦
	മല്ലിശ്ശേരി ശങ്കരൻനമ്പൂരി	൫ ൦
	മേലേപ്പറയിൽ കണ്ണുണ്ണിനായർ	൫ ൦
	കെ നീലകണ്ഠൻവൈദ്യൻ (തീർന്നു)	൧ ൮
	എസ്സ് ശങ്കരൻതമ്പി	൩൰ ൦

ഇ. ര. ന. അവൎകൾ	ക.	ണ.
കല്ലൂരെ വലിയ മഠത്തിൽ ശങ്കരൻകേശവൻ പോററി	൫	൦
കോന്നനാത്ത അച്ചുതമേനോൻ	൫	൦
അഴകത്തുമഠത്ത കരുണാകരൻ നായർ	൫	൦
അമ്പാട്ട മാള്ളമേനോൻ	൫	൦
സി എസ്സ് കൃഷ്ണയ്യൻ (തീൎത്ത)	൧	൮
പി കെ കൃഷ്ണൻ നമ്പൂരിപ്പാട	൫	൦
എ പി പത്മനാഭയ്യൻ (തീൎത്ത)	൧	൧൨
വി കേശവപിള്ള, ബി എ. വക്കീൽ	൫	൦
കോന്നനാത്ത ഗോപാലമേനോൻ	൫	൦
കെ നാരായണമേനോൻ, ബി എ ബി എൽ	൫	൦
വി കെ ഗോവിന്ദമേനോൻ	൫	൦
കെ കണ്ണപ്പു	൫	൦
കെ ഗോപാലമേനോൻ	൫	൦
നെല്ലിക്കലേടം ചോമ്പി അച്ചൻ	൫	൦
ചെറയിൽ മഠത്തിൽ ജെ നരസിംഹകമ്മത്തി (തീൎത്ത)	൨	൦
എഴുത്തൂർ കളത്തിൽ കേവുണ്ണി നെടുങ്ങാടി	൫	൦
മാലിക്കര ഗോവിന്ദമേനോൻ	൫	൦
മണക്കാട്ട കേശവൻ നമ്പൂരി	൫	൦
എം കെ കുട്ടികൃഷ്ണമേനോൻ	൨	൮
കെ നീലകണ്ഠവാരിയർ	൫	൦
പുത്തിയൽ എൻ വേലുപ്പിള്ള	൫	൦
ടി ആർ ഗോവിന്ദപ്പിള്ള	൫	൦
കാമ്പ്രത്ത ശിവരാമൻമേനോൻ	൫	൦
അങ്ങാടത്ത വലിയ മന്നാടിയാർ	൩	൦
പി. ശങ്കരൻ നായർ, മദ്രാസ്സ	൫	൦
ആയില്യം തിരുനാൾ രവിവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു	൫	൦
കടമ്പോട്ടായ വടക്കേക്കരകോവിലകത്ത് കൊച്ചുണ്ണിഏളയമ്മാടി	൫	൦
തൃത്താല കിഴക്കേക്കളത്തിൽ ഗോപാലമേനോൻ (തീൎത്ത)	൧	൧൨
കെ. വേലുപ്പിള്ള പത്മനാഭ സമാജം മാനേജർ (തീൎത്ത)	൭	൮
എ. ജെ. രാമശാസ്ത്രിയാർ	൫	൦
സി. നാരായണമേനോൻ (ഇരിങ്ങാലക്കുട	൪	൮
എസ്സ്. കൃഷ്ണപ്പിള്ള	൧	൮
കിഴക്കേറ്റി അനന്തൻ (ബാക്കി)	൨	൪
എൽ. ജാനകി അമ്മ (ബാക്കി)	൭	൧൨
ആർ. നാരായണപ്പിള്ള	൫	൯
വയത്തായിൽ കണ്ടിരാമൻ നായനാർ	൫	൦
മെസ്സർ. പി. രാമക്കുറുപ്പ്	൫	൦
കണ്ണൂരമ്പ്ര കൈക്കാരത്തെ കോരപ്പുഴത്ത കൃഷ്ണൻ	൭	൦
കെ. ഉണ്ണിവാസുദേവശൎമ്മൻ	൫	൧

മ. രാ. രാ. അവർകൾ	ക.	ണ.
കേശവപിള്ള	൫	൦
ഠടത്തിൽ നാരായണമേനവൻ കൊമ്പാത്ത് കൃഷ്ണൻനായർ	൨	൧൪
കെ വേലുപ്പിള്ള	൨	൪
പി. കേശവൻ പണിക്കർ	൫	൦
കെ. ജനാർദ്ദനപിള്ള, ബി എ.	൫	൦
കള്ളിയാകത്ത് അനന്തൻപിള്ള	൫	൦
പി കേശവൻനമ്പൂരി	൫	൦
എസ്സ് എൻ വെങ്കിടേശ്വരൻ	൫	൦
വാളൂരഞ്ചേരി വെള്ളാട്ട് കൃഷ്ണക്കുട്ടൻ എന്ന രാമൻമേനോൻ	൫	൦
കെ കേശവൻപിള്ള (ബാക്കി)	൨	൦
വേലക്കാട്ട രാമുണ്ണിപ്പണിക്കർ	൫	൦
പി കെ ചാണ്ടി	൫	൦
വേലുപ്പിള്ള	൫	൦
കെ. കൊച്ചുഗോവിന്ദപ്പിള്ള (ബാക്കി)	൦	൧൪
രാമുണ്ണ്യാരത്ത നാരായണമേനോൻ (ബാക്കി)	൨	൪
നെല്ലോത്ത കുഞ്ഞൻപിള്ള	൫	൦
ഗോവിന്ദപ്പിള്ള പ്രവൃത്തി സ്കൂൾ പറവൂർ	൫	൦
പി എസ്സ് സുബ്രഹ്മണ്യയ്യർ	൫	൦
ശ്രീമൂലവിലാസം വായനശാലാ സിക്രട്ടേരി (ബാക്കി)	൧	൧൦
എ ടി ശങ്കുണ്ണിമേനോൻ (പലസ്സുകളിൽ ഉൾപ്പെടെ)	൩	൮
ജി കെ ചിന്നമ്മ	൫	൦
കെ പരമേശ്വരൻനമ്പൂരിപ്പാട	൫	൦
ജി കൊച്ചുകണ്ടുമ്മപ്പെ	൫	൦
എസ്സ് സഹ ഞാനസുബ്ബയ്യർ ഗ്രന്ഥശാല (ബാക്കിഉൾപ്പെടെ)	൪	൪
കെ കുഞ്ഞികൃഷ്ണൻ നമ്പ്യാർ	൫	൦
ഞാനായത്തുമഞ്ചേരി നാനിക്കുട്ടി പിഷാരസ്യാർ	൫	൦
വിക്ടോറിയ ജൂബിലി റീഡിംഗ് റൂം ലൈബ്രറിസിക്രട്ടേരി ഇരിങ്ങാലക്കുട (രണ്ടുകൂടി തീർത്ത)	൪	൪
എസ്സ് പരമേശ്വരൻപിള്ള	൫	൦
എൻ കൃഷ്ണപ്പിള്ള	൫	൦
പി ഗോപാലപ്പിള്ള (തീർത്ത്)	൧	൩
വിക്ടോറിയ കാളേജ് പ്രിൻസിപ്പാൾ (൧൯൦൬-ലെ)	൧	൮
കണ്ണൂർ എം എ കുമാരപിള്ള	൫	൦
പെരുന്തുരുത്തി രാമപ്പണിക്കർ	൫	൦
മണക്കാട്ട് കൃഷ്ണപിള്ള	൫	൦
പുതിയ അച്യുതമേനോൻ	൫	൬
എ രാമപ്പിള്ള (രണ്ട് കൂടി)	൪	൦
പി അച്യുതൻനായർ	൫	൦
തിരുവല്ല കല്ലൂപ്പാറമഠത്തിൽ കുമാരപിള്ള (രണ്ട് കൂടി)	൰	൧൨

മ. രാ. രാ. അവർകൾ	ക. ണ.
സി കെ നാരായണപ്പിള്ള (തീത്ത്)	൨. ൪
വക്കീൽ കെ രാമര തിരുപ്പാട്	൨. ൪
സർക്കാർവക്കീൽ സുബ്രഹ്മണ്യയ്യർ	൨. ൦
അമ്പാടി കൊച്ചുഗോവിന്ദമേനോൻ എറണാകുളം	൨. ൦
ചെങ്ങഴം പരമേശ്വരൻഭട്ടതിരി	൨. ൦
കുന്നാട്ട് ശങ്കരമേനോൻ	൨. ൦
എളമ്പുലാക്കാട്ട് വാസുദേവൻ മൂസ്സത	൨. ൦
81-ലെ	
കുത്താളി ചാക്കോത്ത് നായർ	൩. ൦
ഐ എസ്സ് നാരായണയ്യർ	൩. ൦
പുലാപ്പറ്റ അമ്മാളുഅമ്മ	൩. ൦
കാവിൽ മഠത്തിലായിൽ പരമേശ്വരൻനമ്പൂരി, ബ്രഹ്മാനന്ദാളിയാളി മുതുകുറുശ്ശി	൩. ൦
മാടസ്വാമി എഴുത്തച്ഛൻ	൩. ൦
നെടിയവീട്ടിൽ ഉക്കോരമേനോൻ, ഗുരുവായൂർ	൩. ൦
പനാമ്പൂൽ ഐ ജേക്കബ്	൧. ൮
എൻ ശങ്കുണ്ണിവാരിയർ	൩. ൦
റെവറണ്ട് മൈക്കൽ നെല്ലവരത്ത്	൩. ൦
എ ഡി രാമൻ	൩. ൦
ഹിസ് ഹൈനസ്സ് കൊച്ചുണ്ണിരാജൻ തമ്പുരാൻതിരുമനസ്സുകൊണ്ട്	൩. ൦
ഹിസ് ഹൈനസ്സ് കേരളവർമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട്	൩. ൦
ചൊവ്വന്നൂർ പരമേശ്വരൻ നമ്പൂരിപ്പാട്	൩. ൦
ഹിസ് ഹൈനസ്സ് കുഞ്ഞിക്കിട്ടാവ് തമ്പുരാൻ തിരുമനസ്സുകൊണ്ട്	൩. ൦
പാലക്കാത്ത പടിഞ്ഞാറെ വാരിയത്തിൽ നാരായണമേനോൻ	൧. ൮
കോന്നത്ത കുഞ്ഞൻനമ്പ്യാർ (തീത്ത്)	[illegible]
ടി സി എ മന്നാടിയാർ (പ്ര. ലെ ൪ ണ കൂടി)	൩. ൪
ടി കെ മാധവൻ	൩. ൦
കണ്ണമംഗലം കൈതത്തേങ്ങക കോമലെഴുത്തു കുഞ്ഞൻ	൩. ൦
ചാവറ കോവിലകത്ത ശ്രീ രാമൻ കുഞ്ഞുണ്ണിത്തമ്പാൻ	൩. ൦
കേരളഭാഷാപോഷിണി വായനശാല കാര്യദർശി ടി കെ കേശവൻമേനോൻ (൬ മാസത്തെ)	[illegible]
ജി ഗോവിന്ദപ്പിള്ള പത്തനംതിട്ട	൩. ൦
പി ഫീലിപ്പോസ്സ്	൧. ൭
സി വി കുഞ്ഞിരാമൻ	൩. ൦
തെക്കേടത്ത് പൊന്മടപ്പിൽ ശങ്കരൻനമ്പൂരി	൩. ൦
വി കെ കുഞ്ഞനാമൻ നമ്പൂരിപ്പാട് (൬ മാസത്തെ)	[illegible]
കെ നാരായണൻനായർ	൩. ൦
വെട്ടിപ്പുറമഠത്തിൽ കൊച്ചുണ്ണിമിഖൈല്ലാട	൩. ൦
എസ്സ് കുഞ്ഞിപ്പിള്ള	൩. ൪

സംഗതിവിവരം.

പ്രത്യേകപരസ്യം.

൧൦൮൭ മിഥുനം മുതൽക്ക് പ്രസിദ്ധംചെയ്യുവനിശ്ചയിച്ച പ്രത്യേകപരസ്യം അനുസരിച്ച് ഞങ്ങളുടെ പഴയ വരിക്കാരിൽ വളരെ ചുരുക്കം പേർ മാത്രമെ ൧൦൮൭-ലെ മുഴുവൻ വരിസംഖ്യ മുൻകൂറടച്ചിട്ടുള്ളു എന്ന് ഈ ലക്കത്തിൽതന്നെ ചേർത്തിട്ടുള്ള പണമടച്ചവരുടെ പേരു വിവരത്തിൽനിന്ന് അറിയാവുന്നതാണ്. ഈ സ്ഥിതിക്ക പ്രത്യേകപരസ്യത്തിലെ രണ്ടാം വകുപ്പുപ്രകാരം വളരെ ചുരുങ്ങിയ ഒരു സംഖ്യ മാത്രമെ സമ്മാനത്തിന്ന നിശ്ചയിക്കുവാൻ ഞങ്ങൾക്കവകാശമുള്ളു. എങ്കിലും ഈ സമ്മാനപരസ്യം മൂലം കുറെ പുതിയ വരിക്കാർ ഉണ്ടാകുവാൻ ഇടയായിട്ടുള്ളതുകൊണ്ട് ആകെ ൨൦൦ ഉറുപ്പിക സമ്മാനസംഖ്യയായി നിശ്ചയിച്ച് ൫൦ ഉറുപ്പിക മുതൽ ൫ ഉറുപ്പികവരെ ആറു തരത്തിൽ ൨൫ സമ്മാനങ്ങളായി തരം തിരിച്ച് ൧൦൮൭-ലെ പരസ്യപ്രകാരം ഇക്കൊല്ലം ൩൦-ാം നു- ഞായറാഴ്ച ൪ മണിക്ക് രജിസ്ട്രാറുടെയും വരിക്കാർ മുതലായ മറ്റു പലരുടെയും മുമ്പിൽവെച്ച് നറുക്ക് എടുക്കുകയും നറുക്ക കിട്ടിയവരുടെ പേരുവിവരവും അവരവർക്ക് കിട്ടിയ സംഖ്യകളും ഈ ലക്കത്തിൽ തന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നറുക്കെടുത്ത വിവരം ഞങ്ങളുടെ വരിക്കാർക്ക് അറിവാൻ ഇടയായതിന്റെ ശേഷം അതാതു സമ്മാനസംഖ്യകൾ കിട്ടിയവർക്ക് എത്തിച്ചുകൊടുക്കുന്നതായിരിക്കും നല്ലതെന്നുള്ള വിശ്വാസത്തിന്മേൽ മേൽപ്പടി സംഖ്യകൾ ആപ്പീസ്സിൽ സൂക്ഷിച്ചിരിക്കകൊണ്ട് സമ്മാനം കിട്ടീട്ടുള്ളവർ ഈ മാസം ലക്കം രജിസ്ത്രി കിട്ടിയതായി അറിയുന്നതിനാൽ ഉടനെ അതതു സംഖ്യകൾ അവരവർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. ഇക്കൊല്ലം ൩൦-ാം നു-ക്കു മുമ്പ് വിവരത്തിന്ന അറിവുകിട്ടാത്ത പക്ഷം സംഖ്യകൾ അതാതാളുകൾക്ക് മണിയാർഡർ ചെയ്യുന്നതുമാണ്.

25 ഉറപ്പിക

എ. രാഘവപുതുവാൾ തൃശ്ശിവപേരൂർ.

10 ക. വീതം

1 സി. എസ്സ്. ഗോപാലപ്പണിക്കർ, ചിററൂർ.
2 മഴുവഞ്ചേരിപ്പറമ്പത്ത മാത്തു കുഞ്ഞിപ്പൈലി, അയ്യമ്പിള്ളി.

5 ക. വീതം

1 ഐ. എസ്സ്. നാരായണയ്യർ, എസ്റ്റേററ് മാനേജർ കുന്നംകുളം.
2 എം. ഭാസ്കരമേനോൻ.
3 കൽദായ സുറിയാനി ലൈബ്രറി സിക്രട്ടേറി, തൃശ്ശിവപേരൂർ.
4 അമ്പാട്ട കുട്ടികൃഷ്ണമേനോൻ, ചിററൂർ.

3 ക. വീതം

1 ചെറപറമ്പിൽ കുട്ടിപ്പാറു അമ്മ, ഇരിങ്ങാലക്കുട.
2 എസ്സ്. കൃഷ്ണപിള്ള, കിഴിയത്തുവീട, ചെങ്ങന്നൂർ.
3 ഒറവങ്കര നീലകണ്ഠൻ നമ്പൂരി, അടൂർ.
4 മംഗലായി രാമപ്പണിക്കർ, ഹജൂർകച്ചേരി, എറണാകുളം.
5 ദേവരാജയ്യൻ, എറണാകുളം.

2 ക. വീതം

1 ടി. വി. ദാമോദരമേനോൻ, ബി. എ. എറണാകുളം.
2 മങ്കഴി കൃഷ്ണൻനമ്പൂരിപ്പാട, തൃപ്പൂണിത്തുറ.
3 പടിഞ്ഞാറേടത്തുമ്പി കൃഷ്ണമേനോൻ, തൃശ്ശിവപേരൂർ.
4 കെ. ആർ. കൃഷ്ണപിള്ള, തിരുവനന്തപുരം.
5 കാവിൽമഠത്തിൽ പരമേശ്വരൻ നമ്പൂരിപ്പാട, ബ്രഹ്മാനന്ദാഭിലാഷി മുമുക്ഷു. പുതുക്കാട.
6 വി. അപ്പുണ്ണിമേനോൻ, ത്രിശ്ശിനാപ്പള്ളി.

1 ക. വീതം

1 എൻ. ഇക്കോരമേനോൻ, ഗുരുവായൂർ.
2 പാലിയത്ത വലിയച്ചൻ ചേന്നമംഗലം.
3 മധുരത്താററ ഇട്ടൻ നമ്പൂരിപ്പാട, തൃപ്പൂണിത്തുറ.
4 സി. പരമേശ്വരൻ നമ്പൂരിപ്പാട, പുത്തൻകുരിശ.
5 മററപ്പിള്ളി ചാരൻ മാർക്കോസ, ചെറായി അയ്യമ്പിള്ളി.
6 എ. രാമൻ, പഴയങ്ങാടി.
7 കെ. പരമുപിള്ള എ. എ. കൊല്ലം.
8 വി. കെ. കുഞ്ഞൻമേനോൻ, തൃശ്ശിവപേരൂർ.

ആഡ്മിറൽ ടോഗോ.



ADMIRAL TOGO.

ആഡ്മിറൽ
കമിമൂറ



ADMIRAL KAMIMURA.

ആഡ്മിറൽ ഉറിയു.



ADMIRAL URIU.

ആഡ്മിറൽ ഇറ്റോ.



ADMIRAL ITO.

രസികരഞ്ജിനി

൧൦൮൨

പുസ്തകം ൪.　　　　തുലാമാസം　　　　ലക്കം ൨.

മംഗളം.

കുട്ടിക്കേളിയിലാമഹേന്ദ്രവിജയംസാധിച്ചുപൂട്ടാതെ
കിട്ടിക്കേവലസാമ്യവാരിധിയൊത്തുലൊഹിച്ചുല്ലാസമോടിയായ്
നാട്ടിൽക്കേളിപരന്നരാമചരിതം താൻസ്വാന്തരംഗേമായ്
കൂട്ടിക്കേറംവിപുലപ്രപാവനമതിന്നീശ്രീമാൻരസ്സുമരപ്പിണേ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

കൊടുങ്ങല്ലൂർ

വിദ്വാൻ ഇളയതമ്പുരാൻ*



പ്രഭുക്കന്മാരിലും സ്ത്രീകളിലും മൌഢ്യം പ്രായികമാണെന്നു വച്ചിരിക്കകൊണ്ട് അവരിൽ നൂററിലൊന്നെങ്കിലും വിദ്യാഗന്ധലേശമുള്ളവരായിരുന്നാൽ ബ്രഹ്മാവാണ്, സരസ്വതിയാണ്, എന്നൊക്കെ സ്വകാര്യസിദ്ധിക്കുവേണ്ടി അറിവുള്ളവർകൂടി അതിരുകവിഞ്ഞു പുകഴ്ത്തുന്നതു സാധാര

* ഈ സംസ്ഥാനത്തിൽ ചേർന്ന പലരുടേയും വിശേഷിച്ച് വലിയതമ്പുരാൻറെ അനുവാദപ്രകാരം ഇടവപ്പള്ളിയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ള ചില രേഖകളുടേയും സഹായത്തോടുകൂടി ഈ ലേഖനം എഴുതീട്ടുള്ളതാകുന്നു.

നായാണ്. എന്നാൽ പ്രകൃതമഹാപുരുഷന്റെ കാൎയ്യത്തിൽ അവിടുത്തെ വാസ്തവമായി ഉണ്ടായിരുന്ന ഗുണങ്ങളിൽ ചിലതു വിട്ടുകളഞ്ഞിരിക്കുന്നുവെന്നുള്ള പരിഹാസത്തിനു പക്ഷേ ഞാൻ പാത്രമായാലും ഇല്ലാത്ത ഗുണങ്ങൾ കൂട്ടിച്ചേൎത്ത് എഴുതിപ്പിടിപ്പിച്ചിരിക്കുന്നുവെന്ന അപവാദത്തിനു സംഗതി വരരുതെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഞാൻ ഈ വിഷയത്തിൽ പ്രവേശിക്കുന്നത്.

കൊടുങ്ങല്ലൂർനാടു മുക്കാൽകുതിരയെന്നാണ് പഴമക്കാർ പറയാറുള്ളത്. എന്നാൽ ചരിത്രവിഷയത്തിൽ നിരന്തരമായ പ്രസിദ്ധിക്കു കാരണഭൂതന്മാരായ പല മഹാന്മാരുടേയും വാസസ്ഥലമായ ഈ ചെറിയ നാടിന്റെ വലിയ മാഹാത്മ്യം ഏററവും സ്പൃഹണീയമായിട്ടുള്ളതാകുന്നു. ഈ സ്ഥലത്തിന്റെ പ്രാധാന്യത്തിനു മുഖ്യമായ ബീജം കേരളത്തിൽ ശ്രീകുരുംബക്കാവെന്നു പ്രസിദ്ധമായ ഭഗവതിക്ഷേത്രവും കേരളചക്രവൎത്തികളായിരുന്ന പെരുമാക്കന്മാരുടെ വാസസ്ഥലമായിരുന്ന മഹോദയപുരവും തന്നെയാകുന്നു.

'വിദ്വാനിളയതമ്പുരാൻ' എന്ന സ്ഥാനമുദ്രയോടും പശ്ചിമാംബോധിനാഥന്മാരെന്നും പടിഞ്ഞാറേറടത്തു തമ്പുരാക്കന്മാരെന്നും ഉള്ള നാമധേയങ്ങളോടുംകൂടിയ കൊടുങ്ങല്ലൂർ രാജവംശത്തിൽ നമ്മുടെ കഥാപുരുഷനായ വിദ്വാൻ ഏളയതമ്പുരാൻ, കൊല്ലം ൯൭൫-ാമത് കുംഭമാസത്തിൽ ചോതിനക്ഷത്രത്തിൽ ജാതയായ കുഞ്ഞിക്കുട്ടിയെന്ന രാജ്ഞിയിൽ ഏളകവഴ്ച്ചിമറ്റത്തു ഭട്ടതിരി എന്ന ബ്രാഹ്മണോത്തമന്റെ പുത്രനായി ൯൭൫-ാമത് കുംഭമാസത്തിൽ അവിട്ടം നക്ഷത്രത്തിൽ ജനിച്ചു. ജാതകൎമ്മാനന്തരം യഥാകാലം സുമുഹൂൎത്തത്തിൽ അവിടുത്തെ ഗോദവൎമ്മനെന്നു നാമകരണവും ചെയ്തു. ഈ രാജകുമാരൻ ശുക്ലപക്ഷത്തിൽ ചന്ദ്രനെപ്പോലെ ലോകാനന്ദകരനായി വളൎന്നു. അഞ്ചാമത്തെ വയസ്സിൽ കുലഗുരുവായ വെളപ്പിൽ ആശാനി'ൽനിന്ന് അക്ഷരാരംഭം സിദ്ധിക്കുകയും അല്പകാലംകൊണ്ട് അന്നത്തെ സമ്പ്രദായത്തിലുള്ള ബാലപാഠങ്ങളും രഘുവംശം, മാഘം മുതലായ ചില കാവ്യങ്ങളും അഭ്യസിക്കുകയും ചെയ്തു. മഹാവിദുഷിയായിരുന്ന തന്റെ പ്രിയജനനിയാകട്ടെ തനിക്കു വിദ്യാനൈപുണ്യം സിദ്ധിക്കുവാനുള്ള മാൎഗ്ഗം ഉപദേശിക്കേണമെന്ന് അവിടുന്നു വിദ്യാഭ്യാസത്തിൽ പ്രവേശിച്ച ഉടനെ അൎപ്പ

ക്ഷിച്ചപ്പോൾ 'നമ്മുടെ കുലപരദേവതയായി വിദ്യാസ്വരൂപിണിയായിരിക്കുന്ന സാക്ഷാൽ ഭഗവതിയെ സേവിച്ചാൽ മതി' എന്ന് അമ്മ ഉപദേശിക്കുകയും അന്നുമുതൽക്കുതന്നെ ഭക്തിനിഷ്ഠകളോടുകൂടി ദേവിയെ സേവിച്ചു തുടങ്ങുകയും ചെയ്തു.

വർഷകാലത്തൊരുദിവസം ബ്രാഹ്മമുഹൂർത്തത്തിൽ സ്നാനത്തിന്നായി രാജകുമാരൻ കുളത്തിൽ ചെന്നിറങ്ങിയപ്പോൾ വെള്ളത്തിൽ താണുകിടന്നിരുന്ന ഒരു മുതലയുടെ പുറത്തു ചവിട്ടിയെങ്കിലും ആകസ്മികസംഭവമായിരുന്നതുകൊണ്ടു മുതല ഭയപ്പെട്ടു നീന്തിപ്പോയതല്ലാതെ ദൈവാധീനത്താൽ യാതൊരാപത്തിന്നും ഇടയായില്ല. എന്നാൽ മുതലയുടെ വാലിന്മേലുള്ള മുള്ളുകൾകൊണ്ടു കാലിൽ ചില മുറിവുകൾ പററിയില്ലെന്നില്ല. അവയെല്ലാം ക്ഷണത്തിലുണങ്ങി സുഖപ്പെട്ടു. ഇതു പന്ത്രണ്ടാമത്തെ വയസ്സിലാണ് സംഭവിച്ചത്.

പതിനാറാമത്തെ വയസ്സിൽ കുലാചാരത്തെ അനുസരിച്ച് ഉപനയനംചെയ്തു ബ്രഹ്മചാരിവ്രതം ദീക്ഷിച്ചു സമാവർത്തനവും കഴിച്ചു. പൂർവാചാരപ്രകാരം പിന്നീടൊരു കൊല്ലം കുലപരദേവതയായ ഭഗവതിയെ അതിനിഷ്ഠയോടുകൂടി ഭജിച്ചു. അപ്പോൾ അവിടുന്നു സ്വരൂപത്തിൽ നാലാമത്തെ രാജകുമാരനായിരുന്നു. സ്വരൂപത്തിലെ ശസ്ത്രവിദ്യാഗുരുവായ വാണിയംപറമ്പത്തു കളരിപ്പണിക്കരുടെ അടുക്കൽനിന്ന് ഒരു രാജകുമാരന് ആവശ്യം വേണ്ടതായ ചാട്ടം, മറിച്ചിൽ, ഓട്ടം, പിടുത്തം, മുതലായ കായികാഭ്യാസങ്ങളും വെട്ട്, തടവ്, വടിതല്ലു തുടങ്ങിയുള്ള ആയുധവിദ്യകളും ശീലിച്ച് അവയിൽ അസാമാന്യമായ സാമർത്ഥ്യം സമ്പാദിച്ചു. കായികാഭ്യാസങ്ങളിൽ സ്വാഭാവികമായി ഉണ്ടായിരുന്ന അഭിരുചിയുടെയും സവിശേഷമായി സിദ്ധിച്ചിട്ടുള്ള അഭ്യാസത്തിന്റെയും തള്ളിച്ചകൊണ്ട് അവിടുന്നു പ്രായംചെന്നതിൽ പിന്നെയും ചില പ്രയോഗങ്ങൾ ചെയ്തുകണ്ടിട്ടു പലരും വിസ്മിതന്മാരായിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. പാകത്തിന് ഉറച്ച തടിയും അതിനൊത്ത ഉയരവും ഉള്ള സൗന്ദര്യശാലിയായിരുന്നു അവിടുത്തെ ദേഹം.

അക്കാലത്ത് ഇച്ചുകൻ എന്ന പ്രസിദ്ധനായ കൊള്ളക്കാരനെ ഭയപ്പെട്ടു കോവിലകങ്ങളിൽകൂടി പതിവിലധികം കാവൽക്കാ

രെ ഏല്പ്പെടുത്തിയിരുന്നു. ചില കാവല്ക്കാർ ശരിയായി കാവൽ കിടക്കുന്നില്ലെന്നു വലിയ തമ്പുരാന്റെ അടുക്കൽ ഒരിക്കലൊരാക്ഷേപം വന്ന സമയം അവിടുന്നും കൂടെ ഉണ്ടായിരുന്നു. 'അമ്മാമൻ ഭയപ്പെടേണ്ട' ഞാൻ പതിവായി ഇവിടെതന്നെ കിടക്കുന്നുണ്ട്. ഒരു സമയത്തുതന്നെ പതിന്നാലു് പേരോടെതിർത്തു നില്പാൻ എനിക്കു കഴിയും. ഭഗവതിയുടെ സഹായമുണ്ടെങ്കിൽ അപകടം വരാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം' എന്നു പറഞ്ഞു വലിയതമ്പുരാനെ അവിടുന്നു സമാധാനപ്പെടുത്തിയത്രെ. ഈ ഉത്തമവിദ്യ നമ്മുടെ രാജവംശങ്ങളിലെന്നു മാത്രമല്ല നാട്ടിൽകൂടി അസ്തമിച്ചുപോയല്ലൊ! മൂന്നേരം മൂക്കോളം ഭക്ഷണവും ഏടക്കിടെ കാപ്പിയും ചായയും അത്താഴപ്പുറമെ കുറെ പാലും കഴിച്ചു കാററും വെയിലും കൊള്ളാതെ പെരുമ്പാമ്പുപോലെ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തെത്തുവാനെളുപ്പത്തിൽ സാധിക്കാതെ കിടന്നുഴന്നു സൌധപൃഷ്ഠത്തിൽതന്നെ കാലം കഴിച്ചുപോരുന്ന ചില പ്രഭുക്കന്മാരുടെ തോണിപ്പള്ളക്കു തുല്യമായ കുടവയറും', മുണ്ടുടുത്താൽ മുറുകാത്തവിധം മദ്ദളംപോലെ തടിച്ച അരക്കെട്ടും, പിത്തംപിടിച്ചപോലെ വിളർത്ത ശരീരവും, കണ്ടാലാർക്കാണ് വ്യസനം തോന്നാത്തത്? അല്ലെങ്കിൽ ബാല്യത്തിൽ നല്ലവണ്ണം കച്ചകെട്ടി ഉഴിഞ്ഞ് വ്യായാമം ചെയ്തു ശീലിച്ചാൽ ദേഹത്തിലെ ദുർമ്മേദസ്സും ദുഷ്ടരക്തവും നശിച്ചു സന്ധിബന്ധങ്ങൾക്കു ദാർഢ്യവും, അവയവങ്ങൾക്കു ക്രിയാസാമർത്ഥ്യവും, ശരീരത്തിനു ലാഘവവുമുള്ള എത്ര ഉത്തമശരീരങ്ങളെക്കാണുവാനിട വരുമായിരുന്നു! ആ കാലമൊക്കെ കഴിഞ്ഞു. പ്രകൃതം നടക്കട്ടെ.

നമ്മുടെ കഥാനായകനായ അദ്ദേഹം ഉപനയനാനന്തരം ദേശമംഗലത്തു കൃഷ്ണവാരിയരുടെ ശിഷ്യനായി വൈയാകരണനായ ഒരു ബ്രാഹ്മണന്റെ അടുക്കൽനിന്നു പാണിനീയവ്യാകരണത്തിൽ സിദ്ധാന്തകൌമുദി പൂർവ്വാർദ്ധംവരെ പഠിച്ചു. അത്രമാത്രം കഴിഞ്ഞപ്പോൾ ശിഷ്യമേധാശക്തികൊണ്ടു (ശിഷ്യന്റെ ചോദ്യങ്ങൾക്കു തക്ക സമാധാനം പറവാൻ ഗുരുനാഥനു സാധിക്കാഞ്ഞതിനാൽ) പഠിപ്പിപ്പാൻ കഴിയാഞ്ഞിട്ടു ശമ്പളം പോരെന്നും മററും വ്യാജം പറഞ്ഞ് ആ ഗുരുനാഥൻ പിരിഞ്ഞുപോയി. അതിൽ പിന്നെ, മററുള്ള സ്ത്രീകൾക്കു അസാധാരണമായ ശാസ്ത്രപാണ്ഡിത്യംകൊണ്ടു പ

രസികന്മാരായ മഹാപണ്ഡിതന്മാൎക്കുകൂടി ഭയവിസ്മയാവേശം ജനിപ്പിച്ച ജഗൽപ്രസിദ്ധയായ കോഴിക്കോട്ടു മനോരമത്തമ്പുരാട്ടിയുടേയും വിശ്വവിശ്രുതനായിരുന്ന പന്തളത്തു സുബ്രഹ്മണ്യശാസ്ത്രികളുടേയും ശിഷ്യനായി പെരുവനംഗ്രാമത്തിൽ ശ്രോത്രര് അടിതിരിയെന്ന ശാസ്ത്രജ്ഞവൎയ്യനിൽനിന്നു സിദ്ധാന്തകൗമുദി ഉത്തരാൎദ്ധ്യം, പ്രൌഢമനോരമയിൽ സത്രപസൂത്രത്തിൽ 'അലോൎച്ച്യതയുഗപദധികരണവചനതയാ' എന്നുള്ള കക്ഷ്യ വരെയും പഠിച്ചു. അടിതിരിക്കു കൊച്ചി രാജവംശത്തിലെ ചെറിയ തമ്പുരാക്കന്മാരെ അഭ്യസിപ്പിക്കുന്നതിന്നായി തൃപ്പൂണിത്തുറ താമസമാക്കേണ്ടിവന്നതോടുകൂടി നമ്മുടെ കഥാനായകന്റെ ഗുരുസമീപവാസത്തോടുകൂടിയുള്ള നിരന്തരാഭ്യാസവും അവസാനിച്ചു. പിന്നീട് അവിടത്തെ ആ ഉത്തമഗുരുവൎയ്യൻ ഇടക്കിടെ തൃപ്പൂണിത്തുറെക്കും സ്വഗൃഹത്തിലേക്കും പോകവരവു ചെയ്തിരുന്ന അവസരങ്ങളിൽ മൂന്നു നാലു ദിവസം കൊടുങ്ങല്ലൂര് വന്നു താമസിക്കുകയും അക്കാലങ്ങളിൽ രാജകുമാരൻ സംശയങ്ങളെല്ലാം ഗുരുനാഥനോടു ചോദിച്ചു തീൎക്കുകയും ചെയ്തിരുന്നു. ഇങ്ങിനെയെല്ലാംകൂടി അവിടുന്ന് ഇരുപത്തഞ്ചു വയസ്സായപ്പോഴെക്കും വ്യാകരണത്തിലൊരുമാതിരി നല്ല ജ്ഞാനം സമ്പാദിച്ചു. കുന്നത്തൂര് ഭട്ടതിരി മുതലായ ചില വിദ്വാന്മാരോട് അവിടുന്നു പത്രികാവാദം നടത്തി പ്രതിഭടമൎദ്ദനം ചെയ്കയും ഉണ്ടായിട്ടുണ്ട്. ഇപ്രകാരംതന്നെ തൎക്കശാസ്ത്രത്തിലും മുക്താവലി, ദിനകരം, മുതലായ ഗ്രന്ഥങ്ങളെ പഠിപ്പിക്കാൻ തക്കവണ്ണമുള്ള വ്യുൽപത്തിയും അവിടുന്നു സ്വാധീനപ്പെടുത്തി.

കൊടുങ്ങല്ലൂർ വിദ്വാൻ എളയതമ്പുരാനെന്നു പേരുകേൾക്കുമ്പോഴേ സാഹിത്യപ്രിയന്മാരായ സഹൃദയന്മാര് അവിടത്തെ അതിമധുരങ്ങളും രസാലങ്കാരാദി ഗുണപരിപൂൎണ്ണങ്ങളുമായ ഉൽകൃഷ്ടകൃതികളെപ്പററി പ്രതിപാദിപ്പാൻ ഭാവിക്കുകയാണൊ എന്നുള്ള കാൎയ്യത്തിലാണ് ഒന്നാമതായി ശ്രദ്ധവെക്കുക. അതുകൊണ്ട് അവിടത്തെ അന്യാദൃശഗുണങ്ങളുള്ള വിശിഷ്ടകൃതികളാണ് അവിടത്തെ നാമധേയത്തെ ഇന്നും ലോകത്തിൽ നിലനിൎത്തി വരുന്നത് എന്നു വീണ്ടും പറയേണ്ടതില്ലല്ലൊ. അവിടുന്നു ബാല്യം മു

തൽക്കുതന്നെ ജന്മാന്തരസിദ്ധമായ വാസനാവിശേഷത്താൽ നിരന്തരമായും നിരർഗ്ഗളമായും പ്രവഹിച്ചിരുന്ന ഉത്തമസാഹിത്യങ്ങളെക്കൊണ്ടു സഹൃദയസമുദായത്തെ മുഴുവനും വശംവദന്മാരാക്കിത്തീൎത്ത് ഒരു മഹാകവിയെന്ന പേരിനെ അനായാസേന സമ്പാദിച്ചു. അതുതന്നെ പോരാ അവിടുത്തെ കൃതികളെ പരിശോധിച്ചിട്ടുള്ള സഹൃദയന്മാരെല്ലാം അടുത്തു കഴിഞ്ഞ നൂററാണ്ടിൽ അവിടുത്തെപ്പോലെ ഒരു കവി ഉണ്ടായിട്ടില്ലെന്നു നിൎവ്വാദം സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, മലയാളികളുടെ ഭാഗ്യദോഷത്താൽ അവിടുത്തെ കൃതികൾ മിക്കതും സംസ്കൃതഭാഷയിലാണെന്നും മലയാളഭാഷയിലല്ലെന്നുമുള്ള സംഗതി വ്യസനകരം തന്നെ.

പ്രധാന കൃതികൾ

൧. ബാല്യോത്ഭവം (മഹേന്ദ്രവിജയം) എന്നു സൎഗ്ഗത്തിലുള്ള ഒരു കാവ്യം.

൨. ഹേത്വാഭാസസ്തവകം — ഇതു തൎക്കശാസ്ത്രപ്രസിദ്ധമായ ഹേത്വാഭാസങ്ങളുടെ ഉദാഹരണങ്ങളായിട്ടുള്ളവയാണ്.

൩. ത്രിപുരദഹനം.

൪. രസസദനം ഭാണം — ഇതു കൊടുങ്ങല്ലൂര് താലപ്പൊലി വിഷയമാക്കി ഉണ്ടാക്കീട്ടുള്ളതാണ്.

൫. ആശൌചദശകം, ആശൌചഷോഡശകം — ഇതു വൈദികന്മാരുടെ ആവശ്യത്തിന്നായി പല ആചാൎയ്യന്മാരുടേയും മതപ്രകാരം പരന്നുകിടക്കുന്ന ആശൌചവിധികളെ ക്രോഡീകരിച്ചുണ്ടാക്കീട്ടുള്ള ശ്ലോകങ്ങളാണ്.

൬. മഹിഷമംഗലത്ത് നമ്പൂരിയുടെ 'ആശൌചദീപകം' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനം.

൭. ദശാവതാരദശകം.

൮. ഗരുഡചയനപ്രമാണം (അഗ്നി സൂക്ഷിക്കുന്നതിന്നായി ഇഷ്ടിക പടുക്കുവാനുള്ള വിധി). ഇതും,

൯. ശ്രീരാമചരിതം എന്ന മഹാകാവ്യവും അവിടുന്നു യുവരാജാവായതിന്റെ ശേഷം ഉണ്ടാക്കീട്ടുള്ളവയാകുന്നു. ശ്രീരാമചരിതം പന്ത്രണ്ടു സൎഗ്ഗവും ൩൫ ശ്ലോകവും കഴിഞ്ഞപ്പോൾ വിദ്വ

ത്താൽ വിരചിച്ചു. അവിടുത്തെ യശസ്സിനെ പരദേശത്ത് വ്യാപിപ്പിച്ചത് ഈ കാവ്യമാണ്.

൧൦. ഭാസ്കരീയഗണിതവ്യാഖ്യാനം.

൧൧. ഗോളാദ്ധ്യായവ്യാഖ്യാനം. രണ്ടും ജ്യോതിഷംവകയാണ്. ഈ ശാസ്ത്രത്തിൽ അവിടുത്തെ ഗുരു, ദത്തകപിതാക്കൾ മാതുലനായ അയിത്തൂര് (കഴിക്കോട്ട്) രാജാവായിരുന്നു. അല്പദിവസത്തെ അഭ്യാസംകൊണ്ട് അവിടേക്കു പാണ്ഡിത്യം സിദ്ധിച്ചു. മേൽപറഞ്ഞ കൃതികളിൽ ത്രിപുരദഹനം, ശ്രീരാമചരിതം, രസസദനംഭാണം, ഇത്രയും കാവ്യമാലക്കാർ നാഗരാക്ഷരത്തിൽ അച്ചടിച്ചിട്ടുണ്ട്. ഈ മഹാകവിയുടെ പ്രസിദ്ധി മലയാളത്തിൽ മാത്രമല്ല ഇന്ത്യയിലെ പണ്ഡിതന്മാരുടെ വാസഭൂമിയായ വാരണാസി, ചോളദേശം കൊങ്കണം മുതലായ പരദേശങ്ങളിലും പരന്നിട്ടുണ്ട്.

ഗ്രന്ഥരൂപങ്ങളായ അവിടുത്തെ കൃതികളേക്കാൾ ലോകത്തിൽ അധികം പ്രചാരമുള്ളവയും കവിയശസ്സിന്ന് ബീജരൂപങ്ങളായിട്ടുള്ളവയും അവിടത്തെ ഒററശ്ലോകങ്ങളാണ്. അഷ്ടവൈദ്യന്മാരിൽ ഒരു കേമനായ എളേടത്തു തൈക്കാട്ട് നാരായണൻമൂസ്സും അവിടുന്നും ശിഷ്യരും കൂടിയിരിക്കുന്ന സമയം ഒരു ദിവസം ഒരു വലിയ മഴപെയ്തു. ആ മഴയെപ്പററി ഒരു ശ്ലോകം ഉണ്ടാക്കിയാൽ കൊള്ളാമെന്നു മൂസ്സ് തമ്പുരാനോടു പറഞ്ഞു. 'ഞാൻ ശ്ലോകമുണ്ടാക്കി ഒരിക്കൽ ചൊല്ലിയാൽ അതു നിങ്ങളിൽ ആരെങ്കിലും അപ്പോൾതന്നെ ചൊല്ലണം' എന്ന് അവിടുന്നു മറുപടി പറഞ്ഞതു കേട്ടു മറെറല്ലാവരും കുണ്ഠിതപ്പെട്ടുവെങ്കിലും ശിഷ്യൻ എളങ്കുറിശ്ശി രാമൻ നമ്പൂരിപ്പാടുമാത്രം 'ശ്രമിക്കാം' എന്നും പറഞ്ഞു. അവിടുന്ന് അപ്പോൾ ചൊല്ലിയ ശ്ലോകം:—

ഗംഭീരാംഭോധിസംഭാവിതഘുമുഘുമിത
ധ്വാനബദ്ധാവലേപ-
ഭ്രാന്താദഭ്രാൽഭ്രാന്തവിദ്യുല്ലുളിതപടുതരം-
ദ്യോതവിദ്യോതിതദ്യൗഃ
ധംധംധാനിർഗ്ഗളാംഭോവർഷിപ്രബലമരുദ്ദൂത
ക്ഷോഭിതോർവീസമുദ്ര

ധൂളീപാളീനിഗൂഢദ്രുമചൂരനികരാ
ഭ്രാജതേവ്യോമ്നിരേഖാ.

തമ്പുരാൻ ശ്ലോകം ചൊല്ലിത്തീൎന്ന ഉടനെതന്നെ ഒരക്ഷരവും പിഴക്കാതെ നമ്പൂരിപ്പാട ചൊല്ലിയതു കേട്ട് എല്ലാവരും വളരെ അത്ഭുതപ്പെട്ടു. ഇത് ശിഷ്യസാമൎത്ഥ്യം വെളിപ്പെടുത്തുവാനായി പ്രയോഗിച്ച അവിടത്തെ പൊടിക്കൈയായിരുന്നു.

മറെറാരിക്കൽ അവിടുന്നു സന്ധ്യോപാസനം ചെയ്തു ജപിച്ചുകൊണ്ടിരിക്കുമ്പോൾ 'ഇന്നും ആ ധൂമകേതു ഉദിച്ചിട്ടുണ്ട്' എന്ന് അക്കാലത്തു പതിവായി ഉദിച്ചിരുന്ന വാൽനക്ഷത്രത്തെപ്പററി കൂടെയുള്ളവർ പറഞ്ഞു. ജപിക്കുന്ന സമയമാകകൊണ്ട് 'നോഹിധൂമകേതുഃ കോപികേതുഃ' എന്നു മാത്രം ഉച്ചരിച്ച് അവിടുന്നു പിന്നെയും ജപിച്ചു തുടങ്ങി. ജപം കഴിഞ്ഞതിന്നുശേഷം കൂടെയുള്ളവർ 'ആ കോപികേതുഃ' എന്നുള്ള അപരത്തെ ഒരു ശ്ലോകമാക്കി കിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിച്ചു. തൽക്ഷണം താഴെ എഴുതുന്ന ശ്ലോകം ചൊല്ലിക്കൊണ്ടാണ് അവിടുന്നു പുറപ്പെട്ടത്.

ഉച്ചൈരാശ്വസ്ത്യോവിധാതുശ്ചിരംഗിരിശിരഃ-
പ്രോത്ഥിതശ്ശേഷധാതു-
ർദ്ധ്വാന്താംബ്വാപ്ലാവനാൎത്തോഭുവനഭരിവാഹരിപ-
ശ്ചാശികാപന്നയാതുഃ
സായംസായംനഭസ്സ്ഥാഗ്രേധൂനവഭേദ-
നാംബരാംഭോധിസേതു-
സ്ത്രൈലോക്യത്രാസഹേതുൎവ്വരുണദൃശി
രിദൃശ്യതേകോപികേതുഃ

വിക്രമാദിത്യൻ, ഭോജരാജാവു മുതലായ മഹാരാജാക്കന്മാർ കവികൾക്ക് 'അക്ഷരലക്ഷം' കൊടുത്തിട്ടുണ്ടെന്നുള്ള കഥകളെപ്പററി വിശ്വസിക്കാത്തവർ എന്തുപ്രകാരം വിചാരിച്ചാലും വേണ്ടില്ല. ൧൦൨൨-ൽ നാടുനീങ്ങിയ കലശേഖരപ്പെരുമാൾ ഒരു അനുഷ്ടുപ്പ് ശ്ലോകത്തിന്റെ ചുമട്ടുകൂലിക്ക നാലായിരം പണം കല്പിച്ചുകൊടുത്തിട്ടുള്ളതു വാസ്തവമാണ്. ബ്രിട്ടീഷുമലബാർകാരനായ ഒരു നമ്പൂരി പെൺകടക്ക വഴിയില്ലാതെ തിരുവിതാംകൂറു മഹാരാജാവിന്റെ അടുക്കൽ ധൎമ്മയാചനത്തിന്നു പോകുംവഴി കൊട്ടരക്കരിറങ്ങി. ന

മ്മുടെ കഥാപുരുഷനും നമ്പൂരിയും പരിചയക്കാരായിരുന്നതുകൊണ്ടു് അവിടത്തെ ചെന്നുകണ്ടു വർത്തമാനം പറഞ്ഞകൂട്ടത്തിൽ മഹാരാജാവിന്നു് അടിയറവെക്കുവാൻ ഒരു ശ്ലോകമുണ്ടാക്കിക്കിട്ടിയാൽ കൊള്ളാമെന്നപേക്ഷിച്ചു. തിടുക്കമായ ചില ജോലികൾ ഉള്ളതുകൊണ്ടു് അധികം ആലോചിക്കുവാനിപ്പോളിടയില്ല. എങ്കിലും നമ്പൂരി വന്ന സ്ഥിതിക്കൊന്നുണ്ടാക്കിത്തരാമെന്നു പറഞ്ഞ് ഒരു ഓലച്ചീന്തിൽ താഴെ കാണുന്ന ശ്ലോകം കുറിച്ചുകൊടുത്തു.

ദാരിദ്ര്യസ്യഭയാലുതാംകിംബ്രവീമിമഹീപതേ!
ആത്മനാശേനാദൃത്യഭവന്തംമാമശ്രയൽ

'ഇതു കൊടുക്കാതിരിക്കരുത പൊയ്ക്കോളു' എന്നും പറഞ്ഞു. ശ്ലോകം നമ്പൂരിക്കു തൃപ്തിയാവാഞ്ഞതുകൊണ്ടു് തിരുവനന്തപുരത്തു ചെന്നു് അപേക്ഷയെല്ലാം മഹാരാജാവിനെ അറിയിച്ചു. ധർമ്മിഷ്ഠനായ തിരുമനസ്സുകൊണ്ടു് കുറെ പണവും കൊടുത്തു. കിട്ടിയ പണം പെൺകൊടയ്ക്കു മതിയാവാതെ വന്നപ്പോൾ ശ്ലോകത്തിനും വല്ലതും കിട്ടിയാലായല്ലോ എന്നു കരുതി ആ ഓലക്കഷണം നമ്പൂരി തിരുമുമ്പാകെ വെച്ചു. അവിടുന്നു് അതു് എടുത്തുവായിച്ചതിന്റെ ശേഷം 'നമ്പൂരി വരുംവഴി കൊടുങ്ങല്ലൂരിറങ്ങിയോ' എന്നു ചോദിച്ചു. സമ്മതിച്ചുത്തരം കേട്ടപ്പോൾ നാലായിരം പണം കൊടുപ്പാൻ കല്പിക്കുകയും ഈ സംഖ്യ ഈ ശ്ലോകത്തിന്റെ പുറന്തൊലിക്കു കൂടി മതിയാകുന്നതല്ലെന്നു തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്കയും ചെയ്തു.

ആ തിരുമനസ്സിലേക്കു വിദ്വാന്മാരുടെ ഗുണം അറിയുന്നതിനു സവിശേഷമായ യോഗ്യതയുണ്ടായിരുന്നതുകൊണ്ടു് അവിടുന്നും നമ്മുടെ കഥാപുരുഷനെ വളരെ ബഹുമാനിച്ചിരുന്നു. പല സന്ദർഭങ്ങളിലായി അവിടുന്നു് ആ തിരുമനസ്സിലേക്കയച്ചിട്ടുള്ള ശ്ലോകങ്ങളിൽ ചിലതു് താഴെ കാണിക്കാം.

1. ആശാദേശാപിപരിപൂരയസേയശോഭി-
ന്നൃപരാജരാജ!വഞ്ചിക്ഷ്മാപാലികാനാം
കന്യാദ്വയസ്യപരിപൂരയിതുംമദാശാം
യന്നസ്വബോധികിമപിപ്രതിബോധയാമി.

2

2. ക്ഷ്മീതത്പുരുഷാഹാര്യസ്ത്രപതിഷുപ്രായേണവിദ്വൽപ്രഭു
ശബ്ദസ്സമ്പ്രതികർമ്മധാരയതയാവ്യാഭാതിവഞ്ചീശ്വരേ
ഇത്യാകർണ്യപുനർവിലോക്യചബഹുവ്രീഹിത്വമേതൽപദേ
കിംശോകാദിഹനാസ്ഥിതിഃകാചിദപിദ്വന്ദ്വാവ്യയീഭാവയോഃ

3. അശ്രാന്തംസുന്ദരാംഗീവദനമിവമിഥഃ
ചന്ദ്രഹീനൈസ്സമാനൈ
ത്രൂഢബ്രഹ്മാന്തമഷിഢ്യസ്സരളവശരദിശ്രീ
ഗൃഹാന്മോദജാലൈഃ
സന്മാർഗ്ഗാദസ്ഖലത്ഭിർദ്ദിവസകരളവ
പ്രാപ്തരൂപൈപൌത്രിഭിജ്ജനൈന്റ
ശ്രീമാനാശ്രീയതേസൗജയതിവസുമതീ
മണ്ഡലേവഞ്ചിരാജഃ.

ആ തിരുമനസ്സുകൊണ്ടു നാട്ടുനീങ്ങി എന്നു കേട്ടിട്ടുണ്ടാക്കിയ ചരമശ്ലോകം ഇന്നും ആ ഗണത്തിൽ അദ്വിതീയമായിട്ടുതന്നെയാണിരിക്കുന്നത്.

കോലംബേശ്രേഷ്ഠഇഷ്ടം' വിതരതിനഇതി
സപ്രജാനവ്യഥേരൻ
ശക്രാദ്ധ്യാപസമാനവസ്തു',കലിരപിനവസേം-
ത്രേപായാസ്സുഥതി
സദ്യസ്സൽബേ ഭൂംഗ'ലഗ്നാംകുവലയമനാഭജ
ഇംഗവിജ്ഞാനാചന്ദ്രേ
കൃത്വാവഞ്ചിക്ഷിതീശാഹരിപദമഗമ-
ച്ചിത്രലോകസ്സമിത്രഃ.

ആക്കാലത്തു മലയാളത്തിലെ പണ്ഡിതവര്യന്മാരിൽ മഹാപ്രസിദ്ധനായ കുടല്ലൂർ വാസുദേവൻ നമ്പൂരിപ്പാട്ടിലെ കണ്ടു സംസാരിച്ചാൽ കൊള്ളാമെന്ന് അവിടന്നു മോഹിച്ചുകൊണ്ടിരുന്നു. തമ്പുരാക്കന്മാർ ഇഷ്ടംപോലെ പുറത്തിറങ്ങി സഞ്ചരിക്കുകയും മററും അന്ന് ഇത്ര നടപ്പില്ലാതിരുന്നതിൽ നമ്പൂരിപ്പാട്ടിലെ ചെന്നു കാണ്മാനും എഴുതി അയച്ചു വരുത്തുന്നതു ലൌകികത്തിനു പോരായ്മയും വടിട്ടരാകൊണ്ടു നമ്പൂരിപ്പാട്ടിലേക്കു അവമാനത്തിനു കാരണവും ആയിത്തീരുന്നതാണെന്നും ശങ്കിച്ചു മടിച്ചിരുന്നു. ന

നമ്പൂരിപ്പാട്ടു തൃപ്പൂണിത്തുറയിൽ എത്തീട്ടുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്ന് എഴുതി അയച്ച ശ്ലോകമാണിത്.

ശ്രീമല്ലക്ഷ്മീസുരേന്ദ്രാമതിമഥിമഥിതാ-
　　നേകശാസ്ത്രാംബുരാശി-
പ്രോൽഭൂതജ്ഞാനചന്ദ്രസ്ഫുരണവിമലിത-
　　സ്വാന്തഭാഗാന്തരിക്ഷഃ
യോഽസ്മാകാലോകനീയാം രുചിരജനിതാം
　　പൂജ്യധർമ്മോപധുനായാം
നോജ്ഝാനീമഃ കിമസ്മാൽ കിമുതഫലവതീ
　　സാവർക്കേശിന്ദ്യതാർഹം.

നമ്പൂരിപ്പാടു കൊടുങ്ങല്ലൂർവന്ന് അവിടത്തെ കണ്ടു വിദ്വാന്മാരായ രണ്ടുപേരും തമ്മിൽ സഖ്യം സമ്പാദിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. നേരമ്പോക്കിലും കേൾവികാരെ രസിപ്പിക്കുന്നതായിരുന്നു അവിടത്തെ കവിതാപ്രയോഗം. ഒരുദിവസം ഒരു പരദേശിബ്രാഹ്മണന്റെ കവിത അവിടുന്നും മററുള്ളവരും കേട്ടുകേട്ടു മുഷിഞ്ഞു. ആ വിദ്വാന്റെ ഉപദ്രവം വല്ലവിധവും നിവൃത്തിയാൽ കൊള്ളാമെന്നു മററുള്ളവർ സൂചനാമൂലം അവിടുത്തോടപേക്ഷിച്ചു. കവിതാഗുണം സാമാന്യമല്ലെന്നു പറഞ്ഞ് അവിടുന്നു തൽക്ഷണം ഉണ്ടാക്കി സമ്മാനിച്ച ശ്ലോകമാണിത്.

കവിതാപരമരസാഢ്യാ
മുഖതോഗളിതാനിരർഗ്ഗളംഭവതഃ
ധ്വനിമുഖ്യാപി ച ധീമൻ
വിബുധാഃ കവന്ത്യലങ്കാരം.

ഈ ശ്ലോകത്തിന്റെ രണ്ടർത്ഥംകൊണ്ടു രണ്ടുകൂട്ടർക്കും ഉദ്ദിഷ്ടഫലം എളുപ്പത്തിലുണ്ടായി എന്നു കേട്ടുകേൾവി മാത്രമല്ല അനുഭവസ്ഥന്മാർ കണ്ടറിഞ്ഞു പറഞ്ഞിട്ടുള്ളതുമാണ്.

ഹിന്ദുക്കളായ കവികളിൽ മിക്കവരും ശൃംഗാരരസപ്രധാനങ്ങളായ ശ്ലോകങ്ങളിലാണ് അവരുടെ കവിതാമാധുര്യം വെളിപ്പെടുത്തിക്കാണുന്നത് എന്നും അതുകൊണ്ട് അവർ പ്രായേണ വിടവൃത്തികാരായിരുന്നു എന്നും നവീനന്മാരായ ഇംഗ്ലീഷ്പണ്ഡിതന്മാർ

ഒരു അനുമാനം കല്പിച്ചു ഹിന്ദുകവികളെ വൃഥാ ദോഷാരോപണം ചെയ്യുവാറുണ്ടല്ലോ. പ്രകൃതകവിയും തന്റെ കവിതാവാസനയെ ഈ വിഷയത്തിൽ മററുള്ളവരെക്കാളൊട്ടും കുറയാതെ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു മേൽപറഞ്ഞ കുററം ആ കവിക്കും ബാധകമാണെന്ന് ആരെങ്കിലും വിചാരിക്കുന്നപക്ഷം അവർ അവിടത്തെ ചില ശൃംഗാരശ്ലോകങ്ങളുടെ വിഷയം ആലോചിക്കുന്നതായാൽ ഒരു അവിടെക്കു മാത്രമല്ല ഒരുപോലെ ബുദ്ധിശക്തിയുള്ള മററു കവികൾക്കും ആ കുററത്തിൽനിന്നു വിട്ടുപോകുവാൻ മതിയായ തെളിവാണെന്നു കാണാം.

1. അനന്യാധീനതയാ സക്തൃപ്തിരിഹ വേശദൃഷ്ടാവനിവചതുരതേ
നതപാമിത്യനലാപവൈചിത്ര്യമുററാമേദസ്ഫിതാന്തസ്ത്രീയ
വ്യാജസഹോദരമഗ്ദ്ധസുമനസ്സികോൽകിരന്ദോഷജ്ഞത്യാഹിതാ
മദ്ധ്യവായമന്ദേനന്ദോഷജ്ഞതിചോദ്യസ്സസികിംകഥ്യതേ.
2. ലോകസുന്ദരി! സദ്ധ്യാപിവരതിപുഷ്പവദ്വേശ്യാപദം
പ്രാഗത്ഭ്യചാനന്ദതേതികുചിതാസന്തുത്യരപ്രായികം
സൌന്ദര്യാദിഗുണൈരപൂർവ്വതിതാന്തദോപ്രത്യയഃ
തൃപ്തപ്രത്യയസ്തിവർണ്ണോദയതിമാംമൈനാവാപശക്യാത്മതാം.
3. അസ്യാമേണ്യപ്രകൃത്യാമദകളശിഖിനീ
കോമളാലാപപ്രകൃത്യാ
സത്യാംസ്സ്വത്പ്രത്യയസ്യപ്രകൃതിപ്രകൃതമോ
നഞ്പ്രകൃത്യാവിനാഭേദ്യ
ദാനീമേതാമദാഭിഖ്യാപ്രകൃതിർയ്യിസഖേ!
മന്ദകപ്രകൃത്യാ
ശിഷ്ടാപ്രയോഗപ്രകൃത്യാപ്രകൃതിരിതിയ്യസാ
ജ്ഞായതാംഭൂസ്പ്രകൃത്യാ.

മേൽകാണിച്ചിട്ടുള്ള ശ്ലോകങ്ങളുടെ സാരം ഗ്രഹിപ്പാൻ തക്ക വൈദഗ്ദ്ധ്യമുള്ള സ്ത്രീകൾ ആരെങ്കിലും അന്നുണ്ടായിരുന്നുവെങ്കിൽ അവരുടെ പ്രസിദ്ധി ഭാരതീയർക്കൊട്ടും കുറയാതെ ഇന്നും നിലനിൽക്കേണ്ടതായിരുന്നു. അതില്ലാത്ത സ്ഥിതിക്കു വിദ്വാന്മാർ ശൃംഗാരശ്ലോകങ്ങൾ ഉണ്ടാക്കുന്നതു അവരവരുടെ മാനസികകല്പനാശക്തിയെ പ്രകാശിപ്പിക്കുന്നതിനു കേവലം വിനോദാർത്ഥം രസിപ്പിക്കുക

എന്നുള്ള ഉദ്ദേശത്തിന്മേൽ മാത്രമല്ലാതെ വിദ്വൽപ്രകടനത്തിന്നു വേണ്ടിയല്ലെന്നു സമ്മതിക്കാതെ തരമുണ്ടോ?

അവിടത്തെ വക സംസ്കൃതശ്ലോകങ്ങളും ഇനിയും കിട്ടീട്ടുണ്ട്. അവ അപ്പപ്പോഴൊക്കെ ഞങ്ങൾ മുഖേന ഭാഷയോടുകൂടി പ്രസിദ്ധപ്പെടുത്തുവാനായിരിക്കുമെന്നു വിചാരിച്ച് ഈ വിഷയം അധികം നീട്ടുന്നില്ല.

സംസ്കൃതത്തിൽ അവിടേക്ക് എത്രത്തോളം പാണ്ഡിത്യമുണ്ടായിരുന്നുവെന്നു വായനക്കാർക്ക് ഇതുകൊണ്ട് അറിയാറായിട്ടുണ്ടല്ലോ. ഇനി ഭാഷാകവികളുടെ കൂട്ടത്തിലും അവിടുന്നു ഉന്നതപദവിയിൽ എത്തീട്ടുണ്ടെന്നു കാണിപ്പാൻമാത്രം ചിലതു ഉദാഹരിക്കാം. പലവക ഭാഷാകൃതികൾ എഴുതീട്ടുള്ളതിൽ ചുരുക്കമെങ്കിലും ഉള്ളത് അവിടത്തെ സമാനകാലീനന്മാരും ഭാഷാകവിസാർവഭൗമന്മാരുമായ വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്, പൂന്തോട്ടത്തു നമ്പൂരി, മുതലായവർ തലകുലുക്കി സമ്മതിക്കപ്പെട്ടവയാണ്.

1. അഹല്യാമോക്ഷം കൈകൊട്ടിക്കളിപ്പാട്ട്.
2. ഉമാപരിണയം ടി.
3. നളചരിതം ടി.
4. പൂന്തോട്ടത്തു നമ്പൂരിയുടെ കാലകേയവധം തുള്ളലിൽ സംക്ഷിപ്തരാമായണം.
5. വേറെ പല ഒറ്റശ്ലോകങ്ങളും.

ഇവയിൽ അച്ചടിക്കാത്ത കൃതികളായ പാട്ടുകളിൽ അഹല്യാമോക്ഷത്തിലെ ചില ഭാഗങ്ങളെടുത്തു കാണിക്കാം.

നാരദനാട്ടുവൃന്ദങ്ങളൊട്ടുള്ളിലുമേ - ബാലമൊട്ടുപ്പൂതിരിന്റെലങ്ങളും
മേനികെട്ടിയ പാലൊളിയും - പാലവെട്ടിമങ്ങളുമെന്നെറ
താലികെട്ടിയവരിന്നാലും - തോലികിട്ടുകയില്ലായെന്നും
വാദ്യമൊട്ടുവലിയകിന്നരി - പോലെയുള്ളവനൻ
മേളപ്പട്ടുലസത്തു - കൂടെ ദുർനിമേന്നോപമ
നില - കോലശാഖികളിലെ
ചാലെ മംഗളമിട്ടു - പാലിച്ചീടുകരാമൻ

മറെറാരുഭാഗം.

സുരകുലവരനായഹരിഹയനൊരുകാലം
സുരുചിരതനുവാകുമഹല്യതന്നിൽ
പെരുകിടുമനുരാഗംപരജനമറിയാതെ
പരിചൊടുമനക്കാമ്പിൽമറച്ചുകൊണ്ട്.
പുരിതന്നിൽമരുവുമ്പോളൊരുദിനമവളുടെ
പുരികുഴൽവിളങ്ങുന്നമുഖരുചിയും
പുരികവുംനയനവുമരുണമാമധരവും-
മുലയിണയുഗളവുംകരയുഗവും
ഉരുതരകടിതടമരുവയറണിമയും
നിരുപമതുടകളുമടിമലരും
സരസിജമിഴിയുടെസരസതപെരുകിന
സുരതത്തിൽസുഖങ്ങളുംനിരൂപിച്ചവൻ
പരിചൊടുപുറപ്പെട്ടുപെരുകിനജവത്തോടും
തരുണിമാർമണിവാഴുംവിപിനത്തിങ്കൽ
സൗഭഗമകന്നുകുസുമായുധനവളുടെ
പുരയുടെപരിസരധരണിതന്നിൽ
ചിരകാലമങ്ങുമിങ്ങുംപരിഭ്രമിച്ചുനിന്നു
തരംവരാഞ്ഞില്ലുളുകൊണ്ടുമവളെക്കാണ്മാൻ.

വേറൊരുദിക്ക്.

എരിയുന്നതീപോലെതരസാമുനിക്കണ്ണിൽ
പൊരികളെഴുന്നിതുകോപം
കടുതരമായമഴെടിമുടിവധുവും
കിടുകിടനൊന്നുവിറച്ചു.

ഭാഷാശ്ലോകങ്ങളുടെ രീതികൂടി വായനക്കാരെ മനസ്സിലാക്കി ആവിടത്തെ ചരിത്രത്തിലെ കവിതാഭാഗം അവസാനിപ്പിക്കാം.

പാതികെട്ടുകൊതിച്ചുഞാൻപലതരംതപ്പാതിയിൽപാതിയിൽ
പാതിത്യത്തൊടുപാരിയാടിപലതും പാഹീതിമുമ്പായഹൊ
പാതിച്ചോർന്നടയാളംപാതിനയനംപോലുംവിടർന്നീലയി-
പ്പാരത്ഥ്യത്തിനുപാതിവിന്ദശരനുംപാതിപ്പെട്ടീലെടോ.

ജ്യോതിശ്ശാസ്ത്രത്തിൽ അവിടേക്കുള്ള നൈപുണ്യത്തെ അടുത്തവത്സരത്തിൽ വെളിപ്പെടുത്തുവാനാഗ്രഹിച്ചുകൊണ്ട് ഇത്രയും എഴുതീട്ടുള്ളതിൽ അറിയാതെ വല്ല തെറ്റോ വീഴ്ചയോ വന്നുപോയിട്ടുണ്ടെങ്കിൽ ആ ദുരിതനിവൃത്തിക്കായി അവിടത്തെ പ്രാർത്ഥനാമൂർത്തിയെ തന്നെയാണ് ഞാൻ ശരണം പ്രാപിക്കുന്നത്.


ലോകത്രാണാന്തകാരീ ദശവദനശിരഃപംക്തിവിച്ഛേദകാരീ
സീതാസീമന്തകാരീ മണിമയമകുടോദ്ദണ്ഡകോദണ്ഡധാരീ
ലങ്കാലങ്കാരഹാരീ ഭൃഗുതനയമനസ്സർവ്വഗർവ്വാപഹാരീ
ശ്രീരാമഃ പാപഹാരീ ശമയതു ദുരിതം ഭൂമിഭാരാപഹാരീ.

കൊടുങ്ങല്ലൂർ വലിയകുഞ്ഞിരാമവർമ്മതമ്പുരാൻ.

ജപ്പാനിലെ

കപ്പൽപടനായകന്മാർ

അഡ്മിറൽ റോഗോ.



ജപ്പാനിലെ നെൽസൻ' അല്ലെങ്കിൽ 'പൌരസ്ത്യനെൽസൻ' എന്നു പാശ്ചാത്യന്മാർ റോഗോവിനു നൽകീട്ടുള്ള പേര പാശ്ചാത്യന്മാരുടെ സ്വജനാഭിമാനത്തിനു യോജിച്ചതെന്നല്ലാതെ റോഗോവിന്റെ പ്രശസ്തിക്കു തക്കതാണെന്നു പറഞ്ഞുകൂടാ. ഒന്നാമതായി ചൈനാ-ജപ്പാൻ യുദ്ധത്തിലും പിന്നീടു പത്തുകൊല്ലം കഴിഞ്ഞിട്ട് ആർതർ തുറമുഖം വളഞ്ഞപ്പോഴും കൊറിയൻ ഇടക്കടൽ യുദ്ധത്തിലും അദ്ദേഹം കാണിച്ചിട്ടുള്ള അസാമാന്യമായ ബുദ്ധിവൈഭവവും കൌശലവും സ്ഥൈര്യവും ധൈര്യവും നെൽസന്റെ ചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ല.

അടിച്ചുതണ്ട് പൊക്കക്കാരനാണ് കവിളിന്മേൽ താടിമീശയും മേൽമീശയും ഉള്ള ഒരാളുടെ പ്രതിമയായാണ് റോഗോവിനെ

ഒരിക്കൽ കണ്ടിട്ടുള്ളവരുടെ മനസ്സിൽ സ്ഥിരമായി പതിഞ്ഞു കിടക്കുക. ഉദ്യോഗകുപ്പായത്തോടുകൂടാതെ കണ്ടിരിക്കുന്ന സമയങ്ങളിൽ അദ്ദേഹം സൈന്യത്തിൽ ചേൎന്ന ഒരാളാണെന്നുപോലും ആൎക്കുംതന്നെ ശങ്കിക്കയില്ലെങ്കിലും, നാവികസൈന്യാധിപന്റെ പൂൎണ്ണവേഷംകെട്ടി പടക്കപ്പലിന്റെ പിന്തലത്തട്ടിൽ നായകനിലയിൽ നില്ക്കുന്നതു കണ്ടാൽ ആ സ്ഥാനത്തിന്ന് അദ്ദേഹമല്ലാതെ മറ്റാരുവനും അൎഹനല്ലെന്ന് ഏവനും സമ്മതിച്ചു പോവും.

1857. അക്ടോബർ 14-ാംനു-യാണ് അദ്ദേഹത്തിന്റെ ജനനം. ഒരു സാമ്രാജ്യത്തിലെ നാവികസൈന്യത്തിന്റെ നേതൃസ്ഥാനം വഹിക്കുവാനുള്ള പ്രാപ്തിയല്ലാതെ പ്രായം അദ്ദേഹത്തിന്നായിട്ടില്ല. ജപ്പാൻ നാവികസൈന്യത്തിലെ പ്രസിദ്ധന്മാരായ മറ്റുള്ള അധികൃതന്മാരെപ്പോലെ ഇദ്ദേഹവും സത്തുവൎഗ്ഗത്തിൽപ്പെട്ട ഒരാളാകുന്നു. ബാല്യംമുതല്ക്കുതന്നെ ഇദ്ദേഹത്തിനു 'കടൽഭ്രാന്ത്' കലശലായിരുന്നു. ഇദ്ദേഹത്തിനു കപ്പൽപട്ടാളത്തിൽ ചേരുവാനുള്ള മോഹം ജന്മസിദ്ധമാണെന്നുതന്നെ പറയാം. ജപ്പാനിലെ നാവികപരിഷ്കാരങ്ങൾ ആലോചനയിൽ കിടന്നിരുന്ന കാലത്ത് അവയെ സംബന്ധിച്ചു പ്രാരംഭകസംഗതികൾ ഗ്രഹിക്കുന്നതിൽ ടോഗോവിന്നുണ്ടായിരുന്ന മിടുക്ക് മേലധികാരികളുടെ ശ്രദ്ധയെ ആകൎഷിക്കുകയും അവർ ആ യുവാവിനെ ഈ വിഷയത്തിൽ പരിചയിപ്പിക്കുവാൻവേണ്ടി ഇംഗ്ലണ്ടിലേക്കു നയക്കുകയും ചെയ്തു. 1873, 1874—ഈ കാലങ്ങളിൽ അദ്ദേഹം 'വോർസ്റ്റർ' എന്ന കപ്പലിൽ നാവികവിദ്യ അഭ്യസിക്കുകയായിരുന്നു. ആക്കാലത്ത് അദ്ദേഹത്തിന്റെ നടവടിയെപ്പറ്റി 'വിശേഷം' 'അതിവിശേഷം' എന്നാണ് ഗുരുക്കന്മാരുടെ ഡയറിപുസ്തകങ്ങളിൽ എഴുതിക്കാണുന്നത്. 'വോർസ്റ്റർ' കപ്പൽ വിട്ടുപിരിഞ്ഞതിൽപിന്നെ ഒരു പടക്കപ്പലിലാണ് അദ്ദേഹം പയറ്റീട്ടുള്ളത്. അവിടെപ്പഠിക്കേണ്ട വേലയുടെ സകല അംഗോപാംഗങ്ങളും ഹൃദിസ്ഥമായതിന്റെ ശേഷം ഗ്രീനിച്ചു നഗരത്തിലുള്ള നാവികവിദ്യാശാലയിൽ ചേൎന്നു തൽസംബന്ധമായ അറിവിനു പൂൎത്തിവരുത്തുകയും ചെയ്തു. ടോഗോവിന്റെ സ്വഭാവംമൂലം അദ്ദേഹത്തി

അദ്ദേഹത്തിന്റെ ആദി ചരിത്രവും ഉൽക്കൃഷ്ടതയും.

ന്റെ സഹപാഠികൾക്കും ഗുരുക്കന്മാൎക്കും എന്നുവേണ്ട അദ്ദേഹമായിട്ടു ഇടപെട്ടിട്ടുള്ള ആളുകൾക്കൊക്കെ അദ്ദേഹത്തിന്റെ പേരിൽ പ്രതിപത്തിയായിത്തീൎന്നു.

ചൈനാജപ്പാൻയുദ്ധം ആരംഭിച്ച ദിവസം 'കൌഷിങ്ങ്' എന്ന കപ്പൽ മുക്കിയതുമുതൽക്കാണ് 'ഹേഹാച്ചിറോറോഗോ' പ്രമാണിയായി തുടങ്ങിയത്. ഇൻഡോചൈനാസ്റ്റീംകപ്പൽ യാത്രക്കമ്പനിവകയായ കൌഷിങ്ങ് കപ്പലിലെ കപ്പിത്താൻ 'ഗാൽസ്വർതി' എന്നൊരാളായിരുന്നു. അതിലെ അധികാരികളും നാവികഗണങ്ങളും ഇംഗ്ലീഷുകാരായിരുന്നതിനു പുറമെ ബ്രിട്ടീഷുകാരുടെ കൊടിക്കൂറയും അതിൽ പാറിക്കൊണ്ടിരുന്നു. എന്നാൽ വാസ്തവത്തിൽ ആ കപ്പൽ ചീനപ്പട്ടാളക്കാരെ കുത്തിനിറച്ച് ഓരോരോ സങ്കേതസ്ഥലങ്ങളിലേക്കു കൊണ്ടുപോവുകയായിരുന്നു. ചൈനയും ജപ്പാനും തമ്മിൽ അപ്പോഴത്തെ നില ആൎതർ തുറമുഖം ആക്രമിക്കുന്നതിനു മുമ്പ് റഷ്യയും ജപ്പാനും തമ്മിലുണ്ടായിരുന്ന നിലപോലെതന്നെയായിരുന്നു. യുദ്ധവിളംബരം പ്രസിദ്ധപ്പെടുത്തുക കഴിഞ്ഞിട്ടില്ല. പക്ഷെ എല്ലാവരും വെടിപൊട്ടുന്നതു കേൾക്കുവാൻ കാത്തുകൊണ്ടിരിക്കുകയായിരുന്നു. ജപ്പാൻകാരുടെ ഒന്നാമത്തെ കപ്പൽക്കൂട്ടത്തിൽ ചേൎന്ന 'നനിവ' കപ്പലിന്റെ അധികാരിയായിരുന്ന റോഗോ കൌഷിങ്ങ് പുറംകടലിൽക്കൂടി പായുന്നതു 'നനീവ' കണ്ടു. ഉടനെ നനീവയിൽനിന്നു രണ്ടു പാഴ്വെടി പൊട്ടുകയും കൌഷിങ്ങ് പെട്ടെന്നു നില്ക്കുകയും ചെയ്തു. രണ്ടു കപ്പലുകളും ഒരുമിച്ചു ജപ്പാനിലേക്കു പോകണമെന്നു 'നനിവ'യിലെ ഒരു ഉപനായകൻ പാമരത്തട്ടിന്മേൽനിന്നു മുദ്ര കാണിച്ചു. ഗാൽസ്വർതി സമ്മതിച്ചു. കൌഷിങ്ങിന്റെ മേൽത്തട്ടിന്മേൽ നിന്നിരുന്ന ചീനപ്പടനായകന്മാർ കോപം അടക്കുകവയ്യാതെ 'ഒരുകാലത്തും ഞങ്ങൾ കീഴടങ്ങില്ലെ'ന്നു വിളിച്ചു നിലവിളിച്ചു. പെട്ട പൊളിഞ്ഞു. ഗാൽസ്വർതി'യും പരിവാരവും 'നനിവ'യിലേക്കു മാറിക്കൊള്ളുവാൻ റോഗോ'തന്നെ മുദ്ര കാണിച്ചു. ചീനക്കാർ അവരെ വിട്ടില്ല. നാലു മണിക്കൂറുനേരം റോഗോ ക്ഷമിച്ചു. പിന്നെയും ശത്രുപക്ഷക്കാർ വഴിപ്പെടുന്ന വട്ടം കണ്ടില്ല. ഒരുവെടി. എൻജിൻമുറി പൊട്ടിത്തു

കൌഷിങ്ങ് മുക്കിയത്.

ന്നു. കപ്പലിലേക്കു വെള്ളം തിളച്ചുകയറിത്തുടങ്ങി. ഗാൽസ് വർതിയും കൂട്ടുകാരും സമുദ്രത്തിലേക്കു കുതിച്ചു ചാടി. ചീനക്കാരുടെ വെടിയും അവരെ പിന്തുടൎന്നു. അപ്പോഴേക്കും 'നാനീവ' അവരെ രക്ഷപ്പെടുത്തി. അതോടുകൂടി കപ്പൽതാഴുന്ന കൂട്ടത്തിൽ 'കൌഷിങ്ങ്' ചീനപ്പട്ടാളക്കാരോടുകൂടി ആഴിയുടെ അടിത്തട്ടിലേക്കു യാത്രയായി. അന്നുമുതല്ക്കു ചൈനാജപ്പാൻ യുദ്ധാവസാനത്തിൽ ചീനപ്പട്ടാളത്തെ ഭസ്മീകരിച്ച് 'വൈ-ഹൈ-വൈ' യുദ്ധംവരെ എല്ലാ കടലേറങ്ങളിലും ടോഗോവായിരുന്നു പ്രമാണി. അതിന്റെ ശേഷം അദ്ദേഹത്തിനെ ഒരു കപ്പൽ പാളയത്തിന്റെ നായകനായി നിശ്ചയിച്ച് 'വൈസ് ആഡ്മിറൽ' എന്ന സ്ഥാനത്തേക്കു കയററവും കൊടുത്തു. ഇപ്പോൾ അദ്ദേഹം ആഡ്മിറൽ ആകുന്നു.

ടോഗോവിന്റെ ലോകതയും ലോകജ്ഞതയും

ടോഗോവിനെ വീരനായ ഒരു ആയുധപാണിയായിട്ടു മാത്രമേ ലോകം അറിയുന്നുള്ളൂ. എന്നാൽ ഒരു യോദ്ധാവിന്റേതിൽ അധികരിച്ചിട്ടുള്ള ഗുണം അദ്ദേഹത്തിനുള്ളത് ലോകം അത്ര കണ്ടിട്ടില്ല. യുദ്ധത്തിനുള്ള വാസനയേക്കാൾ ആളുകളെ അറിവാനുള്ള മിടുക്കാണ് അദ്ദേഹത്തിനെ ഈ നിലയിൽ കൊണ്ടുവന്നിട്ടുള്ളത്. ഒരു കമാന്റർ എത്രയും ദുർഘടമായ വേല നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന എളുപ്പവും കീഴുദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിൽ തെററുപററാത്തതിന്റെ ചുരുക്കവും അദ്ദേഹമായിട്ട് അടുത്തു പെരുമാറിട്ടുള്ളവർക്കൊക്കെ ആശ്ചര്യഹേതുക്കളായിരുന്നു. തന്റെ കീഴിലുള്ളവരെ വിരലുകളെപ്പോലെ ഉപയോഗിക്കുന്ന ഒരു കമാന്ററാണ്. അദ്ദേഹത്തിന്റെ പേര്. 'ടോഗോ' എന്നിങ്ങിനെ 'നിപ്പൺ' എന്ന സ്ഥലത്തുള്ള നാവികഗണങ്ങളുടെ ഇടയിൽ ഒരു ചൊല്ലുതന്നെ ഉണ്ട്. അദ്ദേഹത്തിനുള്ള കോട്ടം മുഴുവനും തോല്പപറയുന്ന കാൎയ്യത്തിലാണ്. ഇതിനെ കുറിക്കൊണ്ടു പല കഥകളും ജപ്പാനിൽ നടപ്പുണ്ട്. ഒരിക്കൽ 'ടോഗോ' തീരെ അബദ്ധമായ എന്തോ ഒരു കല്പനകൊടുത്തു. അതു കീഴുദ്യോഗസ്ഥന്മാരിൽ ആരോ ചൂണ്ടിക്കാണിച്ചു. ടോഗോ കുറച്ചുനേരത്തേക്കു ഒന്നും മിണ്ടിയില്ല. എന്നതിന്റെ ശേഷം 'അതു തന്റെ മേലധികാരിയുടെ കല്പനയാ

ണ്. തനിക്ക അതിന്ന കീഴ്ജീവനക്കാരാരും മാത്രമേയുള്ളൂ' എന്ന പറഞ്ഞിട്ട് അവിടെനിന്ന പോയി. കല്പന പിൻവലിക്കുകയും ചെയ്തു.

ബഹുമാന്യന്മാരിൽ മുമ്പനായ 'തോഗോ' വിനീതന്മാരിലും അഗ്രഗണ്യനാകുന്നു. 'ചൈനായുദ്ധം കഴിഞ്ഞപ്പോൾ അതിന്റെ ഒരു ചരിത്രമെഴുതുവാൻ ഉപനായകന്മാരിൽ ഒരാളെ നിയമിച്ചു. അയാളോട് തോഗോവിന്റെ ഉപദേശം 'കാര്യം വിട്ടുകളിക്കരുത്. മേലുദ്യോഗസ്ഥന്മാരെ സ്തുതിക്കരുത്. സത്യമേ പറയാവൂ' എന്നായിരുന്നു. റഷ്യജപ്പാൻയുദ്ധം തുടങ്ങുന്നതിന്ന മുമ്പ് 'കോബേ' എന്ന സ്ഥലത്തു ചക്രവർത്തിയുടെ സന്നിധാനത്തിൽ ജപ്പാൻ പടക്കപ്പലുകളുടെ ഒരു കൂടിക്കാഴ്ചയും കവാത്തും ഉണ്ടായി. അന്ന തോഗോവിന്റെ പഴയ 'നേനീവ' കൊടിക്കപ്പലിന്റെ സമീപത്തിൽക്കൂടി കടന്നുപോയപ്പോൾ റഷ്യൻദൂതസംഘത്തിലെ ഒരു ഉദ്യോഗസ്ഥൻ 'തോഗോ'വിനെ വളരെ സ്തുതിച്ചുപറഞ്ഞു. തോഗോ' അതുകേട്ടുവെന്നുതന്നെ നടിച്ചില്ല. കപ്പലുകളുടെ ചലനങ്ങളിൽതന്നെ ദൃഷ്ടിവെച്ചുകൊണ്ടു നിന്നു. പരിശോധന ഒക്കെ കഴിഞ്ഞപ്പോൾ അടുത്തുനിന്നിരുന്ന 'തകറബെ' എന്ന ഉദ്യോഗസ്ഥനോട് 'വേണ്ടില്ല ഇങ്ങിനെയാണെങ്കിൽ നമ്മൾക്കു തോൽവി വരുമെന്നു ഭയംവേണ്ട' എന്നു പറഞ്ഞിട്ട് ആ റഷ്യന്റെ നേരെ നോക്കി ഒന്നുചിരിച്ചു. ഈ കഴിഞ്ഞ യുദ്ധത്തിലുംതന്നെ തന്റെ പേരു മറച്ചുവെച്ചുകീഴുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ ശ്ലാഘിച്ചു പറയുന്ന 'തോഗോവിന്റെ' സമ്പ്രദായം പ്രസിദ്ധമാണല്ലോ.

അദ്ദേഹത്തിന്റെ വിനയവും കൃത്യനിഷ്ഠയും

തന്റെ ശത്രുക്കളെ സംഹരിക്കുന്നതിന്നായി താനും തന്റെ പകുതി സൈന്യവും നശിക്കുവാൻ ഒരുക്കമുണ്ടെന്നും, വിജയഘട്ടത്തിലാണ് 'നെൽസൻ' മരിച്ചിട്ടുള്ളത്, അതുപോലെ താനും മരിക്കുന്നതായാൽ സന്തോഷമാണെന്നും കോറിയൻ ഇടക്കടൽ യുദ്ധത്തിന്ന പുറപ്പെടുന്നതിനുമുമ്പ് 'തോഗോ' അദ്ദേഹത്തിന്റെ ഒരു മേധാവിയോടു പറഞ്ഞിട്ടുള്ളതായി വിശ്വാസയോഗ്യമാകുംവണ്ണം പ്രസ്താവിച്ചു കാണുന്നുണ്ട്. വിസ്തരഭയത്താൽ തോഗോവിനെപ്പറ്റി ഇത്രമാത്രമല്ലാതെ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ഇദം

നിന്തുചരിത്രത്തെപ്പററി വിസ്തരിപ്പാൻ ഞങ്ങൾ തുനിയുന്നില്ല.

അഡ്മിറൽ കാമിമ്യൂറ

ജപ്പാനിൽ തോഗോവിനുള്ള പ്രസിദ്ധിയിൽ ഒട്ടും കുറവില്ല കാമിമ്യൂറക്കുള്ള പ്രസിദ്ധിയും.

ഷോഗനെ തോല്പിച്ചു പറപ്പിച്ചു ഇപ്പോഴത്തെ ചക്രവർത്തിയെ ഏകച്ഛത്രാധിപതിയായി വാഴിക്കുവാൻവേണ്ടി നടത്തിയ ഘോരമായ രാജ്യാവകാശത്തർക്കയുദ്ധത്തിൽ, ഇദ്ദേഹം ജനനാൽതന്നെ മഹത്തായ സത്സുമ വർഗ്ഗത്തിൽപ്പെട്ട ഒരു സാമുരായിയാകയാൽ ബാലനായിരുന്നുവെങ്കിലും, പങ്കുകൊള്ളാതിരുന്നില്ല. ഈ കലഹം അവസാനിച്ചതിന്റെ ശേഷം 'കാമിമ്യൂറ' അന്ന് ആരംഭദശയിൽ കിടന്നിരുന്ന ജപ്പാൻ നാവികസൈന്യത്തിൽ ചേർന്നു. 1872-ൽ ആദ്യം സ്ഥാപിക്കപ്പെട്ട 'തോക്കിയോ' നാവികവിദ്യാലയത്തിൽ ആദ്യം പഠിക്കുവാൻ ചേർന്നവരിൽ ഒരാളായിരുന്നു ഇദ്ദേഹവും. ഇദ്ദേഹത്തിന്റെ നാവികവിദ്യാഭ്യാസം മുഴുവനും ജപ്പാനിൽതന്നെ ഉണ്ടായിട്ടുള്ളൂ.

അദ്ദേഹത്തിന്റെ ആദിചരിത്രവും വിദ്യാഭ്യാസവും

ഉദ്യോഗപദവിയിൽ ആദ്യത്തെ പതനംമുതൽ കയറി കപ്പിത്താന്റെ സ്ഥാനത്ത് എത്തിയപ്പോഴാണ് അദ്ദേഹത്തിന്റെ പേരു പുറത്തു വന്നുതുടങ്ങിയത്. 'ചൈന'യുദ്ധത്തിൽ 'അകിറ്റ്സുഷിമാ' എന്ന പടക്കപ്പലിന്റെ നായകനായിരുന്ന കാലത്താണ് അദ്ദേഹത്തിന്റെ പേര് പ്രമാണികളുടെ പട്ടികയിൽ പെട്ടത്. ചീനക്കാരുടെ നാവികസൈന്യത്തെ പിടിച്ചടച്ച മൂന്നു യുദ്ധങ്ങളിലും ഇദ്ദേഹം ഒരു ഭാരവാഹിയായിരുന്നു. ഇതിൽ ആദ്യത്തേത് 'ഫൂങ്' എന്ന ദ്വീപിന്റെ സമീപത്തിലുണ്ടായ യുദ്ധമാണ്. 1894 ജൂലായി 23-ാംനു- ജപ്പാൻകാരുടെ എട്ടു പടക്കപ്പലുകൾ 'സസിബോ' എന്ന നാവികസ്റ്റേഷനിൽനിന്നു യാത്ര പുറപ്പെട്ടു. ഇവയിൽ സേനാമുഖസ്ഥാനം വഹിച്ചിരുന്നത് 'യൊഷീനോ' 'നനീവ' 'അകിറ്റ്സുഷിമാ' എന്നിവയായിരുന്നു. 'ഫൂങ്' ദ്വീപു കടക്കുമ്പോൾ

അദ്ദേഹത്തിന്റെ ഉയർച്ച

കളാ ചീനപ്പടക്കപ്പലുകളായിട്ട് മുട്ടിഎതിൎക്കയും അവയെ പറപ്പി
ക്കുകയും ചെയ്തു. അവയെ പിന്തുടൎന്നു പോയക്കൂട്ടത്തിൽ 'കോമിമ്മൂ
ര'യുടെ കപ്പൽ 'സൌയോക്യങ്' എന്ന ചീനക്കപ്പലിനെ തേടിപ്പിടി
ച്ചു കീഴടക്കുവാൻ കല്പിച്ചു. വീരകിയുടെ അപേക്ഷകൂടാതെ അതി
നെ കീഴടക്കി ആദ്യത്തെ വിജയമുദ്ര വാങ്ങുവാൻ കാമിമ്മൂരക്കാണു
ഭാഗ്യമുണ്ടായത്.

അദ്ദേഹത്തിൻെറ പിന്നത്തെ പ്രയോഗം 1894 സപ്തമ്പർ
17-ാംനു- മഞ്ഞക്കടലിൽ 'ഹൈയങ്' എന്ന ദിക്കിലുണ്ടായ കടല്പോ
രാട്ടത്തിലാണ്. ഹൈയങ്ങിൻെറ സ്ഥിതി 'കിങ്ങ്ബോ'ദ്വീപകല്പത്തി
ലേക്കുള്ള പ്രവേശനമാൎഗ്ഗത്തിനു അഭിമുഖമായിട്ടാണ്. അവിടം
ചീനക്കാരുടെ ഒരു കപ്പൽക്കൂട്ടത്തിൻെറ ഗാഢരക്ഷയിലായിരുന്നു.
എന്നാൽ ആ കൂട്ടത്തിൽപെട്ട ഏതാനും കപ്പലുകളെ ഉടച്ചു മറവു
ള്ളതിനെ വൈ-ഹൈ-വൈ വഴിക്ക് ഓടിക്കുവാൻ കാമിമ്മൂരക്ക്
താമസവും പ്രയാസവും വേണ്ടിവന്നില്ല. അദ്ദേഹം കപ്പിത്താ
ന്മാരുടെ സാധാരണ സ്ഥാനമായ കപ്പലിൻെറ പിന്തലത്തട്ടിലുള്ള
പാലത്തിന്മേൽ നില്ക്കാതെ പാമരത്തിന്മേലുള്ള ഇരുന്ന കൊത്തള
ത്തട്ടിൽനിന്നു യുദ്ധം കഴിയുന്നതുവരെ വെടിക്കാരനെ സഹായിക്കു
കയായിരുന്നു. വളരെ നേരം ശത്രുപക്ഷക്കാരുടെ നോക്കിന്ന് എ
രയായിരുന്നുവെങ്കിലും യാതൊരാപകടവും അദ്ദേഹത്തിനു പററുക
യുണ്ടായില്ല.

അദ്ദേഹത്തിൻെറ മൂന്നാമത്തെ യുദ്ധം വൈ-ഹൈ-വൈ യു
ദ്ധമായിരുന്നു. ആഡ്മിറൽ ടിങ്ങിൻെറ കീഴിലുള്ള ചീനപ്പടക്കപ്പ
ലുകൾക്ക് ഉന്മൂലനാശം വന്ന ആ ഭയങ്കരയുദ്ധത്തിലാണ് 'ടോർപ്പി
ഡോ' ബോട്ടുകളെക്കൊണ്ടുള്ള ഉപകാരം ജപ്പാൻകാർ നല്ലവണ്ണം
അനുഭവിച്ചറിഞ്ഞത്.

ചൈനായുദ്ധം സമാപിച്ചതിൻെറ ശേഷം കാമിമ്മൂരക്ക് ക
യററം കിട്ടി. അനേകം പടക്കപ്പലുകളുടെ നായകനായിത്തീൎന്നു.

കാമിമ്മൂരയും സമാധാനകാലവും

ആറേഴകൊല്ലം 'ഏൽസ്വിക്ക്' മുതലായ കപ്പൽ
പണിസ്ഥലങ്ങളിൽ ജപ്പാൻ ആവശ്യത്തിലേക്ക് പ
ണിചെയ്തുവന്നിരുന്ന പടക്കപ്പലുകളുടെ സ്ഥിതി അ
റിഞ്ഞുവരുന്നതിനായി ജപ്പാൻ ഗവൎമ്മെണ്ടിൽനിന്നു അ

ദ്ദേഹത്തിനെ ഇംഗ്ലണ്ടിലേക്കയച്ചു. ക്ലൈഡ് നദീതീരത്തു വേല തീൎത്തുവെച്ചിരുന്ന 'അസാഹി' എന്ന കപ്പൽ ജപ്പാനിലേക്കു കൊണ്ടുവരുവാനുള്ള ഭാരവും അദ്ദേഹത്തിന്റെ ജോലിയിൽ ഉൾപ്പെട്ടതായിരുന്നു. ഒരു കൊല്ലത്തോളം ഇംഗ്ലണ്ടിൽ താമസിച്ചു. ജപ്പാൻകാരുടെ ലണ്ടനിലുള്ള നാവികകാൎയ്യാലയമായിരുന്നു അദ്ദേഹത്തിന്റെ വാസസ്ഥലം. അക്കാലത്തു ഇംഗ്ലീഷുകാരിൽ പലരും അദ്ദേഹത്തിന്റെ സ്നേഹിതന്മാരായിത്തീൎന്നിട്ടുണ്ട്. ഇംഗ്ലണ്ടിൽ താമസിക്കുന്ന കാലത്തു തന്നെയാണ് 'റിയർ ആഡ്മിറൽ' എന്ന പദവിയും ഗവൎമ്മെണ്ടു സംബന്ധമായ കപ്പൽപണിയിൽ ഉപദേഷ്ടാവിന്റെ സ്ഥാനവും ലഭിച്ചത്. ജപ്പാനിലേക്കു തിരിയെ വന്നപ്പോൾ അദ്ദേഹത്തിനെ നാവികവിദ്യാഭ്യാസവകുപ്പിൽ അദ്ധ്യക്ഷനായി നിയമിച്ചു. 1902 മുതൽ 1903 വരെ ഒരു കൂട്ടം കപ്പലിനെ കവാത്തു പഠിപ്പിച്ചുംകൊണ്ടു അവസ്ട്രേലിയാബന്ദരുകളിൽ ബഹുമാനസൂചകമായി നൽകിയിരുന്ന സല്ക്കാരം സ്വീകരിച്ചുകൊണ്ടു ശാന്തസമുദ്രത്തിൽ സഞ്ചരിക്കയായിരുന്നു. മടങ്ങി സ്വരാജ്യത്തിലേക്കു വന്നപ്പോൾ ജപ്പാൻപടക്കപ്പലുകളുടെ ദ്വിതീയസംഘത്തിലെ നായകനായിട്ടു നിയമിക്കപ്പെട്ടു. അക്കാലത്ത് 'വ്ളാഡിവോസ്റ്റോക്കിലുള്ള റഷ്യൻപടക്കപ്പലുകളുടെ ഗതാഗതങ്ങളെയും നടവടികളെയും കാത്ത് അവയെ എതിൎക്കുവാനുള്ള തരംനോക്കി ഇരിക്കുകയായിരുന്നു. ഒടുവിൽ അതിനു തക്കതായ അവസരവും വന്നു. 'റൂറിക്' എന്ന രക്ഷാക്കപ്പലിന്റെ അധോഗതിയും കൂട്ടക്കപ്പലുകളുടെ പലായനവും തരംനോക്കി പ്രയോഗിക്കുവാൻ കാമിമൂറായ്ക്കുള്ള മിടുക്കിന്റെ ഫലങ്ങളാകുന്നു.

ആഡ്മിറൽ ഉറിയു.

'ചെമൽപ്പോ' വീരനായ ഇദ്ദേഹമാണ് ജപ്പാനിലെ കപ്പൽപ്പടനായകന്മാരിൽ പ്രാധാന്യംകൊണ്ടു മൂന്നാമൻ. 46 വയസ്സുമാത്രം പ്രായം ചെന്നിട്ടുള്ള ഇദ്ദേഹം ജപ്പാൻ നാവികസൈന്യാധിപന്മാരിൽ ഏററവും പ്രായംകുറഞ്ഞ ആളാണ്. ഇദ്ദേഹത്തിന്റെ നാവികവിദ്യാഭ്യാസം ഇംഗ്ലണ്ടിലുമല്ല, ജപ്പാനിലുമല്ല; അമേരിക്കയി

ലാണ് ഉണ്ടായിട്ടുള്ളത്. കുട്ടിയായിരുന്നപ്പോൾതന്നെ അമേരിക്കക്കാരുടെ ഒരു അഭ്യസനക്കപ്പലിൽ നാവികവിദ്യാഭ്യാസം തുടങ്ങി. അതിന്റെ ശേഷം 'അനാപ്പോളിസ്' എന്ന ദിക്കിൽ യു. എസ്സ്. നാവികവിദ്യാലയത്തിൽ മുറയ്ക്കുള്ള പാഠക്രമവും വഴിപോലെ നിർവ്വഹിച്ചു.

സ്വരാജ്യത്തേക്കു വന്ന ഉടനെ 'ടോക്കിയോവിൽ' ഉള്ള നാവികസൈന്യത്തിന്റെ തലസ്ഥാനപരിപാലകന്മാരിൽ ഒരാളായിട്ടു നിയമിക്കപ്പെട്ടു. കാലക്രമംകൊണ്ട് ഈ പരിപാലകന്മാരുടെ മൂന്നു സംഘങ്ങളിൽ ഉള്ളതിൽ ഒന്നിന്റെ അദ്ധ്യക്ഷനാവുകയും ചെയ്തു. ഉപനായകനായിട്ടും കപ്പിത്താനായിട്ടും കൂട്ടുനായകനായിട്ടും പല വിധത്തിൽ നാവികഡിപ്പാർട്ടുമെണ്ടിൽ പണിയെടുത്തിട്ടുണ്ട്. എന്നാൽ അധികഭാഗവും പാശ്ചാത്യന്മാർക്ക് ബഹുമാനാസ്പദമായി തീർന്നിട്ടുള്ള വിദ്യാഭ്യാസവിഷയത്തിലും ഉദ്യോഗവൃത്തിയിലുമാണ് ജോലിനോക്കീട്ടുള്ളത്. ചൈനാ-ജപ്പാൻ യുദ്ധകാലത്ത് ഇദ്ദേഹത്തിന്റെ സ്ഥാനം 'ഹൈറോഷിമ' എന്ന ദിക്കിലായിരുന്നു. അവിടെ നാവികവിഷയത്തിൽ ചക്രവർത്തിയുടെ ഒരു ഉപദേഷ്ടാവിന്റെ നിലയിലാണ് വർത്തിച്ചിരുന്നത്. അവിടെനിന്നു കുറെ ചെന്നപ്പോൾ, ഇപ്പോൾ അദ്ദേഹത്തിനുള്ള 'റിയർ ആഡ്മിറൽ', എന്ന സ്ഥാനം ലഭിച്ചു. രണ്ടാംതരം രക്ഷക്കപ്പലുകളൊക്കെ അദ്ദേഹത്തിന്റെ അധീനത്തിൽപ്പെട്ടവയാണ്. അദ്ദേഹത്തിന്റെ 'ചീറ്ററാസ്' എന്ന കൊടിക്കപ്പലുപോലെ വേഗമുണ്ടായിട്ട് ജപ്പാനിൽ വേറെ ഒരു കപ്പലുമില്ല. ഇക്കഴിഞ്ഞ യുദ്ധത്തിൽ 'ചെമൽപ്പോ'വിൽ പ്രശംസാവഹമാകുംവണ്ണം നടത്തിയ വീരകൃത്യമാണ് ഉറിയുവിന്റെ പേര് എന്നേക്കും നിലനിർത്തുവാൻ പോകുന്നത്. 'ചെമൽപ്പോ'വിൽ വച്ച് 'വറിയാഗ്-കോറിട്സ്' എന്നീ റഷ്യൻ കപ്പലുകളായിട്ട് നേരിട്ടുപൊരുതി തോല്പിച്ച് നശിപ്പിച്ച കപ്പൽക്കൂട്ടം ഇദ്ദേഹത്തിന്റെ ആധിപത്യത്തിലുൾപ്പെട്ടതായിരുന്നു.

അദ്ദേഹത്തിന്റെ ഉദ്യോഗക്രമം.

കാഴ്ചയിൽ 'ഉറിയു' സ്വദേശക്കാരിൽനിന്നു തീരെ ഭിന്നിച്ചിട്ടുള്ള ആളാകുന്നു. നിറംകൊണ്ടും മുഖവടിവുകൊണ്ടും ഒരു യൂറോ

പ്യനല്ലെന്ന ആരും തന്നെ പറകയില്ല. ഒരു ജപ്പാൻകാരന്റെ അവസ്ഥക്ക് അദ്ദേഹത്തിന്ന സാമാന്യം നല്ല ഉയരം ഉണ്ട്. അതിവേഗത്തിലും ഒരതി ഭംഗിയിലും ഇംഗ്ലീഷുഭാഷ സംസാരിക്കുന്നതിൽ അദ്ദേഹത്തിനോടു തുല്യനായിട്ട് അദ്ദേഹത്തിന്റെ നാട്ടിൽ ഒരുവനുമില്ല. അദ്ദേഹത്തിന്റെ കറകളഞ്ഞ ശീലകാരിയ സ്വഭാവത്തെപ്പറ്റി പ്രശംസിക്കാത്തവർ ആരുംതന്നെയില്ല.

ഉറിയുവിന്റെ ആകൃതിയും പ്രകൃതിയും

ആഡ്മിറൽ ഇറ്റോ.

കപ്പൽ പട്ടാളത്തിലെ അധികാരിവൎഗ്ഗത്തിൽ പ്രധാനിയായ 'ആഡ്മിറൽ വൈക്കൌണ്ട് യൂക്കെ ഇറ്റോ' 1843 മേയ് മാസത്തിൽ സത്സുമ സംസ്ഥാനത്ത് ജനിച്ചു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം 'ടോക്കിയോ'വിലുള്ള 'കായിസെയി' എന്ന ഉപരിപാഠശാലയിലും നാവികവിദ്യാലയത്തിലും ആയിരുന്നു. 1868-ൽ ജപ്പാനിലെ അധിരാജകീയനാവികസൈന്യത്തിൽ ചേൎന്നു. 1872-ൽ ഒരു ഉപനായകനായി 'അഡ്സുമ, നിഷിൻ-ചൂസോ, ഹൈ-ഹീ' എന്നീ പടക്കപ്പലുകളെ യഥാക്രമം ഭരിച്ചുവന്നു. 1877-ൽ ഉണ്ടായ ഉൾനാട്ടുകലഹത്തിൽ 'ഫീഷിൻ' കപ്പലിലെ കമാണ്ടറായിരുന്ന ഇറ്റോ, സ്വരാജ്യക്ഷേമത്തിനായി വളരെ ക്ലേശിച്ചിട്ടുണ്ട്. 1882-ൽ കപ്പിത്താൻസ്ഥാനവും 1885-ൽ 'റിയർ ആഡ്മിറൽ' പദവിയും അക്കൊല്ലംതന്നെ ഒരു കപ്പൽക്കൂട്ടത്തിന്റെ നായകസ്ഥാനവും ലഭിച്ചു. 1892-ൽ 'വൈസ് ആഡ്മിറൽ' ആയി 'യോക്കോസൂക്കാ' നാവികസൈന്യത്തിന്റെ അദ്ധ്യക്ഷതയും സമ്പാദിച്ചു. 1894-ൽ യാലുയുദ്ധത്തിൽ പൂൎണ്ണവിജയം പ്രാപിച്ച് 1895-ൽ ഇപ്പോഴത്തെ സ്ഥാനത്തെത്തി. അദ്ദേഹത്തിന് വൈക്കൌണ്ട് മുതലായി അനേകം സ്ഥാനമാനങ്ങൾ ലഭിച്ചിട്ടുണ്ട്. 'ആഡ്മിറൽ' എന്ന തികഞ്ഞ പേരുകിട്ടിയത് 1898-ൽ മാത്രമാകുന്നു. ഇപ്പോഴത്തെ സാക്ഷാൽ ജോലി 1895 ൽ ഉണ്ടായിരുന്നതുതന്നെ.

കൊക്കൊ

‘കൊക്കൊ’ എന്ന പദാൎത്ഥം മലയാളത്തിൽ വന്നുതുടങ്ങീട്ട് അധികകാലമായിട്ടില്ല. ഇയ്യിടയിൽ ജനങ്ങൾ അതിനെ സാധാരണയായി ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. എങ്കിലും ആ സാധനം എതിൽനിന്നുണ്ടാകുന്നു എന്നോ, അതു ശരീരപോഷണത്തിന്നു എത്രത്തോളം ഉപകരിക്കുന്നു എന്നോ, മനസ്സിലാക്കീട്ടുള്ളവർ വളരെ ചുരുക്കമെന്നുതന്നെ പറയാം. ഈ സ്ഥിതിക്ക് അതിനെപ്പറ്റി ഇവിടെ കുറച്ചൊന്നു പറയുന്നതു യുക്തവും ആവശ്യവുമായിരിക്കുമെന്നു കരുതി ഈ സംക്ഷേപവിവരണം ചേൎക്കുന്നു.

തകരച്ചെപ്പുകളിലാക്കി വരുന്നതും അങ്ങാടിയിൽ വാങ്ങിപ്പാൻ കിട്ടുന്നതുമായ ‘കൊക്കൊ’ എന്ന പദാൎത്ഥം തവിട്ടുനിറത്തിലുള്ള ഒരു പൊടിയായിട്ടാണല്ലൊ നാം കണ്ടുവരുന്നത്. ഈ പൊടി ‘ക്കൊക്കൊ’ എന്ന ചെടിയുടെ ഫലങ്ങളിൽനിന്ന് ഉണ്ടാക്കുന്നതാകുന്നു. ഇത്തരം സസ്യം സാധാരണയായി അത്യുഷ്ണപ്രദേശങ്ങളിലും പ്രത്യേകിച്ച് അമേരിക്കാരാജ്യത്തുമാണ് ധാരാളമായി ഉണ്ടാകുന്നത്. ഇന്ത്യാരാജ്യത്തു മലയാളത്തിലും ചിലേടങ്ങളിൽ ഇല്ലെന്നില്ല. കാഴ്ചയിൽ ഇതിന്ന് ലൈബീറിയൻ കാപ്പിച്ചെടിയുടെ വലിപ്പമുണ്ടെന്നു പറയാം. കഷ്ടിച്ച് പതിനാറ് പതിനെട്ട് അടി പൊക്കമുണ്ടാകും. കാപ്പിയിലയുടെ സമ്പ്രദായത്തിൽതന്നെയാണ് ഇതിന്റെ ഇല. നീളംമാത്രം അല്പംകൂടി കാണും. പൂവ് വളരെ ചെറിയതും ചുമന്ന നിറത്തിലുമാകുന്നു. തടിയിൽനിന്നു പൊട്ടിപ്പുറപ്പെടുന്നതായ അതിന്റെ ഫലങ്ങൾ പീച്ചിങ്ങയുടെ ആകൃതിയിലാണ്. വലിപ്പവും ഏകദേശം അത്രതന്നെ എന്നു പറയാം. 8—10 ഇഞ്ച് നീളവും 3—5 ഇഞ്ച് വണ്ണവുമുണ്ടാകും. കഷ്ടിച്ച് ഒരു കടിഞ്ഞിക്കുരുവിന്റെ വലിപ്പത്തിൽ ഉള്ളതും അതി ധവളമായ തോലുകൊണ്ടു മൂടപ്പെട്ടിരിക്കുന്നതും ആയ കുരുക്കളാൽ അ

വ ഗർഭിതങ്ങളാകുന്നു.. ഏകദേശം അൻപതു മുതൽ നൂറുവരെ കുരുക്കൾ ഓരോ കായിൽ ഉണ്ടാകും. മീനം മേടം ഈ കാലങ്ങളിലാണ് ഈ ചെടി പുഷ്പിക്കുന്നത്. കായ്ക്കു മൂപ്പെത്തുന്നതിനു മൂന്നുമാസം വേണ്ടിവരുന്നു. വളർത്തുന്ന ചെടിയെ എത്രത്തോളം രക്ഷിക്കുന്നുവോ അത്രത്തോളം കായകളുടെ വലുപ്പവും പെരുപ്പവും കൂടിക്കാണുന്നതാണെന്നു പ്രത്യേകം പറവാനില്ലല്ലോ. പ്രധാനമായിട്ടുള്ള വളം ചാണകം തന്നെയാണെങ്കിലും അപ്പോഴപ്പോൾ എല്ലുപൊടിച്ചു കടയ്ക്കലിട്ടു മൂടുന്നതുകൊണ്ടു കായ സമൃദ്ധിയായി ഉണ്ടാകുന്നു. നനയൊട്ടും ഉപേക്ഷിക്കരുത്. എല്ലായ്പോഴും കടക്കൽ വെള്ളം നിറുത്തണം. നല്ല പുഷ്ടിയുള്ള ചെടിയിൽനിന്ന് ഒരു കൊല്ലത്തിൽ നൂറിഅൻപതു റാത്തൽ തൂക്കമുള്ള കൊക്കൊ എടുക്കുന്നുവത്രെ. അനുഭവം തുടങ്ങുന്നതിനു കൂടിയത് അഞ്ചാറുകൊല്ലം വേണ്ടിവരുന്നു.

ഇനി കൊക്കൊ ഉണ്ടാക്കുന്ന സമ്പ്രദായം എങ്ങിനെ എന്നും അതു എത്ര വിധമുണ്ടെന്നും അല്പം പ്രസ്താവിക്കാം. മൂപ്പുചെന്ന കായകളെ പറിച്ചെടുത്തു തൊണ്ടുകളഞ്ഞ് ഉള്ളിലുള്ള കുരുക്കളെ തോലിയോടുകൂടിത്തന്നെ ഒരു വലുതായ പെട്ടിക്കകത്തിട്ട് അടച്ചു വെക്കുന്നു. അവിടെത്തന്നെ പത്തു പതിനാറു ദിവസം ഇരിക്കുന്നതുകൊണ്ട് ഈ കുരുക്കൾക്കു പുഴുക്കം തട്ടുകയും തന്നിമിത്തം അതുകളുടെ നിറത്തിനു വ്യത്യാസം വരുന്നതു കൂടാതെ സ്വാദും കൂടുന്നു എന്നാണ് പറയുന്നത്. ഇതിനുശേഷം അതുകളെ പുറത്തെടുത്തു വെയിലത്തിട്ടു ഉണക്കി വെടിപ്പുവരുത്തിവെക്കുന്നു. ഇങ്ങിനെ ഉണക്കംചെന്ന കുരുവാകുന്നു ഓരോ പട്ടണങ്ങളിലേക്കു വ്യാപാരത്തിന്നു അയച്ചു കൊടുക്കപ്പെടുന്നത്. എന്നാൽ വ്യാപാരികൾ അതുകളെ പിന്നെയും വെയിലത്തിട്ടുണക്കുന്നതുകൊണ്ടു തോലെല്ലാം പൊളിഞ്ഞുപോയി കുരുവിന്റെ പരിപ്പു മാത്രമായി ശേഷിക്കുന്നു. ഈ പരിപ്പാകുന്നു കൊക്കൊ നിബ്സ്. (Cocoa nibs) എന്നു പറയപ്പെടുന്നത്. ഇതു പൊടിച്ചതാകുന്നു കൊക്കൊ. ഇതാണ് ശുദ്ധമായിട്ടുള്ളതും യാതൊരു കൂട്ടും ചേരാത്തതുമായ തരം. മേൽപറഞ്ഞ കുരുക്കൾപരിപ്പിൽനിന്നു നെയ്യ് ഏതാനും കളഞ്ഞു പൊടിച്ചുണ്ടാക്കിയതാകുന്നു, പഞ്ചസാരയും സ്വാദും കൂട്ടിച്ചേർത്തു

മറെറാന്നു ഇങ്ങിനെ രണ്ടു തരത്തിൽകൂടി സാധാരണയായി കൊക്കൊ ഉണ്ടാക്കി വരുന്നുണ്ട്. കാപ്പിപ്പൊടി, തേയില, എന്നിവകളിൽ പോലെ ഈ പദാർത്ഥത്തിലും വ്യാജം വളരെ നടന്നു വരുന്നുണ്ട്. സൂക്ഷ്മം പറയുന്നതായാൽ ഇതിപ്പോൾപ്പോലെ കൃത്രിമം മററുള്ളവയിൽ ഉണ്ടോ എന്നു സംശയമാണ്. അരയ്ക്കാൽ പങ്കുപോലും കൊക്കൊ ചേരാത്തതായ പദാർത്ഥത്തെ കൊക്കോവിൻെറ സ്ഥാനത്തു വ്യാപാരികൾ വിററും ജനങ്ങൾ വാങ്ങി ഉപയോഗിച്ചും വരുന്നുണ്ട്. ഭക്ഷണപദാർത്ഥത്തിൽ കൂട്ടുകൂട്ടി വില്ക്കരുതെന്നുള്ള പാർലിമെണ്ടാക്ടു ഉണ്ടായിരിക്കെ ഇങ്ങിനെ ഒരു അന്യായം നടക്കുമൊ എന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ എത്രയും നല്ല കൊക്കൊവിൽതന്നെ പകുതിയിലധികം ശുദ്ധകൊക്കൊ ചേർന്നിരിക്കയില്ലെന്നു പ്രമാണികളായ ആംഗ്ലേയവ്യാപാരികൾതന്നെ പ്രസ്താവിക്കുന്നു. ഈ വിഷയത്തിൽ വ്യാജം പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും അങ്ങിനെ വ്യാജം ചെയ്യുന്നവരെ മേപ്പടി പാർലിമെണ്ടാക്ടു അനുസരിച്ചു ശിക്ഷിച്ചതായി കേട്ടുകേൾവിയില്ല. ആ കൂട്ടരെ പിടികിട്ടുവാനും പ്രയാസം. എന്തെന്നാൽ കൊക്കൊ ചെപ്പിനു പുറത്തു വലിയ അക്ഷരത്തിൽ അതിധാടിയിൽ അതിൻെറ ഗുണത്തെപ്പററി പ്രശംസിച്ചു പറയുന്ന ഇടക്ക് ഒററത്തായി ചെറിയ അക്ഷരത്തിൽ 'പഞ്ചസാരയും മററും സ്വാദിനുവേണ്ടി ചേർത്തിട്ടുണ്ട്' എന്നു എഴുതിയിട്ടുണ്ടാകും. ഇതുകൊണ്ട് അവരിൽ യാതൊരു വഞ്ചനക്കുററവും ആരോപിക്കുവാൻ തരമില്ലാതെ വരുന്നു. എന്നാൽ മററു പദാർത്ഥങ്ങൾ എത്ര പങ്കുവീതമാണ് കൊക്കൊവിൽ ചേർത്തിട്ടുള്ളത് എന്ന് ആർക്കെങ്കിലും ഊഹിക്കാമൊ. ഒരിക്കലും വയ്യ. വ്യാപാരികൾ അതു പറയുന്നതും അല്ല; നിയമവും അത് ആവശ്യപ്പെടുന്നില്ല. എന്താണു നിവൃത്തി?

മേൽപ്പറഞ്ഞ ഓരോ തരത്തിൻേറയും സവിസ്തരമായ ഗുണദോഷവിചാരം ചെയ്യുന്നതുകൊണ്ടു ലേഖനദൈർഘ്യം വരുമെന്നു ഭയപ്പെട്ടു ഇവിടെ ഇത്രമാത്രം പറയുന്നു. കൊക്കോപരിപ്പിനു* ആവശ്യക്കാർ വളരെ ചുരുക്കം. ഈ സംഗതികൊണ്ടുതന്നെ ജനങ്ങൾക്കു നല്ലതരം ഏതെന്നു മനസ്സിലായിട്ടില്ലെന്നു നമുക്കു ഊഹിക്കാവുന്നതാണ്. ഇംഗ്ലണ്ടുരാജ്യത്ത് ആകെ കണക്കു നോക്കിയാൽ

ഒന്നാന്തരം കൊക്കൊവ്യാപാരം ചെയ്യുന്നവർ നൂറിൽ ഒരെണ്ണമുണ്ടാകുമെന്നു പറയാം. ഒടുവിൽ പറഞ്ഞതരം പഞ്ചസാരയും സ്റ്റാർച്ചും ചേർത്തിട്ടുള്ളതാണല്ലൊ. സ്വാദുകൂട്ടുവാനും, ശരീരപോഷണത്തിന്നു ആവശ്യമുള്ളതിൽ അധികമുള്ള നെയ്യ് കൊക്കൊവിൽ ഉള്ളതുകൊണ്ട് അതിനെ നികത്തുവാനുമാണ് ഈ കൂട്ടുചേർത്തിരിക്കുന്നതെന്ന് ഈ വ്യാപാരികൾ ഘോഷിക്കുന്നു. കൊക്കൊപരിപ്പിലുള്ള നെയ്യ് എടുത്താണും കളഞ്ഞു പൊടിച്ചുണ്ടാക്കീട്ടുള്ള തരമാണ് രണ്ടാമതായി പറഞ്ഞത്. ഈ തരത്തിന്നു വില കുറെ കൂടുമെങ്കിലും ജനങ്ങൾക്ക് ഇതിലാണ് അധികരുചികാണുന്നത്. ഈ പക്ഷക്കാരുടെ അഭിപ്രായത്തിൽ മൂന്നാന്തരം കൊക്കൊ ഭക്ഷിക്കുന്നതുകൊണ്ടു ദീപനം വേണ്ടപോലെയുണ്ടാകുന്നില്ലെന്നും അഗ്നിമാന്ദ്യം ഭവിക്കുന്നു എന്നും ആകുന്നു. എന്നാൽ മററുള്ളവർ ഈ തരത്തെയും ആക്ഷേപിക്കാതിരിക്കുന്നില്ല. കൊക്കൊ എന്ന പദാർത്ഥത്തിൽ സാരമായ അംശം അതിലെ നെയ്യാണെന്നും ആ അംശം ഇല്ലായ്മ ചെയ്യുന്നതുകൊണ്ടു ഗുണഭാഗം നശിച്ചു കൊക്കൊ പിശറുമാത്രമായി തീരുന്നു എന്നും അവർ പറഞ്ഞുവരുന്നു.

ഈ മൂന്നുതരവും കൂടാതെ 'ചോക്കൊലെറ്റ്' എന്ന വേറൊരു തരവും ഉണ്ടാക്കിവരുന്നുണ്ട്. അതിൽ കൊക്കൊവും പഞ്ചസാരയും മാത്രമെ ചേർത്തിട്ടുള്ളു. സ്റ്റാർച്ച് അംശമില്ല.

ഒരു സ്പൂൺ കൊക്കൊപ്പൊടിയിൽ അരസ്പൂൺവീതം നെയ്യുണ്ടായിരിക്കും. ഇതിനാലാണ് കൊക്കൊ നല്ലൊരു ഭക്ഷണപദാർത്ഥമായി സ്വീകരിക്കപ്പെടുന്നത്. ചായയും കാപ്പിയും ഉപയോഗിക്കുന്നതുകൊണ്ടു ദേഹപോഷണത്തിന്നു ഒരു മാർഗ്ഗമായി എന്നു പറവാൻതന്നെ വയ്യാ. അതുകളിൽ ശരീരരക്ഷക്കു ഗുണപ്രദമായ യാതൊരു പദാർത്ഥവും അടങ്ങീട്ടില്ലെന്നല്ല അതുകൾ നിത്യം ശീലിക്കുന്നതുകൊണ്ടു ഞരമ്പുകൾക്കു ക്ഷീണം തട്ടുകയും തദ്വാരാ പലപ്രകാരത്തിലുള്ള രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു എന്നു പറയുന്നതിൽ ഒട്ടും തെററില്ല. ചായയുടെ ദോഷങ്ങളെപ്പററി ഇതിന്നുമുമ്പിൽ ഈ മാസികയിൽതന്നെ ഒരു ഉപന്യാസം ഉണ്ടായിരുന്നതുകൊണ്ട് അതു വീണ്ടും ഇവിടെ പ്രസ്താവിപ്പാനില്ല. കാപ്പിയുടെ ദോഷങ്ങളെപ്പ

റിയും ഒരു ലേഖനം ഈ മാസികയിൽ തന്നെ ഉണ്ടായി കാണുന്ന-
തിനെ ആഗ്രഹിച്ചുകൊണ്ട് ഇവിടെ അവസാനിപ്പിക്കുന്നു.

എസ്സ്. വി.

കൊച്ചി ചെറിയ
ശക്തൻ തമ്പുരാൻ

82. പാരമതിമന്ദിമിഴിയതിന്നവളെന്നറിഞ്ഞ-
പ്പോരാർന്നമന്നനുടനേയോടിവലിച്ചിരുന്നോർ
തീരാതൊരല്ലലൊടെഴുംപൊഴുതന്നമന്ന-
നോരാകിലെന്തുതിരിവുയണവലിക്കുകൈക്കൊന്നാൻ.

83. തണ്ടുള്ളതോക്കിലെയുണ്ടപോലെ ചലിച്ചുകൊണ്ടി
കണ്ടുള്ളപേടിയൊടുടൻമറവേബോട്ടിലുള്ളോർ
കണ്ടൊത്തകയലിലെറിഞ്ഞുകുടഞ്ഞൊരാച്ചു-
കൊണ്ടുള്ളതെല്ലുമില്ലകാതലർമേനിയാളെ

84. കിട്ടാത്തതിൽകൈതവിട്ടുകനിവുള്ളിലൊട്ടു
നട്ടാത്തതാരിയിവരെയൊക്കെയുടൻപിടിക്കു
വിട്ടാൽ തുടങ്ങുമിനിയുംതകരാറുകളീ
മട്ടായ്ത്തരത്തിലിവരെന്നുപറഞ്ഞുമന്നൻ

85 കെട്ടാട്ടുകൂടിയൊരുകല്ലുകണക്കുതാഴും
മട്ടാടികഞ്ഞുമൊഴിയാളെയുമങ്ങുപിന്നെ
വിട്ടോടിയുള്ളരൊട്ടുവലിച്ചുടനപ്പൊഴുള്ള
ചുട്ടോടിടുന്നമറവഞ്ചിപിടിച്ചുമന്നൻ

86. പകായമേന്തിയെതിരിട്ടവരൊട്ടുകൂട-
മൂകാന്തമന്നനുടനേയൊടിനാമതിലുട്ടൊന്നാർ
മുകാരമുറ്റുമറവഞ്ചിയിൽവെച്ചുതണ്ടു
തകൂട്ടിചെന്നുകറമൂന്നുകയറെത്തുതിന്നു.

87. ഉപ്പാരിലൊക്കെവിളക്കുകൊണ്ടുവിളങ്ങിടുന്ന
ഒപ്പാനിലുള്ളപടയാളികളെന്നപോലെ
ചെല്ലാൻകൂട്ടരവർനിരിടകിൽതട്ടപ്പാ-
നിപ്പാറിടത്തിലൊരിടത്തിലുമില്ലൊരാളും.

88. കാണിക്കുമിപ്പുകൾപുലരുന്നതന്നൃപൻതാൻ
കാണിക്കുകില്ലലിവുനമ്മളിലാകയാലെ
കേണിക്കഴൽക്കൽപ്പഴുതെപണിയേണമോ ചാ-
ക്കാണിക്കുകെന്നതിന്നമറൊഴാമതിന്ന്

89. ചാക്കൊണ്ടൊരുതല്ലിലിനിയെന്നവരുക്കിരട്ടി-
ച്ചുക്കൊണ്ടങ്ങൂഷ്ടയകൂട്ടരോടൊത്തതിന്ന്
വക്കാണമന്നതിൽവിറച്ചുതുകണ്ടവജ്ഞി
വക്കൊന്നുവരുമിടസ്ഥാനത്തിവമ്പനല്ലോ

90. വെമ്പാക്കിപ്പാലൈതടിച്ചപാരമിടുക്കവേണം
വമ്പാക്കിനക്കിനിലവനൊക്കിമുറുക്കുമില്ല
വിമ്പാകെക്കില്ലവിടുകില്ലിനിയിങ്ങെഴുന്ന
വമ്പാക്കുകെന്നതല്ലിനേത്തിളമന്നവൻമാർ

91. തല്ലാതടുക്കലുമിടക്കുമിടുക്കകാട്ടി-
ച്ചെല്ലുന്നൊരാളുകളൊടുമെ ഞങ്ങടുപിന്നെ
പല്ലുംപറിഞ്ഞുവിഴുമാറിടിയെന്നിവണ്ണം
ചൊല്ലുംകലുഷതനോടവർപോർത്തുമങ്ങി

92. തല്ലിൽപ്പുറകെവരാതതിരപ്പുറികൊണ്ടുവല്ലും-
തല്ലിൽപ്പുറകെവരിതുട്ടുവരൊട്ടുകറി
ചൊല്ലിത്തിരിച്ചുകറവക്കെത്തന്നെവീമ്പും
ചൊല്ലിത്തിരിച്ചുകറവക്കുറത്തീട്ടതിത്ര

93. നാലഞ്ചുനാഴികനടത്തിയനല്ലപോരി-
നാലഞ്ചുവീരരെയരമ്പന്നടയ്ക്കയന്തക്കൂട്ടർ
മേലാഞ്ചിയിട്ടുപടിചോരയിൽമുക്കിയോരു
മേലഞ്ചിട്ടംപടിയടിച്ചുടനൊക്കെവീഴ്ത്തി

94. പിന്നെപ്പിടിച്ചുപിടയാതവരിഞ്ഞുകെട്ടി
മന്നന്നമറ്റവരെയന്നവർ കാഴ്ചവെച്ച്
'എന്നന്നചെയ്യപിഴകൾക്കിവർതന്നെമുക്കി
ക്കൊന്നെന്നിയേകരകേടില്ലിനി'യെന്നുരച്ചു.

95. നേരാണ് നിങ്ങൾപറയുന്നതുനേരെയാവാം-
ത്തോരാണിതെങ്കിലിവരെത്തരമോർക്കിൽ വൻ
നീരാണ് നല്ലതുടലിൽ ചിലകല്ലുകെട്ടി
നീരാനയച്ചിടുകിതെ'ന്നരചൻ പറഞ്ഞു.

96. ഈമട്ടുകാരമരടലിലെയൊക്കെയില്ലയെന്നാ-
ട്ടുമട്ടമൊരുമയമുള്ളിനെഴുന്നമന്നൻ
ആമട്ടുതാററമൊഴിയാലതൊചെയ്തിട്ടന്നാ-
രാമട്ടുള്ളക്ഷമരമാകിയവക്ഷകായൽ

97. പിന്നെത്തിരിച്ചുവലയാത്തലവാലർമല-
റന്നത്തിരക്കളികലന്നാതകായലികൾ
ചേർന്നിത്തിരക്കമവർകണ്ടുപുലച്ചുയാത്തും-
യെന്നിത്തിരിച്ചുമുറകീട്ടുവലിച്ചുപോയി.

98. കന്നിന്മേലുളപുലതന്നതിന്നാട്ടുമൂന്നാ-
മന്നിന്നണാളുനടന്നെത്തിയകൂട്ടുചൊന്ന
പൊന്നിന്മലക്കൊടുമുടിപ്പൂത്തുകൊണ്ടുള്ളി-
ച്ചുന്നിത്തുചൊന്നളവിലെന്തവർപറഞ്ഞു.

99. മീനല്ലമീൻമിഴിവിഴുന്നരചൻ പറഞ്ഞു
താനല്ലിൽ വാലർവലകെട്ടിയിരുന്നിതല്ലേ?
ഞാനല്ലതേടിവരുന്നതയിളന്നുകേമ-
നാനല്ലമന്നനിനിബോധിയ്ക്കരുള്ളുകെല്ലാം'

100. ഞാനെന്നതിയെട്ടു പറവാനതനെത്തമട്ടിൽ
മാനോടിടും മിഴിയൊടൊത്തുകഴിച്ചുപിന്നെ
വാനോരമ്മടെത്താരരചൻ മടവാർക്കുമാല്യ
റാമനാനിനാൻ പുകിയിങ്ങിനെയാടലോടെ.

101. നൊമ്പരനിരാകയുടെനാലർന്നാകരു
തന്മനിയൊത്തുമലനാട്ടിലെന്തരത്തിൽ
നിന്മനിക്കൊണ്ടിപതിലകയേർകെട്ടുവാനെ-
ന്നമ്മേ! നിനക്കു മറിയാരുമിലകർത്തനെ.

102. പാർക്കാതതിട്ടന്നു കഠിനമുതിരാതനാരായി-
പ്പാകത്തിലായിരുന്നിട്ടാറനിവന്നു
മാൽകത്തിട്ടന്നിരിവാറിനിയെന്നിനാംഭേ-
നാകാതകൂട്ടരടെയാടൽനിനച്ചുതോളം.

103. പിൻനാമലർഠികെല്ലാതങ്ങപിറകർവാർച്ച-
ത്തെനാമലസ്സു മുളല്ലമനാറിംവസ്സു
ഒന്നാമലസ്സുനിരയൊത്തവർളു! വരുമാ-
യിന്നാമലസ്സുമലൊക്കമലസ്സുകൊണ്ടൻ.

104. മാല്യംകാറിതെളിവുമായിടെചാരമെന്നാ-
യാല്യംവാരതെളിവുതന്നെയൊരാറിംകെവേണ്ടാ
കോല്യന്നാരിക്കളവുകണ്ടുപിടിച്ചിടൊട്ടു-
കൊന്നാമൊഴലാകിനുള്ളപകിട്ടുകാണാം.

105. വേണ്ടാത്തതരത്തിൽ മുതൽ തൊട്ടവയൊക്കെയൊന്നു
കണ്ടാൽത്തെളിഞ്ഞു കൊതിയന്നു കളഞ്ഞിടാതെ
വേണ്ടാത്തതിൽകൊതികടന്നുളകിട്ടിടൊല്ലാ
കൊണ്ടാത്തടിച്ചു മഴലാളുകൾ തേടിടുന്നു.

106. തെല്ലുംകൊതിക്കാതിരിക്കയതെന്നു നല്ലോർ
ചൊല്ലുന്നതാകിലതിലുംകൊതികൂടിനില്ക്കും
ചൊല്ലുള്ളവർക്കുമകതാരതതാന്തതിങ്കൽ
ചെല്ലുന്നിതല്ലലൊഴിവാൻ വഴിയെന്തു പിന്നെ?

107. ഉള്ളത്തിലുംതെളിവുദിന്നവതമ്പുരാന്റെ
വല്ലാത്തവമ്പുവിളയുന്നപകിട്ടതെന്നു
നില്ലാതെതാതുളവാക്കിടുമുള്ളപാട്ടി-
ച്ചെല്ലാതെതാരളകളിലൊക്കെയുമൊക്കടാനി

108. മാലാലെമാഴ്കരുതുനീമുതൽകല്ലലായൊ-
ന്നാലയതിൽപെരുകിടുംതെളിവാർന്നിടൊല്ല
ചേലാർന്നല്ലാറിവിലുംകൊതിമേചിത്രാൎക
മേലാൽ വരുംതെളിവുമല്ലലുമോർത്തിടാതെ.

109. വായിച്ചുനീവിലവല്ലരെന്നതപാഠമൊന്നൊ-
ന്നായിക്കനേകമറിവൊക്കവതൊക്കെയെന്നാൽ
നീയിക്കണക്കിലഴൽതേടുവതൊക്കെമേലാൽ
പോയിക്കിടുംതെളിവുമല്ലലുമൊന്നുകാണാം.

110. പേർത്തുണ്ടതൊക്കെമൂന്നായതുനാനിനച്ചുകൊണ്ടു
ചൊടിയ്ക്കണമെതിരുമനികലകക്കുന്നിൽ
വാർത്തില്ലവലിയവരൊക്കെയിയല്ലലായ-
തിർത്തുമൊയാളുവതിനുള്ളതനൊന്നു തീർപ്പോ.

111. നിഷ്ഠാക്ഷരന്നിലിവരെയാക്ഷേപകരനുരാൻതാൻ
ചെയ്യുന്നതിൽതെളിവുമല്ലല്ലമററിടസ്സു
പെയ്യുന്നമാൽകളുക, കാട്ടിയതൊക്കെയുംക-
ണ്ടിയ്യുള്ളോപസ്ഥിനിയിരിക്കുകചാതുരോളം.

112. ആരുമേട്ടാല്പംമൊഴിയുടയമാൽമാറിട്ടാമാറടൻതാ-
വിമേട്ടാതിറ്റുകഴുമലയാളുംമുഴക്കെപ്പുരക്ഷി
ആരുമേട്ടങ്ങളെ തെളിയൊട്ടനിറച്ചൂടികാത്താമിട്ടകൻ
പൂമേട്ടാമെയ്യുടയവാരണിത്തകരമാത്തങ്ങൾപാറു.

കണ്ടൂര് നാരായണമേനോൻ ബി. എ.

മാറമ്മയുടെ ഉപദേശം

ഉ.ു ന്യവിരൽ നാകത്തോള വളച്ചുമോതിരവിരലിന്റെ പുറത്തു കയററി മണലിലിട്ടാച്ചുവരുണ്ടാകുന്ന ഫലം ഞാൻ കാലത്തന്നെ കണ്ടറിഞ്ഞിട്ടുണ്ടെങ്കിലും നിലത്തു വരയും വിരലിന്റെ ഇറവലു ദുഃഖം മാത്രമാണെന്ന് അമ്മയെ മനസ്സിലാക്കണ്ടാവി ആറുമാസം ബുദ്ധിമുട്ടേണ്ടിവന്നു. പിന്നീട് അച്ഛന്റെ സുഖക്കേടും അമ്മയുടെ കഷ്ടപ്പാടും എന്റെ മടിയും ക്രമത്തിൽ വർദ്ധിച്ചുവന്നതുകൊണ്ട് കുറെക്കാലം എഴുത്തും വായനയും കൂടെതന്നെ കഴിഞ്ഞു. അച്ഛൻ മരിച്ച വ്യസനം ആറിത്തുടങ്ങിയ കാലത്ത് ഒരു ആശാൻ അയൽവക്കത്തെ കുട്ടികളെ എഴുതിച്ചു തുടങ്ങിയെന്നും മുൻകുട്ടി ഗുരുക്കന്മാരെ കരുതൊഴുക്കൽ അനാസ്ഥപോലെ ശിഷ്യർക്കു വിദ്യയും ഗുണവും ദാനം ചെയ്യുന്നതിന്നു ആശാൻ ഒട്ടും സമർത്ഥനാണെന്നും എന്തൊ ഒരു സ്ത്രീ അമ്മയെ ധരിപ്പിച്ചു. ആ സ്ത്രീ ഒഴിച്ചാലൊഴിയാത്ത ബാധയായി കുടിയേറ്റപ്പോൾ അമ്മ അവരെ വിശ്വസി

ച്ചു നല്ല ദിവസം നോക്കി എഴുത്തു പഠിക്കുവാനെന്നു അയക്കേണമെന്നു തീൎച്ചപ്പെടുത്തി. വേഷംമാറി നടക്കുന്ന രാക്ഷസികൾ കുട്ടികളെ പിടിച്ചുകൊണ്ടുപോയി കൊന്നുതിന്നുന്നത് ഞങ്ങളെ രാമനും മറ്റും കണ്ടിട്ടുണ്ടെന്ന് അമ്മയോട്ടു ഞാൻ കരഞ്ഞുപറഞ്ഞുനോക്കി. പക്ഷെ നല്ലദിവസംനോക്കി ആ സ്ത്രീ വന്നപ്പോൾ അമ്മ ഞാൻ പറഞ്ഞതുകൂടി അവരോടുപറഞ്ഞ് എന്നെ കൂട്ടിഅയച്ചു. ആശാനെ കണ്ടപ്പോൾ ആൾ രാക്ഷസനായാൽ പോരാ എന്നും അന്തകന്റെ അച്ഛനൊ കൊച്ചനൊ ആയിരിക്കണമെന്നും എനിക്കു തോന്നി. പരിചയമുള്ള കുട്ടികളുണ്ടായിരുന്നതുകൊണ്ടു പേടിക്കു ഭേദം തോന്നിയെങ്കിലും ആശാന്റെ സമ്പ്രദായം കണ്ട് ഉള്ളു കിടുകിടുത്തുകൊണ്ട് ഞാനൊരു മൂലയിൽചെന്ന് അടങ്ങിഒതുങ്ങിയിരുന്നു. ആശാൻ കുട്ടികളുടെ ക്രമം കോട്ടവും തീൎത്തിരുത്തി എന്തോ ശബ്ദിച്ചപ്പോൾ ചിലർ ചിലതെല്ലാം ചൊല്ലിത്തുടങ്ങി. വഴിനടന്ന ക്ഷീണവും കരഞ്ഞ കാരണം കഴിഞ്ഞതുകൊണ്ടു വെശപ്പും ആശാനെക്കണ്ട പേടിയുംകൂടി ഞാനിരുന്നൊന്നു കണ്ണടച്ചു. കുട്ടികളുടെ കരച്ചിൽകേട്ടു കണ്ണു മിഴിച്ചതാശാന്റെ മുഖത്താണ്. പക്ഷെ നോട്ടം എന്റെ നേൎക്കായിരുന്നില്ല. ഈ ലോകിൽ ആ സ്വരൂപത്തെ ഞാനൊന്നു സൂക്ഷിച്ചുനോക്കി. തലയിൽ പാറിച്ചെമ്പിച്ച അരവര കുറ്റിരോമം, കഴുതനാറി, ഉണ്ടക്കണ്ണ്, വെളുന്തി, ചെറിയ മൂക്ക, നട്ടക്കൊമ്പുകൾ, വലുപ്പം ധാരാളമുള്ള വായിൽ പല്ലുകളുടെ തിക്കും തിരക്കും കലശലായിച്ചിലതു പുറത്തേക്കു പുറപ്പെട്ടുകൂട്ടത്തിൽ ഒന്നരണ്ടെണ്ണം സ്ഥലം കണ്ടതു മൂക്കിന്റെ ഇടയിലാണ്. ഇതുമൊക്കെ നോക്കി കഴിഞ്ഞിട്ടും ആ നോട്ടം ആശാൻ മാറ്റാതെയിരിക്കുന്നതു കണ്ടു ഞാൻ പല്ലുകളുടെ നിറഭേദവും കൂടി മനസ്സിലാക്കാൻ തുടങ്ങി. ഉറക്കം തൂങ്ങിയാൽ പോരാ, ഒപ്പത്തിനൊപ്പം ഇരിച്ചു ചിരിക്കണോ? ടേ, ഹേ! എന്നൊരു വെടി പൊട്ടിക്കലും എന്റെ ചെവിപിടിച്ചു വട്ടം ചുറ്റിക്കലും ആശാനൊപ്പം കഴിച്ചു. കരഞ്ഞാൽ ശിക്ഷ ആവൎത്തിക്കേണ്ടി വരുമെന്നു കണ്ടടതുകൊണ്ടു കരയാതെ കരച്ചിലും കണ്ണീരും ഞാൻ അമൎത്തിപ്പിടിച്ചതു ഒന്നായിക്കിടന്നുപൊട്ടിയ കഥ ഞാനാരെങ്കിലും അറിഞ്ഞില്ല. ആശാന് ഒന്നിന്മേൽ നോക്കി ഒരോന്നു മനസ്സിലാക്കുവാനുള്ള വി

ദ്യയുണ്ടെന്നു ഞാനറിഞ്ഞതാ?' എന്നു ഞാൻ കിണുങ്ങിക്കൊണ്ടു പറഞ്ഞപ്പോൾ ആശാന്റെ ഭാര്യ (വീട്ടിൽ വന്നിരുന്ന സ്ത്രീ) പൊട്ടിച്ചിരിച്ചു. ആശാനും ചില ഗോഷ്ടികൾ കാട്ടി. ഇതിനിടയ്ക്കു എന്റെ ഇരിപ്പിടം തണുത്തു തുടങ്ങിയപ്പോൾ തുടകളെ ഒന്നുകൂടി അമർത്തിപ്പിടിച്ചു നോക്കി. പക്ഷേ, അടുത്തിരുന്നിരുന്ന മീനാക്ഷി എന്ന പെൺകുട്ടി 'മൂത്രം' എന്നു പറഞ്ഞെണീററു. അപ്പോളാണ് ആശാനും ഭാര്യക്കും കാര്യം മനസ്സിലായത്. ഭാര്യ ആശാന്റെ കൃപാഭാവത്തോടെ ഇറിച്ചുനോക്കിക്കൊണ്ട് എന്നെ വിളിച്ച് അകത്തേക്കു കൊണ്ടുപോയി. മേൽ കഴുകിച്ചു മുണ്ടുമാറി ഉടുപ്പിച്ചതിന്റെ ശേഷം മേലാൽ എന്നോടു പറയണം, ഉപദേശിച്ചു. .... കുട്ടികളെയെല്ലാവരെയും പ്രകൃതം മനസ്സിലാക്കി മിടുക്കന്മാരായ കുട്ടികളുടെ ശരീരപ്രകൃതിയും ബുദ്ധിയുടെ പോക്കും അനുഭവപ്പെട്ടതുപോലായി ഈ മാതിരി സമ്പൂർണ്ണം ചില കൈകൾ പ്രയോഗിക്കാറുണ്ടെന്നും ഈ അനുഭവപ്പെട്ടതിൽതന്നിട്ടുള്ള വിദ്യകളെ പൊറുമയോടുകൂടി പരീക്ഷ മുട്ടിയല്ലാതെ പ്രയോഗിക്കരുതെന്നു ചെല്ലുപോകരുതെന്നും പറഞ്ഞ് ആശാനെന്നെക്കൊണ്ട് ആപ്രകാരം സത്യം ചെയ്യിപ്പിച്ചു. എന്റെ ദേഹത്തിൽ ഇനിയൊരു പുളി വള്ളി വീഴുവാൻ ഇടയാക്കാതെ ആ വാഗ്ദാനംകൊണ്ട് ഞാനൊരു വലിയ വിദ്വാനും ധൈര്യവാനായിത്തീരുവാൻ തക്ക ബുദ്ധിയും ഫലിതവും പാരമ്പര്യവശാൽ എന്റെ വാക്കിലും പ്രവൃത്തിയിലും പ്രകാശിക്കുന്നുണ്ടെന്ന് അവൾക്കും ആശാനും പൂർണ്ണബോദ്ധ്യം വന്നുവെന്നും എന്നെപ്പറ്റിത്തന്നെ വിശ്വസിപ്പിച്ചു. ആശാനെന്നെ മാത്രമല്ലാതെ കുട്ടികളെ കൈകൊണ്ടു തൊട്ടിട്ടില്ലെന്നുള്ളതിലേക്കു മിററത്തു നില്ക്കുന്ന പുളിമരത്തെക്കുറിച്ചുള്ള പേരെയായാലും വള്ളിച്ചൂരൽ പുറിപ്പടന്ന് ഉരുട്ടു കിടന്നിരുന്ന വിരലോട്ട വെളുത്തുപോയതും എന്നെ ചൂണ്ടിക്കാണിച്ചു ബോദ്ധ്യപ്പെടുത്തി. അവരെന്നെ പിടിച്ചുട്ടെ മെയ്യണച്ചു വിരുന്തി പുറത്തു തലോടിക്കൊണ്ട് 'ഇനി ഭയപ്പെടാതെ പൊന്ന് അൻപത്തൊന്നക്ഷരം വാങ്ങിക്കോളൂ, എന്നുള്ളതാണൊരു സ്നേഹവാക്ക്' എന്നു പറഞ്ഞ് സ്നേഹിതരോടുകൂടി ആശാന്റെ മുമ്പിൽ കൊണ്ടുപോയിരുത്തി. ആശാനെ അകത്തേക്കു വിളിച്ചു 'ശിക്ഷാരീതിനോക്കി പണമാണു കാററ്, മേലുകീഴു നോക്കാതെ വല്ലു

ഈ കാട്ടി കുട്ടിയെ ശീലിപ്പിച്ചുവെച്ചാൽ പിന്നത്തെ എനിക്കപ്പോഴും തന്നെ.' എന്ന് ആരോ ഒരാൾ ശോധിക്കുന്നതും ഞാൻ കേട്ടു. എന്നോടു സ്നേഹംകാണിച്ച ആ സ്ത്രീയെ ഞാൻ പിന്നീട് മററമ്മ എന്നാണ് വിളിച്ചുവന്നത്. ആയവർ ഉപദേശിക്കുവാൻ വന്നിരുന്നു. ആളും എഴുതിച്ച അക്ഷരം എനിക്ക് പരിചയമുള്ള പഴയ 'ഹെഡി' തന്നെയാണ്. പക്ഷെ ശബ്ദിച്ചതങ്ങിനെയൊന്നുമല്ല. ഒച്ച പുറപ്പെട്ടതു തന്നെ വായിൽക്കൂടിയല്ല, ഒരു ഭാരം മേല്പോട്ടു കേറീട്ടാണ്. രണ്ടു കയ്യും കൂട്ടിക്കെട്ടി ഒററക്കുന്തുകാലിപ്പുറത്താക്കി തള്ളിവിട്ടപ്പോഴും 'ഒച്ചപ്പെട്ടല്ലോ പൊടിയും' എന്റെ സ്വരം നിറഞ്ഞു. സ്റ്റോറിലിരുന്നതൊക്കെ കോലമാലം കണ്ടപ്പോഴും ഞാനൊന്നു കോച്ചി മുഖം ചുളിച്ചതു മററമ്മയെ മനസ്സിലായി. 'ഗ്രന്ഥത്തിൽ ഇപ്പോൾ ശുദ്ധിയില്ലെങ്കിലും അധികമായാലൊക്കെ അപ്പോഴുണ്ടാകുന്നതു കാറല്ല' എന്നു മററമ്മ പറഞ്ഞത് ആയവൻ വകവെക്കാതെ 'ചൊല്ലിയതുപോലെ ചൊല്ലണം, ശബ്ദം ഉറച്ചു പുറപ്പെടട്ടെ, അരാണ് മിടുക്കി' എന്നായി. എനിക്കു നിലെച്ചെന്ന് മാത്രം ഉപദേശംകൊണ്ടു കൂടിക്കൂടി ശൌചംതന്നെ പേടകന്നില്ല. ഞാൻ ഒളിപ്പിച്ചിട്ട് തോള്ളിച്ചാലും ഉറിയത്തെ ശബ്ദത്തിന്റെ പുറപ്പാട് കണ്ണിൽക്കൂടി വേണ്ടതായിട്ടു വന്നാൽ അതിനെന്നെക്കൊണ്ടു സാധിക്കയില്ലെന്ന ഞാൻ വച്ചു 'ഹെഡി' എന്ന സാധാരണമട്ടിൽ ചൊല്ലിനോക്കി. പക്ഷെ, 'ഉറച്ചു, കേറിപ്പുറപ്പെടട്ടെ' എന്നായവൻ പിന്നെയും നിഷ്കർഷിച്ചപ്പോഴും വന്നതുവാടട്ടെയെന്നു ഞാനുറച്ചു. മുക്കാൽ ചീറൽ കരൾ ഇറുക്കിക്കൂടി ഞാനൊന്നുറച്ചു ശബ്ദിച്ചു. എന്റെ ശുഷ്ക നല്ലവണ്ണം ഉറന്നു, ആയവന്റെ മുഖവും തെളിഞ്ഞു, പിന്നീട് ശബ്ദം കേററിപ്പുറപ്പെടുവിക്കണമെന്നായവൻ നിഷ്കർഷിച്ചതെയില്ല. ഉപദേശം കഴിഞ്ഞതിൽ പിന്നെ എന്നെ അഭ്യസിപ്പിക്കുന്നതിന്ന് ആയവന്റെ അമ്മയും മററമ്മയും മാറിമാറി ഒരിക്കലും കൂടിട്ടുണ്ട്. ആയവനും മററമ്മയും തമ്മിൽ ശണ്ഠകൂടുക പതിവാണ്. ആ തരത്തിൽ ഞാൻ മീനാക്ഷിയുടെ അടുക്കൽ ചെന്നുകൂടും. പക്ഷെ ആയവന്റെ ഒച്ച മുഴങ്ങുന്നടങ്ങിയാൽ 'നല്ലകൊണ്ടു കയ്യും' എന്നു പറഞ്ഞു മീനാക്ഷി ഞാൻ തന്നെ കാട്ടിത്തരും. ആകാശത്തിലേക്കൊന്നുതന്നെ ചോദിച്ചാലൊക്കെ പറയാറില്ല. ആയാണെടിച്ചതുതന്നെ എനിക്കറിഞ്ഞുകൂട.

വട്ടം ആശാന്റെ പുറത്തുമാത്രമെ കാണാറുള്ളു. അടി കഴിഞ്ഞാശാൻ പുറത്തുവന്നാലന്നു കുട്ടികൾക്കു പെരുമ്പൂജയാണ്. ഇതു മീനാക്ഷി എനിക്കു പറഞ്ഞുതന്നിരുന്നതുകൊണ്ട് ഏതുള്ള പൂജ കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ആശാന്റെ നേരെ ചെല്ലുകയില്ല. അങ്ങിനെ വരുമ്പോൾ മറകാട്ടാൻ മാറമ്മയും ആശാനെ പറ്റിക്കുവാൻ മീനാക്ഷിയും തയ്യാറായിരിക്കും. ഇങ്ങിനെ ആശാന്റെ ഉപദേശവും മാറമ്മയുടെ നിഷ്കർഷയും മീനാക്ഷിയുടെ എന്നെന്നില്ലാത്ത ശുശ്രൂഷയും എന്നെ കഷ്ടിച്ച് എഴുതുവാനും വായിക്കുവാനും വശമാക്കി.

ആശാൻ ഒരു ദിവസം അദ്ദേഹത്തിന്റെ ജ്യേഷ്ഠിയെക്കാണ്മാൻ പോയിരുന്ന സമയം മാറമ്മ എന്നെ വിളിച്ചു 'കേൾക്ക് ഇരുട്ടും കൂട്ടിയിടുന്നതാകും നല്ലതല്ല, ഇതുവരെ പഠിപ്പിച്ചതൊക്കെ അമ്മയെ ബോധ്യപ്പെടുത്തി കണക്കു തീർത്തുവരണം', എന്നു പറഞ്ഞ് എന്നെയും കൂട്ടിക്കൊണ്ട് വീട്ടിലേക്കു പുറപ്പെട്ടു. മീനാക്ഷികൂടി ഉണ്ടാകയാണധികം നല്ലതെന്നു ഞാൻ പറഞ്ഞപ്പോഴതു മാറമ്മ സമ്മതിച്ചു. ഞങ്ങൾ മൂന്നുപേരുംകൂടി എന്റെ വീട്ടിൽ ചെന്നുകേറി. 'ഹരി'യൊട്ടു 'റ'വരെ ഞാൻ കണ്ണുകെട്ടി അമ്മയെ ബോധ്യപ്പെടുത്തി. ആ അക്ഷരങ്ങളുടെ ഗുരുദക്ഷിണയാണെന്നു പറഞ്ഞ് അന്നപ്പോൾതന്നെ മാറമ്മ കയ്യിൽ വാങ്ങിച്ചു. പിന്നീടുള്ള അക്ഷരങ്ങളിൽ ചിലതിന്റെ സംശയം തീർക്കുന്നതിനു മീനാക്ഷി അടുത്തിരുന്ന 'കെട്ടിക്കുനിച്ചു, തൊട്ടുനീട്ടി, പിരിക്കൽ' എന്നും മറ്റും പറഞ്ഞുതുടങ്ങിയപ്പോൾ 'അക്ഷരം ചൊല്ലുന്നതിന്റെ ശബ്ദം ഞങ്ങൾക്ക് അകത്തു കേൾക്കണം കിട്ടും' എന്നു പറഞ്ഞിട്ട് അമ്മയും മാറമ്മയും കൂടി അകത്തേക്കുപോയി. മീനാക്ഷിയുടെ യുക്തിയും എന്റെ ബുദ്ധിശക്തിയും സാമർത്ഥ്യം കേൾപ്പാൻ ഞങ്ങൾ രണ്ടുപേർക്കും ഉണ്ടായിരുന്ന ആ സങ്കടിയുംകൂടിയപ്പോൾ എനിക്കെഴുതുവാനൊരു പ്രയാസവുമുണ്ടായില്ല. അറിയാവുന്ന അക്ഷരങ്ങൾ വരുമ്പോൾ മീനാക്ഷി ചെന്നു പതുങ്ങിനിന്ന് അവൾ പറയുന്നതു മനസ്സിലാക്കിവരും, തോന്നാത്തക്ഷരങ്ങൾ ചോദിച്ചു എഴുതിതീർക്കും. അതുകൂടാതെ ഒരക്ഷരവും വിട്ടുകളവാൻ ആ കുട്ടി എന്നെ സമ്മതിച്ചില്ല. ഞാനെഴുതുന്നതിന്നിടക്ക് വാതിൽമറവിൽ കേട്ടു നിന്നിരുന്ന മീനാ

ക്ഷി പുഞ്ചിരിയോടുകൂടി വരുന്നതുകണ്ട് എന്താ വർത്തമാനം? എന്നു ചോദിച്ചപ്പോഠം 'ഘനഗൌരവത്തോടുകൂടി എഴുത്തു കഴിഞ്ഞിട്ടു' എന്നു മറുപടി പറഞ്ഞതു് എനിക്കൊട്ടും സുഖമായില്ല. എനിക്കും വരാം എന്നു പറഞ്ഞു ഞാനും ചെന്നു ചെവിയോർത്തുനിന്നു. അപ്പോഠം കേട്ടതാണ് എനിക്കതിലധികം സുഖമാകാഞ്ഞതു്. 'മീനാക്ഷിയെ ചില തമ്പുരാക്കന്മാരോ, നമ്പൂരിപ്പാടന്മാരൊ, അച്ചന്മാരോ, ഉദ്യോഗസ്ഥന്മാരൊ, ആരെല്ലാമൊ ആവശ്യപ്പെടുന്നുണ്ടു്. നിങ്ങളുടെ വാക്കും എനിക്കു തള്ളാൻ പാടില്ല. അതുകൊണ്ടു ഞാനിപ്പോളൊന്നും പറയുന്നില്ല.' ഇത്രയും മററമ്മ പറഞ്ഞപ്പോഴക്കും, എഴുത്ത് മുഴുവനാക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഞാനിതാപോണു. എന്നു മീനാക്ഷി പറയുന്നതുകേട്ട് വിഷണ്ണനായി വന്നിരുന്നു എഴുതിത്തുടങ്ങി. 'ക്ഷേ' എന്നു ഉറച്ചു ചൊല്ലിയതു് അമ്മ കേട്ടു. ഉടനെ അമ്മ മീനാക്ഷിയെ അകത്തേക്കു വിളിച്ചു. കേട്ട വർത്തമാനം പറഞ്ഞിട്ട്, എന്നു വീണ്ടും താല്പര്യപ്പെട്ടപ്പോഴും അതു ചിരിച്ചുകൊണ്ടു പോയതേ ഉള്ളു. എനിക്കു ശുണ്ഠിവന്നു ഞാൻ പിന്നാലെ ചെന്നു 'നിങ്ങളാം സ്വകാര്യം പറഞ്ഞതൊക്കെ ഈ മീനാക്ഷി പാളത്തിനിന്നു കേട്ടിട്ടുണ്ട്' എന്നു പൊരിപൊളിച്ചു. 'അവളാം കേട്ടു നിന്നോടു പറഞ്ഞില്ല, അല്ലേ?' എന്നായി അമ്മ. 'നിന്നോട് പറയാൻ പാടില്ലാത്തതായിരിക്കും അവളാം കേട്ടത്; എന്തിനവളോടു ചോദിച്ചു. ഞാൻ പറയാം; നിങ്ങൾക്കു വായിച്ചു...ചൊല്ലു, വാധ്യാരാം കഴിയട്ടെ എന്നിട്ടാവാം' എന്നു മററമ്മയും ഉത്തരം. രണ്ടമ്മമാരും ചിരിച്ചു തുടങ്ങി, മീനാക്ഷി തലകുനിഞ്ഞു നില്പായി, ഞാൻ മിഴിച്ചുംകൊണ്ടു കുറച്ചുനിന്നു, പിന്നെ വന്നിരുന്നു ചൊല്ലിത്തുടങ്ങി. വാധ്യാരാം കഴിഞ്ഞു ചെന്നപ്പോഠം അമ്മ മീനാക്ഷിയെ മടിയിലിരുത്തിക്കൊണ്ടു 'മകളെ! എനിക്കു സന്തോഷമായി. നാരായണൻ കുട്ടിക്ക് ഈ ജന്മം അക്ഷരം അറിയാറാവുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇത്ര വേഗത്തിലവനെ ഈ നിലയിലാക്കിയതു് മകളുടെ സാമർത്ഥ്യം തന്നെയാണ്' എന്നു മീനാക്ഷിയോടും 'പൊണ്ണൻ, പത്തുപതിനേഴു വയസ്സായിട്ട് ഇപ്പോഴാണ് നിലത്തെഴുത്തു പഠിക്കുന്നത്' എന്ന് എന്നോടും പറഞ്ഞു മീനാക്ഷിയെ തലോടിക്കൊണ്ടിരുന്നു.

മററമ്മ—പെണ്ണ് മടികേറി ഞെളികയാണ്, നേരംപോയി, ...

ത്തുമെന്നാം പറഞ്ഞ കാൎയ്യം തരാം. പണത്തിന്നു മുട്ടു വല്ലതെയു ണ്ട്. വല്ലവരും സഹായിച്ചാൽ കൊള്ളാം.

അമ്മ— ഞാനിന്നെൻറ കുട്ടി (മീനാക്ഷി) പറഞ്ഞു പഠിപ്പിച്ചു. മുട്ടുണ്ടെ ങ്കിൽ വല്ല ഇടപാടുകാരെ, കണക്കു തീൎത്തുതന്നെ വാങ്ങിക്കണം.

മററമ്മ— അത്ര വലിയ കണക്കൊക്കെപ്പറയാനുണ്ടോ? ഞാ'നെ ട്ട് ആയിരത്തോളമേ ഞാനൊന്നും വാങ്ങീട്ടില്ല.

അയ്മ്പത്തൊന്നക്കത്തിൻറ ഇരു ദക്ഷിണയും അമ്മ എ ണ്ണിവെച്ചുള്ള മുഴുവനും മററമ്മ വാരി മുണ്ടിൽ കെട്ടിയതു കണ്ട്.

മീനാക്ഷി— 'ഇത്ര സംഖ്യയാണോ നമുക്കു വരുവാനുള്ളത്? അമ്മ ആദ്യം ഒയ്മ്പതക്കത്തിൻറ പണമല്ലേ വാങ്ങിയത്? എന്നു ചോദിച്ചു'.

മററമ്മ— പെണ്ണു കണക്കിൽ ഒരു മുഖ്യമായ വിട്ടുന്നവളല്ല. 'ഹരി' ണ്ടക്കമായി കണക്കാക്കണമെന്നും, എന്നാൽ 'മ' വരെ പ ത്തക്കമാണെന്നുമാണ് അവളുടെ പക്ഷം, കാൎയ്യവും ശരിയാ ണ്.' എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു.

മീനാക്ഷി— എന്നല്ല ഞാൻ പറഞ്ഞതിൻെറ താല്പൎയ്യം, 'ഹരി'തൊ ട്ടു 'മ' വരെയുള്ള അക്കം ഞാൻ പത്തൊന്നിൽ പെട്ടു. അതിന്നാ ദ്യം വാങ്ങീട്ടുള്ള തുക എട്ടിപ്പായി പറയുകയാണെന്നും ഒരത് അ ന്തിമായാണെന്നുമാണ് എൻെറ പക്ഷം.

മററമ്മ— (കണ്ണുരുട്ടി മിഴിച്ചുകൊണ്ട്) അധികപ്രസംഗി! നിന്നോ ടാരെങ്കിലും കണക്കു ചോദിച്ചുവോ? നിൻെറ കഷ്ടകണക്കും, ഞങ്ങളിനി വാങ്ങീട്ടുണ്ടെങ്കിലതിന്നു വേറെ കാരണവുമുണ്ട്.

മീനാക്ഷി പറഞ്ഞതു ന്യായവും വേറെ കാരണമുള്ളതു ഭോഷ്കാ ന്നുവുമാണെന്നു ഞാൻ മനസ്സിൽ കരുതി. എന്നാൽ, അമ്മയുടെ മേവടി മറെറാരുവിധത്തിലായിരുന്നു. 'കാരണമുണ്ടായാലും ഇല്ലെ ങ്കിലും ശരി, ഇരുദക്ഷിണചെയ്യുന്ന തിഥിയെ വാങ്ങാൻ വിചാരിച്ചി ട്ടില്ല. മീനാക്ഷിയെ വെറുതെ കഷ്ടിതപ്പെടുത്തേണ്ട' എന്നു പറ ഞ്ഞ് ആ വഴക്കൊരുവിധം കലാശിപ്പിച്ചു. അമ്മ മടിയിലിരിക്കു ന്ന മീനാക്ഷിയെ മാറോടണച്ചു മുഖംപിടിച്ചു മെല്ലെ ചുംബിച്ചു കൊണ്ട് ഓരോന്നൊക്കെ പറഞ്ഞുതുടങ്ങിയപ്പോഴേക്ക് നേരം വൈ കി, അവിടെ ചെല്ലുന്നോടം അൎദ്ധരാത്രിയിൻെറ അമ്മ ചീത്തപറ

യും' എന്നമ്മയോടും, 'എണീക്കു, മതി, കിടന്നു കൊഞ്ഞതു്', എന്നു മീനാക്ഷിയോടും, അദ്ദേഹം വന്നാലൊളെ അയക്കണം; പഠിച്ചതു മറക്കരുതു്' എന്നെന്നോടും പറഞ്ഞു മററമ്മ യാത്രപുറപ്പെട്ടു. 'എന്റെ മകളെ രണ്ടുദിവസം ഇവിടെ താമസിക്കട്ടെ, തരക്കേടൊന്നും വരില്ല, ആളെ വരുമ്പോൾ രണ്ടുപേരെയും ഒന്നിച്ചയക്കാം', അമ്മ താല്പര്യപ്പെട്ടു പറഞ്ഞപ്പോൾ തരക്കേടൊ, ശിവശിവ! മീനാക്ഷിയെ മകളാക്കിക്കഴിഞ്ഞുവോ? ഓ, അത്രവേണ്ടു, എന്നു പറഞ്ഞു മററമ്മ ചിരിച്ചുകൊണ്ടു പോയി.

അമ്മ മീനാക്ഷിയെ എന്നെക്കാളും വാത്സല്യിച്ചു തുടങ്ങി. എന്നാൽ എനിക്കതുകൊണ്ടു് അസൂയ തോന്നിയില്ല. അവരെന്നെ ആറുദിവസംകൊണ്ടു ശ്രീരാമോദന്തം ഗ്രന്ഥത്തിലുള്ള എഴുത്തുകൂടി വായിക്കാറാക്കി. മീനാക്ഷിക്കതു കാണാപ്പാഠവുമാണ്. ഒരുദിവസം മററമ്മക്കു നല്ല സുഖമില്ലെന്നും ഞങ്ങൾ രണ്ടുപേരോടും നാളെ കാലത്ത് അവിടെ ചെല്ലണമെന്നു പറഞ്ഞയച്ചിട്ടുണ്ടെന്നും ഒരാൾ വന്നു പറഞ്ഞു. മററന്നാൾ എന്റെ പിറന്നാളാണ്, അതു കഴിഞ്ഞല്ലാതെ പോകാൻ തരമില്ല, അതുകൊണ്ടു വിശേഷമൊന്നുമില്ലെന്ന് അമ്മയോടും മററും പറഞ്ഞാൽ മതിയെന്നും അതുവരെ ആശാന്റെ വീട്ടിൽ പോകേണ്ടെന്നും അയാളോടു പറഞ്ഞു ശട്ടംകെട്ടി. പിറന്നാളൂണു കഴിഞ്ഞ് അമ്മയുടെ അനുവാദത്തോടുകൂടി മീനാക്ഷിയെ അറിവിക്കാതെ ഞാൻ പകച്ചുയും എടുപ്പിച്ചുകൊണ്ടു മററമ്മയുടെ വീട്ടിലേക്കു പോയി. പടിക്കൽ ചെന്നപ്പോൾ ആശാന്റെ അമ്മ വടിയും കുത്തിപ്പിടിച്ചു കോലായിൽ ഇരിക്കുന്നതു കണ്ടു 'വിശേഷമൊന്നുമില്ലല്ലൊ' എന്നു ചോദിച്ചു. 'എന്റെ മകനെ ഒന്നും പറയേണ്ടില്ല, ദീനം വന്നു വീണു മൂത്രം പോകാഞ്ഞിട്ടു മുട്ടി വലിക്കയാണാവോ' എന്നു മുത്തി പറയുന്നതു കേട്ടമാത്രയിൽ പകച്ചുകാരനെ പടിക്കൽ നിറുത്തീട്ടു ഞാൻ വളപ്പിലേക്കോടി. പറമ്പു മുച്ചൂടും നടന്നുനോക്കി. പലതരത്തിലുള്ള കുററൻ മുട്ടികളവിടവിടെ വലിച്ചിട്ടിരിക്കുന്നതു കണ്ടപ്പോളിനിക്കു കഷ്ടംതോന്നി. പുരയ്ക്കകത്തു കടന്നു നോക്കിയപ്പോൾ, മുട്ടിവലിച്ചു ക്ഷീണിച്ചിട്ടായിരിക്കാം, മററമ്മ ഒരു മുക്കിലിരുന്നു കിതക്കുന്നതു കണ്ടു. ഞാൻ അടുത്തുചെന്നു. മററമ്മ കുട്ടാ! നീ ഇത്ര താമസിച്ചതെന്തേ? മീനാക്ഷി

യെവിടെ? എനിക്കു ഖേദം സഹിക്കവയ്യ, ഒരു തുള്ളി മൂത്രം പോയിട്ടു നേരത്തോടുനേരം കഴിഞ്ഞു—വല്ലതും ഉപശാന്തി നോക്കണെ, കട്ടനാണെന്റെ മൂത്തമകൻ, എനിക്കു വേറെ ആരും സഹായമില്ല.

ഞാൻ—അമ്മയാണെന്നുതന്നെ ഞാനും വിചാരിച്ചിട്ടുണ്ട്. മററമ്മ എന്നു വിളിക്കുന്നുവെന്നേയുള്ളു. മീനാക്ഷി ഇപ്പോളെത്തും. കഷ്ടം! പറമ്പിൽ കിടക്കുന്ന മുട്ടി വലിച്ചാൽ മൂത്രം പോകുമെന്ന് ഏതു വൈദ്യനാണ് പറഞ്ഞത്, അക്രമംതന്നെ!

ഇത്രയും പറഞ്ഞപ്പോഴേക്കും പ്രാണവേദനകൊണ്ടോ എന്തോ മററമ്മയുടെ ഉയർന്നു നില്ക്കുന്ന ഓഷ്ഠപുടം ഒന്നുകൂടി പിന്നാക്കം ചുളിച്ച് 'മിട്ടമെന്റെ ഫലിതം കേൾക്കുമ്പോളിനിക്കു ചിരി വരുന്നു. എന്റെ മകന്റെ അച്ഛൻ നല്ല വൈദ്യനും ഫലിതക്കാരനുമായിരുന്നു. അമ്മക്കും ചില കൈകളൊക്കെ വശം. നിനക്കു വല്ലതും ഉപദേശിച്ചിട്ടുണ്ടെങ്കിൽ നിന്റെ വാക്കിന്നുള്ളതു പോലെതന്നെ ഫലിതം പ്രവൃത്തിയിലും ഉണ്ടാകാതിരിക്കില്ല' എന്നു പറഞ്ഞു.

ഞാൻ—അമ്മയുടെ അനുഗ്രഹംകൊണ്ടു ഫലിതം കലർന്നതായ ഒരു ഉപദേശം എനിക്കു സിദ്ധിച്ചിട്ടുണ്ട്. അതു ഞാൻ മറന്നിട്ടില്ല എന്നു പറഞ്ഞു ഞാൻ മററമ്മയുടെ അടുക്കൽ ചെന്നിരുന്നു. ആദ്യമൊന്നു തലതൊട്ടനുഗ്രഹിച്ചു. വീണു കിടന്നിരുന്ന തലമുടിയെല്ലാം എടുത്തു മാററി. മററമ്മയെത്തൊട്ടു നല്ലവണ്ണം ധ്യാനിച്ചു. എന്റെ വലത്തെ കൈപ്പടം മററമ്മയുടെ ഇടത്തെ ചെവിക്കടക്കൽവെച്ചു. എനിക്ക് അനുഭവം കണ്ട ഉപദേശമാണെ എന്റെ ഗുരുനാഥാ! എന്നു ഗുരുനാഥനെ ധ്യാനിച്ചുകൊണ്ട് ആ ചെവി പിടിച്ചൊന്നമർത്തിത്തിരിച്ചു. മററമ്മ പൊട്ടി മുറയിട്ടുവെങ്കിലും ഞാൻ മൂത്രംപോയി വയർ ഒഴിഞ്ഞുവോ എന്നാണ് നോക്കിയത്. ഫലിതം കാണാഞ്ഞതു ചെവിമാറിപ്പിടിച്ചതുകൊണ്ടാണെന്നു കരുതി ഇടത്തെ ചെവിയും അതുപോലെ പെട്ടെന്നൊന്നു തിരിച്ചുനോക്കി. മററമ്മയുടെ അലറിച്ച കേട്ടു പകച്ചുകൊണ്ട് മുത്തിയും വന്നെത്തി. കൈമാറിപ്പിടിച്ചിട്ടായിരിക്കുമോ എന്റെ 'പരദേവതെ'! എന്നു പറഞ്ഞ് രണ്ടു കൈകളെക്കൊണ്ടും മററമ്മയുടെ രണ്ടു ചെവികളും പിടിച്ചു ക

ഴിയുന്ന ശക്തിയോടുകൂടി തിരിച്ചുകൊണ്ടു മൂത്രം പോകുന്നുണ്ടോ എന്നു സൂക്ഷിക്കുന്നതിനിടക്കു മുത്തിയുടെ പൊന്തൻ വടി എട വിടാതെ എൻെറ പുറത്തു വീണു തുടങ്ങിയപ്പോഴും ചെവിക്കുററി പൊട്ടിയതും പിടിച്ചാൽ നില്ക്കാത്ത വിധം മൂത്രം പോയതും അനുഭവപ്പെട്ടുവെങ്കിലും പ്രയോഗത്തിന്നു കരുത്തു പോരാഞ്ഞിട്ടോ ഉപദേശം പിഴച്ചിട്ടോ ചെവിക്കുററി പൊട്ടീട്ടും മററു മൊരുതുള്ളി മൂത്രം എ. ഹേ. മീനാക്ഷിക്ക് എൻെറ നേരെ മൂന്നിച്ചൂൽ ഒ. ഹേറ.

ഞാനേയൻ.

ഉണ്ണുനീലി

സന്ദേശം

നീലസ്നിഗ്ദ്ധാംഗഗന്തളമാമ്മികക്കമൽക്കട്ടിതൻകീ-
ഴ്പ്പാലാർവെള്ളത്തിലനിരതരംഭോഗീന്ദ്രഭോഗേ
മാർവിൽത്തങ്ങുമ്മണിവരമഹാദീപികപ്പൂവിൽമാതി- ൧
ന്നോമൽപ്പൂൺവായ്ത്തെളിവിൽവിലസുംഭാഗ്യസീമൻനമസ്തേ.

വജ്രക്രൂരൈർന്നഖരശിഖരൈർദ്ദാരിതൈർദ്ദൈത്യവീര-
ന്മാർവിൽത്തങ്ങുന്നൊടിയകടരൽച്ചോത്തുരമ്മാത്തിതന്നെ
ഭക്തത്രാണപ്രവണചരണനാംഭോരുഹംനാരസിംഹം
പിന്നെക്കുമ്പിട്ടുളകസഖേ! തെക്കിനെൽത്തമ്പിരാനെ. ൨

ഭദ്രാംഭദ്രപ്രഗുണിതപുരശ്ശ്രീനിവാസാംഗമന്നാം
കേദാരത്തെച്ചിരമടിതൊഴുതിൻറാക്കുചിന്താമണിംതാം
വേദാന്താലാഖിലമുനിവരംവിശ്വവേദാന്തവേദ്യം
പാദാംഭോജംതൊഴുകതരസാവീണസർവാംഗനാഥം. ൩

ചിത്രശ്ലക്ഷ്ണപ്രമദമഹനീദീപശാലാന്തരാളെ
ശ്രീരാമംരാമാനുജമപിഹന്തമന്ദമന്ദംവണങ്ങി
ശ്രീതാരങ്ങൾകനകവളഭീമണ്ഡിതേമണ്ഡപേചെ
ന്നത്യാമോദാൽത്തൊഴുകവിനതാനന്ദനാനന്ദസൂനം. ൪൪

ഊയൽപ്പൂമെത്തയിൽമരുവുമക്കണ്ണനാമുണ്ണിതന്നെ
ത്താലോലിച്ചുംതഴുകിയുമുടൻനിൻവൈകാതവണ്ണം
ചൂഡാഗ്രംകൊണ്ടണിമതിതൊട്ടുംമാതിൽമാടംപുറപ്പെ-
ട്ടാശ്ലിഷ്ടംവിശ്ലിഷ്ടംസ്വയമിവവലത്തിട്ടുനീകമ്പിടേനിൽ. ൪൫

മന്റിൽച്ചെല്ലൽവൻപെരിയതിരുവമ്പാടിയിൽക്കൂടിയാടി-
ക്കന്റിൽക്കൂടിതെരുളിവൊട്ടുകളിച്ചീടുമെന്റമ്പിരാനെ
കന്റാക്കൊണ്ടങ്ങടമഴതട്ടുത്തച്ചിമാർവീട്ടുതോറും
ചെന്റാപ്പാൽനെയ്പതകിമരുവുംകണ്ണനെക്കൈതൊഴുങ്ങ. ൪൬

കാലിക്കോലിൽത്തടവിനടപാടിച്ചൂത്തുകൊണ്ടന്തരേശാഭം
പീലിക്കണ്ണാൽക്കലിതചികരംപീതകൌശേയവീതം
കോലുംകാലക്കുഴലുമിയലുംബാലഗോപാലലീലം
കോലാനീലന്തവനിയതവുംകോയിൽക്കൊണ്ടാംകൈക്കൊണ്ടാചതു ൪൭

എന്റീവണ്ണംതൊഴുതുവിടയുംകൊണ്ടിനിക്കുംനിനക്കും
നന്റിന്നങ്ങെക്കഴകൊട്ടുമേവാനുണ്ണീലിക്കമേററം
ഒന്റിന്നനീനരവര! വലത്തിട്ടുകൊണ്ടങ്ങുനേരെ
ചെന്റാൽകമ്പിട്ടതല്ലകരുണാപാത്രമാംക്ഷേത്രപാലം. ൪൮

വൈകണ്ടാനീവലിയബലിപീഠോപകണ്ഠത്തിൽനേരെ
കമ്പിട്ടമ്പിൽപ്പുനരപിസഖേ! പ്രാർത്ഥയൻവാഞ്ഛിതാർത്ഥാൻ
സമ്പൽപ്രാചുര്യവിഭവൊട്ടുപുറപ്പെട്ടെഴുന്നള്ളിടാനീം
ചെമ്പാൽക്കുന്റിൻപെരുമകവരുംഗോപുരേണാവരേണ. ൪൯

ഞാറ്റപ്പുറം മുതൽ പാടണയ വഴിമേൽ കണ്ണെലാംതേവലത്ത
ന്നൊപ്പിപ്പെണ്ണുന്നിജസഹചരീമൂപ്പനാസ്കൃതിവാമാം
ഇപ്പാൾപ്പൂർമ്മപ്പുഴകളെ പൊടിയുംവീരമംശുക്ലഭാജീ
മുഴപ്പാടപ്പാൽകിമപി ചാപലംപൊങ്ങപാകാപിയാനം. ൫൦

പീണാവാണിം വടിവിനൊടിടഞ്ഞ ഞടഞ്ഞുണ്ണീയാളി-
മെണ്ണാകുന്നം ചെറുമുകറവക്കിൻറവർണ്ണ രവിന്ദാ
ഒണ്ണമ്പോലെ വിരവിലെഴുന്നള്ളീൻറമ്പിന്മേൽ തളൊന്നീം
കാണാം തൂമൊഴ്ണ്ണുവൽമലരക്കൂകിമേവിൻറവാറ്. ൫൧

പിന്നെപ്പൊന്നിന്മതിയടി കഴിച്ചങ്ങു തെക്കേത്തെരുവി-
ക്കന്നെക്കണ്ണോർമനസിജ! മതിപ്പെട്ട സന്താനസമേതാ
പുന്നപ്പൂവിൻപരിമളമുതം മാൻഥതേന്നാനയർത്താ
മുന്നെക്കാണാമിതവിയന്നടെക്കാവൂന്നീ പിന്നിടേണ്ടാ. ൫൨

പലപ്പൊന്നെയ്ക്കുപെരുത്തശിരംവീട്ടതോരം കലർന്നാം
രോമക്കെപ്പ്തൽക്കിളയളിയിഞാനെൻവചൊല്ലിൻറപോലെ
പാഴേഴിന്നും പ്രഥമജനനീംപാത്കളത്തിൽക്കളിക്കും
ദേവിമേവും തെഴുകരിവിക്കാഭോഷിവിഭോഷിണീംതാം. ൫൩

മെതിച്ചൊല്ലുള്ളസുരനിവഹം പരിൽനിന്നേററിമേററി
പ്പൃതിപ്പെട്ടും ചിലദിവിഷദാം മെയ്വലത്തു ഞാനേന്നേ!
കാതിൽപ്പാമ്പും കനകരുചിത്തന്തോടയും ചേർത്തു ചാർത്തും
മാതൃശ്രീ തല്ലതികലയണിഞ്ഞാവോകേ! കൈതൊഴിനേൻറൻ. ൫൪

നേരേ ചെൻറാൽ പ്രിയ സഖ! വിരിഞ്ഞം ഭ്യോദശാമോരം
തീരം കാണാം പൂകൾപൊലിമെഴും വീർക്കോന്നനാറിം
ഓരോന്നേൻറനിൻറതു മിഴിമുടൻചൊല്ലിവൈകിപ്പതെല്ലാം
പോരം തേക്കേൺനിഖിലമറിയുന്നിന്നോടിന്നാട്ടികന്നിൻറ്. ൫൫

സത്വംഗാംഭീൎയ്യതവടിവിടമ്പാൎത്തനാകരത്വം
മറവൊപാന്ഥാൽതവഗുണഗണംചൊന്നെഴുംവാരിരാശി:
തന്നിൽതങ്ങുമുരഗശിഖിനാമഹന്തവെന്താററിടിന്റെറാൻ
മന്ന്യേത്വന്നാൽപ്പെരികൊരുപജീവത്വമില്ലാക്കുമെൻറ്. ൫൭

മണ്ണുമ്മാൻനേർമിഴികൾമന്നാ! മന്മഥാരാതിതന്നേ
തൃക്കൊല്ലത്തിന്നാത്തിലകമേതിങ്കൾചൂടുംപിരാനേ
കാൺമപ്പിന്നെക്കമലവനിതക്കിമ്പമേ! നിൻവിയന്മേ-
നാളുംകാളീപിതരമെതിരില്ലാത്തമംഗല്യകീൎത്തി! ൫൮

ആനന്ദാലാക്കൊടിയവിഷമാക്കവെള്ളമാവെള്ളിലിന്മേ
ഭേനാമീനദ്ധ്വജരിപുടലിയാക്കണ്ണിലാക്കിൻറതിശ്ശേ
ഷീരാഷ്വരാപരകിൽമലമാതിന്നു നിന്മെയ്കനകം-
ക്കുറാവാനൊൻറിനിയഹൃരചെയ്തിളശീതാംശുമൌലേ. ൫൯

ശംഭോ! ഗംഗാധര! ഗിരിസുതാനാഥ! ശീതാംശുമൌലേ!
കാമാരാതേ! ഹര! ഹര! ജയത്ര്യക്ഷകൈകൂപ്പുന്നേരം
പൂജാകാലംകഴിയുമളവുമ്മൂൎദ്ധ്നിബദ്ധാഞ്ജലിസ്സ്യാം
വാഴ്ത്തിക്കുമ്പിട്ടുതളിതിരുക്കേളാന്വപചൂടുംപിരാനേ ൬൰

മാതംഗാനാംകരപരിഗളൽസ്വേദസംസിക്തശീതേ
മാകന്ദാനാംതണലിൽമണലിൽക്കളിച്ചൂടിച്ചലാക്കൈഗ്രഃ
പിഞ്ഛാലകാകടിലശിഥിലംപയ്യവെച്ചിട്ടിദാനീം
നിദ്രായന്തേഖലുവടിവൊഴുംവാജിനോരാജസിംഹ! ൬൧

ഇത്ഥംവൈതാളികവരഗിരാമന്തരായാമികാനാം-
ത്തീപ്പൊങ്ങുന്നിട്ടുള്ളുമ്പൊലിവാൻകാലമാൎവ്വാദ്രിയയും
തൃപ്പാപ്പൂർക്കിന്റെറാജതിലകമേ! നീകഴിച്ചങ്ങതെല്ലാം
മപ്പോഴേപോലുള്ളൊഴിമുതലയാലക്കിനാപിന്നിടേണ്ടും. ൬൨

കോലുംകോലും ചാമരനികരം വീയവീയത്തരാനീം
നിശ്ശ്വപ്പീലിത്തഴകൾ നിഴലാമന്നടെക്കരവില്ലൂടെ
പാലുംതേനും തൊഴുതമൊഴിമാർ മൌലിയമ്മുണ്ണുനീലിം
ചാലക്കാണ്മാനൂരകസഖേപൂത്തിടമ്മിന്നിലേത്. ൩൨

പോണാടെല്ലാമുളകപിരിയൎച്ചൊഴിയക്കൊട്ടചത്താൻ
വേണാട്ടിക്കന്തിരിമമഴിയുംവെച്ചിയൂർച്ചെന്നുവരുണ്ടോ
ചാണക്യന്നീപറവതുതികച്ചാനതന്റെയൽകരുതേണ്ടാ
മാണാക്കിന്നാക്കെബ്ബ്വരമമനൊമണക്കാട്ടപോകാമ്പ്പിൽനിൻറ്. ൩൩

ഉറുമ്പു



അടുത്തുചെന്നു സൂക്ഷിച്ചു നോക്കിയാൽകൂടി കാണ്മാൻ പ്രയാസമായിട്ടുള്ള നിലയിൽ കിടക്കുന്ന ഉറുമ്പിന്നു മനുഷ്യരായ നമുക്കുള്ള അനേകം ഗുണങ്ങളും ഉണ്ടെന്നു കാണുമ്പോൾ വളരെ ആശ്ചൎയ്യം തോന്നുന്നു. ആകൃതികൊണ്ടു മനുഷ്യനോട് അടുത്തിട്ടുള്ള ജന്തു ആൾക്കുരങ്ങാണെന്നുള്ളതു നിൎവ്വാദമാണ്. എന്നാൽ മററു ജന്തുക്കളെപ്പോലെ കൂകിവിളിയോ നടക്കാതെ ഒരു നിരത്തുവഴിയുണ്ടാക്കി സഞ്ചരിക്കുന്നതും വഴിയിൽ വല്ല പരിചയക്കാരേയും കണ്ടാൽ നാം കൈപിടിച്ചു കുശലം പറഞ്ഞു പിരിയുന്നതുപോലെ നേരിട്ടുവരുന്ന വേറെ ചില ഉറുമ്പുകളായി ഉരുമ്മിക്കൊണ്ടു ചിലതെല്ലാം പ്രയോഗിച്ചു യാത്രയാകുന്നതും, സഹജാതികൾ തമ്മിലുള്ള കൂട്ടുകെട്ടും, ഗ്രാമവ്യവഹാരംപോലെ യോഗംചേൎന്നു താമസിക്കുന്നതും, ഭക്ഷ്യമില്ലാത്തപ്പോൾ നിത്യവൃത്തികൂടി കഴിച്ചുകൂട്ടുവാൻ വയ്യാതെ പട്ടിണി കിടക്കുന്നതും, പോരെങ്കിൽ,

ഷ്ടി, പശുക്കറവുമുതലായതും ഉറുമ്പുകളുടെ ഇടയിൽ കാണുമ്പോൾ ജീവജന്തുക്കളിൽ മനുഷ്യന്റെ കഴിഞ്ഞാൽ പിന്നത്തെ മാന്യസ്ഥാനം ഉറുമ്പിനു തന്നെയാണ് കൊടുക്കേണ്ടത്.

ഉറുമ്പുകളിൽ ആയിരത്തിലധികം വകഭേദങ്ങളുണ്ട്. കനിയൻ, കട്ടുറുമ്പ്, പാമ്പുറുമ്പ് ആനഉറുമ്പ് പുളിയുറുമ്പ്, നെയ്യുറുമ്പ്, മുതലായി നാം ഇട്ടികളിലെല്ലാം കാണുന്ന വകഭേദങ്ങൾ എല്ലാംകൂടി പത്തോ പതിനഞ്ചോ മാത്രമാകയാൽ ആയിരത്തിലധികം ജാതികളുണ്ടെന്നു വല്ലവരും പറയുമ്പോൾ 'പച്ചപ്പൊളി' എന്നല്ലാതെ തോന്നുന്നതല്ല. ഉള്ളതാണെന്നു വിശ്വസിപ്പിക്കുന്നതിന് അവകളുടെ ചിത്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളും ഈ ചെറിയ ലേഖനത്തിൽ കാണിപ്പാനും തരമില്ല. അതുകൊണ്ട് ആശ്ചര്യവും വിനോദവും തോന്നുന്ന ചില സംഗതികളെ മാത്രമെ ഇവിടെ എടുത്തുപറയുന്നുള്ളു. ഇതിലധികം അറിവാനാഗ്രഹമുള്ളവർ ഈ ലേഖനത്തിന്റെ അവസാനത്തിൽ പേർ പറഞ്ഞിട്ടുള്ള പുസ്തകങ്ങളെ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

ഉറുമ്പിന്റെ പിറവിയിൽതന്നെ ചില വിശേഷങ്ങളുണ്ട്. ഉറുമ്പ് ഉറുമ്പായി വരുന്നത് നാലു ദശാന്തരങ്ങളിൽകൂടിയാണ്. മാതൃഗർഭത്തിൽനിന്നു ആദ്യം പുറത്തു വരുന്നത് വെള്ളനിറത്തിലൊ ഇളമഞ്ഞനിറത്തിലൊ അല്പം നീണ്ടിട്ടുള്ള മുട്ടയായിട്ടാണ്. പതിനഞ്ചുമുതൽ മുപ്പതു ദിവസത്തിലകം ആ മുട്ട വിരിഞ്ഞ് വെള്ളനിറത്തിൽ കാലില്ലാതെ അടിവണ്ണം കൂടിയും തലകൂർത്തുമുള്ള ഒരു പുഴുവിന്റെ ആകൃതിയിലും, പിന്നെ ഒന്നുമുതൽ മൂന്നുവരെ മാസ കാലംകൊണ്ട് ആ പുഴുക്കളുടെ ശരീരത്തിൽനിന്ന് ഊറുന്ന ഒരു തരം പശയുള്ള വെള്ളം ഉറച്ച് ആ പുഴുവിനെ മുഴുവൻ മൂടുന്ന ഒരു തോൽസഞ്ചിയായി അതിനുള്ളിൽ തല, കാൽ, മുതലായ അംഗങ്ങൾ രൂപപ്പെട്ടു വരുന്നതായും, അങ്ങിനെ മൂന്നോ നാലോ ആഴ്ച സഞ്ചികളിൽ ജീവിച്ചതിനു ശേഷം സഞ്ചി കീറി ഉറുമ്പായി പുറത്തേക്കു വരുന്നതായും കാണാം. കൊമ്പില്ലാത്ത ഉറുമ്പുകൾക്കാണ് മേൽപറഞ്ഞ സഞ്ചി അധികമായി കണ്ടിട്ടുള്ളതത്രെ. ഇങ്ങിനെ സഞ്ചിയിൽനിന്നു പുറത്തുവരുന്ന ക്ഷണത്തിൽതന്നെ ചിലതു മരിച്ചുപോകും. അങ്ങിനെ ജീവനാശം വരാതിരിപ്പാൻ മുതിർന്ന ഉ


റമ്പുകൾ ശ്രദ്ധയോടുകൂടി ആ സമയം നോക്കിനിന്നു സഹായിക്കുന്നതും പുറത്തുവന്ന ക്ഷണത്തിൽ കൈകാലുകളെ ഒന്നൊന്നായി പിടിച്ചുനിവൃത്തിവിടുന്നതും ചിറകുകൾ ഉള്ള ജാതിയാണെങ്കിൽ പററിപ്പിടിച്ചിരിക്കുന്ന ചിറകുകളെ ഇടച്ച് മിനുസം വരുത്തി പെരക്കിവിടുന്നതും നോക്കി അറിയുന്നത് വളരെ വിനോദമുള്ളതാണ്. ഉറമ്പായി പുറത്തു വന്നതിനു ശേഷം അവയുടെ ശരീരത്തിനു വളച്ചയില്ല.

ഉറമ്പുകളുടെ ശരീരം: തല, മാറ്, വയറ് ഇങ്ങിനെ മൂന്നു ഖണ്ഡങ്ങളായിട്ടാണ്. ആദ്യത്തെ ഖണ്ഡം തലയാണ്. തലയുടെ ഇടത്തും വലത്തും ഓരോ വലിയ കണ്ണുകളും മുകളിൽ മുക്കൂട്ടുവെച്ചപോലെ മൂന്നു ചെറിയ കണ്ണുകളും (ചില ജാതിക്കു ചെറിയകണ്ണ് ഒന്നേ ഉണ്ടാകയുള്ളു) വലിയ കണ്ണുകളുടെ മദ്ധ്യത്തിൽ കുറെ മീളം ഒരു കുഴയായും അവിടുന്നങ്ങോട്ട് ആറുമുതൽ പതിമൂന്നുവരെ ചെറിയ ഉണ്ടകൾ ഒന്നോടൊന്ന് ഒട്ടിച്ചപോലെയുമായി രണ്ടു തുമ്പിക്കൈകൾ ഉണ്ട്. ഗന്ധം അറിയുന്നതിന്ന് ഉറമ്പുകൾക്ക് അസാധാരണയായി കാണുന്ന സാമർത്ഥ്യം ഈ തുമ്പിക്കൈ ഉള്ളതുകൊണ്ടാണ്. ആനയുടെ തുമ്പിക്കൈപോലെ ഘ്രാണത്തിനും സ്പർശത്തിനും എന്നുമാത്രമല്ല കേൾക്കുന്നതിനും ഉറമ്പുകൾക്കു പ്രധാനമായ അംഗം ഇതുതന്നെയാണ്. ഈ തുമ്പിക്കൈകൾക്കു നേരെ കീഴെ ചുവട്ടിലാണ് വക്ത്രവും ദംഷ്ട്രങ്ങളും. ഉറമ്പുകളുടെ ദംഷ്ട്രങ്ങൾ അറുക്കുകയും കുത്തുകയും ചെയ്യുന്നവയും പണിയെടുക്കുന്നതിനും ശത്രുവിനെ എതിർക്കുന്നതിനും ഏററവും ഉപയോഗപ്പെടുന്ന ആയുധമാണ്.

മദ്ധ്യഖണ്ഡത്തിൽ ആറു കാലുകളും ശ്വാസോച്ഛ്വാസത്തിന്ന് ആറു ദ്വാരങ്ങളും ഉണ്ട്. ഈ ദ്വാരങ്ങൾ ഈരണ്ടുവീതം മൂന്ന് അണിയായിട്ടാണ്. ചിറകുള്ളവകൾക്ക് ചിറകും ഈ ഖണ്ഡത്തിൽ തന്നെയാണ്. കാലൊന്നിനു നാലു മുട്ടുകളും അവസാനത്തിൽ നല്ല ബലമുള്ള രണ്ടു നഖങ്ങളുമുണ്ട്.

മൂന്നാമത്തെ ഖണ്ഡത്തിലാണ് വയറും കുത്തുന്ന ഉറമ്പുകൾക്കുള്ള കൊമ്പും വിഷക്കുടവും. കുത്തുമ്പോൾ കൊമ്പിനുള്ളിലുള്ള

ന്റെ കഴലിൽക്കൂടി വിഷം പുറത്തേക്കു വരും. നപുംസകങ്ങൾക്കു മൂന്നാമത്തെ ഖണ്ഡംതന്നെ മൂന്നു ഖണ്ഡമായികാണാം.



1 3 2

൧. ആണ്. ൩. നപുംസകം ൨. പെണ്ണ്

ഒരു ഉറുമ്പിൻപോട് (കൂട്) നോക്കിയാൽ അതിൽ മൂന്നുതരം ഉറുമ്പുകളെ കാണാം; ചിറകുള്ളതായി രണ്ടുതരവും (1-ം ൨-ം) ചിറകില്ലാത്തതായും എപ്പോഴും പണി എടുക്കുന്നതായും എണ്ണത്തിൽ കൂടിയും വണ്ണത്തിൽ കുറഞ്ഞും ഒരു തരവും (3). ഒരു സംഘത്തിലേക്കു വേണ്ടുന്ന പുരപ്പണി, നിരത്തുപണി, ഭക്ഷണശേഖരം, യുദ്ധം മുതലായ തൊഴിലുകൾ ആ സംഘത്തിലുള്ള സ്ത്രീനപുംസകങ്ങളാണ് ചെയ്യുന്നത്.

ഉൽപാദനത്തിനുള്ള കാലം വന്നാൽ പോട്ടിനുള്ളിൽ കലശലായ തിരക്കു കാണാം. ഉടനെതന്നെ ആണും പെണ്ണും കൂട്ടിൽനിന്നു പറന്നു പുറത്തേക്കു പോയി കൂട്ടംകൂട്ടമായി ആകാശത്തിൽ ഒരു പെരുമ്പടപോലെ പൊന്തിയും താണും പറന്നുതുടങ്ങും. അതിൽ ചിലതു കാറ്റിനുനേരെ തിരിഞ്ഞു മുന്നാക്കവും പിന്നാക്കവും പോവാതെ ഒരു ബല്ലൂൺ നില്ക്കുന്ന മാതിരി നില്ക്കുന്നുണ്ടാകും. ഇതു സ്ത്രീകളാണ്. ചിലപ്പോൾ ഒരു ഉറുമ്പു നഗരത്തിലുള്ള സംഘങ്ങൾ മുഴുവനും ചേർന്ന് ആകാശത്തിൽ എവിടെ നോക്കിയാലും വലുതായ ഒരു വല വീശിയപോലെ പറന്നു കളിക്കുന്ന കാണാം. ബല്ലൂൺപോലെ പറക്കുന്ന പെണ്ണുറുമ്പും പറന്നെത്തിക്കൂടിയ ആണുറുമ്പും കൂടി പറന്നുനടക്കുന്ന സംഘത്തിൽനിന്നു പിരിഞ്ഞു കീഴ്പോട്ടു വീണ് വല്ല ചെടികളുടെയും മുകളിൽവെച്ചോ ആകാശത്തിൽതന്നെ വീഴുന്ന വീഴ്ചയിൽവെച്ചോ വിവാഹപൂർത്തി വരുത്തിയാൽ ഉടനെതന്നെ ആണുറുമ്പുകൾ ചത്തുപോകയും പെണ്ണുറുമ്പുകളുടെ ചിറക

കൾ അവതന്നെ പറിച്ചുകീറിക്കളകയും ചെയ്യും. അപ്രകാരം ഗർഭംധരിച്ച പെണ്ണിനെ സ്ത്രീനപുംസകങ്ങൾ പോട്ടിലേക്കു കൊണ്ടുപോയി പരിപാലിക്കപ്പെട്ടോ അതാതുജാതി ഉറുമ്പുകളുടെ സംഘങ്ങളില്ലാത്ത ദേശത്തു വീണാൽ തന്നെത്താൻ ഒരു പോടുണ്ടാക്കി മുട്ടയിട്ടു തുടങ്ങും. ഇങ്ങിനെയുള്ള വലിയ ഉറുമ്പാണ് കെട്ടിലമ്മസ്ഥാനം വഹിച്ചു പോടിനുള്ളിൽ മററുറുമ്പുകളാൽ ചുററപ്പെട്ടു പുറത്തു സഞ്ചരിക്കാതെയും കാണുന്നത്.

ഉറുമ്പുകൾ സഞ്ചരിക്കുന്നത് നിരത്തുവഴിയിൽ കൂടിയാണെന്നു മുമ്പു സൂചിപ്പിച്ചുവല്ലൊ. നിരത്തുവഴിയുണ്ടാക്കുന്നത് വഴിയിലുള്ള കല്ല്, ചുള്ളിക്കോല്, ഇല, മുതലായതുകളെ വഴിവക്കത്തേക്കു നീക്കിക്കളഞ്ഞും വഴിമദ്ധ്യത്തിൽ മുളച്ചിട്ടുള്ള പുല്ലു മുതലായതുകളുടെ മുളകളെ കാർന്ന് (അല്പാല്പമായി കടിച്ചു) കളഞ്ഞുമാണ്. ഭക്ഷണസാധനം കൊണ്ടുവരുന്നതിനു ബദ്ധപ്പെട്ടു (ബദ്ധപ്പാടില്ലാതെ സഞ്ചരിക്കുന്നത് ദുർല്ലഭം) പോകുന്നതിന്നിടയിൽകൂടി മാർഗ്ഗനിരോധം ചെയ്യുന്ന കല്ലുകളേയും പുല്ലുകളേയും കളഞ്ഞിട്ടു മുമ്പോട്ടു പോകയുള്ളു.

ആ നിരത്തുവഴിയിൽകൂടി ഉറുമ്പുകളുടെ സംഘം ഗതാഗതം ചെയ്യുന്നതിനെ നോക്കിക്കൊണ്ടിരുന്നാൽ നേരിട്ടുവരുന്ന വേറെ ഒരുറുമ്പിനെ തുമ്പിക്കൈകൊണ്ടു തകൃതികൂട്ടുന്നതു കാണാം. ഇങ്ങിനെയാണ് ഉറുമ്പുകൾ അങ്ങുമിങ്ങും വർത്തമാനം അറിയുന്നത്. ചില ഉറുമ്പുകൾ ഇപ്രകാരം ചെയ്തു വന്ന വഴിയെ പിന്തിരിയുന്നതും പൊട്ടിലേക്കായി തിരിച്ചു കൂട്ടുറുമ്പുകളേയും കൂട്ടിക്കൊണ്ടു പോകുന്നതും ഉടനെ കാണാം.

ഉറുമ്പുകളുടെ നടവടി ആദ്യന്തം നോക്കിയാൽ മിക്കതും സമുദായത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെയ്യുന്ന പ്രവൃത്തികളാണ്. പരിഷയിലുള്ള വല്ല ഉറുമ്പിന്നോ എല്ലാവരുംകൂടി വസിക്കുന്ന പോടിന്നോ വല്ല ആപത്തും നേരിട്ടാൽ പരസ്പരം സഹതപിക്കുന്നതും എല്ലാവരുംകൂടി ഒത്തൊരുമിച്ച് ആപന്നിവാരണത്തിനു വേണ്ട യത്നം ചെയ്യുന്നതും അവരുടെ സംഘമര്യാദയാണ്. ലാട്രേൽ എന്ന പരന്ത്രീസുകാരൻ ഒരു ഉറുമ്പിന്റെ തുമ്പിക്കൈകൾ മുറിച്ചപ്പോൾ കൂട്ടക്കാർ ദയയോടുകൂടി സമീപത്തുവന്ന്. അതിൽ ഒ

ന്റെ വായിൽനിന്നു ഒരു തുള്ളി തെളിഞ്ഞവെള്ളം മുറിയിൽ പെരുന്നതു കണ്ടിരിക്കുന്നുവത്രെ. (നീര് ദേഹത്തിലുണ്ടാകുന്ന മുറികൾക്കു വിശേഷമായ ഔഷധമാണ്). ഭക്ഷണയോഗ്യമായ എന്തെങ്കിലും സാധനം ഒരുറുമ്പിനു ഭാരമേറിയതായിക്കണ്ടാൽ ഉടനെ മററുറുമ്പുകൾ വന്നു സഹായിക്കും. അതുപോലെ ഒരുറുമ്പിനെ വല്ലതും എതിൎത്താൽ മററുള്ള ഉറുമ്പുകൾ ഉടനെ ഓടിയെത്തും. ഒരു കൂട്ടത്തിൽനിന്നു നാം ഒരുറുമ്പിനെ തടവിൽ പാൎപ്പിച്ച് രണ്ടോ മൂന്നോ മാസം കഴിഞ്ഞതിനുശേഷം തിരിയെ കൊണ്ടുപോയി വിട്ടാൽ ചില ആംഗ്യങ്ങൾ കാണിക്കുന്നതും തുമ്പിക്കൈകൊണ്ടു തലോടി സംഘത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതും കാണാം. ഭക്ഷണസാധനങ്ങൾ കിട്ടിയവൻ തനിച്ചു തിന്നുക എന്ന ശട്ടമേ ഉറുമ്പുകൾക്കില്ല. ഒരുറുമ്പ് എന്തെങ്കിലും കണ്ടെത്തിയാൽ പേട്ടിലുള്ള എല്ലാവൎക്കും വഴികാട്ടിക്കൊണ്ടുപോയി ആ സാധനം അവരെ കാണിച്ചുകൊടുക്കുകയോ തനിക്കുതന്നെ എടുക്കാവുന്ന ഭാരമാണെങ്കിൽ പേട്ടിലേക്കു കൊണ്ടുപോയി എല്ലാവൎക്കും സമ്മാനിക്കുകയോ ചെയ്യും. പഠിച്ചവിദ്യയും പതിനെട്ടടവും നോക്കിയല്ലാതെ തന്റെ ശക്തിയേറിയ ഭാരമാണെന്നു തീൎച്ചപ്പെടുത്തില്ല.

ഉറുമ്പുകളുടെ പരിഷക്കെട്ട് ശത്രുക്കളെ എതിൎക്കുന്നതിലും കാണുന്നുണ്ട്. ഒരു സംഘത്തിൽ ചിലർ ഭടന്മാരായിരിക്കും. ഭടന്മാർ കൂട്ടംകൂട്ടമായി നിരന്നുപോകുമ്പോൾ സംഘത്തിലേക്കു വല്ല ആപത്തും നേരിട്ടതായി വൎത്തമാനം കിട്ടുകയോ നേരിൽക്കാണുകയോ ചെയ്താൽ ഉടനെ ഒരു കൂട്ടമായി ഓടിയെത്തും. യുദ്ധം ചെയ്യുമ്പോൾ ശത്രുവിന്റെ ബലാബലം നോക്കുന്ന പതിവേ ഇല്ല. ആനതന്നെ ചവിട്ടിത്തേക്കാൻ ഭാവിച്ചാലും ഒന്നു കടിച്ചും ഒന്നു കുത്തിയും നോക്കും. ഏതു യുദ്ധത്തിലും ആത്മനാശത്തിനെ ആദരിക്കുന്ന ഉറുമ്പുകളെ കാണാൻ പ്രയാസം.

ക്രമസമ്പ്രദായത്തിൽ ഒരടുക്കത്തോടുകൂടി കൂട്ടംകൂട്ടമായി പോകുന്നതിൽ ഉറുമ്പുകളും താല്പൎയ്യമുള്ളവയാണ്. ഇതിന്നായി സഞ്ചിയിൽ വളരുന്ന സ്ഥിതിയിലിരിക്കുന്ന പൈതങ്ങളേയും എടുത്തുകൊണ്ടു

സ്ഥലമാററം ചെയ്യുന്നതു പതിവാണ്. അവ എടുത്തുകൊണ്ടുപോകുന്നതായി നാം കാണുന്ന മുട്ടകഠ മുട്ടകളല്ല. തോൽകൊണ്ടു മൂടിയിരിക്കുന്ന മൂന്നാം ദശയിലുള്ള ഉറുമ്പുകളാണ്. അങ്ങിനെ കൂട്ടത്തോടെ പലപ്പോഠം ഒരു പോട്ടിൽനിന്നു മറെറാരു പോട്ടിലേക്കു ഗതാഗതത്തിനു വഴി തുറന്നിട്ടുണ്ടാകും. ഉറുമ്പുകളെ നശിപ്പിക്കുന്നതിന് ഒരാഠ ഒരു പോട്ടിൽ ഗന്ധകപ്പുക ചെലുത്തിയത് എഴുപതുവാര ദൂരത്തുള്ള വേറെ ഒരു പോട്ടിൽകൂടി പുറത്തേക്കു വരുന്നതു കണ്ടിട്ടുണ്ടത്രെ.

ഉറുമ്പുകളെപ്പററി ഇതുവരെ പറഞ്ഞിട്ടുള്ളതിനെ വിശ്വസിക്കുന്നതിൽ വിശേഷിച്ചു തടസ്ഥങ്ങളൊന്നുമില്ല. ഇനി പറയാൻ പോകുന്നത് അങ്ങിനെയല്ല താനും. ഉറുമ്പുകളിൽ ചിലവക മററു ചില ജാതിയെ അടിമകളാക്കിപ്പിടിച്ചു ചെറുമക്കളെക്കൊണ്ടും പെലയരെക്കൊണ്ടും നാം പണിയെടുപ്പിക്കുമ്പോലെ വിട്ടുപണിചെയ്യിക്കുന്നുണ്ടെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? എന്നാൽ ഇത് പരമാൎത്ഥമാണ്. ദൗൎഭാഗ്യവശാൽ ഈ ജാതി ഉറുമ്പു നമ്മുടെ മലയാളത്തിലുണ്ടോ എന്നു ആരും നോക്കിപ്പിടിച്ചിട്ടില്ല. ഇത് ആദ്യമായി കണ്ടുപിടിച്ചത് ഹ്യൂബർ എന്നൊരു പാശ്ചാത്യനാണ്. ഇത് അത്യത്ഭുതമായ ഒരു കാൎയ്യമാകയാൽ അദ്ദേഹം പറയുന്നതു പരമാൎത്ഥമല്ലെന്നു വല്ലവരും വിചാരിച്ചാലോ എന്നു ഭയപ്പെട്ടു സംശയിക്കേണ്ടി എത്രയും പ്രസിദ്ധപ്പെട്ട ഒരു തത്വജ്ഞാനിയായ പ്രൊഫസർ ജൂറീൻ (Prof. Jurine) എന്ന മഹാനെക്കൊണ്ടുപോയി കാണിച്ചുകൊടുത്തിട്ടുണ്ട്. ഈ അടിമക്കച്ചവടം രണ്ടു ജാതി ഉറുമ്പുകഠക്കുണ്ട് (Polyergus *R*ufescens and Formica Sanguinea). എന്നാൽ ഈ ജാതി ഉറുമ്പുകഠ പ്രായപൂൎത്തി വന്നിട്ടുള്ള അടിമകളെയല്ല പിടിക്കുന്നത്. അടിമജാതി ഉറുമ്പുകളുടെ ഒരു പോട്ടിലേക്ക് ഒരു സൈന്യമായി ചെന്ന് അതിക്രമിച്ച് യുദ്ധംചെയ്ത് ആ ജാതിയിലുള്ള രണ്ടും മൂന്നും ദശകളിലുള്ള ശിശുക്കളെയാണ് കൊണ്ടുവരുന്നത്. അപ്രകാരം കൊണ്ടുവന്നതിനു ശേഷം അവയെ വളൎത്തി അഭ്യസിപ്പിച്ച് അഭ്യാസവും പ്രായവും പൂൎത്തിയായാൽ മാത്രമേ സംഘത്തിലേക്കു വേണ്ട പണികളെ എടുപ്പിക്കയുള്ളൂ. അടിമഉറുമ്പുകഠ കറുത്തതരം ഉറുമ്പുകളാണ്. അടിമഉറുമ്പു

കളാക്കി പിടിച്ചുകൊണ്ടു വരുന്നതു് നപുംസകങ്ങളെ മാത്രമാണു്. അടിമജാതിയിലെ പുരുഷന്മാർ പൂൎത്തിയായി വളൎന്നു പുറത്തു സഞ്ചരിക്കുവാൻ തുടങ്ങുന്നതിന്നു മുമ്പായി അവരെ പിടിക്കാനായി ചുകന്ന ഉറുമ്പുകൾ പുറത്തിറങ്ങുകയില്ല. ചുകന്ന ഉറുമ്പുകളിൽ തെറ്റിത്തെറിച്ചു വല്ലവരും പുറത്തിറങ്ങുവാൻ തുനിഞ്ഞാൽ അടിമകൾ അവരെ പിടിച്ചു നിൎത്തും. അടിമകളെ പിടിക്കാൻ യുദ്ധത്തിന്നു പോകുന്നതിന്നുള്ള സമയം സാധാരണയായി ഉച്ചതിരിഞ്ഞു് അഞ്ചുമണിക്കു മുമ്പാണു്. പുറപ്പെടുന്നതിന്നു മുമ്പായി ഒരുവനെ അയച്ചു് സമീപസ്ഥലങ്ങൾ പരിശോധിപ്പിക്കാറുണ്ടെന്നു വിശ്വസിക്കാൻ മതിയായ കാരണമുണ്ടു്. പുറത്തുപോയവൻ എവിടെ നിന്നാണുവൊ ആ വഴിക്കാണു് ഭടന്മാർ പോകാറുള്ളതു്. ഏറ്റവും പഴേരാ ഭടന്മാർ മുൻപടയായി കുറെ ദൂരം പോയതിന്നുശേഷം അന്വേഷണാൎത്ഥമായി തിരിഞ്ഞു പിറകിൽ വരുന്ന വലിയ സൈന്യത്തിന്റെ പിമ്പിൽ വന്നുചേരും. അപ്പോൾതന്നെ വേറെ ഏറ്റവും പഴേരാ ഉറുമ്പുകൾ ഇതുപോലെ സേനാമുഖമായി പോകും. അവയും മടങ്ങി വേറെ ചിലർ പോകും. ഇങ്ങിനെയാണവരുടെ യുദ്ധയാത്രാക്രമം. ഈ വിധം ഏറ്റവും പഴേരാ വരെയും പോയതിന്നുശേഷം അവയെല്ലാം ഒരൊറ്റയായി പിരിയും. കറുത്ത ഉറുമ്പിന്റെ പോടു കണ്ടുപിടിച്ചാൽ കാവൽക്കാരെ ജയിച്ചും കോട്ടമതിൽ കുത്തിത്തുറന്നും ഉള്ളിൽ കടന്നു മുട്ടകളേയുംകൊണ്ടു പുറത്തു വരും.

വളൎച്ചയും ആരോഗ്യവും പൂൎത്തിയായാൽ അടിമകൾക്കു വിശേഷവിധിയായ സങ്കടങ്ങൾ ഒന്നും നേരിടുകയില്ല. എല്ലാവരും കൂടി വസിക്കുന്ന പോടിന്നു കേടുതീൎക്കുക, ഭക്ഷണം കൊണ്ടുവരിക, സ്ത്രീകളെ ശുശ്രൂഷിക്കുക, കുട്ടികളെ പരിപാലിക്കുക, കുട്ടികളേയും മുട്ടകളേയും ദിവസംപ്രതി വെയിലിന്റെ ചൂടുതട്ടിക്കുക, യജമാനന്മാൎക്കു ഭക്ഷണം കൊടുക്കുക, അവൎക്കു പോകേണ്ട ദിക്കിലെല്ലാം എടുത്തുകൊണ്ടുപോക മുതലായ പ്രവൃത്തികളാണു് ചെയ്യിക്കാറുള്ളതു്. എപ്പോഴും ജാഗ്രതയായി പണിയെടുക്കുന്ന നപുംസകഉറുമ്പിന്നു് ഇതൊരു സങ്കടമായി വരാൻ തരമില്ല. യജമാനന്മാരായ യാതൊരു

പണി എടുക്കയുമില്ല. ഭക്ഷിക്കണമെങ്കിൽ ഈ അടിമകൾക്കു കൊണ്ടുപോയി കൊടുക്കണം. അങ്ങിനെ കൊടുത്തിട്ടില്ലെങ്കിൽ സമീപത്തിൽ ഭക്ഷണമുണ്ടായിരുന്നാലും പട്ടിണി കിടക്കാറേ ഉള്ളു.

(തുടരും)

കാരാട്ട് അച്യുതമേനോൻ, ബി.എ. ബി. എൽ.

പലവക

ലക്ഷ്മീവിലാസം

(പത്രാധിപർ:— കെ. സി. മാനവിക്രമൻ രാജാ, ഡി. സി., കോട്ടക്കൽ)

വർത്തമാനപത്രങ്ങളും മാസികകളും ഉണ്ടായിരിക്കുന്നത് പരിഷ്കാരചിഹ്നങ്ങളിൽ ഒന്നാണെങ്കിലും അളവും തടവും കൂടാതെ ആയവ വർദ്ധിക്കുന്നത് നമ്മുടെ നാട്ടിന്നും നാട്ടുകാൎക്കും സൎവ്വപ്രകാരേണയും ഗുണകരമായിട്ടുള്ളതാണെന്നു തോന്നുന്നില്ല. മലയാളനാട്ടിൽ അക്ഷരപരിജ്ഞാനമുള്ളവർ നിരന്തരം നൂറാൾക്കു പന്ത്രണ്ടു വീതം മാത്രമാണെങ്കിലും പത്രങ്ങളും മാസികകളുംകൂടി ഇംഗ്ലണ്ടിലേക്കാൾ ഏകദേശം 100-ക്കു 7-വീതം കൂടുതലായിട്ടാണ് കാണുന്നത്. സ്വതേതന്നെ കാലക്കേടും ചാഴിക്കേടും വേണ്ടിടത്തോളമുള്ളപ്പോൾ ഒരുപറ വിത്തു വീഴുന്ന ദിക്കിൽ 10 പറ വിതക്കുന്നതുകൊണ്ടു ദോഷമല്ലാതെ ഒരുവിധത്തിലും ഗുണമുണ്ടാവാൻ തരമുള്ളതല്ല. എന്നാൽ സ്ഥലവും തരവും നോക്കി പല ധാന്യങ്ങൾ വിതയ്ക്കുന്നതുപോലെ പ്രത്യേകം ചില നാട്ടുകൾക്കും വിഷയങ്ങൾക്കും പ്രതിനിധിസ്ഥാനം വഹിക്കുന്ന വൎത്തമാനപത്രങ്ങളും മാസികകളും ഉണ്ടാകുന്നതു പലവിധത്തിലും ക്ഷേമകരമായിട്ടുള്ളതാണ്. വൈദ്യശാസ്ത്രപ്രതിനിധിയായ ധന്വന്തരിപോലെ കൃഷി, കൈത്തൊഴിൽ, കച്ചവടംമുതലായി ധനസംബന്ധമായ സകല വിഷയങ്ങളേയും വേണ്ടപോലെ പ്രതിപാദിക്കുന്ന 'ലക്ഷ്മീവിലാസവും' വേണ്ടതുതന്നെ. സകല വിഘ്നങ്ങളേയും നോക്കിത്തട്ടുന്നതുകൊണ്ടും തടുക്കുവാനുള്ള സഹായം ഉണ്ടായിക്കൊണ്ടും ഈ മാസിക മന്ദ്യനി

ലയിൽ എന്നെന്നേയ്ക്കും നിലനിന്നു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കേരളീയസമുദായ പരിഷ്കാരിണി.

'നായർ'മാസികയുടെ പത്രാധിപരായിരുന്ന കുഞ്ഞൻനായർ അവർകളുടെ പത്രാധിപത്യത്തിൽ പേരുമാറിപ്പുറപ്പെട്ടിരിക്കുന്ന 'കേരളീയസമുദായപരിഷ്കാരിണി'യുടെ രണ്ടാം പുസ്തകം ഞങ്ങൾ കൈപ്പററിയിരിക്കുന്നു. പേരുമാറി പുറപ്പെട്ടതുകൊണ്ട് ഇവിടെ എടുത്തു പറവാൻ ഇടയായി എന്നല്ലാതെ ഇതു രണ്ടാംപുസ്തകമായ സ്ഥിതിക്ക് അതിനെപ്പററി ഈ അവസരത്തിൽ വിശേഷിച്ചൊന്നും പറയേണ്ടതില്ല.

വിജ്ഞാനചന്ദ്രിക.


'പള്ളിപ്പാട്ട് സൽഗ്രന്ഥപ്രകടനകാര്യാലയം' വകയായി പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്ന ഒരു പുസ്തകമാണിത്. 'ബ്യൂറൽ റേല്പത്രത്ത ഗ്രന്ഥശാകരം'തതിന്നു വകയാണ് ഇതു പുറപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഉദ്ദേശം സംസ്കൃതഭാഷയിൽ നിക്ഷേപിച്ചുകിടക്കുന്ന സൽഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന 'ഉത്തമപ്രമേയങ്ങളെ ആസ്തികതാവലംബികളായ ജനങ്ങളെ ഗ്രഹിപ്പിച്ച് അവർക്കു 'പരമപുരുഷാർത്ഥത്തെ' സാധിപ്പിച്ചുകൊടുക്കുകയാണ്. 1-ാം പുസ്തകം 1-ാം ലക്കത്തിലെ വിഷയം പരാശരസ്മൃതി 1-ാം അദ്ധ്യായത്തിൽ ൨൫ ശ്ലോകങ്ങളും മലയാളത്തിൽ ചുരുങ്ങിയ ഒരു വ്യാഖ്യാനവും ആകുന്നു. ഇതിന്റെ വലിപ്പം ഡമി 1/8 ഭാഗം. പ്രസാധകൻ കെ. എ. രാമൻപിള്ള. ഇതും ഞങ്ങൾ കൈപ്പററി.

അഭിപ്രായത്തിന്നയച്ചുകിട്ടിയ പുസ്തകങ്ങൾ.


1. മോക്ഷപ്രദീപം—ബ്രഹ്മാനന്ദസ്വാമി എന്ന ശിവയോഗി.
2. വിചാരസംഗ്രഹം—കോരാത്ത് നാരായണമേനോൻ.

P. SUBBAROY'S

World-renowned and most efficacious Ayurvedic medicines



പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുൎവ്വേദൌഷധാലയം.



൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നെഞ്ചു, കൈ, കാൽ മുതലായവയുടെ വിറയൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രാഘാതം), മുതലായ പലവിധ വസ്തിരോഗങ്ങളും ക്ഷണനേരം പരിഹരിച്ചു രക്ഷപ്പെടുത്തും.

കുപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൫ വേറെ

൨. പ്രമേഹനിവാരണി.

സിതമേഹം, ഇന്ദ്രിയസ്രാവം, മൂത്രാധികമായും തടഞ്ഞും പോകുക, മൂത്രം ചുടുക്കൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഇതുകാലത്തിൽ രണ്ടു അധികമായി സേവിക്കുന്നതിനേറ്റം ശമിപ്പിക്കും. കുപ്പി ൧ ക്കു വില രൂപ ൧. മൂന്നു കുപ്പികൾ ഒന്നിച്ചുള്ള ആജ്ഞ തപാൽ ചിലവു അണ ൫.

൩. സൎവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കടിയുടെ വേദന, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, കഴ ഭാഗങ്ങളുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാശ്ചവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു അണ ൫.


൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നമുഞാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം, ത്വഗ്രോഗങ്ങളും പലതും മാറും. തേമൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിനു ൧-ണ. തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൩. ലക്ഷ്മീകര കസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സമീപം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ ഏതു ദുർദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങളും വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ പെട്ടി ൧-ക്കു തപാൽകൂലി ൩ ണ.

൪. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൨-ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

൫. ജ്വരസംഹാരി.

കുളിർപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൬ ണ വേറെ.

൬. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മിനുസമായും ഇടതൂർന്നും പുഷ്ടിയായും തെളിവായും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും, രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുമുണ്ടാകും. വില കുപ്പി ഒന്നിനു ൬ ണ. തപാൽ ചിലവു ൩ ണ വേറെ,

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൨൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്ക, പുളിച്ചുതികട്ടുക, നെഞ്ചു കരിക്കുക, മലബന്ധം, വയറുനോവു, വായനാററം, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തരോഗങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ ൮ തപാൽകൂലി അണ ൩ വേറെ

൨൧. കണ്ണുബിന്ദു.

ചീക്കണ്ണു, ചെങ്കണ്ണു, ചൊറിയടപ്പു, ഇടച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും. ദൃഷ്ടിസുഖമുണ്ടാക്കും. വില കുപ്പിഒന്നുക്കു ൪ അണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ

൨൨. സുവൎണ്ണഗുളികകൾ.

ദേഹം ക്ഷീണിപ്പിക്കുന്ന അജീൎണ്ണം, പിത്തോദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൮ അണ. തപാൽ ചിലവു ൧ മുതൽ ൫ വരെ ഡപ്പികൾക്കു ൩ അണ വേറെ

൨൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, തിമിരം, നീരടപ്പു, ചിമ്മൽ, ചീക്കണ്ണു, പീളകെട്ടു, ചെവളപ്പു, പൂവു, കൊക്കൂപ്പു, ചൊറിച്ചിൽ, ഇമ, പുറികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു ൮ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ.

൨൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലനത്തെ നീക്കും. വില ഡപ്പി ഒന്നിനു ൮ അണ. തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൩ അണ വേറെ.

൨൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ൧ പലത്തിനു ൨൪ ക. വില. ൧ പലത്തിൽ കുറഞ്ഞ ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൧൩. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണാം. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧ക്ക ൨ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവർക്കു ഡസൻ ൧ക്ക ൨൦ ണ ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൫ ണ പുറമെ. ഇന്ത്യയിലും ബർമ്മയിലും ൧൨ കുപ്പിക്കു വി. പി. കമ്മീഷൻ ൫ ണ. സിലോൺ ടി ൬ ണ.

൧൪. വ്രണവിരോപണതൈലം.

ഈ കഴയു പിത്തപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൪ ണ ൧ കുപ്പിക്കു വി. പി. കമ്മീഷൻ ൫ ണ മാത്രം.

൧൫. കണ്ണുശുദ്ധിഗുളിക.

ഇതു കണ്ണിനു തെളിഞ്ഞ [illegible] ഉണ്ടാവുന്നതിനു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, [illegible], വിദ്യാഭ്യാസംകൊണ്ടു അദ്ധ്യയനം ചെയ്യുന്നവർക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൪ ണ വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൧൬. [illegible].

ഈ പൊടി തേച്ചു കുളിക്കുന്നതിനു വിശേഷമായ [illegible] വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞു, [illegible] സൌഖ്യവും ഉണ്ടാക്കുന്നു. ഇതിനു [illegible] ദേഹത്തിനു [illegible] ആരോഗ്യവും [illegible] എല്ലാവർക്കും [illegible] ഇതു [illegible] എല്ലാവർക്കും [illegible]. വില ൪ ണ വി. പി. കമ്മീഷൻ ൩ ണ.

൧൭. [illegible]ഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, [illegible], [illegible], ചുമ, അതിസാരം [illegible], ഉറക്കമില്ലായ്മ, [illegible] മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു [illegible] ഒരു പോലെ ഉപകരിക്കുന്നതാകുന്നു. വില ൪ ണ വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

പി. സുബ്ബറായി പരസിദ്ധപ്പെടുത്തിയിട്ടുള്ള [illegible]ഇല്ല.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൪ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൪ ണ.

൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളുൻ, ചൃത, പുഴുക്കടി, തഴണം, മട്ടവാട്ട മുതലായ ചിരിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൪ ണ

ഒന്നാംതരം ഗോരോചനം തോല ൧-ക്ക വില ൪ ക. രണ്ടാംതരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. രണ്ടാംതരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക രണ്ടാംതരം രോജാ അത്തർ, മുല്ലപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി സുഗന്ധം, ഹെന, ഗോരിയമ്പൂ, അത്തർ മുതലായതുകളും എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല മുതലിന്നു ക ൧-വു തപാൽക്കൂലി പുറമെ.

	ക.	ണ.	സ.
ഒന്നാംതരം ഗോരോചനം ഉറുപ്പികത്തൂക്കം ൧-ക്ക	൪	൦	൦
ടി രണ്ടാംതരം ടി ൧-ക്ക	൧	൦	൦
ടി പച്ചക്കർപ്പൂരം ടി ൧-ക്ക	൧	൦	൦

൨൩. രക്ഷാമൃതം.

ഇതു ഈ നാട്ടിലെ സസ്യങ്ങളിൽനിന്നു ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ്. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ട ഒരു ഭക്ഷണദ്രവ്യമാണ്. ഇതിന്നു കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ക്ഷീണക്കാർ വൃദ്ധന്മാർക്കും പ്രമേഹരോഗക്കാർക്കും ഇതു ഒരു ദിവ്യ ഔഷധമാണ്. ഇതു ദേഹപുഷ്ടി വരുത്തുകയും, പിത്തം, ധാതുക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാറുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്തു മൂത്രച്ചൂട്, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ ശീഘ്രം ഭേദപ്പെടുത്തുകയും കായബലം വർദ്ധിപ്പിക്കുകയും ചെയ്യും. ഇതു രോഗികൾക്കും, ശിശുക്കൾക്കും, ഉദ്യോഗസ്ഥന്മാർക്കും എപ്പോഴും ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ്.

തകരം ൧-ക്ക അണ ൩ മാത്രം വി പി ചാർജ്ജ് അണ ൩. പുറമെ.

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

പള്ളിക്കൂടം വിദ്യാഭ്യാസ ഇൻസ്പെക്ടർ എം. രാജരാജവർമ്മ എം. എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നക്കു വില അണ ൪

കഥാമഞ്ജരി, കാടകന്റെ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡമാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായുള്ളതും ആയ പുതിയ പുസ്തകം ഒന്നക്കു വില അണ ൨ പൈ ൬

സാവിത്രി—

ഹജൂർ ഹെഡട്രാൻസ്ലേറ്റർ കെ. ചിദംബരവാധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ഒന്നക്കു വില അണ ൨.

മാധവനിദാനം—

സർക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സംകലിതാക' [illegible] വ്യാഖ്യാനം. വില രൂപ ൨

പുതിയ മൂന്നാംപാഠ നോട്ടുമുഴുവൻ—

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാർത്ഥം, വ്യാഖ്യാനം, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൨

കീർത്തികേസരി—

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ [illegible] പരിശോധിക്കപ്പെട്ടതുമായ, ൧-ം ൨-ം ഭാഗം അടങ്ങിയ പുസ്തകം ഒന്നക്കു വില അണ ൧൪

മനോരമ—

[illegible] ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ. വില അണ ൪

പഴഞ്ചൊല്ല്—

ടി. [illegible] ഉണ്ടാക്കപ്പെട്ടത്, പുസ്തകം ഒന്നക്കു വില അണ ൮

ഉർവ്വശീ[illegible]—

കൊടുങ്ങല്ലൂർ കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടത്. സംഗീതനാടകം. വില അണ ൨. പൈ ൬

രസികരാജൻ കഥ—

റവ. കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ ൨.

സോമസുന്ദരൻ—

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നക്കു അണ ൨. പൈ ൬

ഭദ്രമുനി—

മിസ്റ്റർ വി മക്കു എഴുതിയ കഥ ഒന്നക്ക അണ ൧

ലീലാവതി—

മിസ്റ്റർ ഒ. കൃഷ്ണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൫ ണ.

കൈവല്യശതകം—

മിസ്റ്റർ പരമുപിള്ള എഴുതിയത ൧ക്ക അണ ൧.

രത്നാവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൧ക്ക വില അണ ൧.

ശങ്കരകൃതി—

ആ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംഗീതമായും തുള്ളക്കഥയായും അച്ചടിച്ചിട്ടുള്ളത പുസ്തകം ൧ക്ക ൪ അണ.

മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിടക്ടീവ് നോവൽ വില അണ

അവതാരത്രയചരിതം—

സൌഭാഗ്യവതി ഇത്തിക്കാട്ടു ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പുസ്തകം വില അണ ഒന്നര.

അദ്ധ്യാത്മരാമായണം—

കെ. സാ. ബാലിവക്കാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യാർത്ഥം ഓരോ കാണ്ഡങ്ങളും പ്രത്യേകമായി അച്ചടിച്ചുവരുന്നു ഇതിൽ പറഞ്ഞുകൊണ്ട വിവരണമായ അർത്ഥം കൂടാതെ ടിപ്പണികളും സാരം ഉപകരം അടങ്ങിയിരിക്കും പുസ്തകം എല്ലാം കാണ്ഡങ്ങളും ഒന്നായും ബയന്റു ചെയ്തുവില്ക്കപ്പെടും.

മയൂരസന്ദേശം മണിപ്രവാളം—

കേരളവർമ്മ സി. എസ്സ്. ഐ. എഫ്. എം. യു. എം. ആർ. ഏ. എസ്സ്, എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു എ. ആർ രാജരാജവർമ്മ എം. ഏ. എം. ആർ. ഏ. എസ്സ്, കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൽപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയർന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൧ക ൩ണ യും താണതരത്തിലുള്ളതിന്ന ൧ ണ യും വിലയാകുന്നു.

ദാക്ഷായിണി

കൊമത്തു കുഞ്ഞപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൧

കാർത്തവീര്യാർജ്ജുനവിജയം തുള്ളക്കഥ—

മലയാളം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി. എ. അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നുക്കു വില അണ ൨.

താരതാപദേശം—

റി കെ. കേശവനാശാൻകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി. പുസ്തകം ഒന്നുക്കു വില അണ ഒന്നു.

കാന്താപദേശം—

തിരുവില്വാമല വിശ്വനാഥശാസ്ത്രികളാൽ എഴുതപ്പെട്ടത വില ൧ റെപ

മനുസ്മൃതി—

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നുക്കു വില രൂപ ൧ അണ ൮

വിക്രമാദിത്യൻകഥ—

ടി യാൾ എഴുതപ്പെട്ട ... വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ട പുസ്തകം വില ൧ അണ

മദനകാമരാജൻകഥ—

ടി യാൾ എഴുതപ്പെട്ട ... വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ... അണ ... പുസ്തകം ... വില ൮ അണ

കഥാസരിത്സാഗരം—

ടി യാൾ എഴുതപ്പെട്ട പുസ്തകം ... വില അണ ൩

ഭാരതം—

ടി യാൾ എഴുതപ്പെട്ട പുസ്തകം ... വില അണ ൨ പൈ ൬

ഭാഷാനാടകവിമർശം—

വി. ജി. കൃഷ്ണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ ... വില ൪ അണ

വത്സലാസ്വയംവരം—

കണ്ടമത്തിൽ ഗോവിന്ദപ്പിള്ള ആശാനവർകളാൽ എഴുതപ്പെട്ടത വില ൨ അണ

എസ്സാഡു പഠിയ്ക്ക ഉപകരണം—

വില അണ ൨ പൈ ൬

ശ്രീലോകവിനോദകഥകൾ—

കണ്ടിയൂർ മഹാദേവശാസ്ത്രിവർകളാൽ എഴുതപ്പെട്ടത. വില അണ ൧ പൈ ൬

ചട്ടമ്പിത്തലവൻ—

കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു വിനോദകഥ ൧-ക്കു വില അണ ൪

ഹാസ്യ-മാണിക്കത്ത ഡയറി—

ബൈൻഡുചെയ്തത. ൧-ക്കു വില അണ ൪

മറ്റും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. അതൊക്കെയും പുറമെ, എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിവാൻ പുസ്തകങ്ങൾ വരുത്തേണമെന്ന ആവശ്യപ്പെടുന്നവർ അന്വേഷിച്ചു കൊള്ളുക.

എസ്സ്. റി. റെഡ്യാർ വിദ്യാഭിവർദ്ധിനി ഉടമസ്ഥൻ, കൊല്ലം, തിരുവിതാംകൂർ

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളുടങ്ങിയതും യഥാർത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിനുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ച് വൃത്തത്തിനുവൃത്തമായി മലയാളത്തിലേക്കു തർജ്ജമചെയ്തു വരുന്നുണ്ട്. ൲൮൨ മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. തിരുവീരരായൻ രാജാ, ബി. എ.,

കോട്ടക്കൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭഗവൽഗീത

(ഒരു കൊല്ലംകൊണ്ടവസാനിപ്പിക്കുന്ന മാസിക)

ശാംകരഭാഷ്യത്തിന്റെ മലയാളതർജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

തപാൽ കൂലി ഉൾപ്പടെ ഒരുകൊല്ലത്തേക്കു വരിസംഖ്യ 3 6 0

ആവശ്യമുള്ളവർക്ക് വി. പി. ആയും അയച്ചു കൊടുക്കും.

ടി. സി. പരമേശ്വരൻ മൂസ്സത്,

ആനന്ദാശ്രമകാര്യദർശി,

തൃശ്ശിവപേരൂർ,

വില്പാൻ തയ്യാർ

കർമ്മയോഗം—കെ. എം.	വില	0	12	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത—ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യർ ആൻഡ് സൺസ്സ് തൃശ്ശിവപേരൂർ.

വരിസംഖ്യ

തപാൽകൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽകൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ എന്തെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്ടാമ്പായിട്ടും, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെ തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതോ ആയ പരസ്യങ്ങൾക്ക് താരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാംതിയ്യതിക്കകം വരിക്കാർ മാനേജരെ അറിവുതരേണ്ടതാകുന്നു. അതിന്നുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാററണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്ന— അമ്പാടി ചെറിയ കൃഷ്ണപുതുവാൾ


ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൮൧ വൃശ്ചികം

പുസ്തകം ൪ ലക്കം ൪

പ്രസന്ന പ്രൗഢസരസ
പ്രസംഗങ്ങൾ നിറഞ്ഞിതു
[illegible] കൊടുക്കപ്പെട്ടു
രസ[illegible]



വരിസംഖ്യ മുൻകൂറായിട്ട ൩ ൦ കയ്യിൽ [illegible] ൪ ൦

രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കുഞ്ഞുപൂതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാര്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജരുടെ മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലെ ലക്കോട്ടുകളിലൊ അവരുടെ മുദ്രയോ ഒപ്പോ ഉണ്ടായിരുന്നാൽ മതി.

എന്ന്

എറണാകുളത്തു കോവിലകം

രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
13th Prince of Cochin.

തങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരികെ അയച്ചു തരണമെന്നു് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന്ന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

‘പത്രാധിപക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്’’

ര. ര. പ.

പണമടച്ചവരുടെ പേരുവിവരം.

ക. ൯൦. ൩൦.	അവർകൾ	ക	ണ	പ്പ
	എം. കൃഷ്ണപ്പിള്ള തിരുവനന്തപുരം 78 79 80 കൂടി.	3	12	0
	കൊന്നിയൂർ ആർ. ശങ്കരപ്പിള്ള 78-ലെ മാത്രം	3	0	0
	1060-ലെ			
	അകോരമനക്കൽ വലിയ നമ്പൂരിപ്പാട്	3	0	0
	എൻ. കൊച്ചുപിള്ളഅവർകൾ	0	7	0
	ആർ. ഗോപാലപിള്ള	3	0	0
	പള്ളിയിൽ കൃഷ്ണമേനോൻ ബി. എ.	3	0	0
	കണ്ടര കൃഷ്ണവാരിയർ ബി. എ.	3	0	0
	സി. ഗോദവർമ്മൻ തിരുപ്പാട്	3	0	0
	എ. ഗോപാലൻനായർ	1	8	0
	ഉള്ളാട്ട് കണ്ടരമേനോൻ ബി. എ. ബി. എൽ.	3	0	0
	പി. കെ. നാരായണൻനമ്പിശ്ശൻ	1	8	0
	കൊല്ലം നാഗ്രുണമട്ടർ	3	0	0
	ആർ. വേലായുധൻപിള്ള	3	0	0
	സി. പത്മനാഭമന്നാടിയാർ.	3	0	0
	ആർ. എ. കൃഷ്ണയ്യൻ	3	0	0
	വി. കെ. രാമൻമേനോൻ ബി. എ. പേഷ്കാർ	3	0	0
	പി. കെ. വർഗ്ഗീസ്സ്	3	0	0
	അമ്പാട്ട് ശങ്കരമേനോൻ ബി. എ. ബി. എൽ.	3	0	0
	വി. കെ. ശങ്കരമേനോൻ ബി. എ.	3	0	0
	ഈ. കുഞ്ഞുമേനോൻ മുൻസിഫ്	3	0	0
	എം. രാമവർമ്മൻതമ്പാൻ	3	0	0
	പാറയിൽ രാമൻപിള്ള	3	0	0
	കെ. ടി. എം. മേനോൻ, മദ്രാശി	3	0	0
	വി. അനന്തനാരായണയ്യൻ	0	12	0

	ക	ണ	സ്സ
മ. രാ. രാ. വി. ആർ. പത്മനാഭൻ അവർകൾ	3	0	0

1081-ലെ

അകവൂര മനക്കൽ വലിയ നമ്പൂരിപ്പാട്	3	0	0
ആർ. അയ്യപ്പൻപിള്ള 6-മാസത്തെ	1	8	0
നെയ്യൂർ. എം. എ. കുമാരപിള്ള	3	0	0
പി. ഗോപാലപ്പിള്ള	3	0	0
വി. കെ. രാമൻമേനോൻ ബി. എ. പ്ലീഡർ	3	0	0
കെ. നാരായണമാരാർ ബി. എ. ബി. എൽ	3	0	0
ടി. സി. കൃഷ്ണമേനോൻ ബി. എ. ബി. എൽ	3	0	0
ടി. എ. ദൊരസ്സാമി അയ്യർ	3	0	0
കരിമ്പറെറ അച്യുതമേനോൻ ബി. എ. ബി. എൽ,	3	0	0
കെ. ഗോവിന്ദമാരാർ ബി. എ. ബി. എൽ	3	0	0
പള്ളിയിൽ ഗോപാലമേനോൻ	3	0	0
കെ. ഉഴുത്രവാരിയർ 3 പ്രതിയുടെ	0	12	0
വി. കെ. കൊച്ചുണ്ണിമേനോൻ ബി. എ. ബി. എൽ	3	0	0
എം. വേലുപിള്ള	3	0	0
ഇ. കെ. പത്മനാഭൻ	3	0	0
അങ്കരാത്ത വലിയ മന്നാടിയാർ	0	12	0

സംഗതിവിവരം

വിദ്യാവിനോദിനിഅച്ചുക്കൂടം.



ശ്രീ ശങ്കരാചാൎയ്യർ

(ഇപ്പോഴത്തെ ശൃംഗേരിമഠം സ്വാമിയാർ)

(രസികരഞ്ജിനി).

രസികരഞ്ജിനി

൧൦൮൧

പുസ്തകം ൪.　　　വൃശ്ചികമാസം　　　ലക്കം ൪.

മംഗളം

ആളീഭൂതമഹേന്ദ്രചന്ദ്രവദനാപാളീപരീതാന്തികം-
കേളീലോളിതചന്ദ്രഹാസലതികാധൂളീകൃതാരിവ്രജാ
വ്യാളീമണ്ഡലമണ്ഡിതാ ഭഗവതീ കാളീ കളായപ്രഭാ-
ചൂളീനിർജ്ജിതകാളികാമിശലഭം കാളീകൃതാസ്യച്ഛടാ,

കൊ. വിദ്വാൻ ഏളയതമ്പുരാൻ.

കൊടുങ്ങല്ലൂർ

വിദ്വാൻ ഏളയതമ്പുരാൻ



ജ്യോതിശ്ശാസ്ത്രത്തിൽ സൌരസിദ്ധാന്തപ്രകാരമുള്ള ഗണിതഭാഗത്തിലും ഗോളയുക്തിവിചാരത്തിലും ഒരു പ്രത്യേകസാമർത്ഥ്യവും ഫലഭാഗത്തിൽ വരാഹമിഹിരഹോരാദിമൂലഗ്രന്ഥങ്ങളുടേയും അവയുടെ ഭട്ടോല്പലാദി മുതലായ വ്യാഖ്യാനങ്ങളുടേയും സിദ്ധാന്തജ്ഞാനവും അതു വഴിപിടിച്ച ഫലനി

ർദ്ദേശം ചെയ്യു് അനുഭവപ്പെടുത്തുവാനുള്ള മനശ്ശക്തിയും അക്കാലത്തു മലയാളത്തിൽ അവിടത്തെപ്പോലെ വേറെ അധികം ആരും ഉണ്ടായിരുന്നില്ല. ഇക്കാര്യം അനുഭവസാക്ഷികളായി അന്നു ജീവിച്ചിരുന്ന പല യോഗ്യന്മാരും വിശ്വസിക്കത്തക്കവിധം പറഞ്ഞു കേട്ടിട്ടുള്ളതിനു പുറമേ ഇന്നും ആരും സമ്മതിക്കത്തക്ക ചില രേഖാപ്രമാണങ്ങളെക്കൊണ്ടു ധാരാളം തെളിയുന്നതുമാണു്.

കടത്തനാട്ടു രാജകുലത്തിൽ അപ്പുത്തമ്പുരാൻ എന്നു വിളിച്ചു വന്നിരുന്ന ശങ്കരവർമ്മ രാജാവു് ജ്യോതിശ്ശാസ്ത്രത്തിൽ അതിസമർത്ഥനും അവിടത്തെ സമകാലികനുമായിരുന്നു. അപ്പുത്തമ്പുരാന്റെ പാണ്ഡിത്യത്തെ പരീക്ഷിപ്പാൻവേണ്ടി അവിടുന്നൊരിക്കൽ താഴെ കാണുന്ന ശ്ലോകം എഴുതി അയക്കുകയുണ്ടായി.

'ലങ്കായാംബുധവാരമേഷഗയുഗേപന്മധ്യാഹ്നമധ്യംഗതം
ഭാസ്വന്തംശ്രിതവാൻത്രികോണമുദിതംപശ്യന്തിയേമാനവാഃ
തേഷാമക്ഷഗുണപ്രമാണമഖിലജ്യാഗോളസംസ്ഥാവിദോ
വിദ്വാംസഃകഥയന്തുദേശമിദമാജ്ഞാതംചകാലപ്രമാം'.

ഈ ചോദ്യത്തിന്റെ യഥാർത്ഥം മനസ്സിലാവാതെ അപ്പുത്തമ്പുരാൻ ആദ്യം ഒഴുക്കനായ ചില സമാധാനങ്ങളും എഴുതി അയക്കുകയും പിന്നെയും നിഷ്കർഷയായ ചോദ്യം ചെന്നപ്പോൾ ശരിയായ സമാധാനം പറയുകയും അന്യോന്യം ബഹുമാനിക്കുകയും ഉണ്ടായിട്ടുണ്ടു്.

ഇതുപോലെ തിഥിനക്ഷത്രാദികളെ അടിസ്ഥാനപ്പെടുത്തി ചെയ്തുവരുന്ന വ്രതമുഹൂർത്താദികളെ പ്രമാണഗ്രന്ഥങ്ങളുടെ സൂക്ഷ്മാർത്ഥത്തിനു വിരുദ്ധമായി പലരും ആചരിച്ചു വന്നിരുന്നതിനെക്കുറിച്ചു വളരെ പശ്ചാത്താപത്തോടുകൂടി അവിടുന്നു പല യോഗ്യന്മാരോടും വ്യവഹരിച്ചു് ആ വക പ്രമാണങ്ങളുടെ താല്പര്യത്തെ വെളിപ്പെടുത്തി ശരിയായ രീതിയിൽ ആചാരമര്യാദയെ സ്ഥിരീകരിച്ചിട്ടുണ്ടു്.

ജ്യോതിശ്ശാസ്ത്രത്തിൽ അവിടേക്കുണ്ടായിരുന്ന പാടവം കേവലം അമാനുഷമായിരുന്നുവെന്നു് അന്നു ജീവിച്ചിരുന്ന ദൈവജ്ഞന്മാരെല്ലാവരും സമ്മതിച്ചിട്ടുണ്ടെങ്കിലും തനിക്കു് ആ ശാസ്ത്രത്തിൽ ഇ

ത്ര മാത്രം വിഖ്യാതിയുണ്ടാവാൻ തക്കവണ്ണം താൻ ഒന്നുംതന്നെ ഗുരുമുഖത്തിങ്കൽനിന്നു പഠിച്ചിട്ടില്ലെന്നും ബാല്യത്തിൽ സാധാരണ ജ്യോതിഷികൾ ചെയ്യുന്നതുപോലെ ക്രിയാഭാഗം കുറെ അഭ്യസിക്കുകയും പിന്നെ യഥാവസരം പല ഗ്രന്ഥങ്ങളേയും സ്വബുദ്ധികൊണ്ടാലോചിച്ചു പരിചയിക്കുകയും ഒരിക്കൽ സംഗതിവശാൽ തന്റെ ഭർതൃകുലത്തിലെ മാതുലനായ അയിരൂര് (കഴിക്കോട്ട്) രാജാവിങ്കൽനിന്ന് അഞ്ചു ദിവസംകൊണ്ട് (കോവിലകത്ത് ഒരു വിവാഹത്തിന്നിടയ്ക്ക്) പഞ്ചബോധക്രിയകളുടെ യുക്തികളെ ചോദിച്ചറിയുകയുംമാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും അതുകൊണ്ട് ജ്യോതിശ്ശാസ്ത്രത്തിൽ തനിക്കു വല്ല പ്രസിദ്ധിയും ഉണ്ടായിട്ടുണ്ടെങ്കിൽ അതു പരദേവതയായ ഭഗവതിയുടെ കൃപാകടാക്ഷംകൊണ്ടു മാത്രമാണെന്നുമാണ് അവിടുന്നു പലരോടും പറഞ്ഞിട്ടുള്ളത്. കാര്യത്തിന്റെ വാസ്തവസ്ഥിതി അങ്ങനെ തന്നെയായിരിക്കാമെങ്കിലും ജ്യോതിശ്ശാസ്ത്രത്തിന്റെ ഫലഭാഗത്തിൽ അവിടുന്നു പറഞ്ഞിട്ടുള്ള ചില അത്ഭുതസംഭവങ്ങൾ ഇന്നും അനുഭവപ്പെട്ടു കാണുന്നുണ്ട്.

അവിടുത്തെ ശിഷ്യന്മാരിൽ ഒരാളായ ആലുവാ മററപ്പിള്ളി എന്ന എടപ്പിള്ളി ഇല്ലത്ത് നാരായണൻനമ്പൂരി ഒരു ദിവസം അവിടുത്തെ കണ്ടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ രണ്ടാമത്തെ മകൻ പരമേശ്വരൻ എന്ന ഉണ്ണിക്കു വയസ്സു പത്തായി, ബുദ്ധിക്കൊരുന്മേഷമില്ല, സംസാരിക്കുമ്പോൾ അക്ഷരങ്ങൾതന്നെ വേണ്ടപോലെ പുറപ്പെടുകയില്ല, ഉപനയനത്തിന്നും കാലം വൈകി, ഉപനിച്ചാലവശ്യം വേണ്ടതായ നിത്യകർമ്മങ്ങളെത്തന്നെ പഠിപ്പിപ്പാൻ പ്രയാസമാണ്, അതുകൊണ്ടെന്തു വേണ്ടു എന്നു ചോദിച്ചു. അവിടുന്ന് ആലോചിച്ചിട്ട് 'മററന്നാൾ പകൽ ഒമ്പതു മണി കഴിഞ്ഞു പതിനൊന്നു മണിക്കകം ഒരു മുഹൂർത്തമുണ്ട്. ആ സമയം ഉപനയിച്ചാൽ ഉണ്ണി ഒരിക്കലും മൂഢനായിവരുന്നതല്ല. ഈ മുഹൂർത്തത്തിന്നു വല്ല ജ്യോതിഷികളും വിരോധം പറഞ്ഞേക്കാം. എങ്കിലും എന്റെ വാക്കിനെ വിശ്വസിച്ചു നമ്പൂരി ഉപനയിച്ചാൽ മകൻ നല്ല യോഗ്യനാകും, നിശ്ചയംതന്നെ'യെന്നു പറഞ്ഞു. അപ്പോൾ നേരം നാലു മണിയായി. നമ്പൂരി മുഹൂർത്തം ചാ

ന്ദി വാങ്ങിച്ചു ഉടൻതന്നെ ചെന്നു ചേന്നാമംഗലത്തു പാലിയത്തു് താമസിച്ചിരുന്ന 'വെള്ളിയാട്ടു' നമ്പൂരിയെ (കഴിഞ്ഞ വലിയച്ഛന്റെ അച്ഛൻ) കണ്ടു. 'മററന്നാൾ ഉണ്ണിയുടെ ഉപനയനം വേണമെന്നു വിചാരിക്കുന്നു. അതിന്നില്ലത്തുവരണം' എന്നു പറഞ്ഞപ്പോൾ നമ്പൂരിയും ഒരു ജ്യോതിഷിയായിരുന്നതിനാൽ 'മററന്നാൾ ഉപനായത്തിന്നു മുഹൂൎത്തമില്ല. ദോഷവുമുണ്ട്', എന്നും മററും തന്മതം പറഞ്ഞു. ആ സമയം ഇടപ്പിള്ളി നമ്പൂരി 'ഇത് ഏളയതമ്പുരാൻ പറഞ്ഞ മുഹൂൎത്തമാണ്. അന്ന് ഉപനായിക്കുന്ന കാൎയ്യത്തിൽ എനിക്കു സംശയമില്ല. മനസ്സുണ്ടായിട്ട് ക്രിയമാത്രം കഴിച്ചതന്നാൽ മതി' എന്നു നിൎബ്ബന്ധിച്ചു പറഞ്ഞതിനാൽ അപ്രകാരംതന്നെ ഉപനയനം കഴിച്ചു. അന്നത്തെ ഉണ്ണിനമ്പൂരിയാണ് ഇന്നും ജീവിച്ചിരിക്കുന്ന മററപ്പിള്ളി എന്ന ഏടപ്പിള്ളി പരമേശ്വരൻനമ്പൂരി. അദ്ദേഹം യജുൎവ്വേദിയാണ്. സ്വശാഖയിൽ കൃഷ്ണയജുശ്ശാഖയിൽ സംഹിതയും ബ്രാഹ്മണവും അദ്ദേഹത്തെപ്പോലെ അറിയുന്ന നമ്പൂരിമാർ ഇപ്പോൾ ചുരുക്കമേയുള്ളു. മന്ത്രശാസ്ത്രത്തിലും തന്ത്രത്തിലും അദ്ദേഹം വളരെ പ്രസിദ്ധനുമാണ്.

വെള്ളാങ്ങല്ലൂര് എളകരിശ്ശി രാമൻനമ്പൂരിപ്പാട് അവിടുത്തെ പ്രധാന ശിഷ്യനായിരുന്നു. മിക്കസമയത്തും ഗുരുനാഥനോന്നിച്ചുതന്നെയായിരുന്നു അദ്ദേഹത്തിന്റെ താമസം. അന്നു ശിഷ്യന്റെ ഇല്ലത്ത് വയോധികയായ തന്റെ മാതാവും ജ്യേഷ്ഠന്റെ അകായിലുള്ളാളും മാത്രമേ ഉണ്ടായിരുന്നുള്ളു. ജ്യേഷ്ഠപത്നിയുടെ ഋതുകാലത്തിൽ അവൎക്കു ഭക്ഷണം തയ്യാറാക്കിക്കൊടുപ്പാൻ നമ്പൂരിപ്പാട് മാസംതോറും തന്റെ ഇല്ലത്തേക്കുപോവുക പതിവായിരുന്നു. ഈ യാത്രയിൽ ചിലപ്പോൾ അഞ്ചും ആറും ദിവസം നമ്പൂരിപ്പാട്ടിലേക്ക് ഇല്ലത്തു താമസംപററിപ്പോകാറുണ്ട്. പ്രകൃത്യാ ശിഷ്യവത്സലനായ അവിടേക്ക് ആ പ്രിയ ശിഷ്യന്റെ വിപ്രയോഗം അസഹ്യമായിത്തോന്നിയതുകൊണ്ട് ഒരിക്കൽ ശിഷ്യൻ മടങ്ങി വന്നപ്പോൾ അധികതാമസത്തിനുള്ള കാരണം ചോദിച്ചു. ജ്യേഷ്ഠത്തിയുടെ ഋതുകാലത്തിന്നു പതിവിലധികം താമസം വന്നുപോയതിനാലാണ് എന്നു ശിഷ്യൻ സമാധാനം പറഞ്ഞു. പി

നത്തെക്കേറി ഇല്ലത്തേക്കു പോകുവാൻ ശിഷ്യൻ അനുവാദം ചോദിച്ചപ്പോൾ 'അകായിലുള്ളാളുടെ നാളും കൂറും അറിവുണ്ടോ?' എന്ന് അവിടുന്നു ചോദിച്ചതിന്ന് അറിഞ്ഞുകൂടാ എന്നും വരുമ്പോൾ അറിഞ്ഞുവരാമെന്നും പറഞ്ഞു നമ്പൂരിപ്പാടു പോയി. അദ്ദേഹം മടങ്ങിവന്നു നാളും കൂറും അവിടുത്തെ ധരിപ്പിച്ചതിൽ പിന്നീട് എല്ലാ മാസങ്ങളിലും ഋതുകാലം അടുത്താൽ പതിനഞ്ചു നാഴികമുമ്പിൽ ഗുരുനാഥൻ ശിഷ്യനോടു 'പുറപ്പെടാം' എന്നു പറകയും അപ്രകാരം ശിഷ്യൻ ഇല്ലത്തു ചെന്നാൽ—വെള്ളാങ്ങല്ലൂർക്കു കൊടുങ്ങല്ലൂരിനിന്നു നാലു നാഴികവഴിയുള്ളൂ—ഉദ്ദിഷ്ടസമയം ശരിയായിവരികയും പതിവായി. നാളും കൂറും മാത്രം അറിഞ്ഞുകൊണ്ട് ഋതുകാലത്തെ ഇത്ര കൃത്യമായി പറഞ്ഞിട്ടൊന്നും പിഴക്കാതെയായപ്പോൾ ശിഷ്യന്മാർ ഗുരുനാഥനോട് ഈ ഉപായം ഉപദേശിച്ചാൽ കൊള്ളാമെന്നു അപേക്ഷിച്ചതിൽ അവിടുന്ന് ശിഷ്യരോട് പറഞ്ഞത് ഇത്ര മാത്രമാണ്. 'സാധാരണ സദ്ഗുണലുബ്ധന്മാരും പരോല്ക്കർഷാസഹിഷ്ണുക്കളുമായ ചില പണ്ഡിതമ്മന്യന്മാരെപ്പോലെ എനിക്കു പുറത്തു പറവാൻ വയ്യാത്തതായ യാതൊരു ഗ്രന്ഥോപദേശവുമില്ല. എനിക്കറിയാവുന്നവയെല്ലാം നിങ്ങൾ ചോദിക്കാതെതന്നെ നിങ്ങൾക്കു ഞാൻ ഉപദേശിപ്പാൻ തയ്യാറാണ്. ഹോരയിൽ നിഷേകാദ്ധ്യായത്തിൽ 'കുജേന്ദുഹേതുപ്രതിമാസമാർത്തവം' എന്ന ശ്ലോകമാണ് ഈ കാര്യത്തിൽ എനിക്കു പ്രമാണം. ആ ശ്ലോകപ്രകാരം ആലോചിച്ചാൽ മതി'.

കാര്യത്തിന്റെ സ്ഥിതി നോക്കുക. ഹോരാശാസ്ത്രം മുഴുവനും അതിന്റെ ദശാധ്യായീവിവരണം, ഭട്ടോല്പലം, ചന്ദ്രിക മുതലായ അനേകം വ്യാഖ്യാനങ്ങളും കാണാപ്പാഠം പഠിച്ചു പദാർത്ഥവും, വാക്യാർത്ഥവും, ശ്ലോകാർത്ഥവും, സിദ്ധാന്താർത്ഥവും, താല്പര്യാർത്ഥവും, ഉപദേശാർത്ഥവും, ഗ്രന്ഥാർത്ഥവും ഗ്രഹിച്ചു ദൈവജ്ഞന്മാരെന്ന നാമധേയവും ധരിച്ചു കവിടിസ്സഞ്ചികൊണ്ട് വൃത്തികഴിക്കുന്ന മഹായോഗ്യന്മാരിപ്പോഴും മലയാളത്തിൽ അസംഖ്യമുണ്ടല്ലോ. അവരിൽ എത്ര പേർക്ക് ഈ വക അവശ്യവിജ്ഞേയങ്ങളായ വിഷയങ്ങളറിയാം? അധികം ആർക്കും അറിയാമെന്നു തോന്നുന്നില്ല. അതിന്നൊരു

ദൃഷ്ടാന്തവുംകൂടി അടുത്തുണ്ടായിട്ടുണ്ട്. മലയാളബ്രാഹ്മണരിൽ എല്ലാം അവസ്ഥകൊണ്ടും അത്യുൽകൃഷ്ടനായ ഒരാളുടെ ഇല്ലത്ത് ഒരു വിവാഹത്തിന്നായി സ്ത്രീപുരുഷജാതകങ്ങളെ കേൾവിപ്പെട്ട പല ജ്യോതിഷികളേയും കാണിച്ചു ചോദ്യനോക്കി സമ്മതം പ്രാപിച്ചതിന്റെശേഷം മുഹൂർത്തവും ചാർത്തിവാങ്ങി പെണ്കൊടയും നിശ്ചയിച്ചു. യോഗ്യനായ ഒരു ജ്യോതിഷിയുടെ ഉപദേശപ്രകാരമുള്ള സുമുഹൂർത്തത്തിൽ വധുവിനെ അതിന്റെ ഗൃഹത്തിൽനിന്നിറക്കി വരന്റെ ഇല്ലത്തേക്കു കൊണ്ടുപോരികയും കഴിച്ചു. പക്ഷെ കുടിവെക്കുവാനുള്ള മുഹൂർത്തം വധുവിന്റെ ഋതുകാലമായിട്ടാണ് കലാശിച്ചത്. നന്നായില്ലെ മുഹൂർത്തലക്ഷണം? ഇങ്ങിനെ പറഞ്ഞതുകൊണ്ട് ഞാൻ ജ്യോതിഷികളെ കൂട്ടത്തോടെ പരിഹസിക്കുകയാണെന്നു വായനക്കാർ തെറ്റിദ്ധരിക്കരുത്. ഹിന്തുക്കളുടെ നമ്മുടെ ത്രികാലജ്ഞന്മാരുടെ ജ്ഞാനവും ഈ ശാസ്ത്രംകൊണ്ടു സിദ്ധിക്കുന്നതാകണമെന്നും അതിനാൽ ഈ ശാസ്ത്രത്തെ വേദമാകുന്ന പുരുഷന്റെ കണ്ണാണെന്നും കല്പിച്ചിരിക്കെ അതിമാഹാത്മ്യമുള്ള ഈ ശാസ്ത്രത്തിന്റെ സൂക്ഷ്മാർത്ഥം ഗ്രഹിക്കാതെ അന്ധപ്രായന്മാരായ ചിലർ ജ്യോതിഷിവേഷം കെട്ടി നടക്കുന്നതിനെക്കുറിച്ചുള്ള വാസ്തവമായ വ്യസനത്തെ മാത്രമെ ഇതുകൊണ്ടു സൂചിപ്പിക്കുന്നുള്ളു.

നെടുമ്പിള്ളി തരണനെല്ലൂര് നമ്പൂരിപ്പാട്ടിലെ ഓതിക്കൻ തളിപ്പറമ്പത്തു ചമ്മലശ്ശേരി നമ്പൂരി പ്രായംചെന്നതിന്നുശേഷം വിവാഹം കഴിക്കേണമെന്നുവെച്ച് പലജാതകങ്ങളേയും പ്രസിദ്ധപ്പെട്ട ജ്യോതിഷികളെക്കൊണ്ടു ചോദിച്ചു നോക്കുകയും അവരിൽ കുട്ടികൃഷ്ണവാരിയരുടെ സമ്മതം പ്രാപിച്ചിട്ടുണ്ടായിരുന്ന ഒരു ജാതകത്തെ തീർച്ചപ്പെടുത്തുകയും ചെയ്തു. നമ്പൂരിക്ക് ആ ജാതകം നമ്മുടെ ജ്യോതിഷിയേക്കൂടി കാണിക്കേണമെന്നു തോന്നി അദ്ദേഹം ജാതകം കൊണ്ട് കൊടുങ്ങല്ലൂര് വന്നു. അവിടുന്നു ജാതകംനോക്കീട്ട് ചേർച്ചക്കേട് ഒന്നുമില്ലെന്ന് ആദ്യം പറഞ്ഞു. ഉടനെതന്നെ ഈ സ്ത്രീയെ നമ്പൂരി വിവാഹം ചെയ്യണ്ട എന്നും അഭിപ്രായപ്പെട്ടു. ചമ്മലശ്ശേരി നമ്പൂരി തരണി നമ്പൂരിപ്പാട്ടിലെ ശിഷ്യനും ഒരുമാതിരി ശാസ്ത്രജ്ഞനും ജ്യോതിഷിയുമായതുകൊണ്ടു വെറുതെ വേളികഴി

ക്കേണ്ടു എന്നു പറഞ്ഞാൽ പോരാ; കാരണംകൂടി കേൾക്കണം എന്നായി. ശാസ്ത്രവഴിക്കല്ല വിരോധിച്ചത്; നിമിത്തവുംകൂടി നോക്കുവാനുണ്ട്. നിമിത്താപിടിച്ചാലോചിച്ചാൽ വേണ്ടെന്നാണ് എന്റെ പക്ഷം' എന്നായിരുന്നു അവിടുത്തെ മറുപടി. ജ്യോതിഷത്തിൽ അതിസമർത്ഥനായ കൃഷ്ണവാരിയർ സമ്മതിച്ചിട്ടുള്ള ജാതകത്തിന്ന് അവിടുന്നു കണ്ടു കുററം ഒരു ഭ്രമം മാത്രമാണെന്നു നമ്പൂരി കരുതി നിശ്ചയിച്ചിരുന്നതുപോലെ വിവാഹം നടത്തി. വിവാഹസമയം സ്ത്രീപുരുഷന്മാർ ഒന്നിച്ചിരുന്നു ചെയ്യേണ്ടതായ ഹോമത്തിന്റെ പുകകൊണ്ട് ആ സ്ത്രീക്ക് ഒരു തലവേദന തുടങ്ങുകയും അതു വർദ്ധിച്ചു വിവാഹശേഷത്തിനു മുമ്പു സ്ത്രീ മരിക്കുകയും ചെയ്തു. നമ്പൂരിക്കു വ്യസനത്തേക്കാൾ അത്ഭുതമാണുണ്ടായത്. അദ്ദേഹം പിന്നീടൊരിക്കൽ ഒരു കെട്ടു ജാതകവുംകൊണ്ട് അവിടുത്തെ വന്നു കണ്ടു. അതിൽ രണ്ടു പെൺകിടാങ്ങളെ വിവാഹം കഴിപ്പാൻ അദ്ദേഹം ഉറച്ചിട്ടുണ്ടായിരുന്നു. പക്ഷേ ആ വിവരമൊന്നും അവിടുത്തെ ധരിപ്പിച്ചില്ല. അവിടുന്നു ജാതകങ്ങളെല്ലാം നോക്കി കഴിഞ്ഞതിന്റെ ശേഷം നമ്പൂരി വിചാരിച്ചിരുന്ന പെൺകിടാങ്ങളുടെ ജാതകങ്ങളെടുത്ത് 'ഇതിൽ ഒരു പെൺകിടാവിനു സൌന്ദര്യമുണ്ട്, സന്തതി ഉണ്ടാവാൻ മൂന്നുകൊല്ലം വേണം, മററെ പെൺകിടാവു കണ്ടാൽ നന്നല്ല, പക്ഷേ സന്തതി അടുത്ത കൊല്ലത്തിൽതന്നെ ഉണ്ടാവും, രണ്ടും ദോഷമില്ല' എന്നു പറഞ്ഞു. 'ഞാൻ അവരിൽ ആരെ വിവാഹം ചെയ്യുമെന്നാണ് അവിടുത്തെ പക്ഷം.' എന്നു നമ്പൂരി ചോദിച്ചു. 'രണ്ടിനേയും വേൾക്കാനാണ് എളുപ്പം,' എന്ന് അവിടുന്നു മറുപടി പറഞ്ഞു. നമ്പൂരി ചെന്നു രണ്ടു പെൺകിടാങ്ങളേയും വേൾക്കുകയും അവിടുന്നഭിപ്രായപ്പെട്ടതുപോലെ തന്നെ സന്തതി ഉണ്ടാവുകയും ചെയ്തു.

കുന്നംപറമ്പ് അച്ഛൻനമ്പൂരി അവിടുത്തെ അടുത്ത പരിചിതനായിരുന്നു. അദ്ദേഹം 'വേഴപ്പറമ്പ്' ഇല്ലത്തുനിന്ന് ഒരു വേളി നിശ്ചയിക്കുവാനായി ജാതകം അവിടുത്തെ കാട്ടിയപ്പോൾ 'ആ സ്ത്രീയെ ഒരിക്കലും നമ്പൂരി വിവാഹം ചെയ്യരുത്. കാരണം ഞാൻ ഇപ്പോൾ പറയുന്നില്ല', എന്ന് അവിടുന്നു തീർച്ച പറഞ്ഞു. നമ്പൂരിക്ക് ആ

കന്യകയെ വിവാഹം ചെയ്യാൽകൊള്ളാമെന്നു താല്പൎയ്യമുണ്ടായിരുന്നു. എങ്കിലും അവിടുത്തെ അഭിപ്രായത്തിന്നു വിരോധമായി നടപ്പാനുള്ള ഭയംകൊണ്ട് ആ വിവാഹം നടത്തിയില്ല. ആ പെൺകൊട പിന്നെ പാറക്കാട്ടില്ലത്തേക്കായിരുന്നു. അതു കഴിഞ്ഞതിന്റെ ശേഷം നമ്പൂരി അവിടുത്തോട് 'അന്നു തടസ്ഥം ചെയ്യാനുണ്ടായ കാരണം ഇനി പറയരുതേ' എന്നു ചോദിച്ചു. ആ സ്ത്രീക്കൊ അതിന്റെ സന്താനങ്ങൾക്കൊ ദോഷശങ്ക കൂടാതെ കഴികയില്ല. ഇതു ഞാൻ അന്നു പറഞ്ഞാൽ ആ കന്യകയെ ആരും വേട്ടില്ലെങ്കിലൊ എന്നു വിചാരിച്ചാണ് അന്നു പറയാതിരുന്നത്. ആ സ്ത്രീയിൽ ഉണ്ടായ സന്താനങ്ങളിൽ ഒരു നമ്പൂരി ഭ്രഷ്ടനായിപ്പോയതും മററും ഇവിടെ വിസ്തരിക്കുന്നില്ല.

വെണ്മണി അച്ഛൻ നമ്പൂരിപ്പാട് സാക്ഷാൽ മഹൻ നമ്പൂരിപ്പാട്ടിലേക്കു മുമ്പിൽ തനിക്കുണ്ടായ കുട്ടികളുടെ ജാതകങ്ങളുണ്ടാക്കിത്തരണമെന്നുള്ള അപേക്ഷയോടുകൂടി ജനനസമയം പറയും; 'അതൊട്ടു പരിഭ്രമിക്കാറില്ല' എന്ന് അവിടുന്നും പറയും; ജാതകം ഒന്നും ഉണ്ടാക്കിക്കൊടുക്കയുമില്ല. ഇങ്ങനെ കുറേകാലം കഴിഞ്ഞു. ഒടുവിൽ മഹൻ നമ്പൂരിപ്പാട്ടിലെ ജനനശേഷം ആ സമയവും ചെന്നു പറഞ്ഞു. അപ്പോൾ അവിടുന്നു 'നമ്പൂരിക്കു ഞാൻ ജാതകമൊന്നും ഉണ്ടാക്കിത്തരാഞ്ഞിട്ടു കുണ്ഠിതം ഉണ്ടായിരിക്കാം. പക്ഷെ ഇതിപ്പോൾതന്നെ ഉണ്ടാക്കിത്തന്നേക്കാ'മെന്നു പറഞ്ഞ് ആ ജാതകം അപ്പോൾതന്നെ ഉണ്ടാക്കിക്കൊടുത്തു. ആ സമയവും മുമ്പിലത്തെ കുട്ടികളുടെ ജാതകത്തിന്റെ കാൎയ്യമൊന്നും പറഞ്ഞില്ല. ക്രമത്തിൽ ആ കുട്ടികളുടെ ജാതകമുണ്ടാക്കീട്ടു വേണ്ടുന്ന ആവശ്യം അപ്പപ്പോഴായിട്ടൊക്കെ കലാശിച്ചു. ഇതുകൊണ്ടാണ് അവിടുന്നു ജാതകമുണ്ടാക്കിത്തരാതിരുന്നത് എന്നു നമ്പൂരിപ്പാട്ടിലേക്കു ബോധവും വന്നു. മഹൻ നമ്പൂരിപ്പാട്ടിലെ ഉദ്ദേശിച്ച് അന്നുണ്ടാക്കീട്ടുള്ള ജാതകത്തിലാണ് 'കവിതാദി പല ഗുണങ്ങളും സൎവ്വകാൎയ്യത്തിലും മന്ദതയും' എന്നും മററും പ്രസ്താവിച്ചിട്ടുള്ള പ്രകാരം ൧൦൭൫ മകരത്തിലെ 'വിദ്യാവിനോദിനി'യിൽ എഴുതീട്ടുള്ളത്.

ഗോളഗണിതസംബന്ധങ്ങളിൽ അവിടേക്കുണ്ടായിരുന്ന അറിവിനെപ്പററി പറഞ്ഞുവല്ലോ. ഇനി സംഹിതാസംബന്ധത്തിന്റെ പ്രധാനാംശമായ നിമിത്തജ്ഞാനത്തെക്കുറിച്ചുകൂടി ചിലതു വിവരിച്ച് ഈ ഭാഗം അവസാനിപ്പിക്കാം.

ഒരു ദിവസം മേഴിക്കുളത്ത് 'ചേത്ത്യാട്ട്' അപ്പൻനമ്പൂരി രണ്ടു സ്ത്രീപുരുഷജാതകങ്ങൾ അവിടുത്തെ കാണിപ്പാനായി കൊണ്ടുവന്നു. പുരുഷജാതകം 'പട്ടംതേയം' എന്ന ഇല്ലത്തെ ഒരു നമ്പൂരിയുടേയായിരുന്നു. ആ നമ്പൂരി ഇല്ലത്തെ ഏക സന്തതിയുമാണ്. ജാതകംകൊണ്ടുവന്ന ചെത്തിയാട്ട് നമ്പൂരിക്കും ജ്യോതിഷത്തിൽ ഒരുമാതിരി അറിവുണ്ട്. അവിടുന്നു ജാതകം നോക്കിക്കൊണ്ടിരിക്കുന്നതിന്നിടക്ക് 'ഈ പുരുഷൻ ഈ സ്ത്രീയെ വിവാഹംചെയ്യാൻ പാടില്ല' എന്നു പറഞ്ഞു. നമ്പൂരി അല്പജ്ഞനും ആ വിവാഹം നടത്തുവാൻ താല്പര്യമുള്ള ആളുമായിരുന്നതിനാൽ വിരോധിക്കുവാനുള്ള കാരണം ചോദിച്ചു. 'ശകുനാദികളെക്കൊണ്ട് ഈ ജാതകങ്ങൾ തമ്മിൽ ചേക്കുന്നതു നന്നല്ലെന്നാണ് എന്റെ അഭിപ്രായം'. എന്ന് അവിടുന്നു വീണ്ടും പറഞ്ഞു. പ്രമാണമില്ലാത്ത അഭിപ്രായത്തെ വിലവെക്കുവാനില്ലെന്നു പറഞ്ഞ് ആ ജ്യോതിഷി ആ വിവാഹം നടത്തുകയും വിവാഹം കഴിഞ്ഞു നാലാംദിവസം പുരുഷൻ മരിക്കുകയും ചെയ്തു. അന്നു ജാതകം നോക്കുമ്പോൾ കൂടെയുണ്ടായിരുന്ന വെണ്മണി അച്ഛൻ നമ്പൂരിപ്പാട് ഈ വർത്തമാനം കേട്ട് അവിടത്തോട് അന്നു നോക്കിയ ജാതകങ്ങൾക്ക് പ്രമാണവശാൽ ദോഷമില്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് തടസ്ഥം പറഞ്ഞത് എന്നു ചോദിച്ചു. 'അന്നു ജാതകം നോക്കുന്നതിന്നിടക്കു മകൻ (അഞ്ചു വയസ്സു പ്രായം ചെന്ന ഒരു കുട്ടി) രുഗ്മിണീസ്വയംവരം തുള്ളലിൽ ഭീഷ്മകന്റെ വാക്കായ 'ഇങ്ങിനെയുള്ളവരാകും മക്കളുടെ മംഗലകർമ്മം മോഹിക്കേണ്ട' എന്നുള്ള മൊഴി ചൊല്ലിക്കൊണ്ടു വന്നത് ഒരു ദുർന്നിമിത്തമാണെന്നു തോന്നി എന്നായിരുന്നു അവിടുന്നു പറഞ്ഞ മറുപടി.

അവിടുത്തെ പ്രഥമഭാര്യാപുത്രനായ പടിഞ്ഞാറേ കുഞ്ഞികൃഷ്ണമേനോൻ പനിപിടിച്ച് ആസന്നമൃത്യുവായി അയാളുടെ വീ

ട്ടിൽ കിടപ്പായിരുന്നു. അങ്ങിനെ ഇരിക്കുന്ന കാലത്തൊരു ദിവസം അവിടുന്നു സന്ധ്യാവന്ദനം കഴിഞ്ഞതിന്നു ശേഷം പതിവായി ചെയ്തു വന്നിരുന്ന ഭഗവതീധ്യാനത്തിന്നിടയ്ക്ക് ആകസ്മികമായി 'ഓ' എന്നൊരു അനുവാദശബ്ദം പുറപ്പെടുവിച്ചു. അടുത്തുണ്ടായിരുന്നവർ 'എന്താ സ്വപ്നം കണ്ടുവോ' എന്നു ചോദിച്ചതിന്നു 'സ്വപ്നമല്ലാ പ്രത്യക്ഷംതന്നെ' എന്ന് അവിടുന്നു പറഞ്ഞു. വിവരം വിസ്തരിച്ചു ചോദിച്ചപ്പോൾ 'അൎദ്ധദേഹനായ ഒരാൾ കുഞ്ഞുകൃഷ്ണനെ ഞാൻ കൊണ്ടുപോകട്ടെ' എന്ന് എന്നോടു ചോദിക്കുകയും ഞാൻ 'ഓ' എന്നനുവദിക്കുകയും ചെയ്തു. ആ അനുവാദശബ്ദമാണ് നിങ്ങൾ കേട്ടത്. അതുകൊണ്ടു കുഞ്ഞുകൃഷ്ണന്റെ കാൎയ്യം ഇപ്പോൾ കലാശിച്ചുകാണും' എന്നു പറഞ്ഞു. ദിനകരന്റെ വീട് കോവിലകത്തുനിന്നു രണ്ടു നാഴിക തെക്കാണ്. അവിടുന്ന് ഈ അനുവാദശബ്ദം പുറപ്പെടുവിച്ചതിന്നുശേഷം 'മകൻ മരിച്ചു' എന്നു കേൾക്കുവാനുണ്ടായ താമസം ദിനകരന്റെ വീട്ടിൽനിന്നു പുറപ്പെട്ടവൻ കോവിലകത്തെത്തുവാൻവേണ്ടി വന്ന സമയം മാത്രമായിരുന്നു.

കൊല്ലം ൧൦൫൦-നു മുമ്പു സംഗീതരംഗമായിരുന്നു ഈ രാജധാനി എന്നു പറയുന്നതായാൽ ഞാൻ സ്വാൎത്ഥംകൊണ്ടു പക്ഷപാതം പുറപ്പെടുവിക്കുകയാണെന്നു ചിലർ ശങ്കിച്ചേക്കാം. 'വിദ്വാൻ എളയതമ്പുരാൻ സംഗീതവിഷയത്തിലും വിദ്വാനായിരുന്നു' എന്നു പറഞ്ഞാൽ എനിക്കൊട്ടു തൃപ്തിയും വരുന്നില്ല. അതുകൊണ്ട് സംഗീതവിദ്യയിൽ അവിടുത്തെ വൈദഗ്ദ്ധ്യം ഏതു തരത്തിലായിരുന്നു എന്നു കാണിപ്പാനായി നാലക്ഷരംകൂടി ചേൎക്കുന്നതാണ്. സംഗീത സമുദ്രത്തിന്റെ മറുകര കണ്ടിട്ടുള്ള ൧൦൨൨-ൽ നാടുനീങ്ങിയ കുലശേഖരപ്പെരുമാൾ വിദ്യകണ്ട് വിസ്മയിച്ചു ഒന്നിച്ച് ഗൌരവിപ്പിച്ചിരുന്ന 'മഞ്ഞപ്പ്ര വെങ്കിടാദ്രി ഭാഗവതരും' മകൻ കല്യാണകൃഷ്ണൻ, അപ്പു എന്ന ഭാഗവതന്മാരും വിഖ്യാതന്മാരായ 'റാണിലക്ഷ്മീഭായി' ആറ്റിങ്ങൽ മൂത്തതമ്പുരാന്റെയും വിദ്വച്ചൂഡാമണിയായ കേരളവൎമ്മവലിയ കോയിത്തമ്പുരാന്റെയും ഗുരുനാഥന്മാരാണല്ലോ. ആ വെങ്കിടാദ്രി ഭാഗവതര് ൧൦൨൭ മിഥുനമാസത്തിൽ

തീർപ്പെട്ട പ്രസിദ്ധനായ വീണക്കാരൻ വലിയ തമ്പുരാൻെറ പ്രധാന ശിഷ്യനാണ്. ആ വലിയ തമ്പുരാൻ 'വീണയ്ക്കു മട്ടുവെക്കുവാനുണ്ണിക്കൊരു പ്രത്യേകജ്ഞാനമുണ്ട്. ഉണ്ണിമട്ടുവെച്ചു വീണവായിക്കുമ്പോൾ ഉള്ള സുഖംപോലെ മററാരു മട്ടുവെച്ചാലും ഉണ്ടാകുന്നില്ല' എന്ന് എളയതമ്പുരാനെപ്പററി പലപ്പോഴും പറഞ്ഞിട്ടുണ്ട്. അവിടേക്കു ഓടക്കുഴൽ വിളിക്കുവാനും നല്ലവണ്ണം ശീലമുണ്ടായിരുന്നു. അവിടുന്നു വാസനാശക്തികൊണ്ടും കേട്ടുപരിചയിച്ചിട്ടും സംഗീതവിദ്യ സ്വാധീനപ്പെടുത്തിയതല്ലാതെ വലിയ തമ്പുരാൻെറ ശിഷ്യനായിട്ടിരുന്ന് അഭ്യസിച്ചിട്ടുള്ളതല്ല. എന്നാൽ അവിടുത്തെ കണ്ഠം ചീത്തയായിരുന്നതുകൊണ്ടു പാട്ടുകേൾക്കുവാൻ ആവശ്യപ്പെടുന്നവരോട് അതിന്ന് അമ്മാമൻെറ അടുക്കൽ ചെല്ലുകയാണ് നല്ലത് എന്നു പറയും. എങ്കിലും അവിടുന്നുണ്ടാക്കീട്ടുള്ള പാട്ടുകൾ പാടിക്കേൾക്കുമ്പോഴുള്ള സുഖംപോലെ അപൂർവ്വം മററു ചിലരുടെ കൃതികൾക്കു മാത്രമേയുള്ളു.

സംഗീതസാഹിത്യവിഷയങ്ങളിൽ ഇനിയും പല സംഗതികളും എടുത്തു വിവരിക്കാവുന്നതാണ്. എന്നാൽ അത്രമാത്രം പരത്തിപ്പിടിക്കുന്നതുകൊണ്ടു വായനക്കാർക്കു നീരസമായെങ്കിലോ എന്നു ഭയപ്പെട്ട് ഇത്രമാത്രംകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കുന്നു.

ഒരു വൈദ്യൻെറ നിലയിൽ അവിടുന്നു രോഗികളെ ചികിത്സിക്കാറില്ലെങ്കിലും അവിടേക്ക് അസാമാന്യമായ ജ്ഞാനം ഉണ്ടായിരുന്നു. എന്നുമാത്രമല്ല പല ശിഷ്യന്മാരെയും അഷ്ടാംഗഹൃദയം പഠിപ്പിക്കുകയും ഉണ്ടായിട്ടുണ്ട്. ൧൦൨൬-ാമാണ്ട് ഇടവമാസത്തിലൊരുദിവസം തൻെറ ശിഷ്യന്മാരിലൊരാളായിരുന്ന നാണുജ്യോത്സ്യരോട് 'എനിക്കിനി ഒരുകൊല്ലത്തെ ഇരിപ്പില്ല നിശ്ചയംതന്നെ' എന്നു പറഞ്ഞപ്പോൾ ശിഷ്യൻ വ്യസനത്തോടുകൂടി കാരണം ചോദിച്ചതിൽ അഷ്ടാംഗഹൃദയത്തിൽ ശാരീരസ്ഥാനത്തിൽ അഞ്ചാമദ്ധ്യായമായ 'വികൃതിവിജ്ഞാനീയ'ത്തിൽ പറയുന്നതായ ലിംഗസ്വരൂപവ്യത്യാസം എന്ന ലക്ഷണം ശിഷ്യനോട് പറകയും കാണിച്ചുകൊടുക്കുകയും ചെയ്തു. എങ്കിലും അവിടുത്തെ മനസ്സിന്നു യാതൊരിളക്കവും ഉണ്ടായില്ല. ആക്കൊല്ലം മിഥുനമാസം ൧൩-ാംനു-

ഒരു ജ്വരം ആരംഭിക്കുകയും അതു മൂർച്ഛിച്ച് ആ മാസം ൨൩-ാംനു-പകൽ മൂന്നരമണിക്ക്.

ഹരഹരേതിഹരദ്രുതമാപദോ
ദിശദിശേതിദിശശ്രിയമൂർജ്ജിതാം
ഇതിനിജാന്വതിസ്മദശൈവയഃ
കരുണയാസഹരിർഗ്ഗിരിരസ്ത്വമേ.

എന്ന ശ്ലോകം ഉണ്ടാക്കി ഉച്ചരിച്ചുകൊണ്ടു ഭഗവൽപാദാരവിന്ദങ്ങളിൽ പ്രാണനെ ലയിപ്പിക്കുകയും ചെയ്തു.

അവിടുന്ന് ഇത്ര മനഃക്ലേശം ചെയ്തു സമ്പാദിച്ച വിദ്യാധനം പെരുമാത്തിററൽ കള്ളക്കുററിയിൽപ്പെട്ടു നശിക്കുകയോ യഥാവിധി കൊള്ളക്കൊടുക്കകൊണ്ട് അതിൻെറ യശോലാഭം വർദ്ധിക്കുകയോ ചെയ്തിട്ടുള്ളത് എന്നുകൂടി അടുത്ത അവസരത്തിൽ കാണിപ്പാനാഗ്രഹിച്ചുകൊണ്ടു ഭയത്തോടുകൂടി ഇത്രത്തോളം എത്തിച്ചിട്ടുള്ള എൻെറ പേടി കളവാനായി അവിടുത്തെ ഉപാസനാചൈതന്യത്തെത്തന്നെ ഞാൻ ഉപാസിക്കട്ടെ.

നാളീകാസനസേവിതാംഘ്രിരപരാനാളീകരണ്ഡായിതാ
നാളീകാലവനാപരാജയവിധിനാളീകലോലാളകാ
നാളീകാഗ്രവിലൂനദാനവശിരോനാളീകരാളാകൃതി-
ന്നാളീകായുധവൈരിജാകളയതാന്നാളീകമുന്മൂലയേൽ.

കൊടുങ്ങല്ലൂർ വലിയകുഞ്ഞിരാമവർമ്മതമ്പുരാൻ.

ഉറുമ്പ്

കുട്ടികളെ നോക്കി രക്ഷിക്കുന്നതിൽ ഉറുമ്പിനോളം ജാഗ്രത മറെറാരു ജന്തുവിനുമില്ല. ഉറുമ്പുകളുടെ പിറവിയിൽ മൂന്നാം ദശാന്തരമായി മുൻപറഞ്ഞ അണ്ഡകോശങ്ങൾ 'തോപ്പാടി പക്ഷി' എന്നൊരു മാതിരി പക്ഷികൾക്ക് ഒരു വിശേഷഭക്ഷണമായതുകൊണ്ടു റഷ്യാ രാജ്യത്തുള്ള ചില ഇടയന്മാർ

മൈതാനങ്ങളിലുള്ള ഉറമ്പുപോട്ടുകളിൽനിന്ന് അവയെ ശേഖരിച്ചു ചാന്തയിൽകൊണ്ടുപോയി വില്ക്കുന്നുണ്ട്. ഉറമ്പുപോട്ടുകളെ കാൽകൊണ്ടോ കോൽകൊണ്ടോ 'കിള്ളറി' മറിച്ച് അതിന്നു ചുറവും ഒരു ചാൽകീറി അതിൽ വെള്ളം നിറച്ചു മദ്ധ്യത്തിൽ രണ്ടു മൂന്നു ചുള്ളിക്കൊമ്പുകൾവെച്ചിട്ടുപോയി കുറെ നേരം കഴിഞ്ഞു വന്നു നോക്കുമ്പോൾ ഭവനഭേദനം വന്നതുകൊണ്ട് തല്ക്കാല രക്ഷക്കു ചുള്ളിക്കൊമ്പുകൾ ആവരണമാണെന്നു വിശ്വസിച്ച് ഉറമ്പുകൾ അവിടെ ശേഖരിക്കുന്ന അണ്ഡകോശങ്ങളെയാണ് ഇടയന്മാർ മോഷ്ടിച്ചു കൊണ്ടുപോയി വില്ക്കുന്നത്. ഇങ്ങിനെ ശിശുപോഷണത്തിൽ ഉറമ്പുകൾക്കുള്ള താല്പര്യത്തെ റഷ്യയിലെ ഇടയന്മാർ ശിശുമോഷണത്തിന്നുപയോഗിക്കുന്നു. 'തള്ളച്ചു ചുട്ടാൽ പിള്ള ചുവട്ടിൽ' എന്നുള്ള ചൊല്ലോ ചിന്തയോ ഉറമ്പുകളുടെ ഇടയിൽ ഇല്ലെന്നു കാണിക്കുന്നതായി ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഒരു പുറവ തട്ടിഉടച്ചതിൽ നിലവിട്ടുപോയ മുട്ടകളെ പോട്ടിന്നുള്ളിലേക്കുകൊണ്ടുപോകുന്നതിന്ന് ഉറമ്പുകൾ ശ്രമിച്ചുവരുമ്പോൾ ഒന്നിന്റെ ശരീരം പകുതിയോളം മുറിച്ചു. അധികതാമസം കൂടാതെ ആ ഉറമ്പ് ചത്തുപോയി എങ്കിലും പ്രാണൻ പോകുന്നതിലകത്തു തലയുള്ള പകുതി ശരീരംകൊണ്ട് പത്തു മുട്ടകളെ പുറത്തുനിന്നു പോട്ടിലേക്കു കൊണ്ടുപോയി വെച്ചതായി കണ്ടിരിക്കുന്നു. മുട്ടകൾ താൻ ഇട്ടതല്ലെന്നുംകൂടി വരുമ്പോൾ ആ വാത്സല്യം വളരെ അതിശയത്തെ ജനിപ്പിക്കുന്നുണ്ട്. കെട്ടിലമ്മയുടെ പിന്നാലെ നടന്നു പോട്ടിന്നുള്ളിൽ അവിടവിടെ ഇടുന്ന മുട്ടകളെ തല്ക്ഷണം എടുത്തു കൊമ്പുകളിൽ വെച്ചു നാവിലെ വെള്ളംകൊണ്ടു നാലു പുറവും നനച്ചു കൊമ്പുകളിലിട്ടുരുട്ടിക്കൊണ്ടു നടക്കുന്നതും അതതു മുട്ടകളുടെ പ്രായത്തിന്നു തക്കതായ ചൂടും തണുപ്പും തട്ടിക്കുന്നതിന്ന് അങ്ങുമിങ്ങും മാററിവെക്കുന്നതും തണുപ്പു വർദ്ധിക്കുന്നതായ രാത്രി സമയങ്ങളിൽ പോട്ടിന്നുള്ളിൽ കൊണ്ടുപോയി വെക്കുന്നതും കാലത്തു പോട്ടിന്റെ മുകൾ ഭാഗത്തേക്കുകൊണ്ടുവരുന്നതും, പോട്ടിന്നു പുറത്തുവന്നു നോക്കി കാററും കറുത്തകാറും കണ്ടു തരാതരംപോലെ മുട്ടകളെ രക്ഷിക്കുന്നതും കൃമിപ്രായമായിരിക്കുമ്പോൾ വിശക്കുന്ന സമയത്തു തീ

ട്ടികൊടുക്കുന്ന വായിൽ സാമാന്യംഭേദിച്ചിട്ടുള്ള ഒരു മാതിരി ജലമയമായ ഭക്ഷണം ഒഴിച്ചുകൊടുക്കുന്നതും, പ്രായം വൎദ്ധിക്കുന്തോറും തക്കതായ ഭേദഗതികളോടുകൂടിയുള്ള ഭക്ഷണസാധനം കൊടുക്കുന്നതും അണ്ഡകോഷത്തിൽനിന്നു പുറത്തു വരേണ്ടുന്ന സമയം നോക്കി പക്ഷേകേല്പ്പാതെ ആ കോഷത്തെ കീറി വെളിക്കു വിടുന്നതും ഉറമ്പായി പുറത്തുവന്നതിന്നു ശേഷം പോട്ടിന്നുള്ളിൽ പലേടത്തും കൊണ്ടുനടന്നും മററും പഠിപ്പിക്കുന്നതും പ്രസവിക്കാത്ത മാതാവു ശ്രദ്ധയോടുകൂടി ചെയ്തുവരുന്ന പ്രവൃത്തികളാണെന്നു പറയുമ്പോഴും ആൎക്കാണാശ്ചൎയ്യം തോന്നാത്തത്?

ഇതു മാത്രമോ. ടെക്സാസ് എന്ന ദിക്കിലുള്ള ഒരു തരം ഉറമ്പ് (Pogonomyrmex barbatus) കൃഷിയുംകൂടി ചെയ്യുന്നുണ്ട്. 'ഉറമ്പരി' (Aristida oligantha) എന്ന ഒരു മാതിരി ധാന്യവും ഒരു മാതിരി പുല്ലു (Buchloe dactyloides) മാണ് ഇവർ കൃഷി ചെയ്യുന്നത്. പോട്ടിന്നു ചുററും അഞ്ചെട്ടു മുഴം വ്യാസത്തിലുള്ള വൃത്തത്തിൽ മററൊന്നും മുളക്കാനനുവദിക്കാതെ കാൽനഖങ്ങളെക്കൊണ്ടു കോഴി ചിനക്കുംപോലെ ചിനക്കിയാണ് ഉഴുന്നത്. മിസ്റ്റർ ബെക്ലിയാണ് ഇത്തരം ഉറമ്പുകളെ ആദ്യംകണ്ടു പിടിച്ചത്. അതിൽ പിന്നീട് ഡാക്ടർലിൻസെക്ക് എന്നാളും ഈ മാതിരി ഉറമ്പുകളെയും അവയുടെ സ്വഭാവങ്ങളെയും വ്യക്തമായി വൎണ്ണിച്ചിട്ടുണ്ട്. ഈ കൃഷി മനഃപൂൎവ്വം ചെയ്യുന്നു എന്നാണ് ഡാക്ടരുടെ അഭിപ്രായം. ഈ കാൎയ്യത്തിൽ ഇയ്യിടയിൽ പ്രത്യേകിച്ചു ദൃഷ്ടിവെച്ചു നോക്കീട്ടുള്ള മിസ്റ്റർ മെക്കുക്ക് എന്ന സായ്വിന്റെ അഭിപ്രായം 'ഉറമ്പരി' ഉറമ്പുകൾ വിതച്ചുണ്ടാകുന്നതല്ലെന്നും വിത്തുകൾതന്നെത്താൻ വീണു മുളക്കുന്നതാണെന്നും എന്നാൽ കൃഷിഭൂമി മററു മുളകളില്ലാതെ ഉഴുതു ശുദ്ധമാക്കിവെക്കുന്നതും വിത്തുകൾ പോട്ടിന്നുള്ളിൽകൊണ്ടുപോയി സൂക്ഷിക്കുന്നതും ആ ഉറമ്പുകൾ ചെയ്തുവരുന്നുണ്ടെന്നുമാകുന്നു.

ഉറമ്പുകൾക്കു പശുക്കറവയുമുണ്ടെന്നുള്ളതു കൃഷിയെക്കാൾ ആശ്ചൎയ്യകരമായിട്ടുള്ളതാണ്. അവര, പയറ മുതലായതുകളിൽ 'അരുള്ളപ്പ്' എന്നു പറയുന്ന ചെറുപ്രാണികൾ (Aphides) വന്നു

കൂടി ഇലയും കായും കേടുവരുന്നത് നമുക്കെല്ലാം നിത്യാനുഭവമാണല്ലോ. ഈ അശ്ശൂപ്പുകൾ ഉറുമ്പുകളുടെ പശുക്കളാണ്. അതു പിടിപെട്ടിരിക്കുന്ന സസ്യങ്ങളിൽ പ്രഭാതകാലത്തു ചെന്നു നോക്കിയാൽ പുളിയുറുമ്പിന്റെ നിറത്തിലുള്ള ഒരുമാതിരി ചെറുതരം ഉറുമ്പുകൾ പാൽകറന്നു കുടിക്കുന്നത് ആൎക്കും കണ്ടറിയാവുന്നതാണ്. ഈ ഉറുമ്പുകളുടെ തുമ്പിക്കൈകൾകൊണ്ട് അശ്ശൂപ്പിയുടെ രണ്ടു പള്ളയിലും മുതുകിലും മൃദുവായി തലോടുമ്പോൾ ഒരു വെളുത്ത മധുരദ്രവ്യം അശ്ശൂപ്പുകളുടെ പിന്പുറത്തു ചുരന്നു വരുന്നതും ഉറുമ്പുകൾ അതിനെ കുടിക്കുന്നതും ഞാൻ എത്രയോ തവണ കണ്ടിട്ടുള്ളതാണ്. ഉറുമ്പുകൾക്കു പാൽകൊടുക്കുന്ന ജന്തുക്കൾ അശ്ശൂപ്പുകൾ മാത്രമല്ല. പലതരം വണ്ടുകളും മലയാളത്തിൽ പേർ പറയാൻ തരമില്ലാത്ത ചില ചെറുതരം പ്രാണികളും ഓരോ ജാതി ഉറുമ്പുകൾക്കു പശുക്കളായിരിക്കുന്നുണ്ട്. ഇവയെ ശത്രുബാധയിൽനിന്നു രക്ഷിപ്പാൻ ഉറുമ്പുകൾ അവയ്ക്കു ചുറ്റുംകൊണ്ടു തൊഴുത്തുണ്ടാക്കിയും ഭക്ഷണം കൊണ്ടുവന്നു കൊടുത്തും രക്ഷിക്കുന്നുണ്ട്. ഇതിന്നു പശുക്കളെ പോററി രക്ഷിക്കുമ്പോൾ ഉറുമ്പുപോടുകളിൽ ആ പശുക്കളുടെ മുട്ടകളുണ്ടാകുന്നത് ഒഴിക്കാൻ പാടില്ലാത്തതാണല്ലോ. അതുകളേയും അഞ്ചാറു മാസകാലം വേണ്ടവിധം രക്ഷിച്ചു പൈതങ്ങളെ വളൎത്തി എന്നെന്നും പാൽ കുടിച്ചു ജീവിക്കുന്ന മുൻകരുതൽ മനുഷ്യൎക്കുമാത്രമേ കണ്ടിട്ടുള്ളു.

ആൺഡ്രെ (Andre) സായ്പിന്റെ പട്ടികപ്രകാരം 584 വിധം ചെറുതരം പ്രാണികൾ ഉറുമ്പുകളോടു സംസൎഗ്ഗം ചെയ്തുകാണുന്നുണ്ട്. അതിൽ 542-ം വണ്ടിന്റെ ജാതിയിൽ പെട്ടതാണ്. കണ്ണില്ലാതെയും തന്നെത്താൻ ഭക്ഷണം തേടിത്തിന്നു പിഴക്കാൻ വയ്യാതെയും ഒരുതരം പ്രാണികളെ ഉറുമ്പുപോടുകളിൽ കാണുന്നുണ്ട്. അതുകളും ഉറുമ്പിനു കുടിക്കാനുള്ള ചാറു ചുരത്തിക്കൊടുക്കാറുണ്ടത്രെ.

ഇത്രയും സാമൎത്ഥ്യമുള്ള ഉറുമ്പുകളെ ചില ജന്തുക്കൾ പിടിച്ചു തിന്നുന്നതിന്റെ വിധവും അറിയേണ്ട വിഷയമാണ്. കൂൎത്തുനീണ്ട മുഖത്തോടും വാലിൽ വളരെ രോമങ്ങളോടും കൂടിയ 'ഉറുമ്പുതീനി'

എന്നൊരു വക നാല്ക്കാലിയുണ്ട്. ഉറുമ്പുപൊറ്റുകളുടെ സമീപത്തു ചെന്ന് ആ ജന്തു നാവുനീട്ടിക്കിടക്കുമ്പോൾ ആ നാവിലൂറുന്ന പശയുള്ള മധുരദ്രവ്യത്തെ കൊതിച്ച് ഉറുമ്പുകൾ അതിലരിച്ചു കയറിയാൽ ഉടനെ നാവ് ഉള്ളിലേക്കു വലിച്ചു അവയെ ഭക്ഷിക്കും. ഉറുമ്പിന്നു ശത്രുവായി പിന്നെ ഒരു ജന്തുവുള്ളത് കുഴിയാനയാണ്. ഈ ജന്തു പൂഴിയുള്ള ദിക്കിൽ ഒരു കുഴികുഴിച്ച് അതിന്നടിയിൽ ഒളിച്ചിരിക്കുമ്പോൾ തെററിത്തെറിച്ചു വല്ല ഉറുമ്പും കുഴിവക്കത്തുകൂടി സഞ്ചരിച്ചാൽ നില തെററി ഉരസി അടിയിലേക്കു വീഴും. രക്ഷപ്പെടാൻ ശ്രമിച്ചാൽ അടിയിൽനിന്നു മണ്ണുകോരി മുകളിലേക്കെറിഞ്ഞു പിന്നെയും ഉരസി വീഴ്ത്തും. വീണാലുടനെ കൊന്നു സാവകാശത്തിൽ ഭക്ഷിക്കുകയും ചെയ്യും.

മൃഗങ്ങൾക്കു സിംഹംപോലെ ഉറുമ്പിന്നു കാലനായി ഒരു ത-



7

രം തുമ്പിയുണ്ട്. ഈ തുമ്പിയും കുഴിയാനയെപ്പോലെ പൂഴിയിൽ കുഴികുഴിച്ചാണ് ഉറുമ്പുകളെ പിടിക്കുന്നത്.

1 Notes on the Honey- making Ants by H. Edwards
2 Account of English Ants,
by Revd. W. Gould
3 Natural History of Ants
by P. Huber
4 On the Agricultural Ants of Texas
by Doctor Lincecun

ഉറുമ്പിനെപ്പററി വിനോദകരമായി ഇനിയും അനവധി സംഗതികൾ അറിവാനുണ്ട്. താല്പൎയ്യമുള്ളവർ ഈ ഭാഗാവസാനത്തിൽ പറയുന്ന പുസ്തകങ്ങളെ വാങ്ങി വായിച്ചു നോക്കേണ്ടതാണ്.

ചെതൽ.

നാമിരിക്കുന്ന വീടിനും വീട്ടിലുള്ള സാമാനങ്ങൾക്കും ചെതലിനെപ്പോലെ നാശം ചെയ്യുന്നതായി മറെറാരു ജന്തുവില്ല. ഉഷ്ണമേഖലയിൽപ്പെട്ട രാജ്യങ്ങളിലെങ്ങും നിറഞ്ഞിരിക്കുന്ന ഈ കീടം ഒരു വീട്ടിനുള്ളിൽ കടന്നുകൂടി നാശം തുടങ്ങിയാൽ ലോഹംകൊണ്ടുള്ള സാമാനങ്ങളല്ലാതെ ബാക്കി ഒന്നും ശേഷിക്കില്ല. മരങ്ങളിൽ തേക്കും ഇരിമ്പകവും ചെതൽ തിന്നുന്നതല്ലെന്നു പറഞ്ഞുവരുന്നത് ഏതാനും ശരിയായിട്ടുള്ളതാണെങ്കിലും ഓരായം ചേൎത്തിട്ടുള്ളതിൽ അല്പമെങ്കിലുമൊരു പഴുതുണ്ടായാൽ ആ വഴിക്കു കടന്നു പെട്ടിയുടെയും മററും അകത്തുള്ള സാധനങ്ങളെ ഇവ നശിപ്പിച്ചുകളയും.

'ഒരുമയാണ് പെരുമ' എന്നതിനെ ഉദാഹരിക്കുന്നതാണ് ചെതലിന്റെ ചരിത്രം. ഉറുമ്പിനെപ്പോലെ പൂൎണ്ണമായ പരിഷക്കെട്ടും മററും ചെതലിനുമുണ്ട്. ഒരു ചെതൽക്കൂട്ടത്തിൽ ഒരു പുരുഷൻ, ഒരു സ്ത്രീ, ചിറകിന്റെ ബീജമുള്ള പണിക്കാർ, അതില്ലാത്ത പണിക്കാർ, ഭടന്മാർ, ഇങ്ങിനെ അഞ്ചു തരക്കാരുണ്ടാകും. സന്തതി വൎദ്ധിപ്പിക്കുന്നതിനു ആ പുരുഷനും ആ സ്ത്രീക്കുമല്ലാതെ ആ കൂട്ടത്തിലുള്ള മററു ചെതലുകൾക്കു കഴിയുന്നതല്ല. ആ ദമ്പതിമാൎക്ക് ഇതല്ലാതെ വേറെ സംഘസംബന്ധമായൊ ആത്മസംബന്ധമായൊ യാതൊരു പ്രവൃത്തിയുമില്ല.

പുതുമഴ പെയ്ത് പിറെറന്നാൾ കാലത്തൊ വൈകുന്നേരമൊ

5 Ants, Bees, and Wasps by Lord Avebury.

6 (a) Note on Adoption of a Queen Ant.

(b) On the Natural History of Agricultural Ants of Texas.

(c) The Honey-Ant of Texas by H. C. McCook.

7 On the Habits of Diver Ants by T. S. Savage.

8 An Introduction to Etymology by Kerby and Spence

ഓരോരൊ പോട്ടകളിൽനിന്നു തിക്കിത്തിരക്കി പറന്നുകളിക്കുന്നതായി നാം കാണുന്ന പാററകളാണ് മുൻപറഞ്ഞ പുരുഷനും സ്ത്രീയും. അ




C

ല്പനേരം പറന്നു കളിച്ചാൽ ഇവയുടെ ചിറകുകൾ കൊഴിഞ്ഞുപോകും. അതിന്നു ശേഷം ആകാശത്തിൽ കളിച്ചു നടന്ന മഹിമയെല്ലാം പോയി ഭൂമിയിൽ വീണ് ഉറമ്പുകളും പക്ഷികളും തിന്നൊടുക്കിയതു കഴിച്ചു ബാക്കിയുള്ളതിൽ ഒരാൺ ചെതൽ വിവാഹത്തിന്നുവേണ്ടി ഒരു പെൺ ചെതലിൻെറ പിമ്പെ തുടൎന്നുപോകുമ്പോൾ എതെങ്കിലുമൊരു ചെതൽക്കൂട്ടത്തിന്നെ കണ്ടുമുട്ടിയാൽ ഉടനെ അവർ ഈ സ്ത്രീപുരുഷന്മാരെ കൂട്ടിക്കൊണ്ടുപോയി ഒരു പുററിന്നുള്ളിൽ തൽക്ഷണം കളിമണ്ണുകൊണ്ട് ചെറുതായി ഒരറയുണ്ടാക്കി പണിക്കാൎക്കു പ്രവേശിക്കത്തക്ക വലിപ്പത്തിൽ മാത്രം ഒരു വാതിലുമുണ്ടാക്കി ചില ഭടന്മാരെ ദ്വാരപാലകന്മാരായി നിൎത്തിവേണ്ട ഭക്ഷണവും കൊണ്ടുപോയി കൊടുത്തു രക്ഷിക്കും. അതോടുകൂടിത്തന്നെ മേലിൽ



4

ഉണ്ടാകാൻ പോകുന്ന മുട്ടകളെ വെച്ചു പരിപാലിക്കുന്നതിന്നു ചെറുതരം അറകളും പണിയുന്നതിന്നു തുടങ്ങും. പുറത്തു പോകാൻ പാടില്ലാത്ത ആ മുറിയിൽ ദമ്പതിമാർ വിവാഹപൂർത്തി വരുത്തിയതിന്നു ശേഷം സ്ത്രീ ഗർഭം ധരിച്ചു വളരാൻ തുടങ്ങും. അങ്ങിനെ വളരുന്തോറും ആ മുറിയെ പണിക്കാർ വലുതാക്കിക്കൊണ്ടിരിക്കും. ഗർഭം പൂർത്തിയാകുന്നതിന്നു മുമ്പു എട്ടു തവണ ഗൃഹം നീട്ടിയും വലുതാക്കിയും പണിയേണ്ടതായിവരും. ഗർഭം പൂർത്തിയായാൽ വയറുതന്നെ മൂന്നു നാലിഞ്ചു നീളമുണ്ടാകും. ഗർഭം പൂർണ്ണമായ പെൺ ചെതലി



6

ന്റെ വയറിന്നു മുകളിൽനിന്നു കീഴ്പോട്ടേക്കു കടൽതിര പോലെ ഒരു ചലനം തുടങ്ങിയാൽ അതു പേറു നോവാണെന്നറിഞ്ഞു പണിക്കാരായ ചെതലുകളും ഒരുങ്ങിനിന്നു തുടങ്ങും. മിനിട്ടിന്നു അറുപതു വീതം ഇട്ടു തുടങ്ങുന്ന മുട്ടകളെ തൽക്ഷണം പണിക്കാർ കൊണ്ടുപോയി അതിലേക്കായി പണി ചെയ്തിട്ടുള്ള അറകളുടെ ചുമരിൽ അണിയണിയായി പതിക്കും. അവിടുന്നങ്ങോട്ടുള്ള വൃത്താന്തം ശരിയായി നോക്കി മനസ്സിലാക്കീട്ടുള്ളവരില്ല. വല്ല മരത്തിന്റെയോ പുസ്തകത്തിന്റെയോ തിന്നൊടുക്കാൻ പോകുമ്പോഴുംകൂടി വഴി മുഴുവൻ കമാൻ വളച്ചു മൂടിക്കൊണ്ടുപോകുന്ന ചെതലിന്റെ സ്വഭാവം വെളിച്ചത്തു നോക്കി അറിയാൻ സാധിക്കാത്തതുകൊണ്ട് എങ്ങിനെയാണ് ശിശുക്കൾക്കു ഭക്ഷണം കൊടുക്കുന്നത് എന്നു കണ്ടറിയാൻ ഇതുവരെ ആർക്കും സാധിച്ചിട്ടില്ല. ചില വന്മീകങ്ങളെ ഞാൻ തട്ടിയുടച്ചു നോക്കിയപ്പോൾ അതിന്നുള്ളിൽ നല്ല ഉറപ്പുള്ള കളിമണ്ണുകൊണ്ടു പണി ചെയ്തിട്ടുള്ളതും ദാരുമയമായിട്ടുള്ളതുമായ ഓരോ കട്ട കണ്ടിട്ടുണ്ട്. അതുകളേയും ഉടച്ചു നോക്കിയപ്പോൾ അതിന്നുള്ളിലുള്ള അസംഖ്യം അറകളുടെ ചുമരുകളിൽ പല വലിപ്പ


ത്തിലുമുള്ള മുട്ടകളും കൈ കാലുകൾ വ്യക്തമായി കാണാവുന്ന ചെറിയ കുട്ടികളേയും കണ്ടു എങ്കിലും വെളിച്ചം കണ്ടുള്ള പരിഭ്രമം കൊണ്ടോ എന്തോ മൂതിന്ന ചെതലുകൾ ഓടിനടക്കുന്നതല്ലാതെ കുട്ടികളെ ഒന്നും ചെയ്യുന്നതു കണ്ടില്ല.

ശിശുപാലനം എങ്ങിനെയായാലും മൂതിന്ന ചെതലിന്റെ മററു പ്രവൃത്തിയിൽ ഔചിത്യത്തിന്നും വിനോദത്തിന്നും കുറവില്ല. ഉടഞ്ഞുപോയ വല്മീകത്തിന്റെ കേടു തീക്കുന്നതുതന്നെ കാണ്മാൻ വളരെ കൌതുകമുണ്ട്. അടിയിൽനിന്ന് ഓരോ തരിയായി മണ്ണു കൊണ്ടുവന്ന് ഉമിനീരുകൊണ്ടു നനച്ച് ഒട്ടിച്ചിട്ടാണ് പുരവും കമാനവും പണി ചെയ്യുന്നത്. പുറ്റിന്ന് ആറ് ഇഞ്ചുവരെ കനത്തും നാലഞ്ചടിവരെ ഉയരവും ഞാൻ കണ്ടിട്ടുണ്ട്. ചെതലിന്റെ വലിപ്പത്തിന്ന് ഇത്ര വലിയ ഭവനമാണെന്ന് അല്പം ആലോചിച്ചാൽ അറിയാം. ഐകമത്യമിച്ച് യത്നിക്കുന്നതിന്റെ ഫലം ഇങ്ങിനെയാണ്.

കാരാട്ട് അച്യുതമേനോൻ, ബി. എ. ബി. എൽ.

ഭൂവിവരണസിദ്ധാന്തസംഗ്രഹം.

ഒരു നിരൂപണം



ഗ്രന്ഥനിർമ്മാണത്തിൽ കൌതുകം വർദ്ധിച്ചിരിക്കുന്ന ഈ കാലത്തിൽ ഒരു പുതിയ പുസ്തകത്തിന്റെ ആവിർഭാവവു അതിനെ ഒരു മാസിക നിരൂപണം ചെയ്യുന്നതും അതി പരിചിതമായിപ്പോകയാൽ വായനക്കാരുടെ ദൃഷ്ടിയെ ആകർഷിച്ചില്ല എന്നു വരുന്നത് ഒട്ടും അസംഭാവ്യമല്ല. എന്നാൽ ഇവിടെ നിരൂപ

ണം ചെയ്യാൻ പോകുന്ന പുസ്തകം ആ കൂട്ടത്തിൽ ചേൎന്നതല്ലെന്ന് ആദ്യമേ വായനക്കാരെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. തിരുവനന്തപുരം ഹൈസ്കൂളിൽ ഒരു അദ്ധ്യാപകനും ഭാഷാഭിമാനികളിൽ ഗണനീയന്മാരുടെ കൂട്ടത്തിൽ ചേൎന്ന ആളും ആയ കെ. എം. ചെറിയാൻ അവർകളുടെ കൃതി ആയ 'ഭൂവിവരണസിദ്ധാന്തസംഗ്രഹം' എന്ന പുസ്തകമാകുന്നു പ്രകൃതനിരൂപണത്തിന്റെ വിഷയം.

ഈ കാലത്തിൽ ഉണ്ടാകുന്ന പുസ്തകങ്ങളിൽ മിക്കവയും നിരൂപണത്തെ അൎഹിക്കുന്നവയല്ലെന്നു വിളിച്ചു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. അതിനുള്ള കാരണവും ഏറെ ദൂരെ തേടേണ്ടതില്ല. ചുരുക്കത്തിൽ ഇംഗ്ലീഷിൽ (Reading public) എന്നു പറയുന്ന മട്ടിൽ ഉള്ള ഒരുകൂട്ടം 'പൊതുവായനക്കാർ' എന്നുള്ളതു മലയാളികളുടെ ഇടയിൽ ഇതേവരെ ഉണ്ടായിട്ടില്ല എന്നുള്ള സംഗതിയാണ്, ഇതിനു മുഖ്യകാരണം. എന്നാൽ മലയാളികളിൽ മിക്കപേരും വായനക്കാരല്ല എന്ന് ഇതുകൊണ്ട് അൎത്ഥമാകുന്നില്ല. മലയാളഭാഷാമൂലമായ അവർ സംഗതികളെ ഗ്രഹിക്കാനൊ രസിക്കാനൊ ശ്രമപ്പെടുന്നില്ല എന്നേയുള്ളു. പുസ്തകപാരായണതല്പരന്മാരായി നമ്മുടെ ഇടയിൽ ഉള്ളവരിൽ മിക്കപേരും ഇംഗ്ലീഷ് പഠിച്ചവരാണ്. ഇംഗ്ലീഷ് പഠിച്ചവർ ജ്ഞാനസമ്പാദനത്തിനും മനോവിനോദത്തിനും ആയി ഇംഗ്ലീഷ്ഭാഷയെ അല്ലാതെ മലയാളഭാഷയെ ആശ്രയിക്കുന്നതുമല്ല. അധികവ്യയവും ക്ലേശവുംകൂടാതെ സകലമാന അറിവുകളും ഇംഗ്ലീഷിൽനിന്നു ഗ്രഹിക്കാൻ സൌകൎയ്യമിരിക്കെ, വല്ല തുച്ഛമായ ജ്ഞാനാംശത്തെയും മലയാള പുസ്തകത്തിൽനിന്നു ഗ്രഹിക്കണമെന്ന് അവൎക്കു നിൎബ്ബന്ധമുണ്ടോ? സൂൎയ്യനുദിച്ചു നില്ക്കുമ്പോൾ ആരും ദീപം കത്തിച്ചു വയ്ക്കുക പതിവില്ലല്ലോ. എന്നാൽ അവർ നാട്ടുഭാഷയെ ഈ വിധം അനാദരിച്ചാൽ പോരാ എന്നാണ് എന്റെ പക്ഷം. സൂൎയ്യനുദിച്ചു നില്ക്കുമ്പോഴും മംഗളാൎത്ഥമായും മററും നാം ദീപംകത്തിച്ചു വയ്ക്കാറില്ലയോ? നാം ഇംഗ്ലീഷിൽനിന്നു വ്യയവും ക്ലേശവും ചെയ്തു ഗ്രഹിക്കുന്ന ജ്ഞാനപ്രകാശത്തെ നമ്മോളം ഭാഗ്യമില്ലാത്ത സഹോദരന്മാരുടെ ഇടയിൽ കൂടെ പ്രചരിപ്പിക്കേണ്ടതു നമ്മുടെ കടമയാകുന്നു. പരീക്ഷാവിജയി

കൾ എല്ലാം, തങ്ങൾ വിദ്വാന്മാർ വാഴുമ്പോൾ ഈ അർത്ഥത്തിൽ ഒരു സത്യവാചകംകൂടെ ചെയ്യാറുണ്ടെന്നുള്ളതു നാം ഓർക്കേണ്ടതാണ്. സ്വഭാഷാഭിമാനം എല്ലാവർക്കും വേണ്ടതാകുന്നു. നമ്മുടെ ഇടയിൽ വിലപ്പോകുന്ന പുസ്തകങ്ങളിൽ പത്തിലൊന്നൻപതും പരീക്ഷയ്ക്കു് ഉപയോഗപ്പെടുന്നവ മാത്രമാണെന്നുള്ളതു ശ്ലാഘാർഹമായ ഒരു അവസ്ഥയല്ലല്ലോ. ഗ്രന്ഥകർത്താക്കന്മാരുടെ ഈ ദശയും വായനക്കാരുടെ ദുർഭിക്ഷവും അത്യന്തം ശോചനീയമായിരിക്കുന്നു.

ഈ ദുർഘടസ്ഥിതിയിൽനിന്നു മലയാളഭാഷയെ കരകയറ്റുന്നതിന് ഏതാനും ചിലർ ദ്രവ്യനഷ്ടത്തെ ഗണിക്കാതെ നല്ല പുസ്തകങ്ങൾ എഴുതി ചുരുങ്ങിയ വിലയ്ക്കു വില്പാൻ മടിക്കാതിരുന്നാലെ, സാധിക്കുകയുള്ളു. പൊതുവായനക്കാർ എന്നൊരുകൂട്ടം ആളുകൾ ഇല്ലെങ്കിൽ, അങ്ങിനെ ഒരു സംഘത്തെ കാലക്രമേണ സൃഷ്ടിക്കാൻ നാം യത്നം ചെയ്യണം. പാശ്ചാത്യസാഹിത്യസമുദ്രത്തിൽ കിടക്കുന്ന രത്നങ്ങളെ എടുത്തു തയാർ ചെയ്യുന്നതായാൽ വലിയ വിലയൊന്നുമില്ലെങ്കിൽ വാങ്ങാനും ഉപയോഗിക്കാനും ആളുകൾ ഉണ്ടാകാതിരിക്കയുമില്ല. ഈ വിധം ബുദ്ധിവികാസകാരിതയിൽ ജനങ്ങളുടെ ഹൃദയാവർജ്ജനം ചെയ്താൽ, നല്ല പുസ്തകങ്ങൾക്കു് ആവശ്യക്കാരുണ്ടാകയും ആ ആവശ്യം നേരിടുന്നതിനനുരൂപമായി പുസ്തകങ്ങളുടെ സംഖ്യ വർദ്ധിക്കുകയും ചെയ്യുന്നതാണ്.

ഈ വിധം ബുദ്ധിവികാസികയായിരിക്കാൻ അർഹതയുള്ളതാകുന്നു പ്രകൃതപുസ്തകം. ഇതിൽ പല ശാസ്ത്രങ്ങളുടേയും തത്വങ്ങൾ അടങ്ങീട്ടുണ്ട്. ഇംഗ്ലീഷിൽ 'Pobular Science' (സർവ്വജനീന ശാസ്ത്രവിഷയങ്ങൾ) എന്നു് ഒരുവക കൃതികളുണ്ട്. അതിന്റെ രീതിയിലാണ്, ഭൂവിവരണസിദ്ധാന്തസംഗ്രഹം രചിക്കപ്പെട്ടിരിക്കുന്നത്. സർവജനീനമായ ഒരു കൃതിയിൽ ഏതൊരു വിഷയവും അസ്ഥാനത്തിലാവുകയില്ലെങ്കിലും, അവശ്യം അറിഞ്ഞിരിക്കേണ്ട പല സംഗതികളേയും എടുത്തു ചേർത്തിരിക്കുന്ന ഈ പുസ്തകം പ്രത്യേകം സ്വീകാര്യം തന്നെ. ഈ നാട്ടിൽ വാസ്തവങ്ങളല്ലാത്ത അനേകം അഭിപ്രായങ്ങൾക്കു് ആധാരങ്ങളായ 'സൂര്യഗ്രഹണം' 'ചന്ദ്രഗ്രഹണം' മുതലായവയെക്കുറിച്ചുള്ള അവ്യക്തങ്ങളായ പ്രസംഗാം

ശങ്ങളും എല്ലാ മലയാളികളും വായിച്ചിരിക്കേണ്ടതാണ്. നമുക്കു നിത്യപരിചിതങ്ങളെങ്കിലും ദുർഗ്രാഹ്യങ്ങളായ മഴ, കാററുകൾ, കാലാവസ്ഥ എന്നിങ്ങനെയുള്ള പ്രമേയങ്ങൾ, ശാസ്ത്രീയവിഷയങ്ങളിലേക്കു വായനക്കാരെ ബലാൽ സമാകർഷിക്കുന്നവയായിരിക്കുന്നു. 'സസ്യങ്ങളുടെ ദേശവിഭാഗം' എന്ന ഉപന്യാസത്തിൽ വിശദീകരിക്കപ്പെട്ടിരിക്കുന്ന തത്വങ്ങൾ, ബുദ്ധിപൂർവ്വം വായിച്ചു നോക്കുന്ന മലയാളികൾക്കു ഹൃദയാത്യന്താഹ്ലാദകരങ്ങളായിരിക്കുമെന്നു തീർച്ച തന്നെ. ഓരോ പ്രമേയത്തെയും വിശദീകരിക്കേണ്ടതിലേക്ക് അത്യന്താപേക്ഷിതങ്ങളായ പടങ്ങൾ, കാഴ്ചക്കുമനോഹരമാകുംവണ്ണം ഘടിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ പുസ്തകത്തിന്റെ ഉപയോഗം പൊതുവേ ഒരു മാററുകൂടെ കൂടിയിട്ടുണ്ട്.

പ്രസ്തുതപുസ്തകം ഒരാവൃത്തിയെങ്കിലും മനസ്സിരുത്തി വായിക്കുന്നവർക്കു അസന്ദിഗ്ദ്ധമായി മനസ്സിൽ ഉദിക്കുന്ന ഒരു അനുമാനം, ഓരോ വിഷയവും വായനക്കാർക്കു സുഗ്രഹമാകുന്നതിനു വേണ്ടതായ എല്ലാ കൌശലങ്ങളും ഗ്രന്ഥകർത്താവു സാമർത്ഥ്യത്തോടെ പ്രയോഗിച്ചിട്ടുണ്ട് എന്നുള്ളതാണ്. ഓരോ വിഷയത്തെയും അതിന്റെ എല്ലാ അംശങ്ങളേയും കുറിച്ചു സുശിക്ഷിതവും കുലങ്കഷവും ആയ ജ്ഞാനം പൂർണ്ണമായിരിക്കുകയാൽ, ഗ്രന്ഥകർത്താവിന്ന് ഓരോ വിഷയത്തെയും നാനാപ്രകാരങ്ങളിൽ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനു സാധിച്ചിട്ടുണ്ട്. സംശയലേശമില്ലാത്ത ഒരു മനസ്സിന്റെ പ്രതിച്ഛായയായി, സുഖപ്രദമായ ഒരു രീതിയും മാധുര്യവും പ്രസ്തുതപുസ്തകത്തിനു ലഭിച്ചിട്ടുണ്ടെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. വാണിജ്യവാതങ്ങൾ, പ്രതിവാണിജ്യവാതങ്ങൾ, എന്നിവകൾ തമ്മിലുള്ള അന്തരം; ആഫ്രിക്ക, അമേറിക്ക എന്നിവകൾ തമ്മിൽ കാലാവസ്ഥസംബന്ധിച്ചുള്ള താരതമ്യവിവേചനങ്ങൾ; മുതലായ ഘട്ടങ്ങൾ ഇതിനു നല്ല ദൃഷ്ടാന്തങ്ങളാണ്. വിഷയങ്ങളുടെ ക്രമീകരണത്തിലുണ്ടാകുന്ന ദോഷം നിമിത്തവും മററും, ശാസ്ത്രഗ്രന്ഥങ്ങൾ പലപ്പോഴും ദുർഗ്രഹങ്ങളായി കാണാറുള്ളതുകൊണ്ടാണ്, ഭൂവിവരണസിദ്ധാന്തസംഗ്രഹത്തിന്റെ ഈ വിശിഷ്ടതയെ ഇവിടെ പ്രത്യേകം പ്രസ്താവിക്കണമെന്നു തോന്നിയത്.

അറിയപ്പെടേണ്ട വിഷയങ്ങളെക്കുറിച്ചു വിസ്തരമായി എഴുതപ്പെട്ടിരിക്കുന്ന പ്രസംഗങ്ങളടങ്ങിയ ഈ പുസ്തകം, ഒരു നല്ല ഗദ്യമെഴുത്തുകാരന്റെ കൃതിയാവാൻ ഇടയായതു മലയാളഭാഷയുടെ ഭാഗ്യംതന്നെ. സാങ്കേതികശബ്ദങ്ങളും, ഈ പുസ്തകത്തിൽ ഉണ്ടു്; സംശയമില്ല. ഒരു ശാസ്ത്രഗ്രന്ഥത്തിൽ അവ ഒഴിച്ചുകൂടാത്തതാണല്ലോ. എന്നാൽ സാങ്കേതിക പദങ്ങളുടെ ബാഹുല്യം നിമിത്തം കാര്യഗ്രഹണത്തിനു ഇത്ര ക്ലേശം ആവശ്യപ്പെടാൻ ഇടയാകരുതെന്നും, പുതിയ ശബ്ദങ്ങളെ സൃഷ്ടിക്കാതെ കഴിയുന്നതും കഴിക്കണമെന്നും, ഗ്രന്ഥകർത്താവിനുണ്ടായിരുന്ന ഉദ്ദേശ്യത്തെ സരളങ്ങളായ വാക്യങ്ങൾ വിളിച്ചുപറയുന്നുണ്ടു്. സംഗതികളുടെ പ്രൗഢതയെ അനുസരിച്ചു, 'സൗരയൂഥം' 'സൂര്യൻ' എന്നീ രണ്ടു ഉപന്യാസങ്ങളിൽ സംസ്കൃതപദങ്ങളെ സ്വതന്ത്രമായി ഉപയോഗിച്ചിരിക്കുന്നതിന്റെ സ്വാരസ്യം, സംസ്കൃതാഭിജ്ഞന്മാർ സവിശേഷം അനുമോദിക്കുന്നതാണു്. നാനാപ്രകാരേണ ആലോചിച്ചാൽ ഈ 'ഭൂവിവരണസിദ്ധാന്ത സംഗ്രഹം', മലയാളഗ്രന്ഥങ്ങളുടെ—പ്രത്യേകം മലയാളശാസ്ത്രങ്ങളുടെ—ഇടയിൽ ഉന്നതമായ ഒരു പദവിയെ അർഹിക്കുന്നുണ്ടു്. യഥാർത്ഥത്തിൽ ലോകോപകാരവും ഭാഷാപോഷണവും ചെയ്യുന്ന ഏതദ്വിധകൃതികളുടെ സംഖ്യ മലയാളത്തിൽ വർദ്ധിച്ചുവരട്ടെ.

എ. ആർ. രാജരാജവർമ്മ, എം. ഏ.

ഉണ്ണുനീലീ

സന്ദേശം

അച്ഛൻചൊല്ലെക്കിഴയഴകിതൊട്ടാച്ചിയാരച്ചുതിന്റാം
ഇച്ചീലംനീപറവതുതനിക്കെട്ടിനുണ്ടോപ്രശ്രയം
എച്ചിൽച്ചോറാംവിറകുമടിയേനേടുവോരുംകിടങ്ങൂർ
അച്ചുംകാർടേവരികതടിയെന്നാകിലെല്ലാതെതില്ല. ന്യൂശ്

ഇന്തപ്പൊന്നരക്കിനിയരചഴശല്യപ്പുരേനായിനാരോ
ശന്തപ്പൻപാടവമഹളുഴശപ്പിള്ളക്കുണ്ഡാംഗികൊണ്ടോർ,
മായസ്സ്വാദീമലമഹസകണരണ്ടുകോഴ്ജിട്ടരൈകോന-
ഇമ്മസ്സംഘലമൂസരഴദുഗ്ഗംകണ്ടിതേനസാക്ഷതാകാ. ൫൫

എൻറിവണ്ണംപഴികഠംപറയുംഭോഷബന്ധങ്ങളെല്ലാം-
മൊൺറാൺറകെട്ടുദിതമഹസിതംതേഴ! നേരെനടന്നാൽ,
കൻറംകൻറംപിരിയുമിളമാകണ്ണിമാർമാരനേ! നീ-
മൻറിൽചാലപ്പൃകഠംപൊലിവെഴുംവൽക്കലെചെൽകപിന്നെ.

കന്ദസ്സ്വരനാമതിമൃദാതമിണീകെകകയിന്മേൽ
നന്ദിച്ചിട്ടംനരകമഥനാംനന്ദഗോപസ്യസൂനും,
മന്ദമ്മന്ദംമധുരമധുരംവേണുമാക്കുജയന്തം
വന്ദിക്കെണംവരഗുണനിധേ! വൽക്കലെത്തമ്പിരാനെ. ൫൭

വേഗംനതപംവെടിയിൽനടകൊണ്ടുമുൽപ്പാട്ടുമേവും
കാളീംദേവീംതൊഴുതുപൃഴയുംപിന്നെനീപിന്നിലാക്കി,
കോലംബൊഖ്യാംനിജകുലപുരീംക്ഷ്പകാധീശപാരണാം
നാളൻറക്കെസമൃദയവതീംകാൺകസഹ്യാംഗനാനാം. ൫൮

എഷാളൂഷാമണിരിവഷ്ടവേഹന്തവേണാടർകോനും
നീയുംപാലിച്ചപഗതഭയംവർദ്ധിതാനാളിൽനാളിൽ,
ഇന്ദ്രോപേന്ദ്രക്ഷപിതരിതിജോപദ്രവാമല്ല്യമന്യേ
നാണിക്കിൻറാളമരനഗരീംനാമമാത്രാവശേഷാം. ൫൯

ചൊല്ലാംചെന്ദ്രാണിയുമുടനടൻവന്നുചാണോടനംകെട-
ണ്ടാക്രാമന്തീജലധിമഖിലംനിന്നുടേകീർത്തിപോലെ,
പൊന്മേടനാമ്മണിമകുടമാംനാവുകൊണ്ടെച്ചിലാക്കി
ക്കൂട്ടക്കൂട്ടക്കടലിൽമുഴികിച്ചുംബുജാൻഘോദയന്തി. ൬൦

തത്യശ്രീമന്നയനസുഭഗമ്മാറവൎമ്മാക്ഷോപദാന്തം
നാട്ടാർവൎണ്ണിപ്പതുപുനരിദംകേവലംകെല്പമെൻറ,
എൻറാലീരേഴുലകിലുമിതിന്നൊപ്പമില്ലെൻറചൊൽവാൻ
തെല്ലുംകൊല്ലാമവരുനിതരാംപിന്നെയുംകെല്പമേവ ൰൫

വീണാവാണീംവിപുലജഘനാംതാമ്രബിംബാധരോഷ്ഠീം
ക്ഷീണാംമദ്ധ്യേകിസലയമൃദുസ്നിഗ്ദ്ധമുഗ്ദ്ധാംഗരേഖാം
പൂണാർകൊങ്കത്തലശനമിതാംമിക്കവെള്ളൎവിളങ്ങും
നാണീംകാണാംവഴിയിലുടനെയന്തരനിൽക്കിൻറവാറ് ൰൬

വാരിപ്പൊക്കിപ്പുഴവുമടയുംചക്കയുംനൽകരിമ്പും
മേരുക്കുൻറിൽപരിചുമതവുംബാലകാചന്ദ്രമൌലേഃ
മൂരിത്തിട്ടുക്കഴകപൊഴിയിക്കിൻറമാതംഗവക്ത്രം
ചാരച്ചെൻറങ്ങടിമലരിൽവീണങ്ങുസാകംകൈതൊഴേണം. ൰൭

നേരേപിന്നെപ്രിയസഖ! പനങ്ങാവനത്തിന്നകംപൂ-
ക്കാരാവംകൊണ്ടഖിലജഗതാംഭൈരവീംഭൈരവീംതാം,
നീരാന്നീടുംകരിമുകിൽനിറംകൊണ്ടുനിസ്തുലതാഭയ
കേരിച്ചാരിക്കടൽപെരുകുമാക്കാളിയെക്കൈതൊഴേണം. ൰൮

അപ്പൊഴാതിച്ചപുരമമരിൻറപ്പുറത്തൈക്കവെണ്ണങ്ങി-
ത്തിപ്പാപ്പൂക്കിലിൻറാരതിലകമേ! നീനടപ്പോകനേരം,
തന്നത്തിന്നായ്ത്തദനുചുഴലപ്പക്ഷസേവിച്ചുനിന്നു-
പ്പോമെട്ടോരണർകിലവിവക്ഷാസികാഃപൂജ്യപാദാഃ. ൰൯

അൎത്ഥിശ്രേണിക്കഭിമതഫലംനൽകുവാൻപാരിജാതം
വിദ്വൽപത്മാകരദിനകരംവിശ്വലോകൈകദീപം,
മുററിള്ളുട്ടുംപെരിയപരചക്രൌഘചക്രായമാണം
കുററക്കാർമന്നവരികുഴലിമാർമാരനെക്കാണ്കപിന്നെ. ൨൰

വേലപ്പെണ്ണിന്നഴകപൊഴിയുംകണ്ണനെപ്പോരിൽമാററാർ
മൂലത്തിന്നേമുടിവിലെനാരമുകണ്ണന്റെപ്പുണ്യകീർത്തി!
വേരിൽച്ചൊല്ലാർമനസിജകയൽക്കണ്ണനെച്ചെൻവരനേരേ
കോരിക്കൈക്കൂപ്പടനിരവിവർമ്മാല്യവേണാടർകോനേ. ൯൭

അസ്തോപാന്താംമുഴവനറിയിപ്പിച്ചുമാമ്പള്ളിയെക്കൊ-
ണ്ടല്പസ്മേരാനനമിതവദനാംവീര!നിൽപ്പോരുനേരം,
മുന്നോനമ്മിൽക്കനിവുകനമുണ്ടാകയാൽപ്പോകപോകെ-
ന്റന്നേനിന്നോടവനവനിപാലൈകവീരേവിരഞ്ഞും. ൯൮

രത്നശ്രേണീകനകനികരംകർപ്പൂരവുംവെച്ചുകാണ്മാൻ
തിക്കിള്ളൂടുംപുനരറികിലോനാവികാനാംനികായം,
അപ്പോഴന്നീനരവര!പുറപ്പെട്ടുമൂവന്തിനേരം
മുച്ചന്തിക്കൽച്ചുഴലമതവുംവാണിയംകാണ്കപിന്നെ. ൯൯

തട്ടംകട്ടിൽക്കയറവലകൈകട്ടിൽമഞ്ചട്ടികൊട്ട-
മെത്തട്ടുംമുട്ടിൽക്കരയുമരിയുംപെട്ടിയുംപെട്ടകവും,
ആട്ടുംചാട്ടുംകുടയുമടയുംപഞ്ഞിയുംമുങ്ങവേരും
ന്നൂറുംചോറുംചുറയുമറയുംകാരിരിമ്പുംകരിമ്പും. ൱

കൂരൻചോഴൻപഴവരികറെക്കൊണ്ടണോംവെണ്ണുകണ്ണൻ
മോടൻകാടൻകറവകൊടിയൻപങ്കിപൊക്കാളിചെന്നൽ,
ആനക്കൊടൻകിളിയിറകനങ്ങാരിയൻവീരവിത്തൻ
കാണാംമററംപലവിധമുടൻനെല്ലുകല്യാണകീർത്തേ. ൱൧

കോലാമൂങ്ങൻചുറകകൊഴുമീൻകൊഞ്ചുപാംപാടപൂമീൻ
ചേർമീനാരൽച്ചുറകകരിമീൻകൊണ്ടൽമീനാങ്കിരെലി,
ചൂമീൻചേർമീനയിലത്തെരിമീൻചുള്ളികൻപാളനന്തൻ
മററുംമീനിൻനിരകളവിടെക്കാണലാംവിൽക്കുമാറ. ൱൨


ഏലംകോലാകട്ടകതകരംകന്തിരിക്കുന്തുരിക്കം
ചോനപ്പുല്ലുംചുകിലുമകിലുംനാകലാഞ്ഞിനാകം,
തിന്മുകഞ്ചാവുല്പവപിടയംമഞ്ചിമഞ്ചട്ടികൊട്ടം
ജാതിക്കായുംപലവുമവിടെക്കാണലാംതെമരുന്നും. വൃ ൨.

കസ്തൂരിക്കൊണ്ടിരിപത്തുപണംകത്തികൊണ്ടുള്ളതാണീ
പൂന്തുരിക്കൊപ്പുടവപുറമെത്തുണ്ടുനികച്ചിൽമിച്ചം,
പത്താകെക്കൊണ്ടുപൂരിചപനിനീർമറവമൂന്നാണുനല്ല
കത്താകാരെച്ചൊൻറിതിന്നുതരമാമഞ്ചൊല്ലുനീകാരിതേവാ. വൃ ൩

ചക്കിന്നുണ്ടാപരിചുവന്നുച്ചക്കടിക്കെട്ടുകാച്ചു-
ണ്ടുകാൽക്കൊണ്ടാമിളകുതരകിന്നാക്കടോനമ്പിയാടി,
ചിക്കാണിസ്സാദ്ധനശിതിയോപ്പാരിതായരെയോ—ടം
കുക്കോകുഞ്ജികളിരികനിയസ്സുമിത്തുക്കേഷണോഘം. വൃ ൪

ഇത്ഥംവിൽക്കുംവിവിധവിപണിദ്രവ്യഭാഷാവിശേഷാൻ
കണ്ടുംകേട്ടുംപഴകിമുഴുവൻകൌതുകംവിട്ടുനീപോയ്
ചിന്തിച്ചേററംമമസഹചരീംവേഗവാനാകിലുംചെ-
ൻറന്തിക്കാലംനരവര! കരിപ്പൂക്കളുംപൂകപിന്നെ. വൃ ൫

ഒരു മുതലനായാട്ടു.



ഒരു വലിയ കണ്ണാടിയിലെന്നപോലെ വിശാലമായ കൊച്ചിക്കായലിൽ പ്രതിബിംബിക്കുക നിമിത്തം ദ്വിഗുണീഭവിച്ച ശോഭയോടുകൂടി തീരപ്രദേശങ്ങളിൽ ഉടതിങ്ങിനിന്നുകൊണ്ടു കം

റിലാടിയലഞ്ഞു നടനം ചെയ്യുന്ന കല്പക വൃക്ഷങ്ങളുടെ ഇടകളിൽകൂടി അവിടവിടെ പുറത്തേക്ക് എത്തിനോക്കുന്ന മനോഹരങ്ങളായ പബ്ലിക്കാപ്പീസ്സുകളാലും മററും അലംകൃതമായ എറണാകുളത്ത് അന്ന് അതിശൈത്യമുള്ള ഒരു പ്രഭാതത്തിൻെറ പ്രവേശകാലമായിരുന്നു. രാത്രി തീരെ വിട്ടുമാറിക്കഴിഞ്ഞിരുന്നില്ല. ഒററ പിരിഞ്ഞ് അഞ്ചോ ആറോ മിന്നാമിനുങ്ങുകൾ മഞ്ഞുകൊണ്ടു ഘനം തൂങ്ങിയ ചിറകുകളനക്കുവാൻ വയ്യാതെ അവിടവിടെ നിന്നിരുന്ന ചുള്ളിച്ചെടികളുടെ ഉള്ളിൽ പററിപ്പിടിച്ചുകൊണ്ടു കെടാറായ ദീപങ്ങളെപ്പോലെ മങ്ങിമങ്ങി പ്രകാശിച്ചിരുന്നു. വേലിയരികിൽ കിടന്നു വീണാകമ്പികൾ വലിച്ചു വിട്ടപോലെ പാടിക്കൊണ്ടിരുന്ന അനവധി പൂൽപ്പൊണ്ണുകളുടെ* സലിരിനെ കൂടെക്കൂടെ തടസ്ഥപ്പെടുത്തുവാനൊ എന്നു തോന്നുമാറു കുറെ ദൂരത്തായ ഒരു തെങ്ങിൻെറ ശിഖരത്തിലുള്ള തൻെറ നികുഞ്ജത്തിലിരുന്നുകൊണ്ട് 'കൊള്ളുവാ' 'കൊള്ളുവാ' എന്ന് അത്യുച്ചത്തിൽ സങ്കീർത്തനം ചൊല്ലിക്കൊണ്ടിരുന്ന ഒരു കാലങ്കോഴിയുടെ ഭീമസ്വരം ആകാശം മുഴുവനും മാറെറാലിക്കൊണ്ടു വ്യാപിച്ചു. തൊട്ടാൽ പൊള്ളുന്ന പുട്ടോട്ടുകൂടി ഓരോ കോപ്പ കട്ടംകാപ്പിയും കുടിച്ചു ഫ്ലാനൽ കുപ്പായങ്ങളും മഞ്ഞുതൊപ്പിയും ധരിച്ച് ആറിനു ഓരോ ഇരട്ടക്കുഴലൻ തോക്കുകളും തിരകളും കുറെ ഭക്ഷണസാധനങ്ങളും എടുത്തു ഞാനും എൻെറ സ്നേഹിതൻ മിസ്റ്റർ മാധവമേനോനും പുറപ്പെട്ടിറങ്ങി. കായലിൻെറ കിഴക്കെക്കരയിൽ പബ്ലിക്കാപ്പീസ്സുകൾക്കെല്ലാം വടക്കോട്ടുതള്ളി പോസ്റ്റാപ്പീസ്സിൻെറയും പൊല്ലീസ്സുസ്റ്റേഷൻെറയും മദ്ധ്യേയുള്ള കുളത്തിരം കാലേകൂട്ടി ശട്ടംകെട്ടി വെച്ചിരുന്ന ഒരു തോണിയുടെ മദ്ധ്യത്തിലുള്ള രണ്ട് ഇടപ്പലകകളിന്മേൽ ഞങ്ങൾ രണ്ടുപേരും കേറി ഇരിക്കുമ്പോഴേക്ക്,

"താതെതിതികിതതൈതെ"

കൊച്ചിവാഴുംസച്ചരിതംവരച്ചരാമവർമ്മ പൻ
ഇച്ചരണാചിതെത്തചാത്തുവെച്ചപാട്ടേന്നേൻ

---

* ചീട്, ചീവീടു

എന്നു നീട്ടി എടുത്തു പാടാൻ തുടങ്ങിയ കണ്ടക്കോരനും നീലാണ്ടനും ആഞ്ഞുവലിക്കുന്ന തണ്ടുകളുടേയും, പാട്ടിന്റെ ഈ രണ്ടു പാദങ്ങൾ അവസാനിക്കുമ്പോളെല്ലാക്കെയും 'ധീന്തധിമൃതൈതെയ്' എന്നു ശങ്കിടി പിടിക്കുന്ന ചങ്ങു അമരത്തലയ്ക്കലിരുന്നുകൊണ്ട് ഇടത്തും വലത്തും മാറിമാറി തുരുതുരെ കൊത്തി എറിഞ്ഞുവിടുന്ന പങ്കായത്തിന്റെയും, പ്രഹരങ്ങൾകൊണ്ട് ഇളകിമറിയുമ്പോൾ ഇരുട്ടത്ത് ഉരുകി ഒഴിച്ച ലോഹംപോലെ പ്രകാശിച്ചുകൊണ്ടിരുന്ന ആ വെള്ളത്തിലെ തിരമാലകളുടെ ശിഖരങ്ങളിൽകൂടി ചാടിത്തുള്ളിക്കൊണ്ടു തെക്കുപടിഞ്ഞാറായി വലിച്ചുകേറിയ ആ ഓടി പുഴയുടെ മദ്ധ്യത്തിലെത്തിക്കഴിഞ്ഞു:—

പശ്ചിമമംഗളത്തുകൊച്ചികൊച്ചിയഴിവല്ലമെല്ലാം
കൊച്ചുതമ്പ്രാന്മാർകളുന്നിന്നുകാഴ്ചവെച്ചാലും— ധീന്ത
തെക്കുവെണ്ടുരുത്തിയുംവടക്കുപൂഞ്ഞിക്കരപ്പൂവ്വും
മിക്കതിലെന്നാകളവുംതക്കമാസ്റ്റാങ്ങു— ധീന്ത
മാന്വേന്ദ്രൻതന്റെതലസ്ഥാനമെന്നുകളത്തെ
യുനമിന്നുപൂന്നിപ്പാനായഞാനില്ലാക്കും— ധീന്ത
പോസ്റ്റാപ്പീസും,പൊല്ലീസ്റ്റേഷൻ,മിസ്റ്റർഡേവിസ്ബംഗ്ലാവും
മിസ്റ്റർബ്രൌണിൻബംഗ്ലാവുംമററുംകണ്ടാലും— ധീന്ത
ആതുരരാകുംമർത്ത്യരെക്കിടത്തിരോഗംതീർത്തയച്ച
കീർത്തിചാത്തുംനല്ലോരാശുപത്രികണ്ടാലും— ധീന്ത
ഡാക്ടർക്ലൂംസും,ഡാക്ടർഗന്തർഡാക്കടർരാമുണ്ണിമേനോനും
ചട്ടമോടെജോലിനോക്കുംകെട്ടിടമല്ലോ— ധീന്ത
നീളെനീളെബാലകന്മാർമേളമോടെവിദ്യാഭ്യാസം
നല്ലതാവുംചെയ്യിടുന്നകാളേജുംകാൺക— ധീന്ത
പ്രിൻസിപാലാംഡേവിസ്സുംവൈസ്പ്രിൻസിപാലാംകോശിതാനും
മുൻഷികന്തൻവാരിയരുമുണ്ടവിടത്തിൽ— ധീന്ത
ചാക്യ,മാരാരേ,റാടിയുംലാക്കമാററാതോരടിയും
തർക്കമെല്ലാംതീർപ്പുചെയ്യുംചീഫ്കോർട്ടുകാൺക— ധീന്ത
മുട്ടാതെനിത്ത്യവുംചിത്തംമുട്ടാതെകൊച്ചുണ്ണിമേനോൻ
കാര്യംചെയ്യുംഡിസ്ത്രിക്റ്റുകോർട്ടുകണ്ടാലും— ധീന്ത

പട്ടാഭിരാമയ്യൻദിവാൻപട്ടംകെട്ടിരാജ്യകാൎയ്യം
ചിട്ടയായിനടത്തുംഹജൂർകെട്ടിടംകണ്ടു— ധീന്ത
ഹൈഗണിലൈഗേവ്വാണീലൈകെരളിവാണികളീമൂന്നിലുംപ്ര-
വീണനാകുംസിക്രട്ടേരിഅച്ചുതമേനോൻ— ധീന്ത
വക്രശീലംചെറവർപോലുംകണ്ണിലില്ലാത്തസിസ്റ്റാണ്ടാം
സിക്രട്ടേരിശങ്കരനാംമേനവൻതാനും— ധീന്ത
ഭിക്ഷുകളെല്ലാക്കെയ്യുംകീൎത്തിതികലിയേറംമെട്ടജ്ജലി
നോക്കിടുന്നതൊക്കെയിന്നാദിക്കിൽവെച്ചല്ലൊ— ധീന്ത
ശങ്കരൻമാൻകരൻഭക്തകിങ്കരൻകരുണാകരൻ
ചെങ്കരൻശ്രീശൈലകന്യാസങ്കരൻദേവൻ— ധീന്ത
കെല്പെഴുന്നോരിപ്പ, ഹിവിക്കപ്പനാകുന്നപ്പരാമനെ
ക്ഷിപ്രംകണ്ടുകൈകൾരണ്ടുംകൂപ്പിവന്ദിപ്പിൻ— ധീന്ത
വിഷ്ണുഭക്തൻദിവാൻവാഴുംകൃഷ്ണവിലാസംമന്ദിരം
തൃഷ്ണയോടെകണ്ടുപോരുംഇഷ്ടിപൂണ്ടാലും— ധീന്ത
അമ്പിനോടതിന്നപ്പുറംവെമ്പഴന്നപാലിയവും
സമ്പ്രതികണ്ടാലുംവേഗംതമ്പുരാന്മാരെ ധീന്ത

മേൽപ്രകാരം എറണാകുളത്ത്! കരയ്ക്കുള്ള ഓരോരോ കാഴ്ചകളെ കുറിച്ച ക്രമത്തിൽ വൎണ്ണിച്ച പാടികൊണ്ടു വലിക്കാർ അത്യുവേഗവും സാവധാനമായികൊണ്ടുപോയ വഞ്ചി പാലിയത്തിൻ കടവു കടന്നപ്പോൾ രണ്ടാമത്തും ശീഘ്രഗതിയെ പ്രാപിച്ചു.

ഇതിനിടയ്ക്കു നേരം ക്രമേണ പ്രകാശമായി ഇടങ്ങുകയും ആദ്യം നക്ഷത്രങ്ങളുടെ വെളിച്ചംകൊണ്ടുമാത്രം കുറേശ്ശ കണ്ടിരുന്ന കെട്ടിടങ്ങളും മററും അധികമധികമായി കാഴ്ചയിൽ വന്നുതുടങ്ങുകയും ചെയ്തു. ഒരു നാഴിക വഴിദൂരം കായൽവക്കുവരെ തോക്കും താങ്ങി മുറുകി നടന്നതുനിമിത്തം ചൂടുപിടിച്ചു വിയൎത്ത ശരീരത്തിന്മേൽ കപ്പായത്തിനുള്ളിൽക്കൂടി കടന്നു തടവുന്ന കുളൎക്കാററും നാലുപുറവും നേത്രാനന്ദകരങ്ങളായ കാഴ്ചകളും തിരമാലകളുടെ മുകളിൽക്കൂടി പൊങ്ങിയും താണുംകൊണ്ടു പായുന്ന വഞ്ചിയിൽ ഊഞ്ഞാലാടികൊണ്ടുള്ള ഇരിപ്പും കണ്ടൻകോരൻ കൂട്ടരുടെ വഞ്ചിപ്പാട്ടും അരുണോദയസമയവും എല്ലാംകൂടി ചേൎന്നപ്പോൾ ഞങ്ങളുടെ

മനസ്സിൽ ഉദിച്ച ഒരു പ്രത്യേക ആനന്ദവും ആഹ്ലാദവും ഇന്നപ്രകാരമായിരുന്നു എന്നു പറവാൻ പ്രയാസം. വെണ്ടുരുത്തിയുടേയും എറണാകുളത്തിന്റെയും മദ്ധ്യത്തിൽക്കൂടി തെക്കോട്ടേക്കുപോയിക്കൊണ്ടിരുന്ന വഞ്ചി പുഴയിൽനിന്നു കിഴക്കോട്ടേക്കു തിരിയുന്ന ഒരു ചെറിയ തോട്ടിലേക്കു കടന്നു. അപ്പോൾ ആകാശത്തിന്റെ പൂർവ്വദ്വാരം തുറന്നു ഞങ്ങൾക്കഭിമുഖനായി പ്രവേശിച്ച സൂര്യൻ തന്റെ കനകരശ്മിപ്രവാഹത്തിൽ ലോകംമുഴുവനും പെട്ടെന്നു കുളിപ്പിച്ചു. മേലോട്ടേക്കു കുട്ടകുട്ടയായി ചുരിഞ്ഞ പിടിച്ചു നില്ക്കുന്ന അഞ്ചോ ആറോ കാലുകളിന്മേൽ കിടക്കുന്ന ഒരു പഴയ മരപ്പാലത്തിന്റെ കണ്ണിൽക്കൂടി കടന്ന ആ തോട്ടിന്റെ കിഴക്കെത്തെററത്തു, കര ഇടിഞ്ഞിട്ടും ഇടിഞ്ഞാറായിട്ടും ആയി മറിച്ചുനില്ക്കുന്ന അനവധി തെങ്ങിൻ തൈകളാൽ സാമാന്യം നാലുപുറവും ഇടതൂർന്നു ചുററപ്പെട്ടും സ്വച്ഛസ്ഫടികവർണ്ണമായ ഇലകളും തിങ്ങിവളർന്നുകൂടിയ കണ്ടൽച്ചെടികളാൽ മൂടപ്പെട്ട വെള്ളത്തിൽ അവിടവിടെ വലിയ പച്ചക്കല്ലുകൾ പതിച്ചപോലെ കിടക്കുന്ന ചില തുരുത്തുകളാൽ മദ്ധ്യഭാഗങ്ങൾ അലങ്കരിക്കപ്പെട്ടും ആയ ഒരു തുറന്ന കായലിലേക്കു ഞങ്ങൾ പ്രവേശിച്ചിട്ടു് ആ തുരുത്തുകളിലെ കണ്ടൽ ചെടികളുടെ ഇടകളിൽനിന്നു തല്പാചില്ലംവന്ന അനവധി വൃദ്ധകൊക്കുകൾ കൂട്ടംകൂട്ടമായി 'ക്രോ, ക്രോ' എന്നു ഞങ്ങളെ ശപിച്ചുംകൊണ്ടു മേല്പോട്ടുയർന്നു തലസ്സുമീതെ കശപിശയായി പറക്കത്തക്കവണ്ണം അവയുടെ സമീപത്തുകൂടി വഞ്ചിവലിച്ചുകേറി ആ കായലിന്റെ മറുകരയിലുള്ള വേറൊരു തോട്ടിന്റെ മുഖത്തു ഞങ്ങൾ എത്തി. ആ തോട്ടിന്റെ രണ്ടരികിലും കൈകൊണ്ടെത്തി പറിക്കാവുന്നതും കൊതിതോന്നിക്കുന്നതും ആയി സ്വർണ്ണകുംഭങ്ങളെപോലുള്ള അനവധി ഫലഭാരങ്ങളെ കുലകുലയായി വഹിച്ചുകൊണ്ടും ആകാശദേശത്തിൽ പരസ്പരം കരഗ്രഹണം ചെയ്തു സൂര്യരശ്മിയെ തടഞ്ഞുനില്ക്കുക നിമിത്തം തോട്ടിന്" ഒരു നടപ്പുര കെട്ടിയലങ്കരിച്ചപോലേയും നില്ക്കുന്ന തെങ്ങിൻ തൈകളുടെ ഇടയിൽക്കൂടി ആ തോട്ടിന്റേയും മറുതല പിടിച്ചു. അവിടെ തോട്ടിലേക്കു മുഖമായി കെട്ടിയിട്ടുള്ള ഒരു ചെറിയ ഓലമേഞ്ഞ പുരയിൽ ഭസ്മം നനച്ചു കെട്ടുകെട്ടായി ക

റിയിട്ട സ്വാമിയാന്മാരെപ്പോലെ ഇരിക്കുന്ന അഞ്ചാറു കപ്പികളെ കണ്ടപ്പോൾ കണ്ടൻകോരൻ കൂട്ടർക്കു തലതിരിച്ചു. അവർ പോയി അല്പം 'വെള്ളം' കുടിച്ചു വന്നു. ഉത്സാഹം ഒന്നു വർദ്ധിച്ചു. മേൽപ്രകാരം ചില കായലും പുഴയും തോടും മറവും കടന്ന് ഏകദേശം പത്തുമണിയാകുമ്പോഴേക്കു ഞങ്ങൾ ഒരു ദിക്കിലെത്തി. അവിടെ അതി വിശാലമായ വേറൊരു കായൽ. നടുക്കു കണ്ടൽച്ചെടികളാൽ വേലികെട്ടപ്പെട്ട വൃത്താകാരമായ ഒരു തുരുത്ത്. കരയ്ക്കു നാലുപുറവും സ്വർണ്ണക്കതിരുകളോടുകൂടിയ നെല്ലുവിളഞ്ഞുനിന്നുകൊണ്ടു പരമതാനി വിരിച്ചപോലെ കിടക്കുന്ന പാടങ്ങൾ. ഞങ്ങൾ ഉദ്ദേശിച്ചു പുറപ്പെട്ടിട്ടുള്ള സ്ഥലം ഇതാണ്. ആ കായലിൽ മുതലകൾ ഉപ്പിലിട്ടതുപോലെയാണു കിടപ്പ്. വിശേഷിച്ച്, അതിന്നടുത്ത കരകളിൽ പാർക്കുന്ന ചോവന്മാരുടേയും മാപ്പിളമാരുടേയും വക അസംഖ്യം താറാവു, കോഴി, പന്നി, ആടു, മാടു, ഇവകൾക്കു പുറമെ അവരിൽ അനേകം പേരുടെ കുട്ടികളേയും പ്രത്യേകിച്ചു, നമ്മുടെ കണ്ടൻകോരന്റെ ഏഴുപതുവയസ്സായ തള്ളയേയും പിടിച്ചുകൊണ്ടുപോയി തിന്നതു നിമിത്തം ആ പ്രദേശക്കാർക്കു മുഴുവനും വലിയ ഭയം ജനിപ്പിച്ചുകൊണ്ട് ആ മുതലകൾക്കെല്ലാം തലവനായി വാഴുന്ന 'കീമച്ചൻ' എന്നുപേരായ ഒരു വലിയ മുതലയും ആ കായലിൽ തന്നെയാണു കിടപ്പ്. അവന്റെ അക്രമങ്ങളെപ്പററിയ കഥകൾ അറിയാത്തവർ അവന്റെ അധികാര അതൃക്കകത്തു പാർക്കുന്നവരിൽ ആരുംതന്നെ ഇല്ല. അവനെ സംഹരിപ്പാനാണു ഞങ്ങളുടെ ഉദ്യമം, ഞങ്ങളുടെ അന്നത്തെ അവസ്ഥ നക്രസംഹാരത്തിന്നു പുറപ്പെട്ട ചക്രപാണിയുടെ അവസ്ഥതന്നെ. കാലേക്കൂട്ടി കണ്ടൻകോരൻ മുഖാന്തരം അവിടെ ഏതാനും വാലന്മാരേയും മാപ്പിളമാരേയും വഞ്ചി, വല, ചാട്ടുളി, കുന്തം മുതലായ സാമഗ്രികളോടുകൂടി ശട്ടം കെട്ടീട്ടുണ്ടായിരുന്നു. ഞങ്ങൾ എത്തുമ്പോഴേക്ക് അവരെല്ലാവരും തയ്യാറായിരുന്നു. കായലിന്റെ തെക്കുവശത്തു കരവിട്ട് ഏകദേശം പത്തുപതിനഞ്ചുവാര വെള്ളത്തിലേക്കു തള്ളിനിന്നിരുന്നതും വെള്ളംവിട്ടു മേല്പോട്ടേക്കു വളഞ്ഞു പിരിഞ്ഞു 'കൈകോർക്കയായി' എന്നു നില്ക്കുന്ന വേരുകളോടുകൂടിയതും ആയ ഒരു ക

ണ്ടപിന്റെ സമീപത്തുണ്ടായിരുന്ന ഒരു കയമാണ് ഭീമച്ചന്റെ സാധാരണ വാസസ്ഥലം. 'അവളെ പേടിച്ചാരും നേർവഴി നടപ്പീല ഭുവനവാസിജനം ഭുവനേശ്വര പോരാ' എന്നു താടകയെ ഉദ്ദേശിച്ചു പണ്ടു വിശ്വാമിത്രൻ പറഞ്ഞതുപോലെ ആ കയത്തിന്റെ സമീപത്തുകൂടെ എന്നുവേണ്ട കായലിന്റെ ഒരു ഭാഗത്തു കൂടിത്തന്നെ വഞ്ചിക്കാർ ഭീമച്ചനെപ്പേടിച്ചു സഞ്ചരിക്കാറില്ല. ഭീമച്ചൻ പകൽ മുഴുവനും സാമാന്യം തന്റെ കയത്തിൽ തന്നെയാണ് ഇരിപ്പ്. പക്ഷെ ഇടയ്ക്കിടയ്ക്കു കാററുകൊള്ളുവാനോ പുറത്തു നടക്കുന്ന വർത്തമാനങ്ങൾ അറിവാനോ— എന്നറിഞ്ഞുകൂട— മൂപ്പർ വെള്ളത്തിനു മീതെ കുറേശ്ശ തല പൊക്കാറുണ്ടത്രെ. രാത്രിയായാലാണ് കരയ്ക്കുകേറി രാജഭോഗം പിരിപ്പാനുള്ള എഴുന്നള്ളത്ത്. ഭീമച്ചനെ കുടുക്കുവാൻ ഞങ്ങൾ കാലേകൂട്ടി തീർച്ചയാക്കിയിരുന്ന പ്ലാൻ പ്രകാരം കയത്തിന്റെ കിഴക്കും പടിഞ്ഞാറും ഓരോ കാലവലയിട്ടു. വലയുടെ തലക്കയറുകൾ ജാഗ്രതയായി പിടിച്ചു വേണ്ടപോലെ പ്രവർത്തിക്കുവാൻ നാലുതലയ്ക്കലുംകൂടി നാലു വലിയ വഞ്ചികളിലായി വഞ്ചി ഒന്നിനു മുപ്പത് ആളുകൾവീതം—ഇരുപതുപേർ കയറുകൾ പിടിപ്പാനും ശേഷമുള്ളവർ വഞ്ചി ഇളക്കി വേണ്ടപോലെ നടത്തുവാനും— പത്തുമുപ്പതുപേരും, ആ നാലു വഞ്ചികളിലും വേറെയും അഞ്ചാറു വഞ്ചികളിലുംകൂടി ചാട്ടുളിമുതലായ ആയുധങ്ങളോടുകൂടി പത്തിരുനൂറ്റമ്പതാളുകൾ എല്ലാംകൂടി ആ കയം വളഞ്ഞു. തെക്കെ കരയോടു ചേർന്നഭാഗം മാത്രം ഒഴിച്ചുവിട്ടു. കിഴക്കും പടിഞ്ഞാറും രണ്ടു വലകളും വടക്കെ ഭാഗത്തു നീട്ടിപ്പിടിച്ചു വഞ്ചികളും അതിൽ കിഴക്കെ തലയ്ക്കലെ വഞ്ചിയിൽ ഞാനും പടിഞ്ഞാറെ തലയ്ക്കൽ ഒരു വഞ്ചിയിൽ മിസ്റ്റർ മേനോനും വേണ്ട ഒരുക്കത്തോടുകൂടി ഇരുന്നു. പടിഞ്ഞാറെ വല പതുക്കെ പതുക്കെ വലിച്ചു കിഴക്കേതിനോടടുപ്പിക്കുവാൻ ശ്രമം തുടങ്ങി. വരട്ടെ; അതാ! കറുത്ത പാറക്കല്ലുപോലെ ഒരു വസ്തു ഞങ്ങളുടെ മുമ്പിൽ ഏകദേശം മുപ്പതുവാര അകലെ വെള്ളത്തിൻമീതെ പൊങ്ങി. ഠൊ, ഠൊ, ഞങ്ങൾ രണ്ടാളുടെയും തോക്കിന്റെ വലത്തെ കുഴലുകൾ ഒപ്പം ഒഴിഞ്ഞു. മൂക്കിൽ പല്ലന്റെമുകളിൽനിന്ന് ഒരു കഷണം മേല്പോട്ടു

മറിച്ചു വെള്ളത്തിൽ വീണു. സംശയമില്ല. ഒരു മിനിട്ട കഴിയുമ്പോഴെക്ക കിഴക്കെ വല പിടിച്ചിട്ടുള്ളവരുടെ കയ്യിൽനിന്നു വലക്കയറുകൾ വലിഞ്ഞുതുടങ്ങി. അവർ കയറുകളെ വെട്ടിവെട്ടിപ്പിടിച്ചുംകൊണ്ട് പടിഞ്ഞാട്ടെക്ക വലിച്ചുതുടങ്ങി. വലയും വഞ്ചിയും വഞ്ചിക്കാരും എല്ലാം ഒന്നായി കിഴക്കോട്ടെക്കതന്നെ. പടിഞ്ഞാറെ വല കിഴക്കെതിരോട്ട ക്രമേണ ഒരുപ്പിച്ചു. രണ്ടു വലകളും നല്ലവണ്ണം അടുത്തതിന്റെശേഷം നാതിനുള്ളിൽ കള്ളനെ കടുക്കി നല്ലവണ്ണം 'മേദ്ധ്യം' ചെയ്യാമെന്നായിരുന്നു ഞങ്ങടെ വിചാരം. വലകൾ ഏകദേശം പത്തുവാര അടുത്തു. വലിയ പല്ലുകളോടുകൂടിയ ഒരു ഊക്കൻ അറക്കവാൾ മേല്പോട്ടു പൊങ്ങി തുറന്നു വളഞ്ഞു വെള്ളത്തിൽ ഒരു പടപിടച്ചു. 'വലി വലി' 'പിടിച്ചോ പിടിച്ചോ' എന്നും 'അയ്യയ്യോ' എന്നും ഉറക്കെ അട്ടഹാസശബ്ദങ്ങൾ ഒന്നിച്ചു കേട്ടതും കിഴക്കെ വലക്കയറുകൾ അതു പിടിച്ചിരുന്നവരുടെ കയ്യിൽനിന്നു വിട്ടുപോയതും, അവരുടെ വഞ്ചി നടത്തുന്ന രണ്ടുപേരുടേയും പങ്കായം തെറിച്ചതും രണ്ടുവഞ്ചികളും വെള്ളത്തിൽ മറിഞ്ഞതും ഒപ്പം കഴിഞ്ഞു. മറ്റുള്ളവർ വേഗംചെന്നു വഞ്ചികൾ പിടിച്ചു മലർത്തി വെള്ളത്തിൽ വീണവരെ എടുത്തുകേററി. വലകൾ അടുപ്പിപ്പാൻ ഇടങ്ങിയേടത്തുകൂടി മുൻഭാഗത്തെക്ക കടന്നുചെന്ന മൂന്നുനാലു വഞ്ചിയിലുണ്ടായിരുന്നവർ 'അതാ, അതാ ഒക്കട്ടെക്' എന്നു കള്ളൻ വാലിട്ടുപിടച്ചു വലയുടെ പുറത്തു ചാടിയേപ്പോൾ നിലവിളികൂടിയ മദ്ധ്യേ ഞങ്ങൾ കണ്ടേപ്പാ, സമ്മാനം' എന്നുപറഞ്ഞു വഞ്ചിയിൽ നിന്നെടുത്തു നീട്ടിക്കൊണ്ട് ഒരു ചാട്ടംചാടിയ കണ്ടൻകോരന്റെ കയ്യിലുണ്ടായിരുന്ന ചാട്ടുളി വെള്ളത്തിനുള്ളിലേക്ക് ഊക്കോടുകൂടി പ്രവേശിച്ചു. ഉളിതറച്ചകാരണം ഉടനെ വെള്ളത്തിന്റെ മേലെല്ലാട്ടെക്കൊന്നു പൂഴ്ങിരണ്ടാമതും ഉള്ളിലേക്കതന്നെ ആ വലിയ ജന്തു താണപ്പോൾ ഉണ്ടായ ആ ചുഴിയിൽപെട്ടു കണ്ടൻകോരന്റെ വഞ്ചി മറിയാഞ്ഞത് ഭാഗ്യം. രണ്ടുവഞ്ചിയും ഒരു ഉളിയും ഭീമച്ചനു സമ്പാദ്യം. ഉളിയിൽ കെട്ടിയ ചരടിന്റെ മറുതല കണ്ടൻകോരന്റെ കയ്യിൽ. കണ്ടൻകോരനേയും വഞ്ചിയേയും വലിച്ചുംകൊണ്ടു ഭീമച്ചൻ നേരെ കിഴക്കോട്ടെക്ക തന്നെ. കടിഞ്ഞാൺ ഒ

ട്ടിപ്പിടിച്ചുകൊണ്ട് ഒരു കുതിരവണ്ടിയിലിരുന്നുപോകുംപോലെ ചരട്ട പിടിച്ചു വെട്ടികൊണ്ട് കണ്ടൻകോരൻ വഞ്ചിയിലിരുന്നു സവാരി. 'പിടിച്ചോ' 'പിടിച്ചോ' 'വിടണ്ട വിടണ്ട' എന്നു പറഞ്ഞുകൊണ്ട് രണ്ടു മൂന്നു വഞ്ചികൾ കണ്ടൻകോരന്റെ സഹായത്തിന്നടുത്തു. അഞ്ചെട്ടുപേർ ചരടിൽ പിടികൂടി വലിച്ചുതുടങ്ങി. അവരെയെല്ലാം ഇഴുത്തുകൊണ്ടു മുതല പിന്നേയും കിഴക്കോട്ടുതന്നെ. ഞങ്ങളെല്ലാവരും പിന്നാലെ. മുതല വാലുകൊണ്ട് വെള്ളത്തിൽ ഒരു 'ഭ്രീം' ഉള്ളിയുടെ ചരട്ട 'റ്റം' കണ്ടൻകോരനും വേറെ രണ്ടു മൂന്നു പേരും വഞ്ചിയിൽ 'പ്ലീം'. സാധാരണയായിട്ടു പകൽ തന്റെ കയത്തിന്റെ സമീപസ്ഥലങ്ങൾ വിട്ടു ഭീമച്ചൻ സഞ്ചരിക്കാറില്ലാത്തതുകൊണ്ടും രണ്ടുമൂന്നുമുറികൾ ഏററിട്ടുള്ളതിനാൽ അധികനേരം ഉപ്പുവെള്ളത്തിന്നുള്ളിൽ കിടന്നു പൊറുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും ഞങ്ങൾ നിന്നിരുന്ന ദിക്കിന്നടുത്ത് എവിടെയെങ്കിലും അവൻ ഇനിയും പുറത്തേക്കു തല കാണിക്കാതിരിക്കയില്ലെന്നു ഞങ്ങൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. മുതല കിഴക്കോട്ടേക്കു പോയ വഴിയിൽ ഞങ്ങൾനിന്നദിക്കിൽനിന്ന് ഏകദേശം നൂറുവാര അകലെയായി ഒരു കറുത്ത തല പിന്നേയും പൊങ്ങി. മൂന്നുനാലു വഞ്ചിക്കാർ ഒരു വലയുംകൊണ്ട് അതിന്റെ മുമ്പിൽ കടന്നുനിന്നു, വലയിട്ടു. കണ്ടൻകോരനും മററുള്ളവരും വഞ്ചികളിൽ ആയുധപാണികളായി മുതല പൊങ്ങിയ ദിക്കിൽനിന്നു കയത്തിലേക്കുള്ള വഴിയിൽ അവിടവിടെ നിരന്നുനിന്നു. ആ പൊങ്ങിയ തലക്കു് ഒരു ഉണ്ട കൊടുപ്പാൻ തരമുണ്ടോ എന്നു നോക്കുവാൻവേണ്ടി മിസ്റ്റർ മേനോൻ മുമ്പിലേക്കു കടന്നുചെന്നു. ഞാൻ മുൻ പ്രസ്താവിച്ച കണ്ടലിന്റെ മുകളിൽ കേറിയിരുന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കെ കരള്ളു വിളഞ്ഞുനില്ക്കുന്ന നെല്ലിന്റെ ഉള്ളിലിരുന്നുകൊണ്ടു മിസ്റ്റർ മേനോൻ തോക്കുനീട്ടി. പൊങ്ങിയ തല മുങ്ങി. മുമ്പിൽ കൊണ്ടുപോയിട്ട വല പടിഞ്ഞാട്ടേക്കു വലിച്ചുവലിച്ചു അടുപ്പിച്ചുതുടങ്ങി. എല്ലാവരും തിരച്ചിൽ തകൃതി. ഞാൻ കണ്ടലിന്റെ മുകളിലിരുന്നുകൊണ്ട് നാലുപുറവും നോക്കിക്കൊണ്ടിരുന്നു. സൂര്യൻ ആകാശത്തിന്റെ മദ്ധ്യപ്രദേശ

ഉതക്കു കേറിത്തുടങ്ങി. കായലിലെ വെള്ളം വെള്ളിത്തകിടു പരത്തിയപോലെ പ്രകാശിച്ചു. വെയിലിന്റെ ചൂട് അസഹ്യമായിരുന്നു എങ്കിലും ഭീമച്ചനെ പിടിപ്പാനുള്ള രസംകൊണ്ട് അത് ഒരു അസഹ്യതയായിത്തോന്നിയില്ല. നാലുപുറവും മദ്ധ്യാഹ്നസൂൎയ്യപ്രഭയിൽ തിളങ്ങിക്കൊണ്ടിരുന്ന കായലും, കണ്ടലും, വയലുകളും, തെങ്ങുകളും എല്ലാംകൂടി കലൎന്ന ആ മനോഹരകാഴ്ച നോക്കിക്കൊണ്ട് കുറച്ചുനേരം ആനന്ദപരവശനായി ആ കണ്ടലിന്റെ മുകളിൽ ഞാൻ നിന്നുപോയി. അപ്പോഴെക്ക് 'അതാ അതാ' 'കണ്ടലിന്റെ ചോട്ടിൽ' എന്ന് ആരോ പറയുന്നതുകേട്ടു കീഴ്പോട്ടെക്കു നോക്കിയപ്പോൾ മുഖമുറിഞ്ഞു ചോര ഒലിക്കുന്ന ഭീമച്ചന്റെ തല. ഒരുണ്ട കൊടുക്കാൻ ഒന്നാന്തരം ലാക്ക്. ശരി, ഒന്നു കൊടുത്തു. നെറുകയിൽതന്നെ. കഥ കഴിഞ്ഞിരിക്കണം. രണ്ടുമൂന്നു വഞ്ചിക്കാർ കണ്ടലിന്റെ ചോട്ടിൽ എത്തി കഴുക്കോലുകൾകൊണ്ട് അടി വാങ്ങിനോക്കി. തോല്പിച്ചു. അതാ ഇടയ്ക്കിടയ്ക്കു പൊങ്ങിയും പുഴഞ്ഞിയും മുങ്ങിയും വാലിട്ടടിച്ചുംകൊണ്ട് അതി ശീഘ്രമായി പടിഞ്ഞു പടിഞ്ഞാട്ടെക്കു നീന്തിപ്പോകുന്നു.

ഭീമച്ചന് പ്രാണവേദനകൊണ്ട്, ഞാൻ കണ്ടലിന്മേൽനിന്നു വഞ്ചിയിലേക്കിറങ്ങി. അപ്പോഴെക്കു മിസ്റ്റർ മേനോനും എ.ഡി.സി. ഞങ്ങളും എല്ലാരുംകൂടി ഭീമച്ചന്റെ പിന്നാലെ മുറുകിപ്പിടിച്ചു. ഭീമച്ചന്റെ പ്രാണപരാക്രമത്തോടുകൂടിയുള്ള പോക്കും അവനെ പറ്റിത്തുടരുന്ന കണ്ടൻകോരൻ കൂട്ടരുടെ കൂക്കുവിളിയും ഇടയ്ക്കിടയ്ക്കു ഭീമൻ പുറത്തു തലക്ക പൊക്കുമ്പോഴൊക്കെ ഞങ്ങൾ രണ്ടു പേരുടെയും തോക്കുകളിൽനിന്നു പുറപ്പെടുന്ന ഠോ! ഠോ! ശബ്ദവും എല്ലാംകൂടി ഒരു വലിയ കോലാഹലം. മേൽപ്രകാരം ഇരുത്തിനെ ഒരു പ്രദക്ഷിണം. ആ പ്രദക്ഷിണത്തിൽ രണ്ടാമതും തെക്കുഭാഗത്തെത്തിയപ്പോൾ കയത്തിന്റെ കിഴക്കെ പുറത്തു വെച്ചിട്ടുണ്ടായിരുന്ന വല കണ്ടിട്ടാണെന്നുതോന്നും ഭീമച്ചൻ വടക്കോട്ടു ഇരുത്തിലേക്കു തിരിഞ്ഞു. ഇരുത്തിന്റെ അരികിലുള്ള രണ്ടു കണ്ടലിന്റെ ഇടുക്കിൽ തലയുംവെച്ചു കിടപ്പായി. നേരെ തെക്കുഭാഗത്തുനിന്നു തലയ്ക്കു ഉന്നംനോക്കി ഞാൻ രണ്ടു കുഴലും ഒപ്പം ഒഴിച്ചു. വെള്ളത്തിൽ വാലിട്ടൊന്നു പി

ം. 'ധീമ്മതെ' എന്ന ഒരു കട്ടിക്കരണം. കണ്ടലിന്റെ ഇടയിൽക്കൂടി മറിഞ്ഞു ഇരുത്തിന്റെ ഉള്ളിലേക്കു 'ധീം' എന്ന ഒരു ചാട്ടം, ഞങ്ങളെല്ലാവരും ആയുധപാണികളായി ഇരുത്തിനുള്ളിൽ പ്രവേശിച്ചു; അവിടെ മുട്ടുവരെ ചേറുള്ള ഒരു സ്ഥലത്തുകൂടെ കീമച്ചൻ ഇഴഞ്ഞു പിടഞ്ഞുകൊണ്ട് ഓട്ടം. പിന്നാലെ കൂക്കുവിളിച്ചുകൊണ്ട് ഓടുന്ന സൈന്യങ്ങളിൽ കണ്ടൻകോരൻ ഉളികൊണ്ടൊരേറ്, നീലാണ്ടൻ കന്തംവെച്ച് ഒരു കുത്ത്, ചങ്കു കോടാലികൊണ്ടൊരു കൊത്ത്. കീമച്ചന്റെ ഊക്കു ശമിച്ചു. ചേററിൽ പതിഞ്ഞു കിടപ്പായി. മുക്കാലും കഴിഞ്ഞു. കാൽപ്രാണൻ ബാക്കി. മുഴുവനാക്കുവാൻ ചെകിട്ടാണിക്ക് എന്റെ ഒരു ഉണ്ട. അസ്തു. അളന്നുനോക്കിയപ്പോൾ മൂക്കുമുതൽ വാലിന്റെ അററംവരെ നീളം 16 അടി. 4½ ഇഞ്ച്, മദ്ധ്യത്തിലെ വണ്ണം 8 അടി 8½ ഇഞ്ച്. സി. എസ്സ്. ജി. പി. ബി. എ.

ഗസ്സിമഹമ്മദ്
(1)

മുഹമ്മദീയപ്രഭുവായഗസ്സി-
മുഹമ്മദത്യുഗ്രപരാക്രമാഢ്യൻ
അഹംമതിക്കാർക്കഖിലംമഹാർത്തി-
സ്സഹന്മഹീശൻമഹികാത്തിരുന്നു. ൧

പ്രജാധിപൻതന്നെയൊറ്റുകാരിൽ
പ്രജാധികസ്സ്നേഹമിയന്നുവാണു
നിജാധികാരംപിഴയാതെനോക്കി
സ്വജാതിവർദ്ധിച്ചിടുമാറുചെയ്തു. ൨

ഒരിക്കലെന്തോവലുതായകാര്യം
ധരിക്കുവാൻമന്ത്രികളൊത്തുമന്നൻ
ഇരിക്കവേതത്സഭയിൽകടന്നു
തെരിക്കനെന്നുത്താപമിയന്നൊരുത്തി. ൩

കരുത്തർകോപത്തൊടുകൺചുവന്നും
പെരുത്തരോഷാൽചുടുവീർപ്പുമാർന്നും
ഒരുത്തിതൻമുന്നിലണഞ്ഞനേരം
കരുത്തനാംഭൂപതിമൌനമാർന്നു. ൭

ഭയംനിമിത്തംബതനാട്ടിലാരും
സ്വയംനരാധീശനൊടോതുകില്ല്യ
ജയംവിനാനാരിയടുക്കലേവ,വി-
സ്മയംവളൎന്നൂസചിവൎക്കശേഷം. ൮

പിടിച്ചിഴുത്താശ്രാന്തിവളെബ്ഭടന്മാർ
പിടിച്ചുതള്ളീടുവിനെന്നിവണ്ണം
തടിച്ചുകോപാൽസചിവൻകഥിക്കെ-
ച്ചൊടിച്ചുഭൂപാലനവനൊടേവം. ൯

കുറച്ചുമുള്ളിൽബ്ഭ്രമമാനമെന്ന്യ
വിറച്ചിടുംചുണ്ടുകളോടുകൂടി
ഉറച്ചുരോഷാന്തരുണിചൊല്ലിനിത്തം-
മറച്ചിടാതന്നൃപനോടുനാരി. ൧൦

ധരാധിപൻതാനിതിരാവമോടും
നിരാമയംനീമരുവുന്നവല്ലോ
ദുരാശയാലുഴികലക്കിവെക്കും
ദുരാശയന്മാർവളരുന്നിതെങ്ങും, ൧൧

നൃപാലകൻതന്നുടെനാട്ടുകാൎക്കു-
ള്ളപായമെല്ലാംകളയുംപ്രകാരം
ഉപായമേതൊന്നിഹകണ്ടെടുത്തു
കൃപാരസംപൂണ്ടമരേണ്ടതല്ലേ, ൧൨

തടിച്ചവീര്യ്യമെഴുന്നശത്രുവർഗ്ഗം
മുടിച്ചുരാജ്യങ്ങൾപിടിച്ചടക്കി
പൊടിച്ചുബിംബങ്ങളെവീരനൊന്നു
നടിച്ചുവെന്നാൽമതിയാകയില്ല'. ൫൦

കേമഗ്ഗ്ലികൾക്കാമയമേകുവാനും
സ്വമാനുഷർക്ലേശമൊഴിക്കുവാനും
ക്ഷമാധിപൻജാഗ്രതയോടുകൂടി
ക്രമാൽത്തുടങ്ങേണമതാണുധർമ്മം'. ൫൧

പ്രമാണിയാണെന്നുനടിച്ചുനിത്യം
സ്വമംഗിമാരൊത്തുകളിച്ചുപാരം
അമാത്യരോതുംസ്തുതികേട്ടിരിക്കും
ക്ഷമാധിനാഥൻനരകത്തിലാകും.' ൫൨

പിണക്കമേറ്റംപടവെട്ടിയെന്നും
നിണക്കയംതീർത്തവൽപ്രതാപം
ഗുണപ്രമാണംനൃപ! നാട്ടിലുള്ളോർ
ഗുണപ്പെടുംമാർഗ്ഗമെടുത്തിടാഞ്ഞാൽ'. ൫൩

സ്തുതിക്കുമീക്കൂട്ടരെവിശ്വസിച്ചാൽ
ചതിക്കുമെന്നോർക്കുകസർവ്വദാനീ
ക്ഷിതിക്കകംഹന്ത! വളർന്നിടുന്നോ-
രതിക്രമംനീയറിയുന്നതില്ല'. ൫൪

ഭവാൻമഹാത്മാപൃഥ്വീശാഗ്രഗണ്യൻ
ഭവാൻമഹാവിക്രമിയെന്നിവണ്ണം
ഭവാനെവാഴ്ത്തീടുമമാത്യരൊന്നും
സ്വവാഴ്ചയിൽനീതെളിയൊല്ലതെല്ലും.' ൫൫

തവാവനിക്കുംപ്രജകൾക്കുമുള്ളിൽ
ദവാനലൻപോലെരിയുംവിഷാദം
ദിവാനിശംഹന്തവളൎന്നിടുമ്പോൾ
ഭവാൻസുഖിക്കുന്നതുധൎമ്മമാമോ. ൬൬

നിറഞ്ഞെതന്മന്ത്രസദസ്സിലേവം
നിറഞ്ഞകോപത്തൊടുമത്തലോടും
പറഞ്ഞപെണ്ണിൻകഥതീൎന്നിതെന്നു
പറഞ്ഞുഗ്രഹംനൃപസേവകന്മാർ. ൬൭

എടുത്തുരൂക്ഷ്യംപലതിപ്രകാരം
കടുത്തുചൊന്നോരവളോടുഭൂപൻ
മടുത്തിടാതൊട്ടുചിരിച്ചുമുഷ്കി-
പ്പെടുത്തിടുംമട്ടരിയാടിമന്ദം. ൬൮

ഉരിക്കുമദ്രേ! ഗുണദോഷമേവം
ശരിക്കുരക്കുന്നജനാംചുതക്കം
ധരിക്കഞാൻനിങ്ങടെദാസനല്ലോ
വരിച്ചവേണ്ടുന്നതുതന്നിടാംഞാൻ; ൬൯

ദുരാഗ്രഹംപൂണ്ടവനാണുനിങ്ങൾ-
ക്കരാതിയായുള്ളവനോതിയാലും
വരാമുടൻഞാനവനെപ്പിടിക്കാൻ
നിരാകുലംമേവുകശങ്കവേണ്ടാ. ൭൦

കുമാൎഗ്ഗിയായാൎത്തിപരത്തിടുന്നോൻ
മമാത്മജൻമൽപ്രിയനെങ്കിലുംഞാൻ
അമായമൊക്കുംപടിശിക്ഷണീതി-
ക്രമങ്ങളുല്ലംഘ്യമല്ലചൊല്ലാം. ൭൧

ഖേദാധിക്യമന്തണ്ണംചെയ്യുന്നിതന്റെ
നിവാസമെന്നെന്നുമോതിടേണം
വിവാദമേതും കലരാതെകൂടെ
ജ്വാലാൽപുറപ്പെട്ടവരാംഗവരാംഗി!'. ൨൨

വഴിഞ്ഞിടുംനല്ലനിലാവൊടിവണ്ണം
മൊഴിഞ്ഞിടുംമന്നവനോടതിനാരി
പൊഴിഞ്ഞിടുംബാഷ്പജലംതുടച്ചു-
ള്ളഴിഞ്ഞതൻസങ്കടമിപ്രകാരം. ൨൩

'ധരിക്കഭൂപാലമണേ!മനക്കാം-
പൊരിക്കുമെൻസങ്കടവർത്തമാനം
ഒരിക്കലുംമേസുഖമില്ല,ദൂര-
ത്തിരിക്കുമക്ഷേത്രജയാംഗനയെത്താൻ. ൨൪

'ഭവാനിലധീശ്വര!സോമനാഥ
ശിവാലയംകൊള്ളയിടുന്നകാലം
ഭവാന്റെവൻകീർത്തിവളർത്തിവെച്ചീ-
ടുവാൻമരിച്ചുമമജീവനാഥൻ. ൨൫

'പുമാൻപുമാനൊന്നടിച്ചനേകം
കുമാനുഷന്മാർതെളിയുന്നവല്ലോ
പുമാനുവേണ്ടുംഗുണമെൻപ്രിയന്നു
സമാനമായിട്ടൊരുവന്നുമില്ല. ൨൬

'ദുരന്തമാരട്ടവിടെക്കവേിച്ചാ
ദുരന്തമെൻകാതിനുശല്യമായി
മുരന്തരംഗാസ്സുതരാംപിളർന്നു
തിരംതകർന്നൻനിലകഷ്ടമായി. ൨൭

കുമാരിതങ്ങൾക്കുപിറന്നിരുന്നു
സുമാംഗിപൂർണ്ണേന്ദുനിഭാസ്യയായി
ക്രമാലവർക്കുള്ളിൽകുളുർത്തുകണ്ടു
മമാശയംതെല്ലുതെളിഞ്ഞുവന്നു. ൨൮

സ്മൃതികൾകല്ലോർമ്മകളെക്ഷിതീന്ദ്ര!
മതിക്കുവാൻവയ്യതദാകൃതിയോർത്താൽ
ക്ഷിതിക്കുളേഷാമണി,തല്ലരത്ന
ക്കൊതികൾവോരെത്രമഹീതലത്തിൽ, ൨൯

വളർന്നതന്വീമണിയൌവനശ്രീ-
വളർന്നുപാരംസരോജാക്ഷിക്കൂടി
വളർന്നമോദംമമമാനസത്തിൽ
തളർന്നമത്പുത്രിസ്നേഹാഗ്രപാശം. ൩൦

ഉടലുല്ലസൽകാന്തിസുശീലമേറ്റും
മുടക്കമില്ലാത്തൊരുധർമ്മബുദ്ധി
അടക്കമെന്നീഗുണമുള്ളപുത്രി
കിടയ്ക്കുമാറാവതുഭാഗ്യമല്ലോ. ൩൧

എനിക്കൊരിക്കന്നുനിനച്ചകാല-
പ്പനികളിൽപലരുംപതിച്ചു
എനിക്കുമോമൽത്തനയക്കുമിമ്പം
ജനിക്കുമാറായവർവേലചെയ്തു. ൩൨

വിടാതെയാചിച്ചിതുകൊണ്ടുമങ്ങേ-
ബ്ഭടാധിപസ്ഥാനമെഴുന്നതോർത്തും
കെടാത്തശീലാദികൾകണ്ടുമാട-
ല്ലെടാതെഹുസ്സന്നവളെക്കൊടുത്തേൻ ൩൩

നിരാമയംനിസ്തുലരാഗമൂഠാകെകാ–
ണ്ടൊരാണ്ടുരണ്ടാളുമിണങ്ങിവാണു
ഒരാളൊടുക്കംസുഖഹാനിചെയ്കാൻ
പരാക്രമംപൂണ്ടവിടത്തിലെത്തി. ൩൰൪

വരുന്നുനിത്യംനിശിമൽഗൃഹത്തി-
ലിരുന്നുകല്യാണിയെനോക്കിടുന്നു
തരുന്നുവോനിന്മകളെസ്സുഖംപൂ–
ണ്ടിരുന്നിടാമെന്നുതിരക്കിടുന്നു. ൩൰൫

കേട്ടത്ത്കോപത്തൊടുതാനൊരിക്കൽ
ലെടുത്തുചൂൽകൊണ്ടടിനല്കിയിട്ടും
അടുത്തുകൂടുന്നിതവൻവിഷാദ-
പ്പെടുത്തിടുന്നുകനിവേതുമെന്യേ. ൩൰൬

വരംശിഹസ്സൻമുറപോലെവച്ചോടിം
ദുരാഗ്രഹംപാപമിതെന്നിവണ്ണം
കാരായിരംതാഴ്മപറഞ്ഞുമേലും
ദുരാശയൻവിട്ടൊഴിയുന്നതില്ല. ൩൰൭

പടസ്സുപോയീടിനഹസ്സനെത്തി-
ട്ടടക്കിടുംനിന്നുടെദർപ്പമെല്ലാം
നടക്കനീയെന്നുപറഞ്ഞുമേലും
മടക്കമില്ലാചപലന്നുകഷ്ടം?. ൩൰൮

തിരിച്ചുവന്നീടിനഹസ്സനെല്ലാം
ധരിച്ചുകോപിച്ചുമൃഗേന്ദ്രതുല്യൻ
സ്ഫുരിച്ചിടുംചുണ്ടുകളോടുലോക-
മെരിച്ചിടുംമട്ടുവസിച്ചുധീരൻ?. ൩൰൯


(തുടരും)

പി. ജി. രാമയ്യർ, ബി. ഏ. ബി. എൽ.

ഇതു വിചാരിച്ചില്ല

അഥവാ

(കാമിനിയല്ല കനകവുമല്ല.)



പാപ്പനിമിററത്തആഢ്യന്റെ നാവിലെ ഓണത്തല്ല്, കഴകഞ്ചേരിയുടെ ഇല്ലത്തു കഥകളി, ചന്ദ്രകന്നത്ത് ഭഗവതീക്ഷേത്രത്തിൽ ആണ്ടുവാരം, ഇതു മൂന്നും കൂടിച്ചേൎന്നൊരു ദിവസം. ആഢ്യനും ആസ്യനും ഒരേനാട്ടിലെ പ്രമാണികൾ. രണ്ടുപേരും ഒത്തജന്മികൾ. ആഭിജാത്യം കൂടിയ ദിക്കിൽ ഏഴുപതിനായിരം പാട്ടത്തിന്നു വസ്തു. കുറഞ്ഞ ദിക്കിൽ അറുപതഞ്ചു പാട്ടവും ഏഴുപത്തൊരാകയും. ആഢ്യന്റെ കാൎയ്യം മഹാമോശം. ആസ്യന്റെ കാൎയ്യം കട്ടകട്ടി. രണ്ടുപേരും തമ്മിൽ കാഴ്ചയിൽ ഇണക്കം, ഉള്ളുകൊണ്ടു പിണക്കം. കണ്ടാൽകൊണ്ടു ചിരിക്കും, കേട്ടാൽ ഇറിച്ചു മിഴിക്കും. ഇരുപക്ഷത്തിലും പറവും പാൎശ്വവും കൂറുകാരും വേണ്ടുവോളം.

കയ്യാംകളിക്കു കൊററ, കട്ടായി, ആയതല്ല, ഈരടിരാമൻ, ആഢ്യന്റെ ചെട്ടി, ആസ്യന്റെ കട്ടപ്പെറ്റാട്ടൻ മുതലായ തലയാളികളൊക്കെ തികഞ്ഞിട്ടുണ്ട്. കളിയോഗത്തിൽ പാട്ടും കൊട്ടും വേഷവും ഇതിലപ്പുറം നന്നായിട്ട് ഒരു കാലത്തും ഉണ്ടായിട്ടില്ല. കോപ്പും പുതിയത്. വാരത്തിന് ഓത്തന്മാരിൽ ഉത്തമന്മാരൊക്കെ വന്നു ചേൎന്നിട്ടുണ്ട്. വന്ന പാരൊക്കെ അളുക്കുകയും ചെയ്യും. ഓണസ്സദ്യ, വാരസ്സദ്യ, കളിസ്സദ്യ. നാനാവൎണ്ണങ്ങൾക്കും പഞ്ചേന്ദ്രിയങ്ങൾക്കും ആബാലവൃദ്ധം അനുഭവിപ്പാനുള്ള വട്ടങ്ങളിൽ പലതും ആ ഒരു ദിവസത്തിൽ ഒതുങ്ങീട്ടുണ്ടായിരുന്നതുകൊണ്ട് അവഹകം

ക്കോളിളകി മറിഞ്ഞ ആഢ്യന്റെ ഇല്ലപ്പറമ്പിൽ എത്തിയപ്പോൾ നേരം തിരിഞ്ഞു നാലടിയും നാലു വിരലും കഴിഞ്ഞു.

തല്ലുതുടങ്ങി. ഉച്ചിക്കുടുമ പിന്നിക്കുടുമ പെട്ടത്തല മൊട്ടത്തല മുതലായ ശിരോവിശേഷങ്ങളെല്ലാമെല്ലാം കളരിയുടെ മൂന്നുഭാഗവും ചുററികെട്ടിയിരിക്കുന്ന ആലാസ്സുകയറിന്റെ പുറമെ തമ്മിൽ തമ്മിൽ കൂട്ടിമുട്ടിയുരസിത്തുടങ്ങി. കഴിഞ്ഞ ഭാഗത്തുള്ള ഒരു വിരിപന്തലിന്റെ ചുവട്ടിൽ ആഢ്യന്മാരും നമ്പൂരിമാരും കസാലകളിലും പനമ്പുകളിലും പുൽപ്പായകളിലും അവസ്ഥാനുസരണം ഇരിക്കുന്നുണ്ട്. ചില സേവകന്മാർ ഗൌരവംകൊണ്ടു സ്വാതന്ത്ര്യം പ്രകടിപ്പിച്ചും ചിലർ ഭക്തി ബഹുമാനപൂർവം എജമാനന്മാരോടു മന്ത്രിച്ചും അധികാരികളോട് ആംഗ്യം കാണിച്ചും മുണ്ടുമുറുക്കുന്ന പാണ്ടിപട്ടരെ ശാസിച്ചും അടുത്തു പിന്നിൽതന്നെ ആശ്രിതസംഘികളായി കൂടിട്ടുണ്ട്.

ആദ്യം വടക്കേച്ചേരിയിലുള്ളവർ കളരിയിൽ ഇറങ്ങി ആർത്തു വിളിച്ചു ചോടുവച്ചു കളിച്ചു കയറി. അതുപോലെതന്നെ തെക്കെച്ചേരിക്കാരും ഇറങ്ങിക്കളിച്ചു പോരിനു വിളിച്ചു പിൻവാങ്ങി. അതിനുശേഷം അവിടവിടെ കൂട്ടംകൂട്ടമായി കുറെ ആലോചന നടന്നതിന്റെ ഫലമായിട്ട് ഇരുപക്ഷത്തിൽനിന്നും ഓരോ ചാതിക്കാരൻ കയറു കവച്ചു കളത്തിലിറങ്ങി അരങ്ങത്തേയ്ക്കു തിരിഞ്ഞു നീട്ടിവലിച്ചു തൊഴുതു. ഉടനെതന്നെ രണ്ടു ചേവകല്ലന്മാരും ചാടിക്കൊണ്ടു മെയ്യുറപ്പിച്ചു രംഗത്തെ തൊഴുതുവന്ദിച്ചു ഭൂമിതൊട്ടു തലയിൽവച്ചു പോർവിളി തുടങ്ങി. ചാടിയോടി നടന്നു നാലുചാലു കളിച്ചിട്ടു രണ്ടുപേരും അടുത്തുകൂടി കൈകോർത്തുപിടിച്ചു പിരിഞ്ഞുനിന്നു. ആ സമയം നാലുപുറവും മുഴങ്ങിയിരുന്ന കളകളശബ്ദം കുറഞ്ഞൊന്നു ശമിച്ചു. എന്നാൽ കാഴ്ചക്കാരുടെ അക്ഷമകൊണ്ടുണ്ടായ ഈ ശമനഭാവം വളരെ നേരത്തേയ്ക്കു നിലനിന്നില്ല. ഇടത്തെ കൈപ്പടം മൂക്കിനുനേരെ വിറപ്പിച്ചുകൊണ്ടും വലത്തുകൈ തുടമേലടിച്ചു വീശിക്കൊണ്ടും നിന്നിരുന്ന ബാലവീരന്മാർ അടവും തടവും വിട്ടു പിടിയും വലിയും പൊത്തിപ്പിടുത്തവും തുടങ്ങി. ആ നിമിഷത്തിൽ പടക്കുറുപ്പന്മാരായ ചാതിക്കാരന്മാർ അവരെ പ്രയാസംകൂടാതെ

വേർപെടുത്തിനിറുത്തീട്ട് ആദ്ധ്യന്റെ നേരെ നോക്കി 'പിള്ളരെ ഇനി തല്ലാൻ അനുവദിക്കണൊ ആവൊ' എന്നു ചോദിച്ചു. 'കശപിശ കലശല് വേണ്ട' എന്നു വിരലുകളെക്കൊണ്ട് ആദ്ധ്യൻ മറവടി എററീട്ടു തല്ലുകാരെ നാൽക്കോൽ അകലെ നിറുത്തി ഈരണ്ടു കട്ടിപ്പാവു മുണ്ട് സമ്മാനമായിട്ടു എറിഞ്ഞുകൊടുത്തു. ഗണപതിക്കയ്യിങ്ങിനെ കലാശിച്ചു.

രണ്ടാമതു തെക്കെച്ചേരിയിൽനിന്ന് ഒരു ചെറുപ്പക്കാരൻ മാപ്പിള ഇറങ്ങി കളിച്ചുതുടങ്ങിയപ്പോൾ കുടുമ മുമ്പോട്ടു തുള്ളുകെട്ടിച്ചീരപ്പുവ്വുപോലെ വിടർത്തി ശംഗിയാക്കിക്കൊണ്ടു വടക്കെച്ചേരിയിൽനിന്ന് അതേപ്രായത്തിലുള്ള ഒരു നായരും ചാടിവീണു. കുതിച്ചുകേറി തട്ടുതുമാറി കൊട്ടുതുവാങ്ങി അവർ ഒരു മുറ നല്ലവണ്ണം തല്ലി. രണ്ടുപേരും ഒരു മാതിരി കിടപിടിച്ചു നിന്നുവെങ്കിലും മാപ്പിളയ്ക്കാണ് കുറച്ചുകോട്ടം പററിയത്. അവരുടെ പക്ഷപാതികൾ തമ്മിൽ അതിനെക്കുറിച്ചു കുറെനേരം വാഗ്വാദം നടന്നതിന്റെശേഷം ആദ്ധ്യന്റെ സമ്മതപ്രകാരം അവർതന്നെ ഒരു മുറകൂടി അടിക്കട്ടെ എന്നു തീർച്ചപ്പെടുത്തി. നായർ ചൊടിച്ചു കയർത്തു കേറിത്തുടങ്ങിയതു കണ്ട് മാപ്പിള ഒട്ടിക്കിടി പിൻവാങ്ങി ചേരിമുട്ടാറായപ്പോൾ വലത്തുകൈ വീശി 'മാററാന്റെ' ഇടത്തെ കൈപ്പലയ്ക്കൊരു താങ്ങുതാങ്ങി. അതോടുകൂടി വലത്തെ പള്ളയ്ക്കടിച്ചു നായർ നിലത്തുവീണു. തെക്കെച്ചേരി മുഴുവനും സന്തോഷംകൊണ്ട് ആർത്തുവിളിച്ചു തുടങ്ങിയപ്പോൾ മറുപക്ഷത്തിൽനിന്നു ദ്വേഷ്യം പുറപ്പെടുവിക്കുവാൻ ഇടയാകുന്നതിനുമുമ്പു തല്ലുകാർക്കു രണ്ടുപേർക്കും ഒരുപോലെ മുമ്മൂന്നു പാവുമുണ്ടു സമ്മാനം കൊടുത്ത് അയച്ചു. ഇതു രണ്ടു കൂറുകാർക്കും പിടിച്ചില്ല. ഉടനെ ഇവരുടെ ഗുരുക്കന്മാരായ അവതളയും ഈരടിമാമനും കയ്യാങ്കളിമര്യാദപ്രകാരമുള്ള രംഗവന്ദനം ഗുരുമോദനം ആടിക്കളി ചാടിവിളി മുതലായതൊക്കെക്കഴിച്ചു തല്ലിനൊരുങ്ങി നിന്നുകഴിഞ്ഞു. തഞ്ചംനോക്കിതട്ടിയും ആയം കണ്ടുകൊടുത്തും ദൃഷ്ടിപതറാതെ നാലു മുറ ഇവർ അടിച്ചു തീർന്നപ്പോഴേക്കും നേരം വൈകിയതുകൊണ്ട് തൽക്കാലം അവസാനിപ്പിച്ചു. ജയത്തിന്റെ കാര്യം തീർച്ച പറയാറായില്ല; കാണികൾക്കു കണ്ടു

ഭക്തിയായതുമില്ല. അവക്കുള്ള സമ്മാനം സ്വർണ്ണംകൊണ്ടുള്ള ഓരോ ഒഴുകൻ മോതിരവും നന്നാലു പവുമുണ്ടുമായിരുന്നു. ഇത്രയും ചെന്നപ്പോഠം ക്രൂരമത്സരം വർദ്ധിച്ച ജനങ്ങഠംക്കു നില ഉറയ്ക്കാതെയായിത്തുങ്ങി. പിൻകിടക്കാരിൽ പിന്നെ ഇറങ്ങിയവർ കൊററവും കഷ്ടിയുമായിരുന്നു. അവക്കു പ്രായം കുറെ അതിക്രമിച്ചതുകൊണ്ട് പ്രവൃത്തിയിലധികം നാട്യമായിട്ടാണ് കഴിച്ചുകൂട്ടിയത്. പ്രസിദ്ധിപ്പെട്ടത സമ്മാനംകൊണ്ട് അവരേയും ബഹുമാനിച്ചു പിരിച്ചു. ശേനാ പോയി. ഇനി ചെട്ടിവരട്ടെ' എന്ന് ആഢ്യൻ കല്പിക്കുന്നതു കേട്ട് ആസ്യൻ കട്ടപ്പൊട്ടന്റെ നേരെ ഒന്നുനോക്കി. കാണികളുടെ നില പെരുവിരലിന്മേലായി. ദൃഷ്ടികളൊക്കെ വിരിപന്തലിന്റെ ഇരുവശത്തും പാഞ്ഞുതുടങ്ങി. മാർവിരിഞ്ഞ് അരകെട്ടി കൈകഠം നീണ്ട് വെളുത്തു പൊക്കത്തിൽ ഒരാഠം പന്തലിന്റെ തെക്കെ അററത്തുള്ള കാലിന്റെ അടുക്കെനിന്നും കറുത്തുമെലിഞ്ഞ് കുള്ളനായ ഒരാഠം വടക്കെ അററത്തുനിന്നും നമ്പൂരിമാർ ഇരിക്കുന്നതിന്റെ ഇരുവശത്തുകൂടി അടങ്ങിയൊതുങ്ങി കളത്തിലിറങ്ങിനിന്നു. ഇതിൽ ആദ്യത്തവനാണ് ചെട്ടി, രണ്ടാമത്തവനാണ് കട്ടപ്പൊട്ടൻ.

കഴകഞ്ചേരി ഇപ്പൻ പായയിൽനിന്നെഴുന്നേററ് ആസ്യന്റെ കസാലയുടെ ചാരുപടിയിന്മേൽ പിടിച്ചു നിലയായി. ഉണ്ണിനമ്പൂരിമാർ പന്നുകളൊക്കെ നുവാക്കു വലിച്ചിട്ടു. ആഢ്യന്റെ വസ്സിയും ആസ്യന്റെ ഞെരമ്പും ഒന്നിളകി. ഈ സമയംകൊണ്ട് ചെട്ടിയും കട്ടപ്പൊട്ടനും കളമദ്ധ്യത്തിൽ എത്തി. മെയ്യിൽ താണുനിന്നിട്ടു ബ്രാഹ്മണരേയും വലംതിരിഞ്ഞു ദിക്പാലന്മാരേയും തൊഴുതു വന്ദിച്ചു മുമ്പും പിമ്പും മറിഞ്ഞു കാലും നിലവും തൊട്ടു തലയിൽവെച്ച് അങ്കമാടിക്കേറി കളി കഴിഞ്ഞതല്ല തുടങ്ങിയപ്പോഠം രണ്ടു നാഴികപ്പുറം കഴിഞ്ഞു. ഇവക്ക് അടിച്ചുകേറി രണ്ടാളെയൊന്നു തിരിച്ചപ്പെടുത്തുവാനുള്ള ചിട്ടകണ്ടതൊക്കെ മർമ്മം കണ്ടു തിരുത്തിക്കൊടുക്കുവാനുള്ള മോഹംകൂടിയിരുന്നതിനാൽ തല്ലിലധികം തടവായിട്ടു കുറേനേരം കഴിഞ്ഞു. കട്ടപ്പൊട്ടൻ തഞ്ചത്തിൽ ഓങ്ങിയടുക്കുമ്പോഠം ചെട്ടി താഴത്തിൽ ഇറങ്ങി നീണ്ടകാൽ ഊന്നി മടക്കി ദേഹം പിന്നാക്കം വലിക്കും. ചെട്ടി കേറിയടുക്കുമ്പോഠം മററവൻ തഞ്ചത്തിൽ

ങ്ങളുമാവും. ഒരിക്കൽ തരംനോക്കി കുട്ടപ്പൊട്ടൻ ചെട്ടിയുടെ മെട്ടിന്മേൽ ചവുട്ടിക്കയറി മൂക്കു നിരക്കന്നെ കണ്ടുകൊണ്ട് ചാതിക്കാർ ബലാൽക്കാരേണ വിലക്കി. പക്ഷേ ഫലമായില്ല. ചെട്ടിയുടെ മൂക്കിൽനിന്നു ചോര കുടുകുടെ ചാടിത്തുടങ്ങി. ഇരുപക്ഷക്കാരും തമ്മിൽ കോലാഹലമായി. അതിനിടയ്ക്കു ചെട്ടി മുഖം കഴുകി ഒരു മുറകൂടി തല്ലുവാൻ തയ്യാറായിട്ടു വന്നു. ആസ്യന്റെ കൂറുകാർ തടസ്ഥംചെയ്തു. ഈ കൂട്ടത്തിൽ കഴകഞ്ചേരി ഇപ്പനാണ് ആദ്യവസാനി. ഇപ്പൻ ചാടിക്കടന്ന് 'വേണ്ട വേണ്ട ഒരുകാലത്തും വേണ്ട. ചെട്ടിയുടെ കയ്യുകൊണ്ടുതന്നെ മുറിഞ്ഞതാണ്. അതിനിവനെന്തു പിഴച്ചു. ഇനി തല്ലാൻ അനുവദിച്ചാൽ ചെട്ടി വല്ല അപകടവും പ്രവർത്തിച്ചാലോ. സംശയമുണ്ട്. സംശയമുണ്ട്. അവനവന്റെ നിലനോക്കി നിക്കാൻ പഠിച്ചിട്ടു യോഗ്യരോടു തല്ലാൻ പുറപ്പെട്ടാൽമതി' എന്നു മുറവിളി കൂട്ടിത്തുടങ്ങി. മറുപക്ഷത്തിൽനിന്നും ചിലർ നേരിട്ടു. രണ്ടു ചേരികളിൽനിന്നും ആളുകളൊക്കെ കയറിന്റെ അകത്തായി. ചേരികലങ്ങി കൂട്ടത്തല്ലുണ്ടായേക്കാമെന്ന ദിക്കായി. കളി മൂത്തു കളം കലഹത്തിലായപ്പോൾ ആഢ്യനും ആസ്യനുംകൂടി യോജിച്ചു. 'കേസ്സുകളിവേണമെന്നു വച്ചിട്ടില്ല. നേരം വൈകിയതുകൊണ്ട് നീട്ടി വച്ചിരിക്കയാണ്' എന്നു പറഞ്ഞ് ആളുകളെ ഒരു വിധം സമാധാനപ്പെടുത്തി. സമ്മാനവും നീട്ടിവെച്ചു. എന്നിട്ടും കോലാഹലം ഒതുങ്ങുവാൻ കുറച്ചുനേരം വേണ്ടിവന്നു. അരനാഴിക പകലുള്ളപ്പോൾ എല്ലാവരും പിരിഞ്ഞു.

ചമ്പ്രകുന്നത്ത് ഭഗവതിക്ഷേത്രം ആഢ്യന്റെ ഇല്ലത്തുനിന്ന് ഒരു നാഴിക അകലെ ഒരു കുന്നിന്റെ മുകളിൽ ഒരു കാടിന്റെ മദ്ധ്യത്തിലാണ്. ആണ്ടുവരത്തുന്നാൾ മാത്രമേ ഈ ക്ഷേത്രത്തിൽ അത്താഴപ്പൂജപതിവുള്ളു. പാരസ്സത്യ കഴിഞ്ഞു കണ്ണൊറങ്ങുമ്പോൾ തിരിഞ്ഞു നോക്കുകകൂടി വയ്യെന്നാണ് വച്ചിരിക്കുന്നത്. എങ്ങിനെയെങ്കിലും ഈ മഹാക്ഷേത്രത്തിന്റെ മാഹാത്മ്യത്തോടുകൂടി ഭയാവഹങ്ങളായ സംഭവങ്ങളും കൂട്ടിക്കലർത്തി പറയുന്നതു സാധാരണയാണ്. രാത്രികാലങ്ങളിൽ ക്ഷേത്രമിരിക്കുന്ന കുന്നിന്റെ മുകളിൽ വിജനസ്ഥലത്തുവച്ച് ചെയ്യേണ്ടുന്നവല്ല ഗൂഢകൃത്യങ്ങളും ചെ

ണ്ടുവാൻവേണ്ടി പോയേക്കാമെന്നല്ലാതെ മറെറാരാവശ്യത്തിന്നായി ആരും കയറി ചൊല്ലുക പതിവില്ല.

സന്ധ്യമയങ്ങിയപ്പോൾ സന്ധ്യാവന്ദനാദികളൊക്കെ കഴിച്ചു വാരമിരിക്കുവാനുള്ള വട്ടം തുടങ്ങി. വൈദികന്മാരൊക്കെ മണ്ഡപത്തിന്റെ സമീപത്തിൽ എത്തി. അഷ്ടിപ്രിയന്മാരൊക്കെ എരിശ്ശേരി വറവിന്റെ ഗന്ധം അനുഭവിച്ചുകൊണ്ടും പഞ്ചസാരപ്പായസത്തിന്റെ ആവി ഏററുകൊണ്ടും തിടപ്പള്ളിയുടെ ഉള്ളിലും പുറമെയുമായിക്കൂടി. തൃശ്ശിവപേരൂർ യോഗത്തിൽപെട്ട ചോരാമിററത്ത് നമ്പൂരിയും മാപ്രാണത്ത് പട്ടേരിയും തിരുനാവായ യോഗത്തിൽനിന്നു 'മുമ്പിലിരിക്കുവാൻ' (ആദ്യം വാരമിരിക്കുവാൻ) തീർച്ചയാക്കിയിരുന്ന വെള്ളിലക്കാട്ടും മണ്ഡപത്തിൽ കയറി വെള്ളിലക്കാട് മുണ്ടു നിലത്തിട്ട് അഭിവാദ്യം ചെയ്തു 'അട്ടം പിടിച്ചു' (കൈപ്പടങ്ങൾ അടച്ചു പിടിച്ചു) ഋക്ക് ജപിക്കുവാൻ തുടങ്ങിയപ്പോൾ പട്ടേരി 'വർഗ്ഗം' നിശ്ചയിക്കുവാനായി 'പടുക്കുക' എന്ന സമ്പ്രദായപ്രകാരം നാലു ചെറുകല്ലുകൾ നടുക്കും എട്ടു കല്ലുകൾ അതിന്റെ ചുററുമായി പന്ത്രണ്ടു കല്ലുകൾ രണ്ടു വരിയായി നിരത്തിവെച്ചു. അപ്പഴക്കും വെള്ളിലക്കാട് മുണ്ടെടുത്തു തോളത്തിട്ടു. നമ്പൂരി കണ്ണടച്ചു. പട്ടേരി പടുത്തു കഴിഞ്ഞതിന്റെ ശേഷം 'അകത്തു പുറത്ത്' എന്നു പറയുന്നതിനെ അനുസരിച്ച് അതാതു വരികളിലുള്ള ഓരോ കല്ലുകൾ നമ്പൂരി മൂന്നാലു തവണയായി തൊട്ടു. അതു കഴിഞ്ഞപ്പോൾ പട്ടേരി 'രണ്ടാമട്ടത്തിൽ മുതലാമോത്തിൽ പന്ത്രണ്ടാംവർഗ്ഗം' എന്നു വെള്ളിലക്കാടിനോടായിട്ട് പറഞ്ഞു. അപ്പോൾ അദ്ദേഹം ആ വർഗ്ഗത്തിന്റെ ആദിയിലുള്ള ഒരു ഋക്ക് കയ്യു കാണിച്ചു. അതിനെ അനുസരിച്ചു പട്ടേരിയും രണ്ടൊട്ടു കയ്യു കാണിച്ചു. മണ്ഡപത്തിന്റെ ചുററും നിന്നിരുന്ന ഓതന്മാർ മണ്ഡപത്തിൽ കയറി യഥാസ്ഥാനം ഇരുന്നു. വെള്ളിലക്കാട് മുണ്ടോടുകൂടി തൊഴുതു പിടിച്ചിരുന്നു ചൊല്ലുവാനുള്ള ഭാഗം മുഴുവനും ഒന്നു വിചാരിച്ചു. അതു കഴിഞ്ഞുവെന്നറിഞ്ഞു പട്ടേരി 'രണ്ടാമട്ടത്തിൽ മുതലാമോത്തിൽ പന്ത്രണ്ടാം വർഗ്ഗം' എന്നു വീണ്ടും പറഞ്ഞു. ഉടനെ വെള്ളിലക്കാട് 'അട്ടം പിടിച്ചു' ആദ്യത്തെ ഋക്കിൽ ഒരു വചനം ജപിച്ചു കഴിഞ്ഞപ്പോൾത

ഒന്ന മുണ്ടുകൊണ്ട് മൂടീട്ടുള്ള വലത്തുകൈ വലത്ത ചെവിക്കടുത്തൽ വെച്ചു മന്ത്രം ചൊല്ലുവാൻ (സ്വരത്തോടുകൂടി ചൊല്ലുവാൻ) തുടങ്ങി. സാധാരണ ഒരു ഋക്ക് ജപിച്ചു കഴിഞ്ഞതിന്റെ ശേഷമെ മന്ത്രം ചൊല്ലുക പതിവുള്ളുവെങ്കിലും വെള്ളിലക്കാട് ഒരു വചനംമാത്രം ജപിച്ചു മന്ത്രംചൊല്ലുവാൻ തുടങ്ങിയപ്പോൾ പുറമെ ഇരുന്നിരുന്നവരിൽ ചിലർ അന്യോന്യം ഒന്നു നോക്കി. ആസ്യന്റെ ഇപ്പുറം മണ്ഡപത്തിന്റെ വക്കത്തു കൂടിയിരുന്നു. അന്നു പകൽ മുഴുവനും പല വിധത്തിലുള്ള അദ്ധ്യാവസാനംകൊണ്ട് വളരെ ക്ഷീണിച്ചിരുന്നതിനാൽ മന്ത്രംചൊല്ലുവാൻ തുടങ്ങുന്നതിന്നു മുമ്പുതന്നെ ഇപ്പൻ ഉറക്കം തൂങ്ങിത്തുടങ്ങി. വാരമിരിക്കുന്നതു സൂക്ഷിക്കുന്നവർ ചില പദങ്ങൾ ഒരു പ്രത്യേകമാതിരിയിൽ എടുത്തു ചൊല്ലണമെന്നു (പരിഗ്രഹിക്കണമെന്നു) വാരമിരിക്കുന്നവരെ ഓർമ്മപ്പെടുത്തുവാൻവേണ്ടി ഞെരടിച്ചിരുന്നതുകൊണ്ട് മാത്രമായിരുന്നു ഇപ്പൻ വീഴാതെ കഴിച്ചിരുന്നത്. ഞൊടികൊണ്ടും ഉറക്കം പോകുന്നില്ലെന്നു കണ്ടിട്ട ഒന്നാമിരിക്കുക കഴിഞ്ഞു രണ്ടാംവാരം തുടങ്ങിയപ്പോൾ ഇപ്പൻ ഉപായത്തിൽ കബളിച്ചു ചാടി ബലിക്കൽ പുരയുടെ പടിയിന്മേൽ പോയി കിടന്നു. എലവെച്ചു തുടങ്ങുമ്പോൾ എഴുനേൽക്കാമെന്നും വിചാരിച്ചു.

രണ്ടാംവാരത്തോടുകൂടി കേളിവാരവും അതിന്റെ ശേഷം കൂട്ടവാരവും കഴിഞ്ഞു. ഓരോരുത്തരായി ഊണു കഴിച്ചു പോയിത്തുടങ്ങി. ബലിക്കൽ പുരയിൽ എലവെക്കേണ്ട ആവശ്യം വരാത്തതുകൊണ്ട് ഇപ്പൻ കിടക്കുന്നത് ആരും കണ്ടതേ ഇല്ല. അമ്പലങ്ങളും മതിൽക്കകത്തു വടക്കു പുറത്താണ്. എളുപ്പവഴി നോക്കി എല്ലാവരും കൈകഴുകുവാൻ ചിറയിലെ വടക്കേ നട കടന്നാണ് പുറത്തേക്കു പോവ്വാറ പതിവ്." വാരിയർ ആ തരംകണ്ടു ജോലി ഒഴിക്കുന്ന കൂട്ടത്തിൽ മുമ്പുതന്നെ ബലിക്കൽ പുരയുടെ പുറത്തേക്കുള്ള വാതിൽ അടച്ചുകഴിഞ്ഞിരിക്കുന്നു. അടിച്ചുതളിയൊക്കെ കഴിച്ചു വാരിയരും വടക്കേനട പൂട്ടി പോയി. ഇപ്പൻ ആ സമയത്തും സുഖനിദ്രയിൽതന്നെയായിരുന്നു. പതിമൂന്നാഴിക രാച്ചെന്നു. ഇപ്പനുണർന്നിട്ടില്ല. പതിനഞ്ചാഴിക കഴിഞ്ഞു. ക്ഷേ

ത്രത്തിന്റെ പുറമുള്ള കാട്ടിൽ ഭയങ്കരങ്ങളായ ചില ശബ്ദങ്ങളും പൊങ്ങി ശാന്തഗംഭീരമായ നിശ്ശബ്ദതയിൽതന്നെ ലയിച്ചു. വളരെ താമസിയാതെ ഇപ്പനും ഉണൎന്നു. മൂത്രം മുട്ടീട്ടാണ് ഉണൎന്നത്. കണ്ണുതുറന്നപ്പോൾ കൂരിരുട്ട്. ഒരു മനുഷ്യനെ കാണാനില്ല. ആൎത്തസ്വരത്തിൽ ഇഴഞ്ഞിട്ടൊരു ശബ്ദം അമ്പലത്തിന്റെ ഒരു ഭാഗത്തായിട്ടു കേൾക്കുന്നുണ്ടെന്നുതോന്നി. ഭഗവതീക്ഷേത്രം, അത്താഴപട്ടിണി, അസമയം, മൂത്രം മുട്ടുകൊണ്ട് കിടപ്പ്. അതിനൊക്കെ പുറമെ ഈ ശബ്ദവും. എല്ലാംകൂടി ആലോചിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായ അസഹ്യത അദ്ദേഹത്തിനുതന്നെ അറിഞ്ഞുകൂട. ആ ശബ്ദം അമ്പലത്തിനൊരു പ്രദക്ഷിണംവെച്ചു കഴിഞ്ഞപ്പോൾ ഇനി ക്ഷമിച്ചാൽ അദ്ദേഹത്തിന്റെ ദേഹവും ക്ഷേത്രവും ശുദ്ധംമാറുമെന്നു തീൎച്ചയായി. ആ ഒച്ച രണ്ടാമതും ചുററി അമ്പലത്തിന്റെ മതില്ക്കുപുറത്തായി. 'വന്നതൊക്കെ വന്നു രക്ഷിക്കണെ എന്റെ ദേവി' എന്നു പ്രാൎത്ഥിച്ചുകൊണ്ട് ബലിക്കൽ പുരയുടെ വാതൽ തുറന്നു കടവിൽ ചെന്നു മൂത്രംവീത്തി പകുതി ആയപ്പോൾ ഒച്ച തെളിഞ്ഞുകേട്ടുതുടങ്ങി. ശൌചം കഷ്ടിച്ചു കഴിച്ച് ഓടിച്ചെന്ന് അകത്തുകടന്നു വാതൽ കൊട്ടിഅടച്ചു സാക്ഷയിട്ടു പടിയിന്മേൽതന്നെ വന്നു കമിഴ്ന്നു കിടന്നു. പണ്ടത്തെ ഒച്ചയ്ക്കു പുറമെ ബലിക്കൽ പുരയുടെ വാതലിന്മേൽ വന്നു മുട്ടുന്ന ശബ്ദവും കേട്ടുതുടങ്ങി. ഇപ്പൻ പടി ചേൎത്തു കെട്ടിപ്പിടിച്ചു. ഒച്ച പിന്നേയും ഒരു ചുററംകൂടി ചുററി ബലിക്കൽ പുരയുടെ പുറത്ത് ഇദ്ദേഹം കിടക്കുന്നതിന്റെ സമീപത്തിൽ എത്തി എന്നു തോന്നി. ഉടനെ പാമ്പു ചീററുന്നതുപോലെ ഒരു കാററ് അദ്ദേഹത്തിന്റെ ശരീരത്തിൽ ഏററു എന്നും തോന്നി. തന്റേടവും വിട്ടു.

കളിക്കു വിളക്കു വച്ചപ്പോൾ നേരം പാതിരയോളമായി. കഥ തീൎച്ചയാക്കി ചുട്ടിക്കുകിടന്നപ്പോൾതന്നെ ഏകദേശം സന്ധ്യയായി. വാരം കഴിഞ്ഞു കളികഴിയുംപോഴേക്കും ശൃംഗാരപദം കത്തമായെങ്കിലൊ എന്നു പലൎക്കും ശങ്കയുണ്ടായിരുന്നു. എങ്കിലും പാട്ടുകാരും കൊട്ടുകാരും പെട്ടിക്കാരും ചുട്ടിക്കാരും മററുംകൂടി അമാന്തിച്ചു മേളപദം കേൾക്കുവാൻ തന്നെ എല്ലാവരേയും സഹായി

ച്ചു. തോടയത്തിന്നുകൂടി ചിലർ എത്തീട്ടുണ്ടായിരുന്നു. പൊറവട്ടത്തിന്റെ ചെണ്ട വിശേഷം. ശീനുവിന്റെ മദ്ദളം അതിൽ കുറച്ചു താഴെ. പരമേശ്വരന്റെ 'പൊന്താടിയും' ശിവരാമന്റെ 'ശംകിടിയും' ബഹു യോജിപ്പായിട്ടുള്ളതു തന്നെ. അവരുടെ കൂട്ടു ഇറന്നിട്ടുള്ള ദിവസം മൂന്നുനാഴിക അകലെ കേൾക്കുന്ന കാൎയ്യത്തിൽ തൎക്കമില്ല. ആഢ്യന്റെ ഇല്ലത്തു കളിയുണ്ടായ അന്ന് ഒരു കാതം വഴി ദൂരെ കേട്ടിട്ടുള്ള ആളുകളും ഉണ്ട്. മേളപദം കേമമായിട്ടു കഴിഞ്ഞു. നളചരിതം രണ്ടാംദിവസത്തെ കഥയായിരുന്നു. കിട്ടുണ്ണിപ്പണിക്കരുടെ കുമ്മിയും മെയ്യും 'അതിശയം' തന്നെ. ശൃംഗാരപദത്തിൽ 'കുവലയവിലോചനെ' വളരെ നന്നായി. നാരായണകുറുപ്പിന്റെ 'സന്ന്യാസികന്നാരത്ത്യാനവും,' തരക്കേടില്ല. പണിക്കരുടെ 'ദൈവതമേ കേൾ നീ' എന്നു രണ്ടാമത്തെ പദം ഒരുവിധം. കളിയുടെ പുറപ്പാടിനുള്ള രാഗം പാടി തുടങ്ങി. പനംകാട്ടിൽ ഉണ്ണിപ്പണിക്കരുടെയാണ് കലി നിശ്ചയിച്ചിരുന്നത്. ശ്ലോകം ചൊല്ലി തുടങ്ങീട്ടും വേഷം വരുന്നവട്ടം കണ്ടില്ല. പാട്ടുകാർ രാഗം പാടി തോററു. ആളുകൾക്കു കാത്തിരുന്നു മുഷിവിട്ടു— ചിലർ അണിയറയിലേക്കു പുറപ്പെട്ടു. അവിടെയും കലിയെ കാണുന്നില്ല. ഉടുത്തു കെട്ടി മുടിവെച്ചു പുറത്തേക്കു പോയിട്ടു കുറച്ചു നേരമായി എന്ന് അവിടെയുള്ളവർ പറഞ്ഞു. ഈ വൎത്തമാനം കേട്ട് ആഢ്യന്റെ പരിവാരങ്ങൾ മുക്കുകളത്തിൽ കലിയെ തേടുവാൻ തുടങ്ങി. പിന്നാലെ അരങ്ങത്തുണ്ടായിരുന്നവരിൽ പകുതിയിലധികം ആളുകളും പുറപ്പെട്ടു. കളിയുടെ വട്ടം ഒക്കെ പരിഭ്രമിലായി. 'പോയി വരുന്നു നാകലനീ സംപ്രതി പോവരികതങ്കലേ' എന്ന പദം അനുഭവിക്കാൻ പോയിരുന്നവരുടെയായിട്ടു കലാശിച്ചു. അന്നത്തെ കളിയും കളിയായിട്ടുതന്നെ കഴിഞ്ഞു. ഓടി നടന്നു ക്ഷീണിച്ചു കലിയെ തേടി പോയിരുന്നവർ എല്ലാവരും തിരിച്ചുവന്നു. നേരം പ്രകാശമാവേണ്ട ദിക്കായി. ആളുകളൊക്കെ അവരവരുടെ പാട്ടുനോക്കി പിരിഞ്ഞു തുടങ്ങി. അപ്പോൾ ആഢ്യന്റെ കൂട്ടുകാരിൽ ഒരാൾ 'കുഴക്കഞ്ചേരി ഇട്ടപ്പൻ എവിടെപ്പോയി? ഇപ്പോൾ അയാളുടെ മുഖം ഒന്നു കാണണ്ടായിരുന്നു' എന്നായി. ഉ

പ്പനെ കളിക്കതന്നെ കണ്ടില്ലല്ലോ' എന്നായി മറെറാരാൾ. 'ഗോരസൗന്ദര്യവും കണ്ടില്ല പക്ഷെ മണ്ഡപത്തിലിരുന്ന് ഒറക്കം തൂങ്ങുന്നതു കണ്ടു' എന്നു വേറെ ചിലരും പറഞ്ഞുതുടങ്ങി. 'ഹെ! എന്നാൽ അമ്പലത്തിൽ വല്ല ദിക്കിലും കിടന്നുറങ്ങിയിരിക്കാം. പോയി നോക്കണം എന്നു പറഞ്ഞു പലരുംകൂടി ആൎത്തൊരാരവത്തോടുകൂടി ഭഗവതീക്ഷേത്രത്തിൽ എത്തി. അവിടെ കണ്ടകാഴ്ച എല്ലാവരിലും ആശ്ചൎയ്യവും ഭയവും വ്യസനവും ഒരു സമയത്തു ജനിപ്പിച്ചു. ഇപ്പൻ ബലിക്കൽ പുരയിൽ ബോധം കെട്ടു വീണു കിടക്കുന്നു. നേരം പുറത്തായിട്ടു കലിയും ചേഷ്ടയില്ലാതെ ശവംപോലെ കിടക്കുന്നുണ്ടു. ഇക്കണ്ടപണിക്കരുടെ വേഷമൊക്കെ അഴിച്ചു കുളത്തിൽ ഇട്ടു വലിച്ചു കുറെനേരം കഴിഞ്ഞപ്പോൾ ബോധംവന്നു. അതിന്റെ ശേഷം ഈ സംഭവത്തെപ്പററി പണിക്കർ ഇപ്രകാരമാണ് പറഞ്ഞതു്.

'ഞാൻ അണിയറയിൽനിന്ന് അരങ്ങത്തേക്കു പോകുംവഴി ആരൊ ചിലരൊക്കെക്കൂടി എന്നെ ഈ ക്ഷേത്രത്തിന്റെ മതിൽകെട്ടിന്നകത്താക്കി വാതിലടച്ചു. ഞാൻ ഭയപ്പെട്ടു നാമം ചൊല്ലിക്കൊണ്ട് പ്രദക്ഷിണം വെക്കുമ്പോൾ ആരൊ ബലിക്കൽ പുരയുടെ വാതിൽ ഇറക്കുന്നതു കേട്ടു. അടിച്ചുതളിക്കഴിഞ്ഞു വാരിയർ 'പോയിട്ടില്ലായിരിക്കാമെന്നു വിചാരിച്ചു വാതിക്കൽ മുട്ടിയപ്പോൾ തുറന്നില്ല. ആരാണെന്ന് അഴിയുടെ ഇടയിൽക്കൂടി സൂക്ഷിച്ചു നോക്കുന്ന നേരം അതിഭയങ്കരമായിട്ട് ഒരു ശബ്ദം കേട്ടു. ഞാൻ പേടിച്ചു. പിന്നെയതൊന്നും എനിക്കു രൂപമില്ല.'

ഇതു കേട്ടപ്പോൾ ആഢ്യന്റെ കൂറവകാരിൽ ഒരാളായ മൂരിയങ്ങോട് 'ആഢ്യന്റെ പെട്ടിയെ അപമാനിച്ചതിനു പകരം ആസ്യനെ ഒന്നു കലശലപ്പെടുത്തണമെന്നു മാത്രമെ വിചാരിച്ചുള്ളൂ. ഇതു ചാരിച്ചില്ല.' എന്നു പറഞ്ഞപ്പോൾ ചൂണ്ടാണി വിരൽ മൂക്കിന്മേൽ വെക്കാത്തവർ ആ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. ഇപ്പൻ അങ്ങിനെതന്നെ കിടക്കുന്നു. അന്നു മുതൽക്കു ആഢ്യനും ആസ്യനും തമ്മിലുള്ള തിരക്കു ശമിച്ചു.

മഹൻ നാലോമൻ.

ഒരു എഴുത്ത്

ഇന്നാളല്ലോപിരിഞ്ഞിട്ടിതുമുതലുളവായോരുവൃത്താന്തമെല്ലാ-
മിന്നാളല്ലോളുവാൻഞാനെഴുതുകളകതാരിങ്കലുറപ്പിട്ടമൂലം
എന്നാലുംലൌകികത്തിന്നിഹചിലതെഴുതീടുന്നുകറാംപെരുത്തു-
ണ്ടെന്നാലുംഹാസ്യമാക്കാതിതുതവമതിമച്ചിങ്കൽവെച്ചീടവേണം. ൧

എന്മേനിയിൽച്ചൊറിചിരങ്ങിവപാരമുണ്ടു
ചെമ്മേനിനക്കിലിതുസാരമതാകയില്ല
അമ്മെക്കുവന്നുപിടിപെട്ടഗദംശമിക്കാ-
ഞ്ഞെന്നോഷമില്ലപുനരൊന്നിനുമിന്നിനിക്കും. ൨

കിണ്ണത്തിൻവക്കിൽവെച്ചീടിനകടുകമണിക്കൊക്കുമെന്നോതിടാമ-
ദ്ദണ്ണത്തിൻവൎത്തമാനംവിവരമൊടെഴുതീടുന്നതിന്നങ്ങിനേഞാൻ
ഉണ്ണിത്തിങ്കൾക്കലാപൻമൂഢനുടെമകളുമാകോടലിംഗാലയക്ഷ്മാ-
ഖണ്ഡത്തിൽചേൎന്നദേവിക്കഖിലവുമറിയാംവന്നുകൂടുന്നതെല്ലാം. ൩

വൃത്തിക്കൊക്കുന്നതാമാംപെരുമുടനിടചേൎന്നുള്ളപദ്യങ്ങളുള്ളം
മദ്ദിക്കാതെചാൎപ്പാനായിതവകിടയമെച്ചതൻമെച്ചമോടെ
അദ്ദിക്കിൽത്തന്നെരാവുംപകലുമിടവിടാതെസുഖംതപസ്വീപെ
വൎത്തിക്കുന്നോവലിച്ചിട്ടുകവിനയഗുണാംഭോധിസംപൂൎണ്ണചന്ദ്രൻ ൪

വൎഷിപ്പോരാളുവാനെങ്കിലുമഹമുരചെയ്യുന്നലോകക്കുമോദം
പെയ്യിപ്പിക്കുന്നതാലപ്പോലിയതിനവിടത്തന്നിലങ്ങാടിതോറും
നെയ്യപ്പംചുട്ടതേററംവിലപിശകിയുടൻവാങ്ങുവാൻചാടിവന്നോ-
രയ്യപ്പൻനായരിപ്പോഴാകവിതയൊടവിടെപ്പാൎത്തിടുന്നോനൊടൊന്നോ ൫

പട്ടന്മാരുടെമൂത്രമൌഷധമതിന്നാവിശ്യമെന്നാളുകിൽ
തിട്ടംഇള്ളിയതിന്നുകൂട്ടമവരഞ്ഞൊരായിരംപൊൻപണം
കഷ്ടംതാനുമതിപ്രകാരമവിടുന്നിങ്ങോട്ടുപോരാൻപ്രിയം-
കൂട്ടീടുന്നതുകൊണ്ടുമോഹമതിനായിട്ടില്ലപിട്ടല്ലമേ. ൬

മദകരമതിലെങ്ങും പോയിടാതങ്ങു തന്റെ
മറിമാന്മിഴിയാളാം കാന്തയിൽ പ്രേമമോടെ
മധുരതരവാണിപ്പുത്രികളുള്ളതുപോലെ
മേവിടിയെഴുമേണാം താമസിക്കാമതുതന്നെ. ൩

വെണ്മണി മഹൻ നമ്പൂരിപ്പാട്.


പലവക

ഒരു വിരഹം.

വസന്തതിലകവൃത്തത്തിൽ 103 ശ്ലോകങ്ങളും അടങ്ങിയ ഈ പുസ്തകത്തിന്റെ ചെറുപ്പത്തിനടുത്ത വലുപ്പത്തിലുള്ള ഒരഭിപ്രായം പറവാനല്ല വാസ്തവത്തിൽ ഞങ്ങൾക്ക് മനസ്സു വരുന്നത്. വിവിധങ്ങളായ വികാരങ്ങൾ തിങ്ങിവിങ്ങി നിറഞ്ഞിട്ടുള്ള മനസ്സിന്റെ ഗതി വായനക്കാരുടെ മനസ്സിലേക്കു വേണ്ടുംവണ്ണം തിരിച്ച് അതിനോടു കൂട്ടിയിണക്കുവാനുള്ള സൂത്രപ്പണി ഈ കവി നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ട്. സ്വഭാവത്തെ അലങ്കരിക്കുന്നതിൽ വിഷയഭേദങ്ങളെ അനുസരിച്ചു പല സമ്പ്രദായഭേദങ്ങളുണ്ട്. വിലാപം, വിരഹം മുതലായവയിൽ സുബ്രഹ്മണ്യൻപോററി അവർകളും സ്വീകരിച്ചിട്ടുള്ള വൎണ്ണനാരീതിയാണ് അവസരോചിതമായിട്ടുള്ളത്. ഈ കവിത വായിക്കുമ്പോൾ 'ടെന്നിസൻ' എന്ന ആംഗ്ലേയ മഹാകവിയുടെ 'ലോക്സ്‌ലി ഹോൾ അറുപതു കൊല്ലം കഴിഞ്ഞിട്ട്' എന്നീ വിരഹവിഷയമായിട്ടുള്ള കവിതകളെയാണ് ഓൎമ്മവരുന്നത്. തന്മയത്വത്തിന്നു ദോഷംവരാതെ കഥാസാരംകൊണ്ടും സ്വാരസ്യംകൊണ്ടും പോററി അവർകളും അവയുടെ ഛായ നല്ലവണ്ണം ഒപ്പിച്ചിട്ടുണ്ട്.

൩. വശീകരകസ്തൂരിഗുളികാ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സന്തോഷം ഉപയോഗിക്കേണ്ട വിശേഷപ്പെട്ട സാധനം. ദന്തരോഗം, വായ്നാറ്റം, അജീൎണ്ണം ചിലവായു മുതലായവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എളു ദുൎഗ്ഗന്ധത്തെയും ജീൎണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിശേഷപ്പെട്ട സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറ്റിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ഒരു ൧-ക്കു തപാൽകൂലി ൫ ണ.

൪. ദന്തചൂൎണ്ണം.

സുഗന്ധമായുമുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൨-ണ. തപാൽ ചിലവു ൨ കുപ്പിവരെ ൫ ണ വേറെ.

൫. ജ്വരസംഹാരി.

കുളിപ്പനി, തുള്ളപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൫ ണ വേറെ.

൬. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ചെമ്പൻ പൊളിയാതെയും തെരുതെരയും കറുപ്പായും വളരും. കണ്ണിനു കുളുൎമ്മയുണ്ടാക്കും. സകല കൺരോഗങ്ങളും തലവേദനകളും നീങ്ങും. കൊഴിച്ചു രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൬ ണ തപാൽ ചിലവു ൫ ണ വേറെ.

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

പി. സുബ്ബറായി, പറളിപ്പട്ടു, തഞ്ചാവൂർ ജില്ല.

൧൦. അഗ്ന്യമാന്ദ്യസംഹാരി.

ഹേനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മൂത്രബന്ധം, വയറുനോവു, വായനാറ്റം, അജീൎണ്ണം, വയറുവീൎക്കുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും ഡപ്പി ഒന്നുക്ക അണ ൮ തപാൽകൂലി അണ ൧ വേറെ

൧൧. കണ്ണുബിന്ദു.

ചീക്കണ്ണു, ചെവികണ്ണു, ചെവിയടപ്പു, ഇളച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും. ദ്രവാണാസ്ത്രക്ഷതമെന്നാക്കും. വില കുപ്പി ഒന്നുക്ക ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ

൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിന ൮ ണ തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്ക ൧ ണ വേറെ

൧൩. നേത്രബിന്ദു.

കൺനോവു, കൺകണ്ണു, ചൊറിച്ചൽ, നീരൊട്ടപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, തൊലിതടിപ്പു, പൂവു, ചെങ്കണ്ണു, എരിച്ചിൽ, ഇമ, പുളികം ഇവയുടെ വച്ചിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിന ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ.

൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണതയാലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന ൮ ണ. തപാൽ ചിലവു ൧ വരെ ഡപ്പികൾക്ക ൧ ണ വേറെ

൧൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ത്രപ്പാത്തുക്കത്തിന ൪ ക വില ഒരു ത്രപ്പാമുതൽക്കുള്ള എത്ര സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൰൩. തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧ ക്ക ൨ ക വ്വ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ ൧ ക്ക ൨ ക വ്വ ണ. മേൽ വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ ൫ ണ പുറമെ. ഇന്ത്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൫ ണ. സിലോണിൽ ൰ ണ

൰൪. വ്രണവിരോപണ തൈലം.

ഈ കഷായം പിത്തപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും ഒരു കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില ൪ ണ ൩ കുപ്പിവരെ വി പി കമ്മീഷൻ ൫ ണ മാത്രം

൰൫. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠത്തെ തെളിഞ്ഞു ശബ്ദം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദോപയോഗംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മററുള്ളവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൪ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൰൬. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനെക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ ദുൎഗ്ഗന്ധവും കളഞ്ഞു, ഉത്സാഹവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നു പുറമെ ദേഹത്തിന്ന സൌന്ദൎയ്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു വില ൪ ണ വി പി കമ്മീഷൻ ൩ ണ

൨൰. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ഛൎദ്ദിക്ഷയം, തലവേദന, ചുമ, അതിസാരം അൎശ്ശസ്സ, ഉറക്കമില്ലായ്മ, ഇവകളും അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കുവുന്നതാകുന്നു. വില ൮ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൫ ണ

---

൨൭. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി സ്ത്രീ, പുരുഷ ജനങ്ങളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ശിരോരോഗം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, അജീർണ്ണം മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൨ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൨ ണ.

൨൮. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പൊരുൻ, ചുടു, പുഴുക്കടി, തംണം, ഒടുവട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്മേൽ പുരട്ടുക മാത്രം ഉപയോഗിച്ചാൽ മതി. വി പി കമ്മീഷൻ ൨ ണ

ഒന്നാന്തരം ഗോരോചനം തോല ൧-ക്കു വില ൨ ക. രണ്ടാം കുങ്കുമകേസരം തോല ൧-ക്കു വില ൧ ക. രണ്ടാം പച്ചക്കർപ്പൂരം, തോല ൧-ക്കു വില ൨. ക രണ്ടാം തരം ഗോരോചന അത്തർ, കസ്തൂരി, അത്തർ, വെട്ടിവേര്, ഞാവൽ, ശിലാജിത്തു, ജാതിപത്രി സുഗന്ധം, രസം, മരിയാദ, അത്തർ മുതലായവകളും എല്ലായ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല ദ്രവ്യത്തിന്ന ക. ൨. വ്യത്യാസത്തിൽ പുറമെ.

				ക.	ണ.	സ.
ഒന്നാന്തരം ഗോരോചനം ഉറുപ്പിക ൧-ക്ക				൨	൦	൦
ടി	കുങ്കുമം	ടി	൧-ക്ക	൧	൦	൦
ടി	പച്ചക്കർപ്പൂരം	ടി	൧-ക്ക	൧	൧	൦

൨൯. രക്താമൃതം.

ഇതു ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ടുന്ന ഒരു ഭക്ഷണദ്രവ്യമാണ. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ദേഹക്ഷയമുള്ളവർക്കും പ്രമേഹരോഗികൾക്കും ഇതു ഒരു ദിവ്യ ഔഷധമാണ. ഇതു രക്തശുദ്ധി വരുത്തുകയും, പിത്തം, ദേഹക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാറുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലാതെ ആക്കുകയും മൂത്രചൂട, അസ്ഥിസ്രാവം മുതലായ രോഗങ്ങളാൽ ക്ഷീണപ്പെട്ടവർക്കും ശരീരബലം വർദ്ധിപ്പിക്കുകയും ചെയ്യും. ഇതു രോഗികൾക്കും, ശിശുക്കൾക്കും, ഗർഭിണികൾക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

ഒരു റാത്തൽ ൧-ക്ക ഒരു ൩ മാത്രം വി പി ചാർജ്ജ് ഒരു ണ. പുറമെ.

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വ്യക്തമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

പള്ളിപ്പുറം ലൊവ്വർഗ്രേഡു ഇൻസ്പെക്ടർ എം രാജരാജവർമ്മ എം എ തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നക്കു വില നാലു ച

കഥാമഞ്ജരി, കാടകന്റെ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡമാസ്റ്റർ കെ പരമുപിള്ള എം എ അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ൧-ന്നു വില അണ ൧ പൈ ൬

സാവിത്രി—

ഹജൂർ ഹെഡട്രാൻസ്ലേട്ടർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ൧-ക്കു വില അണ൨.

മാധവനിദാനം—

സർക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സാരചന്ദ്രിക' മാക്കവ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠ ഭാഗത്തെ മുഴുവൻ—

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാർത്ഥം, മലയാളത്തം, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കീർത്തികേസരി—

സി കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി എൻ എ രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ ൧-മതായും പരിശോധിക്കപ്പെട്ടതുമായ, ൧-ം ൨-ം ഭാഗം അടങ്ങിയ പുസ്തകം ഒന്നക്കു വില അണ ൧൪

മീനാക്ഷി—

ചെറുവലത്തു ചാത്തുണ്ണി ബി എ അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പഴഞ്ചൊല്ലു—

മി. ഡാസൻ ഉണ്ടാക്കപ്പെട്ടതു, പുസ്തകം ഒന്നക്കു വില അണ ൩

ഉദ്ദേശിച്ചൽഉന്നം—

കൊടുങ്ങല്ലൂർ കെ ആർ കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടതു സംഗീതമായതൊന്നിനു വില അണ ൨ പൈ ൬

സദാചാരന്റെ കഥ—

റവ. കെ. പി അവർകൾ എഴുതിയ പുസ്തകം വില അണ ൨

സോമസുന്ദരൻ—

മിസ്സർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നിനു അണ ൨ പൈ ൬

ഭദ്രമുനി—

മിസ്റ്റർ വി മഞ്ചു എഴുതിയ കഥ ഒന്നക്ക അണ ൩

ചീപ്പാവരി—

മിസ്റ്റർ ലക്ഷ്മണൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൩ ണ.

കൈവല്യശതകം—

മിസ്റ്റർ പരമുപിള്ള എഴുതിയത ൧ക്ക അണ ൧.

സന്താനവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൧ക്ക വില അണ ൧.

ശാകരകൃതി—

ആമ്മൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം മാത്രം സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംശോധനമായും ഭംഗിയായും അച്ചടിച്ചിട്ടുള്ളത പുസ്തകം ൧ക്ക ൪ അണ.

മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിടക്ടീവു നോവൽ വില അണ ൨,

അവതാരത്രയചരിതം—

സെന്തോമാഗ്യ്വാതി ഇരണിക്കാട്ടു ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം വില അണ ഒന്ന.

അദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകര്യാർത്ഥം ഓരോ കാണ്ഡത്തിനും പ്രത്യേകമായി അച്ചടിച്ചുവരുന്ന ഇതിന്റെ പണ്ടുകളുടെ വിവരണമായ അർത്ഥം ഒരോ ശീലുകളുടേയും താഴെ ഇവകൂടി അടങ്ങിയിരിക്കും പുസ്തകം എല്ലാ കാണ്ഡങ്ങളും ഒന്നായും ബയന്റു ചെയ്തു വില്ക്കപ്പെടും.

മയൂരസന്ദേശം മണിപ്രവാളം—

കേരളവർമ്മ സി എസ്സ് ഐ എഫ എം യു എം ആർ എ എസ്സ്, എഫ ആർ എച്ച. എസ്സ. വലിയ കോയിതമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതും എ ആർ രാജരാജവർമ്മ എം എ എം ആർ എ എസ്സ് കോയിതമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മന്ദപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയർന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൧ക്ക ണ ൪ം താണതരത്തിലുള്ളതിന്ന ൮ ണയും വിലയാകുന്നു.

ദാക്ഷായിണി—

കൊരട്ടു കുഞ്ഞപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൮

കാത്തായിമ്മർജ്ജനാവിജയം ഇള്ളക്കഥ—

മലയാളം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി എ അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നക്ക വില അണ ൨.

താരാതാപദേശം—

വി കെ കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ കണിപ്രവാളകൃതി. പുസ്തകം ഒന്നക്ക വില അണ ഒന്ന.

കാന്താപദേശം—

ചിറയിൽ വി രാമൻവൈദ്യർ അവർകളാൽ എഴുതപ്പെട്ടത വില ൧ ചക്രം

മനുസ്മൃതി—

കെ ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നക്ക വില രൂപ ൧ അണ ൪

വിക്രമാദിത്യൻകഥ—

ടി യാലാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧൦ അണ

മദനകാമരാജൻകഥ—

ടി യാലാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൭ അണ ടി അരബിന്ദ പുസ്തകം ൧ക്ക വില ൫ അണ

കഥാസരിത്സാഗരം—

ടി യാലാൽ എഴുതപ്പെട്ട പുസ്തകം ൧ക്ക വില അണ ൩

സതാരം—

ടി യാലാൽ എഴുതപ്പെട്ട പുസ്തകം ൧ക്ക വില അണ ൨ കാൽ

അത്ഭുതകഥാമാല—

വി. പി. ശങ്കുണ്ണിപ്പിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ അണ

വക്കീലന്മാരുടെ വൈദഗ്ദ്ധ്യം—

കോവളത്തിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത വില ൫ അണ

എനിക്കു പററിയ അപകടങ്ങൾ—

വില അണ ൨ കാൽ

ത്രൈലോക്യവിനോദകഥകൾ—

കണിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൪ കാൽ

ചട്ടമ്പിത്തലവൻ—

കെ ചിദംബരവാദ്ധ്യാർ ബി എ അവർകളാൽ എഴുതപ്പെട്ട ഒരു വിനോദകഥ ൧ക്ക വില അണ ൪

മാവുക്—മൊണ്ടിന്റെ ഡയറി—

ബെന്തർമുലയുള്ള. ൧ക്ക വില അണ ൪

മററു പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. അപേക്ഷിച്ചാൽ പുറമെ, എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങളും വരുത്തേണമെന്ന ആവശ്യപ്പെടുന്നവർ അരക്കാല്ല സ്റ്റാമ്പു അയക്കേണം.

എസ്സ്. റി. രെഡ്ഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ.

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളുടങ്ങിയതും മഹാത്മാവായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിനുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിനനുവൃത്തമായി മലയാളത്തിലേക്കു തർജ്ജമചെയ്തു വരുന്നുണ്ട്. ൮൨ മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പികമാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. വീരരായൻ രാജാ, ബി. ഏ.,

കോട്ടയ്ക്കൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭഗവൽഗീത

(ഒരു കൊല്ലംകൊണ്ടവസാനിപ്പിക്കുന്ന മാസിക)

ശാങ്കരഭാഷ്യത്തിന്റെ മലയാളതർജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

തപാൽ കൂലി ഉൾപ്പെടെ ഒരുകൊല്ലത്തേക്കു വരിസംഖ്യ 3 6 0

ആവശ്യമുള്ളവൎക്ക് വി. പി. ആയും അയച്ചു കൊടുക്കും.

ടി. സി. പരമേശ്വരൻ മൂസ്സത്,

ആനന്ദാശ്രമകാര്യദർശി,

തൃശ്ശിവപേരൂർ,

വില്പാൻ തയ്യാർ

കർമ്മയോഗം—കെ. എം.	വില	0	12	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത—ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യർ ആൻഡ് സൺസ് തൃശ്ശിവപേരൂർ.

രസികരഞ്ജിനി

വരിസംഖ്യ

തപാൽക്കൂലി ഉൾപ്പടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽക്കൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിനു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തോന്നിച്ച് അടക്കം ചെയ്യേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമൊ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് താരതമ്യംപോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജൎക്കു അറിവുതരേണ്ടതാകുന്നു. അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാററണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്ന—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ

ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൮൧ മകരം
പുസ്തകം ൪ ലക്കം ൬

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞർക്കു കൊടുക്കട്ടെ
രസം രസികരഞ്ജിനി



വരിസംഖ്യ മുൻകൂറായി ക. ൩ ൦ കുടിശ്ശികയായാൽ ക. ൪ ൦

രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കുഞ്ഞിപ്പൊതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങളും, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങളും, അതു സംബന്ധിച്ച എഴുത്തുകളും ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങളും, കാൎയ്യസംബന്ധമായ എഴുത്തുകളും ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്കോട്ടുകളിലൊ അവരുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം } രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
എറണാകുളം } 13th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരികെ അയച്ചുതരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തിനോടൊന്നിച്ച് അതയപ്പതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപൎക്ക് അയക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം അവയെ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്.

ര. ര. പ.

സംഗതിവിവരം.

വിദ്യാവിനോദിനി അച്ചുക്കൂടം.



പറയർ.

രസികരഞ്ജിനി

ഗ്രന്ഥം

പുസ്തകം ൪. മകരമാസം. ലക്കം ൬.


മംഗളം.

സാപ്പാടിന്നായ്ക്ഷണിച്ചീടിനധനനാമന്നാൾക്കഴിച്ചുവെച്ചുള്ളസദ്യ-
ക്കോപ്പാകെത്തീർത്താശനാന്തമലയനുദരത്തിപ്പുരോചൊന്നടഞ്ഞാൻ
തപ്പാതെന്താജ്ഞപിച്ചു തിയമലർമണിയാമന്യുതാങ്ങിക്കൊടുത്തതാം-
മുപ്പാരിൻമുപ്പരക്കുംമലർവിശിഖരിപു സ്വാമി സൗഖ്യം തരട്ടെ.

(ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, ബി. എ.)

റഷ്യാചക്രവർത്തിയുടെ

ആരൂഢതത്ത്



‘കിരീടം ധരിക്കുന്ന ശിരസ്സിന്ന് ഒരു കാലത്തും സുഖമില്ല’ എന്ന ആംഗലകാളിദാസനായ ഷെക്സ്പിയർ മഹാകവി പറഞ്ഞ വാക്കിന്റെ തത്വം നല്ലവണ്ണം ബോദ്ധ്യപ്പെട്ടിട്ടില്ലാത്തവർ വല്ലവരുമുണ്ടെങ്കിൽ അവർ ഇപ്പോഴത്തെ റഷ്യാചക്രവർത്തിയുടെ അവസ്ഥയെ ഒന്നു പര്യാലോചിച്ചുനോക്കേണ്ടതാണ്. ഒരു

ബലവാനായ ശത്രുവിനോടുണ്ടായ യുദ്ധത്തിൽ അത്യവസാനം സിദ്ധിച്ച അനവധി പരാജയങ്ങളും, യുദ്ധത്തിൽ ഓരോരൊ തോൽമകളും ഉണ്ടായിക്കൊണ്ടുവന്നതോടുകൂടി തന്റെ പ്രജകളുടെ ഇടയിൽ വൎദ്ധിച്ചുവന്ന പലവിധ കലഹങ്ങളും അതിൽവെച്ചു തന്റെ ഇഷ്ടബന്ധുമിത്രജനങ്ങളിൽ പലരും കൊല്ലപ്പെട്ടുപോയതും ദിവസേന കൂടിക്കൂടിവരുന്ന കടങ്ങളും മറ്റും നിമിത്തം ഇപ്പോൾ താൻ അനുഭവിച്ചുവരുന്ന അനവധി കഷ്ടപ്പാടുകളും ആലോചിച്ചാൽ റുഷ്യചക്രവൎത്തി ഇപ്പോൾ തന്റെ ചെങ്കോൽ ദാനംചെയ്വാൻ ഒരുങ്ങുന്ന പക്ഷം കൈകൊട്ടുവാൻ അധികം ആളുകളും ഉണ്ടാകുമോ എന്നു സംശയമാണ്. ഇതിനെല്ലാം പുറമെ, ജനസാമാന്യത്തിനു യാതൊരധികാരവും കൊടുക്കാതേയും യൂറോപ്പിലുള്ള മററു പരിഷ്കൃതരാജ്യങ്ങളിലെ ജനങ്ങൾ വളരെ കാലമായി അനുഭവിച്ചുവരുന്ന അനവധി സ്വാതന്ത്ര്യങ്ങളിൽ മിക്കവയും തന്റെ പ്രജകളെ അറിയിക്കാതേയും ചക്രവൎത്തി ഏകശാസനനായി നടത്തിവരുന്ന രാജ്യഭരണരീതിയുടെ [illegible] ഫലമായി പ്രജകളിൽ ഒരു പ്രധാന ഭാഗക്കാർ രാജവിരോധികളായി തീൎന്നുകൊണ്ട് എങ്ങിനെയെങ്കിലും ചക്രവൎത്തിയെ നാമാവശേഷമാക്കുവാൻ ബദ്ധകങ്കണന്മാരായി തരംനോക്കി നടക്കുന്നവരായ അനവധി ആളുകൾ സാമാന്യം എല്ലാ ഗവൎമ്മേണ്ടാപ്പീസുകളിലും പൊല്ലീസ്സ്, പട്ടാളം കോവിലകം മുതലായ ഡിപ്പാൎട്ടുമെണ്ടുകളിൽ കൂടിയും കടന്നുകൂടി കൂടെക്കൂടെ ഓരോ ശല്യങ്ങൾ കിടവരുത്തുന്നതിനാൽ തന്റെ പ്രജകളിലും ഉദ്യോഗസ്ഥന്മാരിലും ശേവുകക്കാരിലും ആരെല്ലാം ബന്ധുക്കൾ ആരെല്ലാം ശത്രുക്കൾ എന്നത് അറിവാൻ തരമില്ലാതെ ചക്രവൎത്തിയുടെ മനസ്സിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭയത്തിന്നു യാതൊരളവും ഇല്ല. ഈ ഭയം നിമിത്തം മേല്പറഞ്ഞ രാജവിരോധികളിൽനിന്നു ജനിക്കാവുന്ന ഉപദ്രവങ്ങളെ കഴിയുന്നതും തടുക്കുവാൻവേണ്ടി ചക്രവൎത്തിയുടെ ഇരുപ്പ്, കിടപ്പ്, ഗതാഗതം, ഭക്ഷണം മുതലായ സകല ഏൎപ്പാടുകളെ സംബന്ധിച്ചും അനേകവിധമായ മുൻകരുതലുകൾ വളരെ ജാഗ്രതയോടുകൂടി ചെയ്തുവരുന്നുണ്ട്. ചക്രവൎത്തി വല്ല കസാലയിലും ചെന്നിരിക്കുകയൊ, വല്ല മെത്തയിലും കിടക്കുകയൊ

ചെയ്യുന്നതിനു മുമ്പായി വിശ്വസ്തന്മാരായി വിചാരിക്കപ്പെട്ടിട്ടുള്ള വല്ലവരും കസേരയുടെ കീഴിലൊ മേശയുടെ അടിയിലൊ ഡൈനമെററ് മുതലായി അമൎച്ചു തട്ടിയാൽ പൊട്ടിത്തെറിക്കുന്ന സ്ഫോടകസാധനങ്ങൾ വെച്ചിട്ടുണ്ടോ എന്നു പരിശോധിക്കണം. വല്ല ഭക്ഷണം കഴിക്കുന്നതിനു മുമ്പായി ആ ഭക്ഷണത്തിൽ വിഷം ചേൎത്തിട്ടുണ്ടോ എന്നു് ഒരാൾ തിന്നുനോക്കണം. ഗതാഗതത്തിന്റെ കാൎയ്യത്തെപ്പററി പറയുന്നതായാൽ സ്വച്ഛന്ദസഞ്ചാരം ചക്രവൎത്തിക്കു നാസ്തിയാണല്ലോ. ആ കാൎയ്യത്തിലും വല്ലപ്പോഴും പുറത്തു പോകേണ്ടിവന്നാൽ ചെയ്യാറുള്ള മുൻകരുതലുകൾ അനവധിയുണ്ടു്. ഇങ്ങിനെയൊക്കെയാണെങ്കിലും, ഈ വക ഏൎപ്പാടുകൾകൊണ്ടുതന്നെ ചക്രവൎത്തിയുടെ മനസ്സിന്നു് അസ്വാസ്ഥ്യം ഒഴിഞ്ഞിട്ടുള്ള സമയം ദുൎല്ലഭമാണെന്നു ആൎക്കും ഊഹിക്കാവുന്നതാണു്. ഇനി പ്രകൃതത്തിൽ കടക്കട്ടെ. ഭക്ഷണകാൎയ്യത്തിൽ ചക്രവൎത്തിക്കുള്ള മുഖ്യഭയം വിഷത്തെ സംബന്ധിച്ചാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. അദ്ദേഹത്തിന്റെ അടുക്കളത്തെ ഏൎപ്പാടിനെപ്പററി ചക്രവൎത്തിയുടെ മടപ്പള്ളിയിൽ രണ്ടുകൊല്ലക്കാലം ഒരു പാചകനായിരുന്ന വിക്ടർ ഹർറ്സ്ലർ (Victor Hirtzler) എന്ന വിദ്വാൻ എഴുതിട്ടുള്ള ഒരു ലേഖനത്തിൽനിന്നു താഴെ പറയുന്ന ചില വിവരങ്ങൾ എടുക്കുന്നു.

ചക്രവൎത്തിയുടെ അടുക്കളത്തുവെപ്പു ഡിപ്പാൎട്ടുമെണ്ടു പലേ വകുപ്പുകളായി ഭാഗിക്കപ്പെട്ടിട്ടുണ്ടു്. ഇംഗ്ലീഷു പാചകരീതിയിലുള്ള പലവിധം കറികളും ഭക്ഷ്യപേയങ്ങളും ഉണ്ടാക്കുന്നതിനു മിടുക്കന്മാരായ പാചകന്മാരുള്ള ഒരു ഇംഗ്ലീഷു വകുപ്പു്, മേൽപ്രകാരം ഒരു പരന്ത്രീസ്സു വകുപ്പു്, ജൎമ്മൻ വകുപ്പു്, റഷ്യൻ വകുപ്പു് ഇങ്ങിനെ എട്ടുപത്തു വകുപ്പുകളാണു് ആ ഡിപ്പാൎട്ടുമെണ്ടിലുള്ളതു്. അതിലെല്ലാം കൂടി നൂറുകുവാനും അരുസ്സുവാനും വെള്ളുവാനുമായി മൂന്നൂറു പാചകന്മാരും അവൎക്കെല്ലാവൎക്കും മേലധികാരിയായി ഒരു പ്രധാന പാചകനും ഉണ്ടു്. ഈ പ്രധാന വെപ്പുകാരന്റെ ശമ്പളം കൊല്ലത്തിൽ പതിനായിരം (10,000) പവൻ (ഒരു ലക്ഷത്തിൽ ചില്വാനമായോളം ഉറുപ്പിക) യാണത്രെ. ഈ പാചകന്റെ വാസ്തവത്തെപ്പററി ഏതാ

നക്കാരിൽ ചിലൎക്കു സംശയം തോന്നിയേക്കാം. എന്നാൽ എൺപത്താറലക്ഷത്തിനാല്പത്തിനാലായിരം ചതുരശ്രനാഴിക വിസ്താരവും പന്ത്രണ്ടുകോടി തൊണ്ണൂറലക്ഷം ജനങ്ങളും കൊല്ലത്തിൽ പതിനാലുകോടി പവൻ മുതലെടുപ്പും ഉള്ള ഒരു മഹാസാമ്രാജ്യത്തിന്റെ ചക്രവൎത്തിയായിരുന്നുകൊണ്ടു രാജാവിന്റെ നിലയിൽ തനിക്കുള്ള അവസ്ഥകളും സ്ഥാനമാനാദികളും നിലനിൎത്തിക്കൊണ്ടുപോകുന്നതിനും മററു പല ആവശ്യങ്ങൾക്കുമായി പബ്ലിക് സ്വത്തിൽനിന്നു ഒരു വലിയ അംശം ചിലവാക്കുന്നതിനുപുറമെ തന്റെ സ്വകാൎയ്യം ചിലവുകൾ വകക്കായി പബ്ലിക് ഖജാനയിൽനിന്നു എടുക്കുന്ന പതിനാലുലക്ഷത്തിപതിനായിരം (14,10,000) പവനും മററു സ്വകാൎയ്യസ്വത്തുക്കളിൽനിന്നു പുറപ്പാടുള്ള ഇരുപത്തഞ്ചുലക്ഷം (25,00,000) പവനുംകൂടി 39,10,000 പവൻ, അതായതു്, അഞ്ചുകോടി എണ്ണൂത്താറുലക്ഷത്തി അമ്പതിനായിരം (586,50,000) ഉറുപ്പിക കൊല്ലത്താൽ സ്വകാൎയ്യം വരവുള്ള ഒരാളുടെ പ്രധാന വെപ്പുകാരനാണ് ഈ ഉദ്യോഗസ്ഥൻ എന്നു മനസ്സിലാക്കുമ്പോൾ ആ സംശയത്തിനു നിവൃത്തിയുണ്ടാകുന്നതുമാണ്. ഈ പ്രധാന പാചകന്റെ ഉദ്യോഗം റഷ്യയിൽ വളരെ അന്തസ്സും ബഹുമാനവും ഉള്ളതായിട്ടാണ് വിചാരിക്കപ്പെടുന്നത്. ഇയ്യാളുടെ പ്രധാന ജോലി അടുക്കളത്തുള്ള കാൎയ്യങ്ങളുടെ മേൽവിചാരമാണ്. എന്നാൽ ചിലപ്പോൾ ചക്രവൎത്തി ഇയ്യാളെ വിളിച്ച് അതുവരെ ഉണ്ടാക്കീട്ടില്ലാത്തതായ എന്തെങ്കിലും ഒരു പുതിയ കറിയോ, പലഹാരമോ പായസമോ മററും ഉണ്ടാക്കുവാൻ കല്പിക്കുമത്രെ. അപ്പോഴാണ് ഇയ്യാൾക്കു പാത്രവും കയ്യിലും, ഉപ്പും മുളകും, തീയും വിറകും എടുത്തു പ്രയോഗിച്ചു ശരിയായ പാചകപ്രവൃത്തി ചെയ്യാനാവശ്യം നേരിടുന്നത്. കല്പനയുണ്ടായാൽ ഉടനെതന്നെ വേണ്ടുന്ന സാമാനങ്ങളും പാത്രങ്ങളും മററും എടുത്ത് ഇയ്യാൾ തനിക്കു പ്രത്യേകമായിട്ടുള്ള മടപ്പിള്ളിയിലേക്കു കടന്നു വാതലടക്കുന്നു. പിന്നെ കുറെ നേരത്തേക്ക് അതിനകത്തു കൊത്തലും നുറുക്കലും, അരക്കലും പൊടിക്കലും, വറുക്കലും പൊരിക്കലും തകൃതിയാണ്. ഒടുക്കം അതുവരെയും യാതൊരു മനുഷ്യനും സ്വാദറിഞ്ഞിട്ടില്ലാത്ത എന്തെങ്കിലും അതി വിശേഷമാ

യ ഒരു ഭക്ഷണപദാൎത്ഥവുംകൊണ്ട് ആയാൾ പുറത്തേക്കു വരുന്നു. പിന്നെ ആയാൾതന്നെ അതിൽനിന്നു അല്പം എടുത്തു ഭക്ഷിക്കും. തന്റെ കീഴിലുള്ള ചില പാചകന്മാരും കുറേശ്ശെ ഭക്ഷിക്കും. പിന്നെ പട്ടാളത്തിലെ ഉയൎന്ന ഉദ്യോഗസ്ഥനായ ഒരു മേജർ പ്രവേശിച്ച് ഇവയെല്ലാം അല്പാല്പം ഭക്ഷിക്കും. കുറച്ചുനേരം എല്ലാവരും താമസിച്ചതിനുശേഷം ആൎക്കും ആ ഭക്ഷണസാധനത്തിൽനിന്നു യാതൊരു സുഖക്കേടും ഉണ്ടായില്ലെന്നു ബോദ്ധ്യപ്പെട്ടാൽ അതു ചക്രവൎത്തിക്കു ഭക്ഷിപ്പാനുള്ള നിവേദ്യമായി. ഈ പ്രസ്താവിച്ച മേജർ എന്ന പട്ടാളഉദ്യോഗസ്ഥൻ അശനത്തു കാൎയ്യങ്ങളിൽ പാചകന്മാരുടെ പ്രവൃത്തികളെ പരിശോധിപ്പാനും ഉണ്ടാക്കുന്ന സാധനങ്ങളെ മുൻകൂട്ടി ഭക്ഷിച്ചു നോക്കുവാനുംവേണ്ടി ചക്രവൎത്തി തന്നെനു തിരഞ്ഞു നിശ്ചയിക്കപ്പെടുന്ന ഒരാളാണ്. പാചകന്മാർ പ്രവൃത്തി ചെയ്യുമ്പോൾ എപ്പോഴും ഈ മേജർ മടപ്പിള്ളിയിൽതന്നെ ഉണ്ടായിരിക്കണം. ഒരു ദിവസം ഓരോനേരത്തിനു തയ്യാറാക്കേണ്ടതായ വട്ടങ്ങൾ ഇന്നിന്നവ വേണമെന്നു ചക്രവൎത്തി ഈ മേജരോടു കല്പിക്കുകയാണ്. മേജർ അതെല്ലാം കുറിച്ചെടുത്തു പ്രധാനപാചകന്റെ കയ്യിൽ കൊടുക്കുന്നു. ആയാൾ അതിനെ മടപ്പിള്ളിയിൽ ഒരു പ്രത്യേകഭാഗത്തു ചുമരിൽ പതിക്കുന്നു. ഉടനെ മുൻപ്രസ്താവിച്ച ഇംഗ്ലീഷ്, പരന്ത്രീസ്സ്, ജൎമ്മൻ, മുതലായ വകുപ്പുകളിലെ ഹെഡ് പാചകന്മാർ ആ കുറിപ്പു വായിച്ചുനോക്കി അവരവരുടെ വകുപ്പുകളിൽ പെടുന്ന ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാൻ അവരവരുടെ കീഴിലുള്ള പാചകന്മാരോടുകൂടി ഉത്സാഹം തുടങ്ങുന്നു. മുന്നൂറു പാചകന്മാരും അവർ പറയുന്നതും പ്രവൃത്തിക്കുന്നതും എല്ലാം സൂക്ഷിച്ചുനോക്കി അറിഞ്ഞുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും മടപ്പിള്ളിയുടെ ഉള്ളിലും പുറത്തും ആയുധപാണികളായി നടക്കുന്ന അനവധി പട്ടാളക്കാരും അവൎക്കെല്ലാം തലവനായ ഒരു മേജരും എല്ലാംകൂടിയ ആ കാഴ്ച ഓരോരുത്തൎക്കു ഓരോ പ്രകാരമുള്ള വികാരങ്ങളെ ജനിപ്പിക്കുന്നതായിരിക്കും എന്നു മാത്രം പറഞ്ഞാൽ മതിയല്ലോ. അശനത്തിന്റെ ചട്ടവട്ടങ്ങൾ താഴെ പറയും പ്രകാരമാണ്. കാലത്ത് എട്ടുമണിക്ക് ഒരു പ്രാതൽ. ഇതിനു മുട്ട, കാപ്പി, ചായ,

ചാർക്കലെററ (ഇത് ഒരു മധുരപലഹാരമാണ്) പഴങ്ങൾ ഇളകളും റഷ്യാരാജ്യത്തു ചില നദികളിൽനിന്നു പിടിക്കുന്ന സ്റ്റർജ്യൺ, സ്റ്റർലെററ് ഇങ്ങിനെ രണ്ടുവക മത്സ്യങ്ങളുടെ പനഞ്ഞിൽ (മുട്ടകൾ) കൊണ്ടു ഫ്രഞ്ചുസൂപ്പുവകുപ്പിൽ ഉണ്ടാക്കുന്ന 'കെവിയാർ' (Caviare) എന്ന പലഹാരവും താറാവിന്റെ യകൃത്ത് (Liver) കൊണ്ടു മേൽവകുപ്പിൽ തന്നെ ഉണ്ടാക്കുന്ന 'പാറെറഡിഫൊഗ്രൂ' (Pate De foie gras) എന്ന കറിയുമാണ് വട്ടങ്ങൾ. പിന്നെ പതിനൊന്നു മണിക്ക് ഇടനേരം. ഇതിനു പലതരം സസ്യക്കറികളും മാംസക്കറികളും രസങ്ങളും, ഫലങ്ങളും ഇളകളാണ് വട്ടങ്ങൾ. പിന്നെ അഞ്ചു മണിക്ക് അത്താഴം. റഷ്യൻ വകുപ്പിലുണ്ടാക്കുന്ന 'ബോർഷ്' എന്നു പേരായ ഒരു 'രസ'മാണത്രെ മുമ്പിൽ ചക്രവർത്തി കഴിക്കുന്നത്. പിന്നെ ക്രമത്തിൽ ഓരോരോ വകുപ്പിലും ഉണ്ടാക്കിയതായ നാലോ അഞ്ചോ കൂട്ടം പദാർത്ഥങ്ങളും ഇടക്കിടക്കു പോർട്ടുവൈനും റഷ്യയിലുണ്ടാക്കുന്ന 'വോഡ്കാ' എന്ന മദ്യവും ഉപയോഗിക്കും. ഈ ഭക്ഷണസാധനങ്ങളെല്ലാം ഉണ്ടാക്കി കഴിഞ്ഞാൽ മടപ്പിള്ളിയിൽ തയ്യാറായിരിക്കുന്ന ഒരു വലിയ ഇരുമ്പുകൂട്ടിൽ അതെല്ലാം കയററിവെച്ചു വിളമ്പുന്നവരും ചട്ടാളത്തിലെ മേജരും ആ കൂട്ടിനുള്ളിൽ കേറിയിരിക്കും. ഉടനെ ആ കൂട് ഒരു യന്ത്രത്തിന്റെ സഹായത്താൽ മേല്പോട്ടു വലിച്ചുകേററി ചക്രവർത്തിയും ചക്രവർത്തിനിയും കുട്ടികളും ഭക്ഷണത്തിനു തയ്യാറായിരിക്കുന്ന മേൽത്തട്ടിലെ ഒരു മുറിയിലേക്കു പ്രവേശിക്കും. വിളമ്പാനുള്ള സാധനങ്ങളെല്ലാം മേജർ ചക്രവർത്തിയുടെ മുമ്പിൽവെച്ചു ഒരിക്കൽകൂടി ഭക്ഷിക്കണം. അതിനു ശേഷമേ ചക്രവർത്തിയും കുടുംബവും ഭക്ഷിക്കുകയുള്ളൂ. ക്രമമായ സാപ്പാടു കഴിഞ്ഞാൽ ഒടുവിൽ മധുരപലഹാരങ്ങൾ വല്ലതും ഉണ്ടാകും. പലഹാരങ്ങളിൽ ചിലതു ഓരോ പക്ഷികളുടേയും മൃഗങ്ങളുടേയും പുഷ്പങ്ങളുടേയും ഫലങ്ങളുടേയും ആകൃതിയിൽ ആയിരിക്കുന്നതിനു പുറമെ വേറെ ചിലതു ചക്രവർത്തിക്കു പരിചയമുള്ള സ്ത്രീപുരുഷന്മാരിൽ ചിലരുടെ ശരിയായ പ്രതിമകളായിരിക്കുകയും ചെയ്യും. ആസകലാൽകൂടി ആലോചിച്ചാൽ വല്ലാത്ത ഒരു അവസ്ഥതന്നെ. ഓരോരോ ഭക്ഷണപദാർത്ഥങ്ങളും ഉണ്ടാക്കുന്നതിന്നാവശ്യമായ കസ്തൂരിസാമാനങ്ങ

ളും മത്സ്യമാംസങ്ങളും പുറത്തുനിന്നു ശേഖരിച്ചു കൊണ്ടുവരുവാൻ മററും അനവധി ഉദ്യോഗസ്ഥന്മാരും ശേവുകക്കാരും മേലന്വേഷിക്കാരും ഉണ്ടായിരിക്കുന്നതിനു പുറമെ ദിവസേന ഭക്ഷണം തയ്യാറാക്കുവാൻവേണ്ടി അടുക്കളയിൽതന്നെ ഒരു പട്ടാളം പാചകന്മാരും മേലന്വേഷണക്കാരും, മേൽപ്രകാരം ഒരു നേരത്തെ ഭക്ഷണം തയ്യാറാക്കുന്നതിനു സാധാരണന്മാരായ അസംഖ്യം ജനങ്ങൾക്കു കുഡുംബസമേതം അനവധി ദിവസത്തെ ഉപജീവനത്തിനു വക മതിയാവുന്ന ഒരു ചിലവും ഉള്ള ഒരു മനുഷ്യനും ഒരു സ്ത്രീയും രണ്ടു മൂന്നു കുട്ടികളും ഉള്ള ഈ കുഡുംബത്തിന്റെ ശേഷം അവസ്ഥകൾ വായനക്കാർ അവരവരുടെ മനോധർമ്മംപോലെ ഊഹിച്ചുകൊള്ളട്ടെ.

സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. എ.

നഭോമണ്ഡലത്തിലെ

ചില വിശേഷങ്ങൾ

I

കാററ്.

കാററ്, കൊടുങ്കാററ്, ചുഴലിക്കാററ് മുതലായി വെറും വായുസംബന്ധമായിട്ടും, മഞ്ഞുകട്ട, മഞ്ഞുവെള്ളം, മഞ്ഞ്, മഴ, മേഘം, ആലിപ്പഴം (വർഷോപലം=Hail) എന്നു തൊട്ടു ജലമയങ്ങളായിട്ടും, ഇടി, മിന്നൽ, ആകാശവില്ല്, ധ്രുവദീപ്തി എന്നു തുടങ്ങി പ്രകാശമുള്ളവയായിട്ടും വായുമണ്ഡലത്തിലുണ്ടാവുന്ന വിവിധവിശേഷങ്ങൾ മൂന്നുവിധത്തിൽ വേർതിരിക്കപ്പെടാവുന്നതാണ്. സാധാരണങ്ങളായും അസാധാരണങ്ങളായും വായുമണ്ഡലത്തിലുണ്ടാവുന്ന ഓരോ വിശേഷങ്ങളുടെ അവ

സ്ഥാനാന്തരങ്ങളേയും പ്രകാരഭേദങ്ങളേയും ശാസ്ത്രാനുസരണം വേർതിരിച്ചും സുവ്യക്തമായും പരിച്ഛിന്നമായും കണ്ടറിയാൻ കേവലം നിസ്സഹായന്മാരായ നമ്മുടെ ദൃഷ്ടികൾക്കു ശക്തിയില്ലാത്തതിനാൽ പ്രകൃതിശാസ്ത്രത്തിൽ വിചക്ഷണന്മാരായ പല പണ്ഡിതന്മാരും ഉത്തമോത്തമം പരിഷ്കൃതങ്ങളായ പലതരം യന്ത്രങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. ഈ കൂട്ടത്തിൽ സെഫി, എന്നാളുടെ കാലാവസ്ഥായന്ത്രമാണ് (Meteorograph) എല്ലാംകൊണ്ടും തികഞ്ഞിട്ടുള്ളത്. ഈ യന്ത്രംകൊണ്ടു കാറ്റിന്റെ ഗതിയും ഗതിവേഗവും വായുവിന്റെ ശീതോഷ്ണസ്ഥിതിയും ആർദ്രതയും, മഴയുണ്ടായ കാലവും മഴയുടെ അളവും സൂക്ഷ്മമായി അറിയുവാൻ കഴിയും. ഈ അറിവിൽനിന്നു കാലാവസ്ഥയെ നിർണ്ണയിക്കുകയും ചെയ്യാം. ഈ യന്ത്രത്തിന്റെ അംഗോപാംഗങ്ങളേയും അവയുടെ പ്രവൃത്തികളേയും പൂർണ്ണമായി വിവരിക്കുന്നതായാൽ സാധാരണന്മാർക്കു അതു ഗ്രഹിക്കുവാൻ പ്രയാസമായി തീരുവുന്നതിനാൽ പൊതുവിൽ അതു രുചിക്കാതെയും വന്നേക്കാം. ആയതുകൊണ്ടു ആ യന്ത്രത്തിന്റെ സ്വരൂപജ്ഞാനത്തിനുവേണ്ടി അതിന്റെ ഒരു പുറം തട്ടിയ വിവരണംമാത്രമേ ഇവിടെ ചേർക്കുന്നുള്ളൂ.

ഏകദേശം രണ്ടടി ഉയരത്തിൽ കല്ലുകൊണ്ടു പടുത്തുകെട്ടിയ ഒരു തറയുടെ നാലു മൂലകളിലും ഏകദേശം രണ്ടരവാര ഉയരത്തിൽ സ്തംഭങ്ങളും അവകളിന്മേൽ ഒരു മേശത്തട്ടും അതിന്മേൽ നാഴികമണിയുടെ പണിപ്പാടുപോലെ ഒരു പണിപ്പാടും ഉണ്ട്. ഈ പണിപ്പാടാണ് ആ യന്ത്രത്തിന്റെ ജീവൻ. ഇതിലുള്ള മണിവില്ലിന്റെ ശക്തികൊണ്ടാണ് യന്ത്രോപാംഗങ്ങളുടെ ചലനങ്ങൾ ക്രമപ്പെടുത്തുന്നത്. മേശയുടെ ഇരുവശങ്ങളിലായി തൂണുകളിന്മേൽ കൂടി ക്രമേണ കീഴ്പ്പോട്ട് ഇറങ്ങിക്കൊണ്ടിരിക്കുന്നതായ രണ്ടു പലകകളുണ്ട്. ഈ പലകകൾ ചോട്ടിലേക്ക് ഇറങ്ങുന്നവഴി അവകളിൽ പതിയുന്ന വരകളും കുറികളുമാണ് കാലാവസ്ഥാന്തരങ്ങളെ നിർണ്ണയിക്കുവാനുള്ള സങ്കേതങ്ങൾ. ഇതിൽ ഒരു പലക പത്തുദിവസംകൊണ്ടേ ചോട്ടിലെത്തുള്ളൂ. മറേറതു രണ്ടുദിവസംകൊണ്ടും ആദ്യത്തേതിൽനിന്നു കാറ്റിന്റെ ഗതിവേഗം, ശീതോഷ്ണസ്ഥിതി, വായുവിന്റെ

അമൎച്ച, മഴയുടെ കാലം, അളവ് ഇത്രയും അറിയാം. രണ്ടാമത്തേതിൽനിന്നു വായുവിന്റെ അമൎച്ചയും മഴയുടെ സ്ഥിതിയും ആവൎത്തിച്ചു വിസ്താരമായി അറിയുന്നതിന്നു പുറമെ വായുവിന്റെ നനവും കൂടി അറിവാൻ കഴിയും.

ഓരോരൊ സംഗതികൾ അറിവാൻ ഓരോരൊ പ്രകാരത്തിൽ ആണ് വരകളും കുറികളും ഉണ്ടാവുന്നത്. കാററിന്റെ ഗതി വിദ്യുൽകാന്തശക്തികൊണ്ടു ക്രമപ്പെടുത്തി നടത്തുന്ന നാലു പെൻസിലുകൾ കുറിക്കുന്ന രേഖകളെക്കൊണ്ടും ഗതിവേഗം കാററാടിയന്ത്രത്തിരിപ്പുകൊണ്ടും ശീതോഷ്ണസ്ഥിതി ഒരു ചെമ്പുകമ്പിയുടെ നീളത്തിലുണ്ടാവുന്ന ഏററക്കുറച്ചിൽകൊണ്ടും വായുവിന്റെ അമൎച്ച ഒരു തൂശിയുടെ ആട്ടത്തിൽനിന്നും അറിയുന്നു. മഴയുടെ വിവരം അറിയുന്നതു വിദ്യുൽകാന്തത്തോടുകൂടി ഘടിപ്പിച്ചിട്ടുള്ള ഒരു ഇലാസ്സിന്റെ തട്ടുകളുടെ സ്ഥാനത്തുള്ള രണ്ടു കിണ്ണങ്ങളിൽ വെള്ളം നിറയുമ്പോൾ അതിന്റെ ഘനത്തിൽനിന്നും കിണ്ണങ്ങളോടു സംബന്ധിച്ചിട്ടുള്ള ഒരു തൂശിയുടെ ചലനത്തിൽനിന്നും ആകുന്നു.

ഗതിയും വേഗവും കൂടക്കൂടെ മാറിക്കൊണ്ടു വായുമണ്ഡലത്തിൽ പ്രവഹിക്കുന്ന ഒരു മാതിരി ഒഴുക്കാണ് കാററ്. ഇതിന്റെ വേഗം ഒരു സെക്കൻഡിൽ പതിനെട്ടിഞ്ച് അകലം പോകത്തക്ക വണ്ണമുള്ളതല്ലെങ്കിൽ ആ കാററു പ്രത്യക്ഷമല്ല. ഒന്നര അടിമുതൽ രണ്ടടിവരെ വേഗമുള്ള കാററു ചെറുകൊടികൾ ഇളക്കുവാൻ മതിയാകും. പതിമ്മൂന്ന് അടിമുതൽ ഇരുപത്തിരണ്ട് അടിവരെ വേഗമുള്ളതാകുന്നു 'സാമാന്യകാററ്'. ഇരുപത്തിമൂന്നു മുതൽ മുപ്പത്തഞ്ചുവരെ വേഗമുള്ളത് ഇലകളെ സ്വല്പവാകുംവണ്ണം ഇളക്കുന്ന 'മന്ദമാരുത'നാകുന്നു. മുപ്പത്തഞ്ചുമുതൽ അൻപത്തഞ്ചുവരെയുള്ളതു വൃക്ഷങ്ങളുടെ ചില്ലകളും കൊമ്പുകളും ഉലയത്തക്കവണ്ണം ശക്തിയുള്ളതായിരിക്കും. അൻപത്തഞ്ചുമുതൽ തൊണ്ണൂറുവരെ വൃക്ഷങ്ങളുടെ കട പൊഴുക്കുന്ന 'കൊടുങ്കാററ്'ആകുന്നു. തൊണ്ണൂറുമുതൽ ഒരുനൂററിഇരുപതുവരെയുള്ളതാണ് വേരു പറിക്കുന്ന 'വൻകൊടുങ്കാററ്'.

അയൽനാടുകളിൽ ഉഷ്ണാവസ്ഥയുടെ ഭേദഗതിഹേതുവായിട്ടു വായുമണ്ഡലത്തിൽ ഉണ്ടാവുന്ന ക്ഷോഭമാകുന്നു കാററിന്നുള്ള

കാരണം. എന്തെന്നാൽ ഒരു പ്രദേശത്തിന്നു അധികം ചൂടുതട്ടുമ്പോൾ അവിടെയുള്ള വായു ചൂടുതട്ടി ഘനക്കുറവുള്ളതായിത്തീൎന്നു മേല്പോട്ടു പൊങ്ങും. അപ്പോൾ ചൂടുകുറഞ്ഞ പുറം ദിക്കുകളിലെ ഉപരിഭാഗങ്ങളിലേക്കു വീശുകയും ചൂടുതട്ടി ഉയൎന്നകാറ്റിന്റെ സ്ഥാനം പിടിക്കുവാൻ തണുപ്പുള്ള പ്രദേശത്തിൽനിന്നു ചോട്ടിൽകൂടി കാററു വീശുകയും ചെയ്യുന്നു. ഇങ്ങിനെ ചൂടുതട്ടിയ കാററു മേൽഭാഗങ്ങളുടെ പുറത്തേക്കും അതിന്നെതിരായി ചൂടുകുറഞ്ഞ കാററു കീഴ്ഭാഗങ്ങളുടെ അകത്തേക്കും വീശുന്നു. സാധാരണ കാററുതന്നെ കാലത്തെ സംബന്ധിച്ചേടത്തോളം സ്ഥിരം, ക്രമം, അസ്ഥിരം എന്നും മൂന്നായിട്ടു തരംതിരിക്കാവുന്നതാണ്.

സ്ഥിരമായ കാററു കൊല്ലംമുഴുവനും ഒരേവഴിക്കു വീശിക്കൊണ്ടിരിക്കും. 'വാണിജ്യവാതങ്ങൾ' എന്നുകൂടി വിളിച്ചുവരുന്ന ഈ കാററു നിരക്ഷദേശങ്ങളിലുള്ള* കരകളിൽനിന്നു അകലെയായിട്ടാണ് കലൎച്ചകൂടാതെ കണ്ടുവരുന്നത്. ഉത്തരഗോളാൎദ്ധത്തിൽ അതിന്റെ ഗതി വടക്കു കിഴക്കുനിന്നു തെക്കുപടിഞ്ഞാട്ടും ദക്ഷിണഗോളാൎദ്ധത്തിൽ തെക്കുകിഴക്കുനിന്നു വടക്കുപടിഞ്ഞാട്ടും ആകുന്നു. സൂൎയ്യന്റെ കിഴക്കുനിന്നു പടിഞ്ഞാട്ടുള്ള ഗതിയിൽ അയനമാൎഗ്ഗങ്ങളിലുള്ള കാററു ചൂടുപിടിച്ച് ഉയരുമ്പോൾ തെക്കുനിന്നും വടക്കുനിന്നും ആ സ്ഥാനത്തേക്കു വീശുന്ന കാററാകുന്നു മേൽപറഞ്ഞത്. 'ക്രമക്കാററ്' എന്നു പറയുന്നത് അതാതു കാലങ്ങളിലൊ ദിവസത്തിൽ അതാതു മണിക്കൂറുകളിലൊ ഒരേവഴിക്കു വീശുന്ന ഒരുമാതിരി കാററാകുന്നു. കാലവൎഷക്കാലത്തും തുലാവൎഷക്കാലത്തും വീശുന്ന കാററുകൾ 'മൺസൂൺ', കടൽക്കാററ്, കരക്കാററ് ഇവയെല്ലാം ഇതിന്ന് ഉദാഹരണങ്ങളാകുന്നു. 'സൈമൂം' എന്നു പറയുന്നതു് ഏഷ്യയിലും ആഫ്രിക്കയിലും ഉള്ള മരുഭൂമികളിൽ വീശുന്ന ഒരുതരം ചുട്ടുപഴുത്ത കാററാകുന്നു. അതു പോകും വഴി പരന്നുകിടക്കുന്ന മണലുകൾ വായുമണ്ഡലത്തിൽ എത്രയൊ ഉയരത്തിൽ അടിച്ചു പറപ്പിച്ചു ആ പ്രദേശങ്ങൾ മുഴുവനും ഇരുട്ടടച്ച കൂട്ടത്തിൽ ആക്കിത്തീൎക്കും. ആ കാററേററാൽ തോലി മുഴുവനും വരണ്ടുപോകും. കി

* Equatorial regions

ത്തപ്പു വർദ്ധിക്കും. ചുട്ടെരിഞ്ഞിട്ടുള്ള ദാഹവും ഉണ്ടാവും. ഇററലിയിലും, ആൽജിയെർസിലും സഹാറമരുഭൂമിയിൽനിന്നു വരുന്ന ഈഷ്ണത്വക്കാററിനു 'സിറോക്കൊ' എന്നാണ് പേർ പറയുന്നത്. 'ഈജിപ്ത്' രാജ്യത്ത്, മേടം, എടവം, മിഥുനം, കാലങ്ങളിലാണ് ഇങ്ങനെ കാററു വീശുന്നത്. അവിടെ ഇതിനുള്ള പേർ 'കാംസിൽ' എന്നും ആകുന്നു. അസ്ഥിരമായ കാററ് അതിന്റെ നാമധേയം കൊണ്ടു കുറിക്കുന്നപോലെതന്നെ യാതൊരു സ്ഥിരതയും കൂടാതെ വീശുന്നതാകുന്നു.

ആർ. വി.

ഗന്ധിമാലമ്മദ

(൨)

തലമുടിയടിയോളംവീണുമാറാന്നതാപാ-
ജ്വലനമെന്നരികമ്മലാപല്ലവംഗംചുടച്ചും
ചലമിഴികടന്നന്നങ്ങുംവീങ്ങിയുംമെണ്ടുവാമീ-
ഞ്ചലമിഴിയുടെനേരെമന്നവന്നുള്ളലിഞ്ഞു. ൯൯

പതിയുടെവിരഹത്താൽഗണ്ഡയുഗ്മംവെളുത്തു
മതിമുഖിനെടുവീർപ്പാൽചുണ്ടുരണ്ടുംവരണ്ടും
സതിബതകുചയുഗ്മംവാടിയുംവാടിട്ടമ്പോറ്റ്
ക്ഷിതിപതിയുടെനേത്രംകണ്ണുനീർകൊണ്ടുമങ്ങി. ൧൦൦

ഉടുപുടവമുഷിഞ്ഞുംനെററിയിൽപൊട്ടുമാഞ്ഞും
ചടുലമിഴിചുവന്നുംചാരുദേഹംതളർന്നും
ചുടുവിരഹമെരിഞ്ഞുംകേശമാസ്സ്യാഭചിലും-
മെന്നൊടുസപദിപറിച്ചുട്ടുപമെധൈര്യമന്നു. ൧൦൧

ഇവളുടെ ഹൃദയത്തിൽ താപമിവണ്ണമേകാ-
നെവനഹഹ! കഠോരൻ ചെയ്തുവപാപമേവം
അവനിനിയൊരുനാഴികയില്ലൂഴിമേലെ-
ന്നവനിപതിയുരച്ചാൻ താപകോപാകലാത്മാ. ൩൨

തനയയുടെ വിഷാദം കണ്ടുകണ്ണീരൊഴുക്കും
ജനനിയൊടുരചെയ്താൻ മന്നവൻ പിന്നെയേവം
അനഘഗുണനിധേ നീ ദുഃഖിയായ്കാധി ചേർക്കും
ജനമിവിടെ വരട്ടെ തൽക്ഷണം ശിക്ഷചെയ്യാം. ൩൩

അവനിവിടെ വരുമ്പോഴുൾഭ്രമം കാട്ടിടേണം
ജവമൊടു മതിഭേദം കൊണ്ടുവന്നീടണം നീ
ഇവനെയറയിലാക്കിപ്പൂട്ടിയുണ്ടെന്നു ചൊല്ലീ-
ട്ടവനെയവിടെയാരും കണ്ടിടാതാക്കുകമ്മേ. ൩൪

സ്മിതമൊടു ശശി വാനിൽ പൊങ്ങിയാമം കഴിഞ്ഞു
ചിതമൊടു പുരമെല്ലാം നിദ്രയിൽ പെട്ടു ഗാഢം
സുതനുവിലലിവില്ലാത്തുള്ള മോഹക്കൊഴുപ്പാ-
ന്നതനുപരവശൻ തൽക്രൂരനന്നേരമെത്തി. ൩൫

അതിമിനുസമിണങ്ങും നല്ലവില്ലീസ്സുടുപ്പി-
ട്ടതിലതുലസുഗന്ധദ്രവ്യമൻപോടു പൂശി
മതിമുഖിയുടെ സംഗം തേടുവാൻ മൂഢനാമാ-
ക്കൊതിയനവിടെ വന്നാൻ നൂനമാസന്നകാലൻ. ൩൬

അവധിയതു കഴിഞ്ഞൂ വന്നു ഞാനെന്നു ചിത്ത-
ഭവശരപരിപീഡാബാധിതൻ ചൊന്നനേരം
അവനിപതി പറഞ്ഞോരാവിധം ചെയ്തു കർത്ത-
ക്കവനെയവളയച്ചാൾ പുത്രികാണാതതന്നെ. ൩൭

ഇരുളിരുമിഴിപോലെഹന്തപൂർണ്ണയശസ്സേ!
തിരുമുഖരുചി കാണ്മതില്ലതാമഗ്ര്യമെന്നാ
സുരുചിരതനുവാളേ! തങ്കമേ! നിന്മെയ്ക്കു-
ള്ളൊരുമുടിമണിയും നീയെങ്ങുനില്പ്പതകമെന്ത. ൫൮

അളിമൊഴി! തവ ദാസൻ ചാരികന്നാവല്ലോ
കിളിമൊഴി! കളിയാക്കെന്തെല്ലന്നൊന്നീയന്നാർത്തോ
ഒളിവിലെവിടെനിന്നെൻ വാക്കുകേൾക്കുന്നു വേഗം
തെളിവൊടുകുചകുംഭം നല്ലൊരെപ്പുല്ലുതെന്നോമോ. ൫൯

ചപലനവനിവണ്ണം ചൊല്ലിടും വാക്കുകേട്ടാ
നൃപതിയുടെ മനസ്സിൽ ദുഃഖകോപങ്ങൾ കൂടി
സപദിയരികിലെത്തിക്രൂരനെന്നുധീരൻ
ശപഥമൊടുടനവെട്ടാൻ രണ്ടു കണ്ണങ്ങളാക്കി. ൬൦

ഉടനരചനൊലിക്കും ചോരചോരുന്ന വാളും
തടവിവെളിയിലെത്തിസ്സുസ്മിതം ചൊല്ലിഭയവും
നടവടിതകരാറാം ദുഷ്ടരെ കൊന്നൊടുക്കാൻ
തടവിതിനൊരുനാളും വന്നു ചേരുന്നതല്ല. ൬൧

കുടിലമതിനാശിച്ചു ചതിപ്പോരെന്നുമിഷ്ട-
പ്പടിമതവുകളേ! ഭദ്രമുണ്ടായ്വരട്ടെ
കൊടിയഖലരെയെല്ലാം കൊന്നൊടുക്കുന്നെനിക്കി-
പ്പടിസഹപമധൈര്യം ദൈവമെന്നും തരട്ടെ. ൬൨

വേരികവരികപോകാം മന്ത്രിനാമെന്നു ചൊല്ലി
പരിതമഥനാടന്നു മന്നവൻ മന്ത്രിശീലൻ
പെരിയതരപരിതാപം ഏതിലുണ്ടെന്നുകണ്ടി-
ട്ടരിയവിനയമോടും മന്ത്രി ചോദിച്ചു മന്ദം. ൬൩

തിരുമുഖമിതുകണ്ടാലുഗ്രമാംദുഃഖമെന്തോ
തിരുമനസിമുഴക്കംമുട്ടീതാനന്ദരാജൻ!
ഒരുഖലകസചിവന്മാരെന്തുചെയ്യാൽവിനാശം
വരുമഴലിനധീമൻ! മൂലമീമാലിതെന്തോ. ൧൮

ഉരിയാടിമഹീശപരൻതദാനീം
ശരിയാണൂഹമിനിക്കചിത്തമെല്ലാം
കരിയാമഴലുണ്ടുതാൻവധിച്ചോ-
രരിയാമെന്നുമനസ്സിലാക്കിയേനി. ൧൯

മമനന്ദനനാണവൻമദാന്ധൻ
കുമതിജ്ജനവുപിഴച്ചുപോകമൂലം
വിമതൻ്രതനായിപക്ഷപാതം
ക്രമമല്ലാധരണീശപരക്കതെല്ലും. ൨൦


വിളക്കില്ലാതുള്ളോരറയിലതുകൊണ്ടാണൊസിമയതാ-
ഞ്ഞിളക്കിദ്ദുഷ്ടൻതൻഗളതലമറുത്തിട്ടതു സഖേ!
മുളക്കുമ്പോൾതന്നെനുള്ളിക്കളയണമെടോശത്രുവെമന-
സ്സിളക്കംവാത്സല്യംതടയരുതുനീതിക്രമപഥം ൨൧

അനീതിചെയ്യാതകുമാരനേയും
സുനീതിമാൻകൊന്നതുകൊണ്ടുപാരം
മഹീക്ഷിയുംമൂർഛനമെന്നപോലെ
വിനീതരശ്ശൂന്നനെവാഴ്ത്തിവന്നു. ൨൨

പി. ജി. രാമയ്യർ, ബി. എ. ബി. എൽ.

ബ്രിട്ടീഷ് കൊച്ചിയുടെ

പൂൎവ്വചരിത്രം.



ഒരു കാലം കൊച്ചി കച്ചവടത്തിൽ പരിപൂൎണ്ണതയെ പ്രാപിച്ചിരുന്ന കാലമായിരുന്നു. ഒന്നരനാഴിക വിളവും ഒരു മയിൽ വീതിയും മാത്രമുള്ള ഈ ചെറിയ പട്ടണം അക്കാലങ്ങളിൽ പോൎത്തുഗീസ്സുകാൎക്ക് ഇന്ത്യയിലുണ്ടായിരുന്ന പട്ടണങ്ങളിൽ 'ഗോവ' കഴിഞ്ഞാൽ പിന്നത്തതിൽ പ്രധാനപ്പെട്ടതായിരുന്നു. സമുദ്രത്തിൽനിന്നു നോക്കിയാൽ അതിവിശേഷങ്ങളായ കെട്ടിടങ്ങളെക്കൊണ്ടും മററും കൊച്ചിയുടെ കാഴ്ച ഏററവും രമണീയമായിരുന്നതിനു പുറമെ കടൽവക്കിനുള്ള കോട്ടകളും വാടകളും ശത്രുക്കൾക്ക് അലംഘനീയങ്ങളായ ദുൎഗ്ഗങ്ങളും ആയിരുന്നു.

കൊടുങ്ങല്ലൂർ 'വ്യാൻഗോൺസ്സ്' എന്ന കമാണ്ടന്റെ കീഴിലുള്ള ലന്തക്കാൎക്ക് അധീനപ്പെട്ടതിന്റെശേഷം അവർ വൈപ്പുവഴി കൊച്ചിക്കോട്ടക്കു എതിരായിട്ടുവന്നു. റോമൻകത്തോലിക്കാ ബിഷപ്പിന്റെ ഒരു വീടു കമാണ്ടന്റെ തലസ്ഥാനമായിട്ടു നിശ്ചയിക്കപ്പെട്ടു. അവിടത്തെ

* റവരെന്റ് ടി വൈറ്റ്ഹൌസ്സ്. ബി. എ. മുതലായ ചില മഹാന്മാർ വളരെക്കാലം മുമ്പ് എഴുതി അച്ചടിപ്പിച്ചിട്ടുള്ളതും ഇപ്പോൾ ഏററവും ദുൎല്ലഭമായ ചില പുസ്തകങ്ങളിൽനിന്നു പ്രധാനസംഗതികളെ സംഗ്രഹിച്ചിട്ടാണ് ഞങ്ങൾ ഈ ലേഖനം എഴുതുന്നത്. ഇതിൽ മതസംബന്ധമായോ ജാതിസംബന്ധമായോ വല്ല അഭിപ്രായങ്ങളെങ്ങാനും ഉണ്ടെങ്കിൽ അതിന്നു ഞങ്ങൾ പ്രത്യേകം ഉത്തരവാദികളല്ലെന്നും പക്ഷപാതബുദ്ധിയോടുകൂടി ഞങ്ങൾ ജാതിമതവിഷയങ്ങളിൽ പ്രവേശിക്കുന്നതല്ലെന്നും ഇനി സംഗതികളെത്തന്നെ ഈ ലേഖനത്തിന്റെ പൎയ്യവസാനത്തിൽ പറയേണമെന്നു വിചാരിച്ചിരുന്നു സംഗതിവശാൽ കാലേക്കൂട്ടി പറയേണ്ടിവന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ന്നെ പുറമം ഒരു കോട്ടകെട്ടി അതിനു 'മധുരനാരങ്ങാകോട്ട' (Fort Orange) എന്നു പേരുകൊടുത്തു് അവിടെ എണ്ണൂറു പട്ടാളക്കാരെ പാൎപ്പിച്ചു. എന്നിട്ടു 'വ്യാൻഗോയൻസ്സ്' തെക്കെ വഴിക്കു കൊച്ചിയെ ആക്രമിക്കുവാനായി പുറപ്പെടുകയും ചെയ്തു.

ഈ അവസരത്തിൽ ലന്തക്കാരെ സഹായംനില്ക്കുവാനും അവരായിട്ടു സഖ്യം സംസാരിക്കുവാനും ഉറച്ചു കൊച്ചിരാജാവു കമാണ്ടരുടെ കപ്പലിൽ കയറിച്ചെന്നു. ലന്തക്കാരുടെ പക്ഷത്തിലേക്കു ചാഞ്ഞുനില്ക്കുവാനാണ് രാജാവിനു വാസനയെന്നു പറങ്കികൾക്കു് ഊക്കുകിട്ടിയ മുതല്ക്കു് അദ്ദേഹത്തിനുണ്ടായിരുന്ന അധികാരങ്ങൾ സകലവും അസ്വാധീനപ്പെടുത്തുവാൻ തുടങ്ങുകയും ലന്തക്കാർ കൊച്ചിയിൽ കാലുവെയ്ക്കുന്നതിനു മുമ്പുതന്നെ രാജാവിന്റെ സകല അധികാരങ്ങളും അദ്ദേഹത്തിന്റെ മേലധികാരവും തങ്ങളുടെ ചൊല്പടിക്കു നിന്നിരുന്ന ചിററമ്മതമ്പുരാട്ടിയിൽ സമൎപ്പിക്കയും ചെയ്തു. അന്നത്തെ രാജാവു പറങ്കിരേഖയിൽ ഒരുവിധം വിദ്വാനും യുദ്ധകാൎയ്യങ്ങളിൽ അതിവിദഗ്ദ്ധനും ആയിരുന്നു. അദ്ദേഹം അയൽദേശങ്ങളിൽനിന്നു ലന്തക്കാൎക്കു 'കൊറവാ കോപ്പും' (ഭക്ഷണസാധനങ്ങൾ) ശേഖരിച്ചു കൊടുത്തും മററുവിധത്തിൽ സഹായിച്ചുകൊടുത്തും വന്നിരുന്നതുകൊണ്ടു 'വ്യാൻഗോയൻസ്സ്' വളരെ ബുദ്ധിമുട്ടുകൂടാതെ കൊച്ചിയുടെ തെക്കുവശത്തു കപ്പൽ ഇറങ്ങി തലേദിവസം പറങ്കികൾ നശിപ്പിക്കുവാൻ ഉത്സാഹിച്ച ഒരു പള്ളിയുടെ മതിൽക്കെട്ടിനകത്തു പാളയമടിച്ചു. ആയാളുടെ പിന്നത്തെ പുറപ്പാടു ചിററമ്മതമ്പുരാട്ടി താമസിച്ചിരുന്ന കോവിലകത്തേക്കായിരുന്നു. അവിടെ ഒരു വലിയ നായർപ്പട പറങ്കികളെ സഹായിക്കുവാൻ സന്നദ്ധരായി നില്പുണ്ടായിരുന്നു. പറങ്കികൾ കൊച്ചിയിൽ വന്നിട്ട് അമ്പതുകൊല്ലം കഴിഞ്ഞതിന്റെ ശേഷം കൊച്ചിരാജാക്കന്മാൎക്കുവേണ്ടി പണിതീൎപ്പിച്ചിട്ടുള്ളതാണ് ഈ കോവിലകമെന്നു പറഞ്ഞുവരുന്നു. ഇതു് ഇപ്പോഴുള്ള മട്ടാഞ്ചേരി കോവിലകം ഇരിക്കുന്ന സ്ഥലത്തുതന്നെയായിരിക്കണം സ്ഥിതിചെയ്തിരുന്നതു്.

ലന്തക്കാർ കോവിലകത്തു ഹ്ലാറം ചെയ്തപ്പോൾ സ്വാമിഭക്തന്മാരായ നായർ പട്ടാളക്കാർ ഉരുക്കൈകൊണ്ടും പിടിക്കുന്നതായ

ഒരുമാതിരി നീണ്ട വാളുകളോടുകൂടി അവരുടെ നേരിട്ടു മേൽകീഴ്നോക്കാതെ തള്ളിക്കയറി. ഈ ആരംഭപരാക്രമത്തിന്റെ തീക്ഷ്ണതകൊണ്ട് ആദ്യം ലന്തക്കാർ ഒന്നു പിന്നോക്കം ഇളതിപ്പോയി. ഉടനെതന്നെ നിജബലത്തെ വീണ്ടും കൂട്ടിപ്പിടിച്ചു നായർ പടയെ കോവിലകപ്പറമ്പിലേക്കു മടക്കി അയച്ചു. അവിടെവെച്ചു നായർ പടയിൽ നാനൂറുപേർ മാത്രം ശേഷിക്കുന്നതുവരെ അതി ഭയങ്കരമായ യുദ്ധമുണ്ടായി. ഒടുവിൽ ലന്തപ്പട്ടാളത്തിൽനിന്നു 'ഹെൻറി എഡ്രിയൻവ്യാൻറീഡ്' എന്ന അത്യുത്സാഹിയും ചെറുപ്പക്കാരനുമായ ഒരു വെറും കൊടിക്കാരൻ കോവിലകത്തിനുള്ളിൽ കടന്നു ചിററമ്മതമ്പുരാട്ടിയെ ബന്ധനത്തിൽപ്പെടുത്തി. എങ്കിലും രാജാവിന്റെ അപേക്ഷപ്രകാരം തമ്പുരാട്ടി പിന്നീടു ലന്തകളുടെ ദയക്കു പാത്രമായി ഭവിച്ചു. രൂപലാവണ്യം വളരെ കുറഞ്ഞും ആഭരണങ്ങൾ ധാരാളം അണിഞ്ഞും ഉള്ള ഒരു വയോധികയായിട്ടാണ് തമ്പുരാട്ടിയെ വർണ്ണിച്ചുകാണുന്നത്.

1662-ൽ ആകുന്നു ഈ ലന്തപ്പട നടന്നിട്ടുള്ളത്. ഈ യുദ്ധം കഴിഞ്ഞു പിറേറദിവസം 'വാസ്' എന്ന ഒരു നായകന്റെ കീഴിൽ ലന്തക്കാർ കോട്ട പിടിക്കുവാനുത്സാഹിച്ചപ്പോൾ നായകൻ വീണുപോയതിനാൽ അവർക്കു വളരെ തോൽമയും അപായവും സംഭവിച്ചു. ലന്തക്കാർ ഇതുകൊണ്ടു കൂസാതെ കോട്ടയുടെ ചുററും വളഞ്ഞു കററിയും വാടയും തീർത്തു കൊററവും കോളും കടത്താതെ കാത്തു നിലവായി. കോട്ടയുടെ ഉള്ളിലുള്ളവർ സംഖ്യയിൽ ലന്തകളെക്കാൾ അധികരിച്ചിരുന്നതുകൊണ്ട് കീഴടങ്ങാതെ പൊരുതിക്കൊണ്ടുതന്നെനിന്നു. പകൽസമയത്തു പീരങ്കികൊണ്ടു പാറിട്ടുള്ള കേടുപാടുകൾ സകലവും രാത്രികാലങ്ങളിൽ തീർത്തും പകൽ മുഴുവനും യുദ്ധംചെയ്തും കുറേ പക്ഷങ്ങൾ ചെന്നപ്പോൾ പോർക്കുട്ടു രാജാവ് അനവധി ആൾക്കാരോടുകൂടി പറങ്കികളെ സഹായിക്കുവാൻ വരുന്നുണ്ടെന്നും വർഷകാലം അടുത്തുവെന്നും അറിഞ്ഞ് തൽക്കാലം യുദ്ധം നിറുത്തി. പറങ്കികൾ അറിയാതെ ഉപായത്തിൽ കൊച്ചിവിട്ടു പിൻവാങ്ങി. പിറേറദിവസം ഉച്ചതിരിഞ്ഞപ്പോഴേ ലന്തക്കാർ പോയിയെന്നു പറങ്കികൾക്കു അറിയുവാൻ സാധിച്ചു

ള്ള. 'ബോവർഡാപ്പ്' എന്ന ഒരു ലന്തകാൺസ്റ്റബ്ലും 'വില്ലു, വരട്ടെ' എന്നും മററും വിളിച്ചു നിലവിളിച്ചുകൊണ്ടു രാത്രിമുഴുവനും ഓടിനടക്കുകയും ഒററുകാരനായ ഒരു ദൂതൻ ക്രമത്തിനു മണി അടിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഇടക്ക് 'ലന്തക്കാർ' ഒന്നൊന്നായി എല്ലാവരും പിൻമാറി രക്ഷപ്പെട്ടു. 'വ്യാൻഗോൺസ്സ്' കൊച്ചിവിടുന്നതിനുമുമ്പായി 'മധുരനാരങ്ങക്കോട്ടയിൽ' എഴുനൂറു പട്ടാളക്കാരേയും കൊടുങ്ങല്ലൂർകോട്ടയിൽ അഞ്ഞൂറ് ആളുകളേയും പാർപ്പിച്ചു. കാലവർഷം കഴിഞ്ഞു തുലാവർഷം തുടങ്ങിയപ്പോൾ(അക്ടോബർ 25-ാം നം-) 'ഹുസ്ടാട്ട്' എന്ന ജനറാൾ ലന്തപ്പടക്കപ്പലുകളോടുകൂടി രണ്ടാമതും കൊച്ചിയിൽ വന്നു. ശത്രുക്കളെ തടുത്തുനിറുത്തുവാൻ സാധിക്കയില്ലെന്നു കണ്ടിട്ടു പറങ്കികൾ പല നല്ല നല്ല കെട്ടിടങ്ങൾക്കും കൊള്ളിവെച്ചു. ആ കൂട്ടത്തിൽ 'സെൻറ് ജോൺ' കന്യകാമഠംമാത്രം രക്ഷപ്പെടുത്തി ലന്തജനറാൾ അവിടെ തന്റെ ആപ്പീസ്സു സ്ഥാപിക്കപ്പെട്ടു. ഒരുമാസം കഴിഞ്ഞപ്പോൾ വിരോധിയായ 'പോക്കാട്ടു' രാജാവിനോടു പകരം ചോദിക്കുവാനായി 'വ്യാൻഗോൺസ്സ്' തന്നെ അനവധി പടസൈന്യത്തോടുകൂടി കൊച്ചിയിൽവന്നു താമസിയാതെ എറണാകുളത്തേക്കു കടന്നു. അവിടെവെച്ച് ഒരു പെരുമ്പടയുണ്ടായി. ലന്തക്കാർ വഞ്ചികളിൽ നിന്നുകൊണ്ടുതന്നെ അടുത്തുവരുന്ന നായന്മാരെ കുടുമകൾ പിടിച്ചു വലിച്ചിഴച്ചു കുത്തിപ്പിളർന്നുതുടങ്ങി. നായന്മാരും കലികൊണ്ടു കൂട്ടത്തിൽ പടവെട്ടിക്കേറി ശത്രുക്കളെ സംഹരിച്ചുതുടങ്ങി. ഈ യുദ്ധത്തിലുണ്ടായ ചോരപ്രളയംകൊണ്ടു കൊച്ചിക്കായൽകൂടി നിറം പകർന്നുവെന്നാണ് പറയുന്നത്. 'റീക്കപ്പിത്താൻ' സഹായസൈന്യത്തോടുകൂടി വരുന്നതുവരെ രാജസൈന്യം ഒരുവിധം കിടപിടിച്ചുനിന്നു. അയാൾ വന്നതോടുകൂടി രാജാവും പരിവാരവും പിന്തിരിഞ്ഞോടുകയും ആ യുദ്ധം അവിടെ കലാശിക്കുകയും ചെയ്തു.

1663 ധനു 24-ാംനു- കൊച്ചിക്കോട്ടയും ലന്തക്കാർ കയ്വശപ്പെടുത്തി പറങ്കികളെ അവിടെനിന്നും ഇറക്കി അയച്ചു. എന്നിട്ടു രണ്ടുദിവസം മുഴുവനും കൊച്ചിപ്പട്ടണം ലന്തപ്പടകൾ കൊള്ളയിടുവാനാ

യി ഉഴിഞ്ഞിട്ടുകയും ചെയ്തു. എന്നാൻ പറങ്കികൾ ഒട്ടു മുക്കാലും സാമാനങ്ങൾ ഒളിപ്പിക്കുകയും സ്ഥലം മാററുകയും ചെയ്തിരുന്നതിനാൽ ലന്തപ്പടക്കു വിചാരിച്ചിരുന്നപോലെ ഇഷ്ടം സാധിക്കുവാൻ കഴിഞ്ഞില്ല.

കോട്ട പിടിച്ചതായി അറിഞ്ഞ് പോക്കാട്ട് രാജാവും ലന്തക്കാരുമായിട്ടു സഖ്യം പ്രാപിച്ചു. ഈ യുദ്ധം ഇടങ്ങുന്നതിനു മുമ്പുതന്നെ ലന്തരാജ്യമായ 'ഹോളണ്ടും' പറങ്കിരാജ്യമായ 'പോർട്ടുഗലും' തമ്മിൽ സഖ്യം കഴിഞ്ഞിരുന്നു. ഈ വിവരം 'വ്യാൻഗോയൻസ്സിന്' ആദ്യമേ രൂപമുണ്ടായിരുന്നുവെങ്കിലും അതിനെ മറച്ചുവെച്ചു പറങ്കികളുമായിട്ടു പടപൊരുതിയതു കറേക്കാലം മുമ്പ് ബ്രസീൽ രാജ്യത്തിൽ ചേർന്ന 'പെർനാമ്പൂക്കൊ' പിടിച്ചപ്പോൾ പറങ്കികൾ ലന്തകളെ ചതിച്ചതിനുപകരമായി കൊച്ചി പിടിച്ചടക്കി പറങ്കികളുടെ ചതിപ്രയോഗം അവരുടെ നേരെതന്നെ തിരിച്ചടിച്ചതായിട്ടാണ് പറഞ്ഞുവരുന്നത്. കൊച്ചി ലന്തക്കാർക്ക് അധീനപ്പെട്ടതിന്റെ ശേഷം ആദ്യം വന്നിട്ടുള്ള 'ഗവർണ്ണറന്മാർ' 'പീററർ ഡി ബിററർ' 'ചാറൾസ്സ്, വാൽക്കെൻബർഗ്ഗ്' എന്ന രണ്ടു ലന്തക്കാരാണെന്നാണ് 'പോയലി' മുതലായവർ പറഞ്ഞു കാണുന്നത്. 1663-ൽ കമ്പനിയുടെ പ്രതിനിധിയായി 'ഫ്രെഡറിക് കോൾസ്റ്റർ' എന്നൊരാളാണ് കൊച്ചി വാണിരുന്നത്.

ലന്തക്കാർ കൊച്ചി വാണിരുന്ന കാലത്ത് പറങ്കികളുടെ കൊച്ചി ഒരു വിധം ഒടച്ചുവാർത്തു എന്നുതന്നെ പറയാം. കോട്ടയുടെ വിസ്താരം വളരെ ചുരുക്കി. സമാധാനകാലത്തു നാലായിരം പട്ടാളക്കാർ അവിടെ സ്ഥിരതാമസമുണ്ടായിരുന്നു. ആവശ്യമുണ്ടെങ്കിൽ പതിനയ്യായിരം ആളുകൾ അതിന്റെ ഉള്ളിൽ ഒതുങ്ങുകയും ചെയ്യും. യൂറോപ്യന്മാരായ റോമാപാതിരിമാരോടൊക്കെ കൊച്ചി വിട്ടുപോകുവാൻ കല്പനകൊടുത്തു. അനവധി കന്യകാമഠങ്ങളും പള്ളികളും ശുദ്ധശൂന്യം വരുത്തി പല പ്രതിമകളും തട്ടിത്തകർത്തു. 'സാൻറ് ക്രൂസ്സ്' പള്ളി, കുരുമുളക്, അരി, മുതലായ കച്ചവടച്ചരക്കുകൾ സൂക്ഷിപ്പാനുള്ള കലവറയാക്കി തീർത്തു. തെരുവുകളുടെ പേരുകൾ മാറിയതല്ലാതെ മററു വ്യത്യാസങ്ങൾ വളരെയൊന്നും

വരുത്തിയില്ലെന്നാണ് തോന്നുന്നത്. കോട്ടയുടെ വടക്കുപടിഞ്ഞാറു കോണിലായിട്ട് കമാൻെറ വീട്ടുപണി തീൎപ്പിച്ചു. അക്കാലത്ത് ഇപ്പോഴത്തെ കൊച്ചിക്കായൽ(അന്നുപുഴ)കാൽമയിൽ മാത്രം വിസ്താരമുള്ളതും വളരെ ആഴമുള്ളതും ആയിരുന്നുവത്രെ. ഇപ്പോൾ റോമൻ കത്തോലിക്കാപ്പള്ളി ഇരിക്കുന്നസ്ഥലത്ത് അന്നു പല മാതിരി വൃക്ഷലതാദികളെക്കൊണ്ടു നിറയപ്പെട്ട ഒരു തോട്ടമായിരുന്നു.

വയ്പിൽ ഇതെല്ലാം അന്നു ലന്തക്കാരുടെ കീഴിലായിരുന്നു. കൊടുങ്ങല്ലൂരും കൊച്ചിയിലും അവരുടെ അനുവാദം കൂടാതെ കപ്പലുകൾ അടുത്തുകൂട. അവൎക്കു കൊടുങ്ങല്ലൂർ അഴിമുഖത്തിനു ദൎശനമായിട്ടു വടക്കെ അറ്റംകൊണ്ട് ഒരു ചെറിയ കാവൽക്കോട്ടയും ഉണ്ടായിരുന്നു.

അജാമിളമോക്ഷം

വഞ്ചിപ്പാട്ട്.

73. പുഷ്ടരാഗത്തോടുമേവുമൊട്ടുകാലം കഴിഞ്ഞപ്പോൾ
കുട്ടികളുമുണ്ടായ്വന്നിതെട്ടുപത്തെണ്ണം.

74. കൊററിനേകിയവററിനെപ്പോററുവാൻകഴിവില്ലാതെ
കുററകാരൻകറങ്ങിനാൻചുററലിലായി.

75. ബുദ്ധികൊണ്ടുനിരൂപിച്ചുസൂത്രമൊന്നുകണ്ടെത്തിനാൻ
ബുദ്ധിമാന്മാർവിചാരിച്ചാൽബുദ്ധിമുട്ടുണ്ടോ?

76. തട്ടിപ്പറിച്ചടക്കാനുംകട്ടീടുവാനുമെല്ലാം
ദുഷ്ടനതിനിശ്ചയിച്ചുകഷ്ടമെ കഷ്ടം!

77. വീടുതോറുംതരംനോക്കിച്ചുറ്റിവീഴുംവല്ലതുംക
ണ്ടീടുമെങ്കിലെടുത്തൊളുകുതിച്ചുമണ്ടും.

78. കൂട്ടുകൂടാതൊരാൾതന്നെകാട്ടുമാൎഗ്ഗേ വരുന്നാകിൽ
തട്ടിമെക്കേക്കൊടിച്ചിട്ടുതട്ടുമെപ്പേരും.

79. കൊന്നല്ലാതെമുതൽകിട്ടില്ലെന്നനിലവന്നുപെട്ടാൽ
കൊന്നീടാനുംമടിക്കില്ലാദുർന്നയശീലൻ.

80. കുക്ഷിപൂരണത്തിന്നായിട്ടക്ഷിതിസുരൻതാൻകൊന്ന
പക്ഷിമൃഗങ്ങൾതൻസംഖ്യപെരുപ്പംതന്നെ.

81. പുഞ്ചിരിപ്പൂവിതറുന്നാപിഞ്ചുകുഞ്ഞുങ്ങളെക്കണ്ടാൽ
കൊഞ്ചിക്കൊഞ്ചിക്കൈക്കലാക്കിക്കൊണ്ടുപോകുമേവം

82. ശേതിരവുംതളവളകാതിലയുംകൈക്കലാക്കും
പൈതലിനെക്കൊല്ലുംശിവ!ശിവ!പറവാൻവയ്യാ.

83. കള്ളസ്സാക്ഷികഥിച്ചീടുംകള്ളാധാരംചമച്ചീടും
കള്ളന്ന്യായംകൊടുത്തീടുംകള്ളനാമവൻ

84. രണ്ടുജന്മമുണ്ടാവുകയാൽകൊണ്ടുദ്വിജനായിടുന്നു
രണ്ടുജന്മമിതിൽപരംവേറുണ്ടല്ലെന്നോ?

85. ഹീനകർമ്മനിധിമന്നിൽവാണവനന്നൊരുകാലം
ദീനമൊന്നുപിടിപെട്ടുകിടപ്പിലായി.

86. എത്രതരംചികിത്സകൾചെയ്യുമാറാക്കിയിട്ടുംഭേദ-
മേതുമില്ലാധരാസുരൻമരിപ്പാറായി.

87. നാഡിയെല്ലാംതളർന്നുപോയ്ധാടിയെല്ലാമകന്നുപോയ്
താടിയെല്ലുംപല്ലുംനീണ്ടുപേടിയാംകണ്ടാൽ.

88. യാത്രാകാലമടുത്തടുത്തെത്തിയപ്പോൾകാലദൂതർ
തത്രവന്നതിക്കുകൂട്ടീപത്തുമൂന്നെണ്ണം.

89. വട്ടക്കണ്ണുന്തിത്തീക്കട്ടചുഴറ്റിപ്പൊറപ്പിച്ചു
കട്ടിത്തടികൾവടിവാൾപാശങ്ങൾകാട്ടി.

90. ഊക്കനായകുഴൽപോലെമൂക്കിന്നേറ്റവലുതാക്കി
നാക്കുനീട്ടിപ്പലകപ്പല്ലിളിച്ചുകാട്ടി.

91. അസ്ഥിമാലകുടൽമാലമസ്തകങ്ങൾകോർത്തമാല
ഇത്തരങ്ങൾചാർത്തീട്ടുള്ളകഴുത്തിട്ടാട്ടി.

92. പാറയേക്കാൾകട്ടികൂടുംകാറിനേക്കാൾകറപ്പുള്ള
ഘോരമെയ്യിൽചോരവസ്ത്രംചേരവേചുറ്റി.

93. ഖണ്ഡമോങ്ങിട്ടു ചെന്നീട്ടിവന്റെ ദേഹം പാരം വിശി
ചണ്ഡമാമിരിമ്പുലക്ക ചുഴററിക്കൊട്ടി.

94. ദന്തിസിംഹവ്യാഘ്രാദിയാം ജന്തുക്കളെക്കൊത്തിക്കൊണ്ടു
കന്തമാകാശത്തിൽ മുട്ടം പന്തിയായ്പ്പൊക്കി.

95. തീമയമായ് വായിൽനിന്നു ധൂമമേററം വമിച്ചുംകൊണ്ടു
ധൂമകേതുക്കളെപ്പോലെ ഭീമമൂർത്തികൾ.

96. പൊട്ടിച്ചിരിച്ചുകൊണ്ടു തട്ടിമുട്ടിക്കൊണ്ടുകൂട്ടി
ക്കെട്ടികൊണ്ടുപോരവരവർ വട്ടവും കൂട്ടി.

97. ക്രോധമൂർത്തികളാം കാലദൂതരെക്കണ്ടതിഭീത്യാ
സാധുവിപ്രൻ കണ്ണുരണ്ടുമിറുക്കെച്ചിമ്മി.

98. ചാകത്തുടങ്ങുമ്പോൾ ഭയവും മക്കളെയും വിട്ടു പാവം-
നുടൻ കളത്തിലുള്ള വാത്സല്യമെന്നാതരം.

99. പത്തുമക്കളുള്ളതിൽ വെച്ചേറ്റവും വാത്സല്യമാണ
പത്താമത്തെക്കുമാരനിൽ ധാത്രീദേവന്ന്.

100. കണ്ണുമറിഞ്ഞീടും മുമ്പേയുണ്ണിയാമവന്റെ പേരു
വെണ്ണയെത്തൊട്ടുമേനി പൂണ്ടിരുന്നകൊണ്ടവൻ.

101. നാരായണനെന്നതന്നേ പേരായുള്ളുകുമാരനെ
'നാരായണാ'യെന്നുമെല്ലെ വിളിച്ചു വിപ്രൻ.

102. അന്നേരം തദ്വീട്ടിലുണ്ടായുള്ള കോലാഹലം ചൊല്ലാവ-
തൊന്നല്ലാവില്ലനന്തൻ താൻ വന്നാലുമൊക്കെ.

103. കൌതുകമാം ശംഖനാദം കാതുകളിൽ കേട്ടനേരം
ഭൂതധാത്രീദേവൻ മിഴിയുടൻ തുറന്നു.

104. കണ്ണനുള്ളിൽ കോമളാംഗം പൂർണ്ണമായിട്ടപ്പോൾ കണ്ട-
കണ്ണിനുള്ള പുണ്യപൂരം ഗണ്യമോ തെല്ലും?

105. കാർമുകിലിൻ നിറമൊത്ത പൂമേനിതൻ കാന്തിവായ്പും
വാർമുടിയിൽ തിരുകിട്ട മയിൽപ്പീലിയും.

106. ലോകമെല്ലാം തീർത്തു രക്ഷിച്ചാകമാനം മുടിപ്പവൻ
പാകമേറിയൊന്നിലൊക്കുന്ന പൂരികളും

107. സൽകൃപയാം സുധാസത്തിന്നുൽഭവസ്ഥാനമാം തൃക്കൺ
പാൽക്കടലിൽ കടാക്ഷമാം തിരമാലയും.

108. ചക്രം ശംഖം ഗദാ പത്മമിക്കണ്ടവ ധരിച്ചലം-
കൊൾകരക്കിസലയന്നാലു തൃക്കരങ്ങളും.

109. നെഞ്ഞത്തു ചേർച്ച ചാർത്തീട്ടുള്ള തണ്ണുളമാം മാലകളും
മഞ്ഞപ്പട്ടാൽ മറച്ചുള്ള മദ്ധ്യഭാഗവും.

110. ഭക്തിയോടു ഭജിച്ചെന്നാൽ സക്തിപോലെയെല്ലാം നൽകാൻ
ശക്തികൂട്ടം കൂട്ടലാമാം തൃക്കഴൽത്താരും.

111. ഏവമൊന്നല്ലിതന്നവർ ദേവദേവന്മാരെച്ചേർന്നീ
ദേവനെന്നു കണ്ടു കണ്ണു തെളിഞ്ഞു പാരം.

112. നാരായണ ചാരുരൂപധാരികളാമവരെല്ലാം
സാരൂപ്യം ലഭിച്ച പുണ്യസാരന്മാരെല്ലാം.

113. വിഷ്ണുദൂതരവർ ചൊന്നാർ ദണ്ഡപാണിദൂതരോടു
വിഷ്ണുഭക്തനെത്തൊടൊല്ലേ വികൃതങ്ങളെ!

114. ഭീഷണിസ്സുഭീഷണമാം വേഷമേവം കെട്ടിക്കൃത്യ-
ദ്ദൂഷണത്തിന്നൊരുമ്പെട്ട ദൂതന്മാരെ!

115. ശ്രുതപാപദ്വേഷിപ്പിസ്സുതിഭാരമേയിട്ടുകൊൾവിൻ
ക്രൂരരായാൽ ചീത്തയാണിപ്പുട്ടെന്നോർക്കേണം.

116. ക്രൂരവർഗ്ഗങ്ങളേ! നിങ്ങൾ ദൂരത്തേയ്ക്കുപോവിനല്ലെന്നാകിൽ
ഘോരവിഷ്ണുതേജസ്സിനാൽ നീറാകും നിങ്ങൾ.

117. കാലദൂതരവർ ചൊന്നാർ കാലദേവൻതന്നാദുഷ്ട-
ശീലനാരായണനായീവിഷ്ണുവിന്നിഷ്ടൻ.

118. തട്ടിപ്പറി കുതിക്കുല കട്ടിദ്രോഹം കളവെന്നി-
ദുഷ്ടവൃത്തി വിഷ്ണുഭക്തിച്ചടങ്ങായ്ത്തീർന്നു.

119. വേട്ടപതിതന്നെ വിട്ടു ചേട്ടയാകും വേശ്യയോടും
കൂട്ടുകെട്ടു മോക്ഷത്തിന്നുള്ളുത്തമമാർഗ്ഗം.

120. കള്ളമോന്തിത്തീണ്ടിത്തിന്നു കള്ളന്മാരെല്ലാം ചെയ്തു
കൊള്ളയിട്ടാൽ വൈകുണ്ഠത്തിൽ കടന്നുകൂടാം.

121. ചക്രപാണിസ്തുതിവേണ്ടനാക്കുകൊണ്ടുദാസിയോടു
ചക്രവാക്കെന്നുരച്ചെന്നാൽമുക്തിസിദ്ധിക്കും.

122. നന്മതിന്മയൊന്നായ്തീൎന്നു ധൎമ്മാധൎമ്മങ്ങളെന്നിവ
നമ്മളെല്ലാംതള്ളിവെച്ചുനടക്കാംവേഗം.

123. നാരായണദൂതർചൊന്നാർ'നാരായണ'എന്നനാമ-
മാരണൻറനാവുകൊണ്ടൊന്നുച്ചരിച്ചില്ലേ?

124. എന്തുദോഷംചെയ്കിലുംശ്രീകാന്തനാമംജപിച്ചെന്നാ-
ലെത്തുവാകുംവിഷ്ണുലോകമവനാണല്ലോ'.

125. അന്തകഭടന്മാർചൊന്നാർ'അന്തമെത്തുംനേരംലക്ഷ്മീ-
കാന്തനാമംചൊന്നാൽമോക്ഷംകരസ്ഥമെങ്കിൽ.

126. ശിക്ഷയായികാൎയ്യമെല്ലാമീക്ഷിതിയിലുള്ളധൎമ്മ-
വൃക്ഷമുടൻമുറിച്ചിട്ടുവിറകുകൂട്ടാം.

127. എന്നളവിൽജനിക്കുന്നിതന്നുതൊട്ടുചാകുവോളം
തോന്നുംമട്ടുചെയ്തുകൂട്ടാംഭ്രാന്തക്കൂട്ടം.

128. ചാകട്ടെതാൻ'നാരായണ'വാക്കെടുത്തുപ്രയോഗിക്കും
തക്കിടികൾനിങ്ങളെല്ലാംമുഷ്ക്കുടിയരും.

129. നിങ്ങൾചൊല്ലുംപോലെകേൾപ്പാൻനിങ്ങളുടെദൂതർവേണം
ഞങ്ങൾകാൎയ്യംസാധിക്കാതെമടങ്ങുമെന്നോ'?

130. എന്നുരച്ചുകൂട്ടർമുന്നോട്ടെന്നുരണ്ടുചോടുവെച്ചു
നിന്നുപോയീദൂതർകണ്ടങ്ങടുക്കാൻ വയ്യ.

131. ജാതമായജാള്യത്തോടുദൂതരപ്പോൾകതിച്ചോടി
പ്രേതനാഥനോടീവാൎത്തപറഞ്ഞിതെല്ലാം.

132. ധൎമ്മരാജാവതുകേട്ടുപെട്ടെന്നീററിൽകളിച്ചുടൻ
കൎമ്മദോഷമെന്നുരച്ചുകരംകടിച്ചു.

133. അല്പമപേക്ഷിച്ചിപ്പോൾതാനൊറിപ്പോളൊട്ടൊന്നു-
ണ്ടയക്കേണംകേറപ്പരാട്ടിക്കഴുതകൾകളഞ്ഞകാൎയ്യം.

134. വിഷ്ണുശബ്ദംകേട്ടുനാകിലക്കണംതൻതിരിക്കേണം,
വിഷ്ണുദൂതരതുചെയ്താൽപറവാനുണ്ടോ,

135. എന്നിരിക്കെ സൽപ്രവൃത്താൽ ധന്യരാകുമവരോടു
ചെന്നു കേറിപ്പിടിച്ചല്ലോ ചണ്ഡാളന്മാരെ!

136. കഷ്ടമാശതങ്ങളിൽ കേറിച്ചെന്നു കലമ്പുന്ന
കശ്മലന്മാർ വഴിപിഴ്ച്ചാണകഴകളെല്ലാം.

133. ഈശ്വരന്റെ നാമം ചൊല്ലാതീശ്വരനെ സ്മരിക്കാതെ
വിശപതികൾ ദ്രോഹിചിത്താവരേകളല്ലെ,

138. ഘോരകൃത്യം ചെയ്യുന്നോനാണീ നരകത്തിന്നവകാശി
വേറെയുള്ളവർകളെ വെറുപ്പിക്കാരെന്തേ?   [ണ്ണം

139. ഉത്തമന്മാർ സ്വാമിന്‍ ഞങ്ങൾ ചെയ്യുമതൊക്കെ പാപം
പാതകങ്ങളോർക്കിൽ നിന്നു പാറിപ്പോയ്‌വാ

140. എത്രമാത്രം ചെയ്തവരെക്കൃത്യമിവന്നതിൻഫലം
മിത്രവർഗ്ഗം ദ്രോഹിപ്പോരെന്നോർത്തിടില്ലോട്ടും.

141. അന്തകന്മാർ ചൊന്നാൻ ശ്രേഷ്ഠമന്ത്രമാരംപിള്ളർവിള-
ളുള്ളറിഞ്ഞു മായയെ എൻ താൻ തിരിപ്പകാം.

152. വെട്ടറച്ചു കരികാതൽ കൂട്ടം വൃക്ഷം നിറഞ്ഞുള്ള
കാടൊക്കെയൊററത്തീപ്പൊരിയാൽ കരിയുന്നില്ലേ?

143. ഒററത്തുള്ളി വിഷമുള്ളിൽ പോയെങ്കിൽ ശക്തിമാനും
ചെറുനേരം കൊണ്ടു ചുററിച്ചത്തീടുന്നില്ലേ?

144. കട്ടറുമ്പും തുമ്പിക്കയ്യിൽ പെട്ടു കടിച്ചെന്നാൽ മദം
പൊട്ടും ഗജരാജരവും തീപ്പെട്ടുപോവില്ലേ?

145. കട്ടിയായ രോഗം വന്നുപെട്ടു ചക്രം തിരിയുമ്പോ-
ളൊട്ടുമരുന്നാൽ സൗഖ്യപ്പെട്ടിടുന്നില്ലേ?.

146. അപ്രകാരമേറെക്കോടി പ്രവൃത്തമുള്ള ദോഷം
ക്ഷിപ്രം നീങ്ങും ഭഗവാന്റെ സൽപ്രസാദത്താൽ.

147. ശ്രീമണാളൻതന്റെ തിരുനാമജപംപോലെയൊന്നു-
മാമയം തീരുവാനുള്ള മരുന്നില്ലല്ലോ.

149. ശ്രോതാവവൻതന്റെ വാക്യം ശ്രദ്ധപൂണ്ടു കേട്ടുത്തരം
വേദാമോദം നാരായണപാഹിയെന്നോതി.

14. അനന്തതൊട്ടുകൂട്ടർവിഷ്ണുവിന്നൊട്ടംസഹസ്രാംശപരി-
ലൊന്നുകേട്ടാലവിടംവിട്ടുള്ളിപ്പൊരണ്ടും.

150. ബ്രാഹ്മണനെവിഷ്ണുഭക്തർപൊന്മയമാംതേരിലേററി
ചെമ്മെവൈകുണ്ഠമാംപരബ്രഹ്മത്തിൽചേർത്തു.

151. നാരായണശബ്ദം കൊണ്ടീയാരണന്നുമോക്ഷംകിട്ടി
നാരായണനാമംനിത്യംജപിച്ചുകൊൾവിൻ.

152. നാരായണനാരായണനാരായണനാരായണനാ
നാരായണാനാരകമേരേജഗന്നാഥനമ:.

ഒട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ, ബി. എ.

ശില്പശാസ്ത്രം



ശില്പശാസ്ത്രം വളരെ പഴമയേറിയതും അനേകം ശതവർഷങ്ങൾക്കു മുമ്പിൽ പരിപൂർണ്ണസ്ഥിതിയെ പ്രാപിച്ചിട്ടുള്ളതുമായ ഒരു ശാസ്ത്രമാകുന്നു. പശ്ചിമരാജ്യക്കാരായ യൂറോപ്യന്മാരെപ്പോലെ ശാസ്ത്രങ്ങളിലും തന്ത്രങ്ങളിലും അസമാന്യനൈപുണ്യം സിദ്ധിച്ചിട്ടുള്ളവർ മററാരും ഇക്കാലങ്ങളിൽ ഇല്ലെന്നുള്ളതു സർവസമ്മതമാണെങ്കിലും സകല ശാസ്ത്രങ്ങളും ആദ്യം ഉത്ഭവിച്ചിട്ടുള്ളതു നാഗരികതത്തിന്റെ മൂലസ്ഥാനമായ നമ്മുടെ ഏഷ്യാഖണ്ഡത്തിലായിരുന്നുവെന്നുള്ളതിലേക്കു യാതൊരു സംശയവും ഇല്ല. എന്തെന്നാൽ ശില്പശാസ്ത്രത്തെ സംബന്ധിച്ചേടത്തോളം മാത്രം പറയുന്നതായാൽ ഗ്രീക്കുകാരും റോമൻകാരും യൂറോപ്പുരാജ്യത്തിൽ പ്രസിദ്ധശില്പികളെന്നു പേർകേൾക്കുന്നതിന്നു വളരെ മുമ്പുതന്നെ ഈജിപ്ത്, സിറിയ, പേർഷ്യ, ഇന്ത്യ, ചീനം മുതലായ പൂർവദേശങ്ങളിൽ അത്യുന്നതങ്ങളും ആശ്ചര്യകരങ്ങളും ആയ പല സ്തംഭങ്ങളും പ്രേതക

ല്ലറകളും, ക്ഷേത്രങ്ങളും മററു പലതരം കെട്ടിടങ്ങളും ഉണ്ടായിരുന്നതായി നാം ചരിത്രങ്ങളിൽ വൎണ്ണിച്ചു കാണുന്നുണ്ട്.

ശില്പിശാസ്ത്രത്തിൻെറ ജനനം നമ്മുടെ സ്വരാജ്യത്താണെങ്കിലും അതിനെ വേണ്ടതുപോലെ പോഷിപ്പിച്ച് അഭിവൃദ്ധിവരുത്തിയത് ഗ്രീക്കുകാരും റോമൻകാരും ആകുന്നു. അവരുടെ കരകൌശലത്തെയും ബുദ്ധിചാതുൎയ്യത്തെയും പ്രദൎശിപ്പിക്കുന്നതും കാണുന്നവൎക്ക് അപരിമിതമായ ആഹ്ലാദത്തെ ജനിപ്പിക്കുന്നതും ആയ ഓരോ രമണീയമായ എടുപ്പുകളെപ്പററി വിവരിച്ചു പറയുന്നതായാൽ എവനും സമയവും വാക്സാമൎത്ഥ്യവും പോരാതെ വരും.

അപാരമായ മാനുഷബുദ്ധിയുടെ അപൂൎവ്വഫലങ്ങളെന്നു തികച്ചു പറയേണ്ടതായ ഇങ്ങിനെയുള്ള കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ മിക്കവാറും നശിച്ചുപോയിരിക്കുന്നതിനാൽ അവ ഇപ്പോൾ നേത്രാനന്ദപ്രദങ്ങളല്ലെങ്കിലും അവയുടെ ശിഷ്ടങ്ങളെ കാണുവാനിടവരുന്നവൎക്ക് അവയുടെ പൂൎവ്വമഹിമയെപ്പററി ആലോചിച്ച് ആശ്ചൎയ്യപ്പെടാതിരിക്കുവാൻ യാതൊരു നിവൃത്തിയും ഇല്ല.

ഒരു കാലത്തു ഗ്രീക്കുകാരും റോമൻകാരും ലോകത്തിൽ നിസ്തുല്യന്മാരായിരുന്നുവെന്നു നമുക്കെല്ലാവൎക്കും അറിവുണ്ടല്ലൊ. അവരുടെ ഇടയിൽ വ്യാകരണം, തൎക്കം, വേദാന്തം, ശില്പം ഇടങ്ങിയുള്ള മുഖ്യവിഷയങ്ങളിലെല്ലാം ഒരുപോലെ പാണ്ഡിത്യം സിദ്ധിച്ചു ലോകത്തിൽ അനാശ്വരമായ കീൎത്തി സമ്പാദിച്ചിട്ടുള്ള മഹാന്മാരുടെ സംഖ്യക്കു അതിരില്ലായിരുന്നു. ഗ്രീസ്സുരാജ്യത്തിലും റോംരാജ്യത്തിലും അക്കാലങ്ങളിൽ നിൎമ്മിച്ചിട്ടുള്ള ചില വിശേഷതരം എടുപ്പുകളെപ്പററി കുറഞ്ഞൊന്നു പ്രസ്താവിക്കാം.

ഗ്രീസ്സുരാജ്യത്തിൻെറ തലസ്ഥാനവും മേല്പറഞ്ഞ മഹാത്മാക്കളുടെ ജന്മഭൂമിയും ആയ ഏതെൻസ് നഗരം അക്കാലത്തു പലവിധത്തിലും മനോഹരമായിരുന്നു. മിനുസം കൊണ്ടു തൊട്ടാൽ കൈ വഴുതിപ്പോകുന്നതും വിചിത്രപ്പണികൾക്കുതകുന്നതും ആയ വെണ്ണക്കല്ലിനെ അതിസൂക്ഷ്മതയോടും സാമൎത്ഥ്യത്തോടും പണിചെയ്തിട്ടുള്ള ദേവാലയങ്ങൾ, നാടകശാലകൾ, ജയസ്മാരകങ്ങളായ സ്തംഭങ്ങൾ ഇടങ്ങിയുള്ള ഓരോ എടുപ്പു കാണേണ്ടതാകും മനസ്സിനാനന്ദക

ന്ന സന്തോഷാത്ഭുതജനകങ്ങളായ വികാരങ്ങളെ എങ്ങിനെ വളൎത്തിക്കും. എഥെൻസ് നഗരത്തിലെ പ്രധാനമായ കെട്ടിടം 'പാൎത്തിനാൻ' എന്ന പേരായ ദൈവാലയമായിരുന്നു. ആകെ 65 അടി ഉയരവും 233 അടി നീളവും 102 അടി വിസ്താരവും ഉണ്ടായിരുന്ന ആ കെട്ടിടത്തിന്നു മുൻഭാഗത്ത് തൂണുകളിൽ ഉറപ്പിച്ചിട്ടുള്ള ഒരു പൂമുഖവും ഇരുഭാഗത്തുംകൂടി 19 തൂണുകളും ഉണ്ട്. അതിന്റെ കിഴക്കുഭാഗത്തുള്ള ഗോപുരദ്വാരത്തിൽ കൊത്തിയിരുന്ന രൂപങ്ങൾ അതിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദേവിയുടെ ഓരോ ജയചിഹ്നങ്ങളായിരുന്നു. ഇതുകൂടാതെ അതിൽ മറ്റോരോ ദിക്കിൽ കൊത്തിയിട്ടുള്ളതായ വിചിത്രപ്പണികളെ ഓരോന്നോരോന്നായി എടുത്തുപറയുന്നതായാൽ ഒരിക്കലും അവസാനിക്കുന്നതല്ല.

ഗ്രീസ്സുരാജ്യത്തിൽ വിചിത്രമായ അനേകം കൊത്തുപണികളും ഉണ്ടായിരുന്നുവെങ്കിൽ ശില്പവേലകളിൽ ശ്രുതിപ്പെട്ടിട്ടുള്ളതായിട്ടുള്ളത് 'ജൂപ്പിറ്റർ' എന്ന പേരായ ഗ്രീക്കുകാരുടെ പ്രധാന ദൈവത്തിന്റെ ഒരു പ്രതിമയായിരുന്നു. അതു ദന്തം, സ്വൎണ്ണം, രത്നം തുടങ്ങിയുള്ള വിലയേറിയ സാധനങ്ങൾകൊണ്ടു 60 അടി ഉയരത്തിൽ ഉണ്ടാക്കീട്ടുള്ള വിശേഷമായ ഒരു പണിത്തരമായിരുന്നു. അതിനെ ലോകത്തിലെ 'ഏഴ് അത്ഭുതസാധനങ്ങളിൽ' ഒന്നായിട്ടാണ് ഗണിച്ചുവന്നിട്ടുള്ളത്.

റോം രാജ്യത്തിൽ എടുപ്പുകൾ അത്രതന്നെ ശില്പികളുടെ വാസനാബലത്തെയും ബുദ്ധിസാമൎത്ഥ്യത്തെയും പ്രദൎശിപ്പിക്കുന്നവയല്ല. എങ്കിലും അവ ഗാംഭീൎയ്യത്തിലും വലിപ്പത്തിലും ഗ്രീക്കുകാരുടെ എടുപ്പുകളെക്കാൾ അശേഷം താഴ്കയില്ല. അങ്ങിനെയുള്ളവയിൽ പ്രധാനമായിട്ടുള്ളത് 'കൊളൊസ്സ്യം' എന്ന നാമധേയത്തോടുകൂടിയ അതിവിശാലമായ ഒരു രംഗശാലയായിരുന്നു. അതു അണ്ഡാകാരത്തിൽ അതിമനോഹരമാകുംവണ്ണം തീൎത്തിട്ടുള്ള ഒരു കെട്ടിടം ആയിരുന്നു. അതിന്റെ അടിഭാഗം അഞ്ചേകാൽ ഏക്കർ വിസ്താരത്തിൽ കെട്ടിയിട്ടുള്ളതുകൊണ്ടു ഒരു ലക്ഷത്തിൽ പുറം ജനങ്ങൾക്കു അതിൽ പെരുമാറുവാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

റോം രാജ്യത്തിൽ ഇതു കൂടാതെ ഓരോ ചക്രവൎത്തികളുടെ ജയ

സ്തൂപകങ്ങളായ അസംഖ്യം സ്തംഭങ്ങളും ഉണ്ടായിരുന്നു. അവയിൽ മുഖ്യമായിട്ടുള്ളതു 'ട്രാജൻ' എന്ന റോം ചക്രവൎത്തിയുടെ സ്മാരകത്തിന്നായി 1[illegible]. അടിയിൽ അധികം ഉയരത്തിൽ ഉള്ള ഒരു സ്മാരകസ്തംഭമായിരുന്നു. അതു അനേകം കല്ലുകഷണം ചേൎത്തു പണിചെയ്തിട്ടുള്ളതായിരുന്നാലും കാഴ്ചയിൽ ഒററക്കല്ലാൽ നിൎമ്മിച്ച അതി ഗംഭീരമായ ഒരു കെട്ടിടമാണെന്നു തോന്നും.

ഇതുപോലെതന്നെ നമ്മുടെ രാജ്യത്തും പല ദിക്കുകളിലുമായി പണ്ടേക്കുപ്പണ്ടേ തീൎത്തിട്ടുള്ള ഓരോ അസംഖ്യകെട്ടിടങ്ങളെപ്പററി വിസ്തരിക്കുന്നതു മറെറാരിക്കലാവാമെന്നു വെച്ച് ഇപ്പോൾ വിരമിക്കുന്നു.

വി. കെ. അച്യുതമേനോൻ ബി. എ.

ഉണ്ണുനീലി
സന്ദേശം

പിറെറന്നാളെട്ടെതിരെമറിമാൻകണ്ണിമാർമാരനേ! നീ
മററംപിന്നിട്ടിനിയപുഴയും കണ്ടിയൂരവരെണ്ടും
കററക്കാർമൽക്കുഴലികൾചുഴൻറപ്പസിക്കുംപ്രദേശം
മുറെറച്ചെന്നിതരുലരകൾ ശരനാപിചാലോകയേഥാഃ. ൮൮

ചോമൻകണ്ടംചിടയിലണിയുംതമ്പിരാനോടുമേവാ
കാമംതന്നോടിനിമതിവഴക്കെൻറിരന്നുംവെലിഞ്ഞും
ക്ഷമസ്വാച്ഛമധുരവചസാപോർകപാരതമിട്ടേമടം
നാമംചൊല്ലവന്നതവിടവുംകണ്ടുകമ്പിട്ടുപോക. ൮൯

തൃക്കുംപ്പൂരത്തൻപരിമളമരംനാമ്പുതാലംനടപ്പാൻ
മേവുംകാവുംപഥിമുഴറിവീതിക്കുണ്ടിക്കചെൻറ്
ദേവംതസ്മിൻതൊഴുതുവഴിമേൽനിൻവരേനാണനാടന്നാൽ
കൂവീടപ്പാൽപ്പൃഥിപനയനാർകാവ്യമംഗല്യകീർത്തേ. ൯൦

കച്ചമൊക്കെക്കെതിനാണമൂറിച്ചപ്പകെട്ടിഗ്ഗുർജ്ജന്മാ-
നച്ചച്ചാശിവശിവമഹാഘോരമോരോയുഗാന്ത
പച്ചച്ചാംകളിവെള്ളവെന്തക്കരിയാരക്കടിച്ചോ.
രെച്ചിൽകിണ്ണംതവവിയദിംദേവിഇളഭ്യംനമോസ്തു. ൫൪

ഉത്ഥാംവാണ്ണിമ തരികനൽക്കണ്ണർകണ്ണിൽതൌജ്ജാം
മഞ്ഞേത്രോൻതലെചൊരുതുടൻകാതിലിട്ടമ്മതന്നെ
ഉടംണ്ണാന്റങ്ങാമകരനിവാഹംതോഴനിൽക്കിൻറളുംകം-
ണ്ടത്യാഗമൊൽപൂനരയിസഖെപാലവുംപിന്നിടേഡാഃ. ൫൫

മൂൽപ്പാടസ്സിൻമരുവുമചലപ്പെണ്ണിനക്കൈവണങ്ങി
ത്തൃപ്പാപ്പൂർമൂപ്പടയമടവാർമാരണെ! നീയിരത്ത്
എപ്പോഴുംനിന്നടമകരത്തുംനായിരക്ഷാണിപാലം
കെരപ്പാനിട്ടുംമഹിതചിറവാവീരനെക്കണ്ടുപോക. ൫൬

കൈതകംകെട്ടക്കരവലയള്ളുരാംപാട്ടുകെട്ടങ്ങിരന്നാൽ
കാലാംവൈകംപെരികനിരണാത്തിന്നുപോകമൻവഴിക്കൽ
എൻറാരപ്പാരിൽപ്രഥിതചിറവല്ലിപ്പുരന്നൊരിൽഇതത്തി-
ല്ലുടല്ലുടക്കഴികപഴവാറെൻറചൊല്ലാചടങ്ങം. ൫൭

വീട്ടങ്ങല്ലാതരണ്ടവർതാമ്പാലായാണിപാർമേൽ
മാടമ്പീനാമവിടെവസന്തംധന്യമാകുംനിവാസം
മാടംചൊന്റങ്ങ്വധൂപതികലാപൂടിമാതേവരവാൻ
തേടിന്റമ്പുനരവിടെയുംചൊൽകപോതംരശായാം. ൫൮

ഒന്നുംതെത്രൂറതൂഖരാമത്തമാർപോർമുലത്താ-
ഞെരത്തിൻറാമൽകളകേളിയിൽപ്പൊങ്ങുമംഭോരുഹാഢ്യം
തത്തിത്തത്തിച്ചവരതിരകളിൽച്ചേർന്നുകതാകലാപാൻ
കൊത്തിക്കൊത്തിക്കരികിൽപരകച്ചേർന്നതീരാളിമദ്ധ്യം. ൫൯

പിന്നെപ്പിന്നിട്ടമലസലിലാംതാംനദീംപാടമേപോം-
ള്ളന്നൽക്കണ്ണാർകുസുമശരനിവല്ലവാഴ് കൂടുംചൊൻറ്
ഉന്നിദ്രാണപ്രസവവിസരൽക്കേസരോദ്യാനവാടെ
തന്നിക്കാമംമതിലകമകംപൂകുക പാലമെഴലെ. ൬൦

പോൽപ്പൂമാതിൻകുളിരിളമുലത്താരിലെത്തിൻറകോകം
കർപ്പൂരപ്പൂരിതമലയജം ചാത്തുമാനന്ദമൂർത്തിം
തൃപ്പാപ്പൂർവാഴ്ന്നമൃതകരനേ! വല്ലവാർസ്സായിൽകൊള്ളി
ൻറപ്പൻതന്നെതൊഴുകമഴകോലിൻറനീലാംബുദാഭം. ൬൧

അപ്പോഠിന്നിന്നെതെളിവിലിളമഞ്ഞിക്കരച്ചേരിഗററം
തസ്സിൻമേവുംപെരിയമടവാർവന്നതാത്താൻമുതിന്റ
ഉദ്യൽകേളലഫലമുപചരിക്കിൻറസത്തുംപൊത്രപ്പാ-
നച്ചുച്ചൊകണ്ണോതജ്ഞവഴതിക്കെററംകാതീകെയശലേന. ൬൨

കമ്പിട്ടമ്പിൽതരമവിനതാനന്ദനംതണ്ടിലേറി-
ച്ചെമ്പോക്കളംതെളുതെളമുതിന്നംവെരന്മേൽമുഴങ്ങേ-
വമ്പുറാടിട്ടുംകടതഴചുഴൻറങ്ങോരേറോടനാൽ
മുമ്പിൽക്കാണാംപഥികരിയന്നാടെന്നപേരായകാവ്. ൬൩

ചൂഴുംവള്ളുംപെരിയവിമയംനോക്കിയാലുച്ചയോളം
കോഴിക്കോട്ടുംപുനരതിനോടൊക്കൊല്ലവുംതുല്യമല്ല
ആഴിപ്പെട്ടന്നുംനിഖിലജനവുംവൈകിനാൽവാണുമസ്സിൻ
കോഴിക്കൂട്ടംചെറിയകവമാർപോലുമില്ലങ്ങുപിന്നെ. ൬൪

മുൽത്തൂറാംചേന്നാണിമുലവിരിഞ്ഞെള്ളമാരാതിരേകം
മുൽത്തൂറിൻവമമപൂനരതങ്ങുണ്ണുനീലികളെചൊൽവാൻ
മുത്തൂറിച്ചേന്നിനിയപുഴയുംപിന്നിലിട്ടച്ചഗംഗാ
മുത്തിശ്ശുതപംവിരവൊടുസഖേ! നാലുകോട്ടിക്കൽചാൽക. ൬൫

മുക്കാലും ചെന്റിമയവർതൊഴുതിർക്കൊടിത്തന്നെമന്വി-
ന്റകാർ വർണ്ണൻചാണയുഗളം കൂപ്പിനാനെന്നടന്നാൽ
തെക്കിൻകൂറങ്ങുകഴിവൊരളം കാട്ടിടത്തും വലത്തും
മിക്കടത്തും പുനരവിടമോണ്ടാറാണത്തിൻവതില്ലാ. ൪൬

ആഗ്രകാണാംതദനുമണികണ്ഠാഖ്യപൂർവംപുരാതേ
തെക്കിൻകൂറിന്നൊരുമണി പരംതത്ര മേവും പുരാരിം
ഭക്ത്യാനിചെൻറഴകെട്ടുതൊഴുന്നരതിശാന്തകാന്ത
തിക്കിക്കാംപടികനായഹാനിൻറഴക്കിൻറവാറ്. ൪൭

ചച്ചിച്ചാലുംചരണമതിനിക്കണ്ടതില്ലേൻവമസ്തി-
ന്നുട്ടേടം ചൊല്ലുവിടമതങ്ങുന്നേയർക്കൊട്ടുകൊൾക
തൊട്ടുണ്മാൻഞാൻഇളുവനരവാനവഷറോടമെങ്ങു
സഭ്യക്കാരാപറയന്നവിധാക്കാപട്ടുകട്ടുപാട്ടം. ൪൮

എന്റെല്ലാം കേട്ടവിടെയുളനാമാകിൽ നീബിംബലീശം
വെൻറിക്കൻറിന്നൊരുതിലകമാംരാമവർമ്മാഭിധാനം
കണ്ടിട്ടേറാംവിരവിൽമരുവാർകാലനെവസ്തിയാതെ
ചെഞ്ചൊമ്മർപൊയ്മഹിതഗിരിവാഞ്ചെപ്പുഴക്കുചെൽക. ൪൯


വിപ്രപ്രാണനാമഖിലജനപതാംവാസസങ്കേതസീമം-
മേനാംജ്ഞാനദായസമധുരസപ്പനിരാളിതമാം
ചത്രശ്രേണീചിരചിതനാടപ്പന്തല്ലൂടന്നടന്നാൻ
തത്ത്യാനാംവിവിധമവിധാനാമെവും കേട്ടുകൊൾക. ൫൦

ചോരിച്ചാവമലരിൽമധുരംചോലിയിൽച്ചെന്നപൂന്തേൻ
കോരിത്തൂവുംവചസിലളിതാംകോമളാംമംഗലാംഗീം
പാരിക്കാണാംകളമിതമമന്നോമലേകണ്ടുപോവാൻ
ചാരത്തല്ലാഞ്ഞതയിചതമായ്ഞാനണത്താഞ്ഞതങ്ങ. ൫൧

കല്യാണാർത്ഥം ഗുരുജനമതിരിഞ്ഞെത്തുടിക്കുന്നവന്മാർ
എല്ലാം ചെൻറാലവിടെ മരുവും ചന്ദ്രമൌലിം വണങ്ങി
ഊണും തേവാരവുമവിടെ നിന്നെൻറാട്ടു ചഗേന്ദ്രകൃതാ
ബാണം പോലെ വടിയിൽ നടകൊൾകണ്ടുവേണാടർകോനേ ഹമ്പ

കാന്താ പോരും വഴികറകയിൽ ഇല്ലതുമാർക്കെന്തെന്നല്ലർ
പൃത്തം തേവം തണലിൽ വിളനെൽകാക്കമെകന്ന്യകാന്താം
കാന്താലം വീണ സിതനയനം കണ്ടുമാനൊൻറുമതാ
പോതപ്പെണ്ണാൻ നികരമരികേ ചെന്നുമവിടമേടം.　　　　ഹമ്പ

കയ്മളശ്ശന്റെ കല്യാണം



ചരൽ വാരിവീഴുന്ന ശക്തിയോടുകൂടി ഇടവർഷം തകർത്തു പെയ്തുകൊണ്ടിരുന്ന ഒരു രാത്രിയിൽ പുഷ്പഗിരിഗ്രാമത്തിന്റെ പടിഞ്ഞാറുവശത്തുള്ള വിശാലവയലിന്റെ നടുവിൽ കിഴമേലായി നെടുനീളത്തിൽ കിടക്കുന്ന നാട്ടുപാതയിൽക്കൂടി കരക്കപ്പൊന്നത്തു 'ചെപ്പുപ്പാണൻ' എന്ന സ്ഥാനപ്പേരുള്ള 'ഇട്ടിരിക്കുഞ്ഞൻ' കയ്മളശ്ശൻ സവാരിനീങ്ങുകയായിരുന്നു. 'തൊക്കും തൊണ്ടും' ഏങ്കിവലിഞ്ഞു്, അടികൊണ്ടു ഇടതടിച്ചു്, എല്ലുപൊന്തി, കാൽമടന്തി, പട്ടിണിപരിചയിച്ചിട്ടുള്ള എജമാനന്റെ ശ്രുതിപ്പെട്ട 'പോണി' ഗാനത്തൊലിച്ചു് ആളെ ക്ലേശിപ്പിക്കുന്നതു കണ്ടാൽ രാജസ്സും പ്രതാപവും ക്ഷയിച്ചു പ്രത്യേകം തടിച്ചുനിൽക്കുന്ന എടപ്രഭുക്കന്മാരിൽ ചിലരുടെ പോക്കുവരവിനുള്ള 'നീങ്ങുക' എന്ന ആചാരവാക്കിനെ അർത്ഥവത്താക്കിത്തീർക്കുകയാണെന്നു തോന്നും. കിഴ

ൺകാററിൻെറ ശക്തികൊണ്ടു പടിഞ്ഞാട്ടു നീങ്ങിനീങ്ങിപ്പോയിരുന്ന ആ ജന്തു അററാട്ടുപുഴപ്പാലത്തിന്നടുത്തെത്തിയപ്പോൾ പാതയിൽ വിലങ്ങടിച്ചു നിലയായി. കസ്റ്റമുടെ മഴക്കോട്ടിന്നു കാററു പിടിച്ചു ഇടങ്ങിയപ്പോൾ പോണി കസ്റ്റം കാലും ഇടകിടെ പൊക്കി പടിഞ്ഞാട്ടു ചാടുന്നുണ്ട്. വാറു വലിച്ചും കാലിട്ടടിച്ചും കസ്റ്റം കുതിരയെ പടിഞ്ഞാട്ടു തിരിക്കുവാൻ പാടുപെടുന്നതിന്നിടക്ക് അതിൻെറ പള്ളക്കലേക്കുവന്നു മുട്ടി. ഹൈ! ഹൈ! ഹൈയ്യ! എന്നുള്ള സവാരിക്കാരുടെ വായ്ത്താരി കസ്റ്റം അടിക്കടി പുറപ്പെടുവിച്ചു. കൊടേയും ചരിച്ചുപിടിച്ചു കമ്പിട്ടു ബദ്ധപ്പെട്ടുവന്നു മുട്ടിയ പാന്ഥൻ പരിഭ്രമിച്ചു പിന്നാക്കം മാറി.

കസ്റ്റം—ആരത്? തിന്നപൊളച്ചു ലകനൊതുങ്ങാതെ വില്ലുകിച്ചു നില്ക്കുന്ന പോണിയുടെ മെക്കട്ടുവന്നു കേറി ചാകഞ്ഞതു ഭാഗ്യം.

പാന്ഥൻ—അല്ലാ എജമാനനോ? എന്നെ അന്വേഷിച്ചു നിങ്ങക യാണെന്നുണ്ടോ? തിടുക്കം തോരിട്ടുകൊണ്ടു വന്ന താമസം ക്ഷമിക്കണം.

കസ്റ്റം—ആര്, ശിവരാമമേനോ? നന്നായി! ഇതെൻെറ വരവു കാണാഞ്ഞിട്ട് അന്വേഷിച്ചു പുറപ്പെട്ടതാണ്.

ശിവരാമൻ— വലിയ മഴ, എൻെറ വീടു സമീപമാണ്.

കസ്റ്റം—രാത്രിയല്ലേ, നമ്മെ ആരും കാണില്ല, ശിവരാമൻെറ വീട്ടിലേക്കുതന്നെ പോകാം. പോണിയെ ഒന്നു തള്ളിത്തിരിക്കു.

ശിവരാമമേനോൻ കുതിരയെ തള്ളിത്തിരിക്കുവാൻ ഭാവിച്ചപ്പോൾ അത് അവിടെ കിടന്നു. പലതും പയററിനോക്കി. അത് ഏണീററില്ല. അവസാനം ജീനി ശിവരാമമേനോൻ ചുമക്കേണ്ടതായി വന്നു.

കഴുകൻ തീൻപണ്ടം വീണിട്ടുണ്ടെന്നറിയുന്നതു മൂക്കു വിശത്തിട്ടാണെന്നു ചിലർ പറയാറുണ്ട്. ഉള്ളുകൊണ്ടു സമ്പർക്കമില്ലാതാകുമ്പോഴേക്കും അവിടെ നാട്ടുകാര്യസ്ഥന്മാരെത്തുന്നതെങ്ങിനെയാണെന്നാരും പറയുന്നില്ല. തമ്മിൽ രാജിയാക്കുകയാണെന്നു പുറമെ ഭാവിച്ചു കടിപിടികൂട്ടി വൈരം വർദ്ധിപ്പിച്ച് എടുത്തുകൊണ്ടു കാലക്ഷേപം ചെയ്യുന്ന നാട്ടുകാര്യസ്ഥന്മാരിൽ ഒട്ടും അപ്രധാ

നിയല്ലാത്ത ഒരാളാണ് വ്യവഹാരി ശിവരാമമേനോൻ. ഒരുപാടം തരവും അറിഞ്ഞു പ്രയോഗിച്ച സ്വാൎത്ഥം നേടാനതിസമൎത്ഥനായ ആ വിദ്വാൻ വീട്ടിൽ ചെന്ന കുട്ടനെ കുത്തുകട്ടിലും തിണ്ടുതലയിണയും കൊടുത്തു സൽക്കരിച്ച് അന്വേഷണപ്പടി തന്നെ ഇരുന്നു. മേശപ്പുറത്തു കിടന്നിരുന്ന 'രസവിലാസിനി' എന്ന മാസികയുടെ കടലാസ്സുകളെ അശ്രദ്ധയായി മറിച്ചിട്ടുകൊണ്ട് 'വീണ്ടിയത് എന്തിനാണെന്നു മനസ്സിലായില്ല' എന്നു പറഞ്ഞു.

കുട്ടൻ— സവാരിചെയ്തു ക്ഷീണം മാറീട്ടാവട്ടെയെന്നു വിചാരിച്ചു. വേണ്ടാ, നമ്മെക്കാളധികം ശ്രുഷ്ണ്ണാന്തി ശിവരാമനുണ്ടെന്നു നമുക്കു ബോദ്ധ്യമായി, അതുകൊണ്ടു നാം ക്ഷീണം വക വെക്കുന്നില്ല.

ശിവ— ക്ഷീണം മാറീട്ടു മതി, ഇനിക്കു ബുദ്ധിമുട്ടില്ല.

കുട്ടൻ— പോര പോര! ആ പോട്ടുകളെ നിമിഷത്തിനു മുമ്പിൽ കടുക്കണം. കുളൻ, നമ്മെ അവമാനിപ്പാൻ പുറപ്പെട്ട പെട്ടിയുളൻ, പെരുമാതിയൻ, അവനൊ-അവനെ നാം—ശിവരാമൻ ആ പുസ്തകം വായിച്ചിട്ടില്ലേ?

ശിവ— ഉവ്വ്. കേശുപ്പുനെൻറ ശൃംഗാരക്കളി നല്ല നേരംപോക്കു തന്നെ.

കുട്ടൻ — നേരംപോക്കല്ല കാൎയ്യമാണത്.

ശിവ—എന്നാൽ അയാളും വലിയ എമ്പ്രാൻതന്നെ, ഇത്ര ചാപല്യം മനുഷ്യൎക്കു വരാമോ?

ശിവരാമമേനോൻെറ അഭിപ്രായം കേട്ടപ്പോൾ കുട്ടൻ്റെ മുഖം വാടി. സ്വകാൎയ്യമായിട്ടു ഇന്നതെ എഴുതാവൂ എന്നുണ്ടോ? അതു പരസ്യമാക്കിയതുകൊണ്ടു വല്ല കേസ്സിനും വഴിയുണ്ടോ എന്നാണ് ആലോചിക്കേണ്ടത്. എന്നു കുട്ടൻ പറഞ്ഞു.

ശിവ— 'രസവിലാസിനി'യുടെ മേൽ കേസ്സോ? ഒരിക്കലും ഉണ്ടാവില്ല, കത്തു സ്വകാൎയ്യമാണോയെന്ന് അതു കിട്ടിയ ആളല്ലെ വിചാരിക്കേണ്ടത്. എജമാനൻ ഇതിനെപ്പറ്റി ആലോചിക്കുന്നതെന്തിനാണ്?

കുട്ടൻ—നമ്മുടെ പുതിയ എഗ്രിമെന്റ് ശിവരാമൻ കേട്ടിട്ടില്ലെന്നുണ്ടോ?

ശിവ— താട്ടിക്കുട്ടിയമായിട്ടുള്ള കൂട്ടുകെട്ടു വിട്ടുവെന്നും അവളെ കിഴക്കൻ ഒരു നായർ കൊണ്ടുപോയിയെന്നും കേട്ടു.

കസ്തൂ— കൂട്ടുകെട്ടിന്നു് ഇപ്പോഴും കുറവില്ല. അവളുമായിട്ടുള്ള പരസ്യമായ വേഴ്ച ഇനി നമ്മുടെ സ്വരൂപത്തിങ്കലേക്കു് അപമാനമാണെന്നു നാം അവളെപ്പറഞ്ഞു വിശ്വസിപ്പിച്ചു് ഉപേക്ഷിക്കുകയാണു് ചെയ്തതു്. കാരണം അയാൾക്കും നമുക്കും മാത്രമേ അറിഞ്ഞുകൂടു.

ശിവ— സ്വകാൎയ്യം പുറത്താക്കരുതല്ലൊ. താട്ടിക്കു നാറ്റംതെററിയതുകൊണ്ടു് എജമാനൻ ഉപേക്ഷിച്ചതാണെന്നുള്ള ആക്ഷേപവും പോയല്ലൊ.

കസ്തൂ— താട്ടിയുടെ നായർ നമുക്കു തിരുമുൽക്കാഴ്ച കടിപ്പാൻ വരവുണ്ടെന്നും അയാളുടെ അച്ഛൻ ധൎമ്മാണെന്നുള്ള സംഗതിമാത്രം പറയരുതെന്നും താട്ടി നമ്മുടെ കാലുപിടിച്ചപേക്ഷിച്ചു. നാം അതിനെ സമ്മതിച്ചു പൊളിപറയാനൊരുങ്ങി ഇരിപ്പായിരുന്നു, പക്ഷെ പൊടമുറി നായരുടെ വീട്ടിൽ വെച്ചായിരുന്നതുകൊണ്ടു നമുക്കതുകൂടാതെ കഴിഞ്ഞു.

ശിവ— ആ മാറാപ്പു് ഒഴിഞ്ഞതു നന്നായി. അവസ്ഥക്കു പോരാത്തവളെ വെച്ചുകൊണ്ടിരിക്കുന്നതു് എജമാനനെപ്പോലെയുള്ളവൎക്കു് ഒരിക്കലും ഭംഗിയല്ല.

കസ്തൂ— അതവൾക്കും ബോദ്ധ്യമാണു്. താട്ടി വളരെ നന്ദിയുള്ള കൂട്ടത്തിലാണു്. അവൾ കിഴക്കോട്ടു പോകുന്നദിവസം ഒരു കന്യകയുടെ പടം നമുക്കു കാഴ്ചവെച്ചു. അതു് അവളുടെ ഒത്തായിയുടെ മരുമകളുടെ ഛായയാണു്. വളരെ ഭേഷ് എന്നല്ലെ പറയേണ്ടു.

ശിവ— സൌന്ദൎയ്യം, കുലമഹിമ, സൌശീല്യം മുതലായ ഗുണങ്ങളെല്ലാം തികഞ്ഞിട്ടു് ഇട്ടിക്കു എന്നൊരു പെൺകുട്ടിയുണ്ടു്. ആ കുട്ടിയുടെ പടമായിരിക്കുമോ?

കസ്തൂ— അതുതന്നെ. ശിവരാമൻ ഇട്ടിക്കയെ കേട്ടിട്ടുണ്ടു് അല്ലേ? താട്ടിയും അവളും തമ്മിൽ പ്രാണസ്നേഹമാണു്. ഇട്ടിക്കുട്ടി യാരെങ്കിലും രാജസ്സു കലശലാണു്. അവളുടെ അമ്മാമന്മാ

കൊണ്ടു താട്ടിക്കു പൊടമുറി കൊടുപ്പിച്ചു. ഇങ്ക്ലിക്കയെ നമുക്കു ബോദ്ധ്യമായാൽ നാം താട്ടിക്കു ഒരു വലിയ പ്രത്യുപകാരം ചെയ്യു കൂട്ടത്തിലായി എന്ന് അവൾ നമുക്കു എഴുതീട്ടുണ്ട്. നാം സമ്മതിച്ചു മറുപടി കൊടുത്തു.

ശിവ— ഇങ്ക്ലിക്ക ഇവിടുത്തെ ധർമ്മദാരങ്ങളായിരിപ്പാനല്ലംകൊണ്ടും യോഗ്യതയുള്ള സ്ത്രീതന്നെ.

കസ്തൂ— അതെ. പിന്നീടു ഞങ്ങൾ തമ്മിൽ നടത്തിയ എഴുത്തുകളെക്കൊണ്ടു നമുക്കതു ബോദ്ധ്യമായി. പക്ഷെ കുറെച്ചൊരു ഞെല്ലുടം. ഇങ്ക്ലിക്കയുടെ തള്ള— അസത്ത് പേരു കേട്ടാൽക്കളിക്കണം, മൊളപൊളിക്കുന്ന ശബ്ദമാണെന്നു തോന്നും, ഇട്ടണ എന്നാണ് പേര്— ഈ ഏർപ്പാടിനു വിപരീതമായിട്ടു എടങ്കോലിടുന്നുണ്ട്. കാരണം, ഒരു കുളൻ കോമൻ— കുളനെന്നു പറഞ്ഞാൽ പോരാ ചെററക്കുളൻ— ഇങ്ക്ലിക്കയെ ഭ്രമിച്ചു കൂടീട്ടുണ്ട്. നമ്മുടെ പ്രവേശം തീർച്ചപ്പെട്ടപ്പോൾ ഇങ്ക്ലിക്ക അവനെ പുല്ലുപോലെ ഉപേക്ഷിച്ചു. ഇപ്പോൾ അവൻ തള്ളയെ പാട്ടിൽ പിടിച്ച് അവളുടെ ശൌര്യം വഴിക്ക് ഇങ്ക്ലിക്കയെ സ്വാധീനമാക്കാൻ നോക്കുകയാണ്. ഈ വർത്തമാനം നാം ധരിച്ചപ്പോൾ ഇങ്ക്ലിക്കയുടെ മനസ്സു പതറാതിരിക്കേണ്ടതിനായി അവൾക്കയച്ച നമ്മുടെ സ്വകാര്യക്കത്താണ് ആ പുസ്തകത്തിൽ കാണുന്നത്.

ശിവ— എന്നാൽ ഇങ്ക്ലിക്ക എഴുത്തു പരസ്യമാക്കിയതു നന്നായില്ല.

കസ്തൂ— ശിവശിവ! അവൾ ഇതു ചെയ്യുമെന്നു ശിവരാമൻ സ്വപ്നത്തിൽക്കൂടി വിചാരിക്കേണ്ട. എന്റെ സ്വകാര്യക്കത്ത് അവൾ ശിവ സംപ്രതി പാരായണം ചെയ്യുന്നുണ്ടെന്നു താട്ടി നമുക്കു എഴുതീട്ടുണ്ട്. ആ കുളനോ ഇട്ടണയോ എഴുത്തു കട്ടെടുത്തു ഈ വഷളത്തം കാട്ടിയതായിരിക്കണം. ഈ ദുഷ്ടന്മാരുടെ മേൽ മാനത്തിനായി വല്ല കേസ്സിന്നും വഴിയുണ്ടോ എന്നാണ് ആലോചിക്കേണ്ടത്.

കസ്തൂരുടെ വാക്കു കേട്ടപ്പോൾ ശിവരാമമേനോൻ കത്ത് ഒരു പരിവൃത്തികൂടി വായിച്ചു. ആലോചിച്ചുകൊണ്ടു പിന്നാക്കം ചാഞ്ഞിരിപ്പായി. കസ്തൂരുടെ സ്വകാര്യക്കത്തു 'രസവിലാസിനിയിൽ'

പരസ്യം ചെയ്യുന്നുകൊണ്ടു ഇവിടെ ചേൎക്കാതിരുന്നിട്ടുള്ളതല്ല. ആ ശൃംഗാരങ്ങളുടെ വൎണ്ണനപോലും കിളപ്പും പുളിപ്പും, അവസരനം കണ്ടു ചകപ്പുംകൂടി കലൎന്നിട്ടുള്ള ഒരു രസമാണെന്നാകുന്നത് എന്നു തോന്നുമാറു വെച്ചറിഞ്ഞിട്ടുള്ളതുകൊണ്ടു കുറ്റം കാണാത്തവൎക്കില്ലും ഈ ദുസ്സ്വാദു അനുഭവിക്കാതെ കഴിയുമല്ലോ, എന്നു വിചാരിച്ചു കസ്തൂരിശ്ശൂരന്റെ ശൃംഗാരത്തെ ഇവിടെ ചേൎക്കാതിരിക്കുന്നതാകുന്നു.

കസ്തൂ— ശിവരാമൻ നമ്മുടെ മനസ്സിരുത്തീട്ടുതന്നെയാണു ഉവം. ആളുവേണം താനും.

ശിവ— വഴി ഒരു കേസ്സിന്നു, പോര പോര. കല്പിച്ചുകൂട്ടി അവമാനിപ്പാൻ നോക്കിയതിന്നു മാനനഷ്ടക്കേസ്സു ഒന്നു. സ്വകാൎയ്യം പരസ്യമാക്കിയ കുററം ഒരു പെണ്ണിനോടാണു. കേസ്സു രണ്ടു. കണ്ടുകെട്ട കുററം ചില്ലറയല്ല; കേസ്സു മൂന്നു. അവകാശിതമായ മുതലടക്കക്കേസ്സു മുളച്ചു പൊന്തിനിൽക്കുന്നു. നാലമതില്ലേ? അന്യന്റെ മുതൽ സ്വന്തമാക്കിപ്പുതമാറാൻ ശ്രമിച്ചതിന്നു വേറെ കേസ്സുണ്ടു. അഞ്ചു. (ശിവരാമൻ നാൻ കേസ്സുകളെ ഓരോന്നായി പേരിട്ടു പുറത്തേക്കു തള്ളിവിട്ടു തുടങ്ങിയപ്പോൾ കസ്തൂരി തല ഒരു പുറത്തേക്കു ചരിച്ചു പിടിച്ചു ഒറപ്പിക്കാം മേൽപ്പോട്ടു കയറി വായും പൊളിച്ചു ശിവരാമന്റെ മുഖത്തു നോക്കി തുറിച്ചു മിഴിച്ചിരിക്കുന്നതു കണ്ടാൽ വ്യവഹാരിയുടെ ഉള്ളിൽനിന്നു പുറത്തു ചാടുന്ന കേസ്സുകളെ കസ്തൂരി വായിൽകൂടി അകത്തു കടത്തി മനസ്സിൽ കേറവാൻ ശ്രമിക്കയാണെന്നു തോന്നും). ഉള്ളതില്ലാത്തു ചെയ്യാൻ ശ്രമിച്ചതു വഞ്ചന, ആറാമത്തെ കേസ്സ്. ഇല്ലാത്തതുണ്ടാക്കിപ്പറഞ്ഞതു അപകീൎത്തിക്കേസ്സുമായി. (കാൎയ്യസ്ഥൻ കേസ്സുകളെക്കൂട്ടിപ്പിടിച്ചതു തുടങ്ങിയപ്പോൾ ഞാനിങ്ങനെ പുറപ്പെട്ടെട്ടു, ശിവരാമൻ മനസ്സുവെച്ചാൽ കേസ്സുണ്ടാകാതിരിക്കയില്ല' എന്നു കസ്തൂരി ഇടയിൽകടന്നു പറഞ്ഞു.) കളവു പറഞ്ഞു മനസ്സിന്നു സുഖക്കേടുണ്ടാക്കിത്തീൎത്തു മനസ്സമാധാനലംഘനക്കുററം. ഇവ എട്ടും പ്രഥമദൃഷ്ടിയിൽപ്പെട്ട കേസ്സുകളാണ്.

കസ്തൂ—സന്തോഷമായി! ഒരു കാൎയ്യംകൂടി വേണം; ആ കോമന്റെയോ മറ്റോ കൈവശം വേറേയും കത്തുകളുണ്ടെങ്കിൽ അവയെ പുറത്തു വരുത്താതെ കഴിപ്പാനുള്ള കൌശലംകൂടി നോക്കണം.

ശിവ—അതിന്നു ഞെരുക്കമില്ല. ഒരു ഇഞ്ജങ്ക്ഷൻ സമ്മനം അയച്ചാൽ തീൎന്നു.

കസ്തൂ— ഇതു നമുക്കത്ര ബോധിച്ചില്ല; തറികത്തി പാട്ടത്തിന്നുല്ലിക്കലും പാറകൊട്ടുന്നു തീവെട്ടിക്കലും പണ്ടത്തെ നടവടിയാണ്. ആധാരം എഴുതി രജിസ്ട്രാക്കിയാൽകൂടി വഴക്കിന്നു വഴിയുണ്ടാക്കിക്കൊണ്ടുവരുന്ന ഈ കാലത്ത് ഒരു 'ഇഞ്ജക്ഷണം' അയച്ചാൽ അവർ ഭയപ്പെടുമെന്നു ശിവരാമൻ വിചാരിച്ചതു പരമവിഡ്ഢിത്തമായിപ്പോയി.

ശിവ—(ചിരിച്ചുകൊണ്ട്) എന്നാൽ അതുവേണ്ട. ഒരു രജിസ്ട്രുകത്തയച്ച് അവരെ വരച്ചുവരയിൽ നിൎത്തി കാൎയ്യം പറയിപ്പിക്കാം.

രജിസ്ട്രുകത്തിന്നുമാത്രമല്ല നാട്ടുകാൎയ്യസ്ഥന്മാരുടെ എല്ലാ എഴുത്തുകുത്തുകൾക്കും ഓരോ മാതൃക അവർ പഠിച്ച് ഉരുക്കഴിച്ചുറപ്പിച്ചു വെച്ചിട്ടുണ്ടായിരിക്കും. പ്രകൃതത്തോടു യോജിപ്പിക്കുവാൻ അവയിൽ ഒന്നുരണ്ടു വാക്കുകളോ ചില അക്ഷരങ്ങളോ മാത്രമേ ഭേദപ്പെടുത്തേണ്ടതായിരിക്കയുള്ളു. ശിവരാമമേനോൻ തയ്യാറാക്കിയ രജിസ്ട്രുകത്താണ് താഴെ കാണുന്നത്.

നിങ്ങൾ കല്പിച്ചുകൂട്ടി എന്റെ സ്വകാൎയ്യങ്ങളുള്ള കത്തു നിങ്ങൾ കൈവശപ്പെടുത്തി അതു പരസ്യപ്പെടുത്തേണമെന്നു നിങ്ങൾ വിചാരിച്ചു 'രാജവിലാസിനി' മാസികക്കു നിങ്ങൾ അയച്ചുകൊടുത്ത് അച്ചടിപ്പിച്ചതുകൊണ്ടു മാനഹാനി മുതൽ മനസ്സമാധാനലംഘനംവരെ എട്ടു കേസ്സുകൾ നിങ്ങളുടെമേൽ കൊടുക്കുവാനായി ഞാൻ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. നിങ്ങളുടെ ദുഷ്പ്രവൃത്തിയുടെ ഫലത്തിൽ നിന്നുത്ഭവിച്ച മേൽപറഞ്ഞ എട്ടു കേസ്സുകളുടെ വിത്തുകളും അകാലം പൊല്ലീസ്സുകോടതികളിൽ കുത്തി നിങ്ങളുടെമേൽ പടൎത്തി വിസ്തരിച്ചു വളംചേൎത്തു ശിക്ഷാമൂലം വികസിപ്പിച്ചു വിധിച്ചഫലം രണ്ടുപക്ഷം അനുഭവിക്കുന്നതിന്നു വേണ്ടിവരുന്നകാലം ഇപ്പോൾതന്നെ നീണ്ടുകിടക്കുന്നു. കളവുമുതലായ സ്വകാൎയ്യങ്ങളുടെകൾ ഇനി

യും നിങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ അതു വി
ണ്ടും പ്രസിദ്ധപ്പെടുത്തി വിണ്ടുവിചാരംകൂടാതെ കേസ്സുകളുടെ സം
ഖ്യ ഇനിയും മേൽക്കുമേൽ വൎദ്ധിപ്പിക്കുവാനിടയാകാതിരിക്കുവാൻ
ഉതകുന്നതായിരിക്കും ഇനിക്കും പ്രത്യേകം നിങ്ങൾക്കും ഗുണകര
മായി പരിണമിക്കുന്നതിന്നെളുപ്പമായ മാൎഗ്ഗമെന്നാണ് വലിയവ
ലിയ ശ്രേഷ്ഠപ്പെട്ട യോഗ്യന്മാരായ വക്കീലന്മാർ ഒത്തൊരുമിച്ചാ
ലോചിച്ച് ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു തീൎച്ചപ്പെടുത്തി
പറഞ്ഞിട്ടുള്ളത്. നിങ്ങൾ കട്ടെടുത്ത കത്തിന്റെ പ്രയോഗംകൊണ്ടും
പുറമെയുള്ള മററു സംഗതികളെക്കൊണ്ടും കാലതാമസംകൂടാതെ
ഇണ്ണിക്ക എന്റെ പ്രിയപ്രേയസിയായിത്തീരുമെന്നു നിങ്ങൾ അ
റിയുവാനിടയുണ്ടായിരിക്കെ ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധക്കെ
ട്ടു നിങ്ങളുടെ ചിന്താകുടിലതകൊണ്ടു കല്ലിച്ചുകൂട്ടി പൊട്ടിച്ചു ക
ളുവാൻ നിങ്ങൾ ശ്രമിച്ച് അനിതരസാധാരണമായ ബുദ്ധിശക്തി
യുള്ള ഇണ്ണിക്കെക്ക് എന്റെമേൽ അനുരാഗമില്ലെന്നു സൂചിപ്പിക്കു
വാനായി പ്രയോഗിച്ച നിങ്ങളുടെ കൃത്രിമസൂത്രംകൊണ്ടുതന്നെ നി
ങ്ങളുടെ ദുഷ്ടവിചാരത്തെ സൎവ്വഥാ വെളിപ്പെടുത്തുന്നുണ്ട്. എ
ന്നാൽ ഇണ്ണിക്കെക്ക് എന്നോടു വൈമനസ്യം ജനിച്ചിട്ടുണ്ടെന്നുള്ള പ്ര
ത്യേകസംഗതി അസ്ഥിതവും പൊളിയും അസത്യവും നേരുകേടുമാ
ണെന്നുമാത്രമല്ല വാസ്തവത്തിന്നു പ്രതിഷേധവും വിരുദ്ധവും ശു
ദ്ധമേ ഇല്ലാത്തതുമാകകൊണ്ട് ഇനിക്കു നേരിട്ടിട്ടുള്ള മനസ്സമാധാന
ലംഘനം നിങ്ങളുടെ മേൽ ഒന്നാമത്തെ കേസ്സായി ആരോപിച്ച്
അതിനെ ഞാൻ ബലവത്താക്കിപ്പിടിച്ച് ആദ്യത്തെ കേസ്സായി ഇ
താ ഞാൻ കൊടുക്കുവാൻ പോകുന്നു. ഈ കേസ്സും ഇനി ഞാൻ കൊ
ടുക്കുവാൻ വിചാരിക്കുന്ന മററു കേസ്സുകളും സംബന്ധിച്ച് ഇനിക്കു
നേരിടാവുന്ന സകലവിധ നഷ്ടകഷ്ടാരിഷ്ടശിഷ്ടങ്ങൾക്കും മററും നി
ങ്ങളും നിങ്ങളുടെ ദേഹവും നിങ്ങളുടെ സ്ഥാവരജംഗമസ്വത്തുക്കളും
ഇളകുന്നതും ഇളകാത്തതുമായ വസ്തുക്കളും ഇപ്പോഴുള്ളതും മേലാ
ലുണ്ടാകുന്നതുമായ സകലവിധ മുതലുകളും അതിന്മേൽ നിങ്ങൾ
ക്കുള്ള എല്ലാമാതിരി അവകാശങ്ങളും ഒററയായും കൂട്ടായും രണ്ടും
കൂടിയും ഉത്തരവാദപ്പെടുന്നതിന്നു ബാദ്ധ്യതപ്പെട്ടിരിക്കുമെന്നു കേ

സ്സുകളെ സംബന്ധിച്ചേടത്തോളം അന്യായക്കാരനും നിരോധഹരജിയിലെ ഹരജിക്കാരനുമായ കാക്കപ്പൊന്നത്തു 'ചപ്രപ്പാണൻ' എന്ന സ്ഥാനപ്പേരുള്ള ഇട്ടിറിശ്ശുമ്മൻ കസ്തൂരി നിങ്ങളെ രേഖാമൂലം എഴുതി അറിയിച്ചിരിക്കുന്നു.

കസ്തൂരി— ശിവരാമൻ പഴുതടച്ചു പ്രയോഗിച്ചതു നമുക്കു ബോധിച്ചു. പക്ഷെ ഈ കടലാസ്സു നാം സമ്മതിച്ചയക്കുന്നതാകകൊണ്ടു 'ഞാൻ' എന്നതു 'നാം' എന്നാക്കണം. നമുക്കു മൂന്നു രാജ്യത്തും മൂന്നു സ്ഥാനപ്പേരുള്ള കഥ ശിവരാമൻ അറിഞ്ഞിട്ടില്ലായിരിക്കും. കൊച്ചിസ്സീമയിൽ 'കാക്കപ്പൊന്നത്തു ചപ്രപ്പാണൻ' എന്നും തിരുവാങ്കൂറിൽ 'നെസ്സിക്കുന്നത്തു കിണററിൽകണ്ണൻ' എന്നും ബ്രിട്ടീഷിൽ 'ചെററമടത്തിൽ തലയാടി' എന്നുമാണ്. അതു കൂടി തിരുത്തി ചേർത്താൽ വളരെ വകതിരിവും ഭംഗിയുമായി.

ശിവരാമമേനോൻ കത്ത് അസ്സൽപ്പെടുത്തി കസ്തൂരിക്കു കൊടുത്തു. എരട്ടുള്ളട്ടക്കരങ്ങളിൽ വള്ളിപുള്ളികളെക്കൊണ്ടലങ്കരിച്ചു തവാട്ടിട്ടപ്പു എജമാനൻ കടലാസ്സിൽ പെടുത്തിത്തുടങ്ങിയപ്പോൾ ശിവരാമമേനോൻ പോയി ഒരു മഞ്ചക്കാരെക്കൊണ്ടുവന്നു. ശിവരാമമേനന്ന് പീസ്സു വകക്കു കസ്തൂരി തല്ക്കാലം കൊടുത്തത് ഒരു കടലാസ്സു ഉണ്ടാണ. അത് എത്രത്തോളം വിലപിടിച്ചതാണെന്നു കോടതിയിൽനിന്നു സംഖ്യവാങ്ങുമ്പോഴെ അറിവാൻ തരമുള്ളൂ. കസ്തൂരി മഞ്ചലിൽ കയറിയപ്പോൾ 'നില്ക്കുന്നതു കേളപ്പണിക്കരുടെ പടിക്കൽകൂടി വേണ്ട. മഞ്ചൽ ഇവിടെക്കാണെന്നറിഞ്ഞാൽ ആയാൾക്ക് എന്റെ നേരെ മുഷിച്ചിലാകും. അതുമാത്രമല്ല, പണിക്കരുടെ വീട്ടിൽ ഇന്ന ആളുകൾ അധികമുണ്ട്. വ്യവഹാരവസ്തു കൊള്ളുവാൻ ചിലർ വന്നിട്ടുണ്ട്. അസമയത്തു ശത്രുവിന്റെ നേക്കു ചെല്ലേണമെന്നില്ലല്ലോ' എന്നു ശിവരാമമേനോൻ പറഞ്ഞു.

കസ്തൂരി— അതുപ്പോൾ ശിവരാമൻ വർത്തമാനമെല്ലാം മനസ്സിലാക്കി നാളെ നമ്മെ വന്നു കാണണം. നാം അതിലെ പോകുന്നില്ല.

കസ്തൂരിയുടെ കല്യാണത്തിൽ ഇടങ്കണ ചെയ്യുവതിന്ന എപ്പാട വഴി കാക്കുന്നതാണെന്നു കണ്ടപ്പോൾ കേളപ്പണിക്കരുടെമേൽ കസ്തൂരി കൊടുത്തിട്ടുള്ള കേസ്സും ഇതോടുകൂടി മുളക്കണമെന്നു നിശ്ചയിച്ചു

ശിവരാമമേനോൻ പിറെറദിവസം ഇട്ട്യണയുടെ വീട്ടിലേക്കുപോയി. അവിടെച്ചെന്നു രണ്ടുദിവസത്തെ ആലോചന കഴിഞ്ഞു വന്നവഴി ശിവരാമമേനോൻ കുട്ടാളെ ചെന്നുകണ്ടു. കുട്ടാൾ മുഖംവീർപ്പിച്ചുകൊണ്ട് 'ശിവരാമൻ ഞങ്ങളുടെയിടയിലും കാൽവെക്കുന്ന കൂട്ടത്തിലാണെന്നു നാം ധരിച്ചില്ല. കേളപ്പണിക്കരുടെ കളം ഇട്ട്യണക്കു കെട്ടിപ്പിക്കാൻ താൻ ശ്രമിക്കുന്നതും രജസ്ത്രകത്തിന്റെ കാൎയ്യത്തിൽ അവളെ സഹായിക്കാമെന്നു താൻ വാക്കുകൊടുത്തതും നാം അറിഞ്ഞു' എന്നു പറഞ്ഞു. 'എജമാനനെ വിട്ടു നടക്കേണമെന്ന് അന്നും ഇന്നും ഞാൻ വിചാരിച്ചിട്ടില്ല. ഈ ദ്വേഷ്യമുണ്ടാവാനുള്ള സംഗതി പറഞ്ഞാൽ കൊള്ളാം' എന്നു ശിവരാമമേനോൻ പറയുന്നതു കേട്ടീട്ടും കുട്ടാൾ തട്ടിക്കൂട്ടി അയച്ചതായ താഴെ കാണുന്ന എഴുത്തു ശിവരാമമേനോനെ കൊടുത്തു.

സ്വകാൎയ്യം സൂക്ഷിക്കുവാൻ വശമില്ലാത്തവളാണെന്നു വന്നതുകൊണ്ട് ഇട്ട്യണക്കു കുണ്ഠിതമില്ല. വിശ്വാസവഞ്ചന ചെയ്യുന്നവളാണെന്നു വിചാരിച്ചെങ്കിലൊ എന്നുള്ള വ്യസനംകൊണ്ട് അവളുടെ ദേഹം പാതിയായി. കത്തു കളവുപോയ വിവരം ലജ്ജകൊണ്ടു പറവാൻ മടിച്ചിരിക്കുമ്പോഴാണ് എജമാനന്റെ രജസ്ത്രകത്തു വന്നത്. കത്തു വായിച്ച സമയം ഇട്ട്യണ കിടുകിടെ വിറച്ചു. ആലോചനക്കാരൻ അടുത്തുണ്ടായിരുന്നില്ല. ഇട്ട്യണയുടെ ഹിതംപോലെ ചെയ്യാമെന്നു സമ്മതിച്ചു പൊടമുറിക്കു ദിവസവും നിശ്ചയിച്ചു. പിറെറന്നാൾ കോമൻനായരെത്തി. ഇട്ട്യണയുടെ പ്രകൃതം മാറി. ശിവരാമമേനോൻ സഹായമുണ്ടെന്നു പറഞ്ഞ് കോമൻ കുത്തുവാക്കു വലിച്ചെറിഞ്ഞു. ഇട്ട്യണയുടെ അമ്മാമൻ ഇട്ട്യണയോടു മുഷിഞ്ഞു. കോമനെ ആട്ടിപ്പുറത്താക്കി. അത് ഇട്ട്യണക്കു സഹിച്ചില്ല. നിശ്ചയിച്ച മുഹൂൎത്തത്തിൽ എജമാനന്റെ മുന്നിൽവെച്ചു കോമനെക്കൊണ്ടു ഇട്ട്യണക്കു മുറി കെട്ടിപ്പിച്ചില്ലെങ്കിൽ ഇട്ട്യണ പെണ്ണല്ലെന്നു പറഞ്ഞു കോമനൊന്നിച്ചിറങ്ങിപ്പോയി. അവിടത്തെ കുടിയാൻ കാളിപ്പാട്ട കേളപ്പണിക്കരുടെ കളവും നിലവും ഇട്ട്യണയുടെ പേൎക്കു തീറുവാങ്ങിക്കുന്നതിനും ഇട്ട്യണ മക്കളോടുകൂടി ഗുരുവായൂൎക്കു തിങ്കളാഴ്ച ഭജനത്തിനു വരാമെന്നും മററ

ന്നാം കളത്തിൽവന്ന കാര്യം നടത്തിക്കണമെന്നുമാണ് ഇട്ടണ നിശ്ചയിച്ചിട്ടുള്ളത്. അവർ ഗുരുവായൂർക്കു പോയതിന്നുശേഷമാണ് ഈ ആലോചന നടന്ന വിവരം ഇനിക്കറിവായത്. അതുകൊണ്ട് എജമാനന്റെ ദയയുണ്ടായി ഇണ്ണിക്കയെ മറെറാരാൾക്കു കൊടുക്കാതെ എന്റെ മാനം കാത്തുരക്ഷിക്കുവാനപേക്ഷിക്കുന്നു.

എന്നു പൂർവ്വസ്ഥാനയുള്ള തട്ടിക്കുട്ടി.

കത്തു വായിച്ചുകഴിഞ്ഞതിന്നു ശേഷം ശിവരാമമേനോൻ ഭ്രമന്നറിയാത്ത മരുന്നമാണിത്. കോമൻനായർ പണിക്കരുടെ വസ്തുക്കളെച്ചെയ്തു നാമ്മാര ഉറപ്പിക്ക അഡ്വാൻസ്സ് വെച്ചിട്ടുള്ള വസ്തുവുമാണ്. തീറ് ആരുടെ പേർക്കാണെന്നു പറഞ്ഞിട്ടില്ല. പൊടമുറിയെപ്പററി ഇനിക്ക് ഒരറിവുമില്ല. വസ്തുവില കറച്ചതാണെന്നു പറഞ്ഞിട്ടും സമ്മതിക്കാതെ എജമാനൻ പണിക്കരുടെമേൽ കേസ്സു കൊടുക്കുകയല്ലേ ചെയ്തിട്ടുള്ളത്. കളം അന്യാധീനത്തിലായാൽ പിന്നെ അവിടെവെച്ചു പൊടമുറി നടത്തുമെന്നു പറഞ്ഞാലാരു കൂട്ടാക്കും? പണം വാങ്ങിട്ടുണ്ടെങ്കിലും വസ്തു കൈവിട്ടു കഴിഞ്ഞിട്ടില്ല. ഇനി കല്പിക്കുന്നതുപോലെ കേൾക്കാം എന്നു പറഞ്ഞു. രാമമേനോൻ പണം ശോധിച്ചുകൊടുക്കണം. കേസ്സായാൽ തരാനുള്ള സംഖ്യയും വസ്തു നാം സ്വീകരിച്ചു. ആധാരം നാളെത്തന്നെ കഴിഞ്ഞോട്ടെ, രാജി ഹരജി ഇപ്പോൾതന്നെ ഒപ്പിട്ടുതന്നേക്കാം. ഇട്ടണ നിശ്ചയിച്ച മുഹൂർത്തത്തിൽ നമ്മെക്കൊണ്ട് ആ പെണ്ണിന്നു പൊടമുറിപ്പിച്ചാൽ തോന്നിപ്പാടം നിലത്തിന്റെ മേച്ചാർത്തു ശിവരാമമേനോന്റെ കയ്യിൽ അവിടെവെച്ചുതന്നെ തന്നേക്കാം എന്നു കള്ളൻ പറഞ്ഞു. പണം വാങ്ങിട്ടുണ്ടെങ്കിലും കോമന്റെ കയ്യിൽ ചതിയുള്ളതുകൊണ്ടു ഈ ഏർപ്പാടിൽനിന്നു പണിക്കരെ പിൻവലിപ്പിക്കാം.

തീറാധാരം രജിസ്ത്രാക്കി പൊടമുറിക്കവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു നാളെ ഉച്ചയ്ക്കു് എജമാനന്റെ മുമ്പിൽ ശിവരാമനുണ്ട്. പണിക്കർ കാലത്തുതന്നെ വരും എന്നു പറഞ്ഞു രാജി ഹരജിയും വാങ്ങി ശിവരാമമേനോൻ പോയി.

• • • • • •

തട്ടിക്കുട്ടിയുടെ എഴുത്തിൽ പറഞ്ഞിട്ടുള്ള പൊടമുറിദിവസം പകൽ മൂന്നുമണിക്ക് കാളിപ്പാട്ടു കേളപ്പണിക്കരുടെ കുളത്തിൽ പത്തുപതിനഞ്ചു ജോനകപ്പിള്ളർ നില്ക്കുന്നുണ്ട്. ലക്ഷം കൊളത്തൂരിപ്പട്ടർ കൊണ്ടുവന്നിട്ടുള്ള ചരക്കുകളുടെ ലിസ്റ്റും മിനുസവും നോക്കിക്കൊണ്ടു കസ്റ്റംമാളികയുടെ കോലായിലിരിക്കുന്നുണ്ട്. എടക്കര ഊടക്കര ഇടങ്ങി പല കരക്കളുടെയും പേരുപറഞ്ഞ് പട്ടർ ആവശ്യത്തിലധികം ചരക്കു കസ്റ്റമ്മളെക്കൊണ്ടെടുപ്പിച്ചതിന്നുശേഷം 'ഒരു പുതിയ ലിസ്റ്റു, വേണമെന്നാൽ പാതിക്കും, സംഗ്രഹനാമക്കരപ്പുവു' എന്നു പറഞ്ഞ് ആ താളത്തിൽ രണ്ടു കുളുക്കൂടി കസ്റ്റമ്മുടെ തലക്കു വെച്ചുകെട്ടി. കണക്കു തീർത്ത് കസ്റ്റംപട്ടക്കു ശീട്ട് എഴുതിക്കൊടുത്തു കഴിഞ്ഞപ്പോഴേക്കും തീറാധാരം റജിസ്റ്റാക്കി വാങ്ങിക്കൊണ്ടു പണിക്കരും ശിവരാമമേനവനും എത്തി.

പണിക്കർ — ഇനി വേഗം ജോനകപ്പിള്ളരെ ഏർപ്പാടു ചെയ്യുക, കോമനെ പത്തുദിവസത്തേക്കു പുറത്തുകാണിക്കരുത്.

ശിവ— ഏർപ്പാടെല്ലാം ഇന്നലെ കഴിഞ്ഞിട്ടുണ്ടല്ലോ? കോയക്കുട്ടി പോയില്ലേടാ.

കോയക്കുട്ടി— കഥകഴിച്ചാലെന്താ എന്നുകൂടി ചോദിച്ചിട്ടാകാമെന്നുവെച്ചു താമസിച്ചതാണ്.

ശിവ— തരംപോലെ ഒക്ക നോക്കിക്കൊ. ഇതു ചൊവ്വി അറിയരുത്. സന്ധ്യ കഴിഞ്ഞാൽ ഞങ്ങളും വരാം.

ജോനകക്കു കസ്റ്റമ്മളെക്കൊണ്ട് സമ്മാനം കൊടുപ്പിച്ചയച്ചതിന്നുശേഷം മേൽ നടക്കേണ്ടും കാര്യങ്ങളെപ്പറ്റി അവർ മൂന്നുപേരും കൂടി പലതും ആലോചിച്ചുകൂട്ടുന്നതിൽ രാത്രി കസ്റ്റമ്മളെ ശിവരാമമേനോൻ വിളിക്കുമ്പോഴല്ലാതെ പുറത്തു കാണരുതെന്നും പറഞ്ഞേല്പിച്ചു. അത്താഴം കഴിഞ്ഞതിന്നുശേഷം കസ്റ്റം അകത്തു കടന്നു വാതിലടച്ചിരിപ്പായി. പണിക്കരും ശിവരാമമേനവനും പുറത്തേക്കു പോയി.

നേരം രാത്രി പത്തുമണി കഴിഞ്ഞു. ഒച്ചയും അനക്കവും ഇല്ലാതായപ്പോൾ കസ്റ്റം പുറത്തേക്കുവന്ന് കൂട്ടിലിട്ട മെരുവിനെപ്പോലെ വ്രാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. വനിതരത്നങ്ങ

ളുടെ വരവിന്നു വെള്ളയും കരിമ്പടവും വിരിപ്പാൻ കാര്യകാരനെപ്പോലെ അമൃതകരൻ തന്റെ ധവളകിരണങ്ങളെക്കൊണ്ടും വൃക്ഷച്ഛായകളെക്കൊണ്ടും ദിക്കെല്ലാം ശോഭായമാനമാക്കിത്തുടങ്ങി. വണ്ടിയുടെയോ മഞ്ചലിന്റെയോ ശബ്ദം കേൾക്കുന്നുണ്ടെന്നു തോന്നിയാൽ കസ്തൂരി മച്ചിലേക്കോടിപ്പോയി വാതിലടക്കും. വാഹനങ്ങളുടെ വരവു കളത്തിലേക്കല്ലെന്നു മനസ്സിലായാൽ പുറത്തേക്കു പുറപ്പെടും. ശിഷ്യരെ നടക്കാവിലേക്കോടിക്കും. അവർ തിരിയെ വരുന്നതു കണ്ടാൽ അകത്തേക്കോടും. ഇങ്ങിനെ കുറെനേരം പിന്നെയും കഴിഞ്ഞു. താട്ടികുട്ടിയുടെ കാമ്യദ്രവ്യമായ ഇണ്ണിക്കയുടെ ഛായയിൽ കസ്തൂരി മനസ്സുറപ്പിച്ചുകൊണ്ടു നിൽക്കുമ്പോൾ മഞ്ചക്കാരുടെ മൂളക്കം പടികടന്നുകേട്ടു. കസ്തൂരി മുറിയിൽകടന്നു വാതിലും അടച്ചു.

ശിവരാമമേനോൻ മുമ്പിട്ടുവന്നു മാളികയിൽ കയറിനോക്കി. കസ്തൂരി പുറത്തില്ലെന്നറിഞ്ഞപ്പോൾ ധൃതിപ്പെട്ടു താഴത്തേക്കിറങ്ങിച്ചെന്നു. രണ്ടുസ്ത്രീകളും മഞ്ചലിൽനിന്നിറങ്ങി. പണിക്കരും ശിവരാമമേനോനും ഒന്നിച്ചു മാളികയിൽവന്നുകേറി. സ്ത്രീകളിൽ ഏളയവൾ അടുത്തുള്ള മുറിയിൽകടന്നു വാതൽചാരി.

ഇട്ണ— പണിക്കരെ! കോമൻനായർ വന്നില്ലേ?

പണിക്കർ— നിങ്ങൾ ഒന്നിച്ചുവരാമെന്നാണ് അവൻ പറഞ്ഞുപിരിഞ്ഞത്.

ശിവ— നിങ്ങൾ വല്ലാതെ ഭയപ്പെട്ടതുപോലെ തോന്നുന്നു. എന്താ സംഗതി.

ഇട്ണ— ആ കഥ പറവാൻ വയ്യ! ഞങ്ങളെ കേച്ചേരിയിൽവെച്ച് എതിരേല്ക്കാമെന്നാണ് കോമന്റെ നിശ്ചയം. ഞങ്ങളാടിയിൽ വന്നിട്ടും ആരെയും കണ്ടില്ല. അവിടെ കുറേനേരംനിന്നു. അടുത്ത പാടത്തു ചില ചൂട്ടും പന്തവും കണ്ടുതുടങ്ങി. ഒരു മഞ്ചലിന്റെ മൂളക്കം കേട്ടു. ആ വെളിച്ചവും ആൾക്കാരും മൂളക്കം കേട്ട മഞ്ചലിന്റെ നേരെ പാഞ്ഞ് എത്തുന്നതു കണ്ടു. കൊള്ളക്കാരാണെന്നു പറഞ്ഞ് ആളുകൾ ഓടിത്തുടങ്ങി. ഉടനെ ഞങ്ങൾ പ്രാണനുംകൊണ്ടുപോന്നു. വെളങ്ങന്റെ ചൊ

ട്ടിക്കൊച്ചു നിങ്ങളെ കണ്ടപ്പോഴാണ് ഇനിക്കു തന്റേടമുണ്ടായ
ത്. ഇപ്പോഴേ കുച്ചു പൊന്തിത്തുടങ്ങിയുള്ളു.

ശിവ—കൊച്ചുകുഞ്ഞ് എന്തുതരത്തിൽ കോമൻ നായരുടെയാണെ
ന്നറിയാമോ?

ഇട്ണ— തട്ടിക്കുട്ടിയുടെ ഏതൊന്നുംകൊണ്ട് അങ്ങിനെ വരാൻ വ
ശ്യതതല്ല. കസ്തൂരികൊണ്ടു കുറി കൊടുപ്പിക്കാമെന്നു തട്ടി ഇ
ണ്ണിക്കുറിയോട് ഏറ്റു പറഞ്ഞിട്ടുണ്ട്. കോമനുവേണ്ടി ഞാൻ
കളവുപറഞ്ഞ് അവളെ കൊണ്ടുപോന്നിട്ടുള്ളതാണ്.

ശിവ— കോമനെ വിചാരിച്ച് ഇനി നിങ്ങടെ വാശിപിടിക്കരുത്.
മറ്റെല്ലാവർക്കും ഹിതമായ കാര്യത്തിൽ നിങ്ങളും അനുകൂലിക്ക
ണം. മക്കളുടെ ഇഷ്ടം കരുതിച്ചുകില്ലം നോക്കാത്ത അമ്മയുണ്ടോ?

ഇട്ണ— എന്നാൽ ഒരു ബാധ തീരട്ടെ. കോമൻ വരും മുമ്പിൽ
കാര്യം നടത്താൻ നിങ്ങൾക്കു സാമർത്ഥ്യമുണ്ടെങ്കിൽ ഇനിക്കു
സമ്മതം തന്നെ.

വർത്താനം ചെവിക്കൊണ്ടു കേട്ടുകൊണ്ടിരിക്കുന്ന കസ്തൂരി ഇ
വാക്കുകേട്ടപ്പോൾ ശിവരാമമേനോന്റെ അനുവാദം കൂടാതെതന്നെ
വാതിൽ ഇറന്നു പുറത്തു ചാടിനോക്കിയത് ഇട്ണയുടെ മുഖത്ത്. ഇ
ട്ണ പൊട്ടിച്ചിരിച്ചു. 'മതിമതി! അമ്മതയത്!' എന്നു കസ്തൂരി
ഒന്നിച്ചു നാലുവട്ടം കുലുങ്ങിച്ചിരിച്ചു.

ഇട്ണ— ഇതു ഞാൻ വിചാരിക്കാത്തതാണ്.

ശിവ— ഏലമനേനാൻ വീണിട്ടുള്ളത് ഇണ്ണിക്കുറിയെ ഒന്നു കണ്ടുകാണുക
എങ്കിലും ചെയ്യാനുള്ള മോഹം കൊണ്ടാണെന്ന് ഇനി ഞാൻ
പച്ചയായി പറഞ്ഞേക്കാം.

കസ്തൂരി— ശിവരാമ! കോമന്റെ വരവ്.

പണിക്കർ— ഇനി അവൻ വന്നാലെന്താ, വന്നില്ലെങ്കിലെന്താ;

ശിവ— അത്ര വളരെ താമസിക്കരുത്. അതല്ലേ ഭംഗി.

'അതൊക്കെ നിങ്ങളുടെ ഇഷ്ടംപോലെ.' എന്നു ഇട്ണ പറ
ഞ്ഞുകഴിയുംമുമ്പ് കസ്തൂരി ചരക്കുകൾ വാരി കയ്യിലെടുത്തുകഴിഞ്ഞു.
ഇതു കണ്ടപ്പോൾ ഇട്ണ മറ്റെ സ്ത്രീ ഇരിക്കുന്ന മച്ചിന്റെ ഉമ്മറ
ത്തു ചെന്നുനിന്നു. 'ഇനിക്കു ഒന്നുകൂടി പറവാനുണ്ട്.' ഞങ്ങളു

ടെ സമ്പ്രദായപ്രകാരം മുഹൂർത്ത ദിവസം പുടവകൊടുത്തല്ലാതെ പുരുഷൻ സ്ത്രീയെ കാണരുത്. ഇതുവക്കും യോഗ്യതയുള്ള നാലുപേർ സ്ത്രീ തെറ്റുകാരത്തിയാണെന്നു പറഞ്ഞാലല്ലാതെ അവളെ ഉപേക്ഷിക്കുന്നതല്ലെന്നു രേഖപ്പെടുത്തി സാക്ഷിവെച്ച് അതോടുകൂടി വേണം മുറികൊടുക്കേൺ. ഇതുപോലെ ഒരു രേഖ സ്ത്രീ പുരുഷനും കൊടുക്കണം. അതു ഞാൻ കൊണ്ടുവന്നിട്ടുണ്ട്" എന്നു ഇട്ടണ്ണ പറഞ്ഞു.

കസ്തൂറാം— ഇസ്ത്രീയെ എനിക്കു ഇപ്പോൾ കാണേണമെന്നില്ല. പടംകണ്ടു തൃപ്തിപ്പെട്ടിട്ടുണ്ട്. പോരെങ്കിൽ അമ്മയെ കണ്ടപ്പോൾ മുഴുവനുമായി. ഇങ്ങിനെ അമ്മചാരായ്മകൊണ്ടു വരാമെ. ഇട്ടണ്ണ പറഞ്ഞതുപോലെ സത്യം ചെയ്താൽ പോരെ. എഴുത്തു ഉണ്ടാക്കാൻ അമാന്തമാകും.

ഇട്ടണ്ണ— അങ്ങിനെ നടപ്പില്ല. മറ്റൊരാളെഴുതിയാൽ ഭർത്താവ് അക്ഷരജ്ഞാനമില്ലാത്തവനാണെന്നു പരിഹസിക്കാൻ ഇടയാകും.

കസ്തൂറാം മുണ്ടുകെട്ടു താഴെ വെച്ചു. കടലാസ്സു കയ്യിലെടുത്തു. പൂച്ച മാന്തുന്നതുപോലെ ചിലതു വരച്ചും കുറിച്ചും ഇടക്കിടെ കേമൻ വരുന്നുണ്ടോ എന്നു നോക്കിയും ഒരുവിധത്തിലൊപ്പിച്ചൊപ്പിട്ടു. ശിവരാമമേനോനും പണിക്കരും സാക്ഷിവെച്ചു. കസ്തൂറാം മുറിയും കരാറും എടുത്തുംകൊണ്ടു വാതുക്കലേക്കു നടന്നെത്തും ചെന്നു. മംഗല്യക്രിയ അഗ്നിസാക്ഷിയായിട്ടു ചെയ്യേണ്ടതല്ലെ. എജമാനൻ വിളക്കത്തിരുന്നാൽ മതി എന്നു ഇട്ടണ്ണ പറയുന്നതു കേട്ട് കസ്തൂറാം മുണ്ടും മുറിയും തത്തിപ്പിടിച്ചിരിപ്പായി. അടിയമരം മൂടിപ്പൊതിച്ചിട്ടുള്ള ഒരു സ്വരൂപം ഇട്ടണ്ണയുടെ കൈപിടിച്ചു പുറത്തേക്കു വന്നു കസ്തൂറാമിന്റെ മുമ്പിൽ വന്നുനിന്നു. "നിന്റെ ഇഷ്ടപ്രകാരം എജമാനനെ തന്നെ ഭർത്താവാക്കി വരിക്കാൻ ഈശ്വരൻ സംഗതിവരുത്തി. കൈനീട്ടി മുറി വാങ്ങിക്കു" എന്നു ഇട്ടണ്ണ പറഞ്ഞപ്പോൾ മൂടുപടത്തിന്റെ ഉള്ളിൽകൂടി പുറത്തേക്കു നീണ്ട കൈകളിൽ കസ്തൂറാം മുണ്ടും മുറിയും സമർപ്പിച്ചു. ഇട്ടണ്ണയുടെ കൈവശമുണ്ടായിരുന്ന ഒരു മെഴുകോട്ട് ആ സ്വരൂപത്തെക്കൊണ്ടു കസ്തൂറാമിന്റെ കയ്യിൽ കൊടുപ്പി

ച്ചു. അത് ഇട്ട്ണകു കയ്യാറം അയച്ച റജിസ്റ്റർക്കത്തുതന്നെയായി ന്നു. എന്നാലിനി ഇതുകൂടി ഇല്യംചാർത്തി തരാമെന്നു പറഞ്ഞു ശിവരാമമേനോൻ തോഞ്ഞിപ്പാടം നിലത്തിൻെറ മേച്ചാർത്ത് കയ്യുളുടെ മുമ്പിൽവെച്ചു. കയ്യാറം അതൊപ്പിട്ടുകൊടുത്തതിൻെറ ശേഷം.

പണിക്കർ— വ്യവഹാരംകൂടാതെ കാര്യം കലാശിച്ചതുകൊണ്ടു ഞാൻ കൃതാൎത്ഥനായി.

ശിവ— ഒരുത്തിയെക്കൊണ്ടു രണ്ടു മൂന്നു കാൎയ്യങ്ങളിൽ വിചാരിച്ചതിലധികം ലാഭമുണ്ടായതുകൊണ്ടു ഞാനും.

ഇട്ട്ണ—'എജമാനനെക്കൊണ്ട് എൻെറ പ്രാണപ്രിയയായ ഇവരുടെ പരസ്യമായി കുറി കൊടുപ്പിപ്പാൻ സംഗതി വന്നതുകൊണ്ട് എന്നെപ്പോലെ ചാരിതാൎത്ഥ്യം നിങ്ങൾക്കുണ്ടായിട്ടില്ല' എന്നു പറഞ്ഞു വധുവിൻെറ മൂടുപടം എടുത്തു മാററിയപ്പോൾ ഗൎഭിണിയായ താട്ടിക്കുട്ടിയുടെ സ്വരൂപം കയ്യുളുടെ സന്നിധാനത്തിങ്കൽ പ്രത്യക്ഷമായി.

താട്ടിക്കുട്ടി കയ്യാറക്കു കാഴ്ചവെച്ച പടം ഇട്ട്ണയുടെ യൌവ്വനകാലത്ത് എഴുതിച്ചതാണെങ്കിലും കയ്യുളുടെ 'ഇഷ്ടിക'യും ക്ലൂളൻ കോമനും? ആരുടെ എന്നോ?

എ. എൻ. പുതുവാറം.

പറയന്മാർ

൨.



പറയരുടെ ഇടയിൽ സഗോത്രക്കാർ തമ്മിൽ കല്യാണം കഴിച്ചുകൂടാ എന്നു നിൎബ്ബന്ധമുണ്ട്. മാതാപിതാക്കന്മാരുടെ ഫോരച്ചാൎച്ചയിൽ നാലും ആറും പടലകളിലുള്ളവരുടെ സന്താനങ്ങൾ തമ്മിലും കല്യാണം പാടില്ല. എങ്കിലും അമ്മവഴിക്കുള്ള അമ്മാമൻെറ മകളെ കല്യാണം

ഒപ്പിച്ചും. അമ്മയുടെ സഹോദരിമാരുടെ മക്കളെ പാടില്ല താനും.

പെൺകുട്ടികളുടെ കല്യാണം അവർ ഋതുവായാലും ഇല്ലെങ്കിലും സാധാരണയായി പന്ത്രണ്ടുമുതൽ പതിനാറു വയസ്സിനുള്ളിൽ കഴിയും. കല്യാണങ്ങളിൽ വിവാഹം പെണ്ണിന്നും അവരുടെ ഏഴു തോഴിമാർക്കും എണ്ണ തേച്ചുള്ള. ചില ദിക്കിൽ കെട്ടുകഴിഞ്ഞിട്ടു മൂന്നു ദിവസത്തിന്നകം തന്നെ പെൺകുട്ടിയെ വരൻെറ ഗൃഹത്തിലേക്ക് അയക്കാറുണ്ട്. ഞായർ, ചൊവ്വ, വെള്ളി എന്നാഴ്ചകളിൽ ഒരു ദിവസമായിരിക്കും കല്യാണശേഷം നടത്തുന്നത്. പണ്ടു പണ്ടേ ഇവരുടെ ഇടയിൽ ശൈശവവിവാഹം നടപ്പുണ്ട്. വിവാഹകാര്യത്തിൽ വധൂവരന്മാരുടെ സമ്മതം ലേശം നോക്കുന്നതല്ല. അതിന്നുള്ള ബാദ്ധ്യസ്ഥന്മാർ മാതാപിതാക്കന്മാരാകുന്നു.

പറയന്മാരുടെ ഇടയിൽ പത്തോ പന്ത്രണ്ടോ വയസ്സായാൽ പെൺകുട്ടികൾ താലികെട്ടു കല്യാണം കഴിയും. കെട്ടുന്നവൻ കന്യകയുടെ അപ്പൂപ്പൻെറ മരുമകനോ അടുത്ത ചാർച്ചക്കാരനോ മറ്റോ ആയിരിക്കും. കല്യാണം നാലുദിവസം കഴിഞ്ഞാൽ പിന്നെ രണ്ടു മുണ്ടും നാലണയും കൊടുത്തു കെട്ടിയ പെണ്ണിനെ പിരിച്ചയക്കും. പിന്നെ അവർ തമ്മിൽ യാതൊരു ബന്ധവുമില്ല. ചാർച്ചക്കാർക്കും മററും സദ്യയും പതിവുണ്ട്.

വിവാഹത്തിന്നു പെണ്ണുകെട്ട് എന്നു പറഞ്ഞുവരാറുണ്ട്. പെണ്ണിനെ ചോദിക്കുന്നതു പുരുഷൻെറ കാരണവന്മാരാണ്. കല്യാണത്തിന്നു മുമ്പുള്ള ഏർപ്പാടുകൾ പുലയന്മാരുടെയും മററു താണ ജാതിക്കാരുടേയും സമ്പ്രദായത്തെ അനുസരിച്ചുതന്നെയാണ്. കല്യാണം തീർച്ചയാക്കുന്ന ദിവസം കന്യകയുടെ മാതാപിതാക്കന്മാർക്ക് ഒരു ഉറുപ്പികയും രണ്ടുമുണ്ടും കൊടുക്കണം. കല്യാണത്തിന്നു നല്ല ദിവസം തിങ്കളാഴ്ചയും ഞായറാഴ്ച ദിവസവുമാണെന്നാണ് അവരുടെ വിശ്വാസം. കല്യാണത്തിൻെറ തലേന്നാൾ മണവാളനും കൂട്ടരും കന്യകയുടെ ഗൃഹത്തിൽ വന്നുചേരും. അവരെ കള്ളും കഞ്ഞിയും മററും കൊടുത്തു സല്ക്കരിക്കണം. പിറെറ ദിവസം കുളി കഴിഞ്ഞു വെളുത്ത വസ്ത്രവും ആഭരണങ്ങളും ധരിച്ചു വന്നിരിക്കുന്ന പെൺകുട്ടിയുടെ കഴുത്തിൽ മാലയോടൊപ്പം താലികെട്ടും. മല

ന്നു മോതിരമാണ് താലിക്കുപകരം ഉപയോഗിച്ചു വരുന്നത്. കെട്ടു കഴിഞ്ഞാൽ പിന്നെ സദ്യ തുടങ്ങുകയായി. കള്ള് ഒഴിച്ചു കൂടാത്ത ഒന്നാണെങ്കിലും സദ്യക്കു മാംസം ഉപയോഗിക്കാറില്ല. അതുകഴിഞ്ഞാൽ അവരുടെ വാദ്യം ഒന്നു രണ്ടു മണിക്കൂറു നേരമുണ്ട്. രാത്രി പ്രത്യേകിച്ചും ഈ വക ഘോഷങ്ങൾ ഉണ്ടായിരിക്കും. കെട്ടും രണ്ടു ദിവസത്തെ സദ്യയും കന്യകയുടെ വീട്ടിൽ വെച്ചാണ് നടത്തുന്നത്. മൂന്നാംദിവസം വരനും കൂട്ടരും വധുവിനോടുകൂടെ ആയാളുടെ വീട്ടിലേക്കു മടങ്ങും. ഇവിടെവെച്ചു വധുവിന്റെ കൂട്ടരേയും നല്ലവണ്ണം സൽക്കരിക്കണം. ചില ദിക്കിൽ കല്യാണച്ചിലവിൽ പകുതി വരന്റെ മാതാപിതാക്കന്മാർ കൊടുക്കാറുണ്ട്.

കടിഞ്ഞൂൽ ഗർഭമുണ്ടായി ഏഴോ എട്ടോ മാസമായാൽ അവളെ മാതാപിതാക്കന്മാരുടെ ഗൃഹത്തിലേക്ക് അയക്കും. അവരുടെ മാടത്തിന്റെ അരികത്തുണ്ടാക്കിയിരിക്കുന്ന ചെറിയ കുടിലിലാണ് പ്രസവിച്ചാൽ അവളെ രണ്ടാഴ്ചയോളം കിടത്തുന്നത്. മാടത്തിൽ കിടക്കുമ്പോൾ അവൾക്കു യാതൊരു പാത്രമൊ സാമാനമൊ തൊടുവാൻ പാടില്ല. ഭക്ഷണം കൊടുക്കുന്നതുതന്നെ വേറെ ഒരു സ്ത്രീയായിരിക്കും. കാലത്തു കഞ്ഞിയും വൈകുന്നേരം ചോറുമാണ് അവളുടെ ഭക്ഷണം. ഉലുവയും കൊത്തമ്പാലരിയും വേവിച്ചു കഞ്ഞിയിൽ ചേർത്തു കൊടുക്കുകമാത്രമാണ് പ്രസവത്തിനുള്ള ചികിത്സ.

പത്താംദിവസം ആ കുഡുംബത്തിലെ പുരുഷന്മാരാരെങ്കിലും തങ്ങളുടെ മുതലാളിയോട് കുറച്ചു വെള്ളവും പാലും മേടിച്ച് ആ സ്ത്രീയുടെയും കുട്ടിയുടെയുംമേൽ തളിക്കും. അതു കഴിഞ്ഞാൽ അവൾക്കു പ്രധാന മാടത്തിന്റെ ഉമ്മറത്തുവരെ ചെല്ലാം. പിന്നെ അഞ്ചുദിവസംകൂടി കഴിഞ്ഞാൽ കുളിച്ചു മാടത്തിനുള്ളിൽ കടന്നു എല്ലാം തൊടാം. പ്രസവിച്ചു കിടന്നിരുന്ന കുടിൽ ഉടനെതന്നെ ചുട്ടുകളയും. പ്രസവച്ചിലവ് ആദ്യം പതിനഞ്ചുദിവസം ഭർത്താവും പിന്നെ ഇരുപത്തെട്ടാം ദിവസംവരെ മാതാപിതാക്കന്മാരും കൊടുക്കണം. അവൾ പിന്നെ ഭർത്താവിന്റെ ഗൃഹത്തിലേക്കുതന്നെ പോകുന്നു. ചാർച്ചക്കാർക്കും മററും അവിടെവെച്ച് ഒരു സദ്യ കഴിക്കണം.

അന്നുതന്നെയാണ് കുട്ടിക്കു പേരിടുന്നത്. പിന്നത്തെ പ്രസവമൊക്കെ ഭർത്തൃഗൃഹത്തിൽ വെച്ചുതന്നെയാകാറു.

ഒരുവന്ന് എത്ര സ്ത്രീകളെ എങ്കിലും കല്യാണം കഴിക്കാം. ഭാൎയ്യമാൎക്കു സ്വന്തമായി യാതൊരു സ്വത്തും ഇല്ല. അവർ കേവലം ഭർത്താക്കന്മാരുടെ അടിമകളെപ്പോലെയാണെങ്കിലും അവൎക്ക് ഉപജീവനത്തിന്നു എല്ലായ്പോഴും ഭർത്താവിന്റെ ആശ്രയംവേണ്ട. തന്നെത്താൻ കൂലിപ്പണിചെയ്തു സമ്പാദിച്ചുകൊള്ളും. അരവയർ നിറയാത്ത ഈഴവകളെക്കാൾ അധികം ഏകപതിവ്രതം ശീലിക്കുന്നവരാണ്. മക്കളെപ്പോററുന്നത് അവരുടെ തൃപ്തിയും സ്വത്തും അനുസരിച്ചിരിക്കും. ഒരു സ്ത്രീക്കു ഒന്നിലധികം ഭർത്താക്കന്മാർ പാടില്ലെന്നു നിർബ്ബന്ധമുണ്ടു.

വ്യഭിചാരം അവരുടെ ഇടയിൽ നന്ന അപൂർവമാണ്. സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെതന്നെ പാടുപെടുന്നതുകൊണ്ടും ഭക്ഷണത്തിന്നുള്ള അരിഷ്ടതകൊണ്ടും അവൎക്ക് ആവക ദുഷ്പ്രവൃത്തികളിൽ മനസ്സു ചെല്ലാറില്ല.

ഒരു പറയന്നു തന്റെ ഭാൎയ്യയെ തെളിഞ്ഞില്ലെങ്കിൽ തള്ളിക്കളയാം. അയാൾക്കു ഭാൎയ്യയുടെ പണവും കല്യാണദിവസം ധരിച്ച ഉടുപ്പും തിരിച്ചുകിട്ടും. ഭാൎയ്യയുടെ മാതാപിതാക്കന്മാൎക്കു മകളുടെ ഭർത്താവു ക്രൂരനെന്നോ ദീനക്കാരനെന്നോ തോന്നിയാൽ അയാളെ പിരിച്ചയച്ചു് അവളെ വേറെ ഒരാൾക്കു കെട്ടിക്കൊടുക്കാം. കല്യാണത്തിന്നു കൊടുത്ത പണം ഭർത്താവ് മടക്കിക്കൊടുക്കുന്നതല്ലെന്നു മാത്രമല്ല ഭാൎയ്യയുടെ സ്വത്തിന്റെ പകുതിക്കു അയാൾ അവകാശിയുമാണ്.

വിധവകളെ വീണ്ടും കല്യാണം കഴിപ്പിക്കുന്ന സമ്പ്രദായം പറയരുടെ ഇടയിൽ ധാരാളം നടപ്പുണ്ട്. അച്ഛനമ്മമാരുടെ സമ്മതമുണ്ടെങ്കിൽ ഒരു വിധവയ്ക്കു ആരെയെങ്കിലും കല്യാണം ചെയ്യാം. പക്ഷെ ഒരുകൊല്ലം വിധവയായിട്ടിരുന്നിട്ടു മാത്രമേ അപ്രകാരം ചെയ്യാൻ പാടുള്ളൂ. അവൾക്കു മക്കളുള്ളതുകൊണ്ട് കല്യാണം ചെയ്യുന്നതിന്നു മനസ്സില്ലെങ്കിൽ ഭർത്തൃഗൃഹത്തിൽതന്നെ താമസിക്കാം. അമ്മയേയും മക്കളേയും മററുള്ളവർ നല്ലവണ്ണം നോക്കി

രക്ഷിക്കണം. യുവതിയായ ഒരു വിധവയെ കല്യാണം ചെയ്യുന്നവൻ അവളുടെ മക്കളുടെ ചിലവിന്നു കൊടുക്കണം. ആദ്യഭർത്താവിന്റെ സോദരന്മാരെ കല്യാണം ചെയ്തുകൂടാ. എങ്കിലും ഭാര്യയുടെ സോദരിയെ കല്യാണം ചെയ്യാം. ഭാര്യക്കു അവളുടെ പൂർവ്വഭർത്താവിങ്കൽനിന്നും ലഭിച്ചതായ സ്വത്തിന്നു പുതിയ ഭർത്താവ് അവകാശിയല്ല.

സ്വത്തിന്നു അവകാശം മരുമക്കത്തായം വഴിയ്ക്കാണ്. വയസ്സുമൂത്ത പുരുഷനാണ് കുഡുംബത്തിലെ രക്ഷാധികാരി. അവരുടെ ഇടയിൽ ജാതിക്കൂട്ടം പതിവുണ്ട്. വ്യഭിചരിക്കുക, കന്യകകൾ ഗർഭമുണ്ടാക്കുക, സ്വജാതിക്കാൎക്കു വിരോധിക്കപ്പെട്ടിട്ടുള്ള വേറെ വല്ല അനീതി പ്രവൃത്തിക്കുക മുതലായ പ്രധാനകാര്യങ്ങളിൽ കുഡുംബത്തിലെ കാരണവന്മാർ ഒരുമിച്ചുകൂടി ആലോചന നടത്തും. അവർ സാവധാനത്തിലേ കാര്യം തീർച്ചപ്പെടുത്തുകയുള്ളൂ. തീർച്ചപ്പെടുത്തിയാൽപിന്നെ യാതൊരുവെലധിയും കേൾക്കുന്നതല്ല. ഈ പ്രദേശത്തെ മിക്ക പറയന്മാരും അത്യുഗ്രമൂർത്തിയായ കാളിഭക്തന്മാരാണ്. കററക്കാരനെക്കൊണ്ടു കാളിയുടെ മുമ്പിൽ സത്യം ചെയ്യിക്കും.

അവൎക്കു ശകുനങ്ങളിലും വെളിച്ചപ്പാട് അധിവാസമുണ്ടായി തുള്ളി കല്പിക്കുന്നതിലും ബഹു വിശ്വാസമാണ്. വല്ല അപകടവും പിണഞ്ഞുപോയാൽ അവരെ ചെന്നു കാണുകയായി. മലയാളത്തിലുള്ള പറയന്മാർ ക്ഷുദ്രപ്രവൃത്തികൾ കേളികേട്ടവരാണ്. പ്രാണഭയം നേരിടുന്നതായാലുംകൂടി ഈ ഗൂഢസംഗതികളെ അവർ പുറത്താക്കുകയില്ല. നാട്ടുപുറങ്ങളിൽ കളവുപോയാലും ദേവതോപദ്രവമുണ്ടായാലും ശത്രുനിഗ്രഹത്തിലും ഇവരുടെ സഹായത്തിന്നപേക്ഷിക്കാറുണ്ട്. ഈ വക സംഗതികളിൽ അവൎക്കു നല്ല അനുഭവവും കിട്ടും. ഒരു വീട്ടിൽനിന്നും വല്ലതും കളവുപോയാൽ ഉടനെതന്നെ പറയമന്ത്രവാദിയെ വിവരം അറിയിക്കും. കളവു കണ്ടുപിടിക്കാമെന്നുപറഞ്ഞാൽ ആ സൂത്രക്കാരനായ മന്ത്രവാദിക്കു ഒരു പറ നെല്ലും നാലഞ്ചു പണവും കൊടുക്കുന്നു. അതുകൊണ്ടു പറയൻ കുറെ പഴവും ഒന്നുരണ്ടു നാളികേരവും കുറെ കള്ളും കർപ്പൂ

വും അരിപ്പൊടിയും വാങ്ങി കുളിച്ച് ഉമ്മറത്തു പ്രതിഷ്ഠിച്ചിരിക്കുന്ന ആയാളുടെ ഇഷ്ടദേവതയായ കുട്ടിച്ചാത്തനു നിവേദിക്കുന്നു. അതു കഴിഞ്ഞാൽ പിടിയിന്മേൽ മണികോൎത്തിട്ടുള്ള വാളും ഇരിമ്പു ചിലമ്പും എടുത്തു സേവാമൂൎത്തി് അനുകൂലിക്കുന്നതിന്നുവേണ്ടി ഉച്ചപൊറുഞാതാവുന്നതുവരെ സ്തോത്രം ചെയ്യും.

കട്ട ആളെ ഭയപ്പെടുത്തിയിട്ടോ ഉപദ്രവിച്ചിട്ടോ കളവു മുതൽ മടക്കി കിട്ടുന്നതിന്നു കുട്ടിച്ചാത്തൻ ആയാളെ സഹായിക്കുമെന്നു പൂൎണ്ണമായി വിശ്വസിക്കുന്നു. ആയാളുടെ ദേവത പ്രസാദിച്ചതുകൊണ്ടു കളവുമുതൽ കണ്ടെത്തുകയോ അല്ലെങ്കിൽ സൂത്രത്തിൽ ഉടമസ്ഥന്റെ വീട്ടിൽതന്നെ തിരിയെകൊണ്ടുവന്നു വെപ്പിക്കുകയോ ചെയ്യുമെന്നാണ് പറയന്റെ വിചാരം. ഉടമസ്ഥനു പിന്നെയും മുതൽ മടക്കി കിട്ടിയില്ലെങ്കിൽ രണ്ടാമതും മന്ത്രവാദിയെ അറിവിക്കുന്നു. മന്ത്രവാദി ശുണ്ഠിയെടുത്തു തന്റെ ദേവതയെ ശകാരിക്കയാണ് ആയാളുടെ പിന്നത്തെ പ്രാൎത്ഥന. ആ തവണ ഉദ്ദേശിച്ച കാൎയ്യം നിശ്ചയമായി സാധിക്കുമെന്നു മാന്ത്രികൻ വിശ്വസിക്കുന്നു.

കളവുമുതൽ മാത്രമേ കിട്ടേണ്ടു എങ്കിൽ ആയാൾ സൌമ്യമായിട്ടാണ് പ്രാൎത്ഥിക്കുക. കള്ളനെ ശിക്ഷിപ്പിക്കേണമെങ്കിൽ പ്രാൎത്ഥന ഇരട്ടിപ്പിച്ചതുകൊണ്ടു മതിയാകുന്നതാണത്രെ. കളവുചെയ്ത ആൾക്കു ഭ്രാന്തുപിടിക്കുകയും മൂക്കിൽകൂടെ ചോരവരികയും ചെയ്യുന്നു. പ്രാൎത്ഥനാമൂൎത്തിയുടെ ഉപദ്രവത്തിന്നു പ്രതിവിധി ചെയ്യുവാൻ വളരെ പ്രയാസമുണ്ട്. ആയാളെ ഒരിക്കൽ ഉപദ്രവിച്ചുപോയാൽ പിന്നെ അതു മാറുന്നതിന്ന് ആ ദേവത മന്ത്രവാദിയെ സഹായിച്ചു എന്നും ഇല്ലെന്നും വരാം. സ്വന്തേ ഉപദ്രവിക്കുവാൻ വാസനയുള്ള അവരുടെ മന്ത്രമൂൎത്തിയുടെ കോപത്തെ ശമിപ്പിക്കുന്നതിന്നു പിന്നീട് അനവധി ബലികളും ആരാധനകളും ചെയ്യേണ്ടിവരുമെന്നാണ് പാമരപുണ്യങ്ങളായ പറയന്മാരുടെ അന്ധവിശ്വാസം.

പതിവായി കഴിച്ചുവരുന്നതോ പ്രാൎത്ഥിക്കപ്പെട്ടതോ ആയ വഴിപാടുകഴിക്കാഞ്ഞുയാൽ ഉണ്ടാകുന്ന ദേവതകളുടെ കുടുംകോപം നി

മിത്തമാണ് സകല രോഗങ്ങളും ഉണ്ടാകുന്നത് എന്നാണ് ഈ ശൂദ്രന്മാരുടേയും അയൽവാസികളുടേയും വിശ്വാസം. ആൎക്കെങ്കിലും രോഗമോ ദേവതാബാധയോ പിടിപെട്ടാൽ ഒരു ഗണികനെ കൊണ്ടു പ്രശ്നംവെപ്പിക്കുന്നു. പിന്നീട് ആ പ്രശ്നത്തിൽ കണ്ട മന്ത്രവാദിയെ വരുത്തുന്നു. മന്ത്രവാദി ഒരു ഓലത്തുമ്പോ, ചെമ്പോ, വെള്ളിയോ കൊണ്ടുള്ള ഒരു തകിടോ എടുത്തു യന്ത്രം എഴുതി മന്ത്രം ജപിച്ച് അതിനെ ഒരു ചുരുളാക്കി ഒരു ചരടിന്മേൽ ബന്ധിച്ച് സ്ത്രീയാണെങ്കിൽ കഴുത്തിലും പുരുഷനാണെങ്കിൽ അരയിലും ധരിപ്പിക്കുന്നു. ഈ അത്ഭുതക്രിയകൊണ്ടു ദീനമൊ ദേവതാബാധയോ നീങ്ങിപ്പോവുകയും ചെയ്യുന്നു. ഇങ്ങിനെയാണ് അവരുടെ വിശ്വാസം. മേൽപറഞ്ഞാവശ്യത്തിന്ന് ഉപയോഗിക്കുന്ന മന്ത്രമാവിത്.

"ഓം നമോ ഭഗവതേ ആരായിരം ഭുജടയും ആരായിരം ബാഹുക്കളുമായി ത്രൈലോക്യം കവിഞ്ഞുനിറഞ്ഞ മഹാദേവി അമ്മേ പരമാത്മാവിൽ നിറഞ്ഞു ഉടകീടവേണം സുന്ദരിയക്ഷിയെ സ്വാഹാ.

ആൎക്കെങ്കിലും രോഗത്തിൽപ്പെട്ടാൽ ആയതു മാറും എന്ന പൂൎണ്ണവിശ്വാസത്തോടുകൂടി താഴെ പറയുന്ന മന്ത്രം ജപിച്ചു രോഗിയുടെ ദേഹത്തിന്മേൽ ഭസ്മം എറിയുകയും ആ ഭസ്മത്തിൽ കുറെ നെറ്റിയിന്മേലും മാറത്തും രോഗി പൂശുകയും ചെയ്യുന്നു. ദേവതാബാധയാണെങ്കിലും ഈ മന്ത്രത്തെതന്നെ ജപിച്ചു ഭസ്മം എറിയുന്നതു വളരെ ഫലവത്തായിട്ടുള്ളതാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു.

ഭസ്മസ്ഥാനത്തു നിത്യം ശശിധരജടാസിന്ധുമോക്ഷ ഗംഗാതീൎത്ഥതുല്യം സകല ജനസുഖം പാൎവ്വതീശം നമാമി. (അപൂൎണ്ണമെന്നു തോന്നുന്നു).

ചരട് ജപിച്ചു ബാധകളെ അടക്കം ചെയ്യുന്നതിന്ന് ഉപയോഗിക്കുന്ന മന്ത്രമാണ് താഴെ പറയുന്നത്.

ഓം നമോ ഭഗവതെ അടിയൻ അനന്തൻ മുടിയൻ സിംഹം മൂലാധാരത്തു ശ്രീഗരുഡൻ എടത്തു ലക്ഷ്മണൻ വലത്തു ശ്രീരാമൻ

മുൻ പിന്നെ ഹനുമാൻ പിറകെ രാവണൻ പുറവം മുറവം മേലും കീഴും ശ്രീനാരായണൻ കാവലായിരിക്ക സ്വാഹാ.

ഇവർ പലവിധ മാരണക്രിയകൾ ചെയ്യുന്നതിൽ കീർത്തിപ്പെട്ടവരാണ് ചിലരു പറയുന്നു.

മെഴുകുകൊണ്ടു ശത്രുവിൻെറ ഒരു മനുഷ്യബിംബത്തെ ഉണ്ടാക്കി അതിനെ വലങ്കയ്യിലും ജപമാല എടങ്കയ്യിലും പിടിച്ചു തക്ക ക്രിയാദികളോടുകൂടി ആ ബിംബത്തെ തീയ്യിൽ എരിച്ചാൽ ഒരു പക്ഷത്തിനുള്ളിൽ ശത്രു മരിക്കും.

൨. വല്ല ശ്മശാനകുഴിയിൽനിന്നും ഒരു മനുഷ്യാസ്ഥി എടുത്തു അതിന്മേൽ താഴെ പറയുന്ന ശക്തിപ്രദമായ മന്ത്രം ആയിരം ഉരു ജപിക്കുക. ഓം! വാരാഹിത്രപിണി! അവനെ പിടിപെടുക; അവനെ മൃത്യുവിന്ന് ഇരയാക്കുക. ഓം! മൃത്യുസ്വരൂപിണി! മലയാള ഭഗവതി! ഈ അസ്ഥി ശത്രുഗൃഹത്തിനു നേരെ എറിഞ്ഞാൽ ശത്രു നശിച്ചുപോകും.

൩. ഓം! നീലി! അനേക ജീവാത്മാക്കളെ ഒരിച്ചു കല്ലടിക്കോട്ടു വസിക്കുന്നവളെ! പാർവതീപരമേശ്വരന്മാരെ പിന്തുടർന്നവളെ! എൻെറ സകല പ്രവൃത്തികളിലും ശത്രുമാരണങ്ങളിലും എന്നെ സഹായിക്കുക.

പലവക

പുസ്തകപരിശോധന.

സ്വപ്നം— മഹാകവി ഷേക്സ്പീയരുടെ സുപ്രസിദ്ധകൃതികളിൽ ഒന്നായ 'Mid-Summer Night's Dream' 'വാസന്തിക സ്വപ്നം' എന്ന നാടകത്തെ നാട്ടുരീതിക്കൊത്ത ഭേദഗതികളോടുകൂടി മലയാളത്തിലേക്കു എടുത്തെഴുതീട്ടുണ്ടെന്നും ഗ്രന്ഥകർത്താവ് ബി. എ.

ഷിക്കുജയിച്ച ഒരു കവിയാണെന്നും കേൾക്കുമ്പോഴും രണ്ടു ഭാഷകളിലുമുള്ള കൃതികളുടെ സ്വാരസ്യാദിഗുണങ്ങളെ ഒന്നിച്ചനുഭവിപ്പാനുതകുന്ന ഒരു ഉത്തമഗ്രന്ഥം പുറത്തു വന്നിട്ടുണ്ടെന്നു വിചാരിക്കാത്ത സാഹിത്യപ്രിയന്മാർ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ ഈ വിചാരത്തോടുകൂടി വി. വി. നാണുപ്പിള്ള ബി. എ. യാൽ എടുത്തെഴുതപ്പെട്ട' മേൽപറഞ്ഞ നാടകം ആരെങ്കിലും വായിക്കുന്നതായാൽ മൂലഗ്രന്ഥത്തെയോ കവിയെയോ സംബന്ധിച്ച അവക്കു തോന്നുന്ന അഭിപ്രായം പുറത്താക്കുന്നതിനു മുമ്പിൽ ആ കവികൾശ്രേഷ്ഠന്റെ കൃതിയുടെ ഗുണദോഷത്തെ മറ്റുപ്രകാരത്തിൽ മനസ്സിലാക്കേണ്ടതാണെന്നു സുധമ്മ വായിച്ചപ്പോഴും ഞങ്ങൾക്കു തോന്നിയ അഭിപ്രായം വായനക്കാൎക്കു ഒരു ഉപദേശമായി തീരട്ടെ. മലയാളവൎണ്ണങ്ങളും ഗദ്യപദ്യങ്ങളും അങ്കവും രംഗവും ഉള്ളതുകൊണ്ടു 'സുധമ്മ' ഒരു മലയാള നാടകമാണെന്നു പറയുന്നത്

'കണ്ണുണ്ടുരണ്ടുചെവിയുണ്ടൊരുമൂക്കുമുണ്ടു
വായുണ്ടുവായിനകമേ രസനാക്കുമുണ്ടു
കാലുണ്ടുരണ്ടുകരമുണ്ടൊരു....'


എന്ന് ഒരു സരസകവി പുരുഷലക്ഷണം വൎണ്ണിച്ച കൂട്ടത്തിലാണ്.

വിചാരിക്കാതെ വന്നുകൂടിയ അസൌകൎയ്യങ്ങളെക്കൊണ്ടു രഞ്ജിനി ഇക്കുറി വളരെ വൈകിപ്പോയതിനെപ്പററി ഞങ്ങൾക്കു സാമാന്യത്തിലധികം മനഃക്ലേശമുണ്ട്. അടുത്ത ലക്കം മുതൽ ഈവിധമുള്ള താമസം നേരിടാതിരിപ്പാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തിട്ടുള്ളതുകൊണ്ട് ഇതുവരെ വന്നുപോയ കാലതാമസത്തെ വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

ര. ര. പ.

P. SUBBAROY'S

World- renowned and most efficacious Ayurvedic medicines



പി. സുബ്ബരായിയുടെ ലോകപ്രസി
ദ്ധങ്ങളും ഏറ്റവും ഫലവത്തുകളും
ആയ ആയുർവേദ ഔഷധാലയം.

൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്ക, വിശപ്പില്ലായ്ക, നെഞ്ചു, കൈ, കാൽ, മുതലായവയുടെ നീറൽ, നീരിളിവ്, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണനേരം പരിഹരിച്ചു കണ്ടിട്ടുള്ളതു.



കുപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വേറെ, അണ ൬ വരെ

൨. പ്രമേഹ നിവാരണി.

സർവ്വമേഹം ഇരട്ടിപ്പുവലി, മൂത്രാധിക്യവും തടഞ്ഞും പോകുക, വെള്ള പോകുന്നതു, ശുക്ലമേഹം മുതലായ വ്യാധികളിൽനിന്നു സുഖപ്പെടുത്താൻ നിവൃത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ഒന്നുക്കു വില രൂപ ൧ മൂന്നു കുപ്പികളൊരുമിച്ചു വാങ്ങിയാൽ തപാൽ ചിലവു അണ ൫

൩. സർവവാതസംഹാരി

ഇതു തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കടച്ചിലുണ്ടാവുക, വീക്കം മുടക്കുവാതം നടുവേദന തലവേദന, മറ്റു രോഗങ്ങളുണ്ടാക. ശൂല, ഇരട്ടിപ്പുവേദന പക്ഷവാതം മേഹവാതം കിഴിവാതം മുതലായ പല വ്യാധികൾ ശമിപ്പിക്കും കുപ്പി ഒന്നുക്കു വില രൂപ ൧ തപാൽ ചിലവു അണ ൩


൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി ചൊറി, നവുകണിച്ചതു എന്നീ രോഗങ്ങളും മറ്റു സകല ചർമ്മരോഗങ്ങളും പലതരം മാറും. തൊലി മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിനു ൧ അണ തപാൽ ചിലവു മൂന്നു കുപ്പി വരെ ൫ അണ വേറെ

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൧. ലക്ഷ്മീകരകസ്തൂരിഗുളിക.

താമ്പൂലം ഉപയോഗിക്കുന്നവർ എപ്പോഴും സദാ ഉപയോഗിക്കേണ്ടുന്ന വിശേഷമായിട്ടുള്ള സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം പിത്തവായു ഉണ്ടാ ശമിപ്പിക്കും



തനിച്ചോ താമ്പൂലത്തോടുകൂടിയോ ഉപയോഗിക്കാം. താമ്പൂലത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യവും ജീർണ്ണിപ്പിക്കും. പ്രസവകാലത്തു താമ്പൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി തട്ടുകയില്ല. അപായകരമായ യാതൊരു പ്രതിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, ശ്വാസകാസം, ജ്വരം മുതലായ രോഗങ്ങളും വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ഒന്നിനു വില ണ ൪. ൫ മുതൽ ൫൧ വരെ കുപ്പികൾ വാങ്ങിയ ബാക്കി ൫.ണ തപാൽകൂലി ഉണ്ട.

൨. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാവിധ ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩ ണ. തപാൽ ചിലവു ൩ കുപ്പിവരെ ൨ ണ വേറെ.

൩. ജ്വരസംഹാരി.

കുളിർപ്പനി, ജ്വരപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, സന്നിജ്വരം മുതലായവക്കു നന്നു. വില കുപ്പി ഒന്നിനു ൫ ണ. തപാൽ ചിലവു ൨ ണ വേറെ

൪. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഇതു തലയിൽ പിടിപ്പിച്ചാൽ തലമുടി മിനുത്തു ഇടതൂർന്നു വളർന്നു കറുപ്പും വരും. കണ്ണിനു കുളിർമ്മയുണ്ടാകും. സകല കണ്ണുരോഗങ്ങളും തലവേദനകളും നീങ്ങും. ചൊറിച്ചൽ താരൻ കുറയും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൮ ണ തപാൽ ചിലവു ൨ ണ വേറെ.

൫. ക്രിമിസംഹാരി.

ദേഹം ചൊറിച്ചിൽ മുതലായ രോഗങ്ങൾക്കു ഒരു മരുന്ന്. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൨ ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കോട്ട് ജില്ല.

൨൦. അഗ്നിമാന്ദ്യസംഹാരി.

രുചിയില്ലായ്മ, പുളിച്ചുതികട്ടൽ, നെഞ്ചുകരിക്കൽ, മലബന്ധം, വയറുനോവു്, വായുനാറ്റം അജീൎണ്ണം വയറുവീൎക്കുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു [illegible] ണ വു. തപാൽകൂലി [illegible] ണ വരെ

൨൧. കണ്ണുബിന്ദു.

ചിരങ്ങു, ചൊറികണ്ണു, ചെവിയടപ്പു, ദീനപ്പീള മുതലായ കണ്ണുദീനങ്ങളെ ഭേദപ്പെടുത്തും. ദൃഷ്ടിദോഷങ്ങളുണ്ടാകാ. വില കുപ്പി ഒന്നിനു [illegible] ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വരെ

൨൨. സുഖഭേദിഗുളികകൾ.

ശോധന ഭക്ഷിക്കപ്പെടുത്തും അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലബന്ധിതം അഗ്നിമാന്ദ്യം, വയറു മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു [illegible] ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൧ ണ വരെ

൨൩. നേത്രബിന്ദു.

കണ്ണുനോവു, കൺകുരു, പീള, നീരൊഴുക്കു, ചിമ്മൽ, മാലക്കണ്ണു, ചീങ്കണ്ണു, ദോഷവളൎച്ച, പൂവു, ചൊറിപ്പു, ഏറിച്ചിൽ ഇവ, ചുടിക്ക ഇവയുടെ [illegible] കളിൽ ഉണ്ടാകുന്നതായ രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു [illegible] ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വരെ.

൨൪. സ്ഖലിതരക്ഷിണി.

ബലഹീനതയാലും അത്യുഷ്ണതയാലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലനത്തെ നീക്കും. വില ഡപ്പി ഒന്നിനു [illegible] ണ. തപാൽ ചിലവു ൬ വരെ ഡപ്പികൾക്കു ൧ ണ വരെ

൨൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ഞങ്ങളുടെ പക്കൽ ഉണ്ടു. തൂക്കം ഒന്നിനു [illegible] വില [illegible] ഉറുപ്പികയിൽ കുറയാതെ ഉള്ള സംഖ്യക്കു വി.പി.യായിട്ടു കൊടുക്കപ്പെടും. തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ടു ജില്ല.

൧൩. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി തേച്ചാൽ ക്ഷണനേരംകൊണ്ടു ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഇതു മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുതു. വില കുപ്പി ൧ക്കു ൨ ക ൄ ണ. ൧൦. കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ ൧ക്കു ൨ ക ൄ ണ. ടി മരുന്നു പെട്ടിയിൽ കുറച്ചുമാത്രമേ വില ചുമത്തുന്നുള്ളൂ. വി പി കമ്മീഷൻ ൩ ണ പുറമെ. ഇന്ത്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൬ ണ

൧൪. വ്രണവിരോപണ തൈലം.

ഇതു കഴലു പിളൎപ്പു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില ൮ ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ ൩ ണ മാത്രം

൧൫. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശബ്ദം നന്നാവുന്നതിന്നു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും ശബ്ദംവെച്ചവരെക്കൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റുള്ളവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൮ ണ വി പി കമ്മീഷൻ ൬ കുപ്പിവരെ ൩ ണ.

൧൬. സ്നാനചൂൎണ്ണം.

ഇതു പൊടി തേച്ചുകുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മിനുപ്പും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നു പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു വില ൮ ണ വി പി കമ്മീഷൻ ൩ ണ

൧൭. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സു, ഉറക്കമില്ലായ്മ, ഇവയ്ക്കും ദന്തോല്പാദം മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഇതു ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ വി പി കമ്മീഷൻ ൬ കുപ്പിവരെ ൩ ണ

പി. സുബ്ബറായി പറങ്കിപ്പേട്ട തെൻ ആൎക്കാട്ട് ജില്ല.

൨൧. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇവകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, ശ്വാസം, ഉറക്കമില്ലായ്മ, അജീർണ്ണം മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൧ ണ. വി. പി. കമ്മിഷൻ ൩ കുപ്പിവരെ ൧ ണ.

൨൨. ചർമ്മരോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, പുഴുക്കടി, ... ൎനം, ഒട്ടുവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ചർമ്മരോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്മേൽ പുരട്ടി മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മിഷൻ ൧ ണ

ഒന്നാംതരം ഗോരോചനം തോല ൧-ക്ക വില ൧ ക. രണ്ടാംതരം കസ്തൂരി തോല ൧-ക്ക വില ൧ ക. ഒന്നാംതരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക ഒന്നാംതരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊഴുന്ത, ജാതിമല്ലി, സുഗന്ധം, ഹിന, മശിഹദ്ധ്യ, അത്തർ മുതലായവകളും എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല ഇരുപതിന്ന ക ൧-വ്യ കമ്മിഷൻ പുറമെ,

				ക.	ണ.	പ.
ഒന്നാംതരം ഗോരോചനം തൂക്കം			൧-ക്ക	൧	൦	൦
ടി	മന്ത്രം	ടി	൧-ക്ക	൧	൦	൦
ടി	പച്ചക്കർപ്പൂരം	ടി	൧-ക്ക	൧	൦	൦

൨൩. രക്താമൃതം.

ഇത ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ട ഒരു ഭക്ഷണദ്രവ്യമാണ. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ദേഹനാശം വൃദ്ധന്മാർക്കും പ്രമേഹരോഗക്കാർക്കും ഇത ഒരു ദിവ്യ ഔഷധമാണ. ഇത രക്തശുദ്ധി വരുത്തുകയും, പിത്തം, ദേഹക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാറ്റുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്തു മൂത്രച്ചൂട, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ തീരെ ഭേദപ്പെടുത്തുകയും കണ്ണിന്റെ കാഴ്ച വർദ്ധിപ്പിക്കുകയും ചെയ്യും. ഇത രോഗികൾക്കും, ശിശുക്കൾക്കും, ആരോഗ്യവാന്മാർക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

തൂക്കം ൧-ക്ക അണ ൩ മാത്രം വി. പി. ചാർജ്ജ അണ ൩. പുറമെ.

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

[illegible] ഇൻസ്പെക്ടർ എം. രാജരാജവർമ്മ എം. എ. അവർകൾ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നേക്കു വില അണ ൪

കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം. ഒന്നേക്കു വില അണ ൧ പൈ ൬

സാവിത്രി—

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാപുസ്തകം ഒന്നേക്കു വില അണ ൩.

മാധവനിദാനം—

സർക്കാർ വൈദ്യൻ പാറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, സം[illegible] ഭാഷാവ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠനോട്ടു മുഴുവൻ—

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ടു, (പദാർത്ഥം, കോശാർത്ഥം, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കീർത്തികേസരി—

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാശാസ്ത്രികൾ ബി. എ. അവർകളാൽ പരിശോധിക്കപ്പെട്ടതുമായ ൧-ം ൨-ം ഭാഗം അടങ്ങിയ പുസ്തകം ഒന്നേക്കു വില അണ ൧൪

മനോരമ—

വൈ. പാറം ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പഴഞ്ചൊല്ല്—

ടി. യാറാൽ ഉണ്ടാക്കപ്പെട്ടതു, പുസ്തകം ഒന്നേക്കു വില അണ ൨

ഉർവ്വശീഫൽഗുനം—

കോന്നരശ്ശേരിൽ കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടതു. സംഗീതനാടകം ഒന്നേക്കു വില അണ ൨ പൈ ൬

കോസലരാജൻ കഥ—

റവി കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ ൨

സോമസുന്ദരൻ—

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നേക്കു അണ ൨ പൈ ൬

ഭദ്രമുനി —

മിസ്റ്റർ വി ... എഴുതിയ കഥ ഒന്നാം ഭാഗം അണ ൨

ദീപാവലി —

മിസ്റ്റർ കൃഷ്ണൻപിള്ള എഴുതിയ അത്ഭുതവിനോദകരമായ നോവൽ വില ൨ അണ

കൈവല്യശതകം —

മിസ്റ്റർ പാച്ചുപിള്ള എഴുതിയത ... അണ ൪

സന്താനവല്ലി —

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ... വില അണ ൪.

ശങ്കരകൃതി —

ആ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംഗീതമായും ശ്ലോകമായും അച്ചടിച്ചിട്ടുള്ളത പുസ്തകം ... അണ

മിസ്റ്റർ സി. എം. മാധവക്കുറുപ്പ —

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ... നോവൽ വില അണ ൫,

അവതാരത്രയചരിതം —

സൌഭാഗ്യവതി ഇത്തിക്കാട്ട ... അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം വില അണ ...

അദ്ധ്യാത്മരാമായണം —

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യത്തിന്ന ഓരോ കാണ്ഡങ്ങളും പ്രത്യേകമായി അച്ചടിച്ചുവരുന്നു. ഇതിൽ പദങ്ങളുടെ വിസ്താരമായ അൎത്ഥം ശ്ലോകങ്ങളുടെയും സാരം ഇവകൾ അടങ്ങിയിരിക്കും. പുസ്തകം എല്ലാ കാണ്ഡങ്ങളും ഒന്നായും ബയന്റു ചെയ്യിപ്പെടും.

മയൂരസന്ദേശം മണിപ്രവാളം —

കേരളവൎമ്മ സി. എസ്സ്. ഐ. എം. എ. ... എഫ്. ആർ. എച്ച്. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു എം. ആർ. രാജരാജവൎമ്മ എം. ഏ. എം. ആർ. ഏ. എസ്സ്., കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മണിപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഇതു ... കടലാസ്സിൽ അച്ചടിച്ചിട്ടുള്ളതിന്ന ... അണയും ... [illegible] ... വും വിലയാകുന്നു

[illegible] —

കേരളത്തു കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൩

കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളക്കഥ —

മലയാളം ... ഹെഡ്മാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി ഏ അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നിനു വില അണ ൨.

താരതാപദേശം——

റ്റി. കെ. കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി. പുസ്തകം ഒന്നിനു വില അണ ഒന്ന.

കാന്താപദേശം——

കിളിമാനൂർ വി. രാമൻവൈദ്യൻ അവർകളാൽ എഴുതപ്പെട്ടത വില ൪ കാശ

മനുസ്മൃതി——

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നിനു വില രൂപ ൧ അണ ൮

വിക്രമാദിത്യൻകഥ——

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧൦ അണ

മദനകാമരാജൻകഥ——

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൫ അണ ടി ആരംഭിയിൽ പുസ്തകം ൧-ക്ക വില ൬ അണ

കഥാസരിത്സാഗരം——

ടി യാരാൽ എഴുതപ്പെട്ട പുസ്തകം ൧-ക്ക വില അണ ൩

സുന്ദരം——

ടി യാരാൽ എഴുതപ്പെട്ട പുസ്തകം ൧-ക്ക വില അണ ൨ പൈ ൩

അത്ഭുതകവിത——

വി. ജി. കൃഷ്ണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ അണ

വർക്കലസ്ഥലമാഹാത്മ്യം——

കണ്ടമ്മക്കിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത വില ൧ അണ

പ്ലേഗിനെ പററിയ അപകടങ്ങൾ——

വില അണ ൨ പൈ ൩

ഭൂലോകവിനോദകഥകൾ——

കണ്ടിയൂർ മഹാദേവശാസ്ത്രിയവർകളാൽ എഴുതപ്പെട്ടത. വില അണ ൪ പൈ ൩

പട്ടവിത്തലവൻ——

കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു വിനോദ കഥ ൧-ക്ക വില അണ ൪

ചാവൃഷ-മൊണ്ടത്തെ ഡയറി——

ബയൻഡുചെയ്യുള്ള ൧-ക്ക വില അണ ൪

മററും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. കാറ്റലാഗ് പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിഷയവും അറിഞ്ഞ പുസ്തകങ്ങൾ വരുത്തേണ്ടതാണ്. ആവശ്യപ്പെടുന്നവർക്ക് ഫ്രീയായി അയക്കുന്നതാണ്.

എസ്സ്. റ്റി. റെഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ.

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും യഥാൎത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിന്നുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ മൂലത്തിന്നു വൃത്തത്തിനുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൮൪ മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിനു അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. വീരരായൻ രാജാ, ബി. ഏ.,

കോട്ടപ്പുറത്ത്,

എന്നു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭഗവൽഗീത

(ഒരു കൊല്ലംകൊണ്ടവസാനിപ്പിക്കുന്ന മാസിക)

ശാങ്കരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

തപാൽ കൂലി ഉൾപ്പെടെ ഒരുകൊല്ലത്തേക്കു വരിസംഖ്യ 3 6 0

ആവശ്യമുള്ളവൎക്കു വി. പി. ആയും അയച്ചു കൊടുക്കും.

ടി. സി. പരമേശ്വരൻ മൂസ്സത്,

ആനന്ദാശ്രമകാൎയ്യദൎശി,

തൃശ്ശിവപേരൂർ,

വില്പാൻ തയ്യാർ

കൎമ്മയോഗം—കെ. എം.	വില	0	12	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത—ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യർ ആന്റ് സൺസ്സ് തൃശ്ശിവപേരൂർ.

രസികരഞ്ജിനി

വരിസംഖ്യ

തപാൽക്കൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
" ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽക്കൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
" ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിനു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടും, കൊച്ചി അഞ്ചൽ മുദ്രയായിട്ടൊ എഴുത്തൊന്നിച്ച് അടക്കം ചെയ്യേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നൊ ഒന്നിലധികമൊ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് താരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാംതിയ്യതിക്കകം വരിക്കാർ മാനേജരെ അറിയിക്കേണ്ടതാകുന്നു. അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറണമെങ്കിൽ മാനേജരെ അറിയിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്ന—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ

ര. ര. മാനേജർ.

സംഗതിവിവരം.

വിദ്യാവിനോദിനി അച്ചുക്കൂടം.



പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവും
ശിഷ്യൻ ടി. സി പരമേശ്വരൻ മൂസ്സും.

രസികരഞ്ജിനി

൧൦൮൧


പുസ്തകം ൫.   കുംഭമാസം   ലക്കം ൬.

മംഗളം.

ഓരോജാതിയിലുള്ളലോകരിവിടെച്ചേരാം വെറും മൂഢരായ്-
ത്തീരൊല്ലെന്നറിവിന്നതക്കവിധമാം നാനാഗമോപക്രമാൽ
സാരോദഗ്രവിവേകമേകിയവരെ സ്ഥാനത്തിരുത്തും മഹാ-
വീരോഗ്രാപ്രതിമാനവിക്രമനിഹ ശ്രീശൻ തുണച്ചീടണം.

സാമൂതിരിപ്പാടും

പതിനെട്ടരക്കവികളും.



ഒരു വണ്ടിയ്ക്കു പൂട്ടിയ കുതിരകൾ ഓടുന്നതും പലമാതിരി ഭംഗിയിൽ നടക്കുന്നതും ചാടുന്നതും നില്ക്കുന്നതും മറ്റും കടിഞ്ഞാൺ പിടിക്കുന്ന സൂതന്റെ സാമർത്ഥ്യത്തെയും പ്രയോഗങ്ങളേയും അനുസരിച്ചാണെന്നുള്ളത് എല്ലാവക്കും അറിയാമല്ലൊ. അതുപോലെ ഒരു രാജ്യത്തുള്ള പ്രജകളുടെ ഇടയിൽ പഠിപ്പ വദ്ധിക്കുന്നതും, അതിനെ അനുസരിച്ച് അവർ

ലോകോപകാരകങ്ങളായും, തങ്ങളുടെ പേരിനെ നിലനിൎത്തുന്നവയായും ഉള്ള പ്രവൃത്തികൾ ചെയ്യുന്നതും ഒരു രാജ്യത്തെ ഭരിക്കുന്ന രാജ്യതന്ത്രധുരന്ധരന്മാരായ രാജപ്രതിനിധികളുടെയോ, രാജാവിന്റെയോ, നീതിസാമൎത്ഥ്യത്തെയും, ബുദ്ധിശക്തിയെയും, അനുസരിച്ചിരിക്കുന്നതാണെന്നുള്ളതു ലോകചരിത്രപണ്ഡിതന്മാരാൽ ഉൽഘോഷിക്കപ്പെട്ടിട്ടുള്ളതാകുന്നു. എന്നാൽ ഏതുകാലത്തും ഏതുരാജ്യത്തും രാജാക്കന്മാൎക്കു രാജ്യഭരണവിഷയമായിട്ടുണ്ടാകാവുന്ന സകല പ്രയാസങ്ങളേയും ജയിക്കുന്നതിനും തന്റെ പ്രജകൾക്കു ക്ഷേമാഭിവൃദ്ധിയെ പോഷിപ്പിക്കുന്നതിനും വേണ്ടതായ പലേ നീതികൌശലങ്ങളിലും വെച്ച് ഒന്നാമതായും ഉത്തമമായും ഉള്ള കൌശലം ആ രാജ്യത്തെ പ്രജകൾക്കു പലമാതിരിയിലുള്ള വിദ്യാഭ്യാസം ഉണ്ടാകുന്നതാണെന്നു പറയുന്നതായാൽ വല്ലവരെ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ ഉത്തമമാൎഗ്ഗത്തെ അറിഞ്ഞു പ്രവൃത്തിച്ചിട്ടുള്ള രാജാക്കന്മാർ ഏതു രാജ്യത്തെങ്കിലും ഏതുകാലത്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെയും അവരുടെ പ്രജകളുടെയും പേരുമാത്രമാണ് ലോകത്തിൽ അനശ്വരമായി നിലനിന്നുപോരുന്നതു; സംശയമില്ല. പക്ഷെ വിദ്യാഭ്യാസസമ്പ്രദായം കാലദേശാദിഭേദത്തെ അനുസരിച്ചു മാറിമാറി വന്നേക്കാമെന്നല്ലാതെ വിദ്യയുടെ പ്രധാനപ്രയോജനമായ അറിവിനെയും, ജനങ്ങളുടെ യോഗക്ഷേമാഭിവൃദ്ധിയെയും സംബന്ധിച്ചേടത്തോളം യാതൊരു കാലത്തും യാതൊരു ദേശത്തും വലിയ ഭേദഗതിയുണ്ടാവാൻ സംഗതിയില്ല.

പണ്ടു കേരളചക്രവൎത്തികളായിരുന്ന പെരുമാക്കന്മാരുടെ വാഴ്ചക്കുശേഷം ഒരു സഹസ്രാബ്ദത്തിലധികം കാലം സ്വാതന്ത്ര്യത്തോടുകൂടി മദ്ധ്യകേരളം ഭരിച്ചിരുന്ന പ്രധാനപ്പെട്ട കോഴിക്കോട്ടു രാജാക്കന്മാരിൽ രാജ്യഭരണത്തിന്റെ അഭ്യുദയം മൂൎദ്ധിച്ചിരുന്നതു കൊല്ലവൎഷം നാനൂറിനും എണ്ണൂറിനും മദ്ധ്യത്തിലായിരുന്നു എന്നൂഹിപ്പാൻ പല ലക്ഷ്യങ്ങളുമുണ്ട്.

അക്കാലങ്ങളിലുള്ള സാമൂതിരിപ്പാടന്മാരിൽ ശസ്ത്രംകൊണ്ടും ശാസ്ത്രംകൊണ്ടും പരരാഷ്ട്രഭഞ്ജനനായും സ്വരാഷ്ട്രരഞ്ജനനായും ഒരുപോ

ലെ ചെയ്തിരുന്ന ചില പടവീരന്മാരും, ശസ്ത്രപ്രാധാന്യം കൂടുന്ന ചില ബഹുശ്രുതന്മാരും, ശാസ്ത്രപ്രാധാന്യമേറുന്ന ചില മഹാധീരന്മാരും ഇങ്ങിനെ പലതരക്കാരുണ്ടായിരുന്നു. കൊല്ലവർഷം ൬൪൦-നു മേൽ നാടുവാണിരുന്ന മാനവിക്രമനെന്ന സാമൂതിരിപ്പാട് ഇതിൽ ഒന്നാമത്തെ വർഗ്ഗത്തിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹത്തിന്റെ രാജ്യഭാരരീതിയെപ്പറ്റി പൊതുവിൽ ഒരു ശരിയായ ചരിത്രം എഴുതുവാൻ വിശ്വാസയോഗ്യങ്ങളായ റിക്കാർട്ടുകൾ (ലക്ഷ്യങ്ങൾ) കിട്ടിയിട്ടില്ലാത്തതിനാൽ അതിലേക്കിറങ്ങുവാൻ ധൈര്യമില്ലെന്നുള്ള ന്യൂനത മലയാളചരിത്രത്തെപ്പറ്റി വല്ലതും പറവാൻ ഇറങ്ങുന്നവർക്കെല്ലാം പറയുന്നപോലെ ഞങ്ങൾക്കും പറയാതിരിപ്പാൻ നിവൃത്തിയില്ല. എന്നാൽ ഇദ്ദേഹത്തിന്റെ ശാസ്ത്രപാണ്ഡിത്യവിലാസത്തെ പ്രകടിപ്പിക്കുന്നതായ ചില പണ്ഡിതഗോഷ്ഠികളെക്കുറിച്ചു പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ള ഓരോ ഐതിഹ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയും, ആവക ഐതിഹ്യങ്ങളെങ്കിലും നിശ്ശേഷം നശിക്കാതിരിക്കട്ടെ എന്നു വിചാരിച്ചും കുറച്ചു ചിലതിവിടെ പറവാൻ വിചാരിക്കുന്നതാണ്.

ആ സാമൂതിരിപ്പാട്ടിലെ പൂർവന്മാർതന്നെ വിദ്യാഭിവൃദ്ധിക്കു വേണ്ടി വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കുവാനായി പലേ ഏർപ്പാടുകളും ചെയ്തു വെച്ചിട്ടുള്ള കൂട്ടത്തിൽ ഒന്നാണ്, ഇന്നും നടന്നുവരുന്നതായ തളിയിലെ താനം. (താനം എന്നാൽ അഭ്യർഹന്മാരായ ബ്രാഹ്മണർക്കുള്ള ദാനമാണ്). വേദശാസ്ത്രങ്ങളിൽ യോഗ്യതയും, ആഭിജാത്യവും ഉള്ള ബ്രാഹ്മണരെ മാത്രമേ അഭ്യർഹന്മാരായി ഗണിക്കുയുള്ളൂ. ഇങ്ങിനെയുള്ള ദാനം പ്രായേണ പൂർവന്മാരുടെ ശ്രാദ്ധദിവസങ്ങളിലാണ് ചെയ്യാറുള്ളത്. തളിയിൽ താനവും ആ കൂട്ടത്തിലൊന്നാണ്. പക്ഷെ അവിടെ വ്യാകരണം, മീമാംസ, വേദാന്തം, ഈ ശാസ്ത്രങ്ങളിൽ ഏതിലെങ്കിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരെ മാത്രമേ അഭ്യർഹന്മാരായി സ്വീകരിച്ചു ചാർത്തുകയുള്ളൂ. ഈവിധമുള്ള ചാർത്തലും ഓരോ പന്തീരാണ്ടു കൂടുമ്പോൾ മാത്രമേയുള്ളൂ. ഇപ്പോൾ പാല്ലിമെണ്ടുമുതലായ സഭകളിൽ പുതിയ സാമാജികന്മാരെ തെരഞ്ഞെടുക്കുന്നതു അയ്യഞ്ചുകൊല്ലം കൂടുമ്പോഴാ

ണ്ടെങ്കിലും നമ്മുടെ മലയാളത്തിൽ പണ്ടുണ്ടായിരുന്ന പല കാര്യങ്ങളുടെയും നടവടികളെ നവീകരിക്കുന്നത് ഓരോ പന്തീരാണ്ടു കൂടുമ്പോഴായിരുന്നു എന്നറിയാത്തവരില്ലല്ലോ. അങ്ങിനെ അതാതു കാലത്തു മലയാളത്തിൽ യോഗ്യരായ ബ്രാഹ്മണർ താനത്തിന്നു ഏഴു ദിവസം മുമ്പെ അവിടെച്ചെന്നു ചേർന്നു ശാസ്ത്രങ്ങളിൽ വാദപ്രതിവാദങ്ങൾ നടത്തി അതിൽവെച്ച് അവരവരുടെ യോഗ്യതാക്രമം സാധിക്കുന്നതിനെ അനുസരിച്ച് അവസാനദിവസം അവരവൎക്കുള്ള താനകിഴി വാങ്ങേണമെന്നാണ് നിയമം. ഇങ്ങിനെയുള്ള നിയമം നിമിത്തം അന്നു മലയാളബ്രാഹ്മണരുടെ ഇടയിൽ ഇനിയത്തെത്തളിയിൽ താനത്തിന്ന് ഒന്നാമത്തെക്കിഴി ഇനിക്കു വാങ്ങേണം, ഇനിക്കു വാങ്ങേണമെന്നുള്ള അത്യുത്സാഹം നിമിത്തം കൊണ്ടുപിടിച്ചു പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള യോഗ്യന്മാർ കുറച്ചൊന്നുമല്ലായിരുന്നു. ഇങ്ങിനെ പ്രശസ്തനിലയിൽ പ്രസിദ്ധമായി നടത്തിവരുന്ന തളിയിൽ താനത്തിൽ കിഴി വാങ്ങിയിരുന്ന അത്യുഗ്രപണ്ഡിതന്മാരും മുൻപറഞ്ഞ സാമൂതിരിപ്പാട്ടിലെ സദസ്യന്മാരുമായ താഴെ പറയുന്നവരെ 'പതിനെട്ടരക്കവികൾ' എന്നാണ് പഴമക്കാർ പറഞ്ഞുവരാറുള്ളത്.

1. പയ്യൂർപ്പട്ടേരിമാർ—ജ്യേഷ്ഠാനുജന്മാരായ എട്ടുപേരും, ഒരു മകനും
2. തിരുവപ്പാ(തിരുവേഗപ്പുഴ)ക്കാർ അഞ്ചു നമ്പൂരിമാർ
3. മുല്ലപ്പിള്ളിപ്പട്ടേരി
4. ചേന്നാസ്സ് നാരായണൻനമ്പൂരിപ്പാട്
5. കാക്കശ്ശേരിപ്പട്ടേരി
6. ഉദ്ദണ്ഡശാസ്ത്രികൾ
7. പുനത്തുനമ്പൂരി (അരക്കവി)

ഈ പയ്യൂർപ്പട്ടേരിമാരിൽ ജ്യേഷ്ഠനായ അച്ഛൻ ഭട്ടതിരിപ്പാട്ടിലെ ആണ് ഉദ്ദണ്ഡശാസ്ത്രികൾ കോകിലസന്ദേശത്തിൽ 'തന്ത്രീമാംസാദ്വയകലഗുരോസ്സത്തമപുണ്യം മഹർഷേഃ' എന്നു തുടങ്ങി വൎണ്ണിച്ചിട്ടുള്ളത്. ഈ മഹർഷിയ്ക്കു ഉദ്ദണ്ഡശാസ്ത്രികളോടുള്ള വാദപ്രതിവാദത്തിൽ വിവേചനധാരയിൽ ഒരു സ്ഖലനം പററിപ്പോയപ്പോൾ പ്ര

തിവാദിയായ ശാസ്ത്രികൾതന്നെ രണ്ടാമതൊന്നുകൂടി നിശ്ചയിപ്പാൻ നിർബന്ധിച്ചിട്ടും 'ഞാൻ ഒരു സദസ്സിൽ രണ്ടാമതു മറെറാരുവിധം പറകയുണ്ടായിട്ടില്ല'ന്നു മാത്രം ഉത്തരം പറഞ്ഞ് അദ്ദേഹം തോററ നിലയിൽ പിൻവലിച്ചു എന്നാണ് പ്രസിദ്ധി. ഈ ജ്യേഷ്ഠനും അനുജന്മാരും ഒന്നിച്ച് അച്ഛൻെറ ശ്രാദ്ധമൂട്ടണമെങ്കിൽ അതതു കൊല്ലത്തിൽ ഓരോ പുതിയ മീമാംസാഗ്രന്ഥങ്ങൾ എല്ലാസംവത്സരവും ഉണ്ടാക്കിക്കൊണ്ടുവന്നു പരസ്പരം കാണിച്ചുകൊടുക്കേണമെന്നാണത്രെ ഇവരുടെ നിശ്ചയം. ഇവരിൽ അച്ചോമൻ നാരായണൻ പട്ടേരി ഒരു മടിയനായിരുന്നു. മറെറല്ലാസ്സഹോദരന്മാരുടേയും ഗ്രന്ഥങ്ങൾ വായിച്ചു കേട്ടതിന്നുശേഷം ശ്രാദ്ധത്തിനു രണ്ടു നാലു ദിവസം മുമ്പിലേ ഗ്രന്ഥനിർമ്മാണത്തിനുദ്യമിക്കയുള്ളൂ. എന്നാൽ ഗ്രന്ഥം കഴിയുമ്പോൾ മററുള്ളവയിലൊക്കെയും മെച്ചത്തരമായിത്തീരും. മടിയന്മാരായ യോഗ്യരെക്കൊണ്ടു പണിയെടുപ്പിച്ചാൽ കിട്ടുന്ന ലാഭം വളരെ വിലപിടിച്ചതായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇവരിൽ മഹനും അച്ഛനെപ്പോലെതന്നെ സർവ്വസമ്മതനായ പണ്ഡിതശ്രോത്രിയനായിരുന്നു എന്നു, സാമാന്യക്കാരെ അത്ര വകവെയ്ക്കാത്ത, ഉദ്ദണ്ഡശാസ്ത്രികളുടെ 'മല്ലികാമാരുത'മെന്ന പ്രകരണത്തിൽ 'ഉക്തഞ്ച മഹർഷിപുത്രേണ പരമേശ്വരേണ' എന്ന പീഠികയോടുകൂടി ഒരു പ്രശംസാശ്ലോകം ചേർത്തിട്ടുള്ളതുകൊണ്ടു വ്യക്തമാകുന്നുണ്ട്. ഇവരുടെ ചില മീമാംസാഗ്രന്ഥങ്ങൾ മലയാളികളിൽ പലരുടെ കൈവശത്തിലും ഉണ്ടെന്നല്ലാതെ കാവ്യഗ്രന്ഥങ്ങളൊന്നും ഇതേവരെ കണ്ടുകിട്ടീട്ടില്ല.

൨. തിരുവേഗപ്പുഴ (തിരുപ്പറ)ക്കാരായ അഞ്ചു നമ്പൂരിമാരിൽ ഒരാളുടെ 'ലക്ഷ്മീമാനവേദ'മെന്ന നാടകവും ബ്രഹ്മദത്തപുത്രനായ നാരായണൻ എന്ന മറെറാരാളുടെ 'സുഭദ്രാഹരണ'കാവ്യവും കണ്ടിട്ടുണ്ട്. ശേഷം മൂന്നു പേരുടേയും കൃതികളായി വല്ലതും ഉണ്ടോ എന്ന് ഇതുവരെ അറിഞ്ഞിട്ടില്ല.

3. മുല്ലപ്പിള്ളിപ്പട്ടേരിയുടെ കൃതികളും ഇതുവരെ യാതൊന്നും വെളിപ്പെട്ടിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെയും ചേന്നാസ്സ് നമ്പൂരിപ്പാടിൻെറയും രാജഭൂഷണങ്ങളായ ചില ശ്ലോകങ്ങൾ ഉണ്ടാക്കി

യ കാലത്തിന്നു ഉചിതശിക്ഷാരക്ഷകനായ നമ്മുടെ സാമൂതിരിപ്പാട് അത്ഭുതപൂർവ്വമായ വിധം ഒരിക്കൽ ശിക്ഷിച്ചിട്ടുണ്ട്. ഇതിൽ മുല്ലപ്പിള്ളിപ്പട്ടേരിക്കു തളിയിൽ താനത്തിന്നു മുമ്പിൽക്കടന്നു കിഴിയെടുക്കണമെന്നുള്ളതാണ് ശിക്ഷ. തന്നേക്കാളധികം യോഗ്യന്മാരുള്ളപ്പോൾ തൻ മുമ്പിൽക്കടന്നു കിഴിയെടുക്കുക എന്നതു വിവേകികളായ പണ്ഡിതന്മാർക്ക്, വിശേഷിച്ച് അക്കാലത്തെ നമ്പൂരിമാർക്കു, സങ്കോചകരമായ ഒരു ധർമ്മസങ്കടമായിരുന്നു. പട്ടേരിക്ക് ഈ ശിക്ഷതന്നെ മേലാൽ തറവാട്ടധികാരമായിത്തീരത്തക്കവണ്ണം യോഗ്യത സമ്പാദിപ്പാൻ കാരണമായിക്കലാശിച്ചു.

൪. ചേന്നാസ്സ് നമ്പൂരിപ്പാട്ടിലേക്കുള്ള ശിക്ഷ, 'തന്ത്രവിഷയത്തിൽ ഒരുത്തമ ഗ്രന്ഥമുണ്ടാക്കിക്കൊണ്ടുവന്നേ എന്നെക്കാണേണ്ടു' എന്നായിരുന്നു വിധിക്കപ്പെട്ടത്. ഈ ഒരു ശിക്ഷയുടെ ഫലമാണ് കേരളത്തിലിപ്പോഴുള്ള താന്ത്രികന്മാർക്കൊക്കെയും തച്ചുശാസ്ത്രിക്കാർക്കുംകൂടി സർവ്വാവലംബനമായ 'തന്ത്രസമുച്ചയം' എന്ന ഉത്തമ ഗ്രന്ഥം. ഈ തന്ത്രശാസ്ത്രഗ്രന്ഥത്തിൽ നമ്പൂരിപ്പാട്ടിലേക്കുള്ള കവിതാവൈദഗ്ദ്ധ്യവും ചുരുക്കിപ്പറവാനുള്ള സാമർത്ഥ്യവും നല്ലവണ്ണം പ്രകാശിച്ചിട്ടുണ്ട്. ചുരുക്കിപ്പറക എന്ന വിഷയത്തിൽ സാക്ഷാൽ ഉദ്ദണ്ഡശാസ്ത്രികൾക്കുപോലും അദ്ദേഹത്തിനോടു മടക്കമായിരുന്നു. നമ്പൂരിപ്പാട് ഈ ഗ്രന്ഥമുണ്ടാക്കിക്കൊണ്ടിരിക്കുന്നതിന്നിടയ്ക്കൊരിക്കൽ യദൃച്ഛയായി ഉദ്ദണ്ഡശാസ്ത്രികൾ അവിടെച്ചെന്നപ്പോൾ താനും രണ്ടു ശ്ലോകം ഉണ്ടാക്കാമെന്നും അതിൽ അടങ്ങേണ്ടതായ കാര്യങ്ങൾ ഇന്നിന്നവയാണെന്നു പറയേണമെന്നും നമ്പൂരിപ്പാട്ടിലേക്ക് ആവശ്യപ്പെട്ടപ്രകാരം നമ്പൂരിപ്പാട് സമ്മതിച്ചു വിഷയം പറഞ്ഞുകൊടുക്കുകയും ശാസ്ത്രികൾ തന്റെ വാഗ്വിലാസത്തെ പ്രകടിപ്പിച്ചുകൊണ്ടു ശ്ലോകമുണ്ടാക്കുവാനാരംഭിക്കുകയും ചെയ്തു. ഒന്നരശ്ലോകം കഴിഞ്ഞിട്ടും പറവാനുള്ള കാര്യങ്ങൾ വളരെ ശേഷിച്ചിരുന്നതിനാൽ പിന്നെ അരശ്ലോകംകൊണ്ട് അതുമുഴുവനും പറഞ്ഞുതീർക്കാൻ തന്നാലസാദ്ധ്യമാണെന്നുകണ്ട് നമ്പൂരിപ്പാട്ടിലേക്കുതന്നെ ഒഴിഞ്ഞുകൊടുക്കുകയും നമ്പൂരിപ്പാട് ബാക്കിയുള്ള അരശ്ലോകംകൊണ്ടുത

ന്നെ പറയേണ്ടകാൎയ്യങ്ങളെ മുഴുവൻ നിഷ്പ്രയാസമായിപ്പറഞ്ഞു് അവസാനിപ്പിക്കുകയുംചെയ്തു എന്നു പ്രസിദ്ധമാണു്.

5. കാക്കശ്ശേരിപ്പട്ടേരി ഉദ്ദണ്ഡശാസ്ത്രികളെജ്ജയിപ്പാൻവേണ്ടി നമ്പൂരിമാരുടെ തപസ്സുകൊണ്ടുണ്ടായ ഒരു മൂൎത്തിയായിരുന്നു എന്നാണു് മലയാളികൾ വിശ്വസിച്ചുപോരുന്നതു്. തന്നെജ്ജയിപ്പാനായി ജനിച്ചിട്ടുള്ള ഈ കുട്ടിയെ ദ്രോണാചാൎയ്യരെപ്പോലെ പഠിപ്പിച്ചതും ഉദ്ദണ്ഡശാസ്ത്രികൾതന്നെയാണത്രെ. പട്ടേരി തന്റെ പന്ത്രണ്ടാമത്തെ വയസ്സിലാണു് ഉദ്ദണ്ഡശാസ്ത്രികളെജ്ജയിച്ചിട്ടുള്ളതു്.

ഈ ബാലപണ്ഡിതൻ സഭയിൽക്കയറിയ ദിവസം സാഹങ്കാരമായി പ്രയോഗിച്ച ശ്ലോകമാണിതു്,

'നച്ഛത്രംനതുരംഗമാനവഭടാംവൃന്ദംനിരോവന്ദിനാം
നശ്ശസ്ത്രാണിനപട്ടബന്ധവസനംനദ്വന്ദ്വമാഡംബരം
അസ്ത്യസ്മാകമമന്ദമന്ദരഗിരിപ്രോദ്ധൂതദുഗ്ദ്ധോദധി-
പ്രേംഖദ്വീചിപരമ്പരാപരിണതാവാണീഗുണാണീയസീ'

ഈ മഹാകവിയുടെ കൃതികളിൽ 'വസുമതീമാനവിക്രമം' എന്ന നാടകം മാത്രമേ ഇപ്പോൾ കണ്ടുകിട്ടീട്ടുള്ളൂ. ഇദ്ദേഹത്തിനെ ഒടുവിൽ വിഷയവിരക്തിനിമിത്തം ആചാരനിരാസനാകയാൽ നമ്പൂരിമാർ വൎജ്ജിച്ചുകളഞ്ഞു. ഒരുദിവസം പട്ടേരി സന്ധ്യാസമയത്തിൽ ചെയ്യേണ്ടതായ കൃത്യങ്ങളൊന്നുംകൂടാതെ തന്റെ പതിവിൻപ്രകാരം അലംകൃതനായി ബ്രാഹ്മണരുടെ സദസ്സിൽക്കയറിച്ചെന്നപ്പോൾ നമ്പൂരിമാരിൽ ചിലർ, 'പട്ടേരി എന്താണിങ്ങിനെ സന്ധ്യാവന്ദനാദികൾ ഒന്നും ചെയ്യാതെ കേവലം മൂഢന്മാരെപ്പോലെ നടക്കുന്നതു്' എന്നു ചോദിച്ചതിന്നു മറുപടിയായി പട്ടേരി അപ്പോൾ ചൊല്ലിയ ശ്ലോകമാണിതു്.

'ഹൃദാകാശേചിദാദിത്യസ്സദാഭാതിനിരന്തരം
ഉദയാസ്തമയൌനസ്തഃകഥംസന്ധ്യാമുപാസ്മഹേ'

ഇങ്ങിനെ കാലക്രമേണ പട്ടേരിയുടെ ആചാരനടവടികളിൽ നമ്പൂരിമാൎക്കു് ഒട്ടും തൃപ്തിയില്ലാതെയായിത്തീരുകയും പട്ടേരിയുടെ യോഗ്യതയോൎത്തു് അദ്ദേഹത്തിനോടു യാതൊന്നും പറവാൻ ശക്തിയില്ലാതെ വരികയും ചെയ്തതിനാൽ ഒടുവിൽ ഈ സങ്കടനിവൃത്തിക്കായി എല്ലാവരുംകൂടി ചോററാനിക്കരെ വെച്ചു പട്ടേരിയോടുത

ന്നൊ സംശയം ചോദിക്കുന്നതാണ് നല്ലതെന്നുറച്ചു അപ്രകാരം അവർ തമ്മിൽ നടന്ന സംഭാഷണശ്ലോകമാണിത്.

നമ്പൂരിമാർ—ഭൂപാലികിംകരണീയം?

പട്ടേരി—സ്മരണീയം ചരണയുഗളമംബായാഃ!

നമ്പൂരിമാർ—തത്സ്മരണം കിം കുരുതേ?

പട്ടേരി—ബ്രഹ്മാദീനപി ച കിങ്കരീകുരുതേ',

മലയാളത്തിൽ നമ്പൂരിമാരുടെ ഇടയിൽ പണ്ട് എന്നു മാത്രമല്ല കുറച്ചുമുമ്പു ഇപ്പോഴും പരദേശികളോടുകൂടി പെരുമാറുകയും വിശേഷിച്ച് അവരുടെ ക്രിയാംഗങ്ങളായ വിഷയങ്ങളിൽ യാതൊരു പ്രകാരത്തിലും പരദേശിസംബന്ധമുണ്ടായിരിക്കയും പാടില്ലെന്നു കലശലായ നിർബ്ബന്ധം കാണുന്ന സ്ഥിതിക്ക് മലയാളികളുടെ സ്വദേശാഭിമാനം മൂർഛിച്ചിരുന്ന അക്കാലത്തു തളിയിലേതാനത്തിൽ കിഴക്കെ കാഞ്ചീപുരത്തുകാരനായ ഉദ്ദണ്ഡശാസ്ത്രികൾക്കു അവകാശം സിദ്ധിപ്പാൻ ഇടവരുത്തുകയെന്നും അദ്ദേഹത്തിനെ സദസ്യനായി സ്വീകരിച്ചതു് സ്വദേശഗുണസംരക്ഷണദീക്ഷിതനായിരുന്ന സാമൂതിരിപ്പാട്ടിലേക്കു ഒരു ന്യൂനതയായില്ലേ? എന്നു വല്ലവരും ശങ്കിക്കുന്നുണ്ടെങ്കിൽ അവർ, തന്നിമിത്തം മലയാളികളുടെ ഇടയിൽ പിന്നീടുണ്ടാവുന്ന ഐകമത്യത്തിന്റെയും പരിശ്രമത്തിന്റെയും അപ്രതിഹതമായും അസാധാരണമായുമുള്ള ഫലങ്ങളെ ആലോചിക്കുമ്പോൾ ആ മഹാന്റെ ഈ പ്രവൃത്തി സ്വദേശപണ്ഡിതന്മാരെ വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിത്തന്നെയുള്ള ഒരു പൊടിക്കയ്യായിരുന്നു എന്നോർത്ത് സമാധാനപ്പെട്ടുകൊള്ളുമല്ലോ.

ഉദ്ദണ്ഡന്റെ പ്രഥമസഭാപ്രവേശത്തിൽ അദ്ദേഹത്തെ സാമൂതിരിപ്പാട്ടിലേക്കു പരിചയപ്പെടുത്തുവാനായി ചേന്നാസ്സ് നമ്പൂരിപ്പാട് ചൊല്ലിയ ശ്ലോകമാണിത്.

'പ്രക്രീഡൽകാന്തവിഷ്വഗ്ജ്ജനഹൃദയവിധൂതോദ്ധതസ്സോമദേവാംശ-
സ്സംഭാരോദ്യോഗധാംഭിപ്രശമനപടുവാഗ്ഗുംഭഗംഭീരിമശ്രീഃ
ഉദ്ദണ്ഡീഭക്ഷോണിദേശാന്തവലയവിജയോഹിണ്ഡതോദ്ദണ്ഡസൂരി-
സ്സ്വയം തേ വിക്രമക്ഷ്മാവര! നകിമുഗതഃ ശ്രോത്രിയശ്രോത്രദേശം?'.

അതിനുശേഷം അപ്പോൾത്തന്നെ ഉദ്ദണ്ഡൻ സാമൂതിരിപ്പാട്ടിലേയ്ക്കു് അടിയറവെച്ച ശ്ലോകമിതാണ്.

ഉദ്ദണ്ഡഃപാദസേവൈകരവ! ഭവദ്ഭൃത്യതാഃസ്വമൈത്രശ്രീയോ-
ഹേതുഃകണ്ഠശ്രിതസ്യസ്മരണീംഗൽപ്പൂർണ്ണനിവാദ്യസ്യപ്രായോ
നോഃപാതങ്ങളുടസന്ദ്യുദേശാലസൽപ്പാർദ്ദ്വമുദ്രാദ്ഭവ-
ത്സാരംഗാംഗേശബിംബാഃ ക്ഷിതിതലമുപതാൽപ്രായസിനാമുഖൈഃ

ഒരിക്കൽ ഉദ്ദണ്ഡശാസ്ത്രികൾ പ്രസിദ്ധമായ ശ്രീകാലക്ഷേത്രത്തിൽ ദേവീദർശനത്തിനായിച്ചെന്നപ്പോൾ നടയിൽവെച്ചു ഒരു ശ്ലോകം ഉണ്ടാക്കിച്ചൊല്ലിത്തുടങ്ങുകയും പൂർവാർദ്ധം കഴിഞ്ഞിട്ടു് ഉത്തരാർദ്ധം തുടങ്ങുവാൻ ഇടയില്ലാതെ ആലോചിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതിനാൽ ആ സമയം ദേവപൂജ കൊട്ടിക്കൊണ്ടുനിന്നിരുന്ന ഒരു മാരാർ ഉടനെ അതിന്റെ ശേഷം ഭാഗം പൂർവാർദ്ധത്തെക്കാൾ കുറെക്കൂടി നന്നായി ചൊല്ലുകയും ചെയ്തു. ഇതുകേട്ട ശാസ്ത്രികൾ വിസ്മയിച്ചിട്ടു 'കോയം കവിഃ?' എന്നു ചോദിച്ചതിനു മാരാർ 'ദേവ്യാഃ കുണ്ഡോദരഃ' എന്നുത്തരം പറഞ്ഞതായി കേട്ടിട്ടുണ്ട്. ആ മാരാരുടെ പേരും കുണ്ഡോദരൻ എന്നായിരുന്നു. മേല്പറഞ്ഞ ശ്ലോകം ഇതാണ്.

ശാസ്ത്രികൾ— സംഭാവിതഭ്രുകൃപാമംബ! ശ്രമേംഗം
ശൃംഗമചിരന്തനമിദം തവമന്ദേഃ

മാരാർ— ജംഭാരിപുംഗവകരേഭയുഗന്ധമര-
സ്സാമികചാങ്കംഭേപദ്ധിരംഭേപാരാംശു

പിന്നെ ഒരിക്കൽ വെട്ടത്തുനാട്ടിൽവെച്ച് ഒരു വൃദ്ധപണ്ഡിതനായ തൃക്കണ്ടിയൂർ നാണപ്പപിഷാരോടിയും ശാസ്ത്രികളും തമ്മിൽ ഒമ്പതു ദിവസത്തെ വാദം നടന്നിട്ടുണ്ട്. വിഷയം വ്യാകരണമായിരുന്നു. തൃക്കണ്ടിയൂർ പിഷാരോടിമാർ പണ്ടേതന്നെ വംശപരമ്പരയാ പണ്ഡിതന്മാരായിരുന്നു എന്നു പ്രസിദ്ധമാണല്ലോ. ശാസ്ത്രികൾ പിഷാരോടിയോടുള്ള വാദാരംഭത്തിൽ ചൊല്ലിയ ശ്ലോകമാണിത്.

ധന്യാധന്യാധനീനാഃഫണിവരഭണിതാം-
ഭേദ്യധികാംകീകരാരാ

ധന്യാഃ കേചിൽപ്രഥന്തേ പരഗുണകണികാം-
ശ്ശൈലിനസ്സൻന്താമദഃ
പ്രത്യാഹാരഗ്രഹേപി ഭ്രമിതമതിരസൗ
കേപി സാഹിത്യവിദ്യാ-
കർണ്ണാടാണപ്പന്നാമാ വ്യവഹാരജ്ഞര-
ത്തായവരാമേനനഹാനാദ്രി'

ഉദ്ദണ്ഡശാസ്ത്രികൾ ആദ്യം മലയാളത്തിലേക്കു വന്നതു, തന്റെ പാണ്ഡിത്യപ്രകടനംകൊണ്ടു എളുപ്പത്തിൽ മലയാളികളെ വിസ്മയിപ്പിച്ചുകളയാമെന്നും മലയാളപണ്ഡിതന്മാരെയെല്ലാം താൻ വാദത്തിൽ ജയിച്ചു കീഴടക്കിക്കളയാമെന്നും ഉള്ള വിചാരത്തോടുകൂടിയായിരിക്കാമെങ്കിലും ഇവിടെ വന്നു കുറെ പെരുമാറിയതോടുകൂടി തന്റെ മുമ്പത്തെ വിചാരം കേവലം അബദ്ധമായിപ്പോയി എന്നും മലയാളഭൂമിയും ഏററവും വിലയുള്ള പണ്ഡിതരത്നങ്ങൾ ധാരാളം വിളയുന്ന ഒരു പ്രദേശമാണെന്നും ആ ബുദ്ധിമാനായ ശാസ്ത്രികൾക്കു നല്ലവണ്ണം അനുഭവം വന്നതിനാൽ കാലക്രമേണ അദ്ദേഹത്തിനു മലയാളത്തെക്കുറിച്ച് വളരെ പ്രതിപത്തി വർദ്ധിക്കുകയും പിന്നെ തന്റെ ആയുഷ്കാലത്തിൽ മിക്കഭാഗവും മലയാളത്തിൽതന്നെ കഴിച്ചുകൂട്ടുകയും ചെയ്തു എന്നൂഹിപ്പാൻ അദ്ദേഹത്തിന്റെ 'കോകിലസന്ദേശം' തന്നെ ധാരാളം മതിയായ ഒരു തെളിവാകുന്നു.

പൂനത്തുനമ്പൂരിക്ക് പാണ്ഡിത്യവും ആഭിജാത്യവും മററുള്ളവരേക്കാൾ അല്പം കുറവായിരുന്നതിനാൽ അദ്ദേഹത്തെ ആ സദസ്സിൽ 'അരക്കവി'യായിട്ടു ഗണിച്ചിട്ടുള്ളു. എന്നാൽ ആ അരക്കവിയുടെ കൃതിയാണ് പ്രസിദ്ധപ്പെട്ട കൃഷ്ണഗാഥ (കൃഷ്ണപ്പാട്ട്). ഈ ഗ്രന്ഥത്തെ ഒരിക്കലെങ്കിലും വായിച്ചിട്ടുള്ള യാതൊരു സഹൃദയനും അദ്ദേഹത്തെ അരക്കവി എന്നു പറഞ്ഞുകേട്ടാൽ സഹിക്കയില്ലെന്നു മാത്രമല്ല, 'ഒന്നരക്കവി'യെന്നു പറയേണ്ടതാണെന്നു വാദിക്കയുംകൂടിച്ചെയ്തേയ്ക്കും. പക്ഷേ അദ്ദേഹത്തിന്റെ കൂട്ടുകാരായിരുന്ന മററുള്ളവരെല്ലാം സംസ്കൃതകവികളും അദ്ദേഹം മാത്രമൊരു ഭാഷാകവിയുമാണെന്നും, അക്കാലത്ത് എന്നല്ല ഇന്നും സംസ്കൃതവും ഭാ

ഷയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒന്നുകൂടെയാവാൻ പോലും ഭാഷയ്ക്കു യോഗ്യതയില്ലെന്നും ഉള്ള തത്വം വിചാരിച്ചാൽ അർദ്ധാംശത്തിന് അവർ അരക്കവിയെന്നു പേർ കൊടുത്തതിന് ഒന്നരക്കവിയെന്ന പേരിനേക്കാൾ അധികം വിലയുണ്ടെന്നാണ് വിചാരിക്കേണ്ടത്. അക്കാലത്തു മലയാളികളായ പണ്ഡിതന്മാർക്കുതന്നെ ഭാഷാകവിതയിൽ ഇങ്ങിനെ വിപ്രതിപത്തിയുണ്ടായിരുന്നതോർക്കുമ്പോൾ കേവലം ഒരു പരദേശിയായ ഉദ്ദണ്ഡശാസ്ത്രികൾക്കു ഭാഷാകവികളെപ്പററി അനാദരം തോന്നിയിരിക്ക അത്ഭുതം ഉണ്ടോ? ഒരിക്കൽ സാമൂതിരിപ്പാട്ടിലെ മുമ്പിൽവെച്ച് ഒരു ഭാഷാകവിതാപ്രസംഗത്തിൽ ഭാഷാകവികളെക്കുറിച്ചു പരിഹാസമായി ശാസ്ത്രികൾ

'ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതിഭുവനതലേ
പ്രായേണാവൃതമഹിമാ
സൂക്ഷ്മാലോകേനാദൃശ്യഗോപ്രസരഃ'

എന്ന് ഒരു ശ്ലോകം ചൊല്ലിക്കൊണ്ടിരിക്കുമ്പോഴു നമ്മുടെ പുനത്തിൽ നമ്പൂരി രാജസഭയിലേക്ക കടന്നാറായി അവിടെ കയറിച്ചെന്ന്

'താരിത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ!
നേരത്താതാതനിസ്സംതൊട്ടുകറികളുമായുണ്ണുന്നമേഷാകളിങ്ങും-
ഭോരത്തിന്നിപ്പുറംവിക്രമനൃവര! ധരാഹന്ത! കല്ല്യാണതന്തോ?'

എന്ന ശ്ലോകം ചൊല്ലുകയും അതുകേട്ടപ്പോൾ ശാസ്ത്രികളുടെ അഭിപ്രായം തിരെ മറിഞ്ഞ് "അനന്തഹന്തജ്ജിതപ്പെട്ടു" എന്നു പറഞ്ഞു തൻെറ ഉത്തരീയപ്പെട്ട് നമ്പൂരിക്കു സമ്മാനം കൊടുത്തതിനു പുറമേ

'അധികാകരളമഗ്ര്യഗിരഃകവയഃ
കവയന്തുവയന്തുനതാൻവിനമഃ
പുളകോൽഗമകാരിവചഃപ്രസരം
പുനമേവപുനഃപുനരസ്തുമഹേ'

എന്ന ശ്ലോകത്തെ സട്ടിപിടികററായും കൊടുത്തു എന്നുള്ള കഥ മലയാളത്തിൽ മുഴുവനും പ്രസിദ്ധമാണല്ലോ. ഈ മഹാസഹൃദയ

നായ ഉദ്ദണ്ഡശാസ്ത്രികൾക്കും മററുള്ള സദസ്യന്മാൎക്കും സാമൂതിരിപ്പാട്ടിലെയ്ക്കും കൃഷ്ണഗാഥ വായിച്ചുകേട്ടപ്പോൾ ഉണ്ടായ രസം അപരിമിതമായിരിക്കും നിശ്ചയം തന്നെ. എന്നിട്ടും ആ പതിനെട്ടു കവികളിൽ ചിലൎക്കെങ്കിലും നമ്മുടെ അരക്കവിയെ പിന്തുടൎന്നു മലയാളഭാഷയെ ഒന്നനുഗ്രഹിപ്പാൻ തോന്നാഞ്ഞതു കേവലം ഭാഷയുടെ കാലദോഷമെന്നല്ലാതെ മററൊന്നും പറവാൻ കാണുന്നില്ല.

കാകൻ

1
പ്രശംസാപത്രം



ഒരു രാജ്യത്തും ഒരാളും ഒരിക്കലും കാണാത്ത അരയന്നത്തെപ്പററി ഒരു വാക്കെങ്കിലും ഇല്ലാത്ത കവിത മലയാളഭാഷയിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇന്ത്യയിൽ വല്ല ഭാഷയിലും ഉണ്ടോ എന്നു എനിക്കു സംശയമുണ്ട്. പക്ഷെ ആ കാൎയ്യം ഖണ്ഡിച്ചുപറവാൻ എനിക്കു നിവൃത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. സംസ്കൃതകവികൾക്കു അരയന്നം വലിയ കാൎയ്യമാണെന്നു പറയേണ്ടതില്ലല്ലൊ. ഇങ്ങിനെ നാമമാത്രമായി ജീവിക്കുന്നതൊ, അഥവാ ജീവിക്കുന്നുണ്ടെങ്കിൽതന്നെ ബ്രഹ്മാവിനേയും വഹിച്ചുകൊണ്ടു മനുഷ്യനു കാണ്മാൻ സാധിക്കാത്ത വല്ലദിക്കിലും ജീവിക്കുന്ന, ഹംസങ്ങളെപ്പററി ഇത്രയൊക്കെ ഘോഷിക്കുകയും, അവയെ സംബന്ധിച്ചു കാൎയ്യങ്ങൾ ഉപമേയങ്ങളാക്കി വൎണ്ണിക്കുകയും ചെയ്യുമ്പൊഴും സൎവ്വസാധാരണയായി സൎവ്വദിക്കിലും കാണുന്ന കാകനെപ്പററി അധികം പറയാതിരിക്കയും ചെയ്യുന്നതു നമ്മുടെ കവികുഞ്ജരന്മാൎക്കു സ്വാഭാവികമായ വിവരങ്ങളെക്കൊണ്ടും ഉദാഹരണങ്ങളെക്കൊണ്ടും കാവ്യത്തിനു തന്മയ

രൂപവും ജീവനും നല്കാൻ അറിഞ്ഞുകൂടെന്നു ദൃഷ്ടാന്തീകരിക്കുന്നതല്ലാതെ, അതു നമ്മുടെ വായസശ്രേഷ്ഠന് ഒരു വിധത്തിലും അവമാനകരമായി തീരുന്നതല്ല. കാക്കയെപ്പററി കവികളാരും ഒന്നും പറഞ്ഞിട്ടില്ലെന്നില്ല.

കാകഃ കൃഷ്ണഃ പികഃ കൃഷ്ണഃ
കോ ഭേദഃ പികകാകയോഃ
വസന്തകാലേ സംപ്രാപ്തേ
കാകഃ കാകഃ പികഃ പികഃ.

എന്നുള്ളത് കാകനെ അവമാനിക്കാൻവേണ്ടി ഉണ്ടാക്കിയതാണെന്നു പറയുന്നതിൽ ന്യായമില്ല. ഈ ശ്ലോകാർത്ഥം ശരിയായി ധരിച്ചവർ കാകനെയോ, കുയിലിനെയോ, ആരെയാണ് കവി ചിത്രയാക്കി പറഞ്ഞതെന്നു പറവാൻ ശക്തരാകുമോ? ഒരിക്കലുമില്ല. പക്ഷെ,

'മോകന്ദമേഗ്രൈ ചെന്നുവസിച്ചാൽ
കാകൻ, നിയതം കോകിലമാകും.
കാണികൾ നിന്നെക്കുയിൽക്കുയിലെന്നേ
നാണയമങ്ങാതതിലെള്ളും.'

എന്നു പറഞ്ഞ കവി, കാക്കയെ നിശ്ചയമായും പരിഹസിച്ചതാണ്. ഇങ്ങിനെ പറവാൻ ആ കവി ധൈര്യപ്പെട്ടതു, കാകശിക്ഷാനിയമത്തിൽനിന്നു ഒഴിവാക്കപ്പെട്ടതാണെന്നു നല്ലവണ്ണം മനസ്സിലാക്കീട്ടു തന്നെയാണ്. കാക എന്തുതന്നെ കട്ടാലും, പിടിച്ചു പറിച്ചാലും ആരും അന്യായപ്പെടാത്തതും, ആരും ഭയം കൂടാതെ കാക്കയെ ശകാരിക്കുന്നതും, പരസ്യമായി അതിനെ കൊല ചെയ്യാനും അതിന്റെ ശവം പോലീസ്സുകാർ കാണുകെ കെട്ടിത്തൂക്കുന്നതും മടിക്കാത്തതും ഇതുകൊണ്ടു തന്നെയാണ്. എന്തായാലും, മററു കവികളും വിദ്വാന്മാരും തത്വജ്ഞാനികളും എന്തുതന്നെ പറഞ്ഞാലും മനു കാക്കയെപ്പററി ഗുണമായിട്ടേ പറഞ്ഞിട്ടുള്ളു. ഒരു ഗൃഹസ്ഥൻ കാക്കപ്പെണ്ണിനെപ്പോലെ ഇരിക്കണം എന്നുള്ളത് മനുസംഹിതയിൽ ഉള്ളതാണത്രെ. ഇതു നമ്മുടെ വായസവീരന്മാർക്ക് അനശ്വരമായ ഒരു കീർത്തിയാണ്. സംശയമില്ല.

സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷീഷു
പ്രാകല്ഭ്യമെപ്പറവതന്തിഹ മാനുഷീഷു?
ആകാശദേശഗമനത്തിനു മുമ്പപത്യം
കാകകുലയെ, പികവധൂക്കൾ വളർത്തിടുന്നു'

എന്നിങ്ങനെ കാളിദാസൻ പികത്തിന്റെ പടുത്വത്തെ കുറിച്ചു പറഞ്ഞതിൽ, കാകയുടെ വിഡ്ഢിത്വം ധ്വനിപ്പിച്ചിട്ടുണ്ട്. എന്നാൽ കാളിദാസൻ ഇക്കാര്യത്തിൽ രണ്ടു വലിയ തെററുചെയ്തിട്ടുണ്ട്. അതു മനഃപൂർവ്വം ചെയ്തതാണെന്നതിനു തെളിവും ഉണ്ട്. ഈ ഉപമ കാളിദാസൻ ദുഷ്യന്തനെക്കൊണ്ടാണ് പറയിച്ചത്. ഭാരതത്തിൽ ശകുന്തളയാണ് പറയുന്നത്: സ്ത്രീകളുടെ ദുസ്സാമർത്ഥ്യത്തെയാണ് കാളിദാസൻ ഇതുകൊണ്ട് ഉദാഹരിക്കുന്നത്. മററുള്ളവരുടെ കുട്ടികളോടുകൂടി വാത്സല്യം കാണിക്കത്തക്കവണ്ണം കാക്കയുടെ കാരുണ്യബുദ്ധിയെയാണ് ഭാരതത്തിൽ പ്രതിപാദിക്കുന്നത്. മൂലഗ്രന്ഥത്തിൽ ഉള്ളതിനെ ഭേദപ്പെടുത്തി, അതുതന്നെ വായസിയമ്മയെ പ്രത്യക്ഷത്തിൽ അവമാനിക്കണം എന്നുള്ള അസൂയാബുദ്ധിയോടുകൂടി ഭേദപ്പെടുത്തി പറഞ്ഞതു കവിശ്രേഷ്ഠനായ കാളിദാസനു അശേഷം പററിയതല്ല. കാളിദാസൻ മാത്രമല്ല ഇക്കാര്യത്തിൽ തെററുകാരൻ. ഇംഗ്ലീഷ് കവികളും കാക്കയെ അധിക്ഷേപിച്ചു പ്രസ്താവിച്ചിട്ടുണ്ട്. പാശ്ചാത്യകവികൾ കാക്കയെ കള്ളനെന്നും, ചതിയനെന്നും, വൃത്തിഹീനനെന്നും, മററും പല വിധത്തിലും അപഹസിച്ചിട്ടുണ്ട്. 'ഇതൊക്കെ നിന്നെപ്പററി പറഞ്ഞതല്ലേ?' എന്നു നമ്മുടെ കാക്കയോടു ചോദിച്ചാൽ തന്റെ തല ഒരു ഭാഗത്തേക്കു ചരിച്ചു കണ്ണൊന്നു ചിമ്മി, 'അതൊന്നും എന്നെപ്പററിയല്ല എന്റെ ആംഗ്ലേയസഹോദരിമാരെ കുറിച്ചാണ്' എന്നു പറയും. 'പിശാചുക്കളെ അന്യോന്യം ചേർക്കുന്ന ഒരു കണ്ണിയാണ് കാക്ക'യെന്നു റോബിൻസൻ എന്ന വിദ്വാൻ പറയുന്നു. മനുഷ്യർക്കും പ്രേതങ്ങൾക്കും ഒരു മദ്ധ്യസ്ഥനായിട്ടാണ് കാക്കയുടെ സ്ഥിതിയെന്നു ഹിന്ദുക്കളും വിശ്വസിക്കുന്നുണ്ടല്ലോ. 'ഈഗ' എന്ന പേരിൽ പ്രകൃതിശാസ്ത്രതത്വങ്ങളെ അതിരസകരമാംവണ്ണം പ്രതിപാദിക്കുന്ന വിദ്വാൻ കാക്കയെപ്പററി എന്താണ് പറയുന്നതെന്നു കേൾക്കണ

താണ്:— 'ഇന്ത്യയിലെ കാക്കകളിൽ ഒരു വിധത്തിലും സന്തോഷജനകമായ ഒരു അവസ്ഥ ഞാൻ കണ്ടിട്ടില്ല. പുറമെയുള്ള നാട്യം നേരെ മറിച്ചാണുതാനും. വലിയ മന്യനാണ്, ലോകപ്പൂശ്ശുക്കളുടെ അഭിപ്രായം പുല്ലുവിലയാക്കീട്ടാണ്, എന്നൊക്കെ നടിച്ച്, വലിയ കലീനൻെറ വസ്ത്രം ധരിച്ച് ഡാംഭികമുള്ള ആ നടത്തവും സർവ്വസാധനങ്ങളേയും ഒററക്കണ്ണുകൊണ്ടു അഗണ്യമായി പരിശോധിക്കുന്ന ആ ശീലവും കാണുമ്പോൾ ആൎക്കും തെറിയ ദ്വേഷ്യംപിടിക്കും. മനുഷ്യർ സാധാരണയായി അധികമായി ഉപയോഗിക്കുന്ന അവയവത്തിനു വേഗത്തിൽ പുഷ്ടിയും ബലവും ഉണ്ടാകുമെന്നുള്ള തത്വം നേരാണെങ്കിൽ കാക്കയുടെ ഒററക്കണ്ണിനു അമേസിയാകുന്ന കണ്ണട വെയ്ക്കേണ്ടിവരും.' ഒരു കാക്കയെ കൊല്ലുന്നതിനു ഇടഹക്ക് അല്പമെങ്കിലും മടിയോ ശങ്കയോ ഉണ്ടാകാറില്ലത്രെ. 'അവററയുടെ കള്ളത്തരമോ, അവററയുടെ മര്യാദകേടോ, അവററയുടെ കണ്ണുകഠോരമായ കരച്ചിലോ, ഇവയൊന്നുമല്ല. അതൊക്കെ എനിക്കു സഹിക്കാം. കാക്കകൾ നിസ്സഹായികളായ ജീവികളെ നിഷ്ക്കാരുണ്യം കൊന്നു ഭക്ഷിക്കുന്നതാണ് എനിക്കു സഹിച്ചുകൂടാത്തത്. ചെറിയ പക്ഷികളെ കാക്ക വളരെ ശ്രദ്ധിച്ചുനോക്കും. എവിടെയാണ് അതിൻെറ കൂടെന്നു മനസ്സിലാക്കും. കുട്ടി വിരിഞ്ഞു പറക്കാറാകുന്ന കാലം എണ്ണിക്കൊണ്ടിരിക്കും. തരംനോക്കി ആ കുഞ്ഞുങ്ങളെ ഓരോന്നോരോന്നായി കൊത്തിക്കൊണ്ടുപോയി വല്ല മരത്തിൻെറ കൊമ്പിന്മേലും വെച്ചു കാലുകൾകൊണ്ടു ചവിട്ടിപ്പിടിച്ചു കൊത്തിപ്പറിച്ചു ഭക്ഷിക്കും. തള്ളപ്പക്ഷികളുടെ പരിഭ്രമവും സങ്കടവും നിലവിളിയും അശേഷം ഗണ്യമാക്കുകയില്ല. അതിനാണ് ഞാൻ കാക്കയെ ദയയില്ലാതെ വെടിവെച്ചു കൊല്ലുന്നത്'

ലോക്ക്‌വുഡ് കിപ്ലിങ്ങ് എന്ന ആംഗ്ലേയ പണ്ഡിതൻ കാക്കയെപ്പററി, ധൃഷ്ടനായ തെട്ടിയെന്നും, കള്ളനെന്നും, ചതിയനെന്നും, സാധനങ്ങൾ ഒളിച്ചുവെക്കുന്നതിൽ ചതുരനെന്നും പറഞ്ഞിരിക്കുന്നു.

കാക്കയുടെ പേർതന്നെ കള്ളനെന്നോ മറേറാ മററാണെന്നാണ് ജെർഡൻെറ അഭിപ്രായം.

ഇങ്ങിനെ വേറെയും വളരെ ആംഗ്ലേയപണ്ഡിതന്മാർ കാക്കയെപ്പററി നിന്ദിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ മിസ്റ്റർ ഫിൻ എന്നൊരാൾ മാത്രം ദോഷൈകദൃക്കിന്റെ നിലയിലല്ല കാക്കയെ വിവരിക്കുന്നത്. കാക്കക്ക് അനേകം ഗുണങ്ങളുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ദുസ്ഥിതന്മാരെ സങ്കടത്തിൽനിന്നു രക്ഷിക്കാൻ കാക്ക എപ്പോഴും ശ്രമിക്കുന്നതാണ്. ഒരു കാക്കയെ മനുഷ്യൻ പിടിക്കുകയോ, അതിന്റെ ശവം കയ്യിൽ വെക്കുകയോ ചെയ്താൽ, ആ പ്രദേശത്തുള്ള കാക്കകളെല്ലാംകൂട്ടി കൂട്ടമിട്ടു കരയുന്നതു കണ്ടാൽ, മനുഷ്യനല്ല ശക്തി കൂടാത്ത വല്ല ശത്രുവുമായിരുന്നെങ്കിൽ നിശ്ചയമായും എല്ലാംകൂടി അവനെ എതിർക്കുന്നതായിരുന്നുവെന്നു ഊഹിക്കാം. കാക്ക വളരെ ദയയുള്ള ജന്തുവാണ്. തന്റെ ഭാര്യക്കു തിന്മാൻ ധാരാളം സമ്പാദിച്ചുകൊടുക്കും. തീൻപണ്ടങ്ങളെ തന്റെ പക്കൽനിന്നു പിടിച്ചുപറിച്ചുകൊണ്ടുപോകാൻ അനുവദിക്കുകയും അങ്ങിനെ പിടിച്ചുപറിച്ചുകൊണ്ടുപോയി തിന്നുന്നതു കണ്ടു സന്തോഷിക്കുകയും ചെയ്യും. 'കാക്കയുടെ തമ്പിള്ള പൊന്പിള്ള'യാണെന്ന് അതിന്റെ ശത്രുക്കൾപോലും സമ്മതിക്കുന്ന കാര്യമാണ്. തന്റെ കുഞ്ഞുങ്ങളോട് അത്ര വാത്സല്യമുണ്ട്. കുഞ്ഞുങ്ങളെ രക്ഷിക്കാൻ മനുഷ്യരോടുകൂടി പോരാടാൻ കാക്ക മടിക്കാറില്ല.' മിസ്റ്റർ ഫിൻ അതിയോഗ്യനാണ്. ഞാൻ അദ്ദേഹത്തോടു പൂർണ്ണമായി യോജിക്കുന്നു. ഞാൻ മാത്രമല്ല, കാക്കയെപ്പററിയുള്ള ഈ പ്രബന്ധങ്ങൾക്കു ഞാൻ അധികമായി കടപ്പെട്ടിട്ടുള്ള ഡഗ്ലസ്സ ഡീവാർ (Douglas Dewar B. A. F. Z. S.) എന്ന പ്രസിദ്ധനായ പ്രകൃതിശാസ്ത്രജ്ഞനും അദ്ദേഹത്തോടു യോജിക്കുന്നുണ്ട്. ഇദ്ദേഹം കാക്കയുടെ ഗുണങ്ങളെ അധികമായി വർണ്ണിക്കാൻ, അഥവാ അദ്ദേഹത്തിന്റെ സ്വന്തഭാഷയിൽ പറയുന്നതായാൽ 'കാക്കയെ കഴിയുന്നത്ര ധവളീകരിക്കാൻ' ഒരു വർത്തമാനപത്രത്തിന്റെ വിശേഷമായ ഒരു കോളം മുഴുവൻ ചെലവഴിച്ചിട്ടുണ്ടത്രെ. എന്നുമാത്രമല്ല ഒരു പുസ്തകംതന്നെ കാക്കയുടെ തൃപ്പാദങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്. അതുനിമിത്തം അദ്ദേഹത്തിനു വല്ല ശകാരവും കിട്ടിട്ടുണ്ട്.

എന്തായാലും കാക്കയുടെ സമ്പ്രദായങ്ങളും പ്രവൃത്തികളും സൂക്ഷിച്ചുനോക്കാൻ വളരെ രസമുണ്ട്. ഇത്ര രസം മററു യാതൊരു പക്ഷികളെ സൂക്ഷിക്കുന്നതിലും ഉണ്ടാകുന്നതല്ല. 'ഒരു മണിക്കൂർ നേരം ഒരു കാക്കയുടെ പ്രവൃത്തി നോക്കിക്കൊണ്ടിരിക്കെ തനിയെ പുഞ്ചിരി തൂകാത്ത വല്ല ആളും ഉണ്ടെങ്കിൽ അദ്ദേഹം ഉടനെ ഡോക്ടരോടു സർട്ടിഫിക്കേററു വാങ്ങി ആവമാനസത്തെ കല്പനക്കു അപേക്ഷിക്കണം' എന്നാണ് മിസ്റ്റർ ഡീവാറിന്റെ അഭിപ്രായം. അതു നേരാണുതാനും. കാക്ക വലിയ വികൃതിയാണെങ്കിലും കണ്ടുരസിക്കത്തക്ക വികൃതിയാണതിന്റേത്.

വികൃതികളെപ്പററി വായിക്കാൻ ഇഷ്ടമില്ലാത്തവർ എന്റെ ഈ ഉപന്യാസങ്ങൾ വായിക്കാതിരിക്കണം. അങ്ങിനെയുള്ളവർക്ക് തിരുവിതാംകൂർ ബുക്കുകമ്മററിവക പാഠപുസ്തകങ്ങൾ ഞാൻ ശിപാർശി ചെയ്യുന്നു.

മൂർക്കോത്തു കുമാരൻ.

ദേവീസ്തവം
(൧)

1. വിഷമിപ്പിപ്പോരീ മോഹവിഷയഭ്രമമോചനം
വിഷമമാണതൊഴിക്കേണം വിഷമാക്ഷന്റെ വല്ലഭേ!

2. ആരണിത്തറാപുരൻ വേട്ട കാരണികളിലാദിമന്നേ!
തീരണം ദുരിതം നന്മ ചേരണം നീ തുണയ്ക്കണം.

3. ഭുവനം മുഴുവൻ നന്നായവനം ചെയ്തിട്ടും ശിവേ
ഭവനം കൈതൊഴും തൃക്കണ്ണിവനും തുണയാംബികേ!

4. ദേവമാനവഗന്ധർവ്വദേവർഷിമനുപൂജിതേ!
ദേവി! നിൻ തൃപ്പദം ഭക്തദേവനാമിവനാശ്രയം.

5\. തങ്കടാക്ഷജിതാശേഷസങ്കടേ! ശങ്കരപ്രിയേ!
വങ്കടൽക്കൊത്തസംസാരസങ്കടം തീർക്കണം മമ.

6\. അക്ഷിയിൽക്കാമനെച്ചുട്ടാ ത്ര്യക്ഷനെത്വൽശരത്തിനാൽ
ശിക്ഷിച്ച നിൻ മിഴിക്കോണിൻ ശക്തിതല്ലജം തൊഴാം.

7\. സ്മരനെച്ചുട്ടൊരാസ്വാമി ഹരനെപ്പാട്ടിൽ വച്ച നീ-
തരണേ കൃപ സംസാര തരണേ തുണയാകണേ.

8\. അനന്തേ ഭവ സംസാര വിരതേ! ഭവ സങ്കടം
കളതേ പൂർണ്ണ കാരുണ്യം ചെയ്കെന്നിലഗജാത്മജേ!

9\. ജാതകർമ്മം മുതല്ലുന്നിൽ ജാതകർമ്മങ്ങളൊക്കെയും
പാതകങ്ങളെഴുംലോകർക്കുള്ളുൽപ്പാതകമാണോർമ്മയാകണം.

10\. പിരിയാത്തുള്ള സംസാരപ്പെരിയാററിൽക്കിടന്നു ഞാൻ
തിരിയുന്നോൻ ശിവേ! തൃക്കൺതരിയാക്കിത്തരേണമേ.

11\. മായേ കസ്തൂരികാസംഗശോഭേ! കലർത്തു നിത്യവും
ത്രേയ കാമ്പലാനന്ദേ ശങ്കരേ! കാത്തുകൊള്ളണം.


12\. ഇളയേലാത്ത തൃക്കണ്ണിൻ നിലയെത്തന്നെ നിത്യവും
കലയേ കരു കാരുണ്യം മലയേറമലയും കുചേ!

നടുവത്തു മഹൻനമ്പൂരി.

കിളച്ചിന്ന്യബാല്യമാർഗ്ഗങ്ങളിലുമിവനാരെയെന്നമേനൽകിയി-
ട്ടില്ലെന്നുള്ളതുകൊണ്ടെനിക്കുള്ളതകടക്കാരത്തിയായ്ത്തിന്റെവി
വല്ലെന്നാലുമകംകനിഞ്ഞതാരവരംതന്നിക്കടപ്പാട്ടതി-
ക്കില്ലെന്നാകിലപച്ചന്നയെന്നതവൾപരിശാനിമോശപ്പെട്ടും.

വള്ളത്തോൾ കെ. നാരായണമേനോൻ

കുടുമ*



കുടുമ എന്ന പദം വിസ്താരം കുറഞ്ഞതു് എന്നൎത്ഥമുള്ള 'കുടു' എന്ന ഒരു ദ്രാവിഡധാതുവിൽനിന്നു് ഉത്ഭവിച്ചിട്ടുള്ളതാകുന്നു. പക്ഷികളുടെ ശിഖ മുതലായി ഇതിന്നു നിഘണ്ടുവിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ള മററു അൎത്ഥങ്ങളും പിന്നീടു കിട്ടീട്ടുള്ളവയാണെന്നും ഉപചാരസംബന്ധിതമാകാമെന്നു വിശ്വസിക്കപ്പെടുന്നു.

എല്ലാ രാജ്യത്തിലും കാലഗതിപ്രകാരം തലമുടി മനുഷ്യൻെറ കായികമായ ധനത്തിൻെറ ഒരു മുഖ്യാംശമെന്ന നിലയിലാണു് വിചാരിക്കപ്പെടുന്നതു്. ഇംഗ്ലണ്ടിൽ സാക്സന്മാരുടെ കാലത്തിൽ പുരുഷന്മാർ തലമുടി നീട്ടി വന്നിരുന്നു. നാൎമന്മാർ രാജ്യം ജയിച്ചപ്പോൾ അവരെ അനുകരിച്ചു വെട്ടിത്തുടങ്ങി. കുറെ നാൾ കഴിഞ്ഞപ്പോൾ പുതുക്കുന്നതാണ് ഭംഗി എന്നായിത്തീൎന്നു. രാജാവും പ്രജകളും തമ്മിൽ 17-ാം നൂററാണ്ടിലുണ്ടായ യുദ്ധകാലത്തു് രാജപക്ഷത്തെ ആശ്രയിച്ചവർ തലമുടി നീട്ടി വളൎത്തുകയും പ്രജാപക്ഷാവലംബികൾ അതു വെട്ടിക്കളകയും ചെയ്തു. ഇക്കാലത്തെ സായ്പന്മാൎക്കു തലമുടി വെട്ടുന്നതിലാണു് ഭ്രമം. ഗ്രീസ്സ് രാജ്യത്തിൽ പുരാതനകാലങ്ങളിൽ തെൎമ്മാപ്പിളെ എന്ന സ്ഥലത്തിൽവെച്ചു നടന്ന പ്രസിദ്ധമായ യുദ്ധത്തിൽ ശത്രുക്കളായ സെൎക്സിസിൻെറ പെൎഷ്യൻ ഭടന്മാർ അടുത്തുവന്നപ്പോൾ ധൈൎയ്യശാലികളായ ഗ്രീക്ക് യോദ്ധാക്കൾ തങ്ങളുടെ നീണ്ട തലമുടി ചീകിക്കെട്ടിക്കൊണ്ടിരിക്കയായിരു

* 'കുടുമ' എന്നും 'കുടുമ്മ' എന്നും എഴുതിയും പറഞ്ഞും വരുന്നുണ്ടു്. ഇതു രണ്ടും സമശുദ്ധങ്ങളോ എന്നും അല്ലെങ്കിൽ ഏതാണു് അധികശുദ്ധമെന്നും തീൎച്ചയായിട്ടില്ല.

പ. ക. ഭ.

ന്നുവത്രേ. നാവ് രാജ്യത്തിൽ പണ്ടുണ്ടായിരുന്ന രാജാക്കന്മാർ ശത്രുക്കളോടു കീഴടങ്ങിയപ്പോൾ തങ്ങളുടെ തലമുടിക്കു ദോഷം ചെയ്യരുതെന്നാണ് മുമ്പിൽ പ്രാൎത്ഥിച്ചത്. ഓരോ രാജ്യത്തിലേയും ആദിമകാലം മുതൽക്കുള്ള കേശചരിത്രം എഴുതുകയാണെങ്കിൽ അതു ഒന്നുപോലെ ദീൎഘവും രസകരവുമായിരിക്കുമെന്നുള്ളത് ഈ ഉദാഹരണങ്ങളിൽനിന്നു സ്പഷ്ടമാണല്ലോ. നമുക്കു തല്ക്കാലം ഭാരതഖണ്ഡത്തിലെ കുടുമയുടെ കഥയെപ്പററി സ്വല്പം ചിന്തിക്കതന്നെ.

ഇൻഡ്യയിൽ ആദ്യമായി കുടിയേറിപ്പാൎത്ത ആൎയ്യന്മാർ കുടുമ എവിടെ ധരിച്ചിരുന്നു എന്നു നിശ്ചയിക്കുന്നതിനു തക്ക പ്രമാണങ്ങളില്ല. എന്നാൽ ഋഗ്വേദത്തിലെ ഒന്നാമത്തെ മണ്ഡലത്തിൽ ശിഖയെപ്പററി പറഞ്ഞു കാണുന്നുണ്ട്. 'ശി' എന്ന ധാതുവിനു 'കിടക്കുക' എന്നു അൎത്ഥമുള്ളതിനാൽ ആൎയ്യന്മാരുടെ കുടുമ നീണ്ടു കിടന്നിരുന്നു എന്നു നമുക്ക് ഇതിൽനിന്ന് ഏകദേശം അനുമാനിക്കാവുന്നതാണ്. അമരസിംഹൻ 'ചൂഡാ' എന്നും 'കേശപാശം' എന്നും രണ്ടു പദങ്ങളെക്കൂടി അമരകോശത്തിൽ പൎയ്യായമായി ഉപയോഗിക്കുന്നുണ്ട്. 'ചൂഡാ' എന്ന പദം പൊതിയുക അല്ലെങ്കിൽ ആവരണം ചെയ്ക എന്നൎത്ഥമുള്ള ഒരു ധാതുവിൽനിന്നുത്ഭവിക്കുന്നു. കേശപാശം എന്നതിനു കേശങ്ങളുടെ കൂട്ടം എന്നേ അൎത്ഥമുള്ളു. തലയിൽ ഒരു ഭാഗത്തുമാത്രം മുടിവളൎത്തുകയും ശേഷം ക്ഷൌരം കഴിക്കുകയും ചെയ്യുന്നത് ആൎയ്യന്മാരുടെ ധൎമ്മമായിരുന്നു എന്നുള്ളത് എസ്കിലസ്സ് മുതലായ ഗ്രീക്കുനാടകനിൎമ്മാതാക്കന്മാരുടെയും ലിവി മുതലായ റോമൻചരിത്രകാരന്മാരുടെയും ഗ്രന്ഥങ്ങളിൽനിന്നു വ്യക്തമാകുന്നു.

ക്ഷൌരത്തെപ്പററി വേദങ്ങളിൽ അവിടവിടെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. എല്ലാ യാഗകൎമ്മങ്ങൾക്കും മുമ്പു ക്ഷൌരക്രിയ കഴിച്ചുകൂടാത്തതാണെന്നു കാണുന്നു. തൈത്തിരീയസംഹിതയിൽ രോമം (കുടുമ ഒഴിച്ചുള്ള) മൃതമാകയാൽ അശുദ്ധമാണെന്നും അതിനാൽ ആ അശുദ്ധിയെ ക്ഷൌരക്രിയകൊണ്ടു നീക്കി കൎമ്മാരംഭിക്കേണ്ടതാണെന്നും പറയുന്നു. രോമവും നഖങ്ങളും മൃതങ്ങളാണെന്നു പ്രാചീനഹിന്തുക്കളും ഇദാനീന്തനകാലങ്ങളിലെ ശരീരശാസ്ത്രജ്ഞന്മാരെപ്പോ

ലെതന്നെ വിശ്വസിച്ചിരുന്നു എന്നുള്ളതിന്നു സംശയമില്ല. അഥ സംഹിതയിൽതന്നെ മറെറാരു ഭാഗത്തിൽ ക്ഷൌരം ചെയ്യാൽ തലക്കു കനക്കുറവോടുകൂടി സ്വൎഗ്ഗത്തിൽ പോകാമെന്നു പറഞ്ഞുകാണുന്നു. തൈത്തരീയബ്രാഹ്മണത്തിൽ ദേവന്മാർ അഥവാ ആൎയ്യന്മാർ കാൽതൊട്ടു തലയോളവും അസുരന്മാർ അതായതു് അനാൎയ്യന്മാർ തലതൊട്ടു കാലോളവും ക്ഷൌരം ചെയ്യുന്നതായും അതിനാൽ മുൻപറഞ്ഞവർ മുകളിലേക്കും രണ്ടാമതു പറഞ്ഞവർ താഴത്തേക്കും പോകുന്നതായും വൎണ്ണിക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴും ചില വയോവൃദ്ധന്മാർ തല ആദ്യമായി ക്ഷൌരം ചെയ്യിക്കുന്നതു പാപമാണെന്നു പറയുന്നതു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്.

ധൎമ്മസൂത്രങ്ങളിലും ധൎമ്മശാസ്ത്രങ്ങളിലും ചൌളകൎമ്മത്തിന്നു ക്രമാധികമായ പ്രാധാന്യം നല്കപ്പെട്ടു കാണുന്നു. ധൎമ്മസൂത്രകാരന്മാരിൽ എല്ലാം പുരാതനനാണെന്നുതന്നെ പറയാവുന്ന ഗൌതമൻ കൂടി അതിനെ ഒരു സംസ്കാരത്തിന്റെ സ്ഥാനത്തിലാണു് ഗണിച്ചിട്ടുള്ളതു്. ആപസ്തംബൻ ബ്രാഹ്മണൎക്കു് അവരവരുടെ ഋഷികളുടെ മതമനുസരിച്ചു മൂന്നു വയസ്സിലോ മറേറാ ചൌളകൎമ്മം നടത്താവുന്നതാണെന്നു പറയുന്നു. വിഷ്ണുവും ഈ കൎമ്മവിധാനത്തിന്നു മൂന്നാമത്തെ വയസ്സ് ഉത്തമമെന്നു പറയുന്നു. ഒരു പണ്ഡിതൻ ഇതിനെ വ്യാഖ്യാനിക്കുമ്പോൾ ഗൎഭം മുതൽ കണക്കാക്കി മൂന്നു വയസ്സു കൊള്ളിക്കുന്നതിൽ വിരോധമില്ലെന്നഭിപ്രായപ്പെടുന്നു. സാംഖ്യായനൻ പ്രഥമവയസ്സും കൊള്ളാമെന്നു വദിക്കുന്നു. അഞ്ചാമത്തെ വയസ്സിൽ ഇവരാരും ഈ കൎമ്മത്തെ വിധിക്കുന്നില്ല. മനു ചൌളംകൊണ്ടുള്ള ഉപയോഗത്തെ വളരെ ശ്ലാഘിക്കുന്നു. ഗൎഭകാലത്തിൽ ചെയ്യപ്പെടുന്ന പുണ്യകൎമ്മങ്ങൾകൊണ്ടും ശിശു ജനനം കഴിമ്പോൾ നടത്തപ്പെടുന്ന കൎമ്മങ്ങൾകൊണ്ടും ചൌളോപനയനങ്ങൾകൊണ്ടും ജന്മപാപത്തെ ദൂരീകരിക്കാവുന്നതാണെന്നാണു് അദ്ദേഹത്തിന്റെ മതം. ആശ്വലായനനും ആപസ്തംബനും ചൌളകൎമ്മത്തെപ്പററി വളരെ വിസ്തരിക്കുന്നുണ്ട്. അവയെ ഇവിടെ എടുത്തു പറയുന്നതു വായനക്കാൎക്കു രുചിക്കുമോ എന്നു സംശയിക്കുന്നു. ഓരോ ഋഷിയുടേയും നിയമനം ഈ വിഷയത്തിൽ ഭിന്നമാകുന്നു

ന്നു എന്നു ധാരാളം പ്രത്യക്ഷമാകുന്നുണ്ട്. ചൌളംകൂടാതെ 'കേശാന്ത'മെന്നൊരു കൎമ്മത്തെപ്പററിയും സൂത്രകാരന്മാർ പ്രതിപാദിക്കുന്നു. കേശാന്തം വേദാദ്ധ്യയനാനന്തരം ചെയ്യപ്പെടേണ്ടതാണെന്നാണ് വ്യാസന്റെ മതം.

വിവാഹഘട്ടത്തിൽ 'ഭൂമികേ! ശിരസ്ത്രാഹ ഭൂഷയന്തി മുഖം മമ' ഇത്യാദിയായ ഒരു ശ്ലോകം ചൊല്ലിക്കാണുന്നുണ്ട്. ഇതു പൂമങ്കയോടുള്ള സംബോധനമാണ്. പൂവ് മുഖത്തെ ഭൂഷണം ചെയ്യേണമെങ്കിൽ കുടുമ്മ മുൻവശത്തുതന്നെ ആയിരിക്കേണമെന്നും അതിനാൽ പുരാതനാൎയ്യന്മാർ മുൻകുടുമ്മക്കാരായിരുന്നു എന്നും ചില പണ്ഡിതന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ഇതിൽ സ്വല്പം സത്യമില്ലെന്നും പറവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ബ്രാഹ്മണരിൽ ഇദംപ്രഥമമായി ദ്രാവിഡരാജ്യത്തിലേക്കു കടന്ന നമ്പൂരിമാർ, മുക്കാണിയന്മാർ, ചോഴിയന്മാർ മുതലായവർ ഇന്നും കുടുമ്മ മുമ്പിൽതന്നെ വെച്ചുകൊണ്ടിരിക്കുന്നു. കേരളോല്പത്തിയിലും മററും കേരളബ്രാഹ്മണർ ആദ്യം പുറകിൽ കുടുമ്മക്കാരായിരുന്നു എന്നും മുൻകുടുമ്മ പരശുരാമന്റെ പരിഷ്കാരമാണെന്നും കാണുന്നത് അത്ര ശൂന്യമായ ഒരു ഐതിഹ്യമാണെന്നു സ്ററുവട്ട് മുതലായ ഇദാനീന്തനപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു കേവലം ധിക്കരിക്കത്തക്കതാണെന്നു തോന്നുന്നില്ല. വിഷ്ണുപുരാണത്തിൽ കുടുമ്മയെപ്പററി രസകരമായ ഒരു കഥ പറഞ്ഞു കാണുന്നുണ്ട്.

സൂൎയ്യവംശത്തിലെ പരമപ്രസിദ്ധനായ സഗരചക്രവൎത്തിയെപ്പററി കേട്ടിട്ടില്ലാത്തവർ വളരെപ്പേർ ഉണ്ടായിരിക്കയില്ലല്ലൊ. അദ്ദേഹമാണ് വസിഷ്ഠന്റെ ഉപദേശപ്രകാരം ഓരോരോ രാജ്യക്കാൎക്ക് ഓരോവിധം കുടുമ്മ വല്ലിച്ചതെന്നു ആ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. യവനന്മാർ തല മുഴുവനും ക്ഷൌരം ചെയ്യുന്നതിനും ശകന്മാർ തലയുടെ മുൻഭാഗം മാത്രം ക്ഷൌരംചെയ്യുന്നതിനും പാരദന്മാർ തല ആകപ്പാടെ വളൎത്തി കുടുമ്മ നീട്ടുന്നതിനും പാലവന്മാർ താടി വളൎത്തുന്നതിനും അദ്ദേഹം ആജ്ഞാപിച്ചു എന്നും ആൎയ്യന്മാരെപ്പോലെ കുടുമ്മ വച്ചുകൊള്ളുവാൻ ഇവൎക്കു നിവൃത്തിയില്ലാതെ തീൎന്നതു ഈ നിബന്ധനയാലാണെന്നും വിഷ്ണുപുരാ

ണത്തിൽ പ്രകടമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്ന ഊഹിക്കേണ്ടത് ആൎയ്യന്മാർ കുടുമ മുൻവശം തന്നെ വച്ചിരുന്നു എന്നാണ്. വിഷ്ണുപുരാണകൎത്താവിൻെറ കാലത്തു മുൻപറഞ്ഞ ജാതിക്കാർ തലമുടി വളൎത്തി വന്നത് അതിൽ പ്രസ്താവിച്ചിട്ടുള്ളതു പോലെയാണെന്നുള്ളതു നിസ്സംശയമാകുന്നു. ദക്ഷിണദിക്കിലേക്കു ആദ്യമായി കടന്ന നമ്പൂരിമാരും മററും ഈ വിഷയത്തിൽ പ്രാചീനാൎയ്യസമ്പ്രദായത്തെത്തന്നെ അനുകരിക്കയും ഉത്തരഇൻഡ്യയിലെ ബ്രാഹ്മണർ ബുദ്ധഗൌതമൻെറ മതത്തിനു പ്രാബല്യം വന്നപ്പോൾ കുടുമ പുറകിലേക്കു മാററുകയും ചെയ്തു എന്ന് അനുമാനിക്കുവാൻ ധാരാളം ലക്ഷ്യങ്ങൾ ഉണ്ട്. ബുദ്ധൻെറ പിതാവായ ശുദ്ധോദനൻ ഒരു ശകകുലപ്രമാണിയായിരുന്നു എന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലൊ. ഇപ്പോഴും ശകസംബന്ധികളായ ചൈനാക്കാരും മററും പുറകിൽ കുടുമ ഒരു ചെറിയ വാലുപോലെയാണല്ലൊ വച്ചുകൊണ്ടിരിക്കുന്നത്. കൽഡ്വെൽസായ്പ് ഒരു അവസരത്തിൽ ഹിന്തുക്കളും ശകന്മാരും ആദിമകാലങ്ങളിൽ ഒന്നുപോലെ കുടുമ വച്ചുകൊണ്ടിരിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായി തോന്നുന്നുണ്ട്. ഇതിൻെറ സാധുതയെപ്പററി ഇനിക്കു സംശയമുണ്ട്.

മനുവിൻെറ ചൂഡയെപ്പററിയുള്ള നിയമങ്ങൾ ആബ്രാഹ്മണവൈശ്യപൎയ്യന്തമേ സംബന്ധിച്ചിരുന്നുള്ളു. ശൂദ്രർ അനേകശതവൎഷങ്ങൾ കുടുമകൂടാതെ തന്നെയാണ് കഴിച്ചുകൂട്ടിയത്. പോൎത്തുഗീസ്സുകാർ മലയാളത്തിൽ വന്നപ്പോൾ ഇവിടത്തെ ശൂദ്രർ തലമുടി ധാരാളമായി വളൎത്തുകയും അവയെ മുൻവശത്തു കെട്ടിവെക്കുകയും ചെയ്തുവന്നതായി കാണുന്നു. ഇതുപോലെ തന്നെ വളരെ നാളത്തേക്കു മറവന്മാരും വെള്ളാളന്മാരും കുടുമ വളൎത്തിവന്നു. ഈ രണ്ടു ജാതിക്കാരുടെയും ഇടയിൽ പ്രാചീനാചാരചരിത്രത്തെ നിലനിൎത്തുന്നതിന്നോ എന്നു തോന്നുമാറ് ഇന്നും കോണ്ടകെട്ടി എന്നൊരു വകക്കാരും കാണപ്പെടുന്നു. ഡാക്ടർ കാപ്പെട്ട് എന്ന പൌരസ്ത്യഭാഷാപണ്ഡിതൻ പത്തുമൂന്നൂറു വൎഷങ്ങൾക്കു മുമ്പ് അനാൎയ്യന്മാൎക്കു ക്ഷൌരമില്ലായിരുന്നു എന്നും അവർ തല മുഴുക്കപ്പാടെ വളൎത്തി മുൻവശത്തു ഒരു കെട്ടുമാത്രം കെട്ടിക്കൊണ്ടിരുന്നു എന്നും ആ

ഭിപ്രായപ്പെടുന്നു. ഇന്നും തമിഴരാണു സംസാരിക്കുന്ന സ്ഥലങ്ങളിൽ ശൂദ്രവൎഗ്ഗത്തിൽ ഉൾപ്പെട്ട പലജാതിക്കാൎക്കും കുടുമ വച്ചുകൊള്ളുന്നതിൽ നിൎബ്ബന്ധമുള്ളതായി കാണുന്നില്ലെന്നു കാൾഡ്വെൽസായ്പ് പ്രസ്താവിക്കുന്നു. ദ്രാവിഡയോദ്ധാക്കൾ ക്ഷൌരംചെയ്തിരുന്നില്ലെന്നും ദക്ഷിണഇന്ത്യയിലെ ശിലാപ്രതിമകളിൽനിന്ന് അനുമാനിക്കാവുന്നതാകുന്നു. മലയാളത്തിലെ ക്രിസ്ത്യാനികളുടെ സമ്പ്രദായം ഇതുതന്നെയായിരുന്നു. തലമുടി കളയുന്നതു സ്വാഭിമാനത്തിനും ധീരതക്കും ഹാനികരമെന്നായിരുന്നു അക്കാലങ്ങളിലെ വിചാരം. ക്രിസ്ത്യാനികളുടെ ചരിത്രകൎത്താക്കന്മാരിൽ മുഖ്യനായ ഫാഷ് സായ്പ് പറയുന്നതാവിത്:—‘16-ാം ശതവൎഷത്തിലും മററു ക്രിസ്ത്യാനികൾ സ്ത്രീകളെപ്പോലെതന്നെ തല വളൎത്തിവന്നു. വയോവൃദ്ധന്മാരും, പുണ്യസ്ഥലങ്ങളിലേക്കു പോകുന്നവരും, ദാമ്പത്യം പാടില്ലെന്നു നിശ്ചയമുള്ളവരുമേ മുടിയറുത്തിരുന്നുള്ളു. മററുള്ളവർ നീണ്ടു വളൎന്നു കിടക്കുന്ന തങ്ങളുടെ മുടിയെ ഭംഗിയായി മുൻവശം കെട്ടിവെച്ച് അതിൽ ഒരു മൊട്ടുസൂചിയോ പൊന്നോ വെള്ളിയോകൊണ്ടുള്ള കുരിശോ ആഭരണമായി ധരിച്ചുവന്നു’. നാട്ടുക്രിസ്ത്യാനികൾ തലമുടി മുഴുവൻ വെട്ടി ധാൎമ്മരെപ്പോലെയായതു് അടുത്ത കാലങ്ങളിൽ മാത്രമാണ്’. പുതുതായി ക്രിസ്തുമാൎഗ്ഗത്തിൽ ചേൎക്കപ്പെടുന്നവൎക്കു കുടുമ വേണമോ വേണ്ടയോ എന്നുള്ള വിഷയത്തെപ്പററി പാതിരിമാരുടെ ഇടയിലുള്ള വാദം ഇനിയും അവസാനിച്ചിട്ടില്ല. കാൾഡ്വെൽ സായ്പ് അതുവേണ്ടെന്നും മേഹിയർ സായ്പ് വേണമെന്നുമുള്ള അഭിപ്രായക്കാരായിരുന്നു. കുടുമകൂടി വച്ചുകൊള്ളുവാൻ അനുവദിക്കുന്നതായാൽ ഹിന്തുക്കൾ വേഗത്തിൽ ക്രിസ്ത്യാനിമതത്തെ സ്വീകരിക്കുമെന്നാണ് മേഹിയർ സായ്പിന്റെ ഭാഗക്കാരുടെ യുക്തി.

ആകപ്പാടെ ആൎയ്യമതത്തിന്നു ശിഖാധൎമ്മം (കുടുമ മതം) എന്ന് ഉത്തരദേശങ്ങളിൽ പേർ വന്നിട്ടുള്ളതു് ആശ്ചൎയ്യമല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കുടുമ അനാൎയ്യന്മാൎക്കു പതിവില്ലായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ഇതിന്നു ഒരു പ്രമാണംകൂടി വേണമെങ്കിൽ സിദ്ധന്മാർ എന്നു തമിഴിൽ പറയപ്പെടുന്ന ഒരു കൂട്ടം ക

വികളിൽ അഗ്രേസരനും ആര്യന്മാരുടെ പദവിയിൽ അസൂയാലുവുമായിരുന്ന ശിവപദക്യർ എന്ന ഗ്രന്ഥകർത്താവു പറയുന്നതു നോക്കാം. അദ്ദേഹം ബ്രാഹ്മണരെ നോക്കി 'നാലുവേദങ്ങളും, ദേപ്പുല്ലും, ദണ്ഡും, കുടുമയും, പൂണൂലും നിങ്ങൾ ജനിക്കുമ്പോഴേ കൊണ്ടുവന്നതാണോ' എന്നു് ഒരു കൃതിയിൽ ചോദിക്കുന്നു.

പുരാതനാചാരങ്ങളൊക്കെ പമ്പകടത്തി സരസനായ നാരായണൻനമ്പ്യാരുടെ 'പുതിയപരിഷ്കാരചിഹ്നങ്ങ'ളെ ഉണ്ണിനമ്പൂരിമാർകൂടി പതുക്കെ കൈക്കൊള്ളുവാൻ ആരംഭിച്ചിരിക്കുന്ന ഈ കാലത്തിൽ ഹിന്ദുക്കൾസകലം ധരിക്കുന്ന കുടുമയുടെ ഉത്ഭവമെങ്ങിനെയെന്നു് അറിയേണമെന്നു താല്പര്യമുള്ളവർക്കു് ഈ ഉപന്യാസം ഉപകാരപ്രദമായി ഭവിക്കുമെങ്കിൽ അതുകൊണ്ടു ഞാൻ കൃതാർത്ഥനായി. ഈ വിഷയത്തെ ഇതിലധികം വിസ്തരിക്കുന്നതു വിഹിതമല്ലെന്നു എനിക്കുതന്നെ അറിയാവുന്നതാകയാൽ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

ഉള്ളൂർ എസ്സ് പരമേശ്വരയ്യർ, എം. എ. ബി. എൽ.

കൃഷ്ണസ്തുതി

---

1. കമലലോചനഗോപവധൂപതേ
ശമലമോചനകൃഷ്ണഭവല്പദേ
വിമലഭക്തിവിളങ്ങിവിളങ്ങണം
മമതുലോമമലോരുകൃപാനിധേ.

2. ഭവഗതിഭ്രമഭാരമൊഴിച്ചിടും
ഭവദനുസ്മൃതിലേശമുദിക്കുകിൽ
ഭവമുഖസ്തുതവാസ്തുതയാസമം
ഭവനമാവനമാസ്ഥയതാശ്രമേ.

3. മുദിരവർണ്ണമുകുന്ദഭവൽപാദ
സ്മൃതിരസംമമതന്നരുളേണമേ
ശ്രുതിരസാനിഹതിഷ്ഠധർമ്മമനം
മൃതിരതിർമേനിയിലെത്തുമേ

4. ശമരസത്തൊടുമെന്നുടെയീമനം
സ്സമരസംസ്മൃതനിസ്തുലശോഭയാ
ഭ്രമരസമ്മിതമാംതിരുമേനിയാം
ത്സ്മരണംമരണംവരെയോളവും.

5. ഭ്രമതകൊണ്ടിഹകൃഷ്ണ! ഗൃഹം, പണം,
പ്രമദനന്ദിനിയെന്നനിരൂപണം
മമതപൂണ്ടതൊഴിച്ചുതരേണമേ
മമഹിതംമഹിതംതവസേവനം.

6. വിതതസംസൃതിസങ്കടവങ്കടൽ
പ്രതരണോഡുപനിൻതിരുമേനിമേ
സതതമാക്കൈശ്വരശക്തിവിമുക്തിതൻ
വിതരണേതരണോവിജയംഹരേ!

7. വരവധൂധനസാധനകൌതുകം
പരമകൃത്യമസത്യമസദ്ഭ്രമം
ദുരിതമീവകതീർത്തുതരേണമേ
വരമിരന്നിലമർച്ചസുഖം.

8. മരണജന്മഹരംതവചേവടി
സ്മരണവുംതിരുനാമവുമെപ്പൊഴും
ശരണമെന്നഹരേ! മമമാനസേ
വരണമാറണമാമയമാകവേ.

9. വനജനേത്ര ഭവൽപദതാരിലു-
ള്ളനഘഭക്തിയവിഷ്ണണമാശ്രമേ
വിനയമൊന്നതിശുദ്ധതരന്തരമേ
പുനരകം നരകം വരികില്ലമേ.

10. ഭവലയപ്രഭ! കൃഷ്ണ! ഭവാശയം
തവവശസ്ഥിതമായിവരട്ടിഹാ
കുവലയാക്ഷികളായതിനൊപ്പലാൽ
കവർമ്മെവർമേററവുമാരിമേ.

11. ചതുരചിഹ്നചതുർഭുജമേ സദാ
പുതുമപൂണ്ടൊരു നിന്നുടെ മേനിയിൽ
കുതുകചിന്തയുറയ്ക്കുകിലത്തലെ-
ന്നതുവരട്ടുവരാസുഖബോദ്ധ്യവും.

12. വിഷയനാശന! കേശവ ദൈവമേ
വിഷമമെന്തിഹനിന്നിലുമെന്നിമേ
ധിഷണയിൽ കുടികൊള്ളുകിലററിടും
കഷണമേഷണമേളുമക്ഷണം.

13. മമഗൃഹാദിനശിക്കുകിലെന്തുമേ
ശമമതിന്നരുളച്യുതരുളണമേ
കമലനേത്രമലത്തിനുമൂലമീ-
ക്കമലർമമലമേകിടുമേളശം.

14. സവിനയം ഭവദീയകഥാസുധാ
വിവിധസാരമറിഞ്ഞുപുകഴ്ത്തുവാൻ
കവിമുഖസ്തുതകൃഷ്ണ! തരേണമേ
കവിപദം വിപദാം കളയേണമേ.

15. വിവിധഭുവിഷയങ്ങളിൽ വീണുതാ
ണാവശരായലയും ഹൃദയം ഹരേ!
ഭവദനുഗ്രഹമേററിനിയെങ്കിലും
നിവരണം വരണം മമ മംഗളം

16. സകലനാശയകൃഷ്ണസദാവധൂ-
നികരമെയ്യിലെഴും മമ മാനസം
പകവെടിഞ്ഞിനി നിന്തിരുമേനിയിൽ
പകരണം കരണങ്ങളടങ്ങണം.

കാത്തൊള്ളി അച്യുതമേനോൻ.

ജീവന്റെ ഉൽഭവം



ഏതൊരു കാലത്തും ജീവാത്മാവിന്റെ ഉത്ഭവത്തെപ്പററി ജനങ്ങൾ മനസ്സിലാക്കീട്ടുള്ളതായി കാണുന്നില്ല. മനുഷ്യന്നു സങ്കല്പിച്ചു സൃഷ്ടിക്കുവാൻ പാടില്ലാത്തതും മനസ്സുകൊണ്ടു ഗ്രഹിപ്പാനിടയില്ലാത്തതുമായ ഒരു വസ്തുവാണ് ജീവാത്മാവെന്നു പ്രായേണ നാം വിചാരിച്ചുപോന്നിരുന്നു. പ്രാണൻ പൊയ്പോയാൽ തിരിച്ചുകിട്ടുകയില്ലെന്നുള്ള വിചാരംകൊണ്ടാണ് അല്പപ്രാണികളെ കൊല്ലുന്നതിൽകൂടി എല്ലാവർക്കും ഭയം തോന്നിപ്പോകുന്നത്.

ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്കളെ വേർതിരിച്ച് ആ വസ്തുക്കൾതമ്മിലുള്ള അതിരിനെ ക്ലിപ്തപ്പെടുത്തുകമാത്രമല്ല നാം ചെയ്തിട്ടുള്ളത്. ജീവനുള്ള വസ്തുക്കളിൽനിന്നും ഉണ്ടായിരിക്കുന്ന പഞ്ചസാര, അരിപ്പശ മുതലായ സാധനങ്ങൾകൂടിയും പ്രാണശക്തിയുടെ സഹായംകൂടാതെ നമുക്കുണ്ടാക്കാൻ പാടില്ലെന്നുകൂടി വി

ചാരിച്ചിരുന്നു. അതിനാൽ ഇങ്ങനെയുള്ള വസ്തുക്കളെ ജീവധാരണാവസ്തുക്കളെന്നു വിളിച്ചുവരുന്നു. എന്നാൽ 1828-ൽ ജർമ്മനിക്കാരനായ വാളർ എന്ന രസതന്ത്രജ്ഞൻ ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്കൾ തമ്മിലുള്ള ഭേദഗതി അടിസ്ഥാനമില്ലാത്തതാണെന്നു ദൃഷ്ടാന്തപ്പെടുത്തി. അമ്മോണിയം സയനായിഡ് (Ammonium Cyanide) എന്ന വസ്തു ഉണ്ടാക്കുന്നമദ്ധ്യേ അതുതന്നെ യൂറിയാ എന്ന വസ്തുവിന്റെ അവസ്ഥാന്തരത്തെ പ്രാപിച്ചു. യൂറിയാ എന്ന വസ്തു മൂത്രദ്വാരത്തിൽമാത്രം ഉണ്ടാകുന്നതാണെന്ന് അതുവരെയും വിശ്വസിച്ചിരുന്നു. അന്നുമുതൽ അനേകം ജീവധാരണാവസ്തുക്കളെ കൃത്രിമമായി ഉണ്ടാക്കുകയും അതിൽനിന്നും കച്ചവടത്തിനു പ്രത്യേകമായ ഗുണം സിദ്ധിക്കയും ചെയ്തു.

രസവാദസംബന്ധമായോ പ്രകൃതിരൂപമായോ ഉള്ള മററങ്ങൾകൊണ്ടു പ്രായേണ ജീവാത്മാവിന്റെ പ്രവേശനം ഉണ്ടാകുന്നതാണെന്നു ശരീരശാസ്ത്രജ്ഞന്മാരുടെ പ്രയത്നത്താൽ തെളിഞ്ഞിട്ടുണ്ട്. എന്നാൽ നിർജ്ജീവവസ്തുക്കളിൽനിന്നും ജീവധാരണാവസ്തുക്കളെ ഉണ്ടാക്കുവാൻ പാടുള്ളതാകുന്നു അല്ലയോ എന്നുള്ള ചോദ്യത്തിനു ഉത്തരം ഇല്ലായിരുന്നു. അപ്രകാരം സാധിച്ചിട്ടുണ്ടെന്നോ അതു സാധിക്കാൻ പാടില്ലെന്നോ ക്ലിപ്തപ്പെടുത്താവുന്ന ലക്ഷ്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ അറിവിൽ എത്തിയിട്ടില്ല. ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളവരിൽ അദ്വിതീയനായ ഹക്സിലി എന്ന മഹാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഇപ്പോഴും ശൈശവാവസ്ഥയിൽ മാത്രം ഇരിക്കുന്ന ശരീരശാസ്ത്രവും അണുപ്രകരണശാസ്ത്രവും ജീവപ്രകരണശാസ്ത്രവും പ്രതിദിനം അതിശയനീയമായ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ നിർജ്ജീവവസ്തുക്കളെ ജീവധാരണാവസ്തുക്കളാക്കുവാൻ പാടില്ലെന്നു ഖണ്ഡിച്ചു പറയുന്നത് അവിവേകത്തിന്റെ തികവുതന്നെയാകുന്നു. ഈ ജാലവൈചിത്ര്യ ഇതുവരെയും സാധിച്ചിട്ടില്ലെന്നുമാത്രം ഉറപ്പായി പറയാമെന്നേ എനിക്കു തോന്നുന്നുള്ളൂ. പിൻകാലമാകുന്ന പെരുവഴിയിൽകൂടി പുറകോട്ടു നോക്കുന്നതായാൽ ജീവൻ എവിടെനിന്നു പുറപ്പെടുന്നു എന്നുള്ളതിനു രേഖാമൂലമായ തെളിവു

ഞാൻ കാണുന്നില്ല. എന്തെല്ലാം സ്ഥിതിഭേദങ്ങളാൽ ജീവൻ ആ വിർഭവിക്കുമെന്നുള്ളതിനു ഉറപ്പായ തീരുമാനം ഉണ്ടാക്കുവാൻ പ്രയാസം തന്നെ. വിശ്വാസമെന്നുള്ളതു ശാസ്ത്രരൂപമായി വരുമ്പോൾ കുറെ വൈഷമ്യമുള്ളതും ഉറപ്പായ അടിസ്ഥാനമുണ്ടായിരിക്കേണ്ടതും ആകുന്നു. ഇപ്പോൾ കാണുന്നമാതിരിയിൽ ജീവൻ ഉത്ഭവിച്ചതു എങ്ങിനെയെന്ന് എനിക്ക് ഉത്തമവിശ്വാസമുണ്ടെന്നു തെളിവുകൂടാതെ പറയുന്നതു വാക്കുകളെ തെറ്റിച്ചുപയോഗിക്കയാകുന്നു. എന്നാൽ വിശ്വാസമില്ലാതിരിക്കുമ്പോഴും ഉദ്ദിഷ്ടഫലം ലഭിച്ചു എന്നു വരാം. ഭൂപ്രകൃതിഭേദത്തെ രേഖാമൂലമായി കാണിക്കുന്ന അത്യഗാധമായ കാലത്തിൽകൂടി അതിനു മുമ്പുള്ളതും, തിരിച്ചു കിട്ടുന്നതിനു നിവൃത്തിയില്ലാത്ത ഒരു ശൈശവകാലം മനുഷ്യനുള്ളതുപോലെ തന്നെ സ്ഥിതിഭേദങ്ങളും പ്രകൃതിഭേദങ്ങളും ഭൂമിക്കും സംഭവിച്ചുകൊണ്ടിരുന്നതും ആയ അതിദൂരമായ ഒരു കാലത്തെ നോക്കുന്നതിനു എനിക്കനുവാദമുള്ളപക്ഷം നിർജ്ജീവവസ്തുവിൽനിന്നും ആദ്യമായി പുറപ്പെട്ട പ്രോട്ടപ്ലാസമെന്ന ആദി ജീവരൂപത്തിനെ സാക്ഷിപ്പെടുത്താമെന്നു എനിക്കുദ്ദേശമുണ്ട്. സാമ്യവാദങ്ങളെക്കൊണ്ടുദ്ദേശിക്കേണ്ടതും ഇതാകുന്നു. എന്നാൽ എന്റെ ഈ അഭിപ്രായം തത്വജ്ഞാനരൂപമായ ദൃഢവിശ്വാസത്തിന്റെ ഒരു പ്രസരിപ്പെന്നല്ലാതെ കൂടുതലായി ഒന്നും ഇല്ലെന്നു ഞാൻ നിങ്ങളോടു വീണ്ടും അപേക്ഷിക്കുന്നു.

റാൺചൻ റേസ്സ് (Rongen rays) കണ്ടുപിടിച്ചതിനോടുകൂടി പ്രകൃതിയെക്കുറിച്ചുള്ള അറിവു വിസ്മയിക്കത്തക്കവിധത്തിൽ വർദ്ധിക്കയും അതിൽപിന്നെ റേഡിയത്തിന്റെ അത്ഭുതകരമായ ഗുണങ്ങൾ കണ്ടുപിടിച്ചതിനോടുകൂടി അതിൽ കൂടുതലായിട്ടുള്ള ജ്ഞാനം നമുക്കുണ്ടാകയും ചെയ്തുഇരിക്കകൊണ്ട് കേംബ്രിഡ്ജിലെ കാവൻഡിഷ് ലാബൊറട്ടറിയിൽ ജോലിചെയ്യുന്ന ജെ. ബി. ബേർക്ക് എന്ന മഹാൻ റേഡിയത്തിന്റെ ശക്തിയും പ്രാണശക്തിയും തമ്മിൽ യോജിപ്പിക്കാവുന്നതാണോ എന്നു തീർച്ചപ്പെടുത്തുന്നതിനു ഇടവിടാതെ ഒരു പ്രയോഗപരീക്ഷകൾ നടത്തിക്കൊണ്ടിരുന്നു.

മെർക്കലിന്റെയോ ഗോമാംസത്തിലയുടെയോ തിളച്ച

ചാമറട്ടത്ത് ഒരു പാത്രത്തിൽ കുറച്ചുനേരം വെച്ചിരുന്നാൽ അതിനു ഗത്യന്തരം സംഭവിക്കയും അതിനുമുമ്പിൽ കാണാത്ത പ്രാണിബീജങ്ങൾ അതിൽ കാണുകയും ചെയ്യുന്നതു സുപ്രസിദ്ധമാകുന്നു. ഈ സംഗതികൊണ്ടു സ്വയജന്യശക്തി ഉണ്ടെന്നും അതു നിമിത്തമാണ് ഈ ബീജങ്ങൾ ഉത്ഭവിച്ചതെന്നും വിശ്വസിച്ചുപോന്നു. പ്രൊഫസ്സർ ടിൻഡൽ ഈ സംഗതിയെപ്പററി സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ചാമറട്ടത്തു ഒരു ടെസ്റ്റ്ട്യൂബിനകത്തൊഴിച്ചു ചൂടുള്ളപ്പോൾതന്നെ കുറെ പഞ്ഞിയെടുത്തടച്ചു വച്ചിരുന്നാൽ അതു വളരെ നേരം ഇരിക്കുമെന്നും യാതൊരു പ്രാണിബീജങ്ങളും ഉണ്ടാകയില്ലെന്നും അദ്ദേഹം കാണിച്ചു. അതുകൊണ്ടു ഈ പ്രാണിബീജങ്ങൾ വായുവിലുള്ള പൊടിയിൽനിന്നും ഉണ്ടായി എന്നും ഈ ധൂളികണങ്ങൾ ഉണങ്ങി വായുവിൽ തങ്ങി കിടക്കുന്നു എന്നും പഞ്ഞികൊണ്ടുള്ള അടപ്പിൽകൂടി ഈ ബീജങ്ങൾ ടെസ്റ്റ്ട്യൂബിന്റെ അകത്തുള്ള ചാറിൽ പ്രവേശിക്കയില്ലെന്നും അദ്ദേഹം തീരുമാനിച്ചു. ഈ പ്രവൃത്തിയെ ബീജധ്വംസനം (Sterilisation) എന്നു വിളിച്ചുവരുന്നു. ഈ പ്രവൃത്തികൊണ്ട് ഏതെങ്കിലും ഒരു പ്രത്യേകതരം പ്രാണിബീജങ്ങളെ ഒരു ഒഴിഞ്ഞ സ്ഥലത്തു പ്രവേശിപ്പിച്ചു വളർത്താം.

ബീജധ്വംസനം ചെയ്ത ഒരു സ്ഥലത്തു റേഡിയം എന്ന വസ്തുവിന്റെ ശക്തിയെ വ്യാപരിപ്പിച്ചപ്പോൾ അവിടെ അതിനു മുമ്പില്ലാത്തതും ഭൂതക്കണ്ണാടിയിൽ മാത്രം നമുക്കു കാണാവുന്നതുമായ ഒരു മാതിരി ബീജങ്ങളെ ലഭിക്കുന്നതിനു ബെർക്ക്ധ്വാരക്കു സാധിച്ചു. ഈ ബീജങ്ങൾക്കു റേഡിയോബ്സ് എന്നു അദ്ദേഹം നാമകരണം ചെയ്തു.

ഈ കുറിപ്പുകളുടെ വാസ്തവമായ പ്രാധാന്യത്തെ വിലമതിക്കുന്നതിനു സൂക്ഷ്മമായും സൂക്ഷ്മതരമായും ഉള്ള പരിശോധന ആവശ്യം വേണ്ടതാകുന്നു. ഇതുണ്ടായ സ്ഥലത്തു ബീജധ്വംസനം ശരിയായി ചെയ്തിട്ടില്ലായിരുന്നു എന്നു വരാം. അപ്രകാരമാണെങ്കിൽ അവിടെ കണ്ട ബീജങ്ങൾ സാധാരണ കണ്ടുവരുന്നവയുടെ വർഗ്ഗത്തിലുള്ളവയായിരുന്നോ. അല്ലെങ്കിൽ ആകൃതിസാമ്യംകൊണ്ട് അവകൾ കാൽസ്യം കാർബണേററ് എന്ന വസ്തുവിന്റെ സ്ഫടി

ങ്ങളല്ലാമെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. കല്ക്കസ്പാർ, ഐസ്സ്‌ലൻറസ്പാർ മുതലായ വസ്തുക്കളെപ്പോലെ കൽഷ്യം കാർബണേററ് എന്ന വസ്തുവും വെള്ളത്തിൽനിന്നും സ്ഫടികരൂപമായി വരുമ്പോൾ റാംബൊസ്സിൻെറ ആകൃതിയിലാണ് വരുന്നത്. പശ മുതലായ വഴുവഴുപ്പുള്ള വസ്തുക്കളിൽനിന്നും കാൽഷ്യം കാർബണേററ് എന്ന വസ്തു ഉറഞ്ഞു വീഴുമ്പോൾ ഗോളരൂപമായി വരുമെന്നു ഹെയിനി എന്നാൾ കാണിച്ചിരിക്കുന്നു. ഈ വസ്തുക്കളിൽ ചിലതിനു വരയുള്ളതായി കാണപ്പെടുന്നു എങ്കിലും ഈ വരകൾ ഉണ്ടാകുന്നതു രണ്ടു കഷണങ്ങൾ തമ്മിൽ പററിപ്പിടിക്കുമ്പോൾ ഉണ്ടാകുന്ന പാടെന്നല്ലാതെ ഒരു പൂൎണ്ണവളൎച്ച വന്നിട്ടുള്ള വസ്തുവിൽ കാണുന്ന വരയാണെന്നു പറയാൻ പാടില്ല. ഇവയിൽ ചിലതു ഒരു സംഘടനാവിത്തിൻെറ (Nucleus) അടയാളങ്ങളെല്ലാം കാണിക്കുന്നുണ്ട്. ഈ മാതിരി മാററങ്ങൾകൊണ്ടു ജീവൻെറ ആദിമരൂപങ്ങളാകുന്ന ബാക്റ്റീരിയാ എന്ന പ്രാണിബീജങ്ങളും ഈ വസ്തുക്കളും തമ്മിലുള്ള സംബന്ധത്തെ ഉദ്ദേശിക്കാം. എന്തെന്നാൽ ഇവകൾ സംഘടനാവിത്തുകളെക്കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളവയാകുന്നു. അതായതു അവ വൎദ്ധിക്കുന്നതു പരിഛേദനത്താലാകുന്നു. കാൽഷ്യം കാർബണേററ് കൊണ്ടുണ്ടാകുന്ന ഈ ബീജങ്ങൾ വെള്ളത്തിൽ അലിയുന്നില്ല. റേഡിയത്തിൻെറ ശക്തികൊണ്ടുണ്ടാകുന്ന ബീജങ്ങൾ വെള്ളത്തിൽ അലിയുന്നവയാണ്. അതുകൊണ്ടുമാത്രമല്ല കാൽഷ്യം കാർബണേററുകൊണ്ടുള്ള ബീജങ്ങളിൽനിന്നും ഇവയ്ക്കു വ്യത്യാസമുള്ളത്. എന്നാൽ പൂൎണ്ണവളൎച്ച വന്നിട്ടുള്ള നാമറിയാവുന്ന മററല്ലാം ജീവനുള്ള വസ്തുക്കളിൽനിന്നും ഈ ബീജങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ഈ സംഗതി വളരെ കുഴപ്പമുള്ളതാകുന്നു. എന്തെന്നാൽ വെള്ളത്തിൽ അലിയുന്ന പ്രാണികളെപ്പററി നമുക്കു യാതൊരറിവും ഇല്ലെങ്കിലും ജീവൻെറ ആദിമരൂപങ്ങളിൽ ചിലതു വെള്ളത്തിൽ അലിയുമായിരിക്കണമെന്നുള്ള വാദത്തെ സകാരണം നിഷേധിക്കുന്നതിനു നമുക്കു തരമില്ല. ധ്രുവകരണം ചെയ്തിട്ടുള്ള (Polarised) വെളിച്ചത്തിൽകൂടി റേഡിയോബേസ് എന്ന ബീജങ്ങളെ പരിശോധിക്കുമ്പോൾ അവയ്ക്കു ആ വെളിച്ചംകൊണ്ടു യാ

യാതൊരു ഭേദഗതിയും കാണുന്നില്ല. എന്നാൽ കാൽഷ്യംകാർബ്ബണേററിന്റെ സ്ഫടികങ്ങൾ ധ്രുവകരണവീഥിയിൽ ചുററികറങ്ങുന്നു. റേഡിയോബ്സ് എന്ന ബീജങ്ങളും നമുക്കറിയാവുന്ന സ്ഫടികരൂപമായുള്ള ബീജങ്ങളും തമ്മിൽ വേറെ ഒരു മുഖ്യമായ വ്യത്യാസം ഇതാകുന്നു. ബെർക്കുസായിലിന്റെ റേഡിയോബ്സ് ബീജങ്ങൾ എങ്ങിനെ ഉണ്ടായി എന്നുള്ളതിനു വേറെ ഒരു സമാധാനം പറയാം. ബീജധാരാസന്താനത്തിനു മുമ്പായി ആ ഇറച്ചിക്കുഴമ്പിൽ ഉണ്ടായിരുന്ന ബീജങ്ങൾ അതിൽ ഉണ്ടായിരുന്നു എന്നുവരാം. മററുള്ള ബീജങ്ങൾ നശിച്ചുപോകുന്ന ഉഷ്ണാവസ്ഥയെ നിരോധിച്ചു ജീവിക്കുന്നതിനു ഇവയ്ക്കു ശക്തിയുണ്ടെന്നുവരാം. നമുക്കു വൈരസ്യം വന്നിട്ടുള്ള ബാക്ടീരിയ എന്ന ബീജങ്ങളുടെകൂട്ടത്തിൽ ഇവയെ കണ്ടിട്ടില്ലാത്തതുകൊണ്ടു അവകൾ അതിൽ ഉണ്ടെന്നുള്ളതിനു യാതൊരു ലക്ഷ്യവും ഇല്ല.

തന്റെ നിശ്ചയത്തെപ്പററി ശാസ്ത്രമായ അഭിപ്രായം പുറപ്പെടുവിക്കരുതെന്നു ബെർക്കുധാരക്കു കരുതലുണ്ട്. എന്നാൽ സ്ഫടികരൂപങ്ങളായ അണുക്കളുടേയും പ്രാണിബീജങ്ങളുടേയും മദ്ധ്യത്തിലുള്ളവയാണ് റേഡിയോബ്സ് ബീജങ്ങളെന്നും ദ്രവദ്രവ്യങ്ങളും ഘനദ്രവ്യങ്ങളും തമ്മിലുള്ള വ്യത്യാസം ഉഷ്ണാവസ്ഥകൊണ്ടും വായുവിന്റെ ഘനാധിക്യംകൊണ്ടും ഇല്ലാതെയാകുന്നു എന്നു ആൻഡ്രൂസ് ധാരയുടെ പ്രയോഗപരീക്ഷകളിൽ കണ്ടതുപോലെ പ്രാണികളും നിർജ്ജീവവസ്തുക്കളും തമ്മിലുള്ള വ്യത്യാസം ഇല്ലാതെയാകുന്ന ഒരു സന്നിഗ്ദ്ധസ്ഥിതിയെ ഈ ബീജങ്ങൾ കാണിക്കുന്നു എന്നും ബെർക്കുധാരക്കു വിചാരമുള്ളതായി തോന്നുന്നു. ഈ ബീജങ്ങൾ കണ്ടുപിടിച്ചതോടുകൂടി പ്രകൃതിശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പരക്കെ ഒരു ഔത്സുക്യം ജനിച്ചിട്ടുണ്ട്. ഒരു തീർച്ചയായ തീരുമാനം ചെയ്യുന്നതിനു മുമ്പായി ഇതിനെപ്പററി കൂടുതലായ പരിശോധന നടത്തേണ്ടതാണെന്നു അനേകം പേർ വെളിക്കകത്തുന്ന്യ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സി. ആണ്ടിപ്പിള്ള, ബി. എ.

ഉണ്ണുനീലി

സന്ദേശം

ക്കൂവീടിന്നമ്മെല്ലുളവഴിയിൻറങ്ങുപണ്ടേരഹീനാക്കൂററം
പ്പൂവിടിൻറച്ചിലതരകളേല്ലാസിപാത്ഥേരിരാമാ
ണതർപ്പോവാളംവെടിവിലിടമിട്ടുണ്ടിടത്തന്ന്യദാരം
ഖാപിതീരംപ്രതിവിരചിതംബിംബലീപാലർകന. ൧൩൪

ചിന്തിപ്പോമ്മാററരികലബലംബിംബലീപാലകാനാം
മന്തിള്ളുളുംവിതളുവിതതംന്നിന്നൊടോവേമയേയൂ
സിന്ധുദ്വീപേജ്ജനിതകുതിരക്കണ്ണെതിയിൽക്കിബലീലാം
സിന്ധുദ്വീപംചിപമദേപരിസ്യന്ദിനോമന്ദവാതഃ. ൧൩൫

വിസ്തീരാവേദ്യവനവിദിതേമത്തമാതംഗഭീമേ
താരാർമതിൻകലനിലയനേദിവ്യതൊരിരാമേ
അംഭോരാശേരതരന്തപകല്ലോലനൻറപോൽപ്രസന്നൈനീ
മംഗല്യശ്രീസ്ഥവടമതിരയിൽച്ചെൻറകംപൂകപിന്നെ. ൧൩൬

പൂർവ്വസന്ദേശം കഴിഞ്ഞു.

ഞാററിൻനേരഞ്ഞുരിവരമരംനീടൊഴുക്കുവെടക്കിൻ
ക്കുററിന്നിൻറങ്ങഴകവൊഴിയിക്കിൻറപൂണ്യാംബുരാശേ
ഞാററർക്കൂപ്പംമഹിതമണികണ്ഠന്നായർത്ഥ്യവരാമ
ന്നോററംവശ്യാജയതിനഗരീസാകടന്തേരിനാട്ടം. ൧൩൭

മാരപ്പെൺമാൻമിഴികടാക്ഷവന്നോവമുൾപ്പെട്ടുചെൻറ
ഞാരാഞ്ഞെല്ലാപ്പൊഴുതുമിട്ടമാടംപൂവാരതവണ്ണം
വീരന്മാർമേൽപ്പുലരമലരമ്പയ്യുതാൻവീരനാവാൻ
മാരനുണ്ണാംകുളിയുമവിടെച്ചാലവൈകിൻവതല്ലോ. ൧൩൮

ചേടീവക്ത്രാംബുജമരതകരംകൊണ്ടുതാൻപൊത്തയിത്ഥം-
മാടംപാർന്നവളർമതിയുടെമാർവിൽമാൻപേടകണ്ട്
ഊടേചെട്ടിച്ചിലർമരതകക്കല്ലുവൻപുല്ലുപാടേ
വാടാതെയെൻറായ്മുലയിണചതിച്ചുണ്ണച്ചീടുമേടം ൧൩൯

മത്തേഭാനാംവളർചെവികളുമാലവട്ടങ്ങൾകൊണ്ടും
നെച്ചന്തീടുംഉദ്ധതതിരവാലായവെഞ്ചാമരൈശ്ച
കെല്പാർന്നീടുംപടയിൽനടുവേസാദരംവീജ്യമാനാം
നിത്യംവീരത്തിരുവനിതയുംതത്രമേവീടുമേടം ൧൪൦

വിൽപ്പാൻപോകിൽത്രിഭുവനമിദംകൊള്ളമാറുജ്ഝിതാഭൈഃ
രശ്മിപ്രാഗൈരിനിയവചസാമശ്മവംശപ്രധാനൈഃ
നാനാരത്നദ്രവിണമണിയിൽരവൈണശ്രേണിതോറും
നാണിപ്പോയാരുളുകനാലിനപ്പെൺകളിച്ചീടുമേടം ൧൪൧

ബാലസ്ത്രീണാംമുലയിൽമലിയുംകുങ്കുമച്ചാറുചോരായ്
ച്ചാലപ്പെണ്ണുംകമലകലികംശ്രീമതീശൈലകന്യാ-
മാലംബാലങ്ങളികളെതെളിവായ്ചുംബിതോരമ്പൽവൻപു
റ്റോലുംബാലപ്പാവനനൊട്ടുകൻചേർന്നമേവീടുമേടം ൧൪൨

ദ്വീപാൽദ്വീപാൽക്കടലരികെക്കോളുംചോകിൽവന്നാത്തജാലം
ക്കൂടക്കൂടക്രമുകമരിചംകൊണ്ടുചെൻറങ്ങുനൽകി
തോണിക്കൂട്ടംമുഴുകമുഴുകക്കൊണ്ടുചെൻറാൻറിനോടേ
ൻറത്തിത്തിങ്ങുതണലിലണയത്താഴ്മേവീടുമേടം ൧൪൩

ഊടിക്കൂടിക്കനമള്ളികലർചേർന്നപൂങ്കാവുതോറും
കൂടക്കൂടത്തുടുതുടമലർത്തേനാറൽപെയ്യുന്നതോറും
ആടിക്കൊണ്ടൽപ്പെരുമഴയിതെൻറിങ്ങിനേകല്പയിത്ഥം-
വേടക്കാലത്തഴ്കോട്ടുമയിൽക്കൂട്ടമാടീടുമേടം ൧൪൪

പൊന്മാടത്തിൽനിഴലെഴുമയിലെൻറത്തുപെയ്യിൻറവെള്ളം
തേന്മാവിൻെറമധുരസമിതൻറമ്പിലെമത്താസ്വദിച്ച്
മെന്മേലോരോപരിചിൽക്കടവാർപാടിടുംപഞ്ചമത്തിൽ
ത്താൻമേലാവാൻതെളിവൊടുകുയിൽപ്പേടപാടീട്ടുമേടം ൧൪൩

ശ്രീമഹാഭാരതം



ഈ ഗ്രന്ഥത്തിന്ന് അത്യാശ്ചര്യമായ പ്രാമാണ്യമുണ്ടെന്നുള്ളത് സർവജനസമ്മതമാകുന്നു. ഹിന്തുക്കൾ ഇതിനെ അഞ്ചാമത്തെ വേദമെന്നു സങ്കല്പിച്ചു ബഹുമാനിച്ചുവരുന്നു. വേദത്തെ യഥാവൽ പഠിപ്പാനും പരിചയിപ്പാനും അർഹതയില്ലെന്നു വെച്ചിട്ടുള്ളവൎക്ക് വേദാൎത്ഥത്തെ അറിവാൻ എത്രയോ സുഗമമായ ഒരു മാൎഗ്ഗമായിട്ടാണല്ലോ പരമകാരുണികനായ ഭഗവാൻ വ്യാസമഹൎഷി ഇതിനെ നിൎമ്മിച്ചിട്ടുള്ളത്. സമുദ്രംപോലെ അഗാധമായും വിശാലമായും കിടക്കുന്ന ഈ ഗ്രന്ഥത്തിൽനിന്നു സംഗ്രഹിക്കപ്പെട്ടിട്ടുള്ള 1. ഭഗവൽഗീത 2. സഹസ്രനാമം 3. സ്തവരാജം 4. അനുസ്മൃതി 5. ഗജേന്ദ്രമോക്ഷം ഈ വക മഹാരത്നങ്ങളെ ഭക്തിപുരസ്സരം ധരിക്കാത്തവരായി മാന്യന്മാരായ ഹിന്തുക്കളിൽ വല്ലവരുമുണ്ടോ എന്നുതന്നെ സംശയമാണ്.

അന്യമതസ്ഥന്മാരായ ബുദ്ധിമാന്മാരും ഇതിനെ കൂലംകഷമായി പരിശോധനചെയ്തു വളരെ ബഹുമാനിച്ചിട്ടുണ്ടെന്നുള്ളതിലേക്ക് അതിൽ ഒരു മഹാന്റെ ശ്രീമഹാഭാരതം ഒരു പുസ്തകമല്ല, വിശിഷ്ടങ്ങളായ സകല ഗ്രന്ഥങ്ങളേയും സൂക്ഷിച്ചുവെച്ചിരിക്കുന്ന ഒരു ലൈബ്രറിയാണ് എന്നുള്ള അഭിപ്രായത്തെ മതിയായ ലക്ഷ്യമായി സ്വീകരിക്കാവുന്നതാണ്.

ഇതിലെ ചില അംശങ്ങളിൽ പ്രഭുസമ്മിതത്വമായും മററു ചില അംശങ്ങളിൽ സുഹൃത്സമ്മിതത്വമായും വേറെ ചില അംശങ്ങളിൽ കാന്താസമ്മിതത്വമായും കഥനമെന്നുള്ളത് അതിനെപ്പരിചയിച്ചിട്ടുള്ള എല്ലാവൎക്കും അനുഭവസിദ്ധമായിരിക്കാവുന്നതാണ്.

ഈ മഹാഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ലാത്ത അംശങ്ങൾ കണ്ടുപിടിക്കുവാൻ ആരെക്കൊണ്ടും സാധിക്കുന്നതല്ലെന്നു പറയുന്നതിൽ അതിശയോക്തിയുടെ സംബന്ധം അശേഷം ഉണ്ടാവുന്നതല്ല. ഏതൊരു ജനങ്ങൾക്കും ഏതൊരു വിധത്തിലുള്ള ആപത്തുവരുമ്പോഴും യുക്തിപൂൎവ്വമായും ഉദാഹരണപൂൎവ്വമായും മനസ്സിനെ സ്സമാധാനിപ്പാൻ വേണ്ടടത്തോളം വിഷയങ്ങളെല്ലാം ഒരു ഗ്രന്ഥത്തിൽ ഉള്ളതായിപ്പറയണമെങ്കിൽ ഈ മഹാഭാരതത്തെത്തന്നെ അവലംബിക്കേണ്ടിവരും.

വൎണ്ണനകളുടെ ചമൽക്കാരകാരിതയെ ആലോചിക്കുന്നതായാൽ ഇതിലെ ഓരോ ഘട്ടങ്ങളിൽ ഓരോ വസ്തുക്കളെപ്പററി ചെയ്തിരിക്കുന്ന വൎണ്ണനകൾ സൎവ്വാതിശായികളായിരിക്കുന്നവയെന്ന് ഏവനും സമ്മതിക്കേണ്ടിവരും.

രാജധൎമ്മം, സ്ത്രീധൎമ്മം, മോക്ഷധൎമ്മം, ദാനധൎമ്മം, വൎണ്ണധൎമ്മം, ആശ്രമധൎമ്മം, എന്നുവേണ്ട എല്ലാവിധ ധൎമ്മങ്ങളും നീതികളും ഉപായങ്ങളും വിദ്യകളും സന്ധ്യാദിഗുണസാമഗ്രികളും മറററിയേണ്ടവയായ എല്ലാ വിഷയങ്ങളും ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

അതിനാൽത്തന്നെയാണ് ജാതി മതവ്യത്യാസംകൂടാതെ എല്ലാ ജനങ്ങളും ഇതിൽ ആദരത്തെക്കാണിക്കുന്നത്. സപാദലക്ഷം (ലക്ഷത്തിരുപത്തയ്യായിരം) ശ്ലോകങ്ങൾ ഇതിലടങ്ങീട്ടുണ്ട് എന്നുള്ളതുകൊണ്ട് ഇതിന്റെ ഗ്രന്ഥവിസ്തരം ഏവൎക്കും അറിവാൻ കഴിയുന്നതാണല്ലോ. ഇത്രയും വലിപ്പമുള്ളതായി വേറെ വല്ല സംസ്കൃതഗ്രന്ഥങ്ങളും എവിടെയും കാണപ്പെടുന്നതല്ലെന്ന് നിസ്സംശയം പറയാവുന്നതാണ്.

ഇനിയും വിശേഷമായിരിക്കുന്ന ഈ ഗ്രന്ഥത്തിന്ന് ഇതുവരെ നമ്മുടെ മലയാളഭാഷയിൽ ശരിയായ യാതൊരു തൎജ്ജമയും ഉണ്ടാ

യിട്ടില്ലെന്നുള്ള ന്യൂനതയെ പരിഹരിക്കേണമെന്നുള്ള ആശ പലരിലും ജനിച്ചിട്ടുണ്ടായിരിക്കാമെങ്കിലും അതിന്നനുരൂപമായി പ്രവൎത്തിപ്പാൻ ധൈൎയ്യമുണ്ടായി ഒരാളെ മാത്രമേ ഇതുവരെ കാണ്മാൻ സാധിച്ചിട്ടുള്ളു. അടുത്തകാലങ്ങളിൽ മലയാളഭാഷയിൽ സ്വതന്ത്രങ്ങളായും തൎജ്ജമകളായും അനേകഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതുകളൊന്നും ഈ ഗ്രന്ഥത്തോടു കിടപിടിക്കത്തക്ക യോഗ്യതയുള്ളതായിരിക്കയില്ലെന്ന് എവരും സമ്മതിക്കുന്നതാണ്.

സംസ്കൃതത്തിലുള്ള ഒരു കൃതിയെ മലയാളഭാഷയിലേക്കു തൎജ്ജമചെയ്യുന്നതിനുള്ള വലിയ പ്രയാസത്തെ സഹൃദയാഗ്രേസരനും സംഗ്രഹീയും പ്രസിദ്ധകവിയുമായ ചാത്തുക്കുട്ടിമന്നാടിയാരവർകൾ സ്വന്തം കൃതിയിൽ തുറന്നു പറഞ്ഞിട്ടുള്ളത് ഈ അവസരത്തിൽ ഓൎക്കേണ്ടതായിരിക്കുന്നു.

അത്രയുമല്ല, സംസ്കൃതശ്ലോകങ്ങളെ വൃത്തഭേദംകൂടാതെ മലയാളത്തിൽ തൎജ്ജമ ചെയ്യുക എന്നുള്ളത് ഒരു അതികഠിനകൎമ്മമാണെന്നുതന്നെ പറയണം. ഈ വിധത്തിൽ മൂലാൎത്ഥത്തെ പാട്ടുള്ളേടത്തോളം വിട്ടുകളയാതെ ഈ വലിയ ഗ്രന്ഥത്തെ വൃത്തഭേദംകൂടി കൂടാതെ മലയാളഭാഷയിൽ തൎജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയപ്പോൾതന്നെ 'വാഗ്ജന്മവൈഫല്യമസഹ്യശല്യം ഗുണാത്ഭുതേ വസ്തുനി മൌനിതാ ചേൽ' എന്ന ന്യായത്തെ അനുസരിച്ച് വല്ലതും പറയേണമെന്നു വിചാരമുണ്ടായിരുന്നുവെങ്കിലും ഈ വലിയ പുറപ്പാടിനെ എത്രത്തോളം നിവൎത്തിക്കുവാൻ ഇടവരുമെന്ന് ഒന്നു കണ്ടതിന്നുമേലായിക്കൊള്ളാമെന്നുവെച്ച് ഇതുവരെ ഞാൻ മൌനത്തെതന്നെ അവലംബിച്ചു.

ഇപ്പോൾ 'ന നിശ്ചിതാൎത്ഥാദ്വിരമന്തി ധീരാഃ' എന്ന ന്യായേന ഇക്കാൎയ്യത്തെ മുഴുമിക്കാതെ വിട്ടുകളയുന്നതല്ലെന്നു തീൎച്ചപ്പെടുത്തുവാനുള്ള ലക്ഷണങ്ങൾ പ്രായേണ കാണുകയാൽ വല്ലതുമൊന്നു പറയുകതന്നെ എന്നുറച്ച് ഇതിന്നു ഇറങ്ങിയതാകുന്നു.

ചില ഭാഗങ്ങളിൽ അൎത്ഥത്തിന്നു കുറച്ച് സ്ഫുടത പോരാതെ വരുന്നുണ്ടെങ്കിൽ ആയത് വൃത്തഭേദം വരുത്താതിരിക്കേണമെന്നുള്ള നിൎബ്ബന്ധത്തിന്റെ ഫലവും 'ഏകോ ഹി ദോഷോ ഗുണസന്നി

പാതേ നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ' ഇതിന്യായേന സുസഹവുമായിരിക്കും.

ഗ്രന്ഥങ്ങളിൽ വായിക്കേണ്ടതും വായിക്കുന്നതും എന്നു രണ്ടു വിഭാഗങ്ങളുണ്ടെന്നും ആ രണ്ടിലുംകൂടി ഉൾപ്പെട്ടവ ചുരുക്കമാണെന്നും പ്രസിദ്ധമായ ഒരു വാസ്യവചനമാണല്ലോ. ഈ ഗ്രന്ഥത്തെ ആ വക ചുരുക്കം ഗ്രന്ഥങ്ങളിൽ ഒന്നായി എണ്ണുന്നതിനു ആർക്കും യാതൊരു സംശയവുമുണ്ടാകുന്നതല്ല.

ഈ വിശിഷ്ടഗ്രന്ഥത്തെപ്പററി മഹാന്മാരായ പലരും പല പ്രകാരങ്ങളിലും അഭിനന്ദനങ്ങളെ ചെയ്തിട്ടുള്ള സ്ഥിതിക്ക് ഞാനിപ്പോൾ വല്ലതും പറയുന്നത് അനാവശ്യമാണെന്നിരിക്കിലും 'കോകിലാഃ കില സന്തീതി കാകേ മൂകം ന ജായതേ' എന്ന് ഒരു സരസൻ പറഞ്ഞിട്ടുള്ളതു തന്നെയാണ് എനിക്കുള്ള സമാധാനം.

മലയാളഭാഷക്ക് ഇത്രയും വലിയ ഉപകാരത്തെ ച്ചെയ്തിരിക്കുന്ന മഹാഭാരതതർജ്ജമക്കാരനെന്ന് മലയാളികളെല്ലാം ആധമർണ്ണ്യപ്രന്ധകൂപത്തിൽനിന്ന് കയറാൻ വയ്യാത്തവിധം കടപ്പെട്ടുപോയിരിക്കുന്നുവെങ്കിലും അവരെല്ലാവരുംകൂടി ഒരുമിച്ച് ഈ മഹാന് 'കേരളവ്യാസൻ' എന്നൊരു ബിരുദത്തെ കൊടുക്കുന്നതുചിതമായിരിക്കുമെന്നുള്ള അഭിപ്രായത്തെ ഞാനും പിൻതാങ്ങിക്കൊണ്ട് തൽക്കാലം വിരമിക്കുന്നു.

പു. നീലകണ്ഠശർമ്മ.

വിമല*

പിച്ചകപ്പൂക്കൾവിടരുന്നതുമേററ
ഉച്ചമായ്മേഘങ്ങൾനില്പതുമായിട്ടും

---

* ഈ കവിത ആംഗ്ലേയ മഹാകവികളിൽ ഒരാളായ ടെന്നിസന്റെ ലേഡിക്ലേയർ (Lady Clare) എന്ന ചെറിയ കൃതിയുടെ ഒരു ഭാഷാന്തരമാണ്. മലയാളഭാഷയിലുള്ള*, ഏററവും നല്ലവയിലും ചേരുന്നതും സ്വതന്ത്രങ്ങളുമായ കവിതാ

കാലത്താതലിന്നാംരോണ്ണദിനാംപ്പെ
മോദാൽവിമലയാംതന്നാപിക്കുന്നാകവാൻ.
കൊണ്ടന്നിളസിതപത്മനിറാംപൂണ്ടം-
രണ്യന്രശോഭകലന്നമാനമ്പടയേ
നിൻദയോടല്ലാപിരിഞ്ഞതവരെന്നു
നല്ലവിശ്വാസമെനിക്കുണ്ടുലോകരേ.
അന്യോന്യമാം പ്രേമമുള്ളവർക്കേറ
മൂന്നുതന്നെനിശ്ചപ്പെട്ടിളവല്ലിയും.
നാളെപ്രഭാതനിൽവേളികഴിക്കുന്നു,
ദൈവപ്രസാദാനുഗ്രഹംഭവിക്കേണമേ.
'എൻറകുഡുംബത്തയോ, വിശാലങ്ങളും-
മെൻറനിലങ്ങളേയോനിനച്ചല്ലുമൽ
പ്രാണപ്രിയനെന്നെയിഷ്ടപ്പെടുന്നതു
ഞേമോടുമെന്നാനിനച്ചതന്നൊട്ടുമ്.
മോദിച്ചിട്ടുന്നനാഹരമുളമാശ്',
ഞാനേപറഞ്ഞാളിമെത്തഞ്ഞിയാൾ.
അപ്പോളക്കേതകവന്നവളുത്തമ
വൃദ്ധയായുള്ളവിനീതചോദിച്ചിതു:—
'നിന്നുടെചാരുതനിന്നാതതാനൊടെ
മന്ദംഗമിച്ചതുസുന്ദരിമണിയേ.'
'എന്നുടെബന്ധുവാം രോണദനാണേകം-
ളെന്നെവേട്ടുകുന്നുനാളുദ്ദിനമായവൻ.'
'ദൈവത്തിനെസ്തുതിക്കുന്നുഞാൻ, സർവ്വം
മംഗിയായ് ന്യായമായ്തന്നേഭവിച്ചിത-
രോണദനാണവകാശിയീവീട്ടിലേ
ക്കെന്നുമേചാർച്ചയില്ലാവിമലേതവ.'

കിളിപ്പാട്ടാണെങ്കിലും എന്റെ അഭിപ്രായത്തെ അടിസ്ഥാനമാക്കീട്ടാണ് ഇതെഴുതിയത്. ഇംഗ്ലീഷോ, സംസ്കൃതമോ, അധികം പഠിച്ചിട്ടില്ലാത്ത മലയാളികളുടെ ഇടയിൽ രസവിവേചനത്തിനു വിശേഷവിധിയുണ്ടാകുന്നതിന് ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുമെന്നാണ് എന്റെ വിശ്വാസം.

ചൊല്ലിനാളപ്പോൾവിമലയുമിങ്ങിനെ:—
'വന്നിതോബുദ്ധികളിളക്കംനിനക്കേടോ?
എന്തൊരസംബന്ധംപറയുന്നതീവിധ
മെന്മെല്ലുമല്പ്യയകംവിനീതേശ്രുതേ.'
'ദൈവമാണെ,കഥിക്കുന്നതുസത്യമാ-
മെന്നുടെപുത്രിയത്രേനീയറികെടോ
വൃദ്ധനാമീയെന്റെഭ്രൂവിൻതനയയാം
കഷ്ടംമരിച്ചുവെൻമാറിൽകിടക്കവേ
ചൊന്നതുസത്യമത്രേഞാൻഭുജിപ്പതാ-
മന്നത്തിനാണ്,പിഴച്ചതില്ലമ്മേ.
അക്കഞ്ഞിനെമറച്ചെയ്യുന്നിതിനുള്ള
ഏത്രയാകംശിക്ഷവെന്നുചൊല്ലീട്ടുഞാൻ.
പിന്നെയെൻകുഞ്ഞിനെമറതിൻസ്ഥാനത്തു
നന്നായിവച്ചുനിതിന്നുപാതകം?'
'അമ്മേ,ചതിപിഴച്ചിതുപാരമായ്—
ചൊന്നതുസത്യമാണെന്നുവരികിലോ,
ലോകത്തിലേററവുമുത്തമനായൊരു
പൂരുഷനല്ലയനമിടക്കവേതോ!'
'അങ്ങിനെയല്ലെന്റകത്തെ,രഹസ്യത്തെ
നന്നായിരക്ഷിക്കണംമരണംവരേ
നിന്നെവിവാഹംകഴിച്ചാലിതൊക്കയും
ചൊല്ലാനൊരാണൊന്നുള്ളതാകംസുതേ.'
ജനത്തിനാൽഞാൻദരിദ്രയെന്നാകിലോ
ചൊല്ലുവനെല്ലാമിതെന്നവ്യാജംവിനാ-
വശ്യാകപടംകഥിപ്പാനൊനിക്കെന്റെ
യമ്മേ,പതക്കമെഴിച്ചുലിപ്പോഴേ.
വിശ്വാതാജ്ഞാവിളങ്ങുന്നമലേയു-
മൊക്കെയുംഭ്ലനെവികരണത്രേദ്രവം.'
'പെണ്ണേവിവേകംകുറഞ്ഞപ്രവൃത്തികൾ
കാട്ടുംമനുഷ്യനാകുന്നപോലെനീ!'

ഞങ്ങളിന്നെയല്ലാ, കുറച്ചെങ്കിലും സത്യ-
മുണ്ടോപ്പുമാനെന്നറിയേണമിന്നുമേ.'
'എന്തങ്ങു സത്യം? മൂവകെപ്പിടിച്ചിട്ടും
ഇന്നവകാശത്തെ രോണൻ നിന്നിട്ടയം.'
'നാംകുവന്നായവന്നായതു നിശ്ചയ-
മിന്നല്ലിൽ ഞാൻ മരിക്കേണമെന്നാകിലും'
'എങ്കിലും, നിൻറമ്മതാവിന്നു നാംകവീ
ചുംബനമൊന്നെൻറെകൈത്തെ, പിഴച്ചു ഞാൻ
നിൻറഗുണത്തിനായ്ത്തന്നെയതെന്നറി!'—
എന്നുപറഞ്ഞാൾ വിനീതദുഃഖത്തോടും.
'ഹാഹാ! മദീയമതാവേ, യിതൊക്കയു-
മേറെപ്പുതിയതായ്ത്തോന്നുന്നിതിന്നുമേ.
എങ്കിലുമെൻറപ്രിയപ്പെട്ടോരമ്മയ്ക്കു
ചുംബനം നാംകനുകതിരെക്കൊണ്ടു ഞാൻ,
അമ്മേ, ഭവതിയെൻമെയ്യലിയിൽ കൈവച്ചു
ഞാൻ പോയിട്ടുമുൻപനുഗ്രഹിക്കേണമേ.'
ആഡംബരങ്ങളെല്ലാം വെടിഞ്ഞത്ര്യം
തീണെതരം വസ്ത്രവും ധരിച്ചായവൾ
കേശത്തിലൊററരോസപ്പൂവണിഞ്ഞിട്ടു
പോയവൾ കടന്നകന്നംതോട്ടങ്ങളും.
രോണൻ നാൾക്കിയമാരപ്പോടയുമുടൻ
ചാടിയെഴുന്നേററുകന്യകതന്നുടെ
കയ്യിൽ ശിരസ്സിനെയപ്പിച്ചു പിന്നെയു-
മന്നാൾ തൻ പിമ്പനാടനുപ്രക്കോത്തോട്ടേ.
തന്നുടെ സ്വാമിയിക്കുതിന്നിറങ്ങിക്കണം
മൊന്നിട്ടു രോണൻ ചൊല്ലിനാനിങ്ങിനെ:—
'അർദ്ധവിമലേ, മഹാതപമേ, നീ
യെന്തിനീവണ്ണം കറുത്തമാന്യത?
ഭൂമിതൻ ശ്രേഷ്ഠമാം പുഷ്പമേയെന്തിനീ
മുഷമാം വസ്ത്രം ധരിക്കുന്നതെന്തഹോ!'

‘ഭൃത്യൻറാനധിശികൊണ്ടവസ്ത്രമാത്രേയിളു,
ജന്മത്തിനാൽഞാൻദരിദ്രയാണെപ്രിയോ
മാടമ്പ്യാനിക്കില്ല,സമ്പത്തുമില്ല'യെ
ന്നായവൾചൊന്നാളുറപ്പോടുമെത്രയും.
‘കർമ്മണാവർഷനിനക്കധീനൻധരി-
ക്കുന്നൊട്ടസൂത്രങ്ങൾവേണ്ടതെല്ലാംപ്രിയേ
നിന്നുടെവാളുഗ്രഹിക്കുന്നതില്ലഞാൻ'
എന്നുപറഞ്ഞിതുശോണനെന്നാംപ്രഭു.
പാരമലിമാനമോടവൾനിന്നിതു
ചേതസ്സിനൊട്ടുംകുറഞ്ഞില്ലധൈര്യവും.
ശോണൻതൻകണ്ണിൽനോക്കിനിന്നായവ-
ളാകവേചൊല്ലീവളർത്തമ്മചൊന്നവ.
ആയവനുത്സാഹമോടുംചിരിച്ചുകൊ-
ണ്ടാണീകരച്ചുംബനംചെയ്തുചൊല്ലിനാൻ:—
‘ജന്മാവകാശംനിനക്കില്ലയെങ്കിലോ,
പിന്നെയവകാശിഞാനാണതവൻ;
നാളെപ്രഭാതത്തിൽവേൾക്കുവൻനിന്നെഞാൻ
മാടമ്പികോട്ടത്തുതന്നെവസിക്കാംപ്രിയേ.

ജി. രമേശമേനോൻ, എം. എ.

നാരായണിക്കുട്ടി

ഭയങ്കരമായ ഒരു രാത്രി. കൂരിരുട്ട്, അതിതണുപ്പ്. ജീവലോകത്തെ പീഡിപ്പിക്കുന്നതിൽ ആർക്കാണ് അധികം ശക്തിയെന്ന് ഇരുട്ടും തണുപ്പുംകൂടി മത്സരിക്കുകയോ എന്നുതോന്നും. ആകാശത്തിൽ ചന്ദ്രനാകട്ടെ ഒരു നക്ഷത്രമാകട്ടെ ഇല്ല. ചന്ദ്രനും നക്ഷത്രങ്ങളുമുള്ള ആകാശം നമ്മുടെ നാട്ടിലെ ഉദ്യ

എന്നാം ആ പ്രദേശത്തു തമോഗുണപ്രധാനമായ ഘോരകാരാഗൃഹമാണ് ഉള്ളതെന്നും തോന്നിപ്പോകും. അർദ്ധരാത്രി കഴിഞ്ഞു. ഒരു പ്രാണിയുടെ ശബ്ദവുമില്ല. മൃത്യുവാകുന്ന ദേവത ഇര കിട്ടാഞ്ഞിട്ട് പല്ലിളിച്ചുകാട്ടുകയും ഇരമ്പുകയും ചെയ്യുന്നതാണൊ എന്നു തോന്നുമാറ് ഇടക്കിടക്ക് ഇടിമിന്നലും മുഴക്കവുമുണ്ട്. 'കേമമായ ഒരു സദ്യയുടെ വറുതി' എന്നപോലെ ഈ ഇടിയും മിന്നലും അതികഠിനമായി പെയ്തു തോർന്ന ഒരു മഴയുടെ അവശേഷമാണ്. ഇടിയിലുള്ള ഭയം നിമിത്തവും തണുപ്പിന്റെ ശക്തിയാലും മദിരാശിയിൽനിന്ന് ബോമ്പെക്കു പോകുന്ന മെയിൽവണ്ടിയുടെ ജനലകളെല്ലാം അടച്ചിരിക്കുന്നു. എന്നാൽ രണ്ടാം ക്ലാസ്സിൽ രണ്ടു മുറികളുടെ വാതിലുകൾ മാത്രം തുറന്നു കിടപ്പുണ്ട്. അവ രണ്ടും അടുത്തടുത്തല്ലാതാനും. ഇതിലൊന്നിൽ ചെറുപ്പക്കാരനായ ഒരാൾ മാത്രമേ ഉള്ളു. അയാൾ ബൂട്സും, കാൽസ്രായും, കോട്ടും, വെട്ടി ഭംഗിയാക്കിയ തലയിൽ ഒരു തൊപ്പിയും, വാച്ചും, ചങ്ങലയും, ധരിച്ച ഒരു യൌവനക്കാരനാണ്. തടിച്ച പ്ളാനൽകൊണ്ടുള്ള ഉടുപ്പു ധരിച്ചിരുന്നതിനാൽ പുറത്തുള്ള തണുപ്പിന്റെ വട്ടവും മനസ്സ് ഏകാഗ്രമായി ഒരു പുസ്തകത്തിൽ പതിച്ചുകൊണ്ടിരുന്നതിനാൽ ഇടിയുടെയും മിന്നലിന്റെയും കോലാഹലവും താനൊന്നുമറിയുന്നില്ല. മറെറ രണ്ടാംക്ലാസ്സ് വണ്ടിയിൽ അയ്മ്പത്തഞ്ചു വയസ്സ് പ്രായമുള്ള ഒരു യോഗ്യപുരുഷനും നാല്പതു വയസ്സായ ഒരു സ്ത്രീയും അവരുടെ ഏകപുത്രിയായി പതിനാറു വയസ്സ് പ്രായമുള്ള ഒരു യുവതിയും മാത്രമേ ഉള്ളു. വിലയേറിയതും വളരെ ചൂടുള്ളതുമായ ഒരുതരം ശീലകൊണ്ടു വെള്ളക്കാരത്തികളുടെ ഉടുപ്പിന്റെ സമ്പ്രദായത്തിൽ തുന്നിച്ചിട്ടുള്ള ഉടുപ്പാണ് മകൾ ധരിച്ചിരിക്കുന്നത്. അച്ഛനും അമ്മയും കട്ടിയുള്ള കമ്പിളംകൊണ്ട് ആപാദചൂഡം മൂടിപ്പുതച്ചു കിടക്കുന്നു. അച്ഛന്റെ കാൽ രണ്ടും എടുത്ത് മടിയിൽ വെച്ച് തലോടിക്കൊണ്ട് മകൾ ഇരിക്കുകയാണ്.

അച്ഛൻ:— മകളെ! നീ ഇങ്ങിനെ ഇരുന്നു കഷ്ടപ്പെടേണ്ട, മേലെത്തട്ടിൽ കയറി കിടന്നുകൊള്ളു.

മകൾ:— വേണ്ട അച്ഛാ, എനിക്കു അച്ഛന്റെ കാൽക്കൽ ഇരിക്കുന്നതാണ് അധികം സുഖം.

അച്ഛൻ:— എന്നാൽ ഞാൻ മുകളിലേക്കു പോയെങ്കിലൊ?

മകൾ:— എന്നാൽ ഞാനും വരും.

അച്ഛൻ:— ഹ! ഹ! അങ്ങിനെയാവുമൊ കുട്ടീ? എനിക്കു പ്രായമായില്ലെ, മുകളിലേക്കു പോരേണ്ട കാലമായില്ലെ?

മകൾ:— ഇങ്ങിനെ ഒന്നും പറഞ്ഞ് എന്നെ വ്യസനിപ്പിക്കരുത്. ഞാൻ കരയും.

അമ്മ:— കരഞ്ഞാലൊ? ഞങ്ങൾക്കു പോരേണ്ട കാലം വന്നാൽ പോകാതെ കഴിയുമൊ? ഓമനേ! ഇന്നല്ലെങ്കിൽ നാളെ ഞങ്ങൾ പോയിട്ട് ഇരിക്കേണ്ടവളല്ലെ നീ?

കുട്ടി മറുപടി പറയുന്നതിനുമുമ്പ് വണ്ടി ഒരാപ്പീസിൽ എത്തി. അതിനാൽ ഈ സംഭാഷണവും നിന്നു. വണ്ടി നീങ്ങിത്തുടങ്ങിയതിനുശേഷം,

മകൾ:— അച്ഛാ തണുപ്പ് വല്ലാതെ ഉണ്ട്. ഒരു ബ്ലാങ്കററ് കൂടി വേണൊ?

അച്ഛൻ:— വേണ്ട വേണ്ട. ഒന്നുകൊണ്ടുതന്നെ വല്ലാതെ ഉഷ്ണിക്കുന്നു. കുറേശ്ശെ ദാഹവും ഉണ്ട്. ഗോപാലൻ പിടിമൊന്തയിൽ ചുക്കുവെള്ളം കൊണ്ടുവന്നു വെച്ചിട്ടില്ലെ?

മകൾ:— ഉണ്ട്. പക്ഷെ അതു വല്ലാതെ തണുത്തുപോയി. ഞാൻ ഒരു സോഡാക്കുപ്പി പൊട്ടിക്കാം.

അച്ഛൻ— എന്തായാലും വേണ്ടില്ല, എനിക്കു കുറച്ചുവേണം.

അമ്മ— കുറച്ചെനിക്കും.

മകൾ ഉടനെ കുപ്പി തുറന്ന് രണ്ടു ഗ്ലാസ്സിലാക്കി അച്ഛനും അമ്മക്കും കൊടുത്തു. 'ആവൂ' എന്നു പറഞ്ഞ് അവർ യഥാപൂർവം മൂടിപ്പുതച്ചു കിടപ്പായി. മകൾ അച്ഛന്റെ കാല്പാദം തലോടിക്കൊണ്ടു പണ്ടത്തെപ്പോലെതന്നെ ഇരുന്നു. അഞ്ചുമിനിട്ടിനുള്ളിൽ അച്ഛൻ ഉറങ്ങി എന്ന് മകൾക്കു മനസ്സിലായി. മകൾ ഓരോ മനോരാജ്യം വിചാരിച്ചുതുടങ്ങി. 'അത്ര വാത്സല്യമുള്ള ഗുരുജനങ്ങളെ ശുശ്രൂഷിക്കുന്നതിനേക്കാൾ സന്തോഷമായി മറെറന്താണ് ഉള്ളത്. എ

ന്റെ അച്ഛന്റെ ഗുണങ്ങൾക്കതിരില്ല. ഇതുവരെയും എന്നോട് ഒരു കറുത്ത വാക്കു പറഞ്ഞിട്ടില്ല. ബാങ്കിൽ പണം ഇറപ്പിച്ചതിലും കൃഷി വാണിജ്യത്തിലും ബഹുകൾവ്യ പണിയിച്ചു തന്നതിലും ഒന്നുമല്ല അധികം കാര്യം. 'അച്ഛാ എനിക്ക് ഇംഗ്ലീഷു പഠിക്കാൻ മോഹമുണ്ട്' എന്നു ഞാൻ പകുതി പറഞ്ഞപ്പോഴേക്കും 'അങ്ങിനെതന്നെ' എന്നു പറഞ്ഞ് അമ്മയോടെതിരിച്ച് [illegible]ല്ലാം എന്റെ പഠിപ്പിനുവേണ്ടി മദിരാശിയിൽ താമസിപ്പിച്ചില്ലേ? പണം എത്ര ചിലവായി? കഷ്ടം എത്ര പെട്ടു? എന്റച്ഛാ' ഇത്രയും പറഞ്ഞപ്പോഴേക്കും അച്ഛനെക്കുറിച്ചുള്ള പ്രതിപത്തിയുടെ ആധിക്യത്താൽ അച്ഛന്റെ കാലല്പം ഉയർത്തി, തന്റെ [illegible]ല്പം താഴ്ത്തി കാലിന്മേൽ ഒന്നു ഉമ്മവെച്ചു. പിന്നെയും വിചാരം തുടങ്ങി. 'കോളേജിൽ പോയപ്പോൾ എന്നെ കൊണ്ടുപോരാതെ കഴിക്കാൻ നോക്കിയല്ലോ. അമ്മയാണ് അധികം വാശി പിടിച്ചത്. അയ്യോ! തന്റെ മകൾ വഴിയാത്രകൊണ്ട് കഷ്ടപ്പെട്ടു പോകുമെന്നു വിചാരിച്ചാണെ എന്റെ അമ്മ പറഞ്ഞത്. എന്റെ കണ്ണീരു കണ്ടപ്പോൾ പ്രകൃതം മാറി. എന്നെ കൊണ്ടുപോരണമെന്നു സിദ്ധാന്തിച്ചതും അമ്മതന്നെയാണെ. എന്റെ അമ്മേ.' ഇത്രയും പറഞ്ഞ് അച്ഛന്റെ കാൽ താഴ്ത്തിവെച്ച് അമ്മ കിടക്കുന്നതിനടുത്തുപോയി അമ്മയുടെ കാലിന്മേലും ഒന്നു ഉമ്മവെച്ചു. 'നിനക്കെന്താ തലക്കു നല്ല സുഖമില്ലേ അമ്മു' എന്ന് അമ്മ ചിരിച്ചുംകൊണ്ടു ചോദിച്ചപ്പോഴാണ് അമ്മ ഉറങ്ങിട്ടില്ലെന്നു മകൾക്കു മനസ്സിലായത്. 'ഒന്നുമില്ല' എന്നു പറഞ്ഞു പൂർവ്വസ്ഥാനത്തുതന്നെ വന്നിരുന്നു. ഒരു ഇംഗ്ലീഷു പുസ്തകമെടുത്തു വായിപ്പാൻ തുടങ്ങി. ഈ സമയത്തെല്ലാം തീവണ്ടിയാകട്ടെ, മരിപ്പാൻ കിടക്കുന്ന ഒരാൾക്കു കഫത്താൽ 'കണ്ഠോപരോധനം' നിമിത്തമുണ്ടാകുന്ന 'ഖരഖര' ശബ്ദംപോലെയുള്ള ശബ്ദത്തോടുംകൂടി ഓടിയും ക്ഷുദ്രൻ, തരുകൻ, മഹിന്നൻ ഇത്യാദികളായ ഓരോ വായുവും വലിച്ചതിന്റെ മറ്റൊന്നിലേക്കു കടക്കുമ്പോഴുണ്ടാകുന്ന പ്രാണബന്ധവും പ്രവേശിച്ചു കഴിഞ്ഞാൽ സുപ്രഭാതത്തേക്കുണ്ടാവുന്ന ഒരു ശാന്തതയും വീണ്ടും പൂർവ്വപ്രകാരേണയുള്ള വലിയും പോലെ ഓരോ ആപ്പീസും അടുക്കുമ്പോൾ ഉച്ചത്തിൽ ഒന്നു വിളി

വിളച്ചും പിന്നെ സ്വല്പനേരം ഒന്നാക്കംകൂടാതെ നിന്നും പിന്നേയും പണ്ടത്തെ മാതിരിതന്നെ ഓടിയും തന്റെ ജോലി ക്രമമായി നടത്തിക്കൊണ്ടിരിക്കുന്നു. നോവൽ വായിക്കുന്ന നമ്മുടെ യുവതി വായിച്ച് ഒരു വ്യസനഘട്ടത്തിൽ എത്തിയിരിക്കുന്നു. കഥയിൽ ഏകാകിനിയായി അപകടസ്ഥിതിയിൽപ്പെട്ട ഒരു സ്ത്രീ 'ദൈവമേ എന്നെ രക്ഷിക്കണെ' എന്നു വ്യസനാക്രാന്തയായി നിലവിളിക്കുകയായിരുന്നു. സന്ദർഭത്തിന്റെ ഗൗരവംകൊണ്ട് ഈ ഘട്ടത്തിൽ നമ്മുടെ യുവതിക്കു സഹതാപംനിമിത്തം കണ്ണിൽ വെള്ളം നിറയുകയും മനസ്സിനു തട്ടിയ ക്ഷോഭത്തിന്റെ ശമനത്തിനായി തീവണ്ടിയുടെ ജനേലയിൽകൂടി തല പുറത്തേക്കിട്ടുകൊണ്ടിരിക്കുകയും ചെയ്തു. ഒരു കായലിന്റെ നടുക്കുകൂടി തീവണ്ടിപ്പാതയിട്ട് അതിന്മേൽകൂടിയാണ് വണ്ടി പോകുന്നത് എന്നു തോന്നത്തക്കവണ്ണം ആ പ്രദേശം മുഴുവനും ജലപ്രളയമായികിടക്കുന്നു. എന്നല്ല ചില ദിക്കുകളിൽ വണ്ടിവഴിയിലേക്കുകൂടി വെള്ളം കയറീട്ടുണ്ട്. പെട്ടന്നു വണ്ടിക്കു വല്ലാതെ ഒരു ചലനവും കുട്ടിയിരിക്കുന്ന ഭാഗത്തേക്ക് ഒരു ചരിവും പററിയതോടുകൂടി ആ യുവതി പുറത്തേക്കു വെള്ളത്തിൽ വീഴുകയും വലുതായ ഒരു പാലം അറേറ തകൎന്നു വണ്ടി പുഴയിൽ വീണു താണുപോകുകയും ചെയ്തു. (ഇങ്ങിനെയൊരു അപകടം ഉണ്ടായതായി കേട്ടിട്ടില്ലല്ലൊ എന്നു വായനക്കാരാരും ശങ്കിപ്പാനാവശ്യമില്ല. പ്രസിദ്ധപ്പെട്ട 'മംഗാപട്ടണം' അപകടംതന്നെയാണിത്) 'ദൈവമെ എന്നെ രക്ഷിക്കണെ' എന്ന് കഥയിലെ സ്ത്രീ നിലവിളിച്ച വാക്കുകൾതന്നെ ഓൎത്തുകൊണ്ടിരുന്ന നമ്മുടെ സ്ത്രീ ആ വാക്കുകൾതന്നെ വിചാരിയാതെ ഇംഗ്ലീഷിൽ ഉറക്കെ വിളിച്ചുപറഞ്ഞു. 'നിങ്ങളെ ഞാൻ രക്ഷിക്കും'. എന്ന് ഇംഗ്ലീഷിൽ പറഞ്ഞുകൊണ്ടു നമ്മുടെ പരിഷ്കാരിയായ യുവാവ് അടുത്തുവന്നു. അദ്ദേഹം പാലം മുറിഞ്ഞ് വണ്ടി പുഴയിൽ വീഴുന്നതായി അറിഞ്ഞു രക്ഷപ്പെടുവാനായി പുറത്തേക്കു ചാടിയതാണ്. ദൈവഗത്യാ അദ്ദേഹം ചാടിയ ദിക്കിൽ നിലയുണ്ടായിരുന്നു. സമയത്തിന്റേയും സ്ഥലത്തിന്റേയും അപകടത്തിന്റേയും ഭയങ്കരതയാൽ പെട്ടന്നു സ്തബ്ധനായി നില്ക്കുമ്പോഴാണ് തന്നോടൊപ്പം അപകടസ്ഥിതിയിൽ

പ്പെട്ടതും തനിക്കു മനോധൈര്യവും ദേഹശക്തിയും ഉണ്ടായില്ലെന്നു ഊഹിക്കാവുന്നതുമായ ഒരാളുടെ മേൽപറഞ്ഞ നിലവിളി കേട്ടത്. സാമാന്യമുള്ള ആളുകളെല്ലാം, അതായതു മരണത്തിൽ ഭയമുള്ള 'ഭീരു' വൎഗ്ഗത്തിൽപ്പെട്ടവരെല്ലാം താന്താങ്ങളുടെ പ്രാണങ്ങളുംകൊണ്ടു കരപിടിക്കുവാൻ നോക്കുകയാണ് അപ്പോൾ ഉണ്ടാവുക. എന്നാൽ 'പരോപകാരാൎത്ഥമിദംശരീരം' എന്നുള്ള ആപ്തവാക്യത്തിന്റെ സാരാംശം വേണ്ടുംവണ്ണം ഗ്രഹിച്ചു അതിന്നനുസരണമായി പ്രവൃത്തിക്കുവാൻ ശീലിച്ചു ഇടങ്ങീട്ടുള്ള ഗംഭീരചിത്തനായ നമ്മുടെ യുവാവാകട്ടെ ദീനസ്വരത്തിലുള്ള ഒരു സ്ത്രീശബ്ദം കേട്ടപ്പോൾ അവളെ രക്ഷിക്കുവാൻ നോക്കേണ്ടതു തന്റെ പൌരുഷത്തിന്റെ കടമയാണെന്നോൎത്ത് ആ ശബ്ദം കേട്ട ദിക്കിലേക്കു നീന്തിച്ചെന്നതാണ്.

ഹാ കഷ്ടം! മനുഷ്യന്റെ സ്ഥിതികളെല്ലാം എത്ര നിസ്സാരങ്ങളാണ്. ഒരു മണിക്കൂറുമുമ്പെ വാത്സല്യമുള്ള ഗുരുജനങ്ങളുടെ ശുശ്രൂഷാസുഖം അനുഭവിച്ചുകൊണ്ടിരുന്ന ആ കുട്ടിയുടെ മാതാപിതാക്കന്മാരെവിടെ? ശുശ്രൂഷാസുഖമെവിടെ? 'മേളിലേക്കു' പോകുന്നതിനെപ്പററി നേരമ്പോക്കായി പറഞ്ഞ ആ അച്ഛനമ്മമാരുടെ കളിവാക്കിന്റെ ഫലമെന്തായി? മകളുടെ കൈകൊണ്ടു രണ്ടുപേരും വെള്ളം വാങ്ങി കുടിച്ചപ്പോൾ അതു് അവസാനത്തെ വെള്ളമാണെന്ന് ആർ വിചാരിച്ചു? ഈ വക ചിന്തകളെല്ലാം നിൎത്തിവെക്കാം. പ്രസ്തുതം നടക്കട്ടെ.

യുവതി— അങ്ങയുടെ ദയക്കു വളരെ വന്ദനം. എന്നാൽ ഞാൻ ജീവിച്ചിരിപ്പാൻ ആശിക്കുന്നില്ല. എന്റെ ആശാദീപങ്ങൾ രണ്ടും ഈ വെള്ളത്തിൽ കെട്ടുപോയി. എന്റെ അച്ഛാ! എന്റെ അമ്മെ! നിങ്ങൾ എന്നെ തനിയിട്ടുംകൊണ്ട് എങ്ങിനെപോയി. നിങ്ങൾക്കു ഒരു മകളല്ലെ ഉള്ളു.

യുവാവ്— ഞാൻ ഏററവും പൂൎവ്വമായി സഹതപിക്കുന്നു. എങ്കിലും അവനവൻ രക്ഷപ്പെടാൻ മാൎഗ്ഗം നോക്കേണ്ടതാണ്.

യുവതി— പക്ഷെ എനിക്ക് അതിനു മനസ്സു വരുന്നില്ല. ഞാൻ മാത്രം ജീവിച്ചിരുന്നിട്ടു എന്താണ് കാൎയ്യം? അയ്യോ എന്റെ അ

ച്ഛനേയും അമ്മയേയും ഒരുമാസം പിരിഞ്ഞിരിപ്പാൻ വയ്യാഞ്ഞിട്ടാണല്ലോ ഞാൻ ഈ കാശിയാത്രയിൽകൂടെ പോന്നത്. ഇനി അവരെ എന്നെന്നേക്കും പിരിഞ്ഞു ഞാൻ ജീവിച്ചിരിക്കുന്നതെങ്ങിനെ? അവരുടെ മുറിയിൽ ചെന്നുകിടന്നു ചാവട്ടെ എന്നും പറഞ്ഞു വെള്ളത്തിൽ ഒരു മുങ്ങ്. യുവാവ് കൂപ്പം മുങ്ങി ഒരു നിമിഷത്തിനുള്ളിൽ കയ്യുപിടിച്ചുയർത്തിക്കൊണ്ടുവന്നു.

യുവാവ്— അരുതെ ഈ സാഹസം ചെയ്യരുത്. ആത്മഹത്യ ചെയ്യുവോർ പരത്തിൽ ഗതിയില്ല. എന്നു മാത്രവുമല്ല കുട്ടി ഉദകക്രിയ ചെയ്തിട്ടുവേണം മാതാപിതാക്കന്മാൎക്കു ഗതി കിട്ടുവാൻ. അതുകൊണ്ട് രക്ഷപ്പെടുവാൻ നോക്കാം. ഇപ്പോൾതന്നെ ഒഴുക്കിന്റെ ശക്തിയാൽ കാൽ നാഴികദൂരം പോന്നുകഴിഞ്ഞു. ഇനിയും സമയം കളഞ്ഞാൽ രക്ഷ ഇച്ഛിച്ചാലും സാധിക്കില്ലെന്നുള്ള ഘട്ടമാകും.

യുവതി— എനിക്ക് ആ ഘട്ടം വരേണമെന്നാണ് മോഹം. എന്നാൽ നിങ്ങൾ പറയുന്ന ആത്മഹത്യാദോഷം ഇല്ലല്ലോ. നിങ്ങൾ രക്ഷാമാൎഗ്ഗം നോക്കിക്കൊൾവിൻ.

ഇതുകേട്ട യുവാവ് വ്യസനിക്കയിച്ചു പ്രാൎത്ഥനാരൂപമായി താഴെ പറയുംപ്രകാരം മലയാളത്തിൽ പറഞ്ഞു. 'അല്ലയോ പരമേശ്വരി! സ്വാവശ്യയായ ഈ സാധുവിൽ അവിടേക്ക് അലിവില്ലാതായല്ലോ ആയത് എന്താണ്? ഞാൻ എത്രതന്നെ ന്യായം പറഞ്ഞിട്ടും കുട്ടിയുടെ മനോഗതി ഭേദപ്പെടുന്നില്ലല്ലോ. ഏത് ദേശക്കാരിയാണ്, ഏത് ജാതിക്കാരിയാണ് എന്നു നിശ്ചയമില്ലെങ്കിലും അനന്യശരണയായി അത്യാപത്തിൽപെട്ട ഈ സാധുവിനെ മൃത്യുവിന്റെ വായിൽ ഉപേക്ഷിച്ചുകൊണ്ടു പോവാൻ എനിക്കു ധൈൎയ്യവും വരുന്നില്ല. ഒന്നുകിൽ മൌൎഖ്യംവിട്ടു രക്ഷാമാൎഗ്ഗം നോക്കുവാനുള്ള ബുദ്ധി ഈ കുട്ടിക്ക് ഉണ്ടാക്കണം. അല്ലെങ്കിൽ സ്വല്പനേരത്തേക്ക് എന്റെ മനസ്സിനെ കരിങ്കല്ലുപോലെ ആക്കിത്തരണം. രണ്ടിലൊന്നു ചെയ്യാതെ എന്നെ വലക്കരുതെ തമ്പുരാട്ടി.

യുവതി— (മലയാളത്തിൽതന്നെ) നിങ്ങളും മലയാളം സംസാരിക്കുന്നുണ്ടല്ലോ. മലയാളത്തുകാരനാണോ?

യുവാവ്— അതെ, കുട്ടിയും മലയാളത്തുകാരിയാണൊ?

യുവതി—അതെ. ഇത്ര ഗുണവാനായ ഒരാൾ മലയാളത്തിൽ ഉള്ളതു ഒരു അഭിമാനഹേതുതന്നെ. നിങ്ങളുടെ ഔദാൎയ്യത്തിനു ഞാൻ കീഴടങ്ങുന്നു. എന്നാൽ കര കാണ്മാൻ പാടില്ലാത്ത വിധത്തിൽ നാലുപുറവും ജലപ്രവാഹമായിരിക്കുമ്പോൾ രക്ഷപ്പെടുവാനുള്ള മാൎഗ്ഗമെന്ത്?

യുവാവ്—ഈ പുഴക്ക് അധികം വിസ്താരമുള്ളതല്ല. നിലയില്ലാത്ത വെള്ളം പുഴയിലെ ഉണ്ടായിരിക്കയുള്ളു. കരയിലും വെള്ളമുണ്ടെങ്കിലും നമുക്കു നിലകിട്ടും. ഈശ്വരിയും സഹായിക്കട്ടെ.

യുവതി—ഘോരതരഹസ്തന്റെ 'വഴിതന്നായിടിലും' രക്ഷിപ്പാൻ കഴിവുള്ള മൂൎത്തിയാണല്ലൊ ഭഗവതി.

ഇത്രയും പറഞ്ഞു രണ്ടുപേരും പുഴയുടെ കരപിടിക്കുവാൻ നീന്തിത്തുടങ്ങി. നല്ലകാലത്തു ബന്ധുക്കളെയിട്ടുള്ളവർകൂടി ദുഷ്കാലങ്ങളിൽ ശത്രുക്കളെയിത്തീരുമെന്നുള്ളതിനു ദൃഷ്ടാന്തമായി വണ്ടിയിൽ ഇരിക്കുമ്പോൾ രണ്ടുപേരേയും കഠിനമായ ശീതത്തിന്റെ ബാധയിൽനിന്നു രക്ഷിച്ചപ്പോൾ ഉടുപ്പുകൾ ഇപ്പോൾ വെള്ളത്തേക്കാൾ അധികം തണുപ്പുള്ളതായും നീന്തുന്നതിൽ വലിയ പ്രതിബന്ധമായും തീൎന്നിരിക്കുന്നു. പ്രാണരക്ഷക്കുള്ള പരിശ്രമമാകയാൽ ഇതൊന്നും സാരമാക്കാതെ ഒരു ഇരുപതുവാര നീന്തി. അപ്പോഴേക്കും യുവാവിന്റെ കാൽ നിലത്തുമുട്ടി 'ഇനി നീന്തണ്ട. ഇവിടെ നിലയുണ്ട്', എന്നു യുവാവു പറയുന്നതുകേട്ടു 'ഇനി നീന്തേണമെന്നു പറഞ്ഞാലുംകൂടി വയ്യാത്തനിലയായി' എന്നു യുവതി മറുവടി പറഞ്ഞു.

രണ്ടുപേരും അല്പം വിശ്രമിച്ചതിനു ശേഷം വെള്ളത്തിൽക്കൂടി നടന്നു തുടങ്ങി. നടക്കുന്തോറും വെള്ളം കുറഞ്ഞു കുറഞ്ഞുവന്നതായി കണ്ടു രണ്ടുപേൎക്കും അല്പം ആശ്വാസം തോന്നി. എന്നാൽ മാനസികമായും കായികമായും ഉള്ള അവസ്ഥാഭേദത്താൽ രണ്ടുപേരും മൌനവ്രതംതന്നെ ആചരിച്ചു. ഏകദേശം ഒരു മണിക്കൂറുകൊണ്ടു അവർ വെള്ളമില്ലാത്ത കര ചവിട്ടി. അവിടെ വീടും കുടിയും ഒന്നും അടുത്തില്ല. ഉണ്ടെങ്കിലും തമസ്സമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ വേർതിരിച്ചറിവാനും പാടില്ല. കഷ്ടം! മനുഷ്യ

ക്ക് ഇത്ര കഷ്ടസ്ഥിതി വരാമല്ലൊ. രണ്ടു നേരം സുഖമായി ഭക്ഷണവും മൂന്നു നേരം കാപ്പിയും പലഹാരവും കഴിച്ച് പട്ടണത്തെപ്പററി മിനുസമേറിയ സാധനങ്ങളെക്കൊണ്ട് പുതച്ചു ശീലിച്ചിട്ടുള്ള രണ്ടു കുട്ടികൾ—തീവണ്ടിയിൽ മൂന്നാം ക്ലാസ്സിൽ സുഖം മതിയാകയില്ലെന്നു വെച്ച് രണ്ടാം ക്ലാസ്സിൽ കയറി പോന്നിരുന്ന നമ്മുടെ തരുണീതരുണന്മാർ—തണുത്തു വിറച്ചും ഇരുട്ടുകൊണ്ടു വഴികാണാതെയും തീരെ അപരിചിതമായ ഒരു ദിക്കിൽ പെട്ടു വലയുന്നു. തങ്ങളുടെ നിത്യസുഖങ്ങളിൽ യാതൊന്നും വേണമെന്നു രണ്ടുപേൎക്കും ആശയില്ല. നനഞ്ഞൊലിക്കുന്ന ഈ ഉടുപ്പുകൾ മാററിയിട്ട് നഗ്നതയെ മറപ്പാൻ മാത്രം ഓരോ വസ്ത്രം—'അമ്മാ ഒരു വസ്ത്രം കൊടുക്കണമ്മാ' എന്ന ദയനീയമായ സ്വരത്തിൽ പറഞ്ഞു യാചിക്കുന്ന ദീനജനങ്ങളിൽ ഉള്ള അനുകമ്പകൊണ്ട് തങ്ങൾ രണ്ടുപേരും പല സാധുജനങ്ങൾക്കും പല അവസരങ്ങളിലും കൊടുത്തിട്ടുള്ള അനവധി പഴയ വസ്ത്രങ്ങളിൽ ഓരോന്ന്—കിട്ടി, വെറും യാചകന്മാരെപ്പോലെ അടുത്തു ധാരാളം കത്തിക്കൊണ്ടിരിക്കുന്ന ഒരു തീയിന്നരികത്തിരുന്നാൽ പരമസുഖമായി എന്നു രണ്ടുപേൎക്കും തോന്നി.

അതുകപ്പാടെ മനസ്സിനുണ്ടായ അസഹ്യമായ സങ്കടം രണ്ടുപേരുടേയും മനോബലത്തെ ഭേദിച്ച് ബാഷ്പരൂപമായി പുറത്തേക്ക് പ്രവഹിച്ചു. കരഞ്ഞിട്ടെന്താണ് കാൎയ്യം? അടുത്തടുത്തുനില്ക്കുന്ന രണ്ടുപേർ തമ്മിൽതന്നെ കാണുന്നില്ല. പിന്നെയാണൊ മറെറാരുത്തൻ കണ്ട് ഇതിന്നൊരു ഉപശാന്തിയുണ്ടാക്കുക? എല്ലാ സ്ഥലത്തും എല്ലാ സമയത്തും പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു തേജസ്സുണ്ടല്ലൊ. ആ തേജസ്സുതന്നെ അവരുടെ അകത്തും പുറത്തുമുള്ള അന്ധകാരത്തെ അകററട്ടെ.

യുവാവ്—ഇങ്ങിനെ നിന്നാൽ തണുപ്പിന്റെ ആധിക്യത്താൽ നമ്മുടെ ദേഹമെല്ലാം തരിച്ച് നടപ്പാൻ പാടില്ലാതെയായിപ്പോകും. അതുകൊണ്ട് കണ്ടെന്ന വഴിയിൽകൂടെ നടക്കാം. വല്ല വീട്ടും കണ്ടാൽ കയറിച്ചെല്ലാം.

യുവതി—എന്റെ കരചരണങ്ങൾ ഇപ്പോൾതന്നെ സ്വേച്ഛപോലെ പെരുമാറുവാൻ സാധിക്കാതായി. ഒരു ഫർലാങ്ങ് തികച്ചു

നടപ്പാൻ എനിക്കു കഴിവില്ല. അതിനാൽ മഹാപാപിയായ എന്നെ വിട്ട് എവിടെയെങ്കിലും പോയി രക്ഷപ്പെടുകയാണ് നല്ലത്. ഇങ്ങിനെയുള്ള ഒരു മകൻ മരിച്ചാൽ മാതാപിതാക്കന്മാർ സഹിക്കയില്ല. എന്നെപ്പററി അനുശോചിപ്പാൻ ആരുമില്ലല്ലൊ'.

നാലുപുറവും കട്ടുതീ പടർന്നുകത്തി വരുമ്പോൾ അതിനുള്ളിൽ പെട്ടിട്ടുള്ള കൊച്ചുമൃഗങ്ങൾ പ്രാണരക്ഷയ്ക്കുവേണ്ടി അഗ്നിജ്വാലയിൽക്കൂടിത്തന്നെ പുറത്തേക്കു ചാടുന്നതുപോലെയായിരുന്നു മേൽ പറഞ്ഞ അവസാനവാചകത്തിലെ ഓരോ വാക്കും ദൌർഭാഗ്യവതിയായ ആ യുവതിയുടെ കണ്ഠത്തിൽനിന്നു പുറപ്പെട്ടത്. കഠിനഹൃദയനായ ഒരു രാക്ഷസനിൽപോലും അലിവുവളർത്തുവാൻ മതിയായിരുന്ന ആ വാക്കുകളാൽ പ്രകൃത്യാ ദയാലുവായ ആ യുവാവ് സ്തബ്ധനായതിൽ അത്ഭുതപ്പെടാനില്ല. എങ്കിലും ആ സമയം വ്യസനിപ്പാനുള്ള ഒന്നല്ലാതിരുന്നതിനാൽ പൌരുഷം മുഴുവനും വിളിച്ചുകൂട്ടേണ്ടി വന്നു.

യുവാവ്— വാശി പിടിച്ചിട്ട് ഫലമില്ലെന്നു കുട്ടിക്കുതന്നെ നല്ല ബോദ്ധ്യമുണ്ട്. ധർമ്മത്തെ ധ്വംസിച്ച് തുച്ഛമായ ഈ ശരീരത്തെ രക്ഷിപ്പാൻ ആഗ്രഹിക്കുന്നവനല്ല ഞാൻ. കുട്ടി മരിക്കയാണെങ്കിൽ അതും തനിച്ചുവേണ്ട. ഈ നിശ്ചയത്തിന് യാതൊരു ഭേദവുമില്ല.

യുവതി— അങ്ങയുടെ ഈ ധർമ്മബുദ്ധിക്ക് ദൈവംതന്നെ പ്രതിഫലം തരും. വിടാതെ വാശിപിടിക്കുന്ന അങ്ങക്കുവേണ്ടി ഞാൻ ജീവിച്ചിരിക്കാമെന്നുണ്ട്. അതുകൊണ്ട് കഴിവുള്ളേടത്തോളം നടക്കാം.

ഇത്രയും പറഞ്ഞ് രണ്ടുപേരുംകൂടി തപ്പിത്തടഞ്ഞു പതുക്കെപ്പതുക്കെ നടന്നു തുടങ്ങി. പുഴയുടെ കരയും പാടങ്ങളും വിട്ടുമരക്കുടിലുകൾ നിറഞ്ഞിട്ടുള്ള വഴികളിലെത്തിയപ്പോൾ നേത്രേന്ദ്രിയം കൊണ്ടു യാതൊരു പ്രയോജനവുമില്ലാത്ത വിധം ഇരുട്ടായി. വല്ല വീടും കണ്ടുപിടിക്കാമെന്നുണ്ടായിരുന്ന മോഹം രണ്ടുപേർക്കും തീരെ ഇല്ലാതായി. ബുദ്ധിക്ഷയിച്ചു വീണ്ടും നിൽപ്പായി. അപ്പോഴേക്കും

കരെ അകലെയായി റാന്തൽ വിളക്കുംകൊണ്ട് ഒരാൾ കടന്നുപോകുന്നതു കണ്ടു. യുവാവു കഴിവുള്ള വിധം ഉച്ചത്തിൽ ഒരു ശബ്ദം പുറപ്പെടുവിച്ചപ്പോൾ വിളക്കുകാരൻ ഈ വഴിക്കു തിരിച്ചു. 'ചരാചരാത്മകമായ പ്രപഞ്ചത്തെ ഭരിക്കുന്ന പരബ്രഹ്മതേജസ്സാണ് ഈ കാണുന്നത്' എന്നു യുവാവ് ഗൽഗദാക്ഷരത്തിൽ പറഞ്ഞതിനെ കേട്ടു യുവതിയും നിഷ്കളങ്കമായ ഭക്തിവിശ്വാസങ്ങളാൽ കണ്ണിൽ വെള്ളം നിറഞ്ഞു.

വിളക്കുംകൊണ്ട് ആയാൾ അടുത്തുവന്നു രണ്ടുപേരുടേയും മുഖത്തു പ്രത്യേകം സൂക്ഷിച്ചുനോക്കിയപ്പോൾ കോമളമായ ആ സ്ത്രീമുഖത്തു മുത്തുകൾപോലെ വിളങ്ങുന്ന കണ്ണീർതുള്ളികൾ ആയാളുടെ മനസ്സിനെ പാടില്ലാതെ പീഡിപ്പിച്ചു. തവിട്ടുനിറത്തിൽ ഒരു കുപ്പായവും കാവിവസ്ത്രംപോലെ ഒരു സോമനും ചെവിമൂടുന്ന ഒരു തൊപ്പിയും ധരിച്ചിട്ടുള്ള നമ്മുടെ വിളക്കുകാരൻ തനിക്കുള്ള മുറിഇംഗ്ലീഷുകൊണ്ട് അവരുടെ സ്ഥിതികൾ മിക്കവാറും ചോദിച്ചറിയുകയും വളരെ സമീപത്തുള്ള തന്റെ ഗൃഹവും അതിലുള്ള സകലസാധനങ്ങളും സന്തോഷപൂർവം അവരുടെ അധീനത്തിൽ വെപ്പാൻ സന്നദ്ധനാണെന്നും സുഖപ്പെടുന്നതുവരെ ഹൃദയപൂർവമായ തന്റെ ആതിത്ഥ്യം സ്വീകരിച്ചു താമസിച്ചാൽ കൊള്ളാമെന്ന് അപേക്ഷയുണ്ടെന്നും ആദരവോടുകൂടി പറകയും ചെയ്തു. മനുഷ്യഹിംസാതല്പരനായ ഒരു പരമദുഷ്ടൻ വന്നു ക്ഷണിക്കുന്നതാണെങ്കിലും തല്ക്കാലത്തെ കഷ്ടാവസ്ഥയിൽനിന്നു കരകയറുവാൻവേണ്ടി അവന്റെകൂടെ പോകുമായിരുന്ന നമ്മുടെ തരുണീതരുണന്മാർ ധർമ്മിഷ്ഠനായ ആയാളുടെ അനുകമ്പാപരിപൂർണ്ണങ്ങളായ വാക്കുകൾ കേട്ടപ്പോൾ ആയാൾ സർവ്വേശ്വരനാൽ പ്രേരിതനായ ഒരു ദേവദൂതനാണെന്നു ദൃഢമായി വിശ്വസിച്ച് ആയാൾ പോയ വഴിക്കു ക്ലേശംകൂടാതെ നടക്കുകയും മനസ്സുകൊണ്ട് ഈശ്വരനെ വഴിപോലെ സ്മരിക്കയും ചെയ്തു. ഏകദേശം അമ്പതുവാര നടന്നപ്പോഴേക്കും ആയാളുടെ വീടായി. വാലിയക്കാരെ വിളിക്കലും വിളക്കു കത്തിക്കലും [illegible] അതിഥികളെ മുകളിലേക്കു കൊണ്ടുപോവലും [illegible]

സ്ത്രീക്ക് ഒരു മഞ്ഞൾച്ചേലയും ഒരു റൌക്കയും ഒരു സാലൊപ്യവും പുരുഷന്ന ഒരു സോമനും ഒരു ഷർട്ടും പച്ചച്ചകലാസ്സും തയ്യാറാക്കിക്കൊടുക്കലും ക്ഷണനേരംകൊണ്ടു കഴിഞ്ഞു.

നമ്മുടെ യുവതിയും യുവാവും ധർമ്മിഷ്ഠനായ ആ മഹാന്റെ ഔദാര്യവിശേഷത്താൽ വശീകൃതന്മാരായി സന്തോഷപാരവശ്യത്താൽ ഒഴുകുന്ന ബാഷ്പധാരയോടുകൂടി തളത്തിന്റെ ഇരുവശത്തുമുള്ള ഓരോ മുറിയിൽ പ്രവേശിച്ച് നനഞ്ഞ ഉടുപ്പ് മാററിയിട്ട് പുതിയ വസ്ത്രങ്ങൾ ധരിച്ച് അണിയറയിൽനിന്നു വേഷംകെട്ടി അരങ്ങത്തു പ്രവേശിക്കുന്ന രണ്ടു പ്രധാനവേഷങ്ങളെപ്പോലെ ദീപപ്രകാശത്താൽ പരിശോഭിതമായ തളത്തിലേക്കു വീണ്ടും പ്രവേശിച്ചു. മുഖത്തോടുമുഖം നോക്കിയപ്പോൾ രണ്ടുപേർക്കും പെട്ടെന്നു രോമാഞ്ചമുണ്ടായി. എന്നാൽ ഈ സമയത്ത് നമ്മുടെ ധർമ്മബുദ്ധിയായ ഗൃഹസ്ഥൻ രണ്ടു കയ്യിലും ഓരോ കോപ്പ ചൂടുള്ള കാപ്പിയുമായി അകത്തു പ്രവേശിച്ചതിനാൽ രണ്ടുപേരുടെയും ശ്രദ്ധ ആ ഭാഗത്തേക്കായി. 'അസമയമാകകൊണ്ട് ഒന്നും നേരെയാവുന്നില്ല. എങ്കിലും ഉള്ളതുകൊണ്ട് പ്രസാദിച്ചുകൊള്ളണം' എന്നു പറഞ്ഞ് മറുപടിക്കു കാത്തുനില്ക്കാതെ ഗൃഹസ്ഥൻ താഴത്തേക്കിറങ്ങിപ്പോകയും ചെയ്തു. ഭൂലോകത്തിലുള്ളവർക്ക് അമൃതാസ്വാദനം സാദ്ധ്യമല്ലല്ലൊ. എന്നാൽ അവർ അപ്പോൾ കുടിച്ച കാപ്പി അമൃതുതന്നെയായിരുന്നു. കാപ്പി കുടിച്ചുകഴിഞ്ഞപ്പോഴേക്കും വലുതായ ഒരു പരവതാനിയും ഒരു തലയണയുംകൊണ്ട് ഗൃഹസ്ഥൻ പ്രവേശിച്ചു. ഭാര്യാഭർത്താക്കന്മാരാണെന്നു തീർച്ചപ്പെടുത്തിയതിനാലാണ് വെവ്വേറെ കിടപ്പാനുള്ള ഉപകരണങ്ങൾ ഒരുക്കാഞ്ഞത് എന്നുള്ളതിന്നു സംശയമില്ലല്ലൊ.

'ഇതിനെല്ലാം മതിയാംവണ്ണം നന്ദിപറവാൻ വാക്കുകളില്ല. ഉണ്ടെങ്കിലും ക്ഷീണിച്ചിരിക്കുന്ന ഈ സമയത്തു പറവാനും സാധിക്കയില്ല' എന്നു യുവാവ് പറഞ്ഞപ്പോൾ 'പറയത്തക്കവണ്ണം ഒന്നു ചെയ്തതായി എനിക്കഭിമാനമില്ല. ഉള്ളനേരം കിടന്നു സുഖമായി

ഉറങ്ങുവിൻ' എന്നു മറുപടി പറഞ്ഞ് തളത്തിൻെറ വാതിൽ അമ്പേ ചാരി ഗൃഹസ്ഥൻ ഇറങ്ങിപ്പോകയും ചെയ്തു.

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ബി. എ.

പലവക

തച്ചോളിക്കഥ.

വടക്കൻ പാട്ടുകൾ വളരെ നിസ്സാരങ്ങളായിട്ടാണ് പലരും ഗണിച്ചു വരുന്നത്. ഇവക്ക് ശബ്ദത്തിലാവട്ടെ അർത്ഥത്തിലാവട്ടെ യാതൊരു വിശേഷമില്ലാത്തതുകൊണ്ടും പാടിക്കേൾപ്പാൻ അധികം കൌതുകമില്ലാത്തതുകൊണ്ടുമായിരിക്കണം ജനസാമാന്യത്തിൻെറ ഇടയിൽ അത്ര പ്രചാരമില്ലാത്തത്. ഇപ്പോൾ അപൂർവ്വമായി നാട്ടുപുറങ്ങളിൽ ചിലർ മാത്രമേ ഇതുകൾ പാടിക്കേൾപ്പാനുള്ളു. എന്നാൽ ഈ പാട്ടുകളിൽനിന്നു ചരിത്രസംബന്ധമായ പല അറിവുകളും ഗ്രഹിപ്പാനുണ്ടെന്നുള്ള തത്വം പലരും അറിഞ്ഞിരുന്നെങ്കിൽ ഇവയെ ത്യാജ്യകോടിയിൽ പെടുത്തേണ്ടതാണെന്നുവെച്ചു ഒരുത്തരും അനാദരിക്കുകയില്ലായിരുന്നു. ഇംഗ്ലീഷിൽ 'റോബിൻഹുഡ്' മുതലായ വീരന്മാരെ കുറിച്ച് അനേകം ഗാനകൃതികൾ ഓരോരുത്തർ ഉണ്ടാക്കീട്ടുണ്ട്. അതുപോലെ ഈ പാട്ടുകളിൽ വിവരിക്കുന്ന ഓരോ ശൂരന്മാരെപ്പററിയും ഉണ്ടാക്കപ്പെടുന്ന കൃതികൾ ജനസാമാന്യത്തിനു രസിക്കാതെയിരിക്കയില്ല. കുണ്ടൂര് നാരായണമേനോൻ അവർകളുടെ 'കോമപ്പൻ' എന്ന കൃതിയുടെ ജനയിതാവ് ഈ വടക്കൻ പാട്ടുകളിൽ ഒന്നാണെന്നുള്ളത് ഇവിടെ സ്മരണീയമാണ്. ഈ പാട്ടുകൾ കിട്ടുന്നേടത്തോളം ശേഖരിച്ച് അച്ചടിപ്പിക്കുന്നത് ജനോപകാരപ്രദമാകാതെയിരിക്കയില്ല.

ഈ വിഷയത്തിൽ ജി. രാമൻമേനോൻ എം. ഏ. അവർകളുടെ ശ്രമം സർവഥാ ശ്ലാഘനീയംതന്നെ. അദ്ദേഹത്തിന്റെ തച്ചോളിക്കഥകൾ ബാലന്മാൎക്കും പ്രായംചെന്നവൎക്കും ഒരുപോലെ രസജനകമായിരിക്കുമെന്നതിലേക്കു സംശയമില്ല.

'നമ്മുടെ പൊന്നുതമ്പുരാൻ'

തിരുവിതാംകൂർ ഇപ്പോൾ രാജ്യഭാരം ചെയ്തുവരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ ജീവചരിത്രമാണ് ഇതിലെ വിഷയം. ഇതിൽ അവിടുത്തെ ജനനം മുതൽ (1033-ാമാണ്ടു) ആയിരത്തി എണ്പതാമാണ്ടുവരെ തിരുവിതാംകൂർ രാജ്യത്തു നടന്നിട്ടുള്ള പ്രധാന സംഭവങ്ങളെ ഒരു വിധം ഭംഗിയായി വിവരിച്ചിട്ടുണ്ട്. ആറ അണ മാത്രം വിലയുള്ള ഈ പുസ്തകത്തെ സകലരും വാങ്ങി വായിക്കേണ്ടതാണെന്നു ഞങ്ങൾ ശിപാൎശിചെയ്തുകൊള്ളുന്നു.

'ഭഗവൽഗീതാ പാക്കെററ് എഡിഷൻ'

ഹിന്തുക്കൾ നിത്യപാരായണത്തിന്നു ഉപയോഗിച്ചുവരുന്ന ഗീതാപുസ്തകത്തെ വായനക്കാരുടെ സൌകൎയ്യം അനുസരിച്ചു വളരെ വൃത്തിയായും ഭംഗിയായും എപ്പോഴും കൊണ്ടുനടക്കുവാൻ പാകത്തിലുള്ള വലിപ്പത്തിലും അച്ചടിച്ചു പ്രസിദ്ധം ചെയ്തിരിക്കുന്ന ടി. സി. പരമേശ്വരൻ മൂസ്സത് അവർകളുടെ പ്രയത്നം അഭിനന്ദനീയമാണെന്നു മാത്രമല്ലാതെ ഇതിനെക്കുറിച്ചു വിശേഷിച്ചൊന്നും പറയേണ്ടതായിട്ടില്ല.

P. SUBBAROY'S

World-renowned and most efficacious Ayurvedic medicines

മരുന്നു സേവിക്കുന്നതിനു മുമ്പു



പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുകളും ആയ ആയുർവേദ ഔഷധങ്ങൾ.

൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി

ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ, മുതലായവയുടെ നീററൽ, നീരൊഴിവ്, മധുമേഹം, കല്ലടപ്പ് (മൂത്രകൃഛ്രം) മുതലായ പലവിധ വസ്തിരോഗങ്ങളെ കണ്ടെന്നെ പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്നു സേവിച്ചതിന്റെ ശേഷം

ഡപ്പി ഒന്നിനു വില ഉറുപ്പിക ൨. തപാൽ ചിലവു വകെക്കു അണ ൭ വരെ

൨. പ്രമേഹ വിദാരണി.

സിതാമേഹം ഇടുപ്പുവലി, മൂത്രാധികമായും തടഞ്ഞും പോകുക, മേഹപ്രകൃതി, ശ്വേതമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ഒന്നിനു വില ഉറുപ്പിക ൧ മൂന്നു കുപ്പികൾ വരെയുള്ളതിനു തപാൽ ചിലവു അണ ൭

൩. സർവ്വവേദനാസംഹാരി

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം മുട്ടുവാതം നെഞ്ചുനോവു തലവേദന, മററു ഭാഗങ്ങളുടെ നോവു, നാഡീശൂല, ഇടുപ്പുവേദന പാർശ്വവായു മേഹവായു തിമിരവായു മുതലായ പല വ്യാധികളും ഭേദപ്പെടും കുപ്പി ഒന്നിനു വില ഉറുപ്പിക ൧ തപാൽ ചിലവു അണ ൭


൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി തഴുതണം, നവുഞ്ഞാണി എന്നീ രോഗങ്ങൾക്കു അംഗത്തിനു സിദ്ധൌഷധം പഴയരോഗങ്ങൾ പലതും മാറും. മേൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിനു ൪ അണ തപാൽ ചിലവു മൂന്നു കുപ്പി വരെ ൭ അണ വരെ

പി. സുബ്ബറായി, പാറകിട്ടപ്പുതൂർ, തെക്കെ ആർക്കാട്ട് ജില്ല.

൩. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഞ്ചയം ഉപയോഗിക്കേണ്ടുന്ന വിശേഷവിധി സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം പിത്തവായു മുതലായ ശമിപ്പിക്കും.



തനിച്ചും താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിശേഷപ്പെട്ട സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറ്റിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽകൂലി ൩ ണ.

൪. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൨ ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

൫. ജ്വരസംഹാരി.

കുളിർപ്പനി, മുപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, സന്നിപാതജ്വരം മുതലായവയ്ക്കു നന്നു. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൩ ണ വേറെ.

൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിടിപ്പിച്ചാൽ തലമുടി മിനുസമായും ധാരാളം പുഷ്ടിയായും നീണ്ടും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാകും. സകല ശിരോരോഗങ്ങളും തലവേദനയും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം കൊഴിയുകയില്ല. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൮ ണ. തപാൽ ചിലവു ൩ ണ വേറെ.

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിടിപ്പിച്ചാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൨൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുനോവ്, വായനാറ്റം അജീൎണ്ണം വയറുവീൎക്കുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും ഡപ്പി ഒന്നുക്കു അണ ൪ തപാൽകൂലി അണ ൩ വേറെ

൨൧. കൎണ്ണബിന്ദു.

ചീക്കണ്ണു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ഒന്നുക്കു ൪ അണ തപ്പാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ

൨൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിനു ൪ അണ തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൩ അണ വേറെ

൨൩. നേത്രബിന്ദു.

കണ്ണുനോവു, കൺകുത്തു, ചുവപ്പു, നീരൊലിപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ചെവെളുപ്പു, പൂവു, ചെങ്കല്ലു, എരിച്ചിൽ ഇത, ചൊറികം ഇവയുടെ വലിയ പുകച്ചിൽ ഇതിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും വില ഡപ്പി ഒന്നിനു ൪ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ.

൨൪. സ്ഖലിതരക്ഷിണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലനത്തെ നീക്കും വില ഡപ്പി ഒന്നിനു ൪ അണ. തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൩ അണ വേറെ

൨൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട. തൊലാത്തിനു ൪ ക വില ഒരു രൂപാമുതൽക്കുള്ള ഏതു സാമാനങ്ങളും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൧൩. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾ കടിച്ചു വേദനയുള്ള ദിക്കിൽ ഇതു ഒരു തുള്ളി ഒഴിച്ചാൽ ക്ഷണത്തിൽ സുഖം കാണാം. ഒരു കുടുംബക്കാരുടെ വീട്ടിലും ഇതു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത്. വില കുപ്പി ൧ ക്കു ൦ ക ൪ ണ ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവർക്കു ഡസൻ ൧ ക്കു ൨ ക ൮ ണ കൂലി വിലയിൽ കുറച്ചുമാത്രമേ വില ചുമത്തുന്നുള്ളൂ. വി പി കമ്മീഷൻ ൩ ണ പുറമേ. ഇന്ത്യയിലും ബർമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോണിൽ [illegible]

൧൪. വ്രണവിരോപണതൈലം.

ചൊറി ചിരങ്ങു പുഴുക്കടി മുതലായ എല്ലാ വിധ വ്രണങ്ങൾക്കും ഒരുപോലെ ഉപയോഗമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധിവരുത്തി വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില ൦ക ൪ ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ ൩ ണ മാത്രം

൧൫. കുഷ്ഠശുദ്ധിഗുളിക.

ഇതു കുഷ്ഠം തെളിഞ്ഞു ശരീരം നന്നാവുന്നതിന്നു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പാഠകന്മാർക്കും ശബ്ദം വേണ്ടവർക്കും അത്യാവശ്യം ഉപയോഗിക്കേണ്ടവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൦ക ൪ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൧൬. സ്നാനചൂർണ്ണം.

ഇതു പൊടി തേച്ചുകുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എപ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടതാകുന്നു വില ൦ക ൪ ണ വി പി കമ്മീഷൻ ൩ ണ

൧൭. സഞ്ജീവിഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അർശ്ശസ്സ്, ഉറക്കമില്ലായ്മ, ഛർദ്ദി, അജീർണ്ണം മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മുതിർന്നവർക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൦ക ൮ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ

[illegible]റായി പറഞ്ഞിട്ടപ്പെട്ട [illegible] [illegible] ജില്ല.

൨൫. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ക്ഷയരോഗം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉദരമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൧ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൧ ണ.

൨൬. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പോളൻ, ചൂട, പുഴുക്കടി, വ്രണം, മറുവാ മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഫലപ്രദവും നല്ല ഔഷധവുമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി പി കമ്മീഷൻ ൧ ണ

മേത്തരം ഗോരോചനം തോല ൧-ക്ക വില ൭ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം ഡേരാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്ത, ജാതിമല്ലി, സംപങ്കി, റോസ, മകിഴമ്പൂ, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല ഉള്ളതിന്ന ക ൧. വ്വ തപാൽകൂലി പുറമെ

				ക.	ണ.	സ.
ഒന്നാംതരം ഗോരോചനം തോലാ ഒന്നിന്നു			൧-ക്ക	൭	൦	൦
ടി	മേത്തരം	ടി	൧-ക്ക	൫	൦	൦
ടി	പച്ചക്കർപ്പൂരം	ടി	൧-ക്ക	൧	൪	൦

൨൭. രക്താമൃതം.

ഇത ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ടുന്ന ഒരു ഭക്ഷണദ്രവ്യമാണ. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ക്ഷീണക്കാർ വൃദ്ധന്മാർക്കും പ്രമേഹരോഗികൾക്കും ഇത ഒരു ദിവ്യ ഔഷധമാണ. ഇത രക്തശുദ്ധി വരുത്തുകയും, പിത്തം, ദേഹക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാറുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലാതെ ചെയ്യുകയും, കുരുക്കൾ, അസ്ഥിസ്രാവം മുതലായ രോഗങ്ങൾ തീരെ ഭേദപ്പെടുത്തുകയും ശരീരപുഷ്ടി വർദ്ധിപ്പിക്കുകയും ചെയ്യും. ഇത രോഗികൾക്കും, ശിശുക്കൾക്കും, ഗർഭിണിമാർക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

തകരം ൧-ക്ക അണ ൬ മാത്രം വി പി ചാർജ്ജ് അണ ൩ പുറമെ.

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം —

പട്ടിക്കൂടം മലയാളം ഇൻസ്പെക്ടർ എം രാജരാജവർമ്മ എം എ തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നിനു വില അണ ൪

കഥാമഞ്ജരി, കനകന്റെ വിക്രമങ്ങൾ —

കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ. പരമുപിള്ള എം എ അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ഒന്നിനു വില അണ ൧ പൈ ൬

സാവിത്രി —

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാദ്ധ്യാർ ബി എ അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ഒന്നിനു വില അണ ൩.

മാധവനിദാനം —

സർക്കാർ വൈദ്യൻ പരവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, "സരളചന്ദ്രിക" എന്ന വ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠനോട്ട മുഴുവൻ —

വി എൻ ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ടു, (പദാർത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കീർത്തികേസരി —

സി കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി എൻ എ രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തപ്പെട്ടതുമായ മലയാളം ഇംഗ്ലീഷ് അടങ്ങിയ പുസ്തകം ഒന്നിനു വില അണ ൪

മനോരമ —

[illegible] ബി എ അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പഴഞ്ചൊല്ല് —

ടി. [illegible] ഉണ്ടാക്കപ്പെട്ടതു, പുസ്തകം ഒന്നിനു വില അണ ൨

[illegible] —

കോതമംഗലം കെ ആർ കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടതു സംഗീതരൂപകം ഒന്നിനു വില അണ ൨ പൈ ൬

[illegible] കഥ —

ററി കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ ൨.

സോമസുന്ദരൻ —

മിസ്റ്റർ [illegible] എഴുതിയ ഒരു കഥ ഒന്നിനു അണ ൨ പൈ ൬

ഭദ്രന്നി—

മിസ്റ്റർ വി മെത്തു എഴുതിയ കഥ ഒന്നര അണ ൧൲

ദീപാവതി—

മിസ്റ്റർ പത്മനാഭൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൩- ണ

കൈവല്യദേശികം—

മിസ്റ്റർ പത്മപിള്ള എഴുതിയത ൧ണ അണ ൧

സന്താനവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൧ണ വില അണ ൧.

ശംകരകൃതി—

ആ മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അവർകൾ ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംഗീതമായും ഇളംകഥയായും അച്ചടിപ്പിച്ചിട്ടുള്ളത പുസ്തകം ൧ക്ക ൪ അണ

മിസ്റ്റർ സി. എം. മാധവക്കുറുപ്പ്—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ മധു ഡിടക്ടീവ് നോവൽ വില അണ ൨,

അവതാരത്രയചരിതം—

സൌഭാഗ്യവതി ഇത്തിക്കാട്ട ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം വില അണ ഒന്ന.

അദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകര്യാർത്ഥം ഓരോ കാണ്ഡങ്ങൾ പ്രത്യേകമായി അച്ചടിപ്പിച്ചുവരുന്നു ഇതിൽ പറഞ്ഞുകൊള്ള വിവരണമായ അർത്ഥം കൂടെ ചിലപ്പോൾ കൂടെയും സാരം ഇവകൾ അടങ്ങിയിരിക്കും പുസ്തകം എല്ലാം കാണ്ഡങ്ങൾക്ക ഒന്നായും ബൈൻഡ ചെയ്യുവിക്കപ്പെടും.

മയൂരസന്ദേശം മണിപ്രവാളം—

കേരളവർമ്മ സി. എസ്സ്. ഐ. എഫ. എം. യു. എം. ആർ. എ. എസ്സ്, എഫ. ആർ. എച്ച. എസ്സ. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു എ. ആർ. രാജരാജവർമ്മ എം. എ. എം. ആർ. എ. എസ്സ്, കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൽപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയർന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൧൨ ണ യും താണതരത്തിലുള്ളതിന്ന ൮ ണ യും വിലയാകുന്നു

ദാക്ഷായണി—

കോമത്തു കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൮

കാന്തവിശ്വാസജനവിജയം തുള്ളക്കഥ—

മലയാളം ഹൈസ്കൂൾ ഹെഡമാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി എ അവർകൾ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നിന്ന വില അണ ൨.

താന്താപദേശം—

വി. കെ കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി, പുസ്തകം ഒന്നിന്ന വില അണ ഒന്ന.

കാന്താപദേശം—

തിരുവില്ല വി ശങ്കരശർമ്മവൈദ്യർ അവർകളാൽ എഴുതപ്പെട്ടത വില ൧ അണ

മനുസ്മൃതി—

കെ ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടു കൂടി എഴുതപ്പെട്ട പുസ്തകം ഒന്നിന്ന വില രൂപ ൧ അണ ൮

വിക്രമാദിത്യൻകഥ—

ടി യാനാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ പരിഷ്കരിച്ച വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧.൦ അണ

മദനകാമരാജൻകഥ—

ടി യാനാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧ അണ ടി അച്ചുകൂടത്തിലെ പുസ്തകം ൧-ന്ന വില ൮ അണ

കഥാസരിത്സാഗരം—

ടി യാനാൽ എഴുതപ്പെട്ട പുസ്തകം ൧-ന്ന വില അണ ൬

ദശാവതാരം—

ടി യാനാൽ എഴുതപ്പെട്ട പുസ്തകം ൧-ന്ന വില അണ ൨ പൈ ൬

അത്ഭുതകവിത—

വി. ജി പത്മനാഭപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ അണ

വൈക്കസ്ഥലമാഹാത്മ്യം—

കരമ്പള്ളിൽ ശങ്കരപിള്ള അവർകളാൽ എഴുതപ്പെട്ടത വില ൮ അണ

എറിക്ക പററിയ അപകടങ്ങൾ—

വില അണ ൨ പൈ ൬

ഭൂലോകവിനോദകഥകൾ—

കണ്ടിയൂർ മഹാദേവശാസ്ത്രിഅവർകളാൽ എഴുതപ്പെട്ടത വില അണ ൪ പൈ ൬

ചാട്ടവിത്തലവൻ—

കെ ചിദംബരവാദ്ധ്യാർ ബി എ അവർകളാൽ എഴുതപ്പെട്ട ഒരു വിനോദ കഥ ൧-ന്ന വില അണ ൪

പാശ്ചാത്യമതങ്ങളെ പററി—

ബയൻഡുചെയ്യുള്ള ൧-ന്ന വില അണ ൪

മററും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട പോസ്റ്റുകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടെയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങൾ വരുത്തേണ്ടതാണ്. ആവശ്യപ്പെടുന്നവർ അപേക്ഷകൾ അയക്കണം,

എസ്സ്. റി. റെഡ്യർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ.

രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്കങ്ങളിലൊ അവരുടെ മുദ്രയൊ ഒപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം }
എറണാകുളം }

രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
12th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരേണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

"പത്രാധിപൎക്ക് അയക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്"

ര. രം. പ.

രസികരഞ്ജിനി

വരിസംഖ്യ

തപാൽകൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
" ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽകൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
" ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ എതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്യേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമൊ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതോ ആയ പരസ്യങ്ങൾക്ക് താരതമ്യംപോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജൎക്കു അറിവുതരേണ്ടതാകുന്നു. അതിന്നുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെററുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മററണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്നു—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ

ര. ക. മാനേജർ.

സംഗതിവിവരം

വിദ്യാവിനോദിനി അച്ചുക്കൂടം

രസികരഞ്ജിനി

൧൦൮൧


പുസ്തകം ൪ | മീനമാസം | ലക്കം ൮

മംഗളം

മുൻഭാഗം മുലയറ്റതാഴ്ന്ന മിഴിചാഞ്ഞൊട്ടന്നിടം നോക്കുകിൽ
പിൻഭാഗം മുടിയറ്റടിവൻകടിതടിച്ചുള്ളപ്പുറം കണ്ടിടാ
അൻപാർന്നേവമുമാംഗഭംഗി മുഴുവൻ കണ്ടൊന്നിരട്ടത്തരം
വൻപാർന്നൊററരിരട്ടയപ്പനെയുടൻ മുകതിച്ചു സേവിച്ചുവിൻ.

ഉദ്ദണ്ഡശാസ്ത്രികൾ (തർജ്ജമ)

പെരുമനം ഗ്രാമം



മലയാളികളെ മുഴുവൻ പന്നിയൂർ കൂററരെന്നും ശുകപുരം കൂററക്കാരെന്നും രണ്ടു തരമായി വിഭജിച്ചിട്ടുണ്ടെങ്കിലും ഈ രണ്ടു തരക്കാർക്കും പരസ്പരമത്സരം വിട്ട് ഐകമത്യം ഉണ്ടാക്കിത്തീർക്കുന്നതായ സ്ഥാനം പെരുമനം ഗ്രാമമാകുന്നു. മലയാളികളുടെ പൊതുവിൽ സഭയായിരുന്ന തൃക്കണാമതിലകം യോഗവും മററും ഈ പെരുമനം ഗ്രാമത്തിന്റെ സങ്കേതത്തിലാണ് നിന്നിരുന്നത്. എന്നു മാത്രമല്ല പെരുമനം ഗ്രാമക്കാരുടെ മേൽവിചാരത്തിലായിരുന്നു നടന്നിരുന്നത് എന്നു പറഞ്ഞാൽ

ഈ ഗ്രാമത്തിന്റെ മാഹാത്മ്യം ഏകദേശം ഊഹിക്കാവുന്നതാണല്ലൊ. ഇപ്പോഴത്തെ കാലത്തു പെരുമനംഗ്രാമം എന്നു പറയുമ്പോഴും പ്രസിദ്ധപ്പെട്ട തൃശ്ശിവപേരൂർ പട്ടണത്തിന്റെ ഏകദേശം ആറു നാഴിക തെക്കുവശത്തായി ഒരു ക്ഷേത്രവും ആ ക്ഷേത്രത്തിലെ ദേവനെ പരദേവതയായി ഉപാസിക്കുന്ന പത്തോ മുപ്പതോ ഇല്ലക്കാർ നമ്പൂരിമാരും മാത്രമേ ഇതിൽ ഉൾപ്പെടുകയുള്ളു എന്നു ചിലർ വിചാരിക്കുമായിരിക്കാം. പക്ഷെ ഇതിന്റെ വാസ്തവം അങ്ങിനെയല്ല. കൊടുങ്ങല്ലൂർ ഊഴത്തെ ശാസ്താവിന്റെ ക്ഷേത്രം മുതൽ വടക്കോട്ടും വടക്കുംചേരി അകമല ശാസ്താവിന്റെ സ്ഥാനം മുതൽ തെക്കോട്ടും തൃപ്രയാററ അടുത്ത് എടത്തുരുത്തി അയ്യപ്പൻ കാവിന്നു കിഴക്കോട്ടും കിഴക്കെ മലയിൽ കുതിരാൻമുടി അയ്യപ്പക്ഷേത്രത്തിന്നു പടിഞ്ഞാട്ടും ഉള്ള സ്ഥലം മുഴുവൻ പെരുമനം ഗ്രാമത്തിന്റെ സങ്കേതമാണ്. ഈ സങ്കേതസ്ഥലത്തിന്നുള്ളിൽ അധിവസിച്ചുവരുന്നവരായ ബ്രാഹ്മണർ മുതൽ ചണ്ഡാളർവരെയുള്ള സകല ജാതിക്കാരും പെരുമനം ഗ്രാമക്കാരും അതിന്റെ കീഴിലുള്ള ഉപഗ്രാമക്കാരുമാകുന്നു. ഇരിഞ്ഞാലക്കുടഗ്രാമം, ആവിട്ടത്തൂർ ഗ്രാമം, തൃശ്ശിവപേരൂർ ഗ്രാമം ഈ മൂന്നു ഗ്രാമങ്ങളും പെരുമനം ഗ്രാമത്തിന്റെ സങ്കേതത്തിൽ ഉൾപ്പെട്ട ഉപഗ്രാമങ്ങളാണ്. ഈ ഗ്രാമവും ഗ്രാമക്ഷേത്രവും സ്ഥാപിച്ച കാലത്തു സങ്കേതത്തിൽപ്പെട്ട മിക്കഭാഗവും പെരിയ വനമായിരുന്നതുകൊണ്ടാണ് 'പെരുവനം' എന്നു ഇതിന്നു പേരു കൊടുത്തിട്ടുള്ളത്. ഈ ഗ്രാമത്തിൽപ്പെട്ട ബ്രഹ്മാലയങ്ങളുടേയും ഉൾപ്രദേശങ്ങളുടേയും അവസാനത്തിൽ 'കോട്' എന്നുള്ള ശബ്ദം ഉപയോഗിച്ചു കാണുന്നതും ഇതിന്നു മതിയായ ലക്ഷ്യമാകുന്നു. കിരാങ്ങാട്, തല്ലൂട്, അന്തിക്കാട്, ആലക്കാട്, പാറക്കാട് മൂർക്കാട്, പട്ടിക്കാട് എന്നുള്ള പേരുകളും ഇതിന്നു ദൃഷ്ടാന്തങ്ങളാണല്ലൊ. നാലു അതൃത്തിയിലും ശാസ്താവിന്റെ ക്ഷേത്രങ്ങളുള്ളതിന്നു പുറമെ, നടുവിൽ പ്രധാനപ്പെട്ട തിരുവെള്ളക്കാവിൽ ശാസ്താവിന്റെ ക്ഷേത്രവും ഉൾപ്രദേശങ്ങളിൽ കോടന്നൂര്, ചാത്തക്കുടം, കണിമംഗലം, ആറാട്ടുപുഴ, മുതലായി അനേക അയ്യപ്പക്ഷേത്രങ്ങളും കാണുന്നതുകൊണ്ട് ഈ ഗ്രാമക്കാർ വനദേവതയായ

ശാസ്താവിനെ ഉപാസിപ്പാനുള്ള കാരണവും അവരുടെ സങ്കേതസ്ഥലം വനപ്രദേശമായിരുന്നതുകൊണ്ടുതന്നെയായിരിക്കണമെന്ന ഊഹിക്കാവുന്നതാകുന്നു. ഈ ഗ്രാമക്കാരുടെ പൊതുവിലുള്ള ക്ഷേത്രമായ പെരുമനത്തമ്പലം വളരെ സ്വത്തുള്ള ഒരു ക്ഷേത്രമാണ്. സങ്കേതത്തിന്റെ കിഴക്കുഭാഗമുള്ള മലനിരപ്പുകൾ മുഴുവൻ ഈ ദേവസ്വംവകയായിരുന്നു എന്നതിനു പുറമെ പതിനെട്ടു ചേരികൾ വസ്തു മുതലും ക്ഷേത്രംവകയായി ഉള്ളതാകുന്നു. ഈ ക്ഷേത്രംവക സ്വത്തിന്റെ ആദായത്തിൽ ദേവന്റെ നിത്യനൈമിത്യകങ്ങളായ അടിയന്തരങ്ങൾക്ക് ആവശ്യമുള്ളത് കഴിച്ചു ബാക്കി മുഴുവനും ഗ്രാമജനങ്ങളുടെ യോഗക്ഷേമത്തിനുപയോഗിക്കണമെന്നായിരുന്നു ഗ്രാമനിശ്ചയം. കിഴക്കെ മലയിലെ തേക്ക്, വീട്ടി, മുതലായ ഉത്തമവൃക്ഷങ്ങൾ സങ്കേതത്തിനകത്തുള്ള ക്ഷേത്രം പണിക്കു ആവശ്യമുള്ളത് കഴിച്ചു ബ്രാഹ്മാലയങ്ങൾ പണിയിക്കുന്നതിന്നും പാഴ്മരങ്ങൾ താണജാതിക്കാരുടെ ഉപയോഗത്തിന്നും വില കൂടാതെ കൊടുക്കണമെന്നായിരുന്നു നിശ്ചയം. മല സർക്കാരധീനത്തിലായതിനുശേഷം കൂടി തേക്കും വീട്ടിയും ദേവാലയങ്ങളും ബ്രാഹ്മാലയങ്ങളും പണി ചെയ്യുന്നതിന്നു കുററിക്കാണവുംകൂടി വാങ്ങാതെ അടുത്ത കാലംവരെ കൊടുത്തുവന്നിരുന്നത് പണ്ടത്തെ ഗ്രാമനിശ്ചയത്തിന്റെ അവശേഷമായിരിക്കണം. ഈ നിയമത്തിൽപ്പെട്ട സകല വർഗ്ഗക്കാരുടെ ഇടയിലും വർണ്ണാശ്രമധർമ്മങ്ങൾക്ക് ലോപംവരാതെ രക്ഷിപ്പാനും ആർക്കെങ്കിലും വിഹിതാനുഷ്ഠാനം തെററുന്നുണ്ടോ എന്നും അവിഹിതാനുഷ്ഠാനം പററുന്നുണ്ടോ എന്നും പരിശോധിച്ചറിഞ്ഞ് ഉണ്ടെങ്കിൽ അവരെ അതാതു വർഗ്ഗക്കാരെക്കൊണ്ട് വേണ്ടതുപോലെ രക്ഷാശിക്ഷകൾ ചെയ്യിക്കുവാനും ഈ വക വിഷയങ്ങളിൽ ദ്രവ്യവ്യയംവേണ്ടിവന്നാൽ അതു ദേവസ്വത്തിൽനിന്നു ചെയ്യുവാനും ഉള്ള ചുമതല ഗ്രാമക്ഷേത്രാധികാരികൾക്കാണ്. സങ്കേതത്തിൽപെട്ട ജനങ്ങളെ ഒരാവലാതിയും കൂടാതെ ഐഹികപാരത്രികവിഷയങ്ങളിൽ യഥാവിധി പ്രവൃത്തിപ്പിച്ചു ഭരിക്കുന്ന ഭരണാധികാരം ഗ്രാമപരദേവതയായ എരട്ടയപ്പനിലാണ് സമർപ്പിച്ചിരുന്നതു്. ഈ വക വിഷയങ്ങളിൽ വേണ്ടിവരുന്ന ചിലവിലേക്കാണ് ദേവസ്വ

ത്തിൽ ഇത്ര വളരെ സ്വത്ത് ഉണ്ടാക്കി വെച്ചിട്ടുള്ളത്. പതിനെട്ടു ചേരിക്കലങ്ങളിലെ സ്വത്തും ഈ വകചിലവുകൾക്കു തരംതിരിച്ചു വേണ്ടതുപോലെ ഉപയോഗപ്പെടുത്തുവാനുള്ള അധികാരം ക്ഷേത്രത്തിലെ ഊരാളന്മാരാക്കിവെച്ചിട്ടുള്ള അവിണിശ്ശേരി അവണാവ്, ചിറമ്മൽ അവണാവ്, കുറൂട്ട് അവണാവ്, എന്നീ അവണാവു നമ്പൂരിപ്പാടന്മാർക്കായിരുന്നു. എല്ലാംകൂടി നോക്കുമ്പോൾ ഈ സങ്കേതത്തിലെ രാജാധികാരം വഹിച്ചിരുന്നത് ഇവർ തന്നെയാണെന്നു നിസ്സംശയം പറയാവുന്നതാണ്. ഈ ക്ഷേത്രത്തിൽ കൊല്ലന്തോറും കുംഭമാസത്തിൽ ഉത്രത്തുനാൾ കൊടികയറി മീനമാസത്തിലെ ഉത്രത്തുനാൾ ആറാട്ടു കഴിക്കുന്നതായ ഒരു മഹോത്സവമുണ്ടായിരുന്നു. ഉത്സവത്തിനു കൊടിയേറണമെങ്കിൽ സങ്കേതത്തിൽ പെട്ടിട്ടുള്ള ആൎക്കെങ്കിലും എന്തെങ്കിലും ന്യൂനതയോ സങ്കടമോ ഉണ്ടെങ്കിൽ അതു പരിഹരിച്ചതിന്നുശേഷം മാത്രമേ പാടുള്ളു.

കൊടിയേറ്റദിവസം എരട്ടയപ്പന്റെ നടക്കൽനിന്ന് ആവലാതിക്കാരാരെങ്കിലുമുണ്ടോ എന്നു ഊരാളന്മാരിൽ ആരെങ്കിലും മൂന്നു പ്രാവശ്യം വിളിച്ചു ചോദിച്ചു സങ്കടക്കാരില്ലെന്നു കണ്ടാൽ മാത്രമേ കൂറ നാട്ടിക്കൂടൂ എന്നാണ് നിശ്ചയം. 500-മാണ്ടിലെ അതിനടുത്ത കാലത്തോ ക്ഷേത്രത്തിൽ ഉത്സവത്തിന്റെ മദ്ധ്യത്തിൽ എതോ ഒരു ഇല്ലത്ത് ഒരു കന്യക വിവാഹത്തിനു മുമ്പിൽ ഋതുവായിപ്പോയി എന്നു മാതൃക്കളുടെ ബലിക്കല്ലിന്മേൽ തൂകുന്നതിന്നിടക്കു തന്ത്രി കേട്ടുഉടനെ ബലി തൂകുന്നതു നിൎത്തി ഗ്രാമനിശ്ചയപ്രകാരം ഉത്സവം കലാശിപ്പിച്ചു എന്നാണ് പ്രസിദ്ധി. ഈ ക്ഷേത്രത്തിൽ ഉത്സവം കൊടിയേററമില്ലാതായിട്ടുവളരെകാലമായി. എരട്ടയപ്പന്റെ ഉത്സവത്തിന്റെ വലിയ വിളക്കാണ് പെരുമനത്തു പൂരം. സങ്കേതത്തിൽപെട്ട സകലശാസ്താക്കന്മാരുടെയും, ഭഗവാന്മാരുടെയും ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും ഈ കാലത്തുതന്നെ നടത്തികൊള്ളണമെന്നാണ് ഗ്രാമക്കാർ ഐകമത്യത്തോടുകൂടി നിശ്ചയിച്ചു നടത്തിപോന്നിരുന്നത്. പെരുമനത്തു പൂരം എന്നു പിൻകാലങ്ങളിൽ, പ്രസിദ്ധിച്ചിട്ടുള്ള വലിയ വിളക്കിന്നും ആറാട്ടിന്നും സങ്കേതത്തിൽ പെട്ടതും പെടാത്തതുംകൂടി 108 ദേവന്മാരേയും എഴുന്നെള്ളിച്ചു പൂരം

കഴിച്ചു വന്നിരുന്നു. ഈ കൂട്ടത്തിൽ വെള്ളാരപ്പിള്ളിയിൽനിന്നും അവണങ്ങോട, മാണിക്യമംഗലം, മുതലായ ക്ഷേത്രങ്ങളിൽനിന്നും തൃശ്ശിവപേരൂര പാറമേക്കാവു തിരുവമ്പാടി മുതലായ ക്ഷേത്രങ്ങളിൽനിന്നും ആറാട്ടിന്നു ആറാട്ടുപുഴക്കു പൂരം പുറപ്പെട്ടുപോയിരുന്നു. മേൽപറഞ്ഞ അനാവധി ദൈവപരിവാരങ്ങളുടെ മുമ്പിൽ നടത്തികൊണ്ട് ഊരകം ചേപ്പ് എന്നീ ഭഗവതിമാരുടെ നടുവിൽ തൃപ്രയാറപ്പൻ അകമ്പടിയായിട്ടാണ് പെരുമനത്തു എിരട്ടയപ്പന്റെ ആറാട്ടു കഴിച്ചു വന്നിരുന്നത്. എഴുന്നള്ളത്ത് ആറാട്ടിന്നു പുറപ്പെടുന്ന പെരുമനത്തു ക്ഷേത്രത്തിന്റെ നടമുതല്ക്ക് ആറാട്ടുപുഴ എത്തുന്നതുവരെയുള്ള ഭൂമി മുഴുവനും ചേപ്പ്കാരുടെ വകയാണ്. ആ ഭൂമിയിൽ എിരട്ടയപ്പന്റെ വാഹനം സഞ്ചരിക്കുന്ന ദിക്കിലെല്ലാം വെള്ളയും കരിമ്പടവും വിരിച്ച് അലങ്കരിക്കുന്ന ചുമതല ചേപ്പ്കർ നിർവ്വഹിച്ചു വന്നിരുന്നു. ടിപ്പുവിന്റെ പടവെട്ടു കാലത്തു വെട്ടിക്കൊട്ടയിലുള്ള തിരുവിതാംകൂർകാരുവക കാവൽക്കാരുടെ ശല്യംകൊണ്ട് അവണങ്ങോട്ടു മുതലായ പൂരങ്ങൾക്ക് ആറാട്ടുപുഴക്കു കടന്നുപോകുവാൻ തടസ്ഥം നേരിട്ടതു മുതല്ക്കാണ് ആ വക പൂരങ്ങൾ ആറാട്ടിന്നു ആറാട്ടുപുഴക്കു പോകാതെ നിർത്തിയത്. ഇതുപോലെതന്നെ വേറെ ചില പ്രതിബന്ധങ്ങൾ നിമിത്തം മററു ചെറുപൂരങ്ങളും ആറാട്ടുപുഴക്ക് ആറാട്ടിന്നു പോകാതെയായി പൂരം മുടക്കംവരികയും ചെയ്തു. പിന്നീട 981-ൽ തീപ്പെട്ട ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടാണ് തൃശ്ശിവപേരൂരുള്ള പാറമേക്കാവു തിരുവമ്പാടി മുതലായ പൂരങ്ങൾക്കു പുനരുദ്ധാരണം ചെയ്തത്. പെരുമനത്ത് ഉത്സവം നിന്നതോടുകൂടി സകല പൂരംപുറപ്പാടുകാർക്കും കുറച്ചുകാലം നടവടിക്ക് വിളക്കംതട്ടി. ഊരാളന്മാരുടെ പരസ്പരമത്സരങ്ങളും ദുസ്സ്വാതന്ത്ര്യങ്ങളും പല ക്ഷോഭങ്ങൾക്കും ഇടയാക്കിതീർന്നിട്ടുണ്ട്. ആ കൂട്ടത്തിൽ പ്രബലന്മാരായ ചിററൂര് അവണാവ് നമ്പൂരിപ്പാട് മുതലായ ചേപ്പ്കാർ ഊരകത്തുകാരെ ആക്രമിക്കുകയും അവണിശ്ശേരി അവണാവ് നമ്പൂരിപ്പാടിന്റെ കക്ഷിയിലുള്ള ചാത്തക്കുടുകാർ ഊരകത്തുകാരെ രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ സ്മാരകമായിട്ടാണ് ഇന്നും ചാത്തക്കുടത്ത് ശാസ്താവിന്നു ഊരകത്ത

അമ്മതിരുവടിയുടെകൂടെ എഴുന്നള്ളിച്ചുവരുന്നത്. ഇങ്ങിനെ ഓരോരോ കഥകഠം പറഞ്ഞാൽ അവസാനിക്കുന്നതല്ല. ഗ്രാമത്തിൽപ്പെട്ട സകലപുരുഷന്മാരും ദേവൻെറ ഉത്സവകാലത്ത്, ഇല്ലെങ്കിൽ ആറാട്ടിനെങ്കിലും ആറാട്ടുപുഴെ എത്തിക്കൊള്ളണമെന്നും അങ്ങിനെ എത്താത്തവൻെറ മെയ്യാദികഠം പുലകൊണ്ട് അയാളുടെ പിണ്ഡം വെക്കണമെന്നും ഗ്രാമക്കാർ കഠിനമായി നിഷ്കൎഷിച്ചിരുന്നു. ഇതുപോലെ ഗ്രാമജനങ്ങളുടെ ഐകമത്യത്തിന്നും യോഗക്ഷേമത്തിന്നും രക്ഷയായി പലേ വ്യവസ്ഥകളും ചെയ്തിട്ടുണ്ടായിരുന്നു. ഈ ഗ്രാമത്തിൽപെട്ട ബ്രാഹ്മണരിൽ വേദം പഠിക്കാതെയോ യാഗാദികഠം കൎമ്മങ്ങഠം ശരിയായി അനുഷ്ഠിക്കാതെയോ വല്ല ന്യൂനതകളും കാണിച്ചിരുന്നവരെ യോഗക്കാർ യോഗംകൂടി തരംതാഴ്ത്തുകയും യഥാവിധി ശിക്ഷിക്കുകയും സ്വാദ്ധ്യായം, തപസ്സ്, യജ്ഞം മുതലായ കൎമ്മങ്ങളിൽ നിഷ്ഠയും നിഷ്ടയുമുള്ളവരെ തരംകയററുകയും ബഹുമാനിക്കുകയും ചെയ്തുവന്നിരുന്നു. പ്രബലന്മാരായ തൃശ്ശിവപേരൂര ഗ്രാമക്കാരെയും ആവിട്ടത്തൂരഗ്രാമക്കാരെയും ചില അനുഷ്ഠാനന്യൂനതകൾനിമിത്തം യജ്ഞാദിവൈദികക്രിയകളിൽ ചേരുവാൻ പാടില്ലാത്തവിധം കീഴ്പോട്ടു ഇടിച്ചുവെക്കുന്നതിന്നു ഇവൎക്കു ഒട്ടും ദാക്ഷിണ്യമുണ്ടായിട്ടില്ല; മറിച്ചു തപസ്സും നിഷ്ഠയും ഭക്തിവിശ്വാസങ്ങളും യോഗബലവും ഉള്ള ഇരിഞ്ഞാലക്കുട ഗ്രാമക്കാരെ ഇവർ ഉയൎത്തുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിൽ പ്രധാനപ്പെട്ട മൂന്നു ഗ്രാമങ്ങളിൽ പന്നിയൂർ ഗ്രാമത്തിന്ന് അധഃപതനം വന്നപ്പോഠം ആ സ്ഥാനത്തേക്കു ഇരിഞ്ഞാലക്കുടക്കാരെ കയററി വെക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിന്നു വിരോധമായി ശുകപുരത്തുകാർ തങ്ങളുടെ കീഴിലുള്ള ആലത്തൂർ ഗ്രാമക്കാരെയാണ് ആ സ്ഥാനത്ത് വെക്കേണ്ടത് എന്നു ശാഠ്യം പിടിച്ചു എങ്കിലും ഇവർ തങ്ങളുടെ കീഴിലുള്ള തൃക്കഴിക്കാട്ടു ദേശക്കാരുടെ കരുമതിരി മേലധികാരം ശുകപുരത്തുകാൎക്കു വിട്ടുകൊടുത്ത് അവരെ സന്തോഷിപ്പിച്ചു ഇരിഞ്ഞാലക്കുടക്കാരെ ഉയൎത്തുവാൻ സമ്മതിപ്പിക്കുകയുംകൂടി ചെയ്തിട്ടുണ്ട്. ഈ ഇടക്കാലങ്ങളിൽ പന്നിയൂർ ഗ്രാമത്തിൽ അക്രമം തുടങ്ങുന്നതറിഞ്ഞ് ആ ഗ്രാമം ഉപേക്ഷി

ച്ചുപോന്ന ഇരിഞ്ഞാലക്കുടെ ഗ്രാമത്തിൽ ചേൎന്ന മൂക്കോട്ടുകർ മുതലായവരെക്കൊണ്ടും അധൎമ്മം തുടങ്ങി എന്നു കണ്ട് പട്ടിക്കാട്ട് സ്ഥലം ഉപേക്ഷിച്ചു ഇരിഞ്ഞാലക്കുടെ വന്നു ചേൎന്ന 'വെന്തല' നമ്പൂരി മുതലായ മററു പല ഉത്തമബ്രാഹ്മണരെക്കൊണ്ടും ഐരാണിക്കുളം ഗ്രാമത്തിൽ നടന്നുവന്നിരുന്ന അനാചാരം നിമിത്തം ഇങ്ങോട്ടു വന്നുകൂടിയ പാമ്പുമേക്കാട്ട് നമ്പൂരി മസ്സനയിൽമേക്കാട്ട് നമ്പൂരി മുതലായ യോഗ്യരെക്കൊണ്ടും പറവൂർ ഗ്രാമത്തിൽ ഇരിക്കപ്പൊറുതിമുട്ടി അവിടംവിട്ടുപോന്നവരായ വിലാപമംഗലത്ത് നമ്പൂരി മുതലായ വെള്ളാങ്ങല്ലൂര് ഗ്രാമക്കാരെക്കൊണ്ടും മററും ഇരിഞ്ഞാലക്കുടെ ഗ്രാമം പരിപുഷ്ടിയാവുകയും ചെയ്തിട്ടുണ്ട്. അവരെ പെരുമനത്തുകാർ ഈ വിധം ഉയൎത്തിയതോടുകൂടി ഇരിഞ്ഞാലക്കുടക്കാൎക്കു വേണ്ടതൊക്കെ തികഞ്ഞു.

ഇങ്ങിനെ ഇരിഞ്ഞാലക്കുടക്കാരെ വളരെ വലുതാക്കിവെക്കുവാൻ കാരണഭൂതന്മാരായ പെരുമനം ഗ്രാമക്കാരെ വളരെ നന്ദിയോടെ ബഹുമാനിക്കേണ്ടതിന്നുപകരം തൃക്കണാമതിലകം ക്ഷേത്രത്തിന്നുശേഷം ഇരിഞ്ഞാലക്കുടക്കാർ ഒരു മാതിരി വഞ്ചിക്കുകയാണ് ഉണ്ടായത്. തമ്മിൽ കൊള്ളക്കൊടുക്കലൊ വല്ല മററു വിധം നിവൃത്തിയുണ്ടെങ്കിൽ തങ്ങളുടെ ക്രിയകൾക്കു ക്ഷണിക്കുകയോ വല്ല യോഗംകൂടി പെരുമനം ഗ്രാമം ക്ഷേത്രത്തിൽ ചെല്ലുകയോ വല്ല മേലാൽ യാതൊന്നും ചെയ്തുപോരുന്നതെന്നും മററും അവർ ഒരു വ്യവസ്ഥ ചെയ്തു. ഇരിഞ്ഞാലക്കുടെ ഗ്രാമസങ്കേതത്തിനെ അതിക്രമിച്ചിരിക്കുന്ന മതിലകത്തുകാരെ വേണ്ടവിധം അമച്ചു ചെയ്യാതെ ഇരിഞ്ഞാലക്കുടയും മതിലകവും ഒരുപോലെ പെരുമനംഗ്രാമസങ്കേതം മാത്രമാണെന്നു ഭാവിച്ചു തങ്ങളെ സഹായിക്കാതിരുന്ന കുററംകൊണ്ടാണ് ഇരിഞ്ഞാലക്കുടക്കാൎക്കു പെരുമനത്തുകാരുടെ മേൽ ഇത്ര വെറുപ്പുണ്ടായത്. ഈ കാൎയ്യത്തിൽ ഇരിഞ്ഞാലക്കുടക്കാരെ കുററപ്പെടുത്തിക്കൂടാ. അവരുടെ ഐകമത്യത്തെയും ഗ്രാമപ്രതിപത്തിയേയും അവർ വേണ്ടവണ്ണം വെളിപ്പെടുത്തി എന്നു മാത്രമെയുള്ളു. പെരുമനത്തുകർ തങ്ങൾതന്നെ ഉയൎത്തി ഒരു വിധം സ്വതന്ത്രനിലയിലാക്കിയ ഇരിഞ്ഞാലക്കുടെ ഗ്രാമക്കാരെ വെറും കീഴിൽനില്ക്കുന്ന മതിലകത്തുകാരെപ്പോലെ മാത്രം വിചാരിച്ച് ഉദാസീനത കാണിച്ചതോ അല്ലെങ്കിൽ മതിലകത്തുകാൎക്ക് ഉള്ളുകൊണ്ട് അനുകൂലിച്ചതോ അവരുടെ പണ്ടത്തെപ്പോലെയുള്ള നിഷ്പക്ഷപാതമായ യോഗക്ഷേമരക്ഷണത്തിന്നു ചേൎന്നതായില്ലെന്നു പറയേണ്ടതില്ലല്ലോ. രേ


ശകാലങ്ങളെ അനുസരിച്ചു വേണ്ടതൊക്കെ വേണ്ടതുപോലെ നടത്തുക എന്നത് എല്ലാകാലത്തും എല്ലാവരും ചെയ്യുന്നതാണെങ്കിൽ ആക്ഷേപം ഒരിക്കലും ഇടപ്പെടുത്തുവാൻ സംഗതിയില്ലല്ലൊ.

പണ്ടത്തെ കാലത്തു വളരെ പ്രശസ്തന്മാരും വേദജ്ഞന്മാരും പണ്ഡിതന്മാരും ഷൾകൎമ്മാനുഷ്ഠാനനിഷ്ഠയുള്ളവരും തപസ്വികളുമായ മഹാബ്രാഹ്മണരാലും ധൎമ്മവ്യവസ്ഥാപകന്മാരായ രാജാക്കന്മാരാലും സ്വജാതിധൎമ്മതല്പരന്മാരായ മററു ജാതിക്കാരാലും ഏററവും ശോഭിക്കപ്പെട്ടിരുന്ന ഈ ഗ്രാമത്തിന്ന് ഇപ്പോൾ പലവിധമായ ന്യൂനതകളും വന്നുകൂടീട്ടുണ്ടെന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. എങ്കിലും ഇപ്പോഴത്തെ കാലാവസ്ഥക്കു മലയാളത്തിലുള്ള മററു ഗ്രാമക്കാൎക്കു തട്ടിക്കാണുന്നതിലധികം കോട്ടം പെരുമനംഗ്രാമക്കാൎക്കു പററീട്ടുണ്ടെന്നു തോന്നുന്നില്ല. വൎണ്ണാശ്രമധൎമ്മങ്ങളിലും ശ്രൌതസ്മാൎത്താദിക്രിയകളിലും വിചക്ഷണന്മാരായ അസംഖ്യം ഉത്തമബ്രാഹ്മണർ ഈ ഗ്രാമത്തിൽ ഇന്നുമുണ്ട്. മഴമംഗലത്തു നമ്പൂരിരിമാരെപ്പോലെ ശ്രൌതഗ്രന്ഥകാരന്മാരായ യോഗ്യർ ഇന്നില്ലെങ്കിലും ആ വക ഗ്രന്ഥങ്ങളെ വേണ്ടവിധം ഉപയോഗിക്കുവാൻ അറിയുന്നവരും ഉപയോഗിക്കുന്നവരും ഇപ്പോഴും ഒട്ടും ദുൎല്ലഭമല്ല. ബ്രാഹ്മണരുടെ ഇടയിൽ വൈദികന്മാർ, സ്മാൎത്തന്മാർ, കൎമ്മികൾ, ആഢ്യന്മാർ മുതലായവരെക്കൊണ്ട് വേണ്ടുന്ന കൃത്യങ്ങളൊക്കെയും പരാപേക്ഷകൂടാതെ കഴിച്ചുകൂട്ടുവാൻ പെരുമനംഗ്രാമക്കാൎക്ക് ഇപ്പോഴും ധാരാളം പ്രാപ്തിയുണ്ട്. ധനികന്മാരും ദരിദ്രന്മാരെ പോററുവാൻ മനസ്സുള്ളവരും പോററുന്നവരും ആയ മഹാമനസ്കന്മാർ ഈ ഗ്രാമത്തിലുള്ളതിലധികമായി വേറെ എതെങ്കിലും ഗ്രാമത്തിലുണ്ടെന്നു തോന്നുന്നില്ല. ലൌകികവിഷയത്തിൽ പ്രവേശിച്ചു പുതിയ വിദ്യാഭ്യാസവും പരിഷ്കാരവും സിദ്ധിച്ചു നാട്ടുകാൎക്ക് ഗുണം ചെയ്യുവാൻ ഒരുങ്ങിനില്ക്കുന്ന അന്യജാതിക്കാരും ഈ ഗ്രാമത്തിൽ കുറവില്ല. കൊച്ചിസ്സീമയിൽ സ്വദേശികളായ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ മിക്കതും പെരുമനംഗ്രാമക്കാരാണല്ലൊ. നാട്ടുകാരിൽ അധികം ധനികന്മാരും പെരുമനംഗ്രാമക്കാരാണ്. കൊച്ചിരാജ്യത്തെ അധികം മുതലെടുപ്പുള്ള ഭാഗവും പെരുമനംഗ്രാമംതന്നെ. മലയാളത്തിൽവെച്ച് ഏററവും പ്രധാനപ്പെട്ട ഗ്രാമം പെരുമനം ഗ്രാമം.

കാകൻ

II.

ആഹാരസമ്പാദ്യം.



'ഞാൻ ശുദ്ധസസ്യഭുക്കാണ്. എനിക്കു ഗോമാംസം വർജ്ജ്യമാണ്. ഞാൻ മത്സ്യം തിന്നുകയില്ല. മത്സ്യത്തിൽ വളരെ നല്ലചിലവയേ ഞാൻ ഭക്ഷിക്കയുള്ളു' എന്നിങ്ങിനെയുള്ള ദുരഭിമാനങ്ങളൊന്നും കാകന്നില്ല. തനിക്കു സർവ്വംസ്വാഹാ. അനേകവിഭവങ്ങളോടുകൂടി ഭുജിക്കുന്ന ചോറ്റിന്നുതിരക്കും പ്രഥമനൊന്നും പായസമെന്നും മറ്റും പറഞ്ഞു വേറെയും കുറെക്കൂടി ശാപ്പിട്ടു കുടവിൽ നില്ലുവാനും നിവരുവാനും, എന്നല്ല നേരംപോലെ ശ്വാസം കഴിക്കാൻപോലും കഴിയാതെ വലഞ്ഞു ബുദ്ധിമുട്ടീട്ടു 'എന്താണിനി ഉപായം?' എന്നു ഒരു സ്നേഹിതനോടു ചോദിച്ചപ്പോൾ 'രണ്ടു വിരൽ അണ്ണാക്കിലേക്കു കടത്തി ഛർദ്ദിച്ചുകളയൂ' എന്ന ഉപദേശം കേട്ട ഉടനെ ചിരിച്ചുകൊണ്ടു 'ശിവ! ശിവ!! രണ്ടു വിരൽ ചെല്ലുമെങ്കിൽ രണ്ടു പഴംകൂടി ചെലുത്തില്ലേ?' എന്നു മറുപടി പറഞ്ഞ ഉദരപിശാചുകൂടി വണങ്ങേണ്ടിവരുന്ന ബുഭുക്ഷയാണ് കാകന്റേതു.

ആരാനും ബലിയിട്ടു കൈകൊട്ടക്കേൾക്കുന്നേരം
പാരാതെ പറന്നുടൻ ചെന്നാശു പിണ്ഡം കൊത്തി-
ത്തിന്നുകൊണ്ടിരിക്കുന്ന കാകനും ജീവിക്കുന്നു

എന്നു പറഞ്ഞ കവി, കാകന്റെ ഭക്ഷണം വെറും പിണ്ഡം മാത്രമാണെന്നു വിചാരിച്ചിട്ടുണ്ടെങ്കിൽ അതു വലിയൊരബദ്ധമാണ്. അങ്ങിനെ വിചാരിക്കാൻ സംഗതിയില്ല. ആ വിധമാണെങ്കിൽ ബലിയും തർപ്പണവും ഉള്ള സമുദായത്തിന്റെ ഇടയിൽ [illegible]

തി ഒരു വീട്ടിൽനിന്നു ഒരാൾ വീതമെങ്കിലും പിതൃഗണത്തിൽ ചേൎന്നില്ലെങ്കിൽ കാകജാതിയുടെ ഇടയിൽ ഉടനെ ഒരു ക്ഷാമനിവാരണധനശേഖരം ഏൎപ്പെടുത്തേണ്ടിവരും. കേവലം അന്യന്മാരെ ആശ്രയിച്ചു ജീവിക്കുന്നവരെ കാകന്മാരോടു ഉപമിക്കയാണ് മേല്പറഞ്ഞ പാദങ്ങളെക്കൊണ്ടു കവി ഉദ്ദേശിച്ചതെങ്കിൽ അതും വലിയൊരു തെററാണ്. സ്വയംസഹായം പ്രമാണമാക്കി കാലം കഴിക്കുന്ന ജീവിലോകത്തിൽ കാക്കയെപ്പോലെ മറെറാന്നില്ല. നമ്മുടെ പിതൃക്കളുടെ തൃപ്തിക്കു നാം ചെയ്യുന്ന കൎമ്മത്തിൽ നമുക്കു അവശ്യമായ സഹായം ചെയ്യുന്ന ആ വിഹംഗാധിപനെ, ബലിഭുക്കെന്നും, പിണ്ഡഭോജിയെന്നും വിളിച്ചു പരിഹസിക്കുന്നത് കേവലം കൃതഘ്നതയാണ്. എന്നല്ല, അത് 'കേവലം പേപ്പിടംതീനി, പഴംതീനി' എന്നു പറയുന്ന രീതിയിലുള്ളതായിട്ടു മാന്യന്മാർ വിചാരിക്കുകയുള്ളു. കാക്കക്കു സൎവ്വഭോജിയെന്നു ഒരു പേർകൂടി വൈയാകരണന്മാർ കല്പിച്ചുകൊടുക്കേണ്ടതാണ്. പുഷ്പങ്ങളിലെ മധുമാത്രം ഉണ്ടു ജീവിക്കുന്ന ചില പക്ഷികളുണ്ട്. അല്ലികളും മാത്രം തിന്നുന്നവയുണ്ട്. ധാന്യങ്ങളല്ലാതെ മറെറാന്നും ഭക്ഷിക്കാത്ത ചിലതുണ്ട്. പഴങ്ങളെക്കൊണ്ട് ഉപജീവിക്കുന്നവയുണ്ട്. മാംസം തിന്നുന്നവയും ഉണ്ട്. കാകന്മാൎക്കു ഈ പറഞ്ഞവയൊക്കെ പക്ഷഭേദം കൂടാതെ ഭക്ഷിക്കും. മുരിക്കിൻ പുഷ്പങ്ങളിലുള്ള തേൻ ചിലപ്പോൾ കാക്കകൾ ചെന്നു കുടിച്ചു സുഖിക്കുന്നതു കാണുമ്പോൾ എനിക്കു കഠിനമായ ദേഷ്യം പിടിക്കാറുണ്ട്. ചീഞ്ഞുകിടന്നു നാറുന്ന ശവങ്ങൾ തിന്നുന്ന കഴുകന്മാരെ, അവയുടെ ആ ഭക്ഷണം ശരിയായി തിന്നാൻ അനുവദിക്കാതെ അവിടെയും പോയി ഓഹരിക്കു ചേരുന്ന ഈ എരപ്പൻ പുഷ്പങ്ങളിലെ മധുവുണ്ണാൻ യോഗ്യനാണെന്നു തെളിഞ്ഞു പ്രവൃത്തിക്കുന്നതു കാണുമ്പോൾ ആൎക്കാണ് ദേഷ്യം പിടിക്കാത്തത്! തന്റെ വലിയ സ്നേഹിതൻപോലും അതു സഹിക്കയില്ല. അങ്ങിനെയാണെങ്കിലും കാകൻ ലോകത്തേക്കു ചെയ്യുന്ന അത്യന്തോപകാരത്തെ ആലോചിക്കുമ്പോൾ ഈ വക ദോഷങ്ങളൊക്കെ വിസ്മരിക്കേണ്ടിവരുന്നു. പ്രജകളിൽനിന്നു പിരിച്ചെടുക്കുന്ന നികുതിയിൽനിന്നു ശമ്പളം കൊടുത്തു നിശ്ചയിക്കപ്പെടുന്ന ശു

ചീകരണഉദ്യോഗസ്ഥന്മാരേക്കാൾ ഉപകാരപ്രദമായ പ്രവൃത്തി ചെയ്യുന്നതു കാകനാണ്. ചീഞ്ഞടിഞ്ഞു വായുമണ്ഡലത്തെ മലിനപ്പെടുത്താവുന്ന സർവ്വസാധനങ്ങളും കാകൻ വിഴുങ്ങിക്കളയും. ചിലപ്പോൾ മുനിസിപ്പാൽ കൂലിക്കാരുടെ മേലന്വേഷണകർത്താക്കളുടെ നിലയിൽ പ്രവൃത്തിക്കുന്നതു കാണാം; രാജവീഥികൾ അടിച്ചു കൂലിക്കാർ കാട്ടങ്ങൾ വാരി, അതിന്നായി വെച്ചിരിക്കുന്ന വലിയ പാത്രങ്ങളിൽ കൊണ്ടിടുന്നതു വളരെ ശ്രദ്ധയോടുകൂടി നോക്കിക്കൊണ്ടു സമീപത്തു നില്ക്കുകയും, കൂലിക്കാർ തെററിയ ഉടനെ അതിലിറങ്ങി കാലുകൊണ്ടും കൊക്കുകൊണ്ടും ചിള്ളിച്ചീന്തി പരിശോധിക്കുകയും, തങ്ങളുടെ വയററിന്നു തക്ക സാധനങ്ങൾ ലഭിക്കത്തക്ക പ്രവൃത്തി കൂലിക്കാർ ചെയ്തിട്ടുണ്ടെന്നു കണ്ടാൽ സന്തോഷിക്കുകയും ചെയ്യും. ഈ മേൽപറഞ്ഞ സംഗതിയിലാണ് കാകൻ മുനിസിപ്പാൽ മേലന്വേഷണകർത്താക്കളോടധികം താദാത്മ്യപ്പെടുന്നത്.

സർവ്വവീടുകളിലേയും ഭക്ഷണകാലം കാകൻ അറിയുംപോലെ മററാരും അറികയില്ല. ഇന്നിന്ന വീട്ടിലേക്കു ഇന്നിന്ന കാക്കകൾ പൊയ്ക്കൊള്ളണം എന്നും അവയെല്ലാംകൂടി മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഈ നിശ്ചയത്തെ ഭേദപ്പെടുത്തിയാൽ ഒരു ശണ്ഠകൂടി സംഗതിവരുമെന്നു എനിക്കു ശങ്കയുണ്ട്. പക്ഷെ വിശേഷവിധിയായി വല്ല സല്ക്കാരവും ഉണ്ടായാൽ സമീപസ്ഥന്മാരൊക്കെ ക്ഷണിക്കാതിരിക്കയില്ല. ഭക്ഷണം കഴിഞ്ഞശേഷമുള്ള ബാക്കിയാണ് കാകന്നു ന്യായേന അവകാശപ്പെട്ടിട്ടുള്ളതെങ്കിലും മിക്ക സമയത്തും അതുവരെ താമസിക്കാൻ തനിക്കു ക്ഷമയുണ്ടാകയില്ല. കുട്ടികളുടെ കയ്യിൽനിന്നു പലഹാരം തട്ടിപ്പറിക്കാൻ കാകന്നുള്ള സാമർത്ഥ്യം പ്രസിദ്ധമാണല്ലോ. വല്ലസാധനവും വല്ലവരും തലയിൽ പേറികൊണ്ടുപോകുമ്പോൾ സാവധാനത്തിൽ അതിന്മേലെ പറന്നുകൊണ്ട് ആവശ്യമുള്ളതു കൊത്തിഭക്ഷിക്കും. അതിന്മേൽ നിന്നാൽ, തന്റെ സന്നിധാനം വെളിവിലായിപ്പോകുമെന്നു മനസ്സിലാക്കീട്ടു തന്നെയാണ് നില്ക്കാതെ സാവധാനത്തിൽ പറന്നു ഭക്ഷിക്കുന്നത്.

ചിലപ്പോൾ തെററിദ്ധരിച്ചിട്ടോ, വെറും വികൃതിക്കുവേണ്ടിയോ, എന്താണെന്നറിഞ്ഞില്ല, ചെറിയ കരണ്ടികളും, കണ്ണടകളും, തപ്പാൽകത്തുകളും മററും കാക്ക കൊത്തിക്കൊണ്ടു പറന്നുകളയാറുണ്ട്.

മദിരാശി ജനറൽ ആസ്പത്രിയിൽ കാക്കയെക്കൊണ്ടുള്ള ബുദ്ധിമുട്ടിനെപ്പററി കാപ്റ്റൻ. ഡി. സി. കെമ്പ് (Captain D. C. Kemp) ഇങ്ങിനെ വിവരിച്ചിരിക്കുന്നു:—

'ഇവിടെ കാക്കകളെക്കൊണ്ടുള്ള ബുദ്ധിമുട്ട സഹിക്കവയ്യാതെ, രോഗികളുടെ സമീപത്ത് അവരുടെ ഭക്ഷണം വെയ്ക്കുന്ന ചെറിയ മേശകൾ കമ്പിവലകൾകൊണ്ടു രക്ഷിക്കേണ്ടി വന്നിരിക്കുന്നു.'

'ഈ മേശകളിന്മേൽ ഓരോ രോഗിയുടെ സൌകര്യംപോലെ അവരവരുടെ അതാതു ദിവസത്തെ ഭക്ഷണം വെച്ചിരിക്കും. കിഴവന്മാരായി നടക്കാൻ പാടില്ലാത്തവരും, കാലോ കയ്യോ ചികിത്സാർത്ഥം ബന്ധിക്കപ്പെട്ടവരും, മററുവല്ല സംഗതിവശാലും അനങ്ങാൻ പാടില്ലാത്തവരും ആയ രോഗികളെ കാക്കകൾ സൂക്ഷിച്ചുനോക്കി മനസ്സിലാക്കും. ഒന്നോ അധികമോ കാക്കകൾ അത്യന്തം സ്വാതന്ത്ര്യത്തോടുകൂടി നിർഭാഗ്യവാന്മാരായ ആ രോഗികളെ കൊള്ളയിടും; മേശകൾ മറവില്ലെന്നു വരികിൽ നിശ്ചയമായും അവരുടെ ഭക്ഷണസാധനങ്ങൾ അവ കൊണ്ടുപോകും.'

'വയസ്സായി ക്ഷീണിച്ചു, പച്ചക്കണ്ണട ധരിച്ച ഒരു സാധുസ്ത്രീ ആസ്പത്രിയിൽ ഉണ്ടായിരുന്നു. ഈ സ്ത്രീ അവളുടെ നിത്യഭക്ഷണത്തിനു ശരിയായി ഒരു പോരാട്ടം തന്നെ നടത്തേണ്ടിവന്നു. രണ്ടു കാക്കകൾ ഓരോന്നു അവളുടെ ഓരോ ഭാഗത്തു പോയി നില്ക്കും. ഒന്നിനെ ആട്ടുമ്പോൾ മററതു എതിർക്കും. ഇങ്ങിനെ അവൾ തന്റെ ഭക്ഷണം ഉദരഗഹ്വരത്തിൽ അടച്ചു സൂക്ഷിക്കുന്നതുവരെ അവ ബുദ്ധിമുട്ടിക്കും.'

പലപ്പോഴും ഈ കാക്കകൾ കത്തുകളും കടലാസ്സുകളും കൊത്തിപ്പറന്നുകളയാറുണ്ട്. ഒരിക്കൽ ഒരു യൂറോപ്യൻരോഗി, തന്റെ പ്രിയമുള്ള ഒരാളിൽനിന്നു കിട്ടിയ കത്തു വായിച്ചു താഴെ വെച്ചു ഉടനെ ഒരു കാക്ക അതു കൊത്തിപ്പറന്നു. അയാൾ കോപിച്ചു ശ

പിച്ചു ചിലതുപറഞ്ഞുകൊണ്ടിരിക്കുന്നതിനനുസരിച്ചു വളരെ 'ദുരവസ്ഥ'യിൽ കൊണ്ടുകേറിത്തുടങ്ങി. നഷ്ടസ്വപ്നൻ ഇഷ്ടികക്കഷണങ്ങളും മരവും എടുത്തെറിഞ്ഞുവെങ്കിലും വായസൻ സർവ്വം തൃണസമമാക്കിക്കളഞ്ഞു.'

'കാക്കകളെ ആട്ടിക്കളവാൻമാത്രം 8 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുറെ കുട്ടികളെ ശമ്പളം കൊടുത്തുനിൎത്തിട്ടുണ്ടു്.'

'ഈ ഉദ്യോഗസ്ഥന്മാർ ആവശ്യനിവൃത്തിക്കു മതിയാകുന്നില്ലെന്നു പറയേണ്ടതില്ല. ഹരിയോടു യുദ്ധംചെയ്വാൻ കല്ലും വില്ലുമാണു് കുട്ടികളുടെ ആയുധം. നല്ല ചില്ലും മരുന്നുമല്ലാതെ ഇവയോടു വല്ലതും പറ്റുമെന്നു എനിക്കു തോന്നുന്നില്ല'.

കാക്കകൾക്കു് ആസ്പത്രികളോടു വലിയ പ്രതിപത്തിയുണ്ടെന്നു തോന്നുന്നു. ഒരു യൂറോപ്യൻവിദ്വാൻ താഴെ പറയുന്ന കഥ പറഞ്ഞിരിക്കുന്നു.

'ഒരിക്കൽ ഡാക്കായിലെ മുഖ്യപ്പോലീസ്സ്റ്റേഷ്യന്റെ സമീപത്തുകൂടി ഞാൻ പോകുമ്പോൾ അവിടെ കുറെ ജനസംഘം കൂടിയതു കണ്ടു. എന്താണു് സംഗതിയെന്നു കാണ്മാൻ ഞാൻ അടുത്തു ചെന്നു. അവിടെ അതിസുന്ദരിയായ ഒരു കാശ്മീരയുവതി വസ്ത്രം മിക്കതും അഴിഞ്ഞു രക്തം അണിഞ്ഞു് നിലത്തുകിടക്കുന്നതു ഞാൻ കണ്ടു. ഭർത്താവു അവളുടെ മൂക്കു കണ്ടിച്ചിരിക്കയാണു്. ഇന്ത്യയിലെ ഭർത്താക്കന്മാർ അപ്പപ്പോൾ ചെയ്യാറുള്ള ഒരു ചെറിയ നേരംപോക്കാണല്ലോ അതു്. എന്തായാലും മൂക്കിന്റെ കഷണം തിരഞ്ഞുകൊണ്ടുവന്നു അതിന്റെ സ്ഥാനത്തു തുന്നിപ്പിടിപ്പിക്കേണ്ടതാണെന്നു ഞാൻ പറഞ്ഞു. മൂക്കിന്റെ കഷണം കൊണ്ടുവരികയും ചെയ്തു. പക്ഷെ എനിക്കു വേറെ പ്രവൃത്തിയുണ്ടായിരുന്നതിനാൽ ഞാൻ അവിടെ അധികം നില്ക്കാതെ എന്റെ പാട്ടിനുപോയി. വൈകുന്നേരം വിവരമന്വേഷിക്കാൻ ഞാൻ ആസ്പത്രിയിൽ ചെന്നു. അപ്പോൾ അവിടത്തെ ഒരു വൈദ്യൻ ഇങ്ങിനെ പറഞ്ഞു, ഒരു അത്യാപത്തു നേരിട്ടു. മേട്ടിയോടു നാസികാഖണ്ഡം കഴുകിക്കൊണ്ടുവരാൻ പറഞ്ഞിരുന്നു. അവൻ ഒരു പാത്രത്തിൽ ഇട്ടു എവിടെക്കോ അ

ല്പം തെററിയ തരത്തിനു ഒരു കാക്കവന്നു അതു കൊത്തിക്കൊണ്ടു പോയി.

വെറും കള്ളവുമാത്രമല്ല, കാക്ക ധാരാളം പിടിച്ചുപറിയും ശീലിക്കുന്നുണ്ട്. നാസ്റ്റൂറ്റം കടിച്ചുകൊണ്ടിരിക്കുന്ന കൊട്ടുകറ്റം കക്കക്കറ്റം പാറിക്കൊണ്ടു പോകാറുള്ള സമ്പ്രദായം എല്ലാവരും കേട്ടിരിക്കുന്ന സംഗതിയുണ്ട്.

കാക്ക വളരെ കാലം ജീവിക്കുമെന്നു പറയുന്നു. ജീവിക്കേണ്ടയോ ഇങ്ങിനെ തിന്നാൽ? അതിവേഗത്തിൽ ഭക്ഷിക്കാൻ അത്യന്തം ഉൽകൃഷ്ടമുള്ളവയാണെന്നുള്ള വിശേഷണത്താൽ മനുഷ്യരുടെ ഇടയിൽപോലും ധാരാളം അറിയപ്പെടുന്ന കോഴിമുട്ടകളെ കാക്കക്കു ഏററവും പത്ഥ്യമാണ്. കോഴികളും പുത്തനായി വിരിച്ചിറങ്ങിയ ഉടനെ വിവരം കാക്ക അറിയും. മുട്ടത്തോടുകളും വെളിയിൽ ഇടാതെ മനുഷ്യൻ സൂക്ഷിക്കുന്നതു കോഴിക്കുഞ്ഞുവിരിഞ്ഞ കഥ കാക്കകളും അറിയാതിരിക്കാനാണ്. കോഴിക്കുഞ്ഞുകളും മാത്രമല്ല, എല്ലാപക്ഷികളുടെ കുഞ്ഞുങ്ങളും കാക്കയുടെ ഭക്ഷണമാണ്. ഉദിക്കാൻ നാലു നാഴികയുള്ളപ്പോഴും ഇടങ്ങി അസ്തമിച്ചു കുറെ കഴിയുന്നതുവരെ ഒരു വിശ്രമമില്ലാതെ, കാ, കാ, എന്നു നിലവിളിച്ചു കരഞ്ഞിട്ടും കാക്കയുടെ ശ്വാസകോശത്തിനു രോഗം പിടിക്കാത്തതു പക്ഷികളുടെ മുട്ട ധാരാളം ഭക്ഷിച്ചിട്ടാണെന്നു തോന്നുന്നു. പക്ഷികൾ കുഞ്ഞുവിരിക്കുന്നതിനു താമസിക്കാതെ പലപ്പോഴും അവയുടെ മുട്ട തന്നെയാണ് കാക്ക ശാപ്പിടാറ്. അങ്ങിനെ തള്ളപ്പക്ഷികളു പെററു കിടന്നു ബുദ്ധിമുട്ടാൻ സംഗതിവരുത്തിയില്ലല്ലൊ, എന്ന കൃതാർത്ഥതയാണ് തനിക്ക്.

കായ്കറ്റം പഴുക്കുന്ന കാലം കാക്കക്കു നല്ലവണ്ണം അറിയാം. പഴുത്തു ഭക്ഷണയോഗ്യമായ ഉടനെ അവിടെ എത്തും. ഇക്കാര്യത്തിൽ സമർത്ഥന്മാരായ കൃഷിക്കാർകൂടി കാക്കയോടു തോററിട്ടാണ്. മാങ്ങയും ചക്കയും പഴുക്കുന്നതിനു മുമ്പു പറിച്ചില്ലെങ്കിൽ കാക്കയുടെ ഉഛിഷ്ടമേ മനുഷ്യനു ഭക്ഷിക്കാൻ കിട്ടുകയുള്ളൂ. എന്നാൽ ഒരു കാര്യത്തിൽ ഞാൻ പലപ്പോഴും ആശ്ചര്യപ്പെടാറുള്ളത്, കാക്ക പുന്നെല്ല് തിന്നാത്തതിലാണ്. കാക്കകളെങ്ങാൻ നെല്ലു വിളയു

ന്നോൾ തിന്നാൻ തുടങ്ങിയെങ്കിൽ പിന്നെ നെല്ലുണ്ടാ ഉടമസ്ഥന്നു ബാക്കിയാകുന്നു? ഇതു ദൈവവിലാസമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

എലി, തവള, എന്നിവയൊക്കെ കാക്കകളുടെ രുചികരമായ ഭക്ഷണങ്ങളാണ്. അവെക്ക് അതറിയാം. അതുകൊണ്ടാണല്ലൊ അവ കാക്കയോടു സഖ്യത്തിനു പോകാത്തത്.

ഭോക്താക്കൾ നിങ്ങളും ഭോജനം ഞങ്ങളും
ഓൎത്താൽ സഖിത്വമുണ്ടാകുമോ വായസ!

എന്നു പറഞ്ഞതും ഒരു എലി ആയിരുന്നുവല്ലൊ? ചിതൽ, പുഴുക്കൾ എന്നിവയേയും കാക്ക വെറുതെ വിടാറില്ല. ചുകന്നും മഞ്ഞയും ആയ വരകളോടുകൂടി അതിഭംഗിയുള്ള ചില പുഴുക്കൾ ചിലപ്പോൾ ധൈൎയ്യത്തോടുകൂടി ഇലകളിന്മേൽകൂടി ഇഴഞ്ഞുപോകുന്നതു കാണാം. പട്ടിണികിടന്നു മരിച്ചാലും കാക്കകൾ അവയെ തൊടുകയില്ല. അസഹ്യമായ ഒരുവക നീർ ആ തരം പുഴുക്കളിൽനിന്നു പുറപ്പെടുമെന്നു പക്ഷികൾക്കൊക്കെ അറിയാം. കാക്കക്കും അറിയാം. വസ്ത്രാഡംബരം ഉള്ളിലെ വിഷത്തിന്റെ ഒരു പരസ്യമാണ്. അതും അത്ഭുതകരമായ ദൈവവിലാസം തന്നെ. കാള, പോത്തുമുതലായ മൃഗങ്ങളുടെ ശരീരത്തിന്മേൽനിന്നു ചെറിയ പ്രാണികളെ കാക്കകൾ കൊത്തിപ്പെറുക്കി തിന്നാറുള്ളത് എല്ലാവരും കണ്ടിരിക്കാൻ സംഗതിയുണ്ട്. ആവക മൃഗങ്ങളെ അല്പമെങ്കിലും വേദനപ്പെടുത്താതെയാണ് കാക്ക അങ്ങിനെ ചെയ്യുന്നത്. കന്നുപൂട്ടുന്നവന്റെ പിന്നാലെ എപ്പോഴും ഒരു കാക്കയുണ്ടായിരിക്കും. നിലം ഉഴുതിട്ടുകൊണ്ടിരിക്കുമ്പോൾ വല്ല പുഴുക്കളും പുറത്തു ചാടാതിരിക്കയില്ലെന്നു കാക്കക്കറിയാം.

കപ്പൽമാൎഗ്ഗമായും തീവണ്ടിമാൎഗ്ഗമായും സാമാനങ്ങൾ ഇറക്കുന്ന ദിക്കിൽ ഒരുകൂട്ടം കാക്കകൾ എപ്പോഴും സന്നദ്ധരായിട്ടുണ്ടാകും. ധാന്യങ്ങൾ നിറച്ച ചാക്കുകൾ, ശക്തിയുള്ള തങ്ങളുടെ കൊക്കുകൊണ്ടു കാക്കകൾ കൊത്തിത്തുളക്കും. ഇതു ചില കൂലിക്കാൎക്ക് ഉപകാരപ്രദമായി തീരാറും ഉണ്ട്.


ഇങ്ങിനെ ആഹാരശേഖരത്തിനു കാക്കകൾ ചെയ്യാറുള്ള പ്ര

വൃത്തികൾ അനേകമുണ്ട്. എന്തും തിന്നാമെന്നുള്ളതിനാലും അതിനായി എന്തും പ്രവൃത്തിക്കാമെന്നുള്ളതിനാലും കാക്കെക്ക് ഒരുകാലത്തും ക്ഷാമബാധയില്ല. കടലിനുവേണ്ടി അങ്ങിനെ അദ്ധ്വാനിക്കുന്നവൎക്കും ദാരിദ്ര്യഭയം വേണ്ട.

മൂൎക്കോത്തുകുമാരൻ.

ശില്പിശാസ്ത്രം

(തുടൎച്ച)



പൂൎവ്വകാലങ്ങളിൽ ദ്രാവിഡന്മാർ, ആൎയ്യന്മാർ, പേൎഷ്യന്മാർ, ഇങ്ങിനെയുള്ള ഓരോ ജാതിക്കാർ നമ്മുടെ ഇന്ത്യാരാജ്യത്തെ ആക്രമിച്ച് കൈവശപ്പെടുത്തി ചിരകാലം രാജ്യപരിപാലനം ചെയ്തതായി നാം അറിയുന്നുണ്ട്. അവർ തമിഴ്, കന്നട, സംസ്കൃതം, മുതലായ ഭാഷകളിൽ പണ്ഡിതന്മാരും വ്യാകരണം, തൎക്കം, പുരാണം മുതലായ ഗ്രന്ഥങ്ങളുടെ കൎത്താക്കന്മാരും ആയിരുന്നതു കൂടാതെ സാമാന്യം എല്ലാ കലാവിദ്യകളിലും സമൎത്ഥന്മാരായിരുന്നതായും നാം അറിയുന്നുണ്ട്. എന്നാൽ അവൎക്കു അക്കാലങ്ങളിൽ ശില്പിശാസ്ത്രത്തെപ്പററി വല്ല അറിവും ഉണ്ടായിരുന്നതായി യാതൊരു ലക്ഷ്യവും ഇല്ല.

ബുദ്ധമതത്തിന്റെ പ്രചാരത്തോടുകൂടിയാണ് ഇന്ത്യയിൽ ശില്പവേലകളെപ്പററി നാം ആദ്യം കേൾപ്പാൻ തുടങ്ങുന്നത്. ബുദ്ധമതം ക്രിസ്ത്വബ്ദത്തിനു ഏകദേശം 477 സംവത്സരം മുമ്പിൽ ഉത്ഭവിച്ചതായി നമുക്കു അറിവുണ്ടെങ്കിലും ബ്രാഹ്മണരുടെ ശക്തിക്കു അക്കാലത്തു വലിയ ന്യൂനതയൊന്നും സംഭവിച്ചിട്ടില്ലാതിരുന്ന നിമിത്തം ബുദ്ധന്മാരെ വഴിപോലെ കൊണ്ടാടുവാൻ അത്ര അനവധി ആളുകൾ ഉണ്ടായിരുന്നില്ല. പിന്നീട് അശോകനെന്ന പ്രസിദ്ധനായ മാഗധരാജാവിന്റെ കാലത്താണ് ബുദ്ധന്മാർ അതി

പ്രബലന്മാരായി തീൎന്നിട്ടുള്ളത്. അശോകൻ ബുദ്ധമതപ്രചാരത്തെ ഉദ്ദേശിച്ച് രാജ്യത്തു പല ദിക്കുകളിലും സന്യാസിമഠങ്ങൾ, കല്ലറകൾ, സ്തംഭങ്ങൾ, എന്നിങ്ങിനെ അനവധി എടുപ്പുകൾ കെട്ടിക്കയുണ്ടായി. ഇതാണ് ഇന്ത്യയിൽ ശില്പവേലകളുടെ ഉത്ഭവം.

അശോകൻ തീൎപ്പിച്ച കെട്ടിടങ്ങളിൽ പ്രസിദ്ധമായിട്ടുള്ളത് എല്ലോറ നഗരത്തിലെ കൈലാസം എന്ന പേരായ ഒരു ക്ഷേത്രമാകുന്നു. ഈ ക്ഷേത്രം ഇക്കാലങ്ങളിൽ കേവലം നാമശേഷംതന്നെ. എങ്കിലും അതിന്റെ ശിഷ്ടങ്ങളെ സന്ദൎശിക്കുന്നവൎക്കു ഇപ്പോഴും അതിന്റെ പൂൎവ്വമാഹാത്മ്യത്തെ ആലോചിച്ച് അതിശയിക്കാതിരിപ്പാൻ പ്രയാസം. അതിതീക്ഷ്ണങ്ങളായ ശിലകൾ കഴിച്ചു നിൎമ്മിച്ചിട്ടുള്ള ഈ ക്ഷേത്രത്തിൽ ഗുഹാരൂപത്തിൽ അസംഖ്യം മുറികളും മദ്ധ്യത്തിൽ 270 അടി ആഴവും 150 അടി വിസ്താരവും ഉള്ള ഒരു തളവും ആ തളത്തിലേക്കു ഗതാഗതം ചെയ്യുവാൻ ഇരുഭാഗത്തും ഓരോ ഗോപുരദ്വാരവും പുറമെ മൈതാനംപോലെ വിശാലമായ കുറെ സ്ഥലവും ഉണ്ട്. ഈ കെട്ടിടം ക്രിസ്ത്വബ്ദം 1,000-ൽ ആണു തീൎത്തിട്ടുള്ളത്.

ബുദ്ധന്മാരും ബ്രാഹ്മണരും തമ്മിൽ ബഹുകാലം ഉണ്ടായ മതമത്സരത്തിന്റെ ഫലങ്ങളായി ഉത്ഭവിച്ച ജേയിൻ എന്ന ജാതിക്കാരും ശില്പവേലകളിൽ അസാമാന്യനിപുണന്മാരായിരുന്നു. അണ്ഡാകാരമണ്ഡപം ആദ്യം ഇന്ത്യയിൽ നിൎമ്മിച്ചിട്ടുള്ളത് അവരാണ്. ക്രിസ്ത്വബ്ദം 1024-ൽ മഹമ്മദീയരാൽ കൊള്ളചെയ്യപ്പെട്ടതും ശില്പവേലകൾക്കു സൎവ്വത്ര പ്രസിദ്ധപ്പെട്ടതും ആയിരുന്ന സോമനാഥപുരം ക്ഷേത്രം അവരുടെ സൃഷ്ടിയാകുന്നു.

അവർ ഗോപുരമേടകൾ പണിചെയ്യുന്നതിൽ അതിവാസനക്കാരായിരുന്നു. അവരുടെ വിശ്രുതനായ ഒരു രാജാവും മഹമ്മദീയരും തമ്മിൽ 1439-ൽ ഉണ്ടായ ഭയങ്കരയുദ്ധത്തിൽ തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള വിജയത്തിന്റെ സ്മാരകമായി 9 നിലയിൽ ജയസ്തംഭം എന്ന പേരോടുകൂടി വളരെ വിശേഷമായ ഒരു ഗോപുരമേട അവർ തീൎത്തിട്ടുണ്ട്. അതിൽ അടിമുതൽ മുടിവരെ പലതരത്തിലു

ളു വിചിത്രപ്പണികൾക്കു സംഖ്യയില്ല. കെട്ടിടത്തിന്റെ വടിവു സാമാന്യം ഹിന്തുക്കളുടെ കെട്ടിടത്തെ അനുസരിച്ചാണ്.

ഹിന്തുക്കളുടെ ഇടയിൽ മൂന്നു തരം ശില്പവേലകളുള്ളതായി കാണ്മാനുണ്ട്. ഹിന്തുസ്ഥാനി രാജ്യങ്ങളായ പഞ്ചാബ്, കാശ്മീരം മുതലായ പ്രദേശങ്ങളിലും സംസ്കൃതദേശങ്ങളായ ഉത്തരയിന്ത്യാപ്രദേശങ്ങളിലും ഉള്ള കെട്ടിടങ്ങൾക്കു തമിഴ്‌രാജ്യമായ ദക്ഷിണഇന്ത്യയിലെ ഒരു കെട്ടിടത്തിനോടെങ്കിലും സാമ്യതയുള്ളതായി കാണ്മാനില്ല. മേൽപ്പറഞ്ഞ ആദ്യത്തെ രണ്ടു തരം കെട്ടിടങ്ങളും അനേകം സംവത്സരങ്ങൾ മുമ്പുതന്നെ മിക്കവാറും നശിച്ചുപോയിരിക്കുന്നതുകൊണ്ട് അവയെപ്പററി ദൃഢമായ യാതൊരറിവും നമുക്കുണ്ടാവാൻ നിവൃത്തിയില്ല.

ദക്ഷിണഇന്ത്യയിൽ ഇങ്ങിനെയുള്ള ശില്പവേലകൾ ഇപ്പോഴും സുലഭങ്ങളാണ്. പേരൂർ, ശ്രീരംഗം, മധുര, ചിതംബരം, തിരുപ്പതി മുതലായ പുണ്യസ്ഥലങ്ങളിൽ ഉള്ള ഓരോ ക്ഷേത്രങ്ങളിൽ അനായാസേന ചെലുത്തീട്ടുള്ള വിചിത്രപ്പണികളുടെ യോഗ്യതാംശങ്ങളെ വൎണ്ണിച്ചെഴുതുന്നതിനേക്കാൾ നോക്കി മനസ്സിലാക്കുന്നതായിരിക്കും അധികം എളുപ്പം. അവയെ സൂക്ഷിച്ചു നോക്കുന്നതായാൽ അവ മാനുഷസൃഷ്ടിതന്നെയോ എന്ന് ഏവനും അന്യഥാ ശങ്കിച്ചുപോകുന്നതിൽ യാതൊരു ആശ്ചൎയ്യവും ഇല്ല. ശില്പിശാസ്ത്രത്തിന്റെ പ്രധാന അംഗങ്ങളായ (ഭാഗങ്ങളുടെ) സമത, പരസ്പരയോജിപ്പ്, കൌതുകം എന്നീ മൂന്നു ഗുണങ്ങളും അവയിൽ പരിപൂൎണ്ണമായിരിക്കുന്നു. വലിപ്പത്തിലും ആകൃതിയിലും അവ കേവലം നിസ്തുല്യങ്ങളാണ്. തച്ചുശാസ്ത്രത്തിന്റെ സകല ന്യൂനതകളേയും വഴിപോലെ ഗ്രഹിച്ച് ലോകപ്രസിദ്ധന്മാരായ ഈ ഇരുപതാം നൂററാണ്ടിലെ ശില്പികൾക്കുപോലും അവ അതിശയത്തെ നൽകുന്നു. ഈ ക്ഷേത്രങ്ങൾ പണി ചെയ്യിട്ടുള്ളതിൽ കരികൽ ഒരു സാധനം മാത്രമേ സമൃദ്ധിയായി ഉപയോഗിച്ചു കാണ്മാനുള്ളു. എന്നാൽ പണിയുടെ വൃത്തിയും മിനുസവും ഇത്രയെന്നു കണക്കില്ല. ഓരോ പണിത്തരം പ്രത്യേകം സൂക്ഷിച്ചു നോക്കുമ്പോൾ അവ ഓരോന്ന് കരികൽ ഉരുക്കി വാൎത്തിട്ടുള്ളതോ എന്നു തോന്നും.

ഇന്ത്യയിൽ ഇതു കൂടാതെ കാശി, രാമേശ്വരം, ജഗന്നാഥം, കാഞ്ചീപുരം മുതലായ പുണ്യസ്ഥലങ്ങളിലും ഹിന്തുക്കളുടെ വകയായി അസംഖ്യം ക്ഷേത്രങ്ങളും മററു എടുപ്പുകളും ഉണ്ടു്. എന്നാൽ അവയെല്ലാം ആകൃതിയിലും വടിവിലും സാമാന്യം മററു ഹിന്തുക്കെട്ടിടങ്ങളെ അനുസരിച്ചിരിക്കുന്നതു നിമിത്തം അവയെ ഈ അവസരത്തിൽ പ്രത്യേകം വൎണ്ണിക്കുന്നതു് അനാവശ്യമായിരിക്കും.

ഇനി മഹമ്മദീയരുടെ ശില്പവേലാസാമൎത്ഥ്യത്തെയുംപററി കുറഞ്ഞൊന്നു പ്രസ്താവിച്ചു് ഈ ലേഖനം അവസാനിപ്പിച്ചുകളയാം. മഹമ്മദീയരും ശില്പിശാസ്ത്രത്തിൽ വിദഗ്ദ്ധന്മാരായിരുന്നു എന്നുള്ളതിലേക്കു അവർ തീൎത്തിട്ടുള്ള കെട്ടിടങ്ങൾ ലക്ഷ്യങ്ങൾ ആകുന്നു. അവരുടെ പ്രധാന കെട്ടിടങ്ങൾ പള്ളികൾ, ശവക്കല്ലറകൾ, സ്തംഭങ്ങൾ എന്നിവയാകുന്നു. വടിവിലും ഗാംഭീൎയ്യത്തിലും അവ ഹിന്തുക്കളുടേതുകളിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും മററു വിഷയങ്ങളിൽ സാമാന്യം സാദൃശ്യമുള്ളവയാകുന്നു.

ഇന്ത്യയിൽ മഹമ്മദീയശില്പവേലകളിൽ പ്രസിദ്ധമായിട്ടുള്ളതു് ടാജ് എന്നു പേരായ ഒരു കെട്ടിടമാകുന്നു. അഞ്ചാമത്തെ മുഗൾചക്രവൎത്തിയായ ഷാജഹാൻ തന്റെ പ്രേമഭാജനമായ രാജ്ഞി അന്തരിച്ചുപോയപ്പോൾ അവളുടെ സ്മരണക്കുവേണ്ടി തീൎപ്പിച്ച ഒരു ശവക്കല്ലറയാണു് ഈ കെട്ടിടം. മുഴുവനും വെണ്ണക്കല്ലാൽ നിൎമ്മിച്ചിട്ടുള്ളതും വിശേഷതരം ചിത്രപ്പണികൾകൊണ്ടു മനോഹരമായിട്ടുള്ളതും ആയ ഈ കെട്ടിടത്തെ ലോകത്തിലെ എട്ടാശ്ചൎയ്യസാധനങ്ങളിൽ ഒന്നായിട്ടാണു് ഗണിച്ചുവരുന്നതു്.

സ്വൎണ്ണവും വിലയേറിയ രത്നങ്ങളുംകൊണ്ടു മയിലാകൃതിയിൽ ഒരു സിംഹാസനവും ഷാജഹാൻ തീൎപ്പിച്ചിട്ടുണ്ടായിരുന്നു. പണിയുടെ വിശേഷംകൊണ്ടു അതും ലോകത്തിൽ നിസ്തുല്യമായിരുന്നു. എന്നുതന്നെയല്ല അതിനേയും മറെറാരു അത്ഭുതസാധനമായിട്ടാണു് വിചാരിച്ചുവരുന്നതു്.

ഇനിയും മററു ഓരോ ജാതിക്കാരുടെ ശില്പവേലകളെപ്പററി

പറയുന്നതായാൽ ഈ പ്രബന്ധം വളരെ ദീൎഘിക്കുന്നതാകകൊണ്ട് ഇപ്പോൾ വിരമിക്കുന്നു.

വി. കെ. അച്യുതമേനോൻ, ബി. എ.

ഒരു എഴുത്ത

ചൊൽക്കൊള്ളുംകവിരാജരാജിതമണേ ചന്തത്തോടിന്നാവഹം
വൃത്തംമൂന്നാമെഴുത്തുമിങ്ങയിഭവാനൊന്നയച്ചതത്യാദരാൽ
മൽക്കൈകൊണ്ടഥവാങ്ങിഞാനതുടനെഴുത്തയ്നോട്ടുവായിച്ചുകം-
ണ്ടക്ഷരമെത്തുളവായമോദജലധൌമഗ്നാത്മമുങ്ങീടിനാൻ. ൧

മുന്നംഭവാനവിടെനിന്നുകൊടുത്തയച്ച
സന്നംകലൎന്നകുറികണ്ടുടനുത്തരം ഞാൻ
ഒന്നുംതനിച്ചെഴുതിയില്ലതിനാൽ സുഖക്കേ-
ടിന്നെന്നൊടേതുമരുതേ വരുത്തരുതേ! ൨

അഴിമതിയിനിമേലാലീവിധംവന്നുപോകി-
ല്ലുഴകിനൊടറിയേണംസാധുവായ്സാദരംതേ
കഴലിണപണിയുന്നേൻകൈതവംകൈവെടിഞ്ഞീ
പ്പിഴയതിന്നധുനാഞാൻമാപ്പിന്നൎത്ഥിച്ചിടുന്നു. ൩

ജിതസുജനപാലൻതമ്പുരാന്തന്റെ* പള്ളി-
ബ് ഭജനമതനാളുംതോഴ്കൂടാതെതന്നെ
ദ്വിജരഥകൃപകൊണ്ടിന്നൊക്കെയുംനല്ലവണ്ണം
ദ്വിജഗണമണിമൌലെനിൎവ്വഹിച്ചെന്നുകേട്ടു. ൪

* ഇപ്പോഴത്തെ കൊച്ചിവലിയതമ്പുരാൻ, ഇവിടുത്തെ പള്ളിസ്സ്നാനം കഴിഞ്ഞു കൂടിയത് ൧൦൬൯-ാമാണ്ടിനടുത്തായതുകൊണ്ട് ഈ എഴുത്തു മഹൻ നമ്പൂരിപ്പാട്ടിലെ ആദ്യത്തെ കവിതകളിൽ പെട്ടതായിരിക്കണം.

അന്തരാദരവിശേഷഭാഷമറിവാനൊന്നുള്ളിലത്യാഗ്രഹം
വന്നിന്നല്ലയതിന്നുനന്ദിയൊടതുമേന്തിച്ചിടേണ്ടതോ, ഞാൻ
നന്നെസ്സാഹിതനായി നിക്കരിയുവാനാഢ്യവാഗ്ദ്യങ്ങളും-
യൊന്നിച്ചിങ്ങെഴുതേണമുന്നതഗുണം തേടും ദ്വിജോത്തംസമേ, ൫

ധന്യശ്രീകലരുംമഹാകവികുലംമാനിച്ചുപൂട്ടുമവൻ
മുന്നംകേളിഹവന്നനാളിലുളവാംനീർപ്പോളനല്ലേതരം
അന്നാപ്പാതൊട്ടിവിടത്തിലായതുമുറക്കേറെറംനടക്കുന്നതു-
ണ്ടിന്നുംകൂടിയതാന്തമില്ലലവലേശംപോലുമസ്സൽസഖേ! ൬

തത്രനിന്നഥകൊടുത്തയച്ചപുഷ്പപുസ്തകത്തിലൊരുവസ്തുതാം-
നിത്രനാളെഴുതിത്തുടങ്ങിയതുമാത്രമില്ലപരമാർത്ഥമാം
ചിത്രമാകിയൊരുചിത്രെഴുത്തതിനടുത്തകോപ്പുകളുമത്രയി-
ല്ലത്രയല്ലമഷിയിങ്ങിരിക്കമിഹനാസ്തിനിസ്തുലഗുണാംബുധേ! ൭

കള്ളംവിനാമഷിയുമിന്നഥചിത്രെഴുത്തി-
നുള്ളോരുകോപ്പുകളുമാകനിവോടിതെല്ലാം
ഉള്ളംതെളിഞ്ഞവിടനിന്നുകൊടുത്തയച്ചാൽ-
ക്കൊള്ളാമതുംതിരുമനസ്സറിവിച്ചിടേണം. ൮

കുട്ടമത്തുശൂരിവാണീടുംകുട്ടനാമവനീസുരൻ
ശിഷ്ടാവൃത്താന്തമെൻകയ്യും സ്വസ്ഥമായുറയുംസഖേ. ൯

ഇക്കാവുതമ്പുരാൻതന്റെ‡
തൃക്കയ്യിലുടനേകവൻ
ചൊൽക്കൊള്ളുമെഴുമാവിന്നാ§
യിക്കാലമെഴുതുന്നത്. ൧൦

വെണ്മണിമഹൻ നമ്പൂരിപ്പാട്.

‡ വലിയ തമ്പുരാന്റെ ജ്യേഷ്ഠൻ കിളിപ്പട്ട ഭൂതസംഹാരി.
§ അവിടുത്തെ ഇപ്പോഴത്തെ സേവകന്മാരിൽ ഒരു കവിയും ആയിരുന്ന എഴുമാവ് കൃഷ്ണൻ നമ്പൂരി.

ആനന്ദാശ്രമ

ഭഗവൽഗീത

പരമഹംസാശ്രമത്തിൽ ഗുരൂപദേശക്രമത്താൽ സിദ്ധിക്കേണ്ടതായ ഈ ഗീതാശാസ്ത്രം ഇങ്ങിനെ മുമ്പു നടപ്പില്ലാത്ത രീതിയിൽ ശങ്കരഭാഷ്യത്തിന്റെ പരിഭാഷയോടുകൂടി ഭാഷാന്തരപ്പെടുത്തി കിട്ടിയതുകൊണ്ട് കേരളഭാഷക്ക് ഒരു വലിയ ഭാഗ്യോദയംതന്നെ. ഉപനിഷൽഭാഷ്യം, ബ്രഹ്മസൂത്രഭാഷ്യം, ഭഗവൽഗീതാഭാഷ്യം ഈ മൂന്നും ഒരേ അധികാരത്തിൽപ്പെട്ടവയാകുന്നു. ഇത്ര മഹത്വമുള്ള ഈ ശാസ്ത്രം ഭഗവാൻ വ്യാസമഹൎഷി ജീവകാരുണ്യത്താൽ സൎവ്വവേദാൎത്ഥങ്ങളേയും പ്രകാശിപ്പിക്കുവാനായി നിൎമ്മിച്ച ശ്രീമഹാഭാരതത്തിന്റെ കന്തളമാകുന്നു. ഇതിൽ ഈശ്വരനേയും ജീവനേയും ഗുരുശിഷ്യന്മാരാക്കി വൎണ്ണിച്ചതിന്റെ ഉദ്ദേശം ജീവാത്മാക്കൾക്ക് ഇഹത്തിലും പരത്തിലും യാതൊരു കേടും നേരിടാത്ത പരമാത്മാവ് ആശ്രയമായിരിക്കുന്നു എന്നുള്ള ദൃഢജ്ഞാനം ഉണ്ടാക്കിക്കൊടുക്കണമെന്നും, അതു നിമിത്തം ജന്മനാശങ്ങളിൽ ഭയവും വ്യസനവും കൂടാതെ എല്ലാവരും സന്തുഷ്ടന്മാരായി സ്വധൎമ്മത്തിൽതന്നെ സ്ഥിരചിത്തന്മാരായിരിക്കേണമെന്നുമാകുന്നു. ഇത് വിദ്വാന്മാരെല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. എങ്ങിനെയെന്നാൽ, പരമാത്മാവായ ഈശ്വരൻ എല്ലാവൎക്കും ജീവസാക്ഷിയായിരിക്കുന്നവനെന്നും സൎവ്വാശ്രയനായിരിക്കുന്ന അദ്ദേഹത്തിനെ സ്വാത്മാവായും, ഗുരുവായും, പരമസുഹൃത്തായും ഇഷ്ടദേവതയായും അറിഞ്ഞു സൎവ്വാത്മനാ ശരണം പ്രാപിക്കേണ്ടതാണെന്നും ജീവാത്മാവായ അൎജ്ജുനനോട് പരമാത്മാവായ ശ്രീകൃഷ്ണൻ ഉപദേശിക്കുന്നതായിട്ട് ഈ ഗീതയിൽ വൎണ്ണിച്ചിരിക്കുന്നു. എന്നാൽ പ്രാരബ്ധശരീരത്തിന്റെ അവസാനംവരെ ജീവധാരണത്തിനുവേണ്ടിയെങ്കിലും കൎമ്മങ്ങൾ ചെയ്യാതെ കഴിയുന്നതല്ലാത്തതുകൊണ്ട് കൎമ്മം ത്യാജ്യമല്ലെന്നും പറയുന്നുണ്ട്.

കൎമ്മം ചെയ്യുക എന്നുവരുമ്പോൾ അവരവൎക്കു വിധിച്ചിട്ടുള്ള കൎമ്മങ്ങളെ ചെയ്യുന്നതുകൊണ്ടാകുന്നു എല്ലാവൎക്കും ക്ഷേമം സിദ്ധിക്കുന്നത്. വിധിച്ചിട്ടുള്ള കൎമ്മമാണെങ്കിലും ആ കൎമ്മത്തിന്റെ ഫലത്തെ കാംക്ഷിക്കുന്നതിനാൽ ബന്ധം സംഭവിക്കുന്നു. അതിനാൽ യാതൊരു ഫലവും കാംക്ഷിക്കാതെ സ്വകൎമ്മങ്ങൾ വഴിപോലെ ചെയ്യേണ്ടതാണെന്നും വിധിച്ചിട്ടുണ്ട്. ഇങ്ങിനെ കൎമ്മികൾക്കു കൎമ്മം ബന്ധഹേതുവാകാതിരിപ്പാൻ ഉപായഭൂതമായ സമത്വം എന്ന കൎമ്മയോഗവും ഉപദേശിക്കുന്നു. ഈ നിലയിൽ എത്തിയവൎക്കു സൎവ്വകൎമ്മസന്ന്യാസപൂൎവ്വകമായ സമ്യഗ്ദൎശനനിഷ്ഠ എന്ന മോക്ഷസന്ന്യാസയോഗത്തേയും ഉപദേശിക്കുന്നു. ഇവയുടെ പരമ്പ്രയോജകമായ ഭക്തിയോഗത്തേയും ഉപദേശിക്കുന്നു. കൎമ്മജ്ഞാനഭക്തിയോഗങ്ങളെ സുഖമായി ബോധിപ്പിക്കുന്നതു ഭഗവൽഗീതയെപ്പോലെ മറെറാന്നും ഇല്ല. എങ്കിലും പരമഗുരുവായിരിക്കുന്ന ശ്രീകൃഷ്ണൻ ഉപദേശിക്കുന്ന വാക്യങ്ങളുടെ അൎത്ഥം ഗ്രഹിപ്പാൻ അൎജ്ജുനൻതന്നെയോ അൎജ്ജുനനെപ്പോലെയുള്ളവരോ വേണം. സാധാരണന്മാൎക്കു കഴിയുന്നതല്ല. അതിനും പുറമെ ഭിന്നാഭിപ്രായങ്ങളായ പല വ്യാഖ്യാനങ്ങൾകൊണ്ടും വിഭാഗിച്ചറിവാനും പ്രയാസമായിരിക്കുന്നു. ഈ വൈഷമ്യത്തെ തീൎക്കുവാനായിക്കൊണ്ടാണ് സൎവ്വജ്ഞനായ ശങ്കരാചാൎയ്യസ്വാമികൾ ഭാഷ്യം നിൎമ്മിച്ചിട്ടുള്ളത്. ശ്രീകൃഷ്ണന്റെ അഭിപ്രായങ്ങൾക്കു വിരോധം കൂടാതെ ശരിയായി വ്യാഖ്യാനിച്ചിരിക്കുന്നത് ആചാൎയ്യസ്വാമികളും പിന്നെ ശങ്കരാനന്ദസരസ്വതിയും ശ്രീധരാചാൎയ്യരും അവരുടെ ശിഷ്യന്മാരുമാകുന്നു.

ശ്രീശങ്കരാചാൎയ്യസ്വാമികളുടെനിൎഗ്ഗളഗളൽഗംഗാപ്രവാഹംപോലെയുള്ള ഗീൎവ്വാണവാക്യങ്ങളെ യഥോചിതം വിഭാഗിച്ചു ചെറിയ പാത്രങ്ങളിൽ പാകംപോലെ നിറച്ചുകൊടുപ്പാൻ കേരളഭാഷയിൽ കൊണ്ടുവന്നതും സുഖബോധത്തിന്നായി ശങ്കരാനന്ദസരസ്വതി, ആനന്ദഗിരി, ശ്രീധരസ്വാമികൾ മുതലായവരുടെ വാക്യങ്ങളെ കൂട്ടിച്ചേൎത്തിട്ടുള്ളതും വളരെ നന്നായിരിക്കുന്നു. പക്ഷേ ശാങ്കരഭാഷ്യത്തെപ്പോലെ മററുള്ള വ്യാഖ്യാനങ്ങളേയും എല്ലാ ഘട്ട

ങ്ങളിലും ഉപയോഗപ്പെടുത്താതെ ചില ഖണ്ഡങ്ങളെമാത്രം ഭാഷികളിടെ ചേർക്കനിമിത്തം വന്നുപോയിട്ടുള്ള ശബ്ദഭേദങ്ങളെക്കൊണ്ടു വ്യുൽപത്തി കുറഞ്ഞവൎക്കു വിപരീതാൎത്ഥം തോന്നുവാനിടയുണ്ടാകാം. പിന്നെ സംസ്കൃതപദങ്ങൾക്കുള്ള പ്രകൃതിപ്രത്യയങ്ങളുടെ ബോധകശക്തിയെ മുഴുവനും പ്രാകൃതഭാഷയിൽ വരുത്തുവാൻ പ്രയാസമാണ്. അങ്ങിനെ ദുരവഗാഹമായ ഘട്ടങ്ങളിൽ നോട്ടുകൊടുത്തു പ്രത്യേകം വിവരിച്ചിട്ടുണ്ട്. കേവലം ഭാഷയിൽ പറവാൻ സാധിക്കാത്ത സ്ഥലത്തിൽ സംസ്കൃതപദങ്ങളെത്തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇങ്ങിനെയൊക്കെയാണെങ്കിലും മലയാളഭാഷയിൽ പരിചയിച്ചിട്ടുള്ളവൎക്കെല്ലാം ഗീതയുടെ അൎത്ഥം ഒരുവിധം ഗ്രഹിപ്പാൻ ഈ പരിഭാഷ ധാരാളം മതിയാകുന്നതാണ്.

ഇനി ദോഷത്തെ മാത്രം നോക്കുന്നതായാൽ ലിംഗം, വചനം, വിശേഷണവിശേഷ്യങ്ങൾ ഇവയുടെ ചില പ്രയോഗം വ്യാകരണരീതിക്കു വിരുദ്ധമായി തോന്നുന്നുണ്ട്. ദൃഷ്ടാന്തത്തിനുവേണ്ടി ചിലതു പറയാം. 15-ാം അദ്ധ്യായം 16-ാം ശ്ലോകത്തിന്റെ ഭാഷ്യത്തിൽ 'ലോ ഇമൌ പുരുഷൌ' എന്നതിന്നു 'രണ്ടുമാതിരി വസ്തുക്കളുണ്ട്' എന്നർത്ഥം പറഞ്ഞിരിക്കുന്നു. 'പുരുഷന്റെ രൂപം രണ്ടാകുന്നു' എന്നാണല്ലൊ അർത്ഥം. 18-ാം അദ്ധ്യായം 5-ാം ശ്ലോകം, 'യജ്ഞദാനതപസ്സുകളായ കൎമ്മം' എന്നു പറഞ്ഞേടത്ത 'യജ്ഞം ദാനം തപസ്സ് ഇവയിലായുള്ള കൎമ്മം' എന്നായാൽ നന്നായിരുന്നു. 18-ാം അദ്ധ്യായം 9-ാം ശ്ലോകത്തിന്റെ ഭാഷ്യത്തിൽ 'ഇപ്രകാരമുള്ള കൎമ്മപരിത്യാഗം' എന്നതിനെ 'ഇപ്രകാരമുള്ള കൎമ്മത്തിന്റെ പരിത്യാഗം' എന്നു വിഗ്രഹിക്കേണ്ടതാണ്. അതിൽതന്നെ 'രാജസതാമസങ്ങളായ കൎമ്മത്തിന്റെ പരിത്യാഗം' എന്നതിന്നു കൎമ്മങ്ങളുടെ പരിത്യാഗം എന്നാണ് നല്ലത്. ആ അദ്ധ്യായത്തിൽ 14-ാം ശ്ലോകത്തിന്റെ അന്വയാർത്ഥത്തിൽ 'ചക്ഷുരാദി ഇന്ദ്രിയങ്ങൾക്ക് അനുഗ്രാഹകമായ ദേവതകളും' എന്നതിന്ന് 'അനുഗ്രാഹകന്മാരായ ദേവന്മാർ' എന്നായാൽ നന്നായിരുന്നു. 17-ാം ശ്ലോകത്തിന്റെ ഭാഷ്യത്തിൽ 'അവിദ്യാകൃതമായ കൎമ്മങ്ങളുടെ' എന്നതിന്ന് 'അവിദ്യാകൃതങ്ങളായ കൎമ്മങ്ങളുടെ' എ

ന്നായാൽ കൊള്ളാം. ഇങ്ങിനെ ചില ദിക്കിലൊക്കെയും ശിഥിലങ്ങളായ ദോഷങ്ങൾ ഉണ്ടെങ്കിലും അവ പ്രാകൃതഭാഷയ്ക്കു ഒരു തെററാണെന്നു പറഞ്ഞുകൂട. എന്തുകൊണ്ടെന്നാൽ നിയാമികമായ ശബ്ദശാസ്ത്രം പ്രാകൃതഭാഷയ്ക്കു ഇതുവരെ ഉണ്ടായിട്ടില്ല.

പ്രാകൃതഭാഷയുടെ യോഗ്യത ശ്രോതാവിനു മനസ്സിലാവാൻ തക്കവണ്ണം വകതിരിവോടുകൂടി പ്രയോഗിക്കുക എന്നു മാത്രമാകുന്നു. 'പൂശകനെ കണ്ട എലിയെപ്പോലെ' എന്നു കുഞ്ചൻനമ്പ്യാർ പ്രയോഗിച്ചതിങ്ങിനെ എന്നുവെച്ചു 'ഷഷ്ടിപൂർത്തിക്കു' 'ഷഷ്ടിമൂർത്തി' എന്നു പ്രയോഗിച്ചാൽ ഭംഗിയായിരിക്കയില്ല.

ഒരു ഗ്രന്ഥം ഭാഷാന്തരപ്പെടുത്തിയാൽ ആ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന വിഷയം മുഴുവനും ഭാഷയിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്നാകുന്നു മുഖ്യമായി നോക്കേണ്ടത്. അതു പ്രതിഫലിച്ചിട്ടുണ്ട്. രണ്ടാമത്തെ സംഗതി പൂർവ്വാപരസംബന്ധം ശരിയോ അല്ലയോ എന്നാകുന്നു. അതും ശരിയായിട്ടുണ്ട്. മൂന്നാമത് മൂലഗ്രന്ഥത്തിനു വിപരീതമായ അർത്ഥം ധ്വനിക്കുന്നുണ്ടോ എന്നാകുന്നു, അതില്ലതാനും. നാലാമത് സ്വാഭിപ്രായം ചേർത്തിട്ടുണ്ടോ എന്നാകുന്നു. അതും ചെയ്തിട്ടില്ല. അതുകൊണ്ട് മലയാളഭാഷയിൽ പരിചയിച്ചിട്ടുള്ള എല്ലാവർക്കും ഇത്രയും വിശിഷ്ടമായ ശാസ്ത്രം അനായാസേന ഗ്രഹിപ്പാൻ ഇടവന്നതുകൊണ്ടും മേലിൽ കേരളഭാഷയിൽ പരിചയിക്കുന്നവർക്ക് ഈ ശാസ്ത്രജ്ഞാനം സിദ്ധിപ്പാൻ കാരണമാകുന്നതുകൊണ്ടും ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം കേരളഭാഷയുടെ ഭാഗ്യോദയംതന്നെ എന്നു പറയാം.

ന. ര. പ.

മഹിഷമർദ്ദനം

വഞ്ചിപ്പാട്ട

1. വാണിമാതേ! ഇന്നുള്ളൊന്നാം കാണിനേരമെനിക്കിപ്പോൾ
തോണിപ്പാട്ടൊന്നുണ്ടാക്കാനൊരു നിവൃത്തിയില്ല

താണെന്നിന്നീസ്തുതിതന്മാത്രണെയിട്ടിട്ടുപെട്ടേനാലും
ത്രാണിയില്ലെന്നുരച്ചാലുംകുറ്റപ്പെടുത്താകം

2. ഗണനാഥനെൻറവിഘ്നഗണമെല്ലാമൊഴിച്ചെന്നും
തുണച്ചുകൊണ്ടിരുന്നാലേകണക്കിലാവൂ
മനശ്ശുദ്ധിയുള്ളോർക്കുൻമനസ്സുവച്ചിവനെയൊ-
ന്നനുഗ്രഹിച്ചാലേനല്ലകവിതതോന്നൂ

3. നവബാല്യാത്തേന്നമേലുംകരടില്ലാത്തുള്ളപദ്യം
ഇതുഇരെപ്പുലമ്പീടുംജനകനെൻറ
തരക്കേടുവരാതിന്നിപ്പരിശ്രമംഫലിച്ചീടാ-
നാരക്ഷെണ്ണമിടിവച്ചുവന്നകടാക്ഷിക്കണം

4. അയ്മ്പുകൊണ്ടാക്കെട്ടങ്ങല്ലൂർതമ്പുരാക്കന്മാരിൽവച്ചു
വയ്മ്പൻകുഞ്ഞിക്കോമവർമ്മൻതമ്പുരാനേയും
കമ്പിട്ടന്നേൻനാട്ടുവത്തുസംഭവിച്ചമഹനെന്ന
നമ്പൂതിരിയായാശാനവിടത്തെശ്ശിഷ്യൻ

5. ഇമ്പമെഴുത്തച്ഛനാമങ്ങമ്പൻനമ്പിയാരുംസാക്ഷാൽ
അച്ഛൻവെണ്മണിയുംമഹൻനമ്പൂരിപ്പാടും
വൊഞ്ചകത്തിരുന്നുംകൊണ്ടീവഞ്ചിപ്പാട്ടൊന്നെഴുതുമ്പോൾ
തഞ്ചാട്ടുംപദംവാരിവാരിത്തന്നീടേണം

6. പരമെൻതറവാട്ടിൽപാരിജാതവൃക്ഷമെന്ന
കരുണാപിടാരിയസ്സു'പരുള്ളാതമയേ!
പുഷ്പകപദപങ്കജത്തിൽതിരുവടിതനെൻറചിത്ര
ചരിത്രമാംകഥയൊന്നുകഥിച്ചിടട്ടെ

7. സൃഷ്ടിസ്ഥിതിലയമെന്നപട്ടമിട്ടുചിദാനന്ദ-
ക്കുട്ടിയായമഹാമായേ! മഹേന്ദ്രവന്ദ്യേ!
കുട്ടിയാംഘോരമെൻറമഹപുഷ്ടിയരക്കിക്കൃതിഗുണ-
പ്പെട്ടതെന്നുമഹാലോകംസമ്മതിക്കണം

8. മന്നാലുപ്പുകർത്താവാംമറക്കാതെതവകഥ
പറഞ്ഞുതരംഗിയിലവസാനിപ്പിപ്പാൻ
കുറയെന്നുകഴിഞ്ഞീട്ടുരയാണീയെൻറമോഹം
തിരുവടികനിഞ്ഞെങ്കിൽകടന്നുപോകും

9. മഹിയതിൽപുകഴ്ന്നോരോമഹാജനപ്രിയമായ
മഹിഷമർദ്ദനംകഥനാംചൊന്നവണ്ണം
അഹിതങ്ങളൊഴിഞ്ഞീടാനഹമെന്നുപാടിടട്ടെ
മഹിഷമർദ്ദിനിയമ്മേ!മനസ്സുവെക്കു
10. ദോഷനായഞാനിതിന്നുദേശിയാമോവിചാരിച്ചാൽ
ശേഷശായിഭഗവാനുംശേഷനുമൊന്നും
തോഷമോടെഇന്നെച്ചൊല്കിൽമോഷയായിട്ടൊരുവിധ-
മീഷലില്ലപറഞ്ഞൊക്കെഫലിപ്പിച്ചുകൂടാം
11. പണ്ടുപണ്ടാദ്ദേവകൾക്കണ്ടർകോനു,മന്യർക്കും
തണ്ടുതപ്പിമഹിഷനുനാഥനാംകാലം
ശണ്ഠകൂട്ടിത്തമ്മിലല്ലീട്ടുണ്ടായിപോലൊരുയുദ്ധം
കണ്ടുവെന്നാൽഭയങ്കരംനൂറാണ്ടുകാലം
12. രണ്ടുപേരുംമല്ലടിച്ചുംകൊണ്ടുനിന്നിട്ടൊട്ടുപല-
ന്നണ്ടർകോനുംക്രൂരകായംതോറ്റുതെറ്റന്നി
ഇണ്ടലെന്നിയിന്ദ്രനായിക്കൊണ്ടിരുന്നവൻ,പിച്ച-
തെണ്ടിമണ്ടിമഹേന്ദ്രനുംമറവാനൊരു
13. വിണ്ണോർകനാവിഷ്ണുവിന്നങ്ങുന്നുണ്ടോരണിവോനു
കണ്ണിലുണ്ണിയിന്ദ്രനേവമായിരുന്നിട്ടും
ഖേദമേവംപിണഞ്ഞല്ലോകണ്ണനീരിൽകുളിച്ചല്ലോ
കണ്ണനുംതട്ടുത്തുകൂടകാലവൈഭവം
14. നാടുംതിരിഞ്ഞയ്യോ!ഗതികെട്ടുഴന്നമഹേന്ദ്രനും
കൂട്ടകാരുംബ്രഹ്മനെമുൻനടത്തിക്കൊണ്ട്
വിഷ്ടരശ്രവസ്സുംസാക്ഷാലഷ്ടമൂർത്തിഭഗവാനു-
മിഷ്ടമായവല്ലന്നോടണഞ്ഞുത്തിമെല്ലെ
15. കൊണ്ടൽവർണ്ണനെതിരേറ്റുംകൊണ്ടുചെന്നാവിരിഞ്ചനെ-
ക്കൊണ്ടുപോന്നുകുശലങ്ങളുരചെയ്തു
അണ്ടർകോനൊന്നസ്ഥിതാംപൂണ്ടുകൊണ്ടുകണ്ടുതലയാട്ടി-
ക്കൊണ്ടുചുറ്റുംനോക്കിമറവാനവരെയും
16. ഒന്നുപോലൊത്രിമൂർത്തികൾമൂന്നുപേരുമിതുനല്ലം
ചെന്നുശേഷംവിരിഞ്ചനന്നിന്ദ്രനോടോതി

വന്നകാൎയ്യംപറഞ്ഞാലുംനിന്നുകഷ്ടപ്പെട്ടിടേണ്ട
വന്നകൂട്ടംശ്രദ്ധംനിങ്ങൾക്കെന്നറിഞ്ഞാലും
17. പറഞ്ഞാലുംപറഞ്ഞാലുംപരിതാപമെന്നുഹരി-
ഹരന്മാരുംകരുണയോടരുളിച്ചെയ്തു
കരൾകതിർകരംകൂപ്പികരഞ്ഞിടനെഞ്ഞുപൊട്ടി-
പ്പുരന്ദരൻനെടുവീൎപ്പിട്ടുരച്ചാനേവം
18. അടിമലരവലംബിച്ചടിയങ്ങളമരന്മാർ
പടവെട്ടിവന്നുദുഷ്ടൻമഹിഷാസുരൻ
അടരാടിത്തോററുഇന്നുംപാടിഞങ്ങളവന്റെ
യടികൊണ്ടുകൊണ്ടുകഷ്ടംനാണംകെട്ടോടി
19. പുഷ്ടഗൎവ്വമവനിന്ദ്രപട്ടമാൎന്നുസുധൎമ്മയിൽ
ചട്ടമോടേറിരുന്നിട്ടുംകൊണ്ടുവസിച്ചീടുന്നു
നിഷ്ഠുരനാമസുരന്റെചട്ടവട്ടംപറയുമ്പോൾ
ശിഷ്ടരായമുനിമാരുംകഷ്ടംവെച്ചീടും
20. രംഭതൊട്ടിട്ടുള്ളസുരശൈലിമാരസുരന്റെ
തമ്പുരാനേ!വിടുവേലയെടുക്കാറായി
അമ്പരന്നഞങ്ങളവൻമുമ്പിൽവാലിയക്കാരായി
മുമ്പേപ്പെട്ടത്തിട്ടില്ലിപ്പണിനിങ്ങൾക്കുംകൂടി
21. അഷ്ടദിക്പാലകന്മാരുംതട്ടുകൊണ്ടുതരംകെട്ടി-
ട്ടിട്ടേച്ചൊഴിഞ്ഞുപദമെല്ലാംകഷ്ടമേകഷ്ടം
നിഷ്ഠുരനാമവൻതന്നെവിഷ്ടപത്തെബ്ഭരിക്കുന്നു
മട്ടുമാറിത്തീൎന്നുകാൎയ്യംതകരാറായി
22. അൎക്കചന്ദ്രന്മാരുംപാകംനോക്കിടാതെനടന്നെങ്കിൽ
ചക്രശ്വാസംവലിപ്പിക്കുംചക്കിലിട്ടാട്ടും
ദുഷ്ടനാമീയസുരന്റെവിക്രമംതെല്ലടക്കീടാൻ
ശക്തനാവില്ലിവിടുന്നുകുഴങ്ങിപ്പോകും.
23. സുരയുവതിമാരെല്ലാപ്പുരട്ടെണ്ണാൾകൈകിറി-
ച്ചുരുട്ടണംകാഞ്ഞവെള്ളംമേലൊഴിക്കണം
തരംനോക്കിക്കൊണ്ടുതല്ലിപ്പറിച്ചുമെച്ചൊഴിക്കണം
പറഞ്ഞാലീമൎയ്യാദകേടൊന്നുംപറവാൻവയ്യ

24. മഹിഷനുമവനുടെമഹിഷിക്കുമിപ്രകാരം-
മഹിതങ്ങളാംവരമേവംമനസ്സിലെത്തി
അർഹമാംവൃത്തികഴിക്കുന്നുമഹിക്കുന്നമനസ്സാക്കു-
സഹിക്കുമിസ്ഥിതിവിധിവിഹിതമാവാം

25. ക്ഷിതിയതിലിക്കാലംജാതിഭേദമതൊക്കെപ്പൂണ്ടും
മതമെല്ലാമൊന്നെന്നായിമനസ്സുമുട്ടി
ക്ഷിതിസുരന്മാരുംശൂദ്രാംപറയരുംസമംതന്നെ
ഹതമിതാട്ടിതിജനങ്ങളെത്തള്ളിഞ്ഞതത്രേ

26. കഷ്ടമത്താലനിമൂന്നുംകെട്ടുപോയിപാരിലെങ്ങും
വൃഷ്ടിയില്ലവിളവില്ലാനഷ്ടമേദാരിദ്ര്യം
കഷ്ടകാലമിതുപോലെകേട്ടുകേളിയില്ലലോകം
ദുഷ്ടനിട്ടുതിരിക്കുന്നുപമ്പരംപോലെ

27. കുട്ടപ്പമാവിപ്രന്മാരുടെമടവാരെല്ലാരുമെന്റെ
ഘട്ടപുടതിന്നുവിക്കുംകറിനാക്കാരൻ
കടംവീങ്ങാഗജംപോലെകിടന്നവൻതിളയ്ക്കുന്നു
ചടപിടയാക്കിലോകംകാരണോന്മാരേ!

28. ശിഷ്ടരായവിപ്രന്മാരെപ്പട്ടിമാംസംഭുജിപ്പിക്കും
മട്ടിലെന്നാൽതലത്താപ്പിതട്ടിതെറിക്കും
തൊട്ടുതീറമന്ത്രിയുടെതാൽവെട്ടമപ്പോൾകഷ്ടരണ്ടും
ചട്ടമേവംജഗത്തിട്ടുകുട്ടിച്ചോറാക്കി

29. നിങ്ങളാമൂന്നുപേരുംകൂടിഞങ്ങളെക്കാത്തരുളേണം-
മിങ്ങിനെയാണവസ്ഥകൾപെരുതിമുട്ടി
ഭംഗിയായിട്ടൊരുമാറ്റമെങ്ങിനെയെന്നാലുംവേഗം
മംഗളകർത്താക്കന്മാരെ! നിങ്ങളോർക്കണം.

(ശുഭം)

നടുവത്ത് മഹൻ നമ്പൂരി.

യോഗഭ്രാന്ത്.

ആനഭ്രാന്ത് കളിഭ്രാന്ത് മുതലായവയിൽ ഒന്നാകുന്നു യോഗഭ്രാന്തും എന്നു പറയാമെങ്കിലും ഇതു ഗൌരവം ഇതുപോലെ അധികമുള്ളതാകകൊണ്ടു് ഈ ഭ്രാന്തിന്റെ ഫലത്തിന്നും ഗൌരവം അധികമുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. അനേക ഗ്രന്ഥങ്ങളെ പഠിച്ചവൎക്കുകൂടി ഈ ഭ്രാന്തുപിടിക്കാറില്ലെന്നില്ല. ചില ആത്മവഞ്ചകന്മാരായ യോഗീശ്വരന്മാർ തങ്ങൾക്കു് അഷ്ടാംഗയോഗം സിദ്ധിച്ചിട്ടുണ്ടെന്നും അഭ്യാസക്രമത്താൽ അന്യന്മാൎക്കു് അനുഭവം വരുത്തിക്കൊടുക്കാമെന്നും പറയുന്നതു കേട്ടു വിശ്വസിച്ചു യോഗ്യന്മാർകൂടി അപകടത്തിൽ ചാടുന്നതായിക്കണ്ടുവരുന്നുണ്ടു്.

'വൈദ്യക്രൂരോയമക്രൂരോ
ക്രൂരാൽ ക്രൂരതരോഭിഷൿ
യമസ്സുഹരതി പ്രാണാൻ
വൈദ്യസ്സസധനാസ്സൂൻ'

എന്നു മുറിവൈദ്യന്മാരെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതു് എല്ലാപ്രകാരത്തിലും ഈ യോഗീശ്വരന്മാൎക്കും പറ്റുന്നതാണു്. എന്തെന്നാൽ, പണത്തോടുകൂടി പ്രാണനെ ഹരിക്കുവാനുള്ള സാമൎത്ഥ്യം ഈ വകക്കാൎക്കു ധാരാളം കാണുന്നുണ്ടു്. അവർ സാമാന്യം പഠിപ്പുള്ളവരുമായിരിക്കും. വിശേഷിച്ചു ചിലർ ശാസ്ത്രീയവാക്യങ്ങൾക്കു സലക്ഷണം അൎത്ഥം പറയത്തക്ക ഉരുസാദ്ധ്യം വരുത്തിയവരുമായിരിക്കും. അങ്ങിനെയുള്ളവരോടു് 'എന്താ പേര്' എന്നു ചോദിച്ചാൽ നിത്യാനന്ദയോഗീശ്വരൻ, സദാനന്ദയോഗീശ്വരൻ, എന്നോ വെങ്കിടഗിരി, സങ്കടഗിരി, എന്നോ വല്ല പേരും അവർ പറയാതിരിക്കയില്ല. യോഗശാസ്ത്രത്തിലും മറ്റും നല്ല നൈപുണ്യമുണ്ടെന്നു തോന്നിക്കത്തക്ക വിധത്തിലായിരിക്കും അവരുടെ സംസാരം. അതു

സനപ്രാണായാമാദികളെ അഭിനയിക്കുന്നവരുമായിരിക്കും. ജിജ്ഞാസുക്കളായവർ ഇതെല്ലാം കണ്ടും കേട്ടും പഠിപ്പുള്ളവരാണെങ്കിൽ കൂടിയും 'ഇദ്ദേഹം വിശിഷ്ടൻതന്നെ' എന്നു വിശ്വസിച്ചു യോഗിയെ സഹവസിപ്പിച്ചു ചില ചോദ്യങ്ങൾ ചോദിച്ചു തുടങ്ങും. 'സ്വാമിൻ!

'സർവ്വധർമ്മാൻ പരിത്യജ്യമാമേകംശരണംവ്രജ-
അഹംത്വാസർവ്വപാപേഭ്യോമോക്ഷയിഷ്യാമിമാശുചഃ'

എന്ന ശ്ലോകത്തിൽ എന്നെത്തന്നെ ശരണം പ്രാപിച്ചാലും, ഞാൻ നിന്റെ സർവരക്ഷകളേയും ചെയ്തുകൊള്ളാം, എന്നല്ലെ ഭഗവാൻ പറഞ്ഞിട്ടുള്ളത്'.

'സംശയിപ്പാനുണ്ടോ?
'യൽകരോഷിയദശ്നാസിയജ്ജുഹോഷിദദാസിയൽ
യത്തപസ്യസികൗന്തേയതൽകുരുഷ്വമദർപ്പണം'

എന്നല്ലെ? ശ്രീകൃഷ്ണമൂർത്തിയെത്തന്നെയാണ് ശരണം പ്രാപിക്കേണ്ടത്'.

യോഗിയുടെ മറുപടി കേൾക്കുമ്പോൾ അദ്ദേഹം വലിയ ഭഗവത്ഭക്തനാണെന്നും അദ്ദേഹത്തിന്റെ അഭീഷ്ടം കഴിയുന്നതും സമ്പാദിപ്പിച്ചു കൊടുക്കേണമെന്നും ജിജ്ഞാസു നിശ്ചയിച്ചു യോഗിയോടു താൻ എന്തൊക്കെയാണ് സഹായം ചെയ്യേണ്ടത് എന്നു ചോദിക്കുകയായി. ഈ ഘട്ടത്തിൽ പണം ആവശ്യപ്പെട്ടാൽ വിചാരിച്ചേടത്തോളം ലഭ്യം ഉണ്ടാകുന്നതല്ലെന്നു യോഗിക്കു നല്ലവണ്ണം അറിയാം. അയാൾ തൽക്കാലം ആവശ്യപ്പെടുന്നത് സമാധിക്കായി ഒരു സ്ഥലം ഒഴിവാക്കി കിട്ടിയാൽ മതി എന്നായിരിക്കും. ജിജ്ഞാസു ഏർപ്പെടുത്തിക്കൊടുത്തിട്ടുള്ള സ്ഥലത്തിരുന്നു ത്രികാലം സമാധിനടിച്ചുകൊണ്ട് യോഗിയും കൂടുന്നു. യോഗിയുടെ ചില മുറകളും നിഷ്ഠയും കണ്ട് ജിജ്ഞാസുവിനു ഭക്തിയും ബഹുമാനവും വർദ്ധിച്ചു തുടങ്ങും. 'എന്നെ അനുഗ്രഹിക്കണെ; ആയുസ്സു വെറുതെ പോകുന്നു; ഈ ജന്മത്തിൽതന്നെ ഒരു സമാധാനം കിട്ടാഞ്ഞാൽ സങ്കടമാണെ; എന്നു ജിജ്ഞാസുവിന്റെ അപേക്ഷ വരുന്നതുവരെ യോഗിയുടെ സമാധിക്ക് ഒരു കുറവും ഉണ്ടായിരിക്കയില്ല. ജിജ്ഞാസു ആവർത്തിച്ച് ആവലാധി പറഞ്ഞു തുടങ്ങിയാൽ 'ആ, അങ്ങി

ന്നെ തോന്നട്ടെ; ഈ മനുഷ്യശരീരം കിട്ടീട്ട് ആത്മജ്ഞാനം കിട്ടാതെ കളയുന്നതു വലിയ കഷ്ടംതന്നെ. ആത്മജ്ഞാനംകൊണ്ടല്ലാതെ സമാധാനം സിദ്ധിക്കുന്നതുമല്ല. അതു യോഗാനുഷ്ഠാനംകൊണ്ടല്ലാതെ സിദ്ധിക്കയുമില്ല.

തപസ്വിഭ്യോഽധികോ യോഗീ
ജ്ഞാനിഭ്യോഽപി മതോഽധികഃ
കർമ്മിഭ്യശ്ചാധികോ യോഗീ
തസ്മാദ്യോഗീ ഭവാർജ്ജുന'

യോഗി തപസ്വികളെക്കാളും ജ്ഞാനികളെക്കാളും കർമ്മികളെക്കാളും അധികം ശ്രേഷ്ഠനാണ്. അതുകൊണ്ട് അർജ്ജുനൻ യോഗിയായി ഭവിക്ക എന്നല്ലെ ഭഗവാൻ അരുളിച്ചെയ്തിട്ടുള്ളത്. ഇപ്പോഴും സമ്മതമായില്ലെ?' 'എനിക്കു നല്ല സമ്മതംവന്നു. എനിക്ക് യോഗം അറിഞ്ഞുകൂടല്ലൊ. ഞാനിനി എന്തു ചെയ്യേണമെന്നു അവിടുന്നുതന്നെ ഉപദേശിക്കേണം'.

ജിജ്ഞാസു യോഗവലയിൽപ്പെട്ടു എന്നു യോഗിക്കു ബോദ്ധ്യമായാൽ ശിഷ്യനാക്കി സ്വീകരിച്ച് അയാൾക്കു പ്രാണായാമക്രമവും ഒരു ധ്യാനലക്ഷ്യവും ഉപദേശിച്ചു കൊടുക്കും. ഇത് ആറുമാസം ശീലിച്ചതിന്റെശേഷം പിന്നെ ഉപദേശവുംകൂടി ചെയ്യുന്നുണ്ട്. അന്നു മുഴുവനും അനുഭവം വരുമെന്നു പറഞ്ഞു ജിജ്ഞാസുവിനെ വിശ്വസിപ്പിക്കും. പിന്നെ ഉദ്ദിഷ്ടസിദ്ധിക്കായി ഇങ്ങിനെ ഉപദേശം വാങ്ങീട്ടുള്ള ശിഷ്യന്മാർ പലരെയുമുണ്ടെന്നും അവരെല്ലാം യോഗിയുടെ ഗുരുസ്വാമികൾക്കു സമാധിമഠം സ്ഥാപിക്കുവാനായി യഥാശക്തി ധനം കാണിക്കയായി കൊടുത്തിട്ടുണ്ടെന്നും പറഞ്ഞ് അവരുടെ പേരുകളുടെ പേരുവിവരപ്പട്ടിക ശിഷ്യന്റെ പക്കൽ കൊടുക്കും. 'അമ്പ! ഇദ്ദേഹത്തിന്റെ ഗുരുഭക്തി ആശ്ചര്യംതന്നെ' എന്നു വിശ്വസിച്ചു കഴിയുന്നവിധം താനും സഹായിച്ചുവെന്ന് ആ ഇല്ലപ്പുരുഷ'ന്റെ ഉള്ളിൽ തോന്നുവാനായിട്ട് അതിൽപ്പെട്ട സംഖ്യ യോഗിയുടെ കയ്യിൽ സമർപ്പിക്കും. ഇത്രയും കഴിഞ്ഞാൽ യോഗി മണ്ഡപം കെട്ടുവാനുള്ള ഒരുക്കമായി. യോഗി പോകുന്നതിനുമുമ്പു തന്റെ സംശയങ്ങളെല്ലാം തീർക്കേണമെന്ന

കരുതി ശിഷ്യൻ ശങ്കരഭാഷ്യത്തിൽ ഒരു ഭാഗം നോക്കിയാൽ കൊള്ളാമെന്നു പറഞ്ഞു. യോഗി 'നോക്കണം നോക്കാം'.

നാനുദ്ധ്യായേദ്ബഹൂൻശബ്ദാൻ
വാചോവിഗ്ലാപനംഹിതത്.

എന്നല്ലേ? വളരെ ശബ്ദങ്ങളെ കേട്ടിട്ടും പറഞ്ഞിട്ടും കാര്യമെന്താണ്? അതൊക്കെയും 'പറ്റിട്ടിൽ ചൊരുക്കു'യാണ്.

സംപ്രേക്ഷ്യനാസികാഗ്രംസ്വം
ദിശശ്ചാനവലോകയൻ

ഇതുമാത്രം മതി. താൻ ഇതു ശീലിക്കൂ. ഞാൻ പോയി ഗുരുവിനെക്കണ്ടു വരാം'.

ശിഷ്യൻ പൂരകാദി പ്രാണായാമം ചെയ്കയായി; നാസാഗ്രത്തിൽതന്നെ നോക്കിശ്ശീലിച്ചു തുടങ്ങും. തന്നിമിത്തം വായുപീഡയും നേത്രരോഗവും വന്നുകൂട്ടും. അപാനൻ കോപിച്ചു കഷ്ടങ്ങൾ അനുഭവിച്ച് അവസാനം കൃഷ്ണ! കൃഷ്ണ!

ഈ വിധത്തിൽ തനിക്കു യാതൊരു അനുഭവവും സിദ്ധിക്കാതെയിരിക്കെ സിദ്ധന്മാരാണെന്നു നടിച്ചു നടക്കുന്ന യോഗീശ്വരന്മാരുടെ വലയിൽപ്പെട്ടു ശാസ്ത്രങ്ങൾ പഠിച്ചിരുന്നാലും സംശയഭാവന, വിപരീതഭാവന മുതലായ ദോഷങ്ങളാൽ കലുഷചിത്തന്മാരായിട്ടു സർവ്വസംശയച്ഛേദകങ്ങളായ ആർഷഗ്രന്ഥങ്ങളെക്കൂടി വിശ്വസിക്കാതെ ഗുരുപദേശത്തെ കാംക്ഷിക്കുന്നേതുകൊണ്ടു പിണയുന്ന ചെണ്ടയാണിത്. ഏതുചെയ്യാം? ഈശ്വരാ! നല്ലബുദ്ധി തോന്നിക്കണേ'.

ഇജ്യാദ്ധ്യയനദാനാനിതപസ്സത്യംധൃതിക്ഷമാ
അലോഭയിതിമാർഗ്ഗോയംധർമ്മസ്യാഷ്ടവിധസ്സ്മൃതഃ
തത്രപൂർവ്വശ്ചതുർവ്വർഗ്ഗോദംഭാർത്ഥമപിസേവ്യതേ
ഉത്തരസ്തുചതുർവ്വർഗ്ഗോമഹാത്മസ്വേവതിഷ്ഠതി.

യജ്ഞം, അദ്ധ്യയനം, ദാനം, തപസ്സ്, സത്യം, ധൈര്യം, ക്ഷമ, അലോഭം ഇങ്ങിനെ എട്ടു വിധമാകുന്നു ധർമ്മത്തിന്റെ മാർഗ്ഗം. അവയിൽ ആദ്യം പറഞ്ഞ നാലുകൂട്ടവും ഡംഭത്തിനുവേണ്ടിയും അനുഷ്ഠിക്കുന്നുണ്ട്. പിന്നത്തെ നാലുകൂട്ടവും മഹാത്മാവിൽതന്നെ

ഇരിക്കുകയുമുള്ളു. അങ്ങിനെയുള്ളവരെ കണ്ടുകിട്ടുവാനും പ്രയാസം.

മന്യേകുതശ്ചിദ്ഭയമച്യുതസ്യ
പാദാംബുജോപാസനമത്രനിത്യം
ഉദ്വിഗ്നബുദ്ധേരസദാത്മഭാവാൽ
വിശ്വാത്മനായത്രനിവർത്തതേഭീഃ.

ദേഹാദികളിൽ അഭിമാനമുള്ള നമുക്കു തന്നിമിത്തമുണ്ടാകുന്ന ഭയത്തെ നിവർത്തിപ്പാൻ, ഒരിക്കലും ഒന്നുകൊണ്ടും ഭയംനേരിടാത്ത ഭഗവൽപാദാരവിന്ദഭജനം തന്നെയാണ് നല്ലത്. അതുകൊണ്ടു സകല ഭയവും നിവൃത്തിക്കുന്നതാകുന്നു.

എ. കൃഷ്ണൻ എമ്പ്രാന്തിരി.

ഉണ്ണുനീലി
സന്ദേശം

വീഴുംവണ്ണംകുമുദഹസിതംവെള്ളിമാടങ്ങൾതോറും
ചൂഴുംകാണാംനിഴൽമുഴുനിലാവന്നുമാവാസിനാളും
വീഴപ്പാർത്തിട്ടമൃതസലിലംവക്ത്രചന്ദ്രംപിളർത്തി-
ത്താഴത്തെങ്ങുംപരിചൊടുചകോരങ്ങൾമേവീടുമേടം. ൧൪൩

മാടിൽച്ചുറ്റിത്തളതമിളമാൻകണ്ണിമാർകൈതൊഴുന്നോ-
പ്പേടിച്ചുള്ളെച്ചരചലതനയാംനോക്കിനാക്കോതപോലെ
ഓടിപ്പോമ്മാറവിലദൃശിതംബിംബലീപാലകന്നാം
കേടററീട്ടാതളിയിലുടനേതമ്പുരാന്റെവാഴുമേടം. ൧൪൪

സ്ഥാനമ്മേരിന്നൊളമുളതസഞ്ജീവനംപല്ലവാക്ഷം
ദിക്കിലില്ലല്ലോമദനഗുണികായന്ത്രമെന്നോളമിൻറ്
മൈക്കണ്ണാരേത്തതുണാരണവർൻമൈതരാംതൻറമെത്തേ
ൻറക്കമ്പേച്ഛക്ഷപണകജനാംവീടരാഴ്ചൂവുമേടം. ൧൪൫

ആജ്ഞാവെക്കാറ്റോന പരമയിത്തർന്നൻവനാമ്മോടുകേട്ടി-
ട്ടാലങ്ങൾക്കു ചിലമുറിമരുന്നുണ്ടുകൈപ്പുണ്യമില്ല
മാരചത്രാംമനസിജമലർക്കൊറിഞ്ഞിട്ടുമുന്ന്
ന്നിഥംതസ്യാംചൊരുതടവഴക്കിൻറവൈദ്യവൃന്ദം.　　൮൯

കെട്ടിലെല്ലീകിരണമലർമേൽപഞ്ചകത്താൻചാമച്ചോം-
ൻറാട്ടംചൊൻറാൽപുടവതരവുണ്ടമ്മറാർത്തചിയമ്മൻ
പാട്ടംപാഷ്ടർക്കവിതചുവയില്ലെൻറാർമാതർവീട്ടിൽ
പ്പാട്ടുംചൊല്ലിക്കളഹചനകവികരർമേവീടുമേടം.　　൯൦

ചിററപ്പൻറപകതിയകതികാക്കുവാൻനോക്കിരോനിം
മററക്ലുറമുഴവനാവർവോരാക്കിനീർവീഴ്ത്തിനോൻഞാൻ
കററംനന്മച്ചെവളപറയുംപെററമുത്തമ്മയാരെ
ൻവുററിച്ചെയ്യുംചിലജളരൊരോപാട്ടുഴച്ചീടുമേടം　　൯൧

മുണ്ടെക്കൽച്ചെന്റഖിലനയനാനന്ദമാമുണ്ണുനീലീ
പീയൂഷത്തോടിനിയമണികണ്ടാഖ്യകല്പദ്രുമേണ
ധന്യൈരന്യൈരവിസമമിമംദേവലോകൈകദേശം
മന്യേനിർമ്മിച്ചതുമദനനാംശാഫിസ്സൂനമുന്നീന്ദ്രൻ.　　൯൨

മുന്നിൽക്കാണാംതദനുയമുനാഖണ്ഡമെന്നാംകണക്ക
സ്സീരക്കൃഷ്ണംവടമതിരയിൽപണ്ടുസീരധ്വാജന
നീലസ്വച്ഛംമലിചിറന്നിറന്നല്ലസദ്ധാരിപൂരം
പാരാവാരംപരിഹസതിവപ്രൗഢകല്ലോലജാലൈഃ.　　൯൩

നീരാടിൻറോർചിലചലദൃശാംപൂണ്ണചന്ദ്രാഭിരാമം
വക്ത്രാമ്ബുജംപൊഴുതുമുഴവൻകൃന്യമാമ്പൽപ്രസൂനം
കൂടിപ്പിന്നെത്തെളിവിനൊടെലാക്കണ്ണുവിണ്ണോച്ചിരിച്ചി-
ട്ടുംശോഭാനാംപകലപിനിറക്കേടിണങ്ങീടുമോൻറ　　൯൪

കണ്ടിക്കാർമൽകുഴൽനിഴലിടകണ്ടുമൈക്കണ്ണിരണ്ടും
കണ്ടിപ്പാകിക്കിടയിൽവിലസുംകണ്ടിമീനൊൻറിരണ്ടു
തണ്ടിച്ചൊല്ലാർകളിർമവളങ്ങൾപാർവ്വക്കെൻറിരണ്ടും
മണ്ടാട്ടാക്ക്ണ്ടെഴിനിലമറന്നമ്പരെപ്പൂൽകവൊൻറ്. ൫൫

നേരേകാണാംവഴിയിലരികേകോതപൂർവ്വംപുരത്തേ
പാരേതസ്ഥിൻഭുവനജയിനാംവീരഭൂപാലമൌലേ
ദേവാധീശന്നിളയപരനേതത്രകൌന്തേയമിത്രം
ദേവംഗോപീജനകുചതടീലമ്പടംകമ്പിടമ്പിൽ. ൫൬

മാർവിൽപ്പിന്നെപ്പരിചിലണിഞ്ഞുമ്മിണീനേത്രമെന്നും
നീലക്കാലക്കുവളമലർകൊണ്ടുള്ളമാലാഞ്ചലേന
നീപോന്നേരംനിരുപമഗുണോവനകാണ്മാംതൊഴാനും
പോരാവീരാൻപൊരുതചിരികണ്ടാഖ്യവിഖ്യാതകീർത്തിഃ. ൫൭

തീരേതസ്യത്രിഭുവനഗതിശ്രാന്തകീർത്തിപ്രതീപ
പ്രാകാരംകൊണ്ടഴകെഴുമിടംവിശ്വലീപാലമൌലേഃ
ശൃംഗാഗ്രംകൊണ്ടണിമതിമതാട്ടംഗോപുരത്തിന്നപാന്ത
ഭൂപാലാനാംമഹിതകനകത്തണ്ടുതിണ്ണീട്ടമേടം ൫൮

മാറാടിക്കീഴ്ത്തളചലർപിണകൊണ്ടുനാസ്സുന്നരിക്കും
ചോറാടിക്കുംമനുജവരനേകാണ്മനീചെൻറപിന്നെ
കൂറാടിൻേറക്കയിരുമുടലുന്നീടൊട്ടുകളുംവടകിൻ
കൂറാളിൻേറാരിനിയമണികണ്ണാഖ്യസാമന്തമൌലിം ൫൯

നിന്നെക്കാണുമ്പൊഴുതുനിഴലില്ലാതലോകപ്രദീപം
കണ്ണോക്കണ്ണാർകുസുമശരനാംരായിരക്ഷോണിപാലം
എന്നാച്ചാപോയ്മുകറ്റുമുടിയുമപ്പക്ഷപാതാതിരേകാൽ
ഞങ്ങന്നെപ്പോലുംകരവറമറന്നെന്തുചെയ്യേണ്ടതാൻറ് ൬൦

മുണ്ടെക്കൽച്ചെൻറിനിയവിരഹവ്യാകുലാമുണ്ണുനീലിം
കണ്ടിട്ടേൻറദയിതഗദിതംഞാനുണർത്തേണ്ടുവോൻറ
മണ്ടിക്കൂടുംകുസുമശരനോടൊട്ടിണങ്ങിത്തടുപ്പോ
ൻറവളെൻകയ്യിൽകലിതമപിഗൃതസഞ്ജീവനമന്ത്രബീജം　　൧൩൪

ഏൻറിവണ്ണംമമമനസിനാവുനീചൊല്ലിനാൽമിക്കവോടേ
കൻറാകൻറാകലയുമകലുംപേടമാൻകണ്ണിതന്നെ
ചെൻറാകാങ്ക്ഷിന്നവനായിസഖേ!ചൊല്ലുമപ്പോൾക്കദേനീ
മെൻറവള്ളുടനപരമറിവാൻജ്യോതിഷംപല്ലവൻതാൻ　　൧൩൫

ഉദ്യാനംചെൻറലരിവനിതക്കന്നുവിലെൻറാകളിപ്പാൻ
ഷേദ്യതൊന്നാംദിനമണിരിവപ്രേക്ഷണീയശ്രീപൂർണ്ണം
സദ്യോനിന്നേനനിമൊട്ടുസഖേ!കണ്ടമർക്കൈതവർമ്മൻ
വിദ്യാനദ്യന്നിയതിമുഴക്കംബിംബലീപാലചന്ദ്രഃ　　൧൩൬

കന്നൊക്കണ്ണാലോരമനസിജൻപോക്കുടേപ്പോൾക്കാലൻ
തന്നെത്തന്നേപറകിലലർമാതിന്നൊരാവാസഭൂമി
നിന്നെക്കാണ്മാൻചെറിയകൊതികോലംകൊണ്ടുടൻവൻറതപ്പോഴും
മുന്നിൽക്കാണാമിരവിമണികണ്ണാഭ്യർപാരിജാതം　　൧൩൭

പൊൽപ്പൂമാതിന്നൊരുനിലയനംകേവലംവീരമൗലേ!
കെല്പുന്നീട്ടുംമലവലർകുലത്തിന്നുകല്പാന്തവഹ്നിഃ
അപ്പോഴുംകാണ്മാൻവരുമയിസഖേ!രാമവർമ്മൻവിശേഷി
ച്ചിപ്പാരിൽച്ചേർന്നുളമളകാധീശനാംബിംബലീശഃ　　൧൩൮

നേരേകാണാംനൃപവര!കിഴക്കിൻചിറക്കങ്ങുപശ്ചാൽ
ത്താരാർമാതോട്ടുടമപിചകംമന്ദിരംമൽപ്രിയായാഃ
മാരന്നുണ്ടാംജനനഭവനംവീരമണിക്കമെൻറാ
ലങ്ങേരപാത്രാലവിടമറിയായിൻറതിപ്പാരിലിൻറ്.　　൧൩൯

ഇമ്പത്തിന്നായ്ത്തദനുതളിയിൽച്ചെൻറമെൻതമ്പിരാനെ
കുമ്പിട്ടസ്ഥിന്നഴറിവഴിമേൽവിൻവവേണാടർമൌലെ!
സമ്പൽപ്രൌഢ്യൈപ്ര്യാപവര! പാദംനീവലത്തെത്തുന്നാരെ
മുമ്പിട്ടേററംപ്രവിശദയിതാമന്ദിരംമംഗളായ ഫന്നത

ഗണ്ഡാദേശംമുറവലരിയുംകൊങ്കയാംചെപ്പുമെപ്പം
മെകകൊണ്ടേക്കുമതിലകമാംനൽവിളക്കുംധ്യാനം
അല്പ്പാറാംമൽപ്പാടഫപടിയൊളംവന്നമൂരെടെക്കിൽമേവും
പൊൽപ്പൂമാതാംചെറിയതെതിരേററിട്ടമെമ്പൊട്ടന്നിന്നേ ഫന്നവ്യ

മൽപ്രിയസ്യാലളിതഗാതായെകൈവിരൽക്കൈവിരച്ചെ
ഇന്ദേസധകൊണ്ടുപരിരചിതാംനീലരത്നങ്ങൾകൊണ്ടു്
പൂർണ്ണാൽമുച്ചാണിടപടിയകംപൂമട്ടത്താഗ്രലാഗേ
കാണാംചെല്ലുമ്പൊഴുളിടനിങ്ങളുണ്ടേസപാനമാർഗ്ഗം. ഫന്നൻ

വെയിത്സരാജകുമാരൻ



വെനരാണിക്കകാലംമുതൽ ഇന്ത്യാരാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്തിൽ മുങ്ങിപ്പോകുന്നതുവരെ പരാക്രമികളും പ്രജാവത്സലന്മാരുമായ മഹാരാജാക്കന്മാരുടെ നിത്യസന്നിധാനത്താൽ നദീതീരങ്ങളിലുള്ള വൃക്ഷലതാദികൾ സൂര്യകിരണസമ്പർക്കത്താലെന്നപോലെ സകലസമൃദ്ധിയോടുകൂടി വളർന്നുവന്നിരുന്ന ഭാരതീയക്കു നിഷ്കളങ്കയായ രാജഭക്തി സഹജമായ ജാതിഗുണമായിത്തീർന്നിട്ടുള്ളതുകൊണ്ടാണ്, ,,രാജാവ്, വിദേശീയനും ദൂരസ്ഥനും ആയി

ത്തിന്നിരിക്കുന്ന ഇക്കാലത്തും ഈ ഗുണം വാസനാമാത്രേണ നിലനിന്നു പോരുന്നത്. രാജാവ് ഏററവും സമീപസ്ഥനായിരിക്കുന്നത് ഈ ത്രിദോഷങ്ങളിൽ ഒന്നായിട്ടാണ് വ്യവഹരിച്ചുപോരുന്നത് എങ്കിലും അദ്ദേഹം അതിദൂരസ്ഥനാകുന്ന. ഈ പ്രജകൾക്ക് ഒരിക്കലും ഗുണകരമായിട്ടുള്ളതല്ല. സൌകൎയ്യത്തിന്നുവേണ്ടി 'രാജഭക്തി' എന്നു ചുരുക്കിപ്പറയുന്നുവെങ്കിലും വാസ്തവത്തിൽ സ്നേഹം, ബഹുമാനം, ഭയം, ഭക്തി, വിശ്വാസം ഇവ തരാതരംപോലെ കൂടികലൎന്ന രാജവിഷയമായിട്ട് പ്രജകളുടെ മനസ്സിൽ ഉദിക്കുന്ന ഒരു വികാരവിശേഷത്തെയാണ് ഈ പദംകൊണ്ടു കുറിക്കുന്നത്. പ്രജാവാത്സല്യം, ഔദാൎയ്യം, ശൌൎയ്യം, പരാക്രമം മുതലായ രാജഗുണങ്ങളുടെ അനുഭവമാണ് ഇതിന്റെ ബീജം. ആയതുകൊണ്ടു രാജാവും പ്രജകളും തമ്മിലുള്ള പ്രത്യേകബന്ധത്തിന്നു ദൃഢതവരണമെങ്കിൽ അന്യോന്യം അടുത്തുപെരുമാററമുണ്ടാവുന്നതാണ് ഉത്തമമായിട്ടുള്ളത്. പക്ഷെ നമ്മുടെ ഇന്ത്യാചക്രവൎത്തിയും പ്രജകളും തമ്മിൽ ഈയൊരവസ്ഥ ഉണ്ടാകുവാൻ നിൎഭാഗ്യവശാൽ നിവൃത്തിയില്ലാത്തതിനാൽ യുവരാജാവായിരിക്കുന്ന കാലത്തെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഉത്തമാംഗമായിട്ട് ഗണിക്കപ്പെട്ടുവരുന്ന ഇന്ത്യാരാജ്യത്തെ വന്നു സന്ദൎശിച്ച് നാട്ടുകാരുടെ പ്രീതിയെ സമ്പാദിക്കേണ്ടത് അത്യാവശ്യമായിട്ടുള്ളതാകുന്നു. ഇന്ത്യാരാജ്യനിവാസികളുടെ ഹൃദയത്തിൽ എരിഞ്ഞുകിടന്നിരുന്ന രാജഭക്തി ഇപ്പോഴത്തെ വെയിത്സ് രാജകുമാരന്റെ ആഗമനത്തോടുകൂടി എത്രമാത്രം ഉജ്വലിച്ചുവശായിട്ടുണ്ടെന്നു പ്രത്യേകിച്ചു പറഞ്ഞറിയിക്കേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇദ്ദേഹത്തെപ്പററിയും ഇദ്ദേഹത്തിന്റെ ആഗമനാഘോഷത്തെപ്പററിയും വിസ്താരമായ ഒരു വിവരണവും ഇവിടെ അനാവശ്യമാകുന്നു. എന്നാൽ രഞ്ജിനിവായനക്കാൎക്ക് ഇഷ്ടമായിരിക്കുമെന്നു കരുതി മുഖചിത്രമായി ചേൎത്തിരിക്കുന്ന പടം അപ്രകൃതമാകാതിരിക്കുവാൻ വേണ്ടി അതിന്റെ ജീവൽപ്രതിനിധിയെപ്പററി രണ്ടുവാക്ക് ഇവിടെ പറയുന്നതാകുന്നു.

സാധാരണയായിട്ട് ഇംഗ്ലണ്ടിലെ രാജാവിന്റെ അപ്പോൾ ജീവിച്ചിരിക്കുന്ന മൂത്ത പുത്രനെയാകുന്നു വെയിത്സ് രാജകുമാരൻ

(യുവരാജാവ്) ആയിട്ടു നിയമിക്കപ്പെടുന്നത്. അതുകൊണ്ടു നമ്മുടെ രാജകുമാരൻ വെയിത്സുരാജകുമാരനായതു ജ്യേഷ്ഠന്റെ മരണശേഷം മാത്രമാകുന്നു. അദ്ദേഹം ഇപ്പോഴത്തെ ചക്രവൎത്തിയുടെ ദ്വിതീയപുത്രനായതുകൊണ്ടു ജനനാൽ 'കാറൺവാൽ', 'യോൎക്ക്', (Cornwall York) എന്ന സ്ഥലങ്ങളിലെ ഡ്യൂക്ക് (Duke) എന്ന സ്ഥാനത്തിന്നു അൎഹനാകുന്നു. ഇംഗ്ലാണ്ടിലെ നിയമപ്രകാരം 'കാറൺവാൽ' രാജ്യത്തിലെ നികുതി അദ്ദേഹത്തിന്റെ സ്വകാൎയ്യ ചിലവിന്നായി തിരിച്ചുവെക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ബ്രിട്ടീഷ് സാമ്രാജ്യം ഒട്ടുമുക്കാലും സഞ്ചരിച്ചിട്ടുണ്ട്. 'കാനഡ' (Canada) 'ആസ്ത്രേലിയാ' (Australia) തെക്കെ ആഫ്രിക്കാ (South Africa) എന്നീ രാജ്യങ്ങളെ സന്ദൎശിച്ച ഒടുവിലാണ് ഇന്ത്യയിൽ വന്നിട്ടുള്ളത്. 1901 മെയ് മാസത്തിൽ; അദ്ദേഹം ആസ്ത്രേലിയയിൽ ആയിരുന്നപ്പോൾ (അതേ കൊല്ലത്തിൽ തന്നെ ജനവരിമാസത്തിൽ വിക്ടോറിയാ രാജ്ഞി മരിച്ചതിന്റെ ശേഷം) ആസ്ത്രേലിയാ നാട്ടുകാരുടെ 'ഫെഡറൽപാൎല്ലിമെണ്ട്' (Federal Parliament) എന്ന പ്രജാസഭ ആദ്യം ആരംഭിക്കുകയും ചെയ്തു.

അദ്ദേഹം ഒരു ശാന്തനും, ദൃഢസ്വഭാവനും, ധീരനും, ജനാരഞ്ജനായുള്ളവനും ആകുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിനുള്ള ഒരു പ്രത്യേകഗുണം സകല സംഗതിയിലുമുള്ള സമാധാനവും, ജാഗ്രതയും, ആകുന്നു. സകലതും അന്വേഷിച്ചു സൂക്ഷ്മം അറിവാനുള്ള ഒരു വാസന അദ്ദേഹത്തിന്നു സ്വഭാവസിദ്ധമാകുന്നു. അതിബുദ്ധിമാനല്ലെങ്കിലും ഉള്ള ബുദ്ധിക്ക് നല്ല പാകതയുണ്ട്. അദ്ദേഹത്തിന്നു ശാസ്ത്രസംബന്ധമായിട്ടുള്ള വിഷയങ്ങളെ വായിക്കുന്നതിലാണ് പ്രതിപത്തി. വായിക്കുന്ന കാൎയ്യത്തിൽ അദ്ദേഹം കുറെ സാവധാനിയാണെങ്കിലും ചൊല്ലികേട്ട വേഗത്തിൽ മനസ്സിലാക്കുന്നതിൽ വളരെ പാടവമുള്ള ഒരാളാകുന്നു. അതതുകാലത്ത് ഏറ്റവും യോഗ്യരായിട്ടുള്ള ആളുകളോടു സംസാരിച്ചിട്ടാണ് അദ്ദേഹം സാധാരണയായി പല വിഷയങ്ങളെയുംപററി അറിവു സമ്പാദിക്കുന്നത് എല്ലാററിലുംവെച്ച് സയൻസ്സിലാണ് (Science)

അദ്ദേഹത്തിന്ന് അധികം വിശ്വാസമുള്ളത്. അതിനു മേലും, വണ്ടുമുള്ള പരിശ്രമമില്ലാത്ത ഒരു ജാതിക്കാരും ജീവനസമരത്തിൽ ജയം പ്രാപിക്കയില്ലെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. ഇക്കാലത്തെ ജനസമുദായത്തിൽ ധനം സമ്പാദിപ്പാനുള്ള ശ്രമങ്ങളെ ഒട്ടു വിചാരിച്ചു പോരുന്നതിനെക്കുറിച്ച് അദ്ദേഹത്തിനുള്ള പുച്ഛം പലപ്പോഴും അദ്ദേഹം വാക്കുമൂലം വെളിപ്പെടുത്തീട്ടുണ്ട്. ചെറുപ്പകാലങ്ങളിൽ കപ്പൽക്കാരുടെ ഇടയിൽ കിടന്നു പരിചയിച്ചിട്ടുള്ളതുകൊണ്ട് കേവലങ്ങളായ അഹങ്കാരങ്ങളോടും വ്യായാമങ്ങളോടും അദ്ദേഹത്തിനുള്ള മോഹം സാധാരണ കപ്പൽക്കാർക്കു ഉള്ളതുപോലെയാകുന്നു. കുതിരപ്പന്തയവും ശീട്ടുകളിയും അദ്ദേഹം ലേശംപോലും ഇഷ്ടപ്പെടുന്നില്ല. യൂറോപ്പിലെ വെടിവെക്കുന്നവരിൽ ശ്രേഷ്ഠതയുള്ളവരിൽ അദ്ദേഹം ഒരു പ്രധാനിയാകുന്നു. എല്ലാ കളികളിലുംവെച്ചു നായാട്ടിലാണ് അദ്ദേഹത്തിന്നു അധികം പ്രതിപത്തി.

അദ്ദേഹം ദീപനക്ഷയത്തിന്ന് അടിമപ്പെട്ടിട്ടുള്ള ഒരു രോഗിയാകുന്നു. അദ്ദേഹം ശുദ്ധനും, ധീരനും, ശൂരനും, സ്വാർത്ഥരഹിതനും കൃത്യനിരതനുമായ ഒരു ഇംഗ്ലീഷുകാരനാണെന്നു ചുരുക്കത്തിൽ പറഞ്ഞ് കലാശിക്കാവുന്നതാണ്.

അദ്ദേഹത്തിന്നു നാല് ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ട്.

1. പ്രിൻസ്സ് എഡ്വേർഡ്—1894 ജൂൺ 23-ാം നു- ജനിച്ചു.
2. പ്രിൻസ്സ് ആൽബെർട്ട്—1895 ഡിസെമ്പർ 14-ാം നു- ജനിച്ചു.
3. പ്രിൻസ്സസ്സ് വിക്ടോറിയാ—1897 ഏപ്രിൽ 25-ാം നു- ജനിച്ചു.
4. പ്രിൻസ്സ് ഹെൻറി—1900 മാർച്ച് 31-ാം നു- ജനിച്ചു.
5. പ്രിൻസ്സ് ജോർജ്ജ്—1902 ഡിസെമ്പർ 20-ാം നു- ജനിച്ചു.

ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു. അദ്ദേഹം 1864 ജനുവരി 8-ാം നു- ജനിക്കയും 1892 ജനുവരി 14-ാം നു- ചരമഗതിയെ പ്രാപിക്കയും ചെയ്തു.

അദ്ദേഹത്തിന്റെ അനുജൻ.

പ്രിൻസ്സ് അലക്സാണ്ടർ ജോൺ ചാറത്സ്സ് ആൽബെർട്ട്. ഇദ്ദേഹം 1876 ഏപ്രിൽ 7-ാം നു- ജനിച്ചു.

സഹോദരിമാർ.

1. പ്രിൻസ്സസ്സ് ലൂയിവിക്ടോറിയ അലക്സാണ്ട്രാഡാഗ്മർ 1867 ഫിബ്രുവരി 20-നു- ജനിച്ചു.

2. പ്രിൻസ്സസ്സ് വിക്ടോറിയാ അലക്സാണ്ട്ര ഓൾഗ മെറി 1868 ജൂലായി 6-ാം നു- ജനിച്ചു.

3. പ്രിൻസസ്സ് മാഡ് ചാർലട്ട് മേരി വിക്ടോറിയ 1869 നവമ്പ്ര 26-ാം നു- ജനിച്ചു. ഈ രാജകുമാരിയെ നമ്മുടെ രാജകുമാരന്റെ മാതുലനും ഡെന്മാൎക്ക രാജാവിന്റെ ദ്വിതീയ പുത്രനും ആയ ക്രിസ്ത്യൻ ഫ്രെഡറിക്ക് (Christian Frederic) എന്നാൾക്കു വിവാഹം ചെയ്തു കൊടുക്കയാൽ ഇപ്പോൾ ഈ രാജകുമാരിക്ക് 'നോർവെ' രാജ്യത്ത് പട്ടമഹിഷിസ്ഥാനം വഹിക്കുവാൻ ഇടവന്നു. അതെങ്ങിനെയെന്നാൽ കഴിഞ്ഞ നവമ്പർ മാസത്തിൽ 'നോർവെ' രാജ്യനിവാസികൾ ഈ രാജ്ഞിയുടെ ഭർത്താവും ഡെന്മാൎക്കിലെ രാജാവും ആയ ക്രിസ്ത്യൻ ഫ്രെഡറിക്ക് എന്നാളെ തെരഞ്ഞെടുത്ത് ഹാകൺ VII (Hakkon VII) എന്ന സ്ഥാനപ്പേരോടുകൂടി അവരുടെ രാജാവായി വാഴിക്കയാൽ ആകുന്നു.

വിവാഹം

ടെക്ക് എന്ന രാജ്യത്തെ രാജകുമാരിയായ 'വിക്ടോറിയാമേരി' എന്ന കന്യകയെയാണ് ഇദ്ദേഹം വിവാഹം ചെയ്തത്. ഈ രാജകുമാരി 1867 മെയ് മാസം 26-ാം നു- ജനിച്ചു. 1893-ൽ വിവാഹം കഴിഞ്ഞു. വെയിൽസ്സ് രാജകുമാരന്റെ ഇന്ത്യാരാജ്യസന്ദൎശനവും ഓരോരോ ദിക്കിൽ ഉണ്ടായ സല്ക്കാരങ്ങളും പലവിധമംഗളപത്രസമൎപ്പണങ്ങളും ആയതിന്നൊക്കെ അവിടുത്തെ കരുണാമസൃണങ്ങളായ മറുവടികളും മറ്റും അതാതു സമയത്ത് വൎത്തമാനപത്രങ്ങളിൽ വിസ്തരിച്ചിരുന്നതിനെ ഇവിടെ ചൎവ്വിതചൎവ്വണം ചെയ്യുന്നില്ല. അദ്ദേഹത്തിന്റെ ഇന്ത്യാരാജ്യസംദൎശനത്തിൽനിന്ന് ഇന്ത്യാനിവാസികൾക്ക് ഉണ്ടായിട്ടുള്ള സന്തോഷവും, അവൎക്കുണ്ടാകാവുന്ന ഗുണങ്ങളും രാജകുമാരന്നു പ്രജകളെക്കുറിച്ചുണ്ടായിട്ടുള്ള സംതൃപ്തിയും എല്ലാംകൂടി ആലോചിച്ചു നോക്കുമ്പോൾ രാജാവും പ്രജകളും തമ്മിൽ

എന്നുവേണ്ട ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള ബന്ധം പൂർവാധികം ദൃഢമാകുവാൻ വഴിയായിട്ടുള്ളതിന്നു യാതൊരു സംശയവുമില്ല.

നാരായണിക്കുട്ടി

രണ്ടാംഭാഗം.



പൂർണ്ണയൌവനം പ്രാപിച്ച ഒരു സ്ത്രീയേയും പുരുഷനേയും തനിച്ചു രാത്രിസമയത്ത് ഒരു മുറിക്കകത്താക്കി വാതിലടച്ചതു ഭംഗിയായില്ലാ എന്നൊരു വകക്കാരും 'ഏയ് അതുകൊണ്ടൊന്നുമില്ല' എന്നു മറ്റൊരു വകക്കാരും വിചാരിപ്പാൻ വഴിയുണ്ട്. ഈ ഒടുവിൽ പറഞ്ഞ കൂട്ടരുടെ വിചാരത്തിന്നടിസ്ഥാനമായ ആ തരുണീതരുണന്മാരുടെ പഠിപ്പിനേയും അതിൽനിന്നുത്ഭവിച്ചിട്ടുള്ള അറിവിനേയും, മാനമര്യാദയേയും, മനോപരിപാകത്തേയും ആ രാത്രിയിലെ അവസ്ഥകളേത്തേയും ആസ്പദമാക്കീട്ടാണ് അവരെ തനിച്ചിരുത്തിയത്. പിന്നീടുണ്ടായ അവരുടെ സംഭാഷണവും അനുവർത്തനവുംകൊണ്ട്, നാമവരിൽ പ്രതിഷ്ഠിച്ച വിശ്വാസത്തിന്നു രണ്ടുപേരും സർവ്വപ്രകാരേണയും അർഹന്മാരാണെന്നു വേണ്ടുംവണ്ണം ബോദ്ധ്യപ്പെടുന്നതാണ്.

വാതിലടച്ചു ഗൃഹസ്ഥൻ ഇറങ്ങിപ്പോയതിന്നുശേഷം നമ്മുടെ യുവതി ഇടയിന്മേൽ ഇടത്തെക്കയ്യിന്റെ മുട്ടുകുത്തി കോമളമായ മുഖത്തെ ആ കയ്യിൽ വെച്ചു മനോരാജ്യത്തോടുകൂടി സ്ഥിതി ചെയ്തു. 'രംഭായാമുദിതംസനാളകമലംതസ്മിൻകലാനാംപതിർഭ്രാന്തോ' എന്നു ഈ സന്ദർഭത്തിലാണ് പറയേണ്ടിയിരുന്നത്. തന്റെ സമീപത്തിൽ ഇരിക്കുന്ന ആ യുവാവ് ഇതൊട്ടു നോക്കുമ്പോൾ ശ്ലോകത്തിന്റെ ഇത്രയും ഭാഗം ശരിയായിട്ടുണ്ടെന്നും എന്നാൽ ഭ്രാന്തികം

സികേകാകനർത്തോൽകണ്ഠിതാകളിദാതമന്ദം' എന്ന ഉള്ള ഭാഗം ശരിയായിട്ടില്ലെന്നോ വിചാരിച്ചുപോയെങ്കിലോ എന്നുള്ള ഒരു ശങ്കകൊണ്ടെന്നു തോന്നുംവണ്ണം ആ യുവതി ദീർഘങ്ങളായ തന്റെ കണ്ണുകളിൽനിന്ന് അശ്രുധാരയെ പ്രവഹിപ്പിച്ചു തുടങ്ങി. ഈ സമയത്തു യുവാവാകട്ടെ ഇതൊട്ടു നോക്കാതെ എന്തോ മനോരാജ്യം വിചാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സൂക്ഷ്മത്തിൽ, ആയാളുടെ മനോരാജ്യം, സന്ദർഭോചിതമായി എങ്ങിനെയാണ് സംഭാഷണം തുടങ്ങേണ്ടത് എന്നായിരുന്നു. പലവിധങ്ങളായ മനോവേദനകൾക്ക് അധീനയായ ഒരു യുവതിയെ സ്വല്പനേരമെങ്കിലും സമാധാനയായി ഇരുത്തുന്നതു കഷ്ടമാണെന്നുള്ള ഓർമ്മ തന്നിലുണ്ടായതോടുകൂടി യുവാവു പെട്ടെന്ന് കണ്ണിളകി യുവതിയെ നോക്കിക്കൊണ്ടു താഴെ പറയുംപ്രകാരം പറഞ്ഞു.

'ഈ ഭയങ്കരരാത്രിയിലെ സംഭവങ്ങളാൽ നാം അന്യോന്യം കുറെക്കൂടി വിവരമായി അറിയുവാൻ കടപ്പെട്ടിരിക്കുന്നു.'

യുവതി—ലൗകികസമ്പ്രദായപ്രകാരം ഇങ്ങിനെ ഒരു ചോദ്യത്തിന്നാണ് ഇനി അവകാശമെന്നും അപ്പോൾ രണ്ടുമൂന്നു മണിക്കൂറു മുമ്പുവരെ എന്നെ വാത്സല്യത്തിൽ ആറാടിച്ചു വന്നവരും ഒററമാത്രത്തിൽ കരളുരുകി പൊട്ടിക്കരഞ്ഞുകൊണ്ടു പോയവരുമായ മാതാപിതാക്കന്മാരുടെ ശ്രാദ്ധാചരണം എന്റെ നാക്കുകൊണ്ടു വേണ്ടിവരുമല്ലോ എന്നും കൂടിയാണ് ഞാൻ വിചാരിച്ചുകൊണ്ടിരുന്നത്.

യുവാവ്—ബഹിരന്തരംഗങ്ങൾക്കൊപ്പം അസ്വാസ്ഥ്യം സംഭവിച്ചിരിക്കുന്ന സമയത്ത് ഇങ്ങിനെയൊന്നു പുറപ്പെട്ടിരിക്കുന്നത് സാഹസമാണല്ലോ എന്നു വിചാരിച്ച് ഇതുവരെയും അടങ്ങിയതാണ്, ഉപേക്ഷയോ വിസ്മൃതിയല്ല.

യുവതി—അതു ശരിതന്നെ. അവിടുത്തെ ആ ഉദ്ദേശ്യം വന്ദനം പറയുന്നു. എന്നാൽ മേൽപറഞ്ഞ ഉൽക്കണ്ഠയുടെ സാധാരണിയാണെന്നറിയാമല്ലോ.

യുവാവ്—ആദ്യം ഞാൻതന്നെ പറയാം. എന്റെ പേരു കേട്ടി കുഞ്ഞുപ്പണിക്കർ' എന്നാണ്.

യുവതി —(ആശ്ചൎയ്യത്തോടുകൂടി) പി. വി. യാണോ?

പണിക്കർ— അതെ. എന്താണതിലിത്ര അത്ഭുതം?

യുവതി— ബി. എൽ. പരീക്ഷയ്ക്ക് ഈയാണ്ടിൽ ഒന്നാംക്ലാസിൽ ജയിച്ചയാൾ നിങ്ങളല്ലെ?

പണിക്കർ— ബി. എൽ. പരീക്ഷാഫലം പുറത്തായോ?

യുവതി— ഞങ്ങൾ മദിരാശിയിൽനിന്നു പുറപ്പെടുന്നതിന്നു രണ്ടു മണിക്കൂറുമുമ്പെ പ്രസിദ്ധപ്പെടുത്തി. നിങ്ങൾ കമ്പിക്ക് ഏൎപ്പാടു ചെയ്തിട്ടില്ലെ?

യുവാവ്— ഉണ്ട്. എന്നാൽ വിവരം അറിയുവാൻ കാരാളം താമസമാണെന്നു ഒരു ഊഹംകേട്ടു. അതുവരെ നാട്ടിൽ താമസിപ്പാൻ കഴികയില്ലെന്നുവെച്ചു കമ്പി പ്രയാഗയിലെയ്ക്കടിപ്പാൻ എഴുതി അയച്ച് മുൻ നിശ്ചയിച്ചിരുന്ന ഈ സഞ്ചാരത്തിന്നു പുറപ്പെട്ടു. തൃപ്പതിക്കു പോയി ആ വഴിക്കാണ് ഇപ്പോൾ വരുന്നത്. ആകട്ടെ ഒന്നാംക്ലാസ്സിൽ എത്ര ആൾ ജയിച്ചിട്ടുണ്ടെന്നു നിശ്ചയമുണ്ടൊ?

യുവതി— നിങ്ങൾ മാത്രമെ ഉള്ളു. നിങ്ങളുടെ ഈ മഹത്തായ വിജയത്തിൽ ഞാൻ മനഃപൂൎവ്വം അനുമോദിക്കുന്നു.

പണിക്കർ— വളരെ വളരെ വന്ദനം. ഈ സന്തോഷവൎത്തമാനം ഭവതിയുടെ മുഖത്തിൽനിന്ന് ഗ്രഹിപ്പാനിടയായതിനാൽ അതിന്നു ഒരു പ്രത്യേകആസ്വാദ്യതയുള്ളതായി തോന്നുന്നു.

യുവതി— ഞങ്ങൾ ബീച്ചിൽകൂടി വണ്ടിയോടിച്ചുകൊണ്ടു പോരുമ്പോൾ ഒരാൾക്കൂട്ടം കാണുകയാൽ അതിൻെറ കാരണം ചോദിച്ചതിൽ ബലൂണിയായ ഒരാൾ ഇത്രയും വിവരം അറിവുതന്നു. നിങ്ങളുടെ പേര് കേട്ടയുടനെ ഞങ്ങൾ അച്ഛൻെറ പ്രാണസ്നേഹിതനായ കുട്ടിരാമമേനോൻെറ മകനാണെന്നും നിങ്ങളെ പലതവണയും കാണുകയും നിങ്ങളുടെ പലവിധ ഗുണങ്ങളെപ്പററി അറിയുകയും ചെയ്തിട്ടുണ്ടെന്നും മററും അച്ഛൻ വളരെ താല്പൎയ്യമായി സംസാരിച്ചു. ഗുണങ്ങൾക്കനുസരിച്ചതന്നെ നിങ്ങൾ പ്രവൎത്തികളെയും ആദ്രഹവുമായിട്ടുള്ള സ്നേഹത്തെ യഥായോഗ്യം

സഫലീകരിക്കയും ചെയ്തു. ഈ സൽപ്രവൃത്തികളുടെ വിവരം കേട്ട കൂട്ടർക്കാവാനുള്ള സുഖങ്ങളും പൊയ്പോയല്ലോ.

പണിക്കർ— മനസ്സിലായോ ആയാസപ്പെട്ടതെന്തിന. പ്രത്യേക പ്രശംസയ്ക്ക് അർഹമാകത്തക്കവണ്ണം ഞാൻ ഒന്നുംതന്നെ ചെയ്തിട്ടില്ല. വല്ലതും ചെയ്തിട്ടുണ്ടെങ്കിൽതന്നെ സവിശേഷം അഭിനന്ദിപ്പാൻ ഭവതിയെ ഈശ്വരൻ രക്ഷിച്ചുകൊണ്ടു വന്നിട്ടുണ്ട്. അതുതന്നെ എനിക്കു മതിയായ ചാരിതാർത്ഥ്യമാണ്. എന്നാൽ ഇനിയും ഭവതിയെ സംബന്ധിച്ചുള്ള വിവരങ്ങളും ധരിപ്പിക്കുവാൻ താമസിക്കുന്നതായാൽ അത് നാം തമ്മിലുള്ള സ്നേഹത്തിന്റെ ധർമ്മത്തിന് വലുതായ ലോപമായി തീരുന്നതാണ്.

യുവതി— എന്റെ പേര് 'നാരായണിക്കുട്ടി' എന്നാണ്. അച്ഛൻ—നാരായണിക്കുട്ടിയ്ക്ക് ആ അവസരത്തിൽ കഴിച്ചുകൊണ്ടുവരുവാൻ സാധിച്ച ധൈര്യമെല്ലാംകൊണ്ടും അച്ഛന്റെ നാമോച്ചാരണത്തിന്ന് ശക്തിയുണ്ടായില്ല. അച്ഛൻ— എന്നു പറഞ്ഞപ്പോഴേയ്ക്കും ആ മഹാത്മാവിന്റെ രൂപം മനോമുകുരത്തിൽ പ്രതിബിംബിച്ചു കാണുകയാൽ അസഹനീയമായ വ്യസനത്തിന്റെ ശക്തിയാൽ മലവെള്ളത്തിന്റെ ഒഴുക്കത്തിൽ മൺചിറ ഒലിയുന്നപോലെ നാരായണിക്കുട്ടിയുടെ ധൈര്യമെല്ലാം കലങ്ങിപ്പോകയും കണ്ണുകളിൽനിന്നു മുഖത്തിലൂടെ ധാരധാരയായി ചുടുചുടെ വീഴുന്ന കണ്ണീരോടുകൂടി തേങ്ങിക്കരഞ്ഞു ഇടറുകയും ചെയ്തു.

'ശോകക്കടൽ കവിഞ്ഞൊരാറായ് വെള്ളമേറ്റും കുളത്തിനൊരു വഴി പരിരക്ഷയ്ക്കുളവു വെക്കുന്നതല്ലോ. തെരുതെരെയഴൽ തിങ്ങുമാനസത്തിന്നാകക്കരയുകിലതുതന്നെ തെല്ലോരാശ്വാസഹേതു' എന്നുള്ള കവിവാക്കിലെ സ്വാഭാവികത്വം ശരിയായ വിധത്തിൽ ധരിച്ചിട്ടുള്ള പണിക്കർ നാരായണിക്കുട്ടിയെ കുറച്ചു നേരം നിർബാധമായി കരയുവാൻ അനുവദിച്ചു. രണ്ടുമൂന്നു മിനിറ്റ് കഴിഞ്ഞപ്പോൾ നാരായണിക്കുട്ടിയ്ക്ക് ഒരു ഭാരം ഇറക്കിയതുപോലുള്ള ആശ്വാസം തോന്നി മുഖം ഇടച്ച് തന്റെ ചാപല്യത്തിന്ന് മാപ്പുതരണേ എന്നുള്ള അർത്ഥം ധ്വനിക്കുമാറ് പണിക്കരുടെ മുഖത്തേക്കു നോക്കി.

പണിക്കർ— ഇതെല്ലാം സ്വാഭാവികമാണ്. എന്നാൽ 'അതീതകാൎയ്യാനുശയേനകിംസ്യാൽ?' എന്നും മററുമുള്ള ആപ്തവാക്യങ്ങളാൽ ധൈൎയ്യമവലംബിക്കുന്നതും സ്വാഭാവികമാണ്.

നാരായണി— അതെ, പക്ഷെ കഠിനമായ വ്യസനത്തിന്റെ പുതുമയിൽ പ്രമാണങ്ങളും ആശ്വാസവാക്കുകളും ഒന്നും ഫലിയ്ക്കാതിരിക്കുന്നതും അങ്ങിനെയല്ലേ?

പണിക്കർ— അതും ശരിയാണ്. അതിനാൽ അച്ഛനും അമ്മയും ആരാണെന്ന് ഇപ്പോഴും പറവാൻ വയ്യെങ്കിൽ പിന്നെ മതി.

നാരായണി— അത്രവാത്സല്യമുള്ള അച്ഛനും അമ്മയും പോയിട്ടു ക്ലേശംകൂടാതെ ജീവിച്ചിരിക്കത്തക്കവണ്ണം മനസ്സിനു കാഠിന്യമുള്ള എനിയ്ക്ക് അവരുടെ പേരു പറവാൻ സാധിക്കില്ലെന്നു വരുമോ? എയ് ഒരിക്കലുമില്ല. എന്റെ അമ്മയുടെ പേർ മ—.

അച്ഛന്റെ പേർ പറവാൻ ഭാവിച്ച സമയത്തുണ്ടായ മനോവികാരങ്ങളും ചേഷ്ടകളും ഒന്നുകൂടി ആവൎത്തിച്ചു. വീണ്ടും അതിൽനിന്നു നിവൎത്തിച്ചു കണ്ണീർ തുടച്ചു നാരായണിക്കുട്ടി പണിക്കരുടെ മുഖത്തൊന്നു നോക്കി. സന്താപത്താൽ തന്റെ ഹൃദയം ഭേദിക്കുന്നുണ്ടെന്നും ഈശ്വരനെ ഓൎത്തിട്ടോ താൻ സ്വല്പമായി ചെയ്ത സഹായത്തെ ഓൎത്തിട്ടോ ഇനിയെങ്കിലും 'ഇങ്ങിനെ വ്യസനചാപല്യം കാണിക്കാതിരുന്നാൽ കൊള്ളാമെന്ന് അപേക്ഷയുണ്ടെന്നും പണിക്കരുടെ മുഖത്തു വ്യക്തമായി എഴുതിയിരിക്കുന്നതായി നാരായണിക്കുട്ടിയ്ക്കു തോന്നി. വ്യസനത്തിന്ന് എത്രതന്നെ ശക്തിയുണ്ടെങ്കിലും താൻ അതിരില്ലാതെ കടപ്പെട്ടിരിക്കുന്ന ആ ഉദാരചിത്തനു മനശ്ശല്യത്തെ ഉണ്ടാക്കുന്നതു കഷ്ടമാകയാൽ ഇനി അങ്ങിനെ വരാതെ സൂക്ഷിക്കേണമെന്നു നാരായണിക്കുട്ടി തീൎച്ചയാക്കി. ആ തീൎച്ചയോടുകൂടി നാരായണിക്കുട്ടിയുടെ മുഖത്ത് ഒരു പ്രത്യേക പ്രസന്നത ഉണ്ടായി. അതിന്റെ പ്രതിബിംബമോ എന്നു തോന്നുമാറു പണിക്കരുടെ മുഖവും തെളിഞ്ഞു.

പണിക്കർ— അമ്മയുടെ പേരു മാധവിയമ്മ എന്നാണെന്നു ഞാൻ ധരിച്ചു. കുട്ടിയുടെ വീട്ടിൻപേരെന്താണ്?

നാരായണി— ഞാൻ മംഗലത്തു കിഴക്കേതിലേയാണ്.

പണിക്കർ—എന്ത്? മഹാത്മാവായ ഗോപാലകുറുപ്പിന്റെ വിയോഗത്തെക്കുറിച്ചാണോ ഈ വ്യസനിക്കുന്നതെല്ലാം? അദ്ദേഹം ഇത്ര പെട്ടെന്നു ലോകാന്തരത്തെ പ്രാപിച്ചുവോ? എന്നാലിനി ആർക്കുതന്നെ മരിച്ചുകൂട? 'കുട്ടി നന്നായ്‌വരട്ടെ' എന്നുള്ള ആശീർവചനങ്ങളെ സഗൽഗദം ഉച്ചരിച്ച് അകൃത്രിമവാത്സല്യത്തോടുകൂടി എന്റെ ശിരസ്സിൽ അർപ്പിക്കാറുള്ള ആ കൈകൾ ഇല്ലാതായെന്നോ? അദ്ദേഹത്തിന് ആൺകുട്ടിയില്ലാത്തതിനാലുള്ള ദോഷം എന്നെക്കൊണ്ടും എന്റെ അച്ഛന്നു പെൺകുട്ടിയില്ലാത്തതിനാലുള്ള ദോഷം അദ്ദേഹത്തിന്റെ മകളെക്കൊണ്ടും പരിഹരിക്കാമെന്നു രണ്ടുപേരും പലപ്പോഴും പറയാറുണ്ട്. കഷ്ടമേ! അപ്രകാരമുള്ള അദ്ദേഹത്തിനുവേണ്ടി യാതൊന്നും ചെയ്യാൻ കഴിയാത്ത എന്റെ ദുർഭാഗ്യത്തെ ഞാൻ എങ്ങിനെയൊക്കെയാണ് ശപിക്കേണ്ടത്?

നാരായണിക്കുട്ടി—അദ്ദേഹത്തിന്റെ വാത്സല്യഭാജനവും പരലോകത്തിൽ ഗതികിട്ടുവാൻ കർമ്മം ചെയ്യുന്നതിന്ന് അർഹയുമായ ഏകപുത്രിയെ അത്യാപത്തിൽനിന്നു രക്ഷിച്ചില്ലേ? ഒരു പുത്രൻതന്നെയായാലും ഇതിലുമധികമായി ചെയ്യേണ്ടതുണ്ടോ?

പണിക്കർ—അദ്ദേഹത്തിന്ന് എന്നിലുണ്ടായിരുന്ന വാത്സല്യത്തിന്റെ ശതാംശത്തിന്ന് ശരിയായി ഞാനൊന്നും ചെയ്തിട്ടില്ല. ആകട്ടെ ഇനി അതിനെപ്പററി വിചാരിച്ച് മനസ്സു പുണ്ണാക്കീട്ടാവശ്യമില്ല. കുട്ടിയുടെ ക്ഷേമത്തിൽ എനിക്കുള്ള ശ്രദ്ധയ്ക്ക് ഒരു പ്രത്യേക പ്രാബല്യം സിദ്ധിച്ചിട്ടുണ്ട്. ദൈവം പ്രതികൂലമായി നിൽക്കാതിരുന്നാൽ നമുക്ക് ശുന്ന്യം കഴിഞ്ഞ ഉടനെ ഗംഗാസ്നാനം, ഗയാശ്രാദ്ധം മുതലായതു കഴിച്ച് കൽക്കത്താവഴിക്ക് മദിരാശിയിൽപോയി ഒരു മാസത്തിനകം നമ്മുടെ നാട്ടിൽ ചെന്നുചേരാം. മടിശ്ശീലയും അതിലുണ്ടായിരുന്ന പതിനഞ്ചു പവനും പെട്ടിയിൽ വെക്കാതെ പോക്കററിൽതന്നെ ഇടുവാൻ തോന്നിയതു ഭാഗ്യം. നമുക്ക് വഴിച്ചിലവിന്നും ബുദ്ധിമുട്ടാതെ കഴിഞ്ഞു. അല്ലെങ്കിലും കമ്പിയാപ്പീസ്സുള്ള വല്ല ദിക്കിലുമെത്തിയാൽ കമ്പിയടിച്ച് പണം വരുത്താമെന്നുവെക്കാം. എങ്കിലും

ഒന്നും കൂടാതെ കഴിഞ്ഞു. നമുക്കു സന്ദർശിക്കേണ്ട ദിക്കുകളെല്ലാമാണെന്നും എപ്പോഴാണ് യാത്ര ആരംഭിക്കേണ്ടതെന്നും മററും നേരം പുലൎന്ന് ആലോചിച്ചു തീൎച്ചയാക്കാം. ഇപ്പോൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവല്ലൊ. കുട്ടി ആ പാൎശ്വധാനിയിൽ കിടന്ന് ഉറങ്ങു. ഞാൻ ഈ ചാരുകസേരയിൽ കിടന്നുകൊള്ളാം.

നാരായണി—ഉറക്കം വരുന്നില്ലെങ്കിലും അവിടുത്തെ ആജ്ഞാനുസരണം പ്രവൎത്തിച്ചേക്കാം.

എന്നു പറഞ്ഞ് ഉടനെ പോയി കിടന്നു. പണിക്കർ എഴുന്നേററു വാതിൽ ബന്ധിച്ചു ചാരുകസേരയിലും കിടന്നു. പത്തുമിനിററിനു മുമ്പായി രണ്ടുപേരും ഗാഢനിദ്രയെ പ്രാപിക്കുകയും ചെയ്തു.

കാലത്ത് ഒമ്പതുമണിവരെ പണിക്കരുറങ്ങി. ഉണൎന്നുനോക്കുമ്പോൾ നാരായണിക്കുട്ടി കസേരയിൽ ഇരുന്നു കരയുകയായിരുന്നു. കഠിനമായ വ്യസനത്താൽ മനസ്സിനു വല്ലാതെ ക്ഷീണം ബാധിച്ചാൽ ചിലൎക്കു പെട്ടെന്ന് ഉറക്കം വരുന്നതും മനസ്സിന് ഒരു പുതിയ ശക്തിയോടുകൂടി ഉണരുന്ന സമയം അതുവരെ നിദ്രയാകുന്ന തിരശ്ശീലയാൽ മറയ്ക്കപ്പെട്ട വ്യസനം പൂൎവ്വാധികമായ ശക്തിയോടുകൂടി മനോരംഗത്തിൽ പ്രവേശിക്കുന്നതും സ്വാഭാവികമാണ്. പണിക്കർ വല്ലാതെ മനസ്സുരുകി അടുത്തുചെന്ന് ഒരു കസേരയിൽ ഇരുന്ന് ഇങ്ങിനെ ചോദിച്ചു:—കുട്ടി ഉറങ്ങാതെ ഇതുവരെ ഇരുന്നു കരയുകയായിരുന്നുവോ?

നാരായണി—അല്ല. ഞാൻ പത്തുമിനിററു മുമ്പെ ഉണൎന്നതെ ഉള്ളു. എത്രതന്നെ ഒതുക്കിയാലും പിന്നെയും തള്ളിക്കേറിവരുന്ന ഈ വ്യസനത്തിന്റെ ശക്തിയെ സഹിപ്പാൻ നിവൃത്തിയില്ലാഞ്ഞിട്ടാണേ. അവിടുത്തെ മുമ്പിൽ ഇടയ്ക്കിടെ ഈ വ്യസനക്കൂത്തു കാട്ടുവാൻ എനിക്കു മടിയുണ്ട്.

പണിക്കർ— ആ കാഴ്ച കാണാനുള്ളതിനേക്കാൾ അധികം വ്യസനം, ഇങ്ങിനെ മനസ്സു പുണ്ണാക്കിയാൽ ദേഹത്തിന്നു വല്ല സുഖക്കേടും ഉണ്ടായേക്കുമോ എന്നാണ്.

നാരായണി—ഈ അത്യാപത്തിൽ ഇങ്ങിനെ ഒരു ബന്ധുവിനെ ലഭിച്ചതുകൊണ്ട്—

ഇത്രയും പറഞ്ഞപ്പോഴയ്ക്കും പുറത്തുനിന്ന് ആരോ വാതിൽ കൊട്ടി. പണിക്കർ ഉടനെ എഴുനീററു വാതിൽ തുറന്നപ്പോൾ രണ്ടുകൈകൊണ്ടും താങ്ങിപ്പിടിച്ചിട്ടുള്ളതും കാപ്പിയും പലതരം പലഹാരങ്ങളും നിറച്ചുവെച്ചിട്ടുള്ളതുമായ ഒരു വലിയ വെള്ളിത്തട്ടത്തോടുകൂടി നമ്മുടെ മഹാമനസ്കനായ ഗൃഹസ്ഥൻ പ്രവേശിച്ചു. രണ്ടുപേരും കാപ്പിയും പലഹാരവും ധാരാളം കഴിച്ചു. വീണ്ടും ഓരോ വർത്തമാനങ്ങൾ പറവാൻ തുടങ്ങി. അവർ നടത്തിയ സംഭാഷണം മുഴുവനും ഹൃദയംഗമമായിത്തന്നെയിരുന്നു എങ്കിലും അതെല്ലാം എഴുതുന്നതായാൽ നമ്മുടെ കഥ വല്ലാതെ ദീർഘിച്ചുപോകുമെന്നു കരുതി ഉപേക്ഷിക്കയേ നിവൃത്തിയുള്ളു. തങ്ങളുടെ പഠിപ്പിന്നും അന്തസ്സിന്നും തൽകാലത്തെ അവസ്ഥാഭേദത്തിന്നും അനുസരിച്ചതന്നെയായിരുന്നു അവരുടെ സംഭാഷണമെന്നും അന്യോന്യമുള്ള സ്നേഹം പ്രതിനിമിഷം വർദ്ധിച്ചുവർദ്ധിച്ചു വന്നു നേത്രാമൃതമായ ദേഹദർശനവും കർണ്ണാമൃതമായ സംഭാഷണശ്രവണവും കൂടാതെ ജീവിച്ചിരിപ്പാൻ രണ്ടുപേർക്കും അസാദ്ധ്യമാണെന്നുള്ള നിലയായി എന്നും ചുരുക്കമായി പറഞ്ഞുകൊള്ളട്ടെ. ഗൃഹസ്ഥന്റെ ഔദാര്യവും ശ്രദ്ധയും ക്രമേണ വർദ്ധിച്ചു വന്നതിനാൽ അവർക്ക് അവിടെയുള്ള വാസം വളരെ സുഖമായിത്തന്നെ കഴിഞ്ഞു. രണ്ടുദിവസം മുഴുവൻ ഇങ്ങിനെ താമസിച്ചപ്പോഴയ്ക്കും ദേഹത്തിനുണ്ടായിരുന്ന ക്ഷീണം തീരെ പൊയ്പ്പോയതിനാൽ ദിക്സന്ദർശനം ചെയ്തു മനസ്സിനെ ആഹ്ലാദിപ്പിക്കുവാനും ഗംഗാസ്നാനാദിസുകൃതങ്ങൾ നേടുവാനും ഉള്ള മോഹംകൊണ്ടു തങ്ങൾക്ക് അന്നു പോകുവാൻ അനുവാദം തരേണമെന്നു മൂന്നാംദിവസം രാവിലെ പണിക്കർ ഗൃഹസ്ഥനോടപേക്ഷിച്ചു. എല്ലാംകൊണ്ടും ഇങ്ങിനെ യോഗ്യത തികഞ്ഞിട്ടുള്ള രണ്ടാളുകൾ തന്റെ ഗൃഹത്തെ അലങ്കരിച്ചിട്ടില്ലെന്നു മാത്രമല്ല നേത്രത്തിന്നു വിഷയീഭവിച്ചുകൂടി ചെയ്തിട്ടില്ലായ്കയാൽ ഭൂലോകവാസികൾ സാധിച്ചിട്ടില്ലാത്തതും ഇനി സാധിക്കുമെന്നു വിചാരിപ്പാൻ തരമില്ലാത്തതുമായ അവരുടെ സഹവാസസുഖത്തിന്നു തന്നെ, രണ്ടുദിവ

സംകൂടി സൌഭാഗ്യവാനായിത്തീരേണമെന്നു ഗദ്ഗദാക്ഷരങ്ങളോടും അശ്രുപൂൎണ്ണങ്ങളായ കണ്ണുകളോടുംകൂടി ഗൃഹസ്ഥൻ ചെയ്തു അപേക്ഷയെ നിരാകരിക്കുവാൻ രണ്ടുപേൎക്കും സാധിച്ചില്ല. അപേക്ഷാനുസരണം ഇന്നത്തെ യാത്ര പിറ്റേന്നാളേക്കു നീട്ടുകയും ചെയ്തു.

അന്നുച്ചതിരിഞ്ഞ് കാപ്പിയുംകൊണ്ടു ചെന്നപ്പോൾ ഗൃഹസ്ഥനും പണിക്കരും താഴെ പറയുന്ന അൎത്ഥത്തിൽ പുഷ്കലമായ ഒരു സംഭാഷണം നടന്നു.

ഗൃഹസ്ഥൻ— ഇരുന്നിരുന്ന് ക്ഷീണിച്ചിരിക്കും. സുഖംതോന്നുന്ന പക്ഷം പുറത്തിറങ്ങി ഞങ്ങളുടെ ഈ കുഗ്രാമം ഒന്നു കാണാം.

പണിക്കർ—നടക്കാൻ രസം തോന്നുന്നുണ്ട്. ഈ ദിക്കും ഒന്നു കാണാമല്ലോ.

ഗൃഹസ്ഥൻ— അമ്മയും ഉണ്ടോ?

പണിക്കർ— വേണ്ട. ആകാശം മേഘപൂൎണ്ണമായിരിക്കുന്നു. ഇപ്പോൾതന്നെ തെല്ലു ശൈത്യമുണ്ട്.

ഗൃഹസ്ഥൻ—അയ്യോ! അതെന്തേ എന്നോടു പറയാഞ്ഞത്? യോഗ്യനായ ഒരു ഡാക്ടർ എന്റെ സ്വാധീനത്തിൽ ഉണ്ടല്ലോ.

പണിക്കർ— അത്രയൊന്നുമില്ല വളരെ ലഘുവാണ്. പുറത്തിറങ്ങി സഞ്ചരിക്കേണ്ട എന്നു മാത്രം.

ഗൃഹസ്ഥൻ— എന്നാൽ നാളെ പുറപ്പെടാം. എന്നും പറഞ്ഞു ആയാൾ താഴത്തേക്കിറങ്ങിപ്പോയി.

പണിക്കർ— ഞാനൊന്നിറങ്ങിവരട്ടെ.

നാരായണിക്കുട്ടി— ഓ വേഗം വരുമല്ലോ.

പണിക്കർ—ജീവനുണ്ടെങ്കിൽ ഞാൻ അര മണിക്കൂറിലിടക്കു വരാം.

നാരായണിക്കുട്ടി— ഈവക കഠിനവാക്കുകൾ അതിനോടു കൂട്ടിച്ചേൎക്കരുതേ.

പണിക്കർ— എന്നാൽ ഞാൻ വേഗം വരാം.

എന്നു പറഞ്ഞ് കോണിപ്പടി ഇറങ്ങി താഴത്തു ചെന്ന് വീണ്ടും പെട്ടന്നു മുകളിലേക്കുതന്നെ കയറിവന്നപ്പോൾ നാരായണിക്കുട്ടി കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു നില്ക്കുന്നതായി കണ്ടു.

പണിക്കർ— എന്തു, കരയുവാൻ വട്ടംകൂട്ടുന്നുണ്ടോ?

നാരായണിക്കുട്ടി— ഇല്ല ജീവിച്ചിരിപ്പുണ്ടെങ്കിൽ' എന്നു പറഞ്ഞു തിനൊപ്പുറി പശ്ചാലോചിച്ചപ്പോൾ കണ്ണിൽ വെള്ളം വന്നു.

പണിക്കർ— എയ് സാരമില്ല. ഇതു കയ്യിൽ വെച്ചുകൊള്ളൂ.

എന്നു പറഞ്ഞ് തന്റെ മടിശ്ശീല നാരായണിക്കുട്ടിയുടെ കയ്യിൽ കൊടുത്ത് 'വ്യസനിക്കരുതേ. ഞാൻ ഇപ്പോൾ വരാം' എന്നു പറഞ്ഞ് ആശ്വസിപ്പിച്ച് താഴത്തിറങ്ങി ഗൃഹസ്ഥനോടുകൂടി നടക്കാൻ പോകയും ചെയ്തു.

വട്ടമേശപ്പുറത്തുവെച്ചിരുന്ന തന്റെ വാച്ചിന്റെ സൂചിയിന്മേൽതന്നെ ദൃഷ്ടിപതിച്ചുകൊണ്ട് നാരായണിക്കുട്ടി ഒരു കസേരയിന്മേൽ ഇരുന്നു. സൂചിയുടെ ചലനത്തിന്ന് അന്ന് മന്ദതഭവിച്ചുവോ എന്നു നാരായണിക്കുട്ടിക്ക് സംശയം തോന്നി. നാലുമണിക്കാണ് പണിക്കർ രണ്ടാമത്തെ താഴത്തേക്കിറങ്ങിയത്. അഞ്ചുമിനിറ്റ്, പത്തുമിനിറ്റ്, പതിനഞ്ച്, ഇരുപത്, ഇരുപത്തഞ്ചു മുപ്പതു മിനിറ്റും കഴിഞ്ഞു. നാരായണിക്കുട്ടി സംഭ്രമത്തോടുംകൂടി തളത്തിൽ അങ്ങുമിങ്ങും നടന്നു തുടങ്ങി. വാച്ച് ഒരിക്കൽക്കൂടി നോക്കി. മുപ്പത്തഞ്ചു മിനിറ്റ് കഴിഞ്ഞിരിക്കുന്നു. പറഞ്ഞ സമയത്തു വരാതിരിപ്പാൻ കാരണമില്ലല്ലോ. വല്ല വിശേഷവാർത്തകളും കണ്ടുകൊണ്ട് നിന്നിരിക്കുമോ? ആയി! അങ്ങിനെ വരില്ല. ആകട്ടെ മടങ്ങിവരുമ്പോൾ കുറച്ചു പരിഭവിക്കാം. വല്ലതും അബദ്ധം പറ്റിയിരിക്കുമോ? എന്തബദ്ധം പറ്റാനാണ്. എന്നിങ്ങിനെ ഓരോന്നാലോചിച്ചു തുടങ്ങി. മണി അഞ്ചായി, അഞ്ചരയായി. നാരായണിക്കുട്ടിക്ക് പല ആശങ്കകളും തോന്നിത്തുടങ്ങി. വാതിലടച്ച് കുറ്റിയിടാമെന്നു വിചാരിച്ച് വാതലിന്റെ അടുക്കൽ ചെന്നപ്പോൾ ആരോ കോണിപ്പടികയറിവരുന്ന ശബ്ദം കേട്ടു. മനസ്സിന്നല്പം സമാധാനമായി. നമ്മുടെ സുശീലനായ ഗൃഹസ്ഥനും കറുത്തു തടിച്ച് മീശക്കൊമ്പനായ ഒരു തടിയനും പ്രവേശിച്ചു. 'എവിടെ, എന്ന് നാരായണിക്കുട്ടി ആംഗ്യം കാണിച്ചപ്പോൾ 'ഇതാ വരുന്നു' എന്ന് ഗൃഹസ്ഥനും മുദ്രയാൽതന്നെ മറുപടി പറഞ്ഞു. കൂടെയുള്ള തടിയനെ ചൂണ്ടിക്കാണിച്ച് ഗൃഹസ്ഥൻ, ഡാക്ടർ.

നാരായണിക്കുട്ടി ആവശ്യമില്ലെന്നുള്ള അർത്ഥത്തിൽ ആംഗ്യം

കാണിച്ചു എങ്കിലും ഡാക്ടർ അതിനെ സാരമാക്കാതെ അടുത്തു ചെന്നു നാഡിപിടിച്ചു നോക്കുവാൻ ഭാവിച്ചു. നാരായണിക്കുട്ടി പെട്ടെന്നു പിന്നാക്കം മാറി ഭാവഭേദത്തോടുകൂടി വൈദ്യന്റെ മുഖത്തൊന്നു നോക്കി. നാരായണിക്കുട്ടിയുടെ നേത്രങ്ങൾ അപ്പോൾ നക്ഷത്രങ്ങളെപ്പോലെ പ്രകാശിച്ചു. അവയുടെ ശോഭയാൽ വൈദ്യന്റെ മനസ്സിൽ വെളിച്ചം വീണു. ആയാൾ പിന്തിരിച്ചു. ഇംഗ്ലീഷറിയാമെന്നു ധരിപ്പിച്ചാൽ ഈ കൂട്ടർ അനാവശ്യമായി സംസാരിച്ച് മുഷിപ്പിക്കുമെന്നു വിചാരിച്ചാണ് നാരായണിക്കുട്ടി ഈ അംഗം ആംഗ്യമാത്രമായികഴിച്ചുകൂട്ടിയത്. ഈ ഒതുക്കത്തിന്റെ ഗുണം നാരായണിക്കുട്ടിക്കു് ഉടനെ സിദ്ധിച്ചു. എന്തെന്നാൽ വരാന്തയിലേക്കു കടന്നു ഗൃഹസ്ഥനും വൈദ്യനും തമ്മിൽ നാരായണിക്കുട്ടിക്കു കേൾക്കത്തക്കവിധം ഇംഗ്ലീഷിൽ ഒരു സംഭാഷണം നടത്തി. സ്ത്രീകൾക്കു് അക്ഷരജ്ഞാനംതന്നെ ഇല്ലാത്ത ഒരു ദിക്കിൽ ജനിച്ചു വളൎന്ന ആ രണ്ടുപേൎക്കും നാരായണിക്കുട്ടിക്കു് വല്ല വിദ്യാഭ്യാസവുമുണ്ടായിരിക്കുമെന്നോ ഉണ്ടെങ്കിൽതന്നെ ആ പ്രദേശത്തെല്ലാംകൂടി തങ്ങൾക്കു മാത്രം സിദ്ധിച്ചിരിക്കുന്ന ഉൽകൃഷ്ടഭാഷയായ ഇംഗ്ലീഷിൽ ആ സ്ത്രീക്കു പരിചയമുണ്ടാകുമെന്നോ സ്വപ്നത്തിൽപോലും വിചാരിപ്പാൻ ന്യായമുണ്ടായിരുന്നില്ല. എന്നു മാത്രവുമല്ല ഗൃഹസ്ഥന് ഇംഗ്ലീഷറിയാമെന്നു നാരായണിക്കുട്ടിക്കു നിശ്ചയമുള്ള സ്ഥിതിക്കു് ആ സ്ത്രീക്കു ഇംഗ്ലീഷ് അറിയാമെങ്കിൽ മുദ്രകൊണ്ടു് കാൎയ്യം ഗ്രഹിക്കേണ്ട ആവശ്യമില്ലല്ലോ. ഈ രണ്ടു സംഗതികൾകൊണ്ടും ധൈൎയ്യപ്പെട്ടാണ് അവർ സംസാരിച്ചതു്. സംഭാഷണത്തിന്റെ സാരം താഴെ കാണിക്കുംപ്രകാരമായിരുന്നു.

ഗൃഹസ്ഥൻ— എന്താണ് നിങ്ങൾ വിചാരിക്കുന്നതു്?

വൈദ്യൻ— എനിക്കൊന്നും വിചാരിക്കാറായിട്ടില്ല. ഞാൻ ആ സ്ത്രീയുടെ സൌന്ദൎയ്യവിഭ്രമമാകുന്ന സമുദ്രത്തിൽനിന്ന് ഇനിയും കരകയറീട്ടില്ല.

ഗൃഹസ്ഥൻ— ഞാൻ പറഞ്ഞപ്പോൾ എനിക്ക് ഭ്രാന്താണെന്നുപദേശിക്കയല്ലേ ചെയ്തതു്?

വൈദ്യൻ— ഞാനിത്രയൊന്നും വിചാരിച്ചില്ല. താൻ ഒരു ഭോ

ശരീരപാരവശ്യത്തിലും ഈ ഇളകിയതിൽ അത്ഭുതമില്ല. എ ന്നിക്കു വെള്ളംപോലെ ലഘുവും നിർമ്മലവുമായ ആ കഞ്ഞു ന്ന തൊട്ടുപോലും ബാധിച്ചില്ലല്ലോ. കോപാവേശത്തോടുകൂടിയെങ്കിലും ആ വിരൽ കണ്ണുകൾ ഒരേനേരംകൂടി എന്നിൽ പതിഞ്ഞെങ്കിൽ നന്നായിരുന്നു.

ഗൃഹസ്ഥൻ— അംഗവസ്ത്രത്തിനല്ലാ ഞാൻ നിങ്ങളുടെ സഹായം ആവശ്യപ്പെട്ടത് എന്ന് നിശ്ചയമുണ്ടല്ലോ.

വൈദ്യൻ— നിങ്ങളുടെ ആവശ്യം പറഞ്ഞു കഴിഞ്ഞില്ലേ?

ഗൃഹസ്ഥൻ—ഇനി ആയുധം തടസ്ഥത്തിന്.

വൈദ്യൻ—മരിച്ചവൻ തിരിച്ചുവരുമെങ്കിലേ തന്റെ ഈ ഉദ്ദേശസിദ്ധിയ്ക്കു് ആയാൾ പ്രതിബന്ധം ചെയ്യുള്ളൂ. എന്നെ ഏല്പിക്കുന്ന പണികൾ പാതിയായിച്ചെയ്യാറുണ്ടോ?

ഗൃഹസ്ഥൻ—പത്തു ഉറുപ്പിക ഇപ്പോൾ തരാം. ബാക്കി മററന്നാൾ കാലത്ത്.

വൈദ്യൻ—എന്തിനാണ് മററന്നാളാക്കുന്നത്. ഇന്ന് നടന്നാൽ നാളെയായിക്കൂടേ?

ഗൃഹസ്ഥൻ—ഇന്ന് ഒരുയാളെ പിരിഞ്ഞതുകൊണ്ട് വലിയ വ്യസനമായിരിക്കും. നാളെക്കു് അല്പം സമാധാനമാകും. നാളെ മതി.

വൈദ്യൻ—എന്നാൽ ഇന്ന് സഹായത്തിന് ഒരാളെക്കൊടുക്കണം.

ഗൃഹസ്ഥൻ— സ്ത്രീകളിൽ നല്ല മിടുക്കുള്ള ഒരാളെ ആക്കാം. നമുക്കിനി താഴത്തെക്കിറങ്ങുക.

സംഭാഷണം കഴിഞ്ഞ് രണ്ടു പേരും താഴത്തിറങ്ങിപ്പോകയും ചെയ്തു.

സംഭാഷണം നടന്നുകൊണ്ടിരിക്കുമ്പോഴും അതു കഴിഞ്ഞതിനു ശേഷവും നാരായണിക്കുട്ടിയ്ക്കുണ്ടായ വ്യസനത്തിന്റെ ശക്തിയെ ശരിയായ വിധത്തിൽ വർണ്ണിയ്ക്കുവാൻ ആർക്കും സാദ്ധ്യമല്ല. "എന്റെ ശ്രീപാർവ്വതി! ഇത്ര കഠിനമായ ശിക്ഷ അനുഭവിക്കത്തക്കവണ്ണം മഹാസാധുവായ ഞാൻ എന്താണവിടുത്തോടൊരു അപരാധം ചെയ്തത്? എന്റെ അച്ഛനേയും അമ്മയേയും തൊട്ടിയിട

കൊണ്ട് തട്ടിക്കൊണ്ടുപോയി. ആ ജലപ്രവാഹത്തിൽ മുക്കി എന്നെ കൊല്ലാതെ കരയ്ക്കു വലിച്ചു കയററുവാൻ ഒരാളെക്കൊണ്ടുവന്നിട്ടു. വ്യസനാഗ്നി കത്തി ജ്വലിയ്ക്കുമ്പോളെല്ലാം വാത്സല്യാമൃതം തൂകി എന്റെ ഹൃദയച്ചെടി കരിഞ്ഞു പോകാതെ സൂക്ഷിച്ചു വന്ന ആ മംഗലത്ത ഭഗവതിയുടെ നിഷ്കാരുണ്യമാകുന്ന കൊടുങ്കാററടിച്ച് എവിടേയ്ക്കോ കൊണ്ടാക്കി. പറയന്റെ കയ്യിൽ കൊടുത്ത പൈക്കുട്ടിയെപ്പോലെ എന്നെ ഈ ദുഷ്ടന്റെ അധീനത്തിലും ആക്കി. അല്ലയോ ദൌർഭാഗ്യമേ! നീ എവിടെയാണ് ഇരിയ്ക്കുന്നതെന്നു കണ്ടെത്തുവാൻ ഞങ്ങൾക്കുതന്നെ, ഉദാരചിത്തനെന്നു ഞങ്ങൾ രണ്ടു പേരും വിശ്വസിച്ച ഈ വീട്ടുടമസ്ഥൻ ഇത്ര ദുഷ്ടനാണെന്നാര് ശങ്കിക്കും? പക്ഷെ ആയാൾ ഇതുവരെ സദ്വൃത്തൻതന്നെ ആയിരുന്നിരിയ്ക്കണം. എന്റെ ദൌർഭാഗ്യപരിപാകത്തിനുവേണ്ടി ഭഗവതി ആയാളെക്കൊണ്ട് ഒരു ദുഷ്ടവേഷം കെട്ടിച്ചതായിരിയ്ക്കും. എട ചപലനായ മനുഷ്യ! മററു ജന്തുക്കൾക്കില്ലാത്തതായി മനുഷ്യന് ആത്മഹത്യ എന്നൊരു സ്വാതന്ത്ര്യമുള്ളത് നീയറിഞ്ഞിട്ടില്ല അല്ലേ? നീ വന്നു തൊട്ടപ്പോൾ നിന്റെ മോഹസാധനം എററവും തണുത്തിരിക്കും. അയ്യോ! സദ്ഗുണനിലയനമായ എന്റെ രക്ഷിതാവേ! എന്നെ രക്ഷിപ്പാൻ പാടില്ലാത്തവിധത്തിൽ അങ്ങയെ ഈ വഞ്ചകന്മാർ ചതിച്ചുവല്ലോ. 'ജീവിച്ചിരിപ്പുണ്ടെങ്കിൽ' എന്നു പറഞ്ഞതിൽ എനിയ്ക്കുണ്ടായ ആ ശങ്ക ശരിയാക്കിയല്ലോ. മരിച്ചവർ ജീവിച്ചുവരുമ്പോഴേ അതു വരികയുള്ളു എന്നു വൈദ്യൻ പറഞ്ഞതിന്റെ താല്പര്യം വിഷംകൊടുത്തു കൊന്നു എന്നല്ലേ? ശ്രേഷ്ഠമാകുംവിധത്തിൽ പരീക്ഷയിൽ ജയിച്ചതിന്ന് വേണ്ടുംവണ്ണം സന്തോഷിപ്പാൻ കൂടികഴിയാതെ അങ്ങുന്നു ദൌർഭാഗ്യമൂർത്തിയായ എന്റെ കൂടെക്കൂടുക കാരണത്താൽ ഇങ്ങിനെയായിത്തീർന്നല്ലൊ. ഭഗവതി! അവിടുത്തെ ഭക്തന്മാരായ ഞങ്ങളെ രക്ഷിയ്ക്കണെ!' എന്നിങ്ങിനെ പലതും പറഞ്ഞ് ഉറക്കെക്കരഞ്ഞു. അപ്പോഴേയ്ക്കും ആരോ കോണിപ്പടി കയറിവന്നതു കേട്ടു. ഉടനെ ഈ വികാരഭേദം കാണാതെ കഴിക്കണമെന്നു വിചാരിച്ച് അടുത്ത മുറിയിൽപോയി മുഖം കഴുകി ധൈര്യത്തോടുംകൂടി തിരികെ വന്നു. അപ്പോൾ കറുത്തു തടിച്ച നല്ല ശക്തി

യുള്ള ഒരു സ്ത്രീയെയാണ് കണ്ടത്. തന്റെ സഹായത്തിന്നുള്ള ആളാണെന്നു പെട്ടന്നു മനസ്സിലായി. അത്താഴവും മററും കഴിച്ചു എന്നു വരുത്തി നാരായണിക്കുട്ടി ആലോചനയോടുകൂടി കിടപ്പായി. സഹായത്തിന്നുള്ള സ്ത്രീയും സമീപത്തുതന്നെ കിടന്നു. നാരായണിക്കുട്ടി കണ്ണടഞ്ഞിയാൽ അവൾ ഏതാണ്ടൊരു ശബ്ദം പുറപ്പെടുവിക്കും. ഇവൾ മനസ്സിരുത്തി സൂക്ഷിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ നാരായണിക്കുട്ടി ഉറങ്ങിയതുപോലെ അനങ്ങാതെ കിടന്നു. അപ്പോൾ ആ സ്ത്രീയും പോത്തുപോലെ കിടന്നുറങ്ങി. നാരായണിക്കുട്ടി പതുക്കെ എഴുന്നേററു. തന്റെ ഉടുപ്പ് എടുത്തിട്ടു. മടിശ്ശീലയും വാച്ചും ഭദ്രമായി കെട്ടി. പതുക്കെ വാതലിന്നടുക്കലെത്തി. കററി നീക്കി വാതൽവലിച്ചു, തുറക്കുന്നില്ല. പുറത്തുനിന്ന് പൂട്ടീട്ടുണ്ടെന്നു മനസ്സിലായി. നാരായണിക്കുട്ടിയുടെ സർവ്വാംഗവും കിടുകിടെ വിറച്ചു. ഉടനെ രണ്ടു മൂന്നു വേഷ്ടികളെടുത്ത് കൂട്ടിക്കെട്ടി ജനാലിന്നടുത്തെത്തി. പുറത്തുനിന്നു കാററ് കഠിനമായി അടിക്കുന്ന ശബ്ദം കേട്ടു. വേഷ്ടിയുടെതല ജനാലിന്റെ നടുക്കുള്ള അഴിയിൽ കെട്ടി. (ജനാലിന്ന് നടുക്കു മാത്രമേ അഴിയുണ്ടായിരുന്നുള്ളു). വേഷ്ടി പിടിച്ച് പുറത്തേയ്ക്കിറങ്ങുവാനുള്ള ഉദ്ദേശത്തോടുകൂടി ജനാലിപ്പടിയിൽ ഒരു കാലെടുത്തുവെച്ചു. ആ സമയത്ത് ഒരാൾ വന്നു കൈ ബലമായി പിടിച്ചു. അത് ഉറങ്ങിക്കിടന്നിരുന്ന ആ സ്ത്രീയായിരുന്നു. ആരാണെന്നൊന്നും ഗ്രഹിക്കുവാൻ ശ്രമിക്കാതെ നാരായണിക്കുട്ടി വേഷ്ടിയുടെ പിടിവിട്ടു പിന്നാക്കം തിരിഞ്ഞ് ആ മൂർത്തിയുടെ ചെകിടത്ത് ആഞ്ഞു ഒരു അടി കൊടുത്തു. 'ആ' എന്നൊരു ശബ്ദത്തോടുകൂടി പർവ്വതം ചിറകററു വീണതുപോലെ ആ സ്വരൂപം നിലത്തുവീഴുകയും ചെയ്തു. അബലാരത്നമായ നമ്മുടെ നാരായണിക്കുട്ടിക്ക് ഇരിമ്പുപോലെ കട്ടിയായ ദേഹത്തോടുകൂടിയ ആ സ്ത്രീയെ അടിച്ചു വീഴ്ത്തുവാൻ സാധിക്കുമോ എന്ന് ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ അവർ അപസ്മാരബാധ കണ്ടിട്ടില്ലെന്നു നിശ്ചയംതന്നെ. അപസ്മാരമൂർത്തികളും പാതിവ്രത്യമൂർത്തികളും ശക്തിക്കു വലിയ വ്യത്യാസവുമില്ല. നാരായണിക്കുട്ടി ഉടനെ വേഷ്ടിപിടിച്ചു പുറത്തേക്കിറങ്ങി പ്രയാസംകൂടാതെ താഴത്തെത്തുകയും ചെയ്തു. ഇരമ്പി അടിക്കുന്ന ,കൊടുങ്കാററി

ന്റെ ഘോഷത്താൽ അടികൊണ്ട സമയം ആ സ്ത്രീ നിലവിളിച്ച ശബ്ദവും അടിയുടെ മയക്കത്തിൽനിന്നു നിവൎത്തിച്ച് വീണ്ടും കുട്ടിയലഹളകളും ഗൃഹസ്ഥന്മാരുടെ മററാരെങ്കിലുമാകട്ടെ കേട്ടില്ല. പുറത്തേക്കുള്ള വാതിൽ പൂട്ടിയിരുന്നതിനാലും വേഷ്ടിപിടിച്ചു പുറത്തേയ്ക്കിറങ്ങുവാൻ ധൈൎയ്യമില്ലാതിരുന്നതിനാലും ആ ഇരുമ്പുകൂട്ടിലിട്ട പുലിയെപ്പോലെ ഭയങ്കരമായ ശബ്ദത്തോടുകൂടി അകത്തുതന്നെ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചതേ ഉള്ളു. നാരായണിക്കുട്ടി സമയമൊട്ടും കളയാതെ വഴിയിലേയ്ക്കിറങ്ങി എങ്ങോട്ടെന്നില്ലാതെ നടന്നു തുടങ്ങി. അൎദ്ധരാത്രി, കൂരിരുട്ട, കൊടുങ്കാറ്റ, പരിചയമില്ലാത്ത ദിക്ക എന്നു വയസ്സു പ്രായമായ ഒരു ഭീരു. ഏകാകിനി. എന്താണതിലധികമായി വരുവാനുള്ളത്? സച്ചരിതകളായ സ്ത്രീകൾ പാതിവ്രത്യരക്ഷയ്ക്കുവേണ്ടി ഇനിയും ചെയ്യും എന്നില്ല. തന്നെ പിന്തുടൎന്ന ഗൃഹസ്ഥന്മാർ കൂട്ടുകാരേയും വരുത്തിയിരിക്കയില്ലാ എന്നുള്ള വിചാരംകൊണ്ടു നാരായണിക്കുട്ടി അതിവേഗം നടന്നു. രണ്ടു മണിക്കൂറുകൊണ്ട് എട്ടുനാഴിക പോയി. വീടുകളൊന്നും കാണ്മാനില്ല. കണ്ടാൽതന്നെ കയറിച്ചെല്ലുകയുമില്ല. പുലരുവോളം നടക്കാമെന്നു തന്നെയാണ് ഉദ്ദേശം. എങ്കിലും ക്ഷീണം വല്ലാതെ ബാധിക്കയാൽ വഴിയിലല്പം നിന്നു. ഓരോ ദീനാലാപം തുടങ്ങി. "ദുഃഖത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചു എന്ന് മനുഷ്യൎക്കെല്ലാം ഒരു സമയത്തും വിചാരിച്ചുകൂടാ" എന്നു ഷേക്സ്പിയർ മഹാകവി പറഞ്ഞിട്ടുള്ളതു ശരിയാണ്. ശിവനേ! മറിഞ്ഞു ഒററക്ക ജലപ്രവാഹത്തിൽ വീണൊരുത്തിയായ ഞാൻ എത്രയോ ദൂരമാണ് എന്റെ ഈ രാത്രിയിലെ സ്ഥിതി! ഇനി എത്രമാത്രം മോശമാവാനിരിക്കുന്നു ആൎക്കറിയാം" ഇത്രയും ആലോചിച്ചപ്പോഴേക്കും ഒരാൾ അത്തിരക്ക കേട്ടു. ഈ വഴിക്കു വരുന്നവരാണ്. ഓടി ഒളിച്ചാലെന്തു? വഴിയുടെ ഇരുപുറവും വെന്നു കാട്ടിക്കാടായതിനാലും ഇരുട്ടിന്റെ ശക്തിയാൽ ഭയങ്കരമായ കൊടുങ്കാടാണെന്നാണ് നാരായണിക്കുട്ടിക്കു തോന്നിയത്. അതുകൊണ്ടു വഴിവിട്ടുമാറാൻ ധൈൎയ്യമുണ്ടായില്ല. ഘട്ടം പന്തവും ആയുധങ്ങളുംകൊണ്ടു പത്തുപതിനാലുപേർ അടുത്തു വരുന്നു. "ഈശ്വരാ" എന്നു പറഞ്ഞു നാരായണിക്കുട്ടി പെട്ടെന്നു കണ്ണടച്ചു സ്വന്തം

തിയിൽനിന്നു. ഉടനെ കണ്ണുതിരിച്ചു നോക്കുമ്പോൾ ആ വന്നിരുന്നവർ രണ്ടുപേരുംകൂടി കുററിക്കാടുകളിലേയ്ക്കു പ്രവേശിച്ച് ഓടുന്നതായിക്കണ്ടു. വാസ്തവത്തിൽ അവർ ചില കുട്ടിക്കൊള്ളക്കാരായിരുന്നു. വേൽഷ് എന്ന പേരായിട്ടു ആ ഡിസ്ത്രിക്ടിൽ ഒരു കലക്ടരുണ്ടായിരുന്നു. ആയാളുടെ ഭാര്യ എന്തോ സംഗതിവശാൽ ഈ പ്രദേശത്തുവെച്ച് ആത്മഹത്യ ചെയ്തു. യൂറോപ്യൻ സ്ത്രീയുടെ ഉടുപ്പിട്ട് ഏകദേശം ആ വേഷത്തോടുകൂടിയ ഒരു സ്ത്രീ രാത്രി രണ്ടുമണി സമയത്ത് ഏകാകിനിയായി ആ പ്രത്യേക സ്ഥലത്തു തന്നെ നില്ക്കുന്നതു കണ്ടാൽ അന്ധവിശ്വാസം നിറഞ്ഞിട്ടുള്ള ഈ കൊള്ളക്കാർ അത് ആത്മഹത്യ ചെയ്ത ആ സ്ത്രീയുടെ പ്രേതമാണെന്നു വിചാരിച്ചു ഭയപ്പെട്ട് രണ്ടുപേരും ഓടിപ്പോയതിൽ എന്താണത്ഭുതം? നാരായണിക്കുട്ടിയ്ക്കു ഇക്കാരണം നിശ്ചയമില്ലാതിരുന്നതുകൊണ്ടു സാമാന്യത്തിലധികം അത്ഭുതമുണ്ടായി. എന്നാൽ ഒരു ഭഗവതിയുടെ മഹിമയാണെന്നു വിശ്വസിച്ചു വീണ്ടും നടന്നു തുടങ്ങി. കഷ്ടിച്ച് ഒരു നാഴിക നടന്നപ്പോഴേയ്ക്കു ക്ഷീണംകൊണ്ടും വ്യസനംകൊണ്ടും ഉറക്കംകൊണ്ടും വിശപ്പുകൊണ്ടും ദാഹംകൊണ്ടും വാടിത്തളർന്നു തീരെ നടക്കാൻ വയ്യാതായി. വഴിവക്കത്തു നില്ക്കുന്ന ഒരു വൃക്ഷത്തിന്റെ വേരിന്മേൽ തലവെച്ചു സൌഖ്യമായി കിടക്കുകയും ചെയ്തു. ഹാ ഹാ എന്തുകഷ്ടം!

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ബി, ഏ.

പലവക.

വിപ്രസന്ദേശം

ഇയ്യിടെ ഞങ്ങൾക്കു വായിക്കാൻ ഇടയായിട്ടുള്ള അനേകം ക്ഷുദ്രപുസ്തകങ്ങളിൽനിന്നു വിപ്രസന്ദേശത്തിലേക്കു കടക്ക

പോലും അനല്പമായ ഒരു ആശ്വാസം തോന്നുന്നുണ്ട്. പി. ജി. രാമയ്യരവർകളാൽ ഉണ്ടാക്കപ്പെട്ട ഈ സന്ദേശത്തിനു മലയാളത്തിലുള്ള ഉൽകൃഷ്ടകാവ്യങ്ങളുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനത്തിന് അവകാശമുണ്ടെന്ന് ഞങ്ങൾ സംശയംകൂടാതെ പറയാം. ശ്ലോകങ്ങൾ മന്ദാക്രാന്തയിലായിരിക്കയും, ദൂരസംസ്ഥയായ തന്റെ പ്രിയതമയ്ക്കു ഒരാൾ ദൂതമുഖേന ഒരു സന്ദേശം അയയ്ക്കുന്നതായി വിവരിക്കയും, ഇടക്കിടെ ചില വർണ്ണനാശ്ലോകങ്ങൾ ഉണ്ടായിരിക്കയും ചെയ്യുന്ന ഒരു കൃതിക്കു 'സന്ദേശകാവ്യം' എന്ന പേരിന് അർഹതയുള്ളതായി ഞങ്ങൾ വിചാരിക്കുന്നില്ല. വിപ്രലംഭശൃംഗാരത്തിനു പരിപൂർത്തിവരികയാണ് എല്ലാ സന്ദേശകാവ്യങ്ങളുടേയും ജീവൻ. മറ്റുഗുണങ്ങളെല്ലാം ഈ പരിപൂർത്തിവരുത്തുന്നതിലേക്കുള്ള ഉപകരണങ്ങൾ മാത്രമാണ്. പ്രായേണ നമ്മുടെ കവികൾ ഏതെങ്കിലും ഒരു വിഷയത്തിൽ കവിതയുണ്ടാക്കുമ്പോൾ ഒരു ജാതി കവിതയ്ക്കു വേണ്ടുന്ന ആന്തരഗുണങ്ങളേക്കാൾ ബാഹ്യങ്ങളായ ഗുണങ്ങൾക്കാണ് പ്രാധാന്യം ഗണിച്ചുവരുന്നത്. 'വാക്യംരസാത്മകംകാവ്യം' എന്ന് ഉരുവിട്ടുവരുന്ന നമ്മുടെ ഭാഷാകവികളിൽ മിക്കപേരുടെയും കവിതകൾക്കുള്ള മുഖ്യമായ ദോഷം ഈ ഗുണത്തിന്റെ അഭാവമാണ്. ഇതിനു കാരണം 'രസം' എന്നു വെച്ചാൽ എന്താണെന്ന് അവർക്കറിഞ്ഞുകൂടായ്കയോ അതു വരുത്തുന്നതിന് അവർ ശ്രദ്ധവയ്ക്കായ്കയോ ആയിരിക്കാം. ഒരു ശ്ലോകത്തിൽ 'ബാലേ' എന്നോ 'പ്രിയേ' എന്നോ ചില വാക്കുകളുണ്ടായിരുന്നാൽ ആയത് ഒരു ശൃംഗാരശ്ലോകമായെന്നാണ് വെച്ചിട്ടുള്ളത്. നമ്മുടെയിടയിൽ നടപ്പുള്ള '[illegible]ശ്ലോകങ്ങൾ' ശൃംഗാരശ്ലോകങ്ങൾക്കുള്ള ഉത്തമമാതൃകകളാണെന്ന് അധികം പേരും കരുതിപ്പോരുന്നു. '[illegible]'. ഇതിൽ ശൃംഗാരമല്ലാ ശൃംഗാരസാമഗ്രിയാണുള്ളത് എന്ന് വളരെ പേർ ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അതിനാലായിരിക്കണം '[illegible] സന്ദേശം' മുതലായ കൃതികളെ ഉൽകൃഷ്ടകാവ്യങ്ങളുടെ കൂട്ടത്തിൽ ജനങ്ങൾ ഗണിച്ചുവരുന്നത്. മേൽക്കാണി

ച്ച ന്യൂനത (രസാഭാസം) വിപ്രസന്ദേശത്തിന്ന് അശേഷം ബാധിച്ചിട്ടില്ലെന്നുള്ളത അതിന്റെ ഒരു വിശേഷഗുണമാകുന്നു.

മിന്നൽക്കോവിൽ നാണി എന്ന സ്ത്രീ തന്റെ അമ്മാമന്മാരാൽ ഭ്രഷ്ടാക്കപ്പെട്ട പുന്നക്കാട്ടിൽ രാമമേനോന് ഒരു വിപ്രമുഖേന സന്ദേശം അയക്കുന്നതാണ് ഇതിലെ സാരം. ഇതിൽ സന്ദേശം അയക്കുന്നത് ഒരു സ്ത്രീയാണെന്നു വരുത്തിയിരിക്കുന്നത് ഇതരസന്ദേശങ്ങളിൽ ഇല്ലാത്തതു ഒരു വിശേഷം തന്നെ. ഇതിലെ നായികക്കു ഭർത്താവിനോടു പിരിഞ്ഞിരിക്കുന്നതുകൊണ്ടുള്ള ദുഃഖം അനുഭവിക്കേണമെന്നു മാത്രമല്ല പതിവ്രതയായ അവൾക്കു പരപുരുഷനെ സ്വീകരിക്കേണമെന്നുള്ള നിർദ്ദയന്മാരായ കാരണവന്മാരുടെ നിർബന്ധം തടുക്കേണ്ട ഭാരവും കൂടിയുണ്ട്. ഈ സംഗതി അവളുടെ വിരഹദുഃഖത്തിന്നു കുറെക്കൂടി ശക്തികൂട്ടുന്നു. വിപ്രസന്ദേശം ഞങ്ങൾക്കു വളരെ ബോധിച്ച ഒരു കൃതിയാണ്. രാമയ്യരുടെ കവിതയ്ക്കു സഹജമായ ഒഴുക്കു, അക്ലിഷ്ടത, എന്നീഗുണങ്ങൾ ഇതിൽ കുറെ അധികരിച്ചു നില്ക്കുന്നുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. കവിതയുടെ സ്വഭാവം കാണിപ്പാൻ ഇതിൽനിന്നു രണ്ടുശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

'വട്ടത്തൊപ്പിപ്രഭയുമടകേറീട്ടുമർദ്ധേന്ദുതുല്യം
മട്ടത്യന്താധവള്ളിമയെഴുംഫാലവുംനീലഭ്രൂദ്വം
ചുറ്റീട്ടുംരുധിരനിറമാംഗന്ധപുഷ്പാദിനാകം
ചട്ടക്കാരത്തമണികളുറങ്ങുന്നതങ്ങുന്നുകാണാം.

നീലഭ്രപ്പൂങ്കുഴലിയണിയുംചാരുതാരാഗണപ്പൂ-
മാലാജാലത്തൊടുമഴകെഴുംചന്ദ്രബിംബാനനത്തിൽ
ചേലന്നീടുംകിരണമൃദുഹാസത്തൊടൊത്തുംപുരശ്രീ
ലീലാഗാരെലളിതവനിതാതുല്യയായുല്ലസിക്കും.'

P. SUBBAROY'S

World- renowned and most efficacious Ayurvedic medicines



പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുകളും ആയ ആയുർവേദ ഔഷധശാലയം.



൧. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, [illegible] ഇല്ലായ്മ, [illegible] മുതലായ പലവിധ [illegible]

കുപ്പി [illegible] വില ഉറുപ്പിക [illegible] തപാൽ ചിലവു [illegible]

൨. പ്രമേഹനിവാരണി.

[illegible] വ്യാധികളിൽനിന്ന [illegible] നിവൃത്തിപ്പി[illegible] [illegible] കുപ്പി [illegible] വില ഉറുപ്പിക [illegible] തപാൽ ചിലവു [illegible]

൩. സർവ്വവാതസംഹാരി

[illegible] മുതലായ അംഗങ്ങളിൽ [illegible] മുതലായ പല വ്യാധികൾ [illegible] കുപ്പി [illegible] വില ഉറുപ്പിക [illegible] തപാൽ ചിലവു [illegible]


൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, [illegible] എന്നീ [illegible] വില കുപ്പി [illegible] തപാൽ ചിലവു [illegible] കുപ്പി [illegible]

പി. സുബ്ബറായി, പറളിപ്പട്ടി, [illegible] [illegible] ജില്ല.

൩. ലക്ഷ്മീകരകസ്തൂരിഗുളിക.

[illegible] ഉപയോഗിക്കേണ്ടതാകുന്നു [illegible] ഉപയോഗിക്കേണ്ട വിധമെഴുതിയ സാധനം. [illegible], [illegible], [illegible] ഇവ [illegible].



[illegible] ഉപയോഗിക്കാം. [illegible] ഉപയോഗിക്കാം [illegible] ഉപ [illegible] കുപ്പി [illegible] കുപ്പി [illegible].

൪. [illegible]

[illegible] വില കുപ്പി [illegible].

൫. [illegible]

[illegible], [illegible], [illegible] വില കുപ്പി [illegible].

൬. [illegible]

[illegible] വില കുപ്പി [illegible].

൭. [illegible]

[illegible] വില കുപ്പി [illegible] കുപ്പികൾക്കു [illegible].

പി. സുബ്ബരായി, പറകിഴപ്പത്ത്, [illegible] ജില്ല.

൫൦. അഗ്നിമന്ദ്യസംഹാരി.

അഗ്നിമാന്ദ്യം, [illegible]

൫൧. [illegible]

[illegible]

൫൨. [illegible]

[illegible]

൫൩. [illegible]

[illegible]

൫൪. [illegible]

[illegible]

൫൫. [illegible]

[illegible]

[illegible]

൬. [illegible] സിരൊഔഷധം.

[illegible] വി. പി. കമ്മീഷൻ [illegible]

൭. [illegible]

[illegible] വി. പി. കമ്മീഷൻ [illegible]

൮. [illegible]

[illegible] വി. പി. കമ്മീഷൻ [illegible]

൯. [illegible]

[illegible] വില [illegible] വി. പി. കമ്മീഷൻ [illegible]

൧൦. സഞ്ജീവവല്ലിക.

കുട്ടികൾക്കുണ്ടാകുന്ന പനി, [illegible], തലവേദന, [illegible], അതിസാരം [illegible] [illegible] ഉപായങ്ങളിൽ ഔഷധമാകുന്നു. [illegible] ഉപകരിക്കാവുന്നതാകുന്നു. വില [illegible] വി. പി. കമ്മീഷൻ [illegible]

പി. സുബ്ബരായി [illegible] തെക്കേ ആർക്കാട്ട് ജില്ല.

൨൭. ഒന്നാംതരം ഗോരോചന ഗുളിക.

കുട്ടികളുടെ പനികൾക്കും അതു സംബന്ധമായി ക്ഷീണ, കര [illegible] ങ്ങളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും തലതിരക്കം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, അതിസാരം മുതലായ എല്ലാ ഉപദ്രവങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൧ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൫ ണ.

൨൮. ബാലരോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, ചൊറിതൽ, പുണ്ണ്, പുഴുക്കടി, [illegible], [illegible] മുതലായ [illegible] ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും പൂർണ്ണ [illegible] ഔഷധമാകുന്നു. ഇതു ദേഹത്തിന്മേൽ പുരട്ടി [illegible] ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൫ ണ.

[illegible] തോല [illegible] വില ൫ ക. [illegible] [illegible] വില [illegible] ക. [illegible], തോല [illegible] വില [illegible] ക. [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible] തുടങ്ങിയവ. [illegible] [illegible] പൂരക.

[illegible]			[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

൨൯. [illegible].

ഇത് ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന് ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു [illegible]. കുപ്പിയിലെ [illegible] പ്രകാരം ഉപയോഗിക്കേണ്ട ഒരു [illegible]. ഇതിന്റെ കുപ്പിയിലെ [illegible] ദോഷങ്ങൾ യാതൊന്നുമില്ല. [illegible] [illegible] ഇതു ഒരു ദിവ്യ ഔഷധമാണ്. ഇതു [illegible] [illegible], പിത്തം, [illegible], ചുമ, വായുക്ഷോഭം, [illegible], തലവേദന മുതലായ രോഗങ്ങൾ മാറ്റുകയും [illegible] ദേഹത്തിലെ [illegible] [illegible] [illegible] മുതലായ രോഗങ്ങൾ തീരെ [illegible] [illegible] വർദ്ധിപ്പിക്കുകയും ചെയ്യും. ഇതു രോഗികൾക്കും, [illegible], [illegible] എല്ലാം ഉപയോഗിക്കാവുന്നതും ഉത്തമമായിട്ടുള്ളതുമാണ്.

[illegible] [illegible] ഞാൻ ൩ മാത്രം വി. പി. ചാർജ്ജ് [illegible] [illegible].

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിവരമായി എഴുതണം.

പി. സുബ്ബറായി, പറക്കിപ്പേട്ട, തെക്കേ [illegible] ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയപിതാവ് —

[illegible]

[illegible] —

[illegible] വില [illegible]

സാവിത്രി —

[illegible] അവർകളാൽ [illegible] വില [illegible]

[illegible] —

[illegible] അവർകളാൽ എഴുതപ്പെട്ട [illegible]

പുതിയ [illegible] —

[illegible] എഴുതപ്പെട്ട [illegible] പുസ്തകം [illegible] വില [illegible]

[illegible] —

[illegible] അവർകളാൽ എഴുതപ്പെട്ട [illegible] പുസ്തകം [illegible] വില [illegible]

[illegible] —

[illegible] അവർകളാൽ എഴുതപ്പെട്ട [illegible] പുതിയ [illegible]

പഴഞ്ചൊല്ല് —

ടി. [illegible] ഉണ്ടാക്കപ്പെട്ടത്, പുസ്തകം [illegible] വില അണ [illegible]

[illegible] —

[illegible] ആർ കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടത [illegible] വില അണ [illegible]

[illegible] —

[illegible] കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ [illegible]

സോമസുന്ദരൻ —

മിസ്റ്റർ [illegible] എഴുതിയ ഒരു കഥ [illegible] അണ [illegible]

[illegible] —

[illegible] എഴുതിയ കഥ [illegible]

[illegible] —

[illegible]

[illegible] —

[illegible]

[illegible] —

[illegible] എഴുതിയ കഥ [illegible]

[illegible] —

[illegible]

[illegible] —

[illegible]

[illegible] —

[illegible]

[illegible] —

[illegible]

[illegible] —

കേരളവർമ്മ സി. എസ്. ഐ. [illegible] അവർകളാൽ [illegible]

[illegible] —

[illegible] കുഞ്ഞപ്പണിക്കർ അവർകളാൽ എഴുതപ്പെട്ട [illegible]

[illegible] —

[illegible] കെ. ആർ. കൃഷ്ണപിള്ള ബി. എ. അവർകൾ

കളാൽ എഴുതപ്പെട്ട [illegible] കൂടിയ പുസ്തകം [illegible] വില [illegible]

താരാതാപരിദേശം—

വി. കെ. [illegible] അവർകളാൽ എഴുതപ്പെട്ട [illegible] പുസ്തകം [illegible] വില [illegible]

[illegible]—

[illegible] അവർകളാൽ എഴുതപ്പെട്ടത വില [illegible]

[illegible]—

[illegible] ഗോവിന്ദപ്പിള്ള അവർകളാൽ [illegible] എന്ന [illegible] കൂടി എഴുതപ്പെട്ട പുസ്തകം [illegible] വില [illegible]

വിക്രമാദിത്യൻകഥ—

[illegible] എഴുതപ്പെട്ട [illegible] വിദ്യാഭിവർദ്ധിനി [illegible] അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില [illegible]

മദനകാമരാജൻകഥ—

[illegible] എഴുതപ്പെട്ട [illegible] വിദ്യാഭിവർദ്ധിനി [illegible] അച്ചടിക്കപ്പെട്ടത വില [illegible]

കഥാസരിത്സാഗരം—

[illegible] എഴുതപ്പെട്ട പുസ്തകം [illegible] വില [illegible]

സംസാരം—

[illegible] എഴുതപ്പെട്ട പുസ്തകം [illegible] വില [illegible]

[illegible]—

[illegible] പിള്ള അവർകളാൽ എഴുതപ്പെട്ട [illegible] വില [illegible]

[illegible]—

[illegible] അവർകളാൽ എഴുതപ്പെട്ടത വില [illegible]

[illegible]—

വില [illegible]

[illegible]—

[illegible] അവർകളാൽ എഴുതപ്പെട്ടത വില [illegible]

ചട്ടമ്പിത്തലവൻ—

കെ. [illegible] ബി. എ. അവർകളാൽ എഴുതപ്പെട്ട [illegible] വില [illegible]

[illegible] ഡയറി—

[illegible] വില [illegible]

ഇവ കൂടാതെ പല പുസ്തകങ്ങളും [illegible] പുസ്തകങ്ങളും [illegible] ആവശ്യപ്പെടുന്നവർ [illegible]

എസ്. റ്റി. റെഡ്യാർ വിദ്യാഭിവർദ്ധിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ,

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളുടങ്ങിയതും യഥാൎത്ഥമായ ആഖ്യാനവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിനുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിനനുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൮൭ാം മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടുകൊള്ളേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. രാമവീരരായൻ രാജാ, ബി. ഏ.,

കോട്ടയ്ക്കൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭഗവൽഗീത

(ഒരു കൊല്ലംകൊണ്ടവസാനിപ്പിക്കുന്ന മാസിക)

ശാങ്കരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

തപാൽ കൂലി ഉൾപ്പെടെ ഒരുകൊല്ലത്തേക്കു വരിസംഖ്യ 3 6 0

ആവശ്യമുള്ളവൎക്കു വി. പി. ആയും അയച്ചുകൊടുക്കും.

ടി. സി. പരമേശ്വരൻ മൂസ്സത്,

ആനന്ദാശ്രമകാൎയ്യദൎശി,

തൃശ്ശിവപേരൂർ,

വില്പാൻ തയ്യാർ

കൎമ്മയോഗം—കെ. എം.	വില	0	12	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത—ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യർ ആൻഡ് സൺസ്സ് തൃശ്ശിവപേരൂർ.

രസികരഞ്ജിനി

വരിസംഖ്യ

തപാൽകൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽകൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതോ ആയ പരസ്യങ്ങൾക്ക് താരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി, കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകുന്നു. അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്ന—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ,


ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൮൧ — മേടം

പുസ്തകം ൪ — ലക്കം ൯

പ്രസന്ന പ്രൌഢമസരസ
പ്രസംഗങ്ങളാൽ നിറഞ്ഞിരി
രസജ്ഞർക്കു കൌതുകമേ
രസം രസികരഞ്ജിനി



വ: സംഖ്യ മുൻകൂറായി ക. ൩ ൦ — കുടിശ്ശികയായാൽ ക. ൪ ൧

രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപൎക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാൎയ്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്കങ്ങളിലൊ അവരുടെ മുദ്രയൊ കയ്യൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

രസികരഞ്ജിനി ഉടമസ്ഥൻ,

RAMA VURMA,

13th Prince of Cochin.

കോവിലകം
എറണാകുളം

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് അതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപൎക്ക് അയക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. എല്ലാതരമപകടം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്ന[illegible]

ര. ര. പ.

സംഗതിവിവരം.

മുഖച്ചിത്രം— വെയിത്സിലെ രാജകുമാരി.



വെയിൽസ്സ് രാജകുമാരി.

(1867 മെയി 26-ാംനു ജനിച്ചു)

[രസികരഞ്ജിനി]

ഭാഷാപോഷിണി

൧൦൭൫

പുസ്തകം ൪ | മേടമാസം | ലക്കം ൯

മംഗളം.

ഉത്സാഹത്തോടുകൂടിപ്പലതൊഴിലുകളും ചെയ്യുവോർക്കാപകാരം
ന്നസാമർത്ഥ്യത്തൊടെല്ലാംബ്ലൊഴുമിളവുവരാതേററമേററം ജനങ്ങൾ
സ്സ്വാതന്ത്ര്യം ദേശഭേദച്ചോടിമടിയിടിവെന്നൊന്നുമേശാതെമേന്മേൽ
സസ്വാരാജ്യത്തുവർദ്ധിപ്പതിന്നനിയമാറാകണം ലോകനാഥൻ.

ചീനരാജ്യവും അതിലെ

ജനങ്ങളും.



1894-ൽ ചീനയും ജാപ്പാനും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ ചീനർ തോററുപോയതിന്റെശേഷം, ജാപ്പാൻകാരുടെ അത്ഭുതകരമായ സാമർത്ഥ്യത്തിന്റേയും ജയത്തിന്റേയും ശരിയായ കാരണങ്ങളെ ക്രമേണ ചീനർ അറിഞ്ഞുവരുന്നുണ്ടെന്ന് പല സംഗതികളാലും തെളിയുന്നു. ഇതുവരെ പതിനായിരത്തോളം ചീനബാലകന്മാർ ജാപ്പാനിൽപോയി

നാനാവിദ്യകൾ പഠിച്ചു തുടങ്ങിയിരിക്കുന്നു. ചീനരും ജപ്പാൻകാരും തമ്മിലുള്ള സംബന്ധം അവരിൽ ഓർക്കത്തക്കതും മററു ജാതിക്കാരും തമ്മിലുള്ളതിനേക്കാൾ അടുത്തതാകുന്നു. ചീനമഹാരാജ്യത്തിൽ നാലായിരം ലക്ഷം ജനങ്ങൾ ഉണ്ട്. ജനസംഖ്യകൊണ്ട് അതു ലോകത്തിൽ പ്രഥമസ്ഥാനം വഹിക്കുന്നു. അതിനാൽ ചീനയും ജപ്പാനും യോജിച്ചു നിന്ന് മറ്റെങ്കിലും ജാതിക്കാരോട് പോർചെയ്യുന്ന പക്ഷം അവർ ജയശാലികളായിത്തീരുവാൻ വഴിയുണ്ടെന്നു യൂറോപ്യന്മാരും ദീർഘദർശനം ചെയ്യുന്നതായി നാം അറിയുന്നു. ജപ്പാൻ ദേശീയരെ സകലപ്രകാരേണയും അനുകരിക്കുവാൻ ചീനർ ഒരുങ്ങി പുറപ്പെടുന്നതായാൽ ഈ ഇരുജാതിക്കാരും ലോകത്തിലെ ജാതികളിൽവെച്ച് ഏററവും ബലവാന്മാരായി തീരുമെന്നുള്ളതിന്നു സംശയമില്ല. ഈ സന്ദർഭത്തിൽ ചീനദേശത്തേയും അതിലെ ജനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ ഒരു താല്പര്യം ലോകരിൽ ജനിക്കുന്നത് സ്വാഭാവികമാണല്ലോ.

റഷ്യയും ബ്രിട്ടീഷുരാജ്യവും കഴിഞ്ഞാൽ ഭൂവിസ്താരംകൊണ്ട് രാജ്യങ്ങളിൽവെച്ചു ചീന മുമ്പിട്ടുനില്ക്കുന്നു. അതിന്നു ഏകദേശം നാല്പത്തയ്യായിരം ചതുരശ്രനാഴിക വിസ്താരമുണ്ട്. ചീനർ തങ്ങളുടെ രാജ്യം ഭൂമിയുടെ നടുവിലാണെന്നു വിശ്വസിച്ചു അതിനെ മദ്ധ്യരാജ്യമെന്നു വിളിക്കുന്നു. അതിന്നു ഇന്ത്യ ഏകദേശം മൂന്നുകൂടിയ വലിപ്പം ഉണ്ട്. അവിടെ സാധാരണ ലോഹങ്ങളെല്ലാം ഉണ്ടെങ്കിലും ഒരു വെള്ളത്തരം കളിമണ്ണുകൊണ്ടാണ് ആ രാജ്യം കേൾവിപ്പെട്ടിരിക്കുന്നത്. കല്ക്കരി കുഴിച്ചെടുത്തു തുടങ്ങീട്ടു അധികകാലമായിട്ടില്ല. ഭൂമിയിൽ കുഴികൾ ഈ ആവശ്യത്തിന്നു തോണ്ടുക നിമിത്തം പണ്ട് മരിച്ചുപോയ ഒരു ചക്രവർത്തിനിയെ അസഹ്യപ്പെടുത്തി എന്നുള്ള കാരണത്തിന്മേൽ ഈ ഖനികളെ കുറെ കാലത്തേക്കു നിർത്തൽ ചെയ്യേണ്ടതായി പോലും! മുഖ്യധാന്യം അരിയത്രെ. കോതമ്പും തിനയും മറ്റും പയറുവകകളും ഉണ്ട്. പട്ടുപുഴുവിനെ തീററുന്ന മൽബെറി വൃക്ഷം ധാരാളമായി വളരുന്നുണ്ട്. ജനബാഹുല്യം നിമിത്തം മൃഗങ്ങൾ ഇല്ലെന്നുതന്നെ പറയാം.

ചീനർ കാസ്പ്യൻ സമുദ്രത്തിന്റെ ദക്ഷിണ പ്രദേശങ്ങളിൽ നിന്നു ഏകദേശം 4400 സംവത്സരങ്ങൾക്കു മുമ്പിൽ വന്നവരാണെന്നു പറയുന്നു. ആൎയ്യന്മാർ ഇന്ത്യയിലെ പൂൎവ്വനിവാസികളെ ചെയ്തപോലെ ഇവർ ചീനയിലെ പൂൎവ്വനിവാസികളെ ഓടിച്ചു കാട്ടിലേക്കു അയച്ചു.

ചീനർ തവിട്ടുനിറവും ഉയൎന്ന കവിളെല്ലുകളും ഉള്ളവരാകുന്നു. നിറയിൽ അല്പം പിറകിൽ ഒഴികെ തലയുടെ ശേഷമുള്ള ഭാഗംമുഴുവനും ക്ഷൌരം ചെയ്യുന്നു. നിറയിലുള്ള കുടുമ വളരെ നീണ്ടിരിക്കും. അതിനെ സാധാരണയായി 'പന്നിവാൽ' എന്നു അവർ വിളിക്കുന്നു. വികൃതികളായ കുട്ടികൾ ചിലപ്പോൾ തങ്ങളുടെ ചങ്ങാതികളിൽ രണ്ടാളുടെ വാലുകൾ അറിയാതെ ചെന്നു കൂട്ടിക്കെട്ടും. ഈ വാലിന്റെ അറ്റം മുറിക്ക എന്നതു അവൎക്കു പരമസങ്കടമായ ഒരു കാൎയ്യമാകുന്നു. പെൺകുട്ടികൾക്കു ഏകദേശം അഞ്ചു വയസ്സായാൽ അവരുടെ കാലുകൾ പിന്നെ വളരാതിരിക്കത്തക്കവണ്ണം കെട്ടി മുറുക്കുന്നു. ഇതു അവൎക്കു വളരെ വേദനക്കു കാരണമാകുന്നുണ്ടെങ്കിലും ചെറിയ പാദങ്ങൾ സ്ത്രീകൾക്കു ഏറ്റവും വലിയ ഭംഗിയാണെന്നു ചീനർ വിചാരിച്ചുവരുന്നതിനാൽ ചിലപ്പോൾ ഒരു പെൺകുട്ടിയുടെ ഒന്നോ രണ്ടോ കാൽ വിരലുകൾ പോയാലും അതു സാരമില്ലെന്നാണു അവരുടെ പക്ഷം. പതിവിൽ ചെറിയ പാദങ്ങളുള്ള ഒരു ബാലികയെ കണ്ടാൽ 'അവളുടെ അമ്മ എത്ര നല്ലവളായിരിക്കണം' എന്നു കാഴ്ചക്കാർ പറഞ്ഞു വിസ്മയിക്കുമത്രെ. ഭംഗിയായി മുടികെട്ടി വെക്കുന്നതിൽ ചീനസ്ത്രീകൾക്കു വളരെ ശ്രദ്ധയുണ്ടു. തലയും മുടിയും മറെറാന്നിന്മേലും തൊടാതിരിപ്പാൻ മുളകൊണ്ടു ഒരു മാതിരി തലയിണ ഉണ്ടാക്കി കഴുത്തിൽവച്ചു കെട്ടി നടക്കുമത്രെ. അവസ്ഥയുള്ള ചീനസ്ത്രീകൾ ഇതു കൂടാതെ തങ്ങളുടെ മുഖത്തു വെള്ളയോ ചുവപ്പോ ചായം തേക്കാറുണ്ടു. സ്വൎണ്ണനിറം വരുത്തേണമെന്നു കരുതി ഇന്ത്യയിലെ ചില ജാതിക്കാർ സ്ത്രീകൾ ദേഹത്തിൽ മഞ്ഞൾ പൂശി മഞ്ഞപ്പിത്തം പിടിച്ചവരെപ്പോലെ കാണപ്പെടാറുണ്ടല്ലോ. ചീനയിലെ ചായപ്രയോഗമാണു അതിലും ഭേദം.

ചീനർ ഉണ്ണുന്നത് ഒരു അസാധാരണ സമ്പ്രദായത്തിലാണ്. ചോറ് ഒരു പാത്രത്തിലിട്ട് ഒരു കൈകൊണ്ട് അതിനെ താടിയുടെ കീഴെ പിടിക്കയും മറെറ കയ്യിലുള്ള രണ്ടു കോലുകൾകൊണ്ട് ചോറു തട്ടി വായിലാക്കുകയും ചെയ്യുന്നു. തേയിലയെ തിളപ്പിച്ചൂറിയ വെള്ളമൊ അല്ലാതെ പച്ചവെള്ളം അവർ കുടിക്കയില്ല. അസാധാരണയായി കോഴി, താറാവു, പന്നി ഇവയുടേയും ചിലപ്പോൾ പൂച്ച, പട്ടി, തവള ഇവയുടേയും മാംസമൊ ഭക്ഷിക്കുന്നു. മത്സ്യം ധാരാളമായി ഉപയോഗിക്കും. വെട്ടുകിളികളേയും പുള്ളിച്ചാടികളേയും ചില പ്രദേശങ്ങളിൽ ചുട്ടുതിന്നാറുണ്ട്. പശുവിൻപാൽ കുടിക്കുന്നത് ദുർല്ലഭം. എന്നാൽ ഏററവും വിശേഷമായ ഭക്ഷണമെന്ന് അവർ വെച്ചിരിക്കുന്നത് ഒരു മാതിരി മീവൽ പക്ഷിയുടെ കൂടുകൾകൊണ്ട് ഉണ്ടാക്കുന്ന സൂപ്പാകുന്നു. കാരോ കൂടിനു ഏകദേശം അതിന്റെ തൂക്കത്തോളം വിലകൊടുക്കണം. കറുപ്പുതീനും കറുപ്പ് പുകവലിയും വളരെ സാധാരണമാകുന്നു.

ലാന്തർ വിളക്കുകൾ ഉണ്ടാക്കുന്നതിൽ ചീനർക്കു വളരെ സാമർത്ഥ്യം ഉണ്ട്. അവ കടലാസ്, പട്ടു, ചില്ല്, കൊമ്പ്, മുതലായവകൊണ്ട് അനേകവിധത്തിൽ ഉണ്ടാക്കപ്പെടുന്നു. അവയ്ക്കു ഒരണ മുതൽ 600 ഉറുപ്പികവരെ വിലയുണ്ട്.

ചീനയിലെ ദക്ഷിണനഗരങ്ങളിലെ തെരുവുകൾ സാധാരണയായി വീതികുറഞ്ഞതും ഇഷ്ടികയോ കല്ലോ പതിച്ചിട്ടുള്ളതും ആകുന്നു. ചില തെരുവുകളുടെ നടുവിൽ കാൽനിന്നു കൈ രണ്ടും നിവർത്തിയാൽ ഇരുവശവും ഉള്ള കെട്ടിടങ്ങളെ ഏകദേശം തൊടാം. വണ്ടികൾ ദുർല്ലഭമാകയാൽ വിസ്താരമുള്ള തെരുവുകൾക്കു ആവശ്യമില്ല. വീഥികളുടെ ഇടുക്കം നിമിത്തം വെയിൽ അവയിൽ അധികമായി കൊള്ളുകയില്ല. എങ്കിലും വടക്കൻ പ്രദേശങ്ങളിലുള്ള തെരുവുകൾ വിസ്താരമുള്ളതും കൽതളമിടപ്പെടാത്തതും ആകുന്നു. എല്ലാ ചീനനഗരങ്ങളും ചുററും കോട്ട കെട്ടപ്പെട്ടിട്ടുള്ളതാണ്.

വിവാഹാചാരങ്ങൾ പല സംഗതികളിലും ഇന്ത്യയിലെപ്പോലെതന്നെ ആകുന്നു. 20 വയസ്സു കഴിയുന്നതിനു മുമ്പിൽ വിവാ

ഹം ചെയ്യാത്ത പുരുഷന്മാർ ചുരുക്കം. സ്ത്രീയുടേയും പുരുഷന്റേയും ജാതകങ്ങൾ യോജിക്കുന്നുണ്ടോ എന്നു നോക്കും. വിവാഹം നിശ്ചയിച്ചിട്ടു മൂന്നു ദിവസത്തിനകം ഇരുഭാഗക്കാരുടേയും വീട്ടിൽ വിലപിടിച്ച എന്തെങ്കിലും സാമാനം ഉടയുകയോ കളവു പോകുകയോ ചെയ്താൽ അത് ദുശ്ശകുനമായി വിചാരിക്കപ്പെടുകയും ആ വിവാഹനിശ്ചയം ഉടനെ ദുർബ്ബലപ്പെടുത്തുകയും ചെയ്യും. വിവാഹകർമ്മത്തിനുള്ള ദിവസം നിശ്ചയിക്കുന്നതു ജ്യോതിഷക്കാരനാണ്. വിരുന്നുകാർ പുരുഷന്റെ ഭവനത്തിൽകൂടി അവിടെനിന്നു സ്ത്രീയുടെ വീട്ടിലേക്കു യാത്ര പുറപ്പെടുന്നു. വഴിയിൽ ദുർഭൂതങ്ങൾ ഒളിച്ചിരുന്നു വല്ല ദോഷവും വരുത്താതിരിപ്പാൻ വേണ്ടി ഒരു വലിയ കഷണം പന്നി മാംസം മുമ്പുകൊണ്ടു പോകും. സ്ത്രീ അവളുടെ ഏറവും നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ച് പൊൻ പൂശിയ ഒരു കസേരയിന്മേൽ കയറിയിരുന്നു തന്നെത്താൻ സർവ്വാംഗം മൂടുന്നു. അനന്തരം ആ കസേര നാലുപേർ എടുത്ത് എല്ലാവരും ഘോഷയാത്രയായി പുരുഷന്റെ ഭവനത്തിലേക്കു തിരികെ പുറപ്പെടുന്നു. അവിടെ എത്തിയാൽ ജ്വലിക്കുന്ന തീക്കനൽ നിറച്ചിട്ടുള്ള ഒരു പാത്രത്തിന്റെ മീതെക്കൂടി സ്ത്രീയെ പൊക്കി എടുത്തു വീണ്ടും നിലത്തു വെക്കുന്നു. ഇതിന്റെശേഷം അവൾ ഭർത്തൃഗൃഹപ്രവേശം ചെയ്യുകയും അവന്റെ സന്നിധിയിൽ സാഷ്ടാംഗമായി വീഴുകയും ചെയ്യുന്നു. അനന്തരം വധൂവരന്മാർ ഭവനത്തിലുള്ള ബലിപീഠത്തിൻ മുമ്പാകെ ആകാശം, ഭൂമി, ഇവരേയും മരിച്ചുപോയ പൂർവ്വന്മാരെയും നമസ്കരിക്കുന്നു. മാതാപിതാക്കന്മാരെ അനുസരിക്കായ്ക, പ്രസവിക്കായ്ക, വ്യഭിചാരം, അസൂയ, കുഷ്ഠരോഗം, അതിയായി സംസാരിക്കുക, മോഷ്ടിക്കുക ഈ കാരണങ്ങളിൽ ഏതെങ്കിലും ഒന്നുണ്ടായാൽ ഒരു ഭർത്താവിനു തന്റെ ഭാര്യയെ പരിത്യജിക്കാം. വിധവാ വിവാഹം വിലക്കപ്പെട്ടിരിക്കുന്നു. ശിശുക്കൾക്കു ധരിക്കുവാൻ ആദ്യം കൊടുക്കുന്ന വസ്ത്രങ്ങൾ എഴുപതോ എണ്പതോ വയസ്സുള്ള വല്ല വൃദ്ധന്മാരുടേയും ഉടുപ്പുകൾകൊണ്ടു ഉണ്ടാക്കീട്ടുള്ളതായിരിക്കണം. ഇങ്ങിനെ ചെയ്യുന്നത് ആ ശിശുക്കൾക്കു ദീർഘായുസ്സുണ്ടാകുവാനാണത്രെ. കുട്ടികളെ വില്ക്കുന്നതു സാധാരണമാണ്, ചെ

ൺകുട്ടികളെ വളൎത്തികൊണ്ടു വന്നു വിവാഹം ചെയ്തു കൊടുക്കുവാനുള്ള ബുദ്ധിമുട്ടും ചിലവും ഓൎത്തു ചില മാതാപിതാക്കന്മാർ അവരെ വെള്ളത്തിൽ മുക്കി കൊന്നുകളയുമത്രെ.

പട്ടം പറപ്പിക്കുന്നതു ചീനരിൽ ബാലന്മാൎക്കും വൃദ്ധന്മാൎക്കും ഒരു ഇഷ്ടവിനോദമാകുന്നു. അവ പക്ഷികളുടെയും വണ്ടുകളുടെയും പഴുതാരകളുടെയും ചിലപ്പോൾ മനുഷ്യരുടെയും മൃഗങ്ങളുടെയും ആകൃതിയിലായിരിക്കും.

ആറുവയസ്സായാൽ കുട്ടികളെ വിദ്യാഭ്യാസത്തിന് അയക്കും. ചീനഭാഷക്ക് അക്ഷരമാല ഇല്ല. ഏകദേശം 200 ധാതുക്കളും കൊണ്ടാണ് ആ ഭാഷ ഉണ്ടായിരിക്കുന്നത്. വാക്കുകളും അവ ഏതുവസ്തുക്കളെ കുറിക്കുന്നുവോ ആ വസ്തുക്കളുടെ ഏകദേശമായ ആകൃതിയോടുകൂടിയവയാകുന്നു. വാക്കുകളുടെ സ്വരഭേദത്താൽ അവയുടെ അൎത്ഥത്തെ നിൎണ്ണയിക്കുന്നു. ഒരേശബ്ദത്തിനു ചിലപ്പോൾ അമ്പതുവരെ അൎത്ഥമുണ്ടാകും. ചീനയിൽ എല്ലായിടത്തും ഒരേതരം പുസ്തകങ്ങൾ തന്നെയാണ് പഠിപ്പിക്കുന്നത്. ചീനഭാഷയിൽ ഏകദേശം നാല്പതിനായിരം വാക്കുകൾ ഉണ്ടെങ്കിലും സാധാരണയായി ആറായിരം മാത്രമേ ഉപയോഗിക്കാറുള്ളു. പരീക്ഷകളിൽ ജയിച്ചിട്ടുള്ളവൎക്കു സൎക്കാർ ഉദ്യോഗം ലഭിക്കയുള്ളു. പരീക്ഷ ഒമ്പതു ദിവസമുണ്ട്. നൂറിലൊന്നുവീതം പേർ മാത്രമേ ജയിക്കയുള്ളു. ഏററവും ഉന്നതമായ പരീക്ഷയിൽ ജയിച്ചു പ്രാവീണ്യം സിദ്ധിച്ചാൽ ബുധരാജകലാസമാജത്തിന്റെ ഒരു അംഗമായിത്തീരാം. ഈ സമാജത്തിനു 'പെൻസിലുകളുടെ വനം' എന്നാണത്രെ പേർ.

ചീനയിൽ കൃഷിപ്പണി വളരെ ബഹുമാനമുള്ള തൊഴിലായി വിചാരിക്കപ്പെടുന്നു. പെക്കിങ്ങ് എന്ന രാജധാനിയിൽ ആണ്ടുതോറും ഒരു ഉത്സവം ഉണ്ട്. അന്നു ചക്രവൎത്തിതന്നെ ഒരു അതിവിശേഷമായ കരിപിടിച്ച് ഒരു വിശുദ്ധ വയലിൽ മൂന്നുചാലു ഉഴുന്നു. രാജകുമാരന്മാർ അഞ്ചുചാലും പ്രധാനമന്ത്രികൾ ഒമ്പതുചാലും ഉഴുന്നു. പിന്നെ അവർ കളിമണ്ണുകൊണ്ടു പശുവിന്റെ ഒരു വലിയ വിഗ്രഹം ഉണ്ടാക്കി അതിനെ തട്ടി ഉടക്കുന്നു. ജനങ്ങളും

അതിന്റെ കഷണങ്ങളും പെറുക്കിക്കൊണ്ടുപോയി അവരുടെ വയലുകളിൽ പൊടിച്ചിടുന്നു. ഇങ്ങിനെ ചെയ്താൽ നല്ല വിളവുണ്ടാകുമെന്നാണ് അവരുടെ വിശ്വാസം. കൃഷിപ്പണിക്കുള്ള ആയുധങ്ങൾ മിക്കവാറും ഇന്ത്യയിലെ ആയുധങ്ങളെപ്പോലെതന്നെയാകുന്നു. വളം ശേഖരിക്കുന്നതിൽ ചീനർ ഉത്സാഹികളും സൂക്ഷ്മമുള്ളവരും ആകുന്നു. പക്ഷികളുടെ തൂവൽ ക്ഷുരകന്മാരുടെ പണിസ്ഥലങ്ങളിൽ വീഴുന്ന രോമങ്ങളും, പൊട്ടിച്ച പടക്കങ്ങളുടെ ശിഷ്ടങ്ങളും മുതലായവപോലും അവർ ശേഖരിച്ചു വളമായി ഉപയോഗിക്കുന്നു.

ചീനയിൽ തെയിലകൃഷി വളരെ പ്രധാനമാകുന്നു. അവർ അതിനെ 'ചെ' എന്നു വിളിക്കുന്നു. ഈ വാക്കുതന്നെ അല്പം ഭേദപ്പെടുത്തി മററനേകഭാഷകളിൽ സ്വീകരിച്ചിട്ടുണ്ട്. തെയില ആദ്യം ഇംഗ്ലണ്ടിൽ കൊണ്ടുവന്നത് ഏകദേശം 1610-ാം കൊല്ലമാകുന്നു. കുറെക്കാലത്തേക്ക് അതിന് റാത്തലിന് അഞ്ചു പവൻവരെ വിലയായിരുന്നു.

പട്ടുനൂൽക്കുന്നുള്ള ചീനയിൽ തെയിലകൃഷിപോലെതന്നെ ഒരു മുഖ്യതൊഴിലാകുന്നു. ആദ്യം പട്ടുനൂൽ ഉണ്ടാക്കി തുണിനെയ്തത് ഒരു ചക്രവർത്തിയുടെ പത്നിയാണുപോലും. അതിന്ന് അവളെ ആണ്ടുതോറും ഒമ്പതാംമാസത്തിന്റെ ഒരു ദിവസത്തിൽ എല്ലാവരും ആരാധിക്കും.

മത്സ്യം പിടിക്കുന്ന തൊഴിലും മേൽപ്രകാരംതന്നെ മുഖ്യമാകുന്നു. ചീനരുടെ ഭക്ഷണസാധനത്തിന്റെ പത്തിലൊരംശം വെള്ളത്തിൽനിന്നു ലഭിക്കുന്നു എന്നു കണക്കെടുത്തിരിക്കുന്നു.

കരവാഹനങ്ങളും കസേര, പല്ലക്ക്, ഒരാൾ വലിക്കുന്ന വണ്ടി എന്നിവകളുമാകുന്നു. ഈ ഒടുവിൽ പറഞ്ഞതിന്ന് 'ജിൻറിക്ഷ' എന്നാണ് പേർ. ജിൻ എന്നതിനു മനുഷ്യനെന്നും, റിക്ക് എന്നു വെച്ചാൽ ബലമെന്നും, ഷാ ശബ്ദത്തിനു വണ്ടി എന്നും അർത്ഥമാകുന്നു. ചീനർക്ക് ആദ്യം തീവണ്ടിയോടു വിരോധമായിരുന്നു. പരദേശികൾ കണ്ടുപിടിച്ചതാണത്രെ ഈ വിരോധത്തിന്റെ കാരണം. എങ്കിലും ക്രമേണ ഈ വൈമുഖ്യം നീങ്ങി ഇപ്പോൾ തീവണ്ടി പല സ്ഥലങ്ങളിലും നടപ്പായിട്ടുണ്ട്. വഞ്ചിമര

ഗ്ഗമാണ് അധികം ജനങ്ങൾ ഇപ്പോഴും ചീനയിൽ യാത്ര ചെയ്യുന്നത്. അനേക ലക്ഷം ജനങ്ങൾ ആണ്ടോടാണ്ട് വഞ്ചികളിൽ താമസിക്കുന്നു.

ചീനക്കു അച്ചടിച്ചതോ, എഴുതിയതോ, ആയ എന്തിനേയും കുറിച്ചു വളരെ ഭക്തിയുണ്ട്. അച്ചടിച്ച കടലാസുകളെ ബഹുമാനിക്കണം എന്നുള്ള കല്പന ചുമരുകളിന്മേൽ ചിലപ്പോൾ പതിക്കാറുണ്ട്. അവയിൽ താഴെ കാണിക്കുന്ന സമ്മാനങ്ങളും ശിക്ഷകളും വിവരിക്കാറുണ്ട്:— ആരെങ്കിലും അച്ചടിച്ച കടലാസ്സ് ശേഖരിച്ചു അവയെ കഴുകി കത്തിക്കുന്നു എങ്കിൽ, അവന് പന്ത്രണ്ട സംവത്സരത്തെ ആയുസ്സ് കൂടി കിട്ടും. അവന് ബഹുമാനവും ധനവും ഉണ്ടാകുന്നതിനു പുറമെ അവന്റെ പുത്രപൌത്രന്മാർ സുകൃതികളും പിതൃഭക്തിയുള്ളവരും ആയിത്തീരും. അവനു 5,000 പുണ്യങ്ങൾ ലഭിക്കും. അക്ഷരങ്ങൾ ഉള്ള കടലാസ്സ് അഴുക്കു വെള്ളത്തിൽ ഇടുകയോ വെടിപ്പില്ലാത്ത സ്ഥലത്ത് ദഹിപ്പിക്കുകയോ ചെയ്താൽ, അവന് 20 പാപങ്ങൾ ഉണ്ടാകും. എന്നുതന്നെയല്ല നേത്രരോഗവും അന്ധതയും ബാധിക്കും.

ചീനച്ചക്രവർത്തിയെ പ്രജകൾ 'ആകാശത്തിന്റെ മകൻ' എന്നു വിളിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ ആകാശവും മാതാവ അമ്മയും ആണുപോലും! ചിലപ്പോൾ 'പതിനായിരം സംവത്സരങ്ങളുടെ പിതാവ്' എന്നും വിളിക്കും. രാജധാനി, മുൻപറഞ്ഞപ്രകാരം, പെക്കിങ്ങ് പട്ടണമാകുന്നു. അതിന്റെ തെരുവുകൾ ഉഷ്ണകാലത്തു വളരെ പൊടിയും മഴക്കാലത്തു ചളിയും ദുൎഗ്ഗന്ധവും ഉള്ളവയാകുന്നു. ചില തെരുവുകളുടെ പേരുകൾ മനോഹരമെന്നു പറഞ്ഞുകൂട. നാറുന്ന കാൽതെരുവ്, നായുടെ പല്ലുതെരുവ്, നായുടെ വാൽതെരുവ്, മുതലന്മാരുടെ തെരുവ്, ഇങ്ങിനെയാണ് ചില പേരുകൾ.

ചക്രവർത്തിക്ക് അഞ്ചു സാമാജികന്മാരുള്ള ഒരു ആലോചനാസഭ ഉണ്ട്. സർക്കാർ ഉദ്യോഗങ്ങളിൽ മൂന്നാണ്ടുകളിലധികം ആൎക്കും ഇരുന്നുകൂട. ശമ്പളം വളരെ സ്വല്പമാകുന്നു.

ശിക്ഷകൾ അത്യന്തം കഠിനം. കുററം സമ്മതിക്കാത്ത ആ

രേയും ശിക്ഷിക്കുവാൻ പാടില്ലാത്തതിനാൽ കുററക്കാരെ ഞെരുക്കി കുററം സമ്മതിപ്പിക്കുന്നതു സാധാരണമാകുന്നു. ചിലപ്പോൾ സാക്ഷികളേയും ഞെരുക്കും. താടിയെല്ലിന്മേൽ കെട്ടിയുള്ള തുകൽവാറുകൊണ്ടും കാലിന്റെ കണ്ണിയിന്മേൽ മുളവടികൊണ്ടും തല്ലുന്നതു മേൽപറഞ്ഞ ഞെരുക്കങ്ങളുടെ ആരംഭക്രിയകളാണ്. വലിയ പാതകന്മാരുടെ നേരെ കാണിക്കുന്ന ക്രൂരതയുടെ കടുപ്പം കാരണം മരണം സംഭവിക്കുന്നതും അസാധാരണമല്ല. ചെയ്ത കുററം എഴുതിയ ഒരു വലിയ മരപ്പലക കഴുത്തിൽ ഇറക്കി പൂട്ടിയിടുകയും ഒരു മരക്കൂട്ടിൽ കുററക്കാരനെ ഇട്ടടക്കുകയും ചെയ്യുന്നതു മററു തരം ശിക്ഷകളാണ്. ശിരച്ഛേദം ഏററവും വലിയ ശിക്ഷയാകുന്നു. എന്നാൽ കുററക്കാരൻ കുറെ പ്രാബല്യമുള്ളവനായാൽ ആ ശിക്ഷ തൂക്കിക്കൊല്ലുക എന്നതായി ഭേദപ്പെടുത്തുന്നു. മാതാപിതാക്കന്മാരെയോ, മററനേകം പേരെയോ, വധിച്ചിട്ടുള്ള കുററക്കാരനെ കൊല്ലുന്നതു മഹാഭയങ്കരമായ വിധത്തിലാകുന്നു. അവനെ ഒരു കുരിശിന്മേൽവെച്ചു കെട്ടി മുഖത്തും ശരീരത്തിന്റെ മാംസമുള്ള ഭാഗങ്ങളിലും 8 മുതൽ 120 വരെ മുറിവുകൾ ഏല്പിച്ചതിന്റെ ശേഷം അവന്റെ ഹൃദയം കുത്തിത്തുളക്കുന്നു. മരിച്ച ഉടനെ അവന്റെ അംഗങ്ങൾ വെട്ടി ശരീരത്തിൽനിന്നും വേർപെടുത്തുന്നു.

ചീനയിൽ കൊൺഫ്യൂസിയസ്, താവു, ബുദ്ധൻ എന്നിവരുടെ മതങ്ങൾക്കാണ് പ്രാധാന്യം. ഇവരിൽ ആദ്യൻ ക്രിസ്തുവർഷത്തിനു 551 വർഷങ്ങൾക്കു മുമ്പെ ജനിച്ചു. പത്തൊമ്പതു വയസ്സിൽ വിവാഹം ചെയ്തു. എങ്കിലും പഠിപ്പിനും പൊതുജനങ്ങളെ സംബന്ധിക്കുന്ന കൃത്യങ്ങൾ ചെയ്യുന്നതിനുംവേണ്ടി അധികം സമയം കിട്ടുവാൻ അദ്ദേഹം നിജപത്നിയെ നാലു തവണ പരിത്യജിച്ചു. അദ്ദേഹത്തിന്റെ മതത്തിൽ സാരമായ അംശം മരിച്ച പൂർവ്വന്മാരെ ശ്മശാനത്തിലോ ഭവനത്തിൽ അതിനായി നിശ്ചയിച്ചിട്ടുള്ള ഒരു ഭാഗത്തിലോ വെച്ച് വന്ദിക്കുക എന്നതാകുന്നു. പരമേശ്വരനെ നിഷേധിച്ചില്ലെങ്കിലും കൊൺഫ്യൂസിയസ് ആ സംഗതി തീരെ വിസ്മരിക്കയോ, മനുഷ്യൻ സമുദായത്തിന്റെ ഒരു അംഗമാകയാൽ തനിക്കും അന്യർക്കും ഏററവും ക്ഷേമകരങ്ങളായ കാര്യ

ങ്ങൾ ചെയ്യുന്നതാണ് ഓരോരുത്തന്റെ മുഖ്യധൎമ്മമെന്ന് ഉപദേശിക്കയും ചെയ്തു.

താവുമതത്തിന്റെ കൎത്താവായ ലൌട്സി ക്രൈസ്തവകാലത്തിനു 600 സംവത്സരങ്ങൾക്കു മുമ്പിൽ ഒരു വൃദ്ധനായി ജനിച്ചു എന്നാണ് ചീനരുടെ ഇടയിലുള്ള ഐതിഹ്യം. ഈ മതത്തിനു ഹിന്തുമതത്തോട് പല കാൎയ്യങ്ങളിലും യോജിപ്പുണ്ട്. മനുഷ്യർ ആത്മമനനത്താൽ സായൂജ്യം പ്രാപിക്കേണമെന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. ഇതിനുള്ള മാൎഗ്ഗമാണ് താവുമതം. താ ശബ്ദത്തിന്റെ അൎത്ഥവും വഴി എന്നുതന്നെ. അമരത്വത്തിന്റെ രസായനം പാനം ചെയ്തിട്ടുണ്ടായിരുന്നതിനാൽ, ലൌട്സി മരണത്തിൽനിന്നും സ്വാതന്ത്ര്യം ലഭിച്ചവനായിരുന്നു എന്നു ചീനർ വിചാരിച്ച് ഈ രസായനം കണ്ടുപിടിപ്പാനുള്ള ശ്രമം, ആലോകനം സസ്യങ്ങളെയും മററും പരീക്ഷണം ചെയ്വാൻ ലൌട്സിയുടെ അനുഗാമികളെ ഉത്സാഹിപ്പിക്കയും ഒടുക്കം താവുമതം ഇന്ദ്രജാലത്തിന്റെ ഒരു പദ്ധതിയായി തീരുകയും ചെയ്തു.

ബുദ്ധൻ ഇന്ത്യയിൽ കാശീനഗരത്തിനു ഏകദേശം നൂറു മയിൽസ് വടക്കുള്ള ഒരു പട്ടണത്തിൽ ജനിച്ചു. ക്രൈസ്തവകാലത്തിനു 480 വൎഷങ്ങൾക്കു മുമ്പിൽ മരിക്കയും ചെയ്തു. ബുദ്ധമതത്തിന്റെ സാരാംശം താഴെ പറയുംപ്രകാരമാകുന്നു:— ജീവിച്ചിരിക്കുന്നതു ദുഃഖമാകുന്നു. ജീവിച്ചിരിപ്പാനുള്ള ഇച്ഛ ദുഃഖത്തിന്റെ ഉത്ഭവമാണ്. ഈ ഇച്ഛയെ നശിപ്പിച്ചാൽ ദുഃഖവും നശിക്കുന്നു. ഇതു സാധിക്കുവാൻ എട്ടു മാൎഗ്ഗങ്ങൾ ഉണ്ട്. ദുഃഖത്തിൽനിന്നും മോചനം ലഭിച്ച അവസ്ഥക്ക് നിൎവ്വാണമെന്നു പേർ.

ചീനർ തങ്ങളുടെ മരിച്ചുപോയ പൂൎവ്വന്മാൎക്കു പാകംചെയ്തു പന്നിമാംസം, കോഴി, താറാവ്, തെയില എന്നിവ കാഴ്ചവെച്ച് ഉടനെ ഈ സാധനങ്ങൾ തങ്ങൾതന്നെ ഭുജിക്കയോ ദരിദ്രന്മാൎക്കു കൊടുക്കയോ ചെയ്യുന്നു. വസ്ത്രങ്ങൾ, കസേരകൾ, മേശകൾ, നാണ്യങ്ങൾ ഇത്യാദി സാമാനങ്ങളെ കടലാസുകൊണ്ടു വെട്ടിയുണ്ടാക്കി ചീനർ കത്തിക്കുന്നു. ചിലപ്പോൾ ദാസന്മാരുടെയും ദാസികളുടെയും കടലാസു പ്രതിമകൾ ഉണ്ടാക്കി ദഹിപ്പിക്കും. ഇങ്ങി

ന്നെ ഒക്കെ ചെയ്താൽ അവ തങ്ങളുടെ പൂർവന്മാർക്ക് കിട്ടുമെന്നും അവർ പ്രസാദിക്കുമെന്നും ചീനർ വിശ്വസിക്കുന്നു.

ഇതു കൂടാതെ ധനത്തിന്റേയും അടുക്കളയുടേയും വാതിലിന്റേയും എന്നു വിളിക്കപ്പെടുന്ന ദേവന്മാർ ഉണ്ട്. അടുക്കള ദൈവത്തെ മാസത്തിൽ രണ്ടു തവണ ആരാധിക്കും. ആ ദൈവം പന്ത്രണ്ടാം മാസത്തിന്റെ ഇരുപത്തിനാലാം ദിവസം സ്വർഗ്ഗത്തിൽ പോയി അതാതു വീട്ടിലെ തലേവർഷത്തെ നടവടികളുടെ ഒരു വിവരണം കൊടുക്കുമെന്നാണ് ചീനരുടെ വിശ്വാസം. ഈ ദൈവത്തെ സന്തോഷിപ്പിച്ചയക്കുവാൻ പഴങ്ങൾ, മാംസം, ദ്രാക്ഷാരസം മുതലായ സാമാനങ്ങൾ കാഴ്ചവെക്കയും ആ ദൈവത്തിന്റെ ചുണ്ടുകളിന്മേൽ, തങ്ങളെപ്പററി മധുരവചനങ്ങൾ മാത്രം പറയുവാൻവേണ്ടി, പഞ്ചസാര തേക്കയും അവരുടെ യാത്രക്ക് ഉപയോഗപ്പെടുവാൻ കടലാസ്സുകുതിരയേയും മററു സാമാനങ്ങളേയും ഉണ്ടാക്കി കത്തിക്കയും ചെയ്യുന്നു.

ചീനർക്കു മന്ത്രങ്ങളിൽ വളരെ വിശ്വാസം ഉണ്ട്. ഇവ എഴുതിയ കടലാസ്സുകൾ വാങ്ങി വീടുകളുടെ ഉത്തരങ്ങളിന്മേൽ പതിച്ചാൽ ഭൂതങ്ങളുടെ ഉപദ്രവം തട്ടാതിരിക്കുമത്രെ. തപാൽ സ്റ്റാമ്പിനും ഇങ്ങിനെ മന്ത്രശക്തിയുള്ളതിനാൽ ഒരു കുട്ടിക്കു ദീനം പിടിച്ചാൽ ഒരു സ്റ്റാമ്പു എടുത്തു കുട്ടിയുടെ പന്നിവാലിന്റെ അഗ്രത്തിൽ കെട്ടിയിടുന്നു. ഭാഗ്യം പറയുക എന്ന സമ്പ്രദായവും ചീനരുടെ മൂഢവിശ്വാസങ്ങളിൽ ഒന്നാണ്. ഇങ്ങിനെ ഭാഗ്യം നിർണ്ണയിക്കുന്നത് പല വിധത്തിലാണെങ്കിലും, ഏററവും പഴയതും സമ്മതവും ആയ വിധം, ഒരു ആമയെ നിലത്തുവെച്ച് അതു ഏതു വശത്തേക്കു നോക്കുന്നു എന്നും കഴുത്ത് എത്രമാത്രം നീട്ടുന്നു എന്നും പാദങ്ങൾ എങ്ങിനെ-വെക്കുന്നു എന്നും സൂക്ഷിക്കുക എന്നതാണ്.

സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുന്നത് വലിയ സർപ്പങ്ങൾ ആ മൂർത്തികളെ ഗ്രസിക്കുന്നതിനാലാണെന്നു വിചാരിച്ച് ആ സർപ്പങ്ങളെ ഭയപ്പെടുത്തി ഓടിച്ചു കളയുവാൻ ചീനർ നിലവിളിക്ക

യും കാഹളങ്ങൾ ഊതുകയും മണികൾ അടിക്കയും, ഗ്രഹണം കഴിഞ്ഞാൽ തങ്ങളുടെ ശ്രമങ്ങളുടെ സാഫല്യത്തെക്കുറിച്ചു സന്തുഷ്ടരായി അനുമോദിക്കയും ചെയ്യുന്നു.

ചക്രവൎത്തി പ്രജകളുടെ രാജാവു മാത്രമല്ല, ചില സംഗതികളിൽ ദേവന്മാരുടെയും രാജാവാകുന്നു. മഴ ഇല്ലാഞ്ഞാൽ ചീനർ അവരുടെ ദേവന്മാരെ, എന്നുവെച്ചാൽ ദേവന്മാരുടെ പ്രതിമകളെ, നല്ല വെയിലത്തു വെക്കുന്നു. ദേവന്മാൎക്കു വെയിൽ സഹിക്കുവാൻ പാടില്ലാതാകുമ്പോൾ തണുപ്പിനുവേണ്ടി അവർ മഴ പെയ്യിക്കാതെ ഇരിക്കയില്ലപോലും. ഇതിനു മുമ്പിലത്തെ ചക്രവൎത്തിക്കു മസൂരി ദീനം പിടിച്ചപ്പോൾ ആ ദീനത്തിന്റെ അധികാരിയായ ദേവനെ വലിയ കോലാഹലമായി പെക്കിങ്ങ് പട്ടണത്തിന്റെ വീഥികളിൽകൂടി എഴുന്നള്ളിച്ചു രോഗിയുടെ മുറിയിൽ കൊണ്ടുവന്നു. പക്ഷെ ചക്രവൎത്തി മരിച്ചു എന്നു കണ്ടപ്പോൾ മേൽപറഞ്ഞ ദേവന്റെ വിഗ്രഹത്തെ അവമാനിക്കയും തല്ലി തകൎത്തുകളകയും ചെയ്തു. കുറെ കാലത്തിനുമുമ്പു ചീനായിലെ ഹൂക്യൌ പട്ടണത്തിലുള്ള ചില വിഗ്രഹങ്ങൾ ജനങ്ങളുടെ മരണത്തിനു ഹേതുകന്മാരാകുന്നു എന്നു ഒരു സംസാരം പുറപ്പെടുകയും ആ ദിക്കിലുള്ള ടാൎട്ടർ സേനാധിപൻ അവറ്റെ ഓട്ടുകളെ പെട്ടന്നു തകൎക്കയും ചെയ്തു. ഈ കൊലപാതകം ചെയ്തത് മേൽപറഞ്ഞ വിഗ്രഹങ്ങൾതന്നെ എന്ന് അവിടത്തെ ഉപരാജാവു തീൎച്ചപ്പെടുത്തി, അവറ്റെ പിടിച്ചു ശിക്ഷിക്കുവാൻ കല്പനകൾ അയച്ചു. ഈ കല്പനകൾ അനുസരിച്ച് അധികാരികൾ ക്ഷേത്രത്തിൽ പോയി പതിനഞ്ചു ബിംബങ്ങളെ പിടിച്ചു. ഈ പ്രതികൾ മരംകൊണ്ടുണ്ടാക്കപ്പെട്ടവയും ഓരോന്ന് അഞ്ചടി പൊക്കമുള്ളവയും ആയിരുന്നു. ജഡ്ജിയുടെ സന്നിധിയിൽ കൊണ്ടുവരുന്നതിനു മുമ്പിൽ, ജഡ്ജി കണ്ടറിഞ്ഞു, മേലിൽ അദ്ദേഹത്തെ ഉപദ്രവിക്കാതിരിപ്പാൻവേണ്ടി, അവയുടെ കണ്ണുകൾ ചൂന്നുകളഞ്ഞു. സംപൂൎണ്ണമായ ഒരു വിസ്താരം കഴിച്ചതിന്റെശേഷം അവയുടെ തല വെട്ടിക്കളഞ്ഞ്, ശരീരങ്ങൾ ഒരു കുളത്തിൽ ഇടേണമെന്ന് ഉപരാജാവു വിധി കല്പിച്ചു. ആ പട്ടണത്തിൽ മേലിൽ സമാധാനഭംഗം ഈ ദേവന്മാർ ചെയ്യാതിരിപ്പാൻവേണ്ടി അവരുടെ

ക്ഷേത്രത്തെ പിന്നെ ഒരിക്കലും തുറക്കാതിരിക്കത്തക്കവണ്ണം മുദ്രവെച്ചു കളഞ്ഞു.

ചീനരുടെ ആചാരങ്ങൾക്കു ചില വിശേഷതകൾ ഉണ്ട്. തങ്ങളിൽ ഉയൎന്നവരെ ബഹുമാനിക്കുന്ന ക്രമം എട്ടു തരങ്ങളായിട്ടാണ് കല്പിച്ചിരിക്കുന്നത്. 1. കൈകൾ രണ്ടുംകൂട്ടി നെഞ്ചിനു നേരെ പിടിച്ച് അല്പം പൊക്കുക. 2. ഇങ്ങിനെ കൈകൾ പിടിച്ചു കുറെ കുനിയുക. 3. മുട്ടുകുത്തുവാൻ ഭാവിക്കുന്നപോലെ മുട്ടുതാഴ്ത്തുക. 4. മുട്ടുകുത്തുക. 5. മുട്ടുകുത്തി തല നിലത്ത് അടിക്കുക. 6. മൂന്നു തവണ മുട്ടുകുത്തുകയും തല നിലത്ത് അടിക്കയും ചെയ്ക 7. മുട്ടുകുത്തി തല നിലത്തു മൂന്നു തവണ മുട്ടിയതിൻെറശേഷം എഴുനേററു വീണ്ടും മുട്ടുകുത്തി തല മൂന്നു തവണകൂടി മുട്ടുക. 8. മൂന്നു തവണ മുട്ടുകുത്തുകയും തല ഒമ്പതു തവണ മുട്ടുകയും ചെയ്ക. ചില ദേവന്മാൎക്ക് ആറാം പദവിയിലെ വന്ദനവും മററു ചിലൎക്ക് ഏഴാമത്തേതും കൊടുക്കണം. ചക്രവൎത്തിക്ക് എട്ടാം പദവിയും വേണം. ചില ചക്രവൎത്തികൾ തങ്ങളെ ഈ വിധം വന്ദിക്കേണമെന്ന് അക്കാലത്തു വന്ന ഇംഗ്ലീഷു രാജദൂതന്മാരോട് ആവശ്യപ്പെട്ടു. പക്ഷെ അവർ അപ്രകാരം ചെയ്യാതെ സ്വരാജ്യത്തേക്കു മടങ്ങിപ്പോയി.


മറെറാരാളെ കാണ്മാൻ ചെല്ലുമ്പോൾ കൊടുത്തയക്കുന്ന കാർഡിൽ പേരിന്നു പുറമെ ഇപ്രകാരം എഴുതിയിരിക്കും:— 'നിങ്ങളുടെ വിഡ്ഢിയായ അനുജൻ പിചപാൻ എന്നവൻ നിങ്ങൾക്കു വന്ദനം പറഞ്ഞു തല ചായ്ക്കുന്നു'. അപ്പോൾ വീട്ടുടമസ്ഥൻ പുറത്തു വന്ന് ഇപ്രകാരം കുശലപ്രശ്നം ചെയ്യുന്നു. 'നിങ്ങളുടെ ബഹുമാനപ്പെട്ട കാലടികളുടെ ബുദ്ധിമുട്ടിനെ സ്വീകരിക്കുവാൻ ഞാൻ എങ്ങിനെയാണ് ഇനിയുന്നത്; രഥത്തിലിരിക്കുന്ന ആൾക്കു സുഖം തന്നെയോ?' അപ്പോൾ കാണ്മാൻ ചെന്ന ആൾ 'ബഹുമാന്യനായ വലിയ മനുഷ്യൻ സുഖം അനുഭവിക്കുന്നുവൊ' എന്നു ചോദിക്കുന്നു. നിങ്ങളുടെ പിതാവിനു സുഖമല്ലെ എന്നാണ് ഇതിൻെറ അൎത്ഥം. പിതാവിനു എത്രവയസ്സായി എന്നു ചോദിക്കുന്നതിനു പകരം 'വിശ്രുതനും വയോധികനും ആയ ആൾക്കു ബഹുമാനമുള്ള എത്ര വയസ്സ്' എന്നു പറയും. 'നിങ്ങൾക്കു യോഗ്യരായ എത്ര ജ

ഖക്കറാം (അൎത്ഥം_ മക്കറം) ഉണ്ടു്’ എന്നു ചോദിച്ചാൽ, വീട്ടുകാരൻ ചിലപ്പോൾ ഇങ്ങിനെ മറുപടി പറയും:— ‘എന്റെ യോഗം വള്ളരെ പിശുക്കുള്ളതാണ്. എനിക്കു് ഒരു ചെറിയ മൂട്ട മാത്രമെ ഉള്ളു’.

ചീനരുടെ സ്വഭാവത്തിൽ സ്തുതിക്കപ്പെടേണ്ടുന്ന അംശങ്ങൾ അവരുടെ പിതൃഭക്തിയും, അധികാരികളുടെ നേരെ കാണിക്കുന്ന ബഹുമാനവും, സമാധാനതല്പരതയും, മൎയ്യാദയും, ഉത്സാഹശീലവും, ബൊദ്ധ്യമായ സദാചാരനിഷ്ഠയും ആകുന്നു. ദോഷങ്ങളായി പറയപ്പെടാവുന്നതു കറുപ്പിന്റെ ഉപയോഗവും, മൂഢവിശ്വാസങ്ങളും, സ്ത്രീകൾക്കു പഠിപ്പില്ലാത്തതും, ഗൎവ്വവും, ആകുന്നു. എങ്കിലും ജപ്പാൻ ജാതിക്കാരോടുള്ള സഹവാസം ചീനരെ പലവിധത്തിലും പരിഷ്കരിച്ച് ശ്രേയസ്കരമായ ഒരു അവസ്ഥയിൽ കൊണ്ടുവരുവാൻ ഇടയുണ്ട്.

സി. അന്തപ്പായി, ബി. എ.

കവിചരിത്രസംഗ്രഹം



മുൻകാലങ്ങളിൽ ജീവിച്ചിരുന്ന ഓരോ സംസ്കൃത കവികളുടെ ജീവചരിത്രങ്ങൾ അടങ്ങിയതായി ‘കവികലാപം’ എന്നൊരു ഗ്രന്ഥം ഞാൻ എഴുതിത്തുടങ്ങീട്ടു കുറച്ചുകാലമായി. ആയതു കവനോദയത്തിൽ ഖണ്ഡഃഖണ്ഡമായി പ്രസിദ്ധം ചെയ്തുവരുന്നുമുണ്ട്. എതെല്ലാം വിധത്തിൽ ശ്രമിച്ചാലും എല്ലാ കവികളുടേയും വിവരം പൂൎത്തിയായി കിട്ടുവാൻ ഞെരുക്കംതന്നെ. എന്നാൽ കഴിയുന്നേടത്തോളം അറിഞ്ഞാൽ കൊള്ളാമെന്നു മോഹമുണ്ട്. പല കവികളെക്കുറിച്ചും സ്വല്പമായ സംഗതിമാത്രമേ അറിവുകിട്ടീട്ടു

ള്ളൂ. കിട്ടിയേടത്തോളം ഭാഗം, ഷണ്ഡധദ്ധവെപ്പോലെ വായനക്കാൎക്കു കൌതുകപ്രദമായിരിക്കുമെന്നുവെച്ചു ചുരുക്കി ചേൎക്കുന്നു. ഈ താഴെ പറയുന്ന കവികളെക്കുറിച്ച് ആൎക്കെങ്കിലും അധികമായ വല്ല വിവരവും അറിവുണ്ടെങ്കിൽ ആയത് അറിയിച്ചുതരേണമെന്നു കൂടി എനിക്ക് അപേക്ഷയുണ്ട്. ഒരോ കവികളെക്കുറിച്ചുള്ള പ്രസംഗത്തിന്റെ അവസാനം കാണുന്ന സംഖ്യകൾ അതാതുകവികൾ ജീവിച്ചിരുന്നതായി ഊഹിക്കപ്പെടുന്ന ഇംഗ്ലീഷ് ശതാബ്ദമാണെന്നു വായനക്കാരെ അറിയിച്ചുകൊണ്ടു പ്രകൃതം തുടങ്ങുന്നു.

1. അവതാരകവി—ഇദ്ദേഹം കാശ്മീരക്കാരനാണ്. അനേകബന്ധചിത്രമായി സടീകമായി ഈശ്വരശതകം എന്നൊരു പുസ്തകമുണ്ടാക്കീട്ടുണ്ട്. സ്തുതികുസുമാഞ്ജലിടീകാകാരനായ രാജാനകരത്നകണ്ഠന്റെ മുത്തച്ഛനാണെന്നു തോന്നുന്നു. 17.

2. വിദ്യാവാഗീശൻ—വംഗദേശക്കാരനാണെന്നു സംശയം. മാതാപിതാക്കന്മാർ രമാമാധവന്മാരാണ്. കൌന്തേയവൃത്തമെന്ന കാവ്യത്തിന്റെ കൎത്താവ്. *

3. ഉൽപ്രേക്ഷാവല്ലഭൻ—ഇദ്ദേഹത്തിന്റെ സാക്ഷാൽ പേർ ശിവഭക്തദാസനെന്നാണ്. ഉത്തമകാവ്യനിൎമ്മാണത്താൽ ഉൽപ്രേക്ഷാവല്ലഭനെന്നു പേർ സമ്പാദിച്ചു. ഭിക്ഷാടനം, സുന്ദരീശതകം എന്നിവയുണ്ടാക്കി. 16.

4. സുന്ദരാചാൎയ്യൻ—തിരുനൽവേലിക്കാരനാണ്. വെങ്കടേശന്റെ പുത്രൻ. അഷ്ടഗോത്രം. വളരെ പ്രാചീനനല്ല. ഗീതിശതകം നിൎമ്മിച്ചു. *

5. ചണ്ഡീദാസൻ—സാഹിത്യദൎപ്പണകൎത്താവായ വിശ്വനാഥകവിയുടെ മുത്തച്ഛന്റെ സഹോദരപുത്രനാണ്. കാവ്യപ്രകാശടീകയുണ്ടാക്കി. 13.

6. മധുസൂദനകവി—മിഥിലാരാജ്യക്കാരൻ. അച്ഛൻ പത്മനാഭൻ. അമ്മയ്ക്കു ശൂദ്രയെന്നു പേർ. ഉജതി (ഉചതി) എന്നു വംശനാമം. അന്യാപദേശശതകത്തിന്റെ കൎത്താവ്. *

7. ലക്ഷ്മണാചാൎയ്യൻ—മഹാരാഷ്ട്രരാജ്യം. വേണീമാധവന്റെ പുത്രൻ. രാധയെന്ന് അമ്മയുടെ നാമം. അത്രിഗോത്രം, ചാണ്ഡി

എന്നു വേറൊരുപേർ. രഘുനാഥൻ ഗുരുനാഥൻ. വളരെ പ്രാചീനനല്ല. ചണ്ഡികുചപഞ്ചാശിക നിർമ്മിച്ചു.

8. ഭൂമിനാഥകവി — രാമഭദ്രദീക്ഷിതരുടെ ശിഷ്യനും വംശധരനുമാണ്. ശഹാജിരാജാവിനെക്കുറിച്ചു ധർമ്മവിജയം എന്നൊരു ചമ്പൂകാവ്യമുണ്ടാക്കീട്ടുണ്ട്. 17.

9. ശ്രീനിവാസദീക്ഷിതർ — കൃഷ്ണാനന്ദ് അച്ഛന്റെ പേര്. അമ്മക്ക് അനന്താംബയെന്നു നാമം, രാമഭദ്രദീക്ഷിതശിഷ്യൻ. സാരസിദ്ധാന്തചന്ദ്രികയുടെ കർത്താവ്. 17.

10. വെങ്കടേശശാസ്ത്രി — ഇദ്ദേഹവും രാമഭദ്രദീക്ഷിതശിഷ്യനാണ്, ദക്ഷിണാമൂർത്തിപുത്രൻ. കൌണ്ഡിന്യവംശം. ശാബ്ദികവിദ്വൽകവിപ്രമോദം, പതഞ്ജലിചരിതവ്യാഖ്യാനം ഇതു രണ്ടും നിർമ്മിച്ചു. 17.

11. ധനികൻ — വിഷ്ണുപുത്രൻ. കാവ്യനിർണ്ണയം, ദശരൂപാവലോകം. ഇവ നിർമ്മിച്ചു. 9.

12. ജഗദ്ധരൻ — ദമയന്തീരത്നധരന്മാർ മാതാപിതാക്കന്മാർ. വേണീസംഹാരനാടകവ്യാഖ്യാതാവ്. ?

13. ജിനപ്രഭസൂരി — ജൈനമതക്കാരൻ. സിദ്ധാന്താഗമസ്തവം, പാർശ്വനാഥസ്തവം, പാർശ്വസ്തവം, ഗൌതമസ്തോത്രം, വീരസ്തവം, ചതുർവിംശതിജിനസ്തവം, വീരനിർവ്വാണകല്യാണകസ്തവം, ഇതുപോലെ എഴുനൂറു പുസ്തകങ്ങൾ ഉണ്ടാക്കിയതായി കേൾവിയുണ്ട്. ?

14. കൃഷ്ണവല്ലഭൻ — കാവ്യഭൂഷണശതകമെന്നൊരു കൃതി നിർമ്മിച്ചു. ?

15. പത്മാനന്ദകവി — ജൈനൻ. വൈരാഗ്യശതകത്തിന്റെ കർത്താവ്. ?

16. ജിനവല്ലഭസൂരി — ജിനമതം. സംസ്കൃതത്തിലും പ്രാകൃതത്തിലും സമമായി മഹാവീരസ്വാമിസ്തോത്രം എന്നൊരു പുസ്തകമുണ്ടാക്കി. ?

17. ശ്രീനിവാസാചാര്യൻ — വൈഷ്ണവമതക്കാരൻ. അച്ഛ

കാർ. വളരെ പ്രാചീനനല്ല. ജാനകീചരണചാമരം ഈദ്ദേഹത്തിന്റെ കൃതിയാണ്. *

18. ചന്ദ്രശേഖരൻ— പ്രസിദ്ധനായ വിശ്വനാഥകവിയുടെ പിതാവ്. പുഷ്പമാല, ഭാഷാർണ്ണവം എന്ന ഗ്രന്ഥങ്ങളുണ്ടാക്കീട്ടുണ്ട്. 14

19. നാരായണപണ്ഡിതാചാര്യൻ— ലികുചസൂരിയുടെ പുത്രൻ. ശിവസ്തുതിയുടെ കർത്താവ്. *

20. ഹേമചന്ദ്രാചാര്യൻ— ജൈനനാണ്. മഹാവീരസ്വാമിസ്തോത്രമുണ്ടാക്കി. *

21. വിമലൻ—ഇദ്ദേഹവും ജൈനൻതന്നെ. പ്രശ്നോത്തരരത്നമാല നിർമ്മിച്ചു. *

22. രാമചന്ദ്രകവി—ഹേമചന്ദ്രാചാര്യന്റെ ശിഷ്യൻ. സിദ്ധഹേമമെന്ന ശബ്ദാനുശാസനം, സത്യഹരിശ്ചന്ദ്രനാടകം ഇവയുണ്ടാക്കി. പ്രബന്ധശതകർത്താവെന്നു പ്രസിദ്ധിയുണ്ട്. *

23. നരഹരി—ശൃംഗാരശതകമുണ്ടാക്കി. എല്ലാ പദ്യങ്ങളിലും സ്വനാമമുദ്രയുണ്ട്.— ശ്രീകാളിദാസകവിതാസ്വകമർമ്മഭേത്ത ബാണസ്യ വാക്യമിവ മേ വചനം ഗൃഹാണ. ശ്രീഹർഷകാവ്യ കുടിലാ ത്യജമാനബന്ധം വാണീകവേർന്നരഹരേരിവ സമ്പ്രസീദ— എന്നൊരു പദ്യം കേട്ടിട്ടുണ്ട്. ബാണാദികൾക്കു ശേഷം ജീവിച്ചിരുന്നിരിക്കണം. 10

21. കൃഷ്ണമിശ്രൻ— ഇദ്ദേഹം ഒരു സ്വാമിയാരാണ് കാവ്യനാടകാദിസക്തനായ, തന്റെ, ഒരു ശിഷ്യനുവേണ്ടി പ്രബോധചന്ദ്രോദയം എന്നൊരു നാടകമുണ്ടാക്കീട്ടുണ്ട്. *


25. രാജാനകരത്നകണ്ഠൻ—ധൌമ്യായനവംശം. രാജാനകശങ്കരകണ്ഠന്റെ പുത്രൻ. 1738 വിക്രമാബ്ദത്തിൽ സ്തുതികുസുമാഞ്ജലിക്കു ലഘുപഞ്ചിക എന്നൊരു വ്യാഖ്യാനവും രത്നശതക(സൂര്യസ്തവ)വും ഉണ്ടാക്കി. 17.

(തുടരും)

ഉദയവർമ്മാ, കടത്തനാട്ട് ഇളയ തമ്പുരാൻ.

പറയർ

III



പറയന്മാരാൽ പരിചയിക്കപ്പെടുന്ന ഒരുമാതിരി ആഭിചാരവൃത്തികൊണ്ട് 'ഒടിവിദ്യ' എന്നു പറഞ്ഞു വരുന്നത്. ഈ വിദ്യയിൽ സാമൎത്ഥ്യമുള്ളവർ കാള, പശു, നായ, പൂച്ച മുതലായി എന്തെങ്കിലും മൃഗസ്വരൂപമായി വേഷം മാറിയും അദൃശ്യമായും സഞ്ചരിക്കുവാൻ കഴിവുള്ളവരായിരിക്കും. ഗൎഭിണികളെ നടുപ്പാതിരയ്ക്കു പുറത്തേയ്ക്കാകൎഷിച്ചുകൊണ്ടുപോയി അവരുടെ ഗൎഭാശയത്തിലെ ബീജപിണ്ഡത്തെ പുറത്തെടുത്ത് ആ സ്ഥാനത്തു വേറെ വല്ലതും നിറച്ചുവിടുന്നതിനും ഇവർ ത്രാണിയുള്ളവരാണത്രെ. മാരണം ചെയ്തു അരിഷ്ടിപ്പിക്കുന്നതിനും കൊല്ലുന്നതിനും മനുഷ്യരെ വശീകരിച്ച് അന്യദൃഷ്ടിപതിയാതെ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു പ്രയാസംകൂടാതെ കൊണ്ടുപോകുന്നതിനും അവർ കഴിവുള്ളവരാണെന്നു പറയുന്നു. ഈവക മാരണം ചെയ്യലും പകരംചോദിക്കലും കലശലായി ഉണ്ടായിട്ടുണ്ടെന്നുള്ളതിലേയ്ക്കു കല്ലൂർ നമ്പൂരിപ്പാട്ടിലെ കൊടവച്ച പറമ്പ് ഒരു ദൃഷ്ടാന്തവുമാണല്ലൊ.

ഒടിവിദ്യ അഭ്യസിപ്പാൻ ആഗ്രഹിക്കുന്ന പറയൻ ഗുരുവിനെ ചെന്നു വണങ്ങി വിദ്യയെ അൎത്ഥിക്കും. ഗുരു ഒഴികഴിവു പറഞ്ഞ് ആദ്യം അവനെ മടക്കി അയപ്പാൻ നോക്കും. എന്നാൽ അവൻ തന്റെ ഉദ്ദേശത്തിൽ സ്ഥൈൎയ്യം കാണിച്ചാൽ വിദ്യ ഉപദേശിക്കുന്നതിന്ന് അവൻ പാത്രമാണോ എന്നു തീൎച്ചപ്പെടുത്തുന്നതിനായി അൎദ്ധരാത്രിയിൽ അവനെ കാട്ടിൽ കൊണ്ടുപോയി തനിച്ചു നിൎത്തും. ഗുരു അവനറിയാതെ അവിടെനിന്നു മാറി ഭയങ്കര

മായ ഭൂഗൎത്രപത്തിൽ അവന്റെ നേരെ ചാടിവീണു ഭയപ്പെടുത്തുവാൻ ശ്രമിക്കും. അവൻ അപ്പോഴും ധൈൎയ്യമവലംബിച്ചിരിക്കണം. കാട്ടുമൃഗങ്ങളുടെ ക്രൂരശബ്ദം കേട്ടു ഒന്നോ രണ്ടോ രാത്രി അവിടെ കൂസാതെ കഴിച്ചുകൂട്ടുകയും വേണം. ഇങ്ങിനെ പല പരീക്ഷകൾകൊണ്ടു യോഗ്യനാണെന്നു കണ്ടാൽ ഗുരു അവനെ ശിഷ്യനായി സ്വീകരിക്കും. പിന്നെ ശുഭദിവസംനോക്കി കല്ലടിക്കോട്ടു നീലിക്കു പൂജകഴിച്ചു മദ്യമാംസാദികൾ ഭക്ഷിച്ച് ഈ ആഭിചാരവൃത്തിക്കുവേണ്ട ശക്തിമത്തായ 'പിള്ളത്തൈലം' അൎക്കാലത്തൈലം ഇവയെ ശേഖരിപ്പാൻ പഠിപ്പിക്കും.

ആറോ ഏഴോ മാസം ചെന്ന കടിഞ്ഞൂൽ ഗൎഭത്തിലെ പ്രജയാണ് പിള്ളത്തൈലത്തിലെ മുഖ്യ അംശം. സ്ത്രീ ഇതരജാതിക്കാരിയായിരിക്കണം. അൎദ്ധരാത്രിയായാൽ മന്ത്രവാദി മാടത്തിൽനിന്നു പുറപ്പെടും. പകൽ കണ്ടു നിശ്ചയിച്ചുവെച്ചിട്ടുള്ള സ്ത്രീയുടെ ഭവനത്തിനു ചുററും ഗുരുതികുടകൾകലക്കികൊണ്ടു നിലത്തു ചക്രംവെട്ടി ദേവീമന്ത്രവും ജപിച്ചു നടക്കും. ശകുനപ്പിഴയുണ്ടെങ്കിൽ കാൎയ്യം മറെറാരു ദിവസത്തേക്കു നീട്ടും. നിൎദ്ദേശിക്കപ്പെട്ട സ്ത്രീ മന്ത്രങ്ങളുടെ ശക്തികൊണ്ടുതന്നെ പുറത്തുവന്നു മന്ത്രവാദിയുടെ പാട്ടിലാവും. വാതിലുകൾ ഏതുവിധം ബന്ധിക്കപ്പെട്ടിരുന്നാലും പുറത്തേക്കു വഴി കിട്ടുന്നതുവരെ അവൾ വാതിലുമ്മൽ തലമുട്ടും. അവൻ അവളെ ഒരു ഗൂഢസ്ഥലത്തു കൊണ്ടുപോയി നഗ്നരൂപേണ മലൎത്തിക്കിടത്തി ചോരക്കിണ്ടി ഗൎഭാശയത്തിനു നേരെ വെക്കും. അപ്പോൾ ഗൎഭപാത്രം വിടൎന്നു കുട്ടി ഒരു ക്ഷണനേരത്തിൽ പുറത്തു വരും. അവൻ അതിനെ നിലം തൊടാതെ എടുക്കും. നിലം തൊട്ടാൽ ഫലം കുറയും. പിള്ളയെ എടുത്താൽ മറുമരുന്നിട്ടു ഗൎഭപാത്രം പൂൎവ്വസ്ഥിതിയിൽതന്നെ ആക്കും. മറുമരുന്നായി ഉപയോഗിക്കുന്നത് ഏതോ ഒരു ചെടിയുടെ ഇലയാണ്. ചിലപ്പോൾ ചപ്പും ചവറും നിറക്കുവാനും മതി. എന്നാൽ സ്ത്രീ പെട്ടെന്നു മരിച്ചുപോകും. കുട്ടിയെ കഷ്ണം കഷ്ണമാക്കി നുറുക്കി ഉണക്കി പുകയത്തുവെക്കും. പിന്നെ ഒന്നോ രണ്ടോ ദ്വാരമുള്ള ഒരു പാത്രത്തിലാക്കും. ചുവട്ടിൽ വേറെ ഒരു പാത്രവും ഉണ്ടാവും. രണ്ടുംകൂടി വെള്ളം നിറച്ചിട്ടുള്ള ഒരു വ

ഴിയ പാത്രത്തിൽ ഇറക്കി അടുപ്പിൽവച്ച് മാംസകഷ്ണങ്ങൾ നല്ലവണ്ണം വേവത്തക്കവണ്ണം പുകകറാതെ വിറകു കത്തിക്കും. ഒന്ന് ഒന്നര മണിക്കൂറിനുള്ളിൽ അതിൽനിന്നു സ്രവിക്കുന്ന ഒരു മാതിരി ദ്രാവകം ചുവട്ടിലെ പാത്രത്തിൽ വീഴും. ആ ദ്രാവകമാണ് പിള്ളത്തൈലം. ഈ തൈലത്തിൽനിന്ന് കുറെ എടുത്തു മനുഷ്യരുടെ തലമണ്ടകൊണ്ടുള്ള സൂക്ഷ്മചൂർണ്ണത്തിൽ ചേർത്ത ഒരു യോഗവും ഉണ്ടാക്കിവയ്ക്കും. യോഗംകൊണ്ട് നെററിമേൽ ഒരു പൊട്ടുതൊട്ട് തൈലം ദേഹത്തിലെ ചില പ്രത്യേക അംഗങ്ങളിൽ പുരട്ടിയാൽ യഥേഷ്ടം വേഷംമാറുവാൻ സാധിക്കുമെന്നാണ് പറയുന്നത്.

അങ്കോലവൃക്ഷത്തിന്റെ ഒരു പ്രത്യേക ഫലത്തിൽനിന്നാണ് അങ്കോലതൈലം എടുക്കുന്നത്. കായയുള്ള കാലത്ത ഈ വൃക്ഷം സാധാരണയായി ഫലങ്ങൾകൊണ്ട് നിറഞ്ഞിരിക്കും. അവയിൽ ഒന്ന് കറുത്ത പക്ഷത്തിൽ മരത്തിന്റെ കടക്കൽ വന്നു സ്വസ്ഥാനത്തെക്കുതന്നെ മടങ്ങിപ്പോകുമത്രെ. ചാത്തനോ കാപ്പിരിയോ സഹായിച്ചാൽ ഈ ഫലത്തെ കൈവശമാക്കാം. സാമർത്ഥ്യമുള്ളവന് അതു മുകളിൽ കയറുവാൻ ഭാവിക്കുമ്പോൾ പിടിച്ചുകൈവശമാക്കുവാനും കഴിയും. അതു കൈവശമായാൽ ഏഴു മണിക്കൂറിനുള്ളിൽ തൈലമെടുക്കണം. പിള്ളത്തൈലം എടുക്കുന്നമാതിരിയിൽതന്നെയാണ് ഇതിന്റെയും തൈലം എടുക്കുന്നത്. ഇതുകൊണ്ട് നെററിമേൽ പൊട്ടുതൊട്ടാലും വേഷം മാറുവാൻ കഴിയും.

ശത്രുവിനെ കൊല്ലുവാൻ ആരെങ്കിലും ആവശ്യപ്പെട്ടാൽ നല്ല പ്രതിഫലം വാങ്ങി അർദ്ധരാത്രി സമയത്തു പറഞ്ഞു കൊടുക്കപ്പെട്ടവനെ മന്ത്രമരുന്നുകളുടെ ശക്തികൊണ്ട്, മൃഗരൂപമാക്കി പുറത്തുവരുത്തി അടിച്ചോ ഞെക്കിയോ കൊന്നുകളയും. ഈ ക്രൂരകൃത്യത്തിനു ഇറങ്ങി മത്തനായി പോകുന്ന വഴിക്കു യദൃച്ഛയാ നേരിടുന്നവരേയും അവർ തല്ലി ഓടിക്കും.

ഒടിയന്മാർക്ക് ഇഷ്ടപ്രകാരം വേഷംമാറുവാൻ സാധിക്കുമെന്നു സാധാരണ ജനങ്ങൾക്കു വിശ്വാസമുണ്ടെങ്കിലും വാസ്തവം അങ്ങിനെ അല്ല:— എന്നാൽ ചിന്തയുടെ അഭാവംകൊണ്ടോ, മായകൊ

ണ്ടോ, അഥവാ പകിട്ടുകൊണ്ടോ കാഴ്ചയിൽ അങ്ങിനെ തോന്നുന്നു എന്നു മാത്രമേ ഉള്ളൂ. അപരിഷ്കൃതന്മാരായ ഇതരരാജ്യക്കാരുടെ ഇടയിലും ഈ മാതിരി വിശ്വാസങ്ങൾ ഉണ്ട്. കാടരിൽ മന്ത്രവാദികൾ മൃഗസ്വരൂപമായി വേഷം മാറുമത്രെ. ലൊയാണ്ട (Loanda) ക്കു സമീപമുള്ള ഒരു പ്രധാനിക്ക് സിംഹരൂപമെടുത്ത് ഇഷ്ടമുള്ള മൃഗത്തെക്കൊന്നു പൂൎവ്വരൂപത്തെത്തന്നെ പ്രാപിക്കുവാൻ കഴിയുമെന്നു ലിവിംഗ്സ്റ്റോൺ (Livingstone) എന്ന മഹാൻ പറഞ്ഞിരിക്കുന്നു. മദ്ധ്യ അമേരിക്കയിലെ മേയരുടെ ഇടയിലുള്ള ആഭിചാരവൃത്തിക്കാർ ആവശ്യംപോലെ വേഷംമാറുവാൻ കഴിവുള്ളവരാണെന്നു പറയുന്നു. ഈ വിശ്വാസം അവൎക്ക് ഇപ്പഴും ഉണ്ട്. എന്നാൽ ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്നവരും ഉണ്ട്. ഭയങ്കരമായ കാട്ടുമൃഗങ്ങളുടെ ക്രൂരശബ്ദങ്ങളെ അനുകരിച്ചു മുട്ടൻഗതയോടുകൂടി സഞ്ചരിക്കുമ്പോൾ വേഷംമാറി നടക്കുന്നവരാണെന്നു ജനങ്ങൾക്കു തോന്നിപ്പോകുന്നതാണ്. എന്നാൽ അപ്രകൃതമായി ക്രൂരതയും ഭയശീലവും ഒരേ സമയത്തുതന്നെ പ്രദൎശിപ്പിച്ചുകൊണ്ടിരിക്കുന്ന ഇവരുടെ ചായം എളുപ്പത്തിൽ വെളിച്ചത്താകാം. ഇവരുടെ പ്രവൃത്തികളെ വലിയ മന്ത്രവാദികൾ ഇഷ്ടമാക്കയും ചെയ്യുന്നുണ്ട്.

വള്ളുവനാട, പാലക്കാട്, ഈ താലൂക്കുകളിലും കൊച്ചിരാജ്യത്തിന്റെ വടക്കെ ഭാഗത്തുള്ള നാട്ടുപുറങ്ങളിലും ഏകദേശം ഇരുപതു കൊല്ലത്തിനു മുമ്പു പറയന്മാർ ഈ ഒടിവിദ്യ പരിചയിച്ചിരുന്നു. തീരെ നിന്നുപോയി എന്ന് ഇപ്പോഴും പറഞ്ഞുകൂട. എന്നാൽ ഒടിവിദ്യകൊണ്ടു മനുഷ്യരെ കൊല്ലുകയാവട്ടെ ഗൎഭിണികളെ ഉപദ്രവിച്ചു പിള്ളയെ എടുക്കുകയാവട്ടെ ചെയ്യുന്നതായി ഇപ്പോൾ യാതൊരു കേൾവിയും ഇല്ല. ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാരേയും ജന്മികളേയും മുതലാളന്മാരേയും ഉള്ള ഭയമാണ് ഈ പ്രവൃത്തിക്ക് ഇപ്പോൾ ഉത്സാഹം കുറഞ്ഞു കാണുന്നത്. ബുദ്ധിമാന്മാരും ഉയൎന്ന ജാതിക്കാരും ഈ കാൎയ്യത്തിൽ വളരെ ഉത്സാഹിച്ചിട്ടുണ്ടെന്നു ക്രിമിനൽ കോടതിയിലെ റിക്കാൎട്ടുകളിൽനിന്നും അറിയാവുന്നതാണ്.

ഈ വിദ്യ ഇവർ വളരെ ഗൂഢമായിട്ടാണ് വെച്ചിരിക്കുന്നത്. ചോദിച്ചാൽ മൌഢ്യം നടിക്കുന്നതല്ലാതെ ശിക്ഷ പേടിച്ചു യാതൊന്നും പുറത്തു പറയാറില്ല.

മഹിഷമർദ്ദനം

വഞ്ചിപ്പാട്ട്.

30. ഇടക്കിടെയെണ്ണമറ്റിങ്ങിടച്ചുരമിടനെഞ്ചും
പിടിച്ചുകൊണ്ടിന്ദ്രനോവമുരച്ചനേരം
പൊടിഞ്ഞിതുവിയർപ്പാശുകൂടിയൊന്നുവളഞ്ഞിതു
ഇടതൂടെച്ചുവന്നിതുമുഖംമൂന്നാലേക്കും.
31. ചൊടിച്ചവർചൊടിയല്പംകടിച്ചുടൻനെടുവീർപ്പി-
ട്ടിട്ടുമിടക്കവരിൽനിന്നിടിത്തീപോലെ
കൊടുതായിട്ടൊരുതേജസ്സുടലുന്നതിബലം-
മുടനൽകിവിച്ചുമൂന്നുംകൂടിയൊന്നായി.
32. മിന്നൽപോലെവിളങ്ങുന്നകനൽപോലെയുള്ളതേജ-
സ്സൊന്നുപോലെഭഗണത്തോടൊക്കെയുറിഞ്ഞുമിന്നി
ഞാനുനിന്നുകണ്ടുവാനോർമൂന്നുലോകംനിറഞ്ഞതേ
മിന്നിടുന്നതേജസ്സൊക്കെഒപ്പകച്ചുപോയി.
33. ഇപ്രകാരംവിളങ്ങുന്നോരപ്രമേയപ്രഭാപൂരം
ക്ഷിപ്രമെല്ലാജനങ്ങളുംകാണ്കെയേതന്നെ
അത്ഭുതമത്ഭുതമപ്പോളല്പ്പലാക്ഷിവടിവായി-
ട്ടെല്ലിയന്നുകണ്ടുവാനോർകൈക്കൂപ്പിപ്പോയി.
34. ഹന്തയെന്തേതേജസ്സത്രെതിരുമുഖംതിരുമുടി
കരികാലപ്രഭയെന്നുപറഞ്ഞിടുന്നു.
എരിഞ്ഞിടുംദാനവന്റെപൊരിഞ്ഞാലുംപ്രഭതന്നെ
തിരുമിഴിമൂന്നുംകണ്ടാൽഭയന്നുപോകും.
35. ചന്തമേറുംചില്ലിരണ്ടുമന്തിയുടെകാന്തിതന്നെ
ദന്തമെല്ലാംപ്രജാപതിപ്രഭതാനത്രെ

ഹന്തപാർത്താൽകുബേരന്റെകാന്തിയെല്ലാതിരുനാസ-
ചിന്ത ചെയ്യാൽകാററുതന്നെകാതുകൾരണ്ടും.

36. കരമെട്ടുംമുകുന്ദന്റെപൃതുകാന്തിവസുക്കളൊ-
വിരലുകളെന്നതന്നെവിവരിക്കുന്നേൻ
പോരടികളുംമുലരണ്ടുംമാറിടത്തിൽഉളവാന്നൃന്നം-
തറിഞ്ഞാലുംചാരുചന്ദ്രമാവവിശേഷം.

37. മദ്ധ്യമോത്താലഗ്നിതേജസ്സുപ്രതമാംകടിബിംബമി-
ഷമൂത്തുതേജസ്സുതരണ്ടാജംഘകൾരണ്ടും
വൃത്തിയോത്തകുബേരന്റെവൃദ്ധിയാന്നതേജസ്സെന്നും
മുഠാത്തുടത്തിലുറച്ചാലുംമറിച്ചല്ലൊട്ടും

38. തിരുവടിരണ്ടുംമറയുരുവിട്ടുംവിരിഞ്ചന്റെ
പരമമാംതേജസ്സെന്നുപറഞ്ഞീടുന്നു
വിരലുകളാദിത്യന്റെകിരണമായിപ്രകാരം
ഹരിഹരിഭഗവതിപരംവിളങ്ങി.

39. പല്ലുമൊടഷ്ടവസുതേജസ്സുവായുമെത്തിത്തിൻമട്ട്
വ്യക്തമായമയാരൂപംകണ്ടനേരം
മുഷ്ടന്മാംമഹിഷൻഘോരകളംകെട്ടിട്ടടിച്ചാട്ടി
ധിക്കരിച്ചാസ്സുരന്മാരുമെതിളിഞ്ഞുപാരം.

40. ശക്തിയുക്തൻശിവൻശൂലംചക്രപാണിസുദർശനം
ശക്തിയഗ്നിപാശിതാൻനാഗപാശംശംഖം
വെക്കമേന്നോടുവായുവനൊപ്പാടുകമില്ലാത്തവനാഴി
യുക്കനായചാപമിവരണ്ടുംകൊടുത്തു.

41. വിണ്ണവനാവജ്രംകാലദണ്ഡമന്നായമൻപാശം
തണ്ണീരിനധിപൻപരംപ്രജാപതി
സപ്തനയാക്ഷമാലകമണ്ഡലുവിരിഞ്ചനപ്പോൾ
ചണ്ഡനായകാലൻഖഡ്ഗംകെട്ടത്തിലായും.

42. കടകങ്ങൾകുണ്ഡലങ്ങൾകടിസൂത്രംഉടപ്പോം-
മുട്ടപൂടപ്പുരതാംഹാരംകേയൂരം
വെട്ടപ്പുറംതരിവളവിട്ടന്നൂമർദ്ധചന്ദ്രം
കോടകങ്ങൾക്കൊന്നോവലംപലതുംപിന്നെ.

43. കൈകൊട്ടുന്നിതുവിശ്വകർമ്മാവൊട്ടുകമൊപ്പരശുവും
വടിവൊടാമലരടിത്തളിരിൽവെച്ചു
തിരുവിരൽക്കിടുവാൻമോതിരമൊരുപടിരത്ന
നിരപതിച്ചവപലതരംതാനത്തിൽ.

44. നറുമലർകൊണ്ടുകെട്ടീട്ടൊരുനാളുംവാടാതേറാം
പരിമളമിളകുംനല്ലൊരുമാലയും
ഒരുപടിനവരത്നംപറകൊണ്ടുപചാരിച്ചിതു
പരമന്നാജലധിതാൻപരന്നമോദാൽ.

45. സടകളുംകടുദംഷ്ട്രാപടലവുംഉരുകണ്ണു-
മിടിതോല്ക്കുംനിനദവുംതടിച്ചമെയ്യും
ചെട്ടമൊരുവീരസിംഹത്തടിയമൊപ്പരന്നേതാ-
നടിമലർക്കടിമവച്ചിതുഹിമവാൻ.

46. പരിപൂതപാനപാത്രംസുരകൊണ്ടുപരിപൂർണ്ണം
തിരുമുമ്പിൽകാഴ്ചവച്ചുപരംധനദൻ
സുരനാരീമേളപംക്തിതാരംതന്റെകിരണങ്ങളാം
കരംകൊണ്ടുസമർപ്പിച്ചുനമസ്കരിച്ചു.

47. നിറമേറുമണിക്കൊപ്പംവിരുതുമായുധങ്ങളും
സുരവരപുരമതിലിരിപ്പതെല്ലാം
തെരുതെരെക്കൊണ്ടുവന്നാസ്സുരന്മാരിപ്പരബ്രഹ്മ-
സ്വരൂപിണിക്കന്നുനൽകിനാർസമസ്തമപ്പോൾ.

48. അവർകാഴ്ചവച്ചിട്ടുള്ളൊരുവകകളാത്തിരുമെയ്യിൽ
സവിസ്തരമണിഞ്ഞന്നാഹരിഗളത്തിൽ
ഭുവനമൊക്കെയുംനിറഞ്ഞവികലാവിളങ്ങീടുന്നാ-
രവിടുത്തെയവസ്ഥയെന്നിവനുരക്കാം.

49. കടുദംഷ്ട്രകടിച്ചുകൊണ്ടിടക്കിടക്കിടിനാദ-
മിടിയുംമട്ടലറിവിളികളെക്കൊണ്ട്
വടിവോടത്രിമൂർത്തികൾക്കടിമയായടികമ്പി-
ട്ടടനടിനടനത്തൊരാണൊലിമുഴക്കി,

50. ഉലകുകൾനിറഞ്ഞുതൊരണ്ണൊരുമട്ടഹാസവും
മലകളുമവനിയുംകലുങ്ങിയപ്പോൾ.

ജലധികളെഴുമൊപ്പംകലങ്ങിപ്പോയ്ചരാചരം
നിലതെററിത്തലചുററിപ്പകച്ചുപാരം.
51. ഹരി:ഗളമതിൽവാഴുംപരബ്രഹ്മസ്വരൂപയെ
സ്മരണവരംമുനികളുംപരംപുകഴ്ത്തി
തിരുനാമമിടചേൎത്തിത്തെരുതെരെജ്ജയശബ്ദം
പരംപൊടിപാററിലോകംമുഴക്കിവീണ്ടും
52. ആരവമീഘോഷംകേട്ടതെമ്പിക്കനെപ്പടയെല്ലാ-
മൊരുമിച്ചൊന്നായുധങ്ങളെടുത്തെത്തിനാർ
കരുത്തനാംമഹിഷനുമുരത്തിതെന്തിതിനെന്നന്നാ-
യുരച്ചുവാളിളക്കിക്കണ്ണുരുട്ടിനിന്നാൻ.
53. ഇടികേഠാരംസിംഹഗർജ്ജംകടിച്ചുടൻസടക്കൂൎമ്പി-
ച്ചെട്ടുത്തുചാടിട്ടുംപടികടുമദത്താൽ
ഉടനെയാഘോഷംകേട്ടോരന്നിടംനോക്കിപ്പടക്കൂട്ടി-
ട്ടടരെങ്കിലടരെന്നുപറഞ്ഞുപാഞ്ഞു
54. കൊടിയവരൊട്ടുതത്ര്പ്പോടെകോടിസൂൎയ്യനിടചേൎന്നാ-
ഭാടിതടമുടലാൎന്നദേവിയെക്കണ്ടു
മുടികൊണ്ടമുകിലാട്ടിട്ടടിക്കടിയുഴിതാഴും
പടിവരുംവരവുകണ്ടവൻനടുങ്ങി
55. പരസ്പരമേരികനലെരിയുന്നകണ്ണുരുട്ടി-
ട്ടിരുപേരുംകണ്ടുകരംതിരുമ്പിക്കൊണ്ടു
പരമീറപൂണ്ടുഗംഭീരമിവരൊന്നലറിനാർ
പൊരുമ്പോരിന്നൊരുമ്പെട്ടാർകരംകടഞ്ഞാർ
56. ദക്ഷനായമഹിഷന്റെചിക്ഷുരനാംസേനാനാഥൻ
ലക്ഷ്യമില്ലാതെടുത്തുവില്ലുവെച്ചുകോപാൽ
ലക്ഷമല്ലശതലക്ഷമസ്ത്രശസ്ത്രംപ്രയോഗിച്ചാൻ
തൽക്ഷണംതിയ്യെരിയുംമട്ടെരിച്ചുലോകം
57. അവൻപതിനായിരത്തിൽപരംരഥികളെക്കൊണ്ടു
പരിപൂൎണ്ണചമൂരംഗപ്പടയോടാകി
പരമുഗ്രനാപ്പുരപുരംജയിയസിലോമ-
നിരുപേരുമടരാടാനൊരുങ്ങിവന്നാർ

58. വിജിതനാം ബാഷ്ലളൻെറ ചതുരംഗപ്പടയിട്ട
ക്ഷിതിതലം കിഴ്മേലാസ്ഥാരിച്ചുണത്തു
അതുകണ്ടു ഭഗവതിയിതു കൊള്ളാം കൊള്ളാമെന്നാ-
യതിരസം സ്മിതം ചെയ്തു തലകുലുക്കി
59. വിതികുലപതിക്കേററം ഹിതരായിട്ടുള്ളനാലു
ചതുരരാം സചിവരന്നിതിൻപ്രകാരം
മതിതെളിഞ്ഞടരാടുന്നന്നേരം കുലുങ്ങിപ്പോയ്
ക്ഷിതിതലമാഴിനാലും കലങ്ങിപാരം

(ഇടരം.)

നടുവത്തു മഹൻ നമ്പൂരി.

അന്തർഭൂമിയിലെ വെള്ളം.



കുളവും കിണറും താത്തിയാൽ വെള്ളം കാണുമെന്ന് എല്ലാവക്കു മറിവുണ്ടെങ്കിലും മണ്ണിന്റെ അടിയിൽനിന്ന് ഉറവുണ്ടാകുന്നത് എങ്ങിനെയാണെന്നും ചില പ്രദേശങ്ങളിലെ വെള്ളം മററു പ്രദേശങ്ങളിലെ വെള്ളത്തേക്കാൾ നന്നായിരിപ്പാൻ കാരണമെന്താണെന്നും ചില ദിക്കുകളിൽ വെള്ളം കാണുന്നതിനു മററു സ്ഥലങ്ങളിലേക്കാൾ അധികം താഴ്ത്തേണ്ടിവരുന്നത് എന്തുകൊണ്ടാണെന്നും സാധാരണ ജനങ്ങൾക്കു വിവരമുള്ളതായി കാണുന്നില്ല. ഈവക സംഗതികളെക്കുറിച്ചു സാമാന്യമായ അറിവെങ്കിലും എല്ലാവൎക്കും ഉണ്ടായിരിക്കേണ്ടതാകുന്നു.

ഒരു പാത്രത്തിൽ വെള്ളം ഒഴിച്ച് അടുപ്പിൻമീതെ വെച്ചു തിളപ്പിച്ചാൽ വെള്ളം ആവിയായിപ്പോകുന്നതു നാം ദിവസേന കാണുന്നുണ്ടല്ലോ. ഉള്ളങ്കയ്യിൽ എട്ടുപത്തു തുള്ളി വെള്ളം ഒഴിച്ചു മല

ത്തി പിടിച്ചിരുന്നാൽ ക്ഷണനേരംകൊണ്ടു വെള്ളം മുഴുവനും കാണാതെയാവുന്നുണ്ട്. പാത്രത്തിലെ വെള്ളം തിളക്കുമ്പോൾ തീയ്യിന്റെ ചൂടുകൊണ്ട് ആവിയായി പോകുന്നതുപോലെതന്നെ കയ്യിലെ വെള്ളവും വെയിലിന്റെ ചൂടുകൊണ്ടും ദേഹത്തിലുള്ള ഉഷ്ണംകൊണ്ടും ആവിയായി പോവുകയാണ് ചെയ്യുന്നത്. ഇതുപോലെതന്നെ ഭൂമിയിലുള്ള സമുദ്രം, കായല്, പുഴ, നദി, കുളം, കിണറു മുതലായ സകല ജലാശയങ്ങളിൽനിന്നും സൂൎയ്യരശ്മിതട്ടി ചൂടുകൊണ്ടു വെള്ളം ആവിയായിത്തീൎന്ന് ആകാശത്തിലേക്ക് ഉയൎന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ആകാശത്തിൽ ഉയരുംതോറും ഈ ആവി ഒന്നിച്ചുകൂടുകയും മേഘങ്ങളായിത്തീരുകയും ചെയ്യുന്നു. ഭൂമിയിലുള്ള ജലാശയങ്ങളിൽനിന്ന് ഒരു വൎഷത്തിൽ ഇങ്ങിനെ ഉണ്ടാവുന്ന ആവി എല്ലാം കൂടിയാൽ രണ്ടുലക്ഷം ചതുരശ്രനാഴിക വിസ്താരത്തിൽ ഒരു നാഴിക ആഴത്തിൽ ഉള്ള സ്ഥലം നിറച്ചുണ്ടാകുമത്രെ. ഇത്ര അധികം വെള്ളം ആവിയായി തീരുന്നുണ്ടെങ്കിൽ സമുദ്രങ്ങളിലും നദികളിലും മററുമുള്ള ജലത്തിനു വല്ലതും കുറവു വരാതിരിക്കുന്നത് എങ്ങിനെയാണ്? അതിനുള്ള കാരണം പറയാം. ആകാശത്തിലേക്ക് ഉയൎന്നു പോകുന്ന ആവി മുഴുവനും എന്നെന്നും ആവിയായി നില്ക്കുന്നില്ല. ആവിയുടെ സങ്കോചംകൊണ്ടുണ്ടാവുന്ന മേഘങ്ങൾ ആകാശത്തിൽ സഞ്ചരിക്കുമ്പോൾ അതിശൈത്യപ്രദേശങ്ങളിൽ എത്തി തണുപ്പുകൊണ്ട് രണ്ടാമതും ജലരൂപമായിത്തീൎന്നു മഞ്ഞായിട്ടും മഴയായിട്ടും മൂടൽമഞ്ഞായിട്ടും തിരികെ ഭൂമിയിലേക്കു വീഴുന്നുണ്ട്. ഇതിനു പുറമെ ഭൂമിയുടെ അന്തൎഭാഗങ്ങളിലുള്ള ജലം ഉറവുകളിൽകൂടി ജലാശയങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ സംഗതിയെപ്പററി വിസ്താരമായി താഴെ പ്രതിപാദിക്കാം.

ആകാശത്തിൽനിന്നു ഭൂമിയിൽ വീഴുന്ന ജലത്തിൽ എതാനും മണ്ണിൽ താണുപോകുകയും എതാനും ജലാശയങ്ങളെ പ്രാപിക്കുകയും ചെയ്യുന്നു. ജലാധാരങ്ങളിലെ വെള്ളവും ചൂടുകൊണ്ട് കാഞ്ഞ് ആവിയായി പരിണമിച്ച് ആകാശത്തിലേക്കു പൊങ്ങിപ്പോകുന്നു. നീരാവിക്കു ജലത്തെക്കാളും വായുവിനെക്കാളും ഘനം

കുറവുള്ളതുകൊണ്ട് അതു ഉയൎന്നു പോകുന്നതാണ്. ഈ നീരാവി കൂട്ടംകൂട്ടമായി ഒന്നിച്ചുകൂടി മേഘങ്ങളായി തീൎന്ന് ആകാശസഞ്ചാരം ചെയ്യുമ്പോൾ തണുപ്പുകൊണ്ട് വീണ്ടും ജലരൂപമായി കീഴ്പോട്ടു വീഴുന്നു. ജലം ആവിയാകയും, ആവി വീണ്ടും ജലരൂപമായി പരിണമിക്കുകയും—ഈ രണ്ടു വ്യാപാരങ്ങളും ഭൂമിയിൽ സദാപി നടന്നുകൊണ്ടിരിക്കുന്നുണ്ട്. അന്തൎഭൂമിയിലും, ഭൂമിയിലും—ഭൂമിവിട്ടു ആകാശത്തിലും ജലം നാനാരൂപങ്ങളിലായി എല്ലായ്പോഴും സഞ്ചരിക്കുന്നുണ്ട്. ലോകത്തിലുള്ള സകല ജീവികളുടെയും സസ്യങ്ങളുടെയും വൃക്ഷലതാദികളുടെയും ജീവസന്ധാരണത്തിന്നു ജലം അത്യാവശ്യമാകുന്നു. ജീവിച്ചിരിപ്പാൻ മനുഷ്യൻ രക്തത്തെ ആശ്രയിച്ചിരിക്കുന്നതുപോലെതന്നെ വൃക്ഷലതാദികൾ വളൎച്ചക്കു ജലത്തെ ആശ്രയിച്ചിരിക്കുന്നു.

ആകാശത്തിൽനിന്നു നീരാവി വെള്ളമായിട്ടും വെള്ളം കട്ടപിടിച്ചു പലപ്രകാരത്തിലുള്ള മഞ്ഞായിട്ടും ഭൂമിയിൽ പതിക്കുന്നുണ്ടെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. മണ്ണിൽ താഴുന്ന വെള്ളം മുകളിലേക്കു വരാത്തവിധം അടിയിലേക്ക്, അഥവാ പാതാളത്തിലേക്ക്, താണുപോകുന്നുണ്ടെന്നാണ് സാധാരണ ജനങ്ങൾ വിചാരിച്ചുവരുന്നത്. ഇത് വാസ്തവമല്ലെന്നു അല്പം ആലോചിച്ചാൽ അറിയാം. ഭൂമിയിൽ താഴുന്ന വെള്ളം മേല്പോട്ടുവരാതിരിക്കുന്ന പക്ഷം ജലാശയങ്ങളിലെ വെള്ളം മുഴുവനും താണുപോകുവാൻ ഇടയുണ്ടെന്നുള്ളതിന്നു പുറമെ അവയിൽനിന്ന് അധികജലം ദിവസന്തോറും ആവിയായി പോകുന്നതുകൊണ്ട് ഭൂമി ഉണ്ടായതു മുതൽ ഇതുവരെ വെള്ളം കെട്ടി നിന്നിരിപ്പാനും സംഗതിയുള്ളതല്ലല്ലൊ. എന്നാൽ മേല്പറഞ്ഞപ്രകാരം ജലാശയങ്ങൾ വററാതിരിക്കുന്നതിൽനിന്നു അടിയിലേക്കു പോകുന്ന വെള്ളം മുകളിലേക്ക് വല്ല വിധത്തിലും വരുന്നുണ്ടെന്നു ഊഹിക്കാം. വെള്ളം മുകളിലേക്ക് ഉയൎന്നുവരുന്നത് ഉറവുകളിൽകൂടിയാണ്.

ഉറവ് മഴയെ ഏററവും ആശ്രയിച്ചിരിക്കുന്നുണ്ടെന്നു നമുക്കു സാധാരണയായി കണ്ടറിവുണ്ടല്ലൊ. ഉറവിന്റെ ആധാരം മഴയാണ്. കഠിനമായ വേനല്ക്കാലത്തു കുളങ്ങളിലും കിണറുകളിലും വെ

ള്ളം കുറയുകയോ തീരെ വററിപ്പോകുകയോ ചെയ്യുന്നത് ഉറവു കുറയുകയോ തീരെ നിന്നുപോകുകയോ ചെയ്യുന്നതുകൊണ്ടാണ്. അധികം ആഴത്തിലുള്ള ഉറവുകൾ മുകളിലുള്ളവയെപ്പോലെ വേഗത്തിൽ വററുകയില്ല. എന്തെന്നാൽ അവയുടെ പോഷണത്തിന്നു അധികദിക്കുകളിൽനിന്നു വെള്ളം കിട്ടുന്നുണ്ട്.

വെട്ടുകല്ലിലും പാറക്കല്ലിലും വെള്ളത്തിന്നു പ്രവേശിക്കാവുന്ന ദ്വാരങ്ങൾ സാധാരണയായിട്ടുണ്ടായിരിക്കും. അതുകൊണ്ടു ഭൂമിയുടെ അന്തർഭാഗങ്ങളിൽകൂടി യഥേഷ്ടസഞ്ചാരം ചെയ്യുന്നതിന്നു ജലത്തിന്നു വലിയ തടസ്ഥം നേരിടുന്നില്ല. കിണറുകളിലും കുളങ്ങളിലും പാറയുടെ ഉള്ളിൽനിന്നു ചിലപ്പോൾ നല്ല കുതകൾ കിട്ടാറുണ്ടല്ലോ. സമുദ്രങ്ങളുടേയും കായലുകളുടേയും നദികളുടേയും അടിത്തട്ട് ഏറക്കുറെ വിള്ളിച്ചയുള്ളതാകുന്നു. അവയിൽ ചില ദ്വാരങ്ങളിൽകൂടി വെള്ളം താഴുകയും മററുള്ളവയിൽകൂടി ഉറവെടുക്കുകയും ചെയ്യുന്നുണ്ട്. മണ്ണിൽ താഴുന്ന വെള്ളം പല ശാഖകളായി മണ്ണിന്റെ അടിയിൽ സഞ്ചരിക്കുകയും ചിലപ്പോൾ രണ്ടോ അതിലധികമോ ശാഖകൾ ഒന്നിച്ചുകൂടുകയും പിന്നീടു വേർപിരിയുകയും ചെയ്യുന്നുണ്ട്. പരന്ത്രീസ്സുരാജ്യത്തു വളരെ ആഴമുള്ള കിണറുകൾ താത്തിയപ്പോൾ ഉറവുകളിൽകൂടി ചെടികളുടെ ഇലകളും തണ്ടും ചിലപ്പോൾ പൊന്തിവന്നിരുന്നുവത്രെ. ഈവക സാധനങ്ങൾ ഉദ്ദേശം 150 നാഴിക ദൂരെയുള്ള കുന്നുകളിൽനിന്നു മണ്ണിന്റെ അടിയിലുള്ള കുതകളിൽകൂടി മൂന്നുനാലു മാസകാലംകൊണ്ടു വന്നിട്ടുള്ളവയാണെന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ചില പ്രദേശങ്ങളിലെ കിണറുകളിൽ 170 അടി ആഴത്തിലുള്ള ഉറവുകളിൽനിന്നു ജീവനുള്ള മത്സ്യങ്ങളെക്കൂടി കണ്ടിട്ടുണ്ടത്രെ. ലോഹക്കുഴികളിലും കല്ലുരിമകളിലും അടിമണ്ണിൽകൂടി വരുന്ന ഉറവുകൾ സാധാരണയായി പണിക്കു തടസ്ഥംചെയ്യുന്നുണ്ട്.

ഉറവുകളിലെ വെള്ളം വരുന്നത് അവയുള്ള പ്രദേശത്തുനിന്നോ അയൽപ്രദേശങ്ങളിൽനിന്നോ മാത്രമല്ല; വെള്ളമുണ്ടായിരിപ്പാൻ സംഗതിയില്ലെന്നു നമുക്കു തോന്നുന്ന ദിക്കുകളിലുംകൂടി കിണറുകളിൽ ധാരാളം വെള്ളം കാണുന്നുണ്ട്. ആഫ്രിക്കാരാജ്യത്തെ

മരുഭൂമികളുടെ സമീപം മഴ അപൂൎവമാകയാൽ പെയ്യുന്നവെള്ളത്തിന്നു മാൎഗ്ഗമില്ല. എന്നാൽ അവിടങ്ങളിൽ സുഭിക്ഷമായി ജലമുള്ള വളരെ കിണറുകളുണ്ട്. ഇന്ത്യയിലെ മഹാനദീതീരങ്ങളിൽ വേനല്ക്കാലത്ത് നദി മുഴുവൻ വററിപ്പോകാറുണ്ടെങ്കിലും മുപ്പതു മുതൽ നാല്പത് അടിവരെ താഴ്ത്തിയാൽ വെള്ളം കിട്ടുന്നുണ്ട്.

നമ്മുടെ ഭൂമി വെള്ളത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് മണ്ണു താഴ്ത്തുമ്പോഴും വെള്ളം കാണുന്നതാണെന്നും കിണറുകളിലെ വെള്ളം പാതാളത്തിൽനിന്നു പൊന്തിവരുന്നതാണെന്നും ചിലർ വിചാരിക്കുന്നുണ്ട്. ഇതു വലിയ അബദ്ധമാണ്. ഒന്നാമത് നമ്മുടെ ഭൂമിയുടെ നേരെ ചുവട്ടിൽ വെള്ളമല്ല, മണ്ണുതന്നെയാണ്. രണ്ടാമത്, വെള്ളം അതിന്റെ സമനിരപ്പു വിട്ട് സ്വതേ ഉയൎന്നുവരുന്നതുമല്ല.

വെള്ളം അടിയിലേക്കു എത്രത്തോളം താഴുമെന്നു തീൎച്ചയായി പറവാൻ പാടില്ല. തീരെ വെള്ളമില്ലാതെ അഗാധമായ പല ലോഹക്കുഴികളും താഴ്ത്തീട്ടുണ്ട്. തീവണ്ടിവഴി വെട്ടുവാനായി ആൽപ്സ് പൎവ്വതം തുരന്നപ്പോഴും ൬000 അടി താഴ്ചയിൽക്കൂടി [illegible]വു കാണുകയുണ്ടായിട്ടില്ല. കട്ടപ്പുള്ള പാറകളും കല്ലുകളും ഉള്ള പ്രദേശങ്ങളിൽ വെള്ളം സാധാരണയായി വളരെ താഴാറില്ല. എന്നാൽ അഗ്നിപൎവ്വതങ്ങളുള്ള സ്ഥലങ്ങളിൽ വെള്ളം വളരെ ചുവട്ടിലേക്കുപോകയും അവിടെ കിടന്ന് ചൂടു പിടിച്ച് ആവിയായി അഗ്നിപൎവ്വതം പൊട്ടുമ്പോഴും കാണുന്ന കട്ടകട്ടയായ പുകയായി പുറത്തേക്കു തള്ളിവരികയും ചെയ്യുന്നതായി കാണാറുണ്ട്.

ഭൂമിയുടെ ഉള്ളിൽ വെള്ളം സഞ്ചരിക്കുന്നത് ചൊവ്വായ മാൎഗ്ഗങ്ങളിൽക്കൂടിയല്ല. പ്രയാസം കൂടാതെ താഴാവുന്ന ദിക്കുകളിൽ താഴുകയും തടസ്ഥം തട്ടുമ്പോഴും നിവൃത്തിയുണ്ടെങ്കിൽ ഗതിമാററി എട്ടുകാലിയുടെ വലപോലെ വക്രഗതിയായി സഞ്ചരിക്കുകയും ചെയ്യുന്നു. ഉയൎന്ന ഭൂമിയിൽനിന്ന് ഇറങ്ങിവരുന്ന വെള്ളം സുഗമമല്ലാത്ത പാറകളിന്മേലോ കൽപ്രദേശത്തോ, എത്തുമ്പോഴും ഇരുഭാഗങ്ങളിലേക്കും തിരിഞ്ഞു ഒഴുകുകയും അങ്ങിനെയുള്ള സ്ഥലം കിണറോ, കുഴിയോ, മററു നിമ്നഭൂമിയോ ആണെങ്കിൽ അതിൽക്കൂടി

പെട്ടെന്നു മേല്പോട്ടു ചാടി ഉറവയായി തീരുകയും ചെയ്യുന്നു. ചില കുന്നുകളുടെ അടിവാരങ്ങളിൽ കാണുന്ന ഉറവുകൾ ഇങ്ങിനെ ഉണ്ടായിട്ടുള്ളവയാണ്.

ഇതു കൂടാതെ അത്യഗാധപ്രദേശങ്ങളിൽനിന്ന് ഉറവെടുത്തു ചാടുന്നതു കരുവിന്റെ മുകളിലുള്ള വെള്ളത്തിന്റെ ഭാരംകൊണ്ടാകുന്നു. സമമല്ലാത്ത കാലുള്ള ഒരു കുഴലിൽ വെള്ളം ഒഴിച്ചാൽ ചെറിയ കാലിന്റെ ദ്വാരത്തിൽകൂടി വെള്ളം ചാടി പുറത്തേക്കുപോകും. ചെറിയ കാലിന്റെ ഉയരത്തിലധികമായി വലിയ കാലിൽ നില്ക്കുന്ന വെള്ളത്തിന്റെ ഘനംകൊണ്ടുള്ള അമൎച്ച നിമിത്തമാണ് വെള്ളം ഇങ്ങിനെ ചാടുന്നത്. അപ്രകാരംതന്നെ വളരെ ദൂരത്തിൽ ഉള്ള ഭൂമിയിൽനിന്നു പുറപ്പെട്ടു താന്നുവരുന്ന വെള്ളം ഭൂമിയുടെ അടിയിൽ എവിടെങ്കിലും ഒരു സ്ഥലത്തു സംഭരിക്കുമ്പോൾ ആ കരുവിലുള്ള വെള്ളത്തിന്റെ അമൎച്ചകൊണ്ടു എവിടെങ്കിലും ഒരു ദ്വാരമോ, വിള്ളലോ ഉണ്ടെങ്കിൽ അതിൽകൂടി വെള്ളം ഉന്തിത്തള്ളി പുറത്തേക്കുവരുന്നതാണ്.


മഴവെള്ളം സാമാന്യം ശുദ്ധമായിട്ടുള്ളതാകുന്നു. അതു ഭൂമിയിലേക്കു വീഴുമ്പോൾ വായുവിലുള്ള ചില പദാൎത്ഥങ്ങൾ ചേരുന്നുണ്ടെങ്കിലും മഴവെള്ളം സാമാന്യം നിൎമ്മലമായിട്ടുള്ളതാണെന്നു പറയാം. എന്നാൽ സമുദ്രങ്ങളിലും, നദികളിലും, കുളങ്ങളിലും, കിണറുകളിലും മററുമുള്ള വെള്ളം ശുദ്ധജലമല്ല. ചില കിണറുകളിലെ വെള്ളം സ്ഫടികപ്രകാശമുള്ളതായി കാണാറുണ്ടെങ്കിലും അതിലും പല പദാൎത്ഥങ്ങളും അലിഞ്ഞു കിടപ്പുണ്ട്. ഈ വെള്ളവും മഴവെള്ളവും ഓരോ പാത്രങ്ങളിൽ എടുത്ത് തിളപ്പിച്ചു നോക്കിയാൽ വ്യത്യാസം എളുപ്പത്തിൽ അറിയാം. വെള്ളം തിളക്കുമ്പോൾ ചില അശുദ്ധ ദ്രവ്യങ്ങൾ വായുരൂപമായി പോകുന്നതിനു പുറമെ പാത്രത്തിന്റെ അടിയിൽ ഊറലുമുണ്ടായിരിക്കും. ഈ മലിനതകളെല്ലാം അന്തർഭൂമിസഞ്ചാരത്തിനാലുള്ള സമ്പാദ്യങ്ങളാണ്. പല ലോഹാംശങ്ങളും ചുണ്ണാമ്പ്, സോഡ, ഉപ്പ്, ഗന്ധകം മുതലായ പദാൎത്ഥങ്ങളും വെള്ളത്തിൽ ചേരുന്നുണ്ട്. വെള്ളത്തിനു ഘനം കൂട്ടുകയും കറയ്ക്കുകയും ചെയ്യുന്നത് അതിൽ അലിഞ്ഞു കി

ടക്കുന്ന പദാൎത്ഥങ്ങളുടെ ഏറ്റക്കുറച്ചൽകൊണ്ടാകുന്നു. കല്ലുരി, കരി, വെട്ടുകല്ലു്, പാറക്കല്ലു് മുതലായവ ധാരാളമുള്ള പ്രദേശങ്ങളിൽകൂടി വെള്ളം ഒഴുകുമ്പോഴും അവ ജലത്തിലെ കേടുകളെല്ലാം ആകൎഷിച്ചെടുത്തു് ജലത്തെ ഒരു വിധം ശുദ്ധി ചെയ്യുന്നുണ്ടു്. കൽപ്രദേശങ്ങളിലേയും അധികം ആഴമുള്ള കിണറുകളിലേയും വെള്ളം സാധാരണയായി നന്നായിരിക്കും. ഉറവിൽ എത്തുന്നതിനു മുമ്പായി പലവിധമായ മണ്ണിൽക്കൂടി കടന്നുപോകുമ്പോഴും ശുദ്ധീകരണത്തിന്നു് ഇടവരുന്നതുകൊണ്ടു് വെള്ളം നന്നായി തീരുന്നതാണു്. ജലാശയങ്ങളും അവയുടെ സമീപസ്ഥലങ്ങളും ശുചിയായി വെക്കേണ്ടതു് അത്യാവശ്യമായിട്ടുള്ളതും അങ്ങിനെ വൃത്തിയായിവെക്കാതിരുന്നാൽ അശുദ്ധദ്രവ്യങ്ങളും കുഴികളിൽക്കൂടി വെള്ളത്തിൽ വന്നുചേൎന്നു രോഗത്തിന്നു കാരണമായിത്തീരുന്നതുമാകുന്നു.

എ. ശങ്കരപ്പുതുവാൾ, ബി. എ. ബി. എൽ.

ബ്രിട്ടീഷ് കൊച്ചിയുടെ

പൂൎവ്വചരിത്രം



പള്ളികളേയും കന്യകാമഠങ്ങളേയും നശിപ്പിക്കലും യൂറോപ്യൻ പാതിരികളെ ആട്ടിപ്പായിക്കലുംകൂടി കൊച്ചിനിവാസികളെ തീരെ ഭയപരവശന്മാരാക്കി തീൎത്തു. അവരിൽ പലരും തങ്ങളുടെ ഐഹികസുഖങ്ങളെക്കൂടി ഉപേക്ഷിച്ചു ഭയം ഹേതുവായിട്ടു നാടുവിട്ടു ഓടിപ്പോയി. ഒടുവിൽ ലന്തകളും തങ്ങളുടെ വിജയത്തിന്റെ ഫലം ഒഴിഞ്ഞു പുരകളും ആളും സഞ്ചാരമില്ലാത്ത തെരുവുകളും മാത്രമായി ശേഷിക്കുമെന്നു ഭയപ്പെട്ടു് അവരുടെ ആദ്യത്തെ

നടവടിയെ അല്പം ഭേദപ്പെടുത്തുകയും അവർ കൈക്കേറി പാൎത്തിരുന്ന ഫ്രാൻസിസ്കൻ പള്ളിയെ മടക്കിക്കൊടുത്ത് സന്താപനാപ്രവൃത്തികളെക്കൊണ്ട് ആളുകളെ തിരിയെ ആകൎഷിക്കുകയും ചെയ്തു. എന്നാൽ കുറെ കാലം കഴിഞ്ഞതിന്റെ ശേഷം ലന്തക്കാർ ആ ഭരണക്രമത്തെ നവീകരിക്കുകയും റോമായോഗക്കാർ വൈപ്പിൽ പട്ടണം അവരുടെ തലസ്ഥാനമാക്കി കല്പിക്കുകയും ചെയ്തതോടുകൂടി ആ പള്ളിതന്നെ അവർ വീണ്ടും കൈവശപ്പെടുത്തി. റോമായോഗക്കാരുടെ പണ്ടത്തെ പള്ളി ഇന്നും പൂൎവ്വസ്ഥാനത്ത് സ്ഥിതിചെയ്യുന്നുണ്ട്. റോമാ പാതിരികളെ ആട്ടി നാടുകടത്തിയ കൂട്ടത്തിൽ പറങ്കികളുടെ കാർമലൈററ് ബിഷപ്പായ ജോസഫ് ഡി സെൻററ് മേരിയും എന്നാൾകൂടി ഒഴിവാക്കപ്പെട്ടില്ല. ഈ പാതിരിയാർ മലയാളത്തിലെ ആദിമനായ അപ്പോസ്തോലിക്ക വികാരിയുടെ നിലയിൽ അന്നു റോമായോഗത്തിലേക്കു ബലാൽക്കാരേണ കീഴടക്കപ്പെട്ട പുരാതനസിറിയൻ പള്ളികളുടെ മേൽവിചാരം നോക്കിയിരുന്നു. ഈ കാരണത്താൽ മററുള്ള യൂറോപ്യൻ പാതിരികളിൽനിന്നും വിശേഷമായ ബഹുമതി ഇദ്ദേഹത്തിനു സിദ്ധിക്കയുണ്ടായി. അതായത് നാട്ടുകാർ *പറമ്പിൽ ചാണ്ടി എന്നും മററുള്ളവർ അലക്സാണ്ടർ ദീക്യാംപോസ എന്നും വിളിച്ചുവന്നിരുന്ന ഒരു നാട്ടുകാരനായ കത്തനാരെ തന്റെ സ്ഥാനത്ത് അവരോധിക്കുന്നതുവരെ കൊച്ചിയിൽ തന്നെ താമസിക്കുവാൻ വിജയികളിൽനിന്നു തനിക്ക് അനുവാദം ഉണ്ടായി എന്നുള്ള പ്രത്യേകസംഗതിയാകുന്നു.

ഈ കലാപത്തിൽ 'ലന്തക്കാരെ' ഉപായവഴിക്കു തോല്പിക്കുവാൻ റോമാപാതിരികളിൽ ആരുംതന്നെ ഉണ്ടായില്ലെന്നില്ല. ജെസ്യൂട്ടസ്സ് കൊച്ചിയിലും കൊടുങ്ങല്ലൂരിലുമുള്ള അവരുടെ ഇരിപ്പിടങ്ങളെ ഉപേക്ഷിക്കുകയും സാമൂതിരിയുടെ രാജ്യങ്ങളിൽ ചെന്നു കുടിപാൎക്കുകയും ചെയ്തുവെങ്കിലും കാർമെലൈററ് ബിഷപ്പ് പറമ്പിൽ ചാണ്ടിയുടെ അവരോധത്തിനുശേഷം ഗോവായിലേക്കു കപ്പൽ കയറി വിജയികളുടെ ശാസനകൾ കീഴണങ്ങി എങ്കിലും അ

* നാട്ടുകാരിൽ ആദ്യത്തെ ബിഷപ്പ്.

ദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളും സഹായികളും വാറപ്പുവത്തിൽ കൊച്ചി വിട്ടുപോകാതെ ഭാവിശ്രേയസ്സിനെ പ്രതീക്ഷിച്ചുകൊണ്ടു അകലെയുള്ള നാട്ടുപുറങ്ങളിൽ ഒളിച്ചു താമസിച്ചുതെയുള്ളു. ഇവർ ആഗ്രഹിച്ചിരുന്ന ഭാഗ്യോദയകാലം 1673-ൽ അവൎക്കു കാണ്മാൻ സംഗതിയായി. അവരുടെ യോഗത്തിൽ പെട്ട മാത്ത്യൂസ് 'ജോസേഫ്' എന്നാൾ 'ഫേൻപൊൻറീഡ്' എന്ന ലന്തഗവൎണ്ണരോടെ സേവകൂടി കൂട്ടുകാൎക്കു ഒളിസ്ഥലംവിട്ടു വെളിസ്ഥലത്തു സഞ്ചരിക്കുവാൻ സമ്മതം വാങ്ങുകയും കൊച്ചിയിൽനിന്നു രണ്ടു മൂന്നു നാഴികയിൽ അധികം ദൂരമല്ലാത്ത എറണാകുളത്തു 'ചെത്ത്യാട' എന്ന സ്ഥലത്ത് ഒരു പാതിരിഗൃഹം പണിയുവാൻ അനുവാദം വാങ്ങുകയും ചെയ്തു. ലന്തക്കാർ റോമപാതിരിമാരുടെ നേരെ കാണിച്ച ക്രൂരഭാവം മുഴുവനും അവരുടെ സ്വമേധയുള്ളതല്ലായിരുന്നു. 'ക്യാണ്ടി' രാജാവു ലന്തക്കാരുമായിട്ടുള്ള സഖ്യം പ്രാപിച്ചപ്പോൾ രാജ്യത്തിന്റെ നാശകൃത്തുക്കളും, സകല കലാപങ്ങൾക്കും കാരണഭൂതന്മാരുമായ അവരെ (റോമപാതിരികളെ) അദ്ദേഹത്തിന്റെ (ക്യാണ്ടിരാജാവിന്റെ) രാജ്യങ്ങളിൽനിന്നു ഒഴിപ്പിച്ചയക്കേണ്ടതു നിൎബ്ബന്ധമാകുന്നു എന്ന ഒരു നിശ്ചയംകൂടി സഖ്യ വാചകത്തിൽ ചേൎത്തിട്ടുണ്ടായിരുന്നു. ഈ നിബന്ധനമൂലം ലന്തനാട്ടുകളിലുള്ള നാട്ടുക്രിസ്ത്യാനികൾകൂടി തങ്ങൾ പറങ്കിരാജാവിനോടും പറങ്കി ബിഷപ്പുമാരോടും തങ്ങൾക്കുള്ള വണക്കം തീരെ കൈവെടിഞ്ഞിരിക്കുന്നു എന്നു സത്യം ചെയ്യേണ്ടതായി വന്നു. റോമാക്കാരുടെ പക്ഷത്തിലേക്ക് ആ നിഷ്ഠുരനായ ലന്തഗവൎണ്ണരെ നിഷ്പ്രയാസം സ്വാധീനപ്പെടുത്തിയ 'കാൎമ്മെലൈററ് മ്യാത്ത്യൂസ്', ചില്ലറക്കാരനായിരുന്നില്ല. പൂൎണ്ണമായ പഠിപ്പും സകല ഭാഷകളിലും പാണ്ഡിത്യമായ അറിവും ജനരഞ്ജനയും ഉണ്ടായിരുന്ന ആയാൾ ഗവൎണ്ണൎദാക്കു പ്രിയപ്പെട്ട ഒരു തൊഴിൽ സഫലീകരിക്കുന്നതിൽ സഹായിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഇഷ്ടത്തെ സമ്പാദിച്ചു നിലനിൎത്തിക്കൊണ്ടുപോന്നു. മലയാള (Hostus Mal. Baricus) ഔഷധിശാസ്ത്രം എന്ന പ്രസിദ്ധപ്പെട്ട ഗ്രന്ഥത്തെ നിൎമ്മിക്കുകയായിരുന്നു ഈ മേൽപറഞ്ഞ തൊഴിൽ. വളരെ കാലമായുള്ള അദ്ധ്വാന

ത്തിന്റെ ഫലമായിട്ട 1686-നും 1703-നും മദ്ധ്യത്തിൽ 794 ചിത്രങ്ങളോടുകൂടി പന്ത്രണ്ട് പുസ്തകങ്ങളായിട്ട ഈ ശാസ്ത്രഗ്രന്ഥം ആംസ്റ്റർഡാം എന്ന സ്ഥലത്തു പ്രസിദ്ധീകരിക്കപ്പെട്ടു.

യൂറോപ്യന്മാരായിട്ടും നാട്ടുകാരായിട്ടും അനേകം ആളുകൾ ഈ ഗ്രന്ഥനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. ഔഷധികളുടെ ഫലങ്ങളെപ്പററി 'രംഗഭട്ടൻ' 'വിനായകപണ്ഡിതർ' 'അപ്പുഭട്ടൻ' എന്നു മൂന്നു ബ്രാഹ്മണരും ഇട്ടിഅച്ചുതൻ എന്നൊരു ചോവനും ആകുന്നു വേണ്ടവിവരങ്ങൾ ശേഖരിച്ചുകൊടുത്തിട്ടുള്ളത്. മലയാളനാട്ടുമുഴുവനും തേടി പല വിധത്തിലുള്ള ഔഷധികളും ശേഖരിച്ചു കൊച്ചിയിൽ കൊണ്ടുവരികയും പുതുതായ തരങ്ങളൊക്കെ 'മ്യാത്ത്യൂസ്സ്' ശരിയായിട്ട ചിത്രത്തിൽ കുറിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ട് അതാതിന്റെ ചിത്രം കാണുന്നവർക്ക് ഔഷധികൾ വേർതിരിച്ചറിവാൻ യാതൊരു പ്രയാസവുമുള്ളതല്ല. ഔഷധികളുടെ പേരുകൾ ആദ്യം മലയാളത്തിൽ എഴുതി പിന്നീട 'കൊച്ചിയിൽ താമസിച്ചിരുന്ന 'ഇമ്മാന്യുവൽ കാണീറൊ' എന്നൊരാൾ പറങ്കിഭാഷയിൽ തർജ്ജമ ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്. യൂറോപ്പിലുള്ള എല്ലാം രാജ്യക്കാർക്കും സുഗമമാകുവാൻവേണ്ടി 'ഹേർമൻവ്യാൻ ഡൂയെഫ്' എന്നൊരാൾ അതിനെത്തന്നെ 'ലത്തീൻ ഭാഷയിലും തർജ്ജമ ചെയ്തിട്ടുണ്ട്. ഇത്ര വലുപ്പത്തിലും ഇത്ര നന്നായിട്ടും ഉള്ള ഒരു പുസ്തകം ഉണ്ടാക്കുന്നതിൽ യത്നിച്ചിട്ടുള്ള എല്ലാവരുടേയും യശസ്സിന്നു ഒരു സ്മാരകസ്തംഭം ഈ വിശിഷ്ടമായ ശാസ്ത്രഗ്രന്ഥംതന്നെയാകുന്നു. 'വ്യാൻറീഡി'ന്റെ പിൻവാഴ്ചക്കാരായ ഗവർണ്ണദോരന്മാർ അയാളെപ്പോലെ റോമൻകത്തോലിക്കക്കാർക്കു അനുകൂലന്മാരായിരുന്നില്ല. എന്നാൽ 1698-ൽ 'ലിയോപ്പാൾഡ്' ചക്രവർത്തിയുടെ ഉത്താശയോടുകൂടി ഒരു ബിഷപ്പിന്റെ കീഴിൽ പന്ത്രണ്ടു കാർമ്മെലൈററ പാതിരിമാർക്കു താമസിക്കുവാനും സ്വത്തു സമ്പാദിക്കുവാനും വിരോധമില്ലെന്നു ലന്തക്കമ്പനിയിൽനിന്നു അനുവാദം സിദ്ധിച്ചു രണ്ടു കൂട്ടക്കാരും തമ്മിൽ ഉണ്ടായിരുന്ന സ്വരച്ചേർച്ചയില്ലായ്മ ഒരു വിധം ഒതുങ്ങി തീർന്നു. ഈ സംഗതി നടക്കുന്നതിന്നു ഏഴു കൊല്ലം മുമ്പു 1691-ൽ തൊണ്ണൂററൊന്നാമത്തെ വയസ്സിൽ

ഭ്യാന്തസ്സ് കാലാന്തരത്തെ പ്രാപിച്ചു. 1757 ഒടുവിൽ 58 ആദ്യം 'ജെകപാറിൽ ദ്രുവെറാൺ' എന്ന ഒരു പരന്ത്രീസ്സുകാരൻ കൊച്ചി സന്ദൎശിച്ചപ്പോൾ ലന്തക്കമ്പെനിയിൽ പ്രധാനികളായിട്ടു ഒരു ഗവൎണ്ണദോരും കമാന്റരും ആയിട്ട് ഒരാളും എട്ടു സഭാംഗങ്ങളുംകൂടി ഒമ്പത് ഉദ്യോഗസ്ഥന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ സഭാംഗങ്ങൾക്കു ഒക്കെ ഖജാൻജി സിക്രട്ടേരി, മുതലായി ഓരോ പ്രത്യേക ഉദ്യോഗങ്ങളും ഉണ്ടായിരുന്നു. ജൎമ്മനിക്കാർ, പരന്ത്രീസ്സുകാർ മുതലായ പല ജാതിക്കാരുടേയും സംഗമമായിരുന്നു. ലന്തക്കമ്പെനിയുടെ പട്ടാളക്കാരിൽ ഒരു കാപ്പിത്താന്റെ മാസപ്പടി 50 ഉറുപ്പിക മാത്രവും മററുള്ളവൎക്കു അവരവരുടെ ഉദ്യോഗച്ചെറുപ്പംപോലെ ചുരുങ്ങിയ സംഖ്യകളും ആയിരുന്നു. ഉറുപ്പികക്ക് 20 വീതം നില്ക്കുന്ന ഒരു ജാതിപണം 21½-ൽ സാധാരണ ചിലവുകൾക്കുവേണ്ടു പിടിച്ചു ബാക്കി 110 പണം മാത്രമേ പട്ടാളക്കാൎക്കു കൊടുത്തിരുന്നുള്ളു. അവൎക്കു ആഹാരവും ഉടുപ്പു കുപ്പായവും വേണ്ടപോലെ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അവരിൽ മിക്കപേരും കുഷ്ഠരോഗികളുമായിരുന്നു. ഇതിന്നുള്ള മുഖ്യകാരണങ്ങൾ ആഹാരമില്ലായ്കയും, ഉപ്പുമീനും, ഉപ്പുവെള്ളവും ഉപയോഗിക്കയും ആയിരിക്കണമെന്നാണ് 'ദ്രുവെറോൺ' പറഞ്ഞു കാണുന്നത്. പള്ളിക്കൈതാനത്തിലും കായലിലുണ്ടായിരുന്ന മെഴുതിരി ഇരുത്തിയേലും (Candle Island) ദുഷ്ടന്മാരെ ഭയപ്പെടുത്തുവാനായി തൂക്കച്ചാട്ടുകൾ നിറുത്തിയിരുന്നതായും കായലിൽ ഉപ്പു കുത്തിയപോലെ വ്യാപിച്ചു കിടന്നിരുന്ന മററനേകം ഇരുത്തുകളിൽ ലന്ത പ്രഭുക്കന്മാൎക്കു തോട്ടങ്ങൾ ഉണ്ടായിരുന്നതായും ദ്രുവെറൊൺ കൊച്ചിയുടെ ആകൃതിവൎണ്ണനയിൽ വിവരിച്ചുകാണുന്നു. 1751 നു അടുത്ത കാലത്തു ലന്തക്കമ്പനിയുടെ കാൎയ്യങ്ങൾ വളരെ ഗുണമുള്ള സ്ഥിതിയിൽ ആയിരുന്നില്ല. വാസ്തവത്തിൽ തിരുവിതാംകൂർ മഹാരാജാവ അവരുടെ ഉൽക്കൎഷത്തെപ്പററി അനുശോചിക്കത്തക്കവണ്ണം അവർ പല വിധത്തിലുള്ള കഷ്ടനഷ്ടങ്ങളും അനുഭവിച്ചിരുന്നു. വഞ്ചിമാൎത്താണ്ഡമഹാരാജാവിന്റെ അനൎഗ്ഗളമായ അതിമോഹവും അയൽദേശങ്ങളിലുള്ള ആക്രമണങ്ങളും ലന്തകൾക്കു സുഖക്കേടിനുള്ള വഴികളായിരുന്നു. ഒരിക്കൽ മഹാരാജാവയിട്ടു ചങ്ങ

നാട്ട് (Changanad) റാണിയുടെ കാൎയ്യങ്ങളെക്കൊണ്ടു ആലോചിപ്പാനായി മഹാരാജാവിന്റെ അടുക്കലേക്കു ബാറൻ ഇംഹോഫ് എന്നാളെ പറഞ്ഞയച്ചപ്പോൾ അയാളോടു മഹാരാജാവ് തനിക്കു ലന്തകളെ യാതൊരു ഭയവുമില്ലെന്നു തുറന്നു പറഞ്ഞു. അതു കേട്ടു ബാറൺ തിരുവിതാംകൂർ രാജ്യത്തെ ആക്രമിക്കുമെന്നു ഭയപ്പെടുത്തിയാറെ തനിക്കു രക്ഷപ്പെടുവാൻ തക്കതായ ദുൎഗ്ഗങ്ങൾ ഉണ്ടെന്നു മഹാരാജാവു മറുപടി പറയുകയും അങ്ങിനെയുള്ള ദുൎഗ്ഗങ്ങളെക്കൂടി ജയിക്കുവാൻ ലന്തക്കമ്പനിക്കു ശക്തിയുണ്ടെന്നു വീണ്ടും ബാറൺ എതിരു പറഞ്ഞപ്പോൾ നല്ലകാലം നോക്കി ഞാനും കുറെ വഞ്ചിക്കാരുംകൂടി യൂറോപ്പു മുഴുവനും പിടിക്കുവാൻ ഭാവിക്കുകയാണെന്നു ഭംഗിയിൽ കൊള്ളിച്ചു പറയുകയും ചെയ്തു. അവിടെവെച്ചു അവർ തമ്മിൽ ശണ്ഠയായി പിരിയുകയും ലന്തയും തിരുവിതാംകൂറും തമ്മിൽ യുദ്ധത്തിനുള്ള വട്ടം ഇടങ്ങുകയും ചെയ്തു.

വളരെ കൊല്ലം കഴിയുന്നതിനു മുമ്പു തിരുവിതാംകൂർ മഹാരാജാവ് സാമൂതിരി, ഇവരേക്കാൾ ഭയപ്പെടേണ്ടവരായ ഹൈദരാലിയും ടിപ്പുസുൽത്താനും ലന്തക്കമ്പനിയുടെ എതിരാളികളായി തീൎന്നു. 1775 ഒടുവിൽ ഹൈദരാലി തിരുവിതാംകൂർ രാജ്യം താൻ പിടിച്ചടക്കിയ മറ്റു ഭൂമികളോടു യോജിപ്പിക്കുവാനാഗ്രഹിക്കുകയും കൊച്ചിയിലുള്ള ലന്തകളോടു അവരുടെ ഭൂമിയിൽക്കൂടി തന്റെ പട്ടാളങ്ങളെ തടസ്സം കൂടാതെ കൊണ്ടുപോകുവാൻ അനുവാദം ചോദിക്കുകയും ചെയ്തു. ഇതു ആലോചിക്കേണ്ടുന്ന സംഗതി ആയതുകൊണ്ട് തീൎപ്പിന്നായി കൊച്ചി ഗവൎണ്ണർ ബെയവിയാവിലെ മേൽപ്പടിക്കു എഴുതി ചോദിച്ചു. ഇതുകൊണ്ടു വന്ന താമസം ഹൈദരാലിയെ എളക്കിത്തീൎക്കുകയും അയാൾ 10,000 പട്ടാളത്തോടുകൂടി സർദാഖാനെ ലന്തരാജ്യത്തെ കൊള്ളിവെച്ചു കൊള്ളയിടുവാനും ചേറ്റുവാ കോട്ട അവരുടെ കൈവശത്തിൽനിന്നു തട്ടിപ്പറിക്കുവാനും കല്പിച്ചയക്കുകയും ചെയ്തു. അതുപ്രകാരം 1776-ൽ സിലോണിൽനിന്നു ലന്തകൾക്കു സഹായത്തിനു വന്ന പട്ടാളങ്ങളുടെ പരാക്രമത്തെക്കൂടി നശിപ്പിച്ചു ഹൈദരാലിയുടെ കല്പനക്കു നിലവ്യത്യാസം കൂടാതെ സകലതും സർദാഖാൻ നടത്തി. 1777 ജന

വരി മാസത്തിൽ കുറെ കപ്പൽകളോടുകൂടി ബെററവിയായിൽനിന്നു മറുവടി വന്നു. അന്നത്തെ കൊച്ചി ഗവർണ്ണദോർ 'മൊൺസ്സ്' ആ എഴുത്ത് ഹൈദരാലിക്കു അയച്ചുകൊടുത്തു. അയാളും അതിനെ സ്വീകരിച്ച് അടുത്തു കഴിഞ്ഞ കലഹം ചിലമാറി അബദ്ധമാളത്താംകൊണ്ടു വന്നുപോയതാണെന്നു ഭംഗി പറഞ്ഞ് ലന്തകളെ സമാധാനപ്പെടുത്തി.

ഹൈദരാലിയുടെ കാലം കഴിഞ്ഞതിനുശേഷം ടിപ്പുസുൽത്താൻ തിരുവിതാംകൂറിനെകുറിച്ച് തന്റെ അച്ഛനുണ്ടായിരുന്ന അഭീഷ്ടത്തെ സാധിപ്പാൻ ഒരുമ്പെടുകയും ഇത് കൊച്ചിരാജാവിന്റെയും സാമൂതിരിയുടേയും ഒത്താശയോടുകൂടി ചെയ്യുവാനുറക്കുകയും ചെയ്തു. 1789-ൽ ടിപ്പുസുൽത്താൻ തനിക്കു കൊച്ചിക്കോട്ട വാങ്ങിയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടെന്നും അത് അദ്ദേഹത്തിന്റെ സഹായമില്ലാതെ സാധിക്കുന്നതല്ലെന്നും കൊച്ചിരാജാവിനു ഒരു പ്രത്യേക സന്ദേശമയച്ചു. ലന്തക്കാർക്കു ആയിക്കോട്ടയും കൊടുങ്ങല്ലൂരും കൈവിടുവാൻ വിരോധമുണ്ടായിരുന്നില്ലെങ്കിലും അവ ടിപ്പുവിനെപ്പോലെയുള്ളവരുടെ കയ്യിൽ പെടുന്നതിൽ ഒട്ടും സമ്മതമുണ്ടായിരുന്നില്ല.

ഇംഗ്ലീഷുകാരുടെ കമ്മീഷണറായിരുന്ന മേജർ ബാനർമന്റെ ഉപദേശപ്പടി ടിപ്പു കൊടുക്കാമെന്നു പറഞ്ഞിരുന്ന സംഖ്യയിൽ പകുതിക്കു തിരുവിതാംകൂർ മഹാരാജാവ് ആയിക്കോട്ട വാങ്ങി. ഇതിൽ ടിപ്പു ഏററവും ചൊടിച്ചുവശായി.

ടിപ്പുവിനേക്കാൾ ഭേദമായിട്ടുള്ളവരുടെ അധീനത്തിൽ പെടുവാനായിരുന്നു കൊച്ചിയുടെ യോഗം. രക്തപ്രവാഹത്തോടു തെളിച്ചിരുന്ന തന്റെ അതിമോഹസമുദ്രത്തിൽ ടിപ്പുസുൽത്താൻ മുങ്ങിച്ചാവുന്നതിനു നാലുകൊല്ലം മുമ്പു കൊച്ചി ലന്തകളുമായിട്ടു തെററി. മേജർപീററർ എന്നാളുടെ കീഴിലുള്ള ഇംഗ്ലീഷുകാരാൽ പിടിച്ചടക്കപ്പെട്ടു. 1795 ഇടക്കത്തിൽ ഹോളണ്ടുരാജ്യത്തു രാജവിരോധികൾ ജയം നേടുകയും ആറൺജിലെ രാജകുമാരൻ പ്രാണരക്ഷക്കായി നാടുവിട്ടോടുകയും ഇംഗ്ലണ്ടിലെ രാജാവിനെ ശരണം പ്രാപിക്കുകയും ചെയ്തു.

ലന്തകളുടെ പുറനാട്ടുകളെ രാജവിരോധികളുടേയും അവരുടെ പരന്ത്രീസ്സ സഹായികളുടേയും അധീനത്തിൽനിന്നു വിടുത്തുവാൻ എന്തു ചെയ്യേണ്ടു എന്ന സംഗതി ഇംഗ്ലീഷു ഗവർമ്മേണ്ടിന് ആലോചനാവിഷയമായിത്തീൎന്നു. അതിന്റെ ഫലമായിട്ട ഭൂമിയുടെ നാനാഭാഗങ്ങളിലുമുള്ള സകല തുറമുഖങ്ങളിലേക്കും പാളയങ്ങളിലേക്കും ലന്തകളുടെ എല്ലാം സ്ഥലങ്ങളും കൈക്കലാക്കുവാൻ കല്പനയയച്ചു. ഉടനെതന്നെ കിഴക്കെ കൊച്ചി, ചിൻസൂറാ, ബേൻഡാ, അംബോയനാ, മലാക്കാ, സിലോൺ ഈ സ്ഥലങ്ങൾ ഇംഗ്ലീഷുകാർ സ്വാധീനപ്പെടുത്തി. കൊച്ചിയായിട്ടുള്ള യുദ്ധങ്ങൾ ഒന്നും വളരെ കഠിനത്തുള്ളവയായിരുന്നു എന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അന്നേക്കു ലന്തകളുടെ ശക്തി മുഴുവനും ക്ഷയിച്ചു കഴിഞ്ഞു. 1795 അക്ടോബർ 20-ാംനു- പലകാലമായി പലരുടേയും കീഴിൽ പലമാതിരി സുഖദുഃഖങ്ങൾ അനുഭവിച്ചിട്ടുള്ള കൊച്ചി ഒടുവിൽ ഇംഗ്ലീഷുകാൎക്കു കീഴടങ്ങി.

ആർ. വി.

ഉണ്ണുനീലി

സന്ദേശം.

മുക്കാൽക്കൈച്ചുണ്ടിരുപുറമെരിക്കൊൽപ്പതിനാൽവിരൽക്കീഴ്
വിസ്താരാഢ്യംനടനടുവിലുണ്ടെല്ലസിക്കുംകവാടം
തത്രാവാരേമകരവദനാലംകൃതംദ്വാരഗേഹം
തത്രാലക്ഷ്യംതദനുമകരമന്ദിരംമൽപ്രിയായാഃ   ഫണ്ടൻ

ശില്പകല്പംപുരപരിമിതംതെക്കിനേതുണ്ടുരമ്യം
മുപ്പത്തെട്ടാൽക്കുപരിപുറമങ്ങെൺവിരൽച്ചുററമക്കാണ്
അൎദ്ധംതസ്സിൻതളമപിപടിഞ്ഞാറൂംദ്ധംകിഴക്കെ
തസ്സൽക്കാറൈതഗൈറമുറികിടപ്പാൻചമച്ചീടിനൊൻറ്.   ഫമെ

മററമ്മൻവംപതിനവധിരത്നച്ചെപ്പുമൂററൻറിൽനിന്നൊ
ന്നററിക്കൊണ്ടിട്ടപപിരചിതാപുഷ്പമാലിക്രമേണ
പ്രാപ്യാംചെൽവോക്കശനശയനാദ്യേത്ഥമ്മണിന്നുമിച്ഛ്യാം
കാചുംപൊന്നുംപണവുമിട്ടവാൻപശ്ചിമംമൽപ്രിയയാൾ. ൭൨

മീനാശ്രേണീമുഖരമരികെച്ചുററു കാന്താളിബൃന്ദം
മീനത്തിന്മേൽക്കിണറവധിമലസച്ചരചാനീയപൂൎണ്ണം
ഖേനാക്കമേപൂന്നരറിവതിന്നുണ്ടുതത്സ്യാപകണ്ടോ
തേന്റെററലുംകസുമനികരംതേവിനട്ടൊരുമുല്ല. ൭൩

മുക്കിക്കോരിച്ചെറിയകനകക്കിണ്ടികൊണ്ടെന്തുചൊരി വൃ
മിക്കപ്പോഴുംപൂന്നരളുന്നുന്നെൻറിമററില്ലവേല
തെക്കുമ്പാകത്തിനിയകറമൂഴിക്കൽമെക്കുണ്ണിയുണ്ണി
ച്ചക്കിപ്പെണ്ണിൻകളിയളകളുത്തൊമ്മച്ചേമന്തിയുണ്ട്. ൭൪

പുഷ്പാമോഗംഭേസമുമൈയധന്യമെന്നോമൽതന്നേ
നട്ടോരിഴക്കമുകതിനട്ടുണ്ടുചാണ്മന്ത്രദീപ്പം
വട്ടംകേച്ചൊം ഇടയൊട്ടുതരംപോരുവാൻതാൻവളന്നൊ
ലെഴട്ടൊട്ടേൻവംചെവളുന്നിനവുണ്ടങ്ങുപാൎത്താലതിന്ന്. ൭൫

ഇന്നാളുള്ളോൻറഴകിലമുതൊൻനാട്ടതെരാണ്ടുപോരം
കന്യാരാമേശ്വകളിരവളൎത്തംചെമ്പകപ്പൂതല്ലുണ്ട്
തമ്പീരത്നംപകലുമിരവുംചെൻവതൊക്കംന്നാക്കം
മുന്നാളിപ്പൂൽമുകളമൂലവാവാൻകണക്കുണ്ടതിന്മേൽ. ൭൬

തേന്മാവോളംപനസനികരംതെങ്ങൊരോന്റിന്നനാനാ
ലന്നാലിന്നംക്രമുകമിടയിൽപാകിമൂന്മൻവനീള
ഒൻറിന്നൊൻവംവളകതളിയുംചിങ്ങനന്നേൽക്കരിന്വും
കാകൊണ്ടിട്ടുംവഴുതിനകളുംമന്ദിരേമൽപ്രിയയാൾ. ൭൭

ആലംകാലുംമഴലമിഴിയാൾതാൻവളൎത്തന്തിയോളം
നീലക്കാർമൻകുഴലിപ്പുഴലുംതൈമണംകേട്ടചെൻറ്
വാലുംതാനുംബെതമിന്നമിന്നതങ്ങിന്നേകാണലാംതേ
പാലുംചോലപ്പൂക്കിമെരികണ്ടെങ്ങുവായവ്യകോൎണേ. ൱൧

ആടിക്കാർമൻകുഴലിവടിവിൽതാൻചമെക്കുംനിറത്തിൽ
പാട്ടുംകൂട്ടപ്പലപരിചിലുംനൽച്ചിട്ടിലോകങ്ങൾചൊല്ലും
ഈടിക്കൂട്ടംമരതകരുചിതൊണ്ടിനേർചുണ്ടുമേന്തി
ക്കൂടക്കണ്ണോമൂടനോക്കിളിപ്പെൺകളിക്കിൻറവാറ്. ൱൨

മാഴക്കണ്ണോൾക്കുരമയിലുമുണ്ടങ്ങുപിങ്കാലെഴാളുംപോയ്
ആഴച്ചെല്ലുംപൂരികുഴലഴിച്ചുമൽനില്പോന്നേരം
ഊഴത്തെക്കണ്ടിരിൾമുകിലിതൻറഞ്ചിതംപീലിജാലം
പൂഴച്ചിന്തിച്ചുവയൊട്ടടനേപാടിയംടീട്ടുവോൻറ്. ൱൩

ചോറ്പ്പക്കളെല്ലാപലചെറിയതിന്നാരിയപ്പട്ടർപോയി
കേറപ്പാട്ടിക്കൊതിവടികറിപ്പൊൻവരാപിരാട്ടി
മാപ്പക്കിൻറതുള്ളവനിളയച്ചിക്കുമേനോക്കിയാർപോം-
ലാറ്റിൽപ്പോന്നാൾമലയിചിത്തേചിക്കുമിക്കോട്ടചിലം. ൱൪

നാരായണിക്കുട്ടി

നാരായണിക്കുട്ടി നാം കിടത്തിയ ദിക്കിൽതന്നെ സുഖമായി കിടക്കുന്നു. ആ കിടപ്പിന്ന് സുഖമില്ലെന്നില്ല, സൂക്ഷ്മം ആലോചിക്കുമ്പോൾ അതിനാണ് സുഖം. ഭൂമിയാകുന്ന കിടക്കയിൽ ആകാശമാകുന്ന മേൽക്കട്ടിയും കണ്ട് വൃക്ഷത്തിൻറ വേരാകുന്ന ഉപധാനത്തിന്മേൽ തലയും വെച്ചുള്ള കിടപ്പ് പ്രകൃതസ്സൗഖ്യമൂലവും ബാക്കിയുള്ള കിടപ്പെല്ലാം പ്രകൃതിസ്സു പ്രതികൂലവുമാണ്. എ

ന്നാൽ നാരായണിക്കുട്ടിയ്ക്കു ഈ വക തരങ്ങൾ ഒന്നും ആലോചിച്ചുനോക്കേ നിലയായിട്ടില്ല എന്നും ആ ആലോചനയുടെ ഫലമായിട്ടോണോ അങ്ങിനെ കിടക്കുന്നത് എന്നും വളരെ സംശയമാണ്. എന്തായാലും അവിടെത്തന്നെ കിടക്കട്ടെ. നമുക്ക് പണിക്കരുടെ പിന്നാലെ ഒന്നു പോയിനോക്കാം. കള്ളന്മാരുടെ വേഷം കെട്ടിയ തെമ്മാടിയായ ഗൃഹസ്ഥൻ ഒരു ഉദ്ദേശത്തോടുകൂടിയാണ് പണിക്കരെ ചാത്തുവാൻ കൊണ്ടുപോയതെന്നും ആയാളും ഡാക്ടരും കൂടി പണിക്കർക്ക് എന്തോ തകരാറു പിണച്ചിട്ടുണ്ടെന്നും എല്ലാവൎക്കും ബോദ്ധ്യമാണല്ലോ. എന്നാൽ ആ തകരാറിന്റെ ജാതിയ്ക്കു, നാരായണിക്കുട്ടിയും വായനക്കാരും വിചാരിച്ചിരിക്കാവുന്നതിൽനിന്ന് അല്പം വ്യത്യാസമുണ്ട്.

നടക്കാൻ പുറപ്പെട്ട് 15 മിനിററിനുള്ളിൽ ഗൃഹസ്ഥനെപ്പിന്തുടൎന്ന് പണിക്കർ ഒരു പുതിയ കെട്ടിടത്തിൽ പ്രവേശിച്ചു. അത് ഒരു പൊല്ലീസ്സ് സ്റ്റേഷനായിരുന്നു. പേട്ടൽ? എന്നാണ് ആ സ്റ്റേഷനിലെ ഉയൎന്ന അധികാരിയുടെ ഉദ്യോഗപ്പേര്. ആയാളാണ് ആ കുഗ്രാമത്തിലെ പ്രധാന ഉദ്യോഗസ്ഥൻ. ഇവർ കയറിച്ചെന്നപ്പോൾ അയാൾ ഒരു പുള്ളിയോട് ചോദിച്ചുകൊണ്ടായിരുന്നു. പുള്ളിയുടെ കൈ രണ്ടും പിന്നാക്കം പിടിച്ച് കെട്ടി ഒരു തടിയും തിരുകീട്ടാണ് ചോദ്യം. അവന്റെ പ്രാണവേദന കണ്ടപ്പോൾ പണിക്കരുടെ മുഖം വല്ലാതെയായി. എങ്കിലും ഒരു നിമിഷത്തിനുള്ളിൽ പണിക്കരുടെ കയ്യ് പൊല്ലീസ്സ് പേട്ടലിന്റെ കയ്യാൽ സ്നേഹസമന്വിതം പിടിക്കപ്പെടുകയും കെട്ടിടത്തിന്റെ ഓരോ ഭാഗവും കാണ്മാനായി നയിക്കപ്പെടുകയും ചെയ്തു. കള്ളപ്പുള്ളികൾ കിടക്കുന്ന മുറിയുടെ വാതിൽ തുറന്ന് താഴ് നടുവ നോക്കുവാനെന്നുള്ള ഭാവത്തിൽ മൂന്നു പേരും അകത്തു പ്രവേശിച്ചതും ഗൃഹസ്ഥനും പൊല്ലീസ്സുദ്യോഗസ്ഥനും പെട്ടെന്നു പുറത്തു കടന്നു വാതിൽ അടച്ചു പൂട്ടിക്കളകയും ചെയ്തു. മുൻകൂട്ടി ആലോചിച്ചുറച്ച ഒരു പണിയായതിനാൽ ഇതെല്ലാം ഒരു നിമിഷംകൊണ്ടു കഴിഞ്ഞു.

പണിക്കരുടെ വിഷാദസ്ഥിതിയെപ്പററി ഒന്നും പറയേണ്ടതി

കുന്നതാണു് ഭംഗി. തന്നെക്കുറിച്ചു പണിക്കൎക്കുണ്ടായ വ്യസനത്തിനു കാരണമുണ്ടായിരുന്നു. എന്നാൽ നിരാധാരയായ ആ യുവതിയേയും തന്റെ ബന്ധനത്തിനു ഇച്ഛയായി ക്രൂരചിത്തന്മാരായ ആ രണ്ടു മനുഷ്യരാക്ഷസന്മാർ ഗുണവതിയായ ആ കുട്ടിയിൽ ചെയ്യുമെന്നു തീൎച്ചപ്പെട്ടതായിരുന്ന ധൎമ്മധ്വംസനത്തിന്റെ ഭയങ്കരതയേയും ആലോചിച്ചപ്പോൾ പണിക്കൎക്കു് ഒരു സമാധാനവുമുണ്ടായില്ല. ഒരു നിമിഷത്തിൽ, ദമയന്തിയുടെ പാതിവ്രത്യശക്തിയാൽ ദഹിക്കപ്പെട്ട കാട്ടാളന്റെ കഥയോൎക്കും. മറുനിമിഷത്തിൽ, അതു പുരാണകഥയാണല്ലൊ അതുപോലെ ഇപ്പോഴും സംഭവിക്കുമൊ എന്നു സംശയിച്ചു വീണ്ടും വ്യസനിക്കും. ഉടനെ ചാരിത്രരക്ഷാധികാരിണിയായ ശ്രീപാൎവ്വതി ആ ധൎമ്മത്തിന്റെ രക്ഷക്കു് എന്തെങ്കിലും ഒരു വഴിയുണ്ടാക്കിക്കൊടുക്കുമെന്നു വിചാരിച്ചു സമാധാനിക്കും. ദിക്കും ദേശവും പരിചയമില്ലാതെ ശക്തന്മാരായ രണ്ടു പുരുഷാധമന്മാരുടെ കയ്യിൽ അകപ്പെട്ട ഒരു അബലക്കു് എങ്ങിനെയാണു് രക്ഷയുണ്ടാവുന്നതു് എന്നാലോചിച്ചു നിരാശപ്പെടും. 'മിന്നുന്നതൊക്കെയും പൊന്നല്ല' എന്നൎത്ഥത്തിൽ ഇംഗ്ലീഷിലും 'ഭാൎയ്യാ രൂപവതീ ശത്രുഃ' എന്നു സംസ്കൃതത്തിലും ഉള്ള ചൊല്ലുകളുടെ യാഥാൎത്ഥ്യം പണിക്കൎക്കു് വേണ്ടുംവണ്ണം ബോദ്ധ്യമായി.

ആ തടവുമുറിയിൽ കിടന്നിരുന്ന കൂട്ടർ പണിക്കരുടെ പ്രവേശനം നിമിത്തം വിസ്മയഭരിതന്മാരായി തീൎന്നു. കോമളമായ ആ മുഖത്തു് കള്ളലക്ഷണങ്ങൾ യാതൊന്നുമില്ലെന്നും സുകുമാരമായ ആ ശരീരത്തെ കാരാഗൃഹവാസയോഗ്യമായി ബ്രഹ്മാവു് സൃഷ്ടിച്ചിരിപ്പാൻ ന്യായമില്ലെന്നും കള്ളപ്പുള്ളികളായ അവൎക്കുകൂടി തോന്നുകയും പ്രകൃത്യാ ക്രൂരന്മാരായ അവൎക്കു് അദ്ദേഹത്തിന്റെ അവസ്ഥാഭേദത്തിൽ അനുകമ്പ ജനിക്കുകയും ചെയ്തു. സൂക്ഷ്മം നോക്കിയാൽ ജേലിൽ കിടക്കുന്ന പുള്ളികളെക്കാൾ കുറ്റം കൂടിയ എത്ര ജനങ്ങളാണു് സ്വാതന്ത്ര്യത്തോടുകൂടി പുറമെ നടക്കുന്നതു്? എന്തിനു്, ദുഷ്ടമൃഗങ്ങൾ എന്ന സംജ്ഞയോടുകൂടി വനാന്തരങ്ങളിൽ സഞ്ചരിക്കുന്ന സിംഹവ്യാഘ്രാദി ജന്തുക്കളെക്കാൾ ദുഷ്ടത കൂടിയ എത്ര ഇരുകാലി ജന്തുക്കളാണു് ഇക്കാലത്തു മനുഷ്യരുടെ ഇടയിൽതന്നെ നിൎഭയം

സഞ്ചരിയ്ക്കുന്നത്! ഇതിനെല്ലാം സൃഷ്ടികർത്താവിനെത്തന്നെ ഉത്തരവാദിയാക്കാം. അതങ്ങിനെ നിൽക്കട്ടെ.

പണിക്കർ അന്നു രാത്രിയും പിറേറദിവസം പകലും രാത്രിയും ആ മുറിയിൽ കഴിച്ചുകൂട്ടി. ഭക്ഷണത്തിന്നു തീരെ ആശയില്ല. അഥവാ ഉണ്ടെങ്കിൽതന്നെ കഴിപ്പാൻ പാടില്ലാത്തവിധത്തിൽ ബാജരി എന്ന ഒരുതരം ധാന്യംകൊണ്ടുള്ള അപ്പമാണ് കിട്ടുന്നത്. ജീവിതത്തിലുള്ള മോഹംകൊണ്ട് ഒന്നുരണ്ടുനേരം അതു കുറേശ്ശെ കടിച്ചുതിന്നു. ദഹനം പോരാഞ്ഞിട്ടോ ഉറക്കമില്ലായ്കകൊണ്ടോ എന്തോ മൂന്നാംദിവസം ഉച്ചക്ക് അതികഠിനമായ ഛർദ്ദിയും പോക്കും തുടങ്ങി. കയ്യുംകാലും വലി, വയറുകത്തൽ, കണ്ഠരോധം, ശ്വാസോച്ഛ്വാസത്തിന്നു ബുദ്ധിമുട്ട്, എന്നിവയും അതിന്റെ സഹായികളായി കൂടി. സമീപങ്ങളിൽ വിഷൂചിക അല്പാല്പമുണ്ടായിരുന്നതിനാൽ തങ്ങളുടെ ഭാഗ്യഹീനനായ കൂട്ടുകാരനെ ആ വ്യാധിബാധിച്ചിരിക്കുമെന്നു തടവുകാർ വിചാരിക്കയും അതു ശരിയാണെന്നു പൊലീസ്സുകാരും പ്രത്യേകിച്ചു നമ്മുടെ പട്ടേലും ഉറപ്പിച്ചു പറകയും ചെയ്തു. പതിനൊന്നു മണിമുതൽ മൂന്നുമണിവരെ നിരന്തരം ഛർദ്ദിയും പോക്കും ആയിരുന്നു. ജെയിൽ പുള്ളികളും മററുള്ളവരും ചെയ്യുന്ന ഉപചാരംകൊണ്ടു യാതൊരു ഭേദവുമില്ല. ദേഹമെല്ലാം പച്ചവെള്ളംപോലെ തണുത്തു. ക്ഷീണംകൊണ്ടു തലപൊക്കുവാൻ വയ്യാതായി. പോലീസ്സ പട്ടേലിന്നുകൂടി കഠിനമായ പശ്ചാത്താപം തുടങ്ങി. വ്യസനത്തോടും പരിഭ്രമത്തോടുംകൂടി ആയാൾ ഇടയ്ക്കിടയ്ക്ക് അടുത്തുചെന്നു ക്ഷേമാന്വേഷണങ്ങൾ ചെയ്യുന്നുണ്ട്. മരിക്കുകയേ ഉള്ളൂ എന്ന് എല്ലാവരും തീർച്ചയാക്കി. 'ആഹാരാദികളിൽ എന്തെങ്കിലും വേണമെന്നു തോന്നുന്നുണ്ടോ?' എന്നു പട്ടേൽ ഗൽഗദാക്ഷരത്തോടുകൂടി ചോദിച്ചു. പണിക്കർ പ്രയാസപ്പെട്ടു കണ്ണുമിഴിച്ചുനോക്കി 'ആ, ഒരിടങ്ങഴി പാലും പത്തു കോഴിമുട്ടയും' എന്ന ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു. പട്ടേൽ ഉടനെ ഒരു കൺസ്റ്റബിളിനെ അയച്ച് ആ രണ്ടു സാധനങ്ങളും വരുത്തി. തടവുപുള്ളികളുടെ സഹായത്താൽ പണിക്കർ എഴുന്നേററിരുന്നു മുട്ട മുഴുവൻ പാലിൽ ഉടച്ചു ചേർത്ത് ഒന്നായി കഴിക്കുകയും 'ആവു'

എന്നു പറഞ്ഞ് അവരുടെ കയ്യിലേയ്ക്കുതന്നെ മലൎന്നു വീഴുകയും
ചെയ്തു. കുറേനേരം ചേഷ്ടയൊന്നുമില്ലാതെ കിടന്നു. കഥ കഴി
ഞ്ഞു എന്ന് എല്ലാവൎക്കും തോന്നി. പെട്ടെന്നു പിന്നേയും രണ്ടുമൂ
ന്നുതവണ ഛൎദ്ദിയും പോക്കുമുണ്ടായി.

എന്നാൽ അതോടുകൂടി ക്ഷീണത്തിന്നു വളരെ ആശ്വാസം
വന്നു. പാലിന്റേയും മുട്ടയുടേയും മിടുക്കായിരിക്കാമെന്നു പട്ടേ
ലും 'ഞാൻ സംശയിച്ചതുപോലെ തന്നെയായിരിക്കണം' എന്ന്
പണിക്കരും വിചാരിച്ചു. പണിക്കൎക്കു സഹായംകൂടാതെ എഴുനീ
റ്റിരിക്കാമെന്ന നിലയായി. തന്നെ എഴുന്നേറ്റിരുന്നു. ഉടനെ ഒരു
കുതിരവണ്ടിയുടെ ശബ്ദം കേട്ടു. വണ്ടി സ്റ്റേഷന്റെ പടിക്കൽ നി
ന്നു. യോഗ്യരായ രണ്ടു സായ്പന്മാർ വണ്ടിയിൽനിന്നിറങ്ങി സ്റ്റേ
ഷ്യനിലേക്കു വന്നു. പോലീസ്സുകാരെല്ലാം അങ്ങോട്ടും ഇങ്ങോട്ടും
ഓട്ടവും ചാട്ടവും ഉടുപ്പിടലും തലക്കെട്ടു വെക്കലും തിരുതകൃതിയായി.
ഡിസ്ട്രിക്ട് പൊല്ലീസ് സൂപ്രഡണ്ടും ഡിസ്ട്രിക്ട് സൎജ്ജനുമാണ് ആ
വന്നത്. രണ്ടുപേരുംകൂടി അവിടെയും ഇവിടെയും നോക്കിയും ഓ
രോന്നു പറഞ്ഞും ചിരിച്ചുംകൊണ്ട് പണിക്കരിരിക്കുന്നതിന്നു സ
മീപത്തെത്തി. പണിക്കർ ഇരുന്നുകൊണ്ടുതന്നെ സലാം ചെയ്തു.
'യോഗ്യന്മാരെന്ന് കാഴ്ചയിൽതന്നെ അനുമാനിക്കാവുന്ന നിങ്ങളെ
യഥായോഗ്യം ഉപചരിപ്പാൻ സാധിക്കാത്ത എന്റെ ക്ഷീണത്തി
ന്ന് മാപ്പുതരേണമെന്ന് സവിനയം അപേക്ഷിക്കുന്നു' എന്ന് വള
രെ പതുക്കെ ഇംഗ്ലീഷിൽ പറഞ്ഞു.

സൂപ്രഡണ്ട്— 'നല്ല ഇംഗ്ലീഷ് സംസാരിക്കുന്ന ഈയാളാരാണ്?'
എന്ന് പിന്നാക്കം തിരിഞ്ഞു പട്ടേലിനോടു ചോദിച്ചു. ഈ ര
ണ്ടു പ്രധാന ഉദ്യോഗസ്ഥന്മാരുടെ യാദൃച്ഛികമായ ആഗമനം ത
ന്റെ ഉദ്ദേശസിദ്ധിയ്ക്കു പ്രതികൂലമായി പരിണമിക്കുമെന്നു മാത്ര
മല്ല, താൻ ദൈവത്തെ മറന്നു ചെയ്തുവെച്ചിട്ടുള്ളതും പശ്ചാത്താ
പത്താൽ മൊട്ടുസൂചികൊണ്ടെന്നപോലെ മനസ്സാക്ഷിയെ കു
ത്തിത്തുടങ്ങീട്ടുള്ളതുമായ ഭയങ്കരകൃത്രിമത്തെ കണ്ടുപിടിപ്പാനും
അതു നിമിത്തം അനിൎവ്വചനീയമായ സങ്കടത്തിൽ അകപ്പെടു
വാനും ഇടവരുമെന്നും ആലോചിച്ച് അഗാധമായ ചിന്താസ

മുറ്റത്തിൽ മുങ്ങിക്കിടന്നിരുന്ന നമ്മുടെ പട്ടേൽ ഈ ചോദ്യം കേട്ടയുടനെ വല്ലാതെ ഒന്നു പരുങ്ങി 'ഒരു കുററക്കാരനാണ്' എന്ന് മറുപടി പറഞ്ഞു. പട്ടേലിന്റെ പ്രകൃതിഭേദവും മറുപടി ഉച്ചരിക്കുന്നതിലുണ്ടായ ഇടർച്ചയും സൂക്ഷ്മജ്ഞനായ സൂപ്രണ്ടിന്റെ ദൃഷ്ടിയിൽ പെടാതിരുന്നില്ല. 'എന്ത്?' എന്ന് സൂപ്രണ്ട് ഘനപ്പിച്ച് ഒരു ചോദ്യം ചോദിച്ചതോടുകൂടി തടിയനായ പട്ടേൽ മലച്ചു കെട്ടി വീണുകഴിഞ്ഞു. അതിന്റെ ശേഷം പണിക്കർ, നടന്ന കഥയെല്ലാം സംക്ഷേപമായി പറഞ്ഞു കേൾപ്പിച്ചു. രണ്ടു പേരുടേയും പ്രത്യേകിച്ച് സൂപ്രണ്ടിന്റെയും മുഖം ചെമ്പരത്തിപ്പൂപോലെ ചുകന്നു. പണിക്കർ തന്റെ രോഗത്തിന് വിഷൂചികയുടെ ലക്ഷണങ്ങൾക്കു പുറമെ കഠിനദാഹം, ഉച്ഛ്വാസപ്രയാസം, വയറുകത്തൽ മുതലായി ചിലതുകൂടി ഉണ്ടാകയാൽ തനിക്ക് അജീർണ്ണത്തിലും അല്പം സംശയമുണ്ട്' എന്നു പറഞ്ഞു.

സജ്ജൻ— എന്നാലത് പാഷാണവിഷമാണ്.

പണിക്കർ— ഞാനും അങ്ങിനെതന്നെയാണ് സംശയിച്ചത്. മുട്ടയും പാലും കഴിച്ചപ്പോഴാണ് ആശ്വാസം കിട്ടിയതും.

സജ്ജൻ— എന്നാൽ തീർച്ചതന്നെ. ഛർദ്ദിയും വിസർജ്ജ്യവും പരിശോധിച്ചു കളയാം.

'എന്ത്? ഒരു പ്രധാനപ്പെട്ട പോലീസ്സുദ്യോഗസ്ഥൻ കൊലയ്ക്ക് ശ്രമിച്ചു എന്നോ? ജനങ്ങളുടെ രക്ഷകരായിക്കൊണ്ട് നിയമിക്കപ്പെട്ടിട്ടുള്ള ഈ ചെകിത്താന്മാർ ജനദ്രോഹം ചെയ്യുകയോ? ഞാനിസൈന്യത്തെ മുഴുവൻ വലിയതോക്കിന്റെ മുമ്പാകെ ചുട്ടുകളയും. ഈ കെട്ടിടങ്ങളെല്ലാം ഞാൻ ഡൈനാമിററ് ഇട്ട് തകർത്തുകളയും' എന്നിങ്ങിനെ അനിവാര്യമായ ക്ഷോഭത്തോടുകൂടി സൂപ്രണ്ട് ഉച്ചത്തിൽ പറയുന്ന ഘോഷം കേട്ട് പട്ടേൽ കണ്ണുമിഴിച്ചു. 'അതാ കള്ളൻ തല പൊക്കുന്നു. പിടിക്ക് അവനെ. വെക്ക് കയ്യാമം. കൊണ്ടുവാ'. സൂപ്രണ്ടിന്റെ ആജ്ഞ കേട്ടു ഒരു കാൺസ്റ്റബിൾ ഓടിപ്പോയി ഒരു കൈവിലങ്ങ് എടുത്തുകൊണ്ടുവന്നു സംശയിച്ചു നില്പായി. 'ഏ! അവൻ നിന്റെ മൂത്തച്ഛനാണല്ലോ. അവനെ

കയ്യാമം വെപ്പാൻ നിശ്ചയ മടിയായിരിക്കും. ഇങ്ങിനെകൊണ്ടുവം. ആവരണാര മനുഷ്യപ്പുഴു' എന്നു പറഞ്ഞുംകൊണ്ട് സൂപ്രഡണ്ട് ആ കൈവിലങ്ങു വാങ്ങി പേടിച്ച് വിറച്ചുകൊണ്ടു നില്ക്കുന്ന പട്ടേലിന്റെ കയ്യിന്മേൽ ഇട്ടുപൂട്ടി താക്കോൽ തന്റെ കുപ്പായത്തിന്റെ കീഴ്ശീലയിൽ ഇട്ടു. ഉടനെ നാലുപേർ കൺസ്റ്റബിൾമാരോടും കൂടി പുറത്തിറങ്ങി നമ്മുടെ ഗൃഹസ്ഥനേയും മേൽപ്രകാരം ബന്ധിച്ചുകൊണ്ടുവരികയും ചെയ്തു. ഇതിനിടക്ക് സർജ്ജൻ മുൻപറഞ്ഞ ഇതുപോലെ സൂക്ഷ്മമായ ഒരു പരിശോധന നടത്തി ചട്ടിയിൽനിന്നും മററും പാഷാണവിഷം വേർതിരിച്ചെടുത്തുവെച്ചു. ഇത്രയും പ്രബലമായ തെളിവുള്ള സ്ഥിതിക്ക് നിഷേധിച്ചിട്ട് കാര്യമില്ലെന്നു തീർച്ചയാക്കി ഗൃഹസ്ഥനും പട്ടേലും കുററം സമ്മതിച്ച് മൊഴികൊടുത്തു. ആദ്യം കൊല്ലണമെന്നു വിചാരിച്ചിട്ടില്ലായിരുന്നു എന്നും എന്നാൽ ആ സ്ത്രീ ചാടിപ്പോകയും ഞങ്ങൾ അടുത്ത പ്രദേശങ്ങളിൽ അന്വേഷിച്ചിട്ടും കാണാതിരിക്കുകയും ചെയ്തപ്പോൾ ആയാളെ വിടുന്നതായാൽ ആ സ്ത്രീയുടെ ഉത്തരവാദം പറയിക്കുമെന്ന് ഭയപ്പെട്ട് പാഷാണം കൊടുത്തതാണെന്നും ആ കുററസമ്മതത്തിൽ നിന്നു വെളിവായി.

മൂന്നു പേർ കൺസ്റ്റബിൾമാരോടുകൂടി ഗൃഹസ്ഥനേയും പട്ടേലിനേയും റിമാണ്ടിന്നായി അടുത്ത മജിസ്ത്രേട്ടിന്റെ അടുക്കലേക്കും അത്രയും കൺസ്റ്റബിൾമാരോടും സർജ്ജന്റെ പ്രത്യേകം എഴുത്തോടുംകൂടി പണിക്കരെ ചികിത്സിപ്പാനായി അടുത്ത ആസ്പത്രിയിലേക്കും അയച്ചു, ഇക്കാര്യസംബന്ധമായി വേറെയും ചിലരോട് മൊഴിവാങ്ങുവാനും ഇതുപോലെതന്നെ വേറെ ചില സ്ഥലങ്ങൾ പരിശോധിക്കുവാനുമായി സർജ്ജനും സൂപ്രഡണ്ടും അവിടെത്തന്നെ താമസിച്ചു. മൊഴിവാങ്ങുകയോ പരിശോധിക്കുകയോ റിമാണ്ടുവാങ്ങി പുള്ളികളെ തടവിൽ വെക്കുകയോ എന്തെങ്കിലും ചെയ്യട്ടെ. നമുക്കതിന്നൊന്നും ഭാരമില്ല. എന്നാൽ പണിക്കരുടെകൂടെ പോകാതെ നിവൃത്തിയുമില്ലല്ലൊ.

മേലധികാരിയുടെ പ്രത്യേക പ്രതിപത്തിക്ക് പാത്രമാണെന്ന് എഴുത്തു മൂലം സ്പഷ്ടമാകയാൽ പണിക്കരെ ആസ്പത്രിയിലുള്ള

പ്രത്യേക ശ്രദ്ധയോടുകൂടി ശുശ്രൂഷിച്ചു എന്നു പറയേണ്ടതില്ലല്ലൊ. ചുണ്ണാമ്പുനീര്, എണ്ണ മുതലായി പാഷാണവിഷത്തിനുള്ള മറുമരുന്നുകളെല്ലാം ഉടനുടൻ പ്രയോഗിച്ച് വിഷത്തിൻെറ ബാധ മുഴുവൻ ഒഴിപ്പിക്കുകയും ദേഹപോഷണോപയുക്തങ്ങളായ ആഹാരങ്ങൾ ക്രമംപോലെ കൊടുക്കുകയും ചെയ്കയാൽ രണ്ടു മൂന്നു ദിവസത്തിനുള്ളിൽ പണിക്കരുടെ ക്ഷീണത്തിന്നു വളരെ ശമനംവന്നു. തൻെറ ക്ഷീണം ഭേദമായിവരുന്തോറും പണിക്കൎക്ക് നാരായണിക്കുട്ടിയെക്കുറിച്ചുള്ള വിചാരത്തിന്നു ശക്തി കൂടിവന്നു. ഘോരരാത്രിയിൽ ഏകാകിനിയായി സഞ്ചരിക്കുമ്പോൾ പല്ലവകോമളമായ ആ ദേഹം വല്ല ദുഷ്ടമൃഗങ്ങൾക്കും ആഹാരമായി ഭവിച്ചുവോ? അതില്ലാ കഷ്ടമായ വിധത്തിൽ ദാക്ഷിണ്യശൂന്യന്മാരായ വല്ല ദുഷ്ടബുദ്ധികളുടേയും അധീനത്തിൽ അകപ്പെട്ടുവൊ? എന്തായാലും സജ്ജനം സ്വപ്രധണും മടങ്ങി എത്തിയാൽ മുറക്കുരന്വേഷണം നടത്തേണമെന്നു തീർച്ചയാക്കി. നാലാം ദിവസം രാവിലെ ചായയും പലഹാരവും കഴിച്ച് മേലെഴുതിയ മനോരാജ്യങ്ങളും വിചാരിച്ച് കിടക്കുന്ന സമയം ആസ്പത്രിവകയായിതന്നെ കുറെ അകലെയായി കെട്ടപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തിൽനിന്ന് താഴെ എഴുതുംപ്രകാരം ആരോ ഉച്ചത്തിൽ പറയുന്നതു കേട്ടു: — 'അച്ഛനമ്മ മരിക്കയും മലതെങ്ങിനിന്നു വീഴ്കയും, അതിൽ അച്ഛനമ്മ മരിച്ചു ഇനി തെങ്ങിനിന്നു വീഴണം, കാററ് നല്ലവണ്ണമടിച്ചാൽ അതും പററും'.

പണിക്കർ തേളുകുത്തിയതുപോലെ പിടഞ്ഞെഴുന്നേററു. 'എന്താണ് സംഗതി' എന്നു ചോദിച്ചുകൊണ്ടു നഴ്സ് (ശുശ്രൂഷിപ്പാനുള്ള സ്ത്രീ) അടുത്തുവന്നു.

പണിക്കർ—ആരുടെയാണ് ആ ഉച്ചത്തിലുള്ള ശബ്ദം കേട്ടത്?

സ്ത്രീ—അത് ആറേഴുദിവസംമുമ്പെ പോലീസ്സുകാർ ഹാജരാക്കിയ ഒരു ഭ്രാന്തത്തിയുടെ ശബ്ദമാണ്. ചിലപ്പോൾ ഇംഗ്ലീഷും പറയും. ചിലപ്പോൾ ഇതു ഇപ്പറഞ്ഞമാതിരി തമിഴും പറയും. ചിലപ്പോൾ ചിരിക്കും. ചിലപ്പോൾ കരയും. ഇങ്ങിനെയാണ് പ്രകൃതം, കഷ്ടംതോന്നും.

പണിക്കർ—എനിക്ക് ആ സ്ത്രീയെ ഒന്നു കാണണം.

സ്ത്രീ—അനുവാദംകൂടാതെ ആക്കും കാണ്മാൻ പാടില്ലെന്നാണ് അപ്പാത്തിക്കിരിയുടെ നിശ്ചയം.

പണിക്കർ—ആ സ്ത്രീ എന്റെ സ്വന്തം ആളാണ്. കാണാതെ കഴികയില്ല.

സ്ത്രീ—എന്നാൽ ഞാൻ പോയി അപ്പാത്തിക്കിരിയുടെ അനുവാദം വാങ്ങിക്കൊണ്ടുവരാം.

എന്നു പറഞ്ഞു പുറത്തുകിറങ്ങി രണ്ടു മിനിററിനുള്ളിൽ മടങ്ങിവന്നു. 'പോരാം' എന്നു പറയുന്നതിനു മുമ്പായിത്തന്നെ പണിക്കർ പോയിത്തുടങ്ങി. വായുവേഗത്തോടുകൂടി സ്ത്രീകളുടെ ശാലയ്ക്കടുത്തെത്തി. കൂടെയുള്ള സ്ത്രീ കാണിച്ചുകൊടുത്ത വഴിയിൽകൂടി നാരായണിക്കുട്ടി കിടക്കുന്ന മുറിയിൽ പ്രവേശിച്ചു. (മേൽ പറഞ്ഞ ഭ്രാന്തത്തി നമ്മുടെ സംഗൃഹീതയായ നാരായണിക്കുട്ടിയല്ലാതെ ആരാണ്?) കെട്ടാതെയും വേർപെടുത്താതെയും ചിന്നിച്ചിതറി ജടപിടിച്ചു കിടക്കുന്ന തലമുടിയോടും പ്രഭാതസമയത്തിലെ പൂർണ്ണചന്ദ്രബിംബംപോലെ വിളർത്ത കവിൾത്തടങ്ങളോടും ഉദ്ദേശത്തോടുകൂടാതെയും സ്ഥിരമായി ഒരു പദാർത്ഥത്തിൽ നില്ക്കാതെയും അങ്ങുമിങ്ങും എറിഞ്ഞുകൊണ്ടിരിക്കുന്ന കണ്ണുകളോടും ആസ്പത്രിയിൽനിന്നു കൊടുത്ത ഒരുവക ഉടുപ്പാൽ മറയ്ക്കപ്പെട്ടു പൃഥുലകുചഭരത്തെ അമർത്തിക്കെട്ടിയിരിക്കുന്ന കൈകളോടുംകൂടി വിചാരശൂന്യയായി ഇടത്തും വലത്തും നില്ക്കുന്ന രണ്ടു സ്ത്രീകളാൽ സശ്രദ്ധം ശുശ്രൂഷിതയായി ഒരു ചാരുകസേരയിൽ കിടക്കുന്ന നാരായണിക്കുട്ടിയെക്കണ്ട നിമിഷത്തിൽ പണിക്കരുടെ ഹൃദയം ഉരുകിപ്പോകയും അശ്രു ബാഷ്പരൂപമായി കണ്ണുകളിൽകൂടി പ്രവഹിക്കയും ചെയ്തു. നാരായണിക്കുട്ടി കുറച്ചുനേരം പണിക്കരുടെ മുഖത്തു നോക്കി 'ഹ-ഹ- കണ്ണുകളിൽ നല്ല ഉറവ്' എന്നു പറഞ്ഞു. നാരായണിക്കുട്ടി പണിക്കരെ തിരിച്ചറിഞ്ഞില്ലെന്നു ബോദ്ധ്യമായ ഉടനെ 'എന്റെ ശ്രീപാർവ്വതീ! ഈ കഷ്ടവും എന്റെ കണ്ണിൽ കാണിച്ചുവല്ലോ' എന്നു പതുക്കെപ്പറഞ്ഞു പണിക്കർ ദീർഘമായൊന്നു നിശ്വസിച്ചു.

നാരായണി— ആര് പാർവ്വതിയോ? പാർവ്വതിയെ ഞാനറിയും. എ

നിയ്ക്ക് വലിയ ഇഷ്ടമാണ്. പക്ഷെ ഇങ്ങോട്ട് അത്രയില്ല. അതാണ് തകരാറ്.

പണിക്കൎക്ക് ഈ നിലയിൽ അവിടെ നില്പാൻ തീരെ മോഹമില്ലാതായി. എങ്കിലും ശുശ്രൂഷക്കാരുടെ നിൎബ്ബന്ധത്താൽ എന്താനും ചില ചോദ്യങ്ങൾകൂടി ചോദിക്കേണ്ടി വന്നു.

പണിക്കർ— എന്നെ അറിയുമൊ?

നാരായണി— ഓ ആരാണിത്ര ശൌൎയ്യത്തോടുകൂടി ചോദിക്കുന്നത്. 'എന്നെ അറിയുമൊ? ഞാനൊന്നു വീരനാണ്' എന്നല്ലെ പറയുന്നത്?

പണിക്കർ— ഇവർ സംസാരിക്കുന്ന ഭാഷതന്നെയാണോ ഞാൻ സംസാരിക്കുന്നത്.

നാരായണിക്കുട്ടി— മനുഷ്യർതന്നെ പല ഭാഷയിലാണ്. അവർ സംസാരിക്കുന്ന ഭാഷയും പലവിധം. പക്ഷെ ചിലത് ഭാഷയായി ചിലത് ഭാഷയായില്ല എന്നുവരും. അതിനിത്ര ഭാഷിക്കുന്നമില്ല.

പണിക്കർ— എന്നെ മനസ്സിലായോ എന്നാണ് ഞാൻ ചോദിക്കുന്നത്.

നാരായണിക്കുട്ടി— പരമാണുപ്രായമായ മനസ്സിൽ ഒരാളെ ആക്കാൻ ഞെരുക്കമല്ലെ? പക്ഷെ എനിക്കു ഇതു സാധിച്ചു. സ്വകാര്യമാണ് മിണ്ടിപ്പോകരുതെ, ട്ടൊ. ഞാനൊരാളെ മനസ്സിൽ ആക്കി എന്നു പറഞ്ഞാൽ പോരാ. പ്രതിഷ്ഠിച്ചു. നല്ല ആളാണ് ദൂഷ്യം പറയരുതല്ലൊ. എന്നാൽ ആ ആളെ തടിയൻ ഡാക്ടർ മരുന്നുകൊടുത്തു കൊന്നു. അപ്പോഴം എന്റെ മനസ്സ ശുദ്ധമായി. ഒരു കറുപ്പും ഇല്ലാതായി. 'പോരിൽപരാപുരസ്ത്രീജനമനമനിശം കോമളം പൂവുപോലെ' എന്ന മട്ടായി. മനുഷ്യന്ന് കാൎയ്യമെന്താണ്. എരിശ്ശേരിയും ചോറുമാണ് എന്നൊരു വകക്കാര് പറയും. എന്നാൽ അതല്ല. മനഃശ്ശുദ്ധി. എന്റെ മനസ്സ് ശുദ്ധമാണ്. ഹ, ഹ, നല്ലശുദ്ധം! അച്ഛനുമമ്മയും മരിച്ചിട്ടുള്ള വ്യസനത്തിന്നിടക്ക്, ആരുമാരു മറിയാതെ ഒരാളെ മനസ്സിൽ— ഞാൻ പറയേണ്ട. 'ചാപല്യമേ! നിന്റെ പേര് സ്ത്രീയെന്നാണ്' എന്ന് ഹാംലററി

ന്നെക്കൊണ്ട് ഷേക്സ്പിയർ പറയിച്ചിട്ടുള്ളത് നിങ്ങൾ വായിച്ചിട്ടുണ്ടോ? ഞാൻ വായിച്ചിട്ടുണ്ട്. 'ഉണ്ടവന് ഉറക്കം' എന്നു പറഞ്ഞതുപോലെ വായിച്ചവനാണ് അറിവ്. ഭൂമിയിൽ അറിവുള്ളവർ ചുരുക്കം. 'ലക്ഷം പുരുഷർ കൂടും സഭയിൽ ലക്ഷണമൊത്തവരൊന്നോ രണ്ടോ?' ലക്ഷണാന്വിതനായ സുമിത്രാകുമാരനു ലക്ഷ്മണനെന്നുതന്നെ നാമവുമിട്ടിടിനാൻ'.

ദീർഘമായ ഈ പ്രസംഗാനന്തരം നാരായണിക്കുട്ടി പണിക്കരുടെ മുഖത്ത് കുറെ നേരം സൂക്ഷിച്ചു നോക്കി. 'അയ്യോ! ഇതാരാണ്? പ്രേതം, പ്രേതം, പ്രേതം'. എന്ന് ഉറക്കെ നിലവിളിച്ചുംകൊണ്ട് ചാരുകസേരയിൽനിന്ന് പെട്ടെന്ന് എഴുന്നേററ് മോഹാലസ്യപ്പെട്ട് വീഴുവാൻ ഭാവിച്ചപ്പോൾ, 'പ്രേതമല്ല ഇത്, ആ മഹാപാപിതന്നെയാണ്' എന്നു പറഞ്ഞുകൊണ്ട് പണിക്കരും ശുശ്രൂഷക്കാരികളായ രണ്ടു സ്ത്രീകളും ഒപ്പം താങ്ങി അടുത്തുണ്ടായിരുന്ന കട്ടിലിന്മേൽ കിടത്തി. നാരായണിക്കുട്ടിയുടെ തലയെടുത്ത് മടിയിൽവെച്ച് പണിക്കർ കട്ടിലിൻെറ തലക്കൽ ഇരുന്നു. കൈലേസ്സുകൊണ്ട് ഇടയ്ക്കിടക്ക് നാരായണിക്കുട്ടിയുടെ മഞ്ഞുപോലെ ധവളമായ നെററിത്തടത്തിൽ പൊടിയുന്ന വിയർപ്പുതുള്ളികളെയും ഇടയ്ക്കിടയ്ക്ക് തൻെറ കണ്ണിൽ നിറയുന്ന അശ്രുബിന്ദുക്കളെയും തുടച്ചും ശ്വാസത്തെ നിരോധിച്ചു ശ്രദ്ധയോടുംകൂടി ആ തരുണീരത്നത്തിൻെറ സുബോധപ്രാപ്തിയെ പ്രതീക്ഷിച്ചും ഒരു പതിനഞ്ചു മിനിററു നേരം പണിക്കർ പെട്ട പാടിന്ന് ഒരവസാനമില്ല. മേൽപറഞ്ഞ രണ്ടു സ്ത്രീകളും ബോധക്ഷയം തീരുവാനായി ഓരോ ഉപചാരങ്ങൾ ചെയ്യുന്നുണ്ട്. അവയുടെ ഫലമായിട്ടോ അതോ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന പണിക്കരുടെ കണ്ണിൽനിന്ന് അദ്ദേഹമറിയാതെ നാരായണിക്കുട്ടിയുടെ മുഖത്തു വീണ കണ്ണീർത്തുള്ളിയുടെ ചൂടു തട്ടീട്ടോ എന്നറിഞ്ഞുകൂട നാരായണിക്കുട്ടി പെട്ടെന്ന് കണ്ണുമിഴിച്ചു. പണിക്കരെയും സ്ത്രീകളെയും കുറച്ചു നേരം നോക്കി.

നാരായണിക്കുട്ടി— ഞാൻ സ്വപ്നംകാണുകയാണോ? അതോ ഇതെല്ലാം ശരിതന്നെയോ?

പണിക്കർ—സ്വപ്നമല്ല. ഈശ്വരാധീനംകൊണ്ടു യാതൊരാപകടവും പിണയാതെ ഞാൻ വീണ്ടും കുട്ടിയോടൊത്തു ചേൎന്നു.

നാരായണിക്കുട്ടി—ആവൂ എനിക്കു സുഖമായി. ഇനി ഒന്നു തീൎച്ചയാണ്. എവിടെപ്പോകയാണെങ്കിലും ഞാൻ കൂടെയുണ്ട്.

പണിക്കർ—ഇതു ഞാൻ ഇതിന്നു മുമ്പെതന്നെ തീൎച്ചയാക്കിയിരിക്കുന്നു.

നാരായണിക്കുട്ടി—എനിക്കു ബുദ്ധിക്ക് എന്തോ വല്ലാതെ ഒരു ഭ്രമം സംഭവിച്ചുപോയി. എന്തൊക്കെയാണ് പറഞ്ഞത് ആരെ ഒക്കെയാണ് ശകാരിച്ചത് എന്ന് ഒന്നും എനിക്കു നിശ്ചയമില്ല. ബുദ്ധിഭ്രമത്തിൽ പറഞ്ഞതൊന്നും വകവെക്കരുതെ.

പണിക്കർ—അങ്ങിനെ പറയരുതെ; ആ പറഞ്ഞതിലാണ് എന്റെ ഭാഗ്യം മുഴുവൻ കിടപ്പ്.

നാരായണിക്കുട്ടിയുടെ മുഖം രക്തവൎണ്ണമായി. അതു കാണാതിരിപ്പാൻവേണ്ടി രണ്ടു കൈകൊണ്ടും മുഖം മറച്ചു. ശുശ്രൂഷക്കുള്ളവർ ഇതിന്നു മുമ്പായിത്തന്നെ ആഹാരവും മരുന്നുംകൊണ്ടു വരുവാനായി പോയിരുന്നു. അവർകൂടി ഈ ഭാവവികാരം കാണ്മാൻ സംഗതിയായി എങ്കിൽ നാരായണിക്കുട്ടി ലജ്ജാസംഭ്രമങ്ങളാൽ ദഹിക്കുമായിരുന്നു. പണിക്കരുടെ ഹൃദയം കിട്ടാംകിട്ടം എന്നു ഇടിക്കുന്ന ശബ്ദം നാരായണിക്കുട്ടിക്കു കേൾക്കാം. രണ്ടുപേരിൽ ആൎക്കാണ് അധികം പരിഭ്രമം എന്നു പറവാൻ പ്രയാസമാണ്. കുറെനേരം നിശ്ശബ്ദമായിരുന്നു.

പണിക്കർ—എന്റെ സാഹസത്തിന്നു മാപ്പുതരുവാൻ അപേക്ഷിക്കുന്നു.

നാരായണിക്കുട്ടി—അയ്യോ അങ്ങിനെ പറയരുതെ. എന്നെ വ്യസനിപ്പിക്കരുതെ. ഞാൻ മിണ്ടാതിരുന്നത് അതൊന്നുമല്ല. ഓൎമ്മയില്ലാതെ എന്തെല്ലാം വിഡ്ഢിത്തമാണ് പറഞ്ഞത് എന്ന് ആലോചിക്കയായിരുന്നു.

പണിക്കർ—വിഡ്ഢിത്തമൊന്നും പറഞ്ഞില്ല. വിഡ്ഢിത്തത്തിലാണോ എന്റെ ഭാഗ്യത്തിന്റെ കിടപ്പ്.

നാരായണിക്കുട്ടി— അതല്ലാ. ആട്ടെ ഞാൻ ഇംഗ്ലീഷിലൊ മലയാളത്തിലൊ സംസാരിച്ചത്?

പണിക്കർ— മലയാളത്തിൽ.

നാരായണിക്കുട്ടി— ആവു വല്ലവണ്ണേം. ഈയൊരാശ്വാസം മാത്രമല്ലെ അറിഞ്ഞുള്ളൂ. അത് ഇപ്പോഴല്ലെങ്കിൽ എപ്പോഴെങ്കിലും കൂടാതെ കഴിയുകയുമില്ലല്ലോ

പണിക്കർ— അല്ലയോ ജീവേശ്വരി! കഷ്ടപ്പാടുകൾകൊണ്ടും ഭവതിയുടെ രക്ഷയെപ്പറ്റിയുള്ള ചിന്തകൊണ്ടും ദഹിച്ചിരിക്കുന്ന എന്റെ മനസ്സിന്ന് ഇതൊരു അമൃതസേചനം തന്നെ.

ഇത്രയും പറഞ്ഞപ്പോഴേക്കും മരുന്നും ആഹാരവുംകൊണ്ടു രണ്ടു സ്ത്രീകളും പണിക്കർക്ക് ആഹാരംകൊണ്ടു ഒരു സ്ത്രീയും വന്നു. 'എനിക്കിനി മരുന്നാവശ്യമില്ല. എന്റെ രോഗശമനം മൂർത്തീകരിച്ച് ആവിർഭവിച്ചു കഴിഞ്ഞു' എന്നു മലയാളത്തിൽ പറഞ്ഞു ഒരു മന്ദസ്മിതവും കടാക്ഷവുംകൊണ്ടു പണിക്കരെ നിശ്ചേഷ്ടനാക്കി നാരായണിക്കുട്ടി മരുന്നുവാങ്ങി സേവിച്ചു. രണ്ടുപേരും ഒരുമിച്ചിരുന്നു റൊട്ടിയും പാലും കഴിച്ചു. നാരായണിക്കുട്ടിയുടെ ഉള്ളിൽ പണിക്കരും പണിക്കരുടെ ഉള്ളിൽ നാരായണിക്കുട്ടിയും പൂർവ്വാധികസ്വാതന്ത്ര്യത്തോടുകൂടി സ്ഥലം പിടിച്ചതിനാൽ, 'കൊള്ളില്ലെന്നുമകന്നേനുമുള്ളൊരു നിലയായിതെല്ലോ ചെയ്യുമവൾ'. അതിനാൽ ഭക്ഷണം കഴിച്ചില്ലെങ്കിലും തരക്കേടില്ലെന്നു തോന്നി. അവർ ഇതുവരെ അനുഭവിച്ച കഷ്ടപ്പാടുകൾക്കെല്ലാം മതിയായ പരിഹാരമായി. ഇങ്ങിനെ ഐഹികത്തിന്റെ നിലയിൽനിന്നു കുറെക്കൂടി ഉയർന്നതെന്നു രണ്ടുപേർക്കും തോന്നിയ പരമാനന്ദത്തിൽ ലയിച്ചിരിക്കുമ്പോൾ ഒരു വേലക്കാരൻ വന്നു പൊല്ലീസ് സൂപ്രണ്ടും ഡിസ്ട്രിക്ട് സർജ്ജനും വന്നിരിക്കുന്നതായും കാണ്മാൻ ആവശ്യപ്പെടുന്നതായും പണിക്കരോടറിയിച്ചു.

പണിക്കർ— ഞാൻ അവരെ ഒന്നു കണ്ടു വേഗം വരാം.

നാരായണിക്കുട്ടി— അല്ലാ. ശപഥം ഇത്ര ക്ഷണം മറന്നുവോ? കരാറ് നിശ്ചയത്തെ ലംഘിക്കുകയാണെങ്കിലും ഞാൻ അനുവദിച്ചിട്ടില്ല. ഞാനും കൂടെയുണ്ട്.

പണിക്കർ— അയ്യോ! ഞാൻ അതു മറന്നിട്ടില്ല. സായ്പുമാരെ കാണാൻ പോകയല്ലെ? ആസ്പത്രിവിട്ടു പുറത്തുപോകുന്നതുമില്ല. അതുകൊണ്ടു.

നാരായണിക്കുട്ടി— സായ്പുമാർ അത്ര ഭയങ്കരന്മാരല്ല. ഞാൻ കൂടെയുണ്ട്.

രണ്ടുപേരുംകൂടി ചെല്ലുന്നതു കണ്ടപ്പോൾ തന്നെ സായ്പുമാർ എഴുന്നേററ് അവരെ ഇരുത്തി വളരെ ദയവായി സംസാരിച്ചു.

സൂപ്രഡണ്ട്— സാധുസ്ത്രീ. കൂട്ടംകൂട്ടമായി വന്ന ആപത്തുകളുടെ കാഠിന്യത്തെ സഹിപ്പാൻ ദുർബ്ബലമായ ഇവളുടെ ഹൃദയത്തിന്നു ശക്തിയില്ലാതെയായി. എനിക്കു തന്നെ വിചാരിക്കുമ്പോൾ ഭയമാകുന്നു.

സജ്ജൻ— ആസ്പത്രിയിൽ രണ്ടുപേരും സുഖമായിരുന്നില്ലെ?

പണിക്കരും നാരായണിക്കുട്ടിയും— ഉവ്വ്.

സൂപ്രഡണ്ട്— (ചിരിച്ചുംകൊണ്ട്) ഇതു എനിക്കൊരു കത്താണ്. പൊല്ലീസ്സു ഡിപ്പാർട്ടുമെണ്ടും മെഡിക്കൽ ഡിപ്പാർട്ടുമെണ്ടും തമ്മിലുള്ള അന്തരം കണ്ടുവോ എന്നാണതിന്റെ സാരം. പൊല്ലീസ്സുകാരും എല്ലാം അക്രമികളല്ല. ബോധക്ഷയത്തോടുകൂടി കിടന്നിരുന്ന ഈ സ്ത്രീയെ അവളുടെ കൈവശമുണ്ടായിരുന്ന വാച്ചോട്ടും പവനോട്ടും കൂടി ഹാജരാക്കിയതും ആ സൈന്യത്തിൽപ്പെട്ട ചിലരല്ലെ? ചിലർ അക്രമികളാം. അവർക്ക് അതിനൊത്ത ഫലവും. കലക്ടർ ഉത്സാഹിച്ചു കുററത്തിന്നു പൊല്ലീസ്സു പട്ടേലിനേയും നിങ്ങളെ സല്ക്കരിച്ച ആളെയും കമ്മിററുചെയ്തിട്ടുണ്ട്.

നാരായണിക്കുട്ടി— ആ വൈദ്യനേയൊ?

സൂപ്രഡണ്ട്— ആ വന്നത് വൈദ്യനല്ല. കള്ളത്തടിയൻ പൊല്ലീസ്സു പട്ടേലാണ്. വൈദ്യനാണെന്നു പറഞ്ഞാൽ നിർബ്ബാധമായി കാണാമല്ലൊ എന്നു വിചാരിച്ചു ആ വേഷം കെട്ടിയതാണ്. അതെല്ലാം തെളിഞ്ഞിട്ടുണ്ട്. നിങ്ങൾ രണ്ടുപേരും സാക്ഷികളാണ്. മററന്നാളാണ് വിചാരണ. അതു കഴിഞ്ഞു പോയാൽ പോരെ?

പണിക്കർ— മതി.

സജ്ജൻ—രണ്ടുപേരും സ്വൈരമായി താമസിപ്പാൻ ആസ്പത്രിയിൽ പ്രത്യേകസ്ഥലം ഏർപ്പാടുചെയ്യാം.

പണിക്കർ— വളരെ വന്ദനം.

സജ്ജൻെറ ഹൃദയപൂർവ്വമായ സൽക്കാരത്തിൻെറ സുഖത്തെ അനുഭവിച്ചും, ആദികാലത്തുതന്നെ അന്യോന്യം അങ്കുരിച്ചിട്ടുണ്ടായിരുന്നതും പിന്നീടുണ്ടായ വിരഹതാപത്തിൻെറ ചണ്ഡതയാൽ കരിഞ്ഞുനിൽക്കുന്നതുമായ അനുരാഗവൃക്ഷത്തെ സല്ലാപാമൃതധാരയാലും സഹവാസദോഹളത്താലും പോഷിപ്പിച്ചും, ഐഹികമോക്ഷങ്ങളിൽ സാമീപ്യസാലോക്യങ്ങളെ യഥായോഗ്യം അനുഭവിച്ചും, സായൂജ്യപ്രാപ്തിക്കുള്ള ഭാഗ്യാവസരത്തെ പ്രതീക്ഷിച്ചും, നമ്മുടെ നായികാനായകന്മാർ രണ്ടു ദിവസം അവിടെ താമസിച്ചു. മൂന്നാം ദിവസം സജ്ജനോടും പൊല്ലീസ്സ് സൂപ്രഡണ്ടിനോടും, കേസ്സിലേയ്ക്കുള്ള മററു സാക്ഷികളോടുംകൂടി അവിടെനിന്ന് 15 മൈൽ അകലമുള്ള സെഷ്യൻ കോടതിയ്ക്ക് പോകയും ഉണ്ടായ വസ്തുതയ്ക്ക് രണ്ടു പേരും മൊഴികൊടുക്കുകയും ചെയ്ത് അവിടെവെച്ചു തന്നെ സജ്ജനോടും സൂപ്രഡണ്ടിനോടും വളരെ വന്ദനത്തോടുകൂടി യാത്ര പറഞ്ഞ് പ്രയാഗയിലേക്ക് ഒന്നായി ശീട്ടുവാങ്ങി വണ്ടികയറുകയും ചെയ്തു. രണ്ടാം ദിവസം പ്രയാഗയിലെത്തി. അന്ന് തുലാ 14-ാം ദിവസമായിരുന്നതിനാൽ ഗംഗാസ്നാനം മാത്രം ചെയ്ത് ഒരു സ്ഥലം വാങ്ങി താമസിച്ചു. ഉച്ചയ്ക്ക് ഊണു കഴിച്ചു പണിക്കർ നാട്ടിലേക്കു ചില എഴുത്തുകൾ എഴുതിക്കൊണ്ടിരുന്നു. നാരായണിക്കുട്ടി അന്നു കാലത്ത് തീവണ്ടി ആപ്പീസ്സിൽ വെച്ചുവാങ്ങിയ ഒരു ഇംഗ്ലീഷ് വർത്തമാനപത്രം വായിക്കുകയായിരുന്നു. പണിക്കർ ഒരു ഘട്ടത്തിൽ തിരിഞ്ഞിട്ട് നാരായണിക്കുട്ടിയുടെ മുഖത്തുനോക്കിയപ്പോൾ വർത്തമാനപത്രം കയ്യിൽ വെച്ചുകൊണ്ട് കരയുന്നതായിക്കണ്ടു. 'എന്താണ് സംഗതി' എന്നു ചോദിച്ച് പണിക്കർ അടുത്തു ചെന്നപ്പോൾ കടലാസ്സിലെ ഒരു ഭാഗം ചൂണ്ടിക്കാണിച്ച് കടലാസ്സു കയ്യിൽ കൊടുത്തു. പണിക്കർ വാങ്ങി വായിച്ചു 'ദൈവശിക്ഷ. സന്താനത്തെക്കരുതിയ ഒരു യുവാവിനെ വിഷംകൊടുത്തു കൊല്ലുവാ

നുഭവിച്ച കുററത്തിന്ന് ഒരു പൊല്ലീസ്സ് പാട്ടലിനേയും വേറെ ഒരുവനേയും ഏഴു കൊല്ലം നാടുകടത്തുവാൻ വിധിച്ചിരിക്കുന്നു എന്നാണ് അതിൻെറ സാരം.

പണിക്കർ—ഇതിലെന്താണ് കരയുവാനുള്ളത്.

നാരായണിക്കുട്ടി— അവരെക്കുറിച്ചല്ല എൻെറ വ്യസനം. എന്നാൽ യാതൊരു അപരാധവും ചെയ്യാത്ത ഭാര്യമാരും മക്കളും ഏഴു കൊല്ലത്തേക്ക് ഭർത്തൃസുഖവും പിതൃലാളനവും ഉപേക്ഷിക്കേണ്ടിവന്നുവല്ലോ എന്നു വിചാരിച്ചപ്പോൾ കരച്ചിൽ വന്നതാണ്.

പണിക്കർ— നമ്മുടെ ദയയെ കടിഞ്ഞാണ് വെക്കാതെ ഇങ്ങിനെ വിട്ടയച്ചാൽ വ്യസനങ്ങളിൽ ചെന്നു ചാടുവാനേ ഇടയുണ്ടാകയുള്ളൂ. അങ്ങിനെ അരുത്.

പിറെറന്നാൾ കാലത്ത് ശുദ്ധീകരണം കഴിഞ്ഞു പുരോഹിതനോടുകൂടി ത്രിവേണിസ്നാനവും പിണ്ഡാദികർമ്മങ്ങളും കഴിച്ചു ഗംഗയും നിറച്ചു കാശിക്കു പുറപ്പെട്ടു. കാലത്ത് ഏഴുമണിക്ക് കാശിയിലെത്തി. നാട്ടുകോട്ടച്ചെട്ടിയുടെ സത്രത്തിൽ ചെന്നു കയറി. ഉദാരചിത്തനായ ആ സത്രം മാനേജർ പിച്ചുഅയ്യൻ അവരെ ആദരവോടെ ഉപചരിച്ചു. അവരുടെ ആവശ്യപ്രകാരം അദ്ദേഹം ആളെ അയച്ചു വരിക്കപ്പലാവുകൊണ്ടുണ്ടാക്കിയ ഒരു പുരുഷപ്രതിമയും സ്ത്രീപ്രതിമയും ഉടനെ വരുത്തി. മതാചാരപ്രകാരം മരണാനന്തരം ചെയ്യേണ്ടതായ കർമ്മങ്ങൾ ചെയ്വാൻ സാധിക്കാത്ത നിലയിൽ അന്തരിച്ചുപോയ തൻെറ മാതാപിതാക്കന്മാരുടെ പ്രതിമകളെ യഥാവിധി സംസ്കരിച്ചതിന്നുശേഷം ക്രിയാദികൾ കഴിക്കേണമെന്നു നാരായണിക്കുട്ടി അഭിപ്രായപ്പെട്ടപ്രകാരം പ്രതിമകളേയുംകൊണ്ടു നമ്മുടെ കൂട്ടർ ആ ഘട്ടത്തിലേക്കുള്ള യാത്രയായി. പട്ടുകൊണ്ടു മൂടിയ പ്രതിമകളെ വഹിക്കുന്ന രണ്ടു ബ്രാഹ്മണർ മുമ്പിലും, അതിൻെറ പിന്നാലെ പുരോഹിതനും, അതിൻെറ പിന്നാലെ നാരായണിക്കുട്ടിയും, പിന്നീടു പണിക്കരുമായിട്ടാണ് നടന്നത്. ശ്മശാനസ്ഥലത്തേക്കു കൊണ്ടുപോകുന്ന ആ പ്രതിമകൾ തൻെറ മാതാപിതാക്കന്മാരുടെ മൃതശരീരങ്ങൾ തന്നെയാണ് എന്നു ദൃഢമായി സങ്കല്പിച്ചു

ത്തോടുകൂടി നാരായണിക്കുട്ടിയുടെ നേത്രങ്ങൾ കലുഷങ്ങളാകയും അവയിൽനിന്ന് അശ്രുക്കൾ ധാരയായി ഒഴുകുകയും ചെയ്കയാൽ ഈ വ്യസനാരംഭം അന്യന്മാരെ കാണിക്കാതിരിപ്പാൻവേണ്ടി ആ യുവതി കീഴ്പ്പോട്ടുനോക്കിക്കൊണ്ടു നടന്നു. അങ്ങോട്ടും ഇങ്ങോട്ടും അനവധി ജനങ്ങൾ നടക്കുന്ന വഴിയിൽകൂടി ഏകദേശം അരനാഴിക ഇങ്ങിനെ നടന്നപ്പോഴയ്ക്കും 'കൃഷ്ണസ്വാ' എന്നിട്ടു തലതിരിയുന്നു എന്നെ താങ്ങ്' എന്നൊരാളും 'അയ്യോ! ഇതെന്താണ്?' എന്നു മറ്റൊരാളും വിളിച്ചുപറയുന്നതുകേട്ടു നാരായണിക്കുട്ടി തലപൊക്കി നോക്കുകയും 'അയ്യോ' എന്നു പറഞ്ഞു മൂർഛിച്ചു പിന്നാക്കം വീഴുവാൻ ഭാവിക്കയും 'ഹരി! ഹരി! ഭഗവാനെ!' എന്നു പറഞ്ഞു പണിക്കർ താങ്ങി എടുക്കുകയും ചെയ്തു. കൃഷ്ണസ്വാമി ആരോഗ്യമുള്ള ഒരാളായിരുന്നതുകൊണ്ടു താനെ അവലംബിച്ച് മൂർഛിതന്മാരായ രണ്ടുപേരേയും രണ്ടു കൈകൊണ്ടും താങ്ങി എടുത്ത് അടുത്ത മതിലിന്റെ പുറത്തിണ്ണയിൽ കിടത്തി. പണിക്കരെ കിട്ടിയതു കൃശാംഗിയായ നാരായണിക്കുട്ടിയായിരുന്നതിനാൽ അദ്ദേഹത്തിനു വലിയ ഭാരം തോന്നിയില്ല. കൃഷ്ണസ്വാമിക്കു ചരിത്രം മുഴുവൻ നിശ്ചയമുണ്ടായിരുന്നതിനാൽ പെട്ടന്നു കാര്യം മനസ്സിലായി. എങ്കിലും ദൃഢീകരണത്തിനുവേണ്ടി 'മകളല്ലെ?' എന്നു പണിക്കരോടു ചോദിക്കയും 'അതെ' എന്നു പണിക്കർ മറുവടി പറകയും ചെയ്തു. ('ക്യാഹയെ-ക്യാഹയെ') 'എന്താണ്-എന്താണ്?' എന്നു ചോദിച്ചുകൊണ്ട് അനവധി ഹിന്തുസ്ഥാനികൾ വന്നു തിക്കിത്തിരക്കിത്തുടങ്ങി. കൃഷ്ണസ്വാമി പണിക്കരോട് എന്താണെന്നും ചോദിച്ചു മനസ്സിലാക്കി എല്ലാവരോടും അതു പറയുംപ്രകാരം ഹിന്തുസ്ഥാനിയിൽ പറഞ്ഞു. 'ബൊംബൊയിലുള്ള മംഗലപട്ടണം' എന്ന ദിക്കിൽവെച്ചു തീവണ്ടിക്ക് അപകടം പററിയതു നിങ്ങളെല്ലാവരും കേട്ടിരിക്കുമല്ലൊ. അന്ന് ഒരു രണ്ടാംക്ലാസ്സ് വണ്ടിയിൽ ഭാഗ്യവാന്മാരായ ഈ സ്ത്രീപുരുഷന്മാരും അവരുടെ ഏകപുത്രിയായി അനുഗൃഹീതയായ ഈ കുമാരിയും കയറിയിരുന്നു. കുട്ടി വെള്ളത്തിൽ വീഴുന്നതും ചരിവും ചലനവും സംഭവിച്ചു എങ്കിലും ഈ വണ്ടിയുടെ മുമ്പുറത്തെ കൊളുത്തു ദൈവഗത്യാ പൊട്ടിപ്പോകയാൽ ഇവർ കയറിയ വണ്ടിയും മ

തിന്നു പിന്നിലുണ്ടായിരുന്ന ഒരു ഒന്നാംക്ലാസ്സു വണ്ടിയും ഗാഡിന്റെ വണ്ടിയുംകൂടി അതിവേഗത്തോടുകൂടി പിന്നാക്കം തള്ളപ്പെടുകയാൽ ഇവർ അല്പാല്പമായ ചില പരുക്കുകളോടുകൂടിട്ടെങ്കിലും രക്ഷപ്പെട്ടു. വെള്ളത്തിൽ വീണ കുട്ടിയെ ഇതാ ഈ ഇരിക്കുന്ന മഹാമനസ്സൻ രക്ഷിച്ചു കരയ്ക്കു കയററിക്കൊണ്ടുപോന്നു. മരിച്ചുപോയി എന്ന് അന്യോന്യം തീൎച്ചപ്പെടുത്തിയ മാതാപിതാക്കന്മാരും പുത്രിയും യദൃച്ഛയാ വിശ്വനാഥസ്വാമി സന്നിധിയിൽവെച്ചു കൂട്ടിമുട്ടിയപ്പോൾ സന്തോഷാധിക്യത്താൽ മൂന്നുപേരും മോഹിച്ചുപോയി. ആളൊഴിയുവിൻ. നല്ല കാററുകൊണ്ടു ഇവൎക്കു സുബോധം വരട്ടെ'.

'വിശ്വനാഥജിക്കുജൈ ഗംഗാമായിക്കുജൈ' എന്ന് ആൎത്തുവിളിച്ചുകൊണ്ട് ആൾക്കൂട്ടമെല്ലാം ഒഴിഞ്ഞു. കൃഷ്ണയ്യൻ ഉടനെ ഗംഗാനദിയിൽനിന്നു ഒരു പാത്രം വെള്ളം മുക്കിക്കൊണ്ടുവന്നു മൂന്നുപേരുടെയും മുഖത്തു തളിച്ചു. നാരായണിക്കുട്ടി പെട്ടെന്നു കണ്ണുമിഴിച്ചു.

നാരായണിക്കുട്ടി— ശരിതന്നെയാണൊ?

പണിക്കർ— അതെ. ഇതാകിടക്കുന്നു. ഉടനെ എഴുന്നേററു കരസ്പൎശത്താൽ അവൎക്കു സുബോധമുണ്ടാക്കു.

ഇതുകേട്ടപ്പോൾ നാരായണിക്കുട്ടി പതുക്കെ എഴുന്നേററ് അച്ഛനമ്മമാരുടെ അടുക്കൽചെന്നു മൃദുലമായ കൈകൊണ്ട് അവരുടെ മുഖത്തു തലോടുകയും പ്രകൃത്യാ മധുരമായും ഇപ്പോൾ സന്തോഷസംഭ്രമങ്ങളാൽ കമ്പിതമായും ഉള്ള സ്വരത്തോടുകൂടി വിളിക്കുകയും ചെയ്തു. പുത്രിയുടെ വാഗമൃതമാകുന്ന ജീവനൌഷധം കൎണ്ണങ്ങളിൽ പ്രവേശിച്ചു ഉടനെ രണ്ടുപേരും സുബോധപ്രാപ്തന്മാരായി എഴുന്നേററിരുന്നു. ആലിംഗനങ്ങൾകൊണ്ടും ചുംബനങ്ങൾകൊണ്ടും കണ്ണീരുകൊണ്ടും ആശിസ്സുകൾകൊണ്ടും നാരായണിക്കുട്ടിയെ മൂടി.

അച്ഛൻ— കുട്ടികൃഷ്ണ! അടുത്തുവരു. ഞാൻ കയ്യുരണ്ടും തലയിൽ വെച്ചനുഗ്രഹിക്കട്ടെ. നിന്റെ അച്ഛനും ഞാനും രണ്ടു ദേഹമാണെന്നേ ഉള്ളു.

പണിക്കർ ഉടനെ അടുത്തു ചെന്നു. വയസ്സൻ കൈ രണ്ടും തലയിൽ വെച്ച് 'കുട്ടി നന്നായ് വരട്ടെ' എന്നു പറഞ്ഞ് അനുഗ്രഹിച്ചു.

അച്ഛൻ— നിങ്ങൾ എവിടെവെച്ചാണ് കണ്ടുമുട്ടിയത്.

പണിക്കർ— ആ ജലപ്രവാഹത്തിൽ വെച്ചുതന്നെ. അന്നത്തെ വണ്ടിയിൽ ഞാനുമുണ്ടായിരുന്നു. ഗുരുജനങ്ങളുടെ അനുഗ്രഹത്താൽ ഞാൻ നാരായണിക്കുട്ടിയുടെ രക്ഷിതാവായി തീൎന്നു. ആ കഥയൊക്കെ കുറെ വിസ്തരിച്ചു പറവാനുണ്ട്, പിന്നെയാവാം.

അച്ഛൻ— നിന്റെ അച്ഛനും ഞാനുമായിട്ടുള്ള സ്ഥിതിയും ഞങ്ങൾ വളരെക്കാലം മുമ്പെതന്നെ ചെയ്തുവെച്ചിട്ടുള്ള നിശ്ചയത്തിന്റെ സ്ഥിതിയും, നീ അവളെ രക്ഷിക്കേണ്ടവൻതന്നെയാണ്. അതെ 'ഗുരുജനങ്ങളുടെ അനുഗ്രഹത്താൽ നീ അവളുടെ രക്ഷിതാവായിത്തീൎന്നു'.

പണിക്കൎക്കും നാരായണിക്കുട്ടിയ്ക്കും അന്യോന്യം മുഖമാവമെന്നായിരിക്കുമെന്നു നോക്കിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാൽ ലജ്ജകൊണ്ടു രണ്ടുപേൎക്കും അതിന്നു സാധിച്ചില്ല.

കൃഷ്ണയ്യൻ— ഇനി ഗംഗാസ്നാനവും സ്വാമിദൎശനവും കഴിച്ചു ഊണു കഴിക്കാം. നേരം കുറെയായി.

'അങ്ങിനെതന്നെ' എന്നു പറഞ്ഞ് അച്ഛൻ എഴുന്നേറ്റുകൊണ്ടുകൂടി മറ്റെല്ലാവരും പുറപ്പെട്ടു സ്നാനത്തിന്നുള്ള ഘട്ടത്തിലെത്തി.

അച്ഛൻ—കൃഷ്ണയ്യ! ഇനിയുള്ള കാലം മുഴുവൻ ഗംഗാതീരത്തിൽതന്നെ കഴിച്ചുകൂട്ടേണമെന്നുണ്ടായിരുന്നു എന്റെ മോഹം ഈ കുട്ടി തെറ്റിച്ചു.

കൃഷ്ണയ്യൻ—ഈ തെറ്റിക്കലിന്നു രസമുണ്ടല്ലൊ. കുറെക്കാലംകൂടി ഗൃഹസ്ഥാശ്രമത്തിൽ കഴിച്ചുകൂട്ടി പിന്നേയും ഇവിടെത്തന്നെ വരാം. പിന്നെയ് ഗംഗാതീൎത്ഥത്തിൽ ദംപതീസ്നാനം മുഖ്യമാണ്. അച്ഛനുമമ്മയും കൈകോൎത്തുപിടിച്ചു മുങ്ങാം. കുട്ടികളൊ?

അച്ഛൻ—എന്താണ് സംശയിപ്പാനുള്ളത് നിശ്ചയപ്രകാരം അവരും ദമ്പതികളാണ്. കൈകോൎത്തുപിടിച്ചു മുങ്ങട്ടെ.

നദീപ്രവാഹത്തിൽ മുങ്ങിച്ചാകുവാൻ ഭാവിച്ചപ്പോഠം രക്ഷപ്പെടുത്തുവാൻവേണ്ടി യാതൊരു കൈകൊണ്ടു യാതൊരു കഴുത്തിന്മേൽ പിടിച്ചുവൊ, അവസ്ഥാഭേദത്താലുള്ള രസഭേദത്താൽ വിയൎത്തു വിറയ്ക്കുന്ന ആ കൈകൊണ്ടു വിയൎത്തു വിറയ്ക്കുന്ന ആ കഴുത്തിന്മേൽത്തന്നെ, സാക്ഷാൽ ഗംഗാഭഗവതിയെ സാക്ഷിനിൎത്തി ഈശ്വരന്റെ നിശ്ചയത്തിനും ഗുരുജനങ്ങളുടെ ആജ്ഞെക്കും തങ്ങളുടെ ഹിതത്തിന്നും അനുസരണമായി പിടിക്കുകയും ആ ദമ്പതിമാർ അനേകകാലം ദാമ്പത്യധൎമ്മത്തെ പരിപാലിച്ചു സുഖമായിരിക്കുകയും ചെയ്തു.

ശുഭം.

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ബി. ഏ.


പലവക.

അഭിപ്രായത്തിന്നയച്ചുകിട്ടിയ പുസ്തകങ്ങഠം.

1. ഷഷ്ടിപൂൎത്തിവിലാസം—അമ്പലപ്പുഴ രാമകൃഷ്ണശാസ്ത്രികഠം.
2. കൊടുങ്ങല്ലൂരമ്മ— നന്തിപുലത്തു കണ്ടേനി ഗോവിന്ദൻ.
3. ഒററമൂലിചികിത്സ— ടി. സി. പരമേശ്വരൻ മൂസ്സത്.
4. ഭാരതമഞ്ജരി— കടത്തനാട്ട പോളൂൎത്തി ഉദയവൎമ്മതമ്പുരാൻ.
5. ശ്രുതബോധം— പണിക്കശ്ശേരി കണ്ണപ്പൻ.
6. ദൃഷ്ടാന്തശതകം— പണിക്കശ്ശേരി കണ്ണപ്പൻ.
7. ശരിയായ പരിഷ്കാരം—സി. കൃഷ്ണപിള്ള, ബി. ഏ.
8. ബുക്കർ, ടി. വാഷിങ്ങ്ടൺ എന്ന മഹാന്റെ ജീവചരിത്രം— കെ. പരമുപിള്ള, എം. ഏ.

P. SUBBAROY'S

World-renowned and most efficacious Ayurvedic medicines.



[illegible]

പി. സുബ്ബറാവിന്റെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവേദ ഔഷധാലയം.

൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിരേ[illegible]പ്പില്ലായ്മ, [illegible], [illegible], കാല്, മുതലായവയും [illegible] നീരൊഴുക്ക്, നീർക്കെട്ട്, മധുമേഹം, കല്ലടപ്പ് (മൂത്രഘാതം) മുതലായ പലവിധ [illegible] ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



[illegible]

ഡപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു വകയ്ക്കു അണ ൪ വേറെ

൨. പ്രമേഹ നിവാരണി.

[illegible] ഇന്ദ്രിയ[illegible] [illegible] തടസ്ഥം പോകുക, [illegible] [illegible] നിവൃത്തിപ്പിക്കും. [illegible] [illegible] ശമിപ്പിക്കും. ഡപ്പി ഒന്നുക്കു വില രൂപ ൧ [illegible] തപാൽ ചിലവു അണ ൩

൩. സർവ്വരോഗസംഹാരി

[illegible] അല്പം പിടിച്ചാൽ [illegible] മുതലായ അംഗങ്ങളിൽ [illegible] [illegible] തലവേദന, [illegible] [illegible] [illegible] മുതലായ പല വ്യാധികളും [illegible] ഒന്നുക്കു വില രൂപ ൧ തപാൽ ചിലവു അണ ൩


൪. മലമ്പനി സംഹാരി.

[illegible], [illegible], [illegible] എന്നീ [illegible] [illegible] പലതും [illegible]. [illegible] [illegible] ശമിപ്പിക്കും വില [illegible] ഒന്നിനു [illegible] തപാൽ ചിലവു [illegible] വരെ ൫ അണ വേറെ

പി. സുബ്ബറാവു, [illegible], തെക്കേ [illegible] ജില്ല.

൩. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താമ്പൂലം ഉപയോഗിക്കുന്നവർ എപ്പോഴും സമ്പാദിച്ചു ഉപയോഗിക്കേണ്ടുന്ന ഒഴിച്ചുകൂടാത്ത സാധനം. ദന്തവേദന, വായ്നാറ്റം, അജീൎണ്ണം മുതലായതു മുതലായവയെ ശമിപ്പിക്കും.



തനിച്ചോ താമ്പൂലത്തോടുകൂടിയോ ഉപയോഗിക്കാം. ഭക്ഷണത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യവും ജീൎണ്ണിപ്പിക്കുന്നു. പ്രസവകാലത്തു താമ്പൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു പദാൎത്ഥങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കൎപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ടു്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾക്കു വയസ്സിന്റെ ക്രമപ്പടിപോലെ ഒന്നുമുതൽ ൪ വരെ ഗുളികകൾ വെററിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ണ ൮. ൫ മുതൽ ൫൦ വരെ കുപ്പികൾ അടങ്ങിയ ബുക്കി ൫-ക്കു തപാൽകൂലി ൧ ണ.

൪. ദന്തചൂൎണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൨ ണ. തപാൽ ചിലവു ൩ കുപ്പിവരെ ൧ ണ വേറെ

൫. ജ്വരസംഹാരി.

കുളിരുപനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, സന്നിപാതം മുതലായവക്കു നന്നു. വില ഡപ്പി ഒന്നിനു ൫ ക. തപാൽ ചിലവു ൧ ണ വേറെ

൬. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇവ ഇടതൂൎന്നു ... കറുപ്പായും വളരും. കണ്ണിനു കുളൎമ്മയുണ്ടാകും. സകല കപാലരോഗങ്ങളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറക്കും. രോമം ... കണ്ണിനു നല്ല തെളിവുണ്ടാകും. വില കുപ്പി ഒന്നിനു ൬ ണ തപാൽ ചിലവു ൧ ണ വേറെ.

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ കളയും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ

---

൫൦. അഗ്നിമാന്ദ്യസംഹാരി.

മഹാവാസിപ്പുണ്ണ്, പുളിച്ചുതികട്ടൽ, ഭക്ഷ്യവിരക്തി, മൂലക്കുരു, വയറുവേദന, വായുനാറ്റം അജീർണ്ണം വയറുവീർപ്പുണ്ടാവുക, നിദ്രാഭംഗം മുതലായ പിത്തംപല വകകളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക. അണ ൧ തപാൽകൂലി അണ ൫ വേറെ

൫൧. കർണ്ണബിന്ദു.

ചീഴൊലിപ്പ്, ചെവികുത്ത്, ചെവിയടപ്പ്, ഇരച്ചിൽ മുതലായ കർണ്ണരോഗങ്ങളെ ഭേദപ്പെടുത്തും ശ്രവണസുഖത്തെയുണ്ടാക്കും. വില കുപ്പി ൧ക്ക ൪ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ

൫൨. സുഖഭേദിഗുളികകൾ.

മേനി ശുദ്ധിപ്പെടുത്തും അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു ൧ മുതൽ ൮ വരെ ഡപ്പികൾക്കു ൫ ണ വേറെ

൫൩. നേത്രബിന്ദു.

കണ്ണുനോവു, കൺകുത്ത്, ചൊറിച്ചൽ, നീരടപ്പ്, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദശവളച്ചു, പൂവു, ചെങ്കണ്ണ്, എരിച്ചിൽ ഇമ, പുളിക്കം ഇവയുടെ വലിവു വകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൫൪. സ്ഖലിതരക്ഷിണി.

ബലഹീനതയാലും അത്യുഷ്ണതയാലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു ൪ ണ. തപാൽ ചിലവു ൭ വരെ ഡപ്പികൾക്കു ൫ ണ വേറെ

൫൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ഞങ്ങളുടെ പക്കൽ ഉണ്ട്. ആവശ്യമുള്ളവർക്കു വില [illegible] മുതൽ [illegible] സംഖ്യകൾക്കു [illegible] കൊടുക്കപ്പെടും. തപാൽ [illegible] കൂടുതൽ വിവരങ്ങൾക്കു [illegible] ഇംഗ്ലീഷിലോ തമിഴിലോ എഴുതി [illegible]

---

൧൬. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ ഉടനെതന്നെ ആശ്വാസം കാണും. ഒരു കുടുംബത്തിലേക്കു ഇതു മൂന്നു ഔൺസ് കുപ്പി കരുതിവെക്കേണ്ടതു ആവശ്യമാകുന്നു. വില കുപ്പി ൧ക്കു ൩ ണ. ൧൨ ഔൺസ് കുപ്പിയിൽ കൊടുക്കും. വാങ്ങുന്നവർക്കു ൩ ണ ഉള്ള വിലയിൽ കുറച്ചുതരും. വി പി കമ്മീഷൻ ൩ ണ പുറമെ. ഇന്ത്യയിലും ബർമ്മയിലും ൧൨ ഔൺസ് കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോണിൽ ൭ ണ

൧൭. ദ്രവ്യവിരേചന തൈലം.

ഇതു കഴവു, പിള്ളപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും ശമം ഉണ്ടാക്കുന്ന ഔഷധമാകുന്നു. ഇതു സംശുദ്ധികളേയും നാല്പത്തഞ്ച് വ്രണങ്ങളേയും ശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൧ ഔൺസ് കുപ്പിയൊന്നിനു വി പി കമ്മീഷൻ ൩ ണ പുറമെ

൧൮. കണ്ണോഷധിഗുളിക.

ഈ കണ്ണു തെളിഞ്ഞ ശരീരം നന്നാവുന്നതിനു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു നേത്രരോഗം, ശിരോരോഗം, പലവിധമായ ഞരമ്പുകളുടെ അസുഖങ്ങൾ മുതലായവകൾക്കു വളരെ ഉപയോഗമുള്ളതാകുന്നു. വില ൧ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ

൧൯. സ്നോപൗഡർ.

ഇതു ചൊറി ചെള്ളുകളില്ലാതാക്കുന്നതിനു വിലയേറിയ സോപ്പിനെക്കാളും വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുർഗന്ധവും കളയുന്നു, ശരീരപുഷ്ടിയും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്റെ പൂർണ്ണ ഗുണത്തിനു പരീക്ഷയും സ്വയമായും എല്ലാവരും ശോധിക്കണം. ഇതു ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടതാകുന്നു. വില ൪ ണ വി പി കമ്മീഷൻ ൨ ണ

൨൦. സഞ്ജീവനിഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ചുമ, തലവേദന, ചുമ, അതിസാരം, ഛർദ്ദി, ഉറക്കമില്ലായ്മ, ഇവയെല്ലാം നന്നായ്ക്കു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപകാരമുള്ള ഔഷധമാകുന്നു. ഇതു വലിയവർക്കും കൂടെ പോലെ ഉപകരിക്കുന്നതാകുന്നു. വില ൧൦ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ

പി. സുബ്ബരായി പറകിപ്പെട്ടു മതക്കേ ആക്കോട്ട് ജില്ല.

൨൭. കന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇതുകളില് ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു വില ൧ ണ, വി. പി. കമ്മീഷൻ ആറുകുപ്പിവരെ ൨ ണ.

൨൮. ചർമ്മരോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചൊറി, ചിരങ്ങ്, പൊരിച്ചൽ, പുഴു, പുഴുക്കടി, തടിപ്പ്, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ചർമ്മരോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൧ ണ

ഒന്നാംതരം ഗോരോചനം തോല ൧-ക്ക വില ൩ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൨ ക. മേത്തരം പച്ചകർപ്പൂരം, തോല ൧-ക്ക വില ൨ ക മേത്തരം ... അത്തർ, ... അത്തർ, വെട്ടിവേർ, ജവാദ്, മരിക്കൊളുന്ത്, കസ്തൂരി, ... മുതലായതുകളും എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല ഉപയോഗത്തിനു ൧ ൧. വി പോസ്റ്റ്കൂലി പുറമെ.

		ക.	ണ.	പ.
ഒന്നാംതരം ഗോരോചനം ഇപ്രകാരം	൧-ക്ക	൩	൦	൦
ടി മേത്തരം ടി	൧-ക്ക	൨	൦	൦
ടി പച്ചകർപ്പൂരം ടി	൧-ക്ക	൨	൮	൦

൨൯. രക്താമൃതം.

ഇതു ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന് ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു ലേഹ്യമാകുന്നു. കുട്ടികൾക്കു പ്രായഭേദം പ്രകാരം ഉപയോഗിക്കേണ്ടതായ ഒരു രക്തവർദ്ധനൌഷധമാണ്. ഇതിന്നു കുട്ടികൾക്കും പ്രായമായവർക്കും യാതൊരു ദോഷവുമില്ല. കൂടാതെ വൃദ്ധന്മാർക്കും ബ്രഹ്മചാരികൾക്കും ഇതു ഒരു ദിവ്യ ഔഷധമാണ്. ഇതു ദേഹപുഷ്ടി വർദ്ധിപ്പിക്കയും, പിത്തം, രക്തക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങളെ മാറ്റുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്തു മൂത്രം, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ തീരെ ഭേദപ്പെടുത്തുകയും ശരീരബലം വർദ്ധിപ്പിക്കുകയും ചെയ്യും. ഇതു ബാലികന്മാർ, സ്ത്രീകൾ, ഗർഭിണികൾ മുതലായവർക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ്.

കുപ്പി ൧-ക്ക അഞ്ചു ണ മാത്രം വി. പി. കമ്മീഷൻ അണ ൧ പുറമെ.

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറക്കിട്ട്ടപ്പട്ടു, തെക്കെ ആർക്കാട്ട് ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

പള്ളിക്കൂടം മലയാളം ഇൻസ്പെക്ടർ എം. രാജരാജവർമ്മ എം. എ. തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നക്കു വില അണ ൪

കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ —

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ. പരമുപിള്ള എം. എ. അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായുള്ളതും ആയ ചെറിയ പുസ്തകം ൧-ക്കു വില അണ ൧ പൈ ൬

സാവിത്രി—

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാപുസ്തകം ൧-ക്കു വില അണ ൩.

മാധവനിദാനം—

സർക്കാർ വൈദ്യൻ പറവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സ[illegible]ചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൨

പുതിയ മൂന്നാംപാഠത്തിന്റെ മുഴുവൻ—

വി. എൻ. ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാർത്ഥം, വ്യാഖ്യാനം, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കീർത്തികേസരി—

സി. കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി. എൻ. എ. രാമയ്യാശാസ്ത്രികൾ ബി. എ. അവർകളാൽ ൧-ം ഭാഗം പരിശോധിക്കപ്പെട്ടതുമായ ൧-ം ൨-ം ഭാഗം അടങ്ങിയ പുസ്തകം ഒന്നക്കു വില അണ ൧൪

മനോരമ—

[illegible] ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പഴഞ്ചൊല്ല്—

ടി. [illegible] ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നക്കു വില അണ ൨

ഉർവശീഫൽഗുനം —

കോതമംഗലത്ത കെ. ആർ. കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടത സംഗീതനാടകം വില അണ ൨ പൈ ൬

[illegible]രാജൻ കഥ—

രവി കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ ൨

സോമസുന്ദരൻ—

മിസ്റ്റർ [illegible] എഴുതിയ ഒരു കഥ ഒന്നക്കു അണ ൨ പൈ ൬

കദ്രുനി —

മിസ്റ്റർ വി ... എഴുതിയ കഥ ഒന്നര അണ ...

പിച്ചാവരി —

മിസ്റ്റർ ... പിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ... അ

ശിവകൈവല്യശതകം —

മിസ്റ്റർ പരമുപിള്ള എഴുതിയത വില അണ ...

സന്താനവല്ലി —

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ വില അണ ...

ശങ്കരകൃതി —

മുൻസിഫായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അവർകൾ പല സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംഗീതമായും ... അച്ചടിച്ചിട്ടുള്ള പുസ്തകം വില ... അണ

മിസ്റ്റർ സി. എം. മാധവക്കുറുപ്പ് —

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിറ്റക്റ്റീവ് നോവൽ വില അണ ൨.

അവതാര[illegible] —

സേതു[illegible] ഇടശ്ശേരി ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം വില അണ ഒന്ന.

അദ്ധ്യാത്മരാമായണം —

കെ. സി. കേശവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായന ... ഓരോ കാണ്ഡങ്ങളും പ്രത്യേകമായി അച്ചടിച്ചുവരുന്നു ഇതിൽ പദങ്ങളുടെ വിവരണമായ അർത്ഥം മറ്റു ശ്ലോകങ്ങളുടെയും സാരം ഇവകൾ അടങ്ങിയിരിക്കും പുസ്തകം എല്ലാ കാണ്ഡങ്ങളും ഒന്നായും ബയന്റു ചെയ്യിച്ചുകിട്ടും.

മയൂരസന്ദേശം മണിപ്രവാളം —

കേരളവർമ്മ സി. എസ്സ്. ഐ. എഫ്. എം. യു. എം. ആർ. എ. എസ്സ്, എഫ്. ആർ. ഹി. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു എ. ആർ. രാജരാജവർമ്മ എം. എ. എം. ആർ. എ. എസ്സ്. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട ... എന്ന വ്യാഖ്യാനത്തോടുകൂടി ... വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയർന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ... വില ...

ത്തും വിലയാകുന്നു

രാക്ഷസഹിണി —

... കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടതു വില ... ൨

ക[illegible]ലിംഗനാവിജയം ഇതുപദേ —

... മാസ്റ്ററും ഹെഡമാസ്റ്റർ ... ആർ കുഞ്ഞു[illegible]

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നിനു വില അണ ൨

[illegible]പദേശം —

വി. കെ. കേശവനാർക്കകളാൽ എഴുതപ്പെട്ട ഒരു പുതിയ [illegible] കൂടി. പുസ്തകം ഒന്നിനു വില അണ ഒന്നര.

[illegible]ോപദേശം —

[illegible] വി. മേനോൻ [illegible] അവർകളാൽ എഴുതപ്പെട്ടത്. വില [illegible]

മനുസ്മൃതി —

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാഷാവ്യാഖ്യാനം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം ഒന്നിനു വില രൂപ [illegible] അണ [illegible]

വിക്രമാദിത്യൻകഥ —

ടി. യാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ് പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത്. വില [illegible] അണ

മദനകാമരാജൻകഥ —

ടി. യാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ് വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത്. വില [illegible] പുസ്തകം [illegible] വില [illegible]

കഥാസരിത്സാഗരം —

ടി. യാൽ എഴുതപ്പെട്ട പുസ്തകം [illegible] വില അണ [illegible]

സതാരം —

ടി. യാൽ എഴുതപ്പെട്ട പുസ്തകം [illegible] വില അണ ൨ മൈപ്പൈ ൬

[illegible] —

വി. ജി. കൃഷ്ണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ. വില [illegible]

[illegible] —

[illegible] പിള്ള ആശാനവർകളാൽ എഴുതപ്പെട്ടത്. വില [illegible]

[illegible] —

വില അണ ൨ മൈപ്പൈ ൬

ലോകവിനോദകഥകൾ —

[illegible] മഹാദേവശാസ്ത്രി അവർകളാൽ എഴുതപ്പെട്ടത്. വില അണ ൪ മൈപ്പൈ ൬

[illegible] —

കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു വിനോദകഥ. [illegible] വില അണ ൪

[illegible] —

[illegible] വില അണ ൪

മറ്റും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട്. [illegible] പുറമെ, എല്ലാ പുസ്തകങ്ങളെപ്പറ്റിയും [illegible] പുസ്തകങ്ങളും [illegible] ആവശ്യപ്പെടുന്നവർ [illegible]

എസ്സ്. റ്റി. റെഡ്യാർ വിദ്യാവിലാസിനിയുടെ ഉടമസ്ഥൻ, കൊല്ലം [illegible]

മഹാഭാരതം

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളുടങ്ങിയതും യഥാർത്ഥമായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിനുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിനുവൃത്തമായി മലയാളത്തിലേക്കു തർജ്ജമചെയ്തു വരുന്നുണ്ട്. ൧൦൭൯ാം മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിനു അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. വീരരായൻ രാജാ, ബി. ഏ.,

കോട്ടയ്ക്കൽ,

എന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഭഗവൽഗീത

(ഒരു കൊല്ലംകൊണ്ടവസാനിപ്പിക്കുന്ന മാസിക)

ശാങ്കരഭാഷ്യത്തിന്റെ മലയാളതർജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

തപാൽ കൂലി ഉൾപ്പെടെ ഒരുകൊല്ലത്തേക്കു വരിസംഖ്യ 3 6 0

ആവശ്യമുള്ളവർക്ക് വി. പി. ആയും അയച്ചു കൊടുക്കും.

ടി. സി. പരമേശ്വരൻ മൂസ്സത്,

ആനന്ദാശ്രമകാര്യദർശി,

തൃശ്ശിവപേരൂർ,

വില്പാൻ തയ്യാർ

കർമ്മയോഗം—കെ. എം.	വില	0	12	0
ഭക്തിയോഗം— ടി	ടി	0	12	0
ഭഗവൽഗീത—ജി. കൃഷ്ണശാസ്ത്രികൾ	ടി	1	4	0

വി. സുന്ദരയ്യർ ആണ്ട് സൺസ്സ് തൃശ്ശിവപേരൂർ.

രസികരഞ്ജിനി

വരിസംഖ്യ

തപാൽക്കൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക്	3	0	0
" ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽക്കൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
" ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടും, കൊച്ചി അഞ്ചൽ മുദ്രയായിട്ടൊ എഴുത്തൊന്നിച്ച് അടക്കം ചെയ്യയക്കേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നോ ഒന്നിലധികമൊ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് താരതമ്യംപോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകുന്നു. അതിന്നുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറവുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്ന—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ

ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൭൯ — എടവം

പുസ്തകം ൨ — ലക്കം ൧൦

പ്രസന്ന പ്രൗഢസരസ
പ്രസംഗങ്ങൾ നിറഞ്ഞിനി
രസജ്ഞർക്കു കൊടുക്കട്ടെ
രസം രസികരഞ്ജിനി



[illegible] മുൻകൂറായി ക. ൦ ൦ — [illegible] ക ൪ ൦

രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കുഞ്ഞിപ്പുവാംനാവർകളും ആകുന്നു.

ലേഖനങ്ങളും, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങളും, അതു സംബന്ധിച്ച എഴുത്തുകളും ഇവ രസികരഞ്ജിനി പത്രാധിപൎക്കും; വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങളും, കാൎയ്യസംബന്ധമായ എഴുത്തുകളും ഇവ ടി. മാനേജൎക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസികസംബന്ധമായ എഴുത്തുകളിലൊ ലക്കോട്ടുകളിലൊ അവരുടെ മുദ്രയൊ കയ്യൊപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം
എറണാകുളം } രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VARMA,
13th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങളും തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തിനോടൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ മറ്റൊ അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാൎയ്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങളും രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപൎക്ക് അയക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം [illegible] ആപ്പീസ്സിൽ കിട്ടുവാൻ [illegible]

ര. ര. പ.

സംഗതിവിവരം.

വിദ്യാവിനോദിനി അച്ചുക്കൂടം.



ഈഴവത്തികളും കുട്ടികളും

രസികരഞ്ജിനി

൧൦൮൨

പുസ്തകം ൫ ഇടവമാസം ലക്കം ൧൦

മംഗളം.

പുല്ലാകിലിസ്സത്യലോകത്തെയുമനവരതം കർമ്മകർമ്മാദിയെല്ലാം-
മില്ലാതാകിലിക്രമത്താലകമലരധികം ശുദ്ധമാകുന്നധീരൻ [ഞ്ഞാ-
വില്ലാകിലിത്താരകത്തെസ്സപ്രായമൊരുശരമായ്ക്കൊണ്ടിഞ്ഞാരോടണ
ലെല്ലാമർ ജീവനാണേ! ശിവശിവശിവനേ! ലക്ഷ്യമണ്ണെക്ഷണത്തിൽ

എ. കൃഷ്ണൻ എമ്പ്രാന്തിരി.

ശിവൊള്ളി

നാരായണൻനമ്പൂരി

ഭാഷാകവിതയുടെ അഭ്യുദയത്തിൽ സ്വല്പമെങ്കിലും ആകാംക്ഷയുള്ള സകല ജനങ്ങളും ആലങ്ങാട്ട് അയിത്രർ വൈദ്യൻ ശിവൊള്ളി എസ്സ്. നാരായണൻ നമ്പൂരിയുടെ അകാലവിയോഗത്തെപ്പററി പരിതപിക്കാതെയിരിക്കുകയില്ലെന്നു ഞാൻ നിശ്ചയമായി ശപഥം ചെയ്യുന്നു. കഴിഞ്ഞ ഇരുപതു വർഷങ്ങൾക്കിടയിൽ ഭാഷയിൽ ഗദ്യത്തിനും പദ്യത്തിനും

അത്ഭുതപൂൎവ്വമായ ഉൽകൎഷം വന്നിട്ടുണ്ടെന്നുള്ളതു നിർവിവാദമാണ്. നവീനസമ്പ്രദായത്തിലുള്ള ഭാഷാകവിതയുടെ സ്വഭാവത്തെപ്പററി സി. അച്യുതമേനോൻ, ബി. എ. അവർകൾ വിദ്യാവിനോദിനിയിൽ വെണ്മണിനമ്പൂരിപ്പാടന്മാരുടെ കൃതികളെ ഗുണദോഷവിവേചനം ചെയ്യുന്ന അവസരത്തിൽ ക്ലുപ്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ അതിനെക്കുറിച്ച് ഇവിടെ അധികം വിസ്തരിക്കുന്നില്ല. ഈ നവീനരീതിയിൽ എഴുതപ്പെടുന്ന കൃതികളുടെ ഗുണങ്ങൾ ഇന്നതെന്നു ഭാഷാഭിമാനികൾക്കൊക്കെയും ഇപ്പോൾ ഏറെക്കുറെ അറിവുള്ളതാണ്. ഈ ഗുണങ്ങൾ പൂന്തോട്ടത്തുനമ്പൂരി, വെണ്മണി അച്ഛൻ നമ്പൂരിപ്പാട് മുതലായ കവികളുടെ പദ്യങ്ങളിൽ ഇദംപ്രഥമമായി കാണപ്പെട്ടു തുടങ്ങുകയും വെണ്മണി മഹൻ നമ്പൂരിപ്പാട്ടിലെയും, ശ്രീമിത്രർ എസ്സ്. നാരായണൻ നമ്പൂരിയുടേയും കൃതികളിൽ ദൃഢമൂലമായി വികസിക്കുകയും ചെയ്തു. ഈ ഗുണങ്ങൾതന്നെയാണ് കുഞ്ചൻനമ്പ്യാരുടെ കവിതകളിലും അകൃത്രിമമായ രാമണീയകത്തോടുകൂടി വിളങ്ങിക്കൊണ്ടിരിക്കുന്നത്. ഈ ഗുണങ്ങൾ മലയാളഭാഷയുടെ സ്വന്തം നേട്ടങ്ങളാണ്. ഇവ തികയുന്ന കവിതകൾ നിൎമ്മിപ്പാൻ ശക്തിയുള്ളവർ വാസനക്കാരെന്നും ഇതരന്മാർ വാസനക്കുറവുള്ളവരെന്നും പണ്ഡിതന്മാരാൽ ഗണിക്കപ്പെടുന്നു. ഈ ഗുണങ്ങൾതന്നെയാണ് ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജാവു) അവർകളെ ഇന്നുള്ള കേരളീയകവികളിൽ പ്രഥമഗണനീയനാക്കിത്തീൎക്കുന്നത്.

'സോകവിതാസാവനിതാ
യസ്യാശ്രവണേനദൎശനേനാപി
കവിഹൃദയംവിടഹൃദയം
സരളംതരളംചസത്വരംഭവതി'

എന്നും,

'സമുല്ലാസോവാചാംസരസമധുനിഷ്യന്ദലഹരീ
സമുന്മേഷാദ്വേഷീ സകലരസപോഷോചജനകഃ
നകേഷാമാധത്തേമനസിപരിതോഷംനവനവൈ
വിലാസൈരുന്മീലദ്വിചകിലമല്ലീപരിമളഃ'

എന്നും ആപ്തവാക്യങ്ങൾ സുകവിസൂക്തികളെ വൎണ്ണിച്ചിട്ടുള്ളതു വെറുതെയല്ല. ഏതുഭാഷയിലും നല്ല കവിതകൾ വായിച്ചാൽ മനസ്സിനുണ്ടാകുന്ന ആനന്ദം ഒന്നു വേറെ തന്നെയാണ്. ആ ആനന്ദത്തെ പ്രദാനം ചെയ്യുന്നവർ മഹാനുഭാവന്മാർ തന്നെ. അവരുടെ അകാലവിയോഗം അപരിഹാരണീയമായ നഷ്ടമാണെന്നു ആൎക്കും അശേഷം ഭയംകൂടാതെ പറയാം. അങ്ങിനെയുള്ളവർ ഒരു രാജ്യത്തിൽ ഉണ്ടാകുന്നത് അതിന്റെ പൂൎവ്വപുണ്യവും മരിക്കുന്നതു ദൌൎഭാഗ്യവുമാണെന്നുള്ളതിനു സംശയമില്ല. കേരളത്തിന്റെ സ്ഥിതി ഇങ്ങിനെയായി കലാശിച്ചുവല്ലോ!

വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ കവിതയേക്കാൾ നാരായണൻനമ്പൂരിയുടെ കവിതയ്ക്കു ചില വിഷയങ്ങളിൽ സ്വാരസ്യം അധികമുണ്ടായിരുന്നു എന്നാണ് എന്റെ ബോധം. ഹാസ്യരസം നാരായണൻനമ്പൂരിക്കു തുല്യമായി നമ്പൂരിപ്പാട്ടിൽനിന്നുതന്നെ പ്രയോഗിച്ചിരുന്നതായി ഞാൻ വിചാരിക്കുന്നില്ല. പിന്നെ നമ്പൂരിക്കു വ്യുല്പത്തിദാൎഢ്യംകൊണ്ടും അവ്യാഹതമായ നിഷ്കൎഷകൊണ്ടും പല പദ്യങ്ങൾക്കും നമ്പൂരിപ്പാട്ടിൽനിന്നുകൂടി വരുത്തീട്ടില്ലാത്തതായ ഒരു അന്യാദൃശമായ മാധുൎയ്യം ജനിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. നമ്പൂരിയുടെ കോലശരീമാഹാത്മ്യം, ശ്രീപാൎവ്വതീവിരഹം, മുതലായ സംസ്കൃതകൃതികളെ ഞാൻ വളരെ ആദരിക്കുന്നില്ല. അവയിൽ ബാലിശത്വം ധാരാളമായി സ്ഫുരിക്കുന്നുണ്ട്. എന്നാൽ ഭാഷയിൽ ഇതിൽ കവിഞ്ഞ വാസനയുള്ള ഒരു കവി ഇന്നോവരെ ഉണ്ടായിട്ടില്ലെന്നു പറയുവാൻ ഞാനശേഷം മടിക്കുന്നില്ല. നമ്പൂരിപ്പാട്ടിലെ വന്ദനശ്ലോകങ്ങൾ ഭാഷാഭിമാനികൾക്കെല്ലാവൎക്കും മുഖസ്ഥങ്ങളാണല്ലോ. നാരായണൻനമ്പൂരിയുടെ ചില വന്ദനശ്ലോകങ്ങളെ താഴെ ചേൎത്തുകൊള്ളട്ടെ.

കുന്നിക്കുംകുറയാതെകുന്നൊടുകിടും-
ഭാരംകുചംപേറിടും
കുന്നിൻനന്ദിനികന്ദബാണനുകല-
കേളിസ്സാനുപാസ്സ്യയതിൽ

ഒന്നാംസാക്ഷിയതായനീകനിവെഴും
        വണ്ണംകടക്കണ്ണിട്ടു-
ത്തെന്നെന്നിൽപെരുമാറണേ!പെരുമനത്ത
        പ്പൻറത്തപ്പെൺകൊടി! ൧

കാരുണ്യംകാളകണ്ഠപ്രകൃതി!തവകട-
        ക്കണ്ണുകൈക്കാൾക്കുമേറി-
ത്തീരെത്തീപാളിവാൎച്ചാതിരുമിഴിയിലതോ
        ചണ്ഡി!ചെങ്കണ്ണുവന്നോ
നേരേനോക്കാത്തതെന്താണടിയനടിയിണ-
        ത്താമരത്താർവണങ്ങി-
പ്പോരുന്നോനാണതോൎത്താലിവനതിനുമുറ-
        ക്കുണ്ടുമുഖ്യാവകാശം. ൨

അണ്ണാക്കിൽ തങ്ങിവെണ്ണക്കഷണമതലിവാൻ
        തെല്ലുപാലെന്നുകള്ള-
ക്കണ്ണീരോടുംയശോദയ്ക്കുടയൊരുടുതുകിൽ-
        ത്തുമ്പുതൂങ്ങിപ്പിടിച്ച്
തിണ്ണംശാഠ്യംപിടിക്കുംകപടമനുജനാം
        കണ്ണനുണ്ണിക്കെഴുംതൃ-
ക്കണ്ണിൻകാരുണ്യപൂരംകവിതപൊഴിയുമെൻ
        നാക്കിനന്നാക്കിടട്ടെ. ൩

പഞ്ചസാരകദളിപ്പഴങ്ങളും
തേഞ്ചെസാരമലിയുംമിഠായിയും
അഞ്ചുസേറവിലുമപ്പവുംതരാം
കൊഞ്ചിവാകൊതിയ!കുഞ്ജരാനന. ൪

ശ്രീപാൎശ്വസ്ഥാനമല്ലോഗിരിശതവശരം-
        ത്തൂണീരത്നാകരനാൽ-
ചാപംപൊൻകുന്നശേഷൻനിധിപതിരജത-
        ക്കുന്നിരിക്കുന്നദേശം

ആപീഡംചന്ദ്രകാന്തംതനുവിലണിയുവാൻ
　　ഭൂതിപിന്നൊപ്പുരാരേ!
നീപോയിപ്പിച്ചതെണ്ടുന്നതുതലയിലെഴു-
　　ത്തിൻറതായാട്ടമല്ലേ. ൬

ഒന്നാകെത്തിന്നാലെരാവുപൂച്ചകടിക്കു-
　　ടിച്ചാടിവീണോന്നിറം
മാണെതന്തീവട്ടചുണ്ടിലെന്നസഖിമാ-
　　രോതിച്ചിരിക്കുംവിധൌ
കുഞ്ഞമ്മിഞ്ഞകുറഞ്ഞൊലിഞ്ഞുസരസ-
　　ച്ചൊൽച്ചുണ്ടപൊത്തിപ്പുരം
ഞങ്ങമ്മിഞ്ഞപറഞ്ഞിളിഞ്ഞരചല
　　കുഞ്ഞേ! കനിഞ്ഞേകണേ. ൭

കാലാരാതികനിഞ്ഞിടുന്നതുവരെ-
　　ക്കാളുംതപംചെയ്യുതൽ
കേലോപാതിപകുത്തെടുത്തൊരുകളൂർ-
　　കുന്നിൻറകുഞ്ഞമ്മനേ!
കാലൻവന്നുകയത്തുന്നിന്നുകയറെൻ
　　കാലിൽകടന്നിട്ടിടും
കാലത്തങ്ങഴിച്ചാറിതൻകഥകഴിക്കേണം
　　മിഴിക്കോണിന്നാൽ ൮

കട്ടിപ്പോവംഗരംഗിഗളമിഴികളിലീ-
　　ക്കേട്ടകേറിശ്ശിരസ്സിൽ
തട്ടിപ്പോകാതിരിപ്പാനമൃതകിരണനും
　　നീങ്ങമെൻനീരജാക്ഷി
കെട്ടിപ്പോവന്നതൊന്നെന്നിയെഹരനുജല-
　　പ്പെണ്ണിലില്ലിഷ്ടമെന്നാ-
ത്തട്ടിപ്പോമംപ്രിയൻമെയ്പ്പുണരുമമരചല
　　പ്പെണ്ണുകണ്ണിട്ടിടട്ടെ. ൯

വളരെ ഉദാഹരണങ്ങൾ ആവശ്യമില്ല. ഫലിതപ്രയോഗ

ത്തിനു വെണ്മണിനമ്പൂരിപ്പാട്ടിലെ കനിഷ്ഠസ്ഥാനം നമ്പൂരി കരസ്ഥമാക്കിട്ടുണ്ടെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. ഇനി ഹാസ്യരസത്തിനു ചില ദൃഷ്ടാന്തങ്ങൾ താഴെ ചേൎത്തുകൊള്ളുന്നു.

'കൊട്ടത്തേങ്ങാഭിരപ്പെട്ടു' എന്നു തുടങ്ങി നമ്പൂരി എഴുതീട്ടുള്ള പദ്യങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ.

താഴെ കാണുന്നതു യമദൂതന്മാരുടെ വൎണ്ണനമാണ്.

കരിഞ്ചൻതാടി,ചെമ്പൻതലമുടി,ഉറിയൻ
കണ്ണു,മാമരച്ചിമുഖം,
കൈപ്പല്ലു,ഒരങ്ങിൻമുകർ,കയറവടി-
കമ്പു,വൻകമ്പചാട്ടം,
പൊസ്കലൻകാൽ,കരിങ്കാറെതിരുനിറമിവമേൽ
പോട്ടമേൽപൊട്ടപാരിയാ-
രർക്കാലംകണ്ടുപോയാലതുമതിചൂടല-
പ്പൊട്ടനംതെട്ടിവീഴും ൯

താഴെ കാണുന്നതു ജോനകരെപ്പററിയാണ്.

വട്ടത്തൊപ്പിവളൎന്നതാടിവയറംതെന്നതെംനിറത്തൊപ്പമായ്
കെട്ടിക്കാട്ടപിടിച്ചരാമരയിൽപിച്ചാത്തിമെച്ചത്തരം
കെട്ടിക്കാകികരപ്പട്ടപ്പൊതുവമാൽശൌൎയ്യംശകാരങ്ങളി
മട്ടിൽജോനകരെത്രവേണമവിടെക്കണ്ടേൻകണക്കെന്നിയെ ൬൦

ഇനി രണ്ടു ചെട്ടിച്ചികൾ ശകനം വന്നതാകട്ടെ.

പൂത്തൻപൂച്ചക്കരപ്പാൽകവിടിയിവയെഴും
മാലമാറത്തുതൂക്കി
'കൈത്ത്യരെക്കൊള്ളവേനക്കവെകൊണേലകിയെ'
ന്നിത്തരംമത്തുരച്ച്
മുത്തിച്ചെട്ടിച്ചിമൂശേട്ടകളിതുവരെത്ര-
ത്തെത്തിരണ്ടാമതുംവെ-
ട്ടുത്തപ്പാപ്രതലോത്ഭ്രശ്യമിതനവധിമാ-
റെറത്തമററിത്തമല്ലെ ൬൧

'ഒരു വെറും തെങ്ങൻ പൂരംതാണ്ടുവാൻ', സംബദ്ധ്യായക്കിണ്ടി കൊണ്ടാവികൃതിയുടെ തലമണ്ടപ്പോന്നു താങ്ങിക്കൊട്ടത്തു', 'വിളിച്ചോ ളൂം വെളിച്ചത്തു ഞാൻ', 'തകപ്പുണ്ണിക്കരംഗപ്പിടമേഴി മിന്നുസപ്പെട്ട പെൺകുട്ടിയത്രെ', 'കൺകെട്ടോകലോന്തകപ്പെൺകോടിയുടെ കരുണാസാരമോ സാരമെന്തോ', 'ശ്രുദ്ധംവിദ്ധ്യൻപറമ്പനിവ നൊന്നൊരു പേരു കിട്ടും', 'അരവിന്ദബാണകലഹാപ്പിസ്സിൽ കമ്പ നാസ്സുരായ്', 'സ്ഥാനത്തുനിന്നിളകയാനിവനദ്ദിവന്റെ പോന്നത ലജ്ജ ദയതോന്നണമെങ്കിലുംമേ', 'എന്തിക്കവിതച്ചക്കാതിയോടി നിയുമണ്ണാക്കു പുണ്ണാക്കിടുന്നു', 'ജലതഹവാസന്റെ മാസംവരെ', എന്നും മറവും ഈ മഹാകവി അവിടത്തെ കൃതികളിൽ കഷ്ടം ക ണക്കമില്ലാതെ തട്ടിവിക്കിട്ടുള്ള പൊടിക്കൈകൾ ഏതു കവിതാരസി കന്റെ മനസ്സിനെയാണ് സന്തോഷിപ്പിക്കാത്തത്. ഒരു സ്ത്രീ ന ല്ല കവിതയെഴുതുവാൻ കാരണമെന്തെന്നു അവരോടുതന്നെ നമ്പൂ രി താഴെ കാണുന്ന ശ്ലോകത്തിൽ ചോദിക്കയാണ്.

സാധിച്ചോസാധു ചിന്താമണിമഹിതമഹാ
 മന്ത്രസാരംമുറയ്ക്കു-
ന്നാധിച്ചോനീനിതാന്തംതുഹിനകരകലാ-
 ചൂഡകാന്താപദാന്തം?
ബോധിച്ചോവെണ്മണിക്കുംസുരവരകവിതൻ
 ബ്രഹ്മരക്ഷസ്സുകരി
ബ്ബാധിച്ചോബോധവിട്ടെങ്ങിനെകവിതയിലീ-
 മട്ടനീകാട്ടിടുന്നു. ൧൨

പദ്യലേഖനങ്ങൾ നമ്പൂരിക്കു എഴുതുവാൻ വാസന അസാ മാന്യമായിരുന്നു. താഴെ ചേർത്തിരിക്കുന്ന ശ്ലോകത്തിന്റെ അശ്ലി ഷ്ടതയും ഒഴുക്കും ഒന്നു വേറെ തന്നെയാണ്.

എനിക്കുമില്ലത്തഖിലക്കുമെന്നാ-
നിനിക്കുമില്ലത്തലൊരിത്തിരിക്കും
തനിക്കുമത്തകഗിരിപ്രപീനാ-
സ്തനിക്കുമന്തംകമതില്ലയല്ലി. ൧൩

ഞാൻ ആദ്യമായി അവിടത്തെ,

'പെയ്തീച്ചപൂച്ചപുലിവണ്ടെലിഞണ്ടുപച്ചം-
പ്പയ്യേനതൊട്ടപലമാതിരിയായജന്തം
പയ്യേകഴിഞ്ഞുപുനരിപ്പൃഷാകൃതിപൂം
കയ്യിൽക്കിടച്ചുതുകളഞ്ഞുകളിച്ചിടൊല്ലെ. ൫൪

ഇത്യാദി ഇപ്പോഴം സുപ്രസിദ്ധമായി തീൎന്നിട്ടുള്ള സാരോപദേശശ്ലോകവും 'വെള്ളിക്കുന്നിൽ കൃഷിച്ചെയ്യുക പണിവതിനും ഭൂതസാൎത്ഥം സമൃദ്ധം' എന്ന സമസ്യപൂരണവും കേരളചന്ദ്രികയിൽ കണ്ടൊണ് ഇങ്ങനെ ഒരു കവിസാൎവ്വഭൌമൻ കേരളത്തിലുണ്ടെന്നു മനസ്സിലാക്കിയത്. പ്രതിനിമിഷം എനിക്കവിടത്തെപ്പേരിലുള്ള ബഹുമാനം വൎദ്ധിച്ചു. കേരളചന്ദ്രിക, മനോരമ, മലയാളി എന്നീ പത്രങ്ങളിൽ കണ്ട ഓരോ ശ്ലോകവും അവിടത്തെക്കണ്ടായിരുന്ന പൂൎണ്ണമായ സരസ്വതീകടാക്ഷത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളായിരുന്നു. താഴെ കാണുന്ന പദ്യം നമ്പൂരി മലയാളിപത്രാധിപൎക്കയച്ചതാണ്.

'ആയത്തപോലെമയോനെ-
ന്നായതബുദ്ധ! പിശ്ശുമൊണെങ്കിൽ
ആയത്തമതിമതിഞൊനീ-
വായത്തറന്നീലമിണ്ടിയതുമില്ല.' ൫൫

കൊട്ടാരത്തിൽ ശങ്കുണ്ണി അവൎകൾക്കുള്ള ഒരെഴുത്തിൽ കവി

തീയ്യേന്തുംകണ്ണനുതികൾക്കുലകലചുടല-
ച്ചുമ്പോൽപാമ്പെല്ലുവെള്ളം
പെയ്യുംത്തച്ചെഞ്ഞിടക്കെട്ടിവപലതുമെഴും
ദേവനെസ്സേവചെയ്ത്
കയ്യേറിക്കേളികേൾക്കുംകവികടെസിദ്ധ-
ണ്ടെയിരണ്ടായിരത്താ-
ണ്ടിയ്യുഴിത്തട്ടിൽവാണീടുകവിമലമതെ!
താങ്കളന്താങ്കമെന്യേ. ൫൬

എന്നാണ് ആശംസിക്കുന്നത്.

എന്തിനു വളരെ പറയുന്നു! ഈ ഉത്തമകവിയുടെ പദ്യങ്ങളെല്ലാംകൂടി ഒന്നിച്ചു ചേർത്ത് പ്രസിദ്ധീകരിക്കുവാൻ ലക്ഷ്മീഭായി മാനേജർ വെള്ളാട്ടിൽ നാരായണമേനോനവർകൾ ചെയ്യുന്ന പരിശ്രമം ഏറ്റവും അഭിനന്ദനീയമായിരിക്കുന്നു. അവിടുന്നു പച്ച മലയാളത്തിൽ ഒരു കവിത എഴുതിക്കാണേണമെന്നു ഞാൻ രസികരഞ്ജിനി മുഖാന്തരം ചെയ്ത അപേക്ഷ നിഷ്ഫലമായിത്തീർന്നുപോയല്ലോ. ഇനി അത് ഒറവങ്കര നമ്പൂരി (രാജാവ്) അവർകളോടു ചെയ്വാനേ നിവൃത്തി കാണുന്നുള്ളു. നാരായണൻ നമ്പൂരിയെപ്പോലെ വാസനയുള്ള മഹാകവികൾ ഇനിയും മലയാളത്തിൽ ധാരാളമുണ്ടാകട്ടെ എന്ന് ഈ അവസരത്തിൽ പ്രാർത്ഥിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

മായേ! മനോജമഥനാനുമനസ്സിണങ്ങും
ജായേ! ജഗജ്ജനനി! ജന്മജരാവിഹീനേ!
നീയേ നിനയ്ക്കു ഗതി നിത്യമെനിക്കു വിദ്യുൽ-
ക്കായേ കനിഞ്ഞിടുക കാലിണ കുമ്പിടുന്നേൻ.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യൻ, എം. എ. ബി. എൽ.

വേദാന്തഭ്രമം



യോഗഭ്രാന്ത് എന്ന തലവാചകത്തിൽ കഴിഞ്ഞ ഒരു ലക്കം രഞ്ജിനിയിൽ ഏ. കൃഷ്ണൻ എമ്പ്രാന്തിരി അവർകൾ എഴുതിയ ലേഖനം വായിച്ചു. മനുഷ്യർക്കു പിടിപെടാവുന്ന ഗൌരവമേറിയ മറ്റൊരു ഭ്രാന്താണ് വേദാന്തഭ്രാന്ത്. ഇത് ഒരു പകർച്ചവ്യാധിപോലെയാണ്. പൂരകാദിപ്രാണായാമം ചെയ്യണം, 'വിജനത്തി'ലിരിക്കണം, ചില പത്ഥ്യാഹാര

നക്രമങ്ങളും അനുസരിക്കണം ഇങ്ങിനെ അനേകബുദ്ധിമുട്ടുകളും അസൌകൎയ്യങ്ങളും ഉള്ളതുകൊണ്ട് യോഗവലയിൽ കുടുങ്ങുന്നവർ അപൂൎവ്വമായിരിക്കും. പക്ഷെ വേദാന്തികളാവാൻ ഇത്രയൊന്നും ബുദ്ധിമുട്ടില്ല. ഭസ്മം പൂശണം, കാവിവസ്ത്രരുദ്രാക്ഷാദികൾ ധരിക്കണം, താടി വളൎക്കണം, കൌപീനമാത്രധാരിയായി നടക്കുന്നതിനുള്ള ധൈൎയ്യം ഉണ്ടായിരിക്കണം. കഞ്ചാവു കുടിക്കുകകൂടി ഒരു കമ്പിളിയുണ്ടായാൽ ഉത്തമമായി. ഇങ്ങിനെയുള്ള വേഷംധരിച്ചു മററുള്ളവരുടെ പ്രയത്നംകൊണ്ടുണ്ടാകുന്ന ഫലത്താൽ നിത്യവൃത്തി കഴിച്ചു വിഷയവിരക്തി വന്നവരാണെന്നു നടിച്ചു നടക്കുന്ന ചില കൂട്ടക്കാരെക്കാണുമ്പോൾ ജീവിതമത്സരത്തിൽ അടിക്കടി അപജയം നേരിടുന്ന ചില യുവാക്കൾ അവരിൽ ഭ്രമിച്ച് അവരുടെ ഉപദേശങ്ങൾ കൈക്കൊള്ളുന്നതിൽ ലേശം അത്ഭുതമില്ല. ഈ ഭ്രാന്തിന്റെ ഉൽപ്പത്തിയെക്കുറിച്ചു കുറഞ്ഞൊന്നു ഇവിടെ പ്രസ്താവിക്കാം.

ഇഹലോകത്തിൽ സുഖമായി ജീവിച്ചിരിക്കണമെന്നുള്ള മോഹം സകല മനുഷ്യൎക്കും സ്വാഭാവികമായിട്ടുള്ളതാകുന്നു. പക്ഷെ സുഖം അല്ലെങ്കിൽ ഭാഗ്യം എന്നുവെച്ചാലെന്താണെന്നുള്ളതിനെപ്പററിയാണ് അഭിപ്രായഭേദമുള്ളത്. ചിലരുടെ പക്ഷത്തിൽ ഐഹികഭാഗ്യം ധനാഢ്യതയും സ്ഥാനമാനാദികളേയും ആശ്രയിച്ചാണിരിക്കുന്നതെന്നും മററു ചിലരുടെ പക്ഷം ഏതു അവസ്ഥയിലും മനസ്സിനുള്ള സംതൃപ്തിയാണ് ഭാഗ്യം എന്നും ആണ്. വാസ്തവം എങ്ങിനെയായാലും മനുഷ്യരിൽ ഭൂരിപക്ഷവും ധനസ്ഥാനമാനാദികളെ ഉദ്ദേശിച്ചാണ് പ്രയത്നം ചെയ്യുന്നതു എന്നുള്ളത് തൎക്കമററ സംഗതിയാണ്. സഹജമായ ബുദ്ധികൊണ്ടും സ്ഥിരോത്സാഹംകൊണ്ടും ന്യായമായ വഴിക്കു ഈ അവസ്ഥകൾ ലഭിച്ചിട്ടുള്ളവർ പൂജ്യന്മാരാണെന്നുള്ളതിനു സംശയമില്ല. പക്ഷെ അങ്ങിനെയുള്ളവർ അധികം ഉണ്ടായിരിക്കയില്ല. വിഘ്നത്തെ ഭയപ്പെട്ടു പ്രയത്നം ചെയ്യാതിരിക്കുന്നവർ, പ്രയത്നം ചെയ്യുന്നതിന്നിടക്കു വിഘ്നങ്ങൾ നേരിടുമ്പോൾ ഭഗ്നാശയന്മാരായി പിൻവാങ്ങുന്നവർ, എത്ര വിഘ്നങ്ങൾ നേരിട്ടാലും മുടങ്ങാതെ പ്രയത്നം ചെയ്തു കാൎയ്യം സാധിക്കുന്നവർ ഇങ്ങിനെ കുഞ്ചൻനമ്പ്യാർ മനുഷ്യരെ മൂന്നു തരക്കാരായി തിരിച്ചിട്ടു

ണ്ട്. ഈ കൂട്ടത്തിൽ പറഞ്ഞവരെയാണ് ഉത്തമന്മാർ എന്നു പറയുന്നത്. ഇങ്ങിനെയുള്ളവരുടെ പേരിൽ നമുക്കു ന്യായമായ ബഹുമാനവും അവരെ അനുകരിക്കേണമെന്നുള്ള മോഹവും ഉണ്ടാകേണ്ടതിനു പകരം ചിലർ അസൂയാകലുഷചിത്തന്മാരായി തീരുകയാണ് ചെയ്യുന്നത്. അസൂയ എന്ന ദുർഗ്ഗുണം ഒരുവനു ബാധിച്ചുപോയാൽ അതു അവന്റെ മററു സകല ഗുണങ്ങളേയും നശിപ്പിച്ചുകളയുന്നതാണ്. സ്നേഹിതന്മാരെ പരമശത്രുക്കളാക്കിത്തീക്കുന്നത് ഈ ഒരു ദുർഗ്ഗുണമാകുന്നു. ഇത് ഒരുവന്റെ മനസ്സിൽ വേരൂറച്ചുപോയാൽ, അതിന്റെ ഹേതുഭൂതന്മാരായവരുടെ അധോഗതിക്കു എന്നു മാത്രമല്ല, ചിലപ്പോൾ അവരുടെ നാശത്തിനുംകൂടി അവൻ ശ്രമിച്ചുകൊണ്ടിരിക്കും. ഇത്രയൊന്നും ചെയ്വാൻ സാമത്ഥ്യമോ ധൈൎയ്യമോ ഇല്ലാത്ത കൂട്ടക്കു സമാധാനത്തിനു ഒരുവഴി മാത്രമാണുള്ളത്. അതായത്, മററുള്ളവക്കുള്ള ഗുണങ്ങൾ നിസ്സാരങ്ങളാണെന്നു മനസ്സുകൊണ്ടു സങ്കല്പിക്കുകയും മററുള്ളവക്കു ആ അഭിപ്രായം ജനിപ്പിക്കുകയുംതന്നെ. വേദാന്തിവേഷം ധരിക്കുകയാണ് ഇതിനു ഉത്തമമായ മാൎഗ്ഗം. ഇക്കൂട്ടക്കാരോടു 'ഇന്നവൻ മഹാഭാഗ്യവാൻ' എന്നോ മറേറാ പറഞ്ഞാൽ അവക്കുള്ള മറുപടി ഇങ്ങിനെയായിരിക്കും. 'ശരി എന്തു ഭാഗ്യം? വലിയ ഉദ്യോഗം ലഭിച്ചതുകൊണ്ടും കുറെ പണം ഉണ്ടായതുകൊണ്ടും എന്തു ഭാഗ്യമാണുള്ളത്. ഈ വക കാൎയ്യങ്ങളിൽ വളരെ വിലവെക്കുന്നവരാണ് മഹാഭോഷന്മാർ. മനുഷ്യായുസ്സ് വെള്ളത്തിലെ കുമിളകളെപ്പോലെയാണ്. ഇന്നോ നാളെയോ നാം മരിച്ചു എന്നു വരാം. മരിച്ചാൽ പിന്നെ ധനമെവിടെ ഉദ്യോഗമെവിടെ? സംസാരത്തിൽ കിടന്നു വലയുന്ന കൂട്ടർ! ഇവക്കു ഒരു കാലത്തും ഗതിയുണ്ടാകയില്ല'. വിഷയവിരക്തി വന്ന ജ്ഞാനികളാണെന്നു ഭാവിച്ചു ഇങ്ങിനെയെല്ലാം പറയുന്നവരുടെ യഥാൎത്ഥോദ്ദേശ്യം എന്തെന്നു മനസ്സിലാക്കാതെ അനവധി ആളുകൾ ഇവരുടെ ഉപദേശങ്ങൾ കേട്ടു ഭ്രമിക്കുന്നു. ലാംഗൂലരഹിതനായ ഗോമായുവിനെപ്പോലെ ഇവർ പല പല ദേശങ്ങളിലും സഞ്ചരിച്ചു പ്രസംഗങ്ങൾ നടത്തിത്തുടങ്ങും. പ്രസംഗങ്ങളെല്ലാം, ജീവാത്മാവ്, പരമാത്മാവ്, പ്രത്യഗാത്മാവ് എന്നി

ങ്ങിനെയുള്ള ചില വാക്കുകളെക്കൊണ്ടുള്ള അമ്മാനാട്ടമല്ലാതെ മറെറാന്നുമല്ല. 'യഥാ ഘടാകാശ ഏവ മഹാകാശ മഹാകാശ ഏവ ഘടാകാശ തഥാ ജീവാത്മൈവ പരമാത്മാ പരമാത്മൈവ ജീവാത്മാ' എന്നിങ്ങിനെ ശ്വാസം വിടാതെ പറയുമ്പോഴും സാമാന്യക്കാൎക്കുകൂടി അവരുടെ വിദ്വത്വത്തെപ്പററി ഒരു വലിയ അഭിപ്രായം ജനിച്ചുപോകുന്നു. പക്ഷെ ഇവർ പറയുന്നതിന്റെ അൎത്ഥം തങ്ങൾക്കുതന്നെ സ്പഷ്ടമാകുന്നില്ലെന്ന പരമാൎത്ഥം അധികം പേരും ധരിക്കുന്നില്ല. ഒരു വേദാന്തിയും ജിജ്ഞാസുവും തമ്മിൽ യഥാൎത്ഥമായി ഉണ്ടായ സംഭാഷണം ഇവിടെ ചേൎക്കുന്നതു അനുചിതമാകയില്ലെന്നു വിശ്വസിക്കുന്നു.

വേദാന്തി— നമ്മുടെ മനസ്സു നദീമദ്ധ്യത്തിലുള്ള ഒരു തടിപോലെയാണ്. നദിയുടെ ഒഴുക്കനുസരിച്ചു തടി പോകുന്നതുപോലെ നമ്മുടെ മനസ്സു സംസാരചക്രത്തിൽ കിടന്നലയുന്നു.

ജിജ്ഞാസു— ശരി. അതു വളരെ നല്ല യുക്തി.

വേദാന്തി— എന്നാൽ ഒരു ചിറകെട്ടിയാൽ തടി ഒരു ദിക്കിൽ അനങ്ങാതെ കിടക്കുന്നതാണ്. പക്ഷെ ആ ചിറക്കു എവിടെയാണ് ദ്വാരമുള്ളത് എന്നുവെച്ചാൽ ആ വഴിക്കു തടി ഒലിച്ചുപോകയും ചെയ്യും. അതുപോലെതന്നെയാണ് നമ്മുടെ മനസ്സും. ഏതേതു വിഷയങ്ങളിൽ ഭ്രമിക്കുന്നുവോ ആ വഴിക്ക് മനസ്സും പോകും. അതിനാൽ നല്ലവണ്ണം ഉറപ്പിച്ചു കെട്ടിയ ഒരു ചിറയുടെ മദ്ധ്യത്തിൽ തടി അനങ്ങാതെ കിടക്കുന്നതുപോലെയാണ് പഞ്ചേന്ദ്രിയങ്ങളെ ജയിച്ചിട്ടുള്ള ഒരുവന്റെ മനസ്സു പരമാത്മാവിൽ ചെന്നു ലയിക്കുന്നത്.

ജി—അസ്സൽ ഉദാഹരണം. ഇത്രയുക്തിപൂൎവകമായി ഒരു ഗ്രന്ഥത്തിലും വിവരിച്ചിട്ടില്ല. എനിക്കു വളരെ ബോധിച്ചു. എങ്കിലും എനിക്ക് ഒരു സംശയം. മനസ്സ് അന്യവിഷയങ്ങളിൽ പ്രവേശിക്കാതെ പരബ്രഹ്മത്തിൽതന്നെ ഉറപ്പിക്കുന്നതിനുള്ള ഉപായം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

വേദാന്തി—അതിനുള്ള ഉത്തരം ഞാൻ മുമ്പു പറഞ്ഞുവല്ലോ. ആ

ചിറ ഉറപ്പിച്ചു കെട്ടണം. അതിനു മണ്ണുവേണം, കല്ലുവേണം.

ജിജ്ഞാ— കുമ്മായംവേണം. കററിവേണം. ശരി, ശരി, മനസ്സിലായി.

ഇങ്ങിനെ ഇവരുടെ സംഭാഷണം കലാശിച്ചു.

ഇതിൽനിന്നു സാധാരണ ജനങ്ങൾ സംഗതികളെ മനസ്സിലാക്കുന്നത് എങ്ങിനെയാണെന്നു അറിയാമല്ലൊ. തങ്ങൾക്കുതന്നെ ഒരു വിഷയത്തെപ്പററിയുള്ള അറിവ് ഏററവും തുച്ഛമായിരിക്കുമ്പോൾ, ആ വിഷയത്തെക്കുറിച്ചു മററുള്ളവരോടു ചെയ്യുന്ന പ്രസംഗങ്ങളിൽ നിരർത്ഥകങ്ങളായ പദങ്ങളിട്ടു വർഷിച്ചു ശ്രോതാക്കളുടെ മനസ്സിനെ ഭ്രമിപ്പിക്കുകയേ നിർവ്വാഹമുള്ളു. നാളികേരത്തിന്റെ മൂന്നു കണ്ണുകളും, ചീഫ്കോടതിയിലെ മൂന്നു ജഡ്ജിമാരും, മൂന്നാംകൂലിശീട്ടും, ത്രിഗുണാത്മികമായ ഈശ്വരസ്വരൂപത്തെ നമുക്കു പ്രത്യക്ഷമാക്കുന്നു എന്നു പറയുമ്പോൾ, ഹാ! ഇദ്ദേഹത്തിന്റെ വാക്കുകൾ എത്ര യുക്ത്യനുസരണമായിരിക്കുന്നു, സംഗതികൾ എത്ര നല്ലവണ്ണം അനുഭവപ്പെട്ടിരിക്കുന്നു, എന്നു കിഞ്ചിൽജ്ഞന്മാരായ ചിലർ വിസ്മയഭരിതന്മാരായി പറയുന്നതു കേൾക്കാം. ഇതാണ് ഇപ്പോൾ വേദാന്തികളാണെന്നു നടിച്ചു നടക്കുന്ന മിക്കവരുടേയും അവസ്ഥ.

ഇനി ഇവർ വിഷയസുഖങ്ങളിൽ തീരെ വിരക്തി ജനിച്ചിട്ടുള്ളവരാണെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു പരമ അബദ്ധമായിരിക്കും. മാനസികമായും കായികമായും യാതൊരു മാതിരി ആയാസവും എടുക്കാത്തവർ സാധാരണ ദുർമ്മാർഗ്ഗങ്ങളിൽ പ്രവേശിപ്പാൻ അധികം എളുപ്പമുള്ളതാണെന്നു ചില ശരീരശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

ഈശ്വരനാൽ നൽകപ്പെട്ടിട്ടുള്ള ബുദ്ധിശക്തിയെ ഇവർ വേണ്ടവിധം പ്രയോഗിച്ച് അറിവു വർദ്ധിപ്പാൻ ശ്രമിക്കുകയോ പൊതുജനങ്ങളുടെ നന്മക്കായി പ്രയത്നിക്കുകയോ ഒന്നും ചെയ്യാതെ സമയത്തെ ദുർവ്വ്യയം ചെയ്യുന്ന ഈ കൂട്ടക്കാരുടെ മനസ്സു ദുർവ്വിഷയങ്ങളിൽ പ്രവേശിക്കാതിരിപ്പാൻ മാർഗ്ഗമില്ല. എന്നു തന്നെയല്ല ഇവരുടെ ഉള്ളിൽ ജനിക്കുന്ന വികാരങ്ങൾക്കു വിപരീതമായ ഭാവം പുറത്തേക്കു പ്രദർശിപ്പിക്കേണ്ടതാകയാലും 'വിഷയപ്രാപ്തി അത്ര സു

സാദ്ധ്യമല്ലാത്തതുകൊണ്ടും ഏതു വിഷയത്തിൽ ഇവരുടെ മനസ്സു പ്രവേശിക്കുന്നുവൊ ആ വിഷയത്തിൽനിന്നു പിൻവലിപ്പാനുള്ള ശക്തി സാധാരണ ജനങ്ങളെക്കാൾ വളരെ കുറവാകകൊണ്ടും സ്ത്രീസക്തന്മാരായിട്ടുള്ളവരിൽ പ്രഥമസ്ഥാനത്തിനുള്ള അർഹത ഈ കപടസന്യാസികൾ മററാൎക്കും വിട്ടുകൊടുക്കുമെന്നു തോന്നുന്നില്ല. അപ്പോൾ മനോലയം എന്നും മുക്തിയെന്നും ഇവർ പറയുന്നതിന്റെ താല്പൎയ്യം ഇവിടെ ഞാൻ വിവരിക്കേണമെന്നില്ല. 'വിധവാനാന്തു നാരീണാം കാ ഗതിഃ പുരുഷോത്തമ അഹം സന്യാസിരൂപേണ സ്വീകരോമി ധനഞ്ജയ' എന്നും 'നായം ഹന്തി ന ഹന്യതെ' എന്നും ഉള്ള ആപ്തവാക്യങ്ങളെ ആവശ്യംപോലെ വ്യാഖ്യാനിച്ചു തങ്ങളുടെ ദുഷ്ക്രിയകൾക്കു പ്രമാണവും കല്പിക്കും. ധൎമ്മാധൎമ്മങ്ങളൊന്നും ജ്ഞാനിക്കു ബാധിക്കയില്ലെന്നുള്ള ഇവരുടെ സമാധാനം സ്വീകരിക്കാതിരിപ്പാൻ നിവൃത്തിയില്ലല്ലൊ.

'സംസാരമോക്ഷത്തിൻ കാരണമായതു വൈരാഗ്യമെന്നല്ലൊ ചൊല്ലിക്കേൾപ്പൂ' എന്നാണ് കൃഷ്ണഗാഥാകൎത്താവു പറഞ്ഞിരിക്കുന്നത്. പക്ഷെ 'വൈരാഗ്യം' എന്നുവെച്ചാൽ സദ്വിഷയങ്ങളിലുള്ള വൈരാഗ്യം എന്നോ, തങ്ങൾക്കു ദുഷ്പ്രാപ്യങ്ങളായ വസ്തുക്കളിലുള്ള വൈരാഗ്യം എന്നോ അൎത്ഥം കല്പിക്കേണ്ടി വരും. സുലഭമല്ലാത്ത വസ്തുവിൽ എത്ര തന്നെ വിരക്തി ഭാവിച്ചാലും ഉള്ളിൽ വെച്ചുറച്ചു കിടക്കുന്ന അസൂയാ എന്ന അസാദ്ധ്യരോഗം കൂടക്കൂടെ ശല്യപ്പെടുത്തുവാൻ ഇടയുള്ളതുകൊണ്ടു, തങ്ങളുടെ സ്ഥിതിയെ മറക്കണം എന്നുള്ള വിചാരത്തോടുകൂടിയാണെന്നു തോന്നുന്നു ചിലർ കറുപ്പ് കഞ്ചാവ് മുതലായ ലഹരിസാധനങ്ങളുടെ സഹായം ആവശ്യപ്പെടുന്നത്. തത്സമയത്ത് അവർ പരമാനന്ദത്തിൽ ലയിക്കുന്നു എന്നു പറഞ്ഞാൽ കളവായിരിക്കാൻ തരമില്ല. അവൎക്കു ബാഹ്യപ്രപഞ്ചമെല്ലാം ശൂന്യമായി തോന്നാൻ ഇടയുണ്ട്. ഇതായിരിക്കണം ഇവരുടെ നിൎവ്വാണാവസ്ഥ.

ദ്വാര.

൧. അഞ്ചാതലുള്ളോർപ്പെണമേറുണ്ണ്'മെന്നപുണ്യ-
പഞ്ചാക്ഷരം പതിവുവെച്ചു ജപിച്ചുകൊണ്ടും,
താൻചാലെയന്യമുതൽതൻമുതൽപോലെകണ്ടും
നെഞ്ചാൽസ്മരിച്ചുവരുമാദ്ദ്വാര'യെത്താഴുന്നോൻ.

൨. ശീലംപകർന്നു,ശുചിയല്ലതിനററു,ചിന്താ-
ജാലത്തിൽവാട്ടു,മണയാസുഖമൊന്നുകൊണ്ടും;
ഈലക്ഷണങ്ങളാതിരളുംദ്വാരയെന്നപേരാം-
മാലസ്യമാളുകളെയങ്ങിനെയിട്ടുകൊല്ലും.

൩. മൂന്നാലുമമ്പടിതികച്ചുകിടക്കുമെങ്കിൽ
താന്നാദരാൽപണിയുമെപ്പടനീചനേയും;
തൻനാട്ടുവിട്ടുനടകൊള്ളു,മധർമ്മവാപ്പി-
നൂന്നാംദ്വാരക്കടിമയായവനെന്നുമാവാം.

൪. മാലേറമരവദ്വാരയെന്നപിശാചുബാധി-
ച്ചാലേവനുംവെളിവറം,പലരോഗമ്പ്പികാട്ടും;
ചാലേശമിച്ചൊഴികയില്ലതു,കഞ്ചനാഗ-
ന്നാലേററവുംബലിയുഴിച്ചിൽ'നടത്തിയാലും.


൫. പാരത്രയംവശഗമാകുവതിന്നുകണ്ട
മാരങ്ങളപ്പടിവലിച്ചുതലസ്ഥുകേറാം;
പ്രാരംഭമൊക്കെയവതാളവുമാകു,മിമ-
ട്ടാരമ്പാഡംനെറികെടാദ്ദ്വാരമൂത്തുപോയാൽ?

൫. വല്ലായ്മ,വൻചതി,കുന്നട്ട്,മിരട്ടനാണെ-
മില്ലായ്മ,ജാതിമുറനോക്കിനടന്നിടായ്ക,
എല്ലാരൊടും ശരതയെന്നിവയൊക്കെയെന്തെ-
ന്നില്ലാത്തൊരാദ്ദുരപെറന്നകിടാങ്ങളത്രേ.

൬. ശീലം ഭുജിച്ചു കുരുവീരർ ചതിപ്രയോഗ-
ത്താലെന്നുപാണ്ഡവരെയിട്ടുഴലിച്ചൊടുക്കം
കാലപ്പിടപ്പിലടർവെട്ടിമുടിഞ്ഞുപോവാൻ
മൂലം ദുരന്തതരമാം ദുരമൂത്തതല്ലേ?

വള്ളത്തോൾ നാരായണമേനോൻ.


കൊച്ചിയിലെ ഈഴവന്മാർ*



ഇല്ലവരെന്നും വിളിക്കപ്പെടുന്ന ഈഴവന്മാർ മലബാറിലും കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിലും വ്യാപിച്ചു നിവസിക്കുന്ന ഒരു ജാതിക്കാരാകുന്നു. ആചാരനടവടികളിൽ ഏറക്കുറെ വ്യത്യാസങ്ങളോടുകൂടി പലേടത്തും പല പേരുകളാലാണ് അവർ അറിയപ്പെടുന്നത്. എങ്കിലും അവർ എല്ലാവരും ഒരേ ഒരു ജാതിയിൽതന്നെ ഉൾപ്പെട്ടവരാണ്. വടക്കെ മലയാളത്തിൽ കോഴിക്കോട്ടുവരെക്കും അവരെ 'തിയ്യന്മാർ' എന്നു പറയുന്നു. തെക്കെ മലയാളത്തിൽ ഈഴവന്മാരെന്നും തണ്ടാന്മാരെന്നും വി

ജാതിപ്പേരുകൾ

* The Ethnographical Survey of the Cochin State, monograph No. 10, by *L. K. Ananta Krishna Iyer Esq. B.A. L.T.* Translated with permission of the Government.



ഈഴവന്മാർ

ളിച്ചുവരുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും 'ചോവ'ന്മാരെന്നും 'ഈഴവ'ന്മാരെന്നും ആകുന്നു വിളിച്ചുവരുന്നത്. അവർ തിരുനൽവേലി ജില്ലയിലെ തമിഴരായ 'ശാണാ'ന്മാരോടും ദക്ഷിണ കന്നടജില്ലയിലെ 'ബില്ലവ'ന്മാരോടും ഉത്തരകന്നടയിലെ 'ഹാലിപാഇക്ക'രോടും ഏററവും അടുത്തിട്ടുള്ളവരാകുന്നു. തൊഴിലിലുള്ള വ്യത്യാസംഹേതുവായിട്ടു ചില ദിക്കുകളിൽ അവരെ 'വേല'ന്മാരെന്നും * 'ഈരാളി'കളെന്നും വിളിച്ചുവരുന്നു.

ഇവർ ഈ രാജ്യത്തെ ജനസംഖ്യയിൽ ഒരു പ്രധാനഭാഗമാകുന്നു. കഴിഞ്ഞ കാനേഷുമാരി കണക്കുപ്രകാരം 91,524 പുരുഷന്മാരും 92,980 സ്ത്രീകളുംകൂടി ആകെ 1,84,504 ആളുകൾ ഈ ജാതിക്കാർ തന്നെയാണ്.

ഹിന്തുക്കളിൽ ഇവർ നൂറക്ക് മുപ്പത്തിമൂന്നുകാൽ വീതവും നൂററുക്ക് ഇരുപത്തൊന്നര വീതം കാണുന്ന ശൂദ്രരെ അധികരിച്ചും നില്ക്കുന്നു.

ജാതിയുടെ ഉല്പത്തിയും ഐതിഹ്യവും

തിയ്യൻ, ഈഴവൻ ഈ വാക്കുകളുടെ വ്യുല്പത്തികൊണ്ട് ഈ ജാതിക്കാർ 'സിലോൺ' ദ്വീപിൽനിന്ന് ഇവിടേക്കു ദേശംപകർന്നിട്ടുള്ളവരാണെന്നു ഊഹിക്കുവാൻ വഴി കാണുന്നുണ്ട്. 'തിയ്യൻ' എന്ന പദം 'ദ്വീപു സംബന്ധിയെന്ന്' അർത്ഥമുള്ള 'ദ്വീപൻ' എന്ന പദത്തിന്റെ രൂപാന്തരമാകുന്നു. ഈഴവൻ എന്ന ശബ്ദം 'ഈഴം വാഴുന്നവൻ' (സിലോൺ ദ്വീപിന്റെ പുരാതനനാമാന്തരമായ 'സിംഹള' ദ്വീപിൽ താമസിക്കുന്നവൻ) എന്ന അർത്ഥത്തെ കുറിക്കുന്നു. തിയ്യന്മാരും ഈഴവന്മാരും സിലോൺ ദ്വീപിൽനിന്നു ദേശാന്തരാധിവാസം ചെയ്തിട്ടുള്ള 'ശാണാർ' വംശത്തിൽ പെട്ടവരാണെന്നും‡ അവർ മലയാളത്തിലേക്കു ദേശം പകർന്നപ്പോൾ അവരുടെ പ്രധാനതൊഴിലായിട്ടു ഇന്നും കൃഷിചെയ്തു വരുന്ന തെങ്ങും പനയും കൂടെ കൊണ്ടുവന്നു എന്നും പറയുന്നുണ്ട്.

---

* കേരളോപകാരശ്രമം 44-ാം ഭാഗം നോക്കുക. ഇതിൽ പല വർഗ്ഗക്കാരുമുണ്ട്.

‡ കൊച്ചിയിലുള്ള ഈഴവന്മാർ ശാണാന്മാരായിട്ടുള്ള ബന്ധം സമ്മതിക്കുന്നില്ല.

ചോവൻ എന്ന പദം 'സേവകൻ' എന്ന പദത്തിന്റെ പ്രകാരഭേദമാകുന്നു. ഏകദേശം 130 കൊല്ലം മുമ്പു തിരുവിതാംകൂറിലെ രാജാക്കന്മാർ പ്രത്യേകിച്ച് അമ്പലപ്പുഴ രാജാവും പോക്കാട്ടു രാജാവും, ഇവരെ നായന്മാരുടെകൂടെ പടയാളികളായിട്ടു ധാരാളം ഉപയോഗിച്ചിരുന്നു. അടുത്ത കാലത്തു 973-ാമാണ്ട് രാമവർമ്മ രാജാവിന്റെ കാലത്തുകൂടി അനേകം ചോവന്മാരെ തിരുവിതാംകൂറിൽ യോദ്ധാക്കളായിട്ടു നിയമിച്ചിട്ടുണ്ട്.

ഈ ജാതിയുടെ ഉൽപ്പത്തിയേയും ആദിചരിത്രത്തേയുംപററി ചില ഐതിഹ്യങ്ങളുള്ളവയിൽ ചിലതു താഴെ വിവരിക്കുന്നു.

* 'മക്കൻസി'യുടെ കുറിപ്പുകളിൽ ഈഴവന്മാർ ഏഴു ഗന്ധർവ്വസ്ത്രീകളിൽനിന്നു ഉത്ഭവിച്ചവരാണെന്നു ഒരു കഥ പറയുന്നുണ്ട്. തിരുനൽവേലി ജില്ലയിലുള്ള ശാണാന്മാരാണ്, ഈഴവരല്ല, ഗന്ധർവ്വസ്ത്രീകളിൽനിന്നുള്ള സന്തതികൾ എന്നും വ്യവഹരിക്കുന്നുണ്ട്.

§ ക്ഷത്രിയകുല ജാതയായി 'അല്ലി' എന്നു പേരായ ഒരു പാണ്ഡ്യരാജകുമാരി കുണ്ഡ്റററിക്കിലെ നരസിംഹനെന്ന ക്ഷത്രിയരാ

---

* സിലോൺ ദ്വീപിലെ 'ഇല്ല' (Illa) എന്നു പേരായ ഒരു രാജാവു ചിദംബരത്തെക്കു ചെന്നതായും അവിടെ അദ്ദേഹത്തിന്റെ സന്നിധാനത്തിൽ വിഖ്യാതനായ 'മാണിക്യവാചകരും' ബുദ്ധമതാചാര്യന്മാരും തമ്മിൽ മതസംബന്ധമായ ഒരു വാദപ്രതിവാദം നടന്നതായും ഒടുവിൽ 'ഇല്ല' രാജാവു ശൈവനായിത്തീർന്നതായും ഒരു തമിഴ്പുരാണഗ്രന്ഥത്തിൽ കാണുന്നുണ്ട്. അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാർ 'ഇല്ലവർ' എന്ന നാമധേയത്താൽ അറിയപ്പെടുന്നു. മിസ്റ്റർ എച്ച്. എ. സ്ററുവർട്ട് ഈ വാക്കിനു 'സിലോൺ നിവാസികൾ' എന്ന് അർത്ഥമാണെന്നു പറയുന്നു. മൈസൂരിലെ 'കദംബ' രാജാക്കന്മാരെപ്പോലെ 'ഇല്ല' രാജാക്കന്മാരും കള്ളു ചെത്തുന്ന ജാതിക്കാരിൽ ഉൾപ്പെട്ടവരായിരിക്കുന്നാമെന്നും പറയപ്പെടുന്നു.

§ മിസ്റ്റർ. എച്ച്. എ. സ്ററുവർട്ട് 1891 ലെ കാനേഷുമാരി റിപ്പോർട്ടിൽ ഇപ്രകാരം എഴുതിയിരിക്കുന്നു, ശാണാന്മാർ ഒരു കാലത്തു യോദ്ധാക്കളായിരുന്നില്ലെന്നു ഒരിക്കലും തീർച്ച പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ തെക്കെ ഇന്ത്യയിൽ കള്ളു ചെത്തുന്ന ജാതിക്കാരിൽ ആദിമവർഗ്ഗക്കാരിൽ പലരുടേയും തൊഴിൽ യുദ്ധസംബന്ധമായിട്ടുള്ളതായിരുന്നുവെന്നു കാണുന്നുണ്ട്. പാലേടത്തും പല പ്രത്യേക പേരുകളും വഹിച്ചുംകൊണ്ടു തെക്കെ ഇന്ത്യയിൽ വ്യാപിച്ചുകിടക്കുന്നു. ഈ വർഗ്ഗക്കാരുടെ പ്രധാന തൊഴിൽ കള്ളുചെത്തൽ തന്നെയായിരുന്നു. അവർ വളരെ ശൗര്യമുള്ളവരായിരുന്നതുകൊണ്ട് അവരുടെ പൂർവ്വാധിപതികൾ അവരെ രക്ഷാധികാരികളായിട്ടും കാലാൾപടയായിട്ടും ഉപയോഗിച്ചു വന്നിരുന്നു.

ജാവിനെ വിവാഹം കഴിച്ചു. ഈ ദമ്പതികൾ സിലോണിലേക്കു ദേശം പകൎന്നു, അവിടെ 'ഈഴവപ്പെരുമാൾ' എന്ന സ്ഥാനപ്പേരോടുകൂടി രാജ്യംവാണുകൊണ്ടിരുന്നു. ഈ രാജവംശം അന്യം വന്നപ്പോൾ അവരുടെ ചാൎച്ചക്കാരും വേലക്കാരും സ്വന്തം നാട്ടിലേക്കു മടങ്ങുകയും അവിടെത്തന്നെ പിന്നെ താമസിക്കുകയും ചെയ്തു. ഇന്നിന്നവന്മാരായ പല ശാണാന്മാരും തങ്ങൾ ക്ഷത്രിയരായിട്ടു ഗണിക്കപ്പെടേണ്ടവരാണെന്നു അവകാശം പുറപ്പെടുവിച്ചു. ദ്രാവിഡ ക്ഷത്രിയന്മാർ എന്നൊരു വൎഗ്ഗക്കാരില്ലാത്തതുകൊണ്ടു ഈ അവകാശം തീരെ അസംബന്ധമാണെന്നു മിസ്റ്റർ 'എച്. എ. സ്റ്റുവട്ട്' അഭിപ്രായപ്പെടുന്നു.

* ചേരമാൻ പെരുമാളുടെ കാലത്തു ഒരു വെള്ളത്തേടത്തി അവളുടെ തുണി ചാരം തളിച്ചു കഴുകുകയായിരുന്നു. തുണിയുടെ മറ്റെ തുമ്പു പിടിക്കുവാൻ ഒരാളെ അവൾക്കാവശ്യമുണ്ടായിരുന്നു. പക്ഷെ മറ്റാരേയും കാണാഞ്ഞിട്ടു ഒരു ആശാരിച്ചിക്കുട്ടിയെ വിളിച്ചു. അവൾ വീട്ടിൽ തല്ക്കാലം തനിച്ചായിരുന്നതുകൊണ്ടു ജാതിമൎയ്യാദയെ ലംഘിക്കയാണെന്നറിയാതെ വെള്ളത്തേടത്തി പറഞ്ഞപോലെ സഹായിച്ചുകൊടുത്തു. ഒരു ദിവസം ഈ വെള്ളത്തേടത്തി ആ തച്ചൻ വീട്ടിൽ കേറിച്ചെന്നു. ആശാരി അതു കണ്ടു ദേഷ്യപ്പെട്ടു തന്റെ പടിക്കകത്തു കടക്കുവാൻ ആരു പറഞ്ഞുവെന്നു ചോദിച്ചു. 'നമ്മൾ തമ്മിൽ ജാതിഭേദമൊന്നും ഇല്ല. നിന്റെ മകൾ എന്റെ തുണിത്തുമ്പു പിടിച്ചുതന്നു' എന്നു പരിഹാസമായി വെള്ളത്തേടത്തി മറുപടി പറഞ്ഞു. അധികപ്രസംഗ

* കള്ളു ചെത്തുന്ന വകക്കാർ വിജയനഗരം രാജ്യത്തോടു അടുത്ത ബന്ധമുള്ളവരാകുന്നു. അവർ ഒരു കാലത്തു വിജയനഗരം രാജാക്കന്മാരുടെ 'സേവകം' ഏറ്റിരുന്നവരായിരുന്നുവെന്നും തെക്കെ ഇന്ത്യയിലെ ഹിന്തുരാജ്യങ്ങളിലെ പടസന്നാഹത്തിൽ ഒരു പ്രധാനപ്പെട്ട അംഗമായിരുന്നുവെന്നും വിചാരിക്കുവാൻ ന്യായമുണ്ടു. 'മലബാറിൽ ഈഴവന്മാർ ജാതിപദവിയിൽ എത്രയോ താന്ന നിലയിൽ നില്ക്കുന്നവരും തിയ്യന്മാൎക്കും കണക്കന്മാൎക്കും താഴെയുള്ള സ്ഥാനത്തിനു മാത്രം അൎഹന്മാരുമാകുന്നു'. പാലക്കാടു, ചിറ്റൂർ ഈ താലൂക്കുകളിലുള്ള വൎഗ്ഗക്കാരെ സംബന്ധിച്ചേടത്തോളം ഈ സംഗതി ഏകദേശം യോജിക്കുന്നതാണു.

മായ ഈ മറവടിയാലും തനിക്കു വന്നിട്ടുള്ള അപമാനത്താലും ആശാരി കയൎത്തു വെള്ളത്തേടത്തിയെ അവിടെ വെച്ചുതന്നെ കൊന്നു. ഇതിനെപ്പററി അവളുടെ ഭൎത്താവും ബന്ധുക്കളും പെരുമാളുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. അദ്ദേഹം വെള്ളത്തേടന്മാരുടെ പക്ഷം പിടിച്ച് ആശാരിമാരെ ഭയപ്പെടുത്തി. അതു കാരണം അവർ എല്ലാവരും യോജിച്ചു സിലോൺ ഈഴത്തിൽ ചെന്നു അഭയം പ്രാപിക്കുകയും 'കാൻഡി'രാജാവു അവരെ ആദരിക്കുകയും ചെയ്തു. ഇവർ പോയപ്പോൾ പെരുമാൾ കുഴക്കത്തിലായി. തന്റെ നാട്ടിൽ ഭവനങ്ങൾ പണിവാൻ ആരുംതന്നെ ഇല്ലാതായതുകൊണ്ട് ചിലരെ മടക്കി അയച്ചാൽ കൊള്ളാമെന്നു 'കാൻഡി'രാജാവിനോടപേക്ഷിച്ചു. പെരുമാൾ യാതൊരു ഉപദ്രവവും ആശാരിമാൎക്കു ചെയ്കയില്ലെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അവൎക്കു വിശ്വാസം വന്നില്ല. ഒടുവിൽ അവരേയും അവരുടെ കുടുംബത്തെയും രക്ഷിപ്പാനും പെരുമാളുടെ അവരോടുള്ള നടവടിക്കു സാക്ഷിനില്പാനും ആയി നാലു ചോവന്മാരെ കാൻഡിരാജാവു അയക്കാമെന്നുള്ള കരാറുണ്ടെങ്കിൽ അവർ തിരിയെ പോകാമെന്നു സമ്മതിച്ചു. ഇങ്ങിനെ രക്ഷനില്ക്കുന്നതിന്നു പ്രതിഫലമായിട്ടു കല്യാണം, ശേഷക്രിയ, മുതലായ അടിയന്തരങ്ങൾക്കു മൂന്നിടങ്ങഴി അരി ഈഴവന്മാൎക്കു പ്രതിഫലം കൊടുക്കണമെന്ന നിശ്ചയത്തോടുകൂടി രാജാവു അവരുടെ അപേക്ഷയെ കൈക്കൊള്ളുകയും ചെയ്തു. ചോവന്മാരുടെ ഈ അവകാശം ഇന്നും നിലനിന്നുപോരുന്നുണ്ട്. ഈ ചോവന്മാരിൽനിന്നിട്ടാണ് ഈഴവന്മാർ ഉണ്ടായിട്ടുള്ളത്*. വടക്കെ മലയാളത്തിലെ തിയ്യന്മാർ അവരുടെ ഉത്പത്തി ഭ്രഷ്ടയായ ഒരു 'അകത്തുള്ളോളി'ൽനിന്നാണെന്നു വ്യവഹരിക്കുന്നു. അവരുടെ ഇടയിൽ 'മന്നനാർ' എന്നു പേരായ ഒരു പ്രഭുവുണ്ടായിരുന്നുവെന്നൊരു കേൾവിയുണ്ട്.

അവരുടെ ഭാഷ മലയാളമാകുന്നു. അവരിൽ വായിക്കുവാ

* *Mackenzi Manuscripts*

നും എഴുതുവാനും കഴിയുന്നവർ വളരെയുണ്ട്. അക്ഷരജ്ഞാനമുള്ളവരിൽ നാട്ടുക്രിസ്ത്യാനികളും നായന്മാരും കഴിഞ്ഞാൽ ഈ ജാതിക്കാരാകുന്നു പിന്നെ അധികമുള്ളത്. ഈഴവന്മാരിൽ പുരുഷന്മാർ നൂററുക്ക് അറുപത്തിരണ്ടര വീതവും സ്ത്രീകൾ ഒമ്പതരേമാകാണി വീതവും അക്ഷരജ്ഞാനമുള്ളവരാകുന്നു.

ഭാഷ

കേരളത്തിൽ വിശിഷ്ടജനങ്ങളെന്നു ഗണിക്കപ്പെടുന്ന നമ്പൂരിമാരോടു ആലോചിക്കാതെ കണ്ട് പണ്ടത്തെ കാലത്തു ശൂദ്രരുടെയാകട്ടെ മററുള്ളവരുടെയാകട്ടെ ശ്രേയസ്സിനെ സംബന്ധിച്ച് യാതൊരു കാര്യങ്ങളും നടത്തപ്പെടാറില്ല. അവരുടെ ഉപദേശം വേദവാക്യംപോലെയാണ് വിചാരിച്ചുവന്നിരുന്നത്. എവിടെയെങ്കിലും സന്തതിയുണ്ടായാൽ കുട്ടിക്കു പേരിടുവാൻ നമ്പൂരിമാരോടു ചോദിച്ചിട്ടേ പതിവുള്ളൂ. അപകടങ്ങളായ പേരുകളാണെങ്കിലും കൈക്കൊള്ളാതിരിക്കാറില്ല. ചോവന്മാർക്കു ഇടുന്ന പേരുകൾ ഭൂതപ്രേതപിശാചുക്കളുടെ പേരുകളോടു ഏകദേശം ഒത്തിരിക്കും. ചാത്തൻ, കോരൻ, മുട്ടൻ, താരി, കോരി, മാക്കി എന്നു പുരുഷന്മാർക്കും, കാളി, കുളി, ഊലി, അച്ചി, നാച്ചി, എളെച്ചി എന്നു സ്ത്രീകൾക്കും പേരുകൾ സാധാരണയാണ്.

സ്ത്രീപുരുഷന്മാരുടെ പ്രധാനപ്പെട്ട പേരുകൾ

ആൺകുട്ടികൾക്കു ഉണ്ണി, കുട്ടൻ, കുഞ്ഞൻ, എന്നും പെൺകുട്ടികൾക്കു കുഞ്ഞിപ്പൈതൽ, കുട്ടിപ്പെണ്ണു എന്നും ഓമനപ്പേരുകൾ നടപ്പുണ്ട്.

ഓമനപ്പേരുകൾ

അവരുടെ ഇടയിൽ പല അവാന്തരവിഭാഗങ്ങളും അവാന്തരജാതികളും ഉണ്ട്. അവയിൽ കൊച്ചി തിരുവിതാംകൂറിൽ മൊത്തമായിട്ടുള്ളവ താഴെ വിവരിക്കപ്പെടുന്നു.

അവാന്തരവിഭാഗങ്ങൾ

അവാന്തരജാതിയുടെ പേര	വാസഭൂമി
1. തിയ്യച്ചോൻ (ചോവൻ)	കൊച്ചി
2. പാണ്ടിച്ചോൻ	ടി.

3. വെളുകടിച്ചോൻ ... ... കൊച്ചി
4. നാഡിച്ചോൻ ... ... തിരുവിതാംകൂർ
5. പാച്ചലിച്ചോൻ ... ... ടി.

ഇക്കഴിഞ്ഞ കൊച്ചി കാനേഷുമാരി റിപ്പോർട്ടുപ്രകാരം മൂന്നു ഭേദവിഭാഗങ്ങൾ മാത്രമേ കാണ്മാനുള്ളു. 1. പാണ്ടിഈഴവന്മാർ, 2. മലയാളം ഈഴവന്മാർ, 3. വടക്കെ മലയാളത്തിലെ തിയ്യന്മാർ. ബ്രാഹ്മണരുടെ ഗോത്രങ്ങൾപോലെ ഇവൎക്കു 'ഇല്ലങ്ങ'ളെന്നും, കിരിയങ്ങളെന്നും ചില വൎഗ്ഗഭേദങ്ങളുണ്ട്. ഈ ഭേദം പുലയരിലും മുക്കുവരിലും കാണുന്നതാണ്. ഇല്ലങ്ങളിൽ ചിലത്: മൂടി, ചേരതി, മയ്യനാട്, മാടമ്പി എന്നിവയാകുന്നു. വടക്കെ മലയാളത്തിലെ തിയ്യന്മാർ എട്ടു ഇല്ലങ്ങളിലും മുപ്പത്തിരണ്ടു കിരിയങ്ങളിലും ചേൎന്നവരാണെന്നും ഇന്നും അവർ 'എട്ടില്ലക്കാർ' എന്നു തങ്ങളെ വിളിച്ചുവരുന്നുവെന്ന് സബ്ജഡ്ജിയായിരുന്ന മിസ്റ്റർ ഇ. കെ. കൃഷ്ണൻ പറഞ്ഞിരിക്കുന്നു. താഴെ വരുന്ന ശ്ലോകത്തിൽ എട്ടു ഇല്ലങ്ങളുടെ പേരുകൾ അടങ്ങിയിരിക്കുന്നു.

ധാത്രി,പുല്ലാഞ്ഞി,വംഗേരി,ചന്ദ്രചൂഡപദംതഥാ
പടയൻ,മധുമന്നാഖ്യ,വിലക്കമെതിചാഷ്ടമം.

1. നെല്ലിക്ക, 2. പുല്ലാഞ്ഞി, 3. വംഗേരി, 4. കോഴിക്കാലൻ, 5. പടയങ്കുടി, 6. മാനങ്കുടി, 7. തേനങ്കുടി, 8. വിലക്കങ്കുടി ഇങ്ങിനെ എട്ടാകുന്നു. ഇതിൽ ഉത്തമമായിട്ടുള്ളത് കോഴിക്കാലനാകുന്നു. ഇത് അച്ഛനും മക്കളും തമ്മിൽ ക്ലിപ്തപ്പെട്ടതാവുന്ന ബന്ധമില്ലാത്ത കാലത്തു പല ശാഖകളുള്ള വൎഗ്ഗക്കാരുടെ സമുദായാവസ്ഥയെ കാണിക്കുന്നതായിരിക്കാം. എന്തുകൊണ്ടെന്നാൽ അന്നു വിവാഹവിഷയത്തിൽ ഏകഭൎത്തൃത്വമെന്ന നിശ്ചയമുണ്ടായിരുന്നില്ല. ഒരേ തറവാട്ടിലുള്ള അംഗങ്ങൾ തമ്മിൽ വിവാഹം തീരെ നിഷിദ്ധമാകുന്നു. പല ജാതികളുടേയും ആദിമതറവാടുകളിൽ ഉള്ള സ്ത്രീപുരുഷന്മാർ എല്ലാവരും സഹോദരീസഹോദരന്മാർ ആയതുകൊണ്ട് പരസ്പരവിവാഹം അഗമ്യാഗമനംപോലെ നിഷേധിക്കപ്പെട്ടിരിക്കുന്നു. അമ്മയുടെ തായ്വഴിക്രമത്തിനാണ് തറവാട്ടുകൾ ഗണിക്കപ്പെടുന്നത്.

തെക്കെമലയാളത്തിലും കൊച്ചിരാജ്യത്തു ചിറ്റൂർ താലൂക്കിലും വിവാഹത്തിന്നു മുമ്പു വധൂവരന്മാർ ഏതേതില്ലക്കാരാണെന്നു തീർച്ചപ്പെടുത്തുന്നതു ഇന്നും നടപ്പുണ്ട്. ഈ നിർബ്ബന്ധം മററുള്ള ദിക്കുകളിൽ അത്ര വകവെയ്ക്കാറില്ല.

സ്ഥാനമാനങ്ങൾ

ഇപ്പോഴും നടപ്പുള്ള ചില മുഖ്യ സ്ഥാനമാനങ്ങളെ താഴെ ചേർക്കുന്നു.

1. ചേവകർ:—ഇതു സേവകർ എന്നതിന്റെ ഒരു രൂപഭേദമാകുന്നു. ഇവർ പണ്ടു കൊച്ചിതിരുവിതാംകൂർകോവിലകങ്ങളിൽ കാവൽക്കാരായിട്ടു നിയമിക്കപ്പെട്ടവരായിരുന്നു.

2. കുറുപ്പന്മാർ:— ഈ വകക്കാർ പുരാതനകാലങ്ങളിൽ ഇപ്പോഴും നാമാവശേഷങ്ങളായ കളരിപ്പണിക്കന്മാരായിരുന്നു. ഇപ്പോഴും ആയുധവിദ്യക്കു പകരം എഴുത്താണിവിദ്യ പഠിപ്പിക്കുന്നതിൽ ഏൎപ്പെട്ടിരിക്കുന്നു.

3. വൈദ്യൻ, 4. ജ്യോത്സ്യൻ, 5. ആശാൻ, 6. തണ്ടാന്മാർ:— ഈഴവന്മാൎക്കു നായന്മാൎക്കെന്നപോലെ നാട്ടുരാജാക്കന്മാരിൽനിന്നു സ്ഥാനമാനങ്ങൾ സിദ്ധിക്കാറുണ്ട്. 'തണ്ടാസ്സ്' വിലകൊടുത്തു വാങ്ങാവുന്നവയാകുന്നു. ഈ സ്ഥാനി അവന്റെ ഗ്രാമത്തിലുള്ള സ്വജാതികളുടെ മേലധികാരത്തിന്ന് അവകാശിയാകുന്നു. അവൎക്കു സ്വൎണ്ണക്കത്തിയും, ഭൂഷണവും ധരിക്കുകയും തലയിൽ മുണ്ടുകെട്ടി നായന്മാരുടെ മുമ്പിൽ നടക്കുകയും ചെയ്യാം. പല്ലക്കിലോ കുതിരമേലോ ഏറാം. പട്ടുകുട പിടിക്കാം. ചങ്ങലവട്ട മുമ്പിൽ കൊണ്ടുനടക്കാം. എന്നാൽ ഇതിനൊക്കെ പ്രത്യേകിച്ചു സൎക്കാരിലേക്കു പ്രതിഫലം കൊടുക്കണം. അധികാരം കൂടാതെ ഈ അവകാശം അനുഭവിക്കുന്നവർ ശിക്ഷക്കു പാത്രമായിത്തീരുന്നതാണ്. തെങ്ങുകയറുക, ഉഴുക, മുതലായ കൂലിവേലക്ക് ഒരു തണ്ടാറു പോയിക്കൂട. അവന്റെ കീഴിൽ 'പൊറനമ്പൻ' എന്നു പേരായ ഒരു സ്ഥാനിയുണ്ട്. കൊച്ചിയിൽ ഈ സ്ഥാനം ജാതിയിലെ പ്രധാനിയാണ് വഹിക്കുന്നത്. എന്നാൽ വള്ളുവനാട്ടു താലൂക്കിൽ ഈ പേര് ഒരു അവാന്തരജാതിക്കാണ് ഉപയോഗിക്കുന്നത്.

ശീലങ്ങൾ ഗാൎഹസ്ഥ്യത്തിൽ അവർ സ്ഥിരതയുള്ളവരാകുന്നു.

പറമ്പപ്പെട്ടവർ ഒന്നോ രണ്ടോ മുറികളും മുൻഭാഗത്തോ പുറമോ വരാന്തയും ഉള്ളതും മൺചുമരുകളോടും മേച്ചിൽപുരകളോടുംകൂടിയതും ആയ കുടിലുകളിൽ പാർക്കുന്നു. ധനികന്മാർ നായന്മാരുടേതു പോലെയുള്ള വീടുകളിലും താമസിക്കുന്നു. ഇവർ രണ്ടുകൂട്ടക്കാരും വീടിന്റെ അസ്ഥിവാരമിടുകയും പുരപ്പണി അവസാനിക്കുകയും ചെയ്യുമ്പോൾ ആശാരിപ്പണിക്കന്മാരെക്കൊണ്ടു ചില പൂജ കഴിപ്പിക്കാറുണ്ട്. താമസം തുടങ്ങുന്നതിനു കുറച്ചുദിവസം മുമ്പ് ആഘോഷമായ പൂജ നടത്തുകയും വീടു പണിയപ്പെട്ട മരത്തിൽ അധിവസിച്ചിരുന്നതായി വിചാരിക്കപ്പെടുന്ന ദുഷ്ടഭൂതങ്ങൾക്ക് ആടു, കോഴി, മുതലായവയെ ബലികഴിക്കുകയും ചെയ്യാറുണ്ട്. ഭൂതങ്ങളെ സന്തോഷിപ്പിക്കുവാൻവേണ്ടി അവരുടെ പേരുകൾ കൂടെക്കൂടെ ഉച്ചരിച്ചുകൊണ്ടു വീടിന്റെ അകത്തും പുറത്തും നാളികേരം ഉടക്കയും ചെയ്തുവരുന്നു. ഈ ക്രിയ ഗൃഹപ്രവേശത്തിനു മുമ്പു എല്ലാ ഹിന്തുക്കളും ചെയ്യാറുള്ളതാണ്. ഇതു വൃക്ഷാരാധനത്തിന്റെ ഒരു അവശേഷമാകുന്നു. ചില വൃക്ഷങ്ങൾ വനദേവതമാരുടെ സ്ഥൂലശരീരമായിട്ടോ ആവാസസ്ഥലമായിട്ടോ വിശ്വസിച്ചുപോരുന്നു. മരം മുറിക്കുന്നതുകൊണ്ടു * വനദേവതമാരുടെ കോപമുണ്ടാകുന്നതാകയാൽ അവരെ പ്രസാദിപ്പിക്കേണ്ടതാകുന്നു. ഇന്നും ഒരു ഹിന്തുവാകട്ടെ അരയാൽ മുറിക്കുവാൻ തുനിയുന്നതല്ല. അഥവാ അങ്ങിനെ വേണ്ടിവന്നാൽ അതു ക്ഷേത്രത്തിൽ വിറകിന്റെ

---

* കോയമ്പത്തൂർ ജില്ലയിലെ നാട്ടുപുറങ്ങളിൽ പുളിമരം മുറിക്കുന്നതിനു മുമ്പ് അതിലുള്ള ദേവന്മാർക്ക് ഒഴിഞ്ഞു പോകുവാൻ മുൻകൂട്ടി അറിവുകൊടുക്കുന്നതിന്റെ വാചകങ്ങളും ഇപ്രകാരമാണ്. 'അല്ലയോ വൃക്ഷത്തിൽ വസിക്കുന്ന ദേവന്മാരെ, ഇന്നദിവസത്തിനു മുമ്പ് ഈ മരം വെട്ടുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ അവിടെനിന്ന് ഒഴിഞ്ഞുപോകണമെന്നു ഓർത്തുകൊള്ളുകയും വേണം' വൃക്ഷം വെട്ടുന്നതിനു കുറച്ചു ദിവസം മുമ്പു വൃക്ഷത്തിന്റെ തൊലിയിന്മേലാണ് ഇതു എഴുതുന്നത്.

ശ്രാദ്ധദിവസം പിതൃക്കളെ ആവാഹിക്കുന്നതിനായി ശ്മശാനത്തിൽ സ്ഥലം ഒഴിഞ്ഞുകൊടുക്കുവാൻ അവിടെ താമസിക്കുന്ന ഭൂതങ്ങൾക്ക് അറിവുകൊടുക്കുന്നതായ ചില മന്ത്രങ്ങളും ഉച്ചരിച്ചു വരുന്നുണ്ട്.

ആവശ്യത്തിലേക്കു വഴിപാടായി കൊടുക്കപ്പെടുന്നു. പിന്നത്തെ പ്രധാനമായിട്ടുള്ള ക്രിയ കുടിപോകയാകുന്നു. ഇത് കന്മാളന്മാരാണ് ചെയ്യുവാററ്. പാലു കാച്ചലും ഇവർ ചെയ്യുന്ന ഒരു ക്രിയയാകുന്നു. സ്വജാതികളെ ക്ഷണിച്ച് പാൽ വീട്ടിൽ വെച്ചുതന്നെ കാച്ചി ചിലർ അതിനെ ആസ്വദിക്കുകയും ചിലർ അതിനെ സമഷ്ടിയായി ഭക്ഷിക്കുകയും ചെയ്യുന്നു. ഇതു പുതിയ വീട്ടിൽവെച്ചു ഭക്ഷണം കഴിക്കുന്നതിനു തുല്യമാകുന്നു. മരാശാരിമാക്കും, കല്ലാശാരിമാക്കും, കൂലിക്കാക്കും വീടുപണിയിൽ ചേൎന്നിട്ടുള്ള മററുള്ളവക്കും പണിയുടെ മിടുക്കും അവസ്ഥയുംപോലെ ഓണപ്പുടവയും, ഉറുപ്പികയും, വളയും കൊടുക്കപ്പെടുന്നു. വീട്ടുടമസ്ഥന്മാർ ദീർഘായുസ്സായിരിക്കുവാൻ ഈശ്വരനെ പ്രാൎത്ഥിച്ചുകൊണ്ടും അവരെ അനുഗ്രഹിച്ചുകൊണ്ടും ഭക്ഷണം കഴിച്ചു വീട്ടിലെ കാരണവരോടു അനുവാദംവാങ്ങി പിരിയുന്നു. ഇതുപോലെതന്നെ സ്വജാതികളേയും സല്ക്കരിക്കാറുണ്ട്. ഈ ക്രിയക്കു 'തേച്ചാട' എന്നാണ് പേര്. മറുജാതിക്കാരെ അവരുടെ ജാതിയിൽ സ്വീകരിക്ക പതിവില്ല.

മഹിഷമർദ്ദനം

വഞ്ചിപ്പാട്ട

60. പെരുമലർപോലെയുള്ളകരിവീരന്മാരുംതിര-
മറിയുംമട്ടിളകുന്നകുതിരകളും
ഒരുപടികളിയാട്ടംപെരുമ്പടമരിച്ചീടും
വിരുതനാംബിഡാളനെന്നതിമുന്നിൽ
61. കടലിലെത്തിരവന്നിങ്ങടിഞ്ഞിടുന്നതുപോലെ
നടന്നീടുംചതുരംഗപ്പടയുമായി
ഇടകലിടച്ചേറുവന്നാണിൻ്റടിതന്താലുലകുകൾ
പിടപ്പിച്ചാമഹിഷനുംപിടച്ചുകേറി
62. നില്ലുനില്ലെന്നുരച്ചവൻവില്ലുലച്ചുകണയേററി
ശല്യമൊപ്പംശതലക്ഷംതൊടുത്തുവിട്ടാൻ

നല്ലചന്ദ്രക്കലതലതല്ലീടുന്നദംഷ്ട്രകടി-
ച്ചുല്ലസിച്ചൊന്നലറിനാനസുരൻപിന്നെ

63. അതുകേട്ടുഭയപ്പെട്ടുമതികലയണിവോനും
മധുവിമഥിയുമെന്നുമലച്ചുപോയി
പതിച്ചിതുവിഷ്ടരമായതിൽനിന്നുവിരിഞ്ചനു-
മതിശയമതിശയമിതുനിനച്ചാൻ

64. അമ്പൊടുകണ്ടൊരുജഗത്സാക്ഷിതമ്പുരാട്ടിത്തിരുമേനി
വമ്പരാകുമസുരന്മാർമുഴക്കമൂടി
അമ്പരന്നുമുനികളുംനിലിമ്പരുമന്നുതോര-
ത്തയ്മ്പിയന്നഭഗവതിയുടൻകടന്നു

65. അകന്നിതുശരമെല്ലാംപകച്ചിതുദിതിജരും
ഭഗവതികടുത്തിലമെയ്ത്തുള്ളുകളിൽ
പുകഞ്ഞതിന്നിരുന്നപാവകനെരിഞ്ഞെഴുംപടി
പകർന്നിതുവിധംദേവിപരംവിളങ്ങി

66. ഇറങ്ങിനാരെല്ലാരുമമ്പോടപ്പൊഴമ്പടമുടിക്കുവാൻ
ഒരുങ്ങിനാർദിതിജരുംതടുത്തുകൊൾവാൻ
ഇരുപേരുംതമ്മിലന്നുപൊരുതൊരുപോരുപാർത്താ-
ലതതുപുകഴ്ത്തുവാനനന്തനാലും

67. നല്ലപാട്ടുമവരസ്ത്രജാലമെയ്യുമ്പൊട്ടുകരമ്പോലും
വേലുകൊണ്ടുതട്ടിത്തെറിച്ചകത്തിയൊക്കെ
അലമെല്ലാരിലുമർദ്ധരാശരമപ്പോൾപ്രയോഗിച്ചു
തലചുററിട്ടിതിജരുംതകരാറായി

68. എട്ടുതൃക്കൈകളെക്കൊണ്ടുമിട്ടെരിച്ചുശരവർഷ-
മൊട്ടുനേരമവർതന്നിൽപ്പിടഞ്ഞുപാരം
പൊടിഞ്ഞിതുരഥമെല്ലാമൊടിഞ്ഞിതുകൊടിയൊക്കെ
പൊടിഞ്ഞിതുപൊടിരണംപൊടിപൊടിച്ചു

69. വില്ലുമമ്പുംശരീരത്തിലെല്ലുമെല്ലാംതകർന്നററ-
മല്ലലാർന്നുപകച്ചോട്ടംപെരുംപടയിൽ
മല്ലടിപ്പാൻവാളുമേന്തിത്തെല്ലുമന്ദസ്മിതംചെയ്തു
നില്ലുനില്ലെന്നുരച്ചോടിക്കടന്നുകൂടി

70. കേളിയാടും കിടാങ്ങളൂത്താളുവെട്ടിത്തള്ളുംപോലെ
വാളിളക്കിവെട്ടിവെട്ടിപ്പടയൊടുക്കി
ആളുതോറുമമരാരോദേവിവാളുമായിട്ടടുത്തെത്തി
താളമൊക്കെപ്പിഴപ്പിച്ചുതകർത്തുസൈന്യം

71. പടയുടെനടുവിലപ്പുടവായമൃഗരാജൻ
കടന്നുടൻകടുകോപാൽകലമ്പൽകൂട്ടി
കൊടുങ്കാട്ടിലഗ്നിവന്നുപിടികൂടിയതുപോലെ
പൊടിനസ്തും ശിവ! ശിവ! മഹിഷസൈന്യം.

72. അതുനേരം ചോരപ്പുഴയതിരില്ലാതൊഴുകിട്ടി-
ക്ഷിതിമുക്കിത്തരുജാലം പുഴക്കിവീഴ്ത്തി
കുതിരകളാനക്കൂട്ടം ദിതിജരെന്നിവ ചത്തി-
ട്ടതിൽക്കൂടിയൊലിച്ചതും കുറച്ചുപോര.

73. ദിതിസുതപ്പടയമന്നതുനേരം മൃഗകുല
പതിയുടെസടചീകിമുതുതലോടി
ഒതുങ്ങിപ്പോയ് ജോലിയെല്ലാമതിരസമെന്നു മന്ദ-
സ്മിതമാർന്നുംകൊണ്ടുദേവിയെഴുന്നള്ളി.

74. അതുനേരമമരന്മാരതിഭക്തിപൂണ്ടുംകൊണ്ടാ-
ച്ചിതമോലും ഗഗനത്തിൽ നിരന്നുനിന്നു
സ്തുതിമൊഴിമൊഴിഞ്ഞുംകൊണ്ടുലരാം നവസുമ-
തതിയതു പതിവുപോലവർ പൊഴിച്ചു

75. സമർത്ഥമാം ദിവ്യമദ്യം ശ്രമശാന്തിയതിന്നായി
ട്ടമൃതത്തു ചൊല്ലാനായിട്ടുറച്ചുദേവി
സമനിലത്തിരന്നോറം വിമലമാം മദ്യം കര-
കമലത്തിലെടുത്തതു കുടിച്ചീടുമ്പോൾ,

76. കടൽപോലെയിളകിക്കൊണ്ടടുത്തിതു മഹിഷനു-
മെടുത്തിതുച്ചലമപ്പോൾ തടുത്തുദേവി
‘കേട്ടമമമത്തീടാം ഞൊടിയിടക്കുള്ളീമദ്യം
കുടിച്ചോട്ടെ നില്ലു നില്ലെ’ന്നരുളിച്ചെയ്തു.

77. ‘പടക്കളത്തിലോ കള്ളു കുടിപ്പതിന്നൊടി മൂഢ!
തടുത്തുകൊള്ളെ’ന്നു ചാട്ടിക്കൊടുത്തു ശൂലം

അടുത്തിടുംശൂലംദേവിപിടിച്ചുടനൊടിച്ചിതു
ചൊടിച്ചവൻവെട്ടിവാളുംപൊടിഞ്ഞുപോയി.

78. അടുത്തവൻസുരാപാത്രംപിടിച്ചിതുചെകിടത്തൊ-
ന്നടിച്ചിതുദേവി,ദൈത്യൻമറിഞ്ഞുവീണു
പെട്ടുകോപാലെഴുന്നേറ്റിട്ടുടനൊരുകാട്ടുപോത്തിൻ
വടിവായിട്ടടുത്തിതുപടക്കളത്തിൽ

79. സുരപാനംകഴിഞ്ഞിട്ടുതെരുതെരെത്തേട്ടിക്കൊണ്ട-
ങ്ങിരുന്നുകണ്ടിതുവരുംമഹിഷരൂപം
പരിഹാസസ്മിതംപൂണ്ടുപരിചിനോടെഴുന്നേററു
കരംകൂടർന്നൊടിയങ്ങൊട്ടടുത്തുദേവി

80. പിടിച്ചുടൻകൊമ്പുരണ്ടുമൊടിച്ചിതുമറഞ്ഞവ-
നരക്ഷണാൻമത്തദന്തിവടിവിൽവന്നു
ഉടൻകോപാൽസിംഹംചാടിയടിച്ചുരംമസ്തകത്തെ
പ്പൊടിച്ചിതുപൊടിയിൽവീണവൻകുഴങ്ങി

81. ഉരുപേരുംപിന്നെവാളുംപരിചയുമെടുത്തേററ-
മൂരത്തരംപൊരുതിനാർകുറച്ചുനേരം
ഒരുലേശമൊഴിക്കാതെപൊരുതുമ്പോൾഭഗവതി
പരിചയുംവാളുംവെട്ടിയറുത്തുവീഴ്ത്തി

82. മരംപറിച്ചിലയൂരിത്തരമേനാകിട്ടടിക്കുവാൻ
ചൊറുത്തവനിരച്ചുപാഞ്ഞടുത്തിട്ടുമ്പോൾ
സുരവരന്മാരുംവയർതിരുമ്പിക്കൊണ്ടയ്യോയെന്നു
പറഞ്ഞുപോയുരസ്സരംപരുങ്ങിനോക്കി

83. ഒടിയങ്ങൊട്ടടുത്തിട്ടത്തടിതട്ടിപ്പറിച്ചുടൻ
അടിച്ചിതുദേവി,യടിതടുത്തുദൈത്യൻ
അടത്തിനാൻമല,ദേവിപൊടിച്ചിതുമണ്ണിൻകട്ട
കിടങ്ങളിട്ടടച്ചിട്ടുംപടിതടിതി

84. പരുങ്ങിടാതവൻമുഷ്ടിചുരുട്ടിക്കൊണ്ടെതിരിട്ടാ-
നൊരുമ്പെട്ടപ്പോൾഭഗവതിയൊഴിച്ചിടാതെ
ഉരുപേരുംചാടിച്ചുകൊണ്ടിരമ്പിനാർമുഷ്ടിയുദ്ധം
കുറെനേരംകഴിഞ്ഞപ്പോൾകുഴങ്ങിദൈത്യൻ


85. തരംനോക്കിക്കൊണ്ടുദേവികരംകൊണ്ടുകാലുവാരി
തിരിച്ചിതുമഹിഷനെത്തലകീഴുപുറവും
ഒരുപടിതിരിച്ചിട്ടാധരണിയിൽവലിച്ചെറി-
ഞ്ഞതാംശൂലംകൊണ്ടുകണ്ഠത്തിൽദേവി
86. പിടിച്ചിതുകഴുങ്കോലുംകടിച്ചിതുമോഷ്ഠതാടി
കിട്ടകിടെത്തെറിച്ചുകൺതുറിച്ചുദൈത്യൻ
അടിതൊട്ടുമുടിയോളംതിരുവുടൽകണ്ടുംകൊണ്ട-
ന്നടഞ്ഞിതുപരംപദംപരംപവിത്രം
87. പരിഭവംമഹിഷനുംമരിച്ചിതുകണ്ടുദൈത്യ-
നിരശേഷിച്ചതുകരഞ്ഞലഞ്ഞൊളിച്ചു
സുരവരന്മാരുംസുമനിരയതുകരംകൊണ്ടു
തെരുതെരെച്ചൊരിഞ്ഞിതുപരംരസത്താൽ
88. പാടിവന്നുഗന്ധർവ്വന്മാർപാടിവന്നുതിരുമുമ്പി-
ലാടിനാരപ്സരസ്ത്രീകൾമേളിയോടൊപ്പവും
ഗംഭീരകൃത്യസ്സുരസിദ്ധപടലിയുംമുനിമാരും
കൂടിവന്നുകരംകൂപ്പിസ്തുതിച്ചാരേവം

(തുടരും) നടുവത്തു മഹൻനമ്പൂരി.

കാകൻ

III.

(ഗൃഹസ്ഥാശ്രമം)



വിഹംഗശ്രീ മാവിൻ കൊമ്പിൽ വായസൻ അവർകൾ നല്ല ഒരു ഗൃഹസ്ഥനാണ്, സ്നേഹിതന്റെ വീട്ടിൽപോയി ശീട്ടുകളിച്ചോ, കുളക്കടവിൽ വെടിപറഞ്ഞോ, ഇരിക്കുന്നതിന്നിട

യിൽ ഭാൎയ്യ ഉണ്ണാതെ താമസിച്ചു നില്ക്കുന്നുണ്ടെന്ന കഥതന്നെ വിസ്മരിക്കുന്ന ആളല്ല അദ്ദേഹം. ഒരു ഭൎത്താവിന്റെ നിലയിൽ അത്യന്തം ഭയവും അച്ഛന്റെ സ്ഥിതിയിൽ അത്യന്തം സ്നേഹവും ഉള്ള ദേഹമാണ്. പ്രകൃത്യാ വലിയൊരു അത്യാഗ്രഹിയാണെങ്കിലും, താൻ ഭക്ഷിച്ചുകൊണ്ടിരിക്കുന്ന പഴമോ, അപ്പക്കഷണമോ തന്റെ ഭാൎയ്യ പിടിച്ചുപറിച്ചുകൊണ്ടുപോകുന്നതിൽ യാതൊരു അസമ്മതിയോ വിരോധമൊ കാണിക്കാറില്ല. ഇങ്ങിനെ പ്രവൃത്തിക്കുന്ന ഒരു ഉദാരശീലനാണ് കാകനെന്നു മിക്കപേരും വിശ്വസിക്കുമെന്നു തോന്നുന്നില്ല. പക്ഷെ അതു പരമാൎത്ഥമാണ്.

പൂവൻ പക്ഷി ഇങ്ങിനെ അനുകരണീയനായ ഒരു ഭൎത്താവാണെന്നുള്ളതുപോലെതന്നെ, പിട, ഗൃഹസ്ഥാജനമകുടാലങ്കാരഭൂതാമണിയാണ്. ഒരു ഗൃഹസ്ഥകാകപ്പെണ്ണിനെപ്പോലെ ഇരിക്കേണമെന്നു മനു പറഞ്ഞുവെന്നു ഞാൻ പ്രസ്താവിച്ചുവല്ലൊ?

'ഋതുകാലശേഷഗമനത്തിനുമുമ്പപത്യം
കാകാലയെ പികവധൂടിവളൎത്തിടുന്നു'.

എന്നുള്ളതും വായനക്കാർ അറിയുന്ന അവസ്ഥയാണല്ലൊ. ഇതിലധികം ഒരു ബഹുമതി ഒരു പക്ഷിക്കു നൽകാനുണ്ടോ? നല്ലവണ്ണം ആലോചിച്ചു ഗുണാഗുണങ്ങളെ വിവേചനം ചെയ്തതിന്നുശേഷം മാത്രമേ മനു വല്ല കാൎയ്യത്തെപ്പററിയും ഒരു അഭിപ്രായം പറകയുള്ളൂ. കാകസ്ത്രീ 'തമ്പിള്ളപൊമ്പിള്ള'യായി കരുതി അവയോടു അത്യന്തം കാരുണ്യം കാണിക്കുന്നതു കണ്ടറിഞ്ഞിട്ടാണ് മനു അവളെപ്പററി അങ്ങിനെ പറഞ്ഞതു. അങ്ങിനെയുള്ള 'അന്യാസാധാരണ ഗുണഗണം കാണ്കയാൽതന്നെ'യാണ് കയിൽ മുട്ടയിടാൻ കാക്കക്കൂടു തിരഞ്ഞെടുക്കുന്നത്.

എടവം, മിഥുനം, കൎക്കിടകം എന്നീ മാസങ്ങളിലാണ് കാക്കകളും സാധാരണയായി അവയുടെ കൂടുകളും ഉണ്ടാക്കുന്നത്. കൂടു ഇന്ന ദിക്കിലേ ഉണ്ടാക്കാവൂ എന്നു കാകനു എത്രയും പ്രതിപത്തിയില്ല. അതിനെപ്പററി യാതൊരു മൂഢവിശ്വാസവും ഇല്ല. കൂടു കെട്ടാൻ ഏതു മരവും കാകനു പഥ്യംതന്നെയാണ്. പാഴാക്കി

യിട്ടു ചില വീടുകളിന്മേലും ചിലപ്പോഠം കമ്പിത്തൂണുകളിലും കൂടുകളെക്കൂടു കാണാം.

കാക്കളുടെ കൂടു കാണാത്തവർ ആരും ഉണ്ടായിരിക്കയില്ല. അമ്മമാർ കാകനോടു അതിൻെറ കൂടെവിടെയാണെന്നു ചോദിക്കുകയും അതിന്നു കാകൻ ഉത്തരം പറകയും ചെയ്യുന്നതു താരാട്ടുപ്പാട്ടിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു.

കാക്കൃതികനക്കൃതികാക്കേന്നിൻ
കൂക്കൃതികനക്കൃതിക്കൂടെവിടെ?
തെക്കൃതിതെനക്കൃതിതെക്കേക്കൊമ്പത്തു,
മാക്കൃതിമനക്കൃതിമാവിൻെറ
കോക്കൃതികൊനക്കൃതികൊമ്പത്ത്.

സത്യമായും കാക്കയുടേതു് ഒരു 'കൂക്കൃതികനക്കൃതിക്കൂടു' തന്നെയാണ്. ദൂരത്തുനിന്നു കണ്ടാൽ മരത്തിൻെറ കുറെ ചുള്ളിക്കഷണങ്ങഠം ഒന്നിച്ചുകൂട്ടിയിട്ടുതാണെന്നു തോന്നും. പക്ഷെ എല്ലാ കാകൻെറയും കൂടു ഒരു പോലെയായിരിക്കയില്ല. ലക്ഷണകാര്യത്തിൽ യാതൊരു പ്രത്യേകസാധനത്തിലും അധികം പ്രതിപത്തിയില്ലാത്തതുപോലെ കൂടുണ്ടാക്കാൻ ഉപയോഗിക്കുന്ന സാധനത്തിലും ഒരു പ്രതിപത്തിയില്ല. ഇതിനെപ്പററി മിസ്റ്റർ ഡീവർ ഇങ്ങിനെ എഴുതിയിരിക്കുന്നു:— 'പഴയസമ്പ്രദായത്തിലുണ്ടായിരുന്ന സോഡകുപ്പികളുടെ കാക്കുകഠം ബന്ധിക്കാൻ ഉപയോഗിച്ചിരുന്ന കമ്പികളെക്കൊണ്ടു തൻെറ കൂടുണ്ടാക്കിയതിന്നു കല്ക്കത്തയിലെ ഒരു കാക്ക അന്നും ഇന്നും പ്രഖ്യാതനായിട്ടുണ്ട്. ബോമ്പായിക്കാർ എപ്പോഴും കല്ക്കത്തക്കാരെ തോല്പിക്കേണ്ടതിന്നുള്ള തക്കവും നോക്കി നില്ക്കുന്നവരാണല്ലൊ. അവിടുത്തെ കാക്കകഠം അവിടുത്തെ ജനങ്ങളെ അനുകരിപ്പാൻ വലിയ സശ്രദ്ധന്മാരാണ്. അങ്ങിനെ ബോമ്പായിലെ ഒരു കാക്ക കല്ക്കത്തായിലെ തൻെറ സഹോദരനെ തോല്പിക്കാൻ നിശ്ചയിച്ചു. കണ്ണടകളുടെ പൊന്നിൻേറയും വെള്ളിയുടേയും ചട്ടകഠം ഉപയോഗിച്ചു താനൊരു കൂടുണ്ടാക്കി. കൂട്ടിന്നു ഏകദ്ദേശം 400 ക. വിലമതിച്ചിരുന്നു. തങ്ങളുടെ രാജ്യത്തെ കാക്കയെപ്പററി ബോമ്പായിലെ നേത്രവൈദ്യന്മാൎക്കു അത്യന്തം അഭിമാനം ഉണ്ടായെങ്കിലും ഇങ്ങി

നെ കൂടുണ്ടാക്കുന്ന സമ്പ്രദായത്തെ അവർ അത്ര പ്രോത്സാഹിപ്പിക്കുന്നില്ലെന്നു പറയുന്നതിൽ അധികം അബദ്ധമില്ലെന്നു വിശ്വസിക്കുന്നു. തങ്ങളുടെ കാക്ക കല്ക്കത്തയിലെ കാക്കകളെ തോല്പിച്ചു കാണുന്നതു സന്തോഷം തന്നെയാണെങ്കിലും, അതിന്നായി അവ ഈ വിധം പ്രവൃത്തി ചെയ്യുന്നതു് ബോമ്പായിക്കാൎക്ക് ഇഷ്ടമല്ല. കൂടിനു തീപ്പിടിക്കുമെന്നു വിചാരിച്ചോ എന്തോ, ഒരു കാക്ക തീവണ്ടിക്കാർ വേലി കെട്ടാൻ ഉപയോഗിക്കുന്ന ഉരുക്കു കമ്പിയുടെ കഷണങ്ങൾകൊണ്ടു കൂടുണ്ടാക്കിയിരുന്നു'.

കാക്കകൾ കൂടുണ്ടാക്കുവാൻ പലവിധ സാധനങ്ങളും ഉപയോഗിക്കുമെങ്കിലും സാധാരണ നാം കാണുന്ന കാക്കക്കൂടു മരത്തിന്റെ ചുള്ളിക്കൊമ്പുകൊണ്ടുണ്ടാക്കി അടിയിൽ പതമുള്ള വല്ല സാധനവും വിരിച്ചതായിരിക്കും.

പൂവനും പെടയും രണ്ടും കൂടുകെട്ടുവാൻ സാമാനങ്ങൾ ശേഖരിക്കും. പക്ഷെ വീട്ടു പണിചെയ്യുവാൻ ആൺപക്ഷി യത്നിക്കാറില്ല. ആ പ്രവൃത്തി സാധാരണയായിട്ടു ചെയ്യാറു തന്റെ ഭാൎയ്യതന്നെയാണ്. ചുള്ളിക്കഷണങ്ങൾ ശേഖരിച്ചു കൊടുക്കുന്നതിൽ മാത്രമേ ഭൎത്താവിന്റെ ഒത്താശയും സഹായവും ഉണ്ടാകാറുള്ളു. എന്നാൽ കൂടുകെട്ടുമ്പോൾ ഭൎത്താവും സമീപത്തുണ്ടായിരിക്കും. രണ്ടുകൂട്ടരും ഒരേ സ്ഥലത്തു നിന്നായിരിക്കും ചുള്ളിക്കൊമ്പുകൾ ശേഖരിക്കുന്നതു്. രണ്ടുപേൎക്കും ഓരോ കഷണം കിട്ടിയ ഉടനെ രണ്ടും കൂടി ഒന്നിച്ചു പറന്നു പോകും. കൂടിന്നടുക്കെ എത്തിയാൽ ആൺപക്ഷി താൻ കൊണ്ടുവന്ന കഷണംകൂടി പെണ്ണിന്നു കൊടുക്കും. രണ്ടു കഷണങ്ങളും തന്റെ ഭാൎയ്യ അതിന്റെ ഇഷ്ടത്തിന്നനുസരിച്ചുള്ള സ്ഥലത്തു വെക്കുന്നതുവരെ ആൺപക്ഷി സമീപത്തു വല്ലേടത്തും തങ്ങിനില്ക്കും. എന്നാൽ ഇങ്ങിനെ രണ്ടുകഷണങ്ങൾ വെക്കുവാൻ സാധാരണ രണ്ടു സെക്കണ്ടു സമയത്തിൽ അധികം വേണ്ടിവരില്ല. ചിലപ്പോൾ വളഞ്ഞ ചില കൊമ്പുകൾ കിട്ടിപ്പോയാൽ പെൺപക്ഷി കുറെ ബുദ്ധിമുട്ടേണ്ടിവരും. അവളുടെ ഇഷ്ടത്തിന്നനുസരിച്ച വിധത്തിൽ കൊമ്പുകൾ സ്ഥാപിക്കുന്നവരെ വളരെ തൃഷ്ണയോടുകൂടി നോക്കി നില്ക്കുകയും അവളുടെ പ്രവൃത്തി കഴിഞ്ഞെന്നു കണ്ടാൽ ഉടനെ, അവളെ തന്മ

സിച്ചു നില്ക്കാതെ പറന്നു പോകയും ചെയ്യും. പിന്നാലെതന്നെ തന്റെ പത്നിയും പറക്കും. മുമ്പെ പോയതിനാൽ ഭർത്താവിനു മുമ്പെ ഒരു കൊമ്പു കിട്ടിയെന്നുവരാം. പക്ഷെ കൂട്ടുണ്ടാക്കുന്നതിൽ താൻ ഏൎപ്പെടാത്തതിനാൽ തനിക്കു ആദ്യം കിട്ടിയതുകൊണ്ടു പ്രയോജനമില്ല. പത്നിക്കു മറെറാന്നു ലഭിക്കുന്നതുവരെ തനിക്കു കിട്ടിയതു കൊക്കിൽവെച്ചു കാത്തുനില്ക്കേണ്ടിവരും. അവൾ താമസിച്ചെങ്കിൽ ഭർത്താവു അടുത്തു ചെന്നു ബദ്ധപ്പെടീക്കും. അവൾക്കാണ് ആദ്യം വല്ല കഷണവും കിട്ടിയതെന്നു വരികിൽ, ഭർത്താവിനെ കാത്തു നില്ക്കാതെ പറന്നു പോകയും ചെയ്യും. അവൾ പറന്നു പോകുന്നതു കണ്ടാൽ തനിക്കു കൊമ്പൊന്നും കിട്ടിയില്ലെങ്കിലും പിന്നാലെ താനും കുതിക്കും.

കുറെ നേരം ഇങ്ങിനെ അത്യുത്സാഹത്തോടുകൂടെ പണിയുന്നതിൽ യത്നിച്ചതിനുശേഷം, ദമ്പതിമാർ വല്ല വൃക്ഷത്തിൻ കൊമ്പിന്മേലോ, വീടുകളുടെ മുകളിലോ സ്വൈരമായിനിന്നു, അന്യോന്യം പ്രേമസൂചകമായി, ലാളനചുംബനാശ്ലേഷാദി കാമുകചേഷ്ടകളിൽ സന്തോഷം ഏൎപ്പെട്ടു അല്പസമയം വിശ്രമിക്കുന്നു. കൊക്കുകൾകൊണ്ടു അന്യോന്യം തലയിന്മേലും ചിറകുകളിലും കൊത്തിച്ചീകി രസിക്കുന്നതിലാണ്, ലാളനചുംബനാശ്ലേഷാദി കാമുകചേഷ്ടകളൊക്കെ അടങ്ങിയിരിക്കുന്നതെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലൊ? തങ്ങളുടെ പ്രണയം ഇങ്ങിനെ പരസ്യമായി കാണുന്നതിൽ 'കാകനും കാകപ്പെണ്ണും' അശേഷം മടിക്കാറില്ല. ധാരാളം പരിഷ്കാരം സിദ്ധിച്ച പാശ്ചാത്യന്മാൎക്കല്ലാതെ ഇങ്ങിനെ ചെയ്യാൻ ധൈൎയ്യം വന്നു കണ്ടിട്ടില്ല. ഇംഗ്ലീഷു വിദ്യാഭ്യാസം സിദ്ധിച്ചു പരിഷ്കാരികളായ നമ്മുടെ കാമിനീകാമുകന്മാരുടെ അനുകരണസാമൎത്ഥ്യം ഇത്രമേൽ ഫലവത്തായിട്ടില്ലെന്നു തോന്നുന്നു.

കാകന്മാരുടെ വിശ്രമസുഖം അധികനേരത്തോളം ഉണ്ടാകയില്ല. കൂടു കെട്ടാൻ തുടങ്ങിയാൽ രണ്ടു ദിവസംകൊണ്ടു അത് അവസാനിക്കും. ഉണക്കച്ചുള്ളികളാണ് സാധാരണ അവകൾ ശേഖരിക്കാറെങ്കിലും ബുദ്ധിമുട്ടിയാൽ പച്ചക്കൊമ്പുകളും ഒടിച്ചു് ഉപയോഗിക്കും. കൂടു തീൎന്ന ഉടനെ മുട്ട ഇടുകയായി. ഒരു കാക്ക ര

ണ്ടും, മൂന്നോ, ചിലപ്പോൾ നാലോ മുട്ടകളിടും. മുട്ട പച്ചനിറത്തിൽ തവിട്ടുപുള്ളികളോടുകൂടിയവയായിരിക്കും.

പൊരുന്നിരിക്കുന്നതിൽ ആൺപക്ഷിയും ചിലപ്പോൾ സഹായിക്കാറുണ്ടെന്നു ചിലർ പറയുന്നുണ്ട്. പക്ഷെ ഈ കാൎയ്യത്തിൽ വിശ്വാസയോഗ്യമായ തെളിവ് ഇതുവരെ കിട്ടീട്ടില്ല.

കാക്കക്കുഞ്ഞുങ്ങളെപ്പോലെ അരുമയുള്ള ജീവികൾ ലോകത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. എങ്കിലും അവയുടെ മാതാപിതാക്കന്മാർ അവ സ്വൎണ്ണംകൊണ്ടുണ്ടാക്കപ്പെട്ട ശിശുക്കളാണെന്നു വിചാരിച്ചുപോരുന്നു. കുഞ്ഞുങ്ങൾ ഉള്ള കൂട് ഒരു നിമിഷമെങ്കിലും രക്ഷയില്ലാതെ വിട്ടേക്കുകയില്ല. അമ്മ ഭക്ഷണം തേടാൻ പോകുമ്പോൾ അച്ഛൻ കാവലിരിക്കും. അമ്മ മടങ്ങിവന്ന ഉടനെ അവളെ ഏല്പിച്ചു അച്ഛൻ ഭക്ഷണത്തിനു പോകും.

സൎപ്പംമാത്രമറിഞ്ഞീടും
സൎപ്പത്തിന്റെ പദങ്ങളെ.

എന്നുണ്ടല്ലോ. കാക്കകൾ ഇത്ര സൂക്ഷ്മമായി തങ്ങളുടെ കുഞ്ഞുങ്ങളെ കാത്തു നില്ക്കുന്നതിന്റെ സാരം മേലെഴുതിയ ശ്ലോകാൎദ്ധത്തിൽ അടങ്ങിയിരിക്കുന്നു. കാക്കകൾ വലിയ കള്ളന്മാരാണ്. എവിടെയുണ്ടു ചെറിയ പക്ഷിക്കുട്ടികളെന്നു അന്വേഷിച്ചറിഞ്ഞു അവയെ കൊത്തിക്കൊന്നു ഭക്ഷിക്കുന്ന കഠിനഹൃദയന്മാരായ തസ്കരന്മാരാണ് കാക്കകൾ. അതു തങ്ങൾക്കു നല്ല നിശ്ചയമുള്ളതിനാലാണ് തങ്ങളുടെ കുഞ്ഞുങ്ങളെ ഇത്ര സൂക്ഷിക്കുന്നത്. യോഗ്യന്മാരായ ചില പ്രകൃതിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ, ഒരു കാക്ക അതിന്റെ സമീപവാസിയുടെ മുട്ടയേയോ, കുഞ്ഞിനേയോ ഭക്ഷിക്കയില്ലെന്നു കാണുന്നു. അയൽവാസികളോടു പെരുമാറേണ്ടുന്ന മൎയ്യാദ ചില മനുഷ്യരേക്കാളും ഈ പക്ഷികൾക്കാണ് അധികം അറിവുള്ളതെന്നു സാരം.

ഏകദേശം ഇരുപത്തെട്ടു ദിവസം വേണം കാക്കക്കുഞ്ഞുങ്ങൾക്കു വെളിയിൽ പറന്നുപോകാൻ തക്ക ശേഷിയുണ്ടാകാൻ. പറക്കാറായ ഉടനെ തള്ളപ്പക്ഷി അവയെ വിട്ടൊഴിഞ്ഞു പൊയ്ക്കളക

യില്ല. പിന്നെയും രണ്ടു മൂന്നാഴ്ച അവറ്റ ഭക്ഷണം ശേഖരിച്ചുകൊടുക്കും. ഒന്നിച്ചുകൂടി സഞ്ചരിക്കും. വായചുകന്നു കഴുത്തിലെ തൂവൽ അധികം തവിട്ടുനിറം ആകാതെ ഒരു നിസ്സഹായന്റെ നിലയിൽ കരഞ്ഞുംകൊണ്ടു ചിലപ്പോഴൊക്കെ നാം കാണാറുള്ളത് ഈ പ്രായത്തിലുള്ള കാക്കക്കുഞ്ഞുങ്ങളെയാണ്. ആ പ്രായത്തിൽ അവറ്റ് ഈത്തപ്പഴമല്ല ഒരു പഴവും സ്വതവേ കൊത്തിത്തിന്നുകൂട. പുണ്ണുകൊണ്ടാണ് വായ ചുകന്നതെന്നും ഈത്തപ്പഴം പഴുക്കുമ്പോഴാണ് വായിൽ പുണ്ണുണ്ടാകുന്നതെന്നും ഉള്ള വിശ്വാസത്തിന് അടിസ്ഥാനമില്ല. എങ്കിലും,

'ഈത്തപ്പഴം പഴുക്കുമ്പോൾ കാക്കയ്ക്കു വായപ്പുണ്ണ്' എന്നുള്ള പഴഞ്ചൊല്ല് ബഹു അർത്ഥവത്തും, ഏററവും ഉപയോഗയോഗ്യവും ആയതാകുന്നു. ഈ പ്രായത്തിൽ കുഞ്ഞുങ്ങൾ തള്ളയുടെ കൂടെത്തന്നെ, അവ പോകുന്ന ദിക്കിലൊക്കെ പോകും.

ചിലപ്പോൾ തള്ളപ്പക്ഷിക്കു വല്ല ഭക്ഷണസാധനവുംകിട്ടി അവൾ അതു കൊത്തിത്തിന്നാൻ ഭാവിക്കുമ്പോൾ കുട്ടി അടുത്തുചെന്നു അതു പിടിച്ചുപററാൻ ഭാവിക്കുന്നതും അതിനു കൊടുക്കാതെ, തള്ള പകുതി വിഴുങ്ങുന്നതും പിന്നെ, കുട്ടിയുടെ കരച്ചിൽ കേട്ടിട്ടു അലിവുണ്ടായിട്ടെന്നപോലെ വായിൽനിന്നു ഉഴിഞ്ഞു കുട്ടിയുടെ കൊക്കിൽ ഇട്ടുകൊടുക്കുന്നതും കാണ്മാൻ ബഹുരസമുള്ള കാഴ്ചകളാണ്. വല്ലതും തിന്നാൻ കിട്ടിയാൽ അതു തന്റെ സ്വന്തം ഉദരപൂരണത്തിനു ഉപയോഗിക്കുകയോ വേണ്ടത്, കരയുന്ന കുഞ്ഞുങ്ങളെ രക്ഷിക്കാൻ അവറ്റക്കു കൊടുക്കയോ വേണ്ടത് എന്നിങ്ങിനെ, മനസ്സിൽ രണ്ടു വിചാരങ്ങൾ അന്യോന്യം അടികൂടി വളരെനേരം ജയാപജയങ്ങൾ സംശയത്തിലായിരിക്കയും, ചിലപ്പോൾ 'ആത്മപൂജ' ജയിച്ചുവെന്നു തീർച്ചപ്പെടുത്താൻ സംഗതിയാകത്തക്കവിധം, പകുതിയോളം വിഴുങ്ങുകയും ചെയ്യുന്നുണ്ടെങ്കിലും, കാക്കയ്ക്കു തന്റെ കുഞ്ഞുങ്ങളോടുള്ള കാരുണ്യത്തിനാണ് സ്വാർത്ഥപ്രതിപത്തിയെക്കാൾ ശക്തിയുള്ളതെന്നു അവ സംശയംകൂടാതെ സ്ഥാപിച്ചിട്ടുണ്ട്. കൂടു വിട്ടതിനുശേഷവും കുറേക്കാലത്തേക്കുള്ള ദയ തന്റെ കുഞ്ഞുങ്ങളോടു കാണിച്ചില്ലെങ്കിൽ ആഹാരസമ്പാദ്യത്തിനു കഴിവില്ലാതെ കു

ഞ്ഞുങ്ങൾ നശിച്ചുപോകും. എല്ലാപരീക്ഷയിലും ജയിച്ച സ്വന്തം ആഹാരം സമ്പാദിക്കാൻ കുഞ്ഞുങ്ങൾ കഴിവുള്ളവരായെന്നു കണ്ടാൽ മാത്രമേ തള്ള തന്റെ കുഞ്ഞുങ്ങളെ കേവലം വിട്ടുപിരികയുള്ളു.

മൂർക്കോത്ത് കുമാരൻ.

ഉ ണ്ണു നീ ലി

സ ന്ദേ ശം

ആടിക്കൊണ്ടാച്ചുവടികളുടൻ കൈകൊണ്ടു ചെന്റാക്കുളത്തി-
ക്കോടിക്കേറിടിപ്പുടവയെട്ടുനിക്കുന്നതയോ ചുറ്റുതാരം
പക്കത്തെത്തും നഖപദമണിഞ്ഞഞ്ഞിടന്നാകാണകത്തും
വക്കത്തേതും ചേർന്നശ്ശകിന്നൊടിളഞ്ചോടിമാർ പോരുമേറെ. ഫ്വൃ ൧

അപ്പൂമാതിന്നാത്മസഹചരീമംഗനാമൗലിമാലാ-
മിപ്പാർമേലുള്ളൊരു തരസരസീമീക്ഷുചാപസ്യകീർത്തിം
കപ്പൂരാളീമിനി നയനങ്ങൾക്കു കാണുന്നൊരാണാം
മൽപ്രേമത്തിൻവിളകഴനിയാം മാനിനീം കണ്ടു പിന്നെ. ഫ്വൃ ൨

ചൊല്ലുംതാനേ പൊരികഴലി താനെന്നു ബാലേന്ദുനീലം
വെല്ലും കാന്ത്യാ വെളുള്ളമില്ലമാൻതോൽക്കുമക്കണ്ണുകൊണ്ട്
കല്യാണാനാം നിജനിലയനാം മിക്കമൂണ്ടെക്കൽമേവും
നല്ലാരെൻവാനായകമലിനീ വെണ്ണിലാവുണ്ണുനീലി. ഫ്വൃ ൩

അന്നപ്പേടക്കതിരുട്ടപദന്യാസവൈദഗ്ദ്ധ്യലീലാം-
തന്നെത്തന്നേ മുഴുവനിറയിപ്പോന്റയാത്രാവിലാസം
ഉന്നിദ്രാണം തരുണകമലം വെല്ലുമച്ചെവ്വടിത്താ-
രന്യസ്ത്രീണാം കരിയകബരീഭൂഷണം മൽപ്രിയായാഃ. ഫ്വൃ ൪

മിത്രംപോയാൽത്തിരുവിരൽപരംപങ്കജാന്തർഗ്ഗതാനാം
മുക്താജാലദ്യുതിമുഴുവനേകാൻകവെല്ലുന്നൊരാളി
ഗുൽഫേഗൂഢംപുറവടിവെടിഞ്ഞീടുമക്കൂർമ്മശോഭാം
മൽപ്രേയസ്യാഃപ്രണമതികണൈക്കാൽക്കുമായ്യുരകണ്ണോം.　൧൬൫

ഒപ്പംനില്ലാമനസിജമണിച്ചെപ്പുജാതദ്വയത്തോ-
ടപ്പൊലാക്ഷംകരികരരുചിംകമ്രമൂരുപ്രകാണ്ഡാം
അപ്പൂവാണെന്നനുപമമഹാരാജ്യമാമെമ്മലംഗം
മൽപ്പുണ്യാനാംപരിണതിപദാംചൊല്ലുവെല്ലൻപ്രിയായാഃ.　൧൬൬

ക്ലാന്തംമദ്ധ്യംബകുളകസുമശ്രീഭരംനാഭിദേശം
കാന്തംവേണീമറനിഴലിവപ്രേക്ഷ്യതേരോമരാജി
കല്യാണാംഗ്യാനിജമധുരിമാപൂർണ്ണലാവണ്യഗംഗാ
കല്ലോലാളീവലികളുദരംകയ്ത്തലംചിത്തയോനേഃ.　൧൬൭

നമ്രംതുമ്മല്ലിടയൊരടിയുമാവന്നതംകൊങ്കയുഗ്മം
കമ്രാകാരേകരകിസലയേകന്ദളീകന്ദളാഭേ
കംബുശ്രീമൽഗളമിതുകഴൽക്കററചീർത്താർത്തമേററം
ബിംബാകാരംതരളമണിവാചന്ദ്രബിംബാനനായാഃ.　൧൬൮

പൂന്തേൻവെല്ലുംമധുരവചനംചന്ദ്രികാമന്ദഹാസം
കാന്താദന്താവലിമരതകാദർശലീലൌകപോലൌ
കണ്ണന്തംനീണ്ടിനിയമറിമാൻനോക്കുവെൽവൊൻവനേത്രം
കണ്ണിന്നുപൂമാതഴകെട്ടകളിപ്പോരുപൊന്നൂയലല്ലോ.　൧൬൯

എള്ളിൻപൂവുപ്പൊൻകരുതുമഴകാന്നഞ്ചിതംനാസികാഗ്രം
വിൽപോലേനീണ്ടുഴിതനെറിയൽപ്രൌഢിചില്ലീതരംഗം
മുററാതോമൽക്കളൂർമതിപൊരുംനെററിമുററിൻെറതിങ്കൾ
ക്കററാൽക്കററംവദതിവദനാംമോഹംമൽപ്രിയായാഃ.　൧൭൦

മുണ്ടക്കൽച്ചേറ്റഴകപൊഴിവോളന്നിലീതിപ്പോരാം
മണ്ടിച്ചാലത്തളരുമിളമാൻവെൻറമുഗ്ദ്ധാക്ഷണനായാൾ
കൊണ്ടൽക്കോലക്കരിമുകിലുടെകാന്തിനിർകൊണ്ടിരിണ്ട-
ക്കണ്ടിക്കാർമൻകുഴൽകുഴൽതൊഴുംകാന്തിസൌജന്യസിന്ധോ.

പാണിന്മേൽനീണ്ടസിതനയനങ്ങൊപലംചേന്നമാററം
കാണത്തെററുംനയനസുഭഗംകാമിനാംപുണ്യപൂരം
മാണംമാരന്നയവനംപൂവിൽമാതിന്നിനിക്കോ
കോണംപോരാകുടിലമിഴിതൻകോലമിച്ചുണ്ണമെന്നാൻ. എൻവ

എന്നോടുണ്ടോപ്രഥമവിരഹവ്യാകുലാത്മനമിന്നോ
തന്വീമാലാശിശിരമഥിതത്താമരപ്പൊയ്കപോലെ
അന്യാകാരംവഹതിതിരുമൈമിക്കവാറുംമൃഗാക്ഷീ
മിന്നോലക്ഷ്മീംകിമുകുമുദിനീയാതിശീതാംശുഹീനാം. എൻന്ന

കണ്ടിക്കാർമൻകുഴലിടകലന്നാച്ചികളിത്തുവത്താ-
തൃണ്ടപ്പോതായുടനടനെഴുംദീർഘനിശ്വാസഖിന്നാ
മൊണ്ടിച്ചുവ്വാനയനശഫരിന്നീലതാംനീലനേത്രം
തൊണ്ടിച്ചുവ്വാവടിവുമിയലാമശ്രുപാതാതിരേകാൽ എൻവ

ചില്ലീവല്ലീമറിയലെമറന്നംബുജത്തെയുടിത്താൽ
മെല്ലപ്പെപ്പകൊണ്ടളികുലമുറങ്ങിൻവതായ്തോൻവരാകാം
കല്യാണാംഗ്യാദിവസദശമീചന്ദ്രശോഭമിണങ്ങാ-
മെല്ലാപ്പോഴുംകരതലപരിഷ്വംഗഖിന്നാകപോലൈ എന്നു

നീലക്കല്ലാൽവിലസിതമണിച്ചെപ്പുപോലേവിളങ്ങും
കോലപ്പൂർമന്മുലകവലയംവെൻറമുഗ്ദ്ധാക്ഷണനായാൾ
ബാലസ്നിഗ്ദ്ധാംബരപദമണിഞ്ഞശ്രുപാതാന്തരേഖം
ചാലത്തെത്താൻവംപൂണായൊഴുകമച്ചൃതപകപ്പങ്ങളെൻറ് എൻന്ന

ബിന്ദുസ്യന്ദിസ്തനംമൃദുനഖപദോല്ലാസിപീനായിതന്തേ
മന്ദമ്മന്ദമ്മമകരതലക്കൊണ്ടുസംവാഹനീയം
സന്തപ്തായാമനോശിഖിനാസാരമക്കൂതയുഗ്മം
ഒന്തെങ്ങുണ്ണിൻപരിചുവിളറിപ്പായിതാകംപ്രിയായാഃ ൯൭

വേണുശ്രീമന്മധുരവചനാംവീരമൌലേ! സഖീംതേ
കാണക്കൂട്ടമ്പൊഴുതറിയലാമെങ്കിലുംപങ്കജാക്ഷീം
ക്ഷീണക്ഷീണാംവിഗതഹരിണാമിന്ദ്രദിക്ചന്ദ്രരേഖാം
കാണുന്നേരത്തതുകരുതിനോരന്യഥാമന്നിലാർപ്പോൽ ൯൮

മററുംചൊല്ലാംകുശൽമനസിജക്ലേശിനീംകുററവപ്പാൻ
ചുററുംമേവുംനിജസഹചരീവർഗ്ഗമെൻവാർത്തകൊണ്ട്
മററുംമൂഢീംചെവിനിറയുമാറങ്ങുകൂവുംദശായാ-
മിററിററാലുംനയനസലിലംവീക്ഷതേപ്രാണനാഥാ ൯൯

നീലക്ഷൌമംപുറപൂറയുമിട്ടത്തമെമത്തമേലാ
നീലപ്പാത്തിൽപരിചെഴുമിളത്തുയ്യലാംതൂലമെജി
ചാലത്താലുററുടനുടനന്ദനസ്ഥിരസ്ഥാനശയ്യാ-
തോലിത്താഴ്ത്തവശപതിതാർരദിതിപ്രാണനാഥാ ൧൦൦

പണ്ടേപ്പോലെതെളിവിനൊടുണത്താനെൻഴുന്നിററിരിന്നേ
വണ്ടാർക്കോലക്കുഴലഴികളിത്താൻവന്നോക്കിട്ടുമന്ദം
കേഴാതെനീകിളികറിയിടെൻറിഞ്ഞിനെച്ചൂഴനിൻറ
ത്തെങ്ങിവർഗ്ഗ്വവദതിശയിതാവാധകളാതപോലെ ൧൦൧

ദേവീംനിദ്രാമഭിമതഫലപ്രാപണേകല്പവല്ലീ
മാവാഹിപ്പാൻവദനകമലേപീറപൂജാംനിധായ
സേവാഖിന്നംനിജപരിജനംപോയ്ക്കിടക്കെൻറവണത്തി
പ്പൂവ്വാർകോലക്കുഴലിവെറുതെമിലയന്തീട്ടശൌ [illegible] ൧൦൨

ദേവീനിദ്രാമുപഗതവതീ ചാലനാൾ വേറിരിന്നോ-
രന്യോന്യംകണ്ടിട്ടുപഗതമഹാനന്ദസന്ദോഹവേഗാൽ
അർദ്ധാശ്ലേഷാസരഭസമുണൎന്നാകുലാശോകസിന്ധൌ
പങ്കേതിൽക്കാൾമുഴുകിമുറയിട്ടങ്ങിരുന്നോസംസ്ഥിതാവാ ൨൧൩

നീളുന്നീലക്കുഴൽനിരകളിൽത്താണ്ണുതൂണ്ണാകുലാഭ്യാം
പശ്യന്തീസാരഘുപതികഥാംവിത്തുവിത്തന്തരാളേ
ബാഷ്പാൎദ്രാഭ്യാമണിമിഴികളാലാശപാസതീക്ഷണംവാ-
ദുഃഖോദുഃഖപ്രചുരചരിതാൎന്ന്യവസിദ്ധൌഷധാനി ൨൧൪

യൽസത്യംതൽഭവതുപുണർതംന്നാൾപിറന്നങ്ങൾകന്തൻ
വന്നിട്ടിൻറമമനസിജച്ചൂടൊഴിച്ചീടുമാകിൽ
തോഴീപൂച്ചോൽലേഴ്വതിളുനൻറഷ്ടമേശുക്രചന്ദ്രൌ
ഭാഗ്യേജീവസ്സചയമെന്തനുരങ്ങാശപാസന്തീസ്ഥിതാവാ ൨൧൫

മോക്ഷപ്രദീപം.



തത്വശാസ്ത്രസംബന്ധമായും വേദാന്തസംബന്ധമായും മററും ജ്ഞാതവ്യങ്ങളായ അനേകം വിഷയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ ഇംഗ്ലീഷ് സംസ്കൃതം മുതലായ അന്യഭാഷകളിൽ അവിടവിടെയായി ചിന്നിച്ചിതറിക്കിടപ്പുണ്ട്. ആവക ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങളുടെ ശരിയായ ജ്ഞാനം എത്രയോ അപേക്ഷിതമാണെങ്കിലും ഇതരഭാഷകൾ പഠിച്ചു വ്യുല്പത്തി സമ്പാദിക്കേണ്ടതിലേക്കുള്ള സൌകൎയ്യം അധികം പേ

ക്കും ഉണ്ടാവുന്നതല്ലെന്നുള്ളതു നിർവ്വിവാദമാണല്ലോ. അതിനാൽ അന്യഭാഷകളിൽ അന്തർഭവിച്ചു കിടക്കുന്ന അറിവുകളെ സ്വഭാഷയിൽ സംക്രമിപ്പിച്ചു പൊതുജനങ്ങൾക്കു വെളിവാക്കിക്കൊടുക്കുന്നവരുടെ പരിശ്രമത്തോളം ശ്ലാഘനീയമായിട്ടു മററുവല്ലതും ഉണ്ടോ എന്നു സംശയമാണ്. ഇങ്ങിനെ കേവലം പരാർത്ഥത്തെ മാത്രം ഉദ്ദേശിച്ചു പ്രയത്നിക്കുന്ന അപൂർവ്വം ചിലരുടെ കൂട്ടത്തിൽ മോക്ഷപ്രദീപ കർത്താവായ ശിവയോഗിയുടെ പേരു പ്രത്യേകം സ്മരണീയമാണ്.

ചതുർവ്വിധപുരുഷാർത്ഥങ്ങളിൽവെച്ച് ഉൽകൃഷ്ടമായ മോക്ഷമെന്ന പുരുഷാർത്ഥത്തെ സാധിക്കേണ്ടതിനുള്ള ഉത്തമമായ മാർഗ്ഗത്തെപ്പററിയാണ് ഗ്രന്ഥകർത്താവ് ഇവിടെ ആലോചിക്കുന്നത്. മോക്ഷമാർഗ്ഗത്തെ സംബന്ധിച്ചു നാനാമതക്കാരുടെയിടയിൽ എന്നു മാത്രമല്ല ഏകമതക്കാരിലുള്ള പല ശാഖക്കാരിൽകൂടി അഭിപ്രായഭേദമുള്ളപ്പോൾ ഗ്രന്ഥകർത്താവിൻെറ അഭിപ്രായം സർവ്വജനാദരണീയമാകുമോ എന്നുള്ള ശങ്കയ്ക്കു ആദ്യംതന്നെ സമാധാനം പറയുന്നു. ആസ്തികന്മാരായ സകലമതക്കാരും അവരവർ വിശ്വസിക്കുന്ന ദൈവംതന്നെ പ്രധാനമെന്നു കരുതുന്നുണ്ടെങ്കിലും വാസ്തവത്തിൽ അവർ ശക്തിയെയാണ് ആരാധിക്കുന്നത് എന്നു സൂക്ഷ്മമായി പര്യാലോചിക്കുന്നതായാൽ ഏവനും സ്പഷ്ടമാകുന്നതാണ്. സൃഷ്ടിസ്ഥിതിസംഹാരാദികൾ ചെയ്യുന്ന ഈശ്വരൻ ശക്തിക്കധീനനാണെന്നും ദാഹശക്തിയില്ലെങ്കിൽ അഗ്നിയെ കാലുകൊണ്ട് ചവുട്ടി തേക്കുന്നതുപോലെ, ശക്തിയില്ലെങ്കിൽ ഈശ്വരനേയും ആരും സേവിക്കുന്നതല്ലെന്നും അതിനാൽ സർവ്വവും ശക്തിയുടെ അംശമെന്നും ശക്തിക്കധീനമെന്നും ഗ്രന്ഥകർത്താവ് പ്രമാണങ്ങൾകൊണ്ടും യുക്തികൊണ്ടും സാധിക്കുന്നു. സത്വഗുണം വർദ്ധിച്ച കാലത്തു സത്തുക്കൾ ശക്തിയെ ഭജിച്ചിരുന്നു എന്നും രജസ്തമോഗുണങ്ങൾ വർദ്ധിച്ച കാലത്തു കവിതക്കാരാൽ കല്പിക്കപ്പെട്ട പുരാണങ്ങളിൽ ഭ്രമിച്ചു പല ദേവന്മാരേയും ഭജിച്ചു തുടങ്ങിയതിനാൽ സർവ്വകാരണമായ ശക്തിയുടെ ഭജനം ക്ഷയിച്ചുപോയി എന്നും ആണ് പറയുന്നത്. ഏതുവിധമായാലും ശക്തിയിൽനിന്നു കവിഞ്ഞ

തായ ഒരു ദ്വൈതത്തെ സ്ഥാപിപ്പാൻ ആരെക്കൊണ്ടും കഴിയുന്നതല്ലെന്നു ഗ്രന്ഥകൎത്താവു ഖണ്ഡിതമായി പറയുന്നു.

ഇപ്രകാരം ശങ്കിതതത്വങ്ങളെപ്പറ്റി പറഞ്ഞതിന്റെ ശേഷം മോക്ഷത്തിനുള്ള ഏകമാൎഗ്ഗത്തെപ്പറ്റിയാണ് പിന്നീടു പ്രസ്താവിക്കുന്നത്. സച്ചിദാനന്ദവസ്തുവിൽ മനോലയം എന്നാണ് മോക്ഷത്തെ വിവരിച്ചിരിക്കുന്നത്. സുഷുപ്തിയിൽ മനസ്സു ലയിക്കുമ്പോൾ ദ്വൈതപ്രപഞ്ചവും സംസാരദുഃഖവും ഒന്നുമില്ലെന്നും എപ്പോൾ മനസ്സു വികസിക്കുന്നുവോ അപ്പോഴാണ് എന്റെ കയ്യ്, എന്റെ പുത്രൻ എന്നിങ്ങനെ കൎത്താ ഭേദാഭിമാനവും നാനാവ്യവഹാരങ്ങളും സുഖദുഃഖങ്ങളും വന്നു ബാധിക്കുന്നത് എന്നും എല്ലാവൎക്കും അനുഭവമായിരിക്കെ മനസ്സിന്റെ വികാസമാണ് സംസാരം, അതിന്റെ ലയാവസ്ഥയാണ് സംസാരദുഃഖനിവൃത്തി എന്നു സൎവ്വമതക്കാൎക്കും സമ്മതിക്കാതെ ഇരിപ്പാൻ നിൎവ്വാഹമില്ല. ഈ മനോലയമാണ് യോഗം എന്നു പറയുന്നത്. യോഗം രാജയോഗമെന്നും ഹഠയോഗമെന്നും രണ്ടു വിധമുള്ളതിൽ ഗീതയിൽ ശ്രീകൃഷ്ണഭഗവാൻ ഉപദേശിക്കുന്ന രാജയോഗത്തിനാണ് ഗ്രന്ഥകൎത്താവു പ്രാധാന്യം കൊടുത്തിട്ടുള്ളത്. രാജയോഗം അഭ്യസിക്കേണ്ട ക്രമം ഇപ്രകാരം സംക്ഷേപമായി ഗ്രന്ഥകൎത്താവു ഒരു ദിക്കിൽ വിവരിച്ചിട്ടുണ്ട്. ജനബാധയില്ലാത്ത ദിക്കിൽ സുഖാസനത്തിലിരുന്നു മനസ്സിനെ ഏകാഗ്രതപ്പെടുത്തുമ്പോൾ മനസ്സു ഏതേതു വിഷയത്തിൽ ഓടുന്നുവോ അതാതു വിഷയത്തിൽനിന്നു മടക്കി എടുത്തു മനസ്സിനെ ആത്മസ്ഥാനത്തിൽ നിറുത്തണം. അങ്ങിനെ നിറുത്തുമ്പോൾ അവിടെ ചില ചിഹ്നങ്ങൾ പ്രകാശിക്കും. അതു കണ്ടു മനസ്സു വിസ്മയിച്ച് ആനന്ദിച്ചു സംസാരവിഷയത്തിൽ ഓടാതെ അതിൽതന്നെ ഇടവിടാതെ നില്ക്കും. അങ്ങിനെ നിന്നുനിന്നു മനസ്സു ലയിക്കയും ചെയ്യും. ഇതാണ് രാജയോഗം. യോഗാഭ്യാസത്തിനു വേണ്ടുന്ന പത്ഥ്യാഹാരക്രമങ്ങളെയും ഇതിൽ സവിസ്തരം വിവരിച്ചിട്ടുണ്ട്. ഗ്രന്ഥകൎത്താവിന്റെ അഭിപ്രായം സാധിക്കേണ്ടതിലേക്ക് അനേകം യുക്തികളും പ്രമാണങ്ങളും കൊണ്ടുവന്നിട്ടുള്ളതിനു പുറമെ അതിനു സ്വാനുഭവം സാക്ഷിയാകുന്നെന്നും പറയുന്നു.

ഏതാദൃശങ്ങളായ വിഷയങ്ങളെപ്പററി പ്രതിപാദിക്കുമ്പോഴും ഗ്രന്ഥകാരന്മാർ തങ്ങളുടെ പാണ്ഡിത്യം പ്രകടിപ്പിക്കേണ്ടതിലേക്കൊ തങ്ങൾക്കുതന്നെ അൎത്ഥം സ്പഷ്ടമാകായ്കയാലോ പലപ്പോഴും സന്ദിഗ്ദ്ധപദങ്ങളെക്കൊണ്ട് വായനക്കാരെ പരിഭ്രമിപ്പിക്കാറുണ്ട്. വിഷയഗൌരവം നിമിത്തം പ്രസിദ്ധങ്ങളല്ലാത്ത സംസ്കൃതപദങ്ങൾ ധാരാളം ഉപയോഗിക്കാതെ നിവൃത്തിയില്ലെന്നും ചിലപ്പോൾ വന്നേക്കാം. ഈ വക വൈഷമ്യങ്ങളുള്ളതുകൊണ്ട് ഈ ജാതി പുസ്തകങ്ങൾ വാങ്ങി വായിക്കുന്നതിൽ പലൎക്കും വൈമുഖ്യം ജനിക്കുന്നതിനെക്കുറിച്ച അത്ഭുതപ്പെടുവാനില്ല. എന്നാൽ പ്രകൃതപുസ്തകമാകട്ടെ, കുട്ടികൾക്കുകൂടി വായിച്ചാൽ മനസ്സിലാകത്തക്കവണ്ണമുള്ള ലളിത വാചകങ്ങളിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഇത് വായിക്കുന്നത് ഒരു ശ്രമമാണെന്നു ആൎക്കും തോന്നുകയില്ല. യോഗമാഹാത്മ്യത്തെയും യോഗാഭ്യാസക്രമത്തെയുംപററി സൂക്ഷ്മമായി അറിവാൻ താല്പൎയ്യമുള്ളവർ ഈ പുസ്തകം വാങ്ങി വായിക്കുന്നതു നന്നായിരിക്കും.

എങ്കിലും ഞങ്ങൾക്കു വായനക്കാരോടു ഒരപേക്ഷ ചെയ്യാതെയിരിപ്പാൻ നിവൃത്തിയില്ല. ഈ വക പുസ്തകങ്ങൾ വളരെ ആലോചനാപൂൎവ്വം വായിക്കേണ്ടതാണ്. പ്രസ്തുതപുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വിഷയത്തെ സംബന്ധിച്ചേടത്തോളം യോഗ്യന്മാരായ ഋഷിശ്രേഷ്ഠന്മാരിൽകൂടി അഭിപ്രായഭേദമുള്ളതായി കാണുന്ന അവസ്ഥക്ക്, ഏതെങ്കിലും ഒരു അഭിപ്രായം സൎവ്വഥാ ആദരണീയം എന്നുവെച്ചു ആലോചനകൂടാതെ കൈക്കൊള്ളുന്നതു പരമാബദ്ധമാണെന്നു പറയേണ്ടതില്ലല്ലൊ. യുക്തിക്കും അനുഭവത്തിനും വിരോധമായ അഭിപ്രായങ്ങൾ ആരുതന്നെ പുറപ്പെടുവിച്ചാലും സ്വീകാരയോഗ്യമല്ലെന്നു പ്രകൃതപുസ്തകത്തിൽ ഒരിടത്ത് ഉദാഹരിച്ചിട്ടുള്ള വാസിഷ്ഠവചനംതന്നെ നമ്മെ പഠിപ്പിക്കുന്നുണ്ട്.

യുക്തിയുക്തമുപാദേയം വചനം ബാലകാദപി
അന്യത്തൃണമിവത്യാജ്യമപ്യുക്തം പത്മജന്മനാ.

ഉളിപിടിച്ച കയ്യ്



പൊല്ലീസ്സും മജിസ്ത്രേട്ടും അക്കാലത്തില്ല. കയറും മുളകും കുററം തുമ്പുണ്ടാക്കുവാനുള്ള ഉപകരണങ്ങളാണെന്നാരും വിചാരിച്ചിരുന്നതുമില്ല. കോട്ടിലേല്പിക്കലും കൂട്ടിൽ കേററി വിസ്തരിക്കലും അന്നു തുടങ്ങീട്ടില്ല. 'പിക്കെട്ടും എടുക്കുഴയയും' തച്ചുശാസ്ത്രത്തിലെ സംജ്ഞകളെന്നല്ലാതെ ഉദ്യോഗവകുപ്പിലെ പ്രയോഗവിശേഷങ്ങളാണെന്നു ജനങ്ങൾക്കറിവായിത്തുടങ്ങിയതും അന്നു മുതൽക്കല്ല. ഊട്ടും ചോട്ടും പിടിച്ചു കുററം തുമ്പുണ്ടാക്കുന്നതിന്നു കക്ഷിക്കാരനും നല്ലതു ഒരുത്തുക്കും തന്മിടുക്കുമാണെന്നു പരബോദ്ധ്യം വരുത്തി പരോപദ്രവം കൂടാതെ വളരെക്കാലം പൊല്ലീസ്സുകാൎയ്യം അന്വേഷിച്ചു വന്ന ഉക്കണ്ടക്കുറുപ്പു കാൎയ്യക്കാർ പ്രായംചെന്നു പണിയിൽനിന്നു പിരിഞ്ഞതിന്നുശേഷം പുതിയ ഏൎപ്പാടുപ്രകാരം മമ്മതുഖാൻ എന്നൊരു പട്ടാണിയെ കുറുപ്പിന്റെ സ്ഥാനത്തു കൊത്തുവാലാക്കി നിശ്ചയിച്ചു. വെട്ടും തടവും, അടവും ചോട്ടും, തല്ലും, കല്ലും, മൎമ്മപ്പൊരുളും കൂടക്കൂട്ടിയാക്കീട്ടുള്ള കുറുപ്പിന്റെ കോട്ട് കുററക്കാൎക്കേ കിട്ടീട്ടുള്ളൂ. എന്നാൽ യമഘാതകനായ മമ്മതുഖാന്റെ കയ്യു ചിലപ്പോൾ പിഴച്ചു വീണിരുന്നതുകൊണ്ടു നിർദ്ദോഷികളും കഷ്ടപ്പാടനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്.

ചെറുപ്പം മുതൽക്കു കുറുപ്പുകാൎയ്യക്കാരുടെ മനസ്സിൽ കുടികൊണ്ടിരുന്ന ധാവള്യം ഉള്ളിലൊതുങ്ങാതെ വടിഞ്ഞൊഴിഞ്ഞു രോമകൂപങ്ങളിൽകൂടി പുറപ്പെട്ട് എണ്പതും ഒമ്പതും പ്രായം ചെന്ന ആ കാലത്ത് അദ്ദേഹത്തിന്റെ രോമങ്ങളുംകൂടി നിരഞ്ജനതപം പ്രാപിച്ചിരുന്നു. താടിയും മൂക്കും തമ്മിൽകൂടിക്കൊള്ളു കഴിഞ്ഞതു മുതൽക്കു ഐക്യം വൎദ്ധിച്ചതുകൊണ്ട് എടുക്കു മറെറാരംഗമുണ്ടെന്നു

റിവാൻ മനസ്സിരുത്തേണ്ട ദിക്കായി. ദൃഢഗാത്രനായ ആ കൈവ പുരുഷനെ ഇന്നും ജര ബാധിച്ചിട്ടില്ല. രണ്ടുകാതം വഴി നടപ്പാനും രണ്ടു നാലാളുകളോടു മല്ലിടാനും ആ വയോധികന് ഇന്നും പ്രയാസമുണ്ടായിരുന്നില്ല. കാഴ്ചക്കാർക്കറിവില്ലാത്ത നാട്ടുപാതയും ഊടുവഴികളും ഇല്ലെന്നു മാത്രമല്ല അദ്ദേഹത്തിന്റെ അധികാര അതിർത്തിക്കകത്തുള്ള കാററികളോടും പൊട്ടക്കിണറുകളോടുംകൂടി അദ്ദേഹത്തിനു പരിചയമുണ്ട്.

ആലക്കിയ രണ്ടു പാവുമുണ്ടു മുട്ടു മറെ ഞാത്തി ഉടുത്തു കത്തും മടിയും കൂർമ്പിച്ച കോന്തല ചുരുക്കിക്കെട്ടി കല്പിച്ചുകിട്ടിയ വെള്ളിവടിയും എടുത്തു കുറുപ്പു തമ്പുരാനെ കാണുവാനായി കരിക്കാട്ടേക്കു പുറപ്പെട്ടു പടിക്കലെത്തിയപ്പോഴേക്കും ഓടിക്കിതച്ചു വാടിത്തളർന്ന ഒരാൾ കുറുപ്പിന്റെ മുമ്പിൽ വന്നു വീണു. ദുശ്ശകുനം നേരിട്ടതുകൊണ്ടുണ്ടായ നീരസത്തോടുകൂടി 'ആശാരിക്കു തീണ്ടലില്ലാത്തകാലമായോ?' എന്നു കുറുപ്പു ചോദിച്ചതിനു 'തമ്പുരാനെ, അടിയൻ തച്ചൻ കോപ്പനാണ്. ആപത്തിൽപ്പെട്ട അടിയനെ രക്ഷിക്കണേ' എന്ന് ആശാരിച്ചെക്കൻ തൊഴുതുകൊണ്ടു പറഞ്ഞു.

കുറുപ്പ്— ആപത്തു നേരിട്ടിട്ടുണ്ടെന്നു കണ്ടാലറിയാം. നീ ചോററാനിക്കരെ കിഴക്കെ കുന്നിന്മേൽ കൂടിയാണ് വരുന്നതെന്നും മനസ്സിലായി. വായുക്ഷോഭത്തിന്റെ ഉപദ്രവമുള്ളവനും എടത്തുകൈ സ്വാധീനമുള്ളവനുമാണെന്നും ഞാൻ ധരിച്ചു. തച്ചൻ കോപ്പനാണെന്നു പറഞ്ഞതുകൊണ്ടു വിശേഷവിധിയായിട്ട് എനിക്കു ഒന്നും മനസ്സിലായില്ല.

കോപ്പൻ— കല്പിച്ചതൊക്കെ ശരിയാണ്. തമ്പുരാനു ജ്യോതിഷവും കൂടിയുള്ളതുകൊണ്ട് അടിയൻ പ്രാണനെ ഉപേക്ഷിക്കേണ്ടിവരില്ല നിശ്ചയം.

കുറുപ്പ്—എനിക്കു ജ്യോതിഷം അറിഞ്ഞുകൂട. നിന്റെ സമ്പ്രദായം കണ്ട് ഇത്രയും അറിഞ്ഞതാണ്. നിന്റെ കാലിൽ പുരണ്ടിട്ടുള്ള ആ പ്രത്യേകനിറത്തിലുള്ള മണ്ണ് അടുത്തദിക്കിൽ ചോററാനിക്കരെ കുന്നിൽ മാത്രമേയുള്ളൂ. നീ ജീവഹാനി വരത്തക്ക എന്തു കൃത്യമാണ് ചെയ്തത്? പറ! ഭയപ്പെടേണ്ട.

കോപ്പൻ—മൂത്താശാരി പറങ്ങോടനെ കൊന്നത് അടിയനാണെന്നു വിശ്വസിച്ചു കൊത്തുവാളും ശിപായിമാരും അടിയനെ പിടിപ്പാൻ അന്വേഷിച്ചു പുറപ്പെട്ടിട്ടുണ്ട്. അവർ വന്നു പിടിക്കുന്നതിന്നു മുമ്പിൽ സത്യാവസ്ഥ മുഴുവൻ ബോധിപ്പിക്കാൻ സാധിക്കാത്തപക്ഷം അതിന്നുവേണ്ട സമയം കല്പിച്ചനുവദിപ്പിക്കണം. സത്യം തമ്പുരാനെ ധരിപ്പിച്ചതിന്നുമേൽ അടിയനു കഴുവിന്മേൽ കയറിയാൽ സങ്കടമില്ല. അയ്യോ! തമ്പുരാനെ അവർ വരുന്നുണ്ട്. അടിയൻ നിരപരാധിയാണെ.

കോപ്പന്റെ പരിഭ്രമം കണ്ടു കറപ്പു തിരിഞ്ഞുനോക്കിയപ്പോഴും മമ്മുഖാനും ശിപായിമാരും അടുക്കത്തെത്തിക്കഴിഞ്ഞു. മമ്മുഖാൻ കറപ്പിനെക്കണ്ടപ്പോഴും ഗൗരവത്തിന്നിടിച്ചൽ പററാത്തവിധം തന്റെ ശ്മശ്രുപൂരത്തിന്റെ ഏടത്തുഭാഗം അല്പം ഒന്നു മേല്പോട്ടു ചുളിച്ച് 'കുലപാതകിയോടാണോ കുശലപ്രശ്നം?' എന്നു ചോദിച്ചു.

കറപ്പ്—ഇവൻ കുലചെയ്യുവനാണെന്നു ഞാൻ ധരിച്ചുകഴിഞ്ഞില്ല. എന്നു തന്നെയല്ല കുററം ചെയ്തിട്ടില്ലെന്നു എന്നെ ബോദ്ധ്യപ്പെടുത്തുവാനായി ഇവൻ ചിലതു പറവാൻ ഭാവിക്കുമ്പോഴാണ് നിങ്ങൾ വന്നെത്തിയത്. അതുകൊണ്ടു കാര്യം ഒന്നും എനിക്കു മനസ്സിലായില്ല.

മമ്മുഖാൻ—ഇക്കാര്യം മനസ്സിലാകുവാൻ അധികമൊന്നും പറഞ്ഞിട്ടുവേണ്ട. സംഗതി വെളിവായി ഇതാ ഈ വാറോലയിൽ എഴുതീട്ടുണ്ട്.

കറപ്പു വാറോലവാങ്ങി നോക്കുന്നതു കണ്ടു 'തമ്പുരാനെ അതിൽ എഴുതീട്ടുള്ളത് അടിയനെക്കൂടി കേൾപ്പിക്കുവാനവിടുന്നു ദയതോന്നണെ' എന്നു കോപ്പൻ ചെയ്ത അപേക്ഷയെ സ്വീകരിച്ച് അദ്ദേഹം ഇങ്ങിനെ വായിച്ചു.

'കരിങ്കാട്ടു കോവിലകം പണി നടത്തിയിരുന്ന മൂത്താശാരി പറങ്ങോടന്റെ പുരക്കു വടക്കുവശത്തുണ്ടായിരുന്ന പണിപ്പുര രാത്രി പാതിരക്കുശേഷം തീ പിടിച്ചു. സമീപസ്ഥന്മാർ സ്ഥലത്തെത്തിയപ്പോഴും തീ കെടുത്തുവാൻ വയ്യാത്ത നിലയിലെത്തി. അഗ്നി

ബാധ യദൃച്ഛാസംഭവമാണെന്നും വിലപിടിച്ച പല ഉരുപ്പടികളും കത്തിപ്പോയതുകൊണ്ട് മൂത്താശാരിക്ക് വലിയനഷ്ടം നേരിട്ടു എന്നും മാത്രമാണ് ആദ്യം വിചാരിച്ചത്. എന്നാൽ ഈ ലഹളയിലെങ്ങും പറങ്ങോടനെക്കാണാഞ്ഞതുകൊണ്ട് അയാളെ പുരക്കൽ ചെന്നന്വേഷിച്ചു. മൂത്താശാരിയെ പുരക്കൽ കണ്ടില്ല. കിടന്നപായ മടക്കീട്ടില്ല. തീ കത്തുന്ന സമയം ശവം കരിഞ്ഞ നാററവും ധാരാളം പൊന്തുന്നുണ്ടായിരുന്നു. കണിയന്തൃക്കാരൻ ഒരു ആശാരിച്ചെക്കൻ രാത്രി പറങ്ങോടന്റെ പുരക്കൽ ചെന്നിരുന്നു എന്നും അവർ തമ്മിൽ വളരെ നേരം സംസാരിച്ചിരുന്നു എന്നും കേട്ടു. പറങ്ങോടന്റെ പെട്ടിയിലുള്ള സാധനങ്ങൾ പുറത്തു വലിച്ചുവാരിഇട്ടിട്ടുണ്ട്. ആ ആശാരിച്ചെക്കനെക്കാണാനും ഇല്ല. അത്യാശകൊണ്ട് അയാൾ പറങ്ങോടനെ കൊന്നു പണിപ്പുരയിൽ വലിച്ചിട്ടു തീ വെച്ചതാണെന്നു ചിലർ പറയുന്നു. നീതിന്യായം നിലനിൎത്തിപ്പോരുന്ന തിരുമേനി സത്യാവസ്ഥ വെളിപ്പെടുത്തി രക്ഷിക്കുമാറാകണം.

കോപ്പൻ— തമ്പുരാക്കന്മാരെ! അടിയൻ ഇന്നലെ പറങ്ങോടന്റെ പുരക്കൽ പോയതും അവനോടു കുറെ നേരം സംസാരിച്ചിരുന്നതും ശരിയാണ്. ശേഷം ഒന്നും അടിയനറിഞ്ഞുകൂട.

മമ്മ — ബലപ്പെട്ട തെളിവുള്ളതുകൊണ്ട് നിനക്കിതു സമ്മതിക്കാതെ തരമില്ലല്ലൊ. ശേഷം സംഗതികളും ശരിതന്നെയാണെന്നു ഞങ്ങളുടെ അന്വേഷണംകൊണ്ട് ബോദ്ധ്യമായിട്ടുണ്ട്. നിന്റെ പ്രവൃത്തി വലിയ സാഹസമായിപ്പോയി. പറങ്ങോടനെ കൊന്നിട്ടോ ജീവനോടുകൂടിയോ ദഹിപ്പിച്ചത് എന്നൊന്നു മാത്രമേ അറിയേണ്ടതുള്ളു. ഠാണാവിൽ ചെന്നാൽ അതു നി പറയാതിരിക്കില്ല. ശിപ്പായി! അവന്റെ കൈക്കു ആമംവെച്ചു കൊണ്ടു പൊയ്ക്കോളു. ഞാൻ പിന്നാലെതന്നെ വന്നേക്കാം.

കുറുപ്പ്— ഇവനു പറവാനുള്ളതുകൂടി പറഞ്ഞു കേട്ടാൽ കൊള്ളാമെന്നുണ്ട്. അല്പസമയം അതിന്നായി അനുവദിക്കുന്നതുകൊണ്ട് കാൎയ്യത്തിന്നു വലിയ തരക്കേടൊന്നും വരാനില്ലല്ലൊ.

മമ്മ — സംഗതി മുഴുവൻ കണ്ടതുപോലെ ഞാൻ പറയാം. ഈ

കുലപാതകിയുടെ വാക്കു കേട്ടു തെററിദ്ധരിച്ചു കുറുപ്പശ്ശന്റെ മനസ്സു പുണ്ണാക്കാതിരിക്കുന്നതാണു് നല്ലതു്.

കുറുപ്പ്— അടുത്ത കാലത്തു ആരും കഠിനപ്രവൃത്തികൾ ഇനിയുകയില്ലെന്നു നിങ്ങൾ കണിശമായി തിരുമനസ്സറിവിച്ചിട്ടില്ല. ആ വാക്കു നിലനിന്നിരിപ്പോഴവൻ ഇവന്റെ മൊഴി സഹായിക്കുമെന്നാണു് എന്റെ വിചാരം.

മമ്മ— അതില്ലെങ്കിലും അങ്ങേപ്പോലെയുള്ള പഴമക്കാർ പറയുന്നതിനെ ഞാൻ ധിക്കരിക്കുന്നില്ല. പക്ഷെ അവൻ പറയുന്നതെല്ലാം നിങ്ങൾ തിരുമുമ്പാകെ സാക്ഷീകരിക്കേണ്ടിവരും. അരനാഴിക സമയം അനുവദിച്ചു.

കുറുപ്പ്— കർമ്മത്തിന്റെ ഗുണദോഷം കർത്താവിനാണല്ലോ ആശരിച്ചേക്ക! നിനക്കു പറവാനുള്ളതു പറ.

കേപ്പൻ— അടിയൻ കണിയനാശാരനാണു്. തച്ചുശാസ്ത്രം പഠിക്കുവാൻ വടക്കോട്ടുപോയിരുന്നു. ഇന്നലെ പകലെയാണു് മടങ്ങി എത്തിയതു്. വരുംവഴി കരിക്കാട്ടുകോവിലകംപണി കാണുവാനായിച്ചെന്നു. മൂത്താശാരി പറങ്ങോടനെ അടിയനു പരിചയമില്ല. തന്തയും തള്ളയും അയാളെ അറിയും. പറങ്ങോടനും അടിയന്റെ വീട്ടുകാരും തമ്മിൽ നല്ല രസമില്ലെന്നടിയൻ ധരിച്ചിട്ടുണ്ടു്. അടിയനെ കണ്ടപ്പോൾ മൂത്താശാരി വളരെ ആദരവോടുകൂടി പണിയെല്ലാം കാണിച്ചുതന്നു. അടിയന്റെ അച്ഛനമ്മമാരും പറങ്ങോടനും തമ്മിലുണ്ടായിരുന്ന മുഷിച്ചിലെല്ലാം തീർന്നിട്ടു കുറച്ചു ദിവസമേ ആയിട്ടുള്ളു എന്നും അടിയനെ കണ്ടതു വലിയ സന്തോഷമായി എന്നും അയാൾ പറഞ്ഞു. പണി നോക്കീട്ടു അടിയൻ ശാസ്ത്രവഴിക്കു പറങ്ങോടനോടു കുറഞ്ഞൊന്നു ഗുണദോഷിച്ചു. നാലുകെട്ടിന്റെ ഉത്തരം എഴുത്തുമുറി കഴിച്ചുവെച്ചിട്ടുള്ളതും അതിന്മേൽ ചെപ്പത്താനുള്ള കോടികഴുക്കോൽ കൊത്തുന്നതും കണ്ടപ്പോൾ കണക്കിൽ പിഴ വന്നിട്ടുണ്ടെന്നു അടിയൻ അയാളെ സ്വകാര്യമായി അറിവിച്ചു. കണക്കു രണ്ടാമതു നോക്കിയപ്പോൾ കാര്യം ശരിയാണെന്നു അയാൾ സമ്മതിച്ചു. അടിയന്റെ നേരെ മൂത്താശാരിക്കു വലിയ

സന്തോഷമായി. മൂത്താശാരി അടിയനെ പണിപ്പുരയിലേക്കു വിളിച്ചു ഒരു മോതിരം സമ്മാനംതന്നു. പണിയുടെ കാൎയ്യത്തിൽ ചിലതുകൂടി ആലോചിക്കാനുണ്ടെന്നും രാത്രി പുരക്കൽ ചെല്ലേണമെന്നും അടിയനോടു പറഞ്ഞു. അടിയൻ പറഞ്ഞോടന്റെ പുരക്കൽ ചെന്നു വിളിച്ചു. ഒരു മൂത്താശാരിച്ചി 'കേറപ്പനല്ലേ?' എന്നു ചോദിച്ച് അടിയനെ പറഞ്ഞോടന്റെ അടുക്കൽ കൊണ്ടു പോയിവിട്ടു അവരും തിരിയെ പോയി. മൂത്താശാരി രണ്ടുനാലു നാഴികനേരം അടിയനേയും കപ്പാട്ടിലുള്ളവരെയും വാഴ്ത്തിപ്പറയുന്നതു കേട്ട് അടിയന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. 'എന്നാൽ ഇനി ഇതൊന്നു വായിച്ചുനോക്കൂ' എന്നു പറഞ്ഞ് ഒരു ഓല അടിയന്റെ കയ്യിൽ തന്നിട്ട് 'എനിക്ക് സന്തതിയില്ലാത്തതുകൊണ്ടുള്ള ഖേദം ഇപ്പോഴും തീൎന്നു. തിരുമുമ്പാകെ വെച്ചുപമാനം വരാതെ രക്ഷിച്ചതിന്നും വീട്ടുകാരും ഞാനും തമ്മിലുള്ള സ്നേഹത്തിന്റെ അവസ്ഥക്കും ഈ പ്രവൃത്തി ഒരു തക്ക പ്രതിഫലമായിത്തീരുന്നതല്ലെങ്കിലും മറെറാന്നും തല്ക്കാലം ചെയ്യുവാൻ സാധിക്കുന്നതല്ല' എന്നു പറഞ്ഞോടൻ പറഞ്ഞു. പറഞ്ഞോടന്റെ കാലശേഷം അയാളുടെ സകലമുതലുകൾക്കും അടിയനെ അവകാശിയാക്കി നിശ്ചയിച്ചിട്ടുള്ള ഒരു ആധാരമാണ് അയാൾ തന്ന ആ ഓലക്കണ്ണ്. അടിയൻ സ്വപ്നം കാണുകയാണെന്നു വിചാരിച്ചു. ഒന്നും മിണ്ടാതെ കുറച്ചുനേരം ഇരുന്നു. 'അത്ഭുതപ്പെടാനില്ല, ഞാൻ കാലെ നിശ്ചയിച്ചിട്ടുള്ളതാണ്' എന്നു പറഞ്ഞ് മൂത്താശാരി അടിയനെ പിടിച്ചരികിലിരുത്തി. മൂത്താശാരിച്ചിയുടെ അസ്സാദികളിൽ ചിലര് അന്നു അവിടെ എത്തുമെന്നും അവർ ഈ കാൎയ്യം അറിയാതെ കഴിക്കണമെന്നും പറഞ്ഞ് അടിയനെ അപ്പോഴുംതന്നെ യാത്ര അയച്ചു. അടിയനെ പുറത്തേക്കാക്കിയത് മറെറാരു വാളുകൾക്കൂടിയാണ്. അടുത്ത പിറെറ തിരിയെ ചെല്ലാമെന്നുള്ള ഉറപ്പിലേക്ക് അടിയന്റെ ഉളിയും അവിടെ വെപ്പിച്ചു.

കറപ്പ്— നീ പുറത്തേക്കു കടന്നപ്പോഴും വാതിലടച്ചതാരാണ്?

കോപ്പൻ— ആരും അടച്ചില്ല. വാതിൽ ചാരിയാൽ മതി എന്നാണ് പറങ്ങോടൻ പറഞ്ഞത്.

കറപ്പ് — നീ മടങ്ങിപ്പോന്നത് ആശാരിച്ചി അറിഞ്ഞിട്ടുണ്ടോ?

കോപ്പൻ— അടിയന് നിശ്ചയമില്ല.

കോപ്പന്റെ വർത്തമാനത്തിന്നിടക്ക് കൂടക്കൂടെ മുഖം വീർപ്പിച്ചും നെററി ചുളിച്ചും പുരികം വളച്ചും പുഞ്ചിരികൊണ്ടും ഗൌരവം വിടാതെയും കേട്ടുകൊണ്ടിരിക്കുന്ന മമ്മതുഖാൻ ഏതായാലും മുഴുവനും പറ എന്നു പറഞ്ഞു.

കോപ്പൻ— ഇരുട്ടു കലശലായിതന്നതുകൊണ്ട് വരുംവഴി അടിയൻ ഒരു ആശാരിപ്പുരക്കൽ കേറിക്കിടന്നു. പുലച്ചക്ക് അവിടെ വന്നുകേറിയ ചില ആശാരിമാർ പറങ്ങോടന്റെ പണിപ്പുര കത്തി എന്നും അയാളെ ഒരു ആശാരിച്ചെക്കൻ കൊന്നു എന്നും കൊത്തുവാളും കൂട്ടരും അവനെ പിടിപ്പാനിറങ്ങീട്ടുണ്ടെന്നും പറയുന്നതുകേട്ടു. അവർ അടിയനെ അറിയില്ല. അടിയൻ പരിഭ്രമിച്ച് ഓടിപ്പോന്നു. വിവരം സത്യമായി തമ്പുരാനെ അറിയിച്ചു. അടിയനെ ഇനി കൊന്നാലുംകൊള്ളാം തിന്നാലുംകൊള്ളാം. ഇതാണ് കാര്യത്തിന്റെ പരമാർത്ഥം; ഇതാണ് ആ ആധാരം.

മമ്മ— (ആധാരം എടുത്തു നോക്കീട്ട്) കൊല്ലുവാനുള്ള കാരണവും പൂർത്തിയായി. നിന്റെ ഉളി എവിടെ? എന്നു ഞാൻ ചോദിച്ചെങ്കിലൊ എന്നു വിചാരിച്ച് മുൻകരുതലോടുകൂടി പറഞ്ഞ വാക്കു ഭംഗിയായി. കോപ്പനെ കൊല്ലുവാനുപയോഗിച്ച നിന്റെ ഉളിമാത്രം ഞങ്ങൾക്കു കിട്ടിക്കഴിഞ്ഞില്ല. അതുകൂടി എടുത്തു തന്നേക്ക്. ഞങ്ങളെ വെറുതെ ബുദ്ധിമുട്ടിക്കേണ്ട. എന്താ മിണ്ടാത്തത്. നിന്നെക്കൊണ്ട് അതു എടുപ്പിച്ചുകൊള്ളാം. കറപ്പന് ഇനി വല്ലതും ചോദിപ്പാനുണ്ടോ?

തല്ക്കാലം ഒന്നുമില്ലെന്നു കറപ്പ മറുവടി പറഞ്ഞപ്പോൾ മമ്മതുഖാന്റെ ദൃഷ്ടിസൂചകമായ ആജ്ഞപ്രകാരം ശിപായിമാർ കോപ്പനെ കയ്യാമംവെച്ചുകഴിഞ്ഞു. കോപ്പൻ ഠാണാവിലേക്കു പോകുമ്പോൾ കറപ്പിന്റെ നേരെയുള്ള അവന്റെ പിന്തിരിഞ്ഞ നോട്ടം

അദ്ദേഹത്തിന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഒരു സുഖൌക്കടിന്നിടയാക്കിത്തീൎത്തു.

കോപ്പുമേനോനെക്കൊണ്ടു പോയതിന്നുശേഷം കറപ്പ് ആ ആയുധം വാങ്ങി തിരിച്ചും മറിച്ചും നോക്കുന്നതുകണ്ടു 'കയ്യക്ഷരം പറങ്ങോടന്റെ തന്നെ, സംശയിപ്പാനില്ല' എന്നു മമ്മതുഖാൻ പറഞ്ഞു.

കറപ്പ്—ശരിയായിരിക്കാം. പറങ്ങോടനെക്കൊന്നു എന്നെന്തു നിശ്ചയം?

മമ്മ—കൊല്ലാതെകണ്ട്, സ്വന്തം മുതലെല്ലാം അന്യാധീനപ്പെടുത്തി അയാൾ അഗ്നിപ്രവേശം ചെയ്യു എന്നാണൊ കറപ്പിന്റെ ശങ്ക.

കറ—'നീരണ്ടെന്നും നിലയില്ലെന്നും' പറയുന്നതുപോലെ ആയിരിക്കാം എന്റെ സംശയം; പറങ്ങോടൻ മരിച്ചു എന്നു തീൎച്ചപ്പെട്ടുവൊ?

മമ്മ—പണിപ്പുര കത്തുമ്പോൾ ശവം കരിഞ്ഞ നാറ്റം പൊന്തുന്നുണ്ടായിരുന്നു എന്നു ജനങ്ങൾ പറഞ്ഞതിനെ മാത്രം വിശ്വസിച്ചല്ല ഈ സംഗതി തീൎച്ചപ്പെടുത്തിയത്. അവൻ കിടന്നിരുന്ന മുറി പരിശോധിച്ചപ്പോൾ അവിടവിടെ ചോരത്തുള്ളികൾ കിടക്കുന്നതുകണ്ടു. ഒരു ഘനമുള്ള സാധനം (പറങ്ങോടന്റെ ശവം തന്നെ) വലിച്ചുകൊണ്ടുപോയപാടു പണിപ്പുരവരെ ധാരാളം തെളിഞ്ഞു കിടപ്പുണ്ട്. കത്തി ദഹിച്ച ചാരത്തിൽനിന്നു കരിഞ്ഞ മാംസഖണ്ഡങ്ങളും കിട്ടി. പറങ്ങോടന്റെ കയ്യിൽ കിടന്നിരുന്ന ഒരു ഇരിമ്പു വളയും പിന്നീടു പരിശോധിച്ചപ്പോൾ ആ ചാരത്തിൽ കിടപ്പുണ്ടായിരുന്നു. പറങ്ങോടനെ ദഹിപ്പിച്ചു എന്നുള്ളതിന്ന് ഇതിലധികം തെളിവു വേണമെന്നു തോന്നുന്നില്ല.

കറപ്പ്—ശരി, ഈ സംഗതികളെക്കൊണ്ടു കോപ്പനും കുറ്റക്കാരനാണെന്നു ഊഹിച്ചതിൽ തെറ്റില്ല.

മമ്മ—മുമ്പ് ഒന്നുരണ്ടു കുറി നിങ്ങളുടെ യുക്തി വഴി പിടിച്ചിട്ടാണെന്നു സമ്മതിക്കാം. ഈ പ്രവൃത്തി മറ്റൊരാൾ ചെയ്യുതാണെന്നു

ഊഹിക്കുവാനുള്ള മാൎഗ്ഗം ഞാൻ കാണുന്നില്ല. ഉണ്ടെങ്കിൽ പറഞ്ഞുകേട്ടാൽ കൊള്ളാം.

കറപ്പ്—മാൎഗ്ഗം ഒന്നല്ല, ഒമ്പതുവേണമെങ്കിൽ പറയാം. കള്ളന്മാർ കൊള്ളയിടുവാൻ തരംനോക്കി നില്ക്കുമ്പോഴായിരിക്കാം കോപ്പൻ പുറത്തേയ്ക്കു വന്നത്. ആ വാതുക്കൽക്കൂടി അവർ അകത്തുകടന്നു കൊള്ളചെയ്തു കോപ്പനെ കൊന്നു പണിപ്പുരയിലിട്ടു തീവെച്ചതാകരുതെന്നുണ്ടോ?

മമ്മ—കൊള്ളക്കാൎക്കു പറങ്ങോടന്റെ ശവം ദഹിപ്പിച്ചിട്ടു വല്ല പ്രയോജനവുമുണ്ടോ?

കറപ്പ്—കോപ്പന് അങ്ങിനെ ചെയ്തിട്ടു കാൎയ്യമുണ്ടെങ്കിൽ അതു മററവൎക്കുമുണ്ട്.

മമ്മ—കറപ്പശ്ശൻ ഈ കേസ്സിൽ എന്നെ സഹായിക്കണമെന്നു തിരുമനസ്സുകൊണ്ടു കല്പനയായിട്ടുണ്ട്. പക്ഷെ നിങ്ങളുടെ തെററായ ധാരണ ഒന്നുകൊണ്ടും എന്നെ സഹായിക്കാനിടയില്ല. രണ്ടുപേരും അവരവരുടെ വഴിക്കന്വേഷിക്കുകയാണ് നല്ലത്. നിങ്ങൾ നിങ്ങളുടെ കള്ളനെത്തേടിപ്പിടിച്ചോളൂ. ഞാൻ തല്ക്കാലം കോപ്പനെക്കൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാം. ഇക്കാൎയ്യം മറെറാരു വഴിക്കു സംഭവിച്ചതല്ലെന്നു സ്ഥലത്തു ചെന്നാൽ അറിയാം.

കറപ്പ്—ഞാൻ അവിടയ്ക്കുതന്നെയാണ് പോകുന്നത്.

മമ്മ—എന്നാൽ കറപ്പശ്ശൻ കുററസ്ഥലത്തേയ്ക്കു നടക്കു. കോപ്പനെക്കണ്ട വിവരം തിരുമനസ്സറിയിച്ചിട്ടു ഞാൻ ദാണാവിലേക്കു വന്നേക്കാം.

കറപ്പു പോയതു പറങ്ങോടന്റെ കുടിയിലേക്കല്ല. കോപ്പന്റെ പുരക്കലേക്കാണ്. കോപ്പന്റെ അച്ഛൻ തല്ക്കാലം അവിടെ ഉണ്ടായിരുന്നില്ല. പോയതു എന്തിനാണെന്നും എവിടേക്കാണെന്നും വിവരമില്ലെന്ന് ആശാരിച്ചി പറഞ്ഞു. കാൎയ്യക്കാർ ആശാരിമാരെപ്പററി ഓരോന്നു പറയുന്ന കൂട്ടത്തിൽ പറങ്ങോടനെപ്പററി ചില ദൂഷ്യങ്ങൾ പറഞ്ഞുതുടങ്ങി.

ആശാരിച്ചി—അടിയൻ പറങ്ങോടനെ ചെറുപ്പംമുതല്ക്കറിയും. തന്റെമകനെപ്പോലെ ആറുപേർ ഒരുമിച്ചു ചീത്തപറഞ്ഞാലും അ

യറാം ചെയ്യുന്ന കട്ടപ്പത്തിന്റെ കട്ടമാകാണിക്കെക്കില്ല. കുശ്രൂന്യം കനിട്ടും ദ്വേഷ്യം അയാളുടെ കയ്യിൽനിന്ന പോയിട്ടെയുള്ളു. പണക്കാരനായതുകൊണ്ട് ആശാരിപ്പരിഷ മുഴുവൻ അയാൾക്ക് അടിമയാണെന്നാണ് ആയാളുടെ ഭാവം. പാവപ്പെട്ടവരെ ഉപദ്രവിപ്പാൻ കഴിഞ്ഞില്ലെങ്കിൽ വല്ല ജന്തുക്കളെയെങ്കിലും അയാൾക്ക് ഉപദ്രവിക്കാതിരുന്നുകൂട. അത്ര കഠിനക്കാരനാണ് ആ ദുഷ്ടൻ. അടിയനെ അയാൾക്കു കെട്ടിക്കൊടുക്കാൻ ആദ്യം നിശ്ചയിച്ചു. ആ മഹാപാപി ഇവിടെ കേറിവന്ന അന്ന് അടിയന്റെ പ്രാവിൻകൂട്ടിലേക്ക് ഒരു കണ്ടൻപൂച്ചയെ കടത്തിവിട്ടു നാലെണ്ണത്തിനെ കൊല്ലിച്ചു. അത് അടിയനു സഹിച്ചില്ല. അടിയൻ വായിൽവന്നതെല്ലാം പറഞ്ഞു. അടിയൻ അയാളൊന്നിച്ചിരിക്കില്ലെന്നു സത്യംചെയ്തു. അയാൾ നാണംകെട്ടു പോയതിന്റെശേഷം കോപ്പന്റെ അച്ഛന് അടിയനെ കൊടുക്കുവാൻ നിശ്ചയിച്ച ദിവസം ആ ചണ്ഡാളൻ അടിയങ്ങൾക്ക് ഒരു കാഴ്ചു കൊടുത്തയച്ചത് അടിയൻ തമ്പുരാനെ കാണിക്കാം.

ഇത്രയും പറഞ്ഞ് അവൾ ഒരു പെട്ടി കൊണ്ടുവന്നു തുറന്നു. ആ ആശാരിച്ചിയുടെ ഛായ മുഴുവൻ തികഞ്ഞിട്ടുള്ള ഒരു പ്രതിമ ശിശുവിനെ പകുതി പ്രസവിച്ച സമയം രണ്ടു ശ്വാക്കൾ തള്ളയേയും പിള്ളയേയും കടിച്ചുവലിക്കുന്ന നിലയിൽ കൊത്തി ഉണ്ടാക്കീട്ടുള്ള ഒരു പണിത്തരമായിരുന്നു ആ പെട്ടിയിലുണ്ടായിരുന്ന കാഷ്ഠദ്രവ്യം.

ഇതു കണ്ടപ്പോൾ കറപ്പു മൂക്കത്തു കൈവെച്ചുകൊണ്ട് "ഇത്രയൊക്കെ കറയുള്ള പറങ്ങോടൻ സകല മുതലുകളും നിന്റെ മകനു കൊടുപ്പാൻ ഇന്നലെ തീൎച്ചപ്പെടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ നിനക്കു ബോദ്ധ്യമാകുമൊ" എന്നു ചോദിച്ചു.

ആശാരിച്ചി — നാല് അത്താഴപ്പട്ടിണി ഒരുമിച്ചുകിടന്നാലും നാഴി അരി ആ പരമദുഷ്ടനോടു വാങ്ങി അനുഭവിപ്പാനിടവരാതെ കുറ്റം പിഴക്കേണമെന്നാണ് അടിയങ്ങളുടെ പ്രാൎത്ഥന.

കാൎയ്യക്കാർ: 'അതു ശരിയാണ്' എന്നു പറഞ്ഞു അവിടുന്നു തിരിച്ചു. പറങ്ങോടനും ഇവളും തമ്മിലുള്ള വൈരം എത്രത്തോളമുണ്ടെന്നു സ്പഷ്ടമായി. ഇന്നലത്തെ കഥ ഇവൾ അറിഞ്ഞിട്ടില്ലെന്നു

ട്ടെന്നുന്നു. ആശാരിയെ കാണാത്തതുകൊണ്ടു സംശയിക്കാനും വഴിയുണ്ട്. ആകപ്പാടെ കോപ്പന്റെ പേരിലുള്ള ഊഹം ബലപ്പെടുകയാണ് ചെയ്യുന്നത്. പക്ഷെ അവൻ കുറ്റക്കാരനല്ലെന്നുള്ള എന്റെ മനസ്സാക്ഷി എന്നെ വിട്ടുപോകുന്നതുമില്ല'. ഇങ്ങിനെ ഓരോന്നാലോചിച്ചുകൊണ്ടു കറപ്പു കുറ്റസ്ഥലത്തെത്തി. പണിപ്പുരയും പറഞ്ഞോടനെ വലിച്ചുകൊണ്ടു പോയതായി പറയുന്ന വഴിയും പുരക്കകവും മനസ്സിരുത്തി പരിശോധിച്ചു. മൂത്താശാരിച്ചിയോടു പലതും ചോദിച്ചുനോക്കി. അവറ്റ മമ്മതുഖാനോടു പറഞ്ഞിട്ടുള്ളതിൽ കൂടുതൽ കുറവായി ഒന്നും പറഞ്ഞില്ല. കറപ്പ് അദ്ധ്വാനിച്ചതിനുള്ള അന്നത്തെ കൂലി ആശാഭംഗം മാത്രമാണെന്നു തീർച്ചപ്പെടുത്തി മടങ്ങിവരും വഴി മമ്മതുഖാനെ കണ്ടു.

'എന്താ കറപ്പപ്പന്റെ കള്ളനെ കണ്ടു കിട്ടിയോ? ആശാരിച്ചിക്കനെ വിട്ടയക്കട്ടെ' എന്നു മമ്മതുഖാൻ പരിഹാസമായി ചോദിച്ചതിനു 'വയസ്സുകാലത്തു തോന്നിയ വിഡ്ഢിത്തമെന്നേയുള്ളൂ' എന്നു മറുപടി പറഞ്ഞു സന്ധ്യയോടുകൂടി കറപ്പു വീട്ടിൽ വന്നുചേർന്നു.

പിറ്റന്നാൾ മമ്മതുഖാന്റെ ശിപായി വന്നു കറപ്പിനെ ഠാണാവിലേക്കു കൂട്ടിക്കൊണ്ടു പോയി. കറപ്പിനെക്കണ്ട ഉടനെ മമ്മതുഖാൻ 'ഇനി ഇക്കാര്യത്തിൽ നിങ്ങൾ ബുദ്ധിമുട്ടേണ്ടതില്ല' എന്നു പറഞ്ഞു ഒരു ഉളി എടുത്തു കാണിച്ചു.

കറപ്പ്— പിടിയിന്മേലും മറ്റും ചോര പുരണ്ടിട്ടുണ്ട്. പറഞ്ഞോടനെ കൊല്ലുവാൻ ഉപയോഗപ്പെടുത്തിയ ആയുധമാണെന്നുണ്ടോ.

മമ്മ— അങ്ങിനെ തന്നെയാണ്. ഉളി കോപ്പന്റെയാണെന്നു അവൻ സമ്മതിച്ചു. അവന്റെ ആറുവിരലുള്ള കൈപ്പടം ഉളിയുടെ പിടിയിന്മേൽ പതിഞ്ഞു കാണുന്നത് പറഞ്ഞോടനെ കൊന്നതു മറ്റാരുമല്ലെന്നൂഹിക്കുവാനുള്ള തെളിവല്ലെങ്കിൽ മൂത്താശാരിയെ കുത്തിക്കൊല്ലുവാനായി ഉപയോഗപ്പെടുത്തിയ ആയുധമായിട്ടു തന്നെയാണ് വിചാരിക്കേണ്ടത്. ഇതു കോപ്പനെ സംബന്ധിച്ചു വിശ്വാസയോഗ്യമായ തെളിവല്ലെന്നുണ്ടോ?

കറപ്പ്— അതിന്നു രണ്ടു പക്ഷമില്ല. മതിയായ തെളിവുതന്നെ. ഇത് എവിടെക്കിടന്നിരുന്നു. ആൎക്കാണ് കിട്ടിയത്.

മമ്മ— പറഞ്ഞോടൻ കിടന്നിരുന്ന മുറിയുടെ തെക്കെ കട്ടിളപ്പടിയുടെ മുകളിൽനിന്നു കിട്ടി. എടുത്തതു ഞാൻ തന്നെയാണ്.

കറപ്പ്— ഈ ഉളി ഇന്നലെ സന്ധ്യക്കു മുമ്പ് അവിടെ ഇരിപ്പുണ്ടായിരുന്നുവോ എന്നു നിങ്ങൾക്കറിയാമോ?

മമ്മ— (പൊട്ടിച്ചിരിച്ചുകൊണ്ടു) കുററസ്ഥലത്തു പാററാവുകർ നില്ക്കുമ്പോൾ ഠാണാവിൽ കിടക്കുന്ന കോപ്പൻ രാത്രിയിൽ ചാടിപ്പോയി ഈ തെളിവു ശേഖരപ്പെടുത്തി എന്നായിരിക്കും കറപ്പശ്ശന്റെ യുക്തി.

കറപ്പ്— അങ്ങിനെ ആലോചിപ്പാനിടയില്ല. എന്നാൽ ഇന്നലെ ഈ ഉളി ആരും കാണാതിരുന്നത് എങ്ങിനെയാണ്.

മമ്മ— ആരും അത്ര നിഷ്കൎഷിച്ചു നോക്കീട്ടില്ല, അതുതന്നെ.

കറപ്പ്— എന്തായാലും മതിയായ തെളിവു കിട്ടിയതുകൊണ്ട് കോപ്പന്റെ കഥ അവസാനിക്കേണ്ട ദിക്കായി. ആശാരിച്ചിക്ക് ഉളിയുടെ കാൎയ്യത്തിൽ വല്ല അറിവും ഉണ്ടോ എന്നു ചോദിച്ചുവോ?

മമ്മ— എനിക്ക് ഇനി ആരോടും ഒന്നു ചോദിച്ചറിയേണ്ടതില്ല. തിരുമനസ്സറിവിക്കുവാനുള്ള വരിയോല തയ്യാറാക്കുകയായി. കറപ്പശ്ശന്റെ കള്ളനെ പിടിക്കാൻ ഞാൻ പിന്നീടു സഹായിക്കാം.

കള്ളവരിയും, പുള്ളിക്കുത്തും, വളവും, തെളിവും, ചുളിവും, ഇല്ലാത്ത നെടുനീളത്തിലുള്ള ചളിക്കിട്ട കരിമ്പനയോല വാൾ മുറിച്ചു ഭംഗിയാക്കി കെട്ടി വെച്ചിട്ടുള്ളതിൽനിന്നു ഒന്നു വലിച്ചെടുത്തു ഏകത്തുവാൾ എഴുതി തുടങ്ങി. കറപ്പു രണ്ടാമതും കുററസ്ഥലത്തേക്കു തിരിച്ചു. പുരക്കുചുററും മൂന്നുവട്ടം നടന്ന് അകത്തേക്കു കടന്നു മുറികളെല്ലാം നടന്നു നോക്കി. ആശാരിച്ചിയോടു രണ്ടാമതും ചിലതു ചോദിച്ചു. പുരയുടെ ചുററളവും മുറികളുടെ ദീൎഘവിസ്താരവും ഭിത്തിവണ്ണവും കുറിച്ചുകൊണ്ട് ഉളി കിടന്നിരുന്ന കട്ടിളക്കൽ ചെന്നു പുറത്തേക്കു നോക്കിയപ്പോൾ കോപ്പനേയുംകൊണ്ടു മമ്മതുഖാനും കൂട്ടരും വരുന്നതു കണ്ടു. കാൎയ്യക്കാർ ചിരിച്ചുകൊണ്ടു പടിക്കലേക്കു ചെന്നു.

മമ്മ— എന്താ മൂത്ത കുറപ്പിൻെറ മുഖത്തു സന്തോഷം കാണുന്നത്. കള്ളനെ കണ്ടുകിട്ടിയൊ?

കുറപ്പ്— കണ്ടെത്തികഴിഞ്ഞില്ല. നിങ്ങളും സഹായിച്ചാൽ കള്ളോടുകൂടി അവനെ പിടിക്കാം.

മമ്മ— എൻെറ കുറപ്പശ്ശൻ വയസ്സുകാലത്തു കളിപറയാതിരിക്കു. കുട്ടികളാക്കും പിഴക്കണ്ടെ?

കുറപ്പ്— നിങ്ങളും സഹായിച്ചില്ലെങ്കിൽ പിഴതന്നെയാകും. നിൎദ്ദോഷിയെ കുററപ്പെടുത്തുവാനുള്ള ഉത്സാഹം നിൎത്തിവെച്ചു ഞാൻ പറയുന്നതു കേട്ടില്ലെങ്കിൽ പിന്നീട് പശ്ചാത്താപത്തിന്നിടവരും.

കുറപ്പിൻെറ പ്രകൃതം മാറിക്കണ്ടപ്പോൾ മമ്മതുഖാൻെറ ഹാസ്യം ശമിച്ചു. അവർ വഴിപ്പെട്ടു എന്നു കണ്ട് കുറപ്പ് അവരെ ഒരു മുറിയിലേക്കു കൊണ്ടുപോയി. വിവരമെല്ലാം പറഞ്ഞേല്പിച്ചു. കുറപ്പിൻെറ കല്പനപ്രകാരം മൂത്താശാരിച്ചിയെക്കൊണ്ടു രണ്ടുകെട്ട് വയ്ക്കോൽ ചുമപ്പിച്ച് പറങ്ങോടൻെറ മുറിയിൽ കടത്തി ഇടുവിച്ചു. ഒരു ശിപായി പോയി രണ്ടു കുടം വെള്ളം കൊണ്ടുവന്നു. ഈ കളിവട്ടം കണ്ടപ്പോൾ മമ്മതുഖാൻ കോപത്തോടുകൂടി ആരായാലും വകതിരിവുകൂടാതെ പ്രവൃത്തിച്ചാൽ പട്ടണങ്ങളിൽ കഴിക്കില്ല എന്നുപറഞ്ഞു പുറത്തേക്കു പുറപ്പെട്ടു.

കുറപ്പ്— ദേഷ്യപ്പെടേണ്ട, കുറച്ചു തീകൂടി കിട്ടിയാൽ എല്ലാം ഒതുങ്ങാറായി.

മമ്മ— മതി, മതി, ഞങ്ങളും പിള്ളർകളിക്കുള്ളവർ അല്ല. അങ്ങ തിരുമനസ്സിലെ സേവനാണെങ്കിലും സൎക്കാർ ഉദ്യോഗസ്ഥനെ അവമാനിക്കുന്നത് അവിടേക്കു രസമാവില്ല.

കുറപ്പ്— പലതും പറയാതിരുന്നാൽ കാൎയ്യത്തിന്നു തരക്കേടുണ്ട്. ചില സൎക്കാരുദ്യോഗസ്ഥന്മാൎക്കു മാനാപമാനം ഉന്നതരെന്നു മനസ്സിലാക്കുന്നതു ചിലപ്പോൾ കാൎയ്യം കഴിഞ്ഞിട്ടായിരിക്കും. ഇക്കാൎയ്യത്തിൽ ഞാൻ പ്രവൃത്തിച്ചതു മാനമോ അപമാനമോ എന്നു കുറച്ചുകൂടി ക്ഷമിച്ചാലറിയാം.

മമ്മതുഖാൻ പുറത്തേക്കുവെച്ച കാൽ അകത്തേക്കു തന്നെ വ

ലിച്ചു. തീയില്ലാഞ്ഞിട്ടു കള്ളനെ കിട്ടാതിരിക്കേണ്ട എന്നു പറഞ്ഞു കറപ്പായത്തിന്റെ കീശയിൽനിന്നു ഒരു തീപ്പെട്ടി എടുത്തു കറപ്പിന്റെ മുമ്പിലേക്കിട്ടു.

കറപ്പു വക്കോലിൽ തീപ്പിടിപ്പിച്ചുകൊണ്ടു മൂത്താശാരിച്ചിയെ വിളിച്ചു പറഞ്ഞു: 'പറഞ്ഞോടനെക്കൊന്നു കാഴ്ചത്തിൽ നിന്നു വക്കോലിട്ടു ചുടുവാൻ തീർച്ചയാക്കിട്ടുണ്ട്. അതുകൂടാതെ കഴിക്കേണമെങ്കിൽ 'അയ്യോ! പുരതീപ്പിടിച്ചു' എന്നു ആർത്തസ്വരം പുറപ്പെടുവിക്കുന്നതു കേട്ടുകേറാപ്പിച്ചു തിരുമനസ്സിലേക്കു കരുണതോന്നിയാൽ നീ പിഴച്ചു അല്ലെങ്കിൽ ദഹിച്ചു' കാഴ്ചക്കാർ പറയുന്നതു കേട്ടു ഭയപ്പെട്ടു് അവളും നിലവിളികൂട്ടിത്തുടങ്ങി. വക്കോൽ കത്തികാളിത്തുടങ്ങിയപ്പോഴേക്കും 'ഠം ഠം' എന്നുള്ള കറപ്പിന്റെ മൂളക്കം കേട്ടു ശിപായിമാരും തിയ്യ്! തിയ്യ്! എന്നു ഉച്ചത്തിൽ നിലവിളിച്ചു. വക്കോൽ ചെട്ടപിട' പൊട്ടിക്കത്തുന്നതിനിടക്കു കതകു തള്ളിത്തുറക്കുന്ന ശബ്ദത്തോടുകൂടി ചുമരിന്റെ ഒരു ഭാഗം പൊട്ടുന്ന പിളർന്നു പണിപ്പുരയിൽ ദഹിച്ച പറഞ്ഞോടന്റെ സ്വരൂപം അവിടെ പ്രത്യക്ഷപ്പെട്ടു.

കറപ്പ് 'ഇതാണ് പണിക്കാരന്റെ പണി; ഇവനാണ് എന്റെ കള്ളൻ' എന്നു പറഞ്ഞു് കോപവും നാണവും അത്ഭുതവും ഇടകലർന്നു കലിക്കുന്ന മമ്മതുഖാന്റെ മുഖത്തെക്കൊന്നു നോക്കി. പഴയ ബുദ്ധിക്ക് ആഴം കൂടും, താങ്കൾ അമാനുഷൻതന്നെ; എന്നു മമ്മതുഖാൻ കറപ്പിനോടും എട ദുഷ്ട! കറപ്പശ്ശൻ ഈ ദിക്കിലില്ലാതിരുന്നുവെങ്കിൽ നീ ഒരു നിരപരാധിയുടെ പ്രാണനെ അന്യായമായി നശിപ്പിച്ചുകളയുമായിരുന്നുവല്ലോ മഹാപാപി! എന്നു പറഞ്ഞോടനോടും പറഞ്ഞു.

കറപ്പ്—പറഞ്ഞോട! അവസാനം നീതന്നെ നിന്റെ പേരിനെ സഫാർത്ഥമാക്കിത്തീർത്തു. 'ഉളിപിടിച്ച കയ്യ്' ഏകദേശം കോപ്പുന്റെ കൈപ്പടത്തോട് ഒത്തിട്ടുണ്ടെങ്കിലും ആ ചെക്കന് എടത്തു കയ്യാണ് സ്വാധീനമെന്നു നീ മനസ്സിലാക്കാഞ്ഞതു വിഡ്ഢിത്തമായിപ്പോയി.

പറഞ്ഞോടൻ—ഈശ്വരനാണെ അടിയൻ അവനെ കല്പിച്ചുകൂട്ടി ഉപദ്ര

വിക്കേണമെന്നു വിചാരിച്ചില്ല. ഒരു നേരംപോക്കു കാണിച്ചു എന്നേയുള്ളു.

മത്ത—നേരംപോക്കോ കാൎയ്യമോ എന്നു വഴിയെ അറിയാം. എടാ കോപ്പന്റെ കയ്യാമം ഊരി ഈ ചോട്ടയുടെ കയ്യറപ്പിക്കു; കറപ്പശ്ശന് ഈ ദ്രോഹി ഇതിനകത്തിരിപ്പുണ്ടെന്ന് എങ്ങിനെ മനസ്സിലായി.

കറപ്പു—ഉളിപിടിച്ച കയ്യു ശരിയായ തെളിവാണെന്നു നിങ്ങടെ പറഞ്ഞതു ഞാനും സമ്മതിച്ചില്ലെ? എന്റെ സമ്മതം മറെറാരു വഴിക്കായിരുന്നു. ഇന്നലെ സന്ധ്യക്കു ആ ഉളി അവിടെ ഉണ്ടായിരുന്നില്ലെന്ന് എനിക്കു നിശ്ചയമുണ്ട്. ഞാൻ കുററസ്ഥലം പരിശോധിക്കുമ്പോഴ് ഒരിടവും നോക്കാതെ വിട്ടുകളയുന്ന പതിവില്ല. കോപ്പൻ എടവനാണെന്നു ഞാൻ അവനെക്കണ്ടപ്പോഴ് എനിക്കു തോന്നി. അവൻ മുഴക്കോൽ വലത്തു കയ്യിലാണ് പിടിച്ചിരുന്നത്. സംസാരത്തിന്നിടക്കുള്ള കയ്യാംഗ്യംകൊണ്ടു എന്റെ സംശയവും തീൎന്നു. കോപ്പന് ആറുവിരലുള്ളതു വലത്തെ കയ്യടത്തിന്മേലല്ലെ. അസ്വാധീനമായ കൈകൊണ്ട് കണവനെ കുത്തികൊല്ലില്ലെന്നു വിചാരിക്കരുതെ. ഉളിയിൽ പതിച്ചിട്ടുള്ള കയ്യടം കൃത്രിമമാണെന്നു തീൎച്ചപ്പെടുത്തി. ഈ പണി പററിച്ചതാരാണെന്നാലോചിച്ചു. ഈ പുരയുടെ പുറത്തേക്കുള്ള വാതൽമാത്രമേ തുറന്നിട്ടുണ്ടായിരുന്നുള്ളു എന്നും പാററവുകാർ രാത്രി ഉറങ്ങീട്ടില്ലെന്നും തീൎച്ചയായി പറയുന്നുണ്ട്. അതുകൊണ്ട് ഉളി പുറത്തുന്നിന്നു വന്നതല്ലെന്നു നിശ്ചയിച്ചു. ആശാരിച്ചിക്കു ഉളിയിരുന്ന സ്ഥലം എത്തില്ല. ആ കപ്പാടെ വീട്ടിന്റെ ഉള്ളിൽ കള്ളനുണ്ടെന്നു നിശ്ചയിച്ചു. പിന്നെ സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമമായി. പുരയുടെ ദീൎഘവിസ്താരവും മുറികളുടെ ദീൎഘവിസ്താരവുംകൂടി നോക്കിയപ്പോഴ് വീതിയിൽ ഒരുകോൽ ഉള്ള കുറവായിക്കണ്ടു. സൂക്ഷ്മമായി നോക്കിയതിൽ രണ്ട് എടഭിത്തികളുടെ നടുക്ക് ഒരു ചെറിയ മുറിയാണെന്നു മനസ്സിലാക്കി. വായുസഞ്ചാരത്തിന്നു പ

ഴുതില്ലെങ്കിൽ ആറും നാകങ്ങളുണ്ടാകുമോ എന്നു സംശയമായി. തട്ടിൻപുറത്തു കേറി നോക്കിയപ്പോഴം ആ സംശയവും തീൎന്നു.

മമ്മ—അതൊക്കെ സമ്മതിച്ചു. വൎഷകാലം തീയ്യും വെള്ളവും എന്തിന്നായിരുന്നു.

കറപ്പ്—നിങ്ങൾ എന്നെ കളിയാക്കിയില്ലെ? അതിന്നു പകരം ഒന്നു കളിപ്പിച്ചു എന്നേ ഉള്ളു. പറഞ്ഞോടനോടു ഒന്നുകൂടി ചോദിപ്പാനുണ്ട്. അങ്ങോട്ടു പോകാം.

മമ്മളുഖാനും കറപ്പും പറഞ്ഞോടന്റെയും മറവും അടുക്കലേക്കു ചെന്നു. ചോരക്കും മാംസത്തിന്നുംകൂടി എന്തു ജന്തുവിനെയാണ് ഹിംസിച്ചത് എന്നു കറപ്പ് ചോദിച്ചതിന്നു പറഞ്ഞോടൻ കുന്നം മിണ്ടാതിരിക്കുന്നതു കണ്ടു തിരുമുമ്പാകെ വെച്ചു തീരുമാനിക്കാമെന്നു പറഞ്ഞ് എല്ലാവരും കുരിക്കളോട്ടേക്കു തിരിച്ചു. ഇതിന്നിടക്കു 'തമ്പുരാൻ ദീൎഘായുസ്സായിരിക്കണെ' എന്നുള്ള കോപ്പന്റെ പ്രാൎത്ഥനാ സഹസ്രാവൎത്തി കഴിഞ്ഞു.

എ. എൻ. പുതുവാൾ.

പലവക

പുസ്തകപരിശോധന.

ആരോഗ്യചിന്താമണി.

'ആരോഗ്യചിന്താമണി' എന്ന പേരു കേട്ടാൽതന്നെ വൈദ്യഗ്രന്ഥമാണെന്നെല്ലാവൎക്കും അറിയാം. ഈ ഗ്രന്ഥം പ്രസിദ്ധകവിയായ വള്ളത്തോൾ നാരായണമേനോൻ അവർകൾ സംസ്കൃതപരിചയം അധികമില്ലാത്ത മലയാളികളുടെ ഉപയോഗത്തിന്നായി ഉണ്ടാക്കീട്ടുള്ളതാണ്. കയ്ക്കുളങ്ങര രാമവാരിയരുടെ 'ആരോഗ്യകല്പദ്രുമത്തിനെ അടിസ്ഥാനമാക്കി പാൎവ്വതീപരമേശ്വരസംവാദമാ


യിട്ടാണ് കഥനംചെയ്തിട്ടുള്ളതെങ്കിലും ഗ്രന്ഥകൎത്താവിന്നു വേറെ ഉപദേശംവഴിക്കു സിദ്ധിച്ചിട്ടുള്ള അനവധി പൊടിക്കൈകളും ഇതിൽ ചേൎത്തിട്ടുണ്ട്. കരപ്പന്റെ ലക്ഷണവും ചികിത്സയും സാമാന്യത്തിലധികം പൂൎത്തിയായിട്ടുണ്ട്. ബാലന്മാൎക്കുണ്ടാകാവുന്ന രോഗചികിത്സ കൊടുത്തിട്ടുള്ളതിന്നു പുറമെ ഗൎഭിണികൾക്കുള്ളതും ജനനം മുതൽ ആറുപോരശാബ്ദ്യം മാസന്തോറും ദേഹത്തിൽ ചെല്ലേണ്ടുന്ന ഔഷധങ്ങളെപ്പറ്റി വിധിച്ചിട്ടുള്ളത് അരോഗിയാവാനുള്ളതുതന്നെയാണെന്നു തോന്നും. ജന്തുക്കളിൽനിന്നും സസ്യങ്ങളിൽനിന്നുമുണ്ടാകുന്ന വിഷങ്ങളുടെ ചികിത്സ വളരെ ഉപകാരമായിരിക്കും. നാരായണമേനോന്റെ കവിതയ്ക്കു ലാളിത്യമുണ്ടെന്നു പറയാതെ തന്നെ ലോകൎക്കറിവുള്ളതാണ്. എങ്കിലും സൂക്ഷ്മന് ഇലയും കാറിനു കിഴങ്ങുമുള്ള ഈ ശാസ്ത്രഗ്രന്ഥത്തിന്നു കേശവൻ നായരുടെ ടിപ്പണിയില്ലെങ്കിൽ സംസ്കൃതപരിജ്ഞാനമുള്ളവൎക്കുകൂടി അബദ്ധം പ്രവൃത്തിച്ചേക്കാം. എങ്ങിനെയെന്നാൽ ഇടയത്തിലെ കഷായം വെക്കാൻ പറഞ്ഞിട്ടുള്ളടത്ത് എത്ര സംസ്കൃതം പഠിച്ച മലയാളിയായാലും വല്ല ക്രിമിനാൽ കുററവും ചെയ്യാനെളുപ്പമുണ്ട്. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം വളരെ ഉപകാരമുള്ളതാണ്. എല്ലാ കുടുംബങ്ങളിലും ഈ പുസ്തകത്തിന്റെ ഓരോപ്രതി ഉണ്ടായിരുന്നാൽ പെട്ടെന്നുണ്ടാകുന്ന അനേകം രോഗങ്ങൾക്കു തല്ക്കാലനിവൃത്തിയെങ്കിലും വരുത്തി ബാലന്മാരെ രക്ഷിക്കാൻ സാധിക്കും.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

സൂചകം—കഴിഞ്ഞ കൎക്കടമാസത്തിലെ രസികരഞ്ജിനിയിൽ ചേൎത്തിരുന്ന 'മേഘവിസ്ത്രവം' 1-ാം ശ്ലോകത്തിൽ 'മോചനം' എന്നു കാണുന്നതു 'മേചകം' എന്നു, തെററു തിരുത്തി വായിക്കേണ്ടതാണ്.

൩. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സന്തോഷമായി ഉപയോഗിക്കേണ്ടുന്ന വിലയേറിയ സാധനം. ദന്തവേദന, വായ്‌നാറ്റം, അജീൎണ്ണം പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ദുൎദ്രവ്യത്തെയും ജീൎണ്ണിപ്പിക്കുന്നു. പ്രസവകാലത്തു ഈ താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കൎപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ചുമ, ക്ഷയശ്വാസം, ക്ഷയം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ൧ മുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. ൫൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബക്സ് ൧-ക്കു തപാൽകൂലി ഉണ്ട്.

൪. ദന്തചൂൎണ്ണം.

സുഗന്ധമായുമുള്ളതും എല്ലാവിധ ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩ ണ. തപാൽ ചിലവു ൩ കുപ്പിവരെ ൩ ണ വേറെ

൫. ജ്വരസംഹാരി.

കുളിർപ്പനി, ചുരപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്ന. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൩ ണ വേറെ

൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പുരട്ടിയാൽ തലമുടി മിനുസവും ഇടതൂൎച്ചയും തഴപ്പും കറുപ്പും വളരും. കണ്ണിനു കുളിൎമ്മയുണ്ടാകും. സകല കൺരോഗങ്ങളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൬ ണ തപാൽ ചിലവു ൩ ണ വേറെ.

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൨൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, ശ്വാസതടസം, വയറുനോവ്, വായനാറ്റം അജീർണ്ണം വയറുവീർത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തക്ക് പലവകങ്ങളെ നീക്കി സുഖപ്പെടുത്തും ഡപ്പി ഒന്നുക്ക അണ ൮ തപാൽകൂലി അണ ൩ വേറെ

൨൧. കണ്ണുബിന്ദു

ചീക്കണ്ണ്, ചൊറികണ്ണു, ചൊറിയരപ്പ്, ഇർച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും ശ്രവണസുഖപ്രദമായതാണ്. വില കുപ്പി ഒന്നിന്ന ൪ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ

൨൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളെയും ശമിപ്പിക്കും വില ഡപ്പി ഒന്നിന്ന ൪ അണ തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്ക ൩ അണ വേറെ

൨൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, ചൊറി, നീരൊഴുപ്പ്, മിന്നൽ, മാലക്കണ്ണ്, പീള കെട്ട്, ചെങ്കണ്ണ്, പൂവ്, ചൊരുപ്പു, എരിച്ചിൽ ഇവ, കൃമികം ഇവയുടെ വലിവു മുതലായ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും വില ഡപ്പി ഒന്നിന്ന ൪ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ അണ വേറെ.

൨൪. സ്ഖലിതരക്ഷിണി.

ബലഹീനതയാലും അസ്വസ്ഥതയാലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും വില ഡപ്പി ഒന്നിന്ന ൮ അണ. തപാൽ ചിലവു ൪ വരെ ഡപ്പികൾക്ക ൩ അണ വേറെ

൨൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. തൂക്കത്തിന്ന ശരിക വില ഒരു ഉറുപ്പികമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൧൬. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧ ക്കു ൦ ക ൪ ണ ൧൦ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ ൧ ക്കു ൦ ക ൪ ണ ഉള്ള വിലയിൽ കുറച്ചുമാത്രമേ വില ചുമത്തുന്നുള്ളൂ. വി പി കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൦ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൭ ണ

൧൭. വ്രണവിരോപണ തൈലം.

ഈ കഴലു പിളൎപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില ൧ ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ ൩ ണ മാത്രം

൧൮. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിഞ്ഞു ശരീരം നന്നാവുന്നതിന്നു അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും ശബ്ദാവയവാദികൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൧ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്നു ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും, ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൧ ണ വി പി കമ്മീഷൻ ൨ ണ

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സു, ഉറക്കമില്ലായ്മ ഇവയും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ വി പി കമ്മീഷൻ ൩ കുപ്പിവരെ ൩ ണ

പി. സുബ്ബരായിപറങ്കിപ്പേട്ട തെക്കേ ആൎക്കാട്ട് ജില്ല.

൧൯. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇവകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു. വില ൧ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൨ ണ.

൨൦. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, ചൊറിച്ചൽ, പുട, പുഴുക്കടി, താരണം, കടുവാട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൨ ണ

ഒന്നാന്തരം ഗോരോചനം തോല ൧-ക്ക വില ൭ ക. ഒന്നാന്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. ഒന്നാന്തരം പച്ചക്കർപ്പൂരം, തോല ൧-ക്ക വില ൨ ക. ഒന്നാന്തരം റോജാ അത്തർ, മുല്ലപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്ത്, ജാതിമല്ലി, സുഗന്ധ, ഹീന, മഗിഴമ്പൂ, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ടു. ഇവ ഒരു തോല ഇടത്തിന്നു ക. ൧. മുതൽ ൫ വരെ.

		ക.	ണ.	സ.
ഒന്നാന്തരം ഗോരോചനം ഇപ്പോഴുള്ളത്	൧-ക്ക	൭	൦	൦
ടി കുങ്കുമം ടി	൧-ക്ക	൧	൦	൦
ടി പച്ചകർപ്പൂരം ടി	൧-ക്ക	൨	൦	൦

൨൧. രക്താമൃതം.

ഇത ഈ നാട്ടിലെ സസ്യങ്ങളിൽനിന്നു ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ടുന്ന ഒരു ശക്തിയുള്ള ഔഷധമാണ. ഇതിന്ന കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ക്ഷീണമുള്ളവർക്കും വൃദ്ധന്മാർക്കും ഇത ഒരു ദിവ്യ ഔഷധമാണ. ഇത ദേഹത്തിലെ വാതത്തെയും, പിത്തം, ക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങളെ ശമിപ്പിക്കയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്തു മൂത്രച്ചൂട, അസ്ഥിസ്രാവം മുതലായ രോഗങ്ങളെ തീരെ ഭേദപ്പെടുത്തുകയും കായബലം വർദ്ധിപ്പിക്കയും ചെയ്യും. ഇത രോഗികൾക്കും, ശിശുക്കൾക്കും, ഗർഭിണികൾക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

തകരം ൧-ക്ക അണ ൩ മാത്രം വി. പി. ചാർജ്ജ അണ ൩ പുറമെ.

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വ്യക്തമായി എഴുതണം.

പി. സുബ്ബറായർ പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

[illegible] മല്ല്യരാജ്യ ഇൻസ്പെക്ടർ എ ആർ രാജരാജവർമ്മ എം എ അയ്യരവർ കിടമനസ്സുകളെ രചിക്കപ്പെട്ട പുസ്തകം ഒന്നിന്ന വില അണ ൪

കഥാമഞ്ജരി, കാർഡിനൻ്റ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ പരമുപിള്ള എം എ അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം [illegible] വില അണ ൧ പൈ ൯

സാവിത്രി—

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം [illegible] വില അണ ൩.

മധ്യവ്യായോഗം—

സർക്കാർ വൈദ്യൻ പരവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സമചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠപുസ്തകം മുഴുവൻ—

വി എ ർ ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ടു, (പദാർത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിന്ന വില പണം ൧

കീർത്തികേസരി—

സി കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി എൻ എ രാമസ്വാമി ശാസ്ത്രികൾ ബി എ. അവർകളാൽ [illegible] പരിശോധിക്കപ്പെട്ടതുമായ [illegible] അടങ്ങിയ പുസ്തകം ഒന്നിന്ന വില അണ ൧൨

ഇന്ദിരാരമ—

[illegible] ബി എ അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ४

പഴഞ്ചൊല്ല്—

ഡി. [illegible] ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നിന്ന വില അണ ൩

[illegible]—

കൊടുങ്ങല്ലൂർ കെ ആർ കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടത സംഗീതനാടകം [illegible] വില അണ ൨ പൈ ൬

രസാലരാജൻ കഥ—

റവി കെ. പി, അവർകൾ എഴുതിയ പുസ്തകം വില അണ ൨.

സോമസുന്ദരൻ—

മിസ്റ്റർ [illegible] എഴുതിയ ഒരു കഥ [illegible] വില അണ ൨ പൈ ൬

ഭദ്രമുനി—

മിസ്റ്റർ വി മത്തു എഴുതിയ കഥ ഒന്നര അണ ൧

ലീലാവതി—

മിസ്റ്റർ ചെക്കുന്നൻപിള്ള എഴുതിയ അതിവിശേഷമായ നോവൽ വില ൧ ണ.

കൈവല്യശതകം—

മിസ്റ്റർ പാച്ചുപിള്ള എഴുതിയത ൧൪ അണ ൧

സന്താനവല്ലി—

മിസ്റ്റർ രാമമേനോൻ എഴുതിയ കഥ ൧൪ വില അണ ൧

ശങ്കരകൃതി—

ആ മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംശോധിതമായും ഉള്ളടക്കമായും അച്ചടിച്ചിട്ടുള്ളത പുസ്തകം ൧൪ ൻ അണ

മിസ്റ്റർ സി. എ. മാധവരപ്പ—

മിസ്റ്റർ കേശവക്കുറുപ്പ് എഴുതിയ ഒരു ഡിടക്ടീവ് നോവൽ വില അണ ൮.

അവതാരത്രയചരിതം—

സൌഭാഗ്യവതി ഇത്തിക്കാവു തെക്കി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം വില അണ ഒന്നര.

ആദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകര്യത്തിനു മാത്രം കാണ്ഡങ്ങൾ പ്രത്യേകമായി അച്ചടിച്ചുവരുന്നു ഇതിൽ പറഞ്ഞുവരുന്ന വിവരണമായ അർത്ഥം കഥ ചേർച്ചകളോടും സാരം മുതലായവ അടങ്ങിയിരിക്കും പുസ്തകം എല്ലാ ഭക്തജനങ്ങളും ഒന്നായും വാങ്ങി ഉപയോഗിക്കപ്പെടുക.

മയൂരസന്ദേശം മണിപ്രവാളം—

കേരളവർമ്മ സി. എസ്സ് ഐ. എം. ഏ. യു. ഏ. ആർ. ഏ എസ്സ്, എഫ. ആർ. എച്ച. എസ്സ്. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു എ ആർ. രാജരാജവർമ്മ എം. എ. എം. ആർ. എ. എസ്സ്, കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൽപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയർന്ന ക്ലാസ്സിൽ അച്ചടിച്ചതിന്നു ൧൪ ണ യും സാധാരണത്തിലുള്ളതിന്നു ൮ ണ യും വിലയാകുന്നു

ദാക്ഷായിണി—

കൊച്ചുണ്ണി കണ്ടപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൨

കാന്തവിശ്വാമിത്രവിജയം ഉള്ളടക്കം—

ചെങ്ങന്നൂർ ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ കെ ആർ കൃഷ്ണപിള്ള ബി എ അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം ഒന്നക്കു വില അണ ൨.

അഭിനവപദ്യരം—

വി. കെ. കേശവനവർകളാൽ എഴുതപ്പെട്ട ഒരു പുതിയ മണിപ്രവാളകൃതി പുസ്തകം ഒന്നക്കു വില അണ ഒന്നര.

കാന്താപദേശം—

തിരുവിളെ വി. രാമൻവൈദ്യർ അവർകളാൽ എഴുതപ്പെട്ടത വില ൧ തെക

മനുസ്മൃതി—

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടു കൂടി എഴുതപ്പെട്ട പുസ്തകം ഒന്നക്കു വില രൂപ ൧ അണ ൮

വിക്രമാദിത്യൻകഥ—

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧൦ അണ

മദനകാമരാജൻകഥ—

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ വിദ്യാവിലാസിനി അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧ ണ ടി അറബിയിൻ്റെ പുസ്തകം ൧-ക്കു വില ൨

കഥാസരിത്സാഗരം—

ടി യാരാൽ എഴുതപ്പെട്ട പുസ്തകം ൧-ക്കു വില അണ ൩

സുതാരം—

ടി യാരാൽ എഴുതപ്പെട്ട പുസ്തകം ൧-ക്കു വില അണ ൨ തെക ൩

അത്ഭുതകവിത—

വി. ജി. പത്മനാഭപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൨ ണ

വർക്കലസ്ഥലമാഹാത്മ്യം—

കണ്ടമത്തിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത വില ൮ ണ

പ്പ്രനിമം പററിയ അപകടങ്ങൾ—

വില അണ ൨ തെക ൩

ലോകവിനോദകഥകൾ—

കണ്ടിയൂർ മഹാദേവശാസ്ത്രവർകളാൽ എഴുതപ്പെട്ടത. വില അണ ൪ തെക ൩

ചാട്ടുവിതലവൻ—

കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു വിനോദകഥ ൧-ക്കു വില അണ ൪

ഹാസ്യപ്രകരണത്തെ ഡയറി—

ബാരൺകെയിജ്ജ ൧-ക്കു വില അണ ൪

മററും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടെയും പേരും വിലയും അറിഞ്ഞു പുസ്തകങ്ങൾ വരുത്തേണ്ടതാണ്. ആവശ്യപ്പെടുന്നവർ അന്വേഷിക്കേണ്ടുന്നു അയക്കേണം,

എസ്സ്. റി. മാനേജർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ,

രസികരഞ്ജിനി

വരിസംഖ്യ

തപാൽകൂലി ഉൾപ്പടെ ഒരു കൊല്ലത്തേക്ക്	3	0	0
,, ആറുമാസത്തേക്ക്	1	10	0
കുടിശ്ശികയായാൽ			
തപാൽകൂലി അടക്കം ഒരു കൊല്ലത്തേക്ക്	3	4	0
,, ആറുമാസത്തേക്ക്	1	12	0
ആറുമാസത്തിനു താഴെയായാൽ നമ്പ്ര ഒന്നുക്ക്	0	6	0

വി. പി. കമ്മീഷൻ പുറമെ.

പണം അടച്ചവരുടെ പേരുവിവരം മറുമാസത്തിലെ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

തരംനോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടൊ എഴുത്തൊന്നിച്ച് അടക്കം ചെയ്യേണ്ടതാകുന്നു.

പരസ്യക്കൂലി

ഒന്നാമത്തെത്തവണക്ക് വരി ഒന്നുക്ക്	0	2	0

ഒന്നൊ ഒന്നിലധികമൊ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതൊ ആയ പരസ്യങ്ങൾക്ക് താരതമ്യം പോലെ കൂലി ചുരുക്കുന്നതാകുന്നു.

വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയ്യതിക്കകം വരിക്കാർ മാനേജർക്കു അറിവുതരേണ്ടതാകുന്നു. അതിനുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറവുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറണമെങ്കിൽ മാനേജരെ അറിവിക്കയും വേണം.

എറണാകുളത്ത് കോവിലകം } എന്നു—അമ്പാടി ചെറിയ കൃഷ്ണപുതുവാൾ,


ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൮൪ മിഥുനം

പുസ്തകം 4 ലക്കം ൧൧

പ്രസന്ന പ്രൗഢമധുര
പ്രസംഗങ്ങൾ നിറഞ്ഞിരി
[illegible]
രസികരഞ്ജിനി



[illegible] കവിട്ടി

രസികരഞ്ജിനി

പരസ്യം.

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപർക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാര്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജർക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസിക സംബന്ധമായ എഴുത്തുകളിലൊ ലക്കോട്ടുകളിലൊ അവരുടെ മുദ്രയൊ കയ്യൊപ്പൊ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം }
എറണാകുളം } രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
15th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരേണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് അതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാര്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപർക്ക് അയക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്ന[illegible]

ര. ര. പ.

സംഗതിവിവരം.

വിദ്യാവിനോദിനി അച്ചുക്കൂടം.

രസികരഞ്ജിനി

൧൦൮൧

പുസ്തകം ൪ മിഥുനമാസം ലക്കം ൧൧

മംഗളം.

ലോകങ്ങൾക്കൊക്കെയിഹപര
ലോകങ്ങളിലെന്നപോലെ വേണ്ടവിധം
യോഗക്ഷേമമുണ്ടാകുവാ-
യോഗപ്പെട്ടമലവിദ്യയാവലംബം.

നമ്പൂരിമാരും വിദ്യാഭ്യാസവും

ജനസമുദായത്തിന്റെ യോഗക്ഷേമത്തെ രക്ഷിച്ചുപോരുന്ന എല്ലാ രാജ്യങ്ങളും എല്ലാ കാലങ്ങളും വിദ്യാഭ്യാസത്തെത്തന്നെയാണ് രാജ്യതന്ത്രപ്രവർത്തകന്മാർ പ്രധാനമായി വിചാരിച്ചു വർദ്ധിപ്പിച്ചു വന്നിരുന്നത് എന്നും വിദ്യാഭിവൃദ്ധി വരുത്തുന്നതിൽ അലസന്മാരായ പാലകന്മാരുടെ കീഴിലുള്ള രാജ്യം ക്രമത്തിൽ ക്ഷയിച്ചുപോകയോ അക്രമത്തിൽ അന്യരാജ്യക്കാ

ക്കധീനപ്പെട്ടുപോകയോ ചെയ്യുന്നതു സാധാരണയായിരുന്നു എന്നും സൎവ്വസമ്മതമായ ചരിത്രസിദ്ധാന്തമാണല്ലോ.

ഒരുകാലത്തു മലയാളരാജ്യം മുഴുവനും പ്രശസ്തമായ വിധത്തിൽ ഭരിച്ചിരുന്നതിന്റെ അവശേഷമാണെന്നു തോന്നത്തക്കവണ്ണം മലയാളികൾ ഒട്ടുക്കു പലപ്രകാരത്തിലും പൂജ്യന്മാരായിത്തന്നെ നില്ക്കുന്നതിന്നു പുറമെ വിശേഷിച്ചും വൎണ്ണാശ്രമധൎമ്മാദികളായി ഹിന്തുമതം സംബന്ധിച്ച കാൎയ്യങ്ങളിലെല്ലാം നാട്ടുരാജാക്കന്മാൎക്കുമാത്രമല്ലാ അന്യമതക്കാരും അന്യരാജ്യക്കാരുമായ നവീനനായകന്മാരാൽ നടത്തപ്പെടുന്ന ഇന്ത്യാഗവൎമ്മെണ്ടിന്നുപോലും സൂക്ഷ്മത്തിൽ അപരിഹാൎയ്യനിബന്ധനന്മാരായി കഴിഞ്ഞുകൂടത്തക്കനിലയിൽ ഉള്ളവരും, പക്ഷെ, കാലക്രമംകൊണ്ട് അവരവരുടെ മാഹാത്മ്യം അവരവൎക്കുപോലും അത്ര അറിയാനിടയാവാത്തവിധം വിസ്മൃതപ്രഭാവന്മാരുമായിട്ടുള്ള നമ്മുടെ കേരളബ്രാഹ്മണരായ നമ്പൂരിമാൎക്കു മേല്പറഞ്ഞ വിശേഷങ്ങളാൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള ഉൽകൎഷാപകൎഷങ്ങൾക്കു കാരണഭൂതമായ വിദ്യാഭ്യാസത്തിന്റെ നില എങ്ങിനെയെല്ലാമായിരുന്നുവെന്നും മറ്റും ആലോചിക്കുന്നതായാൽ മനസ്സിന്നു പല വികാരങ്ങളും ഉണ്ടാവുന്നതോടുകൂടി ചിലചില പരിഷ്കാരമുഖങ്ങളിലേക്കു പ്രവേശം കിട്ടുവാനും സംഗതിയാവുമെന്നതിന്നു സംശയമില്ല.

കന്യാകുമാരിമുതൽ ഗോകൎണ്ണംവരെ തെക്കുവടക്കു നീണ്ടുകിടക്കുന്ന കേരളത്തിന്നു തുളുനാട് എന്നും മലനാട് (മലയാളം) എന്നും രണ്ടു പ്രധാനവിഭാഗമാണെന്നും അതിൽ ഓരോ പ്രധാനവിഭാഗങ്ങൾക്കു മുപ്പത്തിരണ്ടീത് ഗ്രാമങ്ങളായി അവാന്തരവിഭാഗങ്ങളുണ്ടെന്നും പ്രസിദ്ധമാണല്ലോ. അതിൽ തെക്കെഭാഗമായ മലയാളത്തിൽ മുപ്പത്തിരണ്ടു ഗ്രാമസങ്കേതസ്ഥലങ്ങളിലാണ് ഇന്നും നമ്പൂരിമാരും മറ്റുള്ള സകല ജാതിക്കാരും പാൎത്തുവരുന്നത് എന്നുള്ളതും പറഞ്ഞറിയിക്കേണ്ടതില്ല. പക്ഷെ നമ്പൂരിമാരുടെ ഇല്ലങ്ങളും മനകളും മഠങ്ങളും പാലക്കാട്ടു പട്ടന്മാരുടെ ഗ്രാമങ്ങൾപോലെ അഗ്രഹാരസമ്പ്രദായത്തിൽ കൂട്ടിത്തൊട്ടു നിരത്തി നിട്ടു പെരുവഴി

കരിതുവക്കിനും പ്രതിഷ്ഠിച്ചിരിക്കുകയല്ല. ഒരില്ലത്തോ മനയ്ക്കോ മഠമോ ഉണ്ടെങ്കിൽ അതിനടുത്തു പരിചാരകഗൃഹങ്ങളും ചില കൃഷിസ്ഥലങ്ങളും കുളവും കുലദൈവക്ഷേത്രവും മററുമുണ്ടായിരിക്കും. ഇങ്ങിനെയുള്ള വിഭാഗംകൊണ്ടുതന്നെ, എല്ലാ പദാർത്ഥങ്ങൾക്കും വിഭാഗംകൊണ്ടാണ് പരിഷ്കാരം സിദ്ധിക്കുന്നത് എന്നുള്ള പരിഷ്കാരശാസ്ത്രം പണ്ടേതന്നെ നമ്പൂരിമാർ അറിഞ്ഞു പ്രവൃത്തിച്ചിട്ടുണ്ടെന്നു, പ്രത്യക്ഷപ്പെടുന്നു. നാനാജാതി വിഭാഗങ്ങൾക്കു പുറമെ നമ്പൂരിമാരുടെയിടയിൽതന്നെ ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്ന്യാസി, എന്നീയാശ്രമവിഭാഗങ്ങളും അഗ്നിഹോത്രി, ഭട്ടവൃത്തി, തന്ത്രി, ശാന്തിക്കാരൻ, അടുക്കളക്കാരൻ, ആയുധോപജീവി, മന്ത്രവാദി, വൈദ്യൻ, സ്മാർത്തൻ, വൈദികൻ മുതലായി പലേ വിഭാഗങ്ങളും ചെയ്തിട്ടുള്ളത് അവരവരുടെ കുലപരമ്പരയായി നടത്തിപ്പോരുന്ന കർമ്മങ്ങളുടെ വിഭാഗങ്ങളെ അനുസരിച്ചാണെന്നു എടുത്തുപറയേണ്ടുന്ന ആവശ്യമില്ല. ഈ വക വിഭാഗങ്ങളെക്കൊണ്ടു വിദ്യാഭ്യാസപദ്ധതികൾക്കും പല ഉൾപ്പിരിവുകളും ഉണ്ടാകിത്തീർന്നു ജനസമുദായത്തിൻെറ യോഗക്ഷേമരക്ഷയ്ക്കു നല്ല ദാർഢ്യം വരുത്തിവെച്ചിട്ടുണ്ട്. എന്നാലും നമ്പൂരിമാരുടെ വിദ്യാഭ്യാസത്തിൻെറ ആരംഭരീതിയെല്ലാം ഒന്നുതന്നെ.

കുട്ടികളെ എഴുത്തിനുവെച്ച് അക്ഷരം പഠിപ്പിച്ചു കഴിഞ്ഞാൽ കൂട്ടി വായിപ്പാൻ പഠിപ്പിക്കുകയായി. ഇത് ഇപ്പോഴത്തെ സ്കൂൾ സമ്പ്രദായരീതിയിൽ നാനാജാതിമതസ്ഥന്മാരായ അസംഖ്യം കുട്ടികളെ നിരത്തിയിരുത്തി ഒരററത്തു ഒരു മാസ്റ്ററും ഇരുന്നു നിരർത്ഥങ്ങളായ കന, ചന, എന്ന ചില അക്ഷരങ്ങളെ കൂട്ടിച്ചൊല്ലി ശീലിക്കുക മാത്രമല്ല ഒരില്ലത്തു രണ്ടോ മൂന്നോ കുട്ടികളുണ്ടെങ്കിൽ അവരെ മാത്രം തൻെറ പരിശോധനയിൽ അടുത്തിരുത്തി ഗീന്നശ്രേയഃ, ധേനുവശ്രീഃ, എന്നും മററുമുള്ള വാക്യങ്ങൾ നിഷ്കർഷയോടുകൂടി ഹൃദിസ്ഥമാകുംവണ്ണം പഠിപ്പിക്കും. ഈ വക വാക്യങ്ങൾ ഇവക്കു ഉടനെ തന്നെ നാള്, പക്കം, മുതലായതു അറിയിച്ചു കൊടുക്കുന്ന ഗണിതാഭ്യാസത്തിന്ന് അത്യാവശ്യകങ്ങളാണു താനും. അതിന്നുശേഷം അടിവാക്യം നക്ഷത്രവാക്യം മുതലായി പലതും പഠിപ്പിക്കും. പ

കൾ അടിയളന്ന നേരം നിശ്ചയിപ്പാനും രാത്രി നക്ഷത്രങ്ങളെ പരിചയിപ്പിച്ചു കൊടുത്തു സമയം ശരിപ്പെടുത്താനും മേൽപറഞ്ഞ വാക്യങ്ങൾ അത്യുപയുക്തങ്ങളായിരിക്കും. ഇതുകൊണ്ടു കുട്ടിക്കു് കൂട്ടി വായിപ്പാനും, പഠിച്ചതു മനഃപാഠമായി ധരിപ്പാനും ഉള്ള ശക്തി ഉണ്ടാവുന്നു. ഇതിന്നിടയിൽ ആറേഴു വയസ്സിന്നകത്തു ഒരു മാതിരി ബുദ്ധിയുള്ള കുട്ടിയാണെങ്കിൽ സംസ്കൃതശ്ലോകങ്ങൾ പഠിച്ചു്, പദം മുറിച്ചു് അന്വയിപ്പാനും കഴിച്ചു വശമാവും. പെൺകുട്ടികൾക്കു ഇതിലധികമായ വിദ്യാഭ്യാസം കൊടുക്കുന്നതു നമ്പൂരിമാരുടെയിടയിൽ പതിവില്ല. എന്തുകൊണ്ടെന്നാൽ ഉടനെ അവൾക്കു ഗൃഹകൃത്യങ്ങളിലേക്കാണു പ്രവേശം. രണ്ടോ നാലോ സംവത്സരത്തിന്നകത്തു അവൾക്കു ഗൃഹണിയുടെ നിലയിലേക്കു കയററം കൊടുക്കും. ഗൃഹഭരണവിദ്യാഭ്യാസം, പാചകവൃത്തി മുതലായതു് അവൾക്കു പരിശീലിച്ചു സമ്പാദിക്കുവാൻ തരമുണ്ടെന്നു തന്നെയല്ല ഒഴിച്ചുവിടുവാൻ നിവൃത്തിയില്ലാത്ത കൃത്യവുമാണല്ലോ. ഇതിലധികം വിദ്യാഭ്യാസം സിദ്ധിക്കുവാൻ അവൾക്കു അവസരമില്ലെന്നും അഥവാ ഉണ്ടെങ്കിൽ തന്നെ കിഞ്ചിജ്ഞതമാത്രം സമ്പാദിച്ചു ദുസ്വാതന്ത്ര്യത്തിൽ പ്രവശിപ്പാനിടയായേക്കാമെന്നുമാണു് നമ്പൂരിമാരുടെയിടയിൽ അന്നും ഇന്നും പൊതുവിലുള്ള അഭിപ്രായം. ഇപ്പോൾ നടപ്പുള്ള പുതിയ സ്ത്രീവിദ്യാഭ്യാസസമ്പ്രദായപ്രകാരം ബാല്യകാലത്തു് അഞ്ചോ എട്ടോ സംവത്സരം മാത്രം പെൺകുട്ടികളെ സ്കൂളിലേക്കയച്ചു വല്ലതും ചിലതു പഠിച്ചു എന്നു വരുത്തി അവരുടെ ഗൃഹഭരണകൃത്യങ്ങളായ പാചകവൃത്തി മുതലായതുപോലും വേണ്ട കാലത്തു ശീലിപ്പാൻ ഇട കൊടുക്കാതെ പിൻകാലത്തേക്കുപയോഗപ്പെടുന്നതായ അതുമില്ല, ഇതുമില്ല എന്ന നിലയിലാക്കി തീക്കുന്നതു നമ്പൂരിമാൎക്കു് അന്നും ഇന്നും ഒട്ടും സമ്മതമല്ല. എന്നുതന്നെയല്ല് സ്ത്രീകൾക്കു പ്രത്യേകം യോജിപ്പുള്ളതായ സംഗീതം, ചിത്രമെഴുത്തു മുതലായ കലാവിദ്യകളും നമ്പൂരിമാരുടെ സ്ത്രീകൾ അഭ്യസിക്കുന്നതു ഗുണകരമല്ലായെന്നാണു് അവരുടെ സിദ്ധാന്തം. ഇതുകൊണ്ടു നമ്പൂരിമാരെ സ്ത്രീവിദ്യാഭ്യാസദ്വേഷികളെന്നോ സ്ത്രീപാതിവ്രത്യരക്ഷാദുർല്ലളിതന്മാരെന്നോ എന്തു പറഞ്ഞാലും വേണ്ടതില്ല അവരുടെ നിശ്ചയം ഈ

യെന്തു വഴിക്കാണ് വളരെക്കാലമായി നടപടിപ്രകാരം ഉറച്ചിരിക്കുന്നത് എന്നു പറഞ്ഞാൽ തീൎന്നുവല്ലോ.

കുട്ടികൾ ഉണ്ണികളാണെങ്കിൽ ആറേഴു വയസ്സായാൽ അവൎക്കു ഉപനയനമായി. ഈ കൎമ്മമാണല്ലോ ദ്വിജത്വം സാധിക്കുന്ന ഒരു രണ്ടാം ജന്മം. അതോടുകൂടി വിദ്യാഭ്യാസത്തിന്റെ ക്രമവും ഒന്നു മാറുന്നു. പിന്നെ സ്വഗൃഹത്തിലല്ല വിദ്യാഭ്യാസം. യോഗ്യനായ ആചാൎയ്യന്റെ ഗൃഹത്തിലേക്ക് ഉണ്ണികളെ അയക്കുകയായി. അവിടെവെച്ചു ബ്രഹ്മചൎയ്യാനുഷ്ഠാനത്തോടുകൂടി ഗുരുമുഖത്തിങ്കൽനിന്നു വേദാദ്ധ്യയനം ചെയ്യുന്നു. അവരവരുടെ കുലക്രമംപോലെ ഋക്കോ, യജുസ്സോ, സാമമോ ഇതിലൊരു വേദം കേവലം പുസ്തകത്തിൽ നോക്കാതെ ഗുരുമുഖത്തിൽനിന്നു ഓതിക്കേട്ടു തന്റെ മുഖസ്ഥമാകുംവണ്ണം ഉരുവിട്ടു പഠിക്കുകയാണ് സമ്പ്രദായം. ഇങ്ങിനെ പത്തുപതിനെണ്ണായിരം ഗ്രന്ഥം അശേഷം പുസ്തകാപേക്ഷ കൂടാതെ കട്ടകട്ടിയായി ഓതുന്ന നമ്പൂരിമാർ പണ്ടത്തെ കാലത്തു എന്നല്ല ഇപ്പോഴും ധാരാളമുണ്ട്. ഇതിൽ കേവലം ശബ്ദംമാത്രം തോന്നിക്കുക എന്നു മാത്രമാണെന്നോ അതും അല്ല. അക്ഷരത്തോടും 'ഉദാത്താനുദാത്ത സ്വരിതങ്ങൾ' ഇടങ്ങിയ സ്വരോച്ചാരണഭേദങ്ങൾക്കു അശേഷം തെറ്റുകൂടാതെ ചൊല്ലിപ്പഠിപ്പിക്കുന്നതാണ് അതിലും അത്ഭുതം. പരമാവധി ആറേഴുകൊല്ലം അനുഷ്ഠിച്ചു പോരുന്ന ബ്രഹ്മചൎയ്യകാലംകൊണ്ട് ഉണ്ണിനമ്പൂരിമാർ ഇത്രയും സാധിക്കുന്നു. അതുകൊണ്ടു അവൎക്കു ധാരണാശക്തി അല്ലെങ്കിൽ മേധ ഏറ്റവും പരിഷ്കാരനിലയിലെത്തുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇവൎക്കു ശരീരായാസവും മറ്റുള്ള നിത്യകൎമ്മാനുഷ്ഠാനങ്ങളുടെ കൂട്ടത്തിൽതന്നെ ചെയ്യത്തക്കവണ്ണം ദൈവികകൎമ്മമായ നമസ്കാരം ആക്കിവെച്ചിട്ടുണ്ട്. ഈ നമസ്കാരംകൊണ്ടു പഠിച്ചുവെച്ചിട്ടുള്ള ഓത്തു മറക്കാതിരിക്കാൻ ആവൃത്തി കഴിക്കുകയുംകൂടി സാധിക്കുന്നു: ഒരു പ്രവൃത്തികൊണ്ടു പല പ്രവൃത്തിയുടെ ഫലം സാധിക്കുക എന്നുള്ള നമ്പൂരിമാരുടെ പ്രശസ്തകൎമ്മങ്ങളിൽ പലതിലും കാണാവുന്നതാണ്. ഇപ്പോഴത്തെ സ്കൂൾകുട്ടികൾ ചെയ്യുന്ന ശരീരായാസസമ്പ്രദായത്തിന്നു മാനസികമായ വിദ്യാഭ്യാസത്തോടു ഒരു സംബന്ധവുമില്ലാതെ

യാണ് പറയാറ്. ഇതിന്റെ ഫലമായിട്ട് കുട്ടികൾ ഓരോരുത്തർ എത്രമാ ണ് അധികം പരിശുദ്ധിയോടെ പഠിച്ചിട്ടുള്ളത് എന്ന വ്യക്തമാവു ന്നതാണ്. ഉണ്ണിനമ്പൂരിമാരുടെ വേദാദ്ധ്യയനം കഴിഞ്ഞാൽ ഈ കൃത്യ നിലയവാസനിക്കുമ്പോഴേക്കും ബ്രഹ്മചാരിയുടെ സമാവർത്തനം സമാവർത്തനം കഴിയും. സമാവർത്തനമെന്നാൽ വേദാദ്ധ്യയനം കഴി ച്ചു ഗുരുഗൃഹത്തിൽനിന്നു തിരിച്ചെത്തുക എന്നതിനെക്കുറിക്കുന്ന ഒരു ക്രിയയാണ്. അതുകഴിഞ്ഞാൽ ഒന്നോ രണ്ടോ സംവത്സരം സ്വഗൃഹങ്ങളിൽവെച്ചോ ക്ഷേത്രത്തിൽ സ്വാദ്ധ്യായം ചെയ്യണമെന്നാണ് നിയമം. ഈ ജനകാലത്ത് താൻ പഠിച്ച വേദത്തിന്റെ പദം ചൊ ല്ലുക അതായത് പദം മുറിച്ചു ശീലിക്കുക, അതോടുകൂടി തന്നെ ക്ര മം, ജടം, രഥം, മുതലായി പദപ്രയോഗങ്ങളുടെ കൊണ്ടുള്ള പല ഭേദ ഗതികളും ശീലിക്കുക ഇതാക കൃത്യങ്ങളും—ശിക്ഷ, നിരുക്തം, എ ന്നീ വേദാംഗങ്ങളുടെ സ്വഭാവങ്ങളും പഠിക്കണമെന്നാണ് നിയമം. ഇവരുടെ ഈ ജനനം സ്വക്ഷേത്രത്തിൽ കഴിഞ്ഞാൽ പിന്നെ ഗ്രാമക്ഷേത്രത്തിലായി. ഗ്രാമക്ഷേത്രത്തിൽ അതാതുഗ്രാമത്തിലെ ബ്രാഹ്മണർ ഒഴിച്ച് വിദ്യശീലിക്കുന്ന കാലത്ത് വേണ്ടുന്ന സാപ്പാട്, തേച്ചുകുളി ഇവയ്ക്കു വേണ്ട ചിലവ് ആ ദേവസ്വത്തിൽനിന്നും ചെ യ്യുക ഇന്നും നടപ്പുണ്ട്. ഇങ്ങിനെ രണ്ടു മൂന്നു സംവത്സരക്കാലം കഴിയുമ്പോഴേക്കും വേദത്തിൽ സാമാന്യം നല്ല വൈദഗ്ദ്ധ്യം സി ദ്ധിക്കും. അതിനു ശേഷമേ (സഭക്കത്ത്) സഭായോഗസദസ്സിൽ പ്ര വേശിക്കയുള്ളു. ഇതു കഴിഞ്ഞാൽ ചെറിയ നമ്പൂരിമാർ ശാസ്ത്രം പഠിക്കയായി. അതിനുവേണ്ടിയാണ് മലയാളത്തിൽ പ തിനെട്ടു സഭാമഠങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഈ സഭാമഠങ്ങളിൽ പണ്ഡിതന്മാരെന്നു സമ്മതപ്പെട്ടിട്ടുള്ള നമ്പൂരിമാരെ ഭട്ടതിരിമാരാ ക്കി അവരോധിക്കുന്നതാണ്. അവർ, പഠിപ്പാൻ ചെല്ലുന്ന നമ്പൂ രിമാരെ വ്യാകരണം, ജ്യോതിഷം മുതലായ വേദാംഗങ്ങളും മീമാംസ യും, വേദാന്തവും പഠിപ്പിക്കണമെന്നാണ് നിയമം. അവിടെ താ മസിക്കുമ്പോഴും ഭക്ഷണം തേച്ചുകുളി മുതലായതിനുള്ള ചിലവു സഭാമഠങ്ങളിൽനിന്നു ചെയ്തുകൊള്ളും. അവരവരുടെ കുലപാരമ്പ ര്യമായി പഠിച്ചു ശീലിക്കേണ്ടതായ തന്ത്രശാസ്ത്രം, യോഗശാസ്ത്രം,

സ്മൃതികളും, ശ്രൗതങ്ങളായ യാഗാദിക്രിയാക്രമങ്ങളും മുതലായി ഇഷ്ടംപോലെയുള്ള ഗ്രന്ഥങ്ങളും പഠിക്കുവാൻ എല്ലാ നമ്പൂരിക്കും സന്ദർഭങ്ങളിൽ സൗകര്യമില്ലാതെ വന്നുകൂട എന്നായിരുന്നു നിശ്ചയം. ഇങ്ങിനെയുള്ള സമ്പ്രദായങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ പൂർത്തിയപക്ഷം പന്ത്രണ്ടുകൊല്ലമെങ്കിലും ഒരു ശാസ്ത്രം പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചവനെ അല്ലാതെ ഭട്ടവൃത്തിക്കാരൻ എന്നു പറയാറില്ല. തറവാട്ടിൽതന്നെ ഇങ്ങിനെ ഒരു ഭട്ടതിരിമാരില്ലാതെ ഒരു ഇല്ലം ഉണ്ടായിരുന്നില്ല എന്നായിരുന്നു പല നമ്പൂരികുടുംബങ്ങളെയും ഇപ്പോൾ വെറും പേരിന്നുമാത്രം (സന്ധ്യ എന്നറിയാതെ വിളിക്കുമ്പോലെ) ഭട്ടതിരിമാരായിരിക്കുന്നു. നോക്കു, കാലത്തിന്റെ മാറ്റം! യഥാവിധി ഗൃഹസ്ഥാശ്രമമനുഷ്ഠിച്ചുവരുന്ന ഗൃഹസ്ഥന്മാരും സോമയാജിമാർ മുതലായ ശ്രൗതകർമ്മികളും പ്രത്യേകിച്ചു സങ്കേതങ്ങളുണ്ട്. സഭയിൽ അനേകവിധത്തിലുള്ള യാഗങ്ങളും ഇഷ്ടികളും മറ്റും വേണ്ടുന്ന ചടങ്ങുകളും ബോധായനപ്രകാരം ശ്രൗത്രിയപുത്രന്മാരെക്കൊണ്ടു പ്രയോഗം ചെയ്തു പരിശീലിപ്പിപ്പാനും മററു പല പരിഷ്കാരങ്ങൾക്കും വേണ്ടി വളരെ സമ്പത്തുകളും വെച്ചിട്ടുണ്ട്. ഇപ്പോഴും ആ വക വിഷയത്തിൽ വേണ്ടുന്ന പരിഷ്കാരങ്ങളൊന്നും ചെയ്യാതെ കർമ്മികളും ആ മുതലിന്റെ ആദായം കൊല്ലംതോറും പകുതി കട്ടിച്ചുകൊണ്ടുപോകയും ഈ പകുതി കിട്ടുവാൻ വേണ്ടി മറ്റുള്ളവർ യാഗം ചെയ്യുകയും കർമ്മിയായാൽ ദ്രവ്യം എന്ന ദ്രവ്യം സമ്പാദിക്കുകയും ആയിത്തീർന്നിരിക്കുന്നു. നോക്കു കാലത്തിന്റെ മാററം! നാടുവിട്ടു കാട്ടിൽ ചെന്നു യോഗാഭ്യാസം ശീലിച്ചു തപസ്സു ചെയ്യുന്ന വാനപ്രസ്ഥന്മാർ മലയാളത്തിൽ ഇല്ലാതായി. മറ്റുള്ള വക സമ്പത്തുണ്ടാവുകയാകട്ടെ എന്തോ ശാസ്ത്രപാഠകം നടിച്ചിട്ടില്ല. പക്ഷെ...നോക്കു കാലത്തിന്റെ മാററം! ഇപ്പോൾ നമ്പൂരിമാരുടെയിടയിൽ ഒരു നമ്പൂരിക്കു വേണ്ടുന്ന എഴുത്തും പഠിച്ചറിഞ്ഞിട്ടുള്ള വിദ്വാൻ നൂററുക്കു ഒന്നു വീതമെങ്കിലും കിട്ടിയാൽ ഭാഗ്യമായി. നോക്കു കാലത്തിന്റെ മാററം! ഇപ്പോഴത്തെ ശാന്തിക്കാർ നമ്പൂരിമാരിൽ ഓരോരുത്തർ ഇല്ലത്തു ഭക്ഷണം കഴിച്ചിട്ടു സമസ്താരം കഴിപ്പിക്കുവാൻ വേണ്ടി പതിനെട്ടാം നമ്പൂരിമാർ എല്ലാ

ളെല്ലാം ഉണ്ടായിരിക്കുമാറുള്ള ബ്രഹ്മസ്വം മഠത്തിൽ ചെന്നറിയിച്ചിട്ട സംസ്കാരം കഴിപ്പിച്ചു കൊടുക്കുവാൻ വശമുള്ള ഒരു ഒററനമ്പൂരിപോലും ബ്രഹ്മസ്വം മഠത്തിൽ ഇല്ലായ്കയാൽ അമ്പത്തെട്ടു നാഴികനേരം ശവം വെറുതെ കിടന്നുപോയി എന്നു കേൾക്കുമ്പോൾ ആൎക്കാണ് അത്ഭുതവും വ്യസനവും തോന്നാത്തത്? നോക്കു കാലത്തിന്റെ മാററം! സാധാരണയായി പണ്ടു നമ്പൂരിമാർ വേദാദ്ധ്യയനവും സമാവൎത്തനവും കഴിഞ്ഞു ഗ്രാമക്ഷേത്രഭജനം കഴിയുമ്പോഴേക്കു ഒരു നമ്പൂരിക്കു വേണ്ടുന്ന ഷോഡശക്രിയകളും മററും കഴിപ്പാനും കഴിപ്പിപ്പാനും വശമായതിനുശേഷമേ പുറത്തിറങ്ങാറുള്ളു. ഇപ്പോഴോ, ഒന്നും അറിഞ്ഞുകൂടാത്ത നമ്പൂരിമാർ സുലഭം! നോക്കു കാലത്തിന്റെ മാററം! ഓരോ സഭാമഠങ്ങളിൽ പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള നമ്പൂരിമാരുടെ പൊതുവിലുള്ള യോഗമായിരുന്നു 'തൃക്കണാമതിലകം' യോഗം. ആ യോഗത്തിൽവെച്ചാണ് സകലവൎണ്ണാശ്രമധൎമ്മങ്ങളുടെയും മററും പൎയ്യാലോചന നടന്നിരുന്നത്. വേദാദ്ധ്യയനം കേവലം മുതൽ മുറമന്ത്രം ഉള്ളവരായി അഷ്ടവൈദ്യന്മാർ, ശാസ്ത്രിനമ്പൂരിമാർ മുതലായവർ ബ്രഹ്മചൎയ്യകാലത്തുതന്നെ അവരവരുടെ കുലധൎമ്മമായ വൈദ്യം, ആയുധാഭ്യാസം, മററുള്ള ശാസ്ത്രങ്ങൾ ഇവയൊക്കെ പഠിച്ചിരുന്നു. ഇവൎക്കു തൃക്കണാമതിലകം യോഗത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമുണ്ടായിരുന്നു. ഇങ്ങിനെ സൎവ്വോൽകൃഷ്ടമായ നിലയിൽ വിദ്യാഭ്യാസം സമ്പാദിക്കുന്നതിനു നമ്പൂരിമാൎക്കു പറയത്തക്കവിധത്തിൽ ഒരു ദ്രവ്യവ്യയവും വേണ്ടിയിരുന്നില്ലെന്നു മുൻപറഞ്ഞ വിദ്യാഭ്യാസക്രമംകൊണ്ടു വ്യക്തമാവുന്നുണ്ടല്ലോ. ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായപ്രകാരം ഒരു കുട്ടിയെ പഠിപ്പിച്ചു സൎവ്വകലാശാലയിൽ ഒന്നോരണ്ടോ പരീക്ഷകൾ ജയിപ്പിച്ചുകൊണ്ടുവരേണമെങ്കിൽ നാട്ടുകാൎക്കു വേണ്ടിവരുന്ന ദ്രവ്യവ്യയം നോക്കുന്നതായാൽ ഒന്നുരണ്ടു കുട്ടികളെ പഠിപ്പിച്ചു തറവാട്ടു മുടിഞ്ഞു എന്നു വരുന്നത് അത്ഭുതമല്ല. നമ്പൂരിമാരുടെ പഴയ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആവക ഉപദ്രവങ്ങളൊന്നും കൂടാതെ കുട്ടികളെ പണ്ഡിതന്മാരാക്കിത്തീൎക്കുവാൻ വളരെ സൗകൎയ്യമുണ്ടായിരുന്നു. നമ്പൂരിമാരുടെ ഇടയിൽ ഒന്നു മറിയാത്ത വിഡ്ഢിയുണ്ടായി

ത്തീരുവാനായിരുന്നു അധികം വിഷമമെന്നാകുന്നു പറയാം. വിദ്യാഭ്യാസത്തിന്നു ഇത്രയൊക്കെ നിഷ്കർഷയും നിഷ്ഠയുമുണ്ടായിരുന്ന നമ്പൂരിമാർ മലയാളികളുടെയിടയിൽ എല്ലാംകൊണ്ടും പ്രധാനന്മാരായിരുന്നു അർഹന്മാരായി തീർന്നതിന്നു എന്താണത്ഭുതം!

ഇവർ മററു ജാതിക്കാരുടെ വിദ്യാഭ്യാസകാൎയ്യത്തിൽ ഏററവും സശ്രദ്ധന്മാരായിരുന്നു. പരദേശിബ്രാഹ്മണരുടെ ഇടയിൽ 'ശൂദ്രാക്ഷരസംയുക്തം ദൂരതഃ പരിവൎജ്ജയേൽ' എന്നും മററും ഉണ്ടായിരുന്ന നിയമങ്ങൾ നമ്പൂരിമാരുടെ ഇടയിൽ ഒട്ടുംതന്നെ കടന്നു കൂടീട്ടുണ്ടായിരുന്നില്ല. ക്ഷത്രിയർ മുതലായ അന്യദ്വിജവൎഗ്ഗങ്ങൾക്കും പല വിഭാഗങ്ങളുള്ള ശൂദ്രജാതിക്കാൎക്കും അവരവരുടെ കലാനുരൂപമായ വിദ്യാഭ്യാസം വൎദ്ധിപ്പിക്കുവാൻ ഇവർ വേണ്ടുന്നേടത്തോളം സഹായിക്കുകയും നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. നമ്പൂരിമാരുടെ ഇടയിൽത്തന്നെ 'ഭാട്ടമതം' എന്ന മീമാംസാശാസ്ത്രസമ്പ്രദായം നടപ്പാക്കിയതു പ്രസിദ്ധപ്പെട്ട ഒരു കോലത്തുനാട്ടു തമ്പുരാനായിരുന്നു.

'യേഷാം വംശേ സമജനി ഹരിശ്ചന്ദ്രനാമാ നരേന്ദ്രഃ
പ്രത്യാപത്തിഃ പതഗയദുപജ്ഞത്വ കൌമാരിലാനാം'

എന്ന് ഉദ്ദണ്ഡശാസ്ത്രികൾ തന്നെ പറഞ്ഞിട്ടുണ്ട്. പ്രായേണ നമ്പൂരിമാരുടെ ഇല്ലങ്ങളിൽ ചെറിയ കുട്ടികളെ സംസ്കൃതം പഠിപ്പിക്കുന്നതു വാരിയർ, പിഷാരോടി മുതലായ അമ്പലവാസികൾ ആയിരുന്നു. ഇപ്പോഴും അങ്ങിനെതന്നെയാണെന്നാണ്. അമ്പലവാസികളുടെയിടയിൽ അനേകം പണ്ഡിതന്മാരും ഗ്രന്ഥകാരന്മാരുമുണ്ടായിരുന്നു. വില്വമംഗലത്തു സ്വാമിയാരുടെ 'ശ്രീചിഹ്ന'മെന്നുള്ള വ്യാകരണമയമായ പ്രാകൃതകാവ്യത്തിന്റെ വ്യാഖ്യാതാവു ഒരു പിഷാരോടിയാണ്. മേല്പത്തൂർ നാരായണഭട്ടതിരിയുടെ ഗുരുതന്നെ തൃക്കണ്ടിയൂര് അച്യുതപ്പിഷാരോടിയാണല്ലോ. ഉദ്ദണ്ഡശാസ്ത്രികളോടു സംസ്കൃത കവിതയ്ക്കു തിരക്കിയ മൂക്കോലെ കരുണാകരമാരാർ പ്രസിദ്ധനാണല്ലോ. ഉണ്ണായി വാരിയർ, കുഞ്ചൻ നമ്പ്യാർ ദേശമംഗലത്ത് ഉഴുത്ര വാരിയർ, കല്ലായിക്കൊളങ്ങരെ രാഘവപ്പിഷാരോടി മുതലായ യോഗ്യർ പലരുമുണ്ടായിട്ടുണ്ട്. ചുരുക്കിപ്പറയു


ന്നതായാൽ സംസ്കൃതപരിജ്ഞാനമില്ലാത്ത അമ്പലവാസികൾ അക്കാലങ്ങളിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം. ചാക്യാര്, നമ്പ്യാര്, മുതലായ ചില അമ്പലവാസികൾക്കു ബ്രാഹ്മണസദസ്സിൽ പുരാണകഥ പറയുകയും നാട്യവിദ്യ പ്രയോഗിക്കുകയും കുലധൎമ്മമായിത്തന്നെ വെച്ചിരിക്കുന്നത് ഇന്നും അവൎക്കു ഉപജീവനമാകയാൽ നശിക്കാതെ നടന്നു വരുന്നുണ്ടല്ലോ.

നായന്മാരുടെ ഇടയിലാണ് സംസ്കൃത വിദ്യാഭ്യാസം വളരെ ചുരുങ്ങിയിരുന്നത്. അതിന്നു കാരണം അവർ രാജ്യപ്രവൃത്തിക്കാരും അല്ലെങ്കിൽ കൃഷിക്കാരും പടയാളികളും ആയിരുന്നതുകൊണ്ടു തന്നെയായിരിക്കണം. എങ്കിലും സംസ്കൃതവിദ്യാഭ്യാസം സാധാരണയായി അവർ ചെയ്തുകൊള്ളണമെന്നാണ് നിശ്ചയം. ശ്രൌതസ്മാൎത്തക്രിയകളിൽ ചിലേടത്തു ശൂദ്രരോടു സംസ്കൃതഭാഷയിൽ വേദവാക്യംകൊണ്ടുതന്നെ നമ്പൂരിമാർ ഓരോ ആജ്ഞകൾ കൊടുക്കുക പതിവായിരുന്നു. ഇന്നു നടന്നുവരുന്നതുമുണ്ട്. ഒരുത്തനോടു സംസാരിക്കുന്നത് അവനറിയാത്ത ഭാഷയിലാവുക പതിവില്ലല്ലോ. പടക്കു പടയാളികളും കൃഷിക്കാരുമായിരുന്ന ശൂദ്രൎക്കു താങ്ങൾ പഠിക്കേണ്ടതായ മററു ചില വിഷയങ്ങൾ ഉള്ളതിനാൽ ഇതിലേക്കു പ്രവേശിക്കുവാൻ അവസരം കിട്ടിയിരുന്നില്ലെന്നു മാത്രമേ വിചാരിപ്പാൻ വഴിയുള്ളു. വിശേഷിച്ചു നാട്ടുവാഴികളായ ശൂദ്രപ്രഭുക്കൾ സംസ്കൃതം പഠിച്ചിരുന്നു എന്നതിന്നു അവരുടെ കുടുംബങ്ങളിലുള്ള പഴയ സംസ്കൃതഗ്രന്ഥങ്ങൾതന്നെ ലക്ഷ്യങ്ങളാകുന്നു. നമ്പൂരിമാർ താണജാതിക്കാരുടെ വിദ്യാഭ്യാസത്തിന്നു വിരോധികളായിരുന്നു എന്നും മററും തരംകിട്ടുമ്പോഴൊക്കെ കൊട്ടിഘോഷിക്കുന്ന ചില പുതിയ പരിഷ്കാരാഭിമാനികൾ മലയാളികളുടെ പൂൎവചരിത്രത്തിന്റെ മേലും കീഴും ആലോചിച്ചിരുന്നുവെങ്കിൽ വളരെ ഭേദമുണ്ടായിരുന്നു. നായന്മാരിൽനിന്നും കീഴ്പോട്ടുള്ള ജാതിക്കാരെ നോക്കുക. ഐവഴിക്കമ്മാളന്മാരിൽ ആശാരിമുതലായവൎക്കു സംസ്കൃതഭാഷയിലുള്ള തച്ചുശാസ്ത്രവും മററും പഠിപ്പിച്ചുകൊടുക്കുന്നതിൽ നമ്പൂരിമാർ എത്രയോ സശ്രദ്ധന്മാരായിരുന്നു. 'തന്ത്രസമുച്ചയം' എന്ന തന്ത്രശാസ്ത്രഗ്രന്ഥത്തിലെ തച്ചുശാസ്ത്രവിഷയമായ രണ്ടാം

പടവും എത്ര ആചാരിമാരെ, കാണിപ്പയ്യൂർ നമ്പൂരിപ്പാടന്മാർ തന്നെ പഠിപ്പിച്ചിട്ടുണ്ടു. വൈദ്യശാസ്ത്രത്തിൽ അഷ്ടവൈദ്യന്മാരുടെ ശിഷ്യപരമ്പരകളായ എത്രയോ വേലന്മാർ താണജാതിക്കാരുടെയിടയിലെന്നല്ല നമ്പൂരിപ്പാടന്മാരുടെയിടയിലും രോഗികളെ ചികിത്സിച്ചു പോരുന്നുണ്ട്. വേദാംഗങ്ങളിൽ വെച്ചു മുഖ്യമായ ജ്യോതിശ്ശാസ്ത്രംതന്നെ കുലവിദ്യയായി പഠിച്ചുവരുന്ന കണിയർപ്പണിക്കന്മാർ വളരെയുണ്ടല്ലൊ. പാഴൂർകണിയാന്മാരുടെ ആദ്യഗുരു ആരായിരുന്നു? ശോദ്ധ്യായി എന്ന ഹോരവ്യാഖ്യാനം ഉണ്ടാക്കിയ ഇതലകുളത്തു ഭട്ടതിരിപ്പാടല്ലൊ. എന്തിനധികം പറയുന്നു, നായന്മാരുടെയിടയിൽതന്നെ ആയുധവിദ്യയിൽ ഇത്ര വൈദഗ്ദ്ധ്യമുണ്ടാക്കിതീർത്തതു നമ്പൂരിമാർ തന്നെയല്ലേ? സംഘക്കളികളിൽ ആയുധവിദ്യാർത്ഥികളായ നായന്മാരെ പിള്ളർപണിക്കന്മാരെന്ന നിലയിൽ നമ്പൂരിമാരൊന്നിച്ചു ജാതിഭേദം നോക്കാതെ ബ്രാഹ്മണസദസ്സുകളിൽ പ്രവേശിപ്പിച്ചു കളിപ്പിച്ചു അവർക്ക് ആയുധവിദ്യയിൽ ഉത്സാഹം വർദ്ധിപ്പാനുള്ള ഏർപ്പാടുചെയ്തതു നമ്പൂരിമാരല്ലേ? കേവലം ഒരു ചക്കാലനായരായ സാക്ഷാൽ തുഞ്ചത്ത് എഴുത്തച്ഛനെ സംസ്കൃതം പഠിപ്പിച്ചു മലയാളഭാഷക്ക് ഒരാചാര്യസ്ഥാനം വഹിക്കത്തക്ക നിലയിലാക്കിത്തീർത്തതു വെട്ടത്തുനാട്ടുകാരനായ ഒരു നമ്പൂരിയല്ലേ? അവർക്കുവേണ്ടി സിലോൺകാരായ വേലന്മാരെ മലയാളത്തിൽ പാർപ്പിച്ചു അവർക്കു നാട്ടുവൈദ്യസ്ഥാനം കൊടുത്തതും, വേലത്തി അലക്കിയ വസ്ത്രം ഉടുത്തു കുളിച്ചു നമ്പൂരിമാരുടെ കുടുംബങ്ങളിൽതന്നെ വലിയ അശുദ്ധികളിൽ ശുദ്ധികിട്ടുകയുള്ളു എന്നു നിയമിച്ചു അവരെ ഉയർത്തിക്കൊണ്ടുവന്നു. നായന്മാർക്കു വേല് മുതലായ ആയുധങ്ങളിൽ അധികം പരിഷ്കാരം വരുത്തിക്കൊടുത്തതും നമ്പൂരിമാരല്ലാതെ മററാരാണ്? ഇങ്ങിനെ പരിശോധിച്ചു നോക്കുന്നതായാൽ മലയാളത്തിലുള്ള സകല ജാതിക്കാർക്കും അവരവരുടെ കുലധർമ്മത്തിന്നനുരൂപമായ വിദ്യാഭ്യാസം വർദ്ധിപ്പിക്കുവാനും തന്മൂലം നാട്ടുകാർക്കു യോഗക്ഷേമം നിലനിറുത്തുവാനും പണ്ടുള്ള നമ്പൂരിമാർ വളരെ പരിശ്രമിച്ചു പല ഏർപ്പാടുകളും ചെയ്തുവെച്ചിട്ടുണ്ടെന്നു പ്രത്യക്ഷപ്പെട്ടു കാണാതിരിക്കയില്ല.

(തുടരും)

ആൎയ്യവൈദ്യപഴമ



യൂറോപ്പുകാരുടെ വൈദ്യശാസ്ത്രം ഗ്രീസ്സിൽനിന്ന് ഉത്ഭവിച്ചതാണെന്നാണ് അവരുടെ വിശ്വാസം. പശ്ചിമരാജ്യങ്ങളിലേക്ക ഗ്രീസ്സിൽകൂടിയാണ് നാഗരീകത്വം ആവേശിച്ചിട്ടുള്ളത്. യൂറോപ്പുകാരുടെ സകല ശാസ്ത്രങ്ങളും ഗ്രീസ്സിൽനിന്നു കിട്ടീട്ടുള്ളവയാണ്. ഇതിന് അന്യതെളിവുകളും ആവശ്യമില്ല. വേണ്ട ലക്ഷണങ്ങളും ആ ശാസ്ത്രങ്ങളിൽതന്നെ കിടക്കുന്നുണ്ട്. അതുകൊണ്ട് ഇംഗ്ലീഷു വൈദ്യശാസ്ത്രത്തിന്റെ ഉത്ഭവം ഗ്രീസ്സിൽനിന്നാണെന്നു പൂൎണ്ണമായി വിശ്വസിക്കാം. അറേബിയാ, ഈജിപ്റ്റു, ഈ രാജ്യങ്ങളിൽനിന്നാണ് ഗ്രീക്കുകാൎക്കു വൈദ്യസംബന്ധമായ അറിവുകൾ കിട്ടിയത് എന്നു പാശ്ചാത്യവിദ്യാൎത്ഥികൾതന്നെ ദൃഢതരപൂൎവ്വം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ ശാസ്ത്രത്തിന്റെ ഉത്ഭവത്തെപ്പററി പല അന്വേഷണങ്ങൾ ഗ്രീസ്സിലും റോമയിലും നടത്തീട്ടുണ്ട്. എന്നാൽ അവരുടെ സ്വന്തം രാജ്യത്തുനിന്നു ഉത്ഭവിച്ചതല്ലാത്തതായി കാണുന്ന തത്വങ്ങളും ചികിത്സാസമ്പ്രദായങ്ങളും അവർ അനുകരിക്കാതെ തള്ളുകയായിരുന്നു പതിവ്. ഇതിനുള്ള മുഖ്യകാരണം ഇന്ത്യാചരിത്രത്തിൽ അവൎക്കു പരിജ്ഞാനം കുറവായിരുന്നതാണ്. എന്നാൽ സർ വില്യം ജോൺസ്, വിൽസൻ, മുതലായ മഹാന്മാരുടെ നിരന്തരശ്രമംകൊണ്ട് ആസ്യാസാമ്രാജ്യങ്ങളെ സംബന്ധിച്ചു പാശ്ചാത്യവിദ്യാൎത്ഥികൾക്ക വളരെ അറിവു സിദ്ധിച്ചു. ഈജിപ്റ്റുകാരുടെ അറിവും ഇന്ത്യയിലെ വിശിഷ്ടഗ്രന്ഥങ്ങളുംകൂടി പരിശോധിച്ചതിൽ അനേകം പുതിയ സാരമേറിയ സംഗതികൾ വെളിവിൽ വന്നു. അതിൽനിന്ന് ഈ ശാസ്ത്രത്തിന്റെ ആദിതത്വങ്ങൾ മുഴുവനും ഋഷിപ്രോക്തങ്ങളാണെന്നു തീൎച്ചപ്പെട്ടിട്ടുണ്ട്. ചരിത്രങ്ങളിൽനിന്നു കിട്ടീട്ടുള്ള ചില സംഗതികളെ ഉദാഹരണമായി ഇവിടെ പറയാം.

ഇംഗ്ലീഷു വൈദ്യശാസ്ത്രത്തിന്റെ മാതൃസ്ഥാനം ഗ്രീസ്സിനാണെന്നു മുകളിൽ പറഞ്ഞുവല്ലൊ. ഇതു തർക്കത്തിന്നു പാടില്ലാത്ത വിധത്തിൽ ചരിത്രങ്ങളാൽ തെളിയപ്പെട്ടിട്ടുള്ള ഒരു വാസ്തവവുമാണ്. ഗ്രീസ്സിലെ പുരാതന ചരിത്രത്തിൽനിന്നു കിട്ടീട്ടുള്ള ചില സംഗതികളെക്കൊണ്ട് ഈ ശാസ്ത്രം ആ രാജ്യത്തിൽതന്നെ ഉത്ഭവിച്ചു വളൎന്ന് ഉന്നതസ്ഥിതിയെ പ്രാപിച്ചിട്ടുള്ളതല്ലെന്നു സ്പഷ്ടമാവുന്നതാണ്.

അർടാക്സർക്സീസ്സ (Artaxarxes) എന്ന രാജാവു പേർഷ്യാരാജ്യം വാണിരുന്ന കാലത്ത് അവിടെ ഒരിക്കൽ പ്ലേഗ്ബാധ ഉണ്ടായി. ഈ സാംക്രമികരോഗം പരന്നു ജനങ്ങളെ എണ്ണമില്ലാതെ നശിപ്പിച്ചും തുടങ്ങി. അന്നാണ് ഗ്രീസ്സിലെ പ്രധാനവൈദ്യനായിരുന്ന ഹിപ്പോക്രിട്ടിസ്സിനെ (Hippocrates) പേർഷ്യരാജാവു തന്റെ രാജധാനിയിലേക്കു ക്ഷണിച്ചത്. എന്നാൽ മഹാമാരി അന്നു ഗ്രീസ്സിലും കടന്നുകൂടീട്ടുണ്ടായിരുന്നതിനാൽ ഹിപ്പോക്രിട്ടിസ്സിന്നു ഈ ക്ഷണനത്തെ സ്വീകരിപ്പാൻ തരം ഉണ്ടായിരുന്നില്ല. വൈദ്യവിഷയത്തിൽ പാണ്ഡിത്യമുള്ള ഒരു ദേഹമെങ്കിലും അന്നു പേർഷ്യയിൽ ഉണ്ടായിരുന്നുവെങ്കിൽ ഹിപ്പോക്രിട്ടീസ്സിന്റെ സഹായം ആ രാജാവ് ആവശ്യപ്പെടുകയോ, ഗ്രീസ്സിൽ സാമർത്ഥ്യമുള്ള വേറെ ഒരു വൈദ്യൻ ഉണ്ടായിരുന്നുവെങ്കിൽ പേർഷ്യാരാജാവിന്റെ അപേക്ഷയെ ഹിപ്പോക്രിട്ടീസ്സ നിരാകരിക്കുകയൊ, ചെയ്യുവാൻ എടയുണ്ടായിരുന്നില്ല. ഈ സംഗതി ഉണ്ടായതു ഉദ്ദേശം ബി. സി. 425-ൽ ആണ്.

ഗ്രീക്ക് വൈദ്യനായിരുന്ന അസ്ക്ലിപ്പ്യേഡിസ്സ് (Asclepiades) എന്നാളുടെ അനന്തരവരിൽ ഒരാളായിരുന്ന ടീസ്സിയസ്സിനെ (Ctesias) പേർഷ്യാ രാജാവു ഒരിക്കൽ തടവിൽ പിടിച്ചു. അന്ന് ആ രാജാവിന്നു യുദ്ധത്തിൽ ഏററിട്ടുണ്ടായിരുന്ന ഒരു മുറി ഉണക്കുന്നതിന്നു ഈ മഹാന്റെ സഹായംതന്നെ വേണ്ടിവന്നു. അതിന്നു പ്രത്യുപകാരമായും രാജാവിന്റെ ആവശ്യാൎത്ഥവും തടവിൽനിന്നു അദ്ദേഹത്തിനെ വിട്ടു ഒരു കോർട്ടു വൈദ്യനായി നിയമിച്ചു. ഈ നിലയിൽ അദ്ദേഹം പതിനേഴു കൊല്ലത്തോളം അവിടെ താമസിച്ചു. ഒരു ദൂതന്റെ നിലയിൽ പല തവണ ഗ്രീസ്സിൽ പോ

യിട്ടും ഉണ്ട്. ഈ മഹാന്മാരാൽ രചിക്കപ്പെട്ടിട്ടുള്ള അനേകചരിത്രഗ്രന്ഥങ്ങളിൽ ഒന്ന് ഇന്ത്യയെ സംബന്ധിച്ചായിരുന്ന തടവിൽ പിടിക്കപ്പെട്ട ഒരു ശത്രുവിനെ രാജധാനിയിൽ ഒരു ഉന്നതസ്ഥിതിയിൽ പെരുമാറുവാൻ ആദരപൂർവ്വം അനുവാദം കൊടുത്തതിൽനിന്ന് ആ കാലത്ത അവിടത്തെ വൈദ്യപണ്ഡിതന്മാരുടെ ഔല്ല്യത്തെ ഊഹിക്കാവുന്നതാണല്ലോ.

അലക്സാന്തർ ഇന്ത്യയെ ആക്രമിച്ചത് ഉദ്ദേശം ബി. സി. ൩൨൦-ൽ ആണ്. ഹിന്തുരാജാവും അലക്സാന്തരും തമ്മിൽ ഒന്നു ഉണ്ടായ ഉടമ്പടിയിൽ നിപുണനായ ഒരു വൈദ്യനെ യവനരാജാവിന് അയച്ചുകൊടുത്തു കൊള്ളാമെന്നുകൂടി ഒരു നിശ്ചയമുണ്ടായിരുന്നു. ഇതിൽനിന്നു അലക്സാന്തർ ഇന്ത്യയെ ആക്രമിച്ച കാലത്ത് അവിടെ വൈദ്യപണ്ഡിതന്മാർ ധാരാളം ഉണ്ടായിരുന്നുവെന്നും ഗ്രീസ്സിൽ ഉണ്ടായിരുന്നില്ലെന്നും വിശദമാണല്ലോ.

ഗ്രീക്കുകാർക്കു വിഷവൈദ്യത്തിൽ അശേഷം അറിവ് ഉണ്ടായിരുന്നില്ലെന്നും വിഷം തീണ്ടിയാൽ അപായപ്പെടുന്നതല്ലാതെ ഒരു നിവൃത്തിയും ഇല്ലായിരുന്നു എന്നും ഗ്രീക്ക് ചരിത്രകാരകനായ ആപുദ് ആരിയൻ (Apud Arr an) പറയുന്നു. (Nearchus) നിയർക്കസ്സിൻെറ കൂടാരത്തിൽ ചില ഹിന്തുവിഷവൈദ്യന്മാരുണ്ടായിരുന്ന കാലത്തു വിഷം തീണ്ടിയവരെ അവിടെ കൊണ്ടുചെല്ലേണ്ടതാണെന്നു ഒരു വിളംബരം കൂടി ഉണ്ടായിട്ടുണ്ട്.

പൂർവരാജ്യങ്ങളിലെ പാണ്ഡിത്യംകൊണ്ടു ഗുണപ്പെട്ടിട്ടുള്ള പ്രഥമരാജ്യം ഈജിപ്തായിരുന്നു. ഈജിപ്തുകാർ അവർക്കു കിട്ടിയ അറിവിനെ ഹെല്ലിസ്സ്പൊണ്ട് (Hellespont) ഏജ്യൻസി, (Aegean Sea) ഈ സമുദ്രതീരങ്ങളിൽ കുടി പാർത്തിരുന്ന പശ്ചിമകുടുംബക്കാർക്കു ദത്തം ചെയ്തു. സംസ്കൃതപദങ്ങളും ഗ്രീക്കുഭാഷകളിൽ കാണുന്നുണ്ട്. അതുകൊണ്ട് ഇന്ത്യയും ഗ്രീസ്സും തമ്മിൽ പുരാതനകാലത്തു എടവാടുകളും ഉണ്ടായിരുന്നു എന്നു തീർച്ചയാക്കാം. ഇതിനും പുറമെ ഇന്ത്യയിൽ ഉണ്ടാവുന്ന മരുന്നുകളും അന്നു ഗ്രീസ്സിൽ ധാരാളമായി ഉപയോഗിച്ചും വന്നിരുന്നു.

യൂറോപ്പിലെ വൈദ്യസമ്പ്രദായങ്ങളെല്ലാം ഹിപ്പൊക്രിട്ടിസ്സ്

വഴിക്കു കിട്ടിയതാണെന്നും ഈജിപ്തുകാരിൽനിന്നും കിട്ടിയ ചില സൂചകങ്ങളിൽനിന്നാണ് ഗ്രീസ്സിൽ ഹിപ്പോക്രിട്ടീസ്സ് ആദ്യം വൈദ്യശാസ്ത്രം ഉണ്ടാക്കിയത് എന്നും ആണ് യൂറോപ്പുകാരുടെ പരക്കെയുള്ള വിശ്വാസം. എന്നാൽ വാസ്തവത്തിൽ ആ തത്വങ്ങൾ മുഴുവനും ഹിന്തുക്കളിൽനിന്നു ഈജിപ്തുകാർ വഴിക്കു ഗ്രീക്കുകാൎക്കു കിട്ടീട്ടുള്ളതാണെന്ന് ഇയ്യിടയിൽ പുരാതന റിക്കാർട്ടുകളും മററും ശോധനചെയ്തു ദൃഷ്ടാന്തപ്പെടുത്തീട്ടുണ്ട്. വൈദ്യവിഷയത്തിൽ ശാസ്ത്രരൂപേണ ഹിപ്പോക്രിട്ടീസ്സ് ആദ്യം ഉണ്ടാക്കിയതാണ് യൂറോപ്പ് വൈദ്യശാസ്ത്രത്തിന്റെ മൂലഗ്രന്ഥം. ഇത്ര സാരമേറിയ ഒരു ശാസ്ത്രം ഒരുവൻ തന്റെ സ്വന്തബുദ്ധികൊണ്ടുതന്നെ നിൎമ്മിച്ചതാണെന്നുള്ള സംഗതി സ്വീകാരയോഗ്യമല്ല. അന്യരാജ്യക്കാരിൽനിന്നും തന്റെ മുൻഗാമികളിൽനിന്നും ഹിപ്പോക്രിട്ടീസ്സിനു സഹായം ഉണ്ടായിട്ടുണ്ടെന്നു സ്പഷ്ടമാണ്. ഈ ആവശ്യത്തിന്നായി ഹിപ്പോക്രിട്ടീസ്സ വളരെ സ്ഥലങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്. ഏഷ്യാമൈനറിലെ സ്കാണ എന്ന ദിക്കിൽ അദ്ദേഹം പോയിട്ടുണ്ടായിരുന്നു എന്നു റോമയിലെ ഒരു പ്രധാനവൈദ്യനായിരുന്ന ഗാലൻ എന്ന മഹാൻ പറയുന്നുണ്ട്. ഏഷ്യാവിലെ മററു ചില രാജ്യങ്ങളിലും ആഫ്രിക്കാവിലും ഈ മഹാൻ സഞ്ചരിച്ചിട്ടുണ്ടെന്നു മെറക്കുറിയിൽ (Mercurial) അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ദൂരദേശസഞ്ചാരത്തിന് അദ്ദേഹത്തിനു വേറെ ഉദ്ദേശം ഉണ്ടായിരുന്നു എന്നു ഊഹിപ്പാൻ മാൎഗ്ഗം കാണുന്നില്ല. വൈദ്യവിഷയത്തിലുണ്ടായിരുന്ന ആസക്തി തന്നെയാണ് ആ സഞ്ചാരത്തിനു അദ്ദേഹത്തെ പ്രേരിതനാക്കിവിട്ടത്. എള്ളു മുതലായി അനേകം മരുന്നുകൾ ഇന്ത്യയിൽനിന്നും ഗ്രീസ്സിൽ കൊണ്ടുപോയ്ക്കൊണ്ടിരുന്നു. ആ വക മരുന്നുകൾ വളരെ ഫലവത്തായും അവർ ഗണിച്ചിരിക്കുന്നു. ഹിപ്പോക്രിട്ടിസ്സിന്റെ ഗുണപാഠം (*Materia Medica*) എന്ന ഗ്രന്ഥത്തിൽ ആ വക മരുന്നുകളെപ്പററി പ്രസ്താവിച്ചിട്ടും ഉണ്ട്. ഹിന്തുക്കളിൽനിന്നു ഗ്രീക്കുകാൎക്കു അറിവു കിട്ടീട്ടുണ്ടായിരുന്നു എന്നും ആ അറിവിനെ അടിസ്ഥാനമാക്കി അവർ പ്രവൃത്തിച്ചിരുന്നു എന്നും മേൽ പറഞ്ഞതിൽനിന്നു വിശദമാവുന്നുണ്ടല്ലോ.

ത്രിഫല ഹിന്തുക്കളുടെ ഒരു പ്രധാന ഔഷധമാണ്. ഈ ഔഷധത്തെപ്പററി ഗ്രീക്കുവൈദ്യനായിരുന്ന അക്ടൂറിയസ്സ് (Acturias) എന്ന മഹാൻ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹം അതിനെ ഒരു ഹിന്തുമരുന്നായിട്ടു ഗണിച്ചിട്ടില്ലെങ്കിലും ത്രിഫല ഇന്ത്യയിലെ ഒരു വിശേഷപദാർത്ഥമാണെന്നു പറയുന്നുണ്ട്. അഞ്ചാംനൂററാണ്ടിന്റെ അവസാനത്തിൽ അമിദാ (Amida) എന്ന സ്ഥലത്തെ ഒരു വൈദ്യനായിരുന്ന വേറെ ഒരു മഹാൻ ത്രിഫലയെപ്പററി പ്രസ്താവിച്ചിട്ടുണ്ടെന്നു മാത്രമല്ല അത് ഇന്ത്യയിൽ സാധാരണ നടപ്പുള്ള മന്തുരോഗത്തിന്ന് ഒരു പ്രത്യൌഷധമാണെന്നു പറയുന്നുണ്ട്.

ഗ്രീക്കുകാരേക്കാൾ അധികം ഉന്നതസ്ഥിതിയെ പ്രാപിച്ചിരുന്ന ഇതരജാതിക്കാരുടെ ഗ്രന്ഥങ്ങളിൽനിന്നും എടുത്ത് എഴുതിട്ടുള്ളതാണ് ഹിപ്പോക്രിട്ടീസ്സിന്റെ ഗ്രന്ഥം എന്നു മേൽപറഞ്ഞ അന്തർതെളിവുകൾകൊണ്ടുതന്നെ സ്പഷ്ടമാവുന്നുണ്ട്.

ഹിന്തുവൈദ്യന്മാർ ശസ്ത്രക്രിയയിലും നിപുണന്മാരായിരുന്നു. ഈ വിഷയത്തിൽ സാഹസകൎമ്മം അവർ പ്രയോഗിച്ചിട്ടുണ്ട്. അറബികളും പാർസികളും ശസ്ത്രക്രിയയിൽ ശ്രദ്ധവെച്ചിരുന്നില്ല. ഈജിപ്തുകാരിൽനിന്നുതന്നെയാണ് പാശ്ചാത്യവിദ്യാർത്ഥികൾക്കു ശസ്ത്രക്രിയയിൽ അറിവു സിദ്ധിച്ചിട്ടുള്ളത്. പാർസികൾക്കു ശസ്ത്രക്രിയ വിരോധമായിരുന്നു എന്നുതന്നെ പറയാം. ഹിപ്പോക്രിട്ടീസ്സിനും ശസ്ത്രക്രിയയിൽ പാണ്ഡിത്യവും പരിചയവും കുറവായിരുന്നു. 'സാഹസമായ ശസ്ത്രക്രിയകൾ ഒന്നും ചെയ്കയില്ല' എന്ന് തന്റെ ശിഷ്യരെക്കൊണ്ടു സത്യം ചെയ്യിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. അതുകൊണ്ട് അദ്ദേഹത്തിന്ന് ആ വിഷയത്തിൽ പരിചയം കുറവായിരുന്നു എന്നും എന്തെങ്കിലും അറിവ് ഉണ്ടായിരുന്നുവെങ്കിൽ അത് അന്യരാജ്യക്കാരോടു കടം വാങ്ങിയതാണെന്നും തീച്ചപ്പെടുത്താം. അറബികളും പാർസികളും ഈ വിഷയത്തിൽ അശ്രദ്ധന്മാരായിരുന്നു എന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ ഹിന്തുക്കളിൽനിന്നുതന്നെയാണ് ഹിപ്പോക്രിട്ടീസ്സിന് ഈ വിഷയത്തിലും അറിവു കിട്ടിയത് എന്നു നിസ്സംശയം പറയാം.

ഗ്രീക്കുകാർ അവരുടെ വൈദ്യശാസ്ത്രം അന്യരോടു കടം വാങ്ങിയതാണെന്നും ബി. സി. നാലാംനൂററാണ്ടിൽ അലക്സാണ്ടർ ഇന്ത്യയിൽ വന്നപ്പോഴുംതന്നെ വൈദ്യശാസ്ത്രത്തിൽ അവിടെ നിപുണന്മാരുണ്ടായിരുന്ന സ്ഥിതിക്ക് അതിന്ന് എത്രയോ മുമ്പുതന്നെ ഇന്ത്യക്കാർ (ഹിന്ദുക്കൾ) വൈദ്യം പഠിച്ചുതുടങ്ങീട്ടുണ്ടായിരിക്കണമെന്നും മേൽ വിവരിക്കപ്പെട്ട സംഗതികളിൽനിന്നു വിശദമാവുന്നതാണ്. ഇനി ഈജിപ്ത്, അറേബിയാ, പേർഷ്യാ, ചൈനാ ഈ രാജ്യക്കാൎക്ക വൈദ്യവിഷയത്തിൽ അറിവു കിട്ടിയതു ഹിന്ദുക്കളിൽനിന്നാണെന്നു തെളിയിച്ചാൽ ലോകത്തിൽ ഇപ്പോൾ കാണുന്ന വൈദ്യശാസ്ത്രങ്ങളുടെ ആദിതത്വങ്ങൾ മുഴുവനും ആൎയ്യഋഷിമാരിൽനിന്നും പുറപ്പെട്ടവയാണെന്നു തീൎച്ചപ്പെടുന്നതാണ്.

ശാസ്ത്രങ്ങളിലും കലാവിദ്യകളിലും മുമ്പ് അറിവു വൎദ്ധിച്ചുതുടങ്ങീട്ടുള്ളത് ഈജിപ്തിലും ചൈനയിലുമാണ്. എന്നാലും ചിഹോംക്റ്റിസ്കിബോണി (Chi Hongte Schiboany) എന്ന രാജാവിന്റെ കാലത്തിന്നുമുമ്പുള്ള ചരിത്രങ്ങൾ ഒന്നുംതന്നെ അറിയുന്നതിന്നു ചൈനയിൽ യാതൊരു റിക്കാൎട്ടും ഇല്ല. ക്രിസ്തുവിന്റെ ജനനത്തിന്ന് ഇരുനൂററിനാല്പതു കൊല്ലം മുമ്പാണ് ഇദ്ദേഹം രാജ്യം വാണിരുന്നത്. അന്നുമുതല്ക്കുള്ള ചൈനയിലെ പുരാതന റിക്കാൎട്ടുകളിൽനിന്ന് ഇന്ത്യയും ചൈനയും തമ്മിൽ വഴിയാത്രക്കാരും ദൂതന്മാരും മുഖാന്തരം സഹവാസം ഉണ്ടായിട്ടുണ്ടെന്നു തെളിയുന്നതാണ്. ബുദ്ധമതസന്യാസികൾ വൈദ്യഗ്രന്ഥങ്ങൾ ചൈനയിൽ കൊണ്ടുപോയി തൎജ്ജമചെയ്തു കൊടുത്തിട്ടുണ്ട്. ചംകി (Chunke) എന്ന മഹാൻ ചൈനയിൽ വൈദ്യശാസ്ത്രം നടപ്പാക്കിയതു് എ. ഡി. ൨൨൦-ൽ മാത്രമാണെന്നും കാണുന്നുണ്ട്.

യൂറോപ്യകാൎക്ക ചൈനാക്കാരെക്കാളിൽ അധികം പരിചയം ഈജിപ്തുകാരെ ആയിരുന്നു. ഈജിപ്തുകാർ അവരുടെ വിദ്യാസാരാംശങ്ങളെല്ലാം കിഴക്കൻരാജ്യങ്ങളിൽനിന്നാണ് സമ്പാദിച്ചത്. ഹിറോഡൊട്ടസ്സ് (Herodotus) ഡയോജനീസ്സ് (Diogenes) ലീയാർട്ടിയസ്സ് (Lcartius) പ്ലട്ടാർക്ക് (Plutarch) മുതലായ പു...

നതത്വജ്ഞാനികൾ ഗ്രീസ്സിൽ പഠിപ്പിച്ചവയെല്ലാം ഇവിടെനിന്നും പഠിച്ച തത്വങ്ങൾ മാത്രമാണ്. ഈജിപ്തുകാരുടെ മതസമ്പ്രദായങ്ങളെല്ലാം ഇന്ത്യയിൽനിന്നു കിട്ടീട്ടുള്ളതാണെന്ന്, അബിഡോസ് (Abydos) സെയിസ്സ് (Sais) ഈ ക്ഷേത്രങ്ങളിൽനിന്നു കണ്ടുകിട്ടീട്ടുള്ള റിക്കാർട്ടുകളെക്കൊണ്ടുതെളിയുന്നുണ്ട്. എത്യോപ്പിയാ (Ethiopia) മയിറോ, (Miroe) ഈ രാജ്യക്കാൎക്ക് ഇന്ത്യയിൽനിന്നും കിട്ടിയ അറിവ്. അവരോടു നേരിട്ട് ഈജിപ്തുകാർ വാങ്ങുകയാണ് ഉണ്ടായിട്ടുള്ളത്. ഹിരോഡോട്ടസ്സ് (Herodotus) പ്ലാട്ടോ (Plato) സോളൻ (Solon) പൈതാഗോറസ്സ് (Pythagorus) മുതലായ മഹാന്മാർ ഈ അഭിപ്രായത്തെ ബലമായിത്താങ്ങുന്നുണ്ട്. ഹിന്തുക്കളുടേയും പാശ്ചിമരാജ്യക്കാരുടേയും മതസമ്പ്രദായങ്ങൾ രണ്ടും ആദ്യം ഏകദേവാൎച്ചനത്തിൽനിന്നും ഉത്ഭവിച്ച് ഒടുവിൽ ബഹുദേവാൎച്ചനത്തിൽ പരിണമിച്ചിരിക്കുന്ന സംഗതിയും ഇതിലേക്ക് ഒരു തെളിവാണ്. ഹിന്തുവേദത്തെ പ്രസംഗിച്ചിരുന്നവർ എത്യോപ്പിയാ (Ethiopia) ഈജിപ്ത് ഈ രാജ്യങ്ങളിൽ അവരുടെ ശിഷ്യഗ്രന്ഥങ്ങൾ സഹിതം പോയിട്ടുണ്ടെന്നു ഹിന്തുപുരാണങ്ങളിൽ പറയുന്നുണ്ട്. പൈതഗോറസ്സ് (Pythagorus) സെർഡഷ്ട് (Zerdusht) ഈ രണ്ടു മഹാന്മാരും ബ്രാഹ്മണശിഷ്യന്മാരായിരുന്നുവെന്നും പറയുന്നു.

മതസംബന്ധമായും തത്വജ്ഞാനസംബന്ധമായും ഉള്ള വിഷയങ്ങളിൽ ഹിന്തുക്കൾ മററു ജാതിക്കാരെക്കാളധികം ഉന്നതാവസ്ഥയെ പ്രാപിച്ചവരാണെന്ന് എ. ഡി. ൯൪൭-ൽ ബാഗ്ദാഡ് (Bagdad) എന്ന സ്ഥലത്തുവെച്ചു ചരമഗതിയെ പ്രാപിച്ച തന്റെ ഗുരുതന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്തീട്ടുണ്ടെന്നു ഷീക്ക് അബു സോലിമാൻ (Sheik Abu Soliman) എന്ന ഐഹസ്ഥായികൻ പറയുന്നു.

(തുടരും)

കെ. എൻ. എം.

മഹിഷമർദ്ദനം

വഞ്ചിപ്പാട്ട്.

ജയിച്ചാലും ജഗന്നാഥേ! ജയിച്ചാലും ചിദാനന്ദേ!
ജയിച്ചാലും മഹാമായേ! ജയിക്ക തായേ!
നയശീലേ! സൃഷ്ടിസ്ഥിതിലയമെന്ന കൃത്യമെല്ലാം
നിയമിച്ചു നടത്തുന്ന നിഗമവിത്തേ! ൧
പരിചോടീ പ്രപഞ്ചത്തെ പരിപാലിച്ചരുളുന്ന
സുരഗണശക്തിഭൂതേ! ഭുവനതായേ!
നിരന്തരം സുരമുനിനിര തൊഴും തിരുവടി
കരുതുന്നേൻ കരൾക്കാമ്പിൽ കടാക്ഷിക്കേണം. ൨
തവബലം മഹിമാവെന്നിവ വാങ്മനോന്തരം
ശിവനുമാവിരിഞ്ചനുമസാദ്ധ്യം തന്നെ
ഭുവനപാലനത്തിനുമസുരനാശനത്തിനും
മവിടേക്കേണം ജഗന്നാഥേ! മനം നിദാനം. ൩
സുകൃതികൾക്കേറ്റം നന്മ കുലീനർക്കു പരം ലജ്ജാ
വികൃതികൾക്കമംഗളം മതി നിതാന്തം
സുകൃതധീകളിൽ ശ്രദ്ധാ പരമസത്തരിലേവം
ഭഗവതി വിളങ്ങുന്നു ഭരിക്ക വിശ്വം. ൪
തിരുമേനി പ്രഭാവവും പരാക്രമിതികലക്ഷയ
കരബലമതും രണവിശേഷതയും
അരുതരുതാർക്കോ വാങ്മനോരിക്കലും നിനച്ചുന്നാൽ
സുരാസുരന്മാർക്കും സമം ഭയം ജനിക്കും. ൫
പരം മൂലപ്രകൃതിയും പരബ്രഹ്മപ്രഭാവവും
നിരന്തരം നിഗമത്തിൻ പൊരുളാമമ്മേ!
സ്വരങ്ങളും ശബ്ദങ്ങളും തിരുവടി തന്നെയെന്ന
പരമാർത്ഥമറിഞ്ഞിതിപ്പോൾ നമിച്ചീടുന്നേൻ. ൬
സ്വാഹയായും ദേവകൾക്കുമാഹാരം നീ പിതൃക്കൾക്കു-
മഹർന്നിശം സ്വധയായും കൊടുത്തീടുന്നു

വിഹിതമാംതൃപ്തിലോകമഖിലത്തിനി! നീതാ-
നഹിതങ്ങളൊഴിക്കണമലിവുവേണം. ൯൫
ജിതേന്ദ്രിയന്മാരായ്ത്തുടമതിയെഴുംമുനിമാരും
ഹിതമായചിദാനന്ദമനുഭവിപ്പാൻ
മതിയാവോളത്തിട്ടുംമതിയതിനടയ്ക്കാവിധ്യേ!
പ്രതിദിനംനമിക്കേണംനിൻപാദസാരസം. ൯൬
ദുഃഖഭവസാഗരംകടക്കവാൻതോണിനീദുർഗ്ഗേ!
മുഖ്യരാസ്സമറിവോർതൻമതിയതുംനീ
ചക്രപാണിഹൃദയമാംമേഘങ്ങളിൽമിന്നുതന്നെ
മുക്കണ്ണൻറെപട്ടുവളംനീമൂലംശരണം. ൯൭
പുരുടമാടിടയുന്നനിറവുംമന്ദഹാസവും
തിരളുന്നപാർവ്വണേന്ദുതിരുവദനം
പരാകണ്ടുമഹിഷനുംതെരുതെരെനമിക്കാതെ
പൊരുതുവാനാരച്ചല്ലോവിചിത്രംതന്നെ. ൯൮
ഇടിമിന്നൽപ്രായമാർന്നകടികട്ടുകരാളമാ-
യിട്ടുംതിരുമുഖംകണ്ടുമഹിഷദൈത്യൻ
ഉടൻമരിച്ചില്ലകോപിച്ചിട്ടായതാനതിനെക്കണ്ടാൽ
പിടഞ്ഞുചത്തിടാഞ്ഞതാരടിതൊഴുന്നേൻ. ൯൯
തിരുവടിതന്നിടരേകാപംസുരന്മാർക്കസുരർക്ക-
മൊരുപോലെഹിതമായിപ്പരിണമിച്ചു
അരിവധംകൊണ്ടുതങ്ങൾക്കരംസുഖാദികിട്ടും
പരിശുദ്ധരായിദേവിവധിക്കയാലെ. ൧൦൦
മിത്രശത്രുക്കളിലൊപ്പമത്രമാത്രമലിവൊക്കം
ചിത്തിനുള്ളോരകക്കാമ്പ! യകമലരിൽ
ഭൃത്യരായസുരന്മാരെപത്തുപത്തുമാത്തിടേണ-
മന്തൽവന്നാലൊഴിക്കേണംകരുണവേണം. ൧൦൧
അടിമലരല്ലാതില്ലീയടിയങ്ങൾക്കവലംബം
മുടിതൊട്ടീതിരുവുടലടിവരെയും
മടിവിട്ടുനിനച്ചീടാംപാടിച്ചീടാംതിരുനാമം
മുടിക്കണംവിപത്തെല്ലാംവിശ്വേശിചണ്ഡികേ! ൧൦൨


പരമേവം സ്തുതിച്ചെല്ലാസ്സുരന്മാരുമൊരുപോലെ
തെരുതെരെ നമിക്കുമ്പോൾ തെളിഞ്ഞു ദേവി
കരുണയോടൊന്നാഴിയും പുഞ്ചിരി പൊഴിച്ചരുൾ ചെയ്തു
വരം തരാം കിടാങ്ങളേ! വരികരികിൽ. ൧൦൩
പരിതാപം വേണ്ട മേലാലൊരുനാളും ഭയം വേണ്ട
ഹരിച്ചീടാം വിപത്തെല്ലാമരിച്ചാഴിക്കാം
സുരവരന്മാരെ നിങ്ങൾ കരിഭയം തീർന്നു ചെന്നാ-
സ്സുരവരമലങ്കരിച്ചുരം സുഖിപ്പിൻ. ൧൦൪
ഇപ്രകാരം വരം വാങ്ങിക്കഴിപ്പെല്ലാസ്സുരന്മാരു-
മപ്രദേശമതിൽനിന്നു നടന്നുമെല്ലെ
ചെല്ലിയന്നു സുരലോകത്തൊപ്പമെത്തി ഗൃഹം തോറു-
മുൾഭ്രമം വിട്ടുമന്നിതു പരമസൌഖ്യം. ൧൦൫
കരുണയോടവിടുന്നീധരണിയിൽ വന്നുനമു-
തിരുളും ‘പിഷാരിയസ്സു’ ലണഞ്ഞു ദേവി
നരലോകങ്ങളിൽ പെട്ടും പരിതാപമൊഴിപ്പാനാ-
സ്സുരർ തെളിഞ്ഞിന്നും തത്ര വിളങ്ങീടുന്നു. ൧൦൬
അറിവുമിക്കവനത്തിൽ ചിരുതുമില്ല കഥയിൽ
ദുരയുണ്ടു കവിയാവാനതുന്നിമിത്തം
കാരണത്താലന്നു തവ ദിവ്യചരിതങ്ങളെഴുതിനേൻ
പരിഹാസമാക്കീടൊല്ല ഭുവനതായേ! ൧൦൭
ചിത്തരംഗം കലിധർമ്മം വിറെറടുപ്പാൻ വിധിയുണ്ടെ-
ന്നോർത്തിടുന്നു മായയെന്നോരാമിനമായി
ജപ്തിചെയ്തു ലേലം വിററീ വസ്തു സന്താകലിക്കാർ ത-
ന്നാണ്ടൽ തീർക്ക ജഗത്തിന്റെ ജനനിയമ്മേ! ൧൦൮

സമാപ്തം.

നടുവത്തു മഹൻ നമ്പൂരി.

കൊച്ചിയിലെ ഈഴവന്മാർ.

II



വിവാഹനിബന്ധനകൾ:— ൧. ആഭിജാത്യം— എല്ലാ ഉയർന്ന ജാതികളിലും ഉള്ളതുപോലെ പരസ്പരവിവാഹകാൎയ്യത്തിൽ ഇരുകക്ഷികളും ആഭിജാത്യത്തെപ്പററി പ്രത്യേകം ആലോചിക്കുന്നതാകുന്നു. സ്വത്തും സ്ഥാനവും ഉള്ള ഒരാൾ അയാളുടെ പുത്രിയെ അതേനിലയിലുള്ള തറവാട്ടിലെ യുവാവിനു മാത്രമേ വിവാഹം കഴിച്ചുകൊടുക്കുകയുള്ളു. 'ധനം ധനത്തോടു ചേരുന്നു' എന്നതു വിവാഹകാൎയ്യത്തിൽ പ്രത്യേകം യോജിക്കുന്നതാകുന്നു.

൨. ദേശം— പണ്ടത്തെ കാലങ്ങളിൽ പരസ്പരവിവാഹങ്ങൾ മുഖ്യമായിട്ട് ഒരേ ദേശത്തുള്ളവരുടെ ഇടയിൽ തന്നെ പാടുള്ളു എന്നായിരുന്നു. ഈ നിയമത്തെ ലംഘിക്കുന്നവർ അവരുടെ സമുദായത്തിൽനിന്നു ഭ്രഷ്ടു കല്പിക്കപ്പെടുകയും ചെയ്തിരുന്നു. അങ്ങിനെയുള്ള നിൎബ്ബന്ധങ്ങൾ ഇപ്പോൾ അത്ര നടപ്പില്ല. പാലക്കാട്ടും വള്ളുവനാട്ടും ഒഴികെ മററുള്ള ദേശക്കാർ തമ്മിൽ ഇപ്പോൾ വിവാഹങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആ ദിക്കുകളിലുള്ളവർ ആഭിജാത്യംകൊണ്ടു താണവരായിട്ടാണ് ഗണിക്കപ്പെട്ടിട്ടുള്ളത്. വടക്കെ മലയാളത്തിൽ നായന്മാൎക്കും തീയന്മാൎക്കും സാമാന്യമായിട്ട് ഒരു വിവാഹമൎയ്യാദയുണ്ട്. അതായതു കോരപ്പുഴ ഇക്കരെ കടക്കുന്ന ഒരു സ്ത്രീ ജാതിഭ്രഷ്ടയായിട്ടു വിചാരിക്കപ്പെടുന്നു എന്നതാകുന്നു. ജാത്യാചാരതല്പരന്മാരുടെ വിശ്വാസം വടക്കെ മലയാളത്തിൽ ഉള്ള ഒരു സ്ത്രീക്കു തെക്കെ മലയാളത്തിൽ വിവാഹം ചെയ്വാൻ അൎഹതയില്ലെന്നാണത്രെ. എന്നാൽ വടക്കെ മലയാളത്തിലെ പുരുഷന്മാൎക്ക് ഈ നിയമം ബാധിക്കുന്നതുമല്ലാ. തെക്കെ മലയാളത്തിൽ

ഇതിന്നു പകരം വടക്കെ മലയാളത്തിലുള്ള ഒരു സ്ത്രീയോടോ പുരുഷനോടോ ഉള്ള വിവാഹബന്ധം ശ്ലാഘ്യമായിട്ടാണ് ഗണിക്കപ്പെടുന്നത്. അടുത്ത കാലങ്ങളിൽ ഈ നിയമത്തെ അതിക്രമിപ്പാൻ ഒരു വാസന തുടങ്ങീട്ടുണ്ട്. എങ്കിലും വിദ്യാഭിവൃദ്ധിയുടെ ശക്തിക്കടുത്ത ഒരു മാറ്റം വന്നിട്ടും ഇല്ല. തിയ്യന്മാരുടെയിടയിൽ ഒരു ജാതി മാത്രമെയുള്ളൂ. വടക്കെ മലയാളത്തിൽ ഉള്ളവർ മരുമക്കത്തായ മര്യാദക്കാരും തെക്കെ മലയാളത്തിലെ ഈഴവന്മാർ മക്കത്തായമര്യാദക്കാരും ആകുന്നു. വടക്കെ മലയാളത്തിലെ ഒരു തിയ്യത്തിക്ക തെക്കെ മലയാളത്തിലെ ജാതിഭ്രഷ്ടില്ലാത്ത ഒരു ഈഴവനോടു യോജിച്ചുകൂടാ.

൩. മതവിശ്വാസം, നടവടി, തൊഴിൽ— ഇതൊന്നും പറയത്തക്കവണ്ണം പരസ്പരവിവാഹവിചാരത്തെ ബാധിക്കുന്നതല്ല.

'യൂറോപ്യന്മാരോടുകൂടി സഹവസിക്കുന്നതായാൽ സ്ത്രീകൾക്കു സാധാരണയായ ഭ്രഷ്ടില്ലെന്നാണ് അറിയുന്നത്. ഇതിന്റെ ഫലമായി യൂറോപ്യന്മാരുടെ രക്തത്തോടുകൂടി കലച്ചു ധാരാളം വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ജാതിക്കാർക്ക സമുദായപദവിയിൽ പറയത്തക്ക ഉയർച്ചയും ഉണ്ടായിട്ടുണ്ട്. കാഴ്ചയിൽ 'ഇവർ യൂറോപ്യന്മാരെപ്പോലെ തന്നെ സൌന്ദര്യമുള്ളവരാകുന്നു'. യൂറോപ്യന്മാർക്ക് ഏറ്റവും പ്രത്യേകമായിട്ടുള്ളവർ കടത്തനാട്, ഇരുവഴിനാട്, കോട്ടയം ഈ ദിക്കുകളിലുള്ളവരാകുന്നു എന്നു സാമാന്യേന പറയാം. ഇവർ അധികപക്ഷവും തിയ്യന്മാരാകുന്നു'.

ഇങ്ങിനെയുള്ള മാതാപിതാക്കന്മാരുടെ സന്താനി ദേഹംകൊണ്ടും ബുദ്ധികൊണ്ടും വാസ്തവത്തിൽ മേലെക്കിടെ തന്നെയാകുന്നു. ഇതിനെപ്പററി അന്വേഷണം നടത്തിയതിൽ മതാചാരതല്പരന്മാരും മാന്യന്മാരും ആയ ചിലരുടെ ഇടയിൽ ഈ നടവടി നിന്ദ്യമായിട്ടാണ് വിചാരിച്ചു വരുന്നത് എന്നു പഠിപ്പും മാന്യതയും ഉള്ള ഒരു തിയ്യനിൽനിന്നു തന്നെ ഞാൻ അറിയുന്നു. അതിന്നും പുറമെ യൂറോപ്യന്മാരായിട്ടു സഹവസിച്ചിട്ടുള്ള തിയ്യരും അവരുടെ കുട്ടികളും ജാതിയിൽനിന്നു തിരിച്ചു നിറുത്തപ്പെട്ടവരാണെന്നും യൂറോപ്യൻസ്ത്രീകളെ കല്യാണം കഴിച്ചിട്ടുള്ള മാന്യന്മാരായ തിയ്യന്മാർ ജാ

ത്യാവകാശങ്ങളെ അനുഭവിപ്പാൻ അനുവദിക്കപ്പെടുന്നില്ലെന്നും എന്റെ അറിവിൽ പെട്ടിട്ടുണ്ട്. ഈ ജാതി ഉദാഹരണങ്ങൾ കോഴിക്കോട്ടും, തലശ്ശേരിയിലും, കണ്ണൂരിലും സുലഭമാകുന്നു. ഒരേ പ്പെട്ടിട്ടുള്ള താവാട്ടിലെ സ്ത്രീകൾ ഭൎത്താക്കന്മാരുടെകൂടെ ചേരുന്നതല്ല. ചാൎച്ചയിലുള്ള വിവാഹത്തിന്റെ നിയമം— അമ്മാമന്റെ മകളും മരുമകനും തമ്മിൽ അവകാശവഴിക്കുള്ള വിവാഹബന്ധമാണ് മലയാളത്തിൽ സാമാന്യേന എല്ലാ ജാതിക്കാരുടെ ഇടയിലും ഉത്തമമായിട്ട ഗണിച്ചുവരുന്നത്. *

ചില സംഗതികളിൽ മരിച്ചുപോയ ജ്യേഷ്ഠന്റെ ഭാൎയ്യയെ വിവാഹം ചെയ്യാം. വടക്കെ മലയാളത്തിൽ ഈ നടപ്പ് ഇപ്പോൾ ഇല്ലാതായിത്തുടങ്ങി. ഇല്ലം, കിരിയം ഈ വൎഗ്ഗക്കാരെ സംബന്ധിച്ചേടത്തോളം മറുവൎഗ്ഗത്തിൽനിന്നേ വിവാഹം പതിവുള്ളു. കീഴ്ജാതിക്കാരുടെ ഇടയിൽ സ്വവൎഗ്ഗത്തിൽനിന്നു തന്നെയാണ് നടപ്പ്.

ഋതുകാലവും അതു സംബന്ധിച്ചുള്ള ക്രിയകളും:— കുട്ടി തിരണ്ട ഉടനെ കുറെ സ്ത്രീജനങ്ങളെ വിളിച്ചുവരുത്തി അവർ ഈ കുട്ടിയെ വാല്യക്കാരിയോടുകൂടി കുളിപ്പിച്ചു മാററുവസ്ത്രം പകൎന്ന് ഒരു മുറിക്കകത്ത് ആരും തൊടാത്ത വിധത്തിൽ ഇരുത്തണം. നാലാം ദിവസം സ്ത്രീകളിൽ ബന്ധുജനങ്ങളെയും സുജനങ്ങളെയും ക്ഷണിച്ചുവരുത്തി മേൽപ്രകാരം 'കുരവധ്വനി'യോടുകൂടെ കുളിപ്പിച്ചു വേലത്തിയുടെ മാററുവസ്ത്രം പകൎന്നു പിന്നെയും ആ സ്ഥലത്തുതന്നെ ഇരുത്തണം. അതിന്റെ ശേഷം അവിടെ കൂടീട്ടുള്ള വൎക്ക് വെററില മുതലായതു കൊടുത്തു പിരിച്ചയയ്ക്കണം. ഏഴാംദിവസവും മേൽപറഞ്ഞ പ്രകാരം കുട്ടിയുടെ കുളി മുതലായതു കഴിപ്പിച്ച് അന്നു കൂടുന്ന സ്ത്രീജനങ്ങൾക്കു പലഹാരം മുതലായതു ഭക്ഷണം കൊടുക്കണം. പതിനാറാംദിവസത്തിന്റെ തലേദിവസം പന്തലിട്ട് അലങ്കരിച്ചു രാത്രിയിൽ വണ്ണാത്തി പാട്ടും ഈഴവത്തികളു

* 'Logan's manual of Malabar Page 143.

ടെ താഴെ കാണിക്കുന്ന പാട്ടോടുകൂടിയ അമ്മാനാട്ടവുംകൊണ്ടു രാത്രി മുഴുവനും കഴിച്ചുകൂട്ടണം. കാലത്തു കുളിച്ചുവന്നു ചില ക്രിയകൾ കഴിഞ്ഞതിന്നു ശേഷം മേൽപറഞ്ഞ പ്രകാരം സ്ത്രീജനങ്ങൾ വന്ന് എല്ലാവരും കാൺകെ ആ കുട്ടിയെക്കൊണ്ട് അടുക്കളവെള്ളപാത്രങ്ങൾ, ഉരൽ, ഉലക്ക, അമ്മിക്കല്ല്, മുറം മുതലായതു തൊടീക്കുക ഇതുകൾ കഴിപ്പിക്കുകയും വേണം. അന്നുതന്നെ ഒരു സദ്യയും കഴിക്കണം. അശേഷം നിവൃത്തിയില്ലാത്തവരാണെങ്കിൽ വെററില മാത്രം കൊടുത്തു പിരിക്കുകയും പതിവുണ്ട്. കുട്ടിയുടെ ദേഹം അടിച്ചു മിഴുക്കുകയും കുളിക്കുന്ന വെള്ളത്തിൽ ശുദ്ധിക്കായി ഗോമയം ചേർക്കുകയും വേണം.

അമ്മാനാട്ടുപ്പാട്ട്.

ഗണനാംകവിമാതൃഗുരുവുംതുണക്കെങ്കൽ
പൃഥ്വീയയാതകവിപുകഴ്ത്തുവാൻ
ഒത്തുകേൾക്കസജ്ജനരിക്കധ്വപത്തുനല്ലകീർത്തിപുകഴ്ത്തുക
കീർത്തിമത്തായമന്നതുപോലൊരുത്തപ്പിധരിമേ.
ധാത്രിനായകന്മാരാംനളനുംശ്രീരാമനും
കീർത്തിഹീനങ്ങൾവന്നതോർത്തുകേൾപ്പിൻ
ഭൂമിദേവിപുത്രിയെവേട്ടിതുകൗശികന്റെശിഷ്യൻരാഘവൻ
ഭീമരാജപുത്രിയെവേട്ടിതുനൈഷധരാജൻ
രാമലക്ഷ്മണന്മാരുംജാനകിയോടുംകൂടി
പോകുന്നനേരംഗോദാവരാമണത്തി
പോയിതവർജാനകിവാക്യാൽപൊന്മയമാംമാൻവധംചെ
പാതെപക്ഷികളെനൈഷധവസ്ത്രംകൊണ്ടതിനെടുത്തു   [യ്തു.
മാരീചൻപൊന്മാനെന്നുരാമനുംബോധിച്ചില്ലാ
പക്ഷിമായങ്ങൾകലിയെന്നതുമേ
നൈഷധനുംബോധിക്കാതെകൈതവങ്ങൾവന്നിതവർക്കു
കയ്യിൽനിന്നുപതികൾപോവതിനാടണഞ്ഞാനം.

ഏകവസ്ത്രവുംധരിച്ചുണ്ണലോചനയുമായി

കാനനം തന്നിൽ വഴിയമ്പലത്തിൽ
രാഘവൻറ ബാണമിതേറ്റമാൻ കരഞ്ഞു ലക്ഷ്മണായെന്നു
രാക്ഷസ ശബ്ദം കൊള്ളുന്നേരമിതു ജാനകി കേട്ടു
അക്കഥ സ്മരിച്ചപ്പോൾ നിദ്രയായി ദമയന്തി
അപ്പോഴെന്നളൻ ദേവർ വിട്ടോടുവാനായി
ലക്ഷ്മണൻ പിരിഞ്ഞാശ്രമേ ശേഷം വിപ്രവേഷ ദശവദനനാൽ
ക്ഷിപ്രമങ്ങു സീതയെ മോഷ്ടിതമെന്നതുപോ
നല്ലതിൽ മാതാം ദമയന്തിയ്ക്കുമാറിക്കയാൽ
മാതൃസഹോദരീഗൃഹമാചന്നു പുക്കാൾ
മാനിനിയുടെ ദുഃഖമെല്ലാം മാനവർക്കു നാടകമായി
മാതൃദേവി കൊണ്ടുഗമിച്ചിതു ഭോഷ്യമൊഴിഞ്ഞു.
താപസൻ ശിഷ്യർ കടന്നിതേണിയെന്നു രാഘവൻ തന്നെ
താൻ നടക്കയെന്നതും ചെയ്തിതു സോദരനോടെ
പഠിച്ച വിദ്യയെല്ലാം നടിച്ചു നൈഷധനും
കൊടുത്തു രാജ്യമശേഷം പത്നിയുമായി
ഏകവനത്തിൽ പുക്കപെറ്റു ശാലതന്നിൽ വസിച്ചു.
സപത്നിരൂപമായാതമാൻ വിടവന്നു കളിച്ചു
പോയിതു നൈഷധനും പത്നിയുമായതു കണ്ടു പ്രാപിച്ചു
ആശ്ചര്യപ്പെട്ടു കലിയേ ചോദിച്ചതും ചൊല്ലൂ.
ഭാർഗ്ഗവരാമന്റെ വില്ലു കലഹിച്ചു ശിവരാമൻ
തീർത്തു ഭാർഗ്ഗവൻ തന്നെ വാഴ്ത്തുമേ
അന്നു കലിപിടിച്ചു ചെന്നു മന്നവൻ വിടവസിച്ചു
ഏറ്റു മിഥുനാട്ടരിപ്പതിനില്ലാത്ത വഴിയെ
താതന്റെ നിയോഗത്താൽ വാസദീക്ഷയ്ക്കു പോയി
കാലിന്മേൽ പുക്കു കലി നൈഷധനും
താപന്റെ യാഗങ്ങളും പുണ്യതീർത്ഥങ്ങളും ഗോദികളും
നഗരതാഴിയഗ്നിയിൽ ഋതു ത്യജിച്ചിട്ടുണ്ടു.
ഇതുപോൽ ഭവിക്കുന്നു ഇന്ദ്രിയാവിവേകികൾ.
കലിപ്പോഴും ഈ പുരാണത്തിൽ കാണുക.
സജ്ജനങ്ങൾ ബുദ്ധിയുള്ളവർക്കതികൾ ഉണ്ടാവില്ലതായി തോന്നി
ഇക്കാലം ഗ്രന്ഥനാഥന്മാർ ഇക്കാവ്യത്തിൽ തെളിവാനായി [ടതതെ.

ചൈവക്കുന്നൻപലകനിമൈവെച്ചവന്നാൽ
വാരിയുണ്ടുവാരിധിവയറൻവാണിദേവിതന്നോടുകൂടെ
വാഴ്ക്കുയെൻറാജിംഫായിലമ്പൊടാടമ്മാനം.

—*—


വടക്കെ മലയാളത്തിൽ മേൽവിവരിച്ച എല്ലാ ക്രിയകളും നടത്താറില്ല. പെൺകുട്ടി ഋതുകാലത്ത് ഒരു പ്രത്യേക മുറിയിൽ താമസിച്ചു നാലാം ദിവസം മാററുടുത്തു കുളിക്കും. അന്നു തന്നെ ക്ഷണിച്ചു വരുത്തീട്ടുള്ളവൎക്ക വിശേഷമായ സല്ക്കാരവും ചെയ്യും. സ്ത്രീകളും സാധാരണ ഋതുവായാൽ മൂന്നു ദിവസം വൎജ്ജിച്ചു നാലാം ദിവസം കാലത്തു കുളിയായി. പാലക്കാട്ടും ചിററൂർ താലൂക്കിലും ഋതുകാലത്തെ ആചാരങ്ങളും ക്രിയകളും ഇതിലും ചുരുക്കമാണെങ്കിലും കുട്ടിയെ കെട്ടിയവന്റെ അച്ഛനമ്മമാർ രണ്ടു പണം അടിയന്തരച്ചിലവിലേക്കായി കൊടുക്കണമെന്നൊരു വിശേഷമുണ്ട്.

ഋതുവാകുന്നതിനു മുമ്പു കല്യാണം കഴിഞ്ഞു ഭൎത്താവിന്റെ കൂടെ താമസിക്കുന്ന കാലത്തു കുട്ടി തിരണ്ടാൽ ആയതിലേക്ക വേണ്ട ചിലവു മുഴുവനും പുരുഷന്റെ അച്ഛനമ്മമാരാണ് വഹിക്കേണ്ടത്. കുട്ടിയുടെ മാതാപിതാക്കന്മാൎക്ക് അടിയന്തരത്തിനു വന്നു രണ്ടു പണം മാത്രം കൊടുത്താൽ മതി.

മോണാക്കൊ.

(ഒരു ചൂതുകളിരാജ്യം)

—*—



യൂറോപ്പിൽ ഇററലി രാജ്യത്തോടു ചേൎന്ന മദ്ധ്യധരണിക്കടലിന്റെ വടക്കെ തീരപ്രദേശത്തു കിടക്കുന്നതായി 'മോണാക്കൊ' എന്ന പേരായ ഒരു ചെറിയ രാജ്യമുണ്ട്. രാജ്യത്തിന്റെ ആകപ്പാ

ക്കുടയുള്ള വിസ്താരം എട്ടു ചതുരശ്രനാഴികയും (നാലു മൈൽ നീളം രണ്ടു മൈൽ വീതി) ൧൯൦൧-ലെ കഴിഞ്ഞ കാനേഷുമാരിക്കണക്കു പ്രകാരമുള്ള ജനസംഖ്യ പതിനയ്യായിരത്തി ഒരുനൂററി എണ്പതും (൧൫,൧൮൦) മാത്രമാകുന്നു. എങ്കിലും, മോണാക്കൊ യൂറോപ്പിലെ സ്വതന്ത്രരാജ്യങ്ങളിൽ ഒന്നാണ്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഉള്ളതുപോലെ വേണ്ട വിധത്തിൽ നീതിന്യായം നടത്തുവാനാവശ്യമായ സിവിൽ ക്രിമിനാൽ പൊല്ലീസ്സ മുതലായ ഉദ്യോഗസ്ഥന്മാരും, എന്നു വേണ്ട, ഇക്കാലത്ത് ഒരു പരിഷ്കൃതരാജ്യത്തിലെ പ്രജകളുടെ ക്ഷേമത്തിന്നു അത്യാവശ്യമെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള സകല ഏർപ്പാടുകളും, അതിന്നെല്ലാം പുറമെ, ഒരു സ്വതന്ത്രരാജാവിന്റെ പദവിക്ക് ഒഴിക്കുവാൻ പാടില്ലാത്ത ഒരു സൈന്യവും ആ രാജ്യത്തുണ്ട്. സൈന്യത്തിൽ എഴുപത്തിരണ്ടു ഭടന്മാരും ഒരു സേനാധിപനും മാത്രമാണുള്ളത്. അവസ്ഥയും തക്കവണ്ണം തന്നെ. രാജ്യം വളരെ ചെറിയതായതുകൊണ്ടു സിവിൽ ക്രിമിനാൽ മുതലായ കാര്യങ്ങളിലെ പരമമായ അപ്പീലുകളെല്ലാം രാജാവുതന്നെയാണ് കേട്ടു തീർപ്പപ്പെടുത്തുന്നത്. മോണാക്കൊ രാജാവു യൂറോപ്പിലെ മഹാകോയ്മകളുടെ ഇടയിൽ തന്റെ സ്വാതന്ത്ര്യം നിലനിൎത്തിപ്പോരുന്നതു തന്റെ എഴുപത്തിരണ്ടു ഭടന്മാരുള്ള വലിയ സൈന്യത്തെക്കൊണ്ടാണെന്ന് ആരും ശങ്കിക്കയില്ലെന്നു വിശ്വസിക്കുന്നു. പിന്നെ എങ്ങിനെയാണ്? യൂറോപ്പിലെ മഹാകോയ്മകളെല്ലാം കൂടി യോജിച്ചല്ലാതെ ഒരോരുത്തൎക്ക സ്വേച്ഛയായി യാതൊന്നും പ്രവൃത്തിപ്പാൻ പാടില്ലാത്തവിധത്തിൽ അവരെല്ലാവരും കൂടി ചെയ്തുവെച്ചിട്ടുള്ള ഉടമ്പടികൾ നിമിത്തം നിശ്ചിന്തന്മാരായി സ്വാതന്ത്ര്യം നിലനിൎത്തിപ്പോരുന്ന ഗ്രീസ്സ്, ഡെന്മാൎക്ക്, സ്വിററ്സൎലാണ്ട്, സൎവിയാ, മാണ്ടിനീഗ്രോ മുതലായ ഏതാനും രാജ്യങ്ങളുടെ കൂട്ടത്തിൽ പെട്ടതാണ് മോണാക്കൊ. ആ വക രാജ്യങ്ങളുടെ കൂട്ടത്തിൽ വിസ്താരവും ജനസംഖ്യയും കൊണ്ട് ആ രാജ്യം ഒടുവിൽ നില്ക്കുന്നതാണെന്നു മാത്രമേ ഉള്ളൂ. മോണാക്കൊ രാജ്യത്തിന്നു ലോകത്തിലെ മറെറാരു രാജ്യത്തിന്നും ഇല്ലാത്തതായ ഒരു പ്രത്യേകാവസ്ഥയുണ്ട്. അതെന്തെന്നാൽ ആ രാജ്യത്തെ വസ്തുക്കൾക്കൊക്കട്ടെ,

മററു സ്വത്തുക്കാൎക്കാകട്ടെ, പ്രജകൾക്കാകട്ടെ ഗവൎമ്മെണ്ടിൽനിന്ന് ഒരു പൈപോലും നികുതി ചുമത്തീട്ടില്ല. ചുരുക്കിപ്പറയുന്നതായാൽ ആ രാജ്യത്തെ ഗവൎമ്മെണ്ടിൽ റവന്യൂ ഡിപ്പാൎട്ടുമെൻറ് എന്നു പറയാവുന്ന ഒരു ഏൎപ്പാടു തന്നെ ഇല്ല. മുമ്പു പ്രസ്താവിച്ചതുപോലെ രാജ്യത്തിൻെറയും പ്രജകളുടെയും പുഷ്ടിക്കും ക്ഷേമത്തിന്നും ആവശ്യമുള്ളതും രാജാവിൻെറ സുഖത്തിന്നും പദവിക്കും വേണ്ടതും ആയ യാതൊരു ഏൎപ്പാടിന്നും അവിടെ ഒരു കുറവും ഇല്ലതാനും. ഇതെങ്ങിനെ? അതിന്നുള്ള വക എവിടെ നിന്നുണ്ടാകുന്നു? ചൂതുകളിയിൽനിന്ന്. മോണാക്കൊ എന്ന രാജ്യത്തെപ്പററി അറിഞ്ഞിട്ടില്ലാത്തവർ വല്ലവരും ഉണ്ടെങ്കിൽ അവരിൽ ചിലരെങ്കിലും 'മാണ്ടികാർലൊ' എന്നു ലോകപ്രസിദ്ധമായ ചൂതുകളിസ്ഥലത്തെപ്പററി അറിഞ്ഞിട്ടുണ്ടാകാതിരിക്കയില്ല. 'മാണ്ടികാർലൊ' എന്നതു മോണാക്കൊ രാജ്യത്തിൻെറ സമുദ്രത്തിലേക്കു തള്ളിനില്ക്കുന്ന ഒരു പാറപ്രദേശമാണ്. ആ പാറപ്രദേശത്തിൻെറ ശിഖരത്തിൽ അതി മനോഹരമായി പണിചെയ്തിട്ടുള്ള 'കസീനൊ' എന്നു പേരായ ഒരു മണ്ഡപത്തിൽ വെച്ചാണ് ഈ ചൂതുകളി നടത്തുന്നത്. അതിൽനിന്നു കിട്ടുന്ന ആദായമാണ് മോണാക്കൊരാജ്യത്തിലെ മുതലെടുപ്പ്. ഈ ചൂതുകളിയുടെ ഉത്ഭവത്തെപ്പററി അല്പം പ്രസ്താവിക്കാം. ൧൮൫൦-ാണ്ടു മുമ്പു മോണാക്കൊരാജ്യത്തു രണ്ടായിരം ജനങ്ങളിൽ അധികം ഉണ്ടായിരുന്നില്ല. ആ കാലത്ത് അവിടത്തെ ഏതാനും പ്രഭുക്കന്മാരുടെ അധികാരംകൂടി ആ രാജ്യത്തുണ്ടായിരുന്നു. ആ പ്രഭുക്കന്മാർ- സാധാരണയായി ലോകത്തിൽ മററു പ്രദേശങ്ങളിലുള്ള പ്രഭുക്കന്മാരെപ്പോലെതന്നെ- ശരിയായ തൊഴിലില്ലാത്തവരായിരുന്നതിനാൽ ചൂതുകളിയിൽപ്പെട്ടു ക്രമേണ സ്വത്തുക്കൾ നശിച്ചു കടം വൎദ്ധിച്ചുവരായിത്തീൎന്നു. അങ്ങിനെ അവർ കഷ്ടത്തിൽ പെട്ടുകിടക്കുമ്പോൾ 'പ്രാങ്കോയിബ്ലാങ്കു' എന്നു പേരായ ഒരു ജൎമ്മനിക്കാരൻ അവരുടെ ഇടയിൽ ചെന്നുചേരായി. രാജ്യത്തിൻെറ ആകപ്പാടെയുള്ള കിടപ്പും, സമുദ്രത്തിലേക്കുതള്ളി സമുദ്രനിരപ്പിൽനിന്നു മേല്പോട്ടു കുത്തനെ ഉയൎന്നു നില്ക്കുന്ന 'മാണ്ടികാർലൊ' എന്ന പാറപ്രദേശവും, സമ

മറ്റും മൂന്നു പുറവും അനവധി വൃക്ഷങ്ങളാൽ നിബിഡമായി അത്യുന്നതങ്ങളായി നില്ക്കുന്ന 'ആൽപ്സ്' പർവ്വതത്തിന്റെ ഭാഗങ്ങളും മറ്റേപുറം സമുദ്രവും കൂടിച്ചേർന്ന മനോഹരമായ ആ കാഴ്ചയും, എല്ലാകാലത്തും സുഖകരമായ ദേശാവസ്ഥയും എല്ലാംകൂടി കണ്ടപ്പോൾ ബ്ലാങ്കിന്ന് ഒരു വിദ്യ തോന്നി, മാണ്ടിക്കാർലോവിൽവെച്ചു ചൊക്കകളി നടത്തി അതിൽനിന്നു കിട്ടുന്ന ആദായം പിരിച്ചെടുപ്പാൻ ഗവർമ്മെണ്ടിൽനിന്നു തനിക്ക കുത്തക ചെയ്തു കൊടുക്കുന്ന പക്ഷം അവിടത്തെ പ്രഭുക്കന്മാരുടെ കടങ്ങളെല്ലാം താൻ തീർക്കാമെന്നും ചൊക്ക കളിയിൽ നിന്നു കിട്ടുന്ന ആദായത്തിൽ പകുതി ഗവർമ്മെണ്ടിലേക്ക കൊടുക്കാമെന്നും ബ്ലാങ്ക് ആലോചന നടത്തി. പ്രഭുക്കന്മാരും രാജാവും സമ്മതിച്ചു, മാണ്ടിക്കാർലോവിൽവെച്ചു ചൊക്കകളി നടത്തി ആദായം പിരിപ്പാൻ ഗവർമ്മെണ്ടിൽനിന്നു ബ്ലാങ്കിന്നു അനുവാദം കൊടുക്കുകയും മുൻപറഞ്ഞ നിശ്ചയങ്ങൾപ്രകാരം ൧൮൬൩-ൽ ൫൦ കൊല്ലത്തേക്കു കുത്തകയായി ബ്ലാങ്കിന്നു മാണ്ടിക്കാർലോ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. ബ്ലാങ്ക് ഒന്നാന്തരം നോട്ടക്കാരനായിരുന്നു. ആരും വകവെയ്ക്കാതെ തരിശായി കാടുകെട്ടിക്കിടന്നിരുന്ന ആ അതിമനോഹരമായ കാഴ്ചയുള്ള പാറപ്പുറത്തു 'കസീനൊ' എന്നു പേർ പറയുന്ന അതിവിശാലമായ നൃത്തമണ്ഡപം പണിചെയ്യിച്ചു. ഒരു കൂട്ടുകച്ചവടക്കമ്പനി ഏർപ്പെടുത്തി. ആ പ്രദേശം മുഴുവനും നല്ല തോട്ടങ്ങൾ വെച്ചുപിടിപ്പിച്ചു. എത്രാനും ഹൊട്ടലുകളും സത്രങ്ങളും പണിയിച്ചു. സ്ഥലത്തിന്റെ മനോഹരമായ അവസ്ഥകളും യൂറോപ്പിലെ എല്ലാ രാജ്യങ്ങളിൽനിന്നും അമേരിക്കയിൽനിന്നും മററും പ്രഭുക്കന്മാരും ധനവാന്മാരും എല്ലാകാലത്തും സുഖത്തിന്നായി അവിടെ താമസിപ്പാൻ വരുമെന്നുള്ള കരുതലിന്മേലാണ് ബ്ലാങ്ക് ഈ വക ഏർപ്പാടുകളെല്ലാം ചെയ്തത്. ബ്ലാങ്കിന്റെ ആലോചന ഒട്ടും പിഴച്ചില്ല. ആരും ഗണിക്കാതെ വെച്ചിരുന്ന ആ പാറപ്പുറം ബ്ലാങ്കിന്റെ അധീനത്തിൽ വന്നപ്പോൾ അവിടെ ആരെങ്കിലും ഒരിക്കൽ ചെല്ലുന്നതു പിന്നെ ഒരിക്കൽകൂടി ചെല്ലുന്നതിന്ന് ആയാൾ അച്ചാരം വാങ്ങുന്നതുപോലുള്ള അനുഭവമായിത്തീർന്നു. സുഖത്തിന്നായി താമസിപ്പാൻവേണ്ടി മാണ്ടിക്കാർലോവിലേ

ളെ കൊല്ലംതോറും, മാസംതോറും, എന്നു വേണ്ട, ദിവസംതോറും പോകുന്ന പ്രഭുക്കന്മാരുടേയും ധനവാന്മാരുടേയും സംഖ്യ വൎദ്ധിച്ചുതുടങ്ങി. ദ്യൂതമണ്ഡപത്തിൽ തിരക്കുകൾ കൂടിത്തുടങ്ങി. കേവലം സുഖത്തിനായി താമസിപ്പാൻവേണ്ടി പോയവരുടെ ഉദ്ദേശവും പോകെ ചൂതുകളിക്കുവാൻ വേണ്ടിയായിത്തുടങ്ങി. ഒരു കൊല്ലം മാണ്ടികാർലോവിൽപോയി കുറെ സമ്പാദിച്ചു കൊണ്ടുവന്നവൻ പിറ്റേക്കൊല്ലം അതു കളയുവാനുള്ള യാത്രയായി. ചൂതുകളിപ്പുരയെന്ന തരയാൽ ബ്ലാങ്കിന്റെ ദ്യൂതമണ്ഡപത്തിനുള്ളിൽ 'കിലി'ച്ചുതുടങ്ങിയ പണത്തിനു സംഖ്യയില്ലാതായിത്തുടങ്ങി. സാധാരണയായി ലോകത്തിൽ എവിടെയും ചൂതുകളിയിൽ ജനങ്ങൾക്കുള്ള അനുഭവം പോലെതന്നെ മാണ്ടികാർലോവിൽ ചെന്നു പാൎക്കുന്ന പ്രഭുക്കന്മാരുടേയും ധനവാന്മാരുടേയും സാധാരണന്മാരുടേയും സംഖ്യ അധികരിച്ചു തുടങ്ങി. മുമ്പ് ഒരു കെട്ടിടവും ഇല്ലാതിരുന്ന ആ പ്രദേശത്ത് ഇപ്പോൾ യൂറോപ്പിൽ പ്രസിദ്ധപ്പെട്ട ഓരോ കമ്പനിക്കാരാൽ നടത്തപ്പെടുന്നതും നൂറും നൂറിലധികവും ആളുകൾക്കു താമസിക്കാവുന്നതും ആയി അമ്പതോളം വലിയ ഹോട്ടലുകൾ തന്നെ ഉണ്ടത്രെ. 'വെട്ടിമലത്തുക' 'ചട്ടിയുരുട്ടുക' 'പാശികളിക്കുക' എന്നും മററും ഈ ദിക്കുകളിൽ പറയുന്ന സമ്പ്രദായങ്ങളിൽ, ഫാരൊ, ബാസെററ്, ഹസ്സാർഡ്, റൌലെററ എന്നിങ്ങിനെ പേരുകളായി, കളിശ്ശീട്ട്, ചുക്കിണി, പന്ത്, ചക്രം, മോതിരം, ചതുരംഗക്കള്ളികൾ പോലെ വരച്ചു നമ്പരുകളുള്ള പലക, ഇങ്ങിനെ പലവിധ സാമഗ്രികൾകൊണ്ടു കളിച്ചു ഭാഗ്യപരീക്ഷ ചെയ്വാനാവശ്യമായ അനവധി ഏൎപ്പാടുകൾ ആ ദ്യൂതമണ്ഡപത്തിൽ ചെയ്തിട്ടുണ്ട്. അവരവൎക്ക് ഇഷ്ടമുള്ള കളികളിൽ ചേരാം. കളികളുടെ സകല നിയമങ്ങളും ചട്ടങ്ങളും അച്ചടിച്ചു വെച്ചിട്ടുള്ളതിന്റെ പ്രതികൾ എല്ലാവൎക്കും വാങ്ങാം. കളിനടത്തുന്ന കമ്പനിക്കാർ ആ നിയമങ്ങൾക്കു വിരോധമായോ വഞ്ചനയായോ യാതൊന്നും പ്രവൃത്തിക്കുന്നതല്ല. അങ്ങിനെ ആരെങ്കിലും പ്രവൃത്തിക്കുന്നതു മോനാക്കോവിലെ പീനൽകോഡുപ്രകാരം ഒരു ഗൌരവമായ കുററമാകുന്നതും അതിനു കഠിനശിക്ഷ നിയമിച്ചിട്ടുള്ളതും ആകുന്നു. ദ്യൂതമണ്ഡപത്തിൽ നടത്തു

ന്ന പ്രവൃത്തികളുടെ മേലന്വേഷണം ചെയ്യാൻ ഗവൎമ്മേണ്ടിൽനിന്ന് ആവശ്യമായ ഉദ്യോഗസ്ഥന്മാരെയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അവിടെ നടത്തുന്ന എല്ലാതരം കളികളിലേയും ലൈസൻസ് പ്രതിക്ഷണത്തിൽ കളിക്കാൎക്കുള്ളതിനേക്കാൾ അധികപക്ഷവും കമ്പനിക്കാൎക്കു ഗുണമായ ഫലങ്ങൾ സിദ്ധിപ്പാൻ തക്കവണ്ണമാണ് അതുകളുടെ സാമഗ്രികളും നിയമങ്ങളും എല്ലാം ഏൎപ്പെടുത്തിട്ടുള്ളത്. ആ വക ഗുണദോഷങ്ങൾ മുഴുവനും അറിഞ്ഞുകൊണ്ടുതന്നെയാണ് ആളുകൾ കളിയിൽ ചേരുന്നതും. ഭാഗ്യംപോലെ നല്ല സമ്പാദ്യവും ഉണ്ടാകുന്നതാണല്ലോ. മാണ്ടികാൎലോവിലെ നൃത്തമണ്ഡപത്തിൽവെച്ചു ലക്ഷവും ലക്ഷത്തിലധികവും പവൻ കളഞ്ഞവരെപ്പോലെ തന്നെ അത്രത്തോളം സമ്പാദിച്ചവരും ഇല്ലെന്നല്ല. എന്നാൽ സമ്പാദിച്ചവരുടെ എണ്ണം കളഞ്ഞവരുടെതിനേക്കാൾ കുറഞ്ഞിരിക്കും. അതാണ് കമ്പനിക്കാരുടെ ലാഭത്തിന്റെ രഹസ്യം. ഈ ലോകത്തിന്റെ പകുതി വിസ്തൃതിയിലാണ് മോണാക്കോ രാജ്യം നിലനില്ക്കുന്നത്.

൧൮൬൩-ൽ ചേക്കുളിക്കുന്നതിനു ൫൦-കൊല്ലത്തേക്കു ബാങ്കിന്നു കരാറു കൊടുത്തു എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. മേല്പടി കരാറു അവസാനിച്ചു ൧൯൧൩-ൽ ൫൦ കൊല്ലത്തേക്കു രണ്ടാമതും കരാറു പൊളിച്ചെഴുതി കൊടുത്തിട്ടുണ്ട്. ഈ ചേക്കളിയുടെ കാൎയ്യത്തിൽ മോണാക്കോ ഗവൎമ്മേണ്ടിൽനിന്നു ബുദ്ധിപൂൎവ്വകമായി ചെയ്തിട്ടുള്ള ഒരു നിയമത്തെ കൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതെന്തെന്നാൽ ആ രാജ്യത്തെ പ്രജകളിൽ ആരും അവിടത്തെ ചേക്കളിയിൽ ചേരുവാൻ പാടില്ലെന്നാണ്. അങ്ങിനെ വല്ലവരും ചേൎന്നു കളിച്ചതായി തെളിഞ്ഞാൽ ആ രാജ്യത്തെ പീനൽകോട്ടു പ്രകാരം ആ കുറ്റത്തിന്നു കഠിനമായ ശിക്ഷയുണ്ട്. ചേക്കളി മേലന്വേഷണം ചെയ്വാൻ കല്പിച്ചാക്കീട്ടുള്ള ഉദ്യോഗസ്ഥന്മാരൊഴികെ ആ രാജ്യത്തിലെ പ്രജകളിൽ ആരും മാണ്ടികാൎലോവിലെ നൃത്തമണ്ഡപത്തിൽ എത്തിച്ചുവിടുക തന്നെ അരുതെന്നാണ് നിഷ്കൎഷയായ രാജകല്പന. ഈ അത്യാവശ്യമായ നിയമത്തിന്റെ ഉദ്ദേശം ഏല്ലാവൎക്കും ഊഹിച്ചറിയാവുന്നതാണല്ലോ. ഇനി

വായനക്കാരിൽ ചിലൎക്ക് ഒരു സംശയം ജനിക്കാവുന്നതെന്തെന്നാൽ രാജ്യം എത്രതന്നെ ചെറിയതായാലും അതിന്റെ മതിയായ സംരക്ഷണങ്ങൾക്കു തക്കവണ്ണമുള്ള ഒരു ആദായം ചോക്കുകളിയിൽ നിന്നു കിട്ടുവാൻ മാൎഗ്ഗമുണ്ടോ എന്നാണ്. അങ്ങിനെ ശങ്കിക്കുന്നവർ വല്ലവരും ഉണ്ടെങ്കിൽ അവരുടെ ശങ്ക തീൎക്കുവാൻ ഇനിക്ക് ഒന്നുമാത്രമെ പറവാനുള്ളു. അതു മാണ്ടിക്കാർലോവിലെ ചോക്കുകളിക്കമ്പനിക്കാൎക്ക് ഈ കഴിഞ്ഞ ൧൯൦൫-ലെ ലാഭം പതിനാലുലക്ഷത്തി നാല്പത്തി നാലായിരത്തി എണ്ണൂറ (൧൪,൪൪,൮൦൦) പവനും ടി. കൊല്ലത്തിൽ ആ പ്രദേശത്തു വെച്ച് ആത്മഹത്തി ചെയ്ത അന്യരാജ്യക്കാരുടെ എണ്ണം നാനൂറും (൪൦൦) ആണെന്നു മാത്രമാണ്. ശേഷം ചിന്ത്യം.

സി. എസ്സ്. ഗോപാലപ്പണിക്കർ. ബി. ഏ.

ഉണ്ണുനീലീ
സന്ദേശം

നൽമച്ചാൽകേളംക്ഷണംതദനുകൊടിമവപ്പിക്കണമൊക്കാന്നിമിത്താ-
ന്ന്യോന്യാവേശാൽപണ്ണാപ്പുമരിയുന്നിക്കിനിത്യംതൊടീക്കും
ഇമ്പപ്പൂവ്വാൽവിരഹദിവസാനെണ്ണുമിപ്പെണ്ണുമെല്ലാ-
മെല്ലാമുല്ലക്കുഴലികളുടെവേലകാണെൻപിരിഞ്ഞാൽ. ൧൩൭

ഭാരാന്മൎദ്ദജ്വരപരവശാംമേദിനീഭോഗശയ്യാം
മുഗ്ദ്ധാംമുറാംകളൎമുലയുഗേസംസ്പൃകാബ്ജമൃണാലാഹ്വാം
കംശ്രാപാംഗീംപ്രിയസഖകൾവാൻകാണെതിന്നാട്ടുമുന്ന
തന്നാളീമൊലിക്കിതപിയനിമിത്തങ്ങളുണ്ടാന്തദാനീം. ൧൩൮

ഏതന്നാട്ടുണ്ടാംവിരഹപരിക്ഷാമദീനാചില്ലീവിലാസം
നിദ്രാഭാവാൽകലുഷമവലീനാഞ്ജനംബാഷ്പപൂരൈഃ
മൽപ്രേയസ്യാവടിവിലിളകുംവാമനേത്രംതദാനീ-
മുൽപ്രേക്ഷ്യംവിളങ്ങുംകമലമലരിൽച്ചെന്നകാറ്റെന്നപോലെ ൧൩൯

സംഭോഗാരംഭസരസപുളകസോപാദികോലിതൻ്റാലി-
ന്യൂംഭോദംഭോഗമമകരതലംകൊണ്ടുസംവാരണീയം
അംഭോജാക്ഷ്യാലള്ളിതമിളകംമന്ദമന്ദം തദാനീം
രംഭോരുവ്യംജൂടചടിവെച്ചംകാന്തിവാമം തഥാനീം. ൨൬൯

അപ്പ്രാന്തിച്ചെൻ്റനപം മഞ്ഞണാകല്പസംബന്ധമപ്പ്യാം
തിപ്പ്യാപ്പൂർവ്വാൺനവനിമദനാ! തീവ്രശോകാഭിഷംഗാം
കോപ്പാണ്ടിട്ടുംകചഭരനതാംമേൽപൊതിഞ്ഞിട്ടു കണ്ണ-
ണ്ടപ്പൂമാതോടഴകിലറിയിപ്പിപ്പതിപ്പണ്ണമെല്ലാം. ൨൭൦

കല്യാണാനാംനിജനിലമമാമുണ്ണുനീലി! കണ്ടാനി-
ല്ലാർപ്പൂമമ്പായിണപിരിഞ്ഞാശുരോജിവിതേശ!
ചൊല്ലീതെന്നോടതിവയർമണ്ണേ! കാണനന്താവ്യൂനി-
ന്നൊല്ല്യാവുംകൊണ്ടൂതികരണംവല്ലഭാംജീവയതി. ൨൭൧

നാരീമൌലേ! മമമലർമകന്ദംക്ഷേണിതിപ്പാന്തിരിപ്പാ-
പ്പൂരെന്റില്ലംവെളുമിളമാകുന്നു! വേണൊട്ടിലംബ്
ദാരാനന്ദപ്രതിമവദനേ! താങ്ങാതിച്ചുവന്നൻ
പാദറിട്ടുംപുകളിരവിപൻ്റനരനങ്ങവൻഞാൻ. ൨൭൨

ഇത്ഥംരാമാന്ദ്വോരളവിലുമിതസ്തൂമരേഖാകതിമാത്രാ
മുഗ്ധാപാംഗീവിരവിലെഴുനീറ്റാമൽകൈക്കുമ്മമാന്ന്
സല്ല്യസ്സംഭാഷയതിമധുരാലാപഗണർക്കവന്നും
ലജ്ജാമന്ദപ്രണയബഹുമാനാതകളെലർത്തൃപ്തിപാദെതെ. ൨൭൩

ശയ്യോപാന്തസഖലിതമിതന്നണ്ണുനീലിമിരിഞ്ഞി-
ക്കൊട്ടാകാരനിജകരതലേകാന്തതൻകണ്ണുമൊന്നി
ടുത്ത്യാമോദാൽപ്പുളകമിളകിക്കാകമേൽപ്പൊങ്ങുമാറാ-
ണ്ടസ്സ്രവർത്താമവളൊടറിയിപ്പിക്കനീപിന്നെമുന്നിൽ. ൨൭൪

ഞാണെങ്കൽക്കേറ്റാലപ്പൂജാലം! മൂൻറുനാളുണ്ടുചേരമേ
കണ്ടു കണ്ടി ക്കുഴലികൾമണേ! നിന്നുടേവല്ലഭം ഞാൻ
സ്യാനൂരമെരിപ്പൂ പൂരേപോലുമാനന്ദഹീനം
ദീനാമിനശ്ശപഞ്ചപരവശംപൂക്കിരിക്കിൻറവാറ്. ൧൬൫

കല്ലാലിന്ന്യാംപുലരിമലകുംതാമരപ്പൂവിൽമേവി
തെല്ലിതെല്ലങ്ങളിപടലികാപക്ഷമന്ദാനിലേന
മെല്ലക്കൊണ്ടിളയബകുളാമോദമാബദ്ധഖേദം
മല്ലത്തേർമേൽച്ചേറി മണുവമരക്കണ്ടുമോഹംഗതാമസൗ. ൧൬൬

ഞാൻചെല്ലിൻറാരളവിലുടനേ ദൈവയോഗാലുണർന്നാ-
നെന്നേക്കണ്ടിട്ടുദിതകരുണം മെല്ലെഴുന്നീററിരിന്നാൻ
നിന്നേക്കാണാതെയുടനുമനെഴുമാതതാപങ്ങളാം ചൊന്നാ-
നസ്മൽകാന്തെക്കിതിമെനയറിവിലെകാന്തമെന്നോടിരന്നാൻ. ൧൬൭

ആത്തത്രാണാൽപരമാനുരുത്തുരംപെണ്ണുമസ്മൽകലത്തി-
ന്നോത്താലില്ലെൻറലംഘ്യമഘലേ! തേറിവൈകാതവാറ്
വാത്താമാത്രംതവസുവദനേ! ചൊല്ലുവാനാഗതോഞാൻ
ചീർത്താരാപൽപ്രണയസുഭഗം ചാത്തുമിണെങ്ങൾവായിൽ. ൧൬൮

അങ്കാവരിട്ടുമലഗഗനേരോഹിണീപൊഴ്ണ്ണമാസ്യാം
തിങ്കൾക്കൊകൊവദനകമലംതന്നനാങ്ങുന്നമല്ലാ
എങ്കിൽക്കേട്ടോലചിയുമിളമാൻകണ്ണി! നീയുണ്ണുനീലി
നിങ്കൽച്ചാലച്ചുകിതമതിലോപാചകംമേചകാംഗി. ൧൬൯

കരൊക്കാർമൻകുഴലി! സുരതവ്യാകുലൗകാരവമാറ-
മൂന്നാത്താങ്ങാരപചിതസ്സംന്നാഖുറങ്ങിൻറോരം
മാറിൻേറാമനുലയിണപിരിഞ്ഞൊന്നാരൊക്കംശമാഗ്ഗ്യേ
മൂരം ഞാനാനിശിപരവശസ്സംഭ്രമത്തോടുണനേൻ. ൧൭൦

കണ്ടേനെന്നാനനേന്ദുമനവ്യാകുലാകാപി പാപം
മണ്ടിക്കൊണ്ടങ്ങിനിഷ്ഗേഹം കൊണ്ടുപോകിൻറവാറ്
പേടിച്ചുപ്പാഴ്നരഹരിപദം ചിന്തയന്നന്തരാന്തം
ശീതായാമേക മച്ചിത്രസാമമഞ്ചേ വിക്ഷിപ്യ ഭ്രൂമൈഃ. ൧൧൪

മെല്ലെച്ചെന്നങ്ങഹമഹഹ! വരപ്പള്ളികൊള്ളുംവരാരെ-
ന്നില്ലത്താമ്മാറഥനിപതിതോഹന്ത! ദൈവാനുഗുണ്യാൽ
എല്ലിന്നേതും പൊരികൊരുമൊഴിവുണ്ടായതില്ലെങ്കിലും മേ
മെല്ലപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞു. ൧൧൫

മാരച്ചൂടുള്ളെരിചന്ദനേ കണ്ണുനീരാൽക്കുളിപ്പൻ
താപോദ്രേകാൽപ്പുകഴ്വനഴലവൻ ചന്ദ്രികാചന്ദനേന
തുംഗശ്രേണീപരഭൃതകുലക്രൂവിനാൽ നൊമ്പരങ്ങളിൽ
ഞങ്ങൾക്കാരോ മാരക ചന്ദ്രഹം നിൻ വിയോഗാൽ ഇദാനീം. ൧൧൬

വാണി വീണാമധുരനിനദേ ചില്ലിവല്ലീവിലാസം
വീചീഭംഗേ കളിർമയിലിൽ നിന്നാനനാംഭോജശോഭാ
നീലാപാംഗം ചലകുവലയേ! തന്വി! നിൻ മംഗലാംഗം
ഞ്ഞുടികൊണ്ടൊൻ കഹ ചന്ദനാരമേ പൂർണ്ണമെന്നു കണ്ണുനീലി!. ൧൧൭

കൂടക്കൂടെ ച്ചപലശിഥിലാത്തുലികാമാകെ വിയത്തി-
ട്ടോരോരേഖാം പ്രതിപരവശം കണ്ണുമക്കണ്ണുനീരാൽ
നിന്മെപ്പ്രചൊഅമൂഴുവനറിയും ചിത്രരൂപമാരപ്പെന്നും
ചിത്രകാരെന്നപി ചഞ്ചലത്തിലെപ്പൂർണ്യാജമേനാഷം. ൧൧൮

സങ്കല്പാലിംഗനമയമഹാനന്ദമേയ്ക്കീട്ടവാരനാ
വല്ലാചിത്തം മധുരവചനേ! ഹന്ത സന്താപഖിന്നം
കോലമൈച്ചവാൻ മലർകൊതികെട്ടകൊണ്ടുകൊൾവാൻ കിടപ്പാൻ
വ്യാമൊനിദ്രാം വരണ്ണുണ്ണിധ്യേ! പിന്നെയെല്ലാക്കിനാവോ. ൧൧൯

വാഴ്ത്തീടുംവടമതുരയിൽച്ചെന്നുചേമന്തികാനാം
തോപ്പൂടെപോന്നിതകൊട്ടുവത്തംമാത്രമല്ലപ്പതൽതന്നെ
തോഴിമാരോടായ്ഞാൻതാവതടമുലലെത്താതിലെത്തീട്ടമാമെ-
ന്നേൻനിവാരകാലുംമതാഴതെ തിരമെവർപ്പ്രാന്തപോതംപ്രമോഹഃ ൧൨൭

കന്റാൻറനിൻകളിർമുലയിണതെതാള്ളുമേവാിട്ടനാഠതൊ-
ട്ടെൻറാല്ലാൻറിങ്കലുമിതമെനിക്കില്ലകല്യാണശീലേ!
എൻറാലുംതേചിരവിലലാതനാറംതാങ്ങിവാകൊണ്ടുകൊള്ളാ-
മെൻറുള്ളാശാമസനിശളിതപ്രാണശേഷംവഹാമി. ൧൨൮

കണ്ടാമെല്ലാതളിയിലിതവംക്കുള്ളനാമെൻറാരികാൽ
മെത്തചാമികെട്ടാളൊതപതിയാർന്നങ്ങയാരെന്നാനോക്കി
അന്യാസംഗാൽകിമപികലുഷാപ്രാകൃതങ്ങൾക്കോ വാടിൽ
പിന്നെക്കണ്ടിലണായവിവാരംവിത്തുമങ്ങിൻറാനിന്നേ. ൧൨൯

പണ്ടൽതെന്നാതണലിലൊതനാൾകാവുമേറാങ്ങുതോന്ന-
ലാതിപ്രായേനിശിവിവശരായ്നാമുറങ്ങിൻറനേരം
പണ്ടാതതീടുംതടമുലയിലങ്ങാനളിർതെതാള്ളവീണി-
ട്ടെന്നച്ചാവന്നാലളികലൊപാംഗി!പാരമ്പൻറമൊചാള്ളി. ൧൩൦

ആടിക്കാലേനിശിമപാിയതാംരതാഴിയെൻറന്നമതചാ
മെനതൽപ്പൂവിൻമേലുമുദ്രതമെരരകരിക്കംനാകപര്വൈഗ്രഃ
പാദേംചമന്ദാമമവിലിഖിതെലിലയാപീഡിതംതേ
മുന്നാമുന്നാമ്കളിതമിളക്കോകനിശ്ശങ്കമെന്നാൽ. ൧൩൧

തോരാതിന്നായ്നപരമെടയാളുങ്ങൾംഞാൻചൊന്നതെല്ലാ-
മോരാമെകക്കൊണ്ടൊയികശലിനംനീകാറിക്കൊൾവൂതെന്നേ
കോർമഞാൻചൊല്ലുമോഴി! വിരവിൽഞാനങ്ങുവന്നീടുവോളം
തോരാംവെൻറാപുലരമലരമ്പന്നവേണ്ടിൻവണ്ണം. ൧൩൨

മിന്നിക്കാർകൊണ്ടിടിയലറിനിന്റെംബരേതിങ്ങിയെന്നും
മന്നിൽ൦പത്സംജലദപടലംകോലുമാടീനിശാസ്യ
പിന്നെതന്നെ ചീതിലകരചനേ!നമ്മിലേക്കണ്ടുകൊണ്ടാ-
ലെമണ്ണച്ചാപോൽച്ചിലപരിചിനേകണ്ടുകൊള്ളിന്റെതുണ്ട്.

ആടിക്കാർമൻകുഴലികൾശിഖാമൌലി!മുണ്ടെക്കൽമേവും
പേടക്കാലക്ഷയിൽമൊഴി!തേഞ്ഞാൻവാകുള്ളുന്നീലി!
പേടിക്കണ്ടാവിരഹചപലംപ്രേമമെന്നോർമ്മ!നീ
കൂടക്കൂടങ്ങഴകിലഴിവില്ലാത്തുകൻറിക്കമെല്ലാ. വ. ന. ൪

എന്റിവണ്ണംമമസഹചരീമമ്പിലെൻവാക്കുകൊണ്ടും
നാൻവംനല്ലാർമനസിജ!സഖേ!മിക്കനിൻവാക്കുകൊണ്ടും
എന്റല്ലാവോളവുമളികുലാപാംഗി തന്നാസ്യത്തിൽ
ഞാൻവംവണ്ണംകുളുമയിലുണ്ടാത്തിട്ടുകല്യാണകീർത്തേ! വ. ന. ൫

കാരുണ്യംകൊണ്ടഴകിൽമദനാപത്ത്തീർത്തങ്ങൾവാങ്ങൊരാ-
മിത്ഥംപൂരിച്ചിരവർകരുത്തുംമിക്കൽക്കല്പകന്നീ
പണ്ടേപ്പോലെവിഹരസുചിരം നമ്മിലേപോലെവെന്നി-
ട്ടുണ്ടാകെണ്ടാവിരപൊട്ടപുനർന്നാനന്ദലക്ഷ്മീ. വ. ന. ൬

(മുണ്ടെക്കൽ ഉണ്ണുനീലീ സന്ദേശം) ഉത്തരസന്ദേശം കഴിഞ്ഞു.

കാളിദാസൻ.



ഭാരതഖണ്ഡത്തിലെ പുരാതന മഹാത്മ്യത്തിന്റെ സ്മാരകസ്തംഭങ്ങളായി വിചാരിക്കപ്പെടേണ്ടവയുടെ കൂട്ടത്തിൽ അദ്വിതീയമായ സ്ഥാനത്തെ അർഹിക്കുന്നവയാകുന്ന കാളിദാ

സകൃതികൾ. ആര്യന്മാരുടെ പരിഷ്കാരത്തിന്റെ പരിപാകപാവും ശാശ്വതരൂപമായ ഒരു ഫലമായിട്ടും, ഇൻഡ്യൻ ചരിത്രത്തിലെ ഒരു ദശയിൽ ഉണ്ടായിരുന്ന അവസ്ഥകളുടെ ഒരു പ്രതിനിധിയായിട്ടും, ചരിത്രത്തിനു ദൃഷ്ടിയെത്തുന്ന കാലം തുടങ്ങി ലോകചരിത്രത്തിൽ കാണുന്ന കവികളുടെ കൂട്ടത്തിൽ മുഖ്യസ്ഥാനത്തെ അർഹിക്കുന്ന ഒരാളായിട്ടും കാളിദാസൻ നമുക്കു പ്രത്യക്ഷീഭവിക്കുന്നു. ഇൻഡ്യയിലുള്ള സകല സ്വദേശീയഭാഷകളിലും അദ്ദേഹത്തിന്റെ കൃതികൾ ഭാഷാന്തരീകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിനു പുറമേ പാശ്ചാത്യഭാഷകളായ ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, ഡാനിഷ്, ഇറ്റാലിയൻ മുതലായവയിലേക്കും അവ, സംക്രമിക്കപ്പെട്ടിരിക്കുന്നു. കവിതാപരിമളത്തിന് ഇത്രമാത്രം പ്രസരം സിദ്ധിക്കണമെങ്കിൽ കവിയുടെ യോഗ്യത എത്ര മഹത്തരമായിരിക്കണമെന്നുള്ളതിലേക്ക് ഈ സംഗതി ഒരു നിസ്തുല്യസാക്ഷിയാകുന്നു. ഇതിനും പുറമേ, ഇൻഡ്യാസാമ്രാജ്യം ആസകലവും പാശ്ചാത്യദേശങ്ങളിൽ അവിടവിടെയും സംസ്കൃതഭാഷയഭ്യസിച്ചു നിശിതബുദ്ധികളായ അനേകംപേർ അദ്ദേഹത്തിന്റെ കാവ്യരസികതകളെ കണ്ടറിഞ്ഞ് ആസ്വദിച്ചു വരുന്നു. ഒരുപക്ഷെ തന്റെ ജന്മഭൂമിയായ ഇൻഡ്യയിൽ ഉള്ളതിനേക്കാൾ ആദരാധിക്യം കാളിദാസന് അന്യദേശങ്ങളിൽ സിദ്ധിക്കുന്നില്ല എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഏതദ്ദേശീയരായ പൊതുജനങ്ങൾ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയുടെ മാഹാത്മ്യത്തെ വ്യാഖ്യാനിക്കുന്നതിൽ വിസ്മയപരതന്ത്രരായി ദേവീവരപ്രസാദത്തെ അതിനു ഹേതുവായി കരുതുന്നു. സ്വദേശീയരായ കവികളും വ്യാഖ്യാതാക്കന്മാരും അദ്ദേഹത്തിനെ ശ്ലാഘിക്കുന്നതിൽ ലേശവും ലുബ്ധ് കാണിക്കുന്നില്ല.

'പുരാ കവീനാം ഗണനാപ്രസംഗേ
കനിഷ്ഠികാധിഷ്ഠിതകാളിദാസ
അദ്യാപി തത്തുല്യകവേരഭാവാ-
ദനാമികാ സാർത്ഥകനാമധേയാ'

'കാവ്യവൃന്ദമാലേഷു കവികാളിദാസഃ' ൧
'ഭാസോഹാസഃ കവികുലഗുരുഃ കാളിദാസോവിലാസഃ'
'കവിതാകാളിദാസസ്യ
തത്രശാകുന്തളംമതം' ൨
'ഉപമാകാളിദാസസ്യ
ഭാരവേരർത്ഥഗൌരവം' ൩
* 'ദീപശിഖാകാളിദാസഃ'. ൪

ഇങ്ങിനെയുള്ള പ്രശംസകളെ എല്ലാം ഇവിടെ സമാഹരിക്കുന്നതിന് അവയുടെ കൂടുതൽ ഒന്നുമാത്രമെ തടസ്ഥമായുള്ളൂ.

പാശ്ചാത്യന്മാരും കാളിദാസനെപ്പററിയുള്ള ബഹുമാനത്തിൽ ഒട്ടുംതന്നെ പിന്നോക്കമല്ല. 'ജോൺസ്,' 'വിൽസൻ,' 'മെസി,' 'ലാസൻ,' 'വില്യംസ്,' 'ഷേസി,' മുതൽപേരും സാഹിത്യകലാവല്ലഭനായ 'ഗേട്ടയും,' കാവ്യരസികശിരോമണിയായ 'ഷ്ളേഗലും,' തത്വചിന്തകനായ 'ഹംബോൾട്ടും' അദ്ദേഹത്തിനു വളരെ ഉന്നതമായ സ്ഥാനം കവികുലത്തിൽ കല്പിക്കുന്നു. ശാകുന്തളത്തെപ്പററി ഗേട്ടയുടെ പ്രശംസ പ്രത്യേകം ഇവിടെ എടുത്തു പറയണമെന്നില്ലാത്തവിധത്തിൽ അത്ര പ്രസിദ്ധമാകുന്നു. 'അലക്സാണ്ടർ വാൺ ഹംബോൾട്ട്' ഇപ്രകാരം പറയുന്നു. 'ശാകുന്തളകർത്താവായ കാളിദാസൻ അനുരക്തജനങ്ങളുടെ ഹൃദയത്തിൽ പ്രകൃതിയുടെ വിലാസത്തെ വർണ്ണിക്കുന്നതിന് അതിവിദഗ്ദ്ധനായ ഒരാളാകുന്നു. ഈ മഹാകവി പ്രസിദ്ധമായ വിക്രമാദിത്യസദസ്സിനെ അലങ്കരിച്ചിരുന്നതുകൊണ്ടു വെർജിൽ, ഹോറസ് എന്ന കവികളുടെ സമാനകാലികനാകുന്നു. വികാരങ്ങളെ പ്രകാശിപ്പിക്കുന്നതിലുള്ള ആർദ്രതയും, സങ്കല്പശക്തിയുടെ സമൃദ്ധിയും

* ഇത് രഘുവംശം ഇന്ദുമതീസ്വയംവരഘട്ടത്തിലുള്ള
'സഞ്ചാരിണീദീപശിഖേവരാത്രൌ
യംയംവ്യതീയായപതിംവരാസാ
നരേന്ദ്രമാർഗ്ഗാട്ടഇവപ്രപേദേ
വിവർണ്ണഭാവംസസഭൂമിപാലഃ'
എന്ന ശ്ലോകത്തെ സ്മരിപ്പിച്ചിട്ടുള്ളതാകുന്നു.

സകലജാതികളിലുമുള്ള കവികളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്ന് ഉൽകൃഷ്ടമായ ഒരു സ്ഥാനത്തെ സമ്പാദിച്ചുകൊടുക്കുന്നതാകുന്നു'. പ്രൊഫസർ ലാസന്റെ അഭിപ്രായവും ആദരണീയമാകുന്നു. അദ്ദേഹം പറയുന്നു: 'ഭാരതഖണ്ഡ സാഹിത്യനഭോമണ്ഡലത്തിൽ കാളിദാസനെ അത്യന്തദീപ്രമായ നക്ഷത്രമായിത്തന്നെ കരുതണം. അദ്ദേഹം ശ്ലാഘയെ അർഹിക്കുന്നതു മുഖ്യമായി ഭാഷാ പ്രയോഗത്തിലുള്ള സ്വതന്ത്രസ്വാതന്ത്ര്യതയാലും, പിൻകാലങ്ങളിലെന്നതുപോലെ സംസ്കൃതമായ രുചിയുടെ അതിരുകളെ അതിലംഘിക്കാതെയും, സാരശൂന്യമായ ഭേദഗതികൾ വകവെക്കാതെയും, മനോഹരമായിരിക്കുന്ന ആശയവിശേഷങ്ങളെക്കൊണ്ടു വർണ്ണ്യവിഷയങ്ങളെ അനുസരിച്ചു ഭാഷയ്ക്കു വരുത്തീട്ടുള്ള ആകൃതി സൌഷ്ഠവത്താലും, സൃഷ്ടികളുടെ വൈചിത്ര്യം, ബുദ്ധിപൂർവ്വമായ തന്റെ ഉൽപാദനാശക്തി, വിഷയങ്ങളുടെ സ്വഭാവപ്രദമായ വിവേചനം ഇവകൊണ്ടും, തന്റെ ഉദ്ദേശത്തിന്റെ പരിപൂർണ്ണമായ നിർവ്വഹണത്താലും, അദ്ദേഹത്തിന്റെ രചനകളുടെ ലാളിത്യം, പദ്യങ്ങളുടെ ആർദ്രത, സാകല്യശക്തിയുടെ സമൃദ്ധി ഇവയാലും ആകുന്നു. ഈ സ്തുതിയെ അർഹിക്കുന്നതു പ്രധാനമായി അദ്ദേഹത്തിന്റെ കൃതികളായ ശാകുന്തളം, വിക്രമോർവ്വശീയം എന്ന നാടകങ്ങളാകുന്നു. ഇവയുടെ രചനയിൽ കാളിദാസൻ സമൃദ്ധവിഭവവും പ്രബുദ്ധവും ആയ തന്റെ മനശ്ശക്തികളുടെ ചോദനയെ അല്ലാതെ യാതൊന്നിനേയും അനുസരിച്ചിരുന്നില്ലെന്നും, ഏകദേശം ക്രിസ്ത്വാബ്ദം ൭൦൦-നിടയിൽ ജീവിച്ചിരുന്ന ഭവഭൂതി മുതൽപേർക്കു ദുർന്നിവാരമായി തോന്നിയ ചില സംഗതികളെ സംബന്ധിച്ചിടത്തോളവും അദ്ദേഹം സ്വതന്ത്രനായിരുന്നുവെന്നും പ്രത്യക്ഷമാകുന്നു'. അന്യപാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ വിസ്തരഭയംകൊണ്ട് ഇവിടെ വിട്ടുകൊള്ളുന്നു. ഇപ്രകാരമുള്ള സ്തുതികൾക്കു കാളിദാസൻ പാത്രീഭവിക്കുന്നത് അദ്ദേഹത്തിന്റെ പ്രധാന കൃതികളായ ശാകുന്തളം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം എന്ന നാടകങ്ങളും, രഘുവംശം, കുമാരസംഭവം, മേഘസന്ദേശം, ഋതുസംഹാരം എന്ന കാവ്യങ്ങളും മൂലമായിട്ടാകുന്നു. ഏകദേശം ൫൦൦-ാം സംവത്സ

രത്തിൽ കൽക്കട്ടായിൽ ജഡ്ജിയായിരുന്ന സർ വില്യം ജോൺസ് മനോഹരമായ തന്റെ ശാകുന്തള ഭാഷാന്തരികരണംകൊണ്ടു കാളിദാസനെ, പാശ്ചാത്യസാഹിത്യരസികന്മാൎക്കു പരിചിതനാക്കിത്തീൎത്തു. ൧൮൨൭-ൽ പ്രൊഫസ്സർ വിൽസൻ തന്റെ കൃതിയായ 'ഹിന്തുതിയേറ്റർ' എന്നതിൽ ശാകുന്തളത്തിന്റെ കൂടെ ഇരട്ടപെറ്റതോ എന്നു തോന്നുന്ന വിക്രമോൎവ്വശീയനാടകത്തെ ഭാഷാന്തരീകരിച്ചു. ഈ സംസ്കൃതകൃതി ലത്തീൻഭാഷയിൽ ഒരു തൎജ്ജമയും മററും ചെയ്ത് ൧൮൩൩-ൽ ബെർളിൻ എന്ന പട്ടണത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതായി കാണുന്നു. ഹോഫർ എന്ന ആൾ ആ സംവത്സരത്തിൽ തന്നെ അതിനെ ജൎമ്മൻഭാഷയിലേക്കു തൎജ്ജമചെയ്തു. ബൊള്ളൻസൻ എന്ന വിദ്വാൻ ൧൮൪൬-ൽ പീറ്റേഴ്സ്ബെൎഗ്ഗിൽവെച്ചു വേറെയും ഒന്നു പ്രസിദ്ധീകരിച്ചിരിക്കുന്നതായി തെളിയുന്നു. ൧൮൫൩-ൽ സംസ്കൃതമൂലം മാണിയർ വില്യംസ് എന്ന പണ്ഡിതനാൽ പ്രസാധിതമായി ഹെർട്ട്ഫോർഡ് എന്ന പട്ടണത്തിൽവെച്ചു പ്രസിദ്ധീകരിക്കപ്പെട്ടു. ൧൮൫൧-ൽ ഇംഗ്ലീഷിൽ ഗദ്യമായി കൌവ്വൽ എന്ന ആളും തൎജ്ജമ ചെയ്തിട്ടുള്ളതായി കാണുന്നു.

മേഘസന്ദേശകാവ്യം ൧൮൧൩-ൽ ഇംഗ്ലീഷ് തൎജ്ജമയോടുകൂടി പ്രൊഫസ്സർ വിൽസനാൽതന്നെ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിനെ ഇംഗ്ലണ്ടിൽവെച്ചു പ്രൊഫസ്സർ ജാൺസനും, ജൎമ്മനിയിൽ ശ്ലോകാൎത്ഥതിലകവ്യാഖ്യാനത്തോടുകൂടി മിസ്റ്റർ ഗിൽഡർമീസ്റ്റർ എന്ന ആളും, പിന്നിട്ടു ഡാക്ടർ മാക്സ്മൂള്ളറും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മല്ലിനാഥവ്യാഖ്യാനത്തോടുകൂടി കാശി മുതലായ ദേശങ്ങളിൽവെച്ച് എത്രയോ പ്രാവശ്യം പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ കഥ പറയേണമെന്നില്ലല്ലോ.

ഋതുസംഹാരം ൧൮൪൦-ൽ ബൊളൻ എന്ന ആളാൽ ലീപ്സിഗ്ഗിൽവച്ചു ഭാഷാന്തരത്തോടുകൂടി പ്രസാധിതമായി എന്നും, ശ്രുതബോധമെന്ന ഛന്ദശ്ശാസ്ത്രഗ്രന്ഥം പാരീസ്പട്ടണത്തിൽവെച്ചു ലാൻസറോ എന്നൊരാളാൽ ൧൮൫൪-ൽ പ്രസിദ്ധീകരിക്കപ്പെട്ടു എന്നും കാണുന്നു.

രഘുവംശകാവ്യം ലത്തീൻഭാഷയിലേക്ക് എ. എഫ്. സ്റ്റെൻസിലർ എന്നൊരാളാൽ ഭാഷാന്തരീകരിക്കപ്പെട്ട പാരീസ്സനഗരിയിൽവെച്ച് ൧൮൩൨-ലും, ഗ്രീക്കുഭാഷയിലേക്ക മിസ്റ്റർ ടിപ്പാറാം ഡോവിനാൽ തർജ്ജമചെയ്യപ്പെട്ട് ആതൻസ്നഗരത്തിൽവെച്ച് ൧൮൫൦-ലും പ്രസിദ്ധീകൃതമായി. ഇതിന്റെ ഭാഗങ്ങൾ ഇംഗ്ലീഷിലേക്കും തർജ്ജമചെയ്യപ്പെട്ടിട്ടുണ്ട്. മിസ്റ്റർ സ്റ്റെൻസിലർതന്നെ കുമാരസംഭവത്തിന്റെ ആദിയിലെ ഏഴു സർഗ്ഗങ്ങളെ സംസ്കൃതത്തിലും ലത്തീൻഭാഷയിലും പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഇതുതന്നെ മിസ്റ്റർ ഗ്രിഫിത്ത് എന്ന ഇംഗ്ലീഷുകാരൻ ഇംഗ്ലീഷുഭാഷയിലേക്കും തർജ്ജമചെയ്തിട്ടുള്ളതായി കാണുന്നു.

കാളിദാസകൃതികളിൽ എന്നുവേണ്ട പൌരസ്ത്യന്മാരുടെ സാഹിത്യഭണ്ഡാഗാരത്തിൽവച്ച് അനർഘമായ ആഭരണമെന്നു ന്യായമായി പരിഗണിക്കപ്പെട്ടിരിക്കുന്ന ശാകുന്തളനാടകത്തിന്റെ ഫോട്ടോ എടുപ്പാൻ എത്രയോ ജാതിക്കാർ ശ്രമിച്ചിരിക്കുന്നു. ശാകുന്തളം വായിപ്പാൻ മാത്രമായി സംസ്കൃതം അഭ്യസിച്ച 'ചെസി' അതിനെ ഫ്രഞ്ചുഭാഷയിലാക്കി. അതിനു മുമ്പുതന്നെ ഇംഗ്ലീഷ് ഭാഷയിൽ ഈ വിശിഷ്ടകൃതിക്ക് ഒന്നിലധികം തർജ്ജമകളും പതിപ്പുകളും ഉണ്ടായി കഴിഞ്ഞിരുന്നതായി കാണുന്നു. ഫാർസ്റ്റർ, ഹെർസൽ, ബോട്ടിലിംക്, ഏർൺസ്റ്റ്, മിസർ, ലാബെഡൻസ് ഇവർ മുഴു പദ്യമായോ ഗദ്യമായോ ശാകുന്തളത്തിനു ജർമ്മൻഭാഷയിൽ തർജ്ജമകൾ സമ്പാദിച്ചിരിക്കുന്നു. ശാകുന്തളത്തിന്റെ തർജ്ജമയുണ്ടെന്നുള്ള പ്രശസ്തി ഡാനിഷ്, ഇററാലിയൻ ഈ ഭാഷകൾക്കുകൂടി ഉണ്ടെന്നുള്ളതു വിസ്മരിച്ചുകൂടുന്നതല്ല.

കാളിദാസകൃതിയോ എന്നു ചിലരാൽ സംശയിക്കപ്പെട്ടിട്ടുള്ള മാളവികാഗ്നിമിത്രം, നളോദയം ഇവയും യൂറോപ്പിൽ അച്ചടിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ മാളവികാഗ്നിമിത്രനാടകം എ. വീബർ എന്ന ആളാൽ ജർമ്മൻഭാഷയിലേക്കു ഭാഷാന്തരീകൃതവും ആകുന്നു.

ഇപ്രകാരം നിഷ്കപടമായും, തെററിദ്ധരിപ്പാൻ ഇടയില്ലാത്ത വിധത്തിലുമാണ് പാശ്ചാത്യന്മാർ നമ്മുടെ കവിസാർവ്വഭൗമനെപ്പററിയുള്ള പ്രശംസയെ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇൻഡ്യ

യിൽ കാളിദാസകൃതികൾക്കുണ്ടായിട്ടുള്ള പതിപ്പുകൾ, തൎജ്ജമകൾ ഇവയെ കണക്കു കൂട്ടുന്നതു സുകരമല്ല. കാളിദാസകൃതികൾക്ക് ഏതദ്ദേശീയരായുള്ള വ്യാഖ്യാതാക്കളും വളരെയുണ്ട്. മല്ലിനാഥൻ, ഹേമാദ്രി, ചാരിത്രവൎദ്ധനൻ, സുമതിവിജയൻ, വല്ലഭൻ, ധൎമ്മമേരു, വിജയഗണി, ദിനകരമിശ്രൻ, പ്രജ്ഞാകരൻ, സനാതനഗോസ്വാമി, കാത്യായപമൻ, ഹരഗോവിന്ദവാചസ്പതി, ശങ്കരൻ, ചന്ദ്രശേഖരൻ, ശ്രീനിവാസൻ, രാഘവഭട്ടൻ, രംഗനാഥൻ ഇവർ കാളിദാസവ്യാഖ്യാതാക്കളിൽ ഏതാനും പേർ മാത്രമാകുന്നു. കേരളഭാഷയിലും രഘുവംശം, ഋതുസംഹാരം ഇവയൊഴികെയുള്ള മുഖ്യകാളിദാസകൃതികൾ തൎജ്ജമചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ളതു ഭാഷാദാരിദ്ര്യഖിന്നന്മാൎക്ക് ആശ്വാസപ്രദമായിരിക്കണം. ലോകപ്രസിദ്ധമായിരിക്കുന്ന ശാകുന്തളത്തിനു നമ്മുടെ ഭാഷയിൽ രണ്ടാമതൊരു തൎജ്ജമകൂടി ഇതാ ഉണ്ടായിരിക്കുന്നു. ഈ അവസരം ഇത്രമാത്രം വിശിഷ്ടനായിരിക്കുന്ന കവിയുടെ കാലാദികാൎയ്യങ്ങളെപ്പററി ഒരു യത്നം ചെയ്യുന്നതിന്നു ഉചിതമായിരിക്കുമല്ലൊ. എന്നാൽ, കാളിദാസജീവചരിത്രത്തെപ്പററി നമുക്ക് അറിവില്ലാതിരിക്കുന്നതുകൊണ്ടുതന്നെ ആ വകയിൽ വിശ്വാസയോഗ്യമായ പ്രമാണങ്ങളുടെയും രേഖകളുടെയും ദാരിദ്ര്യം സൂചിപ്പിക്കപ്പെടുന്നു. തന്മൂലമായി ഇതിൽ ഉപന്യസിക്കാൻ പോകുന്ന കാൎയ്യങ്ങൾ ഈ പന്ഥാവിൽ പ്രവൎത്തിച്ചിട്ടുള്ള ഡാക്ടർ ഭാവുദാജി, എസ്. പി. പണ്ഡിററ് മുതൽപേരുടെ പ്രസംഗങ്ങളിൽനിന്നും മററും തേടിപ്പിടിച്ചിട്ടുള്ളവയാകുന്നു.

ഏതദ്ദേശീയകാളിദാസവ്യാഖ്യാതാക്കളിൽ പ്രഥമസ്ഥാനം മല്ലിനാഥഭട്ടനുതന്നെ * കിട്ടേണ്ടതാകുന്നു. ഇങ്ങിനെയിരിക്കുന്ന മല്ലിനാഥനോ, അദ്ദേഹം തന്റെ വ്യാഖ്യാനമെഴുതുന്നതിൽ മാൎഗ്ഗദൎശികളായി കരുതിയിരുന്ന ദക്ഷിണാവൎത്തനാഥ പ്രഭൃതികളായ വൃദ്ധ

* 'അരുണാമല' എന്നു മലയാളികളുടെ ഇടയിൽ പ്രസിദ്ധനായ ഒരു വ്യാഖ്യാതാവുണ്ട്. ഇദ്ദേഹത്തിന്റെ വ്യാഖ്യാനത്തിനു മല്ലിനാഥന്റേതിനേക്കാൾ ചുരുക്കവും സാരവും കൂടുമെന്നാണ് ചിലരുടെ അഭിപ്രായം. ര. ര. ക.

വ്യാഖ്യാതാക്കളെല്ലാം തങ്ങളുടെ വ്യാഖ്യാനങ്ങൾക്കു വിഷയീഭവിച്ച കവിയുടെ ജീവചരിത്രത്തെപ്പററി വ്യസനകരമായ മൌനമുദ്രയെ ധരിച്ചിരിക്കുന്നതായി കാണുന്നു.

'സ്ഥാനാദസ്മാത്സരസനിചുളാദുത്പതോദങ്മുഖഃഖം
ദിങ്നാഗാനാംപഥിപരിഹരൻസ്ഥൂലഹസ്താവലേപാൻ'

എന്ന മേഘസന്ദേശ ശ്ലോകാർത്ഥത്തെ വ്യാഖ്യാനിക്കുന്നതിൽ നിചുളനും, ദിങ്നാഗനും കാളിദാസസമകാലികന്മാരായിരുന്നു എന്നു മല്ലിനാഥൻ പറഞ്ഞുകാണുന്നുണ്ട്. എന്നാൽ, ഈ വ്യാഖ്യാനം സ്വീകാര്യമല്ലെന്നു പറയുന്നവരും അനേകം പേർ ഉണ്ട്. ഇത്ര മാത്രമേ മല്ലിനാഥങ്കൽനിന്നും കാളിദാസനെപ്പററി നാം അറിയുന്നുള്ളു. അതിപ്രകാരം സംശയസമ്മിശ്രമാണുതാനും.

കാളിദാസന്, ഇൻഡ്യയിലെ ഷേക്സ്പീയർ എന്ന നാമധേയം രസികശിരോമണിയായ സർ. വില്യം ജോൺസ് കല്പിച്ചത് ഒന്നിലധികം വിധത്തിൽ യോജിച്ചിരിക്കുന്നുണ്ട്. രണ്ടു കവികളുടെയും ജീവചരിത്രം അജ്ഞാതപ്രായമായിരിക്കുന്നുവെന്നു മാത്രമല്ല, രണ്ടുപേരുടെയും നാമങ്ങൾ തന്നെ സ്വാമാന്യാധികമായ വാദങ്ങൾക്കു വിഷയീഭവിച്ചിരിക്കുന്നു. കാളിദാസനെപ്പററി സാധാരണ അറിവുള്ള സംഗതികളെല്ലാം ഒരു വാക്യത്തിൽ അടക്കാനുള്ളതേയുള്ളു. അദ്ദേഹം ഉജ്ജയിനിയിൽ വിക്രമാദിത്യസദസ്സിൽ വർത്തിച്ചിരുന്നതായി വിശ്വസിച്ചുപോരുന്നുണ്ടു തന്നെ, ഭോജചരിത്രത്തെ പ്രാമാണ്യത്തോടുകൂടി സ്വീകരിക്കുന്നവർ സമ്മതിക്കുമെന്നു തോന്നുന്നില്ല. എങ്കിലും ഭൂരിപക്ഷാഭിപ്രായവും അദ്ദേഹത്തെ വിക്രമാദിത്യസദസ്യനാക്കിത്തന്നെ കല്പിക്കുന്നു.

'വത്മീകപ്രഭവേണരാമനൃപതിർവ്യാസേനധർമ്മാത്മജോ
വിഖ്യാതഃകിലകാളിദാസകവിനാശ്രീവിക്രമാർക്കോനൃപഃ'

എന്ന പ്രസിദ്ധശ്ലോകം തന്നെ കാൺക. വിക്രമാദിത്യസദസ്സിൽ ഉണ്ടായിരുന്ന നവരത്നങ്ങളിൽ ഒരുവനായിരുന്നു കാളിദാസൻ എന്നും, താഴെവരുന്ന ശ്ലോകംകൊണ്ടു കാണാവുന്നതാണ്.

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടകർപ്പരകാളിദാസാഃ

ഖ്യാതോവരാഹമിഹിരോനൃപതേസ്സഭായാം
രത്നാനിവൈവരരുചിർന്നവവിക്രമസ്യ.'

ഇതിൽ പറയപ്പെട്ടിരിക്കുന്ന ധന്വന്തരി ഒരു വൈദ്യനും, അമരസിംഹൻ പ്രസിദ്ധ നിഘണ്ടുകാരനും, വരാഹമിഹിരൻ ജ്യോതിഷിയും, വരരുചി ഭാഷാശാസ്ത്രജ്ഞനും, കാളിദാസൻ കവിയും ആകുന്നു. ഇവിടെ ഒന്നാമത്തെ വൈഷമ്യം വിക്രമാദിത്യൻ എന്നുള്ള രാജാവിനെക്കുറിച്ചാകുന്നു. ഈ നാമധേയത്തോടു കൂടി ഇൻഡ്യയിലെ പലരാജ്യങ്ങളിലും എന്നുവേണ്ട ഉജ്ജയിനിയിൽ തന്നെയും, അനേകം രാജാക്കന്മാർ ഉണ്ടായിരുന്നു. ഇതിൽ ഏതു വിക്രമാദിത്യന്റെ സദസ്സിലാണ് കാളിദാസൻ വർത്തിച്ചിരുന്നത്? ഈ വിക്രമാദിത്യന്മാരിൽവെച്ച് അതി പ്രസിദ്ധനായിട്ടുള്ളതു സിതിയൻസ് അല്ലെങ്കിൽ ശകന്മാരെ യുദ്ധത്തിൽ തോല്പിച്ച ക്രൈസ്തവാബ്ദത്തിന് ൫൬ കൊല്ലം മുമ്പിൽ വിക്രമാദിത്യ സംവത്സരം സ്ഥാപിച്ചവൻ എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന മഹാരാജാവാകുന്നു. സർ. വില്യം ജോൺസ്, ഈ വിക്രമാർക്കന്റെ സദസ്സിൽ തന്നെയാണ് കാളിദാസൻ ശോഭിച്ചിരുന്നതെന്ന് അഭിപ്രായപ്പെടുന്നു. വേറെ ചില പണ്ഡിതന്മാരുടെ അഭിപ്രായത്തോടു യോജിക്കുന്നതായ ഈ കാലത്തുതന്നെയായിരുന്നു കാളിദാസനു വർത്തിച്ചിരുന്നതെങ്കിൽ അദ്ദേഹം ഹോറസ്, വെർജിൽ എന്ന കവികളുടെ സമകാലികനായിരുന്നെന്നു സിദ്ധിക്കുന്നു. ഭോജപ്രബന്ധം ഐനി അക്ബരി എന്ന കൃതികളുടെ പ്രാമാണ്യത്തെ അടിസ്ഥാനപ്പെടുത്തി ക്രിസ്ത്വബ്ദം ൧൧-ാം ശതവർഷത്തിൽ മുഞ്ജരാജാവിന്റെ ശേഷം രാജ്യഭാരം ചെയ്തിരുന്ന വിക്രമരാജാവായിരുന്നു കാളിദാസന്റെ സംരക്ഷകൻ എന്നു മിസ്റ്റർ ബെൻറിലി അനുമാനിക്കുന്നു. കേണൽ വിൽഫോർട്ടും, മിസ്റ്റർ ജെയിംസ് പ്രിൻസപ്പും, അവരെ അനുസരിച്ച മൌണ്ട്സ്റ്റ്വർട്ട് എൽഫിൻസ്റ്റോണും കാളിദാസൻ ൬-ാം ശതവർഷത്തിൽ ജീവിച്ചിരുന്നതായി നിശ്ചയിക്കുന്നു. ഗുജറാത്ത്, മാൾവ, ദക്ഷിണാപഥം മുതലായ ദിക്കുകളിൽ മുഞ്ജന്റെ സഹോദരപുത്രനായ ഭോജന്റെ സദസ്സിൽ ഒരുവനായിരുന്ന കാളിദാസൻ എന്നു ഭോജപ്രബന്ധം എന്ന കൃതിയെ അനുസരിച്ചു വിശ്വസിച്ചുപോരുന്നു.

ഉജ്ജയിനിയിൽ അനേക ഭോജന്മാരും അനേക വിക്രമാദിത്യന്മാരും ഉണ്ടായിരുന്നു എന്നും, അതിൽ അന്ത്യനായ ഭോജൻ ക്രിസ്ത്വാബ്ദം ൧൧-ാം ശതവൎഷത്തിൽ വൎത്തിച്ചിരുന്നുവെന്നും തെളിയുന്നു. മുമ്പറഞ്ഞ രണ്ടഭിപ്രായങ്ങളെയും സാധു എന്നു വെച്ചു പരിപാലിക്കേണമെങ്കിൽ, നവരത്ന സദസ്യനായ വിക്രമനു ഭോജൻ എന്നുകൂടി പേരുണ്ടായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ കാണുന്ന ശിലാലിഖിതങ്ങളിലും മററും സമുദ്രഗുപ്തൻ എന്ന രാജാവിനെ കവികളുടെ ബന്ധുവായി വൎണ്ണിച്ചിരിക്കുന്നതുകൊണ്ടു ആ രാജാവിന്റെ സഭയിലായിരിക്കണം, അതായതു ക്രിസ്ത്വാബ്ദം രണ്ടാം ശതവൎഷത്തിന്റെ ഉത്തരാൎദ്ധത്തിലായിരിക്കണം കാളിദാസൻ വൎത്തിച്ചിരുന്നതെന്നു പ്രഫെസർ ലാസൻ ഊഹിക്കുന്നു. മൊസെഫോഷോ എന്ന ആൾ കാളിദാസന്റെ കൃതികളെ ഫ്രഞ്ചുഭാഷയിലേക്കു തൎജ്ജമ ചെയ്തിട്ടുണ്ട്.

'സത്വനേകവനിതാസഖോപിസൻ
പാവനീമനവലോക്യസന്തതിം
വൈദ്യയത്നപരിഭാവിനം ഗദം
നപ്രദീപഇവവായുമത്യഗാൽ.'

ഇങ്ങിനെ രഘുവംശാവസാനത്തിൽ മരിച്ചതായി വൎണ്ണിച്ചിരിക്കുന്ന അഗ്നിവൎണ്ണന്റെ കാലശേഷം ജനിച്ച രാജാവിന്റെ രാജ്യഭാരകാലത്തു കാളിദാസൻ ജീവിച്ചിരുന്നതായി ടി. ഫോഷേ വിചാരിക്കുന്നു. ഈ വിശ്വാസത്തിന്റെ ഹേതു, രഘുവംശത്തിൽ അഗ്നിവൎണ്ണന്റെ ശേഷമായി യാതൊരു രാജാവിന്റെയും പേരു കാണുന്നില്ല എന്നതായിരിക്കാം. അഗ്നിവൎണ്ണസുതന്റെ കാലത്തു കാളിദാസൻ ജീവിച്ചിരുന്നു എങ്കിൽ ആ രാജാവിനെപ്പററി വല്ലതെങ്കിലും രഘുവംശത്തിൽ പറയാതിരിക്കുമായിരുന്നോ? ആകയാൽ ഫോഷേയുടെ അഭിപ്രായം വളരെ സ്വീകാൎയ്യമായി തോന്നുന്നില്ല. കാളിദാസന്റെ കാലത്തെപ്പററി ഖണ്ഡിതമായ അഭിപ്രായവും പ്രഫെസർ വിൽസന് ഇല്ലെങ്കിലും, വിക്രമാദിത്യാബ്ദസ്ഥാപകനായ വിക്രമാദിത്യന്റെ കാലത്തിൽ തന്നെയായിരുന്നു കാളിദാസനും എന്നു അദ്ദേഹത്തിനു ഗൌരവമായി ചില ശങ്കകൾ ഉള്ളതുപോലെ

തോന്നുന്നു. 'അനൽസ് ആഫ് രാജസ്ഥാൻ' എന്ന ഗ്രന്ഥത്തിൽ ഹിന്ദുസാഹിത്യം ഉള്ള കാലം മുഴുവനും ഭോജപ്രമാരന്റെയും, അദ്ദേഹത്തിന്റെ സദസ്യന്മാരായിരുന്ന നവരത്നങ്ങളുടേയും നാമധേയങ്ങൾ നശിക്കുന്നതല്ലെന്നും, ഈ നാമധേയമുള്ള മൂന്നുരാജകുമാരന്മാരിൽ ആരെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നതെന്നു ഖണ്ഡിതമായി പറയാൻ പാടില്ലെങ്കിലും അവരെല്ലാവരും വിദ്യാപ്രോത്സാഹകന്മാരായിരുന്നു എന്നും പറഞ്ഞിട്ട കേണൽട്ടാഡ് ഇപ്രകാരം എഴുതിയിരിക്കുന്നു. ഒന്നാമത്തെ ഭോജന്റെ കാലം വിക്രമാദിത്യവർഷം ൬൩൧-ം (ക്രിസ്തുവർഷം ൫൭൫) രണ്ടാമത്തവന്റെ കാലം ൭൨൧ അതെ വർഷം ൧൦൯൧-ം അന്ത്യന്റെ കാലം ൧൨൦൦-ം ആകുന്നു.

(തുടരും)

പി. കെ. നാരായണപിള്ള. ബി. എ.

ഒരു എഴുത്ത്.

മുന്നംവരുന്നോരുപദ്യത്തിനുമറുപടിഞാനൊന്നയച്ചോരുമൂലം
പിന്നീടയച്ചപദ്യംവിരവിനൊടിതുപോൽ ഞാനുമുന്നിദ്രമാത്രം
നന്നായസ്വാദിച്ചുകണ്ടേൻമറുപടിയെഴുതാനന്നുവല്ലാത്തമാന്ദ്യം
വന്നീടാനുള്ളബന്ധംപരിചൊടുപറയാമസ്സലാംമതസഭകേൾ. ൧

പത്രംവന്നണയാഞ്ഞുമല്ലതുമഹാനിസ്സാരമെന്നോർത്തുമ-
ല്ലുൾത്താരിങ്കൽനിനച്ചപദ്യമുളവായീടാഞ്ഞുമല്ലേതുമേ
പത്ഥ്യാതങ്കയുമല്ലെനിക്കെഴുതുവാൻപത്രങ്ങൾകിട്ടാഞ്ഞുമ-
ല്ലൊന്നില്ലാഇതുമല്ലകാരണമുരച്ചീടാംധരിച്ചീടണം. ൨

സമ്പൂർണ്ണാദരമോടുപദ്യരസധാരാവാനാ-
യമ്പോടിതിന്നെഴുതുവാൻമടിയല്ലതെല്ലും
കമ്പത്തിൽവെച്ചുപകരമമിതെന്നുചൊല്ലും
വമ്പുള്ളലോകമതുകൊണ്ടുമടിച്ചിരുന്നേൻ. ൩

മതസൌഖമൽഗിരംകേൾപ്പാ-
നൽ സുഖംപരമെങ്കിലോ
തപതസമീപമതിൽചെൽക്കാം
മത്സരിക്കുകയല്ലഞാൻ. ൯

കവികുലതിലകന്മാർകൈവണങ്ങുംഭവാനോ-
ടിവനിഹകിടയാകുമോപദ്യമൊന്നർപ്പിപ്പാൻ
ശിവ!ശിവ!നിരുപിച്ചാലാവതില്ലെങ്കിലുംഞാൻ
തവഹിതമതുപോലെതീർത്തിടാമാത്തമോദം. ൦

മല്ലാക്ഷിമാരുടെമനോമണിമന്ദിരത്തെ-
ലുല്ലാസമോടുവിലസുംവിനയാംബുധേഞാൻ
വല്ലെങ്കിലുംപുനരിനിക്കവിതപ്പിന്നോ-
ട്ടല്ലെന്നുറച്ചുചിരതിന്നുചമച്ചിടുന്നു. ൧

വിശേഷിച്ചുവൃത്താന്തമൊന്നുണ്ടതിപ്പോ-
ളശേഷാകഥിക്കാമടിക്കാമതൊന്നാം
വിശങ്കാവിധംകേളിതെല്ലാംഭവാൻകൈ-
വശംകിട്ടിയാൽകണ്ടുകൊണ്ടാടിടേണം. ൨

തരുപ്പൂരവൃത്തിരിപ്പുകഴൊമന്നാരവീടത്തുണ്ടാ-
രെത്തുകാപ്പൂത്തവിടെയുള്ളോരുപെണ്ണുങ്ങൾതന്നാൾ
ദുഃഖമേപെരുത്തുനിശയിൽവഹ്നിഗൃഹമായി-
പ്പോയപേരുള്ളമരമൊന്നുതു,ഞെട്ടിണങ്ങൻ. ൩

തരുശിരസികരേറിനല്ലകൊമ്പ-
ത്തൊരുകയർകൊണ്ടുചാടിത്താൻവരിഞ്ഞുകെട്ടി
മരതലഗളസീമ്നികെട്ടിഞാന്നി-
ട്ടൊരുവിധമാത്മകൃതാന്തവീട്ടുപൂകാം. ൪

ഉ

പൊങ്ങച്ചാർ കണവൻറെ കൈപ്രഹരമോരോരിദ്ര്യപൂർവ്വാംകടം
വാങ്ങിച്ചിട്ടവർവന്നപാടത്തുകിടന്നിട്ടുള്ളമുട്ടാകയോ
എങ്ങിച്ചാകിലമർത്ത്യനാടകലയാമെന്നൊന്നചിന്തിപ്പുമോ
ഞങ്ങിച്ചാവതിനുള്ളസംഗതിയതിന്നെന്തെന്നറിഞ്ഞീലഞാൻ. ൧൭

ബലാത്ഭംകേളിതുകേമംകൈകൊണ്ടു
ബുദ്ധികയംവേണ്ടവാനശേഷം
വൃദ്ധസ്ത്രൂദിച്ചിടിനുമാഹമെല്ലാം
സിദ്ധിച്ചസിദ്ധികളുതന്നമൂലം. ൧൮

മെയ്യിൽചാരമണിഞ്ഞുരാവുമടിച്ചുച്ചോവ്വപ്പാത്തിട്ട-
ന്നാട്ടൻതൻറചിരിച്ചിയിൽഗുണമിവർക്കിന്നോരൊന്നേറിട്ടും
പൊയ്യല്ലെൻമൊഴിലഭിപ്പതൻറപടപണ്ടുണ്ടായനാളൊക്കയും
ചൊല്ലാൻപ്രാപ്തിയതായിവർക്കുവേദനാത്താലുമാതങ്ങാദരം. ൧൯

കലിയുഗമതുകൊണ്ടുവന്നകൂട്ടം
കലഹപലായകലിതാദരംകഥിപ്പാൻ
ഉലകതിലൊരിവർക്കുമാവതല്ലി-
ന്നലഘുമതേ! പലതുണ്ടുപോലിവണ്ണം. ൨൦

സംപ്രീത്യാസപ്തചൃതാലയമതിലമരുംകുഞ്ഞനെങ്ങാണ്ടുപോയി
സമ്പാദിച്ചാണനിപ്പോളകനിവിടെനടക്കുന്നതിന്നില്ലമാനം
വമ്പേറുംകട്ടമശ്ശേരിയിലമിതസുഖംവാണിടുന്നോരുകട്ടൻ
നമ്പൂരിക്കുംപിടിച്ചൻകളിയതുകളിയല്ലെട്ടനാലുംമുട്ടിപ്പോലും. ൨൧

ഇറച്ചിതിന്നങ്ങിനെസഞ്ചരിക്കും
ചിറിച്ചിതൻമെയ്യിലുമിപ്രകാരം
നിറച്ചുപെട്ടിട്ടതിമാത്രമയ്യൻ
വിറച്ചുപോലുംവിരഹാമയത്താൽ. ൨൨

പാരംതാൽഗ്രഹഭാരമായൊരുമഹാദുഃഖാബ്ധിയെക്കൊള്ളഹോ
പാരാതിന്നൊരുപത്തിരട്ടിപെരുതായീടുംമഹാദ്ദീൎഘയാം
പാരാവാരമതിൽക്കിടന്നുപിടയുംമൽക്കാൎയ്യമൊന്നുംഭവാ-
നോരാതൊഞ്ഞാപറയുന്നുകേരളമതിൽക്കേളിപ്പെട്ടുംസൽകവേ! ൫൭

ഇപ്പോൾജ്ജോലികളൊന്നുമില്ലപറവാൻതാൽപ്പൎയ്യമില്ലെന്നാൽഭവാ-
നിപ്പാരിങ്കലണഞ്ഞുപത്തുദിവസംപാൎത്തിടുവാനാഗ്രഹം
ഉൾപ്പൂവിൽപരമുണ്ടിനിക്കതുനിനച്ചിപ്പത്രമഞ്ഞെതിയാ-
ലപ്പോളാശയതാരിലോൎത്തുകരുണാലേശംപ്രകാശിക്കണം ൫൮

സാരസ്യാകരമാണുസാക്ഷാൽസരസിജവിശിഖൻതന്റെരാജ്യമെജ്ജയി
വാരസ്യാരൊരുത്തുതസ്ലൂടതിസുഖമവിടത്തന്നെവാഴുന്നതില്ലേ? [൫൯
ഏറുന്നസ്സന്തോഷമുണ്ടിന്നവരുടെവിവരംവിസ്തരിച്ചൊന്നുകേൾപ്പാൻ
പാരിൽസ്സാരജ്ഞരെല്ലാമടിമലർപണിയുംപൂൎണ്ണപുണ്യാംബുരാശേ!

ഒട്ടല്ലൻകഷ്ടകാലംകരതലമതിൽഞാൻപെട്ടമേന്തിക്കിടപ്പാൻ
വട്ടംകൂട്ടിപ്പുറപ്പെട്ടളവതിലൊരുനാൾകാക്കല്ലൂക്കോട്ടകൂടി
പിട്ടല്ലന്നോകടിച്ചിട്ടുടലുകിടുകിടുന്നഞ്ഞെന്നവട്ടച്ചചിത്തം
പൊട്ടുന്നാപ്പൂട്ടവെച്ചന്നവിടെയതുവശാൽവന്നതില്ലന്നപായം. ൬൦

പ്രത്യേകമായെഴുതുവാനിനിയുംവിശേഷ
വൃത്താന്തമുണ്ടുവളരെപ്പുനരെങ്കിലുംഞാൻ
നിൎത്തുന്നുനിസ്തുലമതേ!തവഭൃത്യനായ
കൎത്താവുതാൻധൃതിപിടിച്ചതുകാരണത്താൽ. ൬൧

നട്ടുവമിഹധരിപ്പാൻപദ്യജാലങ്ങളെന്നൊ-
ട്ടുടവിലൊടെഴുതുന്നേൻ മെന്മേണിക്കസ്സൂരൻഞാൻ
തടവുകളിടയാതെത്രവന്നെത്തിയെന്നാ
ലുടനെഴുതിവിടേണംഹൃദ്യമാംപദ്യജാലം. ൬൨

ഊഴിതലത്തിങ്കലതിവകീർത്ത്യാ
വാഴുംഭവാനിക്കവിതല്ലകിന്നാം
വീഴക്ഷരംകൊണ്ടുവരുന്നതെല്ലാം
പോഴത്തമാണെന്നുനിനച്ചിടൊല്ല. ൨൯

രാജശ്രീനട്ടുവത്തിന്നു
വ്യാജംചാലക്കുടിക്കഹോ
ഉള്ളഗ്ഗുഢങ്ങൾവെള്ളാര-
പ്പിള്ളിനിന്നുവരുന്നത്. ൩൦

ഒരു കഥ



സ്വാതന്തറിയവന്നു സന്തതിയില്ലാതെയും സന്തതി പെരുത്തവർക്ക് കൊററിന്നില്ലാതെയും വരുന്നതു ദൈവഗത്യാ വരുന്നതാണെങ്കിൽ ആ ദൈവത്തിനു വിവേകം കുറയുമെന്നു പറയാം. 'യജ്ജന്മാന്തരകൃതം കർമ്മതദ്ദൈവമിതികഥ്യതെ' എന്നാരൊ പറഞ്ഞിട്ടുള്ളതു സത്യമെന്നു വിശ്വസിക്കുന്നവർക്ക് ഒരു മാതിരി ദുർദ്ദശയിലും അതിൽനിന്നു മുളച്ചുപടരുന്ന വിപത്തുകളിലും പെട്ടുവലയുമ്പോൾ സ്വയംകൃതാനർത്ഥമെന്ന സമാധാനം ഒരുമാതിരി ജീവരക്ഷൌഷധം തന്നെ.

ഉദയമാർത്താണ്ഡന്റെ കുലം എത്രയോ പുരാതനമായിട്ടുള്ളതാണ്. കുടുംബത്തിൽ താനും വന്ധ്യയാണെന്നു തീർച്ചവന്നിട്ടുള്ള തന്റെ ഭാൎയ്യയും മാത്രമെ ഉള്ളു. സ്വത്തൊ ജലധിജലംപോലെ പെരുകിച്ചുറ്റും ദിവസന്തോറും വർദ്ധിക്കുന്നതുമാണ്. ഉദയമാർത്താണ്ഡ

ന്നും അദ്ദേഹത്തിന്റെ ഭാൎയ്യ ജഗന്മോഹിനിയും ജാത്യാ പിത്തദേഹക്കാരാണെന്നുള്ളതിനു പുറമെ ഇരുവൎക്കും ഉദരരോഗം നിമിത്തം എപ്പോഴും ഉണ്ണുംപോലെ ഉണ്ണുന്നതിനോ ശിരോരോഗംകൊണ്ട് എണ്ണതേച്ചുകുളിപ്പാനോ പാടില്ല. അനാവശ്യത്തിൽ ചിലവുചെയ്യാത്തവൎക്ക് ആവശ്യങ്ങളും കുറഞ്ഞുവരും. അന്നദാനം മുതലായ 'സല്ക്കാൎയ്യവും തന്നെ ഭക്ഷണം ദ്രവ്യത്തി'നെന്നും മററും പറയുന്നതു വെറുതെ. എത്രയോകാലം മുമ്പു തുടങ്ങി ഉദയമാൎത്താണ്ഡന്റെ താരമനയിൽ ഒരുപിടി ഭിക്ഷപോലും കിട്ടില്ലെന്നു ലോകപ്രസിദ്ധമാണ്. എന്തായാലും ഉദയമാൎത്താണ്ഡൻ തൊട്ടതെല്ലാം വൎദ്ധിച്ചേ വരുന്നുള്ളു.

ജമീന്താർ മണിരാമന്റെ കഥ നേരെമറിച്ചാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ ഇരുപത്തഞ്ചുകൊല്ലത്തിനിപ്പുറം അറുപതിൽ ചില്വാനം ആളുകൾ വൎദ്ധിച്ചിട്ടുണ്ട്. പണ്ടുതന്നെ കഷ്ടിച്ചുകഴിയാൻ മാത്രമേ സ്വത്തുള്ളു. പതിനൊന്നു കല്യാണങ്ങളും ചില ചികിത്സകളും കഴിച്ചതോടുകൂടി മുമ്പുള്ള സ്വത്തിൽ പകുതിയിലധികവും നശിച്ചു. അത്യാവശ്യമായ കാൎയ്യങ്ങൾക്കു പണം കിട്ടാതെ ബുദ്ധിമുട്ടുകൊണ്ടു പിന്നെയും പിന്നെയും ആലോചിച്ചതിൽ ഉദയമാൎത്താണ്ഡനുമായി ഒരു വിവാഹം നടന്നാൽ എന്തെങ്കിലും നിവൃത്തിയുണ്ടെന്നു കണ്ടു അതിനു യത്നിക്കുകയും മണിരാമന്റെ മകൾ കാമമണിദേവിയെ ഉദയമാൎത്താണ്ഡനു കൊടുപ്പാൻ തീൎച്ചയാക്കുകയും ചെയ്തു. സന്തതി കുറയുന്നതിനും സമ്പത്തേറുന്നതിനും മണിരാമൻ ആലോചിച്ചുണ്ടാക്കിയ പ്രതിവിധി പററി.

ജഗന്മോഹിനി സൌന്ദൎയ്യത്തിലും സൌശീല്യത്തിലും യഥാൎത്ഥമായി ജഗന്മോഹിനി തന്നെയാണ്. താൻ വന്ധ്യയാണെന്നു തീൎച്ചപ്പെട്ടതിന്നുശേഷം സന്തതിക്കു വേണ്ടി ഇനി ഒരു വിവാഹം കൂടി ചെയ്യണമെന്ന് ഉദയമാൎത്താണ്ഡനോടു അപേക്ഷിക്കാറുണ്ട്. ആ കാൎയ്യം ഉദയമാൎത്താണ്ഡനു സമ്മതമായിരിക്കുന്ന മദ്ധ്യത്തിലാണ് കാമമണിദേവിയുടെ വിവാഹത്തെപ്പററിയുള്ള ആലോചന ചെന്നത്. സന്തതിക്കുവേണ്ടി പെണ്ണെടുക്കുന്നതിനു മണിരാമന്റെ കുലംപോലെ മറെറാന്നില്ലല്ലോ. അതോടുകൂടി രൂപലാവ

ണ്യവും വൈദുഷ്യവും ഇംഗ്ലീഷ് വിദ്യാഭ്യാസവും കോമളനിക്കുണ്ടെ ന്നും കേട്ടപ്പോൾ ഉദയമാർത്താണ്ഡൻ തൽക്ഷണം വിവാഹം നിശ്ചയമാക്കി. കല്യാണം ഘോഷമായി കഴിക്കേണ്ടതിന്ന സാമഗ്രികളൊക്കെ ഒരുക്കാനുള്ള താമസം മാത്രമേ പിന്നെ വേണ്ടിവന്നിട്ടുള്ളു.

വിവാഹത്തിന്ന മുമ്പ് കോമളനിയുടെ സ്വഭാവത്തെപ്പറ്റി മാത്രം യാതൊരാലോചനയും ചെയ്തിട്ടില്ലായിരുന്നു. ആഭിജാത്യം, സൗന്ദര്യം, ദ്രവ്യം, രൂപഗുണം, വ്യുല്പത്തി, വിനയം മുതലായ അനേക കാര്യങ്ങളിൽ കോമളനി ധരിച്ചിട്ടുള്ളതെല്ലാം ഉദയമാർത്താണ്ഡന്റെ അഭിപ്രായത്തിൽ ഉത്തമങ്ങളായിരുന്നു. കോമളനിയുടെ അഭിപ്രായങ്ങളോടുകൂടി യോജിക്കാത്തവയെല്ലാം അറിവില്ലാത്ത മൂഢന്മാരുടെ [illegible] അവരുടെ [illegible]. അങ്ങിനെ ഒന്നിനെ [illegible] ഒരു നിലയില്ലാതെ അവരവർ [illegible]. [illegible] ഉദയമാർത്താണ്ഡനും കോമളനിയും [illegible] ചെറുപ്പമായി വല്ലാപവും സാമർത്ഥ്യവും [illegible] [illegible] ഇതിനെപ്പോലെ [illegible] വിട്ടിൽക്കൂടെ പോയി വിട്ടാൽ [illegible] കോമളനി [illegible] ഇടങ്ങി സ്വാതന്ത്ര്യത്തിൽ [illegible] അധോഗതി തുടങ്ങിയാൽ പിന്നെയും അടിയിൽ പോയല്ലാതെ ഊർദ്ധ്വഗതിയില്ലല്ലൊ.

ഇന്നുള്ള പ്രാവിൽ ഇന്ത്യക്കാരിയും പണ്ടുള്ളതുമായ പട്ടത്തിൽ പാറിപ്പിടിക്കുന്നതു സാധാരണയായതുകൊണ്ട സദാനന്ദഗോപാലശാസ്ത്രികൾ ഉദയമാർത്താണ്ഡന്റെ ആപ്തനായി വന്നിട്ടുള്ളതിനെപ്പറ്റി ജനാപവാദമുണ്ടെന്നുമാത്രമല്ലാതെ ഉദയമാർത്താണ്ഡന ശാസ്ത്രികളുടെ സംസർഗ്ഗംകൊണ്ട് ഇതുവരെ യാതൊരു ദോഷവും ഉണ്ടായിട്ടില്ല. മന്ത്രത്തിലും തന്ത്രത്തിലും മരുന്നിലും ഇദ്ദേഹത്തിന്ന് ഉണ്ടെന്നു പറയുന്ന അറിവു വാസ്തവത്തിൽ ഉള്ളതു തന്നെയാണ്. ജ്യോതിഷത്തിൽ ഇദ്ദേഹത്തിനുള്ള നിപുണതകൊണ്ടു വർത്തമാനം ശരിയായി പറയുന്നതു ദിവ്യദൃഷ്ടിയാണെന്നും ക

ന്ത്രയക്ഷിയാണെന്നും പ്രസിദ്ധിയുള്ളതു മാത്രമേ അവാസ്തവമായിട്ടുള്ളൂ. സർവ്വധാശാസ്ത്രികളായ ഇദ്ദേഹത്തെ ഉദയമാർത്താണ്ഡനു വളരെ ബഹുമാനമായിരുന്നു. നാലടാതിമാസം നടയാത്രമാസം എന്നു നിയമമുള്ളവനായതുകൊണ്ട് എല്ലായ്പ്പോഴും ഇദ്ദേഹത്തിനോടാലോചിച്ചു കാര്യങ്ങൾ ചെയ്വാൻ സാധിക്കാറില്ലെങ്കിലും ഇദ്ദേഹം അരമനയിൽ ഉള്ള കാലത്ത് ഇദ്ദേഹത്തോടാലോചിക്കാതെ ഉദയമാർത്താണ്ഡൻ യാതൊന്നും ചെയ്യാറില്ല. തങ്കമണിയുടെ വിവാഹകാലത്തു സഞ്ചാരത്തിലായിരുന്നതിനാൽ ആ വിവാഹംകൊണ്ടുള്ള ഗുണദോഷങ്ങളെപ്പറ്റി ശാസ്ത്രികളോടാലോചിക്കാൻ തരമായില്ല. സഞ്ചാരം കഴിഞ്ഞു ശാസ്ത്രികൾ വന്നുചേർന്നതു പുതിയ വിവാഹത്തിൽ വരാൻ പോകുന്ന വൈപരീത്യത്തിന്റെ നിഴൽ കണ്ടുതുടങ്ങിയപ്പോഴാണ്. ശാസ്ത്രികൾ അരമനയിൽ വന്നെത്തിയതിന്നുശേഷം കുശലപ്രശ്നം കഴിഞ്ഞുടനെ വിവാഹപ്രശ്നമാണുണ്ടായത്. (തുടരും)

കാരാട്ട് അച്യുതമേനോൻ ബി. ഏ. ബി. എൽ.

പലവക

പുസ്തകാഭിപ്രായം.

പഞ്ചതന്ത്രം മണിപ്രവാളകാവ്യം.

ഭാഷകൾക്കു രസം കൊടുക്കുന്ന വിഷയത്തിലും സദാചാരോപദേശപ്രദാനമെന്ന പ്രധാനോദ്ദേശ്യകാര്യത്തിലും വിചാരിച്ചരികിൽ കഷ്ടമാവുന്ന വായനക്കാർക്ക് ഇഷ്ടാംശമുണ്ടാക്കിത്തീർക്കുന്ന ചില പുതിയ പുസ്തകങ്ങളെപ്പറ്റി അഭിപ്രായംപറയുമ്പോൾ കേവലം നിർദ്ദാക്ഷിണ്യമായും എന്നല്ല ചിലപ്പോൾ കരകവിഞ്ഞ ദ്വേഷത്തോടും കൂടി കാണിക്കാറുണ്ടെന്നു ചില ഗ്രന്ഥകാരന്മാരുടെ ഇടയിൽ രഞ്ജിനിയെപ്പറ്റി ഒരു അഭിപ്രായമുണ്ടാവാനിടയുണ്ട്. പക്ഷേ ഒരുവന്റെ മുഖംനോക്കി സേവപറയുന്നതിനേക്കാൾ ഭാഷയ്ക്കും ജനങ്ങൾക്കും പൊതുവിൽ ഗുണം വരുത്തക്കവിധം വാസ്തവം പറയുന്നതാണ് കാര്യം എന്നത്രേ രഞ്ജിനിയുടെ ദൃഢവിശ്വാസം.

'പഞ്ചതന്ത്രം മണിപ്രവാളകാവ്യ'ത്തെപ്പറ്റി പറയുമ്പോൾ ആ കാവ്യത്തിന്നു ദോഷത്തെക്കാൾ ഗുണമാണ് അധികമെ

ന്നോ, വെട്ടത്തുനാട്ടിലെ കവികിശോരന്മാരായ വള്ളത്തോൾ നാരായണമേനോൻ മുതൽപേരുടെ ഈ കവിതയും സഹജമായ രചനാസാമർത്ഥ്യത്തെയും മനോധൈര്യത്തെയും കാണിക്കുന്നുണ്ടെന്നോ, കവിതാഭ്രാന്തന്മാരെല്ലാം ഇതുവാങ്ങി വായിക്കേണ്ടതാണെന്നോ എന്നും മററുമുള്ള വെറും മുഖസ്തുതിയല്ലാത്ത പ്രശംസാവാചകങ്ങൾകൊണ്ടു സ്ഥലം നിറക്കുന്നതല്ല രഞ്ജിനിയുടെ മുറ. വാസ്തവത്തിൽ ഈ പുതിയഗ്രന്ഥംകൊണ്ട് എത്രമാത്രം ഉപയോഗമുണ്ടെന്നാണ് ആലോചിക്കേണ്ടത്. സാക്ഷാൽ കുഞ്ചൻനമ്പ്യാരുടേയോ അല്ലെങ്കിൽ കല്യാണക്കളത്തിലെ ശാഖപഠിഷ്ഠാരാടിയുടേയോ ആരുടെ കൃതിയാണെന്ന് ഇന്നും തീർച്ചപ്പെട്ടിട്ടില്ലാത്തതും വളരെ സരസവും പ്രസിദ്ധവുമായ പഞ്ചതന്ത്രം കിളിപ്പാട്ടുകൊണ്ടു മലയാളികൾക്കു കിട്ടുന്ന ഗുണത്തിൽനിന്നധികം മതഗുണവും ഈ പുസ്തകംകൊണ്ടു കിട്ടുവാനുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. 'എളുപ്പത്തിൽ പഠിപ്പാനും, ഓർമ്മയിൽവെപ്പാനും, സന്ദർഭോചിതമായി പ്രയോഗിപ്പാനും കിളിപ്പാട്ടിനെക്കാൾ അധികം നല്ലതു ശ്ലോകമാണെന്നുള്ളതിന്നും സംശയമില്ല'. എന്ന് ഈ പുസ്തകത്തിന്റെ മുഖവുരയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഞങ്ങൾക്ക് ആ സംശയം തീർന്നുകഴിഞ്ഞിട്ടില്ല. ഇവരുടെ പരിശ്രമം എന്തെങ്കിലും പുതിയവിഷയങ്ങളിലായിരുന്നുവെങ്കിൽ മലയാളഭാഷയ്ക്ക് അധികം ഗുണമുണ്ടാകുമായിരുന്നു എന്നാണ് ഞങ്ങൾ പറഞ്ഞതിന്റെസാരം. ഈ പുസ്തകത്തിലെ സരസകവിതാരീതി കാണിക്കുവാൻ രണ്ടു ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

'ഭുവനാധിനാഥനെതാനെന്നാണോ
യവനസ്സുവർണ്ണമരീചിച്ചനില്ലക്കു
ശിവ! രാമ! ദരിദ്രനാം പുമാനും
ശവവും തങ്ങളിലെന്തു ഭേദമുള്ളൂ'

ഇടയ്ക്കുകൂടലക്കില്ല മുടവുണ്ടെന്നുകാണുകിൽ
പടയും ചെന്നു മണ്ടാട്ടുപടവെട്ടിജ്ജയിക്കണം(൩-ാം തന്ത്രം. ൩൬)


എന്നാൽ ദോഷം പറവാനും വല്ലതും ഉണ്ടായിരിക്കാം.

'പത്തുനൂറ്റുതുലാമിതമൊപ്പമൊത്തകൃഷികന്നിയമായുരാജ്യത്തു * * '

ഈ വക യതിഭംഗം കേശിയാണെന്നുള്ള ഭ്രമം ഇനിയെങ്കിലും ഇല്ലാതെയായാൽ നന്നായിരുന്നു.

P. SUBBAROY'S

World- renowned and most efficacious Ayurvedic medicines



പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവേദ ഔഷധാലയം.



൧. ലോകപ്രസിദ്ധമായധാതുപുഷ്ടികരി

ധാതു നഷ്ടം, ബലഹീനത ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നെഞ്ചു, കൈ, കാൽ, മുതലായവയുടെ നീററൽ, നീർതാഴ്‌വ്, മധുമേഹം, കല്ലടപ്പ് (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൭ വേറെ

൨. പ്രമേഹനിവാരണി.

സിദ്ധമേഹം ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മൂത്രം പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ൧-ക്കു വില രൂപ ൧ മൂന്നു കുപ്പികൾവരെയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൫

൩. സർവ്വവേദനസംഹാരി

ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വിഷമുഷ്ടിവാതം നെഞ്ചുനോവു തലവേദന ഇതു മാംസങ്ങളുണ്ടാകുന്ന ശൂല, ഇടുപ്പുവേദന പാർശ്വവായു മേഹവായു തിമിർവായു മുതലായ പല വ്യാധികളും ഭേദപ്പെടും കുപ്പി ഒന്നുക്കു വില രൂപ ൧ തപാൽ ചിലവു അണ ൫


൪. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി തഴുതണം, നഖുണങ്ങണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം ചൊറിരോഗങ്ങളും പലതും മാറും. തൊലി മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിനു ൪-ണ തപാൽ ചിലവു മൂന്നു കുപ്പിവരെ ൫ ണ വേറെ

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

൩. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സഞ്ചിയിൽ ഉപയോഗിക്കേണ്ട വിലയേറിയ സാധനം. തലവേദന, വായ്നാറ്റം, അജീർണ്ണം പിത്തവായു ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീർണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ൧ മുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറ്റിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ണ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്കു തപാൽകൂലി ൩ണ.

൪. നേത്രചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാവിധ നേത്രരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩-ണ. തപാൽ ചിലവു ൨ കുപ്പിവരെ ൧ ണ വേറെ

൫. ജ്വരസംഹാരി.

കുളിർപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. വില ഡപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൩ ണ വേറെ

൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇവ ഇടവപുഷ്ടിയായും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൬ ണ തപാൽ ചിലവു ൧ ണ വേറെ.

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ ണ വേറെ

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൧൦. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുനോവു, വായനാററം അജീൎണ്ണം വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക അണ ൨ തപാൽകൂലി അണ ൧ വേറെ

൧൧. കൎണ്ണബിന്ദു.

ചീക്കാളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧ക്കു ൨ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ അണ വേറെ

൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൨ അണ തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൧ അണ വേറെ

൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, കൃച്ഛ്രം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദോഷവെളുപ്പു, പൂവു, ചെങ്കപ്പു, എരിച്ചിൽ ഇമ, ചൂടിക്കെട്ടു ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു ൨ അണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൧ അണ വേറെ.

൧൪. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു ൨ അണ തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൧ അണ വേറെ

൧൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിട്ടുള്ള മനോഹരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ഉറുപ്പികത്തൂക്കത്തിനു ൨൫ ക വില. ഒരു ഉറുപ്പികമുതൽക്കുള്ള ഏതു സാധനവും വീപ്പിയായിട്ടും അയക്കപ്പെടും തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൧൬. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊട്ടന്നനെ ആശ്വാസം കാണും. ഒരു കുപ്പി കൈവശത്തിലുണ്ടെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧ ക്ക ൨ ക വ്യ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ ൧ ക്ക ൨ ക വ്യ ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൭ ണ

൧൭. വ്രണവിരോപണ തൈലം.

ഈ കുഴവു പിത്തപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും [illegible] ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില വ്യ ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ ൩ ണ മാത്രം

൧൮. കണ്ണുശുദ്ധിഗുളിക.

ഇതു കണ്ണാരം തെളിഞ്ഞു ശരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, [illegible] ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില വ്യ ണ വി പി കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

൧൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, ശുദ്ധതയും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനും പുറമെ ദേഹത്തിന്നു ആരോഗ്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില വ്യ ണ വി പി കമ്മീഷൻ ൩ ണ

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സു, ഉറക്കമില്ലായ്മ ഇവയും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരു പോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ വി പി കമ്മീഷൻ ൬ കുപ്പിവരെ ൩ ണ

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൨൧. ഒന്നാന്തരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ്, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു. വില ൪ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൪ ണ.

൨൨. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങു, ചൊറി, പൊരുൻ, പുഴുക്കടി, താരണം, മട്ടവട്ട മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി പി കമ്മീഷൻ ൪ ണ

ഒന്നാന്തരം ഗോരോചനം തോല ൧-ക്കു വില ൪ ക. ഒന്നാന്തരം കുങ്കുമകേസരം തോല ൧-ക്കു വില ൧ ക. ഒന്നാന്തരം പച്ചക്കർപ്പൂരം, തോല ൧-ക്കു വില ൨ ക. ഒന്നാന്തരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി സുഗന്ധ, ഹിന, മഗിഡാമ്പു അത്തർ മുതലായതുകളും എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല തൂക്കത്തിനു ക ൧-ൻ വു തപാൽക്കൂലി പുറമെ.

				ക.	ണ.	സ.
ഒന്നാന്തരം ഗോരോചനം ത്രപാത്തുക്കം			൧-ക്കു	൪	൦	൩
ടി	കുങ്കുമം	ടി	൧ ക്കു	൫	൦	൦
ടി	പച്ചക്കർപ്പൂരം	ടി	൧-ക്കു	൧	൦	൦

൨൩. രക്ഷാമൃതം.

ഇതു ഈ നാട്ടിലെ സസ്യങ്ങളിൽനിന്നു ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു പൊടിയാണ്. കാപ്പിക്കും ചായക്കും പകരം ഉപയോഗിക്കേണ്ടുന്ന ഒരു ഭക്ഷണദ്രവ്യമാണ്. ഇതിനു കാപ്പിക്കും ചായക്കുമുള്ള ദോഷങ്ങൾ യാതൊന്നുമില്ല. ദേഹക്ഷീണക്കാർക്കും വൃദ്ധന്മാർക്കും പ്രമേഹരോഗക്കാൎക്കും ഇതു ഒരു ദിവ്യ ഔഷധമാണ്. ഇതു രക്തശുദ്ധി വരുത്തുകയും, പിത്തം, ദേഹക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങൾ മാറുകയും ചെയ്യും. ദേഹത്തിലെ ഉഷ്ണത്തെ ഇല്ലായ്മ ചെയ്തു മൂത്രച്ചൂട്, അസ്ഥിസ്രാവം മുതലായ രോഗങ്ങളുടെ തീണ്ടലേല്പിക്കുകയും കായബലം വൎദ്ധിപ്പിക്കുകയും ചെയ്യും. ഇതു രോഗികൾക്കും, ശിശുക്കൾക്കും, ഗൎഭിണികൾക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ്.

തകരം ൧-ക്കു അണ ൩ മാത്രം വി പി ചാൎജ്ജു അണ ൩ പുറമെ.

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

പള്ളിക്കൂടം മച്ച്യുരാത്തു ഇൻസ്പെക്ടർ എം രാജരാജവൎമ്മ എം എ തമ്പുരാൻ തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നുക്കു വില അണ ൪

കഥാമഞ്ജരി, കരടകൻെറ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ പരമുപിള്ള എം എ അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായതും ആയ പുതിയ പുസ്തകം ൧-ക്കു വില അണ ൧ പൈ ൬

സാവിത്രി—

ഹജൂർ ഹെഡ്ട്രാൻസ്ലേറ്റർ കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു കഥാ പുസ്തകം ൧ ക്കു വില അണ ൩.

മാധവനിദാനം—

സൎക്കാർ വൈദ്യൻ പരവൂർ വി. കേശവനാശാനവർകളാൽ എഴുതപ്പെട്ട, 'സചന്ദ്രിക' ഭാഷാവ്യാഖ്യാനം. വില രൂപ ൧

പുതിയ മൂന്നാംപാഠനോട്ടു മുഴുവൻ—

പി എൻ ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട, (പദാൎത്ഥം, ചോദ്യങ്ങൾ, സാരം ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില പണം ൧

കീൎത്തികേസരി—

സി കൃഷ്ണപിള്ള അവർകളാൽ എഴുതപ്പെട്ടതും സി എൻ എ രാമയ്യാ ശാസ്ത്രികൾ ബി. എ. അവർകളാൽ ൧-ാം ഭാഗം പരിശോധിക്കപ്പെട്ടതുമായ ൧-ം ൨-ാം ഭാഗം അടങ്ങിയ പുസ്തകം ഒന്നുക്കു വില അണ ൧൪

മനോരമ—

തൈപാലൊ പാൾ ബി എ അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ ൪

പഴഞ്ചൊല്ല്—

മി. ഡയറാൽ ഉണ്ടാക്കപ്പെട്ടത, പുസ്തകം ഒന്നുക്കു വില അണ ൮

ഉൎവ്വശീഫൽഗുനം —

കോതമംഗലം കെ ആർ കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടത സംഗീതഭാഷാനാടകം വില അണ ൨ പൈ ൬

സാലരാജൻ കഥ—

ററി കെ. പി, അവർകൾ എഴുതിയ പുസ്തകം വില അണ ൨.

സോമസുന്ദരൻ—

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നുക്കു അണ ൨ പൈ ൬

നോവൽ വില ൧ ക.

൧൮

മിസ്റ്റർ ...... എഴുതിയ കഥ. ൧ക. വില അണ ൧.

ശംകരകൃതി—

ആ. മുൻസിപ്പായിരുന്ന മിസ്റ്റർ ശങ്കരപ്പിള്ള അദ്ദേഹം ഓരോ സമയങ്ങളിൽ ഉണ്ടാക്കിയ കവിതകളെല്ലാം ചേർത്തു സംഗീതമായും ഉള്ളകഥയായും അച്ചടിച്ചിട്ടുള്ളത. പുസ്തകം ൧-ക്ക ൪ അണ

മിസ്റ്റർ സി. എം. മാധവക്കുറുപ്പ—

മിസ്റ്റർ കേശവക്കുറുപ്പ എഴുതിയ മദന ഡിക്രൂറിവ നോവൽ വില അണ ൨.

അവതാരത്രയചരിതം—

സൌഭാഗ്യവതി ഇക്കാവമ്മ ദേവകി അമ്മയാൽ എഴുതപ്പെട്ട പുതിയ പദ്യപുസ്തകം വില അണ ൧൦.

അദ്ധ്യാത്മരാമായണം—

കെ. സാംബശിവശാസ്ത്രി മഹോപാദ്ധ്യായനവർകളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയത. വായനക്കാരുടെ സൌകൎയ്യാൎത്ഥം ഓരോ കാണ്ഡങ്ങളും പ്രത്യേകമായി അച്ചടിച്ചുവരുന്നു ഇതിൽ പദങ്ങളുടെ വിവരണമായ അൎത്ഥം ശ്ലോകങ്ങളുടേയും സാരം ഇവകളും അടങ്ങിയിരിക്കും പുസ്തകം എല്ലാം കാണ്ഡങ്ങളും ഒന്നായും ബയൻഡ ചെയ്തുവില്ക്കപ്പെടും.

മയൂരസന്ദേശം മണിപ്രവാളം—

കേരളവൎമ്മ സി. എസ്സ. ഐ. എഫ. എം. യു. എം. ആർ. ഏ. എസ്സ. എഫ. ആർ. എച്ച. എസ്സ. വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതും ഏ. ആർ. രാജരാജവൎമ്മ എം. ഏ. എം. ആർ. ഏ. എസ്സ. കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മൽപ്രകാശം എന്ന വ്യാഖ്യാനത്തോടുകൂടി തിരുമനസ്സിലെ അനുവാദം വാങ്ങി അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഉയൎന്നതരം കടലാസ്സിൽ അച്ചടിച്ചതിന്ന ൧-൧ ണ യും താണതരത്തിലുള്ളതിന്ന ൧൪ ണ യും വിലയാകുന്നു

ദാക്ഷായിണി—

കൊമത്തു കുഞ്ഞപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ ൪

കാൎത്തവീൎയ്യാൎജ്ജുനവിജയം ഉള്ളകഥ—

മലയാളം ഹൈസ്കൂൾ ഹേഡമാസ്റ്റർ കെ. ആർ. കൃഷ്ണപിള്ള ബി. എ. അവർ

വില ൩

പുസ്തകം ഒന്നിനു

കാന്താപദേശം—

തിരുവില്വ വി രാമൻവൈദ്യൻ

മനുസ്മൃതി—

കെ ഗോവിന്ദപ്പിള്ള അവർകളാൽ ഭാഷ... [illegible]

കൂടി എഴുതപ്പെട്ട പുസ്തകം ഒന്നിനു വില രൂപ ൧ അണ ൮

വിക്രമാദിത്യൻകഥ—

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൧൦ അണ

മദനകാമരാജൻകഥ—

ടി യാരാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ വിദ്യാവിലാസിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൪ അണ ടി അറബിയിന്റെ പുസ്തകം ൧-ക്ക വില ൮ അണ

കഥാസരിത്സാഗരം—

ടി യാരാൽ എഴുതപ്പെട്ട പുസ്തകം ൧-ക്ക വില അണ ൩

സതാരം—

ടി യാരാൽ എഴുതപ്പെട്ട പുസ്തകം ൧-ക്ക വില അണ ൨ പൈ ൩

അത്ഭുതകവിതകൾ—

വി. ജി ലക്ഷ്മണൻപിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ അണ

വർക്കലസ്ഥലമാഹാത്മ്യം—

കണ്ടമത്തിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത വില ൮ അണ

എനിക്കു പററിയ അപകടങ്ങളും—

വില അണ ൨ പൈ ൩

ശ്ലോകവിനോദകഥകൾ—

കണ്ടിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൪ പൈ ൩

ചട്ടമ്പിത്തലവൻ—

കെ ചിദംബരവാദ്ധ്യാർ ബി എ അവർകളാൽ എഴുതപ്പെട്ട ഒരു വിനോദകഥ ൧-ക്ക വില അണ ൪

കാവ്യനാടകങ്ങളുടെ ഡയറി—

ബയന്റുചെയ്തു ൧-ക്ക വില അണ ൪

മററും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടെയും പേരും വിലയും അറിഞ്ഞ പുസ്തകങ്ങളും വരുത്താവുന്നതാണ്. ആവശ്യപ്പെടുന്നവർ അരയണസ്റ്റാമ്പു അയക്കണം.

എസ്. റ്റി. റെഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ.

രസികരഞ്ജിനി

വൃശ്ചികം

പുസ്തകം

ലക്കം



രസികരഞ്ജിനി

പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപൊതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ചു എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപർക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, മറ്റു പണസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജർക്കും മേൽവിലാസംവെച്ചു് എറണാകുളത്തു കോവിലകത്തേക്കു് അയക്കേണ്ടതാകുന്നു.

പത്രാധിപന്മാരുടേയോ മാനേജരുടേയോ മാസിക സംബന്ധമായ എഴുത്തുകളിലെ ലക്കോട്ടുകളിലോ അവരുടെ മുദ്രയോ ഒപ്പോ ഉണ്ടായിരുന്നാൽ മതി.

എന്നു്

എറണാകുളത്തു കോവിലകം

രസികരഞ്ജിനി ഉടമസ്ഥൻ,
RAMA VURMA,
13th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരികെ അയച്ചു തരണമെന്നു് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ചു് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാര്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന്നു് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

പത്രാധിപർക്കു് അയക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ചു് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്.

ര. ര. പ.

സംഗതിവിവരം.

വിദ്യാവിനോദിനി അച്ചുക്കൂടം.

പ്രത്യേകപരസ്യം

1. അടുത്തു കഴിഞ്ഞ എടവം, മിഥുനം ലക്കങ്ങളിൽ അടക്കം ചെയ്തിരുന്ന പരസ്യം ഒന്നാം വകുപ്പുപ്രകാരം 'രജിനി' വരിസംഖ്യ മുൻകൂറ് അടക്കുന്നത്, 'രജിനി' എന്നു മുതൽ ആവശ്യപ്പെടുന്നുവോ ആ സമയവും അതു മുതൽ ആറുമാസത്തിന്നിടക്കും ഇങ്ങിനെ രണ്ടു ഗഡുവുകളായി, ഗഡുവു ഒന്നുക്ക് 1 ക. 8 ണ. വീതം ആറുമാസത്തേക്ക മാത്രം മുൻകൂറ് അടച്ചാലും മതിയാകുന്നതാണ്.

2. ഒരു കൊല്ലത്തെ മുഴുവനും വരി 3 കയെ, മേൽപ്രകാരം ഗഡുവനുസരിച്ചു 1 ക. 8 ണയെ 'രജിനി' വി. പി. ആയി അയക്കുവാൻ ആവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുന്നതാണ്.

3. 1062 ചിങ്ങത്തിലെ പ്രതി വി. പി. അയക്കുന്നതിൽ ഈ ചിങ്ങം 10-ാംനു-ക്കു മുമ്പായി അറിവു തരേണ്ടതാകുന്നു.

ര. ര. മാനേജർ.



ചൊവത്തികൾ

ഭാഷാപോഷിണി

൧൦൭൧


പുസ്തകം ൪ | കൎക്കടകമാസം | ലക്കം ൧൨

മംഗളം.

വിണ്ണോൎക്കും തിരിയാത്തതായ പൊരുളുള്ളൊന്നത്ര താഴ്ക്കുണ്ടതാം-
യെന്നിട്ടന്നൊരുമന്നതൊട്ടുപലതും തന്നെന്നൊയായ്ത്തകലായ്
എണ്ണീടാനൊരുസംഖ്യയായഭഗവൻ! ധൎമ്മ! സ്വരൂപം തിരി-
ച്ചെണ്ണീടാനരുതാത്തതായൊരുഭവാനെന്നുള്ളുനെച്ചീടണം.

എ. കൃഷ്ണൻ എമ്പ്രാന്തിരി.

ധൎമ്മം



ധൎമ്മം എന്നൊരു ശബ്ദം ലോകത്തിൽ സുപ്രസിദ്ധമാണെങ്കിലും അതിന്റെ സ്വരൂപം എന്തെന്നു ചോദിച്ചാൽ അത്രവേഗത്തിൽ ഉത്തരം പറവാൻ തരമാവില്ല. ജീവൻ എന്നുവെച്ചാലെന്താണ് എന്നുള്ള ചോദ്യത്തിന്നു എളുപ്പത്തിൽ ഉത്തരം പറവാൻ സാധിക്കാത്തതുപോലെതന്നെ ഇതുവും, എന്നു പറഞ്ഞാൽ പോരാ, അതുതന്നെ എന്നുകൂടിപ്പറയണം. അത്രത്തോളം സൂക്ഷ്മമാകുന്നു ധൎമ്മപരമാൎത്ഥം, ദേവൈരത്ര

പി വിചികിത്സിതം നാഹിസുവിജ്ഞേയമണുരേഷധൎമ്മഃ' എന്നു കഠോപനിഷത്തിൽ, യമൻ നചികേതസ്സിനോടു പറയുന്നുണ്ടു്. ദേവന്മാർകൂടി ഇക്കാൎയ്യത്തിൽ സംശയിച്ചിരിക്കുന്നു. പണ്ടുതന്നെ ഇതു് അത്ര എളുപ്പത്തിൽ അറിവാൻ സാധിക്കുന്നതല്ല. ആത്മാവു എന്നുള്ള ഈ ധൎമ്മം അത്യന്തം സൂക്ഷ്മമാകുന്നു. എന്നിരിക്കിലും ഗുരുക്കം ഒരു വിധം മനസ്സിലാക്കണമല്ലോ. ഒന്നാമതായി ധൎമ്മശബ്ദത്തിന്റെ അൎത്ഥമെന്തെന്നു് ആലോചിക്കാം. ധൃ-ധാരണേ എന്ന ധാതുവിന്റെ ഒരു രൂപമാകുന്നു ധൎമ്മശബ്ദം. 'ധ്രിയതേ, ധാൎയ്യതേ വാ, അനേന ഇതി ധൎമ്മഃ' ഇതിനാൽ ധരിക്കപ്പെടുന്നു എന്നുള്ളതു ധൎമ്മം. ഇതിൽ ധ്രിയതേ എന്നും, ധാൎയ്യതേ എന്നുമുള്ള രണ്ടു പദങ്ങൾക്കും വേറെ വേറെ അൎത്ഥം മനസ്സിലാക്കണം. ധ്രിയതേ എന്നതിൽ ഇതിനാൽ ധരിക്കപ്പെടുന്നുവെന്നുള്ള ധാരണാക്രിയാഫലം ഇതിങ്കൽ തന്നെയാകുന്നു. അപ്പോൾ ഇതിനാൽതന്നെ ഇതു ധരിക്കപ്പെടുന്നു എന്നൎത്ഥമാകുന്നു. തന്നാൽതന്നെ താൻ ധരിക്കപ്പെടുന്നതു് ഏതൊരു വസ്തുവോ അതാകുന്നു ധൎമ്മശബ്ദത്തിന്റെ അൎത്ഥം—എന്നുവെച്ചാൽ, ഈ ലോകം ആസകലം ഒന്നായിട്ടു നോക്കുമ്പോഴും, പ്രത്യേകം വിഭാഗിച്ചു നോക്കുമ്പോഴും, തന്നെത്താൻ ധരിച്ചു ഛിന്നഭിന്നമായിപ്പോകാതെ നിലനിന്നു കൊള്ളുന്നു എന്നുള്ള പ്രകൃതി യാതൊന്നോ അതാകുന്നു ഒന്നാമതായ ധൎമ്മശബ്ദാൎത്ഥം. ഇനി 'ധാൎയ്യതേ' എന്നാകുമ്പോൾ ഇതിനാൽ സൎവ്വജഗത്തും ധരിക്കപ്പെടുന്നു എന്നൎത്ഥമാകയാൽ സൎവ്വത്തെയും ധരിക്കുന്നതായ പ്രകൃതി എന്നായി. ഇവിടെ ധാരണക്രിയാഫലം ജഗത്തിങ്കലും കൎത്തൃത്വം പ്രകൃതിയിലും ആകുന്നു. 'ഇതസ്ത്വന്യാം പ്രകൃതിം വിദ്ധി മേ പരാം ജീവഭൂതാം മഹാബാഹോ യയേദം ധാൎയ്യതേ ജഗത്' എന്നു ഭഗവൽഗീതയിൽ ഈ അൎത്ഥത്തെത്തന്നെയാണു് പറഞ്ഞിട്ടുള്ളതു്. ഈ പ്രകാരമുള്ളതിനെ പ്രകൃതിയെന്നോ ജീവൻ എന്നോ ധൎമ്മമെന്നോ പറയാം. ഇതാകുന്നു പരമായുള്ള വേദാൎത്ഥം, ജ്ഞാനകാണ്ഡവിഷയവും ഇതുതന്നെ. 'ദ്വേ വിദ്യേ വേദിതവ്യേ പരാ ചൈവാപരാ ച' എന്നുള്ള ശ്രുതിവാക്യത്താൽ ബോധിക്കപ്പെടുന്നതു വിദ്യകൾ രണ്ടുപ്രകാരമെന്നാണല്ലോ. അതിൽ 'പരാ' എന്നുള്ള വിദ്യയുടെ വി

ഷയമാകുന്ന മേൽപറഞ്ഞ ധൎമ്മശബ്ദാൎത്ഥരൂപം. ധൎമ്മസ്വരൂപത്തെ അറിവാനും പ്രാപിപ്പാനുമുള്ള സാധനമാകുന്ന 'അപരം' എന്ന വിദ്യ. അതു കൎമ്മകാണ്ഡവിഷയവുമാണ്. വൎണ്ണധൎമ്മം, ആശ്രമധൎമ്മം മുതലായ ധൎമ്മങ്ങളെ ഉപദേശിക്കപ്പെട്ടിട്ടുള്ളതു കൎമ്മകാണ്ഡത്തിലാണല്ലോ. അവിടെയും ധൎമ്മശബ്ദാൎത്ഥം വ്യാപിക്കുന്നുണ്ടോ? എന്നു ശങ്കിപ്പാനിടയില്ല. ധൎമ്മശബ്ദാൎത്ഥം അവിടെയും വ്യാപിക്കുന്നുണ്ട്. എങ്ങിനെയെന്നാൽ, വൎണ്ണധൎമ്മം, ആശ്രമധൎമ്മം, സ്ത്രീധൎമ്മം, സാൎവ്വവൎണ്ണികധൎമ്മം എന്നൊക്കെയും പറയുന്ന ഘട്ടങ്ങളിൽ ധൎമ്മശബ്ദത്തിന്, അതാതു വൎണ്ണത്തിനും, ആശ്രമത്തിനും മറവും പ്രത്യേകമുള്ള അനുഷ്ഠാനമെന്നോ കൎമ്മമെന്നോ, ആചാരമെന്നോ, നടവടിയെന്നോ അൎത്ഥമാകുന്നു. അതുകൊണ്ടു 'ധ്രിയതെ ധാൎയ്യതേവാ' എന്നുള്ള അൎത്ഥം എല്ലാ ദിക്കിലും വ്യാപിക്കുന്നുണ്ട്. 'ധരിക്കപ്പെടുന്നു ഇതിനാൽ' എന്നുള്ളതിനു, താൻ താൻ അനുഷ്ഠിക്കുന്ന കൎമ്മങ്ങൾ താൻ താൻ ധരിക്കപ്പെടുന്നു, രക്ഷിക്കപ്പെടുന്നു എന്നു താല്പൎയ്യം. അതായതു ധൎമ്മത്തിന്റെ വിപരീതകക്ഷിയായ അധൎമ്മത്തിൽപ്പെടാതെ തന്നെത്താങ്ങി രക്ഷിച്ചുകൊള്ളുന്നതു ധൎമ്മം. ഒന്നുകൂടി നിഷ്കൎഷിക്കുന്നതായാൽ, ഏതൊരു പ്രകാരമുള്ള അനുഷ്ഠാനംകൊണ്ട് അനുഷ്ഠാതാവായ താൻ അധൎമ്മത്തിൽ പെടാതിരിക്കുമോ അപ്രകാരമുള്ള അനുഷ്ഠാനമാകുന്നു ധൎമ്മം. എന്നാൽ ധൎമ്മശബ്ദാൎത്ഥത്തിന് ഒരിടത്തും അവ്യാപ്തി ഇല്ല. അതുകൊണ്ടുതന്നെ അതിവ്യാപ്തിക്കും അസംഭവത്തിനും ഇടയില്ല. ആകട്ടെ, അധൎമ്മത്തിൽപ്പെടാതിരിക്കണമെങ്കിൽ അധൎമ്മത്തിന്റെ സ്വരൂപജ്ഞാനം ഉണ്ടാകേണ്ടതല്ലേ? എന്നാണെങ്കിൽ അതുകൂടിയേ തീരു. അധൎമ്മജ്ഞാനം കൂടാതെ ധൎമ്മത്തിലുറച്ചുവാൻ പ്രയാസംതന്നെ. 'അധൎമ്മോപി ജിജ്ഞാസ്യഃ പരിഹാരായ' എന്നു ശാബരഭാഷ്യത്തിൽ പറയുന്നു. ഇതുകൊണ്ടു ധൎമ്മാധൎമ്മങ്ങളുടെ പൂൎണ്ണജ്ഞാനമുള്ളവനു മാത്രമേ പൂൎണ്ണധൎമ്മാനുഷ്ഠാനം സംഭവിക്കയുള്ളു എന്നു വരുന്നു. സൎവ്വജനങ്ങൾക്കും ഒരുപോലെ പൂൎണ്ണജ്ഞാനമുണ്ടാകുവാനും പ്രയാസം. സൂക്ഷ്മജ്ഞാനമുള്ളവർ ഈ വൈഷമ്യം കണ്ടറിഞ്ഞു മററുള്ളവരേയും അധൎമ്മത്തിൽ

നിന്നു രക്ഷിപ്പാനായിട്ടാകുന്നു വൎണ്ണാശ്രമാദികളായ പ്രത്യേക ധൎമ്മങ്ങളെ ഉപദേശിച്ചിരിക്കുന്നതു്. ഏതൊരുവൻ ഏതൊരു ധൎമ്മത്തിന്നു അധികാരിയോ അവൻ ആ ധൎമ്മത്തിൽനിന്നു തെറ്റാതിരുന്നാൽ അധൎമ്മത്തിൽപെടാതിരിക്കുമല്ലൊ. അപ്പോഴും ധൎമ്മശബ്ദത്തിന്റെ അൎത്ഥം സിദ്ധിക്കുകയും ചെയ്യും.

ഇനി, വൃക്ഷധൎമ്മം, പക്ഷിധൎമ്മം, പശുധൎമ്മം, ഗുണധൎമ്മം, മനോധൎമ്മം തുടങ്ങിയുള്ളവകളിലും 'ധാരണം' എന്നുള്ള ധാത്വൎത്ഥയോഗംകൊണ്ടു ധൎമ്മശബ്ദാൎത്ഥം വ്യാപിക്കുന്നുണ്ടു്. പക്ഷെ ആ ധൎമ്മങ്ങളുടെ ജ്ഞാനംകൊണ്ടു പരലോകം എന്ന പുരുഷാൎത്ഥത്തിലേക്കു യാതൊരു ഉപയോഗവുമില്ല. പ്രമാണവഴിക്കു ധൎമ്മം എന്ന ശബ്ദത്തിന്നു പരലോകസാധനമായ കൎമ്മാനുഷ്ഠാനം എന്നുള്ള അൎത്ഥത്തെ തന്നെയാണ് ഗ്രഹിക്കേണ്ടതു്. ശബ്ദാൎത്ഥജ്ഞാനം ഉണ്ടാകുവാൻതക്ക വിശേഷബുദ്ധി മനുഷ്യൎക്കാണല്ലോ ഉള്ളതു്. അവരിലും ആസ്തികന്മാൎക്കു മാത്രമേ ധൎമ്മാധൎമ്മവിവേകം വേണമെന്നുള്ളു. അസ്തി പരലോകഃ എന്നു വിശ്വാസമില്ലാത്തവൎക്കു ധൎമ്മാധൎമ്മങ്ങളെ അറിഞ്ഞിട്ടും യാതൊരാവശ്യവുമില്ല. എങ്കിലും അവരിലും ധൎമ്മശബ്ദാൎത്ഥം വ്യാപിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പക്ഷെ അവർ അറിയുന്നില്ല. അതുകൊണ്ടു ഏതുവിധത്തിലും ധൎമ്മശബ്ദാൎത്ഥത്തിന്നു ഒരു ദിക്കിലും ഹാനിവരുന്നില്ല. സൎവത്ര സത്യരൂപമായ് തന്നെ ഇരിക്കുന്നു. ആകയാൽ പരലോകമുണ്ടെന്നു വിശ്വാസമുള്ള മാതാപിതാക്കന്മാർ തങ്ങടെ സന്തതികൾക്കു ബാല്യത്തിൽ തന്നെ പരലോകവിശ്വാസത്തെ അഭ്യസിപ്പിക്കുന്നു. പിന്നെ ഗുരുവും മററു സജ്ജനങ്ങളും അപ്രകാരംതന്നെ ഉപദേശിക്കുന്നു. അസ്തി പരലോകഃ എന്നു വിശ്വസിച്ചിട്ടല്ലെ പാപം ചെയ്യരുതു്, അതു നരകഹേതുവാണ്, എന്നിങ്ങിനെ പറഞ്ഞ് അധൎമ്മത്തെ കാട്ടിത്തന്നു് അതിൽനിന്നു പിൻവാങ്ങിക്കുന്നതു്. കുട്ടി ഇങ്ങോട്ടു വരൂ, അവിടെ പോകരുതു്, വീഴും, എന്നിങ്ങിനെ അമ്മമാർ പറയുന്നതുപോലെ ശ്രുത്യാദിപ്രമാണങ്ങൾ പറയുന്നു. അതുകൊണ്ടും സൎവ്വസജ്ജനവാക്യങ്ങൾകൊണ്ടും ലോകരീതി കണ്ടും കേട്ടും, എത്രത്തോളം ധൎമ്മത്തിന്റെ സൂക്ഷ്മജ്ഞാനമുണ്ടാകുന്നുവോ അത്രത്തോളം അ

വനാൽ ധൎമ്മാനുഷ്ഠാനം ചെയ്വാൻ സാധിക്കും എന്നല്ലാതെ ആ ധൎമ്മത്തിന്റെ സൂക്ഷ്മജ്ഞാനം എന്നതു വളരെ അഗാധത്തിലായിട്ടു തന്നെ ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ അധൎമ്മംനിമിത്തം ഉണ്ടാകുവാനിടയുള്ള നരകത്തിൽ പെടാതെ ഇരിപ്പാനാണല്ലൊ ധൎമ്മാനുഷ്ഠാനം, അപ്പോൾ അധൎമ്മജ്ഞാനം കൂടാതെ കഴികയില്ല. അതോ അസാദ്ധ്യമാണല്ലോ. എങ്ങിനെയെന്നാൽ ഒരുവന്റെ ധൎമ്മം മറെറാരുവന്ന് അധൎമ്മമായിത്തീരുന്നു. ബ്രഹ്മചാരിധൎമ്മം ഗൃഹസ്ഥന് അധൎമ്മം. ഗൃഹസ്ഥധൎമ്മം ബ്രഹ്മചാരിക്കും സന്ന്യാസിക്കും. സന്ന്യാസിധൎമ്മം ഗൃഹസ്ഥന്ന് അധൎമ്മം. ഇങ്ങിനെ പരസ്പരം ധൎമ്മംതന്നെ അധൎമ്മമായും അധൎമ്മംതന്നെ ധൎമ്മമായും പരിണമിക്കുന്നു. അപ്പോൾ ധൎമ്മമിന്നതാണെന്നും അധൎമ്മമിന്നതാണെന്നും തീൎച്ചപ്പെടുത്തുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു സ്വധൎമ്മം തന്നെ വലുതായിരിക്കുന്നു എന്നു മാത്രം പറയാം. എങ്കിലും, ആത്മാവു രക്ഷിക്കപ്പെടുന്നത് ഏതൊരു പ്രകാരത്തിലുള്ള അനുഷ്ഠാനംകൊണ്ടൊ അതുമാത്രമേ ധൎമ്മം എന്നുള്ള അന്വൎത്ഥമായ നാമധേയത്തിന്നു പാത്രമാകുവാൻ അൎഹിക്കുന്നുള്ളു. അപ്രകാരമുള്ള രക്ഷ, ആത്മജ്ഞാനംകൊണ്ടാകുന്നുവെന്നും, അതിന്നു എത്രയോ ധൎമ്മാനുഷ്ഠാനം വേണമെന്നും, മാതൃഭക്തി, പിതൃഭക്തി, ഗുരുഭക്തി, രാജഭക്തി, സജ്ജനഭക്തിമുതലായ ഗുണങ്ങളുണ്ടാകുമ്പോൾ അവൻ ശുദ്ധനാകുമെന്നും, ആത്മജ്ഞാനമുണ്ടാകുമെന്നും, മുക്തനാകുമെന്നും, ഇപ്രകാരമാണ് ആത്മരക്ഷയെന്നും ഉപനിഷത്തുകൾ ഘോഷിക്കുന്നു. അതിനാൽ മുഖ്യമായുള്ള ധൎമ്മശബ്ദാൎത്ഥം ആത്മരക്ഷ തന്നെ. അതിന്റെ സാധനങ്ങളിലും ഉപചാരേണ ധൎമ്മശബ്ദാൎത്ഥം ഇരിക്കുന്നു. അപ്രകാരം പരലോകസാധനമായ ധൎമ്മത്തിന്ന് അധൎമ്മജ്ഞാനംകൂടി ആവശ്യമാകയാലും, അത് അസാദ്ധ്യമാകയാലും, പൂൎവ്വാചാൎയ്യന്മാർ എങ്ങിനെയെല്ലാം വിധിച്ചിരിക്കുന്നുവോ അതുതന്നെ ധൎമ്മമായിരിക്കുന്നു. അപ്പോഴാകുന്നു അവരവൎക്കു വിഭാഗിച്ചിട്ടുള്ള ധൎമ്മത്തിൽ 'സ്വധൎമ്മം' എന്നൊരു പേർ പറഞ്ഞു വരുന്നതു. അതിനാൽ അവരവർ നില്ക്കുന്ന നിലയിൽ യാതൊരു ധൎമ്മമുണ്ടോ അതിൽ കാപട്യമില്ലാതെ നടന്നുവെങ്കിൽ അതുതന്നെ ഉത്തമധൎമ്മം എന്നു കൂടി

പറയേണ്ടതാണ്. പിന്നെ, ഒരാൾ വളരെ ദ്രവ്യം ധൎമ്മം ചെയ്തു എന്നു പറഞ്ഞാൽ, ദാനം ചെയ്തുവെന്നോ പരോപകാരാൎത്ഥമായിട്ടു വളരെ ദ്രവ്യം ചിലവു ചെയ്തുവെന്നോ അൎത്ഥം തോന്നുന്നുണ്ട്. അവിടെ ധൎമ്മശബ്ദാൎത്ഥം വ്യാപിക്കുന്നുണ്ടോ? എന്നാണെങ്കിൽ അവിടേയും വ്യാപിക്കുന്നുണ്ട്. എങ്ങിനെയെന്നാൽ അന്യജീവങ്ങളിൽ ദയകൊണ്ടാകുന്നു ദാനം ചെയ്യുന്നത്. ദയാ എന്നുള്ളതു ധൎമ്മത്തിന്റെ ഒരംശമാകുന്നു. 'തപസ്സത്യം ദയാ ശൌചമിതിപാദാഃ കൃതേ കൃതാഃ' എന്നു ഭാഗവതത്തിൽ ധൎമ്മപാദങ്ങൾ നാലാണെന്നു വൎണ്ണിച്ചിരിക്കുന്നു. ഇങ്ങിനെ നാലുപാദങ്ങളുള്ള ധൎമ്മത്തെ ഒരു വൃഷരൂപമായി വൎണ്ണിച്ചിരിക്കുന്നു. 'സ്യാദ്ധൎമ്മമസ്ത്രിയാം പുണ്യശ്രേയസീ സുകൃതം വൃഷഃ' എന്നു പൎയ്യായങ്ങളാകുന്നു. വൃഷശബ്ദത്തിനു ധൎമ്മമെന്നും കാളയെന്നും അൎത്ഥമുള്ളതിനാൽ ധൎമ്മത്തെ വൃഷരൂപമായി വൎണ്ണിച്ചുവെന്നും മനസ്സിലാക്കുന്നതിനു വിരോധമില്ല. വൃഷവാഹനൻ ഈശ്വരനാണെന്നും വൎണ്ണിച്ചു കാണുന്നുണ്ടല്ലോ. ധൎമ്മാനുഷ്ഠാനമുള്ളവനിൽ ഈശ്വരൻ സാന്നിദ്ധ്യത്തെ ചെയ്യുന്നുവെന്നും പ്രസിദ്ധമാണ്. അതിരിക്കട്ടെ 'അഹിംസാ പരമോ ധൎമ്മഃ' എന്ന വാക്യത്തിൽ പരമധൎമ്മം അഹിംസയാകുന്നു എന്നാണല്ലൊ പറഞ്ഞത്? ആത്മരക്ഷയാകുന്ന പരമമായ ധൎമ്മം എന്നു പറഞ്ഞതു ശരിയായില്ല. എന്നുള്ള ശങ്കയോട് ആത്മരക്ഷയും അഹിംസയും ഒന്നുതന്നെ എന്നുത്തരം പറയാവുന്നതാണ്. എങ്ങിനെയെന്നാൽ 'ഹിംസ' എന്നതിനു കൊല്ലുകയെന്നോ ദ്രോഹിക്കുകയെന്നോ അൎത്ഥമാകുന്നു. ഈ ക്രിയയുടെ അഭാവമാകുന്നു 'അഹിംസ', അതായതു ഹിംസ ഇല്ലായ്ക; ഹിംസക്കു കൎത്താവാകാതേയും കൎമ്മമാകാതേയും ഇരിക്കുക. 'യ എനം വേത്തി ഹന്താരം യശ്ചൈനം മന്യതേ ഹതം ഉഭൌ തൌ ന വിജാനീതോ നായം ഹന്തി ന ഹന്യതേ' എന്നു ഗീതോപനിഷത്തിൽ വിവക്ഷിച്ചിട്ടുള്ള അൎത്ഥം ഇതുതന്നെയാകുന്നു. ആത്മാവിൽ തോന്നുന്നതായ കൎത്തൃത്വം കൎമ്മത്വം മുതലായ ആരോപങ്ങൾ മിത്ഥ്യയാണെന്നറിഞ്ഞു കേവലം, ചട്ടക പ്രായമായിരിക്കുക എന്നാണല്ലോ വന്നുകൂടിയ അൎത്ഥം.


'പ്രാണസ്ഥാനസമൎപ്പിതമ വപുരിതിമഹൃഷാമനീഷാമമ' എന്ന് ആചാൎയ്യസ്വാമികളും പറഞ്ഞിട്ടുണ്ട്.

'ന കൎത്തൃത്വം ന കൎമ്മാണി ലോകസ്യ സൃജതി പ്രഭുഃ
ന കൎമ്മഫലസംയോഗം സ്വഭാവസ്തു പ്രവൎത്തതേ' എന്നുകൂടി ഭഗവൽഗീതയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു പ്രകൃതിയെ അനുകൂലിക്കുകയോ നിരോധിക്കുകയോ രണ്ടും ആവശ്യമില്ല. അകൎത്താവായിത്തന്നെ ഇരിക്കുക എന്നുള്ളതാകുന്നു സൎവ്വകൎമ്മസന്യാസമെന്നോ ഈശ്വരാൎപ്പണമെന്നോ പറയപ്പെടുന്നത്. ആത്മരക്ഷയും അതുതന്നെയാണ്. അതു കൂടാതെ ദേഹത്തിൽ അഹംബുദ്ധിയുള്ളവന്ന് 'അഹിംസാ പരമോധൎമ്മഃ' എന്നു പറവാൻ മാത്രമേ സാധിക്കൂ. 'കട്ടിനീ പേഷിണി ചുല്ലീ ഉദകുംഭി ച മാൎജ്ജനീ' എന്നുള്ള അഞ്ചു വിധം ഹിംസ കൂടാതെ ആരും ജീവിക്കുന്നില്ല. ജീവിച്ചിരിക്കുമ്പോൾതന്നെയാണ് ഈ ധൎമ്മം അനുഷ്ഠിക്കേണ്ടതും. അപ്പോൾ ആത്മരക്ഷയും അഹിംസയും ഒന്നായി. പക്ഷെ പ്രത്യക്ഷത്തെ മാത്രം പ്രമാണമാക്കി ചില പുസ്തകങ്ങളിൽനിന്നു ചിലതെല്ലാം പഠിച്ചതുകൊണ്ട് താൻ സൎവ്വജ്ഞനായി എന്നു വിചാരിക്കുന്നവർ ഈ വ്യാഖ്യാനത്തെ സമ്മതിക്കില്ലായിരിക്കും. അവരുടെ വാദം ഇതു, തന്നിഷ്ടംപോലെയുള്ള വ്യാഖ്യാനമാണെന്നു വന്നേക്കാം. എന്നാൽ എന്റെ വ്യാഖ്യാനംകൊണ്ട് ആൎക്കും ഉപദ്രവത്തിന്നിടയില്ല. അവരുടെ വ്യാഖ്യാനംകൊണ്ടുള്ള പരോപദ്രവം അധൎമ്മമായിട്ടുകൂടി പരിണമിക്കുന്നുണ്ട്. 'ഗ്രന്ഥാനധീത്യവ്യാകൎത്തുമപി ദുൎമ്മധസോപ്യലം' എന്നു മാഘത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും 'താനുണ്ണാത്തൊരു തേവർ വരത്തെദ്ദാനംചെയ്വാനാളായ്‌വരുമോ' എന്നു കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളതും പരമാൎത്ഥമാണ്. പുതിയ പരിഷ്കാരം പൊതുജനങ്ങൾ കൊണ്ടാടുന്നുണ്ടെങ്കിലും 'ആയുൎവൈ ഘൃതം' എന്നും മററുമുള്ള പദങ്ങളെ തെററിദ്ധരിച്ച് 'ആയുൎവൈദ്ധ്യതം' എന്നും ആയുസ്സുവൎദ്ധതിന്ന ആയുൎദ്ധ്രുതം എന്നും മററും അൎത്ഥം കല്പിച്ച് പൊതുജനസമക്ഷത്ത് എത്തിക്കുന്നതു പുതിയ പരിഷ്കാരികൾക്കും രസിക്കുമെന്നു തോന്നുന്നില്ല. പരോപകാരം ധൎമ്മമാണെങ്കിലും പരോപദ്രവം അധൎമ്മമാണെന്നുള്ളതിലേക്ക് ആക്ഷേപമില്ല. ഭഗവൽഗീതയേയും ഉപനിഷത്തുകളേയും പലരും പലപ്രകാരത്തിലും ദൃഷ്ടാന്തമായി ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ വിഷയവും വാക്യവും തമ്മിലു

ള്ള സംബന്ധം അവർ ആലോചിക്കാഞ്ഞിട്ടോ അവരുടെ ആലോചനക്കു വിഷയമാകാഞ്ഞിട്ടോ ആ സംബന്ധത്തിലവസാനിക്കുന്നതായി പല ഘട്ടങ്ങളിലും കാണുന്നുണ്ട്. ശാസ്ത്രം പഠിച്ചതുകൊണ്ടു മാത്രം ശാസ്ത്രജ്ഞനാവുകയില്ല. 'പശ്യ നീലോല്പലദളാഭാൻ നിസ്സരന്തി ശിലാസ്വപി' എന്നു പറഞ്ഞാൽ സംസ്കൃതഭാഷയിൽ പരിചയിച്ച ഒരു കുട്ടി യഥാശ്രുതമായ പദാൎത്ഥം മനസ്സിലാക്കുമെങ്കിലും അൎത്ഥം വിരുദ്ധമായിത്തോന്നുന്നതല്ലാതെ അതിന്റെ സാരസ്യത്തെ ആസ്വദിപ്പാൻ ശക്തനാവില്ല. അറിവില്ലാത്തവൎക്കു ദുരധൎമ്മമിന്നതാണെന്നു മനസ്സിലാക്കുവാൻ ഇങ്ങിനെ ചിലതിനെ ചൂണ്ടി കാണിച്ചതാണ്. ധൎമ്മാധൎമ്മങ്ങളെപ്പററി ഇങ്ങിനെ ചിലതൊക്കെ പറയാമെന്നല്ലാതെ സാഹിത്യസാഗരതരംഗങ്ങളിൽ കൂടികലൎന്നു മറിയുന്ന ധൎമ്മാധൎമ്മങ്ങളെ വേർപെടുത്തി ഒരുമിച്ചു ബോധിക്കുന്നതിന്നു ആ വീരപുരുഷനായ ശ്രീരാമസ്വാമിക്കും അസാദ്ധ്യമായിട്ടുള്ളതാണെന്നും ഈശ്വരനും അവതാരഭേദങ്ങളെക്കൊണ്ട് കാലഗതിയെ അനുസരിച്ചുള്ള സ്വധൎമ്മങ്ങളെ മാത്രമേ നിലനിൎത്തുവാൻ യത്നിച്ചിട്ടുള്ളു എന്നും പുരാണസാരങ്ങളിൽ പ്രത്യക്ഷപ്പെട്ടു കാണുന്ന സ്ഥിതിക്ക് സംസാരപാരാവാരത്തിൽ പരിഭ്രമിച്ചുലയുന്ന നാവികമൂഢന്മാരായ നാം കിടന്നു ഉഴന്നു നോക്കിയാലുണ്ടോ അവയെ കണ്ടെത്തുവാൻ സാധിക്കുന്നു? എ. കൃഷ്ണൻ എമ്പ്രാന്തിരി.

പറയന്മാർ

IV



തമിഴ പ്രദേശങ്ങളിലെ പറയർ ശിവനേയും വിഷ്ണുവിനേയും ആരാധിക്കുന്നവരാണെങ്കിലും അവരുടെ പ്രധാന ദൈവം ഭഗവതിയുടെ ഒരു അവതാരഭേദമാണ്. അതായത് ഉഗ്രമൂൎത്തിയായ ഭദ്രകാളിയെത്തന്നെ. കാളിക്ക് അവർ പല പേരും കല്പിച്ചിട്ടുണ്ട്. ആ പ്രദേശങ്ങളിൽ പറ

യന്മാൎക്കു പല അവകാശങ്ങളും പദവികളും സിദ്ധിച്ചിട്ടുണ്ട്. മദ്രാസ്സിൽ ജോർജ് ടൌൺ എന്ന പട്ടണത്തിൽ ഒരു കുലദേവതയുടെ കഴുത്തിൽ താലി ചാൎത്തി മണവാളസ്ഥാനം വഹിക്കുവാനുള്ള അവകാശം ഇന്നും ഒരു പറയൻ നടത്തിവരുന്നുണ്ട്. മൈസൂരിൽ ഓരോ ഗ്രാമദേവതയുടെ പരികൎമ്മിയും ഒരു പറയൻതന്നെയാണ്. കാഞ്ചീപുരം, കുംഭകോണം, ശ്രീവില്ലിപുത്തൂർ, മുതലായ സ്ഥലങ്ങളിലുള്ള രഥങ്ങളുടെ കയറു വലിക്കുന്നതും പറയരാണ്. വൈഷ്ണവമതത്തിന്നു പ്രചാരം വരുത്തിയ ശ്രീരാമാനുജാചാൎയ്യർ ഇവരെ കൊല്ലത്തിൽ മൂന്നു ദിവസം ക്ഷേത്രത്തിൽ കടപ്പാൻ അനുവദിച്ചിട്ടുണ്ട്. കാരണം ചെൽവപ്പിള്ളയുടെ ബിംബം അദ്ദേഹത്തിന്നു കാട്ടികൊടുത്തതുകൊണ്ടാണ്. പ്രസിദ്ധപ്പെട്ട ജഗന്നാഥക്ഷേത്രത്തിന്റെ ഉത്ഭവം ഒരു പറയൻ മുഖാന്തരമാണെന്നു പറയാം. അവരുടെ ഇടയിൽ ഇനിയും പല ഭക്തന്മാരുണ്ടായിട്ടുണ്ട്.

കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ പറയന്മാൎക്കു ഈ ഔന്നത്യം സിദ്ധിച്ചതായി കാണുന്നില്ല. എന്നാൽ മതവിഷയത്തിൽ തമിഴ് പ്രദേശങ്ങളിലെ പറയരോടു ഏകദേശം അടുത്തിട്ടുതന്നെയാണ്. ശിവനേയും കാളിയേയും ഇവർ ആരാധിക്കുന്നുണ്ടെങ്കിലും സ്വന്തം വകയായി ക്ഷേത്രങ്ങൾ ഒന്നും ഇല്ല. പറയരുടെ ദുൎഗ്ഗതിയെപ്പററി പുളിന്ദീമോക്ഷം കഥയിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ളത് മിക്കവാറും അറിയാവുന്നതുകൊണ്ട് ആ കഥ ഇവിടെ എടുത്തു വിവരിക്കുന്നില്ല. എന്നാൽ പുളിന്ദി അഗ്നിപ്രവേശം ചെയ്യുന്നതിന്നു മുമ്പുള്ള അവളുടെ പ്രാൎത്ഥനകളിൽ ചിലത് താഴെ കാണിക്കാം.

൧. പുഷ്പാണി സന്തു മമ ദൈവതപത്രിയാണി—
ധൂപോഗുരുൎവ്വപുരിദം ഹൃദയം പ്രദീപഃ
പ്രാണാഹവീംഷി കരണാനി തപാക്ഷതാശ്ച
പൂജാഫലം വ്രജതു സാമ്പ്രതമേഷജീവഃ

൨. വാഞ്ഛാമിനാഹമിഹ സൎവ്വജനാധിപത്യം
ന സ്വൎഗ്ഗഭൂമിമതുലാന്നപദം വിധാതുഃ

ഭൂയോ ഭവാമി യദി ജന്മനി ജന്മനി സ്യാം
തൽപാദപത്മവിലസന്മകരന്ദഭൃംഗഃ

൭. ജന്മനി ജന്മനി മമ ദൈവശതാധികാരി-
മായന്നമേവിശരുചിത്തമദ്ബോധഹേതുഃ
കിഞ്ചിൽക്ഷണാർദ്ധമപി തേ ചരണാരവിന്ദാൽ
നമേശ്വനാഥേറ്റുദയം ചരണൌ നമസ്യേ

പറക്കനോർ മുതലായ മഹാന്മാരുടെ വംശത്തിൽ ജനിച്ചവരാണെന്നുള്ള അഭിമാനം ഇന്നും ചില പറയരിൽ കണ്ടുവരുന്നുണ്ട്.

ഇപ്പോഴുള്ള പറയന്മാർ ഭദ്രകാളിയെ സേവിക്കുന്നവരാണ്. കൊടുങ്ങല്ലൂർ ഭരണി ഒരു പ്രധാന അടിയന്തിരമായി ഇവർ വിചാരിക്കുന്നുണ്ട്. ഭരണിക്ക് അവരുടെ ഇടയിലുള്ള വെളിച്ചപ്പാടന്മാർ വാദ്യഘോഷത്തോടുകൂടി വന്നു ഭഗവതിയെ സേവിച്ചു പോകുന്ന പതിവ് ഇപ്പോഴും ഉണ്ട്. കാരണവന്മാർക്കു കലശം കഴിക്കുക എന്ന ഒരു കർമ്മം ഇവരുടെ ഇടയിൽ നടപ്പുണ്ട്. പറക്കുട്ടിയും ചാത്തനും ഇവർ ഉപാസിക്കുന്ന മൂർത്തികളാണ്. മററു ജാതിക്കാരും ഈ മൂർത്തികൾക്കു വഴിപാടു കഴിച്ചു വരാറുണ്ട്.

പിള്ളക്കുന്നപ്പുഴ ക്ഷേത്രത്തിന്റെ ഉത്ഭവം ഒരു പറയൻ വഴി കാണെന്നു പറഞ്ഞു വരുന്നുണ്ട്*.

പറയന്മാർ ശവം പായയിൽ പൊതിഞ്ഞു കുഴിച്ചിടുകയാണ് പതിവ്. കുഴിയിൽ കുറെ അരിയുംകൂടി ഇട്ടിട്ടുണ്ടായിരിക്കും. അത് അന്തരിച്ച ജീവന്റെ അഹോവൃത്തിക്കാണത്രെ. അവർ പതിനാറു ദിവസത്തെ പുലകൊള്ളും. ക്രിയാദികൾ മററു താണ ജാതിക്കാർ ചെയ്യുന്നതുപോലെതന്നെ ആകുന്നു. ചാത്തപുലക്കും പെററപുലക്കും അശുദ്ധത്തിനു വ്യത്യാസം കല്പിച്ചിട്ടുണ്ട്. ഒരു

* ഈ പുസ്തകത്തിൽ 'ഇതിഹാസവനിത' എന്ന കഥയോടു ആദ്യം ഈ സംഗതിയെപ്പററി വിശദമായി പറഞ്ഞിട്ടുണ്ട്. ര. ര. പ.

വയസ്സിന്നു താഴെയുള്ള കുട്ടി മരിച്ചാൽ ബാലശ്ശേ മാത്രമേയുള്ളൂ. പെറപ്പുലയിൽ മതസംബന്ധമായ ക്രിയാദികൾ ചെയ്തുകൂടാ എന്നേ ഉള്ളൂ. ചത്തപുലയിൽ ഉപ്പും മാംസവും ഉപയോഗിച്ചുകൂടാ എന്നു നിശ്ചയമുണ്ടെങ്കിലും ഉപ്പ് അവർ സാധാരണയായി ഉപയോഗിക്കുന്നുണ്ട്.

കൊട്ടകെട്ടൽ, പനമ്പുനെയ്ത്തു, കൊട്ടമടച്ചിൽ, ഇതുകളാണ് പറയന്മാരുടെ സാധാരണതൊഴിൽ. ചിലർ കൃഷിപ്പണിയും ചെയ്യും. പക്ഷേ പോത്തുകളെ പൂട്ടി ഉഴുകയില്ല. പോത്തിനെ തൊട്ടാൽ കുളിക്കണമെന്നാണ് അവരുടെ നിശ്ചയം. ഉഴുന്നതിന്നു മൂരികളായാൽ വിരോധമില്ല. പ്രയത്നം ചെയ്തു ഉപജീവിക്കുന്നവരല്ലാതെ നിലവും പുരയിടവും ഉള്ള പറയന്മാർ അപൂർവമാണ്. കയ്ത്തൊഴിലിൽ മിടുക്കന്മാരായ പറയന്മാരുണ്ട്. സാധാരണ ദിവസക്കൂലി ഒരു പറയനു രണ്ടണയിൽ കവിയാത്ത വിലക്കുള്ള നെല്ലു മാത്രമേ ഉള്ളൂ. കൂലിയുടെ ആദായവും പണിയുടെ വെട്ടപ്പും വിചാരിച്ചു കച്ചവടക്കാർ അവർക്കു മുമ്പിന്നു സഹായിക്കാറുണ്ട്.

ഭക്ഷണത്തിൽ പറയർ പുലയരിൽനിന്നു അധികം വ്യത്യാസപ്പെട്ടവർ അല്ലെങ്കിലും പശുമാംസം പച്ചതന്നെ തിന്നുന്നതുകൊണ്ടു പുലയർക്കുകൂടി പറയരെ നിഷിദ്ധമാണ്.

ഉള്ളാടൻ, നായാടി, പുലയർ ഈ മൂന്നു ജാതികളൊഴിച്ച് മറ്റെല്ലാവരുടേയും ചോർ പറയർ തിന്നും. പാർപ്പുകൾ സാധാരണ കുന്നിൻ ചരിവുകളിലാണ്. ഉയർന്ന ജാതിക്കാർ ചാളക്ക് അടുത്തുവരുന്നതു കണ്ടാൽ അവർ കുടിവിട്ടു ഓടിമാറുന്നു. ഏകദേശം അര ഫർലോംഗ് തീണ്ടലുണ്ടത്രെ. മഹമ്മദീയരുടേയും ക്രിസ്ത്യാനികളുടേയും പുലയരുടേയും കിണറുകൾ അവർ തൊടാറുണ്ട്. നാട്ടുപുറങ്ങളിലുള്ള ഭഗവതിക്ഷേത്രങ്ങളിൽ അടിയന്തരദിവസം പറയർ ചെല്ലുക പതിവുണ്ട്. എന്നാൽ അവർ എത്രയോ ദൂരെ മാറി നില്ക്കുന്നതല്ലാതെ ക്ഷേത്രം തൊടുകയോ അടുത്തു പെരുമാറുകയോ ചെയ്യുക പതിവില്ല. പുലയൻ പറയരിൽ ഉയർന്ന ജാതിയാണ്. ജാത്യാചാരനിഷ്ഠയുള്ള ഒരു പുലയർ പറയനെ തൊട്ടതുകൊണ്ടു ബാധിച്ചിട്ടുള്ള അശുദ്ധി കളയുന്നതിന്നു അഞ്ചു പ്രാവശ്യം കുളിക്ക

കളും തന്റെ ദേഹത്തിൽനിന്നു കുറെ ചോര കളകയും ചെയ്യുമത്രെ.

അവരിൽ പുരുഷന്മാർ മുണ്ടു മുട്ടുമറെ ഞാത്തി ഉടുക്കുകയില്ല. രണ്ടാംമുണ്ട് പതിവില്ല. ഉയൎന്ന ജാതിക്കാരുടെ നേരെയുള്ള ഭക്തിയോ അവരെ ഉള്ള പേടിയോ ഇതിന്നു കാരണമായി വിചാരിക്കപ്പെടുന്നു. കാതിൽ നാലോ അഞ്ചോ കടുക്കനിടാറുണ്ട്. കാതിന്റെ ഇളയുടെ വലിപ്പം പിന്നെ കുറെക്കൂടി ഇടുന്നതിന്നു ഞെരുക്കമില്ലാത്ത നിലയിലാണ്. പിച്ചളമോതിരവും ചിലർ ഇടാറുണ്ട്. ചിലർ തല വളൎത്തുന്നവരും ചിലർ മുടിവെട്ടുന്നവരും ആകുന്നു. മുഖക്ഷൌരം പതിവില്ല.

സ്ത്രീകൾ കച്ചമുറി അരയിൽ ചുററുക മാത്രമേയുള്ളു. അവരും മുട്ടമറച്ചു ഉടുക്കാറില്ല. ശരീരത്തിന്റെ മററു ഭാഗങ്ങളെല്ലാം നഗ്നതന്നെ. തലമുടി നിറുകയിൽ കെട്ടി അല്പമൊന്നു പിന്നാക്കം ചാച്ചിട്ടിരിക്കും. കാതിൽ മരത്തോടയും കഴുത്തിൽ പളുങ്കുമാലയും കയ്യിന്മേൽ പിച്ചളവളയും മോതിരങ്ങളും അവരുടെ പ്രധാന ആഭരണങ്ങളാകുന്നു. കോലടിയാണ് അവരുടെ പ്രധാന വിനോദം.

പറയന്മാർ പുലയരേക്കാൾ ദേഷം കൂടിയവരാണ്. ഇവർ മാട്ടിറച്ചിയുടെ മിടുക്കരായിരിക്കണം. നിറം സാധാരണ കറുപ്പാണ്. മുടിയും കറുപ്പുതന്നെ. എന്നാൽ എണ്ണ തേക്കുന്നത് അപൂൎവ്വമായതുകൊണ്ട് ചെമ്പിച്ചിരിക്കും. വലിയ കൊമ്പുകളെന്നെയുള്ള മൂക്കും കുറുത്ത വട്ടക്കണ്ണും പറയൎക്കു സാധാരണയാണ്. കുളി ചുരുക്കമേ ഉള്ളു. ഒരു കോടിവസ്ത്രം ഉടുത്താൽ മറെറാരു കോടി കിട്ടുന്നതുവരെ ആ വസ്ത്രം അരയിൽ ഇരിക്കും. ഊണും ഉടുപ്പും ആകപ്പാടെ ആഭാസമെന്നേ പറയേണ്ടു.

നീചജാതിയിൽ ജനിച്ചു മുറാളന്മാരായി തീൎന്നു കഷ്ടപ്പെട്ടു കാലം കഴിച്ചുവരുന്ന പറയന്മാർ ക്രിസ്തുമതക്കാരുടെ ഉപദേശങ്ങൾക്കു വഴിപ്പെട്ടു അവരിൽ പലരും ആ മതത്തിൽ ചേൎന്നു കുറെശ്ശെ എഴു

ത്തും വായനയും അഭ്യസിച്ചു തുടങ്ങീട്ടുണ്ടു്. പറയന്മാരിൽ സംഗീതത്തിന്നു വാസനയുള്ളവർ പലരും ഉണ്ടു്. കളവു തൊഴിലായി എടുത്തുവരുന്ന പറയന്മാർ തങ്ങളുടെ കുട്ടികളേയും ആ തൊഴിൽ അഭ്യസിപ്പിച്ചുവരുന്നുണ്ടെങ്കിലും ക്രിസ്തുമതക്കാരുടെ പരിശ്രമംകൊണ്ടു അവർ ക്രമേണ അഭിവൃദ്ധിയെ പ്രാപിക്കുന്നതായി കാണുന്നു.

ഉപനിഷത്തുകൾ



ഉപനിഷത്തു് എന്നു പറയപ്പെടുന്ന ഗ്രന്ഥങ്ങൾ നമ്മുടെ വേദങ്ങളിൽ ഉൾപ്പെട്ടവയാകുന്നു. അവയിൽ പ്രതിപാദിക്കപ്പെടുന്ന വിഷയം ആത്മതത്വമാകുന്നു. അതിനാൽ അവ ഏററവും സാരമായിട്ടുള്ളവയാകുന്നു. ഉപനിഷത്തുകൾക്കു വേദാന്തമെന്നു പേർ പറയുന്നു. വേദാന്തമെന്നു വെച്ചാൽ വേദങ്ങളുടെ അന്തമെന്നൎത്ഥം: അറിയപ്പെടുന്ന വിഷയങ്ങളുടെ അവസാനം. അതിനപ്പുറത്തു് അറിയപ്പെടേണ്ടതായിട്ടു യാതൊന്നുമില്ല എന്നു താല്പൎയ്യം. ഉപനിഷത്തുകൾക്കു 'രഹസ്യം' എന്നും പേരുണ്ടു്. എന്തെന്നാൽ സാധനചതുഷ്ടയത്തെ § സമ്പാദിച്ചു് ആത്മാ

§ സാധനചതുഷ്ടയം— 1. നിത്യാനിത്യ വസ്തുവിവേകം—നിത്യമായിരിക്കുന്ന വസ്തുവിനെ, അനിത്യമായിരിക്കുന്ന വസ്തുവിനെ, എന്നു വേർതിരിച്ചറിയുക.

2. ഇഹാമുത്രഫലഭോഗവിരാഗം—ഇഹലോകത്തിലും പരലോകത്തിലും കൎമ്മഫലങ്ങളെ അനുഭവിക്കുന്നതിൽ വിരക്തത.

3. ശമാദിഷൾക്കസമ്പത്തി—ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നീ ആറുകൂട്ടത്തെയും സമ്പാദിക്കുക. മനസ്സിനെ ശബ്ദാദിവിഷയങ്ങളിൽനിന്നു നിൎത്തുന്നതു ശമം; രണ്ടുവക ഇന്ദ്രിയങ്ങളേയും വിഷയങ്ങളിൽനിന്നു നിവൎത്തിപ്പിച്ചു് സ്വസ്വഗോളത്തിൽ സ്ഥാപിക്കുന്നതു ദമം; ബാഹ്യവൃത്തികളെ ആശ്രയിക്കാതിരിക്കുന്നതു് ഉപരതി; ചിന്ത, വിലാപം എന്നിവകൂടാതെ ആദ്ധ്യാത്മികാ

പദേശത്തിന്നധികാരിയായിരിക്കുന്നവന്നു മാത്രമേ വേദാന്തശാസ്ത്രത്തെ ഉപദേശിപ്പാൻ പാടുള്ളുവെന്നാണ് വിധി. 'ശ്രുതിശിരസ്സ്' എന്ന് ഉപനിഷത്തുകൾക്കു വേറൊരു പേരുണ്ട്. ദേഹത്തിന്നു ശിരസ്സ് എപ്രകാരം മുഖ്യമായിരിക്കുന്നുവോ അതുപോലെ സകല വേദങ്ങളുടേയും സാരം ഉപനിഷത്തുകളിൽ (വേദാന്തശാസ്ത്രത്തിൽ) അടങ്ങിയിരിക്കുന്നതിനാൽ അവയ്ക്കു ശ്രുതിശിരസ്സ് എന്നു പേർ പറയുന്നു.

ഉപനിഷത്തുകൾ നമ്മുടെ വേദങ്ങളിൽ ഉൾപ്പെട്ടവയാണെന്ന് ആദ്യം പറഞ്ഞുവല്ലൊ. അതിനാൽ ഉപനിഷത്തുകളെപ്പറ്റിത്തന്നെ ഇനിയും വിസ്തരിക്കുന്നതിന്നു മുമ്പായി വേദമെന്നു വെച്ചാലെന്താണെന്നും, അതിൽ എന്തൊരു സ്ഥാനമാണ് ഉപനിഷത്തുകൾ വഹിക്കുന്നതെന്നും, താഴെ പറയുന്നു.

വേദം* അനാദിയാകുന്നുവെന്നുള്ളതു പുരാണപ്രസിദ്ധമാണല്ലോ. അതിന്നു കാലത്തുണ്ടായതെന്നു പറവാൻ ആർക്കും കഴിയു

വപൂർവ്വകം സർവ്വദുഃഖങ്ങളേയും സഹിക്കുന്നുള്ള തിതിക്ഷ; ശാസ്ത്രത്തേയും ഗുരുവാക്യത്തേയും ആസ്തിക്യബുദ്ധിയോടുകൂടി ഗ്രഹിക്കുന്നത് ശ്രദ്ധ; ബ്രഹ്മാത്മൈക്യത്തിൽ തന്നെ ബുദ്ധിയെ സർവ്വദാ സ്ഥാപിക്കുന്നുള്ള സമാധാനം.

4. മുമുക്ഷുത്വം = മോക്ഷം കിട്ടേണമെന്ന് അതികഠിനമായ ഇച്ഛ.

* വേദം എന്ന ശബ്ദത്തിന് ജ്ഞാനം, അറിവ്, എന്നർത്ഥമാകുന്നു. അതിനാൽ ഹിന്തുക്കളുടെ ഇടയിൽ ഏറ്റവും പരിശുദ്ധമായി ഗണിക്കപ്പെടുന്ന ശാസ്ത്രവും വേദമെന്നു പറയപ്പെടുന്നു. പുരാതനകാലത്തിൽ വേദത്തിൽ മന്ത്രങ്ങൾ അല്ലെങ്കിൽ ഛന്ദസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. വിചാരിക്കുക എന്നർത്ഥമുള്ള ഒരു ധാതുവിൽനിന്നാണ് മന്ത്രശബ്ദമുണ്ടായത്. ഛന്ദസ്സ് എന്നുവെച്ചാൽ സർവ്വത്ര വ്യാപിച്ചിരിക്കുന്ന ഒരു ബുദ്ധിശക്തി എന്നർത്ഥമാകുന്നു. ജഗൽകാരണനായിരിക്കുന്ന പരമാത്മാവിന്റെ തപശ്ശക്തികൊണ്ട്, അല്ലെങ്കിൽ ഇച്ഛാമാത്രംകൊണ്ട്, (മഹത്തായ സങ്കല്പശക്തികൊണ്ട്) ആണ് സർവ്വപ്രപഞ്ചവും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നതു പ്രസിദ്ധമാണല്ലോ. അങ്ങിനെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രപഞ്ചത്തിൽ അടങ്ങിയിരിക്കുന്ന സൂക്ഷ്മതത്വങ്ങളേയും ഭഗവാനാൽ വ്യവസ്ഥാപിതങ്ങളായിരിക്കുന്ന വിവിധ നിയമങ്ങളേയും സൂക്ഷ്മദർശികളായ പുരാതന ഋഷിമാർ സാക്ഷാലായി കണ്ടറിഞ്ഞ് അവയെ ലോകോപകാരാർത്ഥമായി ശബ്ദരൂപേണ പ്രകാശിപ്പിച്ചു. അവയാണ് മന്ത്രങ്ങൾ. പിന്നീട് അനവധികാലം കഴിഞ്ഞതിന്റെശേഷം വേദവ്യാസമഹർഷി അവയെ

ന്നതല്ല. ഹിന്തുക്കളുടെ ചതുൎവ്വിധപുരുഷാൎത്ഥങ്ങൾക്കു സാധനഭൂതമായും, പതിനാലു വിദ്യകൾക്കും അറുപത്തിനാലു കലകൾക്കും മൂലഭൂതമായുമിരിക്കുന്ന വേദങ്ങളെ ജഗൽകാരണനായും പരമാത്മാവായുമിരിക്കുന്ന ഭഗവാൻ ആദികവിയായിരിക്കുന്ന ബ്രഹ്മാവിന്നായിക്കൊണ്ടുപദേശിച്ചു. ബ്രഹ്മാവ് അവയെ സ്വപുത്രന്മാരായ മരീച്യാദികൾക്കുപദേശിച്ചു. അവരിൽനിന്നു ശിഷ്യപ്രശിഷ്യാദിപരമ്പരയാ വേദങ്ങൾ സൎവ്വത്ര പ്രചാരമായി ഭവിച്ചു. ദ്വാപരയുഗത്തിലാണ് വേദവിസ്താരകൎത്താവായ വേദവ്യാസമഹൎഷിയുടെ അവതാരം. അദ്ദേഹം വേദങ്ങളെ എല്ലാം ഋക്ക്, യജുസ്സ്, സാമം, അഥൎവ്വം* എന്നിങ്ങിനെ നാലു സംഹിതകളായി വിഭാഗിച്ചു തന്റെ നാലു ശിഷ്യന്മാരെ പഠിപ്പിച്ചു. ഋക്ക്സംഹിത പൈലൻ എന്ന ശിഷ്യനും, യജുസ്സംഹിത വൈശമ്പായനൻ എന്ന ശിഷ്യനും, സാമം എന്ന സംഹിത ജൈമിനി എന്ന ശിഷ്യനും, അഥൎവ്വസംഹിത സുമന്തു എന്ന ശിഷ്യനും, ഉപദേശിച്ചു. പൈലാദികൾ അവരവരുടെ സംഹിതകളെ സ്വസ്വശിഷ്യന്മാൎക്കുമുപദേശിച്ചു. മേൽപറഞ്ഞ ഋക്ക്, യജുസ്സ്, സാമം, അഥൎവം എന്നീ നാലു വേദങ്ങളിലും മന്ത്രം, ബ്രാഹ്മണം, ആരണ്യകം, എന്നിങ്ങിനെ മൂന്നു ഭാഗങ്ങളുണ്ട് ‡; അവയിൽ മന്ത്രം, ബ്രാഹ്മണം എന്നീ ഭാഗങ്ങളിൽ

നാലാക്കി വിഭാഗിച്ച് സ്വശിഷ്യന്മാൎക്കുപദേശിച്ചു. ഇങ്ങിനെയാണ് വേദത്തിന്ന് അനാദിത്വം.

* ആദ്യം ഋക്ക്, യജുസ്സ്, സാമം എന്നീ മൂന്നു സംഹിതകൾ മാത്രമേ പ്രമാണമായി സ്വീകരിക്കപ്പെട്ടിരുന്നുള്ളു. അവയ്ക്കു 'ത്രയീവിദ്യ' എന്നു പേരുമിട്ടിരിക്കുന്നു. അഥൎവ്വസംഹിത വേദങ്ങളുടെ കൂട്ടത്തിൽ പിന്നീടു ചേൎക്കപ്പെട്ടതാകുന്നു. ത്രയീവിദ്യ എന്ന ചേൎക്കുന്ന അഥൎവ്വസംഹിതയെ ആദ്യം ഉൾപ്പെടുത്തിട്ടുണ്ടായിരുന്നില്ല എന്നതിലേക്കു തെളിവാകുന്നു.

‡ 'മേൽപറഞ്ഞ നാലു സംഹിതകളിൽവെച്ച് ഋഗ്വേദത്തിന്നാകുന്നു ഉൽകൃഷ്ടതയധികം പഴമ. അതു മറ്റുള്ള സംഹിതകൾക്കടിസ്ഥാനമായിട്ടുള്ളതാകുന്നു. ഋഗ്വേദം എന്നുവെച്ചാൽ ഋക്കുകൾ അടങ്ങിയിരിക്കുന്ന വേദമെന്നൎത്ഥം. 'ഋക്ക്' എന്നതിന്ന് സ്തുത്യമായിട്ടുള്ള പദ്യം എന്നൎത്ഥമാകുന്നു. അതിൽ മിക്കതും ഉൽകൃഷ്ടദേവന്മാരെപ്പറ്റിയുള്ള സ്തോത്രങ്ങളാകുന്നു. സാമവേദത്തിലുള്ള മിക്കഭാഗവും ഋഗ്വേദത്തിൽനിന്നെടുക്കപ്പെട്ടതാകുന്നു, സോമയാഗത്തിൽ ഗാനരൂപേണ ഉച്ചരിക്കുന്നതിന്നായി ഒരു പ്രത്യേകരീതിയിൽ ചേൎക്കപ്പെട്ടിരിക്കുന്ന

യജ്ഞയാഗാദിനിത്യനൈമിത്തികകൎമ്മങ്ങളേയും, അവയെ അനുഷ്ഠിക്കേണ്ട വിധങ്ങളേയും, അതിനുള്ള അധികാരിയേയും, ചെയ്യിപ്പിക്കുന്നവരുടെ യോഗ്യതയേയും, ആരാധിക്കപ്പെടേണ്ട ദേവന്മാരേയും, ആ ദേവന്മാരെ ഉദ്ദേശിച്ചുള്ള മന്ത്രങ്ങളേയും, അതാതു കൎമ്മങ്ങളുടെ ഫലങ്ങളേയും, പിന്നേയും അനേകവിഷയങ്ങളേയും, പററി പ്രതിപാദിക്കുന്നു. അതിനാൽ ആ ഭാഗം കൎമ്മകാണ്ഡം എന്നു പറയപ്പെടുന്നു. ആരണ്യം എന്ന ഭാഗത്തിൽ വാനപ്രസ്ഥാശ്രമികൾക്കു ¶ വേണ്ടുന്ന വിഷയങ്ങളെ പ്രതിപാദിക്കുന്നു: ഈശ്വരനെ ഉപാസിക്കുന്നതിനുള്ളമാൎഗ്ഗമായ സാംഖ്യയോഗം, നിഷ്കാമകൎമ്മയോഗം, തപസ്സ്, സഗുണനിൎഗ്ഗുണബ്രഹ്മോപാസനാവിധി, ആത്മലക്ഷണം, കൎമ്മസന്ന്യാസം, ഭക്തി, വൈരാഗ്യം മുതലായവയേയും, അ

വെന്നു മാത്രമേയുള്ളു. യജുസ്സംഹിതയിലെ ഒരു ഭാഗത്തിൽ നിന്നു കൂടെ വാങ്ങീട്ടുള്ള ഋക്കുകൾ അനവധിയുണ്ട്. പക്ഷെ അതിൽ അവയ്ക്കു പുറമെ സ്വതന്ത്രങ്ങളായുള്ള ഗദ്യങ്ങളുമുണ്ട്. അതിലെ ഗദ്യപദ്യങ്ങളെല്ലാം യാഗാദിവിധായകങ്ങൾക്കുപയോഗപ്പെടത്തക്കവണ്ണമാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. വൈദികമായിട്ടുള്ള മന്ത്രങ്ങൾക്കും സ്വതന്ത്രങ്ങളായുള്ള ഗദ്യങ്ങൾക്കും പുറമെ വേദത്തിൽ ബ്രാഹ്മണം എന്നൊരംശമുണ്ട്. വിവിധ ദേവന്മാരെ കുറിച്ചുള്ള സ്തുതികൾക്കു അവരെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന യാഗാദികൎമ്മങ്ങളോടുള്ള സംബന്ധത്തെയും മററുമാണ് ഇതിൽ മുഖ്യമായി പ്രതിപാദിക്കുന്നത്. ബ്രാഹ്മണഗ്രന്ഥങ്ങൾ മിക്കതും ഗദ്യരീതിയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ബ്രാഹ്മണഗ്രന്ഥങ്ങളുടെ അവസാനത്തിൽ ആരണ്യകങ്ങൾ എന്നൊരു ഭാഗമുണ്ട്. അതിൽ പ്രധാനമായി ആത്മതത്വമാണ് പ്രതിപാദിക്കപ്പെടുന്നത്. ആരണ്യകങ്ങൾ കാട്ടിൽ വെച്ചിട്ടു (വിജനപ്രദേശത്തിൽ വെച്ചാകണം) അദ്ധ്യയനം ചെയ്യേണ്ടുന്നവയാകുന്നു. ഉപനിഷത്ത്, അല്ലെങ്കിൽ ബ്രഹ്മപ്രതിപാദകമായ വിദ്യ, ആരണ്യകഗ്രന്ഥങ്ങളിലാണ് അടങ്ങിയിരിക്കുന്നത്. മേൽപറഞ്ഞ എല്ലാ വേദഭാഗങ്ങൾക്കുംകൂടി 'ശ്രുതി' (സാക്ഷാലായി കേൾക്കപ്പെട്ടത്) എന്നു പേർ പറയുന്നു. സകല സംശയങ്ങളേയും തീൎക്കുന്നതിനു ഹിന്തുക്കൾക്ക് ഏററവും പ്രമാണമായിട്ടുള്ളത് ഇതാകുന്നു. ധൎമ്മശാസ്ത്രപ്രതിപാദകങ്ങളായ സ്മൃതികൾ പ്രാമാണ്യത്തിൽ രണ്ടാമതായിട്ടു നില്ക്കുന്നുള്ളു". (Macdonell's Sanskrit Literature)

¶ തങ്ങൾ ചെയ്യേണ്ടതായ വിവിധലൌകികവ്യവഹാരങ്ങളെ ആസകലം യഥാവിധി ചെയ്തതിന്റെശേഷം കാട്ടിൽ പോയി അവിടെ ഇരുന്നു നല്ല വൈദികമാൎഗ്ഗത്തിൽ കാലക്ഷേപം ചെയ്യാനിച്ഛിക്കുന്നവൎക്ക്.

വയ്ക്കു് അംഗങ്ങളായിട്ടുള്ള പല വിഷയങ്ങളേയും ഇതിൽ പ്രതിപാദിക്കുന്നു. അതിനാൽ ഇതു ജ്ഞാനകാണ്ഡമെന്നു പറയപ്പെടുന്നു. മിക്ക ഉപനിഷത്തുകളും ആരണ്യകത്തിൽ ഉൾപ്പെട്ടവയാകുന്നു. കർമ്മകാണ്ഡത്തിൽ പറയപ്പെട്ടിട്ടുള്ള കർമ്മങ്ങളെ ഫലാപേക്ഷ കൂടാതെ ഈശ്വരാർപ്പണമായി അനുഷ്ഠിക്കുന്നതായാൽ ഒരുവന്റെ അന്തഃകരണം പരിശുദ്ധമായി ഭവിക്കുന്നതാണ്. ഉപാസനകളെ വേണ്ടവിധം ചെയ്യുന്നതായാൽ അവന്റെ ചിത്തം വിക്ഷേപരഹിതമായും ഏകാഗ്രമായും ഭവിക്കുന്നു. ഇവ രണ്ടും ആത്മജ്ഞാനം സമ്പാദിക്കുന്നതിനു സാധനങ്ങൾ മാത്രമാകുന്നു. ജ്ഞാനകാണ്ഡത്തിൽ നിന്നാണ് ആത്മതത്വത്തിന്റെ യഥാർത്ഥസ്വരൂപം മനസ്സിലാകുന്നത്. ആത്മാവിന്റെ യഥാർത്ഥമായ സ്വരൂപജ്ഞാനം മോക്ഷത്തിനു സാക്ഷാൽ സാധനമാകുന്നു. അതിനാൽ വേദത്തിൽ ജ്ഞാനകാണ്ഡമാണ് ഏററവും ഉൽകൃഷ്ടമായി ഗണിക്കപ്പെടുന്ന ഭാഗം. അതുകൊണ്ടു ജ്ഞാനകാണ്ഡത്തിൽ അടങ്ങിയിരിക്കുന്ന ഉപനിഷത്തുകൾ സകല വേദങ്ങളുടേയും സാരമാണെന്നും, അതിനാൽ അവയ്ക്കു വേദാന്തമെന്നും, രഹസ്യമെന്നും, വേദശിരസ്സെന്നും പേരുകൾ പറയുന്നുവെന്നും, ഇതെല്ലാം പറഞ്ഞതു യുക്തംതന്നെയായിരിക്കുന്നു.

ജ്ഞാനകാണ്ഡമായ വേദങ്ങൾ, അതായത് ഉപനിഷത്തുകൾ, മുമ്പ് അസംഖ്യമുണ്ടായിരുന്നുവെങ്കിലും കാലംകൊണ്ട് അവയിൽ അനേകം നശിച്ചുപോയിരിക്കുന്നു. ഇപ്പോൾ നൂറെററട്ട് * ഉപനിഷത്തുകളെ മാത്രം കണ്ടുപിടിച്ച് അച്ചടിച്ചിട്ടുണ്ട്. ഈ നൂറെററട്ടിൽവെച്ചു പത്തുപനിഷത്തുകൾ ഏററവും പ്രധാനമായിട്ടുള്ളവയാകുന്നു. എന്തെന്നാൽ എല്ലാ ഉപനിഷത്തുകളുടേയും സാരം ആ പത്തിൽ അടങ്ങിയിരിക്കുന്നു. ശേഷമുള്ളവയെല്ലാം അവയുടെ വിസ്തരം മാത്രമാകുന്നു. അവ (1) ഈശാവാസ്യം (2) കേനം (3) കഠം (4) പ്രശ്നം (5) മുണ്ഡകം (6) മാണ്ഡൂക്യം (7) തൈത്തിരീയം (8)

* ചില പാശ്ചാത്യപണ്ഡിതന്മാരുടെ ഉത്സാഹം നിമിത്തം ഇപ്പോൾ ഇരുനൂററിമ്പത്തോളം ഉപനിഷത്തുകളെ കണ്ടുകിട്ടിയിരിക്കുന്നു.

ഐതരേയം, (9) ഛാന്ദോഗ്യം (10) ബൃഹദാരണ്യകം എന്നിവയാകുന്നു ‖ ഈ പത്തുപനിഷത്തുകൾക്കും അദ്വൈതമതസ്ഥാപകനായ ശങ്കരാചാര്യസ്വാമികളും, വിശിഷ്ടാദ്വൈതം എന്ന മതത്തെ സ്ഥാപിച്ചിട്ടുള്ള രാമാനുജാചാര്യസ്വാമികളും, ദ്വൈതമതസ്ഥാപകനായ മധ്വാചാര്യസ്വാമികളും, അവരവരുടെ മതത്തെ അനുസരിച്ചു ഭാഷ്യം ചെയ്തിട്ടുണ്ട്. § മലയാളത്തിൽ ശങ്കരാചാര്യസ്വാമികളുടെ അദ്വൈതമതത്തിന്നാണ് അധികം പ്രചാരമുള്ളത്. മററുള്ള രണ്ടു മതങ്ങളുടേയും ശരിയായ സ്വരൂപജ്ഞാനം നമ്മുടെ ഇടയിൽ കഷ്ടിയാകുന്നു.

മേൽപറഞ്ഞ എല്ലാ ഉപനിഷത്തുകളും ഋഗ്വാദി നാലു വേദങ്ങളിൽ ഏതെങ്കിലും ഒന്നിനോടു ചേർന്നിരിക്കുന്നു.

'ഉപനിഷത്ത്' എന്ന പദം ഉപ-നി-സദ്- എന്ന മൂന്നു ശബ്ദങ്ങൾകൂടി ചേർന്നതാകുന്നു. ഉപ= സമീപത്തിൽ; നി=താഴെ; സദ്= ഇരിക്കുക: ശിഷ്യൻ ഉപദേശം വാങ്ങുന്നതിന്നായി ഗുരുവിൻെറ സമീപത്തിൽ ചെന്നിരിക്കുക എന്നർത്ഥം. എന്നാൽ വ്യാഖ്യാതാക്കന്മാർ ഈ പദത്തിന്നു മറെറാരു വിധമാണ് അർത്ഥം കൊടുക്കുന്നത്. അതു പ്രകൃതത്തിലേക്കു യോജിച്ചുമിരിക്കുന്നു. ഉപ; നി= ഏററവും; സദ് (അവസാദനേ)=നശിപ്പിക്കുന്നു: സംസാരത്തിന്നു ഹേതുഭൂതമായിരിക്കുന്ന അവിദ്യയെ തീരെ നശിപ്പിക്കുന്നുവെന്നർത്ഥം. അല്ലെങ്കിൽ സദ് ധാതുവിന്നു ഗത്യർത്ഥമാവാം. അപ്പോൾ ബ്രഹ്മത്തെ പ്രാപിപ്പിക്കുന്നുവെന്നർത്ഥമായി. മോക്ഷേച്ഛുവായവൻ ബാഹ്യവിഷയങ്ങളിലുള്ള ഇച്ഛയെ നിവൃത്തിപ്പിച്ച് ആചാര്യൻെറ

‖ ചിലർ ഇതിൽ 'ശ്വേതാശ്വതരം' എന്ന ഉപനിഷത്തുകൂടി ചേർത്ത് പതിനൊന്നുപനിഷത്തുകളെ മുഖ്യമായി പറയുന്നു.

§ വ്യാസമഹർഷിയുടെ വേദാന്തസൂത്രങ്ങൾ, മേൽപറഞ്ഞ ദശോപനിഷത്ത്, ഭഗവൽഗീത, എന്നീ മൂന്നു കൂട്ടത്തിന്നും തൻെറ മതത്തെ അനുസരിച്ചു ഭാഷ്യം ചെയ്യാതെ ഒരുവൻ ഒരു മതസ്ഥാപകനായി ഭവിക്കയില്ല. ഈ മൂന്നു കൂട്ടത്തിന്നുംകൂടി പ്രസ്ഥാനത്രയം എന്നു പേർ പറയുന്നു. മേൽപറഞ്ഞ മൂന്നാചാര്യന്മാരും അവരവരുടെ മതത്തെ അനുസരിച്ച് അവ മൂന്നിന്നും ഭാഷ്യം ചെയ്തിട്ടുണ്ട്.

സമീപെ ചെന്ന് അദ്ദേഹത്തിൽനിന്നു ഗ്രഹിക്കുന്ന വിദ്യ, ജീവാത്മാവിനെ പരമാത്മാവിന്റെ സമീപത്തിൽ കൊണ്ടുപോയി ചേൎത്ത്, അവിദ്യാബീജത്തിൽ നിന്നുണ്ടായിട്ടുള്ള സംസാരവൃക്ഷത്തെ വേരോടുകൂടി ഛേദിച്ച്, ജനനമരണാദിരൂപമായ സംസാരദുഃഖത്തിന്നു കാരണമായ അവിദ്യയെ നശിപ്പിക്കുന്നതിന്നു സാധനമായിരിക്കുന്നതിനാൽ ആ വിദ്യ ഉപനിഷത്ത് എന്നു പറയപ്പെടുന്നു. അതിനാൽ ബ്രഹ്മവിദ്യക്കു ഉപനിഷത്ത് എന്നു പേർ സിദ്ധിച്ചു. ബ്രഹ്മവിദ്യയെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും ഉപചാരമായി ഉപനിഷത്തുകൾ എന്നു പറയപ്പെടുന്നു.

മുമ്പറഞ്ഞ പത്തുപനിഷത്തുകൾക്കും ഒരു ക്രമം കൊടുത്തിട്ടുണ്ട്. അതിൽ ഒന്നാമതായി വരുന്നത് ഈശാവാസ്യോപനിഷത്താകുന്നു. ഈ ഉപനിഷത്ത് ശുക്ലയജുസ്സംഹിതയിൽ ചേൎന്നതാകുന്നു. ശുക്ലയജുസ്സംഹിതയെപ്പററി പരമ്പരയായി ഒരിതിഹാസം പറഞ്ഞുവരുന്നുണ്ട്. യജുസ്സംഹിതയുടെ ഈ അംശത്തെപ്പററി ഈ ഉപന്യാസത്തിൽ ഇതിന്നു മുമ്പു പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ അതിനെ സംബന്ധിച്ചു കുറച്ചൊന്നു പറയുന്നത് അപ്രകൃതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. വേദവ്യാസമഹൎഷി വേദങ്ങളെ എല്ലാം ഋൿ, യജുസ്സ്, സാമം, അഥൎവം എന്നിങ്ങിനെ നാലായി വിഭാഗിച്ച് സ്വശിഷ്യന്മാരായ പൈലൻ, വൈശമ്പായനൻ, ജൈമിനി, സുമന്തു, എന്നിവൎക്കുപദേശിച്ചുവെന്നും, അവർ അവരവരുടെ സംഹിതകളെ സ്വസ്വശിഷ്യന്മാൎക്കുമുപദേശിച്ചുവെന്നും, മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. യജുൎവേദധരനായിരിക്കുന്ന വൈശമ്പായനന്ന് യാജ്ഞവല്ക്യൻ മുതലായി അനേകം ശിഷ്യന്മാരുണ്ടായിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്ത് ഒരിക്കൽ വൈശമ്പായനന്ന് ബ്രഹ്മഹത്തി, ബാലഹത്തി, എന്നിങ്ങിനെയുള്ള മഹാപാപങ്ങളെ ചെയ്യുന്നതിന്നിടയായി. എങ്ങിനെയെന്നാൽ, പണ്ടു മേരുപൎവതത്തിൽവെച്ച് ഋഷിമാരുടെ ഒരു സമാജമുണ്ടായി. അതിന്ന് യാതൊരു ഋഷിയാണ് വരാതിരിക്കുന്നത് ആ ഋഷിക്ക് ഏഴു രാത്രികളിൽ ബ്രഹ്മഹത്യാപാപം സംഭവിക്കുന്നതാണ് എന്നു മുനിമാരെല്ലാവരുംകൂടി ഒരു നിശ്ചയം ചെയ്തിട്ടുണ്ടായിരുന്നു. വൈശമ്പായ

നാൻ മാത്രം ആ നിശ്ചയത്തെ ലംഘിച്ചു. അതു ഹേതുവായിട്ടു ലേശം വിചാരിക്കാതെയുള്ള ബ്രഹ്മഹത്തിയും, കാലുകൊണ്ടു തൊട്ടകനിമിത്തം തന്റെ മരുമകനായ ഒരു ബാലൻ മരിച്ചുപോകയാൽ സ്വസ്രീയഹത്തിയും അതിനാൽ ബാലഹത്തിലും, ദൈവഗത്യാ ചെയ്യാൻ സംഗതി വന്ന വൈശമ്പായനന്റെ ശിഷ്യന്മാർ ഗുരുവിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ പാപശാന്തിക്കായിക്കൊണ്ടു ഉഗ്രമായ തപസ്സു ചെയ്തു. അതു നിമിത്തം ചരകൻ അദ്ധ്വര്യു മുതലായ അദ്ദേഹത്തിന്റെ ശിഷ്യന്മാർ പ്രഖ്യാതന്മാരായി ഭവിച്ചു. എന്നാൽ സഹപാഠികളായ വേറെയും ചിലർ തപസ്സു ചെയ്യുന്നതു കണ്ടിട്ടു യാജ്ഞവല്ക്യൻ "ഹേ ഭഗവൻ! ഇവരുടെ തപസ്സുകൊണ്ടെന്തു പ്രയോജനമാണുണ്ടാകുന്നത്? ഞാൻ അത്യുഗ്രമായ തപസ്സു ചെയ്യുന്നതാണ്" എന്നു സ്വഗുരുവായ വൈശമ്പായനനോടു പറഞ്ഞു. സഹപാഠികളായവരെ ഇങ്ങിനെ അധിക്ഷേപിക്കുന്നതു കേട്ടു ഗുരു വളരെ ക്രോധത്തോടുകൂടി യാജ്ഞവല്ക്യനോടു ഇങ്ങിനെ പറഞ്ഞു: "നീ ബ്രാഹ്മണരെ അവമാനിക്കുന്നു. അങ്ങിനെയുള്ള ഒരു ശിഷ്യനെക്കൊണ്ടു എനിക്കു ഒരു പ്രയോജനവുമില്ല. അതിനാൽ എന്നിൽനിന്നു പഠിച്ചിട്ടുള്ള വേദത്തെ ത്യജിച്ചുപൊയ്ക്കൊൾക". യാജ്ഞവല്ക്യൻ മഹാഗംഭീരപുരുഷനായിരുന്നതിനാൽ തന്റെ ഗുരുവായ വൈശമ്പായനനിൽനിന്നു ഗ്രഹിച്ചിട്ടുള്ള യജുർവേദത്തെ ഛർദ്ദിച്ചു അദ്ദേഹത്തിന്റെ സമീപത്തിൽനിന്നുപോയി. യാജ്ഞവല്ക്യൻ ഛർദ്ദിച്ചിട്ടുള്ള ആ യജുർഗ്ഗണങ്ങളെ നോക്കീട്ടു വേദലോലുപന്മാരായ ഋഷികൾ ഛർദ്ദിക്കപ്പെട്ടിട്ടുള്ളതിനെ വിപ്രരൂപേണ സ്വീകരിക്കുന്നതു അനുചിതമാണെന്നു വിചാരിച്ചു തിത്തിരി എന്ന പക്ഷിരൂപേണ ചെന്നു യാജ്ഞവല്ക്യനാൽ ത്യക്തമായിട്ടുള്ള യജുർഗ്ഗണങ്ങളെ സ്വീകരിച്ചു. അന്നു മുതല്ക്കു അതു തൈത്തിരീയശാഖ എന്നു പ്രസിദ്ധമായി ഭവിച്ചു. അതിന്റെശേഷം യാജ്ഞവല്ക്യൻ തന്റെ ഗുരുവിങ്കൽനിന്നു മുമ്പു സിദ്ധിച്ചിട്ടുണ്ടായിരുന്നതിലധികം യജുർഗ്ഗണങ്ങളെ സമ്പാദിക്കണമെന്ന ഉദ്ദേശത്തോടുകൂടി നാലു വേദങ്ങൾക്കുമീശ്വരനായ ആദിത്യഭഗവാന്റെ അടുക്കൽചെന്നു അദ്ദേഹത്തെ സേവിച്ചു. യാജ്ഞവ

ല്ക്യന്റെ ഭക്തികൊണ്ടു സന്തുഷ്ടനായിട്ട് ആദിത്യഭഗവാൻ ഒരു കുതിരയുടെ രൂപം ധരിച്ചുകൊണ്ടു പുതിയതായ യജുസ്സുകളെ അദ്ദേഹത്തിനു ദാനം ചെയ്തു. ഇങ്ങിനെ സൂര്യനിൽനിന്നു സിദ്ധിച്ചിട്ടുള്ള വേദത്തെ യാജ്ഞവല്ക്യൻ കണ്വമദ്ധ്യന്ദിനപ്രഭൃതികളായ സ്വശിഷ്യന്മാൎക്കുപദേശിച്ചു. അശ്വരൂപത്തെ ധരിച്ചിരിക്കുന്ന സൂര്യനാൽ തന്റെ വാജങ്ങളിൽനിന്ന്, അല്ലെങ്കിൽ കേസരങ്ങളിൽനിന്ന്, നൽകപ്പെട്ടതാകയാൽ ആ ശാഖകൾക്കു 'വാജസനി' എന്നു പേർ സിദ്ധിച്ചു. അവയെ ഗ്രഹിച്ചിട്ടുള്ളവർ 'വാജസനേയികൾ' എന്നു വിളിക്കപ്പെടുന്നു. ഇങ്ങിനെ യജുൎവ്വേദം രണ്ടു വകയായിട്ടുണ്ട്. ഒന്നു വേദവ്യാസനിൽനിന്നു വൈശമ്പായനനു സിദ്ധിച്ച് അദ്ദേഹം സ്വശിഷ്യന്മാരായ ചരകാധ്വൎയ്യവാദികൾക്കുപദേശിച്ച സംഹിത. അത് കൃഷ്ണയജുസ്സംഹിത എന്നു പറയപ്പെടുന്നു. രണ്ടാമത്തേതു യാജ്ഞവല്ക്യനു സൂര്യനിൽനിന്നു സിദ്ധിച്ച് അദ്ദേഹം സ്വശിഷ്യന്മാരായ കണ്വമദ്ധ്യന്ദിനാദികളെ പഠിപ്പിച്ചിട്ടുള്ള സംഹിത. അതു ശുക്ലയജുസ്സംഹിത എന്നു പറയപ്പെടുന്നു. ശുക്ലയജുസ്സംഹിത, അല്ലെങ്കിൽ വാജസനേയിസംഹിത, രണ്ടു കാണ്ഡമായിട്ടാകുന്നു. അതിൽ ആകെ 40 അദ്ധ്യായമുണ്ട്. ഒന്നാമദ്ധ്യായം ഒന്നാംമന്ത്രം മുതൽ 39-ാമദ്ധ്യായത്തിന്റെ അവസാനം വരെ ദൎശപൂൎണ്ണമാസാദ്യശ്വമേധാന്തം കൎമ്മകാണ്ഡം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഒടുക്കത്തേതായ 40-ാമദ്ധ്യായത്തിൽ 18 മന്ത്രങ്ങളെക്കൊണ്ടു ജ്ഞാനകാണ്ഡം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഈ അദ്ധ്യായം ജ്ഞാനകാണ്ഡപ്രതിപാദകമാകയാലും, ബ്രഹ്മവിദ്യാപരന്മാരായിട്ടുള്ളവരുടെ സംസാരത്തെ സകാരണം നശിപ്പിക്കുന്നതിനാലും ഇതിനു ബ്രഹ്മവിദ്യോപനിഷത്ത് എന്നു പേർ പറയുന്നു. ഇതിലെ ആദ്യത്തെ മന്ത്രം 'ഈശാവാസ്യം' എന്നിങ്ങിനെ ആരംഭിക്കുന്നതിനാൽ ഇതിന് ഈശാവാസ്യോപനിഷത്ത്, അല്ലെങ്കിൽ ഈശോപനിഷത്ത് എന്നാണ് സാധാരണയായി ഒരു പേർ പറഞ്ഞു വരുന്നത്.

ഇങ്ങിനെ ഓരോ ഉപനിഷത്തും മുമ്പറഞ്ഞപ്രകാരം ഋഗാദിവേദങ്ങളിൽ എതെങ്കിലും ഒന്നിനെ സംബന്ധിച്ചാണിരിക്കുന്നത്.

ഈ ഉപന്യാസം ഇപ്പോൾ തന്നെ സാമാന്യത്തിലധികം ദീർഘമായി ഭവിച്ചിരിക്കുന്നതിനാൽ ഇനി അവയെ പറ്റി പ്രത്യേകം വിസ്തരിക്കുവാനായി തല്ക്കാലം ശ്രമിക്കുന്നില്ല.‡

കെ. പി.

തപതീസംവരണം

വഞ്ചിപ്പാട്ട

1. വെള്ളിമലത്തമ്പുരാന്റെപള്ളിമടിത്തടംതന്നിൽ
പള്ളികൊള്ളുംതമ്പുരാട്ടിപാണിപത്മത്തിൽ
2. പ്രേമരസത്തോടുവാഴിച്ചോമനിച്ചുംകിളിപ്പെണ്ണേ!
നീമടിയാതെൻചാരത്തുവന്നിരുന്നാലും
3. തേന്മലരിളംതേനിന്റെതണ്ടകറ്റുംമൊഴി!നിന്നെ-
ക്കണ്ടകാലംമറന്നല്ലോകഷ്ടംതന്നെ!
4. ഇന്നുനിന്നെയിതുപോലെയൊന്നുകാണ്മാനിടവന്ന-
തെന്നുടെകണ്ണിന്റെപുണ്യമെന്നേചൊല്ലാവൂ
5. കണ്ടുകൊണ്ടായില്ല,നിൻകണ്ണോകളശബ്ദംകേട്ടേ
വേണ്ടുവണ്ണമെനിക്കുള്ളൊരുതൃപ്തിവരുള്ളൂ
6. കൂടികൊത്തുകലർത്താടുംപോരികെന്നാൽകിളിക്കുഞ്ഞേ
ശാരികമാർമണിയാളേ!ശങ്കിച്ചീടൊല്ലേ
7. പഴംപൂവ്വമ്പഴങ്ങളുംചേലക്കൂട്ടംചെവതേനും
നീലക്കരിമ്പിനുടെയനീയമിതെല്ലാം

‡ ഈ ഉപന്യാസമെഴുതുന്നതിനു സഹായമായി തീർന്നിട്ടുള്ള ഗ്രന്ഥങ്ങളുടെ പേരുകൾ— (1.) പൂന ആനന്ദാശ്രമം വക ഈശാവാസ്യോപനിഷത്ത് (2.) കോയമ്പത്തൂർ കൃഷ്ണസ്വാമികൾ തമിഴിൽ ഭാഷാന്തരം ചെയ്തിട്ടുള്ള പാതഞ്ജലോപനിഷത്ത് (3.) ശിവരാമുവിന്റെ ഉപനിഷദ്ദീപികയിൽ പെട്ട ഈശാവാസ്യോപനിഷത്ത് (4.) പ്രൊഫെസർ മാക്‌ഡൊണാൽ എന്ന പാശ്ചാത്യപണ്ഡിതന്റെ സംസ്കൃത് ലിറ്ററേച്ചർ എന്ന ഗ്രന്ഥം.

8. വഴിപോലെകഴിച്ചിന്നുവഴിക്ഷീണമസകലം
ഒഴിവാക്കിയിരുന്നാലുമ്മാമലമകളേ! നീ
9. പാടവമൊക്കെയുംനീയിന്നുപാട്ടുള്ളപോലൊരുകഥ
പാടിക്കേൾപ്പിക്കാതിരുന്നാൽപന്തിയാവില്ല.
10. വഞ്ചിപ്പാൻനോക്കേണ്ടാനീവഞ്ചിതമാംനിലയ്ക്കുള്ള
വഞ്ചിപ്പാട്ടുപാടിത്തന്നാവിട്ടയക്കുള്ളതെൻ
11. ശ്രീരംഗത്തിൻനിലയമാംനാരായണപ്രഭൂതമാം
സാരാശയമെഴുംബുധസത്തമന്മാരും
12. പാട്ടിലയനിൻറവഞ്ചിപ്പാട്ടിലേറ്റംഭ്രമിച്ചതു-
ള്ളൂട്ടിരിക്കുന്നതോർമെനിക്കേറവകയല്ലേ
13. സമ്പ്രതിമേനവഗാനംസമ്പ്രീതികരമതേറ്റം
സംഭ്രമമുള്ളൻമോഹംനീസാധിപ്പിക്കേണം
14. കൂറാകാരിയാംനീപൊടിപാറ്റകൊരുത്തേണിപ്പാട്ടി-
ന്നേറവപാടിക്കൊള്ളാമെന്നതേറുന്നതൻപോരേ?
15. ഉത്തരംപറഞ്ഞതുള്ളകേട്ടതരളോഗമിതി-
നാത്തമെന്നുള്ളിളിപ്പെണ്ണുരച്ചാളുടവം
16. പ്രീട്ടമാറംവസ്ത്രപട്ടങ്ങളൊട്ടുകൊരവിധംതീരും-
വിട്ടകാതഴിക്കുംചില്ലീവില്ലോട്ടതാലേ
17. മട്ടലരമ്പനൊക്കണ്ണിൽച്ചൂട്ടുകൊണ്ടമനായിട്ടു
നട്ടംതിരിച്ചതുന്നാഥേ! പാർവ്വതി
18. മുമ്പിട്ടീടുംമൂടകങ്ങളുമ്പിസ്സുവാൻതിടുക്കുള്ള
കുംഭിരാജമുഖനുണ്ണിത്തമ്പുരാൻതന്നെ
19. തിരുവടിയിലെടുത്തുവെച്ചമ്മവെച്ചുലാളിച്ചിടും-
മമ്മയാമെൻഭഗവതി! ധർമ്മദൈവമേ!
20. ബ്രഹ്മവിഷ്ണുരുദ്രാദികളുമൊഴിൽധ്യാനിക്കുംപരം-
ബ്രഹ്മമൂർത്തേ! പരമേശി! ബ്രഹ്മാണ്ഡനാഥേ!
21. ഉൾക്കളത്തിലുറപ്പോടേത്തുകൾക്കതൊഴുന്നോരു
ഭക്തന്മാർക്കോർത്തുകൊൾകമമതേമേ!
22. മഞ്ജുമലയജതൈലഗ്രഹ്യമണ്ഡുകശ്രീവിലാസമേ!
കഞ്ജമാലയക്കുറിയംബോധക്കതലമായോളേ!

23. പാകരസാദികൾക്കാകരം ശ്രീകവിതാരസസ്യം മഹാ-
മൂകചിത്തവയലിലും മുളച്ചുപൊങ്ങാൻ

24. ശങ്കയില്ലാ ഇതകീട്ടം നികടാക്ഷകാളമേഘ-
മെങ്കൽ കൃപാമൃതം പൊഴിക്കുന്നനേരമെന്നാൽ

25. ഭാരതത്തിലൊരുകഥാസാരമെടുത്തുരചെയ്യാ-
നാരംഭിച്ചീടുന്നിതഞാനാഗമാംബികേ!

26. ഭാരതിയാംഭഗവതിയിന്നേരമൊന്നുകനിഞ്ഞെന്നാലേ
ഭാരമേറുമെന്നാരംഭം ഫലിയായ്ത്തീരൂ

27. എങ്കിലോ പണ്ടു ദ്വാപരത്തിങ്കലുണ്ടായ്നൃപാല-
മകുടമകുടമണിയായ് ശ്രേഷ്ഠൻ

28. സംവരണാഖ്യനായുള്ളസ്സൂര്യവംശജൻതന്നുദാര-
സ്സംവരണം ചെയ്യുന്നിതു സർവ്വസമ്പത്തും

29. കായബലം, കാന്തി, നീതിനിപുണതമാദിഗുണങ്ങളൊത്താ-
ലായവന്നു കിടനില്ലാ നാട്ടിലില്ലില്ലാ.

30. ധർമ്മലോപം വരാതവനിമ്മഹിവാണതുകൊണ്ടവൻ
നാമവനവളർന്നിതു നാട്ടുകാരെല്ലാം

31. വാട്ടമില്ലാതരികളെക്കൂട്ടത്തോടേകൊന്നാട്ടി
നാട്ടിലെല്ലാം ജയക്കൊടിനാട്ടിനാനവൻ

32. സൂക്ഷ്മമന്ദാനന്ദപ്രദൻ സൂക്ഷ്മദേവസമാനൻതാൻ
കാഴ്ചവെട്ടുകളിലുള്ളാളുള്ളതിൽസമർത്ഥൻ

33. ശാസ്ത്രമെല്ലാം പഠിച്ചവൻ ശാസ്ത്രവിധിപിഴയ്ക്കാതെ
കാത്തുവാണു കുടികളെക്കാരുണ്യപീകരൻതാൻ

34. കൂട്ടരോടുമൊത്താ നൃപശ്രേഷ്ഠനൊരുദിനം പള്ളി-
വേട്ടയാടാൻ പുറപ്പെട്ടുവന്നതിൻവണ്ണം

35. ഈട്ടി, വേല്, മുസലയും, തോട്ടി, വാളും, മഴു, മൂർച്ച
കൂട്ടിവെച്ചകട്ടത്തില, കുന്തങ്ങളും,

36. തൂവനാഴി, വില്ല്, മറ്റുമിവകയാമായുധങ്ങ-
ളാവർതാളമെടുത്തങ്ങുമാത്തുവിളിച്ചും

37. മുന്നടന്നു പടജ്ജനം, മന്നവനുമശ്വമേറി
മന്ദം മന്ദമെഴുന്നള്ളി മന്ദരധീരൻ

38. നൃവരൻെറയെഴുന്നള്ളത്തൻപുറപ്പാടുവിധം കാണ്മാൻ
തന്വംഗിമാരേറിനിന്നാർ താമരാക്ഷികൾ

39. കാമനോടുകിടയൊത്താവേട്ടുവനൊളിൻമേനികണ്ടു
കാമവഹ്നിയേറ്റു കരൾ കരിഞ്ഞുപോയി

40. വൃദ്ധപുരസ്ത്രീജനങ്ങളരശരേശമുടിത്തട്ടിൽ
ശുദ്ധമലർ നിരത്തുകിൽ ശുഷ്കാന്തിയോടേ

41. ഉച്ചൈശ്രവസ്സായ്‌വിളങ്ങും വെളുത്തശ്വത്തിൻെറപുറത്തേറി-
യുച്ചൈശ്രവസ്സിൻപുറത്തമരർകോൻപോലെ,

42. എല്ലാവർക്കും തിരുമേനി തെല്ലുനേരം കാട്ടിക്കൊണ്ടു
മെല്ലെമെല്ലെ നടകൊണ്ടു മേദിനീനാഥൻ

43. പാരംവഴിപോയനേരം ദൂരദിക്കിൽ കാണാകുന്നു
നിബിഡമായിരുന്നുള്ള ഘോരകാന്താരം

44. നട്ടുച്ചയ്ക്കും പോലും വെയിലിൽ തട്ടുവാനിടയാകാത്ത
മട്ടിലിണ്ടിയിടതിങ്ങി മാമരങ്ങളാൽ

45. മാനത്തുമുട്ടിനില്ക്കുന്നാകാനനത്തെക്കണ്ടൊരുത്തു
മാനവേന്ദ്രനുളവായി മാനസാഹ്ലാദം

46. ഓടിയണഞ്ഞുവേട്ടക്കാർ പേടിയാവുംപടിയുള്ളോ-
രൊച്ചയിളകിത്തുടങ്ങിനാർ കൌതുകത്തോടും

47. ഘോരംകൊട്ടും കാറ്റുവീശും നേരം കടലെന്നപോലെ-
ക്രൂരവനം കിടന്നാകെ കലങ്ങിപ്പോയി

48. കാട്ടാനകൾ, കരിമ്പുലിക്കൂട്ടം, ചെന്നായ്, കരടികൾ,
കാട്ടുപോത്തു, ഘണ്ടാമൃഗം, കടുവകളും

49. എട്ടടിമാൻ, പന്നി, സിംഹം തൊട്ടുള്ള മൃഗപ്പരിഷക-
ളെട്ടുദിക്കും മുഴങ്ങുമാറേറ്റമുച്ചത്തിൽ

50. കൂട്ടംകൂടിക്കൂക്കിവിളി കൂട്ടം ഭടജനഘോഷം
കേട്ടവരങ്ങുമിങ്ങുമോട്ടം തുടങ്ങി

51. മണ്ടുമിടയ്ക്കാളുകളെക്കണ്ടു ചാട്ടം പാച്ചിലെല്ലാം
കൊണ്ടുചാത്തമലയ്ക്കുന്ന ക്രൂരജന്തുക്കൾ

52. ഉടകട്ടുംകടിനക്കൂട്ടടയണമേറ്റൊറവുമെ-
ഒടവെടിഞ്ഞെലിംഞ്ഞിന്നൊലിടപൂംതോക്കി

53. വടകടങ്ങളെപ്പറിവിപ്പൂടചാട്ടലംപ്രൌഢൎ-
കടമിടഞ്ഞണനെടുപ്പിക്കേസരികളെ

54. സ്വൎഗ്ഗവലമെന്നവണ്ണമവരേശങ്ങൾകേസരിമാ-
ല്ലൎഗ്ഗപണ്ടെത്തുകകാനനാംഗങ്ങളെന്നിയെ

55. കണ്ണിയന്ത്യപൻതൃക്കിന്നങ്ങളിക്കണ്ണതിലൻ ഠ
കന്യകകെതെപ്പിളക്കിപ്പോളുവലങ്ങളെല്ലാം

56. തന്നെത്തുള്ളിപിഴുംപോലെ നല്ലുളമൊമ്മൂളുമൊരു
പൊമെമില്ലാളുതിന്നു പാഠ്യകിൽ ചിത്രം

57. ഘോരംപോകയ്വ്യാപനത്തുംകൃപേചാറഗ്ഗ്വഗങ്ങളിന്നാൻ-
ഘോരതള്ളിലെയലിപ്പുന്നുപോലകംപോലെ;

58. ഒട്ടൊന്നുമല്ലതളുംകെട്ടിയാറാടൂചിലൊന്നു
കാട്ടുകളില്ലായ്കതിക്കൂട്ടിയതുപോലെ.

59. ഒന്നുരണ്ടുനാഴികകൊണ്ടന്നുമൃഗജന്തുക്കളെല്ല-
ക്കൊന്നുകൊണ്ടനാട്ടകലിയവനാമൊന്നാരമന്ന

60. ഒന്നാന്തരംജീവികളൊക്കെയൊന്നായ്വന്നുകളിയാട്ടാ-
വുന്നവിധമായതിതീൎമൊന്നൊന്നതേവണ്ടു.

61. വട്ടമില്ലാതവനേവംവേട്ടയാടിനടക്കവേ നവമാം
കൂട്ടംപിരിഞ്ഞെത്തീതാമറകാട്ടിൽപൊന്നാന്തി

62. ഏററംവഴിപാഞ്ഞുപാഞ്ഞു തേററലന്നന്തറാനേറ്റവും-
മുററമായ്പൈപാദാഹംമൂത്തുകുറെംപിഴച്ചു.

63. പിന്നെത്തുകരൽനടയായിങ്ങനെപോത്തുംതന്നുരമം-
മുന്നിൽക... നാലുന്നിതൊരുമുഗ്ദ്ധഗാത്രിയാം

(തുടരും)

വള്ളത്തോൾ നാരായണമേനോൻ.

കാളിദാസൻ

(തുടൎച്ച)

ഡാക്ടർ ഭൗവദാജിയുടെ അഭിപ്രായപ്രകാരം ഇവ ശരിയാണെന്നുള്ളതിന്നു വല്ല ലക്ഷ്യങ്ങളും ഉണ്ട്. ജൈനന്മാരുടെ ചില കൃതികൾപ്രകാരം ക്രിസ്ത്വാബ്ദം മൂന്നാം ശതവൎഷം സമീപിച്ച് ഒരു വൃദ്ധഭോജൻ ഉണ്ടായിരുന്നെന്നും, അദ്ദേഹത്തിന്നു മാനതുംഗസൂരി എന്ന് ഒരാചാൎയ്യനുണ്ടായിരുന്നെന്നും കാണുന്നില്ലെന്നില്ല. എന്നാൽ, ഇതിൽ എന്തോ ഒരു തെററു പററീട്ടുണ്ടെന്നുള്ളതു പ്രത്യക്ഷമാകുന്നു. എന്തുകൊണ്ടെന്നാൽ, ചില ജൈനപ്രാമാണികന്മാരുടെ അഭിപ്രായങ്ങളിൽ മാനതുംഗൻ ബാണന്റെയും, മയൂരന്റെയും സമകാലികനായിരുന്നെന്നു കാണുന്നു; ഇവർ രണ്ടാളും ഏഴാം ശതവൎഷാരംഭത്തിൽ ജീവിച്ചിരുന്നവരാണെന്നുള്ളതിന്നു തൎക്കവുമില്ല. ഹൎഷചരിതത്തിൽ ബാണൻ, താൻ ഹൎഷവൎദ്ധനന്റെ രാജധാനിയെ സന്ദൎശിച്ചുള്ള വൎണ്ണിക്കുന്നുണ്ട്. ഈ ഹൎഷവൎദ്ധനശിലാദിത്യൻ ഹ്യൂയെൻഷാങ്ങ് എന്ന ബൌദ്ധമിഷണറിയെ സല്ക്കരിച്ചു കനൌജിലെ ശിലാദിത്യൻതന്നെ എന്നതിന്നു വേണ്ട തെളിവുകൾ ഉള്ള സ്ഥിതിയ്ക്കു ഭോജന്മാരുടെ കാലത്തെസ്സംബന്ധിച്ചു മുമ്പു പറഞ്ഞ അഭിപ്രായവ്യത്യാസത്തിന്നു അവകാശമില്ലാതെ പോകുന്നു.

വിക്രമാദിത്യനെപ്പററി വിക്രമചരിതം, സിംഹാസനദ്വാത്രിംശതി, വേതാളപഞ്ചവിംശതി മുതലായ കൃതികളിലുള്ള കഥകൾ എല്ലാം നോക്കിയതിൽ വിക്രമാദിത്യാബ്ദസ്ഥാപകൻ എന്നു പറയുന്ന ആ മഹാരാജാവു ധീരനും ഉദാരനുമായ ഒരു വീരനായിരുന്നു എന്നു കാണുന്നുണ്ടെങ്കിലും അദ്ദേഹം ഒരു വലിയ വിദ്യാപ്രസാദകനായിരുന്നു എന്നു തെളിയുന്നില്ല. എന്നുതന്നെയുമല്ല, അദ്ദേഹത്തിന്നു സിദ്ധസേനസൂരി എന്നൊരു ജൈനാചാൎയ്യനുണ്ടായിരു

ന്നല്ലേ ജൈനകൃതികൾ പറയാൻ മാവുന്നുള്ളു*. കഥാസരിത്സാഗരത്തിലും കൌശാംബിരാജാവായ നരവാഹനദത്തനോടു വിക്രമാദിത്യനെപ്പററി കണ്വൻ പറഞ്ഞു കേൾപ്പിക്കുന്നതായി ചില കഥകൾ കാണ്മാനുണ്ട്. നാസിക്കിലെ ഒരു ശിലാലിഖിതപ്രകാരം നാഭാഗൻ, നഹുഷൻ, ജനമേജയൻ, യയാതി, ബലരാമൻ മുതൽപേരുടെ കൂട്ടത്തിൽ യശോനിധിയായ ഒരു വിക്രമാദിത്യനെപ്പററിയും പ്രസ്താവം കാണുന്നുണ്ട്. ഈ വിക്രമാദിത്യന്മാർ എല്ലാം ഒന്നാവാൻ ഒരു തരവുമില്ല. വിക്രമാദിത്യകഥകൾ എല്ലാംകൂടി വച്ചു നോക്കുമ്പോൾ കാൽപലം ആളിന്റെ കല്പ്പനയെന്നു സമ്മതിക്കതന്നെയാണ് ഭംഗിയായിട്ടുള്ളത്.

ജൈനതീർത്ഥംകരന്മാരിൽ അന്ത്യനായ വർദ്ധമാനന്റെ നിർവാണം കഴിഞ്ഞു 470 സംവത്സരത്തിനുമേൽ അവന്തിദേശത്തു വിശാലയിൽ വിക്രമാദിത്യൻ വാണിരുന്നതായി ശ്രീദേവകൃതിയായ വിക്രമചരിതത്തിൽ കാണുന്നു. എന്നാൽ, അതിന്റെ കർത്താവു കാളിദാസനെക്കുറിച്ചു മൂകനായിത്തന്നെ കാണപ്പെടുന്നു. ജ്യോതിർവിദാഭരണമെന്ന ജ്യോതിഷ ഗ്രന്ഥത്തിലല്ലാതെ മുമ്പറഞ്ഞ നവരത്നങ്ങൾ എല്ലാംകൂടി വിക്രമാദിത്യസദസ്സിനെ അലങ്കരിച്ചിരുന്നതായി എങ്ങും പറഞ്ഞു കാണുന്നില്ല. ഈ ഗ്രന്ഥം കാളിദാസകൃതിയാണെന്നു അതിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ജ്യോതിർവിദാഭരണത്തിന്റെ 22-ാമദ്ധ്യായത്തിൽ തൽകർത്താവു പറയുന്ന ഒരു ഭാഗത്തിന്റെ ചുരുക്കം ആകുന്നു ഇവിടെ ഇടുന്നത്. ഞാനിനി സന്തോഷസമ്പാദകനായ വിക്രമ മഹാരാജാവിനെ വർണ്ണിക്കാൻ തുടങ്ങുന്നു. മാളവയിൽ ശ്രീവിക്രമൻ വാണിരുന്നപ്പോളാണ് ഞാനിതു എഴുതിത്തീർത്തത്. ശങ്കു, വരരുചി, മണി, അംശുദത്തൻ, ജിഷ്ണു, ത്രിലോചനൻ, ഹരി, ഘടകർപ്പരൻ, അമരസിംഹൻ മുതൽപേരായ കവികൾ അദ്ദേഹത്തിന്റെ സദസ്സിനെ അലംകരിച്ചിരുന്നു. സത്യശ്രുതസേനവരാഹമിഹിരപ്രഭൃതികളും

* കരൂർയുദ്ധത്തിൽ വിജയിയായിത്തീൎന്ന വിക്രമാദിത്യരാജാവു കേവലം കഥാപുരുഷനാകുന്നു എന്ന വാദമുള്ള ആധുനികചരിത്രപണ്ഡിതന്മാരുടെ വാദങ്ങൾ ഇരിക്കട്ടെ.

ഒന്നും ജ്യോതിഷികന്മാരാകുന്നു. ധന്വന്തരിക്ഷപണകാദികൾ നവരത്നങ്ങൾ എന്നു വിളിക്കപ്പെട്ടുന്നവരാകുന്നു. വിക്രമൻ സർവ്വോൽക്കർഷേണ വർത്തിക്കുമ്പോൾ അദ്ദേഹത്തിന്റെ കീഴിൽ എണ്ണൂറു മാണ്ഡലികരാജാക്കന്മാർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മഹാസദസ്സ് പതിനാറു വാഗ്മികളായ പണ്ഡിതന്മാരാലും, പത്തു ജ്യോതിഷികന്മാരാലും, ആറു വൈദ്യന്മാരാലും പതിനാറു വേദപാഠകന്മാരാലും അലംകൃതമായിരുന്നു. അദ്ദേഹത്തിന്റെ സൈന്യമോ പതിനെട്ടു യോജന വിസ്തൃതമായിരുന്നു. ശകപ്രമാണികളെ തോൽപിച്ചു സ്വസംവത്സരത്തെ അദ്ദേഹം കലിയുഗത്തിൽ സ്ഥാപിച്ചു. വളരെ ധർമ്മനിഷ്ഠനായിരുന്നു അദ്ദേഹം. ദ്രാവിഡ ലാട ഗൌഡാദികളിലെ നാടുവാഴികളെ അദ്ദേഹം തോൽപിച്ചുവന്നു. മഹാകാളക്ഷേത്രത്തോടുകൂടിയ ഉജ്ജയിനിയുടെ രക്ഷിതാവുമത്രേ. കാവ്യത്രയത്തെ നിർമ്മിച്ചശേഷം ശ്രുതികർമ്മവാദവിഷയമായി അനേക കൃതികൾ ഉണ്ടാക്കി. അതിന്റെശേഷം കാളിദാസനായ എനിക്കിന്നു ജ്യോതിർവിദാഭരണമെന്നു പേരുള്ള ഈ ജ്യോതിഷഗ്രന്ഥം ഉത്ഭവിച്ചു. കലിയിൽ മൂവായിരത്തിഅറുപത്തിയെട്ടു വത്സരങ്ങൾക്കുശേഷം വൈശാഖത്തിൽ ഒന്നിതു തുടങ്ങി. കാർത്തികമാസത്തിൽ അവസാനിപ്പിച്ചു. ഏറെക്കുറെ പുരാതനമെന്നു ഭാവിക്കുന്ന ഈ ഗ്രന്ഥത്തിൽ ഇത്ര വ്യക്തമായി ചെയ്തിരിക്കുന്ന ഈ പ്രസ്താവം കാളിദാസകാലത്തെ കുറിച്ചുള്ള സകല സംശയങ്ങൾക്കും അമർച്ചവരുത്തി ദുർവ്യവഹാരികൾക്കുകൂടി അനങ്ങാൻ പാടില്ലാത്ത വിധത്തിൽ വ്യവസ്ഥവരുത്തുന്നതിനു മതിയാകേണ്ടതാണ്. പക്ഷെ, ഈ ഗ്രന്ഥത്തെ ആന്തരമായി സൂക്ഷിച്ചു നോക്കുമ്പോൾ ഇതു കാവ്യത്രയകർത്താവായ കാളിദാസന്റെ കൃതിയല്ലെന്നു തെളിയുന്നതാകുന്നു. അയനാംശങ്ങളെ കണ്ടുപിടിക്കാൻ അതിൽ പറയുന്ന കൌശലം ശകവർഷത്തിൽനിന്നു (ക്രിസ്ത്വബ്ദം 78) 445 കുറച്ചു ശേഷിപ്പിനെ അറുപതുകൊണ്ട് ഹരിക്കണം എന്നാകുന്നു. ഇതുകൊണ്ടുതന്നെ പ്രസ്തുതഗ്രന്ഥം വിക്രമാദിത്യവർഷത്തിൽ ഏകദേശം ഏഴു ശതാബ്ദങ്ങൾ കഴിഞ്ഞു നിർമ്മിച്ചിരിക്കണമെന്നു വന്നുകൂടുന്നു. എന്നുതന്നെയുമല്ല, ഇതു ഒരു ജൈനമതസ്ഥന്റെ കൃതിയും

ണെന്നും കാണാവുന്നതാണ്. ബ്രഹ്മഗുപ്തന്റെ പിതാവായ ജിഷ്ണു കൂടി വിക്രമാദിത്യസദസ്യനായിരുന്നെന്നു കാണുന്നതുകൊണ്ടും,

ശ്രീചാപവംശതിലകശ്രീവ്യാഘ്രമുഖേനൃപേശകനൃപാൽ,
പഞ്ചാശത്സംയുക്തൈർവ്വർഷശതൈഃപഞ്ചഭിരതീതൈഃ.
ബ്രാഹ്മസ്ഫുടസിദ്ധാന്തഃ,സജ്ജനഗണിതജ്ഞഗോളവിൽപ്രീത്യൈ,
ത്രിംശദ്വർഷേണകൃതോ,ജിഷ്ണുസുതബ്രഹ്മഗുപ്തേന.

എന്നതുകൊണ്ടു ജിഷ്ണുവിന്റെ കാലം നിർണ്ണയിക്കാവുന്നതാകയാലും ജ്യോതിർവിദാഭരണം വിക്രമാദിത്യവർഷസ്ഥാപകന്റെ കാലത്തു നിർമ്മിച്ചു എന്നു പറയുന്നതിനു തീരെ അടിസ്ഥാനമില്ലാതെ പോകുന്നു. ജ്യോതിർവിദാഭരണം കാളിദാസൻ എഴുതാൻ ഇടയായതിനെപ്പററി തെളിവായി ഗ്രാഹ്യമാക്കപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ എന്നു തോന്നുമാറു ചില ജ്യോതിഷികൾ ഒരു കെട്ടുകഥയേയും പ്രചരിപ്പിക്കുന്നതായി കാണുന്നുണ്ട്. വിക്രമാദിത്യൻ ഒരിക്കൽ എവിടെയോ യാത്രപോകുന്നതിനായി ഒരുങ്ങിയിരിക്കെ, സുമുഹൂർത്തമറിഞ്ഞു പുറപ്പെടണം എന്നു വിചാരിച്ചു രാജധാനിയിലെ ഗണിതജ്ഞന്മാരെ അന്വേഷിച്ചതിൽ ആരേയും കാണാതിരുന്നതുകൊണ്ടു കാളിദാസൻ ജ്യോതിർവിദാഭരണമുണ്ടാക്കിയെന്നാണ് മേൽപടി കഥ. പ്രധാനവാദത്തിന് ആശ്രയമായി കരുതിയിരിക്കുന്ന ഭേദ്യമായ ഈ കഥ, പ്രധാനവാദംതന്നെ അസ്ഥിവാരശൂന്യമായി വീഴുമ്പോഴും നില്ക്കുമോ എന്നു ചോദിക്കേണ്ടതില്ലല്ലോ. വരാഹമിഹിരൻ വിക്രമാദിത്യസദസ്യനായിരുന്നുവെന്നു, ജ്യോതിർവിദാഭരണം പറയുന്നു. എന്നാൽ, മേൽ നിർണ്ണയിക്കപ്പെടാൻ പോകുന്ന വരാഹമിഹിരകാലംകൊണ്ടു ഇതും ജ്യോതിർവിദാഭരണകർത്തൃത്വത്തിന്റെ അസാധുത്വത്തെ ബലപ്പെടുത്തുന്നു. ഇതും പോരെങ്കിൽ രഘുവംശത്തിന്റെ മുഖവുരയിൽ മിസ്റ്റർ എസ്. പി. പണ്ഡിററ് എം. എ. ജ്യോതിർവിദാഭരണത്തിലെ വ്യാകരണ വിരുദ്ധങ്ങളായ പ്രയോഗങ്ങളേയും മററും ശേഖരിച്ചു ചെയ്തിരിക്കുന്ന നിരൂപണവും തെളിവായി ഗ്രാഹ്യമാക്കാവുന്നതാകുന്നു.

കാളിദാസനെന്നു പേരുള്ളതായി കാണുന്ന വേറെ ഒരു കവി ശ്രുതബോധഗ്രന്ഥത്തിന്റെ കർത്താവാകുന്നു. ഈ ഗ്രന്ഥത്തി

ളെ വിഷയം സ്വരക്രമമനുസരിച്ചു ഋധയാത്രാദികൾക്കുള്ള ശ്രമ കാലനിർണ്ണയമാകുന്നു. അതിലെ ആദിമവും അന്തിമവും ആയ ശ്ലോകങ്ങളാവിവ.

1. 'നതാസുരാസുരശിരോമണിരത്നരശ്മി-
ചിത്രീകൃതാംഘ്രിയുഗളം ഹരിമാദിദേവം
ശ്രീകാളിദാസഗണകഃ സ്വരശാസ്ത്രസാരം
വക്ഷ്യാമ്യഹം പ്രബലശത്രുപരാഭവാഖ്യം.

2. ആസീൽ കശ്യപവംശജോ ഗതനയതീരാധിവാസീ ദ്വിജഃ
ശ്രൗതസ്മാർത്തവിചാരസാരചതുരഃ ശ്രീമാനഭട്ടഃ സുധീഃ
തൽപുത്രോ ഹരിഭക്തിനിർമ്മലതനുർജ്യോതിർവിദാമഗ്രണീഃ
ശാസ്ത്രം ശത്രുപരാഭവാഖ്യമകരോച്ഛ്രീകാളിദാസഃ കവിഃ'

ഇതിലെ ആദിയിലുള്ള വിഷ്ണുസ്തുതിയും മറ്റുരീതിയും മറ്റുംകൊണ്ട് ഈ കാളിദാസൻ ശാകുന്തളകർത്താവാകാൻ ഇടയില്ലെന്നു വിദ്വാന്മാർ അനുമാനിക്കുന്നു. സാക്ഷാൽ കാളിദാസന്റെ കവിതകളിൽ പ്രാരംഭത്തിൽ കാണുന്നതു മിക്കവാറും ശിവസ്തുതിയാണ്. ഉദാഹരണങ്ങൾക്കു ശാകുന്തളാദി ഗ്രന്ഥങ്ങൾതന്നെ മതിയാവും. ഇതിനുള്ള കാരണം ഉജ്ജയിനിയിൽ ഇപ്പോഴും ആരാധിക്കപ്പെട്ടു വരുന്ന ശിവപ്രതിഷ്ഠതന്നെയായിരിക്കാം.

കാളിദാസകാലനിർണ്ണയത്തിനു അവശ്യമായ പൂർവഘട്ടമാകുന്നു വിക്രമാദിത്യകാലവ്യവസ്ഥ. ഇതിനെപ്പറ്റി കേണൽ ബിൽഫോഡ് ഇപ്രകാരം പറയുന്നു: 'വിക്രമാദിത്യൻ ഉത്ഭവിച്ചതിന്റെ ശേഷം 477 വർഷങ്ങൾ കഴിഞ്ഞു ശിലാദിത്യൻ അല്ലെങ്കിൽ ഭോജൻ രാജ്യഭരണം ചെയ്തുവെന്നു ശത്രുഞ്ജയമാഹാത്മ്യത്തിൽ നാം കാണുന്നു.' ശത്രുഞ്ജയമാഹാത്മ്യമെന്നതു ഒരു ജൈനകൃതിയാകുന്നു. അതു ശത്രുഞ്ജയമെന്ന പർവ്വതത്തിന്റെ വർണ്ണനയായി വല്ലഭിരാജാവായ ശിലാദിത്യന്റെ ആവശ്യപ്രകാരം ധനേശ്വരസൂരി എന്ന ആളിനാൽ രചിതമായ ഒരു കൃതിയാകുന്നു. പ്രസ്തുതമായ ഭാഗം മൂലത്തിൽ ഇപ്രകാരമാകുന്നു.

'അസ്മന്നിർവ്വാണതോ വർഷൈസ്ത്രിഭിഃ സപ്താഷ്ടസംയുതൈഃ
ധർമ്മവിപ്ലവകഃ ശക്രഃ ഭാവീ ... ഭവിഷ്യതി

തതഃശകൈതദ്ബാദശഭിഃഷട്ഷഷ്ടിഭിർവത്സരൈർഗ്ഗതൈഃ
പഞ്ചചത്വാരിംശതാപിവിക്രമാർക്കോമഹീമിമാം
സിദ്ധസേനോപദേശേനാനൃണീകൃത്യജിനോക്തവൽ
അസ്തുസംവത്സരംലുപ്ത്വാസ്വീയമാവിഷ്കരിഷ്യതി'.

ഇതിൽനിന്നു വർദ്ധമാനവർഷം അല്ലെങ്കിൽ മഹാവീരവർഷമെന്നതിന്റെ സ്ഥാനത്തിൽ 477 വത്സരം കഴിഞ്ഞാണ് വിക്രമാദിത്യവർഷം പ്രതിഷ്ഠാപിക്കപ്പെട്ടതെന്നു വ്യക്തമാകുന്നു. ഇതുതന്നെ ചില ശ്വേതാംബരജൈനന്മാരുടെ ചില കൃതികളിൽനിന്നും തെളിയുന്നുണ്ട്. കേണൽ വിൽഫേർഡും പരിഷയും വീരനേയും വിക്രമനേയും തെററിദ്ധരിച്ചു 470 സംവത്സരത്തെ കണക്കു പിണക്കിയിരിക്കുന്നു,

സപ്തസപ്തതിമബ്ദാനാമതിക്രമ്യചതുശ്ശതീം
വിക്രമാർക്കാച്ഛിലാദിത്യോഭവിതാധർമ്മവൃദ്ധികൃൽ'.

എന്നും ടി. ശത്രുഞ്ജയമാഹാത്മ്യംതന്നെ പറയുന്നുണ്ട്.

വിക്രമാദിത്യൻ അഞ്ചാം ശതവർഷത്തിൽ ഉജ്ജയിനിയിൽ ജീവിച്ചിരുന്നെന്നു വല്ലനാപക്ഷം രാജതരംഗിണിയിലെ പ്രസ്താവങ്ങൾ എല്ലാം യോജിപ്പിക്കുന്നതു വിഷമമെന്ന് പ്രൊഫസർ വിൽസൻ അഭിപ്രായപ്പെടുന്നു. എങ്കിലുമദ്ദേഹം പറയുന്നു! കേട്ടീഠദേശത്തിൽ മാതൃഗുപ്തനെന്ന ബ്രാഹ്മണനെ വാഴിച്ച വിക്രമാദിത്യൻ അഞ്ചാം ശതവർഷത്തിൽ ജീവിച്ചിരുന്നതായി തോന്നുന്നു. ഈ വിക്രമാദിത്യൻ നൂറുവർഷം രാജ്യം ഭരിച്ചതായും 541-ൽ മരിച്ചതായും തെളിയുന്നു. പക്ഷെ, ശത്രുഞ്ജയമാഹാത്മ്യപ്രകാരം 447-ൽ ശിലാദിത്യരാജാവായിരുന്നു എന്നു കാണുന്നു'. ഇവിടെ കേണൽ വിൽഫോർഡിന്റെ അബദ്ധമായ ആധാരത്തെ സ്വീകരിച്ചതിനു പുറമെ പ്രൊഫസർ വിൽസൻ ശിലാദിത്യന്മാർ തമ്മിൽ ഒരു കുഴപ്പവും ഉണ്ടാക്കിത്തീർത്തിരിക്കുന്നു. വിക്രമാദിത്യൻ, ശിലാദിത്യൻ, ചന്ദ്രഗുപ്തൻ ഇത്യാദി ഇൻഡ്യൻ ചരിത്രത്തിലെ നാമധേയങ്ങൾ വടിപടിപ്പിക്കുന്നതിനു പ്രസിദ്ധിനേടീട്ടുള്ളവയാണെന്നു വിദ്വജ്ജനങ്ങളുടെ കൂട്ടത്തിൽ നമുക്കും വ്യസനിക്കാം.

ഇനി ഇവിടെ തുടരാൻപോകുന്നതു കാളിദാസൻ മാതൃഗുപ്തനാണ് എന്നു ഡാക്ടർ ഭാവുദാജിക്കുള്ള വാദമാകുന്നു. യഥാർത്ഥമായ

ചരിത്രപ്രസിദ്ധിസിദ്ധിച്ചിട്ടുള്ളതെന്നു വിത്സൻ പ്രഭൃതികൾക്കും സമ്മതമായിട്ടുള്ള രാജതരംഗിണി മൂന്നാം തരംഗത്തിന്റെ സാരമാവിത്. ശ്രേഷ്ഠസേനന്റെ പുത്രന്മാരായ ഹിരണ്യനും തോരമാണനും രാജ്യത്തെ രാജാവായും മന്ത്രിയായും ഭരിച്ചു. നാണയമാററം ചെയ്യുകകൊണ്ടു തോരമാണനെ മറേറവൻ തടവിൽ പാർപ്പിച്ചു. തോരമാണന്റെ കളത്രമായ അഞ്ജന ഗർഭിണിയായിരുന്നു. അവൾ കുശവക്കുടിയിൽവച്ചു ഒരാൺകുട്ടിയെ പ്രസവിക്കയും അവിടെ വളൎത്തപ്പെട്ട ആ കുട്ടിക്കു പ്രവരസേനൻ എന്നു പേരിടുകയും ചെയ്തു. ബാല്യക്രീഡയിൽ ഉത്സുകനായിരുന്ന ഈ ബാലനെ തന്റെ മാതുലനായ ജയേന്ദ്രൻ കാണുകയും പൂൎണ്ണരാജലക്ഷണനായ കുട്ടിയിൽ സ്വസോദരി ഭൎത്താവിന്റെ സാദൃശ്യം ദൃശ്യമായിരുന്നതു കണ്ടു് അവനെ അനുഗമിച്ചു കുലാലാലയത്തിൽ ചെന്നു സഹോദരിയെ കണ്ടു വിസ്മയിക്കുകയും ചെയ്തു. ജയേന്ദ്രൻ തോരമാണനെ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കുവാൻ ചെയ്ത ശ്രമം ഫലവത്താകുന്നതിനു മുമ്പിൽ തോരമാണൻ മരിച്ചു. അനന്തരം പ്രവരസേനൻ ഖിന്നനായി തീൎത്ഥാടനം ചെയ്തു. ഏകദേശം മുപ്പതുവൎഷം രാജ്യം ഭരിച്ചു ഹിരണ്യനും സന്തതിയില്ലാതെ കാലധൎമ്മത്തെ പ്രാപിച്ചു. അക്കാലത്തു ശ്രീമാനായ വിക്രമാദിത്യൻ അഥവാ ഹൎഷൻ ഭാരതഖണ്ഡചക്രവൎത്തിയായി ഉജ്ജയിനിയിൽ വാണിരുന്നു. ശകശത്രുവായ ഇദ്ദേഹത്തിന്റെ മാഹാത്മ്യം അവൎണ്ണനീയമത്രെ. ദിഗന്തവിശ്രാന്തകീൎത്തിയായ ഈ ചക്രവൎത്തിയെ കാണ്മാൻ ചെന്ന മാതൃഗുപ്തകവി അദ്ദേഹത്തിനു പണ്ഡിതന്മാരോടുള്ള ഔദാൎയ്യത്തെ പ്രതീക്ഷിച്ചു രാജസന്നിധിയിൽ ഹാജരാവുകയും രാജപരിചാരകനായിത്തീരുകയും ചെയ്തു. കവിയുടെ സ്വഭാവത്തെ പരീക്ഷിപ്പാൻ ചക്രവൎത്തി ചെയ്ത യത്നങ്ങളിലൊന്നിലുമടിപെടാതെ അക്ഷീണനായി ആറുസംവത്സരകാലം രാജസേവയിൽ കഴിച്ചുകൂട്ടിയശേഷം ക്ഷീണനും നരച്ചവനുമായ കവിയെ രാജാവു സവാരി പുറപ്പെട്ടപ്പോൾ ഒരിക്കൽ കാണാനിടയാകയും വിദ്വാനായ ആ ആശ്രിതന്റെ സ്ഥിതിവശാത്ത് അദ്ദേഹം ആൎദ്രചിത്തനായിത്തീരുകയും ചെയ്തു. ഒരിക്കൽ രാത്രി അതികലശലായി വൎഷമുണ്ടായപ്പോൾ കൊട്ടാരത്തിൽ രാജാവി

ന്റെ ശയ്യാഗൃഹത്തിലെ വിളക്കുകൾ മിന്നി കെട്ടുപോകയും രാജാവു ഭൃത്യന്മാരെ വിളിച്ചതു നിദ്രാണന്മാരായിരുന്ന അവർ കേൾക്കാതിരിക്കകൊണ്ടു മാതൃഗുപ്തൻ അകത്തേക്കു ചെന്നു വിളക്കു കൊളുത്തുകയും ചെയ്തു. കവി ഇതുവരെ ഉറങ്ങാതിരുന്നതിനെപ്പററി രാജാവു ചോദിച്ചപ്പോൾ മാതൃഗുപ്തൻ പറഞ്ഞു:

'ശീതേനോദ്ധൂഷിതസ്യ മാഷശിമിവച്ചിന്താർണ്ണവേ മജ്ജതഃ
ശാന്താഗ്നിം സ്ഫുടിതാധരസ്യ ധമതഃ ക്ഷുത്ക്ഷാമകണ്ഠസ്യ മേ
നിദ്രാ ക്വാപ്യവമാനിതേവ ദയിതാ സന്ത്യജ്യ ദൂരം ഗതാ
സൽപാത്രപ്രതിപാദിതേവ വസുധാ ന ക്ഷീയതേ ശർവ്വരീ'.

ഇതുകൊണ്ടു മാതൃഗുപ്തനെ കാശ്മീരരാജാവാക്കാൻ ഹർഷവിക്രമാദിത്യൻ നിശ്ചയിച്ചു ഗൂഢമായി വേണ്ട വ്യവസ്ഥകൾ ചെയ്തു. കവിയാകട്ടെ നിരാശനായി വളരെ വിഷാദിക്കയും ചെയ്തു. പ്രഭാതത്തിൽ ആ സ്ഥാനത്തിൽ ഇരുന്നുകൊണ്ടു രാജാവു മാതൃഗുപ്തനെ വിളിച്ചുവരുത്തി കാശ്മീരംവരെ ഒരു പത്രികയുംകൊണ്ടു പോകണമെന്നും വഴിക്കു അതു വായിച്ചുനോക്കരുതെന്നും കല്പിച്ചു. രാജശാസനയാണല്ലൊ എന്നുവെച്ചു മാതൃഗുപ്തൻ അനുസരിച്ചു. വഴിക്കൊരു സഹായവും കയ്യിൽ കാശുമില്ലാതെ കാശ്മീരത്തിനു യാത്രതിരിച്ചു കഷ്ടപ്പെട്ട കവിയുടെ കഥ കുചേലബ്രാഹ്മണൻ ദ്വാരകയിൽനിന്നു മടങ്ങിയപ്പോഴത്തെ അവസ്ഥയെ നമ്മെ ഓർമ്മപ്പെടുത്തുന്നു. മാതൃഗുപ്തൻ കാശ്മീരരാജാവായിട്ടാണ് പോയതെന്നു വിശേഷിച്ചു പറയേണ്ടില്ലല്ലോ. ഇങ്ങനെ ആഡംബരംകൂടാതെ രാജാവു ചെയ്ത പ്രസാദത്തെക്കുറിച്ചു മാതൃഗുപ്തൻ ഇപ്രകാരം എഴുതി അയച്ചു.

'നാകാരമുദ്വഹസി നൈവ വികത്ഥസേ ത്വം
ദിത്സാം ന സൂചയസി മുഞ്ചസി സൽഫലാനി
നിശ്ശബ്ദവർഷണമിവാംബുധരസ്യ രാജൻ
സംലക്ഷ്യതേ ഫലത ഏവ തവ പ്രസാദഃ'.

ഈ അന്ത്യശ്ലോകം മേഘസന്ദേശത്തിലെ,


'നിശ്ശബ്ദോപി പ്രദിശസി ജലം യാചിതശ്ചാതകേഭ്യഃ
പ്രത്യുക്തം ഹി പ്രണയിഷു സതാമീപ്സിതാർത്ഥക്രിയൈവ'

എന്ന ശ്ലോകഭാഗത്തോടു വളരെ സദൃശമായിരിക്കുന്നു എന്ന സംഗതികൂടി ഇവിടെത്തന്നെ പറഞ്ഞു കൊള്ളട്ടെ.

(തുടരും)

പി. കെ. നാരായണപ്പിള്ള ബി. എ.

ആയുൎവ്വൈദ്യപഴമ



ഹിന്തുവൈദ്യപണ്ഡിതന്മാരിൽനിന്നു ഗ്രീസ്സ്, അറേബിയാ, പെൎഷ്യാ, ഈ രാജ്യക്കാൎക്കു വളരെ ഗുണം കിട്ടീട്ടുണ്ടെന്ന് ഇപ്പോഴത്തെ ചരിത്രങ്ങളാലും കാണപ്പെടുന്നുണ്ട്.

അറബി വൈദ്യന്മാരായിരുന്ന റെസീസ്, (Rhazes) സറാപ്പിയൻ (Sarapian) ഇവരുടെ കൃതികളിൽ ചരകമഹൎഷിയുടെ കൃതിയെപ്പററി പ്രസ്താവിക്കുന്നുണ്ട്. എ. ഡി. 773-ൽ ഹാറൂൽ അൽ റാഷിദിന്റെയും (Harul al-Rashid) മാൻസൂരിന്റെയും (Mansur) കാലത്ത് അറബികൾ ചരകന്റെയും സുശ്രുതന്റെയും കൃതികൾ തൎജ്ജമ ചെയ്യിച്ചു പഠിപ്പിച്ചിട്ടുണ്ടെന്നും തെളിഞ്ഞിട്ടുണ്ട്. ആൽമാൻസർ ഹിന്തുവൈദ്യശാസ്ത്രങ്ങൾ വളരെ തൎജ്ജമ ചെയ്യിച്ചിട്ടുണ്ട്. അതിൽ ഒന്നിനു 'ഷാനാക്കിന്റെ വിഷവൈദ്യസംഗ്രഹം' എന്നാണ് പേര്. ഷാനാക്ക എന്നാൽ ചരകൻ എന്നൎത്ഥമാണ്. പിന്നെ ഒന്നിനു 'ശൊഷ്രുതിന്റെ ഗ്രന്ഥപാഠം' എന്നാണ് പേര്. ശാഷ്രുത എന്നാൽ സുശ്രുതൻ എന്നാണ് അൎത്ഥം.

അൽമാൻസർ (Al-mansur) എന്ന അറബിരാജാവു പെൎഷ്യരാജാവായിരുന്ന നിസർവാന്റെ (Neserwan) ആജ്ഞാനുസരണം വൈദ്യഗ്രന്ഥങ്ങൾ കൊണ്ടുപോകുവാൻവേണ്ടി രണ്ടു തവണ ഇന്ത്യയിൽ വന്നിട്ടുണ്ടായിരുന്നു എന്നും ഡമസ്കസ്സിൽനിന്നു

ബഗ്ദാദിലെക്ക (Bagdad) അറബിഗവൎമ്മെണ്ടിന്റെ തലസ്ഥാനത്തെ മാററിയ മേല്പറഞ്ഞ ആല്മൻസൂരുടെ കല്പനപ്രകാരം ബൎസോയെ (Burzouyeh) എന്ന വൈദ്യനാൽ ആറാം നൂററാണ്ടിൽ സംസ്കൃതത്തിൽനിന്ന 'Fables of Pilpay' എന്ന കഥകൾ ഒന്നാമതായി തൎജ്ജമചെയ്യപ്പെട്ടു എന്നും ബേറൻഡിസാസി (Baron-de-sacy) എന്ന മഹാൻ പറയുന്നുണ്ട്.

വൈദ്യകുമാരൻ എന്നൎത്ഥമുള്ള ഷിക്കറീയസ്സ (Sheik Reyes) എന്ന ഓമനപ്പേരുണ്ടായിരുന്ന റെസീസ്സിന്റെ പിൻഗാമി അവിസിന്നാ (Avicenna) എന്ന വൈദ്യൻ ചെറുപ്പത്തിൽതന്നെ വിദ്യയിൽ നൈപുണ്യം സമ്പാദിച്ചാളായിരുന്നു. അദ്ദേഹത്തിന്റെ ജന്മഭൂമി ബോക്കാറ എന്ന സ്ഥലമാണ്. അദ്ദേഹം മരുന്നുകളുടെ ഗുണദോഷങ്ങളെപ്പററി വിവരിക്കുന്നതിൽ 'ശുശ്രുതൻ പറയുന്ന പോലെ' എന്ന തുടങ്ങി സുശ്രുതന്റെ സ്വന്തം വാക്കുകളിൽതന്നെ ആറു വിധം വിഷകരമായ മരുന്നുകളെ വിവരിക്കുന്നുണ്ട്.

ഹാരുൽആല്റഷിദിന്റെ (Harul-al-rashid) രാജ്യഭരണകാലത്ത ഹിന്തുവൈദ്യഗ്രന്ഥങ്ങളെ അദ്ദേഹം വളരെ വിലവെച്ചിരുന്നു എന്ന മാത്രമല്ല ഹിന്തുവൈദ്യന്മാർ അദ്ദേഹത്തിന്റെ രാജധാനിയിൽ വാസ്തവത്തിൽ താമസിക്കുകയും ചെയ്തിരുന്നു. മങ്ക (Manka) ഒരു നല്ല വൈദ്യനായിരുന്നു എന്നും സംസ്കൃതത്തിൽ നല്ല പരിചയം ഉണ്ടായിരുന്നു എന്നും അയ്ബു ഓസിബാ (Ibu Osaiba) പറയുന്നു. അദ്ദേഹം ഇന്ത്യയിൽനിന്നു ഇറാക്കായിൽ (Iraca) പോയി രാജാവിന്റെ രോഗം മാററുകയും സംസ്കൃതത്തിൽനിന്നു പാൎസിഭാഷയിലേക്ക ചരകമഹൎഷിയുടെ വിഷവൈദ്യഗ്രന്ഥം തൎജ്ജമ ചെയ്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അറബി രാജധാനിയിൽ ഹിന്തുവൈദ്യന്മാർ വേറെയും ഉണ്ടായിരുന്നു. സാലിഹൻ (Saleh) എന്ന ഹിന്തുവൈദ്യൻ അറബി രാജധാനിയിൽ താമസിച്ചിരുന്നു എന്നും അവിടെനിന്ന അദ്ദേഹം പാലസ്തയിൻ ഈജിപ്ത ഈ ദിക്കുകളിൽ പോയിട്ടുണ്ടായിരുന്നു എന്നും അയ്ബുഒസൈബാ എന്ന മഹാൻ പറയുന്നു. അദ്ദേഹം ഈജിപ്തിൽവെ

ച്ചു കാലാന്തരത്തെ പ്രാപിക്കുകയും ശവസംസ്കാരങ്ങളവിടെ വെച്ചുതന്നെ കഴിയുകയും ആണ് ഉണ്ടായിട്ടുള്ളത്.

'ആയുർവൈദ്യം പഴമയേറിയതുകൊണ്ടാണ് ഉന്നതസ്ഥിതിയെ പ്രാപിച്ചിട്ടുള്ള മററു വൈദ്യസമ്പ്രദായങ്ങളെക്കാളിൽ പ്രാധാന്യത അതിനു കിട്ടിയിരിക്കുന്നത് എന്നും ഇപ്പോഴത്തെ യൂറോപ്പു വൈദ്യശാസ്ത്രത്തിൻെറ മഹിമകളെ കാരണഭൂതമായിരിക്കുന്നത് ആയുർവൈദ്യശാസ്ത്രം തന്നെയാണെന്നും' 1847 ഡിസെമ്പർമാസത്തെ കല്ക്കത്തറിവ്യു 16-ാം നമ്പ്രിൽ പ്രസ്താവിച്ചു കാണുന്നു.

ജെ. എഫ്. റോയൽ എം. ഡി. എഫ്. ആർ. എൽ. എസ്സ്. (Professor J. F. Royle M. D. F. R. & L. S.) എന്നാൾ വൈദ്യവിഷയത്തിൽ അനേകപദവികളും സ്ഥാനമാനങ്ങളും സമ്പാദിച്ച ഒരു മഹാനായിരുന്നു. അദ്ദേഹം ഹിന്തുവൈദ്യശാസ്ത്രത്തെ സംബന്ധിച്ചു എഴുതിയ ഒരു പ്രബന്ധത്തിൽ ഹിന്തുക്കളുടെ മരുന്നുകൾ ഗ്രീക്കുകാരുടേയും അറബികളുടേയും മരുന്നുകളെക്കാളിൽ പഴമയേറിയതാണെന്നും ഹിന്തുവൈദ്യശാസ്ത്രത്തിൻെറ മൂലസ്ഥാനം ഇന്ത്യതന്നെയാണെന്നും അവർ അന്യജാതിക്കാരിൽനിന്നും യാതൊന്നും പഠിച്ചിട്ടില്ലെന്നും നിസ്സംശയമായി തെളിയിച്ചിട്ടുണ്ട്. 'അറബിക്കാരുടെ ഇടയിൽ വൈദ്യശാസ്ത്രം നടപ്പായതിനു എത്രയോ മുമ്പുതന്നെ സംസ്കൃതവൈദ്യഗ്രന്ഥങ്ങൾ പുറത്തായിരിക്കുന്നു എന്നു തീർച്ചപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ആ ഗ്രന്ഥങ്ങളിൽ അടങ്ങീട്ടുള്ള സംഗതികൾ കൊണ്ടുകൂടി അറിയുന്നതു രസകരമായിരിക്കുന്നു എന്നും രോഗനിവാരണമാർഗ്ഗങ്ങളും അവ ഉപയോഗപ്പെടുത്തേണ്ടും ക്രമങ്ങളും അവർ കണ്ടുപിടിച്ചിരിക്കുന്നു എന്നും അനേകശാഖകളായി ഇപ്പോൾ കാണുന്ന വൈദ്യശാസ്ത്രത്തിൽ ആദ്യം ശ്രദ്ധവെച്ചിരുന്നതു ഹിന്തുക്കളാണെന്നു തെളിയുന്നതിനാൽ ആയുർവൈദ്യശാസ്ത്രത്തിൻെറ പഴമയും സ്വാതന്ത്ര്യാവസ്ഥയും പ്രശംസാർഹമായിട്ടുള്ളതാണെന്നും അവർ കണ്ടുപിടിച്ചിരിക്കുന്ന മരുന്നുകൾ വളരെ ഫലവത്തായിട്ടുള്ളതാണെന്ന് അവയുടെ ഗുണം നോക്കിയാലും നാം അവയെ ആശ്രയിച്ചിരിക്കുന്ന അവസ്ഥകൊണ്ടും തെളിയുന്നതാണെന്നും അതിനും പുറമെ അവയിൽ ചിലത് ഈയിടയിൽ യൂറോപ്യന്മാർ

പരിചയിച്ചു വരുന്നുണ്ടെന്നും കാസശ്വാസം (A-thama) എന്ന രോഗത്തിൽ എളുക്കൽ നില്ക്കുന്നതിന്നു ഡാട്ട്യൂറാലീവ്സ്സ് (Datura Leaves*) കൊണ്ടു പുകവലിക്കുന്നത് ഒരു പ്രധാനമാൎഗ്ഗമാണെന്നും പക്ഷവാതത്തിൽ നക്സ്വോമിക്കാ (Nux Vomica‡) ഉപയോഗിക്കുന്നുണ്ടെന്നും ക്രോടൻടിഗ്ലിയം § എന്ന മരുന്നു രണ്ടാമതും ഉപയോഗിപ്പാൻ തുടങ്ങീട്ടുണ്ടെന്നും' ആ മഹാൻ പറയുന്നുണ്ട്. അറിവില്ലായ്മയും അസംബന്ധവിചാരവും ഹേതുവായിട്ടു ഹിന്ദുക്കളുടെ വൈദ്യശാസ്ത്രത്തെ വളരെ പേർ വെറുക്കുന്നുണ്ടെന്നും എന്നാൽ ഗാലൻെറ അഭിപ്രായങ്ങളും ശാസനകളും യൂറോപ്പിൽ വളരെക്കാലം പ്രബലപ്പെട്ടു നിന്നിരുന്ന സംഗതിയും ഓരോ വൈദ്യശാസ്ത്രത്തിൽ അസംബന്ധതത്വങ്ങൾ വളരെ അടങ്ങീട്ടുള്ള സംഗതിയും നമ്മുടെ ശാസ്ത്രംതന്നെ പരിഷ്കരിക്കപ്പെട്ടത് ഇയ്യിടെ വളരെ അടുത്തകാലത്താണെന്നുള്ള സംഗതിയും ഓൎക്കുമ്പോൾ നമ്മുടെ വൈദ്യശാസ്ത്രത്തിൻെറ ഇപ്പോഴത്തെ പ്രചാരത്തിൽ നമുക്കു തോന്നുന്ന അഭിമാനത്തിന്നും വലിപ്പത്തിന്നും താഴ്ചവന്നു പോകുന്നതാണെന്നും' ആ മഹാൻതന്നെ പറയുന്നു. പുരാതനനാഗരികത്തിൻെറ റിക്കാൎട്ടുകളുടെ നിലയിലും മററും ഹിന്ദുവൈദ്യഗ്രന്ഥങ്ങളിൽ അടങ്ങീട്ടുള്ള തത്വങ്ങൾ കുറെക്കൂടി മനസ്സിലാക്കേണ്ടുന്നതായിരിക്കുമെന്നും അതിന്നു ചരകൻെറയും സുശ്രുതൻെറയും കൃതികൾ തൎജ്ജമ ചെയ്യുന്നതാണ് ഏററവും നല്ലതെന്നും അങ്ങിനെ ചെയ്താൽ മാത്രമേ ആൎയ്യവൈദ്യതത്വങ്ങളുടെ മുഴുവൻ സ്വഭാവം യൂറോപ്യന്മാൎക്കു മനസ്സിലാവാൻ തരമുള്ളു എന്നും അപ്പോൾ ആ ശാസ്ത്രത്തിൻെറ മൂല്യമഹിമ വെളിപ്പെടുമെന്നും' ആണ് ആ മഹാൻെറ മററു ചില അഭിപ്രായങ്ങൾ. ഹിന്ദുവൈദ്യശാസ്ത്രം അറബികളുടെ വൈദ്യശാസ്ത്രത്തിന്നു മുമ്പിൽ നടപ്പിൽ വന്ന സ്ഥിതിക്ക് അത് അവരുടെ മൂലസ്ഥാനത്തല്ലെന്നു സംശയിപ്പാൻ യാതൊരു മാൎഗ്ഗവുമില്ലെന്നും ഹിന്ദുക്കൾ

* ധുസ്തൂരം ഉമ്മത്ത്.

‡ വിഷമുഷ്ടി.

§ ജയപാലം കനകഫലം.

ക്കു എന്നതെങ്കിലും കടം വാങ്ങേണമെന്നുണ്ടായിരുന്നു എങ്കിൽ അതി ന്നു ഗ്രീക്കുകാരിൽനിന്നല്ലാതെ വേറെ ആരോട്ടും തരം ഉണ്ടായിരു ന്നില്ലെന്നും ഹിന്തുക്കളും ഗ്രീക്കുകാരുടെ മൂലഗ്രന്ഥങ്ങളാവട്ടെ തൎജ്ജി മകളാവട്ടെ പുരാതനകാലത്തു കണ്ടിരിപ്പാൻ വഴി ഇല്ലായിരുന്നു എന്നും അറബികളുടെ ഗ്രന്ഥങ്ങളിൽ ധാരാളമായി കണ്ടിരുന്ന ഗാലെനതത്വങ്ങളും (Galenical Doctrines) ഒന്നുംതന്നെ ഹിന്തു വൈദ്യഗ്രന്ഥങ്ങളിൽ കാണുന്നില്ലെന്നും പരസ്പരയോജിപ്പുള്ള ത ത്വങ്ങളും കാണുന്നുണ്ടെങ്കിൽ അതിൽനിന്നു രണ്ടുപേൎക്കും ഒരേ അഭി പ്രായക്കാരായിരുന്നു എന്നു വിചാരിക്കണമെന്നല്ലാതെ ഒരു കൂട്ടർ മ റ്റൊരു കൂട്ടരോടു കടം വാങ്ങിയതാണെന്നു വിചാരിക്കുന്നത് ഉത്ത മമല്ലെന്നും ആദ്യമായി ഇന്ത്യയിൽതന്നെ അറിഞ്ഞിട്ടുള്ള ചിലരോ ഗവിവരണങ്ങളും ഹേതുക്കളെക്കൊണ്ടുള്ള മരുന്നുകളുടെ പ്രയോഗ ങ്ങളും ഇവ ഗ്രീക്കുകാരിൽനിന്നും കടം വാങ്ങുവാൻ ആവശ്യം നി വൃത്തി ഉണ്ടായിരുന്നില്ലെന്നും ഹിന്തുക്കളുടെ മരുന്നു കച്ചവടത്തിൽ നിന്ന് അവരുടെ ഇടയിൽ പുരാതനകാലത്തുതന്നെ തത്വദൎശികളും ഉണ്ടായിരുന്നു എന്നു വിശദമാവുന്നതാണെന്നും റോയലിന്റെ അ ഭിപ്രായങ്ങളാകുന്നു.

ഹിന്തുക്കളും മറ്റു ജാതിക്കാരെപ്പോലെതന്നെ വൈദ്യവിഷയ ത്തിലും ശസ്ത്രക്രിയയിലും നിപുണന്മാരായിരുന്നു എന്നും അവരുടെ വൈദ്യശാസ്ത്രം ശരീരവ്യവച്ഛേദശാസ്ത്രം നാം അറിയുന്നതിന്നു മുമ്പു തന്നെ നടപ്പായിരിക്കുന്നു എന്നും മററും ബൃഹദ്മതിയെ സമ്പാദി ച്ച ഹേമൻവിൽസൻ എന്ന മഹാൻ (Hayman Willson) പറയു ന്നു. (Oriental magazine for 1823 Vol. I. 207 to 212.)

എലിഫൺസ്റ്റൺ (Mount Stuart Eliphinstone) എന്ന മ ഹാനും മേൽപറഞ്ഞ അഭിപ്രായങ്ങളെ താങ്ങുന്നുണ്ട്.

കൽക്കത്താറിവ്യൂ 1866-ലെ 42-ാം വാളിയത്തിൽ ഇപ്രകാരം പറയുന്നു. വൈദികകാലത്തെ നോക്കിയാൽ മററു രാജ്യക്കാരേ ക്കാൾ മുമ്പു നാഗരികതാപദ്ധതിയിൽ പ്രവേശിച്ച ഹിന്തുക്കൾ പുരാതനകാലത്തുതന്നെ വൈദ്യവിഷയത്തിൽ ശ്രദ്ധവെച്ചു ഇരുന്നി യിരിക്കുന്നു എന്നു കാണാം. രോഗനിവാരണമാൎഗ്ഗങ്ങളും മററും അ

വർ പഠിച്ചു ജയിച്ചിരിക്കുന്നു. പാലാഴി കടഞ്ഞപ്പോൾ അമൃതകുംഭത്തോടുകൂടി ധന്വന്തരിമൂൎത്തിയുടെ അവതാരം ഉണ്ടായി എന്നും മററും ഉള്ള കഥകൾ അവരുടെ മഹിമയെ വെളിപ്പെടുത്തുന്നു. യൂറോപ്പുവൈദ്യശാസ്ത്രം ഒരു അടിസ്ഥാനവുമില്ലാതെ ഇരുട്ടിൽ മങ്ങി കിടന്നിരുന്നു എന്നും, ഏഷ്യയിൽ അടിസ്ഥാനം ഉണ്ടായിരുന്നുവെങ്കിലും പരിഷ്കരിക്കപ്പെടാതെ കിടന്നിരുന്നു എന്നും ഇന്ത്യയിൽ ആവക തത്വങ്ങൾ പരിഷ്കാരപ്പെട്ടു വളൎന്നു എന്നും കാണുന്നു. വളരെ പുരാതനമായകാലത്താണ് ഇന്ത്യയിൽ വൈദ്യശാസ്ത്രം ഉണ്ടായത് എന്നു നിസ്സംശയം പറയാം. ബ്രാഹ്മണരാണ് ആദ്യം പഠിച്ചത്. ആയുൎവേദമാണ് പ്രധാനഗ്രന്ഥം. അതിലാണ് പുരാതനചികിത്സാസമ്പ്രദായം അടങ്ങിയിരിക്കുന്നത്.

ഇനിയും അനേകം തെളിവുകൾ ഉണ്ട്. അവ എല്ലാം ഇവിടെ വിസ്തരിക്കുന്നതായാൽ ലേഖനം ദീൎഘിക്കുന്നതാകകൊണ്ടു ചുരുക്കുന്നു.

കെ. എൻ. എം.

കിഞ്ചിദ്ദ്വേഷം

കന്ദൎപ്പവൈരികലയാനഖരേഖയാക്കി-
കുന്നിൻകുമാരിപിടിയാനയിതിൻപ്രകാരം
മുന്നംനടന്നുകളിയാടിയനാൾപിറന്നാ-
ളിന്നാക്കളന്തയുടെകാലിണകൈതൊഴുന്നേൻ ൧

പണ്ടങ്ങൊരിക്കലൊരുസൽക്കവിസാധുനീല
കണ്ഠാഭിധന്നിഖിലശാസ്ത്രമറിഞ്ഞൊരാഢ്യൻ
ഉണ്ടായിരുന്നിതുജഗൽപ്രഥിതപ്രമാണി-
കണ്ടാലതിവസുഭഗൻബഹുബുദ്ധിശാലി. ൨

ഈനാട്ടിലല്ലപലനാട്ടിലുമൊന്നുപോലെ
മാനിക്കുമീസ്സുകൃതിയെപരമത്രയല്ല-

വാനോർപുരത്തിലമരക്കുമതുള്ളിതെന്നോരാതി-
ക്കെന്നും സദസ്സിലെഴുന്നേററവനാമസ്പൃഹികം. ൩

വേദത്തിലും സഭയിലുത്തമശാസ്ത്രതത്വ-
വാദത്തിലും കിടപിടിപ്പതിനാരുമില്ല,
ഖേദത്തിനുള്ളവഴിതിരെയടത്തസച്ചിൻ
മേദത്തിലാണനസുഖമസ്സുകൃതികൾനിത്യം. ൪

ഈവണ്ണമുത്തമഗുണങ്ങളിണങ്ങിടുന്നു-
ദേവൻമുറക്കുകലധർമ്മവിധിപ്രകാരം
ദൈവത്തെയാത്തുകുലവൃദ്ധിയതെന്നുമാത്രം
ഭാവിച്ചുചട്ടിതൊരുകട്ടിനതാംഗിയാളെ. ൫

അക്കാർതൊഴുംകുഴലിയാധരണീസുരന്റെ-
നാക്കാമ്പിണങ്ങിവിധിപോലെവിശുദ്ധസത്വർ
കൃത്യങ്ങൾചെയ്തവരുമൊരുനാൾവിളിച്ചു-
വിഖ്യാതകീർത്തിവെള്ളിവായരചെയ്തുവിതവം. ൬

വേണ്ടുന്നവർക്കുഭരണമുണ്ടഴകണ്ടുകണ്ടാൽ
വേണ്ടില്ലവൻറസുകൃതക്കൊടിനിശ്ചയിതന്നെ
വേണ്ടിക്കുമേലിപരിഷയെടുത്താൻനിനാകു
വേണ്ടിപ്പറഞ്ഞതുവൻതളരുയതാക്കി. ൭

സത്തായതെന്നുപറയാംസതിമാക്കുദൈവം
ഭർത്താവൊഴിഞ്ഞൊരുവനില്ലാതതർമില്ല,
ഉത്തമാരിലിങ്ങിനെനിനച്ചുവരുമങ്ങൾ-
മത്താമരാക്ഷികൾപതിവ്രതമാർകളത്രേ. ൮

നീ,വല്ലഭൻപരവശ്യതനായ്ചമഞ്ഞു
പോവുന്നതായറികിലുംപ്രതികൂലമൊന്നും
ഭാവിക്കയുംപറകയുംകയിൽവാണപെയ്യു
പോവല്ലതെപ്പൊഴുതുമക്കണമോർമ്മവചനം. ൯

സ്വന്തംകുഡുംബഭരണംകയിൽവാണിനല്ല
ചന്തത്തിലങ്ങിനെമുറക്കുനടത്തിടേണം

സന്താപമാശ്രിതജനങ്ങളിലേശിടാത്ത
പന്തികളന്തണനാവണം ഭരണം നിദാനം. ൩൦

നേരോടിയന്നവരിലാരറിവിന്നല്ല
സംഭാഷണാദികളുരചെയ്യുചിതവാദ്യക്കൂടി-
താഴോമനികൾ കുടലാളെളൊട്ടുചേർന്നു വാണോ
മാരേമപമൻമഹിതശാസ്ത്രമറിഞ്ഞശാസ്ത്രി. ൩൧

ഏറക്കുറേത്തിവസമിങ്ങിനെ ചെല്ലമപ്പോൾ
സ്സ്വർഗ്ഗാപരാഗമുളവാമയാത്രനാളിലന്നാൾ
വാരാശിതന്നിൽ മുഴുകിഞ്ഞ പതപ്പു നാഥ-
മാരാലിറങ്ങിയവിട്ടു മഹീസുരന്മാർ ൩൨

ഗ്രാമങ്ങളിൽ പലപരിഷ്കൃതി നല്ലനല്ല
ധാമങ്ങളാരണരിലുള്ളനവീനവേഷം
ഈമട്ടിലാവഴികളിൽ കലിലൈവളവങ്ങ-
ളാമന്നിൽ വാനവനറിഞ്ഞു നിനച്ചിതേവം. ൩൩

മുമ്പൊക്കെ നാൽ തുളസിയും പശുവും നിറഞ്ഞു
വയ്പാറെഴുന്നധരണീസുരമന്ദിരങ്ങൾ
അമ്പമ്പ പൂച്ചെടികളും ചെവിവീണലെന്ത-
പ്പമ്പട്ടികട്ടികളുമായി വിളങ്ങിടുന്നു ൩൪

ധ്യാനാസ്ഥരായവനിദേവരിതന്നു സന്മ-
ഗാനത്തിനാൽ സ്സുഖമിയന്നവതന്നു മുന്നം
മാനത്തൊടിപ്പൊളവനീവിബുധാളിധൂമ-
പാനത്തിനാൽ സുഖികളായമരുന്നു കഷ്ടം. ൩൫

മാറത്തുമീശമുടിവെട്ടുമുഖം വടിക്കൽ
കാൽച്ചട്ടയിട്ടുമിടക്കൊരു കൈകടിക്കൽ
ദ്വാരങ്ങളെത്തുപലർ പച്ചപറഞ്ഞു സന്ധ്യാ-
നേരത്തുലാത്തലിവവൈദികവൃത്തിയത്രേ. ൩൬

സന്ധ്യാവിധിക്രമമമരത്തനമില്ലമുന്നു
സന്ധ്യക്കു കല്പിക്കുടിയേവനുമുണ്ടു താനും

എന്തോകലിപ്പുളമകലെവിശേഷമേവം
ചിന്തിച്ചുശാസ്ത്രിനടകൊണ്ടിതുമെല്ലമെല്ലെ. ൫൭

വെള്ളിപ്പൊടിപ്രകരമെമ്പാടളന്നളന്നു
തള്ളുന്നമട്ടമറിയുന്തിരമാലചാർത്തി
തുള്ളുന്നൊരാഴിയകലത്തൊരുദിക്കിൽനിന്നി-
ട്ടുള്ളിൽകനത്തകുതുകത്തൊടുകണ്ടുവിപ്രൻ. ൫൮

ഗംഭീരമീയുദധി,യാസ്സഗരാത്മജക്കും
വമ്പാർന്നൊരാമനുമഗസ്ത്യനുമെന്നുശാസ്ത്രി
കമ്പിട്ടു,വാർദ്ധിയെനമിച്ചരികത്തുചെന്നാ-
ക്കമ്പംകലർന്നവിടെനിന്നുപകെച്ചുവിപ്രൻ. ൫൯

അല്പംകരസ്ഥലൊരുദിക്കിലിരുന്നനേരം-
മൂഠപ്പുവിലോലത്തൊരരനാഴികയപ്പൊഴേക്കും
കെൽപുററൊരഗ്രഹണവേളയടുത്തു,മുങ്ങി-
ത്തപ്പിച്ചുശാസ്ത്രിവിധിപോലെകരെക്കുകേറി. ൬൦

തീരേനടക്കമെളവായവന്നങ്ങുമുമ്പിൽ
പാരേശിരോപചിതമുള്ളൊരുമണ്ടകണ്ടു
പാരേണമെന്നുകരുതിട്ടതെടുത്തുശാസ്ത്രി
നേരേളുടച്ചുവിധിയിട്ടൊരെഴുത്തുനോക്കി. ൬൧

നോക്കിക്കഴിഞ്ഞൊരരനാഴികനേരമത്തു
നോക്കീട്ടുമയ്യവനതിൻപൊരുൾതോന്നതില്ലാ
ചേക്കേറുംവിരിഞ്ചകൃതമായ്യുലയോട്ടിൽനിന്നി-
ലാക്കിൽകിടച്ചചെറുതായൊരുപദ്യമീഞാൻ. ൬൨

ജന്മപ്രഭൃതിദാരിദ്ര്യം ദശവർഷാണിബന്ധനം
സമുദ്രതീരേമരണം കിഞ്ചിൽകഷ്ടംഭവിഷ്യതി

ഇല്ലായ്മപെററതുമുതല്ലൊരുപത്തുകൊല്ലം
വല്ലാത്തശിക്ഷശരിചാത്തുമാഴിവക്കിൽ

ദ്വേഷങ്ങളില്ലിതു വരെപ്പൊരുളൊന്നുകിഞ്ചി
ച്ഛേഷങ്ങിനില്ലവഴിചാരുവാനെന്നുപിന്നെ. ൨൩

ഈവണ്ണമദ്വിജവരന്നുളവായശങ്ക
പോവാഞ്ഞുതെല്ലിടയിരുന്നാഴ്ന്തുനോക്കി
ആവുന്നതില്ലപൊരുളാതതലമണ്ടുകൊണ്ടു
പോവാനുറച്ചുവിധികല്പിതമാരറിഞ്ഞു. ൨൪

ശ്ലോകാർത്ഥമിങ്ങിനെനിനച്ചുനിനച്ചുമാർഗ്ഗം
പോകുന്നമാർഗ്ഗമറിയാതെകപാലിയായി
പോകുമ്പൊളുള്ളകൾചിരിച്ചുപരിഹസിപ്പതുള്ളി-
ലാകന്തതന്നെപുരിപൂർവ്വവിചാരമോടെ. ൨൫

ഭ്രാന്താകുമെന്നുകരുതീട്ടിതുചൊല്ലിയില്ലാ-
പ്പൂന്തേൻതൊഴുംമൊഴിയൊടൊപ്പമനന്തരമൊട്ടുതാൻ
താന്തന്നെകറിയയാരതെങ്ങിനെയൊഴുംതലെക-
ലേന്തുംരസത്തൊടുകപാലമൊളിച്ചുവെച്ചു. ൨൬

എന്നിട്ടുശാസ്ത്രിഭവനത്തിനകത്തുചെല്ലാ-
മുന്നിട്ടുവന്നകുശലംകയിൽവാണിചൊല്ലി
തന്നിഷ്ടവന്നപറയുംമൊഴികേട്ടുമോദി-
ച്ചുന്നാഴിതൊട്ടുനിജകൃത്യമുടൻകഴിച്ചു. ൨൭

കോൽത്തേനൊടൊപ്പിറവികേലിനവാണിതൂകും-
മാത്താമരയ്യതവിലോചനയൊത്തുനിത്യം
പ്രീത്യാപുരാണകഥയാതിയുമിന്ദുചൂഡൻ
കാൽത്താർനിനച്ചുമഴലററുവസിച്ചുവിപ്രൻ. ൨൮

(തുടരും)

നടുവത്തു മഹൻനമ്പൂരി.

കൊച്ചിയിലെ ഈഴവന്മാർ

കെട്ടുകല്യാണം:— പത്തു വയസ്സിനിടക്ക് തിരളുന്നതിനു മുമ്പായി പെൺകുട്ടികളുടെ കെട്ടുകല്യാണം കഴിയേണ്ടതാണ്. ഈ നിയമം ചില ദിക്കുകളിൽ തെററിനടക്കുന്നുമുണ്ട്. ഒരു തറവാട്ടിലെ എല്ലാ പെൺകുട്ടികളുടേയും കെട്ടുകല്യാണം ഒരുമിച്ചു കഴിക്കുന്നത് സാധാരണയാണ്. ഈ അടിയന്തരത്തിനു പതിനാലോ ഇരുപതോ ദിവസം മുമ്പു 'പന്തൽപ്പൊഴുത്', 'ചോറ്റുപിടി', 'അഷ്ടമംഗല്യം' മുതലായ ചില കൎമ്മങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. സുമുഹൂൎത്തത്തിങ്കൽ ആശാരിയെക്കൊണ്ട് നിരൃതികോണായ കന്നിമൂലക്കൽ പന്തലിനു കാൽ ഇടീക്കുകയാകുന്നു 'പന്തൽപ്പൊഴുത്' എന്ന കൎമ്മാനുഷ്ഠാനം. ആ സമയം ഉണ്ടായിരിക്കുന്ന ജാതിസമുദായം കാൺകെ അറവാതിലിന്റെ മുൻവശം മുററത്തു ഒരു അട്ടപ്പുണ്ടാക്കി അവിടെ അഷ്ടമംഗല്യം വച്ചു കല്യാണക്കുട്ടിയെക്കൊണ്ട് അതിനു പ്രദക്ഷിണം വെപ്പിക്കുകയും ആ അട്ടപ്പിന്മേൽവച്ചുതന്നെ ഒരു പുത്തൻകലത്തിൽ നെല്ലു (വിത്ത്) പുഴുങ്ങുകയും ചെയ്യുന്നതാകുന്നു അഷ്ടമംഗല്യക്രിയ. 'ചോറ്റുപിടി' കല്യാണക്കുട്ടിയുടെ കാരണവൻ കണിയാനെക്കൊണ്ട് മുഹൂൎത്തച്ചാൎത്തുണ്ടാക്കി വാങ്ങുകതന്നെയാകുന്നു. മുഹൂൎത്തം നിശ്ചയിച്ച ദിവസം മുതൽ പെൺകുട്ടി വ്രതമായിട്ടിരിക്കണം. കല്യാണദിവസത്തിന്റെ തലേ ദിവസത്തിനു 'കലതി' എന്നാകുന്നു പേര്. അന്ന് അസ്തമിക്കുമ്പോൾ ഈഴവത്തി വന്നു വച്ച പെൺകുട്ടിയെ പന്തലിൽ ഇരുത്തി മുമ്പിൽ നറപ്പറയും നിറവിളക്കും വച്ചു 'ചോടങ്ങൊഴിക്കൽ' (ദൃഷ്ടിചുറ്റയെ ഒഴിക്കൽ) എന്നൊരു ക്രിയ നടത്തണം. അതിന്റെശേഷമാണ് കാപ്പുകെട്ടുക എന്ന ക്രിയ നടത്തേണ്ടത്. ഈഴവത്തികൾ ആ പെണ്ണിന്റെ മുമ്പിൽ ഇരുന്നു 'ചോടങ്ങൊഴിക്കൽ' എന്നു പറയുന്ന ചില പാട്ടുകൾ പാടി ഒപ

ണ്ണിനെ എണ്ണ തേടീച്ചു കുഞ്ഞോലകൊണ്ട് ആഭരണങ്ങളുണ്ടാക്കി അലങ്കരിപ്പിച്ച് അമ്മാനാട്ടപ്പാട്ടു, വഞ്ചുരവ ഇവകളോടുകൂടി കുളക്കടവിലേക്കു കൊണ്ടുപോവുകയും കുളി കഴിഞ്ഞതിന്റെശേഷം മാററു വസ്ത്രം പകൎന്നു തിരിയെ വീട്ടിലേക്കു കൊണ്ടുപോരികയും വേണം. അന്നു അത്താഴംഉണ്ടു കഴിഞ്ഞതിന്റെശേഷം കല്യാണക്കുട്ടിയെ ഒരു പലകയിട്ടു വെള്ളവിരിച്ച് അതിൻ മീതെ ഇരുത്തി ആഭരണങ്ങളും അണിയിച്ച് അമ്മാനാട്ടം മുതലായ വിനോദങ്ങളെക്കൊണ്ടു രാവു പോക്കണം. കാലത്തു പന്തലിന്റെ കിഴക്കുവശം കെട്ടിയുണ്ടാക്കീട്ടുള്ള തട്ടിന്റെ മുകളിൽ പെൺകുട്ടിയെ നിറുത്തി 'ആദിത്യനെ തൊഴീക്കൽ' എന്ന കൎമ്മം നടത്തണം. അതോടുകൂടി പെൺകുട്ടിയുടെ തൽക്കാലത്തെ ജോലിയെല്ലാം ഒതുങ്ങി.

പെണ്ണിനെ കെട്ടുവാൻ പോകുന്ന പുരുഷൻ (മണവാളൻ) അലങ്കാരങ്ങളൊക്കെയും ആന, കുതിര, തണ്ടു മുതലായവയിൽ ഏറീട്ടോ ഭൃത്യന്റെ ചുമലിൽ ഏറീട്ടോ പെണ്ണിന്റെ വീട്ടിലേക്കു പുറപ്പെടണം. വീട്ടിന്റെ സമീപത്ത് എത്താറാകുമ്പോഴും പെണ്ണിന്റെ വീട്ടിലുള്ള സ്ത്രീജനങ്ങളും കുത്തുവിളക്ക്, ചങ്ങലവട്ട, താലം, വരത്രം മുതലായവയോടുകൂടി ചെന്ന് എതിരേററു പന്തലിന്റെ മുഖവാതുക്കൽ കൊണ്ടുവന്നു നിറുത്തുകയും ആ സമയം പെണ്ണിന്റെ കൈവിരലിനിടയിൽ വെററില വെച്ചു മുഖം മൂടി പന്തലിൽ ഇട്ടിരിക്കുന്ന പീഠത്തിന്റെ ചുററും പ്രദക്ഷിണം വെപ്പിച്ച് അവിടെ ഇരുത്തുകയും വേണം. അതിന്റെ ശേഷം പുരുഷനെ പീഠത്തിന്റെ പിന്നിൽ നിറുത്തി 'താലികെട്ടുക' എന്ന മംഗലകൎമ്മം ചെയ്യിക്കണം പിന്നെ പാട്ടു തുടങ്ങുകയായി. അപ്പുറം അവിടെ കൂടീട്ടുള്ളവർ ഓരോരുത്തരായി വന്നു പെണ്ണിന്റെ കയ്യിന്മേൽ പുരുഷന്റെ കയ്യു ചേൎത്തുപിടിച്ച് അതിൽ ഓരോ പുത്തനോ വെള്ളിയോ വെച്ചു തള്ളിക്കണം.' ഇതുതന്നെ 'പൊലിയും സദ്യയും' ഉണ്ട്. പിന്നെത്തെ രണ്ടു ദിവസം പുരുഷന്റെ ആൾക്കാൎക്ക് ഉള്ള വിരുന്നാകുന്നു. നാലാംകുളിയോടുകൂടി (നാലാം ദിവസത്തെ കുളിയോടുകൂടി) കല്യാണ അടിയന്തരവും കഴിഞ്ഞു.

പുരുഷൻ കുറെ ദിവസംകൂടി പെണ്ണിന്റെ വീട്ടിൽ താമസി

ച്ചു രണ്ടു മുണ്ടും കാണപ്പടവയും ഒന്നോ രണ്ടോ ഉറുപ്പികയും വാങ്ങി സ്വന്തം ഗൃഹത്തിലേക്കു പോവുകയും ചെയ്യും. ഈ ക്രിയകളെക്കൊണ്ടുന്നും ആ പുരുഷൻ ആ പെണ്ണിന്റെ ഭർത്താവായിക്കൊള്ളണമെന്നില്ല. ആ സ്ത്രീ തന്നെ ഭാര്യയാവേണമെന്നുണ്ടെങ്കിൽ താലിയും, മന്ത്രകോടിയും പുരുഷൻ കൊണ്ടുവന്നുകൊള്ളണമെന്നു നിർബ്ബന്ധം ഉണ്ട്. കൊച്ചിരാജ്യത്തിനു വടക്കു ചില ദേശങ്ങളിലും പ്രത്യേകിച്ചു തലപ്പിള്ളി താലൂക്കിലും തെക്കെമലയാളത്തിൽ വള്ളുവനാട്ടു താലൂക്കിലും തണ്ടാന്മാരെന്നു വിളിക്കപ്പെടുന്ന ഈഴവരുടെ ഒരു പ്രത്യേകമാതിരി കല്യാണം നടപ്പുണ്ട്. നാലോ അഞ്ചോ ജ്യേഷ്ഠാനുജന്മാർ ഒരുമിച്ചു താമസിക്കുന്ന ഒരു തറവാട്ടിൽ മൂത്തജ്യേഷ്ഠൻ കല്യാണം കഴിച്ചുകൊണ്ടുപോരുന്ന ഒരു സ്ത്രീ ചുരുക്കം ചില ക്രിയകളെക്കൊണ്ട് അനുജന്മാരുടേയും ഭാര്യയായിത്തീരുന്നു. കല്യാണം കഴിക്കുവാൻ പോകുന്ന പുരുഷൻ തന്റെ ഉടപ്പിറന്നവരോടുകൂടി പെണ്ണിന്റെ വീട്ടിൽ ചെന്ന് ഉടപ്പിറന്നവരെക്കൊണ്ടു മുപ്പത്തൊന്നോ, നൂററൊന്നോ, പുത്തൻ സ്ത്രീധനവും ഒരു കല്യാണപ്പുടവയും ഒരു തളികയിൽ ആക്കി പെണ്ണിന്റെ അമ്മാമന്റെ കയ്യിലോ ഏണാങ്ങന്റെ കയ്യിലോ ഉടപ്പിറന്നവരെക്കൊണ്ടു കൊടുപ്പിക്കണം. അങ്ങിനെ കൊടുക്കുന്ന സമയം താഴെ പറയുന്ന ശ്ലോകങ്ങളും ചൊല്ലണം.

ശ്രീമൽപ്പറമ്പുമദ്ധ്യമരുവിനസുജന-
ക്കാരണന്മാരെയെല്ലാം
സമ്മോദംകൈവണങ്ങീനയമൊടുഭവുകം-
വാഴ്ത്തുവാൻസ്വസ്തിവാങ്ങി
അസ്മൽകൈവാഹവാരംവരെയുമുപദമം-
കാർന്നടന്നോരുവണ്ണം
ഋഷ്യൽസംകൃതത്തിനുനിട്ടിഹഇടനുത്തി-
ന്നാരഭേവന്ദനംഞാൻ

ബന്ധുക്കളെങ്ങുംഇണങ്ങൻപരിഷകൾസഭയിൽ-
ക്കൂട്ടിദീപംവിളക്കി

കാന്തൻതന്നച്ഛനമ്മാമനുമിതുവരെയും
ചേൎത്തവന്താനിണങ്ങൻ
തന്നിൽതാംബൂലപൂഗങ്ങളുമുപരിക്ഷകളും
വെച്ചുഗോത്രാദിചൊല്ലി-
പ്പിന്നെയച്ചാരമെല്ലാംവിധമതിലധുനാ-
പിൻകഥിക്കുന്നസംഖ്യം
സ്ഥാനദ്രവ്യേണസകംവസനസഹിതമം-
യമ്പിനാൽവെച്ചിട്ടന്നേൻ
ത്തനംചൊല്ലിക്കൽവന്നാപ്പിഴകളുചിലവും
കാരണവന്മാർക്കുമികം.

തളിക വാങ്ങുന്ന സമയം എണങ്ങൻ താഴെ പറയുന്ന വാക്യവും ഉച്ചരിക്കണം. 'തല്ലാംകോലുകൊണ്ടു തല്ലാതെ, വമ്പെല്ലാം പറയാതെ, കാളും മൂല മൂടിയരിയാതെ, കാവും കൊളവും കയറാതെ, വേണ്ടുന്ന കാലംവെച്ചു പുലർത്തി, വേണ്ടാത്ത കാലത്തു അന്നൊരു മൂന്നാമനും, ഇന്നത്തെയെണങ്ങനും കൂട്ടിക്കൊണ്ടുവന്നു തന്നാൽ പത്തു പെററ പുത്രന്മാരെയെല്ലാം ഒത്തവകാരരെത്ത തീൎത്തുകൊണ്ടാൽ ഏററുകൊള്ളാം കുററമില്ല'.

ഒരു കഥ



ശാസ്ത്രികൾ— കഴിഞ്ഞ കാൎയ്യത്തെപ്പററി എന്തിനാണാലോചിക്കുന്നത്? ഇനി വരുന്നത് അനുഭവിക്കയല്ലെ നിവൃത്തിയുള്ളു?

ഉ-മ— കഴിഞ്ഞതടത്തോളമല്ലെ കഴിഞ്ഞുള്ളു. ഇനി വരാൻ പോകുന്നതറിഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്.

ശാസ്ത്രികൾ— ആനാൽ,

ളന്തമലൊത്തവളെടുത്തു
തന്തമലെയുന്നാൽപോകം
പിന്തിയിലവളിതക്കെ
യന്തണനണ്ടമാട്ടാർ'.

ഇതു പറഞ്ഞപ്പോൾ രണ്ടുപേരും കുറെ നേരം മൌനമായിരുന്നു. അതിനുശേഷം ശാസ്ത്രികൾ അവിടെനിന്നു പോകയും ചെയ്തു. വരുംഫലത്തെപ്പററി ഇത്രമം പറയുന്നതിനെ മനസ്സിലാക്കാൻ വളരെ പ്രയാസമായിരിക്കും. ഒരിക്കലും വ്യക്തമായി പറയാറില്ല. ശാസ്ത്രികൾ പറഞ്ഞതിൽനിന്നു തങ്കമണിയെ വിതച്ചു കൊണ്ടുപോകുന്ന പെണ്ണാണെന്ന് ഉദയമാർത്താണ്ഡൻ ധരിച്ചു. പിന്നെയുള്ളതൊന്നും തന്നെസ്സംബന്ധിച്ചിട്ടുള്ളതല്ലായ്കയാൽ അർത്ഥം വ്യക്തമായി മനസ്സിലാക്കുന്നതിനു ശ്രമിച്ചില്ല. ഉദയമാർത്താണ്ഡനും തങ്കമണിയും തമ്മിൽ കണ്ടപ്പോൾ പാരവശ്യവും പരിഭവവും വഷിക്കറെളുതുകൊണ്ടു തമ്മിലുള്ള രസക്കേടു വർദ്ധിച്ചു വരുന്നതല്ലാതെ കുറയുന്നതുമില്ല. തല കൊണ്ടുപോകുമെന്നു ശാസ്ത്രികൾ പറഞ്ഞപ്പോൾ അവളോട് അടുക്കാതിരിക്കാൻ കാരണവും തികഞ്ഞു. സേനാതിപതി മേടിച്ചു ചെയ്ത വിചാരണ അനന്തകുന്നായുധമായി വന്നു വിധിയുടെ വിപരീതഗതി' എന്നും മററും വായ്ക്കുള്ളിൽ തന്നെ പിറുപിറുത്ത് അരമനയുടെ പടിഞ്ഞാറെ ഇറയത്തിട്ടിരുന്ന ഒരു ചാരുപടിയിൽ കിടന്ന് ആത്മരക്ഷ ചെയ്യുന്നതിനുള്ള ഉപായങ്ങളെ ആലോചിച്ചുകൊണ്ട് ഉദയമാർത്താണ്ഡൻ വളരെ നേരം ആ ഇറയത്തിരുന്നു. സുഖവിരോധം വർദ്ധിക്കുന്നതിനു തങ്കമണി അപ്പോഴപ്പോൾ കാണിച്ചിട്ടുള്ള ഓരോ ദുസ്സ്വഭാവങ്ങളെപ്പററി ആലോചിക്കുമ്പോൾ ആ സ്ത്രീ ഇരിക്കുന്ന മാളികയ്ക്ക് ഓരോ നോട്ടം നോക്കും. നാലഞ്ചുനാഴിക രാച്ചെല്ലുന്നതുവരെ അങ്ങിനെ ഇരുന്നുപോയി. ഒരിക്കൽ നോക്കിയപ്പോൾ ജനാലയിൽനിന്ന് ഒരാൾ ഇറങ്ങുന്നപോലെ തോന്നി. കണ്ണുരണ്ടും ഇടച്ചു നോക്കിയപ്പോഴേക്ക് ആ രൂപം അരമനയുടെ തെക്കെ മതിലിനടുക്കലെത്തി. ആരാണെന്നു ചോദിക്കാൻ മനസ്സുകൊണ്ടൊരുങ്ങുന്നതിനു മുമ്പായി ആ രൂപം മതിൽ ചാടിക്കടക്കയും ചെയ്തു. സ്വപ്നമോ മായയോ മ

മതിഭ്രാന്തിയോ? എന്റെ അരമനയിൽ മുഷിഞ്ഞ വസ്ത്രങ്ങളല്ലാതെ ഒരു സാധനം കിട്ടില്ല. ഇതുവരെ ഒരു കള്ളൻ കടന്നിട്ടില്ല. ഭൃത്യന്മാരാരെങ്കിലും പുറത്തേക്കു പോകയായിരിക്കും എന്നു വിചാരിച്ച് എല്ലാ ഭൃത്യന്മാരേയും വിളിച്ചു. എല്ലാവരും ഹാജരുണ്ട്. എല്ലാ ദാസിമാരേയും വിളിച്ചു. അവരും ഹാജരുണ്ട്. ഉടനെ ഒരു വിളക്കെടുത്ത് ആ ജനൽ മുതൽ മതിൽവരെ കാലടി പതിഞ്ഞിട്ടുണ്ടോ എന്നു പരിശോധിച്ചു. ഒരു മനുഷ്യന്റെ കടന്നു പതിഞ്ഞ പോലെ അവിടവിടെ ഓരോ കുഴി കണ്ടതല്ലാതെ വിവരമായി യാതൊന്നും കണ്ടില്ല. പുറത്തു ചെന്നു നോക്കിയപ്പോൾ അതും കാണാതായി. എന്തായാലും ബന്തോവസ്തു ചെയ്യുക തന്നെ എന്നുറച്ചു. താൻ ശയ്യയിൽ കിടന്നാലോചിച്ച മാതിരിയിലുള്ള ഏർപ്പാടുകളെല്ലാം അന്നു രാത്രി തന്നെ ചെയ്തു. തകാമണിദേവിയുടെ മാളികയ്ക്കു ചുറ്റുപുറവും വിശ്വസ്തന്മാരായ കാവൽക്കാരെ വെച്ചു. അന്നു രാത്രിമുതൽക്കു തകാമണിദേവിക്കു ഉദയമാർത്താണ്ഡനും ഒരുമാതിരി ഏകാന്തത്തടവു തന്നെയാണ്. ജഗന്മോഹിനിക്ക് ഇതൊന്നും മനസ്സിലായില്ല. എല്ലാം വിവരമായി ഉദയമാർത്താണ്ഡൻ പറഞ്ഞപ്പോൾ കലശലായ ദുഃഖമുണ്ടായി കുറെനേരം ചിന്താമഗ്നയായിരുന്നു. ഭർത്താവിന്റെ ജീവരക്ഷയ്ക്കു തന്റെ വകയായിട്ടു ചില ഏർപ്പാടുകളും ചെയ്തു. കള്ളന്മാരുണ്ടെന്നറിവു കിട്ടിട്ടുള്ളതുകൊണ്ടു കാവൽ വെയ്ക്കുന്നതാണെന്നും ശരീരത്തിനു സുഖമില്ലാത്തതുകൊണ്ടും അടിയന്തരമായ കാര്യങ്ങളും ഉള്ളതുകൊണ്ടും തകാമണിയുടെ കെട്ടിടത്തിലേക്കു ചെല്ലാത്തതാണെന്ന് അവളോടും പറഞ്ഞു.

അവിടുന്നഞ്ചാറുദിവസം കഴിഞ്ഞപ്പോൾ തകാമണിയുടെ പ്രത്യേകജോലിക്കു ജഗന്മോഹിനി നിയോഗിച്ചിരുന്ന ദാസി ചിന്നമ്മാൾ വന്നു പള്ളിയറയുടെ മണികിലുക്കി. ആരാണെന്നു വിവരം മനസ്സിലായതിനു ശേഷം ജഗന്മോഹിനി അവളെ അങ്ങേ മുറിയിലേക്കു വരുവാൻ പറഞ്ഞ് അവിടത്തെ ഒരു വാതിൽ തുറന്നു ദാസിയെ ഉള്ളിൽ കടത്തിവിട്ടു.

ജഗന്മോഹിനി— എന്തെങ്കിലും കണ്ടുവോ?

ചിന്നമ്മാൾ — ഉവ്വ്. ഇന്ന് എന്നോടു കുറെ കല്ലുകൾ പെറുക്കിക്കൊണ്ടുവരുവാൻ പറഞ്ഞു.

ജ — എന്തിനാണെന്നു ചോദിച്ചുവോ?

ചി — കാക്കയെ ഓട്ടിക്കളയാനാണെന്നു പറഞ്ഞു.

ജ — കാക്കയെക്കൊണ്ടുപദ്രവമുണ്ടോ?

ചി — ഞാനൊന്നും കണ്ടില്ല.

ജ — ഉം. പോയി ജാഗ്രതയായി നോക്കു. പിന്നെ വല്ലതും പറയാനുണ്ടോ?

ചി — പിന്നെ ഒന്നുമില്ല, പോകുന്നു. (എന്നു പറഞ്ഞു മടങ്ങി പോയി).

പിറ്റേ ദിവസവും പള്ളിയറയുടെ മണികിലുങ്ങി. കിഴവൻ മാരിമുത്തുവാണെന്നറിഞ്ഞു.

ജ — എന്തെങ്കിലുമുണ്ടോ?

മാ — ഒന്നുമില്ല. ഒരു കടലാസ്സിൽ പൊതിഞ്ഞ ഒരു കല്ലുമാത്രം കിട്ടി.

ജ — അത് ഇതിലേ തരൂ. നോക്കട്ടെ (എന്നു പറഞ്ഞു ജനലിൽകൂടി കൈ നീട്ടി).

ഒന്നും എഴുതീട്ടില്ല എന്നു പറഞ്ഞു മാരിമുത്തു അതിനെ കയ്യിൽ കൊടുത്തു. ജഗന്മോഹിനി എടുത്തു സൂക്ഷിച്ചു നോക്കി. അതിൽ യാതൊന്നും എഴുതിക്കണ്ടില്ല. എങ്കിലും ആ വാരം കടലാസ്സു കയ്യിൽ കിട്ടിയ മുതല്ക്കു ജഗന്മോഹിനിയുടെ ഉള്ളിൽ എന്തോ ഒരു ഭയം കടന്നുകൂടി. വലത്തു കണ്ണു തുടിച്ചു തുടങ്ങി. അന്നു രാത്രി മുറുക്കുമ്പോൾ വെറ്റില കയ്യിൽനിന്നു വീണു. തന്റെ ഉള്ളിലുള്ള ഭയത്തെപ്പറ്റി ഭർത്താവിനോടു സംസാരിക്കുമ്പോൾ അതുഹേതുവായിട്ടു വിളക്കും കെട്ടു. ഇതെല്ലാം കേൾക്കുകയും കാണുകയും ചെയ്തിട്ടോ എന്തോ ഉദയമാർത്താണ്ഡന്ന് അന്നുരാത്രി ഉറക്കമുണ്ടായില്ല. ഊണും കുളിയും എല്ലാം അറ അടച്ചു മാളികമുകളിൽ തന്നെയാണ് അഞ്ചാറുദിവസമായി കഴിച്ചുകൂട്ടിവരാറുള്ളത്. ജഗന്മോഹിനി മുമ്പിൽ ഭക്ഷിച്ചല്ലാതെ യാതൊരു സാധനവും ഉദയമാർത്താണ്ഡൻ ഭക്ഷിക്കാറുമില്ല. കുറെ നേരം ഇരുന്നാലോചിച്ചതിൽ ഉദയമാർത്താ

ണ്ഡന്നു വളരെ ധൈര്യംകൂടി. മനുഷ്യബുദ്ധികൊണ്ടാലോചിച്ച് എത്രത്തോളം സൂക്ഷിക്കാമോ അത്രത്തോളം ജീവരക്ഷയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പിന്നെയും ഭയം തോന്നുന്നതു ബുദ്ധിയുടെ ചാപല്യം എന്നല്ലാതെ മറ്റൊന്നും പറവാൻ കണ്ടില്ല. തന്നെയും പിന്നെ ജഗന്മോഹിനിയെയും സമാധാനപ്പെടുത്തി ഉദയമാർത്താണ്ഡൻ അല്പനേരം കിടന്നുറങ്ങി. ഉറക്കം സുഖമായില്ല. മരിച്ചുപോയ അച്ഛനെയും അമ്മയെയും എല്ലാം സ്വപ്നത്തിൽ കണ്ടു. ഉണർന്നപ്പോൾ താൻ സമാധാനിച്ചുവെച്ച മനസ്സ് പിന്നെയും ഇളകി. കണ്ണാടിനോക്കിയപ്പോൾ മുഖത്തിന്നു എന്തോ മലിനത തോന്നി. ക്ഷത്രിയവംശത്തിൽ ജനിച്ചു കേവലം ഒരു പെണ്ണിങ്കൽനിന്നു മരണത്തെ ഭയപ്പെട്ട് അറയടച്ചിരിക്കുന്ന തന്റെ മുഖത്തു ക്ഷാത്രതേജസ്സ് വിളങ്ങാതിരിക്കുന്നതിൽ എന്തത്ഭുതം എന്നും മറ്റും ആലോചിച്ച് അന്നു മുതൽക്കു മുൻകരുതലോടുകൂടി പുറത്തിറങ്ങുന്നതിന്നു നിശ്ചയിച്ചു. 'ഭാവി ഭവതി യന്നഭാവ്യം ഭവതി ച ഭാവ്യം വിനാപി യത്നേന' പുരുഷപ്രയത്നം ചെയ്യാമെന്നു മാത്രമല്ലാതെ ദൈവഗതിയെ തടുക്കാൻ മനുഷ്യനാലാവില്ല. [illegible]ന് ഒരിക്കലേ മരണമുള്ളൂ. ഭീരുവിന്നു പല പ്രാവശ്യവും മരണദുഃഖം അനുഭവിക്കേണ്ടിവരും. അറയടച്ചിരിക്കുകയെന്നു വിചാരിച്ചാൽ എത്ര കാലം ഇങ്ങിനെ വേണ്ടിവരുമെന്നു നിർണ്ണയിച്ചുവരുന്നു? എന്നിങ്ങിനെയുള്ള സംവാദങ്ങളെക്കൊണ്ടു ജഗന്മോഹിനിയെ സമാധാനിപ്പിച്ച് അന്നു ദിവസം താഴത്തിറങ്ങി ക്ഷൗരം ചെയ്യിച്ചു കുളിയും മറ്റും കഴിച്ചു സവാരി പോവുകയാണെന്നു ഭൃത്യന്മാർക്കറിവു കൊടുത്തു. മുകളിൽനിന്നിറങ്ങാൻ ഭാവിച്ചപ്പോൾ ജഗന്മോഹിനി ആലിംഗനത്താൽ തടുത്തു. 'ഇന്നിയും കുറച്ചു ദിവസംകൂടി ഇരിക്കുക. താഴത്തിറങ്ങി നടക്കേണ്ടുന്ന കാര്യമൊന്നുമില്ലല്ലോ' എന്നു കണ്ണീരോടുകൂടി പറഞ്ഞപ്പോൾ അവളുടെ സമാധാനത്തിന്നുവേണ്ടി അന്നും മുകളിൽതന്നെ ഇരിക്കാൻ നിശ്ചയിച്ചു. ക്ഷൗരക്കാരനോടു മുകളിലേക്കു വരുവാൻ പറഞ്ഞു.

ജഗന്മോഹിനിക്ക് അന്നു കാലത്തു മുതല്ക്കു കണ്ണിന്നും കാലിന്നും ഒരു തളർച്ചയും അസാധാരണയായിട്ടുള്ള ഒരു ഭയവും ഉണ്ടായി

രുന്നു. അതുകൊണ്ടാണു് ഭത്താവു പോതിരാഞ്ഞിത്തുടങ്ങുന്നതു് അന്നു മുതല്ക്കുവേണ്ട എന്നു പറഞ്ഞു തടഞ്ഞതു്.

ഉദയമാത്താണ്ഡൻെറ ഭയം നിശ്ശേഷം തീൎന്നു. തൻെറ ഭീരുത്വത്തെപ്പററി വിചാരിച്ചു തനിക്കുതന്നെ ലജ്ജതോന്നി. ക്ഷൌരത്തിന്നിരുന്നു. ക്ഷൌരം കഴിയുന്തോറും മുഖത്തേക്കു ശ്രീ വൎദ്ധിക്കുന്നതു കണ്ടു താനറിയാതെ ഒരു മന്ദഹാസം വന്നതു ക്ഷൌരക്കാരൻ കണ്ടു് അവനും ഒന്നു ചിരിച്ചു.

ഉ.മാ— എന്തെടാ ചിരിക്കുന്നതു്?

ക്ഷൌരക്കാരൻ— വേല ചെയ്യുമ്പോഴത്തെ മന്മഥനാട്ടമായിരിക്കു്.

ഉദയമാത്താണ്ഡൻ ഇതു കേട്ടപ്പോൾ പൊട്ടിച്ചിരിച്ചുപോയി. ഈ ചിരിയുടെ മുഴക്കം കേട്ടു് എന്തോ എന്നു ഭയപ്പെട്ടു ഭഗീരഥമഹിഷി അവിടെ എത്തി പരിഭ്രമത്തോടുകൂടി എന്താണെന്നു ചോദിച്ചു. ക്ഷൌരക്കാരൻ എഴുനീററു മാറി താടിയിൽ കയ്യും കൊടുത്തു രാജ്ഞിയുടെ ഭാവം നോക്കി നിന്നു. ചിരിക്കാനുള്ളകാരണം ഉദയമാത്താണ്ഡൻ ഭഗീരഥമഹിഷിയോടു പറഞ്ഞപ്പോൾ ഭയം തീൎന്നു് ഒരു പുഞ്ചിരി തൂകി. ക്ഷൌരക്കാരൻ കാണാതെ ഭത്താവിനെ കടക്കണ്ണുകൊണ്ടു് ഒന്നു നോക്കി വാതിലടച്ചു തൻെറ മുറിക്കുപോകയും ചെയ്തു. അകത്തു ചെന്നു കണ്ണാടിനോക്കിക്കൊണ്ടിരിക്കുന്ന മദ്ധ്യേ ഓ, ഓ, അയ്യോ! അയ്യോ! ഈ കൂക്കു കേട്ടു് കോണിവാതിൽ കാത്തുകൊണ്ടുനിന്നിരുന്ന സേവകൻ ആയുധപാണിയായി വന്നു നോക്കുമ്പോൾ അറയുടെ വാതിലിന്നടുത്തു ഭഗീരഥമഹിഷി കവിണ്ണും കഴലിൽക്കൂടി പിച്ചാത്തിപോലെ കഴുത്തിൽക്കൂടി രക്തം ചാടിക്കൊണ്ടു ജനാലിന്ന സമീപത്തു് ഉദയമാത്താണ്ഡനും അതിന്നു സമീപം ക്ഷൌരക്കാരനും മലൎന്നു കിടക്കുന്നതു കണ്ടു. സേവകൻ ഒരു നിലവിളികൂട്ടി. അതിശക്തിയോടുകൂടി വരുന്ന രക്തത്തെ അമൎത്തിപിടിച്ചു തൻെറ വസ്ത്രം കീറി കഴുത്തിൽ ചുററികെട്ടു കഴിയുന്നതിന്നു മുമ്പ് ഉദയമാത്താണ്ഡൻെറ മരണവും കഴിഞ്ഞു.

'ഭവിതവ്യാനാം ദ്വാരാണിഭവന്തിസൎവ്വത്ര'　　(ഇതരം)

കാരാട്ടു അച്യുതമേനോൻ, ബി. എ. ബി. എൽ.

പലവക

1082-ലെ വിദ്യാവിനോദിനി ഡയറി

ഈ ഡയറി ഞങ്ങളും കണ്ടറിയിരിക്കുന്നു. ഈ ജാതി പോക്കറ്റ് ഡയറികളെക്കൊണ്ടുള്ള സൌകൎയ്യവും ഉപകാരവും ബോധിച്ചിട്ടുള്ളവൎക്ക് അനുഭവവേദ്യങ്ങളാണ്. പ്രസ്തുതഡയറിയുടെ കെട്ടുകവും സൌകൎയ്യതികവും അഴകും ഉറപ്പും പ്രത്യേകം പ്രശംസനീയങ്ങളാകുന്നു. വിലകൊണ്ട് അത്രമാത്രം എല്ലാവൎക്കും സുലഭവും ആകുന്നു. ഇതിൽ 82-ൽ ആചരിക്കുന്ന അനദ്ധ്യായങ്ങളും, കൊച്ചി രാജകുടുംബത്തെയും കൊച്ചിസൎക്കാർ പ്രധാന ഉദ്യോഗസ്ഥന്മാരുടെ പേരുകളും, പൌൎണ്ണമാസി അമാവാസികളും, ഗ്രഹണങ്ങളും, ക്രിസ്ത്യാനികളുടെയും ഹിന്തുക്കളുടെയും വിശേഷദിവസങ്ങളും, പബ്ലിക്കാപ്പീസ്സുകൾ മുടക്കമുള്ള ദിവസം, അഞ്ചൽക്കൂലിനിരക്ക്, മുദ്രപത്രവിലകൾ, ആധാരങ്ങൾ രജിസ്ത്രചെയ്യുന്നതിനുള്ള ഫീസ്സുവിവരം, കോർട്ടുഫീനിരക്ക മുതലായി എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ടതായ സംഗതികളും വരവുചിലവിന്റെ നാൾവഴിയും മറ്റും ചേൎത്തിട്ടുള്ളതു വളരെ നന്നായിരിക്കുന്നു. 6-ണക്കും 4-ണക്കും വിദ്യാവിനോദിനി അച്ചുക്കൂടത്തിൽ വിൽക്കുവാനുണ്ട്.


1082-ാമത കൊല്ലത്തെ കേരളപഞ്ചാംഗം.

'കേരളപഞ്ചാംഗം' എന്നുള്ള സംജ്ഞ നല്ലൊരു പേരാണെങ്കിലും തൽക്കൎത്താവിന്റെ പേരു മൂലമാണ് ഇതിനു പ്രസിദ്ധി. 'രാമമേനോന്റെ പഞ്ചാംഗം' എന്നു പറയുമ്പോൾ അറിയാത്തവർ കേരളത്തിൽ ചുരുക്കം. തിഥിനക്ഷത്രാദികളുടെ പരിമാണത്തിലും ദൃഗ്ഗണിതം ഗ്രഹഗണിതം മുതലായതിലും ജ്യോത്സ്യന്മാർ മുമ്പു സന്ദേഹനിവൃത്തിവരുത്തിയിരുന്നത് കൊച്ചിപ്പഞ്ചാംഗവും തിരുവിതാംകൂർ പഞ്ചാംഗവും നോക്കീട്ടായിരുന്നു. കേരളപഞ്ചാംഗം പുറത്തുവന്നതിനുശേഷം അതിന്റെ ആദികൎത്താവായ രാമമേനോനവർകളുടെ നിൎയ്യാണംവരെ മുൻപറഞ്ഞ രണ്ടു പഞ്ചാംഗങ്ങളെക്കാളും ജനങ്ങൾ കേരളപഞ്ചാംഗത്തിനെ പ്രമാണിച്ചുവന്നിരുന്നു. രാമമേനോനവർകളുടെ അനുജനായ മാധവമേനോനവർകളും അഴകത്തു ഇട്ടിക്കൻനായരവർകളുംകൂടി ഗണിച്ച് പഴയ ചിട്ടയിലും നാമധേയത്തിലും പ്രസിദ്ധം ചെയ്തിട്ടുള്ളതാണ് 1082-ലെ കേരളപഞ്ചാംഗം.

പഞ്ചാംഗശ്രവണപാരായണങ്ങൾക്കു പറയുന്ന പുണ്യഫലത്തിനു വാരതിഥിനക്ഷത്രയോഗകരണങ്ങളാകുന്ന പഞ്ചാംഗം മതിയെങ്കിലും അഞ്ചംഗത്തിനു പുറമെ അറിയേണ്ടതായ പല വിഷയങ്ങളും നവീനപഞ്ചാംഗങ്ങളിൽ ഉൾപ്പെടുത്തിവരുന്നുണ്ട്. ആ വക വിഷയങ്ങളുടെ നിറവ് കേരളപഞ്ചാംഗത്തിലുള്ളപോലെ മറ്റൊരു പഞ്ചാംഗത്തിലും കാണുന്നതല്ല. സൂൎയ്യോദയസൂൎയ്യാസ്തമനാൽപരം ലഗ്നശിഷ്ടം ഗണിച്ചുകൊടുത്തിട്ടുള്ളതും ഗ്രഹചാരഫലങ്ങളെ ഒരു നോട്ടംകൊണ്ടറിയത്തക്കവിധത്തിൽ പട്ടികയായി കൊടുത്തിട്ടുള്ളതും വളരെ ഉപകാരമാണ്. ഗണിതത്തെപ്പറ്റി ഞങ്ങൾ ഇപ്പോൾ അഭിപ്രായമൊന്നും പറയുന്നില്ല. എങ്കിലും രണ്ടു ജ്യോത്സ്യന്മാർകൂടി ഗണിച്ചതായി കാണുന്നതിനാൽ അബദ്ധമില്ലെന്നു വിശ്വസിക്കാവുന്നതാണ്

P. SUBBAROY'S

World- renowned and most efficacious Ayurvedic medicines



പി. സുബ്ബരായിയുടെ ലോകപ്രസി
ദ്ധങ്ങളും ഏററവും ഫലവത്തുകളും
ആയ ആയുർവേദ ഔഷധങ്ങൾ.

൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികരി

ധാതു നഷ്ടം, ബലഹീനത ലക്ഷണമില്ലാത്ത വിശപ്പില്ലായ്മ, നെഞ്ചു, കൈ, കാൽ, മുതലായവയുടെ നീററൽ, നീർ ഒഴിവ്, മധുമേഹം, കല്ലടപ്പ് (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന ചികിത്സിച്ചു ശമിപ്പിക്കുന്നതും.



കുപ്പി ഒന്നിന്നു വില രൂപ ൨. തപാൽ ചിലവു വേറെ. അണ ൫ വേറെ

൨. പ്രമേഹ നിവാരണി.

സിഫിലിസ് ഉഷ്ണപ്പുണ്ണ്, മൂത്രതടസ്സം തടങ്ങളും പോകുക, മൂത്രം ചുടുക, മേഹരോഗം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ശുക്ലം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ഒന്നിന്നു വില രൂപ ൧ മൂന്നു കുപ്പികൾ വരെയുള്ള പെട്ടിക്കു തപാൽ ചിലവു അണ ൫

൩. സർവ്വവാതസംഹാരി

ഉഷ്ണവാതം കഴുത്തു പിടിച്ചിട്ടുള്ള കൈ കാൽ മുതലായ അവയവങ്ങളിൽ കഠിനമായും, വിശേഷിച്ചും ഉണ്ടാകുന്ന വേദന മുതലായ രോഗങ്ങൾ, ഉഷ്ണവാതം വാതവായു മേഹവായു തിമിർവായു മുതലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ഒന്നിന്നു വില രൂപ ൧ തപാൽ ചിലവു അണ ൫


൪. ഗജചർമ്മകുഷ്ഠസംഹാരി.

ഗജചർമ്മകുഷ്ഠം, പുഴുക്കടി ചൊറിയണം, വട്ടച്ചൊറി എന്നീ രോഗങ്ങളുടെ ശമനത്തിനു സിദ്ധൌഷധം. ചൊറിച്ചിരങ്ങുകൾ പലവിധം ശമിക്കും. തേമൽ മേഹകുഷ്ഠം മുതലായവയെ ശമിപ്പിക്കും. വില കുപ്പി ഒന്നിനു അണ തപാൽ ചിലവു മൂന്നു കുപ്പി വരെ അണ

പി. സുബ്ബരായി, പാറപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൩. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സൂക്ഷിക്കേണ്ടുന്ന [illegible] വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീൎണ്ണം മുതലായവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ഭക്ഷണത്തോടുകൂടി രണ്ടു ഗുളികകൾ ഉപയോഗിച്ചാൽ ഏതു ദുൎഭക്ഷണവും ജീൎണ്ണിപ്പിക്കും. പ്രസവകാലത്തു തക്കസമയത്തോടുകൂടി ഉപയോഗിച്ചാൽ സന്നി തട്ടുകയില്ല. അപായകരമായ യാതൊരു രാസസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കൎപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. [illegible] മുതലായ രോഗങ്ങൾ വരാതിരിപ്പാൻ ഏറ്റവും നല്ലതാകുന്നു. ൫൦ ഗുളികകൾ അടങ്ങിയ കുപ്പിയിൽ കൊടുക്കുന്നതാകുന്നു. [illegible] ഗുളികകൾ ഉള്ള കുപ്പി ൧-ക്ക് വില ണ ൪. ൫ മുതൽ ൧൦ വരെ കുപ്പികൾ അടങ്ങിയ പെട്ടി ൧-ക്ക തപാൽകൂലി ഇല്ല.

൪. ദന്തചൂൎണ്ണം.

സുഗന്ധമായുള്ളതു. എല്ലാവിധി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൨ ണ. തപാൽ ചിലവു ൨ കുപ്പിവരെ ൫ ണ വേറെ

൫. ജ്വരസംഹാരി.

കുളിൎപ്പനി, മുപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിസ്രാവം മുതലായവയെല്ലാം നീക്കും. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൬ ണ വേറെ

൬. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി മിശ ഇവ ഇടതൂൎന്നതായും ദൈൎഘ്യമായും കറുപ്പായും വളരും. കണ്ണിനു കുളൎമ്മയുണ്ടാക്കും. സകല ശിരോരോഗങ്ങളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം കൊഴിയുകയില്ല. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു ൮ ണ തപാൽ ചിലവു ൫ ണ വേറെ.

൭. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമില്ലാതെ രോമത്തെ കളയും. വില കുപ്പി ഒന്നിനു ൪ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ

പി. സുബ്ബറായി, പാറകിറ്റപ്പട്ടു, തെക്കെ ആൎക്കാട്ടു ജില്ല.

൨൩. അഗ്നിമാന്ദ്യസംഹാരി.

വിശപ്പില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മൂലക്ഷയം, വയറുനോവു, ആഹാരം കഴിച്ചാൽ വയറുവീർത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തരോഗങ്ങൾക്കു വിശേഷപ്പെട്ടതും. ഡപ്പി ഒന്നുക്കു അണ ൮. തപാൽകൂലി അണ ൩ വേറെ

൨൪. കണ്ണുബിന്ദു.

ചിരങ്ങു, ചൊറികുത്തു, ചൊറിയടപ്പു, ഇരച്ചിൽ മുതലായ കണ്ണുരോഗങ്ങൾക്കു വിശേഷപ്പെട്ടതും ശ്രവണാനുഭവപ്പെട്ടതുമാകുന്നു. വില കുപ്പി ഒന്നിനു ൪ അണ. തപാൽ ചിലവു മൂന്നു കുപ്പിക്കുവരെ ൫ അണ വേറെ

൨൫. സുഖഭേദിഗുളികകൾ.

മലം ശോധിപ്പിക്കുന്നതും, അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലം പിടിത്തം അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു ൪ അണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൫ അണ വേറെ

൨൬. നേത്രബിന്ദു.

കൺപോള, കൺകുത്തു, ചൊറിച്ചൽ, നീരൊഴുക്കു, മിന്നൽ, മാലക്കണ്ണു, പീള കെട്ടു, വെള്ളെഴുത്തു, പൂവു, കോരൽ, എരിച്ചിൽ ഇത, പടലം ഇവയോട വലിവു മുതലായ ഇങ്ങിനെയുള്ള രോഗങ്ങൾക്കു വിശേഷപ്പെട്ടതും. വില ഡപ്പി ഒന്നിനു ൪ അണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ അണ വേറെ.

൨൭. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നിർത്തും. വില ഡപ്പി ഒന്നിനു ൪ അണ. തപാൽ ചിലവു ൫ വരെ ഡപ്പികൾക്കു ൫ അണ വേറെ

൨൮. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തീട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. തോലൊന്നിന്നു ൨൪ ക വില. ൫ തോലമുതൽക്കുള്ള സംഖ്യക്കു കമ്മീഷൻ കൊടുക്കപ്പെടും. തപാൽചിലവു പുറമെ, എഴുത്തുകുത്തുകൾ മുഴുവൻ ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൧൬. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു ഒരു തുള്ളി ഒഴിച്ചാൽ ഉടനടി [illegible] കാണും. ഒരു കുടുംബത്തിലെങ്കിലും ഇത [illegible] ഒരു കുപ്പി [illegible] വിലാസം. വില കുപ്പി ൧ക്ക ൦ ക ൨ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു [illegible] ഡസൻ ൧ ക്ക ൦ ക ൨ ണ. ഈ വിലയിൽ കുറച്ചു [illegible] വില [illegible] വി പി കമ്മീഷൻ ൩ ണ പുറമെ. [illegible] ൧൨ ക പ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി ൩ ണ

൧൭. വ്രണവിരോപണ തൈലം.

ഈ കരപ്പൻ പിത്തപ്പുണ്ണു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും [illegible] ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും [illegible] വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു വില ൨ ണ [illegible] കുപ്പിവരെ വി പി കമ്മീഷൻ ൩ ണ മാത്രം

൧൮. കണ്മഷിഗുളിക.

ഇതു കണ്ണിൽ തേച്ചാൽ [illegible] അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു [illegible], [illegible], [illegible] [illegible] അത്യായാസമായ [illegible] വളരെ ഉപയോഗമുള്ളതാകുന്നു. വില ൨ ണ വി പി കമ്മീഷൻ [illegible] കുപ്പിവരെ [illegible] ണ.

൧൯. സ്നാനചൂർണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിനു വിലയേറിയ സോപ്പിനെക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും [illegible], [illegible] സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനാൽ [illegible] ദേഹത്തിനു [illegible] വും എല്ലായ്പ്പോഴും [illegible]. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും [illegible] മാകുന്നു. വില ൨ ണ വി പി കമ്മീഷൻ [illegible] ണ

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം അൎശസ്സ, ഉറക്കമില്ലായ്മ, ഇവയെല്ലാം [illegible] വായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു [illegible] പോലെ ഉപകരിക്കുന്നതാകുന്നു. വില ൧൦ ണ വി പി കമ്മീഷൻ [illegible] കുപ്പിവരെ ൩ ണ

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൨൭. ഒന്നാന്തരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇതുകളിൽ ഉണ്ടാവുന്ന ഉദര രോഗങ്ങൾക്കും ജ്വരാതിസാരം, തലവേദന, ചുമ, അതിസാരം, അർശസ്സ്, ഉദരസംബന്ധമായ്, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു വില ൧ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൧ ണ.

൨൮. ത്വഗ്രോഗപരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, പൊള്ളൻ, ചുട്, പുഴുക്കടി, തവണം, മറുവട്ട മുതലായ കടിയും ചൊറിച്ചും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി പി കമ്മീഷൻ ൧ ണ

ഒന്നാന്തരം ഗോരോചനം തോല ൧൫ക വില ൧ ക. രണ്ടാന്തരം കസ്തൂരികേസരം തോല ൧൫ക വില ൧ ക. രണ്ടാന്തരം പച്ചക്കർപ്പൂരം, [illegible] വില ൨ ക [illegible] ത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, [illegible], കസ്തൂരിമഞ്ഞൾ, ജാതിമല്ലി, [illegible], [illegible], മജ്മുവ അത്തർ മുതലായവകളും എല്ലാവിധ സുഗന്ധദ്രവ്യങ്ങളും. ഇവ ഒരു തോല [illegible] പുറമെ.

			ക. ണ. സ.
ഒന്നാന്തരം ഗോരോചനം ഒരു പാക്കറ്റിനു		൧൫ക	൧ ൦ ൦
ടി	രണ്ടാന്തരം ടി	൧൫ക	൧ ൦ ൦
ടി	പച്ചക്കർപ്പൂരം ടി	൨൫ക	൧ ൦ ൦

൨൯. രക്താമൃതം.

ഇത ഈ നാട്ടിലെ സസ്യങ്ങളിൽനിന്ന ഉണ്ടാക്കപ്പെടുന്ന വിശേഷമായ ഒരു ഔഷധമാകുന്നു. കുപ്പികളെ ചായക്കും പകരം ഉപയോഗിക്കേണ്ടുന്ന ഒരു ഔഷധദ്രവ്യമാണ. ഇതിന്ന കുപ്പിയുടെ ദോഷങ്ങളും ദോഷങ്ങളും യാതൊന്നുമില്ല. [illegible] വൃദ്ധന്മാർക്കും ബാലന്മാർക്കും ഇത ഒരു ദിവ്യ ഔഷധമാണ. ഇത രക്തശുദ്ധി വരുത്തുകയും, പിത്തം, ധാതുക്ഷയം, ചുമ, വായുക്ഷോഭം, പനി, തലവേദന മുതലായ രോഗങ്ങളെ മാറ്റുകയും ചെയ്യും. ദേഹത്തിലെ ഇല്ലാത്ത ഇല്ലായ്മ ചെയ്തു കുട്ടിക, അസ്ഥിസ്രാവം മുതലായ രോഗങ്ങൾക്ക തീരെ ഭേദപ്പെടുത്തുകയും ശരീരബലം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത രോഗികൾക്കും, സ്ത്രീകൾക്കും, ഗർഭിണികൾക്കും എല്ലാം ഉപയോഗിക്കാവുന്നതും ഗുണപ്രദമായിട്ടുള്ളതുമാണ.

ഒരു കുപ്പി ൧ ക അണ ൩ മാത്രം വി പി കമ്മീഷൻ അണ ൩. പുറമെ.

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബരായി പാലക്കാട്ട്, മധുര തിരുമംഗലം ജില്ല.

പുതിയ പുസ്തകങ്ങൾ.

പ്രിയവിലാപം—

പള്ളിക്കൂടം ഒക്കെയും ഇൻസ്പെക്ടർ എം. [illegible] തിരുമനസ്സുകൊണ്ടു രചിക്കപ്പെട്ട പുസ്തകം ഒന്നിനു വില [illegible]

കഥാമഞ്ജരി, കരടകന്റെ വിക്രമങ്ങൾ—

കൊല്ലം ഇംഗ്ലീഷ് [illegible] ഹെഡ്മാസ്റ്റർ [illegible] അവർകളാൽ ഉണ്ടാക്കപ്പെട്ടതും വളരെ രസകരമായിട്ടുള്ളതും [illegible] പുസ്തകം [illegible] വില അണ [illegible]

സാവിത്രി—

[illegible] ഹെഡ്മാസ്റ്റർ [illegible] എഴുതപ്പെട്ട രസകരമായ [illegible] പുസ്തകം [illegible] വില [illegible]

മധുരാനിലനം—

സർക്കാർ വൈദ്യൻ [illegible] വി. [illegible] അവർകളാൽ എഴുതപ്പെട്ട [illegible] ചന്ദ്രിക് [illegible] വ്യാഖ്യാനം. വില രൂപ [illegible]

പുതിയ മൂന്നാംപാഠത്തോട്ടു [illegible]—

വി എൻ ഗോവിന്ദപ്പിള്ള അവർകളാൽ എഴുതപ്പെട്ട. ([illegible], [illegible], [illegible] ഇവ അടങ്ങിയ) പുസ്തകം ഒന്നിനു വില [illegible]

[illegible]—

സി കൃഷ്ണപിള്ള അവർകളാൽ [illegible] [illegible] പുസ്തകം ഒന്നിനു വില അണ [illegible]

[illegible]—

[illegible] അവർകളാൽ എഴുതപ്പെട്ട രസകരമായ ഒരു പുതിയ കഥ വില അണ [illegible]

പഴഞ്ചൊല്ല്—

ടി. [illegible] ഉണ്ടാക്കപ്പെട്ടത്, പുസ്തകം ഒന്നിനു വില അണ [illegible]

[illegible]—

[illegible] കെ [illegible] കൃഷ്ണപിള്ളയാൽ എഴുതപ്പെട്ടത സംഗീത[illegible] വില അണ [illegible]

രസാലരാജൻ കഥ—

[illegible] കെ. പി. അവർകൾ എഴുതിയ പുസ്തകം വില അണ [illegible]

സോമസുന്ദരൻ—

മിസ്റ്റർ പത്മനാഭൻ എഴുതിയ ഒരു കഥ ഒന്നിനു അണ [illegible]

[illegible] —

മിസ്റ്റർ [illegible] എഴുതിയ [illegible] വില അണ 6

[illegible] —

മിസ്റ്റർ [illegible] എഴുതിയ [illegible] വില [illegible]

[illegible] —

മിസ്റ്റർ [illegible] എഴുതിയ [illegible] അണ [illegible]

[illegible] —

മിസ്റ്റർ [illegible] എഴുതിയ [illegible] അണ [illegible]

[illegible] —

[illegible] മിസ്റ്റർ [illegible] ഉണ്ടാക്കിയ [illegible] അടങ്ങിയ പുസ്തകം [illegible] അണ

മിസ്റ്റർ [illegible] —

മിസ്റ്റർ കേശവപിള്ള എഴുതിയ [illegible] വില അണ ൨.

അവതാരത്രയചരിത്രം —

[illegible] എഴുതപ്പെട്ട പുതിയ പുസ്തകം വില അണ [illegible]

[illegible] —

[illegible] എഴുതപ്പെട്ട [illegible] പുസ്തകം എല്ലാം [illegible]

[illegible] —

[illegible] എം. എ. ബി. എൽ. ആർ. എ. എസ്. [illegible] അവർകളാൽ ഉണ്ടാക്കപ്പെട്ട [illegible] എം. ആർ. എ. എസ്. [illegible] അവർകളാൽ ഉണ്ടാക്കപ്പെട്ട [illegible] എന്ന [illegible] അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. [illegible] വില [illegible]

[illegible] —

[illegible] കുഞ്ഞുപ്പണിക്കർ അവർകളാൽ എഴുതപ്പെട്ടത വില അണ [illegible]

[illegible] —

മലയാളം [illegible] ഹെഡ്മാസ്റ്റർ [illegible] ആർ കൃഷ്ണപിള്ള ബി എ അവർ

കളാൽ എഴുതപ്പെട്ട വ്യാഖ്യാനത്തോടുകൂടിയ പുസ്തകം [illegible] വില അണ ൨.

താരോപദേശം—

വി. കെ. കേശവനാചാർകളാൽ എഴുതപ്പെട്ട ഒരു പുതിയ [illegible] പുസ്തകം [illegible] വില അണ ൧൨.

കാന്താപദേശം—

[illegible] അവർകളാൽ എഴുതപ്പെട്ടത വില [illegible]

മനുസ്മൃതി—

കെ. ഗോവിന്ദപ്പിള്ള അവർകളാൽ 'ഭാവപ്രകാശം' എന്ന വ്യാഖ്യാനത്തോടുകൂടി എഴുതപ്പെട്ട പുസ്തകം [illegible] വില ഉറുപ്പിക [illegible] അണ ൪

വിക്രമാദിത്യൻകഥ—

ടി യാനാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ പരിഷ്കരിച്ചു വിദ്യാവിലാസിനി അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത വില [illegible] അണ

മദനകാമരാജൻകഥ—

ടി യാനാൽ എഴുതപ്പെട്ട മൂന്നാം പതിപ്പ വിദ്യാവിലാസിനി അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത വില ൭ അണ ടി അച്ചുക്കൂടത്തിലെ പുസ്തകം [illegible] വില ൮ അണ

കഥാസരിത്സാഗരം—

ടി യാനാൽ എഴുതപ്പെട്ട പുസ്തകം [illegible] വില അണ ൬

സതാരം—

ടി യാനാൽ എഴുതപ്പെട്ട പുസ്തകം [illegible] വില അണ ൨ കാശ ൬

അത്ഭുതകവിത—

വി. ജി. [illegible]പിള്ള അവർകളാൽ എഴുതപ്പെട്ട പുതിയ കഥ വില ൪ അണ

[illegible]മാഹാത്മ്യം—

കരുവള്ളിൽ രാമൻപിള്ള ആശാനവർകളാൽ എഴുതപ്പെട്ടത വില ൫ അണ

എനിക്ക പററിയ അപകടങ്ങൾ—

വില അണ ൨ കാശ ൬

ശ്രീലോകവിനോദകഥകൾ—

കണ്ടിയൂർ മഹാദേവയ്യരവർകളാൽ എഴുതപ്പെട്ടത. വില അണ ൪ കാശ ൬

ചട്ടമ്പിത്തലവൻ—

കെ. ചിദംബരവാദ്ധ്യാർ ബി. എ. അവർകളാൽ എഴുതപ്പെട്ട ഒരു വിനോദ കഥ [illegible] വില അണ ൪

[illegible]ന്റെ ഡയറി—

ബയൻഡുചെയ്തത [illegible] വില അണ ൪

മറ്റും പല പുസ്തകങ്ങളും ഇവിടെ വില്പാൻ തയ്യാറുണ്ട. തപാൽകൂലി പുറമെ. എല്ലാ പുസ്തകങ്ങളുടേയും പേരും വിലയും അറിഞ്ഞ പുസ്തകങ്ങൾ വരുത്തേണ്ടതാണ്. ആവശ്യപ്പെടുന്നവർ കാർഡെഴുതിയാൽ അയക്കാം.

എസ്. റ്റി. റെഡ്യാർ വിദ്യാവിലാസിനി ഉടമസ്ഥൻ, കൊല്ലം തിരുവിതാംകൂർ.

P. SUBBAROY'S

World- renowned and most efficacious Ayurvedic medicine

---

27. അശോകഘൃതം.

വെറിത്തുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടി പ്രതിമാസമുണ്ടാകുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ ഒടികളിലുണ്ടാകുന്ന വേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസംതോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയതോ ആയ രക്തപ്പോക്ക്, മച്ചി എന്ന അവസ്ഥ സാധാരണയായ ഗർഭപാത്രത്തിൽ എന്നീ രോഗങ്ങളും ക്രമംതെറ്റിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറ്റെല്ലാരോഗങ്ങളും ശമിപ്പിപ്പാൻ ഇത് ഏറ്റവും വിശേഷപ്പെട്ട ഒരു ഔഷധമാകുന്നു. മാസംതോറുമുണ്ടാകുന്ന തീണ്ടാരിക്ക് ഇത് ഔഷധം മേത്തരമായിട്ടും ഫലിതമായിട്ടുമാകുന്നു. ഭംഗിയുള്ള നല്ല കുട്ടികൾ ഉണ്ടാകേണമെന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണ്. കുപ്പി 1 ക്ക വില 1—0—0 ഒന്നോ രണ്ടോ കുപ്പികൾക്ക വി. പി. ചാൎജ്ജ 5 ണ പുറമെ

28. ബൃഹൽച്ഛാഗലാദ്യരസായനം.

മനക്ലേശത്തോടുകൂടിയ ഭ്രാന്ത്, അപസ്മാരം, വാതവ്യാധികൾ, വിസ്മൃതി, നിദ്രാഭംഗം എന്നിവകൾക്ക ഇവ വിലയേറിയ ഒരു ഔഷധമാകുന്നു. ഇതിന്റെ ഫലിതം അല്ലാതകണ്ടും ആയതു നാലഞ്ചുനാൾ അളവിനുള്ളിൽ തന്നെ കാണപ്പെടുന്നതും ആകുന്നു. ചെറുപ്പം നിമിത്തമുണ്ടായ ദുർവൃത്തികളാൽ ധൈൎയ്യം നഷ്ടപ്പെട്ടു പോയിട്ടുള്ളവർ ഇത ഔഷധം ഒന്ന പരീക്ഷിച്ചു നോക്കേണ്ടതാണ്. കുറച്ചുകാലത്തിനുള്ളിൽ ഇത് അവരെ ധൈൎയ്യവാന്മാരാക്കിത്തീൎക്കുമെന്നുള്ളതു നിശ്ചയമാണ്. ൧ ൪ ആഴ്ചക്ക വേണ്ടുന്നതിനു വില 3 ക. വി. പി. ചാൎജ്ജ 5 ണ, പുറമെ.

29. ച്യവനപ്രാശം.

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാ രോഗങ്ങൾക്കും ഇത മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൗഷധമാണെന്നു മാത്രമല്ല സ്വരത്തെയും ബലത്തെയും കൂടി ഉണ്ടാക്കുന്ന ഒന്നാണ്. തൊണ്ടപ്പുണ്ണ, ചുമയടപ്പു, കഫം, ഏക്കം, തൊണ്ടയിലുള്ള അസാധ്യതയാലുള്ള കര എന്നിവയും തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും ച്യവനപ്രാശം ശമകമായ ഒരു മരുന്നാകുന്നു. ആഴ്ചക്ക 1 ക്ക വില 2 ക. വി. പി. ചാൎജ്ജ 5 ണ, പുറമെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

30. മകരധ്വജം

ഇതിനു സമമായ ഒരു യോഗം ഔഷധവര്‍ഗ്ഗത്തില്‍ വേറൊന്നില്ല. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്താല്‍ തീരെയോ അല്പമായോ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ല. ഏതു കാരണത്താലും ഉണ്ടാകുന്ന ബലക്ഷയങ്ങളില്‍ ഇത് ഏററവും തൃപ്തികരങ്ങളായ ഫലങ്ങളെ ഉണ്ടാക്കുന്നതാകുന്നു. ദീര്‍ഘജ്വരം വിഷജ്വരം മുതലായ എല്ലാതരം ജ്വരങ്ങളും ചുമരോഗങ്ങൾ സ്രാവം പ്രമേഹം പ്രസവാനന്തരം ഉണ്ടാകുന്ന ഉപദ്രവങ്ങളും ജലദോഷം കഫ ഏതു മഹാമാരി ബാധകൾക്ക് ശേഷം വിഷൂചിക വായ്പുഴപ്പ് മനോക്ലേശ് മുതലായ ബലക്ഷയം തലചുററല്‍ എന്നിവയെ ശമിപ്പിക്കുന്നതിനു ഒന്നാംതരമാകുന്നു. തോല 1 ക്കു വില 24ക. മാസ്സ ഉപയോഗിക്കേണ്ടതിനു 1ക. വി. പി. ചാര്‍ജ്ജ 5 ണ പുറമെ.

31. വസന്ത കുസുമാകരം.

പ്രമേഹങ്ങളും ദൌര്‍ബ്ബല്യം അതിമൈഥുനം നാഡീദൌര്‍ബ്ബല്യം മുതലായവകളില്‍ എറിച്ചില്‍ ക്ഷീണം ദൌര്‍ബ്ബല്യം സ്രാവം പ്രമേഹാനന്തരമുള്ള മൂത്രാവിഷ്ക്കാരം മുതലായ രോഗങ്ങള്‍ക്ക ഇതു ഫലിതമായ ഒരു ഔഷധമാകുന്നു. മാസ്സ ഉപയോഗത്തിനു വില 5ക. വി. പി ചാര്‍ജ്ജ 5 ണ. പുറമെ

28. രക്തശുദ്ധി.

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എല്ലാവരും അറിയാവുന്നതാണ്. രക്തത്തിനു ശുദ്ധിയില്ലാത്തില്‍ വായ്പുണ്ണ് ചൊറി ചിരങ്ങ് മുതലായവ ശരീരമാസകലം കുരു തുടങ്ങി പീഡകരമായ ചര്‍മ്മങ്ങളില്‍ ഞരമ്പുകളെ ഉള്ള തലവേദന ഒന്നിനും ഉന്മേഷമില്ലായ്മയും ദേഹം ദുര്‍ഗ്ഗന്ധം വിരല്‍ പൊളിപ്പ് ബലക്ഷയം ദേഹം കുഴഞ്ഞ ഉറക്കം സുഖമില്ലായ്ക, ചൊറിച്ചില്‍ എന്നിവയും മററു മററു പലവിധ ചര്‍മ്മവ്യാധികളും രക്തദുഷ്യംകൊണ്ടുണ്ടാകുന്നതാകുന്നു. രക്തത്തില്‍ അകപ്പെട്ട വിഷത്തെ നിശ്ശേഷം പോക്കുവാന്‍ രക്തശുദ്ധി എന്നപേരായ ഞങ്ങളുടെ ഔഷധം ഒന്നാന്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും രക്തദുഷ്യത്താലുണ്ടാകുന്ന സര്‍വ്വവ്യാധികളേയും ശമിപ്പിക്കുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടുത്തുന്നതും ശരീരത്തെ ഉണ്ടാക്കുന്നതും നിറത്തെ വര്‍ദ്ധിപ്പിക്കുന്നതും ആകുന്നു. 20 ദിവസത്തേക്ക വേണ്ടുന്ന കുപ്പി 1 ന്നു വില 2ക. മൂന്നോ രണ്ടോ കുപ്പികള്‍ക്ക വി. പി. ചാര്‍ജ്ജ 5 ണ. പുറമെ.

ഈ എഴുത്തുകളെല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.
